# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2018 ജൂൺ 11, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 172 - നമ്പർ 6

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

2018 ജൂൺ 11, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...27

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...75

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 1612-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ...418

**III അടിയന്തരപ്രമേയം**

തൊഴിൽ സമരം

—(അവതരണാനുമതി നിഷേധിച്ചു.) ...418

**IV ശ്രദ്ധ ക്ഷണിക്കൽ**

1. സിനിമാ മേഖലയിലെ നികുതി വെട്ടിപ്പ്

—ശ്രീ. കെ. ബി. ഗണേഷ് കുമാർ ...437

2. കേന്ദ്ര വാണിജ്യ നയം

—ശ്രീ. മോൻസ് ജോസഫ്

—ശ്രീ. പി. സി. ജോർജ് ...443

**V സബ്മിഷൻ**

1. കാലവർഷക്കെടുതി

—പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)

—ശ്രീ. എസ്. രാജേന്ദ്രൻ ...450

പേജ്

2. ഭൂ-റവന്യൂ രേഖകൾ ഒരു വില്ലേജിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്

— ശ്രീ. ഡി. കെ. മുരളി ...457

3. തീരദേശ മേഖലയിൽ സ്വിവറേജ് സംവിധാനം

— ശ്രീ. വി. എസ്. ശിവകുമാർ ...459

4. കുടിവെള്ള പദ്ധതികൾ

— ശ്രീ. എം. വിൻസെന്റ് ...461

5. മണിമല മേജർ കുടിവെള്ള പദ്ധതി

— ഡോ. എൻ. ജയരാജ് ...464

6. കരൾമാറ്റ ശസ്ത്രക്രിയ

— ശ്രീ. പുരുഷൻ കടലുണ്ടി ...467

7. അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ

— ശ്രീ. എൻ. എ. നെല്ലിക്കുന്ന് ...469

8. താമരശ്ശേരി ചുരം ബൈപ്പാസ് നിർമ്മാണം

— ശ്രീ. ജോർജ് എം. തോമസ് ...474

9. വെള്ളൂർ എച്ച്.എൻ.എൽ.സ്വകാര്യവൽക്കരണം

— ശ്രീമതി സി. കെ. ആശ ...475

10. കോഴിക്കോട് വെള്ളയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണം

—ശ്രീ. എ. പ്രദീപ് കുമാർ ...478

**VI ധനകാര്യം**

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള
ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ...480

**VII റിപ്പോർട്ട് സമർപ്പണം**

പേജ്

**VIII റിപ്പോർട്ട് പരിഗണന**

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ...480

**IX അറിയിപ്പ്**

സമയ മാറ്റം ...481

**X നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

i. 2018-ലെ എ. പി. ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

ii. 2018 -ലെ അബ്കാരി (ഭേദഗതി) ബിൽ

iii. 2018 -ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

*2018 ജൂൺ 11, തിങ്കൾ*

വാല്യം 172] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2018 ജൂൺ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ....... ചോദ്യം നമ്പർ (* 151)

### നിപ വൈറസ് ബാധ

1 (*151) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് ബാധ കേരളത്തിൽ ആദ്യം റിപ്പോർട്ട് ചെയ്യപ്പെട്ടത് എന്നാണെന്നും എവിടെയാണെന്നും ആർക്കാണ് രോഗബാധ ഉണ്ടായതെന്നും വ്യക്തമാക്കാമോ;

(ബി) ഈ രോഗികളുടെ സ്രവം മണിപ്പാൽ വൈറസ് റിസർച്ച് സെന്ററിലേയ്ക്ക് പരിശോധനയ്ക്കായി അയച്ചത് എന്നായിരുന്നു; പ്രസ്തുത രോഗം നിപ വൈറസ് ബാധയാണെന്ന് സ്ഥിരീകരിക്കപ്പെട്ടത് എന്നാണെന്ന് അറിയിക്കാമോ;

(സി) രോഗികളുടെ സ്രവം മണിപ്പാൽ വൈറസ് റിസർച്ച് സെന്ററിലേക്ക് അയയ്ക്കാൻ കാലതാമസം വന്നിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) 20-5-2018-നാണ് ആദ്യമായി നിപ വൈറസ് ബാധ റിപ്പോർട്ട് ചെയ്തത്. കോഴിക്കോട് ജില്ലയിലെ ചെങ്ങരോത്ത് എന്ന സ്ഥലത്ത് സാലിഹ്, മൂസ, മറിയം എന്നീ മൂന്നു വ്യക്തികളിലാണ് നിപ വൈറസ് ബാധ ആദ്യമായി സ്ഥിരീകരിച്ചത്.

(ബി) 17-5-2018-നാണ് ഈ രോഗിയിൽ നിന്നുള്ള സ്രവം മണിപ്പാൽ വൈറസ് റിസർച്ച് സെന്ററിലേയ്ക്ക് പരിശോധനയ്ക്കായി അയച്ചത്. 20-5-2018 -നാണ് നിപ വൈറസ് രോഗം സ്ഥിരീകരിച്ചത്.

(സി) സാലിഹ്, മൂസ, മറിയം എന്നിവർ 17-5-2018-ന് രാവിലെയും വൈകിട്ടുമായിട്ടാണ് ആശുപത്രിയിൽ അഡ്മിറ്റായത്. അന്നുതന്നെ സ്രവം മണിപ്പാൽ വൈറസ് റിസർച്ച് സെന്ററിലേയ്ക്ക് പരിശോധനയ്ക്കായി അയച്ചിരുന്നു. ആയതിനാൽ സ്രവം അയയ്ക്കുന്നതിൽ കാലതാമസം നേരിട്ടിട്ടില്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, നിപ വൈറസിനെ പ്രതിരോധിക്കുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ച ഇടപെടലുകളെ അഭിനന്ദിക്കുകയാണ്. എല്ലാവരുടെയും പിന്തുണ ഗവൺമെന്റിനുണ്ടായിരുന്നു. അതിലുപരിയായി നിപ വൈറസ്മൂലം പനി ബാധിച്ച അജന്യ, ഉബീഷ് എന്നിവർക്ക് രോഗം ഭേദമായി എന്നുള്ളതും വളരെ ആശ്വാസം നൽകുന്ന കാര്യമാണ്. ഇന്നലെ കോഴിക്കോട് വച്ച് ബഹുമാന്യയായ മന്ത്രി നിപ വൈറസ് വ്യാപനം അവസാനിച്ചുവെന്ന് പ്രഖ്യാപിക്കുകയുണ്ടായി. അതെങ്ങനെ പറയാൻ കഴിയും? ഈ വൈറസിന്റെ ഉറവിടം ഇതുവരെയും കണ്ടെത്തിയിട്ടില്ല. മനുഷ്യനിൽനിന്നും മനുഷ്യനിലേയ്ക്ക് പകരുന്ന പനി പോലുള്ള രോഗങ്ങൾ പടരുന്നത് തടയുവാൻ കഴിഞ്ഞുവെന്നുള്ളത് ശരിയായിരിക്കും. ഇതുവരെ ഈ വൈറസിന്റെ ഉറവിടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. 2001-ൽ ബംഗ്ലാദേശിൽ നിപ പൊട്ടിപ്പുറപ്പെട്ടതിനുശേഷം 2015 വരെ എല്ലാ വർഷവും ഈ രോഗം ഒരു നിശ്ചിത സമയത്ത് അവിടെ കണ്ടുവരുന്നുണ്ട്. ഡിസംബർ മുതൽ മേയ് വരെയാണ് നിപ പടർന്നു പിടിക്കുന്നതെന്ന് ഡബ്ല്യു.എച്ച്.ഒ. റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. അതിന്റെ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. അതനുസരിച്ച് 2001 മുതൽ 2015 വരെ 209 പേർ അവിടെ മരണപ്പെട്ടിട്ടുമുണ്ട്. ആ സാഹചര്യത്തിൽ ഈ വൈറസിന്റെ സോഴ്സ് കണ്ടു പിടിക്കുന്നതിലേയ്ക്ക് ആരോഗ്യം, മൃഗസംരക്ഷണം, കൃഷി എന്നീ വകുപ്പുകളിലെ വിദഗ്ദ്ധർ ഉൾപ്പെട്ട ഒരു മൾട്ടി ഡിസിപ്ലിനറി ടീമിനെ ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷനുവേണ്ടി നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ യെന്നതാണ് എന്റെ ചോദ്യം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, നിപ വൈറസ് വ്യാപനത്തിന്റെ കാര്യത്തിൽ ഇപ്പോഴുണ്ടായിട്ടുള്ള ഔട്ട് ബ്രേക്കിന്റെ ഭാഗമായി ഒരാളിൽനിന്നും മറ്റൊരാളിലേയ്ക്ക് പകരുന്ന രീതി അവസാനിച്ചുവെന്നാണ് പറഞ്ഞത്. ആദ്യത്തെ സോഴ്സിൽനിന്നും തുടങ്ങി പതിനെട്ട് പേരുടെ സ്രവം പരിശോധിച്ചപ്പോൾ റിസൽട്ട് പോസിറ്റീവാണെന്ന് കണ്ടെത്തിയിരുന്നു. അപ്രകാരമാണ് ഒരാളിൽനിന്നും മറ്റൊരാളിലേയ്ക്കുള്ള വ്യാപനം അവസാനിച്ച എന്നുള്ള അനുമാനത്തിൽ എത്തിച്ചേർന്നത്. മാത്രവുമല്ല പുതിയ കേസ്സുകളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുമില്ല. അതിന്റെ അർത്ഥം ഈ രോഗം ഇനിയൊരിക്കലും വരില്ലെന്നോ അല്ലെങ്കിൽ പൂർണ്ണമായും ഇല്ലാതായെന്നോ അല്ല. പക്ഷെ ഇപ്പോൾ ഉണ്ടായിട്ടുള്ള ഔട്ട് ബ്രേക്ക്, അതിന്റെ വ്യാപനം അവസാനിച്ചിട്ടുണ്ട് എന്നുള്ള സൂചനയാണ് നൽകുന്നത്. അതിന്റെ ഇൻക്യുബേഷൻ പിരീഡ് കൂടി പരിശോധിച്ചിട്ടാണ് കാര്യങ്ങൾ പറയുന്നത്. സോഴ്സ് കണ്ടെത്തിയിട്ടില്ലായെന്ന് പറയുന്നത് ശരിയാണ്. നിപ വൈറസ് ബാധ ഉണ്ടായിട്ടുള്ള ഒരു രാജ്യത്തും അതിന്റെ സോഴ്സ് വളരെ പെട്ടെന്നൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ബംഗ്ലാദേശിൽപ്പോലും ഒരു കൊല്ലത്തോളം സമയമെടുത്തിട്ടാണ് ഇതിന്റെ സോഴ്സ് കണ്ടെത്തിയത്. ഈ വൈറസ് വവ്വാലിൽനിന്ന് പകരുന്നതെന്നാണ് ശാസ്ത്രജ്ഞൻമാരടക്കം പറയുന്നത്. വവ്വാലുകൾ ഒരുപാടുണ്ട്. എല്ലാ വവ്വാലുകളിലും വൈറസുകളുടെ ആധിക്യം ഉണ്ടാകണമെന്നില്ല. നമ്മൾ എടുത്ത സാമ്പിളുകളിലൊന്നും വൈറസിന്റെ സാന്നിദ്ധ്യം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വിദഗ്ദ്ധ സംഘം ഇതുസംബന്ധിച്ച പരിശോധന തുടരുകയാണ്. അതിനുവേണ്ടി ഒരു സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, വർഷാവർഷം പുതിയ പകർച്ചപ്പനികൾ വരികയും അവ പിൻവാങ്ങുകയും പിൻവാങ്ങിയ പല പകർച്ചവ്യാധികളും തിരിച്ചെത്തുന്നതുമായ സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്ത് Institute of Epidemiology Disease Control and Research (IEDCR) സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, നമുക്ക് അത്തരം പഠനകേന്ദ്രം അത്യാവശ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്തുകൊണ്ട് തലസ്ഥാനത്ത് ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് സെന്ററായിത്തന്നെയാണ് സ്ഥാപിക്കുന്നത്. ആലപ്പുഴയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ ഒരു ശാഖ കോഴിക്കോട് പ്രവർത്തിക്കുന്നുണ്ടെങ്കിലും അതു വേണ്ടത്ര ഫലപ്രദമല്ല. BSL-4 (Biosafety level 4) നിലവാരത്തിലുള്ള വലിയ ലബോറട്ടറികളിൽ മാത്രമെ ഇത്തരത്തിലുള്ള വൈറസുകളെ പരിശോധനയിലൂടെ കണ്ടെത്തുവാൻ

കഴിയുകയുള്ളൂ. ഇപ്പോൾ കോഴിക്കോട്ടും തിരുവനന്തപുരത്തും BSL-3 (Biosafety level 3) നിലവാരത്തിലേയ്ക്ക് ലാബുകളെ ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ഈ ലാബുകളുടെ പ്രവർത്തനം ശക്തമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരത്ത് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എം. രാജഗോപാലൻ: സർ, "സർക്കാരിനോടും ഡോക്ടർമാരോടും നഴ്സുമാരോടും നന്ദി പറഞ്ഞാൽ തീരില്ല. എന്റെ ജീവൻ അവരെല്ലാം ചേർന്ന് തിരികെ തന്നു". നഴ്സിംഗ് വിദ്യാർത്ഥിനിയായ അജന്യയുടെ പ്രതികരണമായിരുന്നു ഇത്. വളരെ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തിയ സർക്കാരിനെ അഭിനന്ദിക്കുന്നതോടൊപ്പം, നിപ വൈറസ് മനുഷ്യരിലേയ്ക്ക് പകർന്നതിന്റെ ഉറവിടം അന്വേഷിക്കുമ്പോൾ, മനുഷ്യർ ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയിൽ നടത്തിയ അഭിനിവേശമാണ് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. കഴിഞ്ഞ 30 വർഷത്തിനുള്ളിൽ 30-ലധികം പുതിയ രോഗങ്ങൾ പിറവിയെടുത്തു. ഇവയിൽ ഏതാണ്ട് 60 ശതമാനത്തിലധികവും പക്ഷിമൃഗാദികളിൽനിന്നും മനുഷ്യരിലേയ്ക്ക് (Zoonotic) എത്തിയതെന്നാണ് കണ്ടെത്തിയിട്ടുള്ളത്. പക്ഷിമൃഗാദികളുടെ ആവാസ വ്യവസ്ഥയിലേയ്ക്ക് മനുഷ്യരുടെ നിയന്ത്രണമില്ലാത്ത കടന്നുകയറ്റം, ഭൂവിനിയോഗത്തിലെ തെറ്റായ ഉപയോഗം, ബിസിനസ്സ് ആയി മാറുന്ന കൃഷിയും കൃഷിരീതികളും, മൃഗപരിപാലനത്തിലെ വ്യാപാരവൽക്കരണം, പക്ഷിമൃഗാദികളിലെ സൂക്ഷമാണുക്കളുടെ ജനിതക വ്യതിയാനം ഇതെല്ലാമാണ് ഇതിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഈ സാഹചര്യത്തിൽ ശാസ്ത്ര ലോകത്തെ പ്രയോജനപ്പെടുത്തുന്നതിനോടൊപ്പം കേരളീയ സമൂഹത്തെ ബോധവൽക്കരിക്കാനുള്ള ദീർഘകാല പദ്ധതികൾ കൂടി ആവിഷ്കരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എല്ലാ പകർച്ചവ്യാധികളുടെ കാര്യത്തിലും ബോധവൽക്കരണം ആവശ്യമാണ്. അത് പക്ഷിമൃഗാദികളിലൂടെ പകരുന്നതായാലും മറ്റ് സൂക്ഷ്മ ജീവികളിലൂടെ പകരുന്നതായാലും ആവശ്യമാണ്; ബോധവൽക്കരണം കുറച്ചുകൂടി ശക്തമാക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ നേരത്തെ പറഞ്ഞ ആവാസ വ്യവസ്ഥയിലുണ്ടായിട്ടുള്ള മാറ്റമാണ് ഇത്തരത്തിലുള്ള പുതിയ ഔട്ട് ബ്രേക്കിംഗ് ഉണ്ടാകുന്നതിന് കാരണമാകുന്നത്. എമെർജിംഗ് ഡിസീസെന്ന് പറയുന്ന പുതിയ തരത്തിലുള്ള രോഗവ്യാപനത്തിന് കാരണവും അതാണെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഇപ്പോൾ എല്ലാവരും ഭയപ്പാടോടെയാണ് ഈ രോഗത്തെ കാണുന്നത്. രക്തമെടുത്തു പരിശോധിക്കുന്ന സമയത്തു അമിതമായ വേദന അനുഭവപ്പെടുന്നുണ്ടെന്നുള്ള ഒരു വാർത്ത വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നുണ്ട്.

പുതിയ ഒരു ബാഗുമായി കണക്കുചെയ്തുകൊണ്ടു രക്തമെടുക്കുമ്പോഴാണ് വേദനയുണ്ടാകുന്നതെന്നാണ് പറയുന്നത്. ആരോഗ്യ വകുപ്പ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഇതു സംബന്ധിച്ച് ഒരു കത്തയച്ചിട്ടുണ്ടെന്ന് പത്രങ്ങളിലൂടെ അറിയാൻ കഴിഞ്ഞു. സ്ഥിരം രക്തദാനം നടത്തുന്നവരുൾപ്പെടെയുള്ളവർ രക്തം നൽകുന്നതിൽനിന്നും പിൻവാങ്ങുന്നതായി പത്രമാധ്യമങ്ങളിൽ വാർത്തയുണ്ടായിരുന്നു. ആ പർട്ടിക്കുലർ ഐറ്റം ഉപയോഗിക്കുമ്പോൾ അസഹനീയമായ വേദനയുണ്ടാകുകയാണ് എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടിയുണ്ടാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, രക്തമെടുക്കുമ്പോഴുണ്ടാകുന്ന അമിതമായ വേദനയെ സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ ആ കാര്യം പരിശോധിക്കുന്നതാണ്. എല്ലാവരും രക്തമെടുത്ത് പരിശോധിക്കേണ്ട കാര്യമില്ല. രോഗലക്ഷണങ്ങൾ ഗുരുതരമായി പ്രത്യക്ഷപ്പെടുന്ന സമയത്ത് മാത്രമാണ് നിപ വൈറസിനെ കണ്ടെത്താൻ സാധിക്കുന്നത്. സാധാരണ ഗതിയിലുള്ള രക്ത പരിശോധനകൊണ്ട് അതിനു സാധ്യതയില്ല. മാത്രവുമല്ല, എല്ലായിടത്തും നിപ വൈറസ് ബാധയുണ്ടെന്ന് ധരിക്കുന്നതും ശരിയല്ല. അത് ആ പ്രത്യേക പ്രദേശത്ത് ഒതുങ്ങിയതും ഒരു സോഴ്സിൽനിന്നുതന്നെ പകർന്നിട്ടുള്ളതുമാണ്. അവരുടെ കോൺടാക്ട് എല്ലാം trace ചെയ്തിട്ടുണ്ട്. അതുകൊണ്ട് കേരളമാകെ നിപ വൈറസിനുവേണ്ടി രക്ത പരിശോധന നടത്തുന്നുവെന്നുള്ളത് ശരിയല്ലാത്തതും ആവശ്യമില്ലാത്തതുമായ കാര്യമാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, നിപ രോഗബാധ തടയുന്നതിന് കേരള ഗവൺമെന്റും ആരോഗ്യ വകുപ്പും വകുപ്പുമന്ത്രിയും എടുത്ത നടപടികളെ എല്ലാ കേന്ദ്രങ്ങളും ഒരുപോലെ പ്രശംസിച്ചിട്ടുള്ളതാണ്. ഈ രോഗം ചെറുക്കുന്നതിനും പകരാതിരിക്കുന്നതിനും സംസ്ഥാനം ഇതുവരെ എടുത്തിട്ടുള്ള മുൻകരുതലുകളും പ്രവർത്തനങ്ങളും വിശദമാക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതിനുള്ള മറുപടി നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. സാബിത് എന്ന ചെറുപ്പക്കാരൻ അപൂർവ്വ രോഗം ബാധിച്ച് മരിക്കുകയും അതേ കുടുംബത്തിലുള്ള മറ്റ് മൂന്നുപേർക്ക് രോഗബാധ ഉണ്ടാകുകയും ചെയ്തപ്പോഴാണ് എന്തോ അപൂർവ്വ രോഗബാധയാണെന്ന് സംശയമുണ്ടായത്. പതിനെട്ടാം തീയതി സാബിത്തിന്റെ സഹോദരൻ സാലിഹും കൂടി മരിച്ചതോടെ രോഗികളുടെ സ്രവമുൾപ്പെടെ മണിപ്പാലിലെ ലാബിൽ അയച്ച് പരിശോധിക്കുകയും നിപ വൈറസ് ബാധയുണ്ടെന്ന് കണ്ടെത്തുകയും ചെയ്തു.. ഇരുപതാം തീയതിയാണ് നിപ വൈറസ് ബാധ ഉണ്ടായിട്ടുണ്ടെന്ന് സ്ഥിരീകരിക്കാൻ സാധിച്ചത്. പൂനയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ പരിശോധന കൂടി കഴിഞ്ഞിട്ട് മാത്രമെ നമുക്ക് അത്

സ്ഥിരീകരിക്കാൻ കഴിയുമായിരുന്നുള്ളൂ. അങ്ങനെ സ്ഥിരീകരിച്ചതിനുശേഷം വളരെ പെട്ടെന്നുതന്നെ രോഗികളുമായി കോൺടാക്ടുള്ളവരുടെ കോൺടാക്ട് ട്രേസിംഗ് നടത്തുകയും അവരെ പ്രത്യേകം നിരീക്ഷണത്തിന് വിധേയമാക്കുകയും മറ്റൊരാളിലേയ്ക്ക് രോഗം പകരാതിരിക്കാനുള്ള നടപടി സ്വീകരിക്കുകയുമാണ് ഗവൺമെന്റ് ചെയ്തത്. വളരെ പെട്ടെന്നുതന്നെ മെഡിക്കൽ കോളേജിൽ ഐസൊലേഷൻ വാർഡ് രൂപീകരിക്കുകയും രോഗബാധയുണ്ടെന്ന് സംശയിക്കുന്ന ആളുകളെ ഐസൊലേഷൻ വാർഡിലേയ്ക്ക് മാറ്റുകയും സുരക്ഷാ ഉപകരണങ്ങളെല്ലാം എത്തിക്കുകയും അവ ധരിച്ചിട്ടാണ് ഡോക്ടർമാരും നഴ്സുമാരും ഈ രോഗികളെ പരിശോധിച്ചത്. എല്ലാ ആശുപത്രികളിലും സുരക്ഷാ നടപടിക്രമങ്ങൾ ശക്തമാക്കിക്കൊണ്ട് രോഗബാധ പടരുന്നത് തടയുകയാണ് ചെയ്തിട്ടുള്ളത്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, നിപ വൈറസ് പോലെ പെട്ടെന്ന് ജനങ്ങളിലേയ്ക്ക് പടരുന്ന രോഗങ്ങൾ വന്നാൽ നമ്മുടെ മെഡിക്കൽ കോളേജുകളിലടക്കം ഐസൊലേറ്റഡ് വാർഡുകൾ ഇപ്പോൾ ഇല്ല എന്നതാണ് വാസ്തവം. ഇനി ഇങ്ങനെയുള്ള പകർച്ചവ്യാധികൾ പടരുമ്പോൾ ആരോഗ്യവകുപ്പ് സർവ്വസജ്ജമാണെന്ന തോന്നൽ ഉണ്ടാക്കുന്നതിനു വേണ്ടി ഒരു മുൻകരുതലെന്ന നിലയ്ക്ക് മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലും ഐസൊലേറ്റഡ് വാർഡുകൾ പ്രത്യേകമായി സജ്ജീകരിക്കുന്നതു സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, തീർച്ചയായും അങ്ങനെ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. പനി കാലങ്ങളിൽ ഐസൊലേറ്റഡ് വാർഡുകൾ ആ സാഹചര്യത്തിലേയ്ക്കുമാത്രമായി ചിട്ടപ്പെടുത്താറുണ്ടായിരുന്നു. ഇതുപോലുള്ള പകർച്ചവ്യാധികൾ പിടിപെട്ടാൽ പരിശോധിക്കുന്നതിനും ചികിൽത്സ നടത്തുന്നതിനും സ്ഥിരമായി ഒരു ഐസൊലേഷൻ വാർഡ് ഉണ്ടാക്കിയിരുന്നില്ല. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഐസൊലേഷൻ വാർഡ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള പ്രധാനപ്പെട്ട ആശുപത്രികളിൽ ഇത്തരം ഐസൊലേഷൻ വാർഡുകൾ രൂപീകരിക്കുന്നതിന് സർക്കാർ ശ്രമം നടത്തുന്നതാണ്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, നമ്മുടെ സമൂഹത്തിൽ നിപ വൈറസിനേക്കാൾ അപകടകരമായ വിധത്തിൽ അശാസ്ത്രീയവും അപരിഷ്കൃതവും അപകടകരവുമായ ആശയങ്ങൾ പ്രചരിപ്പിക്കുന്ന ചിലരുണ്ട്. ഡോക്ടർ, വൈദ്യർ എന്നീ പേരുകളിലാണ് അവർ അറിയപ്പെടുന്നത്. ആധുനിക ചികിത്സാ സമ്പ്രദായം മനുഷ്യരാശിക്ക് നൽകിയിട്ടുള്ള എല്ലാ നേട്ടങ്ങളെയും തകർക്കുംവിധമുള്ള യുക്തിരഹിതമായ പ്രചരണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സോഷ്യൽ മീഡിയയുടെ കാലത്ത് അറിഞ്ഞോ അറിയാതെയോ അതിന് വലിയ സ്വീകാര്യത ലഭിക്കുന്നുമുണ്ട്. മാത്രവുമല്ല സമൂഹത്തിലെ ഗണ്യമായ ഒരു വിഭാഗം ആളുകളെ ഇതു ദോഷകരമായി ബാധിക്കുന്നുമുണ്ട്. നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ

ചില നടപടികൾ ചില ആളുകൾക്കെതിരെ സ്വീകരിച്ചത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. പക്ഷേ അതുമാത്രം പോരായെന്നാണ് തോന്നുന്നത്. കാൻസർ പോലെ ഇത്തരത്തിലുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഇത് സമൂഹത്തിനെതിരായിട്ടുള്ള ഒരു കുറ്റകൃത്യമായി കണ്ട് കർശന നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ തീരുമാനം കൈക്കൊള്ളുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. സോഷ്യൽ മീഡിയയിലൂടെ സമൂഹത്തിന് അപകടകരമായ, സംസ്കാരത്തിനും മനുഷ്യന്റെ ആരോഗ്യത്തിനും ഹാനികരമായിട്ടുള്ള ഒട്ടേറെ കാര്യങ്ങൾ പ്രചരിക്കുകയാണ്. നിപ വൈറസ് ബാധയെ തുടർന്ന് വളരെ ശ്രമകരമായി പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നതിനിടയിൽ വലിയ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന രീതിയിലാണ് ചിലർ സോഷ്യൽ മീഡിയയിലൂടെ പലതും പ്രചരിപ്പിച്ചത്. വവ്വാൽ കഴിച്ച ഫലം ചിലർ കഴിച്ചു കാണിക്കുന്നു. അങ്ങനെ പരിഹാസ്യമായ കാര്യങ്ങൾ ചെയ്ത് പ്രതിരോധ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ ശ്രമിച്ചിരുന്നു. അത്തരക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇനിയും സോഷ്യൽ മീഡിയയിലൂടെ വരുന്ന ഇത്തരം തെറ്റായ പ്രചരണങ്ങൾക്കെതിരെയും വ്യാജ ചികിത്സ നടത്തുന്നവർക്കെതിരെയും കർശന നടപടി സ്വീകരിക്കും.

ശ്രീ. കെ. ബാബു: സർ, സ്വന്തം ജീവനേക്കാൾ കേരളീയരുടെ, പ്രത്യേകിച്ച് കോഴിക്കോട് ജില്ലയിലെ ആളുകളുടെ ജീവന് വില കല്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ഗവൺമെന്റും ആരോഗ്യവകുപ്പും നടത്തിയ പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. വാട്സ് ആപ്പ്, ഫെയ്സ് ബുക്ക് എന്നിവ വഴി കുപ്രചരണം നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതൊരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ മുഴുവൻ മറുപടിയും കൊടുക്കാം. 26 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

### അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

2 (*152) ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. പി. കെ. അബ്ദു റബ്ബ്:

ശ്രീ. കെ. എം. ഷാജി:

ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനെപ്പറ്റി ഉയർന്ന സംശയങ്ങളും സങ്കീർണ്ണതകളും അവയവദാനത്തെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവയവദാനത്തിനെതിരായി നടക്കുന്ന വ്യാപക പ്രചരണത്തിനെതിരെ ബോധവൽക്കരണം നടത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(സി) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രശസ്ത സിനിമാതാരം പത്മശ്രീ മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡറായി നിയമിച്ചിട്ടുണ്ട്. അവയവദാനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 'മൃതസഞ്ജീവനി' വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചു വരുന്നുണ്ട്. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തിവരികയും ചെയ്യുന്നു.

മസ്തിഷ്ക മരണാനന്തര അവയവദാന പ്രക്രിയ ഏകോപിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി ജില്ലാ തലത്തിൽ ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർമാരെ നോഡൽ ഓഫീസർമാരായി നിയമിക്കുകയും മസ്തിഷ്ക മരണ സ്ഥിരീകരണത്തിനുവേണ്ടി ഏകദേശം 300-ഓളം സർക്കാർ ഡോക്ടർമാർക്ക് പരിശീലനം നൽകി എംപാനൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ജീവിച്ചിരിക്കുന്നവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും പരോപകാര തല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്നതിന് മുന്നോട്ടുവരുന്നവർക്കും സ്വാപ്പ് ഡൊണേഷനും വേണ്ടി ഒരു പുതിയ രജിസ്ട്രി കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗിന്റെ കീഴിൽ കൊണ്ടുവരുന്നതിനും അവയവദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിലേയ്ക്കുമായി 15-2-2018-ലെ സ.ഉ.(കൈ)നമ്പർ 26/2018/ആ.കു.വ. നമ്പർ പ്രകാരം പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരോപകാര തല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്ന വ്യക്തിയുടെ ആജീവനാന്ത ആരോഗ്യ പരിരക്ഷയ്ക്കും ദാതാവിന് സർക്കാരിന്റെ ഏതെങ്കിലും ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തി ആജീവനാന്തം സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും പ്രസ്തുത മാർഗ്ഗനിർദ്ദേശത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരളത്തിൽ അവയവങ്ങൾ ലഭിക്കാതെ വർഷംതോറും നൂറ് കണക്കിനാളുകളാണ് മരിക്കുന്നത്. വൈദ്യ സഹായത്തോടെ ജീവൻ നിലനിർത്താൻ ലക്ഷങ്ങൾ ചെലവഴിക്കേണ്ടിവരുന്ന അവസ്ഥയുമുണ്ട്. അടിയന്തര ശസ്ത്രക്രിയയ്ക്ക് അവയവങ്ങൾ ലഭിക്കാതെ ഏകദേശം 48 ആളുകളാണ് ഈ വർഷം മരിച്ചത്. അതിൽ 10 ആളുകൾ ഹൃദയം ലഭിക്കാതെയും 38 ആളുകൾ കരൾ ലഭിക്കാതെയുമാണ് മരിച്ചത്. കഴിഞ്ഞ വർഷങ്ങളിലെ കണക്കെടുത്ത് പരിശോധിക്കുമ്പോൾ ഈ വർഷം ഇതിന്റെ തോത് കുറഞ്ഞുവരികയാണ്. 2015-ൽ 218-ഉം 2016-ൽ 199-ഉം 2017-ൽ 60-ഉം 2018-ൽ അത് 10-ൽ താഴെയുമായി വരികയാണ്. അതിന്റെ കാരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിശോധിച്ചിട്ടുണ്ടോ; ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതിനനുസരിച്ച് നടത്തുന്ന ബോധവൽക്കരണംകൊണ്ട് ഒരു ഗുണവും ലഭിച്ചിട്ടില്ലായെന്നാണ് കാണാൻ സാധിക്കുന്നത്. അതിന് ഒരു പരിഹാരം കാണാൻ സാധിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതിൽ സ്വമേധയാ ഉള്ള അവയവദാനത്തിന് പ്രത്യേകമായി കുറവ് വന്നതായി കാണുന്നില്ല. എന്നാൽ മസ്തിഷ്ക മരണത്തിന്റെ (Brain Death) ഭാഗമായി വരുന്ന അവയവദാനത്തിൽ കുറവ് വന്നതായി കാണുന്നുണ്ട്. അവയവദാനത്തിൽ വന്ന കുറവ് പരിഹരിക്കാൻ വേണ്ടി 'മൃതസഞ്ജീവനി' വഴി നല്ല രീതിയിലുള്ള പ്രചരണം സർക്കാർ നടത്തി വരികയാണ്; അതിനാണ് ഞാൻ നേരത്തെ പറഞ്ഞ 'സ്വാപ്പ്' ഡൊണേഷനടക്കം പ്രോത്സാഹിപ്പിച്ചുകൊണ്ട്, അവയവം ആവശ്യമുള്ളവർക്ക് എളുപ്പത്തിൽ കിട്ടാനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചിരിക്കുന്നത്. അവയവദാനത്തിനു വേണ്ടി നല്ല പ്രചരണ പരിപാടി തന്നെയാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ആശുപത്രികളും അവയവ ദാതാവും തമ്മിലുള്ള ഇടപെടലുകൾ പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലാക്കിക്കൊണ്ട് പരിഷ്കരണം വരുത്താൻ സാധിക്കുമോ; ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ അവയവ മാറ്റത്തിന്റെ പൂർണ്ണമായ ചെലവ് സർക്കാരിന് വഹിക്കാൻ സാധിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പുതിയ ഉത്തരവുപ്രകാരം അവയവദാനം, പ്രത്യേകിച്ച് മസ്തിഷ്കമരണം സംഭവിക്കുമ്പോൾ, മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനും മറ്റുമായി പരിശോധന നടത്തുന്ന വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങിയ കമ്മിറ്റിയിൽ സർക്കാർ ഡോക്ടർമാരെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി സർക്കാർ ഡോക്ടർമാരുടെ വിദഗ്ദ്ധ പാനൽ തയ്യാറാക്കുകയും അവർക്ക് ആവശ്യമായിട്ടുള്ള പരിശീലനം കൊടുക്കുകയും ചെയ്തിട്ടുണ്ട്. അത്തരത്തിൽ 300-ഓളം

വരുന്ന സർക്കാർ ഡോക്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്. ആ പരിശോധന കൃത്യമായി നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പാവപ്പെട്ട ആളുകൾക്ക് ചികിത്സാസഹായം ലഭ്യമാക്കുന്നതിന്റെ കൂടെ ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്ന ആളുകളെ സഹായിക്കാൻ സർക്കാരിന്റെ നിരവധി സ്കീമുകളുമുണ്ട്. ആ സ്കീമിൽ ഉൾപ്പെടുത്തി ചെയ്യാൻ സാധിക്കുന്നതാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബിനുവേണ്ടി <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അവയവദാനം കുറഞ്ഞുവരുന്നതിന് നമ്മുടെ പുതിയ നിബന്ധനകൾ വല്ലതും കാരണമായിട്ടുണ്ടോ എന്നത് പരിശോധിക്കണം. ഇവിടെ സൂചിപ്പിച്ചതുപോലെ, 2016-ൽ വലിയ തോതിൽ ഉണ്ടാവുകയും 2017-ലും 2018-ലും അത് കുറഞ്ഞുവരികയും ചെയ്യുകയാണ്. മൃതസഞ്ജീവനി പദ്ധതിയിൽ രണ്ടായിരത്തോളം രോഗികളാണ് ഇപ്പോൾ അവയവം ലഭിക്കുന്നതിനായി കാത്തിരിക്കുന്നത്. ഇക്കാര്യം പരിഹരിക്കുന്നതിനുവേണ്ടി അടിയന്തര ഇടപെടൽ ആവശ്യമാണ്.

വളരെ പ്രധാനപ്പെട്ട മറ്റൊരു വിഷയം, സേലത്ത് പാലക്കാട് സ്വദേശികളായ രണ്ട് ആദിവാസി യുവാക്കൾ വാഹനാപകടത്തിൽപ്പെട്ടു. നെല്ലിമേടിലെ ആദിവാസി യുവാക്കളായ ഇരുവരുടെയും പേര് മണികണ്ഠൻ എന്നാണ്. ഇവർക്ക് മസ്തിഷ്ക മരണം സംഭവിച്ചപ്പോൾ ആശുപത്രി ചെലവുകൾക്കുവേണ്ടി ഇവരുടെ അവയവം കൊടുക്കണം എന്ന നിബന്ധന സേലത്തെ ഒരു സ്വകാര്യ ആശുപത്രി മുന്നോട്ടുവയ്ക്കുകയുണ്ടായി. ആദിവാസി യുവാക്കളാണ്. ഞങ്ങൾ പാലക്കാട് ഡി.ഡി.സി.-യിൽ ഇക്കാര്യം ഉന്നയിക്കുകയും കളക്ടർ ഇടപെടുകയും ചെയ്തു. അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആദിവാസികളെപ്പോലെയുള്ള പാവങ്ങൾ, അപകടം സംഭവിച്ച് ആശുപത്രിയിൽ ചെന്നാൽ ഹോസ്പിറ്റൽ ചെലവിന് അവരുടെ അവയവം എടുക്കണമെന്ന് പറയുന്നത് മനുഷ്യത്വരഹിതമായ പ്രവൃത്തിയാണ്. കോയമ്പത്തൂർ, സേലം തുടങ്ങിയ അതിർത്തി പ്രദേശങ്ങളിലൊക്കെ ഇത്തരം സംഭവങ്ങൾ നടക്കുന്നുണ്ട്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പറഞ്ഞ സംഭവത്തിൽ എന്തെല്ലാം തരത്തിലുള്ള ഇടപെടലുകളാണ് സർക്കാർ നടത്തിയിട്ടുള്ളത്?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സർക്കാർ ഉത്തരവിന്റെ ഭാഗമായി അവയവദാനം കുറഞ്ഞു എന്നത് ശരിയായ കാര്യമല്ല. സർക്കാർ ഉത്തരവ് വളരെ വ്യക്തമാണ്. മസ്തിഷ്ക മരണം സംഭവിച്ചാൽ കൃത്യമായി രേഖപ്പെടുത്തണം എന്നുണ്ട്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

സേലത്തുനിന്നുള്ള സംഭവം മാധ്യമങ്ങൾ മുഖേന നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ആ വിഷയത്തിൽ അന്വേഷണം നടത്തുന്നതിനാവശ്യമായ നിലപാട് സ്വീകരിച്ചിട്ടുണ്ട് .

ശ്രീ. കെ. എം. ഷാജി: സർ, നമ്മൾ ഈ പ്രചരണങ്ങളൊക്കെ നടത്തുമ്പോഴും സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന ആളുകൾക്ക് മാത്രമേ അവയവം മാറ്റിവയ്ക്കാനും മറ്റും കഴിയൂ എന്ന ഒരു പ്രതീതിയുണ്ട്. പാവപ്പെട്ടവർക്കും ഇതിന്റെ ആനുകൂല്യം ലഭിക്കുന്നു എന്ന് സമൂഹത്തെ ബോധ്യപ്പെടുത്താനുള്ള ബാധ്യത നമുക്കുണ്ട്. അവയവദാനം സാമ്പത്തിക നേട്ടത്തിനുള്ള സോഴ്സല്ല എന്ന് ഉറപ്പുവരുത്തുന്നതിനും ഇതു മഹത്തായ ഒരു കർമ്മമാണെന്ന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ഏതെല്ലാം തരത്തിലുള്ള ഇടപെടലുകളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അവയവദാനം ഒരു ദാനം എന്നതിന് പകരം ഒരു കച്ചവടം എന്നുള്ള നിലയിൽ വളർന്നുവരുന്നു എന്നും ആളുകളുടെ സമ്മതമില്ലാതെ അവയവം എടുക്കുന്നു എന്നുമുള്ള പരാതി ഉണ്ടായപ്പോഴാണ് ഗവൺമെന്റ് അതിനാവശ്യമായ ഗൈഡ്ലൈൻ പുറപ്പെടുവിച്ചത്. അത് ഫലപ്രദമാണ്. എന്നാൽ അതോടൊപ്പംതന്നെ അവയവദാനം പ്രോത്സാഹിപ്പിക്കേണ്ടതുമുണ്ട്. ധാരാളം ആളുകൾ അവയവം ലഭ്യമാകാൻ വേണ്ടി, ജീവൻ നിലനിർത്താൻവേണ്ടി കാത്തുനിൽക്കുന്നുണ്ട്. മൃതസഞ്ജീവനി വഴി സ്വമേധയാ ഉള്ള അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി തരത്തിലുള്ള പ്രചരണങ്ങൾ സമൂഹത്തിൽ നടത്തിയിട്ടുണ്ട്. ഷോർട്ട് ഫിലിം അടക്കമുള്ള കാര്യങ്ങളിലൂടെയും അവയവദാതാക്കളെ ആദരിച്ചുകൊണ്ട് പ്രതിവർഷം നടത്തുന്ന പരിപാടികളിലൂടെയും അവയവദാനത്തിന്റെ മഹത്വം സൂചിപ്പിക്കുന്നതിനും സന്നദ്ധ സംഘടനകളിലൂടെ അവയവദാനത്തിന്റെ സമ്മതപത്രം ഏറ്റുവാങ്ങുന്നതുമടക്കമുള്ള നിരവധി പദ്ധതികളാണ് സ്വമേധയാ ഉള്ള അവയവദാനം പ്രോത്സാഹിപ്പിക്കാൻ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എം. ഉമ്മർ: സർ, ഇപ്പോൾ കിഡ്നി, ലിവർ ട്രാൻസ്പ്ലാന്റേഷനുകൾ ഒരുപാട് നടക്കുന്നുണ്ട്. എല്ലാം നടക്കുന്നത് സ്വകാര്യ ഹോസ്പിറ്റലുകളിൽ മാത്രമാണ്. സർക്കാർ ആശുപത്രികളിൽ വളരെ പരിമിതമായ സൗകര്യമേയുള്ളൂ. അതുകൊണ്ട് എല്ലാ മെഡിക്കൽ കോളേജുകളിലും കിഡ്നി, ലിവർ ട്രാൻസ്പ്ലാന്റേഷനുകൾക്ക് ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കാനും നടപടിക്രമം ലളിതമാക്കാനും നടപടി സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നടപടിക്രമങ്ങൾ പരമാവധി ലഘൂകരിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. എന്നാൽ നടപടിക്രമങ്ങൾ പാലിക്കാതിരിക്കാൻ സാധിക്കില്ല. കാരണം, അത്രയും പ്രധാനപ്പെട്ടൊരു വിഷയമാണ്. എങ്കിലും സ്വാപ്പ് ഡൊണേഷനടക്കമുള്ള കാര്യങ്ങൾ പറഞ്ഞ് ലൈവ് ഡൊണേഷൻ പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

മി. സ്പീക്കർ: ചില ആശുപത്രികളോടനുബന്ധിച്ചുതന്നെ സർക്കാരിന്റെ പ്രതിനിധികൾ ഉൾപ്പെടുന്ന പരിശോധനാ സമിതികൾ ഉണ്ടായിട്ടുണ്ട്. ആ പരിശോധനാ സമിതികളൊക്കെ ഇല്ലാതായ സ്ഥിതിക്ക് ഇത് ദൈർഘ്യമേറിപ്പോകുന്നു എന്നുള്ള പരാതി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങനെ ഒരു പരാതി ഉണ്ടാകേണ്ട കാര്യമില്ല. നേരത്തെയുള്ള പരിശോധനാ സംവിധാനങ്ങളൊന്നും ഈ ഗവൺമെന്റ് വന്നതിനുശേഷം കുറച്ചിട്ടില്ല. എന്നാൽ സമിതികൾ ചേരുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്നുള്ള പരാതി ചിലപ്പോൾ വരാറുണ്ട്. ആ കാലതാമസം ഒഴിവാക്കാൻ അടിയന്തര ഇടപെടലുകളും ഗവൺമെന്റ് നടത്തിയിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ നമ്മുടെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ കിഡ്നി, ലിവർ ട്രാൻസ്പ്ലാന്റേഷനുള്ള സൗകര്യങ്ങൾ വിരളമാണ് എന്നത് ശരിയാണ്. അത്തരം കാര്യങ്ങൾ പരിശോധിച്ച് ചില മെഡിക്കൽ കോളേജുകളിലെങ്കിലും അവയവം മാറ്റി വയ്ക്കലിന് ആവശ്യമായ സമീപനങ്ങൾ സ്വീകരിക്കാൻ പരിശ്രമിക്കുന്നുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം വളരെ ശരിയാണ്. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിക്കും അറിയാവുന്ന കാര്യമാണ്. രണ്ട് ലക്ഷം രൂപകൊണ്ട് കിഡ്നി മാറ്റി വയ്ക്കൽ ശസ്ത്രക്രിയ കോട്ടയം മെഡിക്കൽ കോളേജിൽ നടന്നു. എന്നാൽ മറ്റ് സ്ഥലങ്ങളിൽ അതിന്റെ പല ഇരട്ടിയാണ് ചെലവ്. നമ്മുടെ മെഡിക്കൽ കോളേജുകളിൽ ഈ സൗകര്യം ഉണ്ടായാൽ അത് രോഗികൾക്ക് വളരെ ഉപകാരപ്രദമാകും. അതിനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽത്തന്നെ അതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഗവൺമെന്റ് ഉത്തരവിന്റെ ഭാഗമായി അവയവദാനത്തിൽ എന്തെങ്കിലും തടസ്സങ്ങളോ കാലതാമസമോ വരുന്നുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, വാഹനാപകടങ്ങളിൽപ്പെടുന്നവർക്കാണ് മസ്തിഷ്ക മരണം സംഭവിച്ചതായി പറയാറുള്ളത്. അത്തരത്തിൽ മസ്തിഷ്ക മരണം സംഭവിച്ചവരുടെ അവയവങ്ങൾ ദാനം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആശുപത്രി അധികൃതർ ബന്ധുമിത്രാദികളെ സമീപിക്കുമ്പോൾ ചിലർ യാഥാർത്ഥ്യം മനസ്സിലാക്കാതെയും, ചിലർ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടും സമ്മതിക്കുന്നുണ്ട്. ആശുപത്രികളെ കേന്ദ്രീകരിച്ചു നടക്കുന്ന തെറ്റിദ്ധാരണാജനകമായ പ്രചരണങ്ങളെ നേരിടാൻ കഴിയുംവണ്ണം അതിന് സ്ഥിരമായൊരു സംവിധാനം ഉണ്ടാക്കിയെടുക്കാൻ കഴിയുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അപകട മരണങ്ങൾ ഉണ്ടാകുന്ന സമയത്ത് സമൂഹത്തിന്റെ പ്രേരണ അനുസരിച്ചാണ് പലപ്പോഴും കുടുംബാംഗങ്ങൾ അവയവദാനത്തിന് സമ്മതിക്കാറുള്ളത്. ആശുപത്രികളിലും അത്തരത്തിൽ അവരെ പറഞ്ഞ് മനസ്സിലാക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാകാറുണ്ട്. സ്വകാര്യ ആശുപത്രികളിൽ ഇത്തരം പ്രേരണകളിൽപ്പോലും സംശയം പ്രകടിപ്പിക്കുന്ന സാഹചര്യത്തിലാണ് ഒരു പ്രത്യേക ഉത്തരവ് ഗവൺമെന്റിന് പുറപ്പെടുവിക്കേണ്ടതായി വന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, ആ ഉത്തരവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അത് നമുക്ക് പരിശോധിച്ച് തിരുത്താൻ സാധിക്കും. ആശുപത്രികൾ കേന്ദ്രീകരിച്ച് അവയവദാനത്തിന് പ്രേരിപ്പിക്കാൻ സാധിക്കില്ല. കൃത്യമായി പരിശോധിക്കുന്നു എന്ന് ഉറപ്പുവരുത്തലാണ് ഇക്കാര്യത്തിൽ സർക്കാരിന് ചെയ്യാൻ സാധിക്കുക. അതാണ് സർക്കാർ ചെയ്തിട്ടുള്ളത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി വളരെയധികം കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും ഇന്നും അത് വളരെ ബുദ്ധിമുട്ടേറിയ ഒരു പ്രക്രിയയാണ്. വൃക്ക നഷ്ടപ്പെട്ട് വൃക്ക ലഭ്യമാക്കാൻ വേണ്ടി കാത്തിരിക്കുന്ന അനേകായിരം രോഗികളുണ്ട്. നിലവിലുള്ള Organ Transplant Act-ലെ വ്യവസ്ഥകൾ വളരെയേറെ ബുദ്ധിമുട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യത്തിൽ അതിന്റെ മെഡിക്കൽ ബോർഡുമൊക്കെ കഴിഞ്ഞു വരണമെങ്കിൽ, ആറ് പേർ ഇരിക്കുന്ന ഇന്റർവ്യൂ ബോർഡിനെ സമീപിച്ച് അവരുടെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറഞ്ഞ്, ഒരു ട്രാൻസ്പ്ലാന്റ് നടക്കണമെങ്കിൽ നൂറുകണക്കിന് സർട്ടിഫിക്കറ്റുകൾ ഉണ്ടാക്കേണ്ടതുണ്ട്. അധികം ആശുപത്രികളിലും, ഗവൺമെന്റ് ആശുപത്രികൾ ഉൾപ്പെടെ റിലേറ്റഡ് ആയിട്ടുള്ള ഡോണറെ മാത്രമേ സ്വീകരിക്കുകയുള്ളൂ. അൺ-റിലേറ്റഡ് ആയിട്ടുള്ള ഡോണറെ സ്വീകരിക്കില്ല. അതുകൊണ്ട് അൺ-റിലേറ്റഡ് ആയിട്ടുള്ള ഡോണറെ സ്വീകരിക്കുന്ന ആശുപത്രി തിരഞ്ഞുപോകുമ്പോൾ അതിന് ചെലവ് കൂടും. കേരളത്തിൽ ഇതിന്റെ വ്യവസ്ഥകൾ കർക്കശമായതിനാൽ ഇവിടെനിന്ന് ആളുകൾ ശ്രീലങ്കയിലും വിയറ്റ്നാമിലും പോയി കിഡ്നി ട്രാൻസ്പ്ലാന്റ് ചെയ്ത് തുടർ ചികിത്സയ്ക്കായി കോയമ്പത്തൂരിൽ വരുന്ന സാഹചര്യങ്ങൾ വരെ നിലവിലുണ്ട്. മനഃസാക്ഷി മരവിച്ചിട്ടില്ലാത്ത, മനുഷ്യസ്നേഹിയായ ഒരാൾ ഡൊണേറ്റ് ചെയ്യാൻ തീരുമാനിച്ചാലും ആ തീരുമാനത്തിനെയൊക്കെ കച്ചവടക്കണ്ണുകൊണ്ട് നോക്കിക്കാണുകയും എല്ലാവരും കള്ളൻമാരാണ് എന്നുള്ള രീതിയിൽ കാര്യങ്ങൾ കാണുകയും ചെയ്യുന്നതുകൊണ്ട് വളരെയധികം പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് ഈ നിയമം ലഘൂകരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കണം. അവയവദാനം പ്രോത്സാഹിപ്പിക്കുക എന്നു പറഞ്ഞാലും ശരിക്കും ഇവിടെ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. അതുകൊണ്ട് നിയമം ലഘൂകരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സമൂഹത്തിൽ ഇന്ന് വളരെയേറെ ആശങ്കകൾ ഉണ്ടായിട്ടുള്ളൊരു ഘട്ടത്തിലാണ് നിയമം ആ രീതിയിൽ കൊണ്ടുവരാൻ തയ്യാറായത്. അതിൽ നേരത്തെയുള്ള കാര്യങ്ങൾക്ക് പുറമെ സർക്കാർ ഡോക്ടർകൂടി പാനലിൽ ഉണ്ടായിരിക്കണം, ബ്രെയിൻ ഡെത്ത് സ്ഥിരീകരിക്കാൻ വേണ്ടി വീഡിയോ ചിത്രീകരണം ഉണ്ടായിരിക്കണം തുടങ്ങിയിട്ടുള്ള ചില കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്, ഈ നിയമംമൂലം ഏതെങ്കിലും തരത്തിലുള്ള പ്രയാസം വരുന്നുണ്ടെങ്കിൽ ആ നിയമം ലഘൂകരിക്കുന്നതിന് സർക്കാരിന് വിമുഖതയില്ല. അത് പരിശോധിച്ച് ചെയ്യാൻ സാധിക്കുമെന്ന് തന്നെയാണ് പറയാനുള്ളത്.

ബഹുമാനപ്പെട്ട അംഗം ചോദിച്ച രണ്ടാമത്തെ ചോദ്യം, മാച്ച് ചെയ്യുന്ന അവയവം കിട്ടിയില്ലെങ്കിൽ എന്ത് ചെയ്യും എന്നുള്ളതാണ്. റിലേറ്റീവ് ആയ ആളുകളുടേതല്ലെങ്കിൽ എന്ത് ചെയ്യും എന്നതാണ്. റിലേറ്റീവ് ആയ ആളുകളാകുമ്പോൾ, തൊട്ടടുത്ത റിലേറ്റീവാണെങ്കിൽ ഈ നടപടിക്രമങ്ങൾ കുറച്ചുകൂടി എളുപ്പമാണ്. അതാണ് ബഹുമാനപ്പെട്ട അംഗം പറയുന്നത്. അതല്ലാതെ വരുമ്പോഴുള്ള നടപടിക്രമങ്ങളിലാണ് ഈ കമ്മിറ്റി ചേർന്ന് വിവിധ തരത്തിലുള്ള പരിശോധനകളൊക്കെ നടത്തുമ്പോൾ കുറച്ച് കാലതാമസം വരുന്നത്. ആ കാലതാമസം ഒഴിവാക്കുന്നതിനാണ് ഞാൻ നേരത്തെ സൂചിപ്പിച്ച സ്വാപ്പ് ഡൊണേഷൻ പ്രോത്സാഹിപ്പിക്കൽ. അതായത് ഒരാളിന്റെ അവയവം തൊട്ടടുത്ത ബന്ധുവിന് മാച്ചല്ലെങ്കിൽ അത് നേരത്തെത്തന്നെ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികയിൽനിന്നും മാച്ചാകുന്ന ഒരു അവയവം അദ്ദേഹത്തിന് കൊടുക്കാനും പകരം ഇത് മാച്ചാകുന്ന മറ്റൊരാൾക്ക് തിരിച്ചുകൊടുക്കാനുമുള്ള സംവിധാനമാണ് സ്വാപ്പ് ഡൊണേഷനിലുള്ളത്. ജീവിച്ചിരിക്കുന്നവരുടെ ഇടയിലുള്ള അവയവദാനത്തിന് വരുന്ന കാലതാമസം ഒഴിവാക്കാൻ ഇത്തരത്തിലുള്ള ഡൊണേഷൻ സമ്പ്രദായം വളരെ ഫലപ്രദമാകും എന്നാണ് കാണുന്നത്. അതുകൊണ്ടാണ് അങ്ങനെയൊരു സംവിധാനം സ്വീകരിച്ചിരിക്കുന്നത്.

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, പത്തുവർഷം മുൻപ് വരെ അവയവദാനവുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങളുണ്ടായിരുന്നു. ഇപ്പോൾ കുറഞ്ഞ് വന്നിട്ടുണ്ട്. ഇവിടെ പലരും നേരത്തെ ചോദിച്ചതുപോലെ ഇന്റർവ്യൂ ബോർഡിനു മുൻപിൽ ഹാജരാകുമ്പോൾ വലിയ സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച് ഈ പ്രോസസ് നീട്ടിക്കൊണ്ടുപോകുന്ന രീതിയുണ്ട്. പലപ്പോഴും നമുക്ക് ബോധ്യമുള്ള കേസ്സുകളിൽപ്പോലും ഇന്റർവ്യൂ ബോർഡ് ഈ പ്രോസസ് തടഞ്ഞുവയ്ക്കുന്നു. അതോടൊപ്പംതന്നെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ പൂർണ്ണമായും ഈ ട്രാൻസ്പ്ലാന്റേഷന് പ്രാപ്തമാണോ എന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറയണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ രണ്ട് ചോദ്യത്തിനും ഉത്തരം പറഞ്ഞതാണ്. ഇന്റർവ്യൂ ബോർഡിന്റെ മുൻപിൽ വരുമ്പോൾ താമസമുണ്ടാകുന്നുണ്ടെങ്കിൽ ആ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. ശാസ്ത്രീയമായി എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് പരിശോധിക്കാം. രണ്ടാമതായി, സർക്കാർ മെഡിക്കൽ കോളേജുകളിൽ ട്രാൻസ്പ്ലാന്റേഷന് സംവിധാനമുണ്ടാക്കുന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞു. സ്വകാര്യ മെഡിക്കൽ കോളേജുകളിലുള്ള എല്ലാ സംവിധാനവും സർക്കാർ മെഡിക്കൽ കോളേജുകളിലില്ല. ആർദ്രം മിഷന്റെ ഭാഗമായി സർക്കാർ മെഡിക്കൽ കോളേജുകൾ ശക്തമാക്കുന്നതിനായി ഇത്തരം കാര്യങ്ങൾ ഓരോന്നായി ചെയ്തുവരികയാണ്. ഇപ്പോൾ ഹൃദയം മാറ്റിവയ്ക്കലൊക്കെ കൃത്യമായി നടക്കുന്നുണ്ട്. ചില ഓർഗൻ ട്രാൻസ്പ്ലാന്റേഷനാണ് നടക്കാത്തത്. അതുകൂടി സർക്കാർ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നത് സംബന്ധിച്ച് ആലോചിച്ച് വരുന്നുണ്ട്. അത് നമ്മൾ പരിഗണിക്കുന്ന വിഷയമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞ പ്രധാന പ്രശ്നങ്ങളെല്ലാം ഞാൻ അംഗീകരിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി വരുന്നത് കിഡ്നി ട്രാൻസ്പ്ലാന്റേഷനാണ്. കിഡ്നി ട്രാൻസ്പ്ലാന്റേഷന് ധാരാളം പ്രോസസ്സുകളുണ്ട്. 2006-ലാണ് ഇത് സ്ട്രിക്ടാക്കിയത്. അതിന് കാരണമുണ്ട്. അവയവദാനത്തിനെ അവയവ കച്ചവടമാക്കി ചില സാമൂഹ്യവിരുദ്ധർ നടത്തിയ പ്രചരണംമൂലം കിഡ്നി ട്രാൻസ്പ്ലാന്റേഷന് അർഹരായ ആളുകൾ പോലും അതു ലഭിക്കാതെ മരണമടയുകയുണ്ടായിട്ടുണ്ട്. ആ സാഹചര്യം പിന്നീട് സാവകാശം മാറി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കിഡ്നി ട്രാൻസ്പ്ലാന്റേഷൻ നടത്തിയ ഡോക്ടറാണ് കോട്ടയം മെഡിക്കൽ കോളേജിലെ ഡോക്ടർ ജയകുമാർ. ഈ സഭയ്ക്കുവേണ്ടി ഞാൻ അദ്ദേഹത്തെ അനുമോദിക്കാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. രണ്ടു ലക്ഷം രൂപയ്ക്ക് കിഡ്നി ട്രാൻസ്പ്ലാന്റേഷൻ നടത്താം. അതേസമയം 35 ലക്ഷം രൂപ ഈടാക്കുന്നവരുമുണ്ട്. ലിവർ ട്രാൻസ്പ്ലാന്റേഷന് 35 ലക്ഷം രൂപയാണ് ചില സ്വകാര്യ ആശുപത്രികൾ വാങ്ങുന്നത്. രണ്ടു ലക്ഷം രൂപയെന്നത് 35 ലക്ഷം രൂപ വാങ്ങുന്നത് ശരിയല്ലല്ലോ; അങ്ങ് ഇടപെട്ട് ഒരു മിനിമം തുകയ്ക്ക് ഇത് ചെയ്യുന്നതിനും കിഡ്നി ട്രാൻസ്പ്ലാന്റേഷനുവേണ്ടി നിലവിലുള്ള നിയമം ലഘൂകരിക്കുന്നതിനും വേഗത്തിലാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അവയവദാനം സംബന്ധിച്ച് ധാരാളം പരാതികൾ വന്നിരുന്നുവെന്ന് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുകയുണ്ടായി. നിർബന്ധമായി അവയവങ്ങൾ എടുക്കുന്നു അല്ലെങ്കിൽ പ്രേരിപ്പിച്ചതിന്റെ ഫലമായി വഴങ്ങേണ്ടതായിവരുന്നു. അങ്ങനെ ഒട്ടനവധി

പരാതികൾ വന്നിട്ടുണ്ട്. ചിലപ്പോൾ അങ്ങനെയെല്ലാം സംഭവിക്കാം. അവയവം കൊടുക്കാൻ തയ്യാറല്ലാത്ത ഒരാളെ പ്രേരിപ്പിച്ച് അയാളിൽനിന്ന് അവയവം വാങ്ങുന്ന അവസ്ഥ സമൂഹത്തിലുണ്ടാകാം. ജീവകാരുണ്യാർത്ഥം ആലോചിക്കുമ്പോൾ അത്തരത്തിലുള്ള പരാതികളിൽ കഴമ്പുണ്ടോ എന്ന് നാം ചിന്തിക്കണം. അവയവ കച്ചവടം സംബന്ധിച്ച് വലിയ രീതിയിൽ പ്രചരണമുണ്ടായപ്പോൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടുള്ളതായിരിക്കണം അതിന്റെ പരിശോധന എന്ന് ഗവൺമെന്റ് തീരുമാനിച്ചു. അതേസമയം അവയവം കിട്ടാതെ ബുദ്ധിമുട്ട് വരുമ്പോൾ ജീവകാരുണ്യവും ഒരു ഘടകമായി പരിഗണിക്കണം. ഇത് ബാലൻസ്ഡായി എടുത്തില്ലെങ്കിൽ വലിയ പ്രശ്നമുണ്ടാകും. അതുകൊണ്ടാണ് നിബന്ധനകളിൽ ചിലത് ശക്തമാക്കുകയല്ല; ശാസ്ത്രീയമാക്കി മാറ്റുകയാണുണ്ടായത്. അങ്ങനെ വരുമ്പോൾ കാലതാമസം വരുന്നുണ്ടോയെന്നുള്ള കാര്യമാണ് പരിശോധിക്കേണ്ടത്. ആ കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ കൂട്ടായി ചർച്ച ചെയ്ത് തീരുമാനിക്കാം. മറ്റൊരു കാര്യം, സ്വകാര്യ ആശുപത്രികളിലെ വമ്പിച്ച ചികിത്സാ ചെലവാണ്. രണ്ടു കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്യാൻ ആഗ്രഹിക്കുന്നു. ഒന്ന്, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ റൂൾസ് ഫ്രെയിം ചെയ്തുകൊണ്ടിരിക്കുകയാണ്. വളരെ പെട്ടന്നുതന്നെ രജിസ്ട്രേഷൻ ആരംഭിക്കാൻ സാധിക്കും. അപ്പോൾ തീർച്ചയായും ചികിത്സാ ചെലവ് സ്വകാര്യ ആശുപത്രികൾ പ്രസിദ്ധീകരിക്കേണ്ടതായി വരും. അങ്ങനെ പല തരത്തിലുള്ള ഫീസ് ഈടാക്കുന്നത് ഒഴിവാക്കാൻ സാധിക്കും. രണ്ടാമത്തേത്, സ്വകാര്യ ആശുപത്രികളിലുള്ള പല സംവിധാനങ്ങളും ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ വന്നിട്ടില്ല. നമുക്ക് അതിന് സാധിച്ചിട്ടില്ല എന്നുള്ളതാണ് വസ്തുത. ഡോക്ടർ ജയകുമാറിനെപ്പോലെയുള്ള പരിണതപ്രജ്ഞരായിട്ടുള്ള ഒട്ടേറെ ഡോക്ടർമാർ സർക്കാർ സർവ്വീസിലുണ്ട്. ഇവരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് സർക്കാർ സംവിധാനത്തിൽ തന്നെ ഇത്തരത്തിലുള്ള സങ്കീർണ്ണമായ ഓപ്പറേഷനുകളും അവയവമാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും ഉൾപ്പെടെ ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കിയെടുക്കാനാണ് ഗവൺമെന്റ് പരിശ്രമിക്കുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, അവയവദാനം സംബന്ധിച്ചുള്ള നിയമങ്ങൾ ലഘൂകരിക്കണമെന്നുള്ള ചർച്ചകൾ നടക്കുമ്പോൾത്തന്നെ എന്തുകൊണ്ട് ഈ നിയമം കൊണ്ടുവരേണ്ടി വന്നുവെന്നുള്ള കാര്യവും ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇടുക്കിയിലെ തൊടുപുഴ നിയോജകമണ്ഡലത്തിൽ വർഷങ്ങൾക്കുമുൻപ് പാവപ്പെട്ട ആദിവാസികളെ കോഴിക്കോട് ആശുപത്രിയിൽ കൊണ്ടുപോയി അവയവങ്ങൾ മോഷ്ടിക്കുന്ന സാഹചര്യമുണ്ടായതിന്റെ അടിസ്ഥാനത്തിലാണ് ചർച്ചകളും അതിൻമേൽ നിയമങ്ങളുമൊക്കെ കൊണ്ടുവന്നത്. പണത്തിനു വേണ്ടി അവയവം വിൽക്കുന്ന സാഹചര്യം ഒഴിവാക്കാൻ, ശക്തമായ

നിയമം നിലനിർത്തിക്കൊണ്ടു മാത്രമേ മുന്നോട്ടു കൊണ്ടുപോകാൻ പാടുള്ളൂ എന്നതാണ് എന്റെ അഭിപ്രായം. അക്കാര്യം ഗവൺമെന്റ് ശ്രദ്ധിക്കണം. വലിയ പാർട്ടികളുടെയൊക്കെ ഹൃദയം ചെറിയ പാർട്ടികൾ കട്ടുകൊണ്ട് പോകുന്നു. രാഷ്ട്രീയത്തിലും അവയവം പറിച്ചുകൊണ്ടു പോകുന്ന ഇടപാടുണ്ട്. അതുകൂടി സൂക്ഷിച്ചാൽ നന്നായിരിക്കും.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ശരിയാണ്. വലിയ തോതിൽ അവയവകച്ചവടം നടക്കുന്നുവെന്ന പരാതി സമൂഹത്തിൽ ഇപ്പോഴും ഉയർന്നുവരുന്നുണ്ട്. നമുക്ക് ഈ ഉത്തരവ് യഥാർത്ഥത്തിൽ പുതുക്കി ഇറക്കേണ്ടി വന്നത് ഗണപതി എന്നയാൾ ഫയൽ ചെയ്ത കേസുമായി ബന്ധപ്പെട്ടാണ്. കുറച്ച് നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. കോടതിയുടെ ശ്രദ്ധയിലുള്ള വിഷയമായിരുന്നു അത്. അതുകൊണ്ടാണ് ആ ഉത്തരവിറക്കിയത്. കർശനമായി ഈ ഉത്തരവ് പാലിക്കണം, അവയവം കിട്ടാൻ തടസ്സം വരുന്നതുകൊണ്ട് ഈ ഉത്തരവിലുള്ള കാര്യങ്ങൾ ലഘൂകരിക്കണം എന്നീ രണ്ടു വാദങ്ങളും വന്നിട്ടുണ്ട്. അപ്പോൾ ഇത് രണ്ടും കൂടി പരിശോധിച്ച് ആർക്കും ബുദ്ധിമുട്ടില്ലാത്ത രീതിയിൽ, അവയവമൊന്നും ആരും അനധികൃതമായി എടുക്കാത്ത രീതിയിൽ സംരക്ഷിക്കേണ്ടതായിട്ടുണ്ട്. അതേസമയം സ്വമേധയായുള്ള അവയവദാനത്തിന് വരുന്ന കാലതാമസം ഒഴിവാക്കേണ്ടതായിട്ടുണ്ട്. അത് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുമെന്നാണ് പറയാനുള്ളത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, അവയവദാനത്തെക്കുറിച്ചും അതിന്റെ ചെലവിനെക്കുറിച്ചുമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഇതിലെ ഏറ്റവും വലിയ പ്രശ്നം, അവയവം ദാനം കിട്ടിയാലും അതിന്റെ ചെലവ് പല പ്രൈവറ്റ് ഹോസ്പിറ്റലുകളിലും വളരെയധികം കൂടുതലാണ്. ആ ചെലവ് ലഘൂകരിക്കണമെന്നൊക്കെ ഇവിടെ ആവശ്യപ്പെടുകയുണ്ടായി. പാവപ്പെട്ട ആളുകൾക്ക് അവയവദാനത്തിനു ചെലവാകുന്ന തുക ഗവൺമെന്റ് നൽകാൻ തയ്യാറാകുമോ; ഇന്ന് പാവപ്പെട്ട സഹോദരന്മാരും, സഹോദരികളും വളരെയധികം പ്രയാസപ്പെടുന്നു, നാട്ടുകാർ പിരിവ് നടത്തിയാണ് ഇവരെ സഹായിക്കുന്നത്. അവരെ സഹായിക്കാൻ ഗവൺമെന്റിന് സാധിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, പാവപ്പെട്ട ആളുകൾക്ക് അവയവദാനത്തിനാവശ്യമായ തുക ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ റിലീഫ് ഫണ്ടിൽ നിന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ഇപ്പോൾ കൊടുത്തുവരുന്നുണ്ട്. ചികിത്സാ സഹായമായും മറ്റുള്ളവർക്ക് ആശ്വാസം എന്നുള്ള നിലയ്ക്കും സഹായം നൽകിവരുന്നുണ്ട്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കോഴിക്കോട് മെട്രോ ഹോസ്പിറ്റൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്ന ആശുപത്രിയാണ്. അവിടെ ശസ്ത്രക്രിയ നടത്തുന്ന പ്രസിദ്ധനായ ഡോക്ടർ നന്ദകുമാർ പറഞ്ഞത്, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഏറ്റവും വലിയ പ്രശ്നമായി വരുന്നത്, ഹൃദയം കോഴിക്കോട്ടുള്ള ഒരാൾക്കാണ് മാറ്റിവയ്ക്കേണ്ടതെങ്കിൽ, അത് ലഭിക്കുന്നത് തിരുവനന്തപുരത്ത് നിന്നാണെങ്കിൽ അത് റോഡ് മാർഗ്ഗത്തിലൂടെയാണ് കൊണ്ടുപോകേണ്ടത് എന്നാണ്. ഇത് ഏറ്റവും വിഷമകരമായ സംഗതിയാണ്. അത് പലപ്പോഴും അത് സാധിക്കാറില്ല എന്നാണ്. ഇതിനായി ഗവൺമെന്റ് ഒരു ഹെലികോപ്റ്റർ സർവ്വീസ് ഏർപ്പെടുത്തുകയാണെങ്കിൽ വിലപ്പെട്ട ജീവനുകൾ രക്ഷിക്കാൻ നമുക്ക് സാധിക്കും. അതിനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇപ്പോൾ റോഡുമാർഗ്ഗമല്ലാതെ ഹൃദയം കൊണ്ടുപോകേണ്ടി വരുമ്പോൾ നേവിയുടേയും മറ്റും സൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ട്. സ്വന്തമായി ഒരു എയർ ആംബുലൻസ് വേണമെന്ന നിർദ്ദേശം പലഭാഗത്തു നിന്നും വരുന്നുണ്ട്. അതിന്റെ സാമ്പത്തിക സ്ഥിതി, ആവശ്യകത, ഓപ്പറേഷൻ എല്ലാം ആലോചിക്കേണ്ട വിഷയമാണ്. ഇതുവരെയുള്ള കേസ്സുകളിൽ റോഡുമാർഗ്ഗം കൊണ്ടുവന്നിട്ട് ബുദ്ധിമുട്ടൊന്നും ഉണ്ടായിട്ടില്ല. റോഡുമാർഗ്ഗം കൊണ്ടുവന്ന ഹൃദയം മാറ്റിവച്ച ഒട്ടേറെ അനുഭവം ഉണ്ടായിട്ടുണ്ട്. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യമടക്കം പരിശോധിക്കാവുന്നതാണ്; അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീമതി യു. പ്രതിഭ ഹരി: സർ, മരണാനന്തരമുള്ള അവയവദാനത്തെക്കുറിച്ചാണ് നമ്മൾ പലപ്പോഴും പറയുന്നത്. പക്ഷെ ജീവിച്ചിരിക്കുമ്പോൾ ധാരാളം നിർദ്ധന കുടുംബങ്ങൾ, അമ്മ മകനും, അച്ഛൻ മകൾക്കുമൊക്കെ അവയവം ദാനം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനുശേഷം ഈ കുടുംബത്തിന് വരുന്ന ഭാരിച്ച സാമ്പത്തിക ബാധ്യത പലപ്പോഴും അവരുടെ മുന്നോട്ടുള്ള ജീവിതത്തിന് തടസ്സമാകാറുണ്ട്. വൃക്കയും മറ്റും ദാനംചെയ്യുന്ന നിർദ്ധന കുടുംബങ്ങളെ സഹായിക്കുന്നതിനായി എന്തെങ്കിലും ഒരു പാക്കേജ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; അവർ സ്വമേധയായി തന്നെയായിരിക്കും അത് കൊടുക്കുന്നത്. അത്തരത്തിലുള്ള ഇടപെടൽ ബന്ധപ്പെട്ട വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അവയവദാനം ചെയ്തിട്ടുള്ളവർക്ക് പരിചരണം കൊടുക്കാൻ ഇപ്പോൾ സർക്കാർ നടപ്പിലാക്കിവരുന്ന ഇൻഷ്വറൻസ് പദ്ധതികളും മറ്റും കൃത്യമായി ഉപയോഗപ്പെടുത്തണം. പുതിയ ഉത്തരവിൽത്തന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അവയവം നൽകിയവർക്കും അത്

സ്വീകരിച്ചവർക്കും തുടർചികിത്സ ആവശ്യമായി വരുന്ന സമയത്ത് അത് മീറ്റ് ചെയ്യുന്നതിനാവശ്യമായ കാര്യങ്ങളും ഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കിവരുന്ന സഹായ പദ്ധതികളും കൂടി ഈ ഉത്തരവിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അത് നമുക്ക് കൂടുതൽ ശക്തമാക്കാൻ സാധിക്കും.

ശ്രീ. വി. എസ്. ശിവകുമാർ: സർ, മൃതസഞ്ജീവനി പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയതാണ്. ആ അഞ്ചുവർഷക്കാലം കൊണ്ട് ഏകദേശം 600-ഓളം ആളുകളുടെ അവയവങ്ങൾ മാറ്റിവയ്ക്കാൻ കഴിഞ്ഞു. ഇപ്പോൾ 50-ൽ താഴെ മാത്രമേ അവയവം മാറ്റിവയ്ക്കുന്നതിന് സാധിച്ചിട്ടുള്ളൂ എന്നും അതിന്റെ നിയമങ്ങൾ ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി ഇവിടെ പറഞ്ഞു. ഞാൻ ചോദിക്കാൻ ഉദ്ദേശിക്കുന്നത്, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലിവർ ട്രാൻസ്പ്ലാന്റേഷന് വേണ്ടിയുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തീകരിച്ച് ഒരാളിന്റെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിയുകയും ചെയ്തു. എല്ലാ തരത്തിലുമുള്ള എക്യുപ്മെന്റുകൾ സ്ഥാപിക്കുകയും ഡോക്ടർമാർക്കും സ്റ്റാഫ് നഴ്സുമാർക്കും ഉൾപ്പടെ ട്രെയിനിംഗ് കൊടുക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ അത് അടച്ചുപൂട്ടിയിട്ടിരിക്കുകയാണ്. മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചത്, 35 ലക്ഷം രൂപ വരെ ചില ആശുപത്രികളിൽ ലിവർ ട്രാൻസ്പ്ലാന്റേഷന് ചെലവാകുമെന്നാണ്. രണ്ട് ലക്ഷം രൂപ മാത്രമേ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ചെലവാകൂ. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ് അടിയന്തരമായി ആരംഭിക്കുന്നതിന് മന്ത്രി നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ഒരിക്കൽ ചോദിച്ചപ്പോൾ അന്ന് മറുപടി പറഞ്ഞത് അവിടെ സജ്ജീകരണങ്ങളൊന്നുമായിട്ടില്ല, ഓപ്പറേഷൻ നടത്താൻ കഴിയില്ലെന്നാണ്. എല്ലാ സജ്ജീകരണങ്ങളുമായിട്ടുണ്ട്. അതിനാൽ അടിയന്തരമായി ആലോചിച്ച് അവിടെ ലിവർ ട്രാൻസ്പ്ലാന്റേഷൻ നടത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം നേരത്തെ തന്നെ പരിശോധിച്ചതാണ്. എല്ലാ സജ്ജീകരണങ്ങളും ഇല്ലാതെ ഓപ്പറേഷൻ നടത്തിയതിന്റെ ഭാഗമായി ആ ഓപ്പറേഷൻ പരാജയപ്പെടുകയും രോഗി മരണപ്പെടുകയും ചെയ്തു. അതുകൊണ്ടുതന്നെ ഞാൻ അവിടെ പോകുകയും ഡോക്ടർമാരുമായി സംസാരിക്കുകയും ചെയ്തിരുന്നു. എന്നാൽ ആ ഉദ്യമം വിജയിച്ചില്ല. വളരെ സൂക്ഷ്മതയോടെ ചെയ്യേണ്ടതും എല്ലാ സജ്ജീകരണങ്ങളും ആവശ്യമായ ഒരു കാര്യമാണ്. അത്തരത്തിലുള്ള എല്ലാ സജ്ജീകരണങ്ങളും ഇല്ലാത്തതിനാലാണ് ട്രാൻസ്പ്ലാന്റേഷൻ നടന്ന രോഗി ജീവിക്കാതിരുന്നത് എന്നാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് എല്ലാ സജ്ജീകരണങ്ങളും ആയിട്ടുമാത്രമേ ഇത്തരം കാര്യങ്ങൾ ചെയ്യൂ എന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

## ജീവിതശൈലീ രോഗനിർണ്ണയ ക്ലിനിക്കുകൾ

3 (* 153) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. കെ. ദാസൻ:
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ ആശങ്കാജനകമായ വിധത്തിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലീ രോഗനിർണ്ണയ ക്ലിനിക്കുകൾ സജ്ജീകരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ എന്തെങ്കിലും പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) ഉണ്ട്.

(ബി) ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 232 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 5400-ഓളം വരുന്ന കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലീ രോഗനിർണ്ണയ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ആഴ്ചയിൽ ഒരു ദിവസം പ്രമേഹവും രക്താതിസമ്മർദ്ദവും പരിശോധിക്കുന്ന ജീവിതശൈലീ രോഗ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു.

ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രത്യേക സജ്ജീകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള പരിശോധനാ സൗകര്യങ്ങളുള്ള ലബോറട്ടറി സ്ഥാപിക്കുകയും HbA1c തുടങ്ങിയ പരിശോധനാ സൗകര്യങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ ഗുരുതര ശ്വാസകോശ രോഗങ്ങൾക്കായി (COPD) ശ്വാസ് പദ്ധതിയും, മാനസികാരോഗ്യ ചികിത്സക്കായി ആശ്വാസ് പദ്ധതിയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(സി) ലോകാരോഗ്യ സംഘടന സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ജീവിതശൈലീ രോഗനിർണ്ണയ പദ്ധതിയുമായി സാങ്കേതികമായ സഹകരണത്തിന് ധാരണയിലെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രമേഹവും രക്താതിസമ്മർദ്ദവും ചികിത്സിക്കുന്നതിന് ഒരു ചികിത്സാ പ്രോട്ടോകോൾ തയ്യാറാക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കുന്നതിനും WHO സാങ്കേതിക സഹായം നൽകിയിട്ടുണ്ട്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ആരോഗ്യ മേഖലയിൽ വിപ്ലവകരമായ മാറ്റമാണ് ഈ സർക്കാർ നടപ്പാക്കിക്കൊണ്ടുവരുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. ആർദ്രം പദ്ധതി വഴി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും സാധാരണക്കാർക്ക് വലിയ ആശ്വാസമുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഒ.പി. സമയം വൈകിട്ടുവരെ ദീർഘിപ്പിച്ചത് വലിയ സൗകര്യമാണ്. എല്ലാ ആശുപത്രികളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങളും ഒരുക്കിയിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ ഇടപെടലും നടക്കുന്നുണ്ട്. യോഗ പോലെയുള്ള വ്യായാമങ്ങൾ നാട്ടിലെ ജനങ്ങൾക്കും സ്കൂൾകുട്ടികൾക്കുമടക്കം ലഭിക്കത്തക്ക വിധത്തിൽ ഓരോ പഞ്ചായത്തുതലത്തിലും വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കിക്കൊണ്ടും, അതുപോലെ പുറത്തുനിന്ന് കഴിക്കുന്ന ഭക്ഷണത്തിൽ രുചിയേറാനായിട്ടും കേടാകാതിരിക്കാനും ചേർക്കുന്ന രാസ വസ്തുക്കളൊക്കെ വലിയ തോതിലുള്ള അസുഖങ്ങൾ ഉണ്ടാക്കാനിടയുണ്ട്. ഇത്തരം കാര്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആർദ്രം മിഷനിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത് ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളുടെ രോഗപ്രതിരോധം ഉറപ്പുവരുത്തുന്നതിനുമാണ്. അതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ ഓരോ വ്യക്തിയെയും ശ്രദ്ധിക്കുക, Individual ആയി തന്നെ അവരുടെ ആരോഗ്യ ശീലങ്ങൾ പരിശോധിക്കുക, ജീവിതശൈലീ രോഗങ്ങൾ തടയുന്നതിന് ജീവിതശൈലിയിൽ മാറ്റം വരുത്തുന്നതിന് പ്രേരിപ്പിക്കുക, കൂടുതൽ രോഗപ്രതിരോധശേഷി ആർജ്ജിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുക തുടങ്ങിയവയാണ്. അതുകൊണ്ടാണ് പുതുതായി ആരംഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വ്യായാമം ചെയ്യുന്നതിനുള്ള യോഗ സെന്ററുകളുൾപ്പെടെയുള്ള സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുള്ളത്. ആരംഭിച്ച സ്ഥലങ്ങളിലെല്ലാം അത് വളരെ ഫലപ്രദമാണെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. അതുപോലെ 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവരെയും ജീവിതശൈലീ രോഗങ്ങൾക്കായി

സ്ക്രീനിംഗ് നടത്താൻ ഗവൺമെന്റ് നിശ്ചയിച്ചു കഴിഞ്ഞു. പ്രൈമറി ഹെൽത്ത് സെന്റർ, മറ്റു നിരവധി സംവിധാനങ്ങൾ വഴി ഏകദേശം ഒരു കോടി മുപ്പത്തിയൊന്ന് ലക്ഷത്തോളം ആളുകൾ വിവിധ മേഖലകളിൽ നിന്ന് സ്ക്രീനിംഗിന് വിധേയമായിട്ടുണ്ട്. ആറു ലക്ഷത്തിലധികം പ്രമേഹരോഗികളെയും എട്ടുലക്ഷത്തിലധികം രക്താതി സമ്മർദ്ദവുമുള്ളവരെയും പുതുതായി കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. എല്ലാ ആളുകളിലും ഈ സ്ക്രീനിംഗ് സംവിധാനം വ്യാപിപ്പിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വച്ചുതന്നെ ജീവിതാശൈലീ രോഗങ്ങൾക്ക് തടയിടാനും അവ നിയന്ത്രിക്കാനുമുള്ള നടപടിക്രമങ്ങളും വരുത്തുകയാണ്. ജീവിതശൈലിയിൽ മാറ്റം വരുത്തുന്നതിനുള്ള പ്രചരണവും ഇതിന്റെ ഭാഗമായി നടത്തുന്നുണ്ട്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, നല്ല പ്രചരണം നടത്തുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. വിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് തുടങ്ങി എല്ലാ സ്കൂളുകളിലെ കുട്ടികൾക്കും കൃത്യമായ അവബോധം ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, തീർച്ചയായിട്ടും സ്കൂൾ ഹെൽത്ത് നഴ്സുമാരുടെയും കൗൺസിലർമാരുടെയുമൊക്കെ സഹായത്തോടുകൂടി സ്കൂളുകളിൽ നിരവധി പ്രചരണങ്ങളാണ് നടന്നുവരുന്നത്. ഇതുകൂടാതെ തന്നെ 'കുട്ടി ഡോക്ടർ' എന്ന ഒരു സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ വയനാട്, മലപ്പുറം ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. കുട്ടികൾക്കുതന്നെ പരിശീലനം കൊടുത്ത് ഇത്തരം കാര്യങ്ങളെക്കുറിച്ച് അവരെ ബോധവൽക്കരിക്കുക എന്നതാണ് ഉദ്ദേശ്യം. സംസ്ഥാന വ്യാപകമായി ആ സംവിധാനം നടപ്പിലാക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. വലിയ പ്രചരണം സ്കൂൾതലത്തിൽ രോഗപ്രതിരോധവുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. വി. വിജയദാസ്:</u> സർ, കേരളം ജീവിതശൈലീ രോഗങ്ങളുടെ ഒരു ഹബ്ബായി കണ്ട് കൊളസ്ട്രോൾ, ഷുഗർ ലെവൽ എന്നിവയുടെ standardisation-ൽ ഉൾപ്പെടെ മൾട്ടിനാഷണൽ ഫാർമസ്യൂട്ടിക്കൽ കമ്പനികൾ ഇടപെടുന്നതായും ഈ രോഗങ്ങൾക്കുള്ള മരുന്നുകളുടെ വലിയൊരു കമ്പോളമായി കേരളം മാറുന്നതായുമുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ ഇത് തിരിച്ചറിഞ്ഞ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, മരുന്നുകളുടെ അമിതമായ ഉപഭോഗം നിയന്ത്രിക്കുക എന്നുള്ളത് സർക്കാർ ഒരു പ്രധാന ലക്ഷ്യമായി എടുത്തിട്ടുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന തെരഞ്ഞെടുത്ത പ്രധാനപ്പെട്ട മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യാൻ തീരുമാനിച്ചത് മരുന്നു ലോബികളുടെ സമ്മർദ്ദം ഒഴിവാക്കുക എന്നുകൂടി കണ്ടുകൊണ്ടാണ്. അക്കാര്യം വളരെ കൃത്യമായി നടന്നുവരുന്നുണ്ട്. അതോടൊപ്പം തന്നെ

രക്താതിമർദ്ദവും പ്രമേഹവും പരിശോധിക്കുന്നതിന് പ്രത്യേക ടീമുകളുണ്ടാക്കിക്കൊണ്ടുള്ള പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അവർക്കാവശ്യമായ ചികിത്സ നിർദ്ദേശിക്കുന്നതും സർക്കാർ സംവിധാനത്തിന്റെ ഭാഗമായാണ്. ഇതെല്ലാം കൂടുതൽ ശക്തമായി വരുന്ന ഘട്ടത്തിൽ മരുന്നുലോബികളുടെ പ്രവർത്തനത്തെ പൂർണ്ണമായും നിയന്ത്രിക്കാൻ നമുക്ക് കഴിയും.

ശ്രീ. കെ. ദാസൻ: സർ, ജീവിതശൈലീ രോഗങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന രോഗമാണ് പ്രമേഹം. പ്രമേഹരോഗ നിയന്ത്രണത്തിനായി കുട്ടികൾക്ക് ഇൻസുലിൻ പമ്പ് ഘടിപ്പിക്കുന്ന പദ്ധതിയായ 'മിഠായി' പ്രശംസനീയമായ ഒന്നാണ്. പ്രമേഹ ബാധിതരായ കുഞ്ഞുങ്ങൾക്ക് ആശ്വാസം നൽകുന്ന ഈ പരിപാടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഇൻസുലിൻ പമ്പ് ഘടിപ്പിക്കുന്നതിനുള്ള സൗകര്യമൊരുക്കുമോ; പ്രമേഹ നിയന്ത്രണ പ്രചരണങ്ങൾക്കായി സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പരിപാടികൾ എന്തെല്ലാമാണ്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ജുവനൈൽ ഡയബെറ്റിക്സ് ബാധിച്ചിട്ടുള്ള കുട്ടികൾക്ക് ആശ്വാസമെത്തിക്കുന്ന പദ്ധതിയാണ് മിഠായി. അവർക്ക് ജീവിതകാലം മുഴുവൻ ചികിത്സ ആവശ്യമാണ്. ഇതിനാവശ്യമായ ഇൻസുലിൻ പമ്പും കൃത്യമായ മോണിറ്ററിംഗിനാവശ്യമായ ഉപകരണവും നൽകിക്കൊണ്ടാണ് മിഠായി പദ്ധതി ആരംഭിക്കുന്നത്. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ പാവപ്പെട്ട കുട്ടികൾക്കും ജീവിതകാലം മുഴുവൻ ചികിത്സ നടത്തിക്കൊടുക്കുക എന്ന ലക്ഷ്യം വച്ചാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആരോഗ്യവകുപ്പും സാമൂഹ്യനീതി വകുപ്പിന്റെ ഭാഗമായ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനും ചേർന്നുകൊണ്ടാണ് ഇത് നടപ്പിലാക്കുന്നത്. പാവപ്പെട്ട കുട്ടികൾക്കുള്ള മിഠായി പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ എത്ര ചെലവ് വന്നാലും സർക്കാർ അത് വഹിക്കാൻ തയ്യാറാകുമെന്ന് കഴിഞ്ഞ ദിവസം പദ്ധതി ലോഞ്ച് ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ഈ പദ്ധതിയിലുൾപ്പെടുന്ന മുഴുവൻ കുട്ടികൾക്കും ചികിത്സ നൽകുന്നതിനായി ഇപ്പോൾതന്നെ ഏകദേശം പന്ത്രണ്ട് കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. മിഠായി പദ്ധതി പ്രഖ്യാപിച്ചപ്പോൾ വലിയ പ്രതികരണമാണ് പൊതുസമൂഹത്തിൽ നിന്നുമുണ്ടായത്. പദ്ധതിയിൽ കുട്ടികളെ രജിസ്റ്റർ ചെയ്ത് ഉപകരണങ്ങൾ കൊടുത്തുകൊണ്ടിരിക്കുകയാണ്.

പ്രമേഹം വളരെ പ്രധാനപ്പെട്ട വിഷയമാണ്. അത് വളരെ ഗൗരവമായിത്തന്നെ ഗവൺമെന്റ് കണ്ടിട്ടുണ്ട്. പ്രമേഹരോഗികളെ ബാധിക്കുന്ന ചില പ്രത്യേക വിഷയങ്ങളെടുത്ത് ഗവേഷണം നടത്തുന്നതിനും അതിന് ആവശ്യമായ ചികിത്സ നൽകുന്നതിനും തയ്യാറായിട്ടുണ്ട്. ഡയബറ്റിക് റെറ്റിനോപ്പതി പരിശോധനയ്ക്കായി യു.കെ-യിലെ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ഒരു റിസർച്ച് പ്രോജക്ടുമായി ചേർന്നുകൊണ്ടുള്ള ഒരു പദ്ധതി ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

അതിനോടനുബന്ധിച്ചുള്ള ട്രെയിനിംഗ് കൊടുത്തു കഴിഞ്ഞു. അവർ പരിശോധിച്ച് വരികയാണ്. അതുപോലെ പ്രമേഹരോഗികളെ ബാധിക്കുന്ന ഡയബറ്റിക് അൾസർ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ ഈ വർഷം ജില്ലാ ആശുപത്രികളിലടക്കം ആരംഭിക്കുന്നതാണ്. ഡയബറ്റിക് പ്രത്യേകം പരിശോധിക്കുന്നതിനാവശ്യമായ വിദഗ്ദ്ധ ടീമുകൾക്ക് രൂപം കൊടുത്തുകൊണ്ടുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് പരിശോധനകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. യു. ആർ. പ്രദീപ്: സർ, ജീവിതശൈലീ രോഗങ്ങൾ തടയാനായി ഗവൺമെന്റ് ഒട്ടേറെ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി പി.എച്ച്.സി.കളിലും താലൂക്കാശുപത്രികളിലും മരുന്നുകൾ സൗജന്യമായി നൽകിവരുന്നുണ്ട്. അതുപോലെ ഹോമിയോ ആശുപത്രികളിലും ആയുർവേദ ആശുപത്രികളിലും ഇത്തരം മരുന്നുകൾ ജനങ്ങൾക്ക് കൊടുക്കുന്നതിനുള്ള എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കേരളത്തിലെ എല്ലാ ചികിത്സാരീതികളെയും ഫലപ്രദമായി ഉപയോഗപ്പെടുത്താനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ആയുഷ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗമായി ആയുർവേദ, ഹോമിയോ, സിദ്ധ, യൂനാനി എന്നീ ചികിത്സാ രീതികളെയൊക്കെ പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ചില രോഗങ്ങൾക്ക് ഇത്തരത്തിലുള്ള പ്രത്യേക സിസ്റ്റത്തിൽ ഫലപ്രദമായ പ്രതിരോധം നിലവിലുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ കാര്യങ്ങളിൽ ഹോമിയോ വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഉപയോഗപ്പെടുത്താൻ തന്നെയാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ജീവിതശൈലീ രോഗങ്ങളെ നേരിടുന്നതിന് പരമ്പരാഗതമായ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായ യോഗ ഫലപ്രദമായൊരു പ്രതിവിധിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അത് പ്രോത്സാഹിപ്പിച്ചുകൊണ്ട് ജീവിതശൈലീ രോഗങ്ങളെ നേരിടാനുള്ള എന്തെങ്കിലും പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുക്കുമോ; മഴക്കാലം വന്നിരിക്കുന്ന സാഹചര്യത്തിൽ ഹോസ്പിറ്റലുകളിലും ഉപകേന്ദ്രങ്ങളിലുമടക്കം എച്ച്.എം.സി (ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി) നല്ലനിലയിൽ നടക്കുന്നുണ്ട്. എന്നാൽ എച്ച്.എം.സി.യിൽ ഹാജരാകേണ്ട അംഗങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥരടക്കമുള്ള പകുതിയിലധികം പേരും പങ്കെടുക്കുന്നില്ല. പ്രത്യേകിച്ച് മഴക്കാലം മുന്നിൽ കണ്ടുകൊണ്ടുള്ള ഇത്തരം മീറ്റിംഗുകളിൽ പങ്കെടുക്കാതിരിക്കുന്നവരുടെ പേരിൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, യോഗയെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞു. യോഗ പ്രോത്സാഹിപ്പിക്കാൻ തന്നെയാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. യോഗ മാത്രമല്ല, എല്ലാ തരത്തിലുമുള്ള വ്യായാമങ്ങളും പ്രോത്സാഹിപ്പിക്കും.

മി. സ്പീക്കർ: നിയമസഭാംഗങ്ങളെ യോഗ പഠിപ്പിക്കാനുള്ള ഒരു ശ്രമം നടത്തിയിരുന്നു. പക്ഷേ വളരെക്കുറച്ച് അംഗങ്ങൾ മാത്രമേ ഇതിൽ പങ്കെടുത്തുള്ളൂ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നിയമസഭാംഗങ്ങൾക്കടക്കം യോഗ പരിശീലനം സംഘടിപ്പിച്ചിരുന്നു. ഫാമിലി ഹെൽത്ത് സെന്ററുകൾ പുതിയതായി ഉദ്ഘാടനം ചെയ്തിടത്തൊക്കെ യോഗ സെന്റർ കൂടി ആരംഭിച്ചിട്ടുണ്ട്. നേരത്തെ ഉദ്ഘാടനം ചെയ്ത സ്ഥലങ്ങളിൽ ഇപ്പോൾ തന്നെ ആറും ഏഴും ബാച്ചുകൾ വരെ പരിശീലനം സിദ്ധിച്ചുകഴിഞ്ഞുവെന്ന് അവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യോഗയ്ക്ക് പകരം ഒരു മിനി ജിം ആയാലും മതി. നല്ല വ്യായാമം കിട്ടണമെന്നേയുള്ളൂ. യോഗ നന്നായി പ്രോത്സാഹിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അത് നടന്നുവരികയാണ്. നിരവധി സന്നദ്ധ സംഘടനകളും യോഗ പരിശീലനം സംഘടിപ്പിക്കുന്നുണ്ട്. മഴക്കാലത്ത് മാത്രമല്ല എല്ലായ്പ്പോഴും നമ്മുടെ ആശുപത്രികളുടെ ഭരണ സംവിധാനം ചിട്ടപ്പെടുത്താൻ തന്നെയാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. പലയിടത്തും മീറ്റിംഗുകൾ വിളിച്ചു ചേർക്കാറുണ്ടെങ്കിലും പങ്കെടുക്കേണ്ട മുഴുവനാളുകളും പങ്കെടുക്കാത്ത അവസ്ഥയുണ്ട്. അതെല്ലാം പരിഹരിക്കുന്നതിനാവശ്യമായ കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക എച്ച്.എം.സി.-യിൽ പങ്കെടുക്കേണ്ട ഡോക്ടർമാരടക്കമുള്ള ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥർ പങ്കെടുക്കുന്നില്ലെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ അതിനാവശ്യമായ നടപടി ഉറപ്പായും സ്വീകരിക്കും എന്നുള്ള കാര്യം അറിയിക്കുകയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ശ്രീ. കെ. വി. വിജയദാസ് ചോദിച്ചതിന് അനുബന്ധമായ ഒരു ചോദ്യമാണ് എനിക്കുള്ളത്. കൊളസ്ട്രോൾ, ബ്ലഡ് ഷുഗർ, ബ്ലഡ് പ്രഷർ എന്നിവയുടെ പരിധി നിശ്ചയിക്കുന്നത് ഏതെങ്കിലും ആഗോള ഏജൻസിയാണോ; ഇന്റർനാഷണൽ ലെവലും നമ്മുടേതും തമ്മിൽ പരിധിയിൽ വ്യത്യാസം കാണുന്നുണ്ട്. ഷുഗർ, കൊളസ്ട്രോൾ തുടങ്ങിയവയുടെ ടോട്ടൽ നിശ്ചയിക്കുന്നത് ഏതെങ്കിലും പ്രത്യേക ഏജൻസികളുടെ നിർദ്ദേശാനുസരണമാണോ ഇക്കാര്യത്തിൽ എന്തെങ്കിലും പരിശോധന ആരോഗ്യ വകുപ്പ് നടത്തിയിട്ടുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റടക്കം സർട്ടിഫൈ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുക എന്നതാണ് സംസ്ഥാന ഗവൺമെന്റിന് കരണീയം. ഏതെങ്കിലും പ്രത്യേക കമ്പനിയുടെ നിർദ്ദേശപ്രകാരമാണോ ഇത്തരം മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സാധാരണ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളാണ് പിന്തുടരുന്നത്, അതിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ പരിശോധിക്കാവുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട് ചർച്ച നടക്കുന്ന ഈ സന്ദർഭത്തിൽ മലയാളികളുടെ ഭക്ഷണ രീതിയുമായി ബന്ധപ്പെട്ട കാര്യങ്ങളും ഗൗരവമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഭക്ഷണ രീതിയിൽ വന്നിരിക്കുന്ന മാറ്റങ്ങൾ രോഗങ്ങളിലേയ്ക്ക് നയിക്കുന്നുവെന്ന പ്രശ്നം വിലയിരുത്തപ്പെടുമ്പോൾ കൊച്ചുകുട്ടികൾക്കടക്കം അവരിഷ്ടപ്പെടുന്ന ഭക്ഷണം കഴിക്കുന്നതിന് മാതാപിതാക്കൾ സഹകരിക്കുന്നതിനെ തുടർന്ന് അവരുടെ ശാരീരിക വളർച്ചയിലടക്കം ഉണ്ടാകുന്ന അസന്തുലിതാവസ്ഥ, അവരുടെ പ്രായവും ശാരീരിക വളർച്ചയും തമ്മിലുള്ള അന്തരം തുടങ്ങിയ പ്രശ്നങ്ങളെല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരേണ്ടതല്ലേ; കുട്ടികളുടെ ഭക്ഷണ രീതിയിൽ ഒരു ക്രമീകരണമുണ്ടാക്കാൻ കഴിയുന്ന തരത്തിൽ ഭക്ഷണ രീതിയെപ്പറ്റിയും ഇപ്പോഴുള്ള ഭക്ഷണരീതികൾ കൊണ്ട് കുഞ്ഞുനാൾ മുതൽ രോഗങ്ങളിലേയ്ക്ക് എത്തപ്പെടുന്ന സാഹചര്യം സംബന്ധിച്ചും കുട്ടികളിൽ അവബോധമുണ്ടാക്കാൻ കഴിയുന്ന വിധത്തിൽ, വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ആരോഗ്യ വകുപ്പ് ഒരു കർമ്മ പരിപാടിക്ക് രൂപം നൽകാൻ തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇപ്പോൾ തന്നെ ഗവൺമെന്റ് ഈ കാര്യങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങളുണ്ടാകുന്നത് ഭക്ഷണ രീതിയുടെ കൂടി ഭാഗമാണ്. കുട്ടികളിൽ കണ്ടുവരുന്ന പൊണ്ണത്തടി ഭക്ഷണ രീതിയുടെ ഭാഗം കൂടിയാണെന്ന് കണക്കാക്കാൻ സാധിക്കും. ഫാസ്റ്റ് ഫുഡ് സംസ്കാരം വന്നതിന് ശേഷം ഇത്തരം പ്രത്യേക സ്ഥിതിവിശേഷമുണ്ട്. ഇതൊക്കെ കണ്ടുകൊണ്ടാണ് ആർദ്രം മിഷനിൽ ശരിയായ ഗൈഡ്‌ലൈൻ ഉൾപ്പെടുത്തിയിട്ടുള്ളത്. ഫാമിലി ഹെൽത്ത് സെന്ററിലൂടെ ഓരോ കുടുംബത്തിന്റെയും ഭക്ഷണ രീതിയടക്കം പരിശോധിച്ച് അവർക്കാവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകാനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ച വ്യായാമമടക്കമുള്ള കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇവിടെ ഉന്നയിച്ച വിഷയം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്, ആർദ്രം മിഷനിലൂടെ ഗവൺമെന്റ് ഇത് പ്രാവർത്തികമാക്കാൻ ശ്രമിക്കുകയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ജീവിതശൈലീ രോഗങ്ങളും മരുന്ന് വ്യാപനവുമാണ് ചർച്ച ചെയ്തു കൊണ്ടിരിക്കുന്നത്. ജീവിതശൈലി മാറ്റുന്നതിനാവശ്യമായ ചികിത്സാ വിധികളെ പ്രോത്സാഹിപ്പിക്കാൻ തയ്യാറാകേണ്ടതുണ്ട്. അതിന് ഏറ്റവും സഹായകരമാകുന്ന ചികിത്സാ രീതിയാണ് നാച്ചുറോപ്പതി. വർക്കലയിൽ ഒരു നാച്ചുറോപ്പതി ഹോസ്പിറ്റൽ ഉണ്ടെങ്കിലും അത് കുറച്ചുകൂടി വിപുലമാക്കേണ്ടതുണ്ട്. പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്തെ നാച്ചുറോപ്പതി ഹോസ്പിറ്റൽ സ്ഥിതി ചെയ്യുന്നത് അലോപ്പതി ഹോസ്പിറ്റലിന്

അനുബന്ധമായിട്ടാണ്. അത് ഒരുതരത്തിലും ഗുണം ചെയ്യുന്നതല്ല. അവിടെയുള്ള നാച്ചറോപ്പതി ഹോസ്പിറ്റൽ മാറ്റി സ്ഥാപിക്കുന്നതിനും കൂടുതൽ നാച്ചറോപ്പതി ഹോസ്പിറ്റലുകൾ സംസ്ഥാന വ്യാപകമായി ആരംഭിക്കുന്നതിനും സന്നദ്ധമാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ നാച്ചറോപ്പതിക്ക് പ്രാധാന്യം കൊടുക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഒരു നാച്ചറോപ്പതി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള തീരുമാനമായിട്ടുണ്ട്. അതോടൊപ്പം തന്നെ വർക്കലയിലെ നാച്ചറോപ്പതി ഹോസ്പിറ്റൽ കൂടുതൽ മെച്ചപ്പെടുത്താൻ ഈ വർഷം തന്നെ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. അതിനാവശ്യമായ പ്രോജക്ടും തയ്യാറാക്കിയിട്ടുണ്ട്. നാച്ചറോപ്പതി മാത്രമല്ല, ആയുർവ്വേദമടക്കമുള്ള രീതികൾ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ദിനചര്യയും ഋതുചര്യയും പോലുള്ളവ ആയുർവ്വേദത്തിലാണ് കുറച്ചുകൂടി ശക്തമായിട്ടുള്ളത്. ആയുർവ്വേദവും നാച്ചറോപ്പതിയുമെല്ലാം ഈ മേഖലയിൽ പ്രോത്സാഹിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നാച്ചറോപ്പതി മേഖലയിൽ കറേക്കൂടി ശ്രദ്ധ കൊടുക്കണമെന്ന നിർദ്ദേശവും തന്നിട്ടുണ്ട്. അതനുസരിച്ച് പരിശ്രമിക്കുന്നതാണ്.

മി. സ്പീക്കർ: പരിപൂർണ്ണമായും ആരോഗ്യത്തിന് വേണ്ടി നീക്കി വച്ച ഒരു ചോദ്യോത്തര വേളയായിരുന്നു. ഓർഡർ.....ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അങ്കണവാടികളുടെ ആധുനികവൽക്കരണം

4 (*154) ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി മുൻസർക്കാർ തുടങ്ങിവച്ച പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അങ്കണവാടികൾ വഴി നൽകുന്ന സേവനത്തിന്റെ ഗുണനിലവാരവും ഗുണഭോക്താക്കളുടെ എണ്ണവും നിലനിർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) അങ്കണവാടി സേവനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) അങ്കണവാടികളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി മുൻസർക്കാരുകൾ തുടങ്ങിവച്ച പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- ജാതക് ജനനി പദ്ധതി

  പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ ന്യൂനപോഷണമൂലമുണ്ടായ ശിശുമരണ നിരക്ക് നിയന്ത്രണ വിധേയമാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് യൂണിസെഫ്, റിഥി ഫൗണ്ടേഷൻ, NIRD (National Institute of Rural Development) എന്നിവരുടെ സംയുക്ത സഹകരണത്തോടെ 2013 അവസാനത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് ജാതക്-ജനനി. 2014-15 സാമ്പത്തിക വർഷം മുതൽ അട്ടപ്പാടി ബ്ലോക്കിൽ നടത്തി വരുന്ന പദ്ധതി വിജയകരമായ സാഹചര്യത്തിൽ ടി പദ്ധതി 2015-16 മുതൽ മാനന്തവാടി ബ്ലോക്കിലും 2017-18 മുതൽ ഇരിട്ടി, ദേവികുളം അഡീഷണൽ ഐ.സി.ഡി.എസ്.-കളിലും വ്യാപിപ്പിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിന് 3.9 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

- അട്ടപ്പാടിയിൽ നടപ്പിലാക്കിയ ആദ്യ ആയിരം ദിനങ്ങൾ

  2015-16 സാമ്പത്തിക വർഷം ആരംഭിച്ച അട്ടപ്പാടി മേഖലയിൽ നടപ്പിലാക്കി വരുന്ന ശിശുക്കളുടെ പ്രഥമ സഹസ്രദിനങ്ങൾ എന്ന പദ്ധതി ഇപ്പോഴും നടത്തി വരുന്നു. ഗർഭകാലത്ത് അമ്മയ്ക്ക് ലഭിക്കുന്ന പോഷണം, ഗർഭാവസ്ഥ, ശിശുവിന്റെ ശരീര വികസനം, തലച്ചോറിന്റെ വികാസം എന്നിങ്ങനെയുള്ള മേഖലകൾക്ക് ഊന്നൽ നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) അങ്കണവാടികൾ വഴി നൽകുന്ന സേവനത്തിന്റെ ഗുണനിലവാരവും ഗുണഭോക്താക്കളുടെ എണ്ണവും നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. <u>പ്രീസ്കൂൾ കരിക്കുലം & തീം ചാർട്ട്</u>

ശിശുവിന് ലഭിക്കേണ്ട പഠനാനുഭവങ്ങൾ, ഉചിതമായ ചില വിഷയങ്ങൾ കേന്ദ്രീകരിച്ച് കുട്ടിക്ക് സുപരിചിതമായ ചുറ്റുപാടിന്റെയും അറിവിന്റെയും പരിധിക്കുള്ളിൽ നിന്നുകൊണ്ട് ആസൂത്രണം ചെയ്യുന്ന പ്രക്രിയയാണ് തീം രീതി. അനുഭവ പ്രവർത്തനങ്ങൾ സുഗമമായി ക്രമീകരിച്ച് നൽകാൻ അധ്യാപികയ്ക്ക് കഴിയുന്നു എന്നതാണിതിന്റെ മെച്ചം. കുട്ടിയുടെ പ്രായവും പ്രകൃതവും പരിഗണിച്ച് പ്രാദേശിക വഴക്കത്തോടെയാണ് തീം രീതിയിൽ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നത്.

2. <u>സോഷ്യൽ ഓഡിറ്റ്</u>

അങ്കണവാടികളിൽ നിക്ഷിപ്തമായിരിക്കുന്ന സേവനങ്ങൾ/ കർത്തവ്യങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ കണ്ടെത്തി വിവിധതലങ്ങളിലുള്ള ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും മുൻപിൽ അവതരിപ്പിക്കുകയും അവരുടെ നിർദ്ദേശങ്ങൾ കൂട്ടിചേർത്ത് അങ്കണവാടി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി അങ്കണവാടികളുടെ സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കി വരുന്നു.

3. <u>ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കറ്റ്</u>

സംസ്ഥാനത്ത് നിലവിലുള്ള 33115 അങ്കണവാടികളും ഭക്ഷ്യ സുരക്ഷാനിയമ പ്രകാരം രജിസ്റ്റർ ചെയ്ത് തനത് വർഷ സർട്ടിഫിക്കറ്റ് അങ്കണവാടികളിൽ പ്രദർശിപ്പിക്കുന്നുണ്ട്.

4. <u>അങ്കണവാടി ജീവനക്കാർക്ക് ആരോഗ്യ സർട്ടിഫിക്കറ്റ്</u>

0-6 വയസ്സുവരെയുള്ള കുട്ടികളുടെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന അങ്കണവാടി വർക്കർ/ഹെൽപ്പർ എന്നിവർ സർക്കാർ ഡോക്ടർമാരിൽ നിന്നും ആരോഗ്യം സംബന്ധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

5. <u>അങ്കണവാടി പ്രവേശനോത്സവം</u>

അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക, അങ്കണവാടികളിലൂടെ നൽകുന്ന സേവനങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ പ്രവേശനോത്സവത്തിലൂടെ സാധ്യമാകുന്നു.

6. <u>അങ്കണവാടി ഗ്രേഡിംഗ്</u>

അങ്കണവാടികളുടെ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അങ്കണവാടികളെ ഗ്രേഡ് ചെയ്യുന്നു.

7. <u>അങ്കണവാടി പ്രവർത്തകർക്കുള്ള പരിശീലനം</u>

2013-ലെ ദേശീയ Early Child Care and Education (ECCE) നയത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രീസ്കൂൾ പാഠ്യ പദ്ധതിയാണിത്. അങ്കണവാടികൾ മുഖേനയുള്ള ശിശുക്കൾക്ക് ലഭ്യമാക്കുന്നതിനായി അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പരിശീലനപരിപാടി നടത്തി വരുന്നു. 2018-19 വർഷത്തിൽ ഈ പദ്ധതിക്കായി 3.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

8. <u>ന്യൂട്രിമിക്സ് ഫോർട്ടിഫിക്കേഷൻ</u>

ആദ്യ 1000 ദിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി കുട്ടികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് വേണ്ടി പൈലറ്റടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽപ്പെട്ട 4 പഞ്ചായത്തുകളിൽ ടി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനായി 1.39 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് 33115 അങ്കണവാടികൾ പ്രവർത്തിച്ചു വരുന്നു. ആയതിൽ 22588 അങ്കണവാടികൾ സ്വന്തം കെട്ടിടത്തിലും 509 സ്കൂൾ കോമ്പൗണ്ട്, പഞ്ചായത്ത് കെട്ടിടങ്ങളിലും മറ്റു വാടക രഹിത കെട്ടിടങ്ങളിലും 6965 അങ്കണവാടികൾ വാടക കെട്ടിടങ്ങളിലും പ്രവർത്തിച്ചു വരുന്നു. വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന മുഴുവൻ അങ്കണവാടികൾക്കും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് വിവിധ പദ്ധതിയിലുൾപ്പെടുത്തി 3 വർഷം കൊണ്ട് എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി നിലവിൽ വകുപ്പുമുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

1. <u>സ്റ്റേറ്റ് പ്ലാൻ ഫണ്ട്.</u>

2012 മുതൽ 2017 വരെ 623 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയതിൽ 309 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 25,11,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

2. <u>മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS)</u>

2016-17 സാമ്പത്തിക വർഷം APIP പ്രകാരം 1000 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി. ആയതിൽ 920 അങ്കണവാടികൾക്ക് കേന്ദ്ര വിഹിതം അനുവദിച്ചിട്ടുണ്ട്.

720 അങ്കണവാടികൾക്ക് കേന്ദ്ര-സംസ്ഥാന വിഹിതമായ 14.40 കോടി രൂപ MGNREGS മിഷൻ ഡയറക്ടറുടെ TSB അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ആയതിൻപ്രകാരം 354 അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 38 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 1000 അങ്കണവാടി കെട്ടിടങ്ങൾക്കായി 20 കോടി രൂപ ബഡ്ജറ്റിൽ 4235-2-102-89 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

3. മാതൃകാ അങ്കണവാടി

കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു വികസന പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ 33115 അങ്കണവാടികൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഒരു നിയോജക മണ്ഡലത്തിൽ ഒരു അങ്കണവാടിയെ മാതൃക അങ്കണവാടിയായി ഉയർത്തി അവ കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും വയോജനങ്ങൾക്കുമുള്ള പരിപാലന കേന്ദ്രമായിക്കൂടി പ്രവർത്തിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവന ചെയ്ത പദ്ധതിയാണിത്. മാതൃകാ അങ്കണവാടികൾ കൂടുതൽ ശിശു സൗഹൃദമാക്കുന്നതിലേയ്ക്കായി മോഡൽ അങ്കണവാടി കെട്ടിടങ്ങളുടെ ജനലുകൾ എല്ലാം വായു സഞ്ചാരമുള്ളതാക്കാനും ജനലുകൾ എല്ലാം പുറം കാഴ്ചകൾ കാണുന്ന രീതിയിൽ വിഭാവന ചെയ്യാനും കൂടാതെ മോഡൽ അങ്കണവാടികളിൽ ഒരു കിച്ചൺ, ഗാർഡൻ, കളിസ്ഥലം എന്നിവ നിർമ്മിക്കുവാനും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

4. NABARD-RIDF

19-2-2014 ലെ സ.ഉ (സാധാ) സം.130/2014/സാനീവ പ്രകാരം 506 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ Cost of Project ₹40,98,60,000 (506 x 8,10,000) NABARD- RIDF ലോണായി 34,81,28,000 (506 x 6,88,000) രൂപ അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് വിഹിതമായി 1,22,000 രൂപ ഓരോ അങ്കണവാടിക്കും ഈ പദ്ധതി പ്രകാരം അനുവദിക്കുന്നതാണ്. LSGD ചീഫ് എഞ്ചിനീയറാണ് ഈ പദ്ധതിയുടെ കൺട്രോളിംഗ് ഓഫീസർ.

(ഡി) ഉണ്ട്. 2017-18 സാമ്പത്തിക വർഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 33115 അങ്കണവാടികളെയും രണ്ട് ഘട്ടമായി വകുപ്പുതല മാസ്റ്റർ ട്രെയിനർമാരുടെ സഹായത്തോടെ വാർഡ്തല സോഷ്യൽ ഓഡിറ്റ് ടീമിനെ പരിശീലിപ്പിച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുകയും പ്രസ്തുത സോഷ്യൽ ഓഡിറ്റിലൂടെ

കണ്ടെത്തിയ വിവരങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുകയും ചെയ്തു വരുന്നു. അങ്കണവാടികളിലൂടെ നൽകുന്ന സേവനങ്ങളെക്കുറിച്ച് ഗുണഭോക്താക്കളിലും പൊതുജനങ്ങളിലും അവബോധം സൃഷ്ടിക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക ഇടപെടലുകളിലൂടെ അങ്കണവാടികളുടെ പ്രവർത്തനത്തിൽ സുതാര്യതയും അക്കൗണ്ടബിലിറ്റിയും മെച്ചപ്പെടുത്തുക സമൂഹത്തിന്റെ ഇടപെടലുകളിലൂടെ അങ്കണവാടിയിലൂടെ നൽകുന്ന പ്രവർത്തനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക എന്നിവയാണ് അങ്കണവാടി സോഷ്യൽ ഓഡിറ്റിലൂടെ ലക്ഷ്യമിടുന്നത്. ആയത് 8 അംഗങ്ങൾ ഉൾപ്പെടുന്ന വാർഡ് തല സോഷ്യൽ ഓഡിറ്റ് ടീമംഗങ്ങൾ 19464 വാർഡുകളിലായി ആകെ 155712 പേർക്ക് പൂർണ്ണമായും ടി സേവനങ്ങൾ നേരിട്ട് മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

**അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ**

5 (*155) ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ജോയി :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം നാലായിരത്തിലേറെ പേർ വാഹനാപകടത്തിൽ മരണമടയുകയും നാല്പതിനായിരത്തിലധികം പേർക്ക് സാരമായി പരിക്കേൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ യഥാസമയം ചികിത്സ ലഭ്യമാക്കിയാൽ മരണ നിരക്ക് പകുതിയായെങ്കിലും കുറയ്ക്കാൻ കഴിയുമെന്നതിനാൽ അപകടത്തിൽപ്പെടുന്നവർക്ക് 48 മണിക്കൂർ അടിയന്തര ചികിത്സ സൗജന്യമായി നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടി എന്തെല്ലാമാണ്;

(ബി) റോഡപകടങ്ങളിൽപ്പെടുന്നവരെ സമയ നഷ്ടം ഇല്ലാതെ അപകട ചികിത്സാ സൗകര്യമുള്ള ആശുപത്രികളിൽ എത്തിക്കുന്നതിനുള്ള ആംബുലൻസ് നെറ്റ് വർക്ക് സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ&ബി) കേരളത്തിൽ റോഡപകടങ്ങളിൽ കഴിഞ്ഞ കുറേ കാലങ്ങളായി കൂടുതലാളുകൾ മരണത്തിനും ഗുരുതര ശാരീരിക വൈകല്യത്തിനും ഇടവരുന്ന റോഡ് അപകടങ്ങൾ വർദ്ധിച്ചുവരികയായിരുന്നു. എന്നാൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മുൻ വർഷങ്ങളിലേതിനേക്കാൾ അപകട മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും എല്ലാ നിയന്ത്രിത സംവിധാനങ്ങളേയും നിഷ്പ്രഭമാക്കി റോഡപകടങ്ങൾ തുടർക്കഥയാകുന്നത് ഒരു വലിയ വിപത്തായി കാണുകയും ഇക്കാര്യത്തിൽ ശാസ്ത്രീയ പരിശോധനകളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ 2-11-2017-ൽ ചേർന്ന യോഗത്തിൽ ബന്ധപ്പെട്ട എല്ലാവരുടെയും അഭിപ്രായം ആരായുകയും സുവ്യക്തങ്ങളായ തീരുമാനങ്ങളിൽ എത്തുകയും ഉണ്ടായി. ഈ സമിതി അപകടങ്ങളിൽപ്പെടുന്നവർക്ക് സർക്കാർ/സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനായി തീരുമാനം എടുത്തിരുന്നു.

റോഡപകടങ്ങളിൽപ്പെടുന്നവരുടെ ജീവൻ രക്ഷിക്കുവാനായി ആദ്യ മണിക്കൂറിൽ (Golden hour) അപകടത്തിൽപ്പെടുന്നവരെ അപകട സ്ഥലത്തുനിന്നും മതിയായ ചികിത്സാ സംവിധാനമുള്ള സർക്കാർ/സ്വകാര്യ ആശുപത്രികളിൽ എത്തിക്കുന്നതിന് കൃത്യമായ പരിശീലനം ലഭിച്ച ജീവനക്കാരും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ഗുണനിലവാരമുള്ള ആംബുലൻസുകളും കേന്ദ്രീകൃത സ്വഭാവത്തോടെ സർക്കാർ-സർക്കാരേതര ഏജൻസികളുമായി സഹകരിച്ച് ഒരു കോൾ സെന്റർ മുഖേന ജി.പി.എസ്. നിയന്ത്രിത ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു.

മേൽ പദ്ധതിയുടെ സമഗ്രവും വിജയകരവുമായ നടത്തിപ്പിന് സമഗ്ര ആക്സിഡന്റ് ഇൻഷ്വറൻസ് പ്രോഗ്രാം എന്ന രീതിയിൽ നൂതനമായ ഒരു പ്രോജക്റ്റ് വിഭാവന ചെയ്യുകയും ആയതിന്റെ നടത്തിപ്പ് സർക്കാർ സ്വകാര്യ ആശുപത്രികളും ഇൻഷ്വറൻസ് കമ്പനികളും റോഡ് സുരക്ഷാവിഭാഗവും കോർത്തിണക്കി ഫലവത്തായി നടപ്പിൽ വരുത്തുന്നതിന് താൽപ്പര്യമുള്ള ഇൻഷ്വറൻസ് കമ്പനിയോ, കമ്പനികളുടെ കൂട്ടായ്മയോ കണ്ടെത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ26-12-2017-ലെ സ.ഉ. (സാധാ) നമ്പർ 3648/2017/ആ.കു.വ. പ്രകാരം ചുമതലപ്പെടുത്തി. ഇതിലേക്കായി താൽപ്പര്യപത്രം ക്ഷണിച്ചുകൊണ്ടുള്ള പരസ്യം 13-1-2018-ന് ദേശീയ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകയും ഉണ്ടായി. മേൽപ്പറഞ്ഞ തീരുമാനപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പ്രസ്തുത കമ്പനികൾ സ്വകാര്യ ആശുപത്രികളുമായി റോഡപകടങ്ങളിലും മറ്റ് അപകടങ്ങളിലും പെടുന്നവരെ ചികിത്സിക്കുവാനായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്. അതിനായി ഒരു പ്രത്യേകം പദ്ധതി തയ്യാറാക്കുകയും സ്വകാര്യ ആശുപത്രികളുമായി വിലപേശി ചികിത്സയ്ക്ക് ചെലവാക്കിയ പണം മടക്കി നൽകുന്നതായി ഒരു പദ്ധതി തയ്യാറാക്കേണ്ടതുമാണ്. പ്രസ്തുത തുക രേഖകൾ പരിശോധിച്ച് നടപടിക്രമങ്ങൾക്കുശേഷം 21 ദിവസങ്ങൾക്കകം ആശുപത്രികൾക്ക് മടക്കി നൽകേണ്ടതാണ്. ഇതിനായി അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ ഇൻഷ്വർ ചെയ്ത് കമ്പനികളിൽ നിന്ന് തുക ഈടാക്കി അപകടത്തിൽപ്പെട്ട വ്യക്തിയുടെ ആശുപത്രി ചെലവുകൾ തീർക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ

അപകടത്തിൽപ്പെടുന്ന വാഹനത്തിന്റെ നിജസ്ഥിതി മനസ്സിലാക്കാൻ സാധിക്കാതെ വന്നാൽ സർക്കാർ ഫണ്ടിൽ നിന്നോ റോഡ് സേഫ്റ്റി അതോറിറ്റിയിൽ നിന്നോ നഷ്ടപരിഹാരത്തുക ഈടാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും സമഗ്ര ആക്സിഡന്റ് ഇൻഷ്വറൻസ് പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്നതുമാണ്. ഇതിന്റെ തുടർച്ചയായി 24-4-2018-ന് രാജ്യത്തെ സ്വകാര്യ പൊതുമേഖലാ ഇൻഷുറൻസ് കമ്പനി പ്രതിനിധികളെ വിളിച്ചുചേർത്ത് ഒരു ചർച്ച നടത്തുകയും പ്രസ്തുത ചർച്ചയിൽ പൊതുമേഖലാ സ്വകാര്യ മേഖലകളിലെ 11 കമ്പനികളുടെ പ്രതിനിധികൾ പങ്കെടുക്കുകയും ചെയ്തു. പ്രസ്തുത യോഗങ്ങളുടെയും ചർച്ചകളുടെയും തുടർനടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഏകോപിപ്പിച്ച് വരുന്നു.

**പോലീസ് സേനയുടെ ശാക്തീകരണം**

6 (*156) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവിരുദ്ധരെയും ഗുണ്ടകളെയും അമർച്ച ചെയ്യുന്നതിൽ പൊതുവേ പോലീസിന് വിജയിക്കാനായെങ്കിലും ഒറ്റപ്പെട്ട കേസ്സുകളിൽ പോലീസ് ഉദ്യോഗസ്ഥർ വേണ്ടത്ര ജാഗ്രത പുലർത്താതിരിക്കുകയോ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ അവർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ;

(ബി) പോലീസ് സേനയെ ശാക്തീകരിക്കുന്നതിനും പൊതു സ്ഥലങ്ങളിൽ സാന്നിദ്ധ്യം പ്രകടമാകുന്ന രീതിയിൽ വിന്യസിച്ച് സുരക്ഷയും സമാധാനവും ഉറപ്പുവരുത്തുന്നതിനും നടപടിയെടുക്കുമോ;

(സി) പോലീസ് സേനയ്ക്ക് അത്യാധുനിക ഉപകരണങ്ങളും വാഹനങ്ങളും നൽകിക്കൊണ്ടും ശാസ്ത്രീയ രീതിയിലുള്ള പരിശീലനം നൽകികൊണ്ടും സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) സംസ്ഥാനത്ത് ക്രമസമാധാന പാലനത്തിലും കേസ്സന്വേഷണത്തിലും പോലീസ് വളരെ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെ ദൈനംദിന ഡ്യൂട്ടികൾ, മറ്റ് പ്രവർത്തനങ്ങൾ എന്നിവയിലുണ്ടാകുന്ന പോരായ്മകൾ ഉടൻ തിരുത്തുകയും

കൃത്യനിർവ്വഹണത്തിലെ ജാഗ്രത കുറവോ വീഴ്ചയോ കണ്ടെത്തിയാൽ വകുപ്പുതല നടപടികൾ അടക്കമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിവരുന്നുണ്ട്.

(ബി) പൊതു സ്ഥലങ്ങളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനായി സ്റ്റേഷനുകളിലെ മൊബൈൽ പട്രോളിംഗ് ശക്തിപ്പെടുത്തിയും ബീറ്റുകൾ നടത്തിയും രാത്രികാല പട്രോളിംഗ് കാര്യക്ഷമമായി നടപ്പാക്കിയും ജനമൈത്രി പോലീസ്, വനിതാ സെൽ, ട്രാഫിക് പോലീസ് എന്നിവയുടെ സഹായത്തോടെ തിരക്കേറിയ സ്ഥലങ്ങൾ, സ്കൂൾ, മാർക്കറ്റ് എന്നിവിടങ്ങളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്തിയും പൊതുജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പോലീസ് സേനയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി സി.സി.ടി.എൻ.എസ്. ട്രെയിനിംഗ്, ഐ.എം.ജി. ട്രെയിനിംഗ്, ആയുധ പരിശീലനം, കാറ്റകിസം ക്ലാസ്സുകൾ, കേസ്സന്വേഷണം സംബന്ധിച്ച് ക്ലാസ്സുകൾ എന്നിവ നൽകിവരുന്നുണ്ട്.

(സി) പോലീസ് സേനയ്ക്ക് അത്യാധുനിക ഉപകരണങ്ങളും വാഹനങ്ങളും നൽകിക്കൊണ്ടും ശാസ്ത്രീയമായ പരിശീലനം നൽകിക്കൊണ്ടും സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ വിവിധ പദ്ധതികൾ കേരളാ പോലീസ് നടപ്പിലാക്കി വരുന്നു. ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനുമായി നിരവധി അത്യാധുനിക ഉപകരണങ്ങൾ കേരളാ പോലീസിനായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ശാസ്ത്രീയ കുറ്റാന്വേഷണത്തിന്റെ ഭാഗമായി ഫോറൻസിക് ഉപകരണങ്ങൾ ആയ Fourier Transform Infrared (FTIR), Spectrometer, Advanced Equipment for Document Examination, Digital Zoom Stereo Microscope തുടങ്ങിയവ FSL-ന് ലഭ്യമാക്കുകയുണ്ടായി. ശരീരത്തിൽ ധരിക്കാവുന്ന തരത്തിലുള്ള അത്യാധുനിക സാങ്കേതിക വിദ്യയിലുള്ള ക്യാമറകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ (CCTV), സ്പീഡ് റഡാർ (Speed Radar), വേഗത നിർണ്ണയ ക്യാമറകൾ (Speed Detection Camera), വെഹിക്കിൾ മൗണ്ട്സ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (Vehicle Mounted Global Positioning System) തുടങ്ങിയവ വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്. കുറ്റവാളികളെ ശാസ്ത്രീയമായി ചോദ്യം ചെയ്യുന്നതിലേയ്ക്കായി എല്ലാ ജില്ലാ ക്രൈം ബ്രാഞ്ചുകളിലും മോഡേൺ ഇന്ററോഗേഷൻ റൂം തയ്യാറായിട്ടുണ്ട്. പോലീസ് സേനയുടെ ആധുനികവൽക്കരണവും നവീകരണവും ശാക്തീകരണവും സർക്കാരിന്റെ പ്രഖ്യാപിത നയം ആണ്. 2016-17 സാമ്പത്തിക വർഷത്തിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ അനുവദിച്ചത് 53 കോടി രൂപയാണെങ്കിൽ 2018-19 സാമ്പത്തിക വർഷത്തിൽ ടി ധനസഹായം 166 കോടി രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

ടി തുകയിൽ 39 കോടി രൂപ വാഹനങ്ങൾ വാങ്ങുന്നതിന് വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജില്ലകളിൽ നിരീക്ഷണ സംവിധാനം ശക്തമാക്കുന്നതിനും കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനുമായി 2.8 കോടി രൂപയും ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് 4 കോടി രൂപയും, ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങളുടെ നിലവാരം ഉയർത്തുന്നതിന് 6 കോടി രൂപയും ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ സാങ്കേതിക വിദ്യ നടപ്പിൽ വരുത്തുന്നതിന് 7.5 കോടി രൂപയും പരിശീലന ഘടനാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 15 കോടി രൂപയും, പുതിയ പോലീസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് 14.4 കോടി രൂപയും പോലീസ് സ്റ്റേഷനുകളുടെ ഫോർട്ടിഫിക്കേഷന് 20 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

**ഉദ്യോഗസ്ഥർക്കും സംഘടനകൾക്കും എതിരെയുള്ള ആക്രമണം**

7 (*157) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർക്കും കുടുംബാംഗങ്ങൾക്കും എതിരെയുള്ള ആക്രമണത്തിനും രാഷ്ട്രീയ പാർട്ടികൾ, രജിസ്റ്റർ ചെയ്ത സാമൂഹ്യ സംഘടനകൾ എന്നിവയുടെ ഓഫീസുകൾക്കും വസ്തുവകകൾക്കും നാശനഷ്ടം വരുത്തുന്നതിനുമുള്ള ശിക്ഷ കൂടുതൽ കർശനമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഇന്ത്യൻ ശിക്ഷാ നിയമത്തിലും ക്രിമിനൽ നടപടി ചട്ടത്തിലും ഭേദഗതി കൊണ്ടുവരുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര അനുമതി തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : (എ&ബി) സർക്കാർ ഉദ്യോഗസ്ഥർക്കും കുടുംബാംഗങ്ങൾക്കും എതിരെയുള്ള ആക്രമണത്തിനും രാഷ്ട്രീയ പാർട്ടികൾ, രജിസ്റ്റർ ചെയ്ത സാമൂഹ്യ സംഘടനകൾ എന്നിവയുടെ ഓഫീസുകൾക്കും വസ്തുവകകൾക്കും നാശനഷ്ടം വരുത്തുന്നതിനുമുള്ള ശിക്ഷ കൂടുതൽ കർശനമാക്കുന്നതിലേയ്ക്കായി ഇന്ത്യൻ ശിക്ഷാനിയമം 1860-ലെയും ക്രിമിനൽ നടപടി നിയമസംഹിത 1973-ലെയും ബന്ധപ്പെട്ട വകുപ്പുകളിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ആയത് നിയമനിർമ്മാണ ഘട്ടത്തിലാണ്.

(സി) ഇല്ല.

## ആരോഗ്യമേഖലയിലെ സുസ്ഥിര വികസന ലക്ഷ്യം

8 (*158) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖല സംബന്ധിച്ച് ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യം വിശദമാക്കാമോ; ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ആരോഗ്യരംഗം അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ നേരിടുന്നതിന് നിശ്ചയിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഉയർന്ന തോതിലുള്ള ജീവിതശൈലി അസുഖ സാദ്ധ്യതയും വർദ്ധിച്ച ചികിത്സാ ചെലവുകളും പ്രധാന പ്രശ്നങ്ങളായതിനാൽ ഇത് നേരിടുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) വികസിത രാജ്യങ്ങളുടേതിന് സമാനമായ കുറഞ്ഞ മാതൃശിശു മരണ നിരക്ക് എന്ന നേട്ടം കൈവരിക്കാൻ കഴിഞ്ഞ സംസ്ഥാനമെന്ന നിലയിൽ ആരോഗ്യ മേഖലയിലെ സുസ്ഥിര വികസന ലക്ഷ്യം നേടാനായി നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ആരോഗ്യ മേഖല സംബന്ധിച്ച് ഐക്യരാഷ്ട്ര സംഘടന വിവിധ മേഖലകളിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഈ ലക്ഷ്യങ്ങളിലേയ്ക്ക് ഹ്രസ്വകാലത്തിലും ദീർഘകാലത്തിലും സംസ്ഥാനം കൈവരിക്കേണ്ട ലക്ഷ്യങ്ങളും അത് നേരിടുന്നതിൽ സംസ്ഥാന ആരോഗ്യരംഗം ഇപ്പോൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികളും ചർച്ചചെയ്യുന്നതിന് ഓരോ ലക്ഷ്യങ്ങൾക്കായി അതാത് രംഗത്തെ വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് പാനൽ തയ്യാറാക്കുകയും വിശദമായ ചർച്ചകൾക്കൊടുവിൽ ഓരോ പാനലും സംസ്ഥാനം കൈവരിക്കേണ്ട ലക്ഷ്യങ്ങളുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ജീവിതശൈലീരോഗ നിയന്ത്രണത്തിനായി രക്താദിസമ്മർദ്ദം, പ്രമേഹം, ഹൃദയാഘാതം, ശ്വാസകോശരോഗങ്ങൾ എന്നിവ കുറയ്ക്കുക എന്നതും ജനങ്ങളുടെ ഭക്ഷണക്രമം, വ്യായാമശീലം, ലഹരിയോടുള്ള ആസക്തി എന്നിവ ശാസ്ത്രീയമായ രീതിയിൽ ക്രമീകരിക്കുക എന്നതും ലക്ഷ്യമിടുന്നു. ക്യാൻസർ ചികിത്സാ രംഗത്ത് കൂടുതൽ ക്യാൻസർ ചികിത്സാകേന്ദ്രങ്ങളും ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങളും പൊതുജനങ്ങൾക്ക് കൂടുതൽ പ്രാപ്യമായ രീതിയിൽ സജ്ജീകരിച്ച് കൂടുതൽ ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും ഇതുസംബന്ധിച്ച പരിശീലനം നൽകി ജനങ്ങളുടെ അവബോധം വർദ്ധിപ്പിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

ദന്തൽ വിഭാഗവുമായി ബന്ധപ്പെട്ട് 2020-മാണ്ടോടെ കൈവരിക്കേണ്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ താഴെപ്പറയും പ്രകാരമാണ്:

1. 6 മുതൽ 12 വയസ്സുവരെയുള്ള കുട്ടികളിൽ ദന്തക്ഷയത്തിന്റെ ആധിക്യം 55%-ത്തിൽ നിന്നും 45% ആക്കി കുറയ്ക്കുക. ശരാശരി DMFT (D-decayed, M-Missing, F-Filled, T-Teeth) index 3-ലോ അതിൽ താഴെയോ കൊണ്ടുവരിക.

2. 35 മുതൽ 44 വയസ്സുവരെയുള്ളവരിൽ കാണുന്ന മോണ രോഗത്തിന്റെ ആധിക്യം 50%-ത്തിൽ നിന്ന് 40% ആക്കി കുറയ്ക്കുക.

   കേരളത്തിൽ കുഷ്ഠരോഗ നിർമ്മാർജ്ജന രംഗത്ത് സംസ്ഥാനം താഴെപ്പറയുന്ന കാര്യങ്ങൾ ലക്ഷ്യമിടുന്നു.

1. കുഷ്ഠരോഗത്തിന്റെ പ്രിവലൻസ് നിരക്ക് 0.2/10,000-ൽ നിന്നും 0.1/10,000-നും താഴെയായി കുറച്ചു കൊണ്ടുവരിക.

2. കുട്ടികളിലെ കുഷ്ഠരോഗത്തിന്റെ നിരക്ക് 1.17/10,00,000-ത്തിൽ നിന്ന് 0.6/10,00,000-ൽ താഴെയായി കുറച്ചുകൊണ്ടുവരിക.

3. കുട്ടികളിൽ കുഷ്ഠരോഗം മൂലമുള്ള അംഗവൈകല്യം 1.2/10,00,000-ത്തിൽ നിന്ന് 1/10,00,000-ൽ താഴെയായി കുറച്ചുകൊണ്ടുവരിക.

ഐക്യരാഷ്ട്ര സംഘടന 2030-ഓടുകൂടി കൈവരിക്കുന്നതിന് ലക്ഷ്യമിട്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ സംസ്ഥാനം കുഷ്ഠരോഗ നിർമ്മാർജ്ജന രംഗത്ത് 2020-ഓടുകൂടി കൈവരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചു വരികയും ഈ രോഗങ്ങളുടെ ചികിത്സാർത്ഥം ജനങ്ങളുടെ സാമ്പത്തികഭാരം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പ്രധാന കാരണം ചെലവേറിയ ചികിത്സാ രീതികളും ദൈർഘ്യമേറിയ ചികിത്സാ കാലയളവുമാണ്. ഇത് ജനങ്ങളിൽ ഏൽപ്പിച്ച സാമ്പത്തിക ഭാരം ലഘൂകരിക്കുന്നതിനും രോഗം നിയന്ത്രണവിധേയമാക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് "അമൃതം ആരോഗ്യം" എന്ന ജീവിത ശൈലീരോഗനിയന്ത്രണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തി രോഗം സ്ഥിരീകരിച്ചവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകിവരുന്നു. അനാരോഗ്യകരമായ ഭക്ഷണം,

വ്യായാമമില്ലായ്മ, പുകയില, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്കെതിരെയുള്ള ബോധവത്കരണം എന്നിവ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിനു പുറമേ ശ്വാസകോശ രോഗങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും ശ്വാസ് ക്ലിനിക്കുകൾ, മാനസിക രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള ആശ്വാസ് ക്ലിനിക്കുകൾ, നേത്രപടലാന്ധത കണ്ടെത്തുന്നതിനുള്ള ഡയബറ്റിക് റെറ്റിനോപതി ക്ലിനിക്കുകൾ, പുകയില നിയന്ത്രണ ക്ലിനിക്കുകൾ എന്നിവ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ച് ഇതിന്റെ ഫീൽഡ്തല പ്രവർത്തനങ്ങൾക്കായി ഫീൽഡ്തല ജീവനക്കാരെയും ആശാ വോളന്റിയർമാരെയും പരിശീലിപ്പിച്ചു വരുന്നു.

(സി) 2020-ഓടുകൂടി മാതൃമരണ നിരക്ക് 1 ലക്ഷം പ്രസവത്തിന് 30 ആയി കുറയ്ക്കുക 2030-ഓടുകൂടി മാതൃമരണ നിരക്ക് ലക്ഷം പ്രസവത്തിന് 20 ആയി കുറയ്ക്കുക ശിശു മരണ നിരക്ക് ആയിരം ജനനത്തിന് 8 ആയി കുറയ്ക്കുക എന്നിവ സംസ്ഥാനം ലക്ഷ്യമിടുന്നു. സാമ്പിൾ രജിസ്റ്റർ സിസ്റ്റം അനുസരിച്ച് ഏറ്റവും പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത് കേരളത്തിലെ മാതൃ മരണനിരക്ക് 46 ആയി കുറഞ്ഞുവെന്നതാണ്. ഇത് ഇന്ത്യയിലെ തന്നെ ഏറ്റവും കുറഞ്ഞ മാതൃമരണ നിരക്കാണ്. ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും, കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി, ഇൻഡ്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് എന്നിവരുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കിവരുന്നു.

## കോഴിക്കോട്ടും തിരുവനന്തപുരത്തും ലൈറ്റ് മെട്രോ

9 (*159) ഡോ. എം. കെ. മുനീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടും തിരുവനന്തപുരത്തും ലൈറ്റ് മെട്രോ നടപ്പാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സെക്രട്ടറിമാർ അടങ്ങുന്ന വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നോ;

(ബി) ഇവരുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പുതുക്കിയ വിശദ പഠന റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഈ പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : (എ) കേന്ദ്ര മെട്രോ നയത്തിന് അനുസൃതമായി പുതുക്കിയ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദ പദ്ധതി രേഖ (ഡി.പി.ആർ) പരിശോധിക്കാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഉള്ള സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സമിതിയുടെ പരിശോധന നടന്നുവരുന്നു. റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടില്ല.

(സി) സെക്രട്ടറിതല സമിതിയുടെ റിപ്പോർട്ട് ലഭ്യമായ ശേഷം ത്വരിതഗതിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കെവിൻ പി. ജോസഫിനെ തട്ടിക്കൊണ്ടുപോയ സംഭവം**

10 (*160) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാണാതാകുന്നവരെപ്പറ്റിയോ തട്ടിക്കൊണ്ടുപോകുന്നവരെപ്പറ്റിയോ പരാതി ലഭിച്ചാൽ അത് പ്രകാരം പോലീസ് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) തട്ടിക്കൊണ്ടുപോകുന്ന സംഭവങ്ങളിൽ വ്യക്തിയുടെയും സംഭവത്തിന്റെയും പ്രാധാന്യം നോക്കി എത്രയും വേഗം കേസെടുക്കണമെന്ന് മുൻ ഡി.ജി.പി. ജേക്കബ് പുന്നൂസിന്റെ ഉത്തരവ് നിലവിലുണ്ടോ;

(സി) കോട്ടയത്ത് കെവിൻ പി. ജോസഫ് എന്ന യുവാവിനെ തട്ടിക്കൊണ്ടുപോയെന്ന പരാതി കെവിന്റെ പിതാവ് 2018 മേയ് 27-ാം തീയതി രാവിലെ ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ നൽകിയിട്ടും അതിന്മേൽ നടപടി സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കേസിൽ സാമ്പത്തിക ഇടപാടുകൾ ഉണ്ടായെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഈ കേസിൽ പോലീസിന്റെ ഭാഗത്ത് ഗുരുതരവീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : (എ) കാണാതാകുന്നത് സംബന്ധിച്ചുള്ള വിവരം ലഭിച്ചാൽ കേരളാ പോലീസ് ആക്ട് 57-ാം വകുപ്പ് പ്രകാരവും തട്ടിക്കൊണ്ട് പോകൽ സംബന്ധിച്ചുള്ള വിവരം ലഭിച്ചാൽ കുറ്റത്തിന്റെ സ്വഭാവമനുസരിച്ച് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 363 മുതൽ 371 വരെയുള്ള വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കാണാതാകുന്നവരേയും തട്ടിക്കൊണ്ടു പോകുന്നവരേയും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേസ് റിപ്പോർട്ടായാൽ ഉടൻ തന്നെ വിവരം ബന്ധപ്പെട്ട ജില്ലാ പോലീസ് കൺട്രോൾ റൂമിലും പോലീസ് സർക്കിൾ ഇൻസ്പെക്ടർമാർ/സബ് ഡിവിഷണൽ പോലീസ് ഓഫീസർ, ജില്ലാ പോലീസ് മേധാവി എന്നിവരെ അറിയിക്കുന്നതുമാണ്. കാണാതായ ആളിന്റെ വിവരങ്ങൾ അടങ്ങിയ ക്രൈം മെമ്മോ തയ്യാറാക്കി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഉടനടി അയയ്ക്കുന്നതും, അതീവ ഗുരുതര കുറ്റകൃത്യം നടന്ന കേസ്സിന് നൽകുന്നതിനേക്കാൾ അധിക പ്രാധാന്യം ഇത്തരം കേസ്സുകൾക്ക് നൽകുന്നതുമാണ്. 15 ദിവസത്തിനകം കാണാതായ ആളെ കണ്ടുകിട്ടിയില്ലെങ്കിൽ അന്വേഷണം District Missing Person Tracing Unit (DMPTU)-ന് കൈമാറുന്നതുമാണ്. കൂടാതെ കാണാതാകുന്നവരെപ്പറ്റിയുള്ള വിവരങ്ങൾ അന്വേഷിക്കുന്നതിനായി സംസ്ഥാനത്ത് രണ്ട് മേഖലകളിലായി സ്റ്റേറ്റ് ലെവൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസ്സുകളെ സംബന്ധിച്ച് പ്രസ്തുത ടീമുകൾ മാസാവലോകനം, വീഡിയോ കോൺഫറൻസ് എന്നിവ നടത്തി അന്വേഷണപുരോഗതി വിലയിരുത്തിവരുന്നു.

(ബി) സർക്കുലർ നിലവിൽ ഉണ്ട്.

(സി) 27-5-2018-ന് 7.30 മണിക്ക് സ്റ്റേഷനിൽ എത്തി കെവിന്റെ പിതാവ് പരാതി പറഞ്ഞെങ്കിലും ഇക്കാര്യത്തിൽ യഥാവിധി നടപടി എടുത്തില്ല. ഇക്കാര്യത്തിന് എസ്.ഐ എം.എസ്.ഷിബു, എ.എസ്.ഐ.(ജി) സണ്ണിമോൻ, എ.എസ്.ഐ.(ജി) ബിജു.റ്റി.എം, സി.പി.ഒ. അജയകുമാർ എന്നീ പോലീസ് ഉദ്യോഗസ്ഥർക്ക് എതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(ഡി) പരിശോധിച്ചിട്ടുണ്ട്.

(ഇ) സംഭവത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുള്ളതായി പ്രഥമദൃഷ്ട്യാ വെളിവായിട്ടുള്ളതും ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. എം.എസ്.ഷിബു, ഗ്രേഡ്.എ.എസ്.ഐ. 6385 സണ്ണിമോൻ എന്നിവരെ സസ്പെൻഡ് ചെയ്തിട്ടുള്ളതും, നൈറ്റ് പട്രോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന ഗ്രേഡ് എ.എസ്.ഐ 5810 ബിജു.റ്റി.എം, സി.പി.ഒ. 7225 അജയകുമാർ എന്നിവരെ സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണ്.

## ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധനകൾ

11 (*161) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധനകൾ ശക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി കൂടുതൽ പട്രോളിംഗ് യൂണിറ്റുകൾ രൂപീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെയും സംവിധാനങ്ങളെയും പ്രയോജനപ്പെടുത്തി സംസ്ഥാന വ്യാപകമായി നിരന്തരം പരിശോധനകൾ നടത്തി വരുന്നു. പെട്രോൾ പമ്പുകളിലെ സാധാരണ പരിശോധനകൾക്ക് പുറമേ മിന്നൽ പരിശോധനകളും സ്പെഷ്യൽ ഡ്രൈവുകളും നടത്തിവരുന്നു. കൂടാതെ ഫ്ലൈയിംഗ് സ്ക്വാഡുകളുടെ പ്രത്യേക മിന്നൽ പരിശോധനകളും നടത്താറുണ്ട്. പെട്രോൾ പമ്പുകളുടെ ഡിസ്പെൻസിംഗ് യൂണിറ്റുകൾ എല്ലാ വർഷവും പരിശോധന നടത്തി സീൽ ചെയ്യാറുണ്ട്. കൂടാതെ എല്ലാ മാസവും ഇടവിട്ട ദിവസങ്ങളിൽ മിന്നൽ പരിശോധനകൾ നടത്താറുള്ളതും അളവിൽ വ്യത്യാസം കാണുന്ന യൂണിറ്റുകളിൽ കൂടിയുള്ള വിതരണം നിർത്തി വെയ്പ്പിക്കുകയും കൃത്യത ഉറപ്പ് വരുത്തിയശേഷം വിതരണം നടത്തുന്നതിന് അനുമതി നൽകുകയും ചെയ്യുന്നു. ഇവയ്ക്ക് പുറമെ പ്രത്യേക വ്യാപാര മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുന്നു. ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ ലീഗൽ മെട്രോളജി വകുപ്പിന്റെ ശക്തമായ നടപടികളിലൂടെ ഒറ്റ ദിവസംകൊണ്ട് 84 വ്യാപാരികൾക്കെതിരെ കേസെടുത്തു. ജൂവലറികൾ, ഷോപ്പിംഗ് മാളുകൾ, മാർജിൻഫ്രീ മാർക്കറ്റുകൾ, പച്ചക്കറി ചന്തകൾ, ഇറച്ചി-മത്സ്യ വ്യാപാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ തുടർച്ചയായി പരിശോധനകൾ നടത്തിവരുന്നു. വകുപ്പിന്റെ എല്ലാ വാഹനങ്ങളിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തി. ജി.പി.എസ്. സംവിധാനത്തിൽ ഉൾപ്പെടുത്തിയ സോഫ്റ്റ് വെയറിലൂടെ കോൾ സെന്ററിൽ ലഭിക്കുന്ന പരാതികൾക്ക് യഥാസമയം നടപടി സ്വീകരിക്കുന്നതിനായി പരാതിക്കാധാരമായ സ്ഥാപനം സ്ഥിതി ചെയ്യുന്നതിനടുത്ത് ലഭ്യമാകുന്ന വകുപ്പിന്റെ വാഹനം ട്രാക്ക് ചെയ്യുന്നതിനുള്ള സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി പരാതികൾക്ക് സത്വര നടപടി സ്വീകരിക്കുന്നതിന് സാധിക്കുന്നു. കൂടാതെ സുതാര്യം എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ ലഭ്യമാകുന്ന പരാതികൾ കൂടി ജി.പി.എസ് സംവിധാനത്തിൽ ഉൾപ്പെടുത്തി സോഫ്റ്റ് വെയറിൽ ഇന്റഗ്രേറ്റ് ചെയ്യുവാൻ സാധിക്കുന്നതിനാൽ വകുപ്പിൽ ലഭിക്കുന്ന പരാതികൾ ഒറ്റ ഡാറ്റാ ബേസിൽ ലഭ്യമാകുകയും അതുവഴി ഉപഭോക്തൃ ചൂഷണം തടയുന്നതിനായുള്ള നടപടികളുടെ മോണിറ്ററിംഗ് കൃത്യമായും നടത്തുവാനും സാധിക്കുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**പ്രവാസി മലയാളികളുടെ ക്ഷേമവും പുനരധിവാസവും**

12 (*162) ശ്രീ. എം. മുകേഷ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രവാസി മലയാളികളുടെ ക്ഷേമത്തിനും മടങ്ങി വരുവാൻ നിർബന്ധിതരാകുന്നവരുടെ പുനരധിവാസത്തിനുമായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രവാസികളുടെ സമ്പാദ്യം നിശ്ചല നിക്ഷേപമായി തീരാതെ നാടിന്റെ വികസനത്തിന് ചാലകശക്തിയാക്കാൻ പര്യാപ്തമായ വിധത്തിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പ്രവാസികൾക്കായുള്ള ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലേയ്ക്കായി പ്രവാസികളെക്കുറിച്ചുള്ള കൃത്യതയാർന്ന വിവരശേഖരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) പ്രവാസികളുടെ ക്ഷേമം, പുനരധിവാസം എന്നിവയ്ക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം
- വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം
- മാർക്കറ്റ് ഇന്റലിജൻസ്, റിക്രൂട്ട്മെന്റിന് മുമ്പും പിമ്പും നൽകുന്ന സേവനങ്ങൾ, തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം

- ലോക കേരള സഭ
- ആഗോള സാംസ്കാരികോൽസവം
- നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ
- സ്വപ്ന സാഫല്യം
- കാൾ സെന്റർ
- സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ
- ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബേയ്സ് രൂപീകരണവും
- എൻ.ആർ.കെ. ഐ.ഡി. കാർഡ്
- എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്
- റിക്രൂട്ട്മെന്റ്
- സാന്ത്വന പദ്ധതി
- കാരുണ്യം.

തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തിരികെയെത്തുന്ന പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുകയും അവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടി ക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി ആരംഭിച്ചതാണ് ഈ പദ്ധതി.

കൂടാതെ, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

- കുറഞ്ഞത് 2000 രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ
- കുടുംബ പെൻഷൻ
- മരണാനന്തര ധനസഹായം
- ചികിത്സാ ധനസഹായം
- വിവാഹ ധനസഹായം
- പ്രസവാനുകൂല്യം
- വിദ്യാഭ്യാസാനുകൂല്യം.

(ബി) ഉണ്ട്. പ്രവാസി മലയാളികളുടെ നിക്ഷേപം കേരളത്തിലെ സംരംഭക മേഖലകളിൽ കൊണ്ടുവരുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും ഇതിനുവേണ്ട പിന്തുണ നൽകുന്നതിനുമായി നോർക്ക വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (NBFC). നിക്ഷേപതൽപ്പരരായ പ്രവാസികൾക്ക് വിവിധ അനുമതികൾ നേടുന്നതിൽ ഒരു ഏകജാലക സംവിധാനമായി ഈ സെന്റർ പ്രവർത്തിക്കും. കുറഞ്ഞ ചെലവിലും നഷ്ടസാധ്യതകൾ വിലയിരുത്തിയും നിക്ഷേപങ്ങൾ നടത്തുവാൻ സെന്റർ സഹായകമാകും. നോർക്ക വകുപ്പിന്റെ പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള ബോധവത്കരണ പരിശീലന പരിപാടികളും ഈ സെന്ററിന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്.

(സി) പ്രവാസികൾക്കായുള്ള സർക്കാർ പദ്ധതി രൂപീകരണത്തിനുള്ള വിവിധ വിവരങ്ങൾ ലഭിക്കുന്നതിന് സമഗ്രമായ ഓൺ ലൈൻ ഡാറ്റാ ബേസ് തുടങ്ങുന്നതിനു നടപടി സ്വീകരിച്ചുവരുന്നു. ആകർഷകമായ രീതിയിൽ ഒരു ഇൻഷ്വറൻസും ഇതോടൊപ്പം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. മാത്രമല്ല, പ്രവാസികളെ കുറിച്ചുള്ള വിവര ശേഖരണത്തിനായി സർക്കാർ സ്ഥാപനമായ സി.ഡി.എസ്. മുഖേന മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡി നടത്തിവരുന്നു

**മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനുള്ള കർമ്മപരിപാടികൾ**

13 (*163) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനുള്ള കർമ്മപരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി അശുപത്രികളിൽ ക്വാളിറ്റി സ്റ്റാന്റേർഡ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതിനായി തെരഞ്ഞെടുത്തിട്ടുള്ള അശുപത്രികളിലെ ഡോക്ടർമാരും നഴ്സുമാരും ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാർക്കും ഇത് സംബന്ധിച്ച് പരിശീലനം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ഉണ്ട്. മാതൃ മരണ നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്നത് കേരളമാണ്. സാമ്പിൾ രജിസ്റ്റർ സിസ്റ്റം

അനുസരിച്ച് (SRS) ഏറ്റവും പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത് കേരളത്തിലെ മാതൃമരണ നിരക്ക് 46 ആയി കുറഞ്ഞുവെന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഗർഭിണികൾക്ക് കൃത്യമായ പൂർവ്വകാല പരിശോധന ഒ.പി.കളിൽ നടത്തുകയും ഗർഭിണികളിലെ പ്രമേഹം, രക്തസമ്മർദ്ദം, വിളർച്ച, അണുബാധ എന്നിവയ്ക്ക് കൃത്യമായ ചികിത്സ നൽകുകയും ചെയ്യുന്നു.

2. ലേബർ റൂമിൽ ഗർഭിണിയുടെയും ഗർഭസ്ഥ ശിശുവിന്റെയും ആരോഗ്യം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ നിരീക്ഷണവും NST മുതലായ ടെസ്റ്റുകളും നടത്തുന്നു.

3. പ്രസവ സമയത്തുണ്ടായേക്കാവുന്ന ഏത് അത്യാഹിത അവസ്ഥയേയും നേരിടാനുള്ള എല്ലാവിധ സജ്ജീകരണങ്ങളും ലേബർറൂമിലും എമർജൻസി ഓപ്പറേഷൻ തീയേറ്ററിലും ലഭ്യമാക്കിയിട്ടുണ്ട്.

4. പ്രസവാനന്തരം അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസ്ഥിതി നിരന്തരമായി നിരീക്ഷിക്കുകയും അപകട ലക്ഷണങ്ങൾ കണ്ടാൽ അടിയന്തരമായി വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ലേബർ റൂമിൽ നാലുമണിക്കൂറത്തെ നിരീക്ഷണത്തിന് ശേഷമാണ് ഓരോ അമ്മയെയും കുഞ്ഞിനെയും പ്രസവാനന്തര വാർഡിലേയ്ക്ക് മാറ്റുന്നത്.

5. ജനനശേഷം ഒട്ടും വൈകാതെ തന്നെ കുഞ്ഞിന് മുലപ്പാൽ നൽകാൻ ശ്രദ്ധിക്കുന്നു.

6. അമ്മമാരുടെ ICU ആയ MITU-വിൽ വെന്റിലേറ്ററുകൾ ജീവൻ രക്ഷാമരുന്നുകൾ എല്ലാം സജ്ജമാണ്.

7. ആശുപത്രികൾക്കുള്ളിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്കും പുറത്തു നിന്നു വരുന്ന കുഞ്ഞുങ്ങൾക്കുമായി രണ്ട് വെവ്വേറെ ICU-കൾ ഉണ്ട്. അവിടെ ലെവൽ 3 കെയർ നൽകുന്നു. നിരന്തര നിരീക്ഷണവും വെന്റിലേറ്റർ സൗകര്യവും ജീവൻരക്ഷാ മരുന്നുകളും എപ്പോഴും സജ്ജമാണ്.

8. നവജാതശിശുക്കളിലെ അണുബാധ നിയന്ത്രിക്കുന്നതിനായി ഇൻഫക്ഷൻ കൺട്രോൾ പ്രോട്ടോക്കോൾ, ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്നതിന് കർശനമായ പ്രോട്ടോക്കോൾ എന്നിവ പിൻതുടരുന്നു.

9. ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റ് ജീവനക്കാർക്കും നവജാതശിശു പരിചരണത്തെപ്പറ്റി ബോധവൽക്കരണ ക്ലാസ്സുകൾ NRP വർക്ക്ഷോപ്പ്, FBNC training മുതലായവ നിരന്തരമായി നടത്തി പോരുന്നു.

10. മാസം തികയാത്തതും തൂക്കക്കുറവുള്ളതുമായ നവജാതശിശുക്കളുടെ ചികിത്സയ്ക്കും പരിചരണത്തിനുമായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുപോരുന്നു.

11. എല്ലാ നവജാതശിശുക്കൾക്കും ജന്മനായുള്ള ഹൃദയവൈകല്യങ്ങൾ കണ്ടുപിടിക്കാനായി പൾസ് ഓക്സിമെട്രി സ്ക്രീനിംഗും ജനിതകരോഗനിർണ്ണയത്തിനായി ന്യൂ ബോൺ സ്ക്രീനിംഗ് വഴി രക്തപരിശോധനയും നടത്തുന്നു.

12. എല്ലാ നവജാതശിശുക്കൾക്കും NIS അനുസരിച്ചുള്ള വാക്സിനുകൾ നൽകുന്നതിനു പുറമേ pneumococal vaccine, rota virus vaccine മുതലായവ എടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി രക്ഷിതാക്കൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു.

13. കുട്ടികളുടെ ICU-വിൽ അത്യാധുനിക ഉപകരണങ്ങൾ, (വെന്റിലേറ്റർ, എക്കോമെഷീൻ) തുടങ്ങിയവ സജ്ജമാണ്. ചികിത്സയ്ക്കായി കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നു.

14. ബേസിക്ക് ലൈഫ് സപ്പോർട്ട്, അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് തുടങ്ങിയ പരിശീലനങ്ങൾ എല്ലാ സ്റ്റാഫുകൾക്കും കൃത്യമായ കാലയളവുകളിൽ നൽകി പോരുന്നു.

15. കേസ് ഓഡിറ്റുകൾ നടത്തി പോരായ്മകൾ കണ്ടുപിടിച്ച് അതു പരിഹരിക്കാറുണ്ട്.

16. 24 മണിക്കൂറും വിലകൂടിയ മരുന്നുകളും പരിശോധനകളും സൗജന്യമായി നൽകുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അണു നശീകരണത്തിനായി ഫ്യൂമിഗേഷൻ എന്ന പ്രക്രിയ നിശ്ചിത കാലയളവുകളിൽ ചെയ്യാറുണ്ട്.

17. ആന്റിബയോട്ടിക് പ്രോട്ടോക്കോൾ നിശ്ചിത കാലയളവിൽ അപ്ഡേറ്റ് ചെയ്യുന്നതും അതു കൃത്യമായി പാലിക്കുകയും ചെയ്യുന്നതുവഴി ആന്റിബയോട്ടിക് റെസിസ്റ്റൻസ് എന്ന പ്രതിഭാസത്തെ തടയാൻ ശ്രമിക്കുന്നു.

18. പകർച്ചവ്യാധികൾ തടയാനുള്ള ഒരു കമ്മിറ്റി ആശുപത്രികളിൽ രൂപീകരിച്ചിട്ടുണ്ട്. ഇവർ എല്ലാ സ്റ്റാഫിനും പരിശീലനം നൽകുന്നു.

19. മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങുന്നതിന് നടപടി സ്വീകരിച്ചു.

20. മാതൃമരണത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനും മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനുമായി മാതൃമരണ ഓഡിറ്റ് (Maternal Death Audit) കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.

21. ജെ.എസ്.വൈ, ജെ.എസ്.എസ്.കെ. എന്നീ പദ്ധതികൾ പ്രസവം നടക്കുന്ന ആശുപത്രികളിൽ നടപ്പിലാക്കി. ആശുപത്രി ജീവനക്കാർക്ക് പരിശീലനം നൽകി. ആശുപത്രികളിലെ അണുബാധ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(ബി) ഉണ്ട്. മാതൃമരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പ്, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം, കെ.എഫ്.ഒ.ജി (കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി) എന്നിവർ സംയുക്തമായി തയ്യാറാക്കിയ ക്വാളിറ്റി സ്റ്റാൻഡേർഡ്, പ്രസവം നടക്കുന്ന 40 ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു. ശിശുമരണ നിരക്ക് കുറയ്ക്കുന്ന പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യ ദൗത്യവും ഐ.എ.പി (ഇൻഡ്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്)-ന്റെ സഹായത്താൽ ഒരു ക്വാളിറ്റി സ്റ്റാന്റേർഡ് തയ്യാറാക്കി. ഇത് സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ലേബർ റൂമിലെ ക്വാളിറ്റി കൺട്രോളിന് വേണ്ടിയുള്ള ലക്ഷ്യ പദ്ധതി, പീഡിയാട്രിക് ഒ.പി.യുടെയും കാഷ്വാലിറ്റിയുടെയും ക്വാളിറ്റി എത്തുന്നതിനായുള്ള ഒ.പി. കാഷ്വാലിറ്റി ട്രാൻസ്ഫോർമേഷൻ മുതലായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ബേസിക് ലൈഫ് സപ്പോർട്ട്, അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് തുടങ്ങിയ പരിശീലനങ്ങൾ എല്ലാ സ്റ്റാഫുകൾക്കും കൃത്യമായ കാലയളവുകളിൽ നൽകിവരുന്നുണ്ട്. ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റ് ജീവനക്കാർക്കും നവജാതശിശു പരിചരണത്തെപ്പറ്റി ബോധവൽക്കരണ ക്ലാസ്സുകൾ, NRP വർക്ക് ഷോപ്പ്, FBNC training മുതലായവ നിരന്തരമായി നടത്തിപോരുന്നു. തിരുവനന്തപുരത്തെ KSIHFW (Kerala State Institute of Health and Family Welfare)-ൽ പ്രവർത്തിക്കുന്ന സ്കിൽ ലാബിൽ നഴ്സുമാർക്ക് പരിശീലനം നൽകിവരുന്നു. ഇതുകൂടാതെ ദക്ഷിത പ്രോഗ്രാമിന്റെ ഭാഗമായി നഴ്സുമാർക്ക് മേഖലാ അടിസ്ഥാനത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

**രാഷ്ട്രീയ കൊലപാതകങ്ങൾക്ക് കടിഞ്ഞാണിടുന്നതിന് നടപടി**

14 (*164) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒട്ടേറെ സമാധാന യോഗങ്ങൾക്ക് ശേഷവും കണ്ണൂരിൽ അക്രമ സംഭവങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും നടക്കുന്നത് ആഭ്യന്തര വകുപ്പിന്റെ വീഴ്ച മൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാഹിയിൽ സി. പി. എം. പ്രവർത്തകനും ആർ. എസ്. എസ്. പ്രവർത്തകനും ഒരേ ദിവസം കൊല്ലപ്പെട്ട സംഭവത്തിൽ ഗവർണർ ആശങ്ക പ്രകടിപ്പിക്കുകയും വിശദീകരണം ആരായുകയും ചെയ്തിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിന് മുമ്പ് ഏതൊക്കെ രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നപ്പോഴാണ് ഗവർണ്ണർ വിശദീകരണം ആരാഞ്ഞിരുന്നത്; പ്രസ്തുത വിശദീകരണങ്ങളിൽ സർക്കാർ ഭാഗത്ത് നിന്നും സ്വീകരിക്കാമെന്ന് ഉറപ്പ് നൽകിയ നടപടികളിൽ വീഴ്ച ഉണ്ടായത് കൊണ്ടാണോ കണ്ണൂരിൽ വീണ്ടും കൊലപാതകങ്ങൾ നടക്കുന്നതിനുള്ള സാഹചര്യമുണ്ടായത്;

(ഡി) സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ അടിക്കടി ഉണ്ടാകുന്നതിൽ കേന്ദ്രവും സംസ്ഥാനവും ഭരിക്കുന്ന പ്രമുഖ പാർട്ടികളുടെ അംഗങ്ങൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ പോലീസിന് നീതി നിർവ്വഹണം കാര്യക്ഷമമായും നിഷ്പക്ഷമായും കൈകാര്യം ചെയ്യുവാൻ പറ്റാത്ത സാഹചര്യം സംജാതമായിട്ടുണ്ടോ;

(ഇ) എങ്കിൽ സംസ്ഥാനത്ത് നിലനിൽക്കുന്ന ഭീതിജനകമായ അന്തരീക്ഷത്തിന് അറുതിവരുത്തുന്നതിനും രാഷ്ട്രീയ കൊലപാതകങ്ങൾക്ക് കടിഞ്ഞാണിടുന്നതിനും കർശന നടപടി കൈക്കൊള്ളുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബഹുമാനപ്പെട്ട ഗവർണർ സർക്കാരിനോട് വിശദീകരണം ആരാഞ്ഞിട്ടില്ല.

(ഡി) സംജാതമായിട്ടില്ല.

(ഇ) സംസ്ഥാനത്ത് ഭീതിജനകമായ അന്തരീക്ഷം നിലനിൽക്കുന്നില്ല. ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായ സന്ദർഭങ്ങൾക്ക് കടിഞ്ഞാണിടുന്നതിന് കർശന നടപടി സ്വീകരിച്ചിരുന്നു. അതോടൊപ്പം സംഘർഷ ബാധിത പ്രദേശങ്ങളിൽ പ്രത്യേക പോലീസ് നിരീക്ഷണവും, പട്രോളിംഗും ഏർപ്പെടുത്തുന്നു. പ്രാദേശിക തലത്തിലും ജില്ലാ തലത്തിലും സർവ്വ കക്ഷി സമാധാന യോഗം വിളിച്ചുചേർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്ത് രാഷ്ട്രീയ സംഘട്ടനങ്ങൾ വഷളാകാതെയും കലാപങ്ങളിലേയ്ക്കും കൊലപാതകങ്ങളിലേയ്ക്കും നയിക്കപ്പെടാതെയും തടയുന്നു. പ്രാദേശിക വൈരംമൂലം ഉണ്ടാകുന്ന കൊലപാതകങ്ങളിൽ എത്രയും വേഗം പോലീസ് നടപടികൾ ഉണ്ടാവുകയും കുറ്റവാളികളെ പിടികൂടി നിയമ നടപടികൾക്ക് വിധേയരാക്കുകയും ചെയ്യുന്നു.

## 2011-ലെ പോലീസ് നിയമത്തിന് അനുസൃതമായ ചട്ടങ്ങൾ

15 (*165) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ൽ നിലവിൽവന്ന പോലീസ് നിയമത്തിന് അനുസൃതമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സമിതി കരട് ചട്ടം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ആയത് അടിയന്തരമായി അംഗീകരിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) 2011-ൽ നിലവിൽ വന്ന പോലീസ് നിയമത്തിന് അനുസൃതമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) 5 അംഗങ്ങൾ ഉൾപ്പെട്ട ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നു.

(സി) സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച കരട് ചട്ടങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

## ജാതി ഭ്രാന്തിന്റെയും മതാന്ധതയുടെയും ഭീകരത

16 (*166) ശ്രീ. അൻവർ സാദത്ത് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജാതീയമായ ഉത്കർഷതാബോധം, ജാതി ഭ്രാന്തിന്റെയും മതാന്ധതയുടെയും ഭീകരത എന്നിവ വ്യക്തമാക്കുന്ന സംഭവങ്ങൾ സംസ്ഥാനത്ത് അരങ്ങേറുന്നത് എപ്രകാരമാണ് വിലയിരുത്തുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രായപൂർത്തിയായ സ്ത്രീ -പുരുഷന്മാർക്ക് സ്വന്തം ഇഷ്ടപ്രകാരം വിവാഹിതരാകുന്നതിന് ഭാരതത്തിലെ പരമോന്നത കോടതിയുടെ വിധി നിലവിലുള്ളപ്പോൾ കോട്ടയത്തെ കെവിനും നീനുവും രജിസ്റ്റർ വിവാഹിതരായതിന്റെ രേഖകൾ കാണിച്ചിട്ടും കെവിനോടൊപ്പം ജീവിക്കണമെന്ന് യുവതി ആവശ്യപ്പെട്ടിട്ടും അവർക്ക് നിയമ സംരക്ഷണം നൽകുന്നതിൽ ഗാന്ധിനഗർ പോലീസ് വീഴ്ചവരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) കെവിന്റെ ദുരഭിമാന കൊലയിൽ സംസ്ഥാന പോലീസിന് ഗുരുതരമായ വീഴ്ച സംഭവിച്ചു എന്നതിനാൽ ആഭ്യന്തര വകുപ്പിന് ഇതിന്റെ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ആയതിന് കാരണക്കാരായ പ്രതികളെ അറസ്റ്റ് ചെയ്ത് നിലവിലെ നിയമങ്ങൾ അനുസരിച്ച് കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഗാന്ധിനഗർ പോലീസിന് വീഴ്ച സംഭവിച്ചിട്ടുള്ളതായി പ്രഥമദൃഷ്ട്യാ വെളിവായിട്ടുണ്ട്.

(സി) ഏതാനും ചില ഉദ്യോഗസ്ഥർക്കുണ്ടായ തെറ്റ് സംസ്ഥാന പോലീസിന് ഒന്നാകെ സംഭവിച്ച വീഴ്ചയല്ല. ഈ കേസിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. കേസിൽ ഊർജ്ജിതമായ തുടരന്വേഷണം നടന്നുവരുന്നു. ഈ കാര്യത്തിലുള്ള സർക്കാർ നിലപാട് ഇതിലൂടെ വ്യക്തവുമാണ്.

**പകർച്ചപ്പനി വ്യാപിക്കാതിരിക്കാനുള്ള പ്രവർത്തനങ്ങൾ**

17 (*167) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലം ആരംഭിക്കുന്നതോടെ പടർന്ന് പിടിക്കാറുള്ള വിവിധ തരം പകർച്ചപ്പനി വ്യാപിക്കാതിരിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) രോഗാണുവാഹകരായ കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്നതിന് കാരണമായ സാഹചര്യങ്ങൾ ഇല്ലാതാക്കാൻ ജനകീയ

സഹകരണത്തോടെ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമായിരുന്നു; അവ എത്രമാത്രം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് വിലയിരുത്താറുണ്ടോ; ജലജന്യ രോഗങ്ങളുടെ വ്യാപനം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗം അറിയിക്കാമോ;

(സി) പനിബാധിതരുടെ ചികിത്സയ്ക്കും പനിമരുന്നുകളുടെ ആവശ്യാനുസരണമുള്ള വിതരണത്തിനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിനായി സർക്കാർ തലത്തിൽ ആരോഗ്യവകുപ്പിന്റെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും സഹകരണത്തോടെ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന "ആരോഗ്യ ജാഗ്രത"- പ്രതിദിനം പ്രതിരോധം - എന്ന കർമ്മ പരിപാടിക്ക് ജനുവരി ഒന്നിനു തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി ഓരോ ജില്ലകളിലേയും പ്രതിരോധ പ്രവർത്തനങ്ങളുടെ ചുമതല ഓരോ മന്ത്രിമാർക്ക് നൽകുകയുണ്ടായി. ഓരോ ജില്ലകളിലും ചുമതലപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ പ്രതിരോധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുകയും ചെയ്യുന്നു. സംസ്ഥാനതല അവലോകനയോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ രണ്ട് തവണ ചേരുകയുണ്ടായി.

ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തുവരുന്നു. വ്യക്തി ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡുതല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വ മാപ്പിംഗ് നടത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി., ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ

ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുകുനിരീക്ഷണവും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചു വരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിനുപുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് ചെയ്ത് വരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘു ലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് വിവിധ ദൃശ്യ, ശ്രവ്യ, പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തിവരുന്നു. ജനപങ്കാളിത്തത്തോടെയുള്ള ക്യാമ്പെയിനുകൾ ആരോഗ്യസന്ദേശ യാത്ര, ഡ്രൈഡേ ആചരണം, പകർച്ചവ്യാധികളുമായി ബന്ധപ്പെട്ട ദിനാചരണം, വാരാചരണം, മാസാചരണം, തുടങ്ങിയ ബോധവത്കരണ ശീലവത്കരണ പ്രവർത്തനങ്ങൾ പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്നു. കൊതുകുറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിനുപുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ്, പൊതുജനങ്ങൾക്ക് ആവശ്യമായ ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക കൂടാതെ താഴെത്തട്ടിൽ പ്രവർത്തിക്കുന്നവരെ വാർഡ്തല കർമ്മസേനയിൽ ഉൾപ്പെടുത്തി ജനപങ്കാളിത്തത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വാർഡ് തലത്തിലും പഞ്ചായത്ത് നഗരസഭാ തലത്തിലും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും സാമൂഹികാരോഗ്യകേന്ദ്രത്തിലും ജില്ലാ മെഡിക്കൽ ഓഫീസിലും സംസ്ഥാനതലത്തിലും നടത്തുന്ന പ്രതിവാര, പ്രതിമാസ യോഗങ്ങളിലും ഇത്തരം പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്.

ജലജന്യരോഗങ്ങൾ തടയുന്നതിനുവേണ്ടി ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ജലലഭ്യത കുറഞ്ഞ സ്ഥലങ്ങളിലും ഹൈ-റിസ്ക് ഏരിയകളിലും മറ്റ് സ്ഥലങ്ങളിലുമുള്ള പൊതുജല സ്രോതസ്സുകൾ കണ്ടുപിടിച്ച് ക്ലോറിനേഷൻ/സൂപ്പർ ക്ലോറിനേഷൻ തുടങ്ങിയവ നടത്തുകയുണ്ടായി. കോളറ രോഗം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ പ്രത്യേക ബോധവത്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചു. ഇതര സംസ്ഥാന തൊഴിലാളികൾക്ക് അവരുടെ ഭാഷയിൽ തന്നെ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ഐ.ഇ.സി. മെറ്റീരിയൽസ് വിതരണം ചെയ്യുകയും ആ ഏരിയകളിലുള്ള ജല സാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കുകയും കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും ചെയ്തു.

വയറിളക്ക പക്ഷാചരണത്തിന്റെ ഭാഗമായി ഒ.ആർ.എസ്./സിങ്ക് ഇവയുടെ സ്റ്റോക്ക് പരിശോധിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ഇവ വിതരണം ചെയ്യുകയും ചെയ്തു. ബോധവത്കരണത്തിന്റെ ഭാഗമായി ബാനർ, പാംലെറ്റ്സ്, നോട്ടീസുകൾ, വീഡിയോ ക്ലിപ്, സിനിമാ തീയേറ്റർ ക്ലിപ്പിംഗ്, റേഡിയോ മാധ്യമം വഴിയുള്ള ബോധവത്കരണം കൂടാതെ സ്കൂളുകളിൽ hand wash hygiene തുടങ്ങിയവയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനുള്ള പ്രതിജ്ഞ സ്കൂൾ അസംബ്ലികളിൽ നടത്താൻ നിർദ്ദേശിച്ചു.

ജെ.പി.എച്ച്.എൻ./ആശാ പ്രവർത്തകർ 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ ഗൃഹസന്ദർശനം നടത്തി വയറിളക്ക രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും വ്യക്തിശുചിത്വം, പരിസരശുചിത്വം, പോഷകാഹാരം, മുലയൂട്ടൽ എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കി കൊടുക്കുന്നതിനോടൊപ്പം ഒ.ആർ.എസ്./സിങ്ക് ഇവയുടെ ഉപയോഗം ഒ.ആർ.എസ്. ശരിയായ രീതിയിൽ തയ്യാറാക്കുന്ന വിധം, കൊടുക്കേണ്ട അളവ്, രീതി മുതലായ കാര്യങ്ങൾ അമ്മമാരെ ബോധ്യപ്പെടുത്തുന്നു. ഒ.ആർ.എസ് പാക്കറ്റ് അവിടെ നൽകുകയും ചെയ്യുന്നു. തിളപ്പിച്ചാറിയ വെള്ളം കുടിക്കുക, ആഹാര ശുചിത്വം പാലിക്കുക മുതലായ കാര്യങ്ങൾ മനസ്സിലാക്കി കൊടുത്തുവരുന്നു.

(സി) പനികളുടെ തീക്ഷ്ണത ആരംഭിക്കുന്നതിന് മുമ്പ് തന്നെ സി.എച്ച്.സി. മുതലുള്ള എല്ലാ ആശുപത്രികളിലും പനി ക്ലിനിക്കുകൾ, പനി വാർഡുകൾ ഡെങ്കി കോർണർ, ഒ.ആർ.എസ്./സിങ്ക് കോർണർ എന്നിവ സ്ഥാപിക്കുകയും പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും വേണ്ടുന്ന നിർദ്ദേശങ്ങൾ എല്ലാ സ്ഥാപനങ്ങളിലും ജില്ലാ മെഡിക്കൽ ഓഫീസർവഴി നൽകിയിട്ടുണ്ട്. ആയത് പ്രവർത്തന സജ്ജമാണെന്നുള്ളതിന് നിരീക്ഷണവും മേൽനോട്ടവും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ പ്രോഗ്രാം ഓഫീസർമാർ വഴി നടത്തിക്കൊണ്ടിരിക്കുന്നു. കൂടാതെ എല്ലാ സ്ഥാപനങ്ങളിലും പനിക്കാലത്തേയ്ക്കാവശ്യമായ എല്ലാ വിധ മരുന്നുകളുടെയും മറ്റ് സാധന സാമഗ്രികളുടെയും ലഭ്യത കെ.എം.എസ്.സി.എൽ. വഴി

ഉറപ്പുവരുത്തിയിട്ടുണ്ട്. പനി ബാധിതരുടെ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള ഐ.ഇ.സി.ബി.സി.സി. പ്രവർത്തനങ്ങൾ മാസ് മീഡിയ വിംഗിന്റെ നേതൃത്വത്തിൽ ചെയ്തുവരികയും ചെയ്യുന്നു.

## പരിസ്ഥിതി സംബന്ധിച്ച ധവള പത്രം

18 (T*168 ) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എൻ . എ. നെല്ലിക്കുന്ന് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംബന്ധിച്ച് സർക്കാർ അംഗീകരിച്ച ധവളപത്രപ്രകാരം സംസ്ഥാനത്തെ കിണറുകൾ, കായലുകൾ, മറ്റ് ജലാശയങ്ങൾ എന്നിവ എത്ര ശതമാനത്തോളം മലിനമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) ഭൂഗർഭ ജലവിതാനത്തിൽ കുറവും ഗുണനിലവാര തകർച്ചയും ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ ഇവ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) (എ) പരിസ്ഥിതിയുടെ സവിശേഷതകളും അവയ്ക്ക് ഇപ്പോൾ സംഭവിച്ചിരിക്കുന്ന ആഘാതങ്ങളും മനസ്സിലാക്കുന്നതിനും പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനങ്ങൾ ഏതൊക്കെ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട് എന്ന കാര്യം ചർച്ചയ്ക്ക് ക്രോഡീകരിക്കുന്നതിനുമായാണ് പരിസ്ഥിതി ധവളപത്രം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. പരിസ്ഥിതിയുടെയും പ്രകൃതിവിഭവങ്ങളുടെയും മേലുള്ള കയ്യേറ്റം ജലസ്രോതസ്സുകളുടെ ശോഷണത്തിനും മലിനീകരണത്തിനും കാരണമായിട്ടുണ്ട്. എന്നാൽ അവ എത്ര ശതമാനത്തോളം മലിനപ്പെട്ടിട്ടുണ്ടെന്നുള്ള കാര്യം കണക്കാക്കപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ (2015, 2016) സംസ്ഥാനത്ത് ലഭ്യമായ വാർഷിക മഴയുടെ തോത് സംസ്ഥാന ശരാശരിയേക്കാൾ (3000 മി.മീ.) കുറവായതും ഭൂവിനിയോഗത്തിൽ വന്ന മാറ്റങ്ങൾ ഭൂജല സംപോഷണ പ്രക്രിയയെ ബാധിക്കുന്നതും ഭൂജലവ്യതിയാനത്തിന് കാരണമാകുന്നു. ഇതു കൂടാതെ പ്രാദേശിക തലത്തിൽ ജലഭൃതങ്ങളുടെ (ഘനം/thickness) ഏറ്റക്കുറച്ചിലുകളും, പാറയുടെ ആധിക്യം കൂടുതലുള്ള പ്രദേശങ്ങളിലും വേനൽക്കാലങ്ങളിൽ ജലലഭ്യതയ്ക്ക് കുറവ്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉണ്ടാകാം. ഭൂജല സംരക്ഷണവും കൃത്രിമഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ കൃത്രിമഭൂജല സംപോഷണ പദ്ധതികൾ (അടിയണകൾ, തടയണകൾ, തുറന്ന കിണർ റീചാർജ്ജിംഗ് എന്നിവ) നടപ്പിലാക്കി ഭൂജലവിതാനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജലഗുണനിലവാരം, വിനിയോഗം എന്നിവയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സുകൾ ജില്ലകളിൽ ഭൂഗർഭജല സംരക്ഷണത്തിനായി സംഘടിപ്പിച്ച് വരുന്നു. കൃത്രിമ ഭൂജലസംപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കി ഭൂജലത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് വേണ്ടിയുള്ള നടപടികൾ 'ഭൂജലസംരക്ഷണവും കൃത്രിമഭൂജല സംപോഷണവും' പദ്ധതിയിൽ നടപ്പിലാക്കി വരുന്നു. ഹരിതകേരളം പദ്ധതി പ്രകൃതി സംരക്ഷണം ലക്ഷ്യമിട്ടിട്ടുള്ളതാണ്.

**അർബുദ ചികിത്സാ രംഗത്ത് ആർ.സി.സി. നടത്തുന്ന പ്രവർത്തനങ്ങൾ**

19 (*169) ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബുദ ചികിത്സാ രംഗത്ത് ആർ.സി.സി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; അർബുദ രോഗികളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് ആധുനിക ചികിത്സാ സൗകര്യം വിപുലീകരിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) ലോകോത്തര ചികിത്സാ സംവിധാനമുള്ള റിജിയണൽ ക്യാൻസർ സെന്ററിനെ സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി വികസിപ്പിക്കാൻ സർക്കാർ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(സി) നിക്ഷിപ്ത താൽപര്യക്കാർ ചില മാധ്യമങ്ങളുടെ സഹായത്തോടെ ആർ.സി.സി.-ക്കെതിരെ നടത്തുന്ന ദുഷ്പ്രചരണത്തിന്റെ പശ്ചാത്തലത്തിൽ സ്ഥാപനത്തിന്റെ യശസ്സ് ഉയർത്തുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) അർബുദ ചികിത്സാ രംഗത്ത് സംസ്ഥാനത്തിന് അഭിമാനിക്കാവുന്ന സ്ഥാപനമാണ് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ. കാൻസർ രോഗ ചികിത്സയും പ്രതിരോധവും ഗവേഷണവും മാത്രമല്ല സംസ്ഥാനത്ത് കാൻസർ ചികിത്സ നയരൂപീകരണത്തിനും നേതൃത്വം വഹിക്കുന്ന സ്ഥാപനമാണ് റീജിയണൽ കാൻസർ സെന്റർ.

<u>അർബുദ ചികിത്സാ രംഗത്ത് ആർ.സി.സി. നടത്തുന്ന പ്രവർത്തനങ്ങൾ</u>

1. ലോകോത്തര നിലവാരത്തിലുള്ള രോഗ നിർണ്ണയവും ചികിത്സയും നൽകുന്നു.

2. കാൻസർ രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിനും കാൻസർ നിയന്ത്രണത്തിനുമായി ആർ.സി.സി.-യുടേയും ആർ.സി.സി.-യുടെ ഉപകേന്ദ്രങ്ങളുടെയും ആഭിമുഖ്യത്തിൽ കാൻസർ മുൻകൂർ നിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു.

3. സന്നദ്ധ സംഘടനകളുടെയും പൊതു സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ അർബുദബോധനയജ്ഞം, മുൻകൂർ കാൻസർ നിർണ്ണയ പദ്ധതി, പൊതു മാധ്യമങ്ങളിലൂടെയുള്ള ബോധന പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

4. ആരോഗ്യ മേഖലയിലെ നഴ്സുമാർക്കും ഡോക്ടർമാർക്കും മുൻകൂർ കാൻസർ നിർണ്ണയത്തിനും നിയന്ത്രണത്തിനുമുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.

5. അക്കാഡമിക് നിലവാരം വർദ്ധിപ്പിക്കുന്നതിനായി സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ, ഗവേഷണ പ്രോജക്ടുകൾ എന്നിവ നടത്തുന്നു.

6. കാൻസർ ചികിത്സയിൽ മൾട്ടി ഡിസിപ്ലിനറി ക്ലിനിക്കുകൾ ഏർപ്പെടുത്തി ആർ.സി.സി.-യിലെ വിവിധ സ്പെഷ്യാലിറ്റികളിലുള്ള ഡോക്ടർമാരുടെ സംയോജിത സേവനം ലഭ്യമാക്കി ചികിത്സയുടെ ഗുണനിലവാരം മെച്ചപ്പെടുത്തി.

അർബുദ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് കേരളത്തിൽ കാൻസർ ചികിത്സയ്ക്കായി 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ മിനി കാൻസർ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിനായി മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പാതോളജി എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും 105 തസ്തികകൾ അധികമായി അനുവദിച്ചിട്ടുണ്ട്. കാൻസർ ചികിത്സയ്ക്കാവശ്യമായ ഉപകരണങ്ങളായ ലീനിയർ ആസിലറേറ്റർ, കൊബാൾട്ട് മെഷ്യൻ, സി.ടി. സിമുലേറ്റർ എന്നിവ വാങ്ങാനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രധാനപ്പെട്ട 5 സർക്കാർ മെഡിക്കൽ കോളേജിൽ എല്ലാം തന്നെ അർബുദം പ്രാരംഭ ഘട്ടത്തിൽ കണ്ടുപിടിക്കുന്നതിനുള്ള മാമോഗ്രാഫി, എക്സ്റേ, സ്കാൻ തുടങ്ങിയ സംവിധാനങ്ങളും പാപ് സ്മിയർ പരിശോധന മുതലായവയും ലഭ്യമാണ്.

(ബി) റീജിയണൽ കാൻസർ സെന്ററിനെ സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിന്റെ ഭാഗമായി 104.15 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകുകയുണ്ടായി. പദ്ധതിയുടെ ആദ്യഘട്ടത്തിലേയ്ക്കായി കേന്ദ്ര സർക്കാർ വിഹിതമായി 46.957 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 31.31 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാംഘട്ടത്തിലേയ്ക്കായി സംസ്ഥാന സർക്കാർ 10.56 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഒന്നാം ഘട്ടത്തിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തികരിക്കുന്നതിനുള്ള കാലതാമസവും ആർ.സി.സി.-യി ലെ കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള കാലതാമസവുമാണ് തുക ചെലവഴിച്ച് തീർക്കാൻ കഴിയാത്തതിന് കാരണം. പദ്ധതി പ്രകാരമുള്ള തുക ചെലവഴിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഈ തുക ചെലവഴിച്ച കഴിഞ്ഞാൽ കേന്ദ്ര വിഹിതം ലഭ്യമാകുന്നതും ഇതിന് ആനുപാതികമായി സംസ്ഥാന സർക്കാർ അനുവദിച്ച തുക ചെലവാക്കാൻ കഴിയുന്നതുമാണ്.

(സി) ആർ.സി.സി.-ക്കെതിരെ ചില വാർത്തകൾ പത്രത്തിലും ദൃശ്യ മാധ്യമങ്ങളിലും പ്രത്യക്ഷപ്പെട്ടുവെങ്കിലും ഇവയൊന്നും ആർ.സി.സി.-യുടെ യശസ്സിനെ ബാധിച്ചിട്ടില്ല.

**ഇ-പോസ് യന്ത്രങ്ങൾ മുഖേന റേഷൻ സാധനങ്ങളുടെ വെട്ടിപ്പ്**

20 (*170) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പോസ് യന്ത്രങ്ങളിൽ വൺ ടൈം പാസ് വേഡ് ഉപയോഗിച്ച് റേഷൻ സാധനങ്ങളുടെ വെട്ടിപ്പ് നടത്തുന്നതായ വാർത്തയുടെ നിജസ്ഥിതി പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) അർഹതപ്പെട്ടവർക്ക് തന്നെയാണോ റേഷൻ സാധനങ്ങൾ ലഭിച്ചത് എന്നുറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) ആധാർ സീഡ് ചെയ്തിട്ടില്ലെങ്കിലോ ആധാർ പരാജയപ്പെടുകയാണെങ്കിലോ ഇ-പോസ് മെഷീനുകളിൽ വൺ ടൈം പാസ്‌വേർഡ് ഉപയോഗിച്ച് ആതന്റിക്കേറ്റ് ചെയ്യാൻ സാധിക്കും. എന്നാൽ മൊബൈൽ നമ്പർ ലഭ്യമാക്കിയിട്ടില്ല എങ്കിലോ മൊബൈൽ റേഷൻ കടയിൽ കൊണ്ടുവരാത്ത അവസരത്തിലോ OTP (One Time Password) ലഭ്യമാകാത്തതിനാൽ ആതന്റിക്കേഷൻ ഇല്ലാതെ റേഷൻ വിതരണം നടത്തുന്നതിന് സാധിക്കും. ഒരാൾക്കും റേഷൻ നിഷേധിക്കപ്പെടരുത് എന്ന സദുദ്ദേശ്യത്തോടെയാണ് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ സംവിധാനം ദുരുപയോഗപ്പെടുത്തി റേഷൻ സാധനങ്ങൾ തിരിമറി നടത്തുന്നതായി ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആതന്റിക്കേഷൻ ഇല്ലാത്ത ട്രാൻസാക്ഷനുകൾ കൂടുതലായി നടത്തുന്ന റേഷൻ കടകളിൽ പരിശോധന നടത്തി ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വ്യക്തി അറിയാതെ ആധാർ ആതന്റിക്കേഷൻ നടത്തി എന്ന പരാതികളിന്മേലും അന്വേഷിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇ-പോസ് മെഷീൻ സ്വിച്ച് ഓൺ ചെയ്ത ശേഷം റേഷൻ വ്യാപാരിയോ സെയിൽസ്മാനോ ലോഗിൻ ചെയ്യേണ്ടതുണ്ട്. ആധാർ ആതന്റിക്കേഷൻ മുഖേനയോ ആതന്റിക്കേഷൻ പരാജയപ്പെടുകയാണെങ്കിൽ പാസ്‌വേർഡ് വഴിയോ ലോഗിൻ ചെയ്യാവുന്നതാണ്. ഇ-പോസ് മെഷീനിൽ ഉപഭോക്താവിന്റെ റേഷൻ കാർഡ് നമ്പർ നൽകുമ്പോൾ കാർഡംഗങ്ങളുടെ പേരുവിവരങ്ങൾ പ്രദർശിപ്പിക്കും. ഇതിൽ നിന്ന് റേഷൻ സാധനങ്ങൾ വാങ്ങാൻ വരുന്ന കാർഡംഗത്തിനെ തെരഞ്ഞെടുത്ത് ഫിംഗർ പ്രിന്റ് രേഖപ്പെടുത്തി ആതന്റിക്കേഷൻ നടത്തി യഥാർത്ഥ ഉപഭോക്താവിനു തന്നെയാണ് റേഷൻ സാധനങ്ങൾ ലഭിക്കുന്നത് എന്നുറപ്പുവരുത്താൻ സാധിക്കും. ആധാർ ആതന്റിക്കേഷൻ പരാജയപ്പെടുകയാണെങ്കിൽ റേഷൻ കാർഡ് ഡാറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേക്ക് OTP (One Time Password) അയയ്ക്കുകയും ആയത് വഴി ആതന്റിക്കേറ്റ് ചെയ്യുകയും ചെയ്യാം. മൊബൈൽ ലഭ്യമല്ലെങ്കിൽ ആതന്റിക്കേറ്റ് ചെയ്യാതെ തന്നെ റേഷൻ വിതരണം നടത്താൻ സാധിക്കും. ഉപഭോക്താവിന് തന്മാസം ലഭിക്കാനുള്ള റേഷൻ സാധനങ്ങളുടെ വിഹിതം, തന്മാസം കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വിവരം, ഇനി അവശേഷിക്കുന്നത്, വില തുടങ്ങിയവ ഇ-പോസ് മെഷീനിൽ പ്രദർശിപ്പിക്കും. കൂടാതെ ശബ്ദരൂപത്തിലും വിവരങ്ങൾ അറിയാൻ സാധിക്കും. ബിൽ പ്രിന്റ് ചെയ്തു ലഭിക്കും. ഓരോ ട്രാൻസാക്ഷൻ വിവരങ്ങളും തത്സമയം തന്നെ സിവിൽ സപ്ലൈസ് വകുപ്പിന്റെ പോർട്ടലിൽ പ്രദർശിപ്പിക്കുകയും ചെയ്യും.

നിലവിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ് ഉപയോഗിച്ചു വരുന്നത്. നെറ്റ്‌വർക്ക് ലഭ്യമാണെങ്കിൽ മാത്രമേ ട്രാൻസാക്ഷനുകൾ നടത്താൻ സാധിക്കുകയുള്ളൂ. നെറ്റ്‌വർക്കിനായി ഇപ്പോൾ രണ്ടു മൊബൈൽ സിം കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്.

**പ്രൈസ് മോണിറ്ററിംഗ് സെൽ**

21 (*171) ശ്രീ. പി. വി. അൻവർ :
ശ്രീ. ബി. സത്യൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ;

(ബി) വിപണി പിടിച്ചുനിർത്തുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രൈസ് മോണിറ്ററിംഗ് സെൽ നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സെല്ലിന്റെ ഘടന എപ്രകാരമാണെന്ന് വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) ഉണ്ട്.

(ബി) പൊതുവിപണിയിലെ വിലനിലവാരം നിരീക്ഷിക്കുക, വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കേരഫെഡ്, ഹോർട്ടികോർപ്പ് മുതലായവയ്ക്ക് നിർദ്ദേശം നൽകുക, വിലക്കയറ്റം തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് ഉപദേശം നൽകുക തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രൈസ് മോണിറ്ററിംഗ് സെൽ നടത്തുന്നത്.

(സി) ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി ചെയർമാനായും സിവിൽ സപ്ലൈസ് ഡയറക്ടർ കൺവീനറായും പ്രവർത്തിച്ചു വരുന്ന പ്രൈസ് മോണിറ്ററിംഗ് സെല്ലിൽ താഴെപ്പറയുന്നവർ അംഗങ്ങളാണ്.

ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്; ജോയിന്റ് കൺട്രോളർ, ലീഗൽ മെട്രോളജി; കൺട്രോളർ ഓഫ് റേഷനിംഗ്, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്; സ്റ്റേറ്റ് സെക്രട്ടറി, അഗ്രികൾച്ചർ സ്പൈസസ് ബോർഡ്; ഡയറക്ടർ (വി.എഫ്.പി.സി.കെ); ടെക്നിക്കൽ ഡയറക്ടർ (എൻ.ഐ.സി); സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്; അഡീഷണൽ ഡയറക്ടർ, പ്രൈസസ്, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്; റിസർച്ച്

ഓഫീസർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്.; അഡീഷണൽ ഡയറക്ടർ, മാർക്കറ്റിംഗ്, കൃഷി വകുപ്പ്; ജനറൽ മാനേജർ, ഹോർട്ടികോർപ്പ്; മാനേജർ (പർച്ചേസ്) സപ്ലൈകോ; മാനേജർ, ഇ-ഗവേണൻസ്, ഐ.ടി മിഷൻ; അസിസ്റ്റന്റ് ഡയറക്ടർ, WTO Cell.

**കെ-ഫോൺ പദ്ധതി**

22 (*172) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കെ-ഫോൺ പദ്ധതിപ്രകാരം എന്തൊക്കെ സേവനങ്ങളാണ് പൊതുജനങ്ങൾക്ക് നല്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനെപ്പറ്റിയും സാമ്പത്തിക സ്രോതസ്സിനെപ്പറ്റിയുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ പദ്ധതി നടപ്പിൽ വരുന്നതോടെ സംസ്ഥാനത്തെ വിവരസാങ്കേതിക രംഗത്ത് എന്തൊക്കെ മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതിക്ക് സാങ്കേതിക സഹായം ലഭ്യമാക്കാൻ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് ചുമതല നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അന്താരാഷ്ട്രതലത്തിൽ പ്രവർത്തിക്കുന്ന വിവരസാങ്കേതിക പ്രവർത്തകരുടെ സേവനം ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : (എ) കെ-ഫോൺ പദ്ധതി പ്രകാരം സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും അതിവേഗ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ സംസ്ഥാനത്തെ 30,000-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാവുന്നതും പ്രസ്തുത പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യങ്ങളിലൊന്നാണ്.

(ബി) നിലവിൽ സംസ്ഥാന ഐ.ടി. വകുപ്പിന് കീഴിലുള്ള കമ്പനിയായ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.)-നെയാണ്

പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരിക്കുന്നത്. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റേയും (കെ.എസ്.ഐ.ടി.ഐ.എൽ.) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റേയും (കെ.എസ്.ഇ.ബി.) സംസ്ഥാന സർക്കാരിന്റേയും പങ്കാളിത്തത്തോടെ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് ലിമിറ്റഡ് ' എന്ന പേരിൽ ഒരു പുതിയ ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പുതിയ ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിക്കുന്നതുവരെ കെ.എസ്.ഐ.ടി.ഐ.എൽ. നായിരിക്കും പദ്ധതിയുടെ നിർവ്വഹണ ചുമതല. ഈ പദ്ധതിക്ക് 1028 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി നടത്തിപ്പിന് 823 കോടി രൂപയ്ക്ക് KIIFB-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻ വകുപ്പിന്റെ USOF (Universal Service Obligation Fund)-ൽ നിന്ന് ധനസഹായത്തിന് അഭ്യർത്ഥിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം (2018-19) ഈ പദ്ധതിക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്.

(സി) ഇന്റർനെറ്റ് ഒരു അവകാശമെന്ന നയം പ്രാവർത്തികമാക്കുന്നതിനും സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവുമാക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് കെ-ഫോൺ. സർക്കാർ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അതിവേഗ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുകവഴി കാര്യക്ഷമവും വേഗമേറിയതുമായ വിവര സാങ്കേതിക ശൃംഖല സൃഷ്ടിക്കുവാൻ കഴിയും. ഈ പദ്ധതി വഴി സംസ്ഥാനത്തെ ഡിജിറ്റൽ വേർതിരിവ് ഇല്ലാതാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റേയും (കെ.എസ്.ഐ.ടി.ഐ.എൽ.) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റേയും (കെ.എസ്.ഇ.ബി.) സംയുക്തസംരംഭമായാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. കെ-ഫോൺ പദ്ധതിക്ക് സാങ്കേതിക സഹായം ലഭ്യമാക്കുവാൻ രാജ്യാന്തരതലത്തിൽ പ്രശസ്തരായവരും മികച്ച ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്നവരുമായ വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ടു ഐ.ടി സെക്രട്ടറി കൺവീനറായി പതിനൊന്ന് അംഗങ്ങളുള്ള ഒരു സാങ്കേതിക കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റി നിശ്ചിത ഇടവേളകളിൽ യോഗം ചേർന്നു പദ്ധതിയുടെ പ്രവർത്തനപുരോഗതി സംബന്ധിച്ചും പദ്ധതിയുടെ സാങ്കേതിക സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ചും അവലോകനം നടത്തി വിദഗ്ദ്ധ ഉപദേശം നൽകിവരുന്നുണ്ട്.

**മെഡിക്കൽ കോളേജുകളെ മികവിന്റ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതി**

23 (*173) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഭാഗമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് മെഡിക്കൽ കോളേജുകളിൽ വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മെഡിക്കൽ കോളേജുകളുടെ വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഏതെല്ലാം മെഡിക്കൽ കോളേജുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : (എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) തിരുവനന്തപുരം, എറണാകുളം എന്നീ മെഡിക്കൽ കോളേജ് ആശുപത്രികൾ മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) തിരുവനന്തപുരം, എറണാകുളം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്

**സിവിൽ സപ്ലൈസിന്റെ താലൂക്ക് ഔട്ട്ലെറ്റുകൾ**

24 (*174) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എൻ. എ ഖാദർ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസിന്റെ താലൂക്ക് ഔട്ട് ലെറ്റുകൾ ഹൈപ്പർ മാർക്കറ്റുകളാക്കുന്നതിനും സിവിൽ സപ്ലൈസ് വകുപ്പിന്റെ ഔട്ട് ലെറ്റുകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിനും ഉദ്ദേശ്യമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സിവിൽ സപ്ലൈസ് വകുപ്പിൽ ഉപഭോക്തൃ പരാതി പരിഹാരത്തിന് നിലവിലുള്ള സംവിധാനം അപര്യാപ്തമാണന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സപ്ലൈകോയുടെ സ്വന്തം കെട്ടിടങ്ങളിൽ മാത്രമാണ് സൂപ്പർ മാർക്കറ്റ് രീതിയിലുള്ളതും ആധുനിക സൗകര്യമുള്ളതുമായ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിച്ച് പ്രവർത്തിച്ചു വരുന്നത്. കച്ചവടസാധ്യതയുടെ അടിസ്ഥാനത്തിൽ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകൾ ആയും സൂപ്പർ മാർക്കറ്റുകളെ പീപ്പിൾസ് ബസാറുകളായും ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താലൂക്ക് ഔട്ട് ലെറ്റുകൾ ഹൈപ്പർ മാർക്കറ്റുകളാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. സപ്ലൈകോ ഔട്ട് ലെറ്റുകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) ഇല്ല. ഉപഭോക്തൃ പരാതി പരിഹാര സംവിധാനത്തിന് താലൂക്ക്/ജില്ലാ/ഡെപ്യൂട്ടി റേഷൻ കൺട്രോളർ/ വിജിലൻസ് ഓഫീസർ/സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയം എന്നിവിടങ്ങളിൽ നേരിട്ട് പരാതി നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. പൊതുജനങ്ങൾക്ക് ഓൺലൈൻ മുഖാന്തിരം പരാതിസമർപ്പിക്കുന്നതിനുള്ള വെബ് പോർട്ടലുകളുൾപ്പെടെ പ്രത്യേക പരാതി പരിഹാരത്തിനുള്ള കാൾ സെന്റർ സ്ഥാപിക്കുന്നതിനുള്ള കാര്യം ആലോചനയിലാണ്.

**ഭക്ഷ്യഭദ്രതാ നിയമം**

25 (*175) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കിയതിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) ഭക്ഷ്യഭദ്രതാ നിയമപ്രകാരം ഓരോ വിഭാഗത്തിനും ലഭിക്കുന്ന ആനുകൂല്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതുമൂലം സംസ്ഥാന സർക്കാരിന് അധിക ബാധ്യത വരുത്തുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയപ്പോൾ ദാരിദ്ര്യ സൂചക മാനദണ്ഡങ്ങൾക്ക് പുറമേ ഭക്ഷ്യ ദൗർലഭ്യം എന്ന മാനദണ്ഡംകൂടി പരിഗണിക്കണമെന്ന് മുൻസർക്കാർ കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ;

(ഇ) ദേശീയ ശരാശരിയിൽ 67% ആളുകൾ മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടപ്പോൾ സംസ്ഥാനത്ത് 46% മാത്രം മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ)

1. സംസ്ഥാന സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു.
2. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുംവിധം കരട് രേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.
3. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള പരാതികൾ സ്വീകരിച്ച്, അപ്പീൽ കേട്ട് അന്തിമ ലിസ്റ്റ് കീഴ്വഴക്കങ്ങൾ അനുസരിച്ച് പ്രസിദ്ധപ്പെടുത്തി ആയതുപ്രകാരം റേഷൻ വിതരണം തുടർന്നുവരുന്നു.
4. വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോയെ അംഗീകൃത ഏജൻസിയായി നിയമിച്ചു.
5. നിലവിൽ റേഷൻ വിതരണം ഇ-പോസ് മുഖേന ക്രമപ്പെടുത്തി.
6. കൺസ്യൂമർ ഡിസ്പ്യൂട്ട്സ് റീഡ്രസ്സൽ കമ്മീഷന് സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ചുമതല നൽകി.
7. സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾ അംഗീകരിച്ചു.
8. പൊതുവിതരണം സോഷ്യൽ ആഡിറ്റിന് വിധേയമാക്കാൻ തീരുമാനിച്ചു.
9. വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുവാനും, കേരള റേഷനിംഗ് ഓർഡർ, മാനുവൽ എന്നിവ പരിഷ്കരിക്കാനുമുള്ള നടപടികൾ തുടർന്നു വരുന്നു.
10. റേഷൻ വിതരണക്കാർക്ക് പ്രത്യേക കമ്മീഷൻ പാക്കേജ് അംഗീകരിച്ചു.
11. സർക്കാർ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(ബി) ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം എ.എ.വൈ വിഭാഗത്തിൽപ്പെട്ടവർക്ക് ഓരോ കാർഡിനും പ്രതിമാസം 35 കി.ഗ്രാം ഭക്ഷ്യധാന്യം ലഭിക്കും. എ.എ.വൈ. ഒഴികെയുള്ള മുൻഗണനാ വിഭാഗത്തിന് ഓരോ ആൾക്കും പ്രതിമാസം 5 കി.ഗ്രാം ഭക്ഷ്യ ധാന്യം ലഭിക്കും. മുൻഗണനേതര സബ്സിഡി വിഭാഗത്തിന് കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതവും മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിൽ ഓരോ കാർഡിനും അരിയും ഗോതമ്പുമുൾപ്പെടെ 2 കി.ഗ്രാം ഭക്ഷ്യധാന്യവും നൽകിവരുന്നു.

(സി) ഉണ്ട്. പ്രതിവർഷം ഭക്ഷ്യ ധാന്യങ്ങളുടെ സബ്സിഡിയിനത്തിൽ ഏകദേശം 480 കോടി രൂപയും കമ്മീഷൻ ഇനത്തിൽ ഏകദേശം 350 കോടി രൂപയും അധിക ബാദ്ധ്യത വരുന്നുണ്ട്.

(ഡി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് കണക്കാക്കിയിരിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് സംസ്ഥാനത്തിന്റെ ആവശ്യത്തിനനുസരിച്ച് പര്യാപ്തമല്ലെന്ന് മുൻ സർക്കാരിന്റെ കാലത്ത് 16-12-2013-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും 28-7-2015-ലെ 125589-ഡി2/15/ഭ.പൊ.വി.വ. നമ്പരിൽ കേന്ദ്ര ഭക്ഷ്യ മന്ത്രാലയത്തിലേയ്ക്കും കത്ത് നൽകിയിരുന്നു.

(ഇ) കേന്ദ്ര സർക്കാരിന്റെ സാമൂഹിക-സാമ്പത്തിക സർവ്വേയുടെ അടിസ്ഥാനത്തിലാണ് ഓരോ സംസ്ഥാനത്തും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളെ നിശ്ചയിച്ചിരിക്കുന്നത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ലെ റ്റി.പി.ഡി.എസ്. സെക്ഷൻ 3(2) പ്രകാരം ഓരോ സംസ്ഥാനത്തെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നതിനുള്ള ജനസംഖ്യ നിശ്ചയിച്ചിട്ടുണ്ട്. ഇതിന് അവലംബമായി സ്വീകരിച്ചിരിക്കുന്നത് 2011-ലെ ജനസംഖ്യാ സെൻസസ് ആണ്. ആയത് പ്രകാരം നമ്മുടെ സംസ്ഥാനത്തിന് 1,54,80,040 പേരെയാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ 5,95,800 പേർ നിലവിലെ എ.എ.വൈ. ഗുണഭോക്താക്കളാണ്. ഗ്രാമപ്രദേശങ്ങളിൽ 52.63 ശതമാനവും നഗര പ്രദേശങ്ങളിൽ 39.50 ശതമാനവും ജനങ്ങളെയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ സാമൂഹിക സാമ്പത്തിക സർവ്വേ പ്രകാരം പല സംസ്ഥാനങ്ങളിലും വ്യത്യസ്തമായ തോതിലാണ് മുൻഗണനാക്രമം അനുവദിച്ചിരിക്കുന്നത്. ആയത് പ്രകാരം മണിപ്പൂരിൽ ഗ്രാമങ്ങളിൽ 88.56 ശതമാനവും നഗരങ്ങളിൽ 85.75 ശതമാനവും, ജാർഖണ്ഡിൽ ഇവ യഥാക്രമം 86.48 ശതമാനവും 60.2 ശതമാനവും ചത്തീസ്ഗഢിൽ 84.25 ശതമാനവും 59.98 ശതമാനവുമാണ്. എന്നാൽ ഗോവയിൽ ഗ്രാമങ്ങളിൽ 42.24 ശതമാനവും നഗരങ്ങളിൽ 33.02 ശതമാനവും ഡൽഹിയിൽ ഇവ യഥാക്രമം 37.69-ഉം 43.59-ഉം ആണ്. ഇവ കേരളത്തിലെ ശരാശരിയേക്കാൾ കുറവാണ്. ഇക്കാര്യം പല പ്രാവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്.

## കാൻസർ രോഗ ചികിത്സ

26 (*176) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്നത് പരിഗണിച്ച് കാൻസർ രോഗ നിർണ്ണയം ആദ്യഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിന് താഴെത്തട്ടിലുള്ള ആശുപത്രികൾ മുതൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) കാൻസർ രോഗത്തിന് കാരണമാകുന്ന ജീവിത ശൈലികളും ജീവിതസാഹചര്യങ്ങളും സംബന്ധിച്ചും രോഗത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ചും ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കാൻസർ രോഗ തീവ്രത കണക്കിലെടുത്ത് എല്ലാ ജില്ലകളിലും കാൻസർ സാന്ത്വന പരിചരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) മുൻകൂർ കാൻസർ നിർണ്ണയത്തിനും രോഗനിയന്ത്രണത്തിനുമായി റീജിയണൽ കാൻസർ സെന്ററിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ കീഴിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്കും നഴ്സുമാർക്കും (പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, റഫറൽ യൂണിറ്റ്, ജില്ലാ ആശുപത്രി) ഒരാഴ്ചത്തെ പരിശീലനം നൽകികഴിഞ്ഞു. ഇതുകൂടാതെ ഓങ്കോളജിയിലെ അടിസ്ഥാന പരിശീലന പദ്ധതി പ്രകാരം സ്റ്റേറ്റ് ഹെൽത്ത് സർവ്വീസിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും ആർ.സി.സി.യും, മലബാർ കാൻസർ സെന്ററും സംയുക്തമായി മൂന്ന് മാസത്തെ പരിശീലനവും നൽകിവരുന്നു. ഈ പരിശീലനത്തിൽ തിയറി ക്ലാസ്സുകൾ, ആദ്യ ഘട്ടത്തിലുള്ള കാൻസർ കണ്ടുപിടിക്കുന്നതിനുള്ള ക്യാമ്പുകളിൽ ഫീൽഡ് ട്രെയിനിംഗ് എന്നിവയാണ് ഉൾക്കൊള്ളുന്നത്.

ആരോഗ്യ കേന്ദ്രങ്ങളിൽ കാൻസർ കെയർ യൂണിറ്റുകൾ സജ്ജീകരിക്കുന്നതിനായുള്ള പരിശീലനവും സാങ്കേതിക സഹായവും മലബാർ കാൻസർ സെന്റർ നൽകുന്നുണ്ട്. മലബാർ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ എടവണ്ണ സി.എച്ച്.സി.യിലെ ഡോക്ടർമാർക്കും പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്ക് ഹോസ്പിറ്റലിലെ നഴ്സുമാർക്കും ലാബ് ടെക്നീഷ്യൻസിനും 3 മാസം പരിശീലനം നൽകുകയുണ്ടായി.

(ബി) ആർ.സി.സി.യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം, എറണാകുളം, പാലക്കാട്, നീണ്ടകര എന്നിവിടങ്ങളിലുള്ള ആർ.സി.സി.യുടെ ഉപകേന്ദ്രങ്ങളായ ഏർളി ഡിറ്റക്ഷൻ സെന്ററുകൾ എന്നിവ വഴിയും മുൻകൂർ കാൻസർ നിർണ്ണയക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. കൂടാതെ കണ്ണൂർ, കോഴഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ കാൻസർ നിർണ്ണയകേന്ദ്രങ്ങൾക്കും ഇക്കാര്യത്തിൽ ആവശ്യമായ സാങ്കേതിക സഹായവും ആർ.സി.സി. നൽകി വരുന്നു.

മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റിന് കീഴിൽ കാൻസർ രോഗത്തിന് കാരണമാകുന്ന ജീവിതശൈലി, ജീവിത സാഹചര്യങ്ങൾ എന്നിവയെക്കുറിച്ച് രോഗനിർണ്ണയ ക്യാമ്പുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. കൂടാതെ ബോധവൽക്കരണത്തിനുള്ള ലഘുലേഖകളും വിതരണം ചെയ്യാറുണ്ട്. കാൻസർ റിസ്ക് വിഭാഗത്തിൽ വരുന്ന ആളുകൾക്കും, ബന്ധുക്കൾക്കും എൻ.സി.ഡി. ക്ലിനിക്ക് വഴി തുടർച്ചയായി സ്ക്രീനിംഗ് ടെസ്റ്റ് നടത്തിവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ആരോഗ്യ വകുപ്പ് എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ പാലിയേറ്റീവ് കീമോതെറാപ്പി നൽകുന്നതിനുള്ള അഭയം പദ്ധതിക്ക് തുടക്കം കുറിക്കുകയുണ്ടായി. ആർ.സി.സി.യിലും മലബാർ കാൻസർ സെന്ററുകളിലും പരിശീലനം ലഭിച്ച ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തികൊണ്ട് ആരംഭിച്ച ഈ കേന്ദ്രങ്ങളിൽ മരുന്നുകളോടു പ്രതികരിക്കാത്ത മൂർദ്ധന്യാവസ്ഥയിലുള്ള കാൻസർ രോഗികളുടെ പരിചരണം ഉദ്ദേശിച്ചിട്ടുള്ളതാണ്.

സംസ്ഥാനത്തെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും പാലിയേറ്റീവ് കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ ഭവന സന്ദർശനത്തിലൂടെ സാന്ത്വന പരിചരണം നൽകുന്നു. ഹോം കെയർ അഥവാ പ്രൈമറി പാലിയേറ്റീവ് കെയർ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടുകൂടി ചെയ്തുവരുന്നു. സംസ്ഥാനത്തെ എല്ലാ താലൂക്ക്/ജില്ലാ ആശുപത്രികളിലും ദേശീയ ആരോഗ്യ മിഷന്റെ സഹായത്തോടുകൂടി സെക്കന്ററി കെയർ പാലിയേറ്റീവ് പരിചരണം നടപ്പിലാക്കിവരുന്നു. ഇത് സംസ്ഥാനത്തെ എല്ലാ താലൂക്ക്/ജില്ലാ ആശുപത്രികളിലും ലഭ്യമാണ്.

## സുതാര്യവും കാര്യക്ഷമവുമായ ഭരണനിർവ്വഹണം

27 (*177) ശ്രീ. എം. സ്വരാജ് :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണമികവ് അടിസ്ഥാനമാക്കി പബ്ലിക് അഫയേഴ്സ് സെന്റർ തയ്യാറാക്കിയ സൂചികയിൽ ഒന്നാം സ്ഥാനം നേടാൻ കഴിഞ്ഞ സംസ്ഥാനത്തിന്, അത് നിലനിർത്താനായി ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റ് കൂടുതൽ കാര്യക്ഷമമാക്കാൻ നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ;

(ബി) ഭരണനിർവ്വഹണം സുതാര്യവും കാര്യക്ഷമവുമാക്കാൻ തുടങ്ങിയ ഇ-ഗവേണൻസ് സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ&ബി) സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ 1-1-2018 മുതൽ ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം കർശനമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് സ്പാർക്ക് മുഖേന ശമ്പളം കൈപ്പറ്റുന്ന എല്ലാ സർക്കാർ ഓഫീസുകളിലും/വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം 2018 ഒക്ടോബർ 1 നകവും സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽ ഡിസംബർ 31 നകവും സ്ഥാപിച്ച് നടപ്പിൽ വരുത്തുവാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ജനോപകാരമായ മാറ്റങ്ങൾ ആവിഷ്ക്കരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ആയത് സംബന്ധിച്ച ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നാലാം ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. വകുപ്പുതല ചട്ടക്കൂടുകൾ ഇല്ലാതാക്കുക, പ്രഗത്ഭരായ യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുക, മധ്യതല സംവിധാനം ശക്തമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ സെക്രട്ടേറിയറ്റിനെയും ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു.

ഇ-ഗവേണൻസിനായി സംസ്ഥാനത്ത് ആവിഷ്ക്കരിച്ച വിവിധ പദ്ധതികളും അവയുടെ വിശദാംശങ്ങളും താഴെ പറയും പ്രകാരമാണ്:

1. ഇ-ഡിസ്ട്രിക്ട്

നാഷണൽ ഇ-ഗവേണൻസ് പ്ലാനിനു കീഴിലെ മിഷൻ മോഡ് പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ജില്ലാതലത്തിലുള്ള സർക്കാർ സേവനങ്ങൾ വളരെ ലളിതമായി ഓൺലൈൻ വഴി പൊതു ജനങ്ങൾക്ക് എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇ-ഡിസ്ട്രിക്റ്റ് വഴി വിതരണം ചെയ്യുന്ന എല്ലാ സർട്ടിഫിക്കറ്റിലും അത് നൽകുന്ന ഉദ്യോഗസ്ഥന്റെ ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തിയിട്ടുണ്ടാകും. 24 റവന്യൂ സർട്ടിഫിക്കറ്റുകൾ, 500-ലധികം പണം ഒടുക്കൽ സേവനങ്ങൾ മുതലായവ ഈ പദ്ധതി മുഖേന നൽകിവരുന്നു. കൂടാതെ വിവരാവകാശം, പരാതി പരിഹാരം എന്നീ സേവനങ്ങളും ഇ-ഡിസിട്രിക്ട് പദ്ധതിയിൽ ലഭ്യമാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ (റവന്യൂ കോർട്ട് കേസ്) സംബന്ധിച്ച സേവനങ്ങൾ ഇ-ഡിസ്ട്രിക്റ്റ് വഴി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ വനം വകുപ്പിന്റെ ആറ് സേവനങ്ങൾ നിലവിൽ ഈ പദ്ധതി മുഖാന്തരം നൽകിവരുന്നു.

2. ഇ-ഓഫീസ്(e-office)

സർക്കാർ ഓഫീസുകൾ പേപ്പർ രഹിതമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ നിയമ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. പുറമേ 14 കളക്ടേറ്റുകളിലും, മുപ്പതിലധികം വകുപ്പുകളുടെ ഡയറക്ടറേറ്റുകളിലും/കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്.

3. ഇ-പ്രൊക്യൂർമെന്റ്

പൊതുഭരണരംഗത്ത് സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനുവേണ്ടി വിവിധ സർക്കാർ വകുപ്പുകളിൽ ഇ-സംഭരണം ഏർപ്പെടുത്തുന്നതിനുള്ള ഇ-പ്രൊക്യൂർമെന്റ് പദ്ധതി നടപ്പിൽ വരുത്തുന്നത് അന്തിമ ഘട്ടത്തിലാണ്.

4. ഫ്രണ്ട്സ് ജനസേവനകേന്ദ്രം

വിവര സാങ്കേതിക വിദ്യയുടെ പ്രയോജനം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2000-ൽ കേരള സർക്കാർ ഐ.ടി.മിഷന്റെ കീഴിൽ ഫ്രണ്ട്സ് ജനസേവനകേന്ദ്രം എന്ന പേരിൽ ആരംഭിച്ച ഏകജാലക സംവിധാനം 2001-ൽ മറ്റ് ജില്ലാ കേന്ദ്രങ്ങളിലും വ്യാപിപ്പിക്കുകയും ആയത് തൃപ്തികരമായ രീതിയിൽ പ്രവർത്തിച്ച് വരുകയും ചെയ്യുന്നു.

5. കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് (KSWAN)

കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്കിന്റെ (SWAN) ഭാഗമായി സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളും 152 ബ്ലോക്ക് ആസ്ഥാനങ്ങളും സംസ്ഥാന ഡാറ്റാ സെന്ററുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

6. സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (SecWAN)

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സേവനങ്ങൾ വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ ഗുണപരമായി മെച്ചപ്പെടുത്തുക, ഇതിനായി വിവിധ വകുപ്പുകൾ തമ്മിൽ ബന്ധിപ്പിച്ച് അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുക തുടങ്ങിവയ മുൻനിർത്തി ആവിഷ്കരിച്ച പദ്ധതി വിജയകരമായി പ്രവർത്തിച്ചുവരുന്നു.

7. സർക്കാർ കോൾ സെന്റർ

വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾക്ക് ടെലിഫോൺ മുഖേന പരിഹാരം നൽകുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജനസേവന കേന്ദ്രത്തോട് ചേർന്ന് കോൾ സെന്റർ പ്രവർത്തിച്ചുവരുന്നു.

8. സംസ്ഥാന ഡാറ്റാ സെന്റർ

സംസ്ഥാനത്തെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് സംസ്ഥാന ഡാറ്റാ സെന്റർ-1 ഉം നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ടെക്നോപാർക്കിൽ ഡാറ്റാ സെന്റർ-2-ഉം പ്രവർത്തിക്കുന്നു.

9. വീഡിയോ കോൺഫറൻസിംഗ്

ജില്ലാ കളക്ടറേറ്റുകൾ, ഐ.ടി. മിഷൻ, വികാസ് ഭവൻ, സെക്രട്ടേറിയറ്റ്, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ്, എക്സൈസ് ഡിപ്പാർട്ട്മെന്റ്, തെരഞ്ഞെടുക്കപ്പെട്ട താലൂക്കുകൾ തുടങ്ങി 30-ഓളം ഓഫീസുകളെ ബന്ധിപ്പിച്ചുകൊണ്ട് നിലവിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം പ്രവർത്തിച്ചുവരുന്നു.

10. ആധാർ പദ്ധതി

ആധാർ പദ്ധതി പ്രകാരം സംസ്ഥാനത്തെ 99.8 ശതമാനത്തോളം ആളുകൾക്ക് ആധാർ നൽകി കഴിഞ്ഞു. സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് കൂടുതലായും ആധാർ പേര് ചേർക്കൽ നടത്തുന്നത്. കുട്ടികൾക്ക് അങ്കണവാടി വഴിയും, വയോധികർക്കും ഭിന്നശേഷിയുള്ളവർക്കും ശയ്യാവലംബരായവർക്കും അവരുടെ വീടുകളിൽ എത്തിയും ആധാർ എൻറോൾമെന്റ് നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-കേരള (സെർട്ട്-കേരള)

ആഗോളതലത്തിലുള്ള സൈബർ ഭീകരാക്രമണങ്ങളെ ചെറുക്കാൻ ദേശീയതലത്തിലുള്ള കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-ഇന്ത്യ (സെർട്ട്-ഇൻ)-ക്ക് സമാനമായ സംവിധാനം സംസ്ഥാന സർക്കാർ സെർട്ട്-കെയിലൂടെ ഏർപ്പെടുത്തിയിട്ടുണ്ട്.

12. സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ

നവീകരിച്ച വെബ് പോർട്ടൽ വഴി 35 ലധികം സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

13. മൊബൈൽ ഗവേണൻസ്

വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ സമയബന്ധിതവും അനായാസവുമായി മൊബൈൽ ഫോണിലൂടെ ഏത് സമയത്തും ജനങ്ങൾക്ക് ലഭ്യമാക്കുന്ന എം-കേരളം മൊബൈൽ ആപ്ലിക്കേഷൻ പൂർത്തിയാക്കി.

14. കേരള സ്പേഷ്യൽ ഡാറ്റ ഇൻഫ്രാസ്ട്രക്ച്ചർ (കെ.എസ്.ഡി.ഐ.)

കേരളത്തിലെ ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റവുമായി (ജി.ഐ.എസ്.) ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും ഏകോപനത്തിനായാണ് കെ.എസ്.ഡി.ഐ നിലവിൽ വന്നത്. വിശ്വസനീയവും അവലംബിക്കാവുന്നതുമായ ഭൂവിവരങ്ങൾ പാരിസ്ഥിതിക സംബന്ധിയായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകൾക്ക് നൽകുന്നതിന് സഹായകരമായ രീതിയിൽ പ്രവർത്തനം തുടർന്നുവരുന്നു.

## പോലീസ് സ്റ്റേഷനുകളിൽ ചൈൽഡ് വെൽഫെയർ ഓഫീസർ

28 (*178) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പോലീസ് സ്റ്റേഷനുകളിലും അസിസ്റ്റന്റ് സബ് ഇൻസ്പെക്ടറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചൈൽഡ് വെൽഫെയർ ഓഫീസറായി നിയമിക്കണമെന്ന് ജുവനൈൽ ജസ്റ്റിസ് ആക്ടിൽ നിബന്ധനയുണ്ടോ;

(ബി) കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, പ്രസ്തുത നിബന്ധന പ്രകാരം സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ചൈൽഡ് വെൽഫെയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ഓരോ വർഷവും രജിസ്റ്റർ ചെയ്ത പോക്സോ കേസുകൾ എത്രയാണ്;ഏറ്റവും കൂടുതൽ പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്തത് ഏത് ജില്ലയിൽ നിന്നാണ്;

(ഡി) പോക്സോ കേസിൽ വർദ്ധനവ് ഉണ്ടാകുന്ന സാഹചര്യത്തിൽ പോലീസ് സ്റ്റേഷനുകളിൽ ചൈൽഡ് വെൽഫെയർ ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) 2015-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടിലെ സെക്ഷൻ 107 പ്രകാരം എല്ലാ പോലീസ് സ്റ്റേഷനുകളിലും അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചൈൽഡ് വെൽഫെയർ ഓഫീസറായി നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ചൈൽഡ് വെൽഫെയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. (മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ ഒഴികെ-ടി പോലീസ് സ്റ്റേഷൻ ഡാമിന്റെ സംരക്ഷണത്തിനായി രൂപീകരിച്ചിട്ടുള്ളതാണ്).

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം 25-5-2016 മുതൽ 31-12-2016 വരെ 1316 പോക്സോ കേസ്സുകളും 2017-ൽ 2680 ഉം 2018 മേയ് 31 വരെ 1190 പോക്സോ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏറ്റവും കൂടുതൽ പോക്സോകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് തിരുവനന്തപുരം റൂറൽ ജില്ലയിൽ നിന്നാണ്.

(ഡി) ജുവനൈൽ ജസ്റ്റിസ് ആക്ടിലെ നിബന്ധനപ്രകാരം ഇടുക്കി ജില്ലയിൽ ഡാം സുരക്ഷയ്ക്കായുള്ള മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷനൊഴിച്ച് സംസ്ഥാനത്തെ മറ്റെല്ലാ പോലീസ് സ്റ്റേഷനുകളിലും ചൈൽഡ് വെൽഫെയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

**എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം**

29 (*179) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനും പുനരധിവസിപ്പിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) പദ്ധതിക്കായി കേന്ദ്ര സഹായം ആവശ്യപ്പെട്ടിരുന്നോ; കേന്ദ്ര സർക്കാരും കീടനാശിനി നിർമ്മാണ കമ്പനിയും ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനും പുനരധിവസിപ്പിക്കുന്നതിനും എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട്;

(സി) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശ്വാസമെത്തിക്കുന്നതിനും സൗജന്യ ചികിത്സയും പെൻഷനും റേഷനും ഉൾപ്പെടെ നൽകുന്നതിനും വേണ്ടി നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) വിശദവിവരം അനുബന്ധം (I) ആയി ചേർക്കുന്നു.*

(ബി) എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരവും പെൻഷനും നൽകുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും പ്രത്യേകമായി സഹായധനം ലഭിച്ചിട്ടില്ല. എൻഡോസൾഫാൻ ദുരിതബാധിതർക്ക് കാസർഗോഡ് ജില്ലയിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾക്കായി 483 കോടി രൂപയുടെ പ്രൊപ്പോസൽ 2012-ൽ കേന്ദ്ര ധനസഹായത്തിനായി സമർപ്പിച്ചിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുടർന്ന് ഇക്കാര്യം വീണ്ടും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും പ്രത്യേകമായി അനുകൂല്യം നൽകുന്ന കാര്യത്തിൽ യാതൊരു നടപടിയും കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ 17-2-2018-ൽ വീണ്ടും ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ, ദേശീയ മനുഷ്യാവകാശ കമ്മീഷന്റെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും നിർദ്ദേശാനുസരണം നഷ്ടപരിഹാരം നൽകുന്നതു വഴി സംസ്ഥാനത്തിനു 349 കോടി രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ടെന്നും ഇതിൽ 161 കോടി രൂപ ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ടെന്നും ദുരിതബാധിതർക്ക് പെൻഷൻ നൽകാനായി പ്രതിവർഷം 10.32 കോടി രൂപ ചെലവ് വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിന്റെയും അഞ്ചുവർഷത്തെ പെൻഷന് ചെലവഴിക്കുന്ന തുകയുടെയും കൂടി 50 ശതമാനമായ 200.30 കോടി രൂപയെങ്കിലും കേന്ദ്ര സർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 2012 മുതൽ NHM ന്റെ കീഴിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പുനരധിവാസം, അമ്മമാർക്കുള്ള കൗൺസലിംഗ് എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾക്കായി 22.19 കോടി രൂപ അനുവദിച്ചുനൽകിയതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. കീടനാശിനി നിർമ്മാണ കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ലഭിച്ചിട്ടില്ല.

(സി) വിശദവിവരം അനുബന്ധം (II) * ആയി ചേർക്കുന്നു.

**ദുരഭിമാനക്കൊലപാതകം**

30 (*180) ശ്രീ. വി. കെ . ഇബ്രാഹിം കുഞ്ഞ് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദുരഭിമാനക്കൊലപാതകം എന്ന് പൊതുസമൂഹമോ പോലീസോ വിലയിരുത്തിയിട്ടുള്ള സംഭവങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സാംസ്കാരിക കേരളത്തിന് അപമാനകരമായ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത് തടയുന്നതിന് കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങളെ തുടർന്ന് സമൂഹത്തിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട രണ്ട് സംഭവങ്ങൾ ദുരഭിമാനക്കൊല എന്ന നിലയിലാണ് പൊതുസമൂഹം വിലയിരുത്തിയിട്ടുള്ളത്.

മലപ്പുറം ജില്ലയിലെ അരീക്കോട് പോലീസ് സ്റ്റേഷനിൽ 72/2018 പ്രകാരം രജിസ്റ്റർ ചെയ്ത ആതിര എന്ന പെൺകുട്ടിയുടെ കൊലപാതകവും, കോട്ടയം ജില്ലയിലെ ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 745/2018 പ്രകാരം രജിസ്റ്റർ ചെയ്ത ജോസഫ് ജേക്കബ് മകൻ കെവിൻ. പി. ജോസഫിന്റെ കൊലപാതകവും ആണ് ഇവ.

(ബി) സാംസ്കാരിക കേരളത്തിന് അപമാനകരമായ ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും പൊതുജനങ്ങൾക്കുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനുമായി ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പി.എസ്.സി. മുഖേന നടന്ന നിയമനങ്ങൾ

1 (1947) ശ്രീ .ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 2018 മാർച്ച് 31 വരെ പി.എസ്.സി. മുഖേന നടന്ന നിയമനങ്ങൾ എത്രയെന്ന് ജില്ല/വകുപ്പ്/തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അതേ കാലയളവിൽ പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 31-3-2018 വരെ 70,727 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി * ചേർക്കുന്നു.

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഇതേ കാലയളവിൽ 59,291 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിരുന്നു.

### പി.എസ്.സി. റാങ്കുലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ച് നൽകൽ

2 (1948) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചു നൽകൽ സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അനിവാര്യമെന്ന് തോന്നുന്നപക്ഷം ഏതെങ്കിലും റാങ്ക് ലിസ്റ്റുകൾ കാലാവധി ദീർഘിപ്പിച്ചു നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**പ്രധാന സർക്കാർ പദ്ധതികൾ**

3 (1949) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നവകേരള മിഷന്റെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഓരോ മിഷന്റെയും പ്രവർത്തന പുരോഗതി പ്രത്യേകം വിശദമാക്കാമോ;

(സി) മിഷനിൽ ഉൾപ്പെട്ട ലൈഫ് ഭവന പദ്ധതികളുടെ കീഴിൽ 2017-18 കാലയളവിൽ എത്ര പേർക്ക് ഭവനങ്ങൾ അനുവദിച്ചു എന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ഡി) ഹരിത കേരള മിഷന്റെയും ഉപമിഷനുകളുടെയും ഭാഗമായി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളും പുതുതായി നടപ്പിലാക്കാൻ പോകുന്ന പദ്ധതികളും ഏതെല്ലാമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) തുടങ്ങിയതും പുരോഗമിച്ചു വരുന്നതുമായ പദ്ധതികൾ

- കൊച്ചി വാട്ടർ മെട്രോ
- ശബരിമല വിമാനത്താവളം
- അഴീക്കൽ തുറമുഖം
- മലനാട് ക്രൂയിസ്
- കെ-ഫോൺ
- ശബരിമല ഇടത്താവളം
- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി

- എൽ.ഇ.ഡി. മിഷൻ
- ഹരിതകേരളം മിഷൻ
- ആർദ്രം
- ലൈഫ് പാർപ്പിട പദ്ധതി
- 141 അന്താരാഷ്ട്ര സ്കൂളുകൾ
- 45000 സ്മാർട്ട് ക്ലാസ്സ് റൂമുകൾ എന്നിവ ഉൾപ്പെട്ട പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം.
- ആലപ്പുഴ, കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്
- മലയോര തീരദേശ ഹൈവേ
- 8 ജില്ലകളിൽ ഖരമാലിന്യ സംസ്കരണപ്ലാന്റ് സ്ഥാപിക്കൽ
- തിരുവനന്തപുരം സ്മാർട്ട് സിറ്റി
- നിസ്സാൻ ഗ്ലോബൽ ഡിജിറ്റൽ ഹബ്ബ്
- കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതാ വികസനം
- 14 ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങൾ
- റെയിൽവേ വികസനത്തിനായി റെയിൽവേയുമായി ചേർന്ന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ
- മാഹി-തലശ്ശേരി ബൈപ്പാസും കോഴിക്കോട് ബൈപാസ് വീതികൂട്ടലും (കേന്ദ്രസഹായത്തോടെ).

<u>പുനരാരംഭിച്ച പദ്ധതികൾ</u>

- ഗെയ്ൽ
- ഇടമൺ, കൊച്ചി ലൈൻ
- സിറ്റി ഗ്യാസ് വിതരണ പദ്ധതി
- ആലപ്പുഴ, കൊല്ലം ബൈപ്പാസുകൾ
- ദേശീയ ജലപാത.

(ബി) പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. 28-9-2016-ലെ സ.ഉ.(പി)നമ്പർ41/2016/ആ.സാ.വ. പ്രകാരം പ്രഖ്യാപിച്ച ഈ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനായി 19-4-2017-ലെ സ.ഉ.(പി)നമ്പർ 10/2017/ ആ.സാ.വ. പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ മിഷനുകളുടേയും ലക്ഷ്യങ്ങൾ, പ്രവർത്തന സമീപനം, സംസ്ഥാന മിഷൻ, ജില്ലാ മിഷൻ എന്നിവയുടെ ഘടന, സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, തദ്ദേശഭരണ സ്ഥാപന തലത്തിലും രൂപീകരിക്കേണ്ട കർമ്മസേനകളുടെ ഘടന, സംസ്ഥാന മിഷനുകളുടേയും വിവിധ കർമ്മസേനകളുടെയും ചുമതലകൾ, നിരീക്ഷണ പിന്തുണപ്രവർത്തനങ്ങൾ, മിഷൻ മോണിറ്ററിംഗ് ടീം, ഏകോപന സംവിധാനങ്ങൾ, ലഭ്യമാകുന്ന വിഭവങ്ങൾ, ആസൂത്രണം, നിർവ്വഹണം തുടങ്ങിയുള്ള വിശദമായ വിവരങ്ങൾ ടി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള നാലു മിഷനുകളിൽ, ബന്ധപ്പെട്ട വകുപ്പു മന്ത്രിമാരും, പ്രതിപക്ഷ നേതാവ്, വകുപ്പുസെക്രട്ടറിമാർ, പ്ലാനിംഗ് ബോർഡ് അദ്ധ്യക്ഷൻ, പ്ലാനിംഗ് ബോർഡ് മെംബർമാർ തുടങ്ങിയവർ അംഗങ്ങളാണ്. സംസ്ഥാനതലത്തിൽ നാല് മിഷനുകളുടേയും അവയുടെ കർമ്മ സേനകളുടേയും ഏകോപനത്തിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട സെക്രട്ടറിമാർ അംഗങ്ങളായി എംപവേർഡ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ആറ് കർമ്മസേനകളും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ കർമ്മസേനകളായും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനതലത്തിൽ നാല് മിഷനുകൾ ഉണ്ടെങ്കിലും ജില്ലാ തലത്തിലും ഗ്രാമ, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിലും ഓരോ മിഷനുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാന മിഷനുകളും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള എംപവേർഡ് കമ്മിറ്റിയും സമയാ സമയങ്ങളിൽ ചതുർമിഷനുകളുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. സംസ്ഥാനതലത്തിൽ സർക്കാരിന്റെ വികസന ഉപദേഷ്ടാവിന്റെ മേൽനോട്ടത്തിൽ മിഷൻ മോണിറ്ററിംഗ് ടീമും നാല് മിഷനുകളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ വിവിധ തലങ്ങളിൽ (വകുപ്പുമന്ത്രി, വകുപ്പു സെക്രട്ടറി, ജില്ലാ, തദ്ദേശസ്വയംഭരണ തലങ്ങളിൽ) യഥാസമയങ്ങളിൽ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. ഓരോ മിഷന്റെയും പ്രവർത്തന പുരോഗതി ചുവടെ കൊടുക്കുന്നു:

1. ലൈഫ് മിഷൻ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ലൈഫ് മിഷന്റെ യോഗം 3-1-2017, 7-2-2017, 13-7-2017, 31-7-2017, 24-1-2018 എന്നീ തീയതികളിൽ

കൂടിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിതലത്തിലും, വകുപ്പ് സെക്രട്ടറി തലത്തിലും കൃത്യമായ ഇടവേളകളിൽ മിഷൻ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ട്. ജില്ലാ തലത്തിലും തദ്ദേശഭരണ സ്ഥാപനതലത്തിലും കൃത്യമായ ഇടവേളകളിൽ പ്രവർത്തന പുരോഗതി അവലോകനം നടത്തി വരുന്നു. നൂതന സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ വിലയിരുത്തുന്നതിനായി പ്രശസ്ത എഞ്ചിനീയറിംഗ് വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ച് ഒരു കമ്മിറ്റി രൂപീകരിക്കുകയും 31-10-2017, 23-1-2018 എന്നീ തീയതികളിൽ യോഗം കൂടുകയും ചെയ്തിട്ടുണ്ട്.

ലൈഫ് മിഷന്റെ ഒന്നാം ഘട്ട പ്രവർത്തനത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ആണ് ലക്ഷ്യമിടുന്നത്. ആയത് പ്രകാരം 56,357 പൂർത്തീകരിക്കാത്ത ഭവനങ്ങളിൽ 36,836 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകാനാണ് മിഷൻ ഉദ്ദേശിക്കുന്നത്. ആയത് പ്രകാരം നഗരങ്ങളിൽ 3253 ഭവനങ്ങളും ഗ്രാമങ്ങളിൽ 5 ഭവനങ്ങളും പൂർത്തീകരിച്ചു. മൂന്നാം ഘട്ടത്തിൽ 14 ജില്ലകളിൽ ഭൂമിയില്ലാത്ത ഭവന രഹിതർക്കായി ഭവനസമുച്ചയങ്ങളുടെ നിർമ്മാണമാണ് ലക്ഷ്യമിടുന്നത്. ഇതുമായി ബന്ധപ്പെട്ട 6 ജില്ലകളിലെ ഭവനസമുച്ചയങ്ങൾക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് ജില്ലകളിലെ ഭവന സമുച്ചയങ്ങൾക്കായുള്ള സ്ഥലപരിശോധന പൂർത്തിയായിട്ടുണ്ട്. നിർമ്മാണ നടപടികൾക്കായുള്ള ചർച്ചകൾ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലും മറ്റ് ജില്ലാതല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലും നടന്നു വരുന്നു.

2. ആർദ്രം മിഷൻ

ജില്ലാ മെഡിക്കൽ ഓഫീസറും ബ്ലോക്ക് മെഡിക്കൽ ഓഫീസറും പതിവായി നടത്തുന്ന യോഗങ്ങളിൽ സാങ്കേതിക നിരീക്ഷണങ്ങൾക്ക് പുറമേ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെയും താലൂക്ക്/ജില്ലാ ആശുപത്രികളുടെയും നിർമ്മാണ പ്രവർത്തനങ്ങളും നടത്തിപ്പും മോണിറ്റർ ചെയ്ത് വരുന്നു. സംസ്ഥാനതല വിദഗ്ധർ തയ്യാറാക്കിയ അംഗീകൃത മാനദണ്ഡം അനുസരിച്ചാണ് മോണിറ്ററിംഗ് നടത്തുന്നത്. ഓരോ ജില്ലയിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ സംസ്ഥാന തലത്തിൽ വിശകലനം ചെയ്യുകയും അപ്പപ്പോൾ വേണ്ട നിർദ്ദേശങ്ങൾ അതാത് ജില്ലകളെയും സ്ഥാപനങ്ങളെയും അറിയിക്കുകയും ചെയ്യുന്നു.

എല്ലാ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിലും ചികിത്സാ മാനദണ്ഡങ്ങളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ചികിത്സകൾ ശാസ്ത്രീയമായി

ക്രമീകരിക്കുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക, ജില്ലാ-താലൂക്ക് തല ആശുപത്രികളിൽ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും അധിക സ്റ്റാഫിനെ നിയമിച്ചും ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുക, ഔട്ട്പേഷ്യന്റ് വിഭാഗം നവീകരിക്കുകയും ഗവൺമെന്റ് ആശുപത്രികൾ ജനസൗഹൃദമാക്കുകയും ചെയ്യുക, വിവിധ മാനദണ്ഡങ്ങളിലൂടെയും അക്രഡിറ്റേഷൻ സംവിധാനങ്ങളിലൂടെയും ചികിത്സകൾക്കും ആരോഗ്യ പ്രവർത്തകർക്കും തൊഴിൽ സംബന്ധമായ അപായ സാധ്യതകളിൽനിന്ന് സുരക്ഷിതത്വം ഉറപ്പാക്കുക, നഴ്സിംഗ് രംഗത്ത് നൈപുണ്യ വികസനത്തിനും മനുഷ്യ വിഭവശേഷി വർദ്ധനവിനും ഊന്നൽ നൽകുക, ആയുർവേദ ചികിത്സാരീതികളും പാരമ്പര്യ ചികിത്സാ മേഖലകളും കാലോചിതമായി ശക്തിപ്പെടുത്തി വിപുലീകരിക്കുക എന്നീ പ്രവർത്തനങ്ങളും നടന്നുവരുന്നു.

3. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

ചതുർമിഷന്റെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ, ഒരു നിയോജക മണ്ഡലത്തിൽ ഒന്നു വീതം 141 സ്കൂളുകളുടെ പുനരുദ്ധാരണത്തിനും KIIFB-യുടെ 3 കോടി രൂപ ധനസഹായത്തിലുൾപ്പെടുത്തി 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 229 സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടി ആരംഭിക്കുകയുണ്ടായി. നിർമ്മാണ പ്രവർത്തനത്തിന്റെ SPV-യായി KITE-നേയും PMC-യായി WAPCOS എന്ന കമ്പനിയേയും ചുമതലപ്പെടുത്തി. 5 കോടിയിലുൾപ്പെട്ട 138 സ്കൂളുകളുടെയും 3 കോടിയിലുൾപ്പെട്ട 70 സ്കൂളുകളുടെയും clusterwise ആക്കി ടെണ്ടർ മുഖേന കോൺട്രാക്ടർമാരെ തെരഞ്ഞെടുക്കുകയുണ്ടായി. അതിൽ 36 സ്കൂളുകൾക്ക് റീടെണ്ടറിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 3 കോടിയിലുൾപ്പെട്ട 115 സ്കൂളുകൾക്ക് KIIFB അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടി പൂർത്തിയാക്കുന്നതാണ്. ബാക്കിയുള്ള സ്കൂളുകളുടേയും നടപടി പൂർത്തിയായി വരുന്നു. 2019 വർഷത്തിൽ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്ന വിധത്തിലാണ് നടപടികൾ സ്വീകരിച്ചു വരുന്നത്.

8 മുതൽ 12 വരെയുള്ള 45000 ക്ലാസ്സ് മുറികളെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്. 2018 മേയ് മാസത്തിൽ 34351 ക്ലാസ്സ് മുറികൾ സാങ്കേതിക വിദ്യാസൗഹൃദമാക്കിയിട്ടുണ്ട്. കൈറ്റാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സാങ്കേതികവിദ്യാ സൗഹൃദ ക്ലാസ്സ്

മുറികളിൽ ആവശ്യമായ ഇ-റിസോഴ്സ് ഉറപ്പാക്കാൻ സമഗ്ര പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകൾക്കായുള്ള സമഗ്രാസൂത്രണവും സൂക്ഷ്മതലാസൂത്രണവും നടത്താനാവശ്യമായ വിഭവങ്ങൾ ഇതിനകം വികസിപ്പിച്ചു. 8 മുതൽ 10 വരെ ക്ലാസ്സുകളിലേക്കുള്ള ഡിജിറ്റൽ റിസോഴ്സുകൾ വികസിപ്പിച്ച് കഴിഞ്ഞു. ഹയർസെക്കൻഡറി ക്ലാസ്സുകളിലേക്ക് ഒന്നാം പാദത്തിനാവശ്യമായ ഡിജിറ്റൽ റിസോഴ്സ് പ്രധാന വിഷയങ്ങൾക്കെല്ലാം സജ്ജമായി. പ്രൈമറി തലം ഡിജിറ്റൽ റിസോഴ്സ് വികാസം നടന്നുവരുന്നു.

ഭാഷാ വികാസത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. ഇംഗ്ലീഷ് ഭാഷാ വികാസത്തിന് ഹലോ ഇംഗ്ലീഷ് പരിപാടി ഇതിനകം ആരംഭിച്ചിട്ടുണ്ട്. പ്രൈമറി തലത്തിൽ ഈ വർഷത്തെ അവധിക്കാല അദ്ധ്യാപക പരിശീലനത്തിൽ ഇംഗ്ലീഷ് ഭാഷാ പഠനം ഒരു പ്രധാന ഘടകമായി പരിഗണിച്ചിട്ടുണ്ട്. നാല് ജില്ലകളിൽ ഭാഷാ ലാബ് സ്ഥാപിച്ചിട്ടുണ്ട്. മറ്റ് പത്ത് ജില്ലകളിൽ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പഠന ലക്ഷ്യങ്ങൾ ഉറപ്പാക്കാനാവശ്യമായ നാനാതരം പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട ശേഷികൾ 8 വരെയുള്ള ക്ലാസ്സുകളിലേത് എൻ.സി.ഇ.ആർ.ടി. തയ്യാറാക്കിയ പഠന നേട്ടങ്ങളുടെ അടിസ്ഥാനത്തിലും 9-10 ക്ലാസ്സുകളിലേത് എസ്.സി.ഇ.ആർ.ടി.-യും തയ്യാറാക്കിയിട്ടുണ്ട്. പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കാൻ മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, ഗണിത വിജയം എന്നിവയും പ്രൈമറിതലത്തിൽ പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ 'ശ്രദ്ധ'യും 9, 10 ക്ലാസ്സുകളിൽ 'നവപ്രഭ'യും നടപ്പിലാക്കി കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നത് സംബന്ധിച്ച് വിഷൻ 100 ഉത്തരവനുസരിച്ച് എല്ലാ സ്കൂളുകളും മാസ്റ്റർപ്ലാൻ തയ്യാറാക്കി പൊതുസമൂഹത്തിന് മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

4. ഹരിതകേരളം മിഷൻ

കേരള സർക്കാരിന്റെ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ എല്ലാം തന്നെ ജനപങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കിയാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഹരിതകേരളം മിഷന്റെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു:

(എ) <u>ജല-സംരക്ഷണ യജ്ഞം (ജലസമൃദ്ധി)</u>

- വരട്ടാർ നദിക്ക് പുതുജീവൻ, കോലറയാർ, കുട്ടമ്പേരൂർപുഴ, വലിയതോട്, പള്ളിക്കലാർ, കാനാമ്പുഴ തുടങ്ങിയവ ശുചീകരിച്ചു. മീനച്ചിലാർ-മീനന്തലയാർ-കൊടൂരാർ പുന:സംയോജനം സാധ്യമാക്കി.

- ആദിപമ്പ-വരട്ടാർ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാൻ (കരട്) തയ്യാറായി. പുനരുജ്ജീവിപ്പിച്ച മറ്റ് നദികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനുള്ള രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു.

- 9187 കി.മീ. ദൂരം തോടുകൾ/പുഴകൾ വൃത്തിയാക്കി, 1620 കി.മീ. കനാലുകൾ ശുചിയാക്കി.

- 29062 കിണറുകളുടെ റീചാർജ്ജിംഗ്, 4976 കുളങ്ങളുടെ നിർമ്മാണം, 11009 കുളങ്ങളുടെ നവീകരണം, 15,000 കിണറുകളുടെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചു.

- 1,47,239 ഏക്കർ വൃഷ്ടിപ്രദേശ പരിപാലനം പൂർത്തീകരിച്ചു.

- ഗ്രാമപഞ്ചായത്ത് തലത്തിൽ സാങ്കേതിക സമിതികൾ രൂപീകരിച്ച് നീർത്തട നടത്തം പരിപാടിയിലൂടെ വിവരശേഖരണം നടത്തിവരുന്നു. ഈ വിവരങ്ങൾ ഉൾപ്പെടുത്തി കൃഷിക്കും ജലസംരക്ഷണത്തിനും അനുയോജ്യമായ പദ്ധതി രൂപരേഖ തയ്യാറാക്കും. ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 2018-19-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. വിവരശേഖരണ പ്രക്രിയ ഇതിനകം സംസ്ഥാനത്തെ പകുതിയോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു.

- വരൾച്ച ബാധിത ജില്ലകളായ പാലക്കാട്, കാസർഗോഡ്, വയനാട്, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ എടുക്കേണ്ട നടപടികൾ സംബന്ധിച്ച് ഗവൺമെന്റിന് നിർദ്ദേശം നൽകുന്നതിനായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സാങ്കേതിക സമിതിയെ ചുമതലപ്പെടുത്തി. ഈ സമിതിയുടെ പഠനം നടന്നുവരുന്നു.

- പാറമടകളിൽ ശേഖരിക്കപ്പെടുന്ന ജലം പരിശോധനകൾക്ക് ശേഷം നിർമ്മാണ പ്രവൃത്തികൾക്കും കൃഷി ആവശ്യത്തിനും വ്യാവസായിക ആവശ്യത്തിനും നൽകുവാനും ഈ ആവശ്യങ്ങൾക്ക് ശുദ്ധജലം വിനിയോഗിക്കാതിരിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) <u>കൃഷി വികസനം-സുജലം സുഫലം</u>

- ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് പദ്ധതികൾ വഴിയും സംസ്ഥാനത്ത് 2016-17-ൽ 52,830 ഹെക്ടറിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും 725000 ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തു. 2017-18 വർഷത്തിൽ 6904757 ഹെക്ടറിൽ പച്ചക്കറി കൃഷി നടത്തുകയും ഉല്പാദനം 847264.98 ടൺ ആയി ഉയരുകയും ചെയ്തു. 40 ലക്ഷം വിത്ത് കിറ്റും 45.3 ലക്ഷം പച്ചക്കറി തൈകളും വീട്ടുവളപ്പിലെ കൃഷിക്കായി നൽകി.

- പതിമൂന്നാം പദ്ധതിയുടെ അവസാനത്തോടെ നെൽകൃഷിയുടെ വിസ്തൃതി ഒരു ലക്ഷം ഹെക്ടറിൽനിന്നും 3 ലക്ഷം ഹെക്ടറാക്കി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. അധിക വിളയിറക്കൽ, കരനെൽക്കൃഷി, തരിശു നിലങ്ങളിലെ കൃഷിയിറക്കൽ എന്നീ മാർഗ്ഗങ്ങളാണ് ഇതിനായി അവലംബിക്കുന്നത്. ഇതിനകം 7116 ഹെക്ടർ തരിശു നിലങ്ങളിൽ നെൽക്കൃഷി കൊണ്ടുവരാൻ കഴിഞ്ഞു. 2752 ഹെക്ടറിൽ കരനെൽകൃഷിയും 2947 ഹെക്ടറിൽ അധിക വിളയും ഇറക്കി. ഇപ്രകാരം 12815 ഹെക്ടറിൽ അധിക നെൽകൃഷി കൊണ്ടുവരാനായി. ഇതുൾപ്പെടെ ഹരിത കേരളം മിഷൻ പ്രവർത്തനമാരംഭിച്ചിട്ട് നാളിതുവരെയായി 22049 ഹെക്ടറിൽ നെൽകൃഷി വ്യാപനം സാധ്യമാക്കി.

- 86 ലക്ഷം വൃക്ഷത്തൈകൾ നട്ടു. 1,13,10,000 തൈകൾ തയ്യാറായി. ഈ വർഷം 3 കോടി തൈകൾ നടാൻ ലക്ഷ്യമിടുന്നു.

- സംയോജിതകൃഷി പ്രോത്സാഹനം, വീട്ടുവളപ്പിലും തരിശുഭൂമിയിലും കൃഷിവ്യാപനം, ജൈവകൃഷി പ്രോത്സാഹനവും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനവർദ്ധനയും എന്നിവ ലക്ഷ്യമിട്ടുള്ള പ്രവർത്തനം നടന്നുവരുന്നു.

- ഒരു ബ്ളോക്കിൽ ഒരു പഞ്ചായത്ത് എന്ന നിലയിൽ സംസ്ഥാനത്ത് 152 തരിശ് രഹിത പഞ്ചായത്ത് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.

- റസിഡന്റ്സ് അസോസിയേഷനുകളുടെ സഹകരണത്തോടെ എല്ലാ വീടുകളിലും ജൈവകൃഷി വ്യാപനവും പ്രോത്സാഹനവും നടപ്പാക്കാൻ പദ്ധതി തയ്യാറാവുന്നു.

(സി) <u>ശുചിത്വ-മാലിന്യ സംസ്കരണം</u>

- സമഗ്ര ശുചിത്വ-മാലിന്യ സംസ്കരണത്തിനായി സംഘടിപ്പിച്ച മാലിന്യത്തിൽനിന്നും "സ്വാതന്ത്ര്യം" കാമ്പയിനും അനുബന്ധ പ്രവർത്തനങ്ങളും സംസ്ഥാനത്ത് ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ ഒരുക്കി.
- 69 ലക്ഷം വീടുകളിൽ മാലിന്യ സംസ്കരണ അവസ്ഥാപഠനം നടത്തി. അജൈവ മാലിന്യ സംസ്കരണത്തിനും തരം തിരിക്കലിനുമായി 308 മെറ്റീരിയൽ കളക്ഷൻ സെന്ററുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 145 മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ ഇപ്പോൾ നിർമ്മാണ ഘട്ടത്തിലാണ്. 141 മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചു.
- 140 റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകളുടെ നിൽമ്മാണം പൂർത്തീകരിച്ചു. 66 റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകളുടെ നിൽമ്മാണം നടന്നുവരുന്നു. 51 റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു.
- 119 പ്ളാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചു. 49 പ്ളാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ പൂർണ്ണമായും പ്രവർത്തനം ആരംഭിച്ചു. 113 യൂണിറ്റുകൾ നിർമ്മാണ ഘട്ടത്തിലാണ്.
- ഒരു ലക്ഷം വീടുകളിൽ പുതിയതായി ഉറവിട മാലിന്യ സംസ്കരണ സംവിധാനം സജ്ജമാക്കി.
- 875 ഗ്രൂപ്പുകളിലായി 26592 അംഗങ്ങളുമായി 851 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചു.
- 865 ടണ്ണിലധികം ഇ-മാലിന്യവും 375 ടണ്ണിലധികം പ്ലാസ്റ്റിക് മാലിന്യവും അധികമായി പുനഃചംക്രമണത്തിന് കൈമാറി. 140 കി.മീ. റോഡ് ടാറിംഗിന് സംസ്കരിച്ച മാലിന്യം ഉപയോഗിച്ചു.
- 90563 പ്രോജക്ടുകൾക്ക് വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപം നൽകി. 624.36 കോടി രൂപ ഇതിനായി നീക്കിവച്ചു.

(സി) 2017-18 കാലയളവിൽ ലൈഫ് ഭവന പദ്ധതിയിൽ പുതിയ വീടുകൾ അനുവദിച്ചിട്ടില്ല.

(ഡി) ഹരിതകേരളം മിഷന്റെയും ഉപമിഷനുകളുടെയും ഭാഗമായി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

ശുചിത്വ മാലിന്യ സംസ്കരണം

| ക്രമ നമ്പർ | വിവരം | 10-4-2018 വരെ |
|---|---|---|
| 1 | ഹരിതകർമ്മസേന രൂപീകരിച്ച പഞ്ചായത്തുകൾ | 851 |
| 2 | ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | 26592 |
| 3 | മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ | 308 |
| 4 | റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ | 140 |
| 5 | ഉറവിട മാലിന്യസംസ്കരണം സജ്ജമാക്കിയ വീടുകൾ | 2 ലക്ഷം |
| 6 | ശേഖരിച്ച ഇ-മാലിന്യം | 865 ടൺ |
| 7 | ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം | 375 ടൺ |
| 8 | പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് റോഡ് ടാറിംഗ് | 140 കി.മീ. |
| 9 | തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപം നൽകിയ പദ്ധതികളുടെ എണ്ണവും നീക്കിവച്ച തുകയും | 90563 പ്രോജക്ടുകൾ, 624.36 കോടി |
| 10 | സ്ഥാപിച്ച പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ | 119 |
| 11 | നിർമ്മാണത്തിലിരിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ | 113 |
| 12 | പൂർണ്ണമായും പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ | 49 |

ജലസംരക്ഷണ: ജലസമൃദ്ധി

| ക്രമ നമ്പർ | വിവരം | 10-4-2018 വരെ |
|---|---|---|
| 1 | പുനരുജ്ജീവിപ്പിച്ച പുഴകൾ/തോടുകൾ | 9187 കി.മീ. |
| 2 | ശുചിയാക്കിയ കനാലുകൾ | 1620 |
| 3 | റീചാർജ്ജ് ചെയ്ത കിണറുകൾ | 29062 |
| 4 | നവീകരിച്ച കുളങ്ങൾ | 11009 |
| 5 | നിർമ്മിച്ച കുളങ്ങൾ | 4976 |
| 6 | നവീകരിച്ച കിണറുകൾ | 4495 |
| 7 | വൃഷ്ടിപ്രദേശ പരിപാലനം | 147230 ഏക്കർ |
| 8 | സംഘടിപ്പിച്ച നീർത്തട നടത്തം | 245 |
| 9 | നീർത്തട മാപ്പ് തയ്യാറാക്കിയ തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം | 166 |
| 10 | നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങൾ | 15 |

<u>കൃഷിവികസനം: സുജലം-സുഫലം</u>

| ക്രമനമ്പർ | വിവരം | 10-4-2018 വരെ |
|---|---|---|
| 1 | തരിശുനിലം കൃഷിയോഗ്യമാക്കിയതുൾപ്പെടെ അധിക നെൽകൃഷി | 22049 ഹെക്ടർ |
| 2 | തരിശു ഭൂമിയിലെ അധിക പച്ചക്കറി കൃഷി | 841 ഹെക്ടർ |
| 3 | വീട്ടുവളപ്പിലെ കൃഷിക്കായി നൽകിയ വിത്തും തൈകളും | 40 ലക്ഷം വിത്ത് കിറ്റ്, 45.3 ലക്ഷം പച്ചക്കറി തൈകൾ |
| 4 | നട്ടുപിടിപ്പിച്ച വൃക്ഷത്തൈകൾ | 86 ലക്ഷം തൈകൾ നട്ടു. 1,13,10,000 തൈകൾ തയ്യാറായി. |

ഹരിതകേരളം മിഷന്റെയും ഉപമിഷനുകളുടെയും ഭാഗമായി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

<u>ശുചിത്വ മാലിന്യ സംസ്കരണം</u>

1. ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഫ്ലാറ്റുകൾ, ആശുപത്രികൾ എന്നിവിടങ്ങളിലെ ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും ശാസ്ത്രീയമായും സുരക്ഷിതമായും സംരക്ഷിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിലേക്കായി സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ്, ഫുഡ് സേഫ്റ്റി അതോറിറ്റി, ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

2. കേരളത്തിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും ഗ്രീൻ ഡെസ്റ്റിനേഷനുകളായി മാറ്റുന്നതിന് ടൂറിസം വകുപ്പ്, റെസ്പോൺസിബിൾ ടൂറിസം മിഷൻ, ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്നിവയുമായി സഹകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

3. കേരളത്തിലെ എല്ലാ കുടുംബശ്രീ കുടുംബങ്ങളെയും ഹരിത പെരുമാറ്റ ചട്ടത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് കുടുംബശ്രീ മിഷനുമായി സഹകരിച്ച് ഹരിത അയൽക്കൂട്ടങ്ങളും സംരംഭങ്ങളും ആരംഭിക്കുന്നതാണ്.

4. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പൊതുസ്ഥലങ്ങളിൽ അടിഞ്ഞുകൂടുന്ന മാലിന്യ കൂമ്പാരങ്ങൾ നീക്കം ചെയ്യുകയും സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതുമാണ്.

5. എല്ലാ പൊതു ചന്തകളിലെയും മാലിന്യ സംസ്കരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതാണ്.

6. എനർജി മാനേജ്മെന്റ് സെന്ററും അനെർട്ടുമായി ചേർന്ന് സർക്കാർ ആഫീസുകളിൽ ഊർജ്ജക്ഷമതയുള്ള ഓഫീസുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

7. ശുചിത്വ മേഖലയിൽ വിജയകരമായ മാതൃകകൾ നടപ്പിലാക്കുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ ശുചിത്വ സംഗമം നടപ്പിലാക്കുന്നതാണ്.

8. ശുചിത്വമിഷന്റെ സാങ്കേതിക സഹായത്തോടെ എല്ലാ നഗരങ്ങളിലും എസ്.ടി..പി.-കൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ജലസംരക്ഷണ ഉപമിഷൻ

1. കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവയുടെ ശുചീകരണ പുനരുജ്ജീവന പ്രവൃത്തികൾ വ്യാപിപ്പിക്കും.

2. നദികൾ ജനകീയമായി ശുചീകരിച്ച് വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി പുനരുജ്ജീവിപ്പിക്കും.

3. ശുചീകരണവും മഴവെള്ള റീചാർജ്ജിംഗും കൂടുതൽ കിണറുകളിലും കുളങ്ങളിലും നടപ്പിൽ വരുത്തും.

4. ക്വാറികളിലെ ജലം ഉപയോഗിച്ച് റീചാർജ്ജിംഗ് സംവിധാനം വ്യാപിപ്പിക്കും.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജല ഉപമിഷൻ സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുള്ള നീർത്തട പ്ലാനുകളിലെ മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ നിശ്ചിത വകുപ്പുകളുടെയും ഏജൻസികളുടെയും നേതൃത്വത്തിലും അവ തമ്മിലുള്ള ഏകോപനം നിർവ്വഹണം സാദ്ധ്യമാക്കിയും നടത്തും.

6. ജലദുർവ്യയം കുറയ്ക്കുന്നതും ജലപുനരുപയോഗവും സംബന്ധിച്ച് കാമ്പയിനുകൾ സംഘടിപ്പിക്കും.

7. യോജിച്ച സ്ഥലങ്ങളിൽ അധിക ജലസംഭരണവും ഭൂജല പരിപോഷണവും ലക്ഷ്യമിട്ട് കൂടുതൽ കുളങ്ങൾ നിർമ്മിക്കും.

കൃഷി ഉപമിഷൻ - സുജലം സുഫലം

1. തരിശുരഹിത ഗ്രാമം കാമ്പയിൻ - തരിശു ഭൂമികൾ കണ്ടുപിടിച്ച് അവിടെ തരിശിടുന്നതിനുള്ള കാരണങ്ങൾ പരിഹരിച്ചുകൊണ്ട് തരിശു ഭൂമിയിൽ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിടുന്നു.

2. പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത - പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനു വേണ്ടി ഓരോ പഞ്ചായത്തിലും ഒരു വാർഡിലെങ്കിലും മുഴുവൻ വീടുകളിലും പച്ചക്കറി കൃഷി നടപ്പിലാക്കുന്ന ഹരിത സമൃദ്ധി കാമ്പയിൻ.

3. ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതികൾ തുടർന്നും നടന്നുവരുന്നു.

4. സംയോജിത കൃഷി രീതികളുടെ വ്യാപനം.

5. കുടുംബശ്രീ, സഹകരണ സംഘങ്ങൾ ഇവയുടെ ഇടപെടൽ മറ്റ് കാർഷിക പദ്ധതികളുമായി ഏകോപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. കേരളത്തിന്റെ തനതു ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ.

**വൻകിട പദ്ധതികളുടെ നിർമ്മാണ പുരോഗതി**

4 (1950) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഈ സർക്കാർ തുടങ്ങിയതും പൂർത്തിയാക്കിയതുമായ വൻകിട പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതി, തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ, കണ്ണൂർ എയർപോർട്ട് എന്നിവ നടപ്പിലാക്കുന്നതിലുണ്ടായിട്ടുള്ള പുരോഗതി വിശദമാക്കുമോ;

(സി) തിരുവനന്തപുരം - കാസർഗോഡ് ഹൈസ്പീഡ് റെയിൽ പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണ്; ഈ പദ്ധതിക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചു;

(ഡി) പ്രസ്തുത പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി ഉപേക്ഷിക്കുവാനുള്ള കാരണമെന്താണെന്നും അതിന് ബദലായി ആവിഷ്കരിച്ച പുതിയ പദ്ധതിയെന്തെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തുടങ്ങിയതും പുരോഗമിച്ചുവരുന്നതുമായ പദ്ധതികൾ

- കൊച്ചി വാട്ടർ മെട്രോ
- ശബരിമല വിമാനത്താവളം
- അഴീക്കൽ തുറമുഖം
- മലനാട് ക്രൂയിസ്
- കെ-ഫോൺ
- ശബരിമല ഇടത്താവളം
- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി
- എൽ.ഇ.ഡി. മിഷൻ
- ഹരിതകേരളം മിഷൻ
- ആർദ്രം
- ലൈഫ് പാർപ്പിട പദ്ധതി
- 141 അന്താരാഷ്ട്ര സ്കൂളുകൾ, 45,000 സ്മാർട്ട് ക്ലാസ് റൂമുകൾ എന്നിവ ഉൾപ്പെട്ട പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം
- ആലപ്പുഴ, കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ്
- മലയോര തീരദേശ ഹൈവേ
- 8 ജില്ലകളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ
- തിരുവനന്തപുരം സ്മാർട്ട് സിറ്റി
- നിസ്സാൻ ഗ്ലോബൽ ഡിജിറ്റൽ ഹബ്ബ്
- കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതാ വികസനം
- 14 ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങൾ
- റെയിൽവേ വികസനത്തിനായി റെയിൽവേയുമായി ചേർന്ന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ
- മാഹി-തലശ്ശേരി ബൈപ്പാസും കോഴിക്കോട് ബൈപ്പാസ് വീതികൂട്ടലും ( കേന്ദ്ര സഹായത്തോടെ)

- ഗെയ്ൽ
- ഇടമൺ, കൊച്ചി ലൈൻ
- സിറ്റി ഗ്യാസ് വിതരണ പദ്ധതി
- ആലപ്പുഴ, കൊല്ലം ബൈപ്പാസുകൾ
- ദേശീയ ജലപാത.

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതി

നിർമ്മാണ പ്രവർത്തികൾ-600 മീറ്റർ നീളത്തിൽ കടൽഭിത്തി (Break water) 33 ഹെക്ടർ കണ്ടെയ്നർ യാർഡ് പുനരുപയുക്തമാക്കൽ, 183 എണ്ണം തൂണുകളുടെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. ബർത്തിനാവശ്യമായ കോൺക്രീറ്റ് പ്രീകാസ്റ്റിംഗ് പ്രവർത്തികൾ, അതിർത്തി ഭിത്തികളുടെ നിർമ്മാണം, 2 കി.മീ. ദൈർഘ്യമുള്ള റോഡിനായുള്ള നിർമ്മാണത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

പശ്ചാത്തല സൗകര്യ പ്രവർത്തനങ്ങൾ-വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം, 11 കെ.വി. വൈദ്യുതലൈനിന്റെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. കാട്ടാക്കട പവർ സ്റ്റേഷനിൽനിന്നും വിഴിഞ്ഞം പവർ സ്റ്റേഷൻ വരെയുള്ള 220 കെ.വി. ലൈൻ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. തുറമുഖത്ത് നിന്നും ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ ബന്ധം നടപ്പിലാക്കുന്നതിനുള്ള ഉടമ്പടി ഒപ്പുവച്ചു.

ഭൂമി ഏറ്റെടുക്കൽ-പദ്ധതിക്കാവശ്യമായ റവന്യൂ ഭൂമിയുടെ 92 ശതമാനവും (84.61 ഹെക്ടർ) ഏറ്റെടുത്തുകഴിഞ്ഞു. ബാക്കി ഭൂമി ഏറ്റെടുക്കൽ പ്രവർത്തനം പുരോഗമിക്കുന്നു.

ഇതുവരെ 22.75 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്.

തിരുവനന്തപുരം കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ

2017 ആഗസ്റ്റിൽ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച പുതുക്കിയ മെട്രോ നയത്തിനനുസൃതമായി തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദ രേഖകളിൽ (DPR) ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2017 ഡിസംബറിൽ DMRC കേരള സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു. പുതുക്കിയ പദ്ധതി രേഖകൾ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സെക്രട്ടറിതല സമിതി പരിശോധിച്ചുവരികയാണ്. അന്തിമ തീരുമാനം എടുത്തിട്ടില്ല.

<u>കണ്ണൂർ എയർപോർട്ട്</u>

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേയും ഏപ്രണും (വിമാന പാർക്കിംഗ് ഏരിയ) പൂർത്തിയായി. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ ലൈസൻസ് ലഭിക്കുന്നതോടുകൂടി പ്രവർത്തനക്ഷമമാകും. പാസ്സഞ്ചർ ടെർമിനൽ ബിൽഡിംഗും അനുബന്ധ പ്രവർത്തികളും പൂർത്തിയായി. എയർ ട്രാഫിക് കൺട്രോൾ ടവറിന്റെ പ്രവർത്തി പൂർത്തിയാക്കി എയർപോർട്ട് അതോറിറ്റിക്ക് ഉടൻ കൈമാറും. കാർഗോ കോംപ്ലക്സ്, സി.ഐ.എസ്.എഫ് ബാരക്ക്, അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. ഏകദേശം ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതാണ്. പാരലൽടാക്സി ട്രാക്ക് നിർമ്മാണം പൂർത്തിയായി. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ഇൻസ്ട്രുമെന്റ് ലാന്റിംഗ് സിസ്റ്റം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ ഡയറക്ടർ ഓഫ് സിവിൽ ഏവിയേഷന്റെ പ്രീ-ലൈസൻസിംഗ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. വിമാനത്താവളം 2018-ൽ തന്നെ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 510 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമെ മൂന്നും നാലും പാത എന്ന പദ്ധതി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കുകയും 2017 ഡിസംബർ അവസാനത്തോടുകൂടി റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതിയുടെ ചെലവും സങ്കീർണ്ണതയും കണക്കിലെടുത്ത് വിശദമായ ഒരു പഠനം നടത്തി വീണ്ടും കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുവാൻ റെയിൽവേ ബോർഡ് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിലേയ്ക്കുള്ള കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. തിരുവനന്തപുരത്തിനും കാസർഗോഡിനുമിടയിൽ 627 വളവുകൾ ഉള്ളതിനാലും ഇവ വേഗതയെ ബാധിക്കുമെന്നതിനാലും ഹൈസ്പീഡ് റെയൽപദ്ധതി സെമി ഹൈസ്പീഡ് പദ്ധതിയാക്കി മാറ്റിയിട്ടുണ്ട്.

**സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം**

5 (1951) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം കൂട്ടുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ഏതെങ്കിലും വിഭാഗം സർക്കാർ ജീവനക്കാരുടെ/അദ്ധ്യാപകരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാനുണ്ടായ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്; 28-11-2017 ലെ സ.ഉ (കൈ) നമ്പർ 169/2017/ആ.കു.വ. നമ്പർ പ്രകാരം സംസ്ഥാന ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സായും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 62 വയസ്സായും വർദ്ധിപ്പിച്ചു.

(സി) സംസ്ഥാനം സേവന സന്നദ്ധരായ ഡോക്ടർമാരുടെ അഭാവം നേരിടുകയാണ് എന്നതും സംസ്ഥാനത്ത് നിരന്തരമുണ്ടാകുന്ന പകർച്ചവ്യാധികളും കാലാവസ്ഥാജന്യരോഗങ്ങളും നേരിടുന്നതിന് പരിചയസമ്പന്നരും സേവന സന്നദ്ധരുമായ ഡോക്ടർമാരുടെ സേവനം അത്യാവശ്യമാണ് എന്നതും പരിഗണിച്ചാണ് ആരോഗ്യ വകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചത്.

**റദ്ദാക്കിയ മന്ത്രിസഭാ തീരുമാനങ്ങൾ**

6 (1952) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2011-2016 കാലയളവിലെ എത്ര മന്ത്രിസഭാ തീരുമാനങ്ങളേയും ഉത്തരവുകളേയുമാണ് ഈ സർക്കാർ പുനഃപരിശോധനയ്ക്ക് വിധേയമാക്കിയത്; ഇതിൽ എത്ര എണ്ണം ഈ സർക്കാർ റദ്ദു ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

2011-2016 കാലഘട്ടത്തിൽ 1-1-2016 മുതൽ 30-4-2016 വരെയുള്ള കാലയളവിലെ മന്ത്രിസഭായോഗ തീരുമാനങ്ങളാണ് പുനഃപരിശോധിക്കുന്നതിന് തീരുമാനിച്ചിരുന്നത്. പുനപരിശോധനയ്ക്കായി നിയോഗിക്കപ്പെട്ട മന്ത്രിസഭാ ഉപസമിതി റദ്ദുചെയ്യുന്നതിന് ശിപാർശ ചെയ്തിരുന്ന തീരുമാനങ്ങളിൽ, അനുബന്ധമായി* ചേർത്തിരിക്കുന്ന 48 തീരുമാനങ്ങൾ റദ്ദുചെയ്യുന്നതിന് 14-3-2017 ന് ചേർന്ന മന്ത്രിസഭായോഗം അനുമതി നൽകിയിരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സർക്കാരിന്റെ രണ്ടാം ഭരണവാർഷികാഘോഷം

7 (1953) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തോടനുബന്ധിച്ച് പരസ്യങ്ങൾ, മറ്റ് ചടങ്ങുകൾ എന്നിവയ്ക്കായി എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ; ഇനം തിരിച്ച ചെലവ് വിശദമാക്കുമോ;

(ബി) രണ്ടാം ഭരണവാർഷികാഘോഷത്തോടനുബന്ധിച്ച് എത്ര തുകയാണ് ചെലവഴിക്കാൻ അനുവാദം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) സംസ്ഥാന മന്ത്രിസഭയുടെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് പരസ്യങ്ങൾ, മറ്റ് ചടങ്ങുകൾ എന്നിവയ്ക്കായി ആകെ 17,59,61,396 (പതിനേഴ് കോടി അമ്പത്തി ഒമ്പത് ലക്ഷത്തി അറുപത്തി ഒന്നായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ആറ് രൂപ മാത്രം) രൂപ ചെലവായിട്ടുണ്ട്. ഇനം തിരിച്ച് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ചെലവായ തുക |
|---|---|
| പത്രപരസ്യങ്ങൾ | 10,18,69,881 |
| ടി.വി. ചാനലുകളിലെ പരസ്യം | 4,05,66,084 |
| എഫ്.എം. ചാനലുകളിലെ പരസ്യം | 80,32,283 |
| ഓൺലൈൻ മാധ്യമങ്ങളിലെ പരസ്യം | 3,69,739 |
| സോഷ്യൽ മീഡിയ പരസ്യം | 40,24,832 |
| കെ.എസ്.ആർ.ടി.സി. ബസ് പരസ്യം | 24,15,000 |
| ട്രെയിൻ റാപ്പിംഗ് | 13,27,500 |
| റെയിൽവേ ജിംഗിൾസ് | 36,01,950 |
| താത്കാലിക ഹോർഡിംഗുകൾ | 22,07,520 |
| തൃശ്ശൂർ ഷൊർണ്ണൂർ ബ്രിഡ്ജിൽ പോൾ കിയോസ്കുകൾ | 4,39,323 |
| സംസ്ഥാനത്തുടനീളം ഇൻസ്റ്റലേഷൻ വർക്കുകൾ | 31,06,785 |
| റെയിൽവേ സ്റ്റേഷൻ ടി.വി. ആഡ്സ് | 3,81,376 |
| ഹോർഡിംഗുകൾ | 13,91,423 |
| എൽ.ഇ.ഡി. ഹോർഡിംഗുകൾ | 2,27,700 |
| മറ്റ് ചടങ്ങുകൾ | 60,00,000 |

(ബി) 17-3-2018-ലെ സ.ഉ.(സാധാ)നമ്പർ 55/2018/ഐ&പി.ആർ. പ്രകാരം സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 16.01 കോടി രൂപ ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

**സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായുള്ള പരസ്യം**

8 (T* 1954) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പത്ര ദൃശ്യ മാധ്യമങ്ങളിലൂടെയും എഫ്. എം. റേഡിയോ വഴിയും പരസ്യം നൽകിയിരുന്നോ; ഉണ്ടെങ്കിൽ എത്ര ദിവസമാണ് പരസ്യം നൽകിയത്;

(ബി) ഏതൊക്കെ പത്ര ദൃശ്യ മാധ്യമങ്ങളിലൂടെയാണ് പരസ്യം നൽകിയത്; പ്രസ്തുത പരസ്യം നൽകുന്നതിന് എത്ര കോടി രൂപയുടെ ചെലവ് ഉണ്ടായി;

(സി) പത്ര, ദൃശ്യ മാധ്യമങ്ങൾക്കും എഫ്.എം. റേഡിയോകൾക്കും നൽകിയ തുകയുടെ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പത്രങ്ങളിലും എഫ്.എം. റേഡിയോ വഴിയും പരസ്യം നൽകിയിട്ടുണ്ട്. ദൃശ്യമാധ്യമങ്ങളിൽ പരസ്യം ഇതുവരെ നൽകിയിട്ടില്ല. ദൃശ്യ മാധ്യമങ്ങളിൽ പരസ്യം നൽകുന്ന വിഷയം പരിഗണനയിലാണ്. പത്രങ്ങളിൽ 3 (മൂന്ന്) ദിവസങ്ങളിലായി പരസ്യം നൽകിയിട്ടുണ്ട്. എഫ്.എം. റേഡിയോവഴി 13 ദിവസം പരസ്യം നൽകിയിട്ടുണ്ട്.

(ബി) മാവേലിക്കര എഡിഷൻ തനിനിറം എക്സ്പ്രസ് ദിനപ്പത്രം ഒഴികെ മീഡിയാ ലിസ്റ്റിൽ ഉൾപ്പെട്ട A,B,C,D,E കാറ്റഗറിയിലുള്ള എല്ലാ മലയാളം, ഇംഗ്ലീഷ് ദിനപ്പത്രങ്ങൾക്കും തീക്കതിർ, ദിനകരൻ എന്നീ തമിഴ് പത്രങ്ങൾക്കും വിജയകർണ്ണാടക, വാർത്താ ഭാരതി, ഹോസാഡിഗന്ത എന്നീ കന്നട ദിനപ്പത്രങ്ങൾക്കും പരസ്യം നൽകിയിട്ടുണ്ട്. പരസ്യം നൽകിയ പത്രങ്ങളുടെ ലിസ്റ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.* എ.ഐ.ആർ. എഫ്.എം., ക്ലബ്ബ് എഫ്.എം., റെഡ് എഫ്.എം., റേഡിയോ മാംഗോ, റേഡിയോ മിർച്ചി, ബിഗ് എഫ്.എം. എന്നീ 6 എഫ്.എം. റേഡിയോകൾ വഴിയും പരസ്യം നൽകിയിട്ടുണ്ട്. മാധ്യമ സ്ഥാപനങ്ങൾ ബില്ലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുക ചെലവഴിച്ചിട്ടില്ല.

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പത്രമാധ്യമങ്ങളും എഫ്.എം. റേഡിയോകളും ഇതുവഴി ബില്ലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുകയൊന്നും നൽകിയിട്ടില്ല.

## സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട്

9 (1955) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് പുറത്തിറക്കിയിട്ടുണ്ടോ;

(ബി) പ്രഖ്യാപിച്ച ഏതൊക്കെ കാര്യങ്ങളാണ് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ നടപ്പിലാക്കുവാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ;

(സി) ഏറ്റവും നല്ല നിലയിൽ പ്രവർത്തിച്ചത് ഏത് വകുപ്പാണെന്നും ഏറ്റവും മോശം നിലയിൽ പ്രവർത്തിച്ചത് ഏത് വകുപ്പാണെന്നും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) അഞ്ചുവർഷംകൊണ്ട് നടപ്പാക്കുന്നതിനായി എൽ.ഡി.എഫ്. പ്രകടന പത്രികയിൽ പ്രഖ്യാപിച്ച 600 കാര്യങ്ങളിൽ ഓരോന്നിലും കൈക്കൊണ്ട നടപടികൾ അതതു പ്രഖ്യാപനങ്ങൾക്കൊപ്പം പ്രോഗ്രസ് റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

(സി) വകുപ്പ് തിരിച്ചുള്ള വിലയിരുത്തൽ നടത്തിയിട്ടില്ല. എന്നാൽ, ഓരോ മേഖലയും പ്രത്യേക തലക്കെട്ടുകളായി പ്രതിപാദിച്ചിട്ടുണ്ട്.

## സർക്കുലറുകൾ കൂട്ടത്തോടെ റദ്ദ് ചെയ്യേണ്ടിവന്ന സാഹചര്യം

10 (1956) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഏതെങ്കിലും വകുപ്പ് മേധാവി ചുരുങ്ങിയ സമയം കൊണ്ട് ഇറക്കിയ നാല്പതോളം സർക്കുലറുകൾ ഗവൺമെന്റ് രണ്ട് വർഷം പൂർത്തിയാക്കുന്ന വേളയിൽ കൂട്ടത്തോടെ റദ്ദ് ചെയ്യേണ്ടിവന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) എങ്കിൽ ആരായിരുന്നു ആ വകുപ്പ് മേധാവി; കൃത്യമായും എത്ര സർക്കുലറുകളാണ് ഈ വകുപ്പ് മേധാവി ചുരുങ്ങിയ അധികാര സമയം കൊണ്ട് പുറപ്പെടുവിച്ചത്; അതിൽ എത്ര എണ്ണമാണ് ഇപ്പോൾ റദ്ദുചെയ്യേണ്ടി വന്നത്; അറിയിക്കാമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥൻ ഉത്തരവോ സർക്കുലറോ ഇറക്കുമ്പോൾ ബന്ധപ്പെട്ട മേധാവിയുടെ അനുമതി തേടിയിരുന്നോ; എങ്കിൽ അതിന് അനുമതി നൽകിയിരുന്നോ; അനുമതി ലഭിക്കാതെ സർക്കുലറുകൾ ഇറക്കിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് തൽസമയം അത് നിയന്ത്രിക്കാനോ ടിയാനെതിരെ നടപടിയെടുക്കുവാനോ സാധിക്കാതിരുന്നത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥന്റെ അത്തരം നീക്കങ്ങൾ നിയന്ത്രിക്കുന്നതിന് എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല എന്നതിനുള്ള വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ശ്രീ. ജേക്കബ് തോമസ് ഐ.പി.എസ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ആയിരുന്ന 2016 കാലഘട്ടത്തിൽ വിജിലൻസിനെ സംബന്ധിച്ച് 36 സർക്കുലറുകൾ പുറപ്പെടുവിക്കുകയുണ്ടായി. ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിലവിലുള്ള ഗവൺമെന്റ് ഉത്തരവുകളും സർക്കുലറുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 29-3-2017-ലെ ജി. ഒ. (പി.) 09/17/വിജി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിനും വിജിലൻസ് മാനുവലിനും മറ്റ് ഗവൺമെന്റ് ഉത്തരവുകൾക്കും സർക്കുലറുകൾക്കും അനുസൃതമല്ലാതെയുള്ള സർക്കുലറുകൾ (സർക്കുലർ 1/16 മുതൽ 36/16 വരെ) പരിശോധിക്കാൻ വേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം, വിജിലൻസ് മാനുവലിന്റെയും സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ 05/2016, 08/2016, 27/2016, 34/2016, 35/2016 എന്നീ 5 സർക്കുലറുകൾ നിലനിർത്താനും ബാക്കിയുള്ള മുപ്പത്തിയൊന്ന് സർക്കുലറുകൾ അസ്ഥിരപ്പെടുത്തുവാനും തീരുമാനിച്ചു.

(സി&ഡി) വകുപ്പ് മേധാവിക്ക് തന്നിൽ നിക്ഷിപ്തമായ അധികാര പരിധി പാലിച്ചുകൊണ്ട് വകുപ്പിനെ സംബന്ധിക്കുന്ന സർക്കുലറുകൾ ഇറക്കുവാൻ അധികാരമുണ്ട്. ആയതിന് ഉയർന്ന തലത്തിലുള്ള അനുമതി ആവശ്യമില്ല.

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് സംരക്ഷണം**

11 (1957) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻഡോസൾഫാൻ ദുരിതമനുഭവിക്കുന്നവർക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; ആയത് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) എൻഡോസൾഫാൻ ദുരിതമനുഭവിക്കുന്നവരെ സംരക്ഷിക്കാൻ എന്തെല്ലാം നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രത്യേക ധനസഹായം നൽകുന്നതിലേയ്ക്ക് 56.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യ ചികിത്സ അനുവദിച്ച വകയിൽ 4.6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2013 ആഗസ്റ്റ് മാസം നടത്തിയ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുത്തവരിൽനിന്നും നിലവിലുള്ള മാനദണ്ഡപ്രകാരം ദുരിതബാധിത പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതും എന്നാൽ ഗുരുതര രോഗമുള്ളവരുമായ 127 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഒരു ലക്ഷം രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം ആകെ 62.63 കോടി രൂപ മേൽ ഇനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്ക് പ്രത്യേകമായി തയ്യാറാക്കിയിട്ടില്ല.

(ബി) വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

**സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ**

12 (1958) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2018 മേയ് 31 തീയതി വരെ എത്ര ഫയലുകൾ തീരുമാനമാകാതെ ഉണ്ട്; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും ഓഫീസുകളിൽ തീരുമാനം ആകാതെ കിടക്കുന്ന ഫയലുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഫയലുകൾ കെട്ടിക്കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഫയലുകൾ കെട്ടിക്കിടക്കുന്ന സാഹചര്യമില്ല. സങ്കീർണ്ണവും നിയമപരവുമായ തീരുമാനങ്ങളാവശ്യമായ ഫയലുകൾ ഒഴികെയുള്ളവയെല്ലാം സമയ പരിധിക്കുള്ളിൽ തീരുമാനമെടുത്ത് തീർപ്പാക്കുന്നുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മറ്റൊരു ഉദ്യോഗസ്ഥന് ചുമതല വഹിക്കാനാവുന്ന തരത്തിൽ സെക്രട്ടേറിയറ്റിൽ ലിങ്ക് ഓഫീസർ സമ്പ്രദായം നടപ്പിലാക്കിയത് ഫയൽ നീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

13 (1959) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; വകുപ്പുതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ തസ്തികയിൽ ഓരോ വകുപ്പിലും എത്ര പേർ കരാർ അടിസ്ഥാനത്തിലോ ദിവസ വേതന അടിസ്ഥാനത്തിലോ ജോലി ചെയ്യുന്നുണ്ട്; വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) വിവിധ വകുപ്പുകളിൽ നിലവിലുള്ള ഇത്തരം എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവിധ വകുപ്പുകളിൽ നിന്നും 5 ഒഴിവുകൾ പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ജില്ല | വകുപ്പ് | ഒഴിവുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | ഹാർബർ എഞ്ചിനീയറിംഗ് | 1 |
| കൊല്ലം | ഇൻഡസ്ട്രീസ് & കൊമേഴ്സ്, | 1 HQ vacancy |
| | ക്രിമിനൽ ജുഡീഷ്യറി | 1 |
| മലപ്പുറം | റവന്യൂ | 1-8-2018-ൽ നിലവിൽ വരുന്ന ഒരു പ്രതീക്ഷിത ഒഴിവ് |
| കോഴിക്കോട് | മെഡിക്കൽ കോളേജ് | 2 |

വകുപ്പ് തലത്തിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

### പി.എച്ച്.ഡി-ക്ക് രജിസ്റ്റർ ചെയ്ത നാട്പാക് ജീവനക്കാർ

14 (1960) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്പാകിലെ ഷാഹിം. എസ്, സഞ്ജയ് കുമാർ. വി. എസ്, സബിത എൻ. എം, വീണ കെ. എസ്, ശാലിനി. യു എന്നിവർ പി.എച്ച്.ഡി ചെയ്യുന്നത്/രജിസ്റ്റർ ചെയ്തിരിക്കുന്നത് സർക്കാരിന്റെ അനുമതിയോട് കൂടിയാണോ; ആണെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സർവ്വീസിലിരിക്കുമ്പോൾ ലഭ്യമായ അവധിയെടുക്കാതെ പി.എച്ച്.ഡി ചെയ്യുവാൻ സാധ്യമാണോ; അങ്ങനെയെങ്കിൽ ഒരേ സമയം സർവീസിലെ വേതനം കൈപ്പറ്റുകയും പി.എച്ച്.ഡി ചെയ്യുകയും ചെയ്യുന്നത് നിലവിലെ സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരം ചട്ടവിരുദ്ധമായ കാര്യങ്ങൾ നടത്തുന്നവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) അല്ല. ബാധകമല്ല.

(ബി&സി) പരിശോധിച്ചുവരുന്നു.

### ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ

15 (1961) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ എല്ലാ രജിസ്റ്ററുകളും, ഹാജർ പുസ്തകവും, അവധി രജിസ്റ്ററുകളും മലയാളത്തിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ജീവനക്കാർക്കെതിരെ സ്വീകരിക്കുന്ന ശിക്ഷാ നടപടികൾ സംബന്ധിച്ച കാര്യങ്ങളും, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം തുടങ്ങിയ ഉത്തരവുകളും മലയാളത്തിൽ ആക്കുന്നതിന് നൽകിയ നിർദ്ദേശം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി കർശന നിർദ്ദേശം നൽകുമോ;

(ഡി) സാധാരണക്കാർ കൂടുതലായി ആശ്രയിക്കുന്ന വില്ലേജ്, പഞ്ചായത്ത് തുടങ്ങിയ ഓഫീസുകളിലെ നടപടികൾ പൂർണ്ണതോതിൽ മലയാളത്തിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇതുവരെ മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടില്ലാത്ത എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും ഇനി രൂപവൽക്കരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സർക്കാർ/അർദ്ധസർക്കാർ/ സ്വയംഭരണ/ പൊതുമേഖല/ സഹകരണ/ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിനു വേണ്ടി എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും 2017 മേയ് 1 മുതൽ നിർബന്ധമായും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭരണഭാഷാ പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

ഭരണഭാഷാമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഭരണഭാഷാ വർഷാഘോഷം ദീർഘിപ്പിക്കുകയുണ്ടായി. ഈ കാലയളവിൽ വിവിധ വകുപ്പുകളും സ്ഥാപനങ്ങളും ഭരണഭാഷാ വ്യാപനത്തിനായി പ്രത്യേക കർമ്മപരിപാടി തയ്യാറാക്കി നടപ്പിലാക്കണമെന്ന് നിർദ്ദേശം നൽകുകയും കർമ്മപരിപാടിയുടെ മാതൃക ഔദ്യോഗികഭാഷാവകുപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. യൂണിക്കോഡ് അധിഷ്ഠിത ഫോണ്ടിൽ മലയാളം കമ്പ്യൂട്ടിങ്ങ് പരിശീലനം, ഭരണഭാഷാ പരിശീലനം,കോഡുകളും മാന്വലുകളും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ, ഭരണഭാഷാപ്രചാരണം, ബോർഡുകൾ മലയാളത്തിലാക്കൽ, വെബ്സൈറ്റിലെ വിവരം മലയാളത്തിൽ കൂടി ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടാണ് കർമ്മപരിപാടി രൂപപ്പെടുത്തിയത്. കൂടാതെ പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനായി ഓരോ വകുപ്പിലും ഏകോപനാധികാരിയെ നിയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭരണ രംഗത്ത് മലയാളത്തിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതിനുവേണ്ടി സർക്കാർ ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനമായി വിവിധ തലത്തിൽ ഭരണഭാഷാ പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിരുന്നത് ക്ലാസ് I, II വിഭാഗങ്ങൾക്കും ബാധകമാക്കി. കൂടാതെ മികച്ച ഭാഷാമാറ്റപുരോഗതി കൈവരിക്കുന്ന ജില്ലയ്ക്കും വകുപ്പിനും ഭരണഭാഷാപുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.

ഭരണഭാഷ സംബന്ധിച്ച് ജില്ലാ ഓഫീസർമാർക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും ഭരണഭാഷാ വ്യാപനത്തിന്റെ പ്രാധാന്യം ഉദ്ബോധിപ്പിക്കുന്നതിനുമായി ജില്ലാതല ഭരണഭാഷാവബോധ പരിപാടി മലപ്പുറം, കണ്ണൂർ, കൊല്ലം, കോട്ടയം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലും കോഴിക്കോട് സർവ്വകലാശാലയിലും സംഘടിപ്പിച്ചിട്ടുണ്ട്.

ഭരണഭാഷയായി മലയാളം ഉപയോഗിക്കുന്നതിനു സഹായകമായ രീതിയിൽ 'ഭരണമലയാളം' എന്ന പേരിൽ ഔദ്യോഗികഭാഷാവകുപ്പ് ഒരു ഓൺലൈൻ നിഘണ്ടു തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഓൺലൈൻ നിഘണ്ടുവിൽ, ഭരണരംഗത്തുപയോഗിക്കുന്ന ഇരുപതിനായിരത്തോളം പദങ്ങളും പ്രയോഗങ്ങളും അവയുടെ നിരവധി മലയാളരൂപങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത നിഘണ്ടു glossary.kerala.gov.in ഡൊമെയ്ൻ വിലാസത്തിൽ ലഭ്യമാണ്. ഭരണഭാഷ സംബന്ധിച്ച 'ഭരണമലയാളം' മൊബൈൽ ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേ സ്റ്റോറിൽനിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടാതെ ഭരണഭാഷ മലയാളമായി ഉപയോഗിക്കുന്നതിന് സഹായകമായ രീതിയിൽ 'ഭരണഭാഷാ പഠനപദ്ധതി' എന്ന പുസ്തകം ഔദ്യോഗികഭാഷാവകുപ്പ് പുനഃപ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

സംസ്ഥാനത്തെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടിക്രമങ്ങൾ, ജീവനക്കാർക്ക് നൽകുന്ന മെമ്മോകൾ, ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം, നിയമന ഉത്തരവുകൾ എന്നിവ ഉൾപ്പെടെയുള്ള സർവ്വീസ് സംബന്ധിച്ച വിഷയങ്ങൾ മലയാളത്തിലായിരിക്കണമെന്നു നിർദ്ദേശിച്ചുകൊണ്ടും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

വിവിധ സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ദ്വിഭാഷ രീതിയിലായിരിക്കണമെന്നും ഇതിനായി അതത് വകുപ്പുകളുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതുണ്ടെന്നും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വ്യക്തിഗത രജിസ്റ്റർ (പേഴ്സണൽ രജിസ്റ്റർ), ഹാജർ പുസ്തകം ആകസ്മികാവധി രജിസ്റ്റർ, വിവിധ തരത്തിലുള്ള അപേക്ഷാ ഫാറങ്ങൾ (അവധി അപേക്ഷ ഉൾപ്പെടെ) എന്നിവയെല്ലാം പൂർണ്ണമായും മലയാളത്തിൽ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖല/ സ്വയംഭരണ/ സഹകരണസ്ഥാപനങ്ങളിലെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടിക്രമങ്ങൾ, സർവ്വീസ് സംബന്ധമായ വിഷയങ്ങൾ തുടങ്ങിയവ പൂർണ്ണമായും മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്, പഞ്ചായത്ത് വകുപ്പിൽ 1-8-1985-ലെ 7223/ഔ.ഭാ.3/83/ ഉ.ഭ.പ.വ നമ്പർ വിജ്ഞാപനപ്രകാരവും റവന്യൂ വകുപ്പിൽ 6-10-1989-ലെ 5909/ഔ.ഭാ.3/88/ ഉ.ഭ.പ.വ വിജ്ഞാനപ്രകാരവും ഔദ്യോഗികഭാഷ മലയാളമാക്കിയിട്ടുണ്ട്.

## ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രൊമോഷൻ

16 (1962) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി.സി./ഏതെങ്കിലും തസ്തികയിലേയ്ക്ക് പ്രൊമോഷനുവേണ്ടി 10% ക്വാട്ട ഏർപ്പെടുത്തി മുൻ സർക്കാരിന്റെ കാലത്ത് ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഈ ഉത്തരവ് പ്രകാരം 10% ക്വാട്ടയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) പ്രൊമോഷന് വേണ്ടി ക്വാട്ട ഏർപ്പെടുത്തിയിട്ടില്ല. തസ്തികമാറ്റംവഴി നിയമനത്തിന് ഉത്തരവായിട്ടുണ്ട്.

(ബി) തസ്തികമാറ്റ നിയമന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു *.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പഞ്ചിംഗ് സമ്പ്രദായം**

17 (1963) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓഫീസ് നടപടിക്രമങ്ങൾ നിരീക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) ഏതെല്ലാം വകുപ്പുകളിലാണ് നിലവിൽ പഞ്ചിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) പഞ്ചിംഗ് ഏർപ്പെടുത്തിയ ഓഫീസുകളിൽ ജീവനക്കാരുടെ ഹാജർ നിലയും ജോലിയിലുള്ള കാര്യക്ഷമതയും വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പുതുതായി ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ജനോപകാരമായ മാറ്റങ്ങൾ ആവിഷ്കരിക്കുന്നതിനും സിവിൽ സർവ്വീസ് ആധുനികവൽക്കരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ആയത് സംബന്ധിച്ച ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നാലാം ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. വകുപ്പുതല ചട്ടക്കൂടുകൾ ഇല്ലാതാക്കുക, പ്രഗത്ഭരായ യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുക, മധ്യതല സംവിധാനം ശക്തമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു.

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. സംസ്ഥാന പരിശീലന നയത്തിന് രൂപം നൽകി.

സർക്കാർ ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ 1-1-2018 മുതൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം കർശനമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് സ്പാർക്ക് മുഖേന ശമ്പളം കൈപ്പറ്റുന്ന എല്ലാ സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം 2018 ഒക്ടോബർ 1-നകവും സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽ ഡിസംബർ 3-നകവും സ്ഥാപിച്ച് നടപ്പിൽ വരുത്തുവാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ മുൻഗണന നൽകണമെന്നതും സംബന്ധിച്ച് നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി - ഡി) സെക്രട്ടേറിയറ്റിലെ ജീവനക്കാർ കൃത്യസമയത്ത് ഓഫീസിൽ ഹാജരാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് 1-1-2018 മുതൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം സ്ഥാപിച്ചിട്ടുണ്ട്. ആയതിന് ശേഷം സെക്രട്ടേറിയറ്റിലെ ഹാജർ നിലയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മറ്റ് ഓഫീസുകളിൽ ഈ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സംസ്ഥാനത്ത് സ്പാർക്ക് മുഖേന ശമ്പളം കൈപ്പറ്റുന്ന എല്ലാ സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം 2018 ഒക്ടോബർ 1-നകവും സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽ ഡിസംബർ 31-നകവും സ്ഥാപിച്ച് നടപ്പിൽ വരുത്തുവാൻ നിർദ്ദേശിച്ചുകൊണ്ട് 18-5-2018-ൽ സ.ഉ (കൈ)നമ്പർ 108/2018/ പൊഭവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ഫയലുകൾ താമസിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി

18 (1964) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ഓഫീസുകളും സെക്രട്ടേറിയറ്റും കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞതിനുശേഷവും പല തീരുമാനങ്ങളുമെടുക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫയലുകൾ വച്ച് താമസിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഏതെങ്കിലും ഉദ്യോഗസ്ഥൻ ലീവെടുത്താൽ ആ സെക്ഷനിലെ ഫയൽ മറ്റാർക്കും നടപടിയെടുക്കാൻ കഴിയാത്ത രൂപത്തിൽ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാകുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട ഓഫീസ് മാന്വലുകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇ-ഓഫീസ് സംവിധാനത്തിലൂടെ ഫയൽ നീക്കം ത്വരിതഗതിയിലാക്കിയിട്ടുണ്ട്. കീഴ് കാര്യാലയങ്ങളിൽനിന്ന് വിവരങ്ങൾ ശേഖരിക്കുന്നതിന് ഫാക്സ്, ഇ-മെയിൽ, ടെലിഫോൺ തുടങ്ങിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കാലതാമസം ഒഴിവാക്കുന്നുണ്ട്. വകുപ്പിൽ തീർപ്പാക്കാനുള്ള ഫയലുകൾ ഫയൽ അദാലത്തുകൾ നടത്തി പരമാവധി തീർപ്പാക്കി വരുന്നു. സങ്കീർണ്ണവും, നിയമപരവുമായ തീരുമാനങ്ങളാവശ്യമായ ഫയലുകൾ ഒഴികെയുള്ളവയെല്ലാം സമയ പരിധിക്കുള്ളിൽ തീരുമാനമെടുത്ത് തീർപ്പാക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മറ്റൊരു ഉദ്യോഗസ്ഥന് ചുമതല വഹിക്കാനാവുന്ന തരത്തിൽ സെക്രട്ടേറിയറ്റിൽ ലിങ്ക് ഓഫീസർ സമ്പ്രദായം നടപ്പിലാക്കിയത് ഫയൽ നീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഓഫീസ് മാന്വലിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

**അപേക്ഷകളിൽ തീരുമാനം ഉണ്ടാകുന്നതിന് കാലതാമസം**

19 (1965) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നിയമപരമായ നടപടിക്കായി ഡയറക്ടറേറ്റുകളിലും സെക്രട്ടേറിയറ്റിലും സമർപ്പിക്കുന്ന അപേക്ഷകളിൽ തീരുമാനം ഉണ്ടാകുന്നതിന് വളരെയേറെ കാലതാമസം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെക്രട്ടേറിയറ്റിലെ നടപടികളും തീരുമാനങ്ങളും അപേക്ഷകനെ അറിയിക്കുന്നതിന് ഉണ്ടാകുന്ന അനന്തമായ കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ;

(സി) എം.എൽ.എ.-മാർ മുഖേന സമർപ്പിക്കുന്ന അപേക്ഷകളിൽപ്പോലും നടപടി അനന്തമായി വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഉദ്യോഗസ്ഥന്മാർക്ക് കർശന നിർദ്ദേശം നൽകിവരുന്നുണ്ട്. കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് അദാലത്തുകൾ നടത്തിവരുന്നു.

(സി) എം.എൽ.എ.-മാർ മുഖേന സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാറുണ്ട്.

## ഓഫീസുകളിലെ ഹാജർ നില

20 (1966) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഓഫീസുകളിലെ ഹാജർനില മെച്ചപ്പെടുത്താനായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സെക്രട്ടേറിയറ്റിൽ നടപ്പാക്കിയ നടപടികളും ഇത് നടപ്പാക്കിയതിലൂടെയുണ്ടായ നേട്ടങ്ങൾ എന്തെന്നും ആയത് സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും നടപ്പാക്കാനുമായി സ്വീകരിച്ചുവരുന്ന തുടർനടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ;

(സി) പഞ്ചിംഗ് നടപ്പാക്കിയ സെക്രട്ടേറിയറ്റിലും ഇതര ഓഫീസുകളിലും എന്തെല്ലാം നിരീക്ഷണ സംവിധാനങ്ങളുണ്ടെന്നും പ്രസ്തുത നിരീക്ഷണങ്ങളിൽ കൃത്യവിലോപം നടത്തിയവരായി എത്ര ഉദ്യോഗസ്ഥരെ കണ്ടെത്തിയെന്നും എത്രപേരുടെ പേരിൽ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ തുടങ്ങി ജനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും പ്രസ്തുത സംവിധാനം സ്ഥാപിക്കാനും ഓഫീസ് പ്രവർത്തനങ്ങളിൽ കൃത്യത പാലിക്കാത്തവരെ കണ്ടെത്തി നേർവഴിക്കു നടത്തുവാനുമായി എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) സർക്കാർ ഓഫീസുകളിലെ ഹാജർനില മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 1-1-2018 മുതൽ സെക്രട്ടേറിയറ്റിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കി. ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിലെ ഹാജർ നിലയിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. തുടർന്ന് 18-5-2018 ലെ സ.ഉ.(കൈ)108/2018/പൊ.ഭ.വ. പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം 2018 ഒക്ടോബർ 1-നകം നടപ്പിലാക്കാനും കൂടാതെ അതോറിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മീഷനുകൾ തുടങ്ങി വകുപ്പിന് കീഴിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സംവിധാനം 2018 ഡിസംബർ 31-നകം നടപ്പിൽ വരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സെക്രട്ടേറിയറ്റിലെ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നിരീക്ഷിക്കുന്നതിന് പൊതുഭരണ വകുപ്പിന് കീഴിൽ അറ്റൻഡൻസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. പഞ്ചിംഗ് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്ത 128 ഉദ്യോഗസ്ഥരെ ഇതിനകം കണ്ടെത്തുകയും അവർക്ക് അറ്റൻഡൻസ് മോണിറ്ററിംഗ് സെൽ മുഖേന വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡം**

21 (1967) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡം ഏതെല്ലാം വകുപ്പുകളിൽ നടപ്പിലാക്കിയെന്ന് അറിയിക്കാമോ;

(ബി) സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡം എല്ലാ വകുപ്പുകളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും 25-2-2017-ലെ സ.ഉ.(പി) നമ്പർ 3/2017/ഉഭപവ പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ എല്ലാ വകുപ്പുകൾക്കും ബാധകമാണ്. പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം നിശ്ചിത സമയപരിധിക്കുള്ളിൽ നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ എല്ലാ വകുപ്പുമേധാവികൾക്കും ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഇഗ്നോയുടെ കോഴ്സുകൾ പാസ്സായ ജീവനക്കാരുടെ ഉദ്യോഗക്കയറ്റം**

22 (1968) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (ഇഗ്നോ)യുടെ കോഴ്സുകൾ പാസ്സായ സർക്കാർ ജീവനക്കാരെ അവർ ജോലി ചെയ്യുന്ന വകുപ്പുകളിൽ ഉദ്യോഗക്കയറ്റത്തിന് പരിഗണിക്കാറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത്തരം അംഗീകൃത കോഴ്സുകൾ പാസ്സായ പല ജീവനക്കാരെയും അവർ ജോലി ചെയ്യുന്ന വകുപ്പുകളിലെ ഉദ്യോഗക്കയറ്റത്തിൽ ഉൾപ്പെടുത്താതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ വിശദവിവരം നൽകുമോ;

(സി) ഇഗ്നോയിൽനിന്നും അംഗീകൃതകോഴ്സുകളിൽ യോഗ്യത നേടിയിട്ടും പ്രൊമോഷൻ ലഭിക്കാതെ തഴയപ്പെട്ടവർക്ക്, ഉദ്യോഗക്കയറ്റം നൽകുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) സർക്കാർ അംഗീകൃത യോഗ്യതകളാണ് പി.എസ്.സി. അംഗീകരിച്ചിട്ടുള്ളതും സ്പെഷ്യൽ റൂൾ പ്രകാരം ഉദ്യോഗക്കയറ്റത്തിനായി പരിഗണിക്കുന്നതും. 17-7-1965-ലെ സ.ഉ(എം.എസ്) നമ്പർ 526/1965/പി.ഡി. പ്രകാരം ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ അംഗീകൃത കോഴ്സുകളും സർക്കാർ സർവ്വീസിൽ ഉദ്യോഗക്കയറ്റത്തിന് പരിഗണിക്കാവുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേന്ദ്ര/സംസ്ഥാന നിയമനിർമ്മാണപ്രകാരം സ്ഥാപിതമായ യൂണിവേഴ്സിറ്റികൾ നൽകുന്ന ബിരുദം/ഡിപ്ലോമ അംഗീകരിക്കേണ്ടതാണെന്ന നിർദ്ദേശം 17-7-1965-ലെ സ.ഉ(എം.എസ്) നമ്പർ 526/1965/പി.ഡി. പ്രകാരം നിലവിലുണ്ട്.

**സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാനുള്ള ഫയലുകൾ**

23 (1969) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ അസിസ്റ്റന്റ് മുതൽ വകുപ്പ് സെക്രട്ടറി വരെയുള്ളവരുടെ മുന്നിലെത്തുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാതെ അവരുടെ കൈവശം തന്നെ വയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) സെക്രട്ടേറിയറ്റിൽ സെക്ഷൻ അസിസ്റ്റന്റ് മുതൽ വകുപ്പ് സെക്രട്ടറിമാർ വരെയുള്ളവരുടെ കൈവശം കഴിഞ്ഞ 30 ദിവസമായി സമയബന്ധിതമായി തീർക്കാൻ കഴിയുന്ന എത്ര ഫയലുകൾ ഉണ്ടെന്ന് വകുപ്പുകൾ തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി അല്ലാത്ത നിയമനങ്ങളിലെ സംവരണം

24 (1970) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ സർക്കാർ സഹായം ലഭിക്കുന്നതും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി അല്ലാത്ത നിയമനങ്ങളിൽ സംവരണം പാലിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(ബി) സംവരണം പാലിക്കാത്ത സ്ഥാപനങ്ങളിൽ സംവരണം പാലിക്കണമെന്ന നിർദ്ദേശം വകുപ്പ് തലവൻമാർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) നിലവിൽ ഇത്തരത്തിൽ സംവരണം പാലിക്കാത്ത സ്ഥാപനങ്ങളുടെ വിവരം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ;

(ഡി) സംവരണം പാലിക്കാത്ത സ്ഥലങ്ങളിൽ സംവരണം പാലിച്ച് പുനർനിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

## 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി

25 (1971) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2018 ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന സർക്കുലർ പാലിക്കാത്ത വകുപ്പ് മേലധികാരികളും നിയമനാധികാരികളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരോട് വിശദീകരണം തേടുകയും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്.

## ഡോ. കഫീൽഖാന്റെ സേവനം

26 (1972) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് ബാധിതരെ സൗജന്യമായി ചികിത്സിക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ച ഉത്തർപ്രദേശ് ഗോരഖ്പൂരിലെ ഡോ. കഫീൽഖാൻ സംസ്ഥാനത്ത് വന്ന് സേവനം അനുഷ്ഠിക്കുന്നത് മുഖ്യമന്ത്രി സ്വാഗതം ചെയ്തിരുന്നോയെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് വന്ന് സേവനം നടത്തുവാൻ സന്നദ്ധത പ്രകടിപ്പിച്ച ഡോ. കഫീൽഖാന്റെ സേവനം തത്കാലം ആവശ്യമില്ലെന്ന നിലപാട് പിന്നീട് സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കഫീൽഖാൻ സേവന സന്നദ്ധത അറിയിച്ചിരുന്നു. മുഖ്യമന്ത്രിയും ആരോഗ്യവകുപ്പ് മന്ത്രിയും നന്ദി രേഖപ്പെടുത്തുകയും ചെയ്തു. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഭാഗമായുള്ള വിദഗ്ദ്ധ സംഘങ്ങൾ പ്രവർത്തിച്ചുവരികയാണെന്നും സ്ഥിതിഗതികൾ ഏകദേശം നിയന്ത്രണവിധേയമായിട്ടുണ്ടെന്നും ആവശ്യകത ഉണ്ടാകുന്ന പക്ഷം അറിയിക്കാമെന്നുമാണ് ഡോ. കഫീൽഖാനെ അറിയിച്ചത്.

## വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന നിലമ്പൂരിലെ സർക്കാർ ഓഫീസുകൾ

27 (T* 1973) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ ഏതൊക്കെയാണെന്ന് വകുപ്പുതിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകൾ വാടക ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.യുടെ നിലമ്പൂർ സബ് ഡിപ്പോയിൽ ഒഴിഞ്ഞുകിടക്കുന്ന ഷോപ്പിംഗ് സെന്ററിലേക്ക് പ്രസ്തുത ഓഫീസുകൾ മാറ്റുന്നതിന് തടസ്സമുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങളുടെ സാധ്യത

28 (1974) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങളുടെ സാധ്യത സംബന്ധിച്ച് നിയമോപദേശം തേടിയിരുന്നോ; എങ്കിൽ പ്രസ്തുത നിയമോപദേശത്തിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് സ്കീം II പ്രകാരമുള്ള ബൈട്രാൻസ്ഫർ നിയമനങ്ങളിൽ ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പരീക്ഷ എഴുതുന്നതിനുള്ള അവസരം നിഷേധിച്ചതിന് അനുകൂലമായി വിശേഷാൽ ചട്ടങ്ങളുടെ സാധ്യത സംബന്ധിച്ച നിയമോപദേശത്തിൽ പരാമർശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) ഭരണഘടനാ സ്ഥാപനങ്ങൾ എന്ന് വിവക്ഷിക്കുന്ന സ്ഥാപനങ്ങളുടെ കൃത്യമായ വിവരം നിലവിൽ സർക്കാരിന്റെ കൈവശമുണ്ടോ; ഇല്ലെങ്കിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങളിലെ ഭരണഘടനാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ രൂപീകരിക്കുന്നതിന് ആധാരമാക്കിയ വിവരങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങൾക്ക് രൂപം നൽകുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ ഭരണഘടനാ സ്ഥാപനങ്ങളിൽ നിന്നുള്ള എല്ലാ അംഗീകൃത സർവ്വീസ് സംഘടനകളേയും ചർച്ചയ്ക്ക് ക്ഷണിച്ചിരുന്നോ; ഭരണഘടനാ സ്ഥാപനങ്ങളിൽ നിന്നുള്ള ഏതൊക്കെ സർവ്വീസ് സംഘടനകളെയാണ് ക്ഷണിച്ചിരുന്നത്; ഏതൊക്കെ സംഘടനകൾ പങ്കെടുത്തു; ഏതെങ്കിലും സംഘടനകളെ ഒഴിവാക്കിയിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇല്ല. ചട്ടം രൂപീകരിക്കാനുള്ള സമിതിയിൽ നിയമ സെക്രട്ടറി അംഗമായിരുന്നു. മറ്റ് നിയമോപദേശം തേടിയിട്ടില്ല.

(ബി) ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കെ.എ.എസ്. രൂപീകരിക്കാൻ സർക്കാർ ഉദ്യോഗസ്ഥരുടെ രണ്ടാം ഗസറ്റഡ് തസ്തികയിൽ നിന്നും 10 ശതമാനം തസ്തികകൾ കുറവ് വരുത്തുന്നതിൽ ഭരണഘടനാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. ഭരണഘടനാ സ്ഥാപനങ്ങളിൽ കെ.എ.എസ്. ഉദ്യോഗസ്ഥരെ നിയമിക്കാനും ഉദ്ദേശിക്കുന്നില്ല. അതേസമയം ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും നേരിട്ടുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിന് അവസരമുണ്ട്.

(സി) Finance Commission Article-280, Public Service Commission-Part XIV Chapter 2 Article 315-323, National Commission for SC/ST-Article 338/Article 338-A, Comptroller Auditor General-Article 148, Attorney General of India-Article 76 തുടങ്ങിയവ ഭരണഘടനാ സ്ഥാപനങ്ങളാണ്.

(ഡി) ഇല്ല. കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയൻ, കേരള പി.എസ്.സി. അസോസിയേഷൻ എന്നീ സംഘടനകളെ ചർച്ചയ്ക്ക് ക്ഷണിച്ചിരുന്നു. ചർച്ചയിൽ കേരള പി.എസ്.സി. അസോസിയേഷൻ പങ്കെടുത്തു.

**മുംബൈ കേരള ഹൗസ് ആഡിറ്റോറിയത്തിന്റെ അമിത വാടക**

29 (1975) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുംബൈ കേരള ഹൗസിലെ കോൺഫറൻസ് ഹാൾ/ആഡിറ്റോറിയത്തിന്റെ വാടക അമിതമായി കൂട്ടിയത് മൂലം മുംബൈയിൽ താമസിക്കുന്ന മലയാളികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള ഹൗസ് പണിയുന്നതിന് ആവശ്യമായ സ്ഥലം മഹാരാഷ്ട്ര സർക്കാർ തുച്ഛമായ വിലയ്ക്ക് നൽകിയതാകയാൽ ഇപ്പോൾ വരുത്തിയിട്ടുള്ള അമിതമായ വർദ്ധനവ് നീതീകരിക്കത്തക്കതല്ലാത്തതിനാൽ ആയത് പിൻവലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ;

(സി) പ്രസ്തുത സ്ഥലം വ്യാവസായികാവശ്യത്തിന് അനുവദിക്കുന്ന പ്രവണത ഒഴിവാക്കുകയും മുംബൈ കേരള ഹൗസ് സാംസ്കാരിക കേന്ദ്രമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മുംബൈ കേരള ഹൗസിലെ കോൺഫറൻസ് ഹാളിന്റെ വാടക പരിഷ്കരിച്ചതിനെതിരെ വിവിധ മലയാളി സംഘടനകൾ നൽകിയ പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ബി) മലയാളി സംഘടനകളുടെ ആവശ്യം പരിഗണിച്ച് 23-5-2018-ലെ സ.ഉ (സാധാ)3308/2018/പൊ.ഭ.വ. പ്രകാരം വാടകയിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) മുംബൈ കേരള ഹൗസിലെ സ്ഥലം വ്യാവസായികാവശ്യത്തിന് അനുവദിക്കാറില്ല. മുംബൈ കേരള ഹൗസിലെ കോൺഫറൻസ് ഹാൾ മലയാളി സംഘടനകളുടെയും മറ്റും സാംസ്കാരിക പരിപാടികൾക്ക് കുറഞ്ഞ നിരക്കിൽ അനുവദിക്കാറുണ്ട്.

**സോളാർ കമ്മിഷൻ റിപ്പോർട്ടിനെതിരെയുള്ള കേസ്**

30 (1976) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കമ്മീഷൻ റിപ്പോർട്ടിനെതിരെ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി നൽകിയ കേസിൽ സർക്കാരിന് വേണ്ടി ഹൈക്കോടതിയിൽ കേസ് വാദിക്കുന്നതിന് പുറത്ത് നിന്നുള്ള അഭിഭാഷകരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആരെയൊക്കെയാണ് ഇപ്രകാരം നിയോഗിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത അഭിഭാഷകരുടെ ഫീസിനത്തിലും യാത്ര ചെലവിനത്തിലും താമസ സൗകര്യം ഒരുക്കിയ വകയിലും എന്ത് തുക ചെലവഴിച്ചു; വിശദാംശം നൽകുമോ;

(സി) ഈ കേസിൽ പുറത്തുനിന്ന് നിയോഗിച്ച അഭിഭാഷകർക്ക് കേസിനെക്കുറിച്ച് വിശദാംശം നൽകുന്നതിന് സർക്കാർ പ്ലീഡർമാരെ ഡൽഹിക്ക് അയച്ചിരുന്നോ; ഉണ്ടെങ്കിൽ അവരുടെ യാത്ര, താമസം എന്നീ ചെലവുകൾക്ക് എന്ത് തുക ചെലവഴിക്കേണ്ടിവന്നു; വിശദാംശം നൽകുമോ?

ഉത്തരം

(എ) സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകൻ ശ്രീ. രഞ്ജിത് കുമാറിനെ നിയോഗിച്ചിട്ടുണ്ട്.

(ബി) ശ്രീ. രഞ്ജിത് കുമാറിന് ഫീസിനത്തിൽ 1,20,00,000 രൂപ നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ താമസം, യാത്ര എന്നിവയ്ക്ക് യഥാക്രമം 2,24,899 രൂപ, 73,376 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ശ്രീ. പി. നാരായണൻ, ശ്രീ. വി. മനു എന്നീ സീനിയർ ഗവൺമെന്റ് പ്ലീഡർമാർ കേസിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യുന്നതിനായി ഡൽഹിയിൽ പോയിരുന്നു. ഇവരുടെ വിമാന യാത്രയ്ക്കായി ആകെ 89,070 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവരുടെ താമസം ദില്ലിയിലെ കേരള ഹൗസിലായിരുന്നു.

**ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ**

31 (1977) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ കരാറുമായി ബന്ധപ്പെട്ട അന്വേഷണത്തിന് നിയുക്തനായ ജസ്റ്റിസ് സി. എൻ രാമചന്ദ്രൻ നായർ കമ്മീഷൻ അതിന്റെ പരിഗണനാ വിഷയങ്ങളിൽ വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നോ ഏങ്കിൽ ഏതെല്ലാം കാര്യങ്ങളിൽ വ്യക്തത വരുത്തണമെന്നാണ് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുള്ളത്;

(ബി) പരിഗണനാ വിഷയങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള തീരുമാനം 2018 ഏപ്രിൽ 10 നകം അറിയിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടിരുന്നോ;

(സി) കമ്മീഷൻ ആവശ്യപ്പെട്ടതനുസരിച്ച് പരിഗണനാ വിഷയങ്ങളിൽ വ്യക്തത വരുത്തി മറുപടി നൽകിയിട്ടുണ്ടോ ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ;

(ഡി) ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് സർക്കാർ മതിയായ രേഖകൾ നൽകുന്നില്ലായെന്നും ഇത് അർത്ഥമില്ലാത്ത കമ്മീഷനാണെന്നും കമ്മീഷന്റെ സിറ്റിംഗിനിടയിൽ 15-5-2018 ൽ അഭിപ്രായപ്പെട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഏതു സാഹചര്യത്തിലാണ് ഈ അഭിപ്രായമെന്ന് പരിശോധിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ സർക്കാരിന് കത്തൊന്നും നൽകിയിട്ടില്ല. എന്നാൽ സർക്കാരിനുവേണ്ടി ഹാജരാകുന്ന കൗൺസൽ ചില വിഷയങ്ങളിൽ വ്യക്തത വരുത്താൻ കമ്മീഷൻ ആവശ്യപ്പെട്ടതായി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സർക്കാരിന്റെ വിശദീകരണം**

32 (1978) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സാഹചര്യത്തിൽ/ഏതെല്ലാം വിഷയങ്ങളിൽ ഗവർണർ സംസ്ഥാന സർക്കാരിന്റെ വിശദീകരണം ആരാഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച വിഷയത്തിൽ ഗവർണർ എത്ര തവണ സംസ്ഥാന സർക്കാരിന്റെ വിശദീകരണം ആരാഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ; ആവശ്യപ്പെട്ട വിശദീകരണം സർക്കാർ നൽകിയിട്ടുണ്ടോ;

(സി) ഏതെങ്കിലും സാഹചര്യത്തിൽ ഗവർണർ മുഖ്യമന്ത്രിയെ നേരിൽ വിളിപ്പിച്ച സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

**സിവിൽ സർവ്വീസ് കേഡർ ഉദ്യോഗസ്ഥർക്ക് നിരവധി വകുപ്പുകളുടെ ചുമതല**

33 (1979) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സർവ്വീസ് കേഡറിലുള്ള ഉദ്യോഗസ്ഥർ നിരവധി വകുപ്പുകളുടെ ചുമതലക്കാരായി ജോലി ചെയ്ത് വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഭരണനിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സ്ഥിതിവിശേഷം മറികടക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഓഫീസർമാരുടെ ഒഴിവുകൾ വന്നിട്ടുണ്ടോ; എങ്കിൽ ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിലവിൽ ഐ.എ.എസ്.-ലും ഐ.പി.എസ്.-ലും ആവശ്യമായ ഉദ്യോഗസ്ഥരുടെ കുറവുള്ളതിനാലാണ് ഒന്നിലധികം വകുപ്പുകൾ/സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന സാഹചര്യമുള്ളത്.

(ബി & സി) നേരിട്ടുള്ള നിയമനത്തിൽക്കൂടിയും ഉദ്യോഗക്കയറ്റം മുഖേനയും കൂടുതൽ ഉദ്യോഗസ്ഥരെ കേരള കേഡറിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നാട്പാകിലെ സയന്റിസ്റ്റ് നിയമനം**

34 (1980) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്പാക് നടത്തിയിട്ടുള്ള നിരവധി പഠനങ്ങൾ ശാസ്ത്രീയമായി ക്രമീകരിച്ച് സൂക്ഷിക്കുന്നതിനും, വിവിധ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്നതിനും ഒരു ലൈബ്രേറിയന്റെ സേവനം സ്വീകരിക്കുന്നതിനുപകരം ലൈബ്രറി സയൻസിൽ ഉന്നത വിദ്യാഭ്യാസ നിലവാരത്തിലുള്ള സയന്റിസ്റ്റിന്റെ സേവനം എന്തിനാണ് എന്ന് വിശദമാക്കാമോ ;

(ബി) ലൈബ്രേറിയന്റെയും സയന്റിസ്റ്റ് ബി യുടേയും വേതനം എത്രയാണെന്ന് വിശദമാക്കാമോ;

(സി) സർക്കാർ ചെലവുകൾ പരമാവധി കുറയ്ക്കണമെന്ന തീരുമാനം കൈക്കൊള്ളുമ്പോഴും ഇപ്രകാരം തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ധനം ദുരുപയോഗപ്പെടുത്തുന്നത് പുന:പരിശോധിക്കുമോ;

ഉത്തരം

(എ) 2002-ൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലുമായി ഏകീകരണത്തിനുശേഷം നാട്പാകിൽ സ്ഥിരനിയമനങ്ങൾ കൗൺസിൽ റൂളിൽ പ്രതിപാദിക്കുന്ന തസ്തികകളിലാണ് നടത്തിയിട്ടുള്ളത്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ റൂളിൽ ലൈബ്രേറിയൻ എന്ന ഒരു തസ്തിക ഇല്ല. ലൈബ്രറി സയൻസ് യോഗ്യത പ്രതിപാദിക്കുന്ന തസ്തികകൾ ടെക്നിക്കൽ വിഭാഗത്തിൽ പ്രൊഫഷണൽ അസിസ്റ്റന്റ്, ജൂനിയൽ ലൈബ്രറി അസിസ്റ്റന്റ് എന്നിവയും സയന്റിസ്റ്റ് വിഭാഗത്തിൽ സയന്റിസ്റ്റ് (ലൈബ്രറി സയൻസ്) എന്ന തസ്തികയുമാണ് (കൗൺസിൽ റൂളിന്റെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പുകൾ അനുബന്ധം 1-3 ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു).* ഇവയിൽ പ്രൊഫഷണൽ അസിസ്റ്റന്റ് എന്ന തസ്തിക നാട്പാകിൽ ഇല്ല. ജൂനിയർ ലൈബ്രറി അസിസ്റ്റന്റിന് നിഷ്കർഷിച്ചിരിക്കുന്ന യോഗ്യത " Pre-degree/Plus Two/VHSE and certificate in Library Science of not less than four months duration of a recognized university or institution" -ഉം ലൈബ്രറി സയൻസ് വിഭാഗത്തിൽ എൻട്രി ലെവലിൽ എടുക്കാവുന്ന സയന്റിസ്റ്റിന്റെ യോഗ്യത "MLibSC I Class and I Year experience in teaching/research after M.Lib" ആണ്.

നാട്പാകിന്റെ ലൈബ്രറി വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഈ മേഖലയിൽ വൈദഗ്ധ്യം നേടിയ ഒരു സയന്റിസ്റ്റിനെ അടിയന്തരമായി നിയമിക്കേണ്ടതിന്റെ ആവശ്യകത പ്രതിപാദിച്ചുകൊണ്ട് കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന് നൽകിയ 9-2-2012-ലെ നാട്പാക് കത്ത് നമ്പർ 10218/ജി.എ.1/2011/നാട്പാക്-ന്റെ പകർപ്പ് അനുബന്ധം 4* ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു. നാട്പാക് നടത്തിയിട്ടുള്ള നിരവധി പഠനങ്ങൾ ശാസ്ത്രീയമായി ക്രമീകരിച്ച് സൂക്ഷിക്കുന്നതിനും വിവിധ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്നതിനും ഒരു ജൂനിയർ ലൈബ്രറി അസിസ്റ്റന്റിന്റെ സേവനം മതിയാകില്ല. അതോടൊപ്പം കൗൺസിൽ റൂളിൽ നിലവിൽ ലൈബ്രേറിയൻ എന്ന ഒരു തസ്തിക ഇല്ല. ആയതിനാൽ ലൈബ്രറി സയൻസിൽ ഉന്നത വിദ്യാഭ്യാസ നിലവാരത്തിലുള്ള സയന്റിസ്റ്റിന്റെ സേവനം ലഭ്യമാക്കേണ്ടതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ലൈബ്രറി അസിസ്റ്റന്റിന്റെ ശമ്പള സ്കെയിൽ 20,000-45,800 ആണ്. സയന്റിസ്റ്റ് ബി തസ്തികയുടെ നിലവിലുള്ള വേതനം ആറാം കേന്ദ്ര ശമ്പള പരിഷ്കരണ പ്രകാരം Pay Band 3 Rs. 15600-39100 plus Grade Pay: Rs. 5400 ആണ്.

(സി) നാട്പാകിൽ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടില്ല. നിലവിലുണ്ടായിരുന്ന ഒഴിവുള്ള തസ്തികയിലേയ്ക്ക് ലൈബ്രറി സയൻസ് യോഗ്യതയുള്ള ആളിനെ നിയമിക്കുകയാണുണ്ടായത്.

**നാട്പാകിലെ അനധികൃത നിയമനം**

35 (1981) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സർവീസ് റൂളിൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതകൾ മറികടന്ന് ശ്രീ.സഞ്ജയ് ആർ.ജെ.-യെ ടെക്നിക്കൽ ഓഫീസറായി നിയമിക്കാനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 23-11-2015 ലെ സ.ഉ(സാധാരണ) നമ്പർ 107/2015/എസ് ടി,ഡി ഉത്തരവ് പുറപ്പെടുവിച്ച ഫയലിന്റെ പകർപ്പ് (നോട്ട് ഫയലും കറന്റ് ഫയലും) ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിയമനം അനധികൃതമായാണ് നടത്തിയിട്ടുള്ളതെങ്കിൽ ആയത് പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) നാട്പാകിൽ ഇത്തരത്തിലുള്ള മറ്റ് അനധികൃത നിയമനങ്ങൾ നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുമോ; ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കുമോ?

<u>ഉത്തരം</u>

(എ) പ്രോജക്ട് എക്കണോമിസ്റ്റ് ആയി നാല് വർഷത്തോളം താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന ശ്രീ. സഞ്ജയ് ആർ.ജെ.-യുടെ സേവനം ടിയാന്റെ മികവ് കണക്കിലെടുത്ത് നാട്പാകിന്റെ എക്സ്റ്റൻഷൻ സർവീസസ് ഡിവിഷനിൽ സ്ഥിരമായി ലഭ്യമാക്കണമെന്ന നാട്പാക് ഡിവിഷൻ ഹെഡ്ഡിന്റെയും ഡയറക്ടറുടെയും ശിപാർശ പരിശോധിച്ച് നാട്പാക് മാനേജ്മെന്റ് കമ്മിറ്റിയുടെയും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ശിപാർശയുടെ അടിസ്ഥാനത്തിലാണ് ടിയാന് ടെക്നിക്കൽ ഓഫീസറായി നിയമനം നൽകിയത്.

(ബി) തീർപ്പുഫയൽ കണ്ടെത്താനായിട്ടില്ല.

(സി) നിയമനം അനധികൃതമായല്ല നടത്തിയിട്ടുള്ളത്.

(ഡി) അനധികൃത നിയമനങ്ങൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ലോക പരിസ്ഥിതി ദിനാചരണം**

36 (T*1982) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018- ലെ ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2017 ലെ ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നട്ടുപിടിപ്പിച്ച ഒരു കോടി വൃക്ഷത്തൈകളുടെ നിലവിലെ സ്ഥിതി പരിശോധിച്ചിട്ടുണ്ടോ; അവയിൽ എത്ര ശതമാനം തൈകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ ;

(സി) കഴിഞ്ഞ വർഷത്തെ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് എത്ര ലക്ഷം രൂപയുടെ പരസ്യമാണ് വിവിധ പത്ര/ദൃശ്യമാധ്യമങ്ങൾ വഴി നൽകിയത്;

(ഡി) ഈ വർഷവും പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് പരസ്യം നൽകുന്നുണ്ടോ;എങ്കിൽ അതിനായി നീക്കിവച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിസ്ഥിതി ദിന പ്രമേയമായ പ്ലാസ്റ്റിക് മാലിന്യത്തെ ഒഴിവാക്കുക എന്നത് നടപ്പാക്കുന്നതിന് പാരിസ്ഥിതികം പദ്ധതി നടപ്പാക്കി. 2018-ലെ ലോകപരിസ്ഥിതി ദിനാചരണം ജൂൺ 5,6,7 എന്നീ ദിവസങ്ങളിലായി നടത്തി. 'Best Plastic Pollution' എന്ന വിഷയത്തിന്മേൽ വിവിധതരം സെമിനാറുകളും ബോധവത്കരണ പരിപാടികളും മൂന്ന് ദിവസങ്ങളിലായി സംഘടിപ്പിച്ചിട്ടുണ്ട്. മികച്ച മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള വ്യവസായ-വ്യവസായേതര സ്ഥാപനങ്ങളെ പ്രോൽസാഹിപ്പിക്കാനായി പരിസ്ഥിതി സംരക്ഷ അവാർഡുകൾ നൽകുകയുണ്ടായി. ഈ സ്ഥാപനങ്ങളുടെ മാലിന്യസംസ്കരണ സംവിധാനങ്ങളെപ്പറ്റിയുള്ള അവതരണങ്ങളും ചർച്ചകളും നടത്തുകയുണ്ടായി. കുട്ടികളിൽ പരിസ്ഥിതി അവബോധം വളർത്താൻ ഹരിത വിദ്യാലയ പുരസ്കാരം ഏർപ്പെടുത്തി. ഏറ്റവും നന്നായി മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയ സ്കൂളുകൾക്ക് ഇതോടനുബന്ധമായി അവാർഡുകൾ നൽകി. ഹരിതകേരളം

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പദ്ധതിയുടെ ഭാഗമായി ഗാർഹിക മാലിന്യ സംസ്കരണം, ഓർഗാനിക് ഫാമിംഗ് തുടങ്ങിയവ ഫലപ്രദമായി നടപ്പിലാക്കിയ സർക്കാർ ഉദ്യോഗസ്ഥർക്കുള്ള അവാർഡ് വിതരണം നടത്തി. തിരുവനന്തപുരം ജില്ലയിലെ വള്ളക്കടവിൽ അന്തർദേശീയ നിലവാരത്തിൽ ഒരു ബയോ ഡൈവേഴ്സിറ്റി മ്യൂസിയം പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഉദ്ഘാടനം ചെയ്തു.

(ബി) 2017-ലെ ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സർക്കാർ വിതരണം ചെയ്ത തൈകൾക്ക് പുറമെ വിവിധ മാധ്യമങ്ങളും സന്നദ്ധ സംഘടനകളും അതേ ദിവസത്തിലും അതേ സന്ദേശത്തോടെയും വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. പരിസ്ഥിതി ദിനത്തിൽ നട്ട വൃക്ഷത്തൈകളിൽ എത്ര ശതമാനം തൈകൾ നിലവിലുണ്ടെന്ന് കണ്ടെത്തുന്നത് പ്രായോഗികമല്ല.

(സി) 2017-ലെ പരിസ്ഥിതി ദിനാചരണത്തോട് അനുബന്ധിച്ച് കേരള കൗമുദി, ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ്, ദി ഹിന്ദു, ദേശാഭിമാനി എന്നീ പത്ര മാധ്യമങ്ങളിൽ 9,76,384(ഒൻപത് ലക്ഷത്തി എഴുപത്തി ആറായിരത്തി മൂന്നൂറ്റി എൺപത്തി നാല് രൂപ) യുടെ പരസ്യമാണ് നൽകിയത്.

(ഡി) പരസ്യം നൽകുന്നുണ്ട്. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഈ വർഷം 15 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

## ഗ്രീൻ ക്ലൈമറ്റ് ഫണ്ട്

37 (1983) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എൻ.എഫ്.സി.സി.സി. ഗ്രീൻക്ലൈമറ്റ് ഫണ്ടിനായി എത്ര പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്; എത്ര പ്രൊപ്പോസലുകൾ സമർപ്പിക്കാനായി പരിഗണനയിലുണ്ട്;

(ബി) കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; ഇതിനായി ഫണ്ടുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ.;

(സി) ഗ്രീൻക്ലൈമറ്റ് ഫണ്ടിനായി നബാർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ച പദ്ധതികളുടെ പേര്, തുക ഇവ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഗ്രീൻക്ലൈമറ്റ് ഫണ്ടിനായി സമർപ്പിക്കുന്ന പദ്ധതികൾ വിലയിരുത്താനും സമർപ്പിക്കാനും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും പരിസ്ഥിതി

വകുപ്പ് സെക്രട്ടറി കൺവീനറുമായുള്ള കമ്മിറ്റി 2017 മാർച്ചിന് ശേഷം എത്ര തവണ യോഗം കൂടുകയുണ്ടായി; ഈ യോഗങ്ങളുടെ തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന മൂന്ന് പദ്ധതികൾ ഗ്രീൻ ക്ലൈമറ്റ് ഫണ്ട് ലഭിക്കുന്നതിനായി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

1. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, പാലക്കാട് (ഐ.ആർ.റ്റി.സി)യുടെ പ്രോജക്ടായ 'Participatory ecosystem action for climate resilience and climate change impact alleviation in the Palakkad gap of Western Ghats, Kerala'.

2. Improving the resilience of vulnerable communities and coastal stretches to heightened climate change induced impacts in Kerala

3. ഇറിഗേഷൻ വകുപ്പിന്റെ climate proofing of Bharathapuzha Basin for Ecosystem Conversation and Sustainable livelihood support.

നിലവിൽ പ്രൊപ്പോസൽ ഒന്നും തന്നെ പരിഗണനയിലില്ല.

(ബി) കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് (NAFCC) നിന്നും NABARD മുഖേന 25 കോടി രൂപ "promotion of integrated farming system in Kaippad & Pokkali in Coastal wetlands of Kerala" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ലഭിച്ചിട്ടുണ്ട്. Agency for Development of Aquaculture (ADAK) മുഖേനയുള്ള ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. രണ്ടാംഘട്ടം ഫണ്ടിനായി NABARD-ലേയ്ക്ക് പദ്ധതി പുരോഗതി വിവരം, തുക, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ നൽകിയിട്ടുണ്ട്.

കൂടാതെ, കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ രോഗാണുവാഹക രോഗങ്ങളും കാലാവസ്ഥാ വ്യതിയാന ആഘാതങ്ങളും കേരളത്തിലെ ഹൈറേഞ്ചിന്റെ ഭൗമശാസ്ത്ര ചരിത്രപഠനം, തണ്ണീർത്തടത്തിന്റെ കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ദോഷപൂർണ്ണതാവ്യാപ്തി, കാർബൺ സന്തുലിത കേരളത്തിനായി കാർബൺ ഫൂട്ട് പ്രിന്റ് അളവുകളുടെ വിശകലനവും കാർബൺ ബഡ്ജറ്റിംഗും, ഗ്രാമ-നഗര പ്രദേശങ്ങളിലെ അവസ്ഥാന്തരങ്ങൾ പ്രാദേശിക കാലാവസ്ഥയെ എങ്ങനെ സ്വാധീനിക്കുന്നു എന്നതിനെക്കുറിച്ചുള്ള ഗവേഷണം, കാലാവസ്ഥാ മാറ്റങ്ങൾ, ചില പ്രാദേശിക സസ്യവർഗ്ഗങ്ങളിലെ ഫിനോളജിയിൽ

ചെലുത്തുന്ന സ്വാധീനം, നീലഗിരി ബയോസ്പിയർ എന്ന പ്രദേശത്തെ കേന്ദ്രീകരിച്ചുള്ള പഠനം തുടങ്ങിയ ഗവേഷണ പദ്ധതികളും നടന്നുവരുന്നു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് വിജ്ഞാനകേന്ദ്രം പൂർത്തിയാക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ ശാസ്ത്രസാങ്കേതിക വകുപ്പ് രണ്ടര കോടി രൂപ കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന് അനുവദിച്ചിട്ടുണ്ട്.

(സി) ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, പാലക്കാട് (ഐ.ആർ.റ്റി.സി.)-യുടെ പ്രോജക്ട് 'Participatory ecosystem action for climate resilience and climate change impact alleviation in the Palakkad gap of Western Ghats, Kerala'. 68.98 million USD യാണ് ഈ പ്രൊപ്പോസലിന്റെ ബഡ്ജറ്റ്.

2. Improving the resilience of vulnerable communities and coastal stretches to heightened climate change induced impact in Kerala 1070.00 million USD ആണ് ബഡ്ജറ്റായി ചേർത്തിരിക്കുന്നത്.

3. ഇറിഗേഷൻ വകുപ്പ് climate proofing of Bharathapuzha Basin for Ecosystem Conversation and Sustainable livelihood support. 359.34 million USD.

(ഡി) ഗ്രീൻ ക്ലൈമറ്റ് ഫണ്ടിനായി സമർപ്പിക്കുന്ന പദ്ധതികൾ വിലയിരുത്താനും സമർപ്പിക്കാനും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും പരിസ്ഥിതി വകുപ്പ് സെക്രട്ടറി കൺവീനറുമായുള്ള കമ്മിറ്റി 2017 മാർച്ചിന് ശേഷം യോഗം ചേർന്നിട്ടില്ല.

**സർക്കാർ ഓഫീസുകളിൽ ഹരിത ചട്ടം**

38 (1984) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ ഓഫീസുകളിലും ഹരിത ചട്ടം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സർക്കാർ പരിപാടികളിൽ ഫ്ലക്സ് ബോർഡുകൾ പൂർണ്ണമായും ഒഴിവാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഹരിതചട്ടം നടപ്പിലാക്കുവാൻ തീരുമാനിച്ചശേഷം സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ആയിരക്കണക്കിന് ഫ്ലക്സ് ബോർഡുകൾ സ്ഥാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിസ്ഥിതിക്ക് ദോഷകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) സർക്കാർ ജീവനക്കാരുടെ സംഘടനകൾ സമരങ്ങളുടെയും സമ്മേളനങ്ങളുടെയും പ്രചരണാർത്ഥം ഓഫീസുകളിൽ ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുന്നത് നിരോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് നിരോധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5-10-2017-ലെ സ.ഉ.(സാധാ) നമ്പർ 3214/2017/തസ്വഭവ സർക്കാർ പ്രകാരം ഗവൺമെന്റ് സെക്രട്ടേറിയറ്റ് പബ്ലിക്ക് ഓഫീസ്, വികാസ് ഭവൻ, സ്വരാജ് ഭവൻ, എല്ലാ സർക്കാർ വകുപ്പുകളുടെയും ഡയറക്ടറേറ്റ്/കമ്മീഷണറേറ്റ് ജില്ലാ കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ നടത്തപ്പെടുന്ന എല്ലാത്തരം ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ 4-5-2018-ലെ 176/ഡി.സി.1/18/തസ്വഭവ നമ്പർ സർക്കുലറുമനുസരിച്ച് 2018 ലോക പരിസ്ഥിതി ദിനത്തിന് മുമ്പായി ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രഖ്യാപനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ബി) 14-2-2018-ലെ സി2/274/2017 ഐ&പി.ആർ.ഡി. സർക്കുലർ പ്രകാരം സർക്കാർ പരിപാടികളുടെ പരസ്യത്തിനായി ഫ്ലക്സ് ബോർഡുകളുടെ ഉപയോഗം ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. എന്നാൽ സർക്കാർ വാടകയ്ക്ക് എടുത്തിരുന്ന ഹോർഡിംഗുകളിൽ പരസ്യം സ്ഥാപിക്കുന്നപക്ഷം അവ പ്രകൃതി സൗഹാർദ്ദപരമായി റീസൈക്കിൾ ചെയ്യണമെന്ന് ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുന്നതിന് പൂർണ്ണമായ നിരോധനം ഏർപ്പെടുത്തിയിട്ടില്ല എങ്കിലും ഫ്ലക്സ് ബോർഡുകളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ജീവനക്കാർക്കും ഔദ്യോഗിക തലങ്ങളിലും വ്യക്തി ജീവിതങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ തത്വങ്ങൾ പാലിക്കുന്നതിനുള്ള ശീലം ഉണ്ടാക്കുന്ന തരത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് വിവിധ സംഘടനകളിലെ അംഗങ്ങൾക്കും പരിശീലനം നൽകിവരുന്നു.

## സർക്കാരിന്റെ പരിസ്ഥിതി ധവളപത്രം

39 (1985) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പരിസ്ഥിതി ധവളപത്രം പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ധവളപത്രത്തിൽ പരാമർശിക്കുന്ന പ്രധാനപ്പെട്ട വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ 80 ശതമാനം കിണറുകളും കോളിഫോം ബാക്ടീരിയകളാൽ മലിനമാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ ഭൂഗർഭജലവിതാനത്തിലുണ്ടായിട്ടുള്ള ഗണ്യമായ കുറവും ജലത്തിന്റെ കുറഞ്ഞ ഗുണനിലവാരവും ഗൗരവമായി എടുത്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ധവളപത്രത്തിന്റെ അടിസ്ഥാനത്തിൽ ആശങ്കാജനകമായ സ്ഥിതി വിശേഷം നേരിടുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. കേരള പരിസ്ഥിതിയുടെ ഇപ്പോഴുള്ള അവസ്ഥ, തന്ത്ര പ്രധാനമായ ലക്ഷ്യങ്ങൾ, പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങളെ നേരിടാനുള്ള പദ്ധതി, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായുള്ള നിയന്ത്രണത്തിന്റെ വിവിധ തലങ്ങൾ, വിഭവങ്ങളുടെ പരിപാലനവും സുസ്ഥിര ഉപയോഗവും ജനങ്ങളും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ പ്രാധാന്യം എന്നിവയാണ് ധവളപത്രത്തിലെ പ്രതിപാദ്യ വിഷയങ്ങൾ.

(ബി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 32 ഭൂഗർഭ സ്റ്റേഷനുകളിൽ (കിണറുകൾ) ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ചതിൽ കോളിഫോമിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.

(സി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ (2015, 2016) സംസ്ഥാനത്ത് ലഭ്യമായ വാർഷിക മഴയുടെ തോത് സംസ്ഥാന ശരാശരിയേക്കാൾ (3000 മി.മീ) കുറവായതും, ഭൂവിനിയോഗത്തിൽ വന്ന മാറ്റങ്ങൾ ഭൂജല സംപോഷണ പ്രക്രിയയെ ബാധിക്കുന്നതും ഭൂജലവ്യതിയാനത്തിന് കാരണമാകുന്നു. ഇതുകൂടാതെ പ്രാദേശിക തലത്തിൽ ജലഭൃതങ്ങളുടെ (ഘനം/thickness) ഏറ്റക്കുറച്ചിലുകളും, പാറയുടെ ആധിക്യം കൂടുതലുള്ള പ്രദേശങ്ങളിലും വേനൽക്കാലങ്ങളിൽ ജലലഭ്യതയ്ക്ക് കുറവ് ഉണ്ടാകാം. ഭൂജല സംരക്ഷണവും കൃത്രിമഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ കൃത്രിമഭൂജല സംപോഷണ പദ്ധതികൾ (അടിയണകൾ, തടയണകൾ, തുറന്ന കിണർ റീചാർജ്ജിംഗ് എന്നിവ) നടപ്പിലാക്കിവരുന്നു.

ജലഗുണനിലവാരം, വിനിയോഗം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ ജില്ലകളിൽ ഭൂഗർഭജല സംരക്ഷണത്തിനായി വകുപ്പ് സംഘടിപ്പിച്ച് വരുന്നു. കൃത്രിമ ഭൂജലസംപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കി ഭൂജലത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ 'ഭൂജലസംരക്ഷണവും കൃത്രിമഭൂജല സംപോഷണവും' പദ്ധതിയിൽ വകുപ്പ് നടപ്പിലാക്കി വരുന്നു.

(ഡി) ധവളപത്രത്തിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി സംരക്ഷണത്തിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹരിത കേരളം പദ്ധതി പ്രകൃതി സംരക്ഷണം ലക്ഷ്യമിട്ടിട്ടുള്ളതാണ്.

## കൊച്ചിൻ റിഫൈനറിയുടെ പെറ്റ് കോക്ക് പ്ലാന്റിന് നിരാക്ഷേപ സാക്ഷ്യപത്രം

40 (1986) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ റിഫൈനറിയോടനുബന്ധിച്ചുള്ള പെറ്റ് കോക്ക് പ്ലാന്റിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സാക്ഷ്യപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്ലാന്റിൽനിന്നും ബഹിർഗമിക്കുന്ന കാർബൺ പൊടിമൂലം പ്രദേശത്ത് നിവസിക്കുന്ന ജനങ്ങൾക്ക് ശ്വാസകോശ സംബന്ധമായ രോഗങ്ങൾ ഉണ്ടാകുന്നതായി പ്രദേശവാസികളുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹാര മാർഗ്ഗങ്ങൾ ആരാഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കൊച്ചിൻ റിഫൈനറിയോടനുബന്ധിച്ചുള്ള പെറ്റ് കോക്ക് പ്ലാന്റിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. അനുമതി പത്രത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) പ്രദേശവാസികളുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊടി (കാർബൺ) വ്യാപനം ചെയ്യുന്നത് തടയുന്നതിനായി, ബി.പി.സി.എൽ-കൊച്ചിൻ റിഫൈനറിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന Petro coke സ്റ്റോറേജ് ഹൗസിൽ എത്തിക്കുന്നത് closed conveyor system വഴിയാണ്. കൂടാതെ, Storage house, closed dome shape-ൽ ആണ് നിർമ്മിച്ചിരിക്കുന്നതും unloading സമയത്ത് ചുറ്റും വാട്ടർ കർട്ടൻ പ്രവർത്തിക്കുന്നതിന് വേ സംവിധാനങ്ങൾ ഒരുക്കിയിട്ടുമുണ്ട്. എങ്കിലും പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തുടർ പരിശോധന നടത്തുന്നതാണ്. നിലവിൽ BPCL-ൽ തത്സമയ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അന്തരീക്ഷ വായു ഗുണനിലവാര നിർണ്ണയത്തിനായി 3 സ്റ്റേഷനുകൾ പ്രവർത്തിക്കുന്നു. അവയുടെ പരിശോധനാ ഫലങ്ങൾ പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ കമ്പനി പരിസരത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാര്യാലയത്തിലും ടി പരിശോധനാ ഫലങ്ങൾ തത്സമയം ലഭിക്കുകയും ആയത് നിരീക്ഷിച്ചും വരുന്നു.

**കെ.എ.എസ്. നിയമനരീതി**

41 (1987) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖേനയുള്ള നിയമന നടപടിക്രമങ്ങളിൽ സ്വതന്ത്രമായി തീരുമാനമെടുക്കുന്നതിനുള്ള പി.എസ്.സി.യുടെ അധികാരം കവർന്നെടുക്കുന്ന രീതിയിൽ കെ.എ.എസ്സിന്റെ പരീക്ഷാരീതി, സിലബസ്, ഇന്റർവ്യൂ തുടങ്ങിയ കാര്യങ്ങൾ പി.എസ്.സി.-യുമായി ആലോചിച്ച് സർക്കാർ നടപ്പാക്കുമെന്ന് വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തത് നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) അല്ലെങ്കിൽ ഈ തീരുമാനത്തിന് ആധാരമാക്കിയ വസ്തുതകൾ വിശദമാക്കുമോ?

**ഉത്തരം**

(എ&ബി) അല്ല. പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചന നടത്തിവരുന്നു.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിയമനത്തിനുള്ള പ്രായപരിധി**

42 (1988) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനുള്ള സ്പെഷ്യൽ റൂൾ പ്രകാരം സ്ട്രീം ഒന്നിൽ സംവരണാനുകൂല്യത്തോടെ 37 വയസ്സുവരെയും സ്ട്രീം മൂന്നിൽ 49 വയസ്സുള്ളവരെയും നിയമനത്തിനായി പരിഗണിക്കുമ്പോൾ സ്ട്രീം രണ്ടിൽ വരുന്ന നോൺഗസറ്റഡ് വിഭാഗക്കാർക്ക് 40 വയസ്സായി നിജപ്പെടുത്തിയതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ബി) സ്ട്രീം രണ്ടിൽ വരുന്ന ഉദ്യോഗാർത്ഥികളുടെ പ്രായപരിധി ഉയർത്തുന്ന കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം സ്ലീം II, സ്ലീം III എന്നിവയിലെ നിയമനം ബൈ ട്രാൻസ്ഫർ (By transfer) മുഖേനയാണ്. ടി ചട്ടങ്ങളിലെ ഷെഡ്യൂൾ ഒന്നിൽ ഉൾപ്പെട്ടിട്ടുള്ള വകുപ്പുകളിലും ടി ഷെഡ്യൂളുകളിൽ ലിസ്റ്റ് ചെയ്തിട്ടുള്ള കോമൺ കാറ്റഗറികളിൽ (common categories)-പ്പെടുന്ന തത്തുല്യ തസ്തികകളിലും ഒന്നാം ഗസറ്റഡ് തസ്തികകളിലും അതിനുമുകളിലും ഉള്ള ജീവനക്കാർക്കാണ് സ്ലീം III മുഖേനയുള്ള നിയമനത്തിന് അപേക്ഷിക്കുവാൻ സാധിക്കുന്നത്. ആയതിനാലാണ് ടി വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്ന വർഷം ജനുവരി ഒന്നിന് 50 വയസ്സ് കഴിയുവാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. സ്ലീം II-ൽ ഏതെങ്കിലും സർക്കാർ വകുപ്പുകളിലെ റഗുലർ ജീവനക്കാർ/Approved probationer ആയിട്ടുള്ള ജീവനക്കാർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. ആയതിനാൽ ടി സ്ലീം മുഖേനയുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്ന വർഷം ജനുവരി ഒന്നിന് 21 വയസ്സ് തികഞ്ഞിരിക്കണമെന്നും 40 വയസ്സ് കഴിയുവാൻ പാടില്ലെന്നും നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ ടി സ്ലീമിൽ OBC വിഭാഗങ്ങൾക്ക് 3 വർഷവും SC/ST വിഭാഗങ്ങൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**പി.എസ്.സി. വഴി നിയമനം**

43 (1989) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോവകുപ്പിലും അനുവദിച്ച തസ്തികകളിൽ നിയമനം നടത്താതെ കരാർ വ്യവസ്ഥയിലും എംപ്ലോയ്മെന്റ് വഴിയും ദിവസവേതന വ്യവസ്ഥയിലും നിയമനം നടത്തുന്ന കാര്യം പരിശോധിക്കുമോ;

(ബി) ഇത്തരത്തിൽ നിയമനം നടത്തുന്ന വകുപ്പ് തലവൻമാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഓരോ വകുപ്പിലും ഒഴിവുള്ള തസ്തികകൾ ജില്ലതിരിച്ച് ലഭ്യമാക്കുമോ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് സ്കൂളുകളിൽ നിരവധി തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്ന കാര്യം സർക്കാർ പ്രത്യേകമായി പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഓരോ വകുപ്പുകളിലും പി.എസ്.സി. വഴി നികത്തപ്പെടേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം എല്ലാ വകുപ്പുകളിലും ദ്രുത പരിശോധന നടത്തുകയും വീഴ്ചകൾ കണ്ടെത്തുകയാണെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നു. സർക്കാർ നിർദ്ദേശത്തിന് വിപരീതമായി നിയമനം നടത്തുകയാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഇക്കാര്യത്തിൽ സർക്കാർ പ്രത്യേക ശ്രദ്ധചെലുത്തി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## മലപ്പുറം ജില്ലയിലെ എൽ.പി സ്കൂൾ അസിസ്റ്റന്റ് (മലയാളം) അദ്ധ്യാപകരുടെ നിയമന ഇന്റർവ്യൂ

44 (1990) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എൽ.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം) അദ്ധ്യാപകരുടെ നിയമന ഇന്റർവ്യൂ തിരുവനന്തപുരം പി.എസ്.സി. ഓഫീസിൽ വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയുടെ ഇന്റർവ്യൂവിന് ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരം കേന്ദ്ര ഓഫീസിൽ എത്തിച്ചേരാനുള്ള പ്രയാസങ്ങൾ കണക്കിലെടുത്ത് അത് മലപ്പുറം ജില്ലാ പി.എസ്.സി. ഓഫീസിൽ വച്ച് നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) സാധാരണയായി ജില്ലാതല നിയമനത്തിനുള്ള തസ്തികകളുടെ ഇന്റർവ്യൂ ഇപ്രകാരം ജില്ലയ്ക്ക് പുറത്ത് നടത്താറുണ്ടോ; ഉണ്ടെങ്കിൽ ധാരാളം ഉദ്യോഗാർത്ഥികൾ ഉള്ള അവസരത്തിൽ കേന്ദ്ര ഓഫീസിൽ എത്തിച്ചേരാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് ജില്ലാതലത്തിൽ ഇന്റർവ്യൂ നടത്താനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ടി തസ്തികയുടെ ഇന്റർവ്യൂ 20-6-2018 മുതൽ 29-6-2018 വരെ തിരുവനന്തപുരത്ത് പി.എസ്.സി.-യുടെ ആസ്ഥാന ഓഫീസിൽ വച്ച് നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തെ ഏറ്റവും കൂടുതൽ വേക്കൻസികൾ ഉള്ളതും കൂടുതൽ ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുള്ളതുമായ. LPSA short list ആണ് മലപ്പുറം ജില്ലയിൽ ഉള്ളത്. മലപ്പുറം ജില്ലയിൽ നിലവിൽ UPSA യുടെ interview നടന്നുകൊണ്ടിരിക്കുകയാണ്. ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭ്യമായ ഒരു interview hall മാത്രം ഉപയോഗിച്ചുകൊണ്ട് ഇന്റർവ്യൂ നടത്തുമ്പോൾ Rank list പ്രസിദ്ധീകരിക്കുന്നതിനും ഉദ്യോഗാർത്ഥികൾക്ക് ജോലി നൽകുന്നതിനും അതുപോലെ ഈ അദ്ധ്യയന വർഷം അദ്ധ്യാപകരെ നിയമിക്കുന്നതിനും സാധിക്കാതെ പോകും. ആയതിനാൽ 20 ഓളം ഇന്റർവ്യൂ ബോർഡുകൾ, പി.എസ്.സി.-യുടെ ആസ്ഥാന ഓഫീസിൽ വച്ച് ഇന്റർവ്യൂ നടത്തുന്നതുമൂലം പെട്ടെന്ന് ഇന്റർവ്യൂ പൂർത്തിയാക്കാനും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനും സാധിക്കും. ഈ സാഹചര്യം പ്രത്യേകം കമ്മീഷൻ ചർച്ച ചെയ്ത് ഉദ്യോഗാർത്ഥികൾക്ക് കൂടി അനുകൂലമാണെന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് ഈ തീരുമാനം കൈക്കൊണ്ടത്.

**ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി**

45 (1991) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലായി പുതിയതായി സൃഷ്ടിച്ച തസ്തികകളിലെ എത്ര ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തു എന്ന് വ്യക്തമാക്കുമോ;

(ബി) പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ്**

46 (1992) ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 വരെ വർഷാവർഷം പി.എസ്.സി. നടത്തിയിരുന്ന ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് അതിനുശേഷം വർഷാവർഷം നടത്താതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ടെസ്റ്റ് നടത്താത്തതുമൂലം ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുവാൻ തടസ്സം നേരിട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ വർഷം അപേക്ഷ സ്വീകരിച്ച പി.എസ്.സി.യുടെ ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് എന്ന് നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ടെസ്റ്റ് നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ എത്രയും വേഗം ആയത് നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2013 ആഗസ്റ്റ് മാസം വിജ്ഞാപനം ചെയ്ത കേരള ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ്, ഡിപ്പാർട്ടുമെന്റൽ പരീക്ഷ 2014 ഫെബ്രുവരിയിൽ നടത്തുകയും 26-9-2014-ൽ ഫലപ്രഖ്യാപനം നടത്തുകയും ചെയ്തു. അതിനുശേഷം 2015 നവംബറിൽ വിജ്ഞാപനം ചെയ്യുകയും 2016 ഒക്ടോബർ മാസത്തിൽ പരീക്ഷ നടത്തുകയും 26-7-2017-ൽ ഫലപ്രഖ്യാപനം നടത്തുകയുമുണ്ടായി. ആഗസ്റ്റ് 2017-ൽ വീണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പരീക്ഷ നടത്തുന്നതാണ്.

(സി&ഡി) എത്രയുംവേഗം പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരികയാണ്.

**കണ്ണൂർ ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ്**

47 (1993) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-2015-ൽ നിലവിൽ വന്ന കണ്ണൂർ ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ പുതുതായി ആരംഭിച്ച താലൂക്ക് ആഫീസ്, ജോയിന്റ് ആർ.ടി.ഒ. ഓഫീസ്, ആർ.ഡി.ഒ. ഓഫീസ് എന്നിവിടങ്ങളിലേക്ക് പ്രസ്തുത ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 803 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## പാലക്കാട് ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ്

48 (1994) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പി.എസ്.സി.യുടെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോഴാണ് അവസാനിക്കുന്നത് എന്നത് വിശദമാക്കുമോ?

ഉത്തരം

(എ) 2-4-2018-ന് റാങ്ക് പട്ടിക നിലവിൽ വന്നു.

(ബി) നിലവിൽ റിപ്പോർട്ട് ചെയ്ത 14 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു. റാങ്ക് പട്ടികയുടെ സ്വാഭാവിക കാലാവധി 1-4-2021-ന് അവസാനിക്കും.

## അഗ്രിക്കൾച്ചർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

49 (1995) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ആഗസ്റ്റ് മാസം 9-ാം തീയതി പി എസ് സി നടത്തിയ അഗ്രികൾച്ചർ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 444/16) പരീക്ഷയുടെ റാങ്ക് ലിസ്റ്റ് ഇതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഇത് എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ടി തസ്തികയ്ക്ക് B-Tech Agriculture Engineering യോഗ്യത സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിക്കെതിരെ പി.എസ്.സി. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ടി അപ്പീലിന്മേലുള്ള വിധിയുടെ അടിസ്ഥാനത്തിൽ ടി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

## സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സംവിധാനം

50 (1996) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ ഓഫീസുകളിലും പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതൽ; ഇതിനു പ്രതീക്ഷിക്കുന്ന ചെലവ് എത്ര; വിശദാംശം നൽകുമോ;

(സി) പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളിൽ ഇത് ഫലപ്രദമല്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പുതുതായി ഈ സംവിധാനം ഏർപ്പെടുത്തുമ്പോൾ കുറ്റമറ്റരീതിയിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1-1-2018 മുതൽ സെക്രട്ടേറിയറ്റിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ശമ്പളവിതരണ സോഫ്റ്റ്വെയറായ സ്പാർക്കുമായി ബന്ധിപ്പിച്ച് കർശനമാക്കിയിട്ടുണ്ട്. കൂടാതെ 18-5-2018-ലെ സ.ഉ(കൈ) 108/2018/പൊ.ഭ.വ. പ്രകാരം 2018 ഒക്ടോബർ 1-നകം എല്ലാ സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കാനും കൂടാതെ അതോറിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മീഷനുകൾ തുടങ്ങി വകുപ്പിന് കീഴിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സംവിധാനം 2018 ഡിസംബർ 31-നകം നടപ്പിൽ വരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട് (പകർപ്പ് അനുബന്ധമായി *ചേർക്കുന്നു.)

ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിനാവശ്യമായി വരുന്ന ചെലവ് കണക്കാക്കി വരുന്നതേയുള്ളൂ.

(സി&ഡി) നിലവിലെ പഞ്ചിംഗ് സംവിധാനത്തിലുള്ള പോരായ്മകൾ തിരിച്ചറിഞ്ഞുകൊണ്ട് എല്ലാ സർക്കാർ ഓഫീസുകളും സ്ഥാപനങ്ങളും സ്പാർക്ക് ബന്ധിത പഞ്ചിംഗ് സംവിധാനം നടപ്പിലാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ബയോമെട്രിക് പഞ്ചിംഗ് സംവിധാനം

51 (1997) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ ബയോമെട്രിക് സംവിധാനം വിലയിരുത്തിയിട്ടുണ്ടോ; ഇത് വിജയപ്രദമാണോ; ഈ സംവിധാനത്തെ സ്പാർക്കുമായി ബന്ധിപ്പിച്ച് ശമ്പളം നൽകുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സർക്കാർ, എയ്ഡഡ് സ്കൂൾ, കോളേജ് അദ്ധ്യാപക-അനദ്ധ്യാപകർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഒക്ടോബർ ഒന്ന് മുതൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഈ സംവിധാനം ഏർപ്പെടുത്തുന്നതിന് എന്ത് ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായുള്ള തുക വിവിധ വകുപ്പുകൾക്ക് വകയിരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അതെ. സെക്രട്ടേറിയറ്റിലെ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്പാർക്കുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

(ബി) 18-5-2018-ലെ സ.ഉ (കൈ) 108/2018/പൊ.ഭ.വ. പ്രകാരം 2018 ഒക്ടോബർ 1-നകം എല്ലാ സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കാനും കൂടാതെ അതോറിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മീഷനുകൾ തുടങ്ങി വകുപ്പിന് കീഴിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സംവിധാനം 2018 ഡിസംബർ 31-നകം നടപ്പിൽ വരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിനാവശ്യമായി വരുന്ന ചെലവ് കണക്കാക്കി വരുന്നതേയുള്ളൂ. നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് ഇതിനാവശ്യമായ തുക കണ്ടെത്തേണ്ടത്.

**കാര്യക്ഷമമായ സിവിൽ സർവ്വീസ്**

52 (1998) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ സർവ്വീസിന്റെ പ്രവർത്തനം കാര്യക്ഷമവും ജനോപകാരപ്രദവും ജനസൗഹൃദവുമാക്കാനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സിവിൽ സർവ്വീസിലെ ഓരോ ഫയലും ജനജീവിതവുമായി ബന്ധപ്പെട്ടതാകയാൽ സർക്കാർ ഓഫീസിലെത്തുന്ന പൊതുജനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കപ്പെടാനും പ്രസ്തുത മേഖലയിൽ കാലാകാലങ്ങളായി നിലനിന്നിരുന്ന കൈക്കൂലി, സ്വജനപക്ഷപാതം, ഫയലുകളിലുണ്ടാകുന്ന കാലതാമസം എന്നിവ ഒഴിവാക്കി കാര്യക്ഷമമായ ഒരു സിവിൽ സർവ്വീസ് ക്രമീകരിക്കാനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്ത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സിവിൽ സർവ്വീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ജനോപകാരമായ മാറ്റങ്ങൾ ആവിഷ്കരിക്കുന്നതിനും സിവിൽ സർവ്വീസ് ആധുനികവൽക്കരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ആയത് സംബന്ധിച്ച ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നാലാം ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. വകുപ്പുതല ചട്ടക്കൂടുകൾ ഇല്ലാതാക്കുക, പ്രഗത്ഭരമായ യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുക, മധ്യതല സംവിധാനം ശക്തമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു.

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. സംസ്ഥാന പരിശീലന നയത്തിന് രൂപം നൽകി.

സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ 1-1-2018 മുതൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം കർശനമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് സ്പാർക്ക് മുഖേന ശമ്പളം കൈപ്പറ്റുന്ന എല്ലാ സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം 2018 ഒക്ടോബർ 1-നകവും സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽ ഡിസംബർ 31-നകവും സ്ഥാപിച്ച് നടപ്പിൽ വരുത്തുവാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ മുൻഗണന നൽകണമെന്ന നിർദ്ദേശങ്ങളടങ്ങിയ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 31-3-1985-ലെ 3461/എ 2/85/ഉഭപവ. സർക്കുലർ പ്രകാരം സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ/അപേക്ഷകൾ/നിവേദനങ്ങൾ തുടങ്ങിയവയ്ക്ക് ഒരാഴ്ചയ്ക്കുള്ളിൽ കൈപ്പറ്റ് രസീത് നൽകണമെന്നും പ്രസ്തുത പരാതികൾ/ അപേക്ഷകൾ/നിവേദനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അപേക്ഷകന് ഒരു മാസത്തിനുള്ളിലും അന്തിമ തീർപ്പ് മൂന്ന് മാസത്തിനകവും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പദ്ധ്യക്ഷന്മാർ ശിക്ഷാ നടപടി കൈക്കൊള്ളണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 16-7-2015-ലെ നമ്പർ 11433/എ.ആർ13(2)/2015/ ഉഭപവ. പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഫയലുകളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കൽ നിർദ്ദേശങ്ങളടങ്ങിയ 21-2-2018-ലെ നമ്പർ 27/എ.ആർ14(2)/18/ഉഭപവ. പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

## ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങൾ

53 (1999) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ പ്രതിവർഷം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഐ.ടി. മേഖലയിൽ സൃഷ്ടിച്ച തൊഴിലവസരങ്ങൾ എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം എത്ര പേർക്കാണ് തൊഴിൽ ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ടെക്നോപാർക്കിൽ 2020-തോടുകൂടി നിലവിലുള്ള 56,000 തൊഴിലവസരങ്ങൾ ഒരു ലക്ഷമായും ഇൻഫോപാർക്കിൽ നിലവിലുള്ള 35,000 തൊഴിലവസരങ്ങൾ ഒരു ലക്ഷമായും സൈബർപാർക്കിൽ ഇപ്പോഴുള്ള 260 തൊഴിലവസരങ്ങൾ 2000 ആയും വർദ്ധിപ്പിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

(ബി) ടെക്നോപാർക്ക്

| വർഷം | മൊത്തം ജീവനക്കാരുടെ എണ്ണം | വർദ്ധനവ് |
|---|---|---|
| 2016 മേയ് വരെ | 51,000 | -- |
| 2016 ജൂൺ മുതൽ 2017 മാർച്ച് വരെ | 53,000 | 2000 |
| 2017 ഏപ്രിൽ മുതൽ 2018 മേയ് വരെ | 56,000 | 3000 |
| അവസാന രണ്ട് വർഷത്തെ വർദ്ധനവ് | -- | 5000 |

ഇൻഫോപാർക്ക്

| വർഷം | മൊത്തം ജീവനക്കാരുടെ എണ്ണം | വർദ്ധനവ് |
|---|---|---|
| 2016 മേയ് വരെ | 28,000 | -- |
| 2016 ജൂൺ മുതൽ 2017 മാർച്ച് വരെ | 32,800 | 4800 |
| 2017 ഏപ്രിൽ മുതൽ 2018 മേയ് വരെ | 35,000 | 2200 |

സൈബർപാർക്ക്

| വർഷം | മൊത്തം ജീവനക്കാരുടെ എണ്ണം | വർദ്ധനവ് |
|---|---|---|
| 2016 മേയ് വരെ | 60 | -- |
| 2016 ജൂൺ മുതൽ 2017 മാർച്ച് വരെ | 100 | 40 |
| 2017 ഏപ്രിൽ മുതൽ 2018 മേയ് വരെ | 260 | 160 |

(സി) ടെക്നോപാർക്കിലെ വിവിധ പദ്ധതികളിലായി 6000 പേർക്കും ഇൻഫോപാർക്കിൽ 7000 പേർക്കും സൈബർപാർക്കിൽ 200 പേർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്.

**അതിവേഗ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാൻ പദ്ധതി**

54 (2000) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ . എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിലൂടെ പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഇന്റർനെറ്റ് സേവനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ 30,000-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കുന്നതിന് 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് (കെ-ഫോൺ) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും അതിവേഗ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) നിലവിൽ സംസ്ഥാന ഐ.ടി. വകുപ്പിന് കീഴിലുള്ള കമ്പനിയായ കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.)-നെയാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിക്കായി 1028 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി നടത്തിപ്പിനായി കിഫ്ബി (KIIFB) വഴി 823 കോടി രൂപയുടെ ധനസഹായം ലഭ്യമായിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻ വകുപ്പിന്റെ USOF (Universal Service Obligation Fund)-ൽ നിന്ന് ധനസഹായത്തിന് അഭ്യർത്ഥിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിക്കായി രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.)ന്റെയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി.)-ന്റെയും സംസ്ഥാന സർക്കാരിന്റെയും പങ്കാളിത്തത്തോടെ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് ലിമിറ്റഡ്' എന്ന പേരിൽ ഒരു പുതിയ ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിക്കുവാനും എസ്.പി.വി.-യെ സഹായിക്കുന്നതിന് ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു.)-നെ നിയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പുതിയ ജോയിന്റ് വെൻച്വർ കമ്പനി (എസ്.പി.വി.) രൂപീകരിക്കുന്നതുവരെ കെ.എസ്.ഐ.ടി.ഐ.എൽ-നായിരിക്കും പദ്ധതിയുടെ നിർവ്വഹണ ചുമതല.

**നേമം മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ**

55 (2001) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങളാണുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ തിരുമല ജംഗ്ഷൻ (TVM287), കരമന ജംഗ്ഷൻ (TVM293), കളിപ്പാൻകുളം (010302), പാപ്പനംകോട് (010298), മണക്കാട് ജംഗ്ഷൻ (TVM292) എന്നീ 5 ലൊക്കേഷനുകളിലും കല്ലിയൂർ പഞ്ചായത്തിൽ പൂങ്കുളം (TVM114), വെള്ളായണി ജംഗ്ഷൻ (TVM115) എന്നീ 2 ലൊക്കേഷനുകളിലുമായി ആകെ 7 അക്ഷയ കേന്ദ്രങ്ങളാണ് നേമം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്നത്.

## അക്ഷയ കേന്ദ്രങ്ങൾ

56 (2002) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അക്ഷയ കേന്ദ്രങ്ങൾ നിലവിലുണ്ട്;

(ബി) പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പുതുതായി അക്ഷയകേന്ദ്രങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത്;

(സി) ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2703 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനിവാര്യമാണെന്ന് കാണിച്ച് ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി ഒരു പ്രമേയം പാസ്സാക്കുക എന്നതാണ് പുതിയ ഒരു അക്ഷയ കേന്ദ്രം തുടങ്ങുന്നതിനുള്ള ആദ്യ നടപടിക്രമം. പ്രസ്തുത പ്രമേയത്തിന്മേൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരത്തിന്റെയും അക്ഷയ ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിലാണ് പ്രസ്തുത ലൊക്കേഷനിൽ സർക്കാർ പുതിയ അക്ഷയകേന്ദ്രം അനുവദിക്കുന്നത്. ഒരു ലൊക്കേഷനിൽ അക്ഷയകേന്ദ്രം അനുവദിച്ചുകഴിഞ്ഞാൽ പ്രസ്തുത അക്ഷയ കേന്ദ്രത്തിന്റെ നടത്തിപ്പിനായി സംരംഭകനെ തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ച് ഓൺലൈൻ പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അർഹനായ സംരംഭകനെ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്.

(സി) അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംരംഭകർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് എല്ലാ അക്ഷയ സംരംഭകർക്കും അക്ഷയ ഡയറക്ടർ മുഖേന നിർദ്ദേശം നിൽകിയിട്ടുണ്ട്. ആയവ പാലിക്കിന്നുണ്ടോയെന്ന് അക്ഷയ ജില്ലാ ഓഫീസുകളിൽനിന്നുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അക്ഷയകേന്ദ്രങ്ങൾ സന്ദർശിച്ച് ഉറപ്പുവരുത്താറുണ്ട്. അക്ഷയ മുഖേന ലഭ്യമാക്കുന്ന പുതിയ സേവനങ്ങൾക്ക് അതാത് വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ സാങ്കേതിക പരിശീലനം സംരംഭകർക്ക് നൽകിവരുന്നതുവഴി പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം കുറയ്ക്കാൻ കഴിയുന്നുണ്ട്. വിവിധ ആവശ്യങ്ങൾക്കായി അക്ഷയകേന്ദ്രങ്ങളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിൽ അക്ഷയകേന്ദ്രങ്ങളുടെ

ഭാഗത്തുനിന്നും കാലതാമസവും വീഴ്ചയും നേരിടുന്നതായുള്ള ചില പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയത് അന്വേഷിക്കുന്നതിന് ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. അക്ഷയകേന്ദ്രങ്ങളെ സംബന്ധിച്ച് ലഭിക്കുന്ന ഗുരുതരമായ പരാതികളിന്മേൽ പ്രസ്തുത സമിതിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ അക്ഷയ ഡയറക്ടർ മുഖേന നൽകുന്നുണ്ട്.

**വയനാട് ജില്ലയിൽ പുതിയ അക്ഷയകേന്ദ്രം**

57 (2003) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ:

(ബി) അക്ഷയ കേന്ദ്രം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലയിൽ നിലവിൽ എത്ര അക്ഷയ കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വയനാട് ജില്ലയിൽ പതിനൊന്ന് പുതിയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശയോടെ അക്ഷയ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ പാസാക്കുന്ന പ്രമേയത്തിന്റെയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുന്നത്. രണ്ട് അക്ഷയകേന്ദ്രങ്ങൾ തമ്മിൽ കുറഞ്ഞത് രണ്ട് കിലോമീറ്റർ ദൂരപരിധി ഉണ്ടായിരിക്കണമെന്ന നിബന്ധനയിൽ ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4-ഉം മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം അക്ഷയകേന്ദ്രങ്ങളാണ് അനുവദിച്ചുവരുന്നത്. എന്നാൽ കോർപ്പറേഷൻ പരിധിയിലെ അക്ഷയകേന്ദ്രങ്ങളുടെ എണ്ണം ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ ആവശ്യം പരിഗണിച്ചാണ് നിശ്ചയിക്കുന്നത്. ഒരു ലൊക്കേഷനിൽ അക്ഷയകേന്ദ്രം അനുവദിച്ചുകഴിഞ്ഞാൽ പ്രസ്തുത അക്ഷയകേന്ദ്രത്തിന്റെ നടത്തിപ്പിനായി സംരംഭകനെ തിരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ച് ഓൺലൈൻ പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അർഹനായ സംരംഭകനെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്.

(സി) വയനാട് ജില്ലയിൽ നിലവിൽ 69 അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

## സൈനിക സമാശ്വാസ തൊഴിൽദാന പദ്ധതി

58 (2004) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈനിക സമാശ്വാസ തൊഴിൽദാന പദ്ധതി ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കി വരുന്നത്;വിശദാംശം ലഭ്യമാക്കുമോ;

(ബി) സർവ്വീസിലിരുന്ന് മരണപ്പെടുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ആശ്രിത നിയമനം നൽകുന്ന പദ്ധതി പ്രകാരമല്ല സൈനിക സമാശ്വാസ തൊഴിൽദാന പദ്ധതി നടപ്പിലാക്കുന്നത് എന്നതിനാൽ നിയമനം നൽകുവാൻ വകുപ്പുകളിൽനിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് സർക്കാർ ജീവനക്കാരുടെ ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നടപടിക്രമം പിന്തുടരേണ്ടതുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സൈനിക സമാശ്വാസ തൊഴിൽദാനപദ്ധതിയിൽ നിയമനം നൽകുന്നതിനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് പ്രത്യേക നടപടി ക്രമം നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ രാജ്യസേവനത്തിനിടയിൽ മരണപ്പെടുന്ന സൈനികരുടെ ആശ്രിതർക്ക് അടിയന്തര ആശ്വാസമെന്ന നിലയിൽ തൊഴിൽ ലഭിക്കുന്നതിന് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത ഓപ്പൺ വേക്കൻസി, വകുപ്പുകളിൽനിന്ന് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുവാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 29-4-2002-ലെ സ.ഉ.(പി) നമ്പർ 110/02/പൊ.ഭ.വ., അടിസ്ഥാനത്തിലാണ് സൈനിക സമാശ്വാസ തൊഴിൽദാന പദ്ധതി നടപ്പിലാക്കിവരുന്നത്.

പ്രതിരോധസേനയിൽ സേവനം അനുഷ്ഠിക്കുന്ന സേനാംഗങ്ങൾ, അർദ്ധസൈനിക വിഭാഗത്തിൽപ്പെട്ട " ബി.എസ്.എഫ്. /ഗ്രെഫ്" സേനാംഗങ്ങൾ (പ്രതിരോധസേനയുമായി അറ്റാച്ചായിരിക്കവേ), യുദ്ധവും/യുദ്ധസമാനവുമായ സാഹചര്യങ്ങളിൽ മരണപ്പെടുകയോ കാണാതാവുകയോ അതീവഗുരുതരമായി പരിക്കേൽക്കുകയോ പരിക്കേറ്റ ജവാൻ സിവിൽ സേവനത്തിന് പ്രാപ്തനല്ലാതാകുകയോ ചെയ്യുന്ന അവസരത്തിൽ അത്യാഹിതം സംഭവിക്കുന്ന ജവാന്റെ നിയമാനുസൃതമായ ഒരു ആശ്രിതന് അല്ലെങ്കിൽ ആശ്രിതയ്ക്ക് മേൽ പ്രസ്താവിച്ച സർക്കാർ ഉത്തരവിൻപ്രകാരം സംസ്ഥാന സർക്കാരിന്റെ സബോർഡിനേറ്റ് സർവ്വീസ്, ലാസ്റ്റ് ഗ്രേഡ് സർവ്വീസ്, പാർട്ട് ടൈം കണ്ടിൻജന്റ്

സർവ്വീസ് എന്നിവയിൽ അവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ക്ലാസ്സ് III/ ക്ലാസ്സ് IV തസ്തികയിലെ ഏറ്റവും താഴ്ന്ന ഗ്രേഡിൽ നിയമനം നൽകിവരുന്നു.

(ബി) ഉണ്ട്. കാരണം മാതൃരാജ്യത്തിന്റെ സുരക്ഷയ്ക്കുവേണ്ടി ഒരു ജവാൻ അതിർത്തി പ്രദേശങ്ങളിൽ യുദ്ധവും/യുദ്ധസമാനവുമായ സാഹചര്യങ്ങളിൽ മിലിട്ടറി സേവനവുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ ശത്രുസേനയുടെ ആക്രമണം, സൈനിക ഓപ്പറേഷൻ/ഫീൽഡ് ഏര്യായിലെ പ്രതികൂല കാലാവസ്ഥകൾ, വാഹനാപകടം എന്നിവമൂലം വീരമൃത്യു സംഭവിക്കുന്ന സൈനികരുടെ ഒരു ആശ്രിതന്/ആശ്രിതയ്ക്ക് നിയമനം നൽകുന്നതിനുവേണ്ടി നിശ്ചിത ശതമാനം സീറ്റുകൾ റിസർവ് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ സർക്കാർ ജീവനക്കാരുടെ ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നടപടിക്രമം മേൽപ്രകാരം വീരമൃത്യു വരിക്കുന്ന സൈനികരുടെയും അർദ്ധസൈനികരുടെയും ആശ്രിതന്/ആശ്രിതയ്ക്ക് സംസ്ഥാന സർക്കാരിൽ നിയമനം നൽകുന്നതിനുവേണ്ടിയും പിൻതുടരേണ്ടതുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുമുള്ള ചികിത്സാ ധനസഹായം**

59 (2005) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ചികിത്സാധനസഹായം കുറ്റമറ്റ രീതിയിലും വേഗത്തിലും ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; അപേക്ഷയുടെ കൂടെ എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടത്;

(ബി) ചികിത്സാധനസഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി എത്രയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് കൂടുതൽ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവരുന്നു. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽവന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് എത്തിക്കുന്നതിന് DBT (Direct

Benefit Transfer) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ധനസഹായവിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസീൽദാർമാർക്കും ഇപ്പോൾ സർക്കാരിൽനിന്നും ഓൺലൈനായി നൽകിവരുന്നു. DBT സംവിധാനം പ്രയോജനപ്പെടുത്തുന്നതിലേക്കായി അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തി തുക നേരിട്ട് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനായി അപേക്ഷകൾ സജ്ജമാക്കുന്നതിനും തഹസിൽദാരെയും വില്ലേജ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയോടൊപ്പം ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പ്, ആറ് മാസത്തിനകം എടുത്ത അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ്, അപകട മരണം സംബന്ധിച്ച കേസ്സുകളിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ., മരണ സർട്ടിഫിക്കറ്റ് തുടങ്ങിയവയും ഹാജരാക്കേണ്ടതാണ്. അപകടമരണം നടന്ന് ഒരു വർഷത്തിനുള്ളിൽ അപേക്ഷ നൽകിയിരിക്കണം.

(ബി) ചികിത്സാധനസഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി 1,00,000 രൂപയാണ്.

**ഓഖി ദുരന്തവുമായി ബന്ധപ്പെട്ട സാമ്പത്തിക സഹായം**

60 (2006) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഇരവിപുരം നിയോജകമണ്ഡലത്തിൽ തീരദേശ പുനരധിവാസമടക്കം എത്ര തുകയുടെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലെ ഇരവിപുരം നിയോജകമണ്ഡലത്തിൽ 727 മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസ ധനസഹായമായി 2,000 (രണ്ടായിരം രൂപ മാത്രം) വീതം ആകെ 14,54,000 രൂപ (പതിനാല് ലക്ഷത്തി അമ്പത്തിനാലായിരം രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. പൂർണ്ണമായും നാശനഷ്ടം സംഭവിച്ച 4 വീടുകളിലെ താമസക്കാർക്ക് വീട്ടുവാടകയിനത്തിൽ 12 മാസത്തേയ്ക്ക് പ്രതിമാസം 3,000 രൂപ (മൂവായിരം രൂപ മാത്രം) വച്ച് 1,44,000 രൂപ (ഒരു ലക്ഷത്തി നാല്പത്തിനാലായിരം രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഭാഗികമായി നാശനഷ്ടം സംഭവിച്ച വീടുകൾക്ക് ആശ്വാസ ധനസഹായമായി 84,000 (എൺപത്തിനാലായിരം രൂപ മാത്രം)-യും വിതരണം ചെയ്തിട്ടുണ്ട്.

## കാലാവസ്ഥാ മുന്നറിയിപ്പുകൾ

61 (2007) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 നവംബർ 28, 29 തീയതികളിൽ എത്ര കാലാവസ്ഥാ മുന്നറിയിപ്പുകളാണ് സംസ്ഥാന സർക്കാരിന് ലഭിച്ചതെന്നും അത് ഏതെല്ലാം സമയങ്ങളിലാണെന്നും പ്രസ്തുത മുന്നറിയിപ്പുകളെ തുടർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മുന്നറിയിപ്പുകളുടെ പശ്ചാത്തലത്തിൽ, പ്രസ്തുത തീയതികളിൽ, സർക്കാരോ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയോ എത്ര യോഗം വിളിച്ച് ചേർത്തിരുന്നുവെന്നും പ്രസ്തുത യോഗങ്ങളിൽ ആരൊക്കെയാണ് പങ്കെടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 28-11-2017-ന് ദൈനംദിന കാലാവസ്ഥാ അവലോകന റിപ്പോർട്ട് മാത്രമാണ് ലഭിച്ചത്. 29-ന് ശ്രീലങ്കൻ തീരത്തെ ന്യൂനമർദ്ദവും കടൽ സ്ഥിതിയും സംബന്ധിച്ചുള്ള ആദ്യ ബുള്ളറ്റിൻ 3.05 PM-നും രണ്ടാമത്തേത് 5.43 PM-നുമാണ് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്ക് ലഭിച്ചത്. ആയത് മാദ്ധ്യമങ്ങൾ ഉൾപ്പെടുന്ന സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി രൂപീകരിച്ചിട്ടുള്ള വാട്ട്സ് ആപ് ഗ്രൂപ്പ് മുഖേന നൽകിയിരുന്നു. ചുഴലിക്കാറ്റ് സംബന്ധിച്ച് യാതൊരു മുന്നറിയിപ്പും ലഭിച്ചിരുന്നില്ല.

(ബി) യോഗം ചേർന്നിരുന്നില്ല.

## ജനസാന്ത്വനം പദ്ധതി

62 (2008) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതി പുനഃക്രമീകരിക്കുന്നതിനുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്ന രീതിയിൽ മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതിയുടെ മാനദണ്ഡങ്ങളിൽ പുനഃക്രമീകരണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## എൻഡോസൾഫാൻ ദുരിതബാധിതർ

63 (2009) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശ്വാസം നൽകുന്ന കാര്യത്തിൽ ഈ സർക്കാർ നൽകിയ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ എന്തൊക്കെയായിരുന്നു; പ്രസ്തുത വാഗ്ദാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) എൻഡോസൾഫാൻ ദുരിതബാധിതർ റവന്യൂ റിക്കവറി നിയമത്തിലെ 71-ാം വകുപ്പ് ബാധകമായുള്ള സ്ഥാപനങ്ങളിൽ നിന്നും ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാ വായ്പകളും എഴുതി തള്ളിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(സി) ദുരിതബാധിതർക്കുള്ള റീഹാബിലിറ്റേഷൻ വില്ലേജ് മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലെ ലിസ്റ്റിൽപ്പെടാത്ത അർഹരായ ദുരിതബാധിതരെ കണ്ടെത്തുന്നതിനും അവർക്ക് അർഹമായ ആനുകൂല്യം അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഇ) സുപ്രീംകോടതി വിധിപ്രകാരം കീടനാശിനി നിർമ്മാതാക്കളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുവാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) 'എൻഡോസൾഫാൻ ദുരിതബാധിതരെ സംരക്ഷിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമെന്ന് തെരഞ്ഞെടുപ്പ് വാഗ്ദാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രത്യേക ധനസഹായം നൽകുന്നതിലേയ്ക്ക് 56.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യ ചികിത്സ അനുവദിച്ച വകയിൽ 4.6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2013 ആഗസ്റ്റ് മാസം നടത്തിയ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുത്തവരിൽനിന്നും നിലവിലുള്ള മാനദണ്ഡപ്രകാരം ദുരിതബാധിത പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതും എന്നാൽ ഗുരുതര രോഗമുള്ളവരുമായ 127 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഒരു ലക്ഷം രൂപവീതം

അനുവദിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം ആകെ 62.63 കോടി രൂപ മേൽ ഇനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 25 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിക്കുന്ന കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ ഗ്രാമത്തിന്റെ രൂപകല്പന, നിർമ്മാണം, നടത്തിപ്പ് എന്നിവയടക്കമുള്ള സമഗ്രനിർമ്മാണ പ്രവർത്തനങ്ങളും നടത്തിപ്പും ലോകോത്തരനിലവാരത്തിൽ നിർവ്വഹിക്കുന്നതിന് കോഴിക്കോട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്.

(ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ 50,000 രൂപവരെയുള്ള കടങ്ങൾ എഴുതിത്തള്ളിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു:

| Types of Banks | No. of Beneficiaries | Amount (in Rupees) |
|---|---|---|
| Co-operative Banks | 559 | 85,70,475 |
| Nationalized Banks | 119 | 25,22,950 |
| | Total | 1,10,93,425 |

ദുരിതബാധിതരുടെ പരിഗണിക്കാൻ പറ്റുന്ന കടബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിനാവശ്യമായ 7.6 കോടി രൂപ അനുവദിക്കുന്നതിന് സർക്കാർ തീരുമാനമായിട്ടുണ്ട്. നിലവിൽ ദുരിതബാധിതരുടെ എല്ലാ കടബാദ്ധ്യതകൾക്കും 25-10-2017 മുതൽ ഒരു വർഷത്തേയ്ക്ക് സർക്കാർ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) 25 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്ന കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ ഗ്രാമത്തിന്റെ രൂപകൽപ്പന, നിർമ്മാണം, നടത്തിപ്പ് എന്നിവയടക്കമുള്ള സമഗ്രനിർമ്മാണ പ്രവർത്തനങ്ങളും നടത്തിപ്പും ലോകോത്തരനിലവാരത്തിൽ നിർവ്വഹിക്കുന്നതിന് കോഴിക്കോട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്.

(ഡി) സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ് വഴി അർഹരെന്ന് കണ്ടെത്തിയ എല്ലാവരെയും ദുരിതബാധിത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) കീടനാശിനി നിർമ്മാതാക്കളിൽനിന്നും നഷ്ടപരിഹാരം ലഭിച്ചിട്ടില്ല.

## കണ്ണൂർ വിമാനത്താവള കമ്പനിയിലെ നിയമനം

64 (2010) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള കമ്പനി (കെ.ഐ.എ.എൽ.)യുടെ കീഴിൽ ജോലിചെയ്യുന്ന ഓരോരുത്തരുടെയും പേര്, തസ്തിക, പ്രതിമാസ ശമ്പളം തുടങ്ങിയവ സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) ഇവരിൽ സ്ഥിരനിയമനം ലഭിച്ചവർ ആരൊക്കെയാണെന്നും താൽക്കാലിക നിയമനം ലഭിച്ചവരുടെ ജോലി കാലാവധി എത്രയാണെന്നും വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ ഏതെല്ലാം തസ്തികകളിൽ ജോലിക്കായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടെന്നും നിയമനത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ഡി) സുതാര്യമായിട്ടാണോ നിയമനങ്ങൾ നടത്തുന്നത്; നിയമനം സംബന്ധിച്ച് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ-ഡി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയിലേക്കുള്ള നിയമനങ്ങൾ സുതാര്യമായിട്ടാണ് നടന്നുവരുന്നത്. റിക്രൂട്ട്മെന്റ് നടപടികൾ പൂർണ്ണമായും കൈകാര്യം ചെയ്യുന്നത് സ്വതന്ത്ര റിക്രൂട്ട്മെന്റ് ഏജൻസിയാണ്. നിയമനവുമായി ബന്ധപ്പെട്ട മുഴുവൻ വിജ്ഞാപനവും പ്രധാന പത്രങ്ങളിലും കമ്പനി വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ അപേക്ഷകളും ക്വാളിഫിക്കേഷനനുസരിച്ച് സൂക്ഷ്മപരിശോധന നടത്തും. സൂക്ഷ്മപരിശോധന, എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നീ ഘട്ടങ്ങളിലായാണ് റിക്രൂട്ട്മെന്റ് നടപടികൾ നടത്തുന്നത്. ചില തസ്തികകളിൽ കായികക്ഷമതാ പരിശോധനയും സ്കിൽ ടെസ്റ്റും നടത്താറുണ്ട്. നിലവിൽ ജോലിക്കായി അപേക്ഷകളൊന്നുംതന്നെ ക്ഷണിച്ചിട്ടില്ല.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ സ്ഥിര നിയമനം ലഭിച്ചവരുടെയും താൽക്കാലിക നിയമനം ലഭിച്ചവരുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അപ്പർ ഭവാനിയിൽ തമിഴ്നാട് രഹസ്യമായി നിർമ്മിക്കുന്ന തുരങ്കം

65 (T*2011) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവാനി പുഴയുടെ ഉത്ഭവ സ്ഥാനത്തിന് സമീപം അപ്പർ ഭവാനിയിൽ തമിഴ്നാട് രഹസ്യമായി തുരങ്കം നിർമ്മിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തുരങ്കം പൂർത്തിയാകുന്നതോടുകൂടി ഭവാനിയിൽനിന്ന് കേരളത്തിലേക്കുള്ള നീരൊഴുക്ക് ഇല്ലാതാകുമെന്നും സൈലന്റ് വാലിയും അട്ടപ്പാടിയും വരണ്ട് ഉണങ്ങുമെന്നുമുള്ള റിപ്പോർട്ട് വസ്തുതാപരമാണോ;

(സി) നദിയുടെ സ്വാഭാവിക പ്രവാഹം തടഞ്ഞുകൊണ്ടുള്ള നിർമ്മാണം സംസ്ഥാന സർക്കാർ തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ അവരുടെ പ്രതികരണം എന്താണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഭവാനി പുഴയുടെ ഉത്ഭവസ്ഥാനത്തിന് സമീപം അപ്പർ ഭവാനിയിൽ തമിഴ്നാട് തുരങ്കം നിർമ്മിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത വാർത്ത ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ചീഫ് എഞ്ചിനീയർ ഐ.എസ്.ഡബ്ല്യു. മുഖേന അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിൽ തമിഴ്നാട് നിലവിലുള്ള കുണ്ട ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ ഭാഗമായി ഒരു ടണലാണ് നിർമ്മിക്കുന്നതെന്നും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഭവാനിയുടെ കേരളത്തിലെ നീരൊഴുക്കിനെ ബാധിക്കുകയില്ലെന്നും പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്. എങ്കിലും ഇക്കാര്യത്തിലുള്ള നിജസ്ഥിതി നേരിട്ട് മനസ്സിലാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒരു സംഘത്തെ പദ്ധതി പ്രദേശം സന്ദർശിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന് തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## നാം മുന്നോട്ട് എന്ന ടി.വി. പരിപാടി

66 (2012) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നാം മുന്നോട്ട് എന്ന ടി.വി. പരിപാടി സംപ്രേക്ഷണം ചെയ്യുന്നതിന് എത്ര തുകയാണ് ഓരോ സ്വകാര്യ ചാനലിനും നൽകുന്നതെന്ന് വെളിപ്പെടുത്തുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

നാം മുന്നോട്ട് എന്ന ടി.വി. പരിപാടി സംപ്രേക്ഷണം ചെയ്യുന്നതിന് ഓരോ ചാനലുകൾക്കും നൽകുന്ന തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | ഏഷ്യാനെറ്റ് ന്യൂസ് | - 1,25,000 + ജി.എസ്.ടി. |
| 2. | മാതൃഭൂമി ന്യൂസ് | - 1,00,000 + ജി.എസ്.ടി. |
| 3. | ന്യൂസ് 18 കേരള | - 50,000 + ജി.എസ്.ടി. |
| 4. | മീഡിയ വൺ | - 50,000 + ജി.എസ്.ടി. |
| 5. | റിപ്പോർട്ടർ | - 50,000 + ജി.എസ്.ടി. |
| 6. | കൈരളി ചാനൽ | - 1,20,000 + ജി.എസ്.ടി . (പുനഃസംപ്രേഷണം ഉൾപ്പെടെ) |
| 7. | പീപ്പിൾ ചാനൽ | - 75,000 + ജി.എസ്.ടി. |
| 8. | സിംഫണി | - 30,000 + ജി.എസ്.ടി. |
| 9. | കൗമുദി ചാനൽ | - 25,000 + ജി.എസ്.ടി. |
| 10. | ജീവൻ | - 30,000 + ജി.എസ്.ടി. |
| 11. | ജയ് ഹിന്ദ് | - 50,000 + ജി.എസ്.ടി. |
| 12. | ദൂരദർശൻ | - 73,345 (പുനഃസംപ്രേഷണം ഉൾപ്പെടെ) |

## ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണം ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ

67 (2013) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ കൂടുതൽ മേഖലകളിൽ സ്വദേശിവൽക്കരണം വ്യാപിപ്പിക്കുന്ന സാഹചര്യത്തിൽ ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള പ്രവാസി പുനരധിവാസ പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; അവ കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ആഫ്രിക്കൻ രാജ്യങ്ങളായിരിക്കും ഇനി പ്രവാസികളുടെ ആശ്രയകേന്ദ്രം എന്നതിന്റെ അടിസ്ഥാനത്തിൽ അവിടെ തൊഴിലവസരങ്ങൾ കൂടുതൽ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) വിദേശത്ത് തൊഴിൽ നൈപുണ്യം ഏറ്റവും ആവശ്യമുള്ള മേഖലകളിൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും അതിനനുസൃതമായി സംസ്ഥാനത്ത് നിലവിലുള്ള റിക്രൂട്ട്മെന്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) പ്രവാസികളുടെ പുനരധിവാസത്തിനായി നിക്ഷേപ സഹായ സെൽ രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഫലമായി ധാരാളം പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരേണ്ടിവരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അതോടൊപ്പംതന്നെ ഗൾഫ് മേഖലയിൽ പുതിയ തൊഴിലവസരങ്ങളുണ്ടാകുന്നതിൽ ഗണ്യമായ കുറവ് നേരിടാനുള്ള സാദ്ധ്യതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലെ പ്രവാസി മലയാളികൾക്കിടയിൽ തൊഴിൽ നഷ്ടവും സാമ്പത്തിക നഷ്ടവുംമൂലം പ്രതിസന്ധി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിന്റെ യഥാർത്ഥ തോത് കാണിക്കുന്ന കണക്ക് സർക്കാരിൽ ലഭ്യമല്ല. ഈ സാഹചര്യം കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയിൽ ഗണ്യമായ ആഘാതം ഉണ്ടാക്കുമെന്ന് കരുതുന്നു.

(ബി) വിദേശരാജ്യങ്ങളിൽനിന്നും തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി സർക്കാർ നടപ്പാക്കിവരുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്ന പദ്ധതിയാണ് ഇത്. രണ്ടുവർഷം വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിനായി പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം

3% പലിശ സബ്സിഡിയും നൽകുന്നതാണ് ഈ പദ്ധതി. നിലവിൽ നോർക്ക റൂട്ട്സും സൗത്ത് ഇൻഡ്യൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എന്നീ ബാങ്കുകളുമായി ഒപ്പുവയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവ് നൽകിയാണ് മേൽപ്പറഞ്ഞ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി മേൽപ്പറഞ്ഞ ദേശസാൽകൃത ബാങ്കുകൾക്ക് പുറമെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വികസന കോർപ്പറേഷൻ എന്നിവരുമായി ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിജയകരമായ സംരംഭക മേഖലകളിൽ തൊഴിൽ നൈപുണ്യപരിശീലനവും പ്രോജക്ട് തയ്യാറാക്കുന്നതിൽ സഹായവും ബാങ്കുകളുടെ ആവശ്യങ്ങൾക്കനുസരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും സി.എം.ഡി. സഹായിച്ചുവരുന്നു.

(സി) ഉണ്ട്. സൗത്ത് ആഫ്രിക്കയിലെ ഫ്രീ സ്റ്റേറ്റിലെ യൂണിവേഴ്സിറ്റാസ് അക്കാദമി ഹോസ്പിറ്റലിലേയ്ക്കായി 37 ഡോക്ടർമാരെ നോർക്ക റൂട്ട്സ് വഴി നിയമിക്കുന്നതിലേയ്ക്കായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഗൾഫ് രാജ്യങ്ങൾക്കുപരിയായി മറ്റ് വികസിത രാജ്യങ്ങളിലും ഉയർന്നുവരുന്ന സെമി സ്കിൽഡ്/സ്കിൽഡ് തൊഴിലവസരങ്ങൾ കൂടുതൽ കണ്ടെത്തി അതിലേയ്ക്ക് കേരളത്തിൽനിന്നുള്ള റിക്രൂട്ട്മെന്റ് പ്രോത്സാഹിപ്പിക്കുക എന്നതാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്. ഇതിനായി നിലവിലുള്ള ജോബ് പോർട്ടൽ പദ്ധതിയും മാർക്കറ്റ് ഇന്റലിജൻസ് പദ്ധതിയും പുനരാവിഷ്കരിച്ച് മേൽ ലക്ഷ്യം നേടുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുക, അവർക്ക് മറ്റ് സൗകര്യമൊരുക്കുക എന്നീ ലക്ഷ്യങ്ങളോടെ നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (NBFC) ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത സഹായക കേന്ദ്രം പ്രാവർത്തികമാക്കുന്നതിലേയ്ക്കായി ബാങ്കിംഗ്/ ബിസിനസ്സ്/ ധനകാര്യ വാണിജ്യവിഷയങ്ങളിൽ വൈദഗ്ധ്യമുള്ള വിവിധ സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തിവരുന്നു.

## പ്രവാസി പുനരധിവാസ പദ്ധതി

68 (2014) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി പുനരധിവാസ പദ്ധതിയിൽ 2016 മേയ് മാസത്തിനുശേഷം എന്തെല്ലാം മാറ്റങ്ങൾ വരുത്തിയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്;

(സി) 2016 മേയ് മാസത്തിനുശേഷം എത്രയാളുകൾക്ക് പുനരധിവാസ പദ്ധതിയിൽ ആനുകൂല്യങ്ങൾ നൽകിയെന്നും എന്തെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകിയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2016 മേയ് മാസത്തിനുശേഷം പ്രവാസി പുനരധിവാസ പദ്ധതിയുടെ പ്രവർത്തന രീതിയിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല.

(ബി) കുറഞ്ഞത് രണ്ടുവർഷം വിദേശത്തു ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾക്കും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയ്ക്കും സ്വയംതൊഴിൽ കണ്ടെത്താൻ ഈ പദ്ധതി പ്രയോജനപ്രദമാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലുവർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കിവരുന്നു. ഇതിനുപുറമെ ഈ പദ്ധതിയിൻകീഴിൽ സ്വയംതൊഴിൽ സംരംഭകർക്ക് പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിജയകരമായ സംരംഭക മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്രോജക്റ്റ് തയ്യാറാക്കുന്നതിന് സഹായവും ബാങ്കുകളുടെ ആവശ്യങ്ങൾക്കനുസരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും സി.എം.ഡി. സഹായിച്ചുവരുന്നു.

(സി) 2016 മേയ് മാസത്തിനുശേഷം 861 പേർക്ക് ഈ പദ്ധതിയിൻകീഴിൽ സബ്സിഡി ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ 344 പേർക്ക് തീവ്രസംരംഭക/സ്വയംതൊഴിൽ പരിശീലനം സി.എം.ഡി. മുഖാന്തരം നൽകിയിട്ടുണ്ട്.

## പ്രവാസികൾക്ക് ആനുകൂല്യങ്ങൾ നൽകാൻ പദ്ധതി

69 (2015) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണത്തെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) സ്വയം തൊഴിൽ ലക്ഷ്യം വച്ച് തിരിച്ചുവരുന്ന പ്രവാസികൾ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ?

ഉത്തരം

(എ & ബി) ഗൾഫ് രാജ്യങ്ങളിൽ പ്രത്യേകിച്ച് സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം നടപ്പിലാക്കിയതുമൂലം ജോലി നഷ്ടപ്പെട്ടും മറ്റും തിരിച്ചുവരുന്ന എല്ലാ പ്രവാസികൾക്കും ബാധകമാകുന്ന രീതിയിൽ പുനരധിവാസത്തിനായി 'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് ' (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്ന പദ്ധതിയാണ് NDPREM. ചുരുങ്ങിയത് രണ്ടുവർഷം വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലുവർഷം 3% പലിശ സബ്സിഡിയും നൽകുന്നതാണ് ഈ പദ്ധതി. NDPREM പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു:

1. തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുകയും മൂലധന/പലിശ സബ്സിഡി നൽകുകയും ചെയ്യുക.
2. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുക.
3. തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക.

**നോർക്കയിലെ നിയമനം**

70 (2016) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്ട്സിലും നോർക്ക ഡിപ്പാർട്ട്മെന്റിലും 2016 മേയ് 31-ന് ശേഷം എത്രപേരെ പുതിയതായി നിയമിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നിയമനത്തിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അതിനാവശ്യമായ തസ്തികകൾ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ ;

(സി) 2016 മേയ് 31-ന് ശേഷം ജില്ലാ ഓഫീസുകളിൽ പുതിയതായി എത്ര പേരെ നിയമിച്ചുവെന്ന് അറിയിക്കാമോ ;

(ഡി) നോർക്കയിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ടെന്ന വിവരം തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ; ഇവരിൽ താൽക്കാലിക നിയമനം ലഭിച്ചവർ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നോർക്ക വകുപ്പിന് കീഴിൽ നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ എന്നിവ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ 2016 മേയ് 31-ന് ശേഷം ഉള്ള നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നോർക്ക റൂട്ട്സ് - 6 പേരെ പുതുതായി താൽക്കാലികമായി നിയമിച്ചു.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് - 8 പേരെ പുതുതായി നിയമിച്ചു.

പ്രവാസി ഭാരതീയർ കേരളീയർ കമ്മീഷൻ- 6 പേരെ നിയമിച്ചു.

(ബി) നോർക്ക റൂട്ട്സ് - നോർക്ക റൂട്ട്സ് ഡയറക്ടർ ബോർഡ് / സർക്കാർ അംഗീകരിച്ചിട്ടുള്ള തസ്തികകളിൽ ഡയറക്ടർ ബോർഡ് അംഗീകാരത്തോടെ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് - നിയമനങ്ങൾക്ക് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. തസ്തികകളിൽ ഒരെണ്ണം (ഡ്രൈവർ തസ്തിക) സർക്കാർ അംഗീകൃത തസ്തികയാണ്.

പ്രവാസി ഭാരതീയർ കേരളീയർ കമ്മീഷൻ - കേരളീയ പ്രവാസികാര്യ വകുപ്പ് 11-10-2016-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധാ) നമ്പർ 189/2016 നോർക്ക, 16-6-2017-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (കൈ) നമ്പർ 5/17/നോർക്ക എന്നിവ പ്രകാരം തസ്തികകൾക്കെല്ലാം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) നോർക്ക് റൂട്ട്സ് - ജീവനക്കാരെ നിയമിച്ചിട്ടില്ല.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് - മൂന്നുപേരെ നിയമിച്ചിട്ടുണ്ട്.

പ്രവാസി ഭാരതീയർ കേരളീയർ കമ്മീഷൻ - ജില്ലാ ഓഫീസുകൾ ഇല്ലാത്തതിനാൽ ബാധകമല്ല.

(ഡി) നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, പ്രവാസി ഭാരതീയർ കേരളീയർ കമ്മീഷൻ എന്നിവയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ലോക കേരള സഭ**

71 (2017) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയിൽ നടന്ന ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ലോക കേരള സഭാംഗങ്ങൾക്ക് പ്രാതിനിധ്യമുള്ള കമ്മിറ്റികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ലോക കേരള സഭയ്ക്കായി സ്ഥിരം സെക്രട്ടേറിയറ്റ് സംവിധാനം ഒരുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) രണ്ട് ദിവസം ലോക കേരള സഭ ചേരുന്നതിനും അതിൽ പങ്കെടുത്ത അംഗങ്ങളുടെ താമസത്തിനും മറ്റ് സൗകര്യങ്ങൾക്കുമായി എന്ത് തുകയാണ് ചെലവായതെന്ന് അറിയിക്കുമോ;

(ഇ) ലോക കേരള സഭ ധൂർത്തായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടുത്ത ലോക കേരള സഭയുടെ ചെലവ് ചുരുക്കുന്നതിന് നിർദ്ദേശം നൽകുമോ?

**ഉത്തരം**

(എ&ബി) ലോക കേരള സഭയിൽ നടന്ന ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾക്കായി 23-4-2018-ലെ സ.ഉ. (സാധാ) നമ്പർ 290/2018/നോർക്ക പ്രകാരം രൂപീകരിച്ച 7 വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കമ്മിറ്റി - 1 – കേരള വികസന നിധി രൂപീകരണവും നടത്തിപ്പും, ലോക കേരള സഭാ തുടർ സമ്മേളനങ്ങളുടെ നടപടിക്രമങ്ങളും ചിട്ടകളും എന്നിവയ്ക്കുള്ള നയസമീപന നിർദ്ദേശങ്ങളുടെ രൂപീകരണം.

കമ്മിറ്റി - 2 പ്രവാസി നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അതിന് സുരക്ഷയൊരുക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുടെ രൂപീകരണം.

കമ്മിറ്റി - 3 പ്രവാസി പുനരധിവാസ പദ്ധതികൽ ചിട്ടപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണം.

കമ്മിറ്റി-4 മറ്റ് രാജ്യങ്ങളിലെ തൊഴിൽ സാദ്ധ്യതയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെയും മികച്ച തൊഴിലുകൾക്കായുള്ള വർദ്ധിച്ച മത്സരത്തിന്റെയും സാഹചര്യത്തിൽ പ്രവാസത്തിനു തയ്യാറെടുക്കുന്നവർക്കും പ്രവാസികൾക്കും സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നയരൂപീകരണം.

കമ്മിറ്റി - 5 പ്രവാസ സമൂഹത്തിന്റെ സുരക്ഷയും അവകാശ സംരക്ഷണവും ഉറപ്പാക്കാനും അതോടൊപ്പം വനിതാ പ്രവാസികളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനുമായി കുടിയേറ്റ നിയമരൂപീകരണത്തിന് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരേണ്ട വിഷയങ്ങൾ.

കമ്മിറ്റി 6 – കേരളത്തിന്റെ കലാ സാംസ്കാരിക സമ്പന്നത ലോകം മുഴുവൻ വിളംബരം ചെയ്ത് വിവിധ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണം.

കമ്മിറ്റി - 7 ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേക്ക് കുടിയേറിയ കേരളീയരായ തൊഴിലാളികളുടെ പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെയും അതാത് സംസ്ഥാന സർക്കാരുകളുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കുന്നതിനുള്ള സംവിധാന രൂപീകരണത്തിനുള്ള നിർദ്ദേശങ്ങളും നടപടിക്രമങ്ങളും ക്രോഡീകരിക്കുക.

(സി) സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ലോക കേരളസഭ ചേരുന്നതിനും അതിൽ പങ്കെടുത്ത അംഗങ്ങളുടെ താമസത്തിനും മറ്റ് സൗകര്യങ്ങൾക്കുമായി മൊത്തം 2,03,21,861 (രണ്ടുകോടി മൂന്ന് ലക്ഷത്തി ഇരുപത്തൊന്നായിരത്തി എണ്ണൂറ്റി അറുപത്തിയൊന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്. ഇതുസംബന്ധിച്ച ഇനംതിരിച്ചുള്ള ചെലവുകൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ലോക കേരള സഭ**

72 (2018) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയിൽ ആകെ എത്ര അംഗങ്ങളാണുള്ളത്; ഇവർ ആരെല്ലാമാണെന്നുള്ള വിശദവിവരം നൽകുമോ;

(ബി) ലോക കേരള സഭയുടെ പ്രഥമ സമ്മേളന നടത്തിപ്പിന് സർക്കാർ അനുവദിച്ച തുക എത്രയാണ്;

(സി) ആയതിൽ ചെലവഴിച്ച തുകയുടെ ഓരോന്നിന്റെയും ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ലോക കേരള സഭയുടെ തുടർപ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, എന്നും എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയത് എന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള നിയമസഭാ സാമാജികരും കേരളത്തെ പ്രതിനിധീകരിക്കുന്ന എം.പി.മാരും ഉൾപ്പെടെ 351 പേരാണ് ലോക കേരള സഭയിൽ അംഗങ്ങളായിട്ടുള്ളത്. അംഗങ്ങളുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ലോക *കേരളസഭയുടെ പ്രഥമ സമ്മേളനവുമായി ബന്ധപ്പെട്ട് 4.5 കോടി രൂപയാണ് അനുവദിച്ചത്. ഇതിൽ 2,03,21,861 രൂപ ചെലവായിട്ടുണ്ട്. ആഗോള സാംസ്കാരികോത്സവവുമായി ബന്ധപ്പെട്ട് 2 കോടി രൂപ അനുവദിച്ചതിൽ 82,07,621 രൂപ ചെലവായിട്ടുണ്ട്.

(സി) ലോക കേരള സഭയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ലോക കേരള സഭയുടെ തുടർ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ ചേർക്കുന്നു.

1. രണ്ടുദിവസങ്ങളിലായി നടന്ന ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ലോക കേരള സഭയുടെ തുടർ പ്രവർത്തനങ്ങൾക്ക് ഏഴ് വിഷയമേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. വിദേശത്തുള്ള പ്രവാസി വ്യവസായ-വാണിജ്യ സംരംഭകരുമായി സജീവ ബന്ധം പുലർത്തുന്നതിനുവേണ്ടി പ്രവാസി വാണിജ്യ ചേംബറുകൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ഓരോ വിദേശ മേഖലയ്ക്കും പ്രത്യേക ചേംബറുകൾ എന്ന നിലയിലാണ് ഉദ്ദേശിക്കുന്നത്. ഇവരും കേരളത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ചേംബറുകളും തമ്മിൽ സൗഹൃദബന്ധം വളർത്തിയെടുത്ത് ആഗോളതലത്തിലെ മലയാളികളായ വ്യവസായ-വാണിജ്യ സംരംഭക കൂട്ടുകെട്ട് ഉണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്.

3. എല്ലാ രാജ്യങ്ങളിലും പ്രവാസി പ്രൊഫഷണൽ സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രൊഫഷണലുകളുടെ സേവനം കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ലഭ്യമാക്കും. അതുവഴി കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക വൈജ്ഞാനിക മേഖലയിൽ വികസനം സാധ്യമാക്കുകയാണ് ലക്ഷ്യം.

4. വിദേശത്ത് ജോലി ചെയ്യുന്നവരും തിരുച്ചുവരുന്നവരും മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരുമായ മുഴുവൻ മലയാളികൾക്കും വേണ്ടി പ്രത്യേക വിഭാഗങ്ങൾ നോർക്കയിലുണ്ടാകും. വിദേശത്ത് ജോലിചെയ്യുന്ന പ്രവാസികൾക്കുവേണ്ടി പ്രത്യേക മേഖലാ ഉപവകുപ്പുകളും ഉണ്ടാകും. ഇതിന്റെ ചുമതല പ്രൊഫഷണലുകളെ ഏൽപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

5. കേരള വികസന നിധി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിശ്ചിത തുകയ്ക്കുള്ള ഡിപ്പോസിറ്റ് പ്രഖ്യാപിത പ്രവാസി സംരംഭങ്ങളിൽ ഓഹരിയായി നിക്ഷേപിക്കാൻ തയ്യാറുള്ള പ്രവാസികൾക്ക് പ്രവാസം മതിയാക്കി മടങ്ങിയെത്തുമ്പോൾ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നേടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും. ഗൾഫിൽനിന്ന് മടങ്ങിവരുമ്പോൾ നാട്ടിൽ ഒരു തൊഴിൽ ഉറപ്പുവരുത്താനുള്ള നിക്ഷേപം എന്ന നിലയിൽ ഈ സംരംഭം ഈ രംഗത്തെ പുതുമയുള്ള കാൽവയ്പ്പായിരിക്കും. ചർച്ചയിൽ ഉയർന്നുവന്ന ഈ നിർദ്ദേശം പരിശോധനയിലാണ്.

6. പ്രവാസികൾക്ക് സംരംഭമാരംഭിക്കുന്നതിനായി പ്രത്യേക വായ്പാ സൗകര്യങ്ങൾ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംരംഭകരാകാൻ തയ്യാറാകുന്നവരുമായി, പ്രത്യേകിച്ച് പ്രൊഫഷണലുകളുമായി നാട്ടിലേക്കുള്ള മടക്കത്തിനുമുമ്പുതന്നെ ആശയവിനിമയം നടത്തുവാൻ ഒരു ഏജൻസി സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. നിക്ഷേപകർക്ക് ഏകജാലക സംവിധാനത്തിലൂടെ ആവശ്യമായ വിവരങ്ങൾ നൽകാനും ഉദ്ദേശിക്കുന്നു.

7. പ്രവാസി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് രോഗബാധിതർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കുമെല്ലാം സംരക്ഷണം നൽകാൻ ഉതകുന്ന പദ്ധതി ഉണ്ടാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

**ലോക കേരള സഭയുടെ തുടർപ്രവർത്തനങ്ങൾ**

73 (2019) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയുടെ രൂപീകരണത്തിനുശേഷം എന്തൊക്കെ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) ലോക കേരള സഭ സമ്മേളന തീരുമാന പ്രകാരമുള്ള പ്രവാസി വാണിജ്യ ചേമ്പറുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കേരള വികസന നിധി രൂപീകരണം ഏതുഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ലോക കേരള സഭയിൽ നടന്ന ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ തുടർപ്രവർത്തനങ്ങൾക്കായി 23-4-2018-ലെ സ.ഉ. (സാധാ) നമ്പർ 290/2018/നോർക്ക പ്രകാരം രൂപീകരിച്ച 7 വിഷയ മേഖല സ്റ്റാംന്റിംഗ് കമ്മിറ്റികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കമ്മിറ്റി - 1 – കേരള വികസന നിധി രൂപീകരണവും നടത്തിപ്പും, ലോക കേരള സഭാ തുടർ സമ്മേളനങ്ങളുടെ നടപടിക്രമങ്ങളും ചിട്ടകളും എന്നിവയ്ക്കുള്ള നയസമീപന നിർദ്ദേശങ്ങളുടെ രൂപീകരണം.

കമ്മിറ്റി - 2 പ്രവാസി നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അതിന് സുരക്ഷയൊരുക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുടെ രൂപീകരണം.

കമ്മിറ്റി - 3 പ്രവാസി പുനരധിവാസ പദ്ധതികൾ ചിട്ടപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണം.

കമ്മിറ്റി- 4 മറ്റ് രാജ്യങ്ങളിലെ തൊഴിൽ സാദ്ധ്യതയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെയും മികച്ച തൊഴിലുകൾക്കായുള്ള വർദ്ധിച്ച മത്സരത്തിന്റെയും സാഹചര്യത്തിൽ പ്രവാസത്തിനു തയ്യാറെടുക്കുന്നവർക്കും പ്രവാസികൾക്കും സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നയരൂപീകരണം.

കമ്മിറ്റി - 5 പ്രവാസ സമൂഹത്തിന്റെ സുരക്ഷയും അവകാശ സംരക്ഷണവും ഉറപ്പാക്കാനും അതോടൊപ്പം വനിതാ പ്രവാസികളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനുമായി കുടിയേറ്റ നിയമരൂപീകരണത്തിന് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരേണ്ട വിഷയങ്ങൾ

കമ്മിറ്റി 6 – കേരളത്തിന്റെ കലാ സാംസ്കാരിക സമ്പന്നത ലോകം മുഴുവൻ വിളംബരം ചെയ്ത് വിവിധ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണം.

കമ്മിറ്റി - 7 ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേക്ക് കുടിയേറിയ കേരളീയരായ തൊഴിലാളികളുടെ പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെയും അതാത് സംസ്ഥാന സർക്കാരുകളുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കുന്നതിനുള്ള സംവിധാന രൂപീകരണത്തിനുള്ള നിർദ്ദേശങ്ങളും നടപടിക്രമങ്ങളും ക്രോഡീകരിക്കുക.

(ബി) വിദേശത്തുള്ള പ്രവാസി വ്യവസായ-വാണിജ്യ സംരംഭകരുമായി സജീവ ബന്ധം പുലർത്തുന്നതിനുവേണ്ടി പ്രവാസി വാണിജ്യ ചേംബറുകൾക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. 5 ലോക മേഖലകൾക്കും ഓരോ ചേംബറുകൾ ഉണ്ടാക്കാനാണ് തീരുമാനം. ഇതിനായി ഒരു പ്രത്യേക പോർട്ടൽ രൂപകൽപ്പന ചെയ്യാനും താല്പര്യമുള്ളവരെ ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ ആവശ്യപ്പെടാനും ഇത്തരത്തിൽ രൂപംകൊടുക്കുന്ന ചേംബറുകൾക്ക് കേരളത്തിൽ പ്രവർത്തിക്കുന്ന ചേംബർ ഓഫ് കോമേഴ്സുമായി ആശയവിനിമയം നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കാനും ഉദ്ദേശിക്കുന്നു. വിദേശരാജ്യങ്ങളിൽ ചേംബർ ഓഫ് കോമേഴ്സ് രൂപീകരിക്കുന്നതിനുള്ള നിയമവശങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) നിർദ്ദേശം പരിശോധനയിലാണ്.

**ലോക കേരള സഭ**

74 (2020) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രവാസികളിൽ മാരകരോഗം ബാധിക്കുന്നവർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടം സംഭവിക്കുന്നവർക്കും സംരക്ഷണവും സഹായവും നല്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. വിദേശത്തുള്ള പ്രവാസി വ്യവസായ-വാണിജ്യ സംരംഭകരുമായി സജീവബന്ധം പുലർത്തുന്നതിനുവേണ്ടി പ്രവാസി വാണിജ്യ ചേംബറുകൾക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഓരോ വിദേശമേഖലയ്ക്കും പ്രത്യേക ചേംബറുകൾ എന്ന നിലയിലാണ് ഉദ്ദേശിക്കുന്നത്. ഇവരും കേരളത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ചേംബറുകളും തമ്മിൽ സൗഹൃദബന്ധം വളർത്തിയെടുത്ത് ആഗോളതലത്തിലെ മലയാളികളായ വ്യവസായ-വാണിജ്യ സംരംഭക കൂട്ടുകെട്ട് ഉണ്ടാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

2. എല്ലാ രാജ്യങ്ങളിലും പ്രവാസി പ്രൊഫഷണൽ സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രൊഫഷണലുകളുടെ സേവനം കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ലഭ്യമാക്കും. അതുവഴി കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക വൈജ്ഞാനിക മേഖലയിൽ വികസനം സാധ്യമാക്കുകയാണ് ലക്ഷ്യം.

3. വിദേശത്ത് ജോലി ചെയ്യുന്നവരും തിരിച്ചുവരുന്നവരും മറ്റ് സംസ്ഥാനങ്ങളിൽ ജോലിചെയ്യുന്നവരുമായ മുഴുവൻ മലയാളികൾക്കുംവേണ്ടി പ്രത്യേക വിഭാഗങ്ങൾ നോർക്കയിലുണ്ടാക്കും. വിദേശത്ത് ജോലിചെയ്യുന്ന പ്രവാസികൾക്കുവേണ്ടി പ്രത്യേക മേഖലാ ഉപവകുപ്പുകളും ഉണ്ടാകും. ഇതിന്റെ ചുമതല പ്രൊഫഷണലുകളെ ഏൽപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

4. കേരള വികസന നിധി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിശ്ചിത തുകയ്ക്കുള്ള ഡിപ്പോസിറ്റ് പ്രഖ്യാപിത പ്രവാസി സംരംഭങ്ങളിൽ ഓഹരിയായി നിക്ഷേപിക്കാൻ തയ്യാറുള്ള പ്രവാസികൾക്ക് പ്രവാസം മതിയാക്കി മടങ്ങിയെത്തുമ്പോൾ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നേടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും. ഗൾഫിൽനിന്ന് മടങ്ങിവരുമ്പോൾ നാട്ടിൽ ഒരു തൊഴിൽ ഉറപ്പുവരുത്താനുള്ള നിക്ഷേപം എന്ന നിലയിൽ ഈ സംരംഭം ഈ രംഗത്തെ പുതുമയുള്ള കാൽവയ്പ്പായിരിക്കും. ചർച്ചയിൽ ഉയർന്നുവന്ന ഈ നിർദ്ദേശത്തെ പ്രായോഗികമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

5. പ്രവാസികൾക്ക് സംരംഭമാരംഭിക്കുന്നതിനായി പ്രത്യേക വായ്പാ സൗകര്യങ്ങൾ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംരംഭകരാകാൻ തയ്യാറാകുന്നവരുമായി പ്രത്യേകിച്ച് പ്രൊഫഷണലുകളുമായി നാട്ടിലേക്കുള്ള മടക്കത്തിനുമുമ്പുതന്നെ ആശയവിനിമയം നടത്തുവാൻ ഒരു ഏജൻസി സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്. നിക്ഷേപകർക്ക് ഏകജാലക സംവിധാനത്തിലൂടെ ആവശ്യമായ അനുവാദം നൽകാനും ഉദ്ദേശിക്കുന്നു.

6. പ്രവാസി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് രോഗബാധിതർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കുമെല്ലാം സംരക്ഷണം നൽകാൻ ഉതകുന്ന സ്കീം ഉണ്ടാക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

ലോക കേരള സഭ ചർച്ചചെയ്ത വിവിധ വിഷയങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 23-4-2018-ലെ 290/2018/നോർക്ക നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 7 വിഷയ മേഖല സ്റ്റാംന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ലോക കേരള സഭ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനായി ലോക കേരള സഭ സെക്രട്ടേറിയറ്റ് രൂപീകരിക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്.

(ബി) തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായുള്ള ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതിയിലൂടെ ഗുരുതര രോഗങ്ങൾക്കും മാരക രോഗങ്ങൾക്കും അടിമപ്പെട്ട് ചികിത്സയിൽ കഴിയുന്നവർക്കും അപകടം സംഭവിച്ച് ചികിത്സയിൽ കഴിയുന്നവർക്കും ധനസഹായം നൽകിവരുന്നുണ്ട്. പരമാവധി 50,000 രൂപ വരെയാണ് സാന്ത്വന പദ്ധതിയിലൂടെ ചികിത്സാ ധനസഹായം നൽകുന്നത്. കൂടാതെ ചെയർമാൻ ഫണ്ടിലൂടെയും അടിയന്തിര ഘട്ടങ്ങളിൽ പരമാവധി 1,00,000 രൂപ ധനസഹായം നൽകിവരുന്നുണ്ട്. ഈ പദ്ധതികളിൻകീഴിൽ വാർഷികവരുമാനം 1,00,000 രൂപയിൽ താഴെയുള്ള പ്രവാസി മലയാളികളെ/കുടുംബാംഗങ്ങളെയാണ് സഹായത്തിനായി പരിഗണിക്കുന്നത്.

## കേരളാ പോലീസിന്റെ പൊതുജനസൗഹാർദ്ദ പോർട്ടൽ

75 (2021) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിന്റെ പൊതുജനസൗഹാർദ്ദ പോർട്ടൽ ആയ The Hand you Need for Assistance ('തുണ ') മുഖേന പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങൾ ലഭ്യമാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഏതു പോലീസ് സ്റ്റേഷനിലേക്കും 'തുണ' പോർട്ടൽ മുഖേന പരാതികളും അപേക്ഷകളും ഓൺലൈനായി സമർപ്പിക്കുവാൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) 'തുണ' പോർട്ടൽ മുഖേന ഓൺലൈനിലൂടെ നൽകുന്ന അപേക്ഷകളിന്മേലും പരാതികളിന്മേലും കൈക്കൊണ്ട നടപടികൾ അപേക്ഷകരെ അറിയിക്കുന്നതിന് നിശ്ചിത കാലപരിധി നിശ്ചയിക്കുകയും മറുപടികളും സർട്ടിഫിക്കറ്റുകളും ഓൺലൈനിലൂടെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതു ജനങ്ങൾ നൽകുന്ന അപേക്ഷകളിലും പരാതികളിലും യഥാസമയം നടപടിയെടുത്ത് അറിയിക്കാതിരുന്നാൽ, അത് സംബന്ധിച്ച് മേലധികാരികൾക്ക്, അതേ അപേക്ഷാ നമ്പർ ഉപയോഗിച്ചുതന്നെ ഓൺലൈനിലൂടെ പരാതി നൽകുവാനും അപ്പീൽ അപേക്ഷ നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സേനാ നവീകരണത്തിന്റെ ഭാഗമായി പോലീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുന്ന ദേശീയ തലത്തിലുള്ള ബൃഹത് പദ്ധതിയായ ക്രൈം & ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് & സിസ്റ്റം (CCTNS) എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ ഓൺ ലൈനായി ലഭ്യമാക്കുന്നതിലേയ്ക്കായി പ്രവർത്തനക്ഷമമാക്കിയിട്ടുള്ള 'THUNA' (The Hand You Need for Assistance) എന്ന സിറ്റിസൺ പോർട്ടലിൽ താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാണ്.

1. Complaint Registration: പൊതുജനങ്ങൾക്ക് പരാതി സമർപ്പണത്തിന് പോലീസ് സ്റ്റേഷനിൽ പോകേണ്ടതില്ല. പരാതികൾ ഓൺലൈനായി പോലീസ് സ്റ്റേഷനിലോ മറ്റ് ഉയർന്ന പോലീസ് ഓഫീസുകളിലോ സമർപ്പിക്കാവുന്നതാണ്.

2. Petition Status: ഓൺലൈനായി സമർപ്പിച്ച പരാതിയുടെ തൽസ്ഥിതി ഓൺലൈനായിത്തന്നെ അറിയാൻ സാധിക്കുന്നതാണ്.

3. FIR Copies: പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർചെയ്ത കേസ്സുകളുടെ എഫ്.ഐ.ആർ.-ന്റെ പകർപ്പ് ഓൺലൈനായി ലഭിക്കുന്നതാണ്.

4. GD Copy of Accident incident: ആക്സിഡന്റ് സംഭവങ്ങളുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷനിൽ രേഖപ്പെടുത്തുന്ന ജനറൽ ഡയറിയുടെ പകർപ്പ് ഓൺലൈനായി ലഭിക്കുന്നതാണ്.

5. Arrested/ Wanted Criminal Details: ഏതെങ്കിലും കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട ആൾക്കാരുടെയും പിടികിട്ടാപ്പുള്ളികളുടെയും സംശയിക്കപ്പെടുന്നവരുടെയും വിവരങ്ങൾ ഓൺലൈനായി ലഭിക്കുന്നതാണ്.

6. Details of Missing Persons: കാണാതായ വ്യക്തികളെക്കുറിച്ചുള്ള വിവരങ്ങൾ ഓൺലൈനിൽ ലഭിക്കുന്നതാണ്.

7. Automobile Enquiry: ഏതെങ്കിലും വാഹനങ്ങൾ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടവയാണോ എന്നുള്ള വിവരങ്ങൾ ഓൺലൈനിൽ ലഭ്യമാകുന്നതാണ്.

8. No Objection Certificate Request: വാഹനങ്ങളുടെ എൻ.ഒ.സി.-ക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാൻ കഴിയുന്നതും എൻ.ഒ.സി. ഓൺലൈനായി കൈപ്പറ്റാവുന്നതുമാണ്.

9. Verification Requests (PCC, Employee Verification, Procession): സമ്മേളനങ്ങൾ, കലാപ്രകടനങ്ങൾ, സമരങ്ങൾ, ജാഥകൾ, പ്രചാരണ പരിപാടികൾ എന്നിവ നടത്തുന്നതിന് പോലീസിന്റെ അനുവാദത്തിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടാതെ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതും സർട്ടിഫിക്കറ്റ് ഓൺലൈനായിത്തന്നെ സ്വീകരിക്കാവുന്നതുമാണ്.

10. Mike Sanction Request: പൊതുജനങ്ങൾക്ക് ഉച്ചഭാഷിണി ഉപയോഗിക്കാനുള്ള അനുവാദത്തിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കാവുന്നതും, പോലീസിന്റെ അനുവാദം ഓൺലൈനായിത്തന്നെ അപേക്ഷകന് തിരികെ ലഭിക്കുന്നതുമാണ്.

11. Citizen Tip: സംശയകരമായ സാഹചര്യങ്ങളിൽ കാണപ്പെടുന്ന വസ്തുക്കൾ, വ്യക്തികൾ, സംഭവങ്ങൾ എന്നിവയെക്കുറിച്ച് പോലീസിന് രഹസ്യവിവരങ്ങൾ ഓൺലൈനായി നൽകാൻ പൊതുജനങ്ങൾക്കും അവസരം.

12. Online Library: പ്രധാനപ്പെട്ട കോടതി ഉത്തരവുകൾ, വിധികൾ, പോലീസ് മാനുവൽ, സ്റ്റാന്റിംഗ് ഓർഡറുകൾ, ക്രൈം ഇൻ ഇന്ത്യ തുടങ്ങിയവ ഉൾപ്പെടുന്ന ഓൺലൈൻ ലൈബ്രറിയുടെ സൗകര്യം.

(ബി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും മറ്റ് ഉന്നത പോലീസ് ഓഫീസുകളിലും 'തുണ' പോർട്ടൽ മുഖേന പരാതികളും അപേക്ഷകളും ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

(സി) 'തുണ' പോർട്ടൽ മുഖേന ഓൺലൈനായി നൽകുന്ന പരാതികളിൽ കൈക്കൊണ്ട നടപടികൾ ഓൺലൈനായി അറിയാവുന്നതും കൂടാതെ ഓൺലൈനായി സമർപ്പിച്ച അപേക്ഷകളുടെ സർട്ടിഫിക്കറ്റുകൾ ഓൺലൈനായിത്തന്നെ ലഭിക്കുന്നതുമാണ്.

(ഡി & ഇ) പൊതുജനങ്ങൾ നൽകുന്ന അപേക്ഷകളിലും പരാതികളിലും യഥാസമയം നടപടി എടുത്ത് അറിയിക്കാതിരുന്നാൽ അത് സംബന്ധിച്ച് പരാതിക്കാരൻ/സേവനം ആവശ്യപ്പെട്ടയാളിന് തുണയിലൂടെത്തന്നെ മറ്റ് ഉയർന്ന പോലീസ് ഓഫീസുകളിൽ പരാതി സമർപ്പിക്കാവുന്നതാണ്. ഇങ്ങനെ മേൽ ഓഫീസിൽ സമർപ്പിക്കുന്ന പരാതിയിൽ തീർപ്പാക്കപ്പെടാത്ത മുൻപരാതിയുടെ അപേക്ഷ നമ്പർ പരാമർശിക്കാവുന്നതാണ്. 'തുണ'-യിലുള്ള citizen feedback എന്ന ഓപ്ഷനിലൂടെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

## വാട്സ് ആപ്പ് ഹർത്താൽ

76 (2022) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്ന വാട്സ് ആപ്പ് ഹർത്താലുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) വാട്സ് ആപ്പ് ഹർത്താലുമായി ബന്ധപ്പെട്ടവർ ഏത് രാഷ്ട്രീയ പാർട്ടിയിൽ ഉൾപ്പെട്ടവരാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വാട്സ് ആപ്പ് ഹർത്താലുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ആകെ 385 കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | കേസ്സുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം സിറ്റി | 2 |
| 2 | തിരുവനന്തപുരം റൂറൽ | 2 |
| 3 | കൊല്ലം സിറ്റി | 6 |

| (1) | (2) | (3) |
|---|---|---|
| 4 | കൊല്ലം റൂറൽ | 0 |
| 5 | പത്തനംതിട്ട | 0 |
| 6 | ആലപ്പുഴ | 3 |
| 7 | കോട്ടയം | 4 |
| 8 | ഇടുക്കി | 0 |
| 9 | കൊച്ചി സിറ്റി | 3 |
| 10 | എറണാകുളം റൂറൽ | 2 |
| 11 | തൃശ്ശൂർ സിറ്റി | 2 |
| 12 | തൃശ്ശൂർ റൂറൽ | 4 |
| 13 | പാലക്കാട് | 58 |
| 14 | മലപ്പുറം | 139 |
| 15 | കോഴിക്കോട് സിറ്റി | 31 |
| 16 | കോഴിക്കോട് റൂറൽ | 27 |
| 17 | വയനാട് | 19 |
| 18 | കണ്ണൂർ | 53 |
| 19 | കാസർഗോഡ് | 30 |
| | ആകെ | 385 |

(ബി) വാട്സ് ആപ്പ് ഹർത്താലുമായി ബന്ധപ്പെട്ടവർ വിവിധ രാഷ്ട്രീയ പാർട്ടികളിലെ അനുഭാവികളാണ്. പാർട്ടികളിലെ അംഗത്വം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

**പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന് നിശ്ചയിച്ചിട്ടുള്ള ഫീസ്**

77 (2023) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്ന് വിദേശരാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്നവർക്ക് അതിന് മുമ്പായി നേടിയെടുക്കേണ്ട പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഇപ്പോഴുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) ഇതിനായി എത്ര രൂപയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളതെന്നും ഇത് എപ്രകാരമാണ് അടയ്ക്കാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) അന്യരാജ്യങ്ങളിൽ ജോലി ചെയ്തുകൊണ്ട് സർക്കാരിന്റെ വരുമാനത്തിൽ ഗണ്യമായ പങ്ക് വഹിക്കുന്ന മറുനാടൻ മലയാളികൾക്ക് ഒരു സഹായമെന്ന രീതിയിൽ ഈ ഫീസ് ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിദേശരാജ്യങ്ങളിൽ തൊഴിൽതേടി പോകുന്നവർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അതാത് ജില്ലാ പോലീസ് മേധാവിക്കും യു.എ.ഇ.-യിലേക്ക് പോകുവാൻ അപേക്ഷിക്കുന്നവർ അവരുടെ പോലീസ് സ്റ്റേഷനുകളിലും താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്:

1. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ
2. അഡ്രസ്സ് തെളിയിക്കുന്നതിനുള്ള രേഖകൾ (റേഷൻ കാർഡ്, വോട്ടർ ഐ.ഡി., പാസ്പോർട്ട്, എസ്.എസ്.എൽ.സി. ബുക്ക്, ആധാർ കാർഡ്, കോപ്പി ഓഫ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് - ഇവയിൽ ഏതെങ്കിലുമൊന്ന്)
3. ജനന തീയതി തെളിയിക്കുന്നതിനുള്ള രേഖ
4. പി.സി.സി. എന്ത് ആവശ്യത്തിനാണ് എന്ന് കാണിക്കുന്ന രേഖ
5. പാസ്പോർട്ട് സൈസ് ഫോട്ടോ (മൂന്ന് എണ്ണം)
6. പാസ്പോർട്ടിന്റെ കോപ്പി
7. 500 രൂപ ഫീസും ആയതിന്റെ ജി.എസ്.ടി. തുകയായ 25 രൂപയും അടക്കം 525 രൂപയാണ് ഫീസ് അടയ്ക്കേണ്ടത്. സ്റ്റേഷനിൽനിന്നും TR5 മുഖാന്തരമോ ട്രഷറി ചെലാൻ, ഓൺലൈൻ ചെലാൻ മുഖാന്തരമോ ടി തുക അടയ്ക്കാവുന്നതാണ്.

(സി) ഫീസ് നിരക്ക് കുറക്കേണ്ടതുണ്ടെന്ന ആവശ്യം പരിശോധിക്കാവുന്നതാണ്.

**കേന്ദ്ര സർക്കാർ ബഹുമതികൾ**

78 (2024) <u>ശ്രീ. എൻ .എ.നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരളത്തിൽനിന്ന് എത്രപേർക്ക് ഭാരത് രത്ന, പത്മവിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ, ജ്ഞാനപീഠം തുടങ്ങിയ അവാർഡുകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ ശിപാർശ പ്രകാരമാണോ ഈ ബഹുമതികൾ ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം ബഹുമതികൾക്കായി നിലവിൽ ആരുടെയെങ്കിലും പേരുകൾ സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ശിപാർശ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ബദിയഡുക്കയിലെ സായിറാം ഭട്ടിനു ഭാരത് രത്ന, പത്മവിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ, ജ്ഞാനപീഠം പോലുള്ള അവാർഡുകൾ നൽകി ആദരിക്കണമെന്ന് കേന്ദ്രത്തോട് ശിപാർശ ചെയ്യാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും മന്ത്രിസഭ യോഗം തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം കോപ്പി സഹിതം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഭാരത രത്ന പുരസ്കാരം കേരളത്തിൽനിന്നും ആർക്കുംതന്നെ ലഭിച്ചിട്ടില്ല. ജ്ഞാനപീഠ പുരസ്കാരം ഭാരതീയ ജ്ഞാനപീഠം എന്ന സാഹിത്യ ഗവേഷണ സംഘടനയാണ് നൽകുന്നത്. കേരളത്തിൽനിന്നും അവസാനമായി ജ്ഞാനപീഠ പുരസ്കാരം ലഭിച്ചത് 2007-ൽ ശ്രീ.ഒ.എൻ.വി. കുറുപ്പിനാണ്. 2017-ൽ ഒരു പത്മ വിഭൂഷണം 5 പത്മശ്രീയും ഉൾപ്പെടെ 6 പത്മ പുരസ്കാരങ്ങളും 2018-ൽ ഒരു പത്മവിഭൂഷൺ, ഒരു പത്മഭൂഷൺ, 2 പത്മശ്രീ എന്നിങ്ങനെ 4 പത്മ പുരസ്കാരങ്ങളും കേരളത്തിൽനിന്നുള്ളവർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) 2017-ൽ കേരളത്തിൽനിന്നുള്ള 6 പേർക്ക് പത്മ പുരസ്കാരങ്ങൾ ലഭിച്ചതിൽ 3 പേരുകൾ കേരള സർക്കാർ ശിപാർശ ചെയ്തവയായിരുന്നു. 2018-ൽ കേരളത്തിൽനിന്നുള്ള 4 പേർക്ക് പത്മ പുരസ്കാരങ്ങൾ ലഭിച്ചതിൽ ഒരാളുടെ പേര് സംസ്ഥാന സർക്കാർ ശിപാർശ ചെയ്തതായിരുന്നു.

(സി) 2019-ലെ പത്മപുരസ്കാരങ്ങൾക്കായി സംസ്ഥാന സർക്കാരിന്റെ ശിപാർശ സമർപ്പിക്കാനുള്ള അവസാന തീയതി 5-9-2018 ആണ്. ആയതിലേക്കുള്ള സെർച്ച് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ.

(ഡി) ശ്രീ. കെ.എൻ. ഗോപാലകൃഷ്ണ ഭട്ടിന്റെ (സായിറാം ഭട്ട്) പേര് 2017-ലെ പത്മശ്രീ പുരസ്കാരത്തിനായി ശിപാർശ ചെയ്യുന്നതിന് 19-8-2016-ന് ചേർന്ന മന്ത്രിസഭായോഗവും 2018- ലെ പത്മ പുരസ്കാരത്തിനായി ശിപാർശചെയ്യുന്നതിന് 23-8-2017-ന് ചേർന്ന മന്ത്രിസഭായോഗവും തീരുമാനിച്ചിരുന്നു.

(ഇ) കേന്ദ്ര സർക്കാരിന് നൽകിയ കത്തുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ജനമൈത്രി സുരക്ഷാ സമിതികൾ

79 (2025) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജനമൈത്രി സുരക്ഷാ സമിതികൾ പുന:സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) ജനമൈത്രി സുരക്ഷാസമിതിയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) എത്രവർഷം കൂടുമ്പോഴാണ് ജനമൈത്രി സുരക്ഷാ സമിതി പുന:സംഘടിപ്പിക്കുന്നത്;

(ഡി) ജനമൈത്രി സുരക്ഷാ സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(ബി) സമിതികൾ മുതിർന്ന പൗരൻമാർക്കും സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും ആനുപാതിക പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതും പ്രദേശത്തെ മാന്യരും വിദ്യാഭ്യാസ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുമായ വ്യക്തികളെ കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഹൈസ്കൂൾ/കോളേജ് അദ്ധ്യാപകർ, ഹെഡ് മാസ്റ്റർ, പ്രിൻസിപ്പൽ, റിട്ടയേഡ് ഉദ്യോഗസ്ഥർ, റിട്ടയേഡ് പോലീസ് ഉദ്യോഗസ്ഥർ, എക്സ് സർവ്വീസ് ഉദ്യോഗസ്ഥർ, കോർപ്പറേഷൻ കൗൺസിലർമാർ, വ്യാപാരി വ്യവസായികൾ, പോസ്റ്റൽ ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, തൊഴിലാളികൾ തുടങ്ങിയവരെയും റസിഡൻഷ്യൽ അസോസിയേഷനുകൾ, സ്ത്രീ സ്വയം സഹായ സംഘടനകൾ തുടങ്ങിയവയുടെ ഭാരവാഹികളെയും പരിഗണിക്കാവുന്നതാണ്. റസിഡൻഷ്യൽ അസോസിയേഷനുകളുടെ ഭാരവാഹികളെ ഉൾപ്പെടുത്തുന്നതിന് മുൻഗണന നൽകണം.

(സി) രണ്ട് വർഷം കൂടുമ്പോഴാണ് സമിതി പുനഃസംഘടിപ്പിക്കുന്നത്.

(ഡി) ജനമൈത്രി സുരക്ഷാ സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

1. കുറ്റകൃത്യങ്ങൾ തടയുക
2. മെച്ചപ്പെട്ട പോലീസ് പൊതുജന സഹകരണം

3. സുരക്ഷാ മേഖലയിൽ ജനങ്ങളുടെ പരസ്പര സഹകരണം

4. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനാവശ്യമായ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നത്

5. ബോധവൽക്കരണ പ്രവർത്തനങ്ങൾ

6. ട്രാഫിക് വാർഡൻ സമ്പ്രദായം

7. സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള സുരക്ഷാ ജാഗ്രതാ പദ്ധതികൾ

8. സ്വയം രക്ഷയ്ക്കായുള്ള കോഴ്സുകൾ സംഘടിപ്പിക്കുക

9. പരാതി കാർഡ് സംവിധാനം

10. ദുരന്ത നിവാരണ സന്നദ്ധ പ്രവർത്തനങ്ങൾ

11. രക്ഷാ പ്രവർത്തനം, ഫസ്റ്റ് എയ്ഡ്

12. കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വാശ്രയ സംഘടനകളെയും മറ്റും സംഘടിപ്പിച്ചുകൊണ്ട് സ്ത്രീകൾക്ക് പ്രത്യേകമായുള്ള പരിപാടികൾ എന്നിവയാണ്.

**അഴീക്കൽ ബീച്ചിൽ പോലീസ് ഔട്ട് പോസ്റ്റ്**

80 (2026) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ അഴീക്കൽ ബീച്ച്, ഫിഷിംഗ് ഹാർബർ എന്നിവിടങ്ങളിലുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലഹരിയുടെ വിപണനം നിയന്ത്രിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) ഇവിടെ പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം വിശദീകരിക്കുമോ;

(സി) മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികൾ അപകടത്തിൽപ്പെടുന്നത് നിത്യസംഭവമായ ഇവിടെ ആവശ്യമായ സുരക്ഷാസംവിധാനങ്ങളൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഓച്ചിറ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപെട്ട അഴീക്കൽ ബീച്ച്, ഫിഷിംഗ് ഹാർബർ എന്നീ സ്ഥലങ്ങളിലുംമറ്റും സ്ഥിരമായി പട്രോളിംഗ് നടത്തിവരുന്നതും ക്രമസമാധാന പ്രശ്നങ്ങളോ ലഹരി വിപണനമോ

ശ്രദ്ധയിൽപ്പെട്ടാൽ ആയതിനെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതും അവധി ദിവസങ്ങളിലുംമറ്റും പ്രസ്തുത സ്ഥലങ്ങളിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി നിയോഗിച്ചുവരുന്നതുമാണ്.

(ബി) പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിച്ചിട്ടില്ല.

(സി) അഴിക്കൽ ഭാഗത്ത് ട്രോൾബാൻ സമയത്ത് മറൈൻ എൻഫോഴ്സ്മെന്റിന്റെ ഒരു രക്ഷാ ബോട്ട് ഉണ്ടായിരിക്കുന്നതാണ്. ഇതിന് 24 മണിക്കൂറും പോലീസിന്റെയും ലൈഫ്ഗാർഡിന്റെയും സേവനം ലഭ്യമാണ്.

**സംസ്ഥാനത്തെ ക്രമസമാധാന നില**

81 (2027) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പ്രമുഖ രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തകർ തമ്മിൽ നടക്കുന്ന സംഘർഷങ്ങളും കൊലപാതകങ്ങളും സംസ്ഥാനത്ത് ക്രമസമാധാന നിലയെ തകിടംമറിച്ചതായി പറയപ്പെടുന്ന വിഷയം ജനങ്ങളിൽ ഭീതിയും അരക്ഷിതാവസ്ഥയും ഉണ്ടാക്കിയതായി വിലയിരുത്തുന്നുണ്ടോ;

(ബി) കണ്ണൂരിൽ സി.പി.എം. പ്രവർത്തകനായ കെ. ബാബുവിന്റെ കൊലപാതകം കഴിഞ്ഞ് അരമണിക്കൂറിനുള്ളിൽ ബി.ജെ.പി. പ്രവർത്തകനായ ഷമേജ് കൊല്ലപ്പെട്ടത് സ്വാഭാവിക പ്രതികരണംമൂലമാണെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) സംസ്ഥാനത്തെ തകർന്ന ക്രമസമാധാന നില പുന:സ്ഥാപിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും എന്തൊക്കെ നടപടികളാണ് അടിയന്തരമായി കൈക്കൊള്ളുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ക്രമസമാധാനനില ഭദ്രമായതിനാൽ ജനങ്ങളിൽ ഭീതിയും അരക്ഷിതാവസ്ഥയും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോടതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ട സംഗതിയാകയാൽ ഇപ്രകാരമൊരു വിലയിരുത്തൽ സർക്കാർ നടത്തിയിട്ടില്ല.

(സി) ശക്ത ക്രമസമാധാനപാലനത്തിന് മികച്ച സംവിധാനങ്ങളുള്ള നമ്മുടെ സംസ്ഥാനത്ത് ക്രമസമാധാന നില ഭദ്രമാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ സംസ്ഥാന പോലീസ് സേന ജാഗരൂകരായി പ്രവർത്തിച്ചുവരുന്നു. അക്രമ സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ

അക്രമികൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പൊതുസ്ഥലങ്ങളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്തിയും ആവശ്യമായ സ്ഥലങ്ങളിൽ പിക്കറ്റ് പോസ്റ്റുകളും മൊബൈൽ പട്രോളിംഗും ഏർപ്പെടുത്തിയും പൊതുജന സുരക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി**

82 (2028) ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളാണ് സ്മാർട്ട് സ്റ്റേഷനുകളാക്കിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് അന്താരാഷ്ട്ര നിലവാലത്തിലേയ്ക്ക് ഉയർത്തുന്നതിന് നിലവിൽ കേന്ദ്രസംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സൈബർ കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി അന്വേഷണം നടത്തി കണ്ടെത്തുന്നതിനായി 19 സൈബർ സെല്ലുകളും ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ പോലീസ് സ്റ്റേഷൻ, സൈബർ ഡോം, സോഷ്യൽ മീഡിയ സെൽ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ആസ്ഥാനമായി പുതിയ മൂന്ന് സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് 17-4-2018 -ലെ സ.ഉ. (കൈ) നമ്പർ 68/2018/ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ ഡോം, സൈബർ പോലീസ് സ്റ്റേഷൻ എന്നിവ സംയോജിപ്പിച്ച് ഒരു സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ വിഭാഗം ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. പൊതുജനങ്ങൾക്ക് നേരിട്ട് പോലീസ് സ്റ്റേഷനിൽ എത്താതെ പരാതി സമർപ്പിക്കുന്നതിനും അന്വേഷണ സ്ഥിതി അറിയുന്നതിനും പുതുതായി തുണ എന്ന സിറ്റിസൺ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ പൊതുജനങ്ങൾക്ക് സുരക്ഷക്കായി ഉപയോഗിക്കാവുന്ന രക്ഷ, ഡയൽ എ കോപ്പ്, സിറ്റിസൺ സേഫ്റ്റി

തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ സി.സി.ടി.എൻ.എസ്. സംവിധാനം, ഡിജിറ്റൽ ഫോറൻസിക് സംവിധാനങ്ങൾ, ഓഫീസ് സേവനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം, സ്ത്രീ സുരക്ഷയ്ക്കായി പിങ്ക് ബീറ്റ് പട്രോൾ തുടങ്ങിയവ പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള ആധുനീകരണ പ്രവർത്തനങ്ങളാണ്.

(ബി) തിരുവനന്തപുരം ജില്ലയിലെ പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കിയിട്ടില്ല.

## നാദാപുരത്ത് വിദ്യാർത്ഥിയെ മർദ്ദിച്ചത് സംബന്ധിച്ച പരാതി

83 (2029) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരത്ത് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വട്ടോളി സംസ്കൃതം ഹൈസ്കൂൾ വിദ്യാർത്ഥിയായ മലോൽ പായന്ത് എന്ന വിദ്യാർത്ഥിയെ സമ്മാനം തരാമെന്ന് പറഞ്ഞ് വിളിപ്പിച്ച് അതിക്രൂരമായി മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഈ കേസിലെ പ്രതികൾ ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണ്; പ്രസ്തുത പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കേസിലെ 2 പ്രതികളും സി.പി.ഐ.(എം) കാരാണെന്നറിയുന്നു. ഇവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

## രാഷ്ട്രപതിയുടെ പോലീസ് മെഡൽ

84 (2030) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് നൽകുന്ന രാഷ്ട്രപതിയുടെ പോലീസ് മെഡലിന് നൽകേണ്ട പട്ടിക സമർപ്പിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിൽ പട്ടിക സമർപ്പിക്കേണ്ട സമയപരിധി സൂചിപ്പിച്ചിരുന്നോ; പ്രസ്തുത സമയപരിധിക്കുള്ളിൽ തന്നെയാണോ കേരളം പട്ടിക സമർപ്പിച്ചിട്ടുള്ളത്; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) സമയപരിധിക്ക് ശേഷമാണ് പ്രസ്തുത പട്ടിക നൽകിയിട്ടുള്ളതെങ്കിൽ ഇങ്ങനെ നൽകുവാനുണ്ടായ കാരണം എന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കത്ത് പ്രകാരം 2018-ലെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പ്രഖ്യാപിക്കുന്ന രാഷ്ട്രപതിയുടെ പോലീസ് മെഡലിനുള്ള ശിപാർശ നൽകേണ്ട അന്തിമ തീയതി 8-6-2018 വരെയാണ്. സംസ്ഥാന സർക്കാർ ശിപാർശ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ 24-5-2018-ന് നൽകിയിട്ടുണ്ട്.

## രാഷ്ട്രപതിയുടെ വിശിഷ്ടസേവാ മെഡലിനും സ്തുത്യർഹ മെഡലിനും അർഹതയുള്ളവർ

85 (2031) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രപതിയുടെ വിശിഷ്ട സേവാ മെഡലിനും സ്തുത്യർഹ മെഡലിനും കേരളത്തിൽ നിന്ന് എത്ര പേർക്കാണ് അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മെഡലിനായി ശിപാർശ സമർപ്പിക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടോ ; എങ്കിൽ എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) മെഡൽ പട്ടിക അയയ്ക്കാൻ നിർദ്ദേശിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്ന് കത്ത് ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒരു വർഷത്തിൽ റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യ ദിനം എന്നീ രണ്ടുവേളകളിലായി പോലീസ് സർവ്വീസ്, ഫയർ സർവ്വീസ്, പ്രിസൺ ആന്റ് കറക്ഷണൽ സർവ്വീസ് എന്നീ വിഭാഗങ്ങളിലായി രാഷ്ട്രപതിയുടെ വിശിഷ്ടസേവാ മെഡൽ, സ്തുത്യർഹ സേവാ മെഡൽ പുരസ്കാരങ്ങൾ പ്രഖ്യാപിക്കുന്നുണ്ട്. ഒരു വർഷത്തിൽ രണ്ടുവേളകളിലായി 20 പേർക്കാണ് കേരളത്തിൽനിന്നും സ്തുത്യർഹസേവാ പോലീസ് മെഡൽ പുരസ്കാരത്തിനായി അർഹതയുള്ളത്. മറ്റുപുരസ്കാരങ്ങൾക്ക് പ്രത്യേക വിഹിതം നിശ്ചയിച്ചിട്ടില്ല.

(ബി) വീഴ്ച പറ്റിയിട്ടില്ല.

(സി) ലഭിച്ചിരുന്നു.

## സ്മാർട്ട് പോലീസ് സ്റ്റേഷൻ

86 (2032) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റേഷനുകളാക്കിയതുമൂലം പോലീസിന്റെ കാര്യക്ഷമത വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) കേസന്വേഷണത്തിൽ ശാസ്ത്രീയ വശം ഉപയോഗപ്പെടുത്തുന്നതിലൂടെ പോലീസ് സേന മൂന്നാം മുറ ഉപയോഗിക്കുന്നത് തടയുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിലവിൽ ഏതൊക്കെ ജില്ലകളിലാണ് ആധുനിക രീതിയിലുള്ള ചോദ്യം ചെയ്യൽ മുറികൾ സ്ഥാപിച്ചിട്ടുള്ളത്; വരാപ്പുഴ കേസിൽ അറസ്റ്റിലായ ശ്രീജിത്ത് ഉൾപ്പെടെയുള്ളവരെ ഈ ആധുനിക രീതിയിലുള്ള ചോദ്യം ചെയ്യൽ മുറികളിലാണോ ചോദ്യം ചെയ്തത്;

(ഡി) പോലീസ് അക്കാഡമിയിൽ സൈബർ ഫോറൻസിക് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം എന്നീ സൗകര്യങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; വരാപ്പുഴയിൽ ശ്രീജിത്തിനെ മൂന്നാം മുറയ്ക്ക് വിധേയരാക്കിയ പോലീസുകാർ ഈ അക്കാഡമിയിൽ എന്തെങ്കിലും പ്രത്യേക പരിശീലനം നേടിയവരാണോ;

(ഇ) പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ആധുനികവൽക്കരണത്തിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കിയതുമൂലം പോലീസിന്റെ കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ട്. സി.സി.ടി.എൻ.എസ്.- എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യൽ iAPS സംവിധാനം, കെട്ടിടങ്ങൾ, വാഹനങ്ങൾ, ഇ-മെയിൽ സംവിധാനം, പരാതികൾ സ്വീകരിക്കുന്നതിനും മറ്റും വെബ് പോർട്ടൽ സംവിധാനം, ആധുനിക ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസേഷൻ എന്നിവയിലൂടെ പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ശാസ്ത്രീയമായ രീതിയിൽ കേസന്വേഷണം നടത്തുന്നതിലൂടെ മൂന്നാംമുറ തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) ഇടുക്കി, തിരുവനന്തപുരം റൂറൽ എന്നീ ജില്ലകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും ആധുനിക രീതിയിലുള്ള ചോദ്യംചെയ്യൽ മുറികൾ സ്ഥാപിച്ചിട്ടുണ്ട്.

കോഴിക്കോട് സിറ്റിയിൽ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. വരാപ്പുഴ കേസ്സുമായി ബന്ധപ്പെട്ട് പ്രതികളെ ലോക്കൽ പോലീസ് ആധുനിക രീതിയിലുള്ള ഇന്ററോഗേഷൻ റൂമിൽ ചോദ്യം ചെയ്തിട്ടില്ല.

(ഡി) പോലീസ് അക്കാഡമിയിൽ സൈബർ ഫോറൻസിക്കുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നതിനുള്ള കമ്പ്യൂട്ടർ ലാബ് പ്രവർത്തിച്ചുവരുന്നുണ്ട്. സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വരാപ്പുഴ കേസ്സിൽ ഉൾപ്പെട്ട പ്രതികളിൽ ക്രിസ്പിൻ സാം, ദീപക് എന്നിവർക്ക് പോലീസ് അക്കാദമിയിൽ പരിശീലനം നൽകിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ സ്ത്രീസൗഹൃദമാക്കുന്നതിന് ഫോർട്ട്, കൊല്ലം ഈസ്റ്റ്, കടവന്ത്ര, തൃശ്ശൂർ ടൗൺ ഈസ്റ്റ്, കോഴിക്കോട് ടൗൺ, കണ്ണൂർ ടൗൺ എന്നീ ആറ് പോലീസ് സ്റ്റേഷനുകൾക്ക് അഞ്ചുലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

സ്ത്രീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി എല്ലാ സ്റ്റേഷനുകളിലും വുമൺ ഹെൽപ് ഡെസ്കുകൾ സ്ഥാപിച്ച് സ്റ്റേഷനിൽ വരുന്ന സ്ത്രീകൾക്കായി പ്രത്യേകം പരിഗണന നൽകുന്നുണ്ട്. കൂടാതെ ജനമൈത്രി ബീറ്റുകൾ പോകുന്ന ഉദ്യോഗസ്ഥർ മുഖാന്തിരം സ്റ്റേഷൻ അതിർത്തിയിൽ ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകളുടെയും പ്രായമായവരുടെയും ലിസ്റ്റ് തയ്യാറാക്കുകയും അവർക്ക് പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്യുന്നുണ്ട്. സ്ത്രീകൾക്ക് നിർഭയമായി സ്റ്റേഷനുകളിൽ കയറിച്ചെല്ലുന്നതിനുള്ള ഒരു അന്തരീക്ഷമാണ് ഇപ്പോൾ ഉള്ളത്. പരാതികൾ സ്വീകരിക്കുന്നതിന് സ്റ്റേഷനുകളിൽ വനിതാ ഹെൽപ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടെ പരാതികളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യേണ്ടുന്ന സന്ദർഭങ്ങളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ മൊഴികൾ രേഖപ്പെടുത്തി വരുന്നതും ഇത്തരം കേസ്സുകളിൽ മുൻഗണനാ പ്രാധാന്യം നൽകി അന്വേഷണം നടത്തിവരികയും ചെയ്യുന്നുണ്ട്.

**ദേശീയ/സംസ്ഥാന പാർട്ടി ആസ്ഥാന മന്ദിരങ്ങൾക്ക് പോലീസ് കാവൽ**

87 (2033) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഏതൊക്കെ ദേശീയ/സംസ്ഥാന പാർട്ടികളുടെ ആസ്ഥാന മന്ദിരങ്ങൾക്ക് പോലീസ് കാവൽ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ പാർട്ടികളുടെ ആസ്ഥാന മന്ദിരങ്ങൾക്കാണ് പോലീസ് കാവൽ തുടർന്നും നൽകി വരുന്നതെന്ന് അറിയിക്കാമോ;

(സി) എത്ര വീതം പോലീസുകാരെയാണ് കാവൽ ഡ്യൂട്ടിക്കായി ഒരേ സമയം നിയോഗിച്ചിരിക്കുന്നത്; ഈ ഇനത്തിൽ ആകെ എത്ര തുകയുടെ ചെലവ് ഉണ്ടാകുന്നു; പാർട്ടി ഓഫീസ് തരംതിരിച്ച് ഇവയുടെ വിശദവിവരം നൽകുമോ?

ഉത്തരം

(എ – സി) രാഷ്ട്രീയ പാർട്ടികളുടെ ആസ്ഥാന മന്ദിരങ്ങൾക്കൊന്നുംതന്നെ പോലീസ് കാവൽ നൽകിവരുന്നില്ല. എന്നാൽ സുരക്ഷാഭീഷണി നിലനിന്ന പ്രത്യേക സാഹചര്യങ്ങളിൽ ബി.ജെ.പി.-യുടെ സംസ്ഥാന കമ്മിറ്റി ഓഫീസിനും തിരുവനന്തപുരം ജില്ലാ കമ്മിറ്റി ഓഫീസിനും എ.കെ.ജി. സെന്ററിനും താൽക്കാലിക സുരക്ഷ ഉണ്ട്.

ബി.ജെ.പി.-യുടെ സംസ്ഥാന കമ്മിറ്റി ഓഫീസ് - അഞ്ച് പോലീസുകാർ

ബി.ജെ.പി.-യുടെ ജില്ലാ കമ്മിറ്റി ഓഫീസ് - മൂന്ന് പോലീസുകാർ

എ.കെ.ജി. സെന്റർ - എട്ട് പോലീസുകാർ

ക്രമസമാധാനനില സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ് പോലീസ് സുരക്ഷ നൽകിയിരിക്കുന്നത്. ആയതിനാൽ പോലീസുകാർക്ക് പ്രത്യേക തുക നൽകേണ്ടതില്ല.

**പോലീസ് സേനാംഗങ്ങളുടെ സംഘടനാ സ്വാതന്ത്ര്യം**

88 (2034) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ ക്ഷേമം ലക്ഷ്യമാക്കി പോലീസ് സേനാംഗങ്ങൾക്ക് സംഘടനാ സ്വാതന്ത്ര്യം നൽകുവാനുള്ള തീരുമാനം സംസ്ഥാന പോലീസിൽ ഉണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കുറ്റവാളികളെ പിടികൂടുന്നതിനും മറ്റും രഹസ്യതീരുമാനങ്ങൾ എടുക്കുവാൻ കഴിയാത്ത ഇടങ്ങളായി പോലീസ് സ്റ്റേഷനുകൾ മാറിയത് സംഘടനാ സ്വാതന്ത്ര്യം അനുവദിച്ചതിനാലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഷുഹൈബ് വധക്കേസിൽ പോലീസിന്റെ റെയ്ഡ് നീക്കം പ്രതികൾക്ക് ചോർത്തി കൊടുത്തതായി അന്നത്തെ ജില്ലാ പോലീസ് മേധാവി സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയോ;

(ഡി) റെയിഡിന്റെ വിശദാംശം ചോർത്തി നൽകിയ പോലീസുകാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(ഇ) സംഘടനാ സ്വാതന്ത്ര്യം സേനയിലെ അച്ചടക്കം നഷ്ടപ്പെടുത്തിയതായും സേനയെ ദുർബലപ്പെടുത്തിയതായും കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ പോലീസ് സേനയുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനും സേനയുടെ അന്തസ്സ് ഉയർത്തുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ കൈക്കൊള്ളുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്. സേനാംഗങ്ങൾക്ക് തങ്ങളുടെ ആവശ്യങ്ങളും പരാതികളും മേലധികാരികളുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്താനും പരിഹാരം കാണാനും സാധിക്കുകയും അതുവഴി കൂടുതൽ സംതൃപ്തമായ തൊഴിൽ സാഹചര്യങ്ങളും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങളും നൽകുന്നതിനും പോലീസ് പൊതുജനബന്ധം മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ബി) ഇല്ല.

(സി&ഡി) ജില്ലാ പോലീസ് മേധാവി സംസ്ഥാന പോലീസ് മേധാവിക്ക് ഇത് സംബന്ധിച്ച് പരാതി നൽകിയില്ല.

(ഇ) കണ്ടെത്തിയിട്ടില്ല.

(എഫ്) സേനയുടെ വിശ്വാസ്യത നഷ്ടമാകുന്ന ഒരു സാഹചര്യവും സംസ്ഥാനത്ത് നിലവിലില്ല.

**പനവൂർ പോലീസ് സ്റ്റേഷൻ**

89 (2035) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ പനവൂർ കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

വാമനപുരം നിയോജകമണ്ഡലത്തിലെ പനവൂർ കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതുസംബന്ധിച്ച വിഷയം പരിശോധനയിലാണ്.

## പോലീസ് വകുപ്പിലെ സീനിയോരിറ്റി ലിസ്റ്റ്

90 (2036) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് വകുപ്പിലെ ആംഡ് റിസർവ് വിഭാഗത്തിലെയും ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെയും പോലീസ് കോൺസ്റ്റബിൾ, ഹെഡ് കോൺസ്റ്റബിൾ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ തസ്തികകൾ ലയിപ്പിച്ച് കേരള സിവിൽ പോലീസ് സബോർഡിനേറ്റ് സർവ്വീസ് നിലവിൽ വന്നത് എപ്പോൾ മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവ് പ്രകാരം ആംഡ് റിസർവ് വിഭാഗം തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റത്തിനുള്ള പ്രതീക്ഷിത തീയതി നിശ്ചയിച്ച് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാത്തത് കാരണം അസിസ്റ്റന്റ് കമാൻഡന്റ്, റിസർവ് ഇൻസ്പെക്ടർ എന്നീ തസ്തികകളിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം സമയബന്ധിതമായി നടപ്പിലാക്കുവാൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അർഹരായവർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 10-12-2010-ലെ ജി.ഒ.(പി) നമ്പർ 268/2010/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം 1-4-2010 മുതൽ കേരള സിവിൽ പോലീസ് സബോർഡിനേറ്റ് സർവ്വീസ് നിലവിൽവന്നു.

(ബി) ക്ലോസ്ഡ് എ.ആർ. കേഡർ തെരഞ്ഞെടുത്ത ആർ.എസ്.ഐ.-മാരുടെ പ്രതീക്ഷിത പ്രൊമോഷൻ തീയതി കണക്കാക്കിയുള്ള റേഞ്ചുതല സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. റേഞ്ച് തലത്തിലെ അന്തിമ ലിസ്റ്റിന് വിധേയമായി സംസ്ഥാനതല സീനിയോററിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

(സി) റെഗുലർ പ്രമോഷനുകൾക്ക് കാലതാമസം ഉണ്ടായിട്ടുണ്ട്.

(ഡി) അർഹതപ്പെട്ട ഒഴിവുകളിൽ സീനിയോറിറ്റി അനുസരിച്ച് റിസർവ് ഇൻസ്പെക്ടർ തസ്തികയിൽ ഉദ്യോഗസ്ഥർക്ക് താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്.

**ജനമൈത്രി പോലീസ് സംവിധാനം**

91 (2037) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണകൂടത്തിന്റെ മർദ്ദനോപകരണമെന്ന നിലയിൽ നിന്ന് ജനങ്ങൾക്ക് സുരക്ഷയും സേവനവും നൽകുന്നതിനും അതോടൊപ്പം സേവനം തേടി എത്തുന്നവരോട് സൗഹാർദ്ദപരമായി ഇടപെടുന്നതിനും പോലീസ് എത്രമാത്രം മാറിയിട്ടുണ്ട്; ജനമൈത്രി പോലീസ് സംവിധാനം എത്രമാത്രം പ്രയോജനപ്രദമാണെന്ന വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും ദുർബല ജനവിഭാഗങ്ങൾക്കും സുരക്ഷയൊരുക്കാൻ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(സി) കുറ്റാന്വേഷണവും ക്രമസമാധാനപാലനവും വേർപ്പെടുത്തുകയും പോലീസ് സ്റ്റേഷനുകളുടെ ചുമതല ഇൻസ്പെക്ടർമാർക്ക് നൽകുകയും ചെയ്തത് വഴി ഉദ്ദേശിക്കുന്ന നേട്ടം എന്താണ് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിയമ പരിപാലനത്തിനും ക്രമസമാധാന പാലനത്തിനും പൂർണ്ണമായി ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പോലീസിംഗ് സംവിധാനമാണ് ജനമൈത്രി. ഒരു പ്രദേശത്തെ സുരക്ഷയെ സംബന്ധിച്ചുള്ള കാര്യങ്ങൾ, കളവ്, പിടിച്ചുപറി, വ്യാജവാറ്റ് കൂടാതെ കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നത് സംബന്ധിച്ചും സുരക്ഷാ ക്രമീകരണങ്ങളെ സംബന്ധിച്ചുംമറ്റും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നു. ഒരു പ്രദേശത്തെ സംഘടിത കുറ്റകൃത്യങ്ങൾ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ എന്നിവയും ചർച്ചചെയ്ത് കൂട്ടായി പരിഹാര മാർഗ്ഗങ്ങൾ തേടുന്നു. ജനമൈത്രി പോലീസിന്റെയും റെസിഡന്റ്സ് അസോസിയേഷനുകളുടെയും നേതൃത്വത്തിൽ ഓരോ കുടുംബത്തിലും ഉണ്ടാകുന്ന വ്യത്യസ്തമായ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരിക്കാനും വലിയൊരു പരിധിവരെ ഇതിലൂടെ കഴിയുന്നു. ജനമൈത്രി പോലീസിന്റെ ഭവന സന്ദർശനത്തിലൂടെ പൊതുജനങ്ങളുമായി ആശയ വിനിമയം നടത്തുവാനും അവരുടെ പ്രശ്നങ്ങൾ കേട്ട് മനസ്സിലാക്കുവാനും ആയതിനുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും

കഴിയുന്നു. ഇത്തരം ഇടപെടലുകളിലൂടെ ജനങ്ങൾക്ക് പോലീസിനോടുള്ള മതിപ്പും വിശ്വാസവും വർദ്ധിപ്പിക്കാനും പോലീസ് ഉദ്യോഗസ്ഥർ ജനങ്ങളുടെ സുഹൃത്തുക്കളാണ് എന്ന ചിന്താഗതി വളർത്തിയെടുക്കുവാനും സാധിച്ചിട്ടുണ്ട്.

(ബി) ഒരുക്കിയിട്ടുണ്ട്. സ്ത്രീകൾക്കുവേണ്ടി പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കുന്നതിനായി പിങ്ക് ബീറ്റ് സംവിധാനം ജില്ലകളിൽ നടപ്പിലാക്കിവരുന്നു. മാത്രവുമല്ല എല്ലാ മാസവും ഒരു വനിതാ ബീറ്റ് ഓഫീസർ പഞ്ചായത്ത് തോറും സന്ദർശനം നടത്തുകയും വനിതകളിൽനിന്ന് പരാതി സ്വീകരിച്ച് ആയവ തീർപ്പാക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുതിർന്ന പൗരൻമാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി എല്ലാ പോലീസ് സ്റ്റേഷനിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ സ്റ്റേഷനിലും മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി എൽഡർ ഫ്രണ്ട്‌ലി ഓഫീസർമാരെ നിയോഗിച്ചിട്ടുള്ളതാണ്. ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്ന പൗരൻമാരുടെയും ദുർബല വിഭാഗങ്ങളുടെയും വീടുകൾ കേന്ദ്രീകരിച്ച് നൈറ്റ് പട്രോളിംഗ് ശക്തമായി നടത്തിവരുകയും ചെയ്യുന്നു.

കുട്ടികൾക്ക് സുരക്ഷയൊരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആറ് പോലീസ് സ്റ്റേഷനുകളെ ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റി നാമകരണം ചെയ്തിട്ടുണ്ട്. രൂപത്തിലും ഭാവത്തിലും ഘടനയിലും ഒരു ശിശുസൗഹൃദ പ്രവർത്തനവും അന്തരീക്ഷവും ഒരുക്കുകയെന്നുള്ളതാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷൻകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) സംസ്ഥാനത്ത് സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചതിനുശേഷം പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്യുന്ന വളരെ പ്രാധാന്യം അർഹിക്കുന്ന കേസ്സുകളിൽ ഇൻസ്പെക്ടർമാരുടെ സാന്നിദ്ധ്യം ഉണ്ടാകുകയും കേസ്സുകളുടെ അന്വേഷണ പുരോഗതി കൂടുതൽ കാര്യക്ഷമതയോടെ നടത്തുവാനും കഴിയുന്നുണ്ട്. കേസന്വേഷണവും ക്രമസമാധാന പാലനവും വേർതിരിച്ച് രണ്ടു സബ് ഇൻസ്പെക്ടർമാരുടെ കീഴിലാക്കിയതോടെ കാര്യക്ഷമമായ കേസന്വേഷണവും ക്രമസമാധാന പാലനവും നടത്തുന്നതിന് സാഹചര്യം ഉണ്ടായി. സ്റ്റേഷൻ ചുമതല കൂടുതൽ പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരെ ഏൽപ്പിക്കാനായതോടെ പൊതുജനങ്ങൾക്ക് കൂടുതൽ മികച്ച സേവനങ്ങൾ നൽകാൻ കഴിയുന്നുണ്ട്. പോലീസ് ഇൻസ്പെക്ടറുടെ കേസന്വേഷണത്തിലെ പ്രവൃത്തി പരിചയവും കോടതികളിൽ കേസ്സുകൾക്കായി നേരിട്ട് ഹാജരായി വിചാരണ നേരിട്ടതിന്റെ പരിചയവുംമൂലം നിയമം കൂടുതൽ ശക്തമായി നടപ്പാക്കുന്നതിനും കേസന്വേഷണം കാര്യക്ഷമമായി നടത്തുന്നതിനും സഹായിക്കുന്നു.

## ക്യാമ്പ് ഫോളോവർമാരുടെ ഒഴിവുകൾ

92 (2038) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ക്യാമ്പ് ഫോളോവർമാരെ നിയമിക്കുന്നതിന് എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഉൾപ്പെടെ ക്യാമ്പ് ഫോളോവർമാരുടെ ഒഴിവുകൾ ഉണ്ടായിട്ടും നികത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുറപ്പെടുവിച്ചിട്ടില്ല.

(ബി) ക്യാമ്പ് ഫോളോവർമാരുടെ നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് ഉതകുംവിധം സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## കൊല്ലം ജില്ലയിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

93 (2039) ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിലെ എത്ര സ്കൂളുകളിൽ പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിച്ച് പ്രവർത്തിച്ചുവരുന്നു എന്നതിന്റെ വിശദവിവരം നൽകുമോ?

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം സ്കൂളുകൾ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി തുടങ്ങുന്നതിനുള്ള അനുമതിക്കായി അപേക്ഷ ഉചിതമാർഗ്ഗേന നൽകിയിട്ടുണ്ടെന്നും ആയതിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ 11 സ്കൂളുകളിൽ എസ്.പി.സി. പദ്ധതി അനുവദിച്ചിട്ടുണ്ട്. ഇവയിൽ അഞ്ച് സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ 28-3-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിൽ പുതുതായി ആറ് സ്കൂളുകളിൽക്കൂടി എസ്.പി.സി. യൂണിറ്റ് അനുവദിച്ചു നൽകിയിട്ടുണ്ട്. സ്കൂളുകളുടെ പട്ടിക ചുവടെ ചേർക്കുന്നു:

<u>നിലവിൽ പ്രവർത്തിച്ചുവരുന്ന സ്കൂളുകൾ</u>

| Sl. No. | Name of School |
|---|---|
| 1 | AV Govt. HS., Thazhava |
| 2 | Govt. HSS, Ayyankoikkal |
| 3. | Govt. HS& VHSS, Kulakkada |
| 4. | Govt. HSS, Chithara |
| 5. | Govt. HSS, Ottakkal |

<u>പുതുതായി അനുവദിച്ച സ്കൂളുകൾ</u>

| Sl. No. | Name of School |
|---|---|
| 1 | Govt. HSS, Poruvazhy, Chakkuvally |
| 2 | Govt. HSS, Sooranad (HSS) |
| 3. | Govt. HSS, Yeroor |
| 4. | Govt. Model HS for Boys, Kollam |
| 5. | GHSS for Boys, Valathungal |
| 6. | Govt. HSS, Pallimon |

(ബി) പുതുതായി എസ്.പി.സി. യൂണിറ്റ് അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് കോട്ടാരക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മാർത്തോമാ ഹൈസ്കൂൾ, കൊട്ടാരക്കര, ഗവ.ഹൈസ്കൂൾ, ഏരൂർ എന്നീ സ്കൂളുകളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുള്ളതും അവയിൽ ഗവ.ഹൈസ്കൂൾ, ഏരൂരിൽ 28-3-2018-ലെ സ.ഉ.(ആർ.റ്റി) നമ്പർ 901/2018/ആഭ്യന്തരം പ്രകാരം എസ്.പി.സി. യൂണിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**കോസ്റ്റൽ പോലീസിലെ താൽക്കാലിക ബോട്ട് ജീവനക്കാർ**

94 (2040) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ കോസ്റ്റൽ പോലീസിന്റെ കീഴിൽ ദീർഘനാളായി ബോട്ട് ജീവനക്കാർ താൽകാലികമായി ജോലി ചെയ്തു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ സ്ഥിരപ്പെടുത്തൽ പരിഗണനയിൽ ഉണ്ടോ ;

(സി) ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(ഡി) ഇവർക്ക് സർക്കാർ എന്തൊക്കെ ആനുകൂല്യങ്ങൾ നൽകി വരുന്നു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിവരങ്ങൾ ശേഖരിച്ചു. പരിശോധിക്കുന്നതാണ്.

(സി) കടലിൽ പട്രോളിംഗിന് പോകുന്ന ബോട്ടുകൾക്ക് ഫുൾകവർ ഇൻഷ്വറൻസ് പരിരക്ഷ ഉണ്ട്. പട്രോളിംഗിന് പോകുന്ന മുഴുവൻ ഉദ്യോഗസ്ഥർക്കും ബോട്ട് സ്റ്റാഫിനും ഉത്തരത്തിൽ ഫുൾ കവർ ഇൻഷ്വറൻസിന്റെ പരിധിയിലുള്ള ഇൻഷുറൻസ് ലഭ്യമാണ്.

(ഡി) ദിവസവേതനക്കാരായി ജോലിചെയ്തുവരുന്നവർക്ക് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആണ് ശമ്പളാനുകൂല്യങ്ങൾ നൽകിവരുന്നത്.

**സബ് ഇൻസ്പെക്ടർ തസ്തിക**

95 (2041) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സബ് ഇൻസ്പെക്ടർ തസ്തികയുടെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ;

(ബി) പുതിയ സബ് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

ഉത്തരം

(എ) സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിലവിലുണ്ടായിരുന്ന ഒ.എ. എല്ലാം ഡിസ്പോസ് ചെയ്തിരുന്നു. (14-7-2017-ൽ ഒ.എ.നമ്പർ 1958/2016). ആകെയുള്ള എസ്.ഐ.മാരുടെ അംഗീകൃത അംഗസംഖ്യയുടെ പകുതി കണക്കാക്കി (1:1 ratio) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു. കൂടാതെ ടി ഉത്തരവിൽ എസ്.ഐ.മാരുടെ 137 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചത് റദ്ദാക്കുകയും ചെയ്തിരുന്നു. ഇപ്രകാരം ആകെയുണ്ടായിരുന്ന 162 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും എന്നാൽ 12-7-2016-ൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട 93 എൻ.ജെ.ഡി. ഒഴിവുകളെ സംബന്ധിച്ച് നിലവിലെ റാങ്ക് ലിസ്റ്റിൽപ്പെട്ടവരും മുൻ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും തമ്മിലുള്ള തർക്കം ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ

നിലനിൽക്കുന്നതിനാൽ [OP (KAT) No.256/17,330/17&331/17 in OA.No.539/16 filed by Suneesh] ടി. എൻ.ജെ.ഡി. ഒഴിവുകൾ ഇതുവരെ അഡ്വൈസ് ചെയ്യപ്പെട്ടിട്ടില്ല. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് മറ്റ് ഒഴിവുകളൊന്നും നിലവിലില്ല.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.ഐ. തസ്തികയിലേയ്ക്ക് ആർക്കും നിയമനം നൽകിയിട്ടില്ല. എൻ.ജെ.ഡി. ഉൾപ്പെടെ ആകെ 257 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 40 എസ്.ഐ.(KCP) തസ്തികകളും ഒരു ഡബ്ല്യു.എസ്.ഐ. തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.

**ടി. പി. ചന്ദ്രശേഖരൻ വധക്കേസ്**

96 (2042) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ എത്ര പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്; അവർ ആരെല്ലാമാണെന്നും ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത കേസിൽ ശിക്ഷിക്കപ്പെട്ട ഏതെല്ലാം പ്രതികൾക്ക് എത്ര തവണ വീതം പരോൾ അനുവദിച്ചിട്ടുണ്ട്; ജയിൽ ചട്ടങ്ങൾ അനുസരിച്ചാണോ ഇവർക്ക് പരോൾ അനുവദിച്ചിട്ടുള്ളത്;

(സി) ഇപ്രകാരം ഇവർക്ക് പരോൾ അനുവദിക്കാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സി.പി.ഐ.(എം) അനുഭാവികളായ പന്ത്രണ്ട് പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. പ്രതികളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. അനൂപ്
2. മനോജ് കുമാർ @ കിർമാണി മനോജ്
3. എൻ. കെ. സുനിൽ കുമാർ @കൊടി സുനി
4. രജീഷ് തുണ്ടിക്കണ്ടി @ ടി.കെ.
5. കെ. കെ. മുഹമ്മദ് ഷാഫി @ ഷാഫി
6. സിജിത്ത് എസ് @അണ്ണൻ

7. കെ. ഷിനോജ്

8. കെ. സി. രാമചന്ദ്രൻ

9. മനോജൻ @ട്രൗസർ മനോജൻ

10. പടിഞ്ഞാറേ കുഞ്ഞിക്കാട്ടിൽ കുഞ്ഞനന്തൻ

11. പി. വി. റഫീക്ക് @ വാഴപടച്ചി റഫീക്ക്

12. പ്രദീപൻ എം. കെ. @ ലംബു.

(ബി) പ്രദീപൻ എം. കെ. ഒഴികെയുള്ള പ്രതികൾക്ക് നിയമാനുസൃതമായി അർഹതപ്പെട്ട ഒരുതവണ മുതൽ എട്ട് തവണ വരെ അടിയന്തര അവധിയും ഒരുതവണ മുതൽ പതിമൂന്ന് തവണ വരെ സാധാരണ അവധിയും വിവിധ ഘട്ടങ്ങളിൽ നൽകിയിട്ടുണ്ട്.

(സി)2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ പ്രകാരം സാധാരണ പരോളിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികളും ജില്ലാ പ്രൊബേഷൻ ഓഫീസർമാരും അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് സാധാരണ അവധി അനുവദിക്കുന്നത്. ചട്ടം 400(1)-ൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള അടിയന്തര സാഹചര്യങ്ങളിൽ ടി തടവുകാരുടെ അപേക്ഷപ്രകാരം അനുകൂലമായ പോലീസ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അടിയന്തര അവധിയും അനുവദിച്ചിട്ടുണ്ട്.

**ഷുഹൈബ് വധക്കേസ് പ്രതികൾക്കെതിരെ യു.എ.പി.എ.**

97 (2043) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂരിൽ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകൻ ഷുഹൈബിനെ കൊലപ്പെടുത്തുന്നതിന് മുമ്പ് കൊലയാളികൾ ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ചിരുന്നതായി കേസിന്റെ കുറ്റപത്രത്തിൽ പരാമർശിച്ചിട്ടുണ്ടോ;

(ബി) ജനങ്ങൾക്ക് ഭീഷണി ഉയർത്തണമെന്നുള്ള ഉദ്ദേശ്യത്തോടെ ബോംബോ, സ്ഫോടക വസ്തുക്കളോ ഉപയോഗിക്കുകയാണെങ്കിൽ 1967-ലെ യു.എ.പി.എ. ആക്ടിന്റെ 15 -ാം വകുപ്പ് പ്രകാരം യു.എ.പി.എ. ചുമത്താമെന്ന നിബന്ധനയുണ്ടോ;

(സി) എങ്കിൽ ഷുഹൈബ് വധക്കേസിലെ പ്രതികൾക്കെതിരെ യു. എ.പി.എ. ചുമത്താതിരുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാമർശിച്ചിട്ടില്ല.

(ബി&സി) രാജ്യത്തിന്റെ അഖണ്ഡതയ്ക്കും ഐക്യത്തിനും ഭീക്ഷണിയുണ്ടാക്കുന്ന രീതിയിലുള്ള ഭീകരാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് നടത്തുന്ന ഭീകര പ്രവർത്തനമാണ് യു.എ.പി.എ. നിയമത്തിന്റെ 15-ാം വകുപ്പിൽ അനുശാസിക്കുന്നത്.

**കൊല്ലപ്പെട്ടവരുടെ വീട് സന്ദർശിച്ച് ആശ്വസിപ്പിക്കൽ**

98 (2044) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഹിയിൽ കൊല്ലപ്പെട്ട സി. പി. എം. പ്രവർത്തകൻ ബാബുവിന്റെ വീട് മുഖ്യമന്ത്രി സന്ദർശിച്ച് ബന്ധുക്കളെ ആശ്വസിപ്പിക്കുകയുണ്ടായോ;

(ബി) കൊലപ്പെട്ട ഷുഹൈബിന്റെയും പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട നിരപരാധിയായ ശ്രീജിത്തിന്റെയും വീട് സന്ദർശിച്ച് കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുവാൻ മുഖ്യമന്ത്രി പോയിട്ടുണ്ടോ?

ഉത്തരം

(എ) സന്ദർശിച്ചിട്ടുണ്ട്.

(ബി) ഇല്ല.

**സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച നടപടികൾ**

99 (2045) ശ്രീമതി യു. പ്രതിഭ ഹരി :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പോലീസിനെ സഹായിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള നിർഭയ വോളന്റിയർമാരുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) അതിക്രമ സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് അതിനെ നേരിടാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നതിനുള്ള സ്വയം പ്രതിരോധ പരിശീലനപദ്ധതി പോലീസ് വകുപ്പ് നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(സി) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കുറയ്ക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള പിങ്ക് പട്രോൾ, പിങ്ക് ബീറ്റ് സംവിധാനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) നിർഭയ വോളന്റിയർമാരുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. ഓരോ സ്റ്റേഷൻ പരിധിയിലും വൃദ്ധരായ സ്ത്രീകൾ ഒറ്റയ്ക്ക് താമസിക്കുന്ന വീടുകൾ സന്ദർശിച്ച് അവരുടെ സുരക്ഷയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.

2. അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകളെയും കുട്ടികളെയും സന്ദർശിച്ച് അവർക്ക് കൗൺസലിംഗ് നടത്തി അവരുടെ പുനരധിവാസത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നു.

3. ഓരോ സ്റ്റേഷൻ പരിധിയിലുമുള്ള സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പ്രതിരോധ പരിശീലനവും സുരക്ഷാ ബോധവൽക്കരണ ക്ലാസും നടത്തുന്നു.

4. സ്ത്രീകളെയും കുട്ടികളെയും നവമാധ്യമങ്ങളുടെ ദുരുപയോഗങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നു.

5. അതിക്രമങ്ങൾക്കിരയായ സ്ത്രീകൾക്ക് നിയമ പരിരക്ഷയ്ക്ക് ആവശ്യമായ സഹായം നൽകുന്നു.

6. വനിതാ ഹോസ്റ്റലുകൾ, അങ്കണവാടികൾ, ഡേകെയർ സെന്ററുകൾ, ഓർഫനേജുകൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ച് അവിടുത്തെ അന്തേവാസികളുമായി ആശയവിനിമയം നടത്തി അവരുടെ സുരക്ഷക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നു.

7. പൂവാലശല്യം ഉണ്ടാകുന്ന സ്ഥലങ്ങൾ തിരിച്ചറിഞ്ഞ് ബന്ധപ്പെട്ട എസ്.എച്ച്.ഒ. മുഖാന്തരം നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി സഹായം ചെയ്യുന്നു.

8. സ്കൂളുകളും കോളേജുകളും സന്ദർശിക്കുകയും പി.റ്റി.എ. പ്രതിനിധികളുമായി ബന്ധപ്പെട്ട് കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കി വേണ്ട നടപടികൾ സ്വീകരിക്കുന്നു.

9. കുട്ടികളുമായി കൂടിക്കാഴ്ച നടത്തി അവർക്കിടയിൽ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരെ കണ്ടെത്തി അതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നു.

10. പരിസര പ്രദേശങ്ങളിൽ നടക്കുന്ന കുറ്റകൃത്യങ്ങളെക്കുറിച്ച് പ്രത്യക്ഷമായും ഉള്ള അറിവ് പോലീസിന് കൈമാറുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്തുടനീളം സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങളെ നേരിടുന്നതിനും അവരെ കായികവും മാനസികവുമായി പ്രാപ്തരാക്കുന്നതിന് സ്വയം പ്രതിരോധ പരിശീലനം പോലീസ് സേനയുടെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്. എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ ഭൂരിഭാഗം വനിതാ പോലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിക്കഴിഞ്ഞു. അതാത് ജില്ലകളിലെ സ്കൂൾ, കോളേജ്, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, എസ്.സി./എസ്.ടി. കോളനികൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നു.

(സി) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയെ മുൻനിർത്തി സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും സഞ്ചാര സ്വാതന്ത്ര്യത്തിനും സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഓപ്പറേഷൻ പിങ്ക്. ഈ പദ്ധതി വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വാഹനത്തിലും കാൽനടയായും ചെയ്യുന്ന ഡ്യൂട്ടിയാണ് പിങ്ക് പട്രോൾ/പിങ്ക് ബീറ്റ് എന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി പൊതുസ്ഥലങ്ങളിലും യാത്രാവേളകളിലും സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## സ്ത്രീ സുരക്ഷയ്ക്കായി പദ്ധതി

100 (2046) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കുറയ്ക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ;

(ബി) സ്ത്രീകൾക്ക് പ്രതിരോധ പരിശീലനം നൽകുന്നതിന് സർക്കാർ പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) വനിതകൾക്ക് 24 മണിക്കൂറും സഹായത്തിനായി വനിതാ ഹെൽപ്പ് ലൈൻ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) സ്ത്രീ സുരക്ഷക്കായി നിർഭയ വോളന്റിയർമാരെ നിയോഗിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പോലീസിലെ വനിതാപ്രാതിനിധ്യം ഉയർത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്ത്രീകളുടെ സുരക്ഷയ്ക്കായി കേരളാ പോലീസ് പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, വനിതാ സ്വയം പരിശീലന പരിപാടി, പഞ്ചായത്ത് ബീറ്റ്, സ്ത്രീ സൗഹൃദ ഓട്ടോ (പിങ്ക് ഓട്ടോ, ഷീ ഓട്ടോ), പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ലൈൻ (1090), സ്ത്രീകളുടെ പരാതികൾ പരിഹരിക്കുന്നതിന് പഞ്ചായത്തുതല അദാലത്തുകൾ, വനിതാ വോളണ്ടിയർമാരെ ഉൾപ്പെടുത്തി ആരംഭിച്ച നിർഭയ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്ത് ഉടനീളം സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങളെ നേരിടുന്നതിനും അവരെ കായികവും മാനസികവുമായി പ്രാപ്തരാക്കുന്നതിനും സ്വയം പ്രതിരോധ പരിശീലനം പോലീസ് സേനയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ഇതിനായി എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതാത് ജില്ലകളിലെ സ്കൂൾ, കോളേജ്, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധസംഘടനകൾ, എസ്.സി.എസ്.റ്റി. കോളനികൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നു.

(സി) വനിതകൾക്ക് 24 മണിക്കൂറും സഹായത്തിനായി വനിതാ ഹെൽപ്പ് ലൈൻ പ്രവർത്തിക്കുന്നുണ്ട്. (ടോൾ ഫ്രീ നമ്പർ 1091). വനിതാ ഹെൽപ്പ് ലൈനിലേക്ക് വരുന്ന കോളുകൾ കൃത്യമായി അറ്റൻഡ് ചെയ്ത് വിവരങ്ങൾ മനസ്സിലാക്കി അപ്പോൾത്തന്നെ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്ത്രീ സുരക്ഷയ്ക്കായി സംസ്ഥാനത്ത് മിക്ക ജില്ലകളിലും നിർഭയ വോളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ട്. നിർഭയ വോളണ്ടിയർമാരായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വിവിധ വിഷയങ്ങളിൽ ആവശ്യമായ ട്രെയിനിംഗ് നൽകി സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങളെക്കുറിച്ച് വിവരം നൽകുന്നതിന് വിവിധ സാമൂഹിക സംഘടനകളുമായി ചേർന്ന് സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പ്രതിരോധം, സുരക്ഷാ ബോധവൽക്കരണം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

(ഇ) സംസ്ഥാനത്ത് പത്ത് വനിതാ പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്. കാസർഗോഡ്, വയനാട്, കോഴിക്കോട് റൂറൽ, പത്തനംതിട്ട, പാലക്കാട്, കൊല്ലം റൂറൽ എന്നീ ജില്ലകളിൽ വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതും പോലീസിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതും സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു. 30-1-2017-ലെ G.O(Ms) No. 15/2017/Home പ്രകാരം കേരളത്തിൽ ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്.

## മരണത്തിലെ ദുരൂഹതകൾ

101 (2047) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എളങ്കുന്നപ്പുഴ പെരുമാൾപ്പടി ആശാരിപറമ്പിൽ മാനം കണ്ണേഴത്ത് വിജയന്റെ മകൾ 21 വയസുള്ള കൃഷ്ണപ്രിയയുടെ മൃതദേഹം വിവാഹദിനത്തിന്റെ പിറ്റേന്ന് വേമ്പനാട്ടുകായലിൽ കണ്ടെത്തിയത് സംബന്ധിച്ച് ഞാറയ്ക്കൽ പോലീസിൽ പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത മരണത്തിലെ ദുരൂഹത നീക്കാൻ വിശദമായ അന്വേഷണം നടത്തണമെന്ന് ബന്ധുക്കൾ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമായ അന്വേഷണം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പിറവം നിയോജകമണ്ഡലത്തിലെ ഇലഞ്ഞി പഞ്ചായത്ത് 1- ാം വാർഡിലെ മിഷേൽ ഷാജി എന്ന യുവതിയുടെ അസ്വാഭാവിക മരണവുമായി മേൽ സംഭവത്തിന് സാമ്യമുള്ളതായി പരിശോധിച്ചിട്ടുണ്ടോ ; മിഷേൽ ഷാജി എന്ന യുവതിയുടെ അസ്വാഭാവിക മരണം സംബന്ധിച്ച അന്വേഷണത്തിന്റെ പുരോഗതി അറിയിക്കുമോ ?

### ഉത്തരം

(എ) എളങ്കുന്നപ്പുഴ പെരുമാൾപ്പടി ആശാരിപ്പറമ്പിൽ മാനം കണ്ണേഴത്ത് വിജയന്റെ മകൾ 21 വയസ്സുള്ള കൃഷ്ണപ്രിയയുടെ മൃതദേഹം വേമ്പനാട് കായലിൽ കണ്ടെത്തിയതുസംബന്ധിച്ച് ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടില്ല. എന്നാൽ ടിയാളെ കാണാതായ വിവരത്തിന് ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ട്. (ക്രൈം നമ്പർ 634/18 u/s. 57 of KP Act). മൃതദേഹം വേമ്പനാട്ടുകായലിൽ കണ്ടെത്തിയതു സംബന്ധിച്ച് കൊച്ചി സിറ്റിയിലെ മുളവുകാട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 601/18 ആയി കേസ്സ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

(ബി) ദുരൂഹതയുള്ളതായി ബന്ധുക്കളിൽനിന്നോ മറ്റോ പരാതികൾ ഒന്നുംതന്നെ ഇതുവരെ ലഭിച്ചിട്ടില്ലാത്തതാണ്.

(സി) പരിശോധിച്ചിട്ടില്ല. മിഷേൽ ഷാജിയുടെ മരണവുമായി ബന്ധപ്പെട്ട കേസ് സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിവരുന്നു. മിഷേലിന്റെ മൃതദേഹം കാണപ്പെട്ട സ്ഥലത്തുനിന്നും മുൻകാലങ്ങളിൽ റിപ്പോർട്ടായ അസ്വാഭാവിക മരണക്കേസുകളുടെ എഫ്.ഐ.ആർ., ഇൻക്വസ്റ്റ് റിപ്പോർട്ട്,

ഫോട്ടോകൾ മുതലായവയുമായി താരതമ്യ പഠനം നടത്തിയതിൽനിന്നും, കണ്ടുചോദിച്ച സാക്ഷിമൊഴികളിൽനിന്നും മരണത്തിൽ നാളിതുവരെയുള്ള അന്വേഷണത്തിൽ അസ്വാഭാവികമായി യാതൊന്നും കണ്ടെത്താനായിട്ടില്ലാത്തതാണ്.

ഈ കേസ്സിലേയ്ക്ക് മിഷേലിന്റെ ദൃശ്യങ്ങളും പിങ്ക് പട്രോൾ വാഹനത്തിൽ കാണപ്പെട്ട സി.സി.ടി.വി. ദൃശ്യങ്ങളും വിവിധ സ്ഥാപനങ്ങളിൽനിന്നും ബന്തവസ്സിലെടുത്ത സി.സി.ടി.വി. ദൃശ്യങ്ങളും FSL-ന്റെ പരിശോധനയിലാണ്.

**സ്ത്രീകൾ, കുട്ടികൾ എന്നിവർക്കുനേരെയുള്ള അതിക്രമം**

102 (2048) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾ, കുട്ടികൾ എന്നിവർക്കു നേരെയുള്ള അതിക്രമം, സ്ത്രീകളേയും കുട്ടികളേയും കാണാതാകൽ എന്നിവയുമായി ബന്ധപ്പെട്ട് നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം എത്രയാണെന്ന് ഇനം തിരിച്ച് ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ ആലപ്പുഴ ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം, പോലീസ് സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം 1 ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (25-5-2016 മുതൽ 31-5-2018 വരെ) ഇത്തരത്തിൽ ആലപ്പുഴ ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം പോലീസ് സ്റ്റേഷൻ തിരിച്ച് ഇതോടൊപ്പം അനുബന്ധം 2 ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

**കോടഞ്ചേരിയിൽ ഗർഭസ്ഥ ശിശു മരിക്കുവാനിടയായ സംഭവം**

103 (2049) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോടഞ്ചേരിയിൽ ജോത്സ്നയുടെ ഗർഭസ്ഥ ശിശു മരിക്കുവാനിടയായ അക്രമസംഭവത്തിൽ ഇതിനകം എത്ര പ്രതികളെ അറസ്റ്റു ചെയ്തു; അവർക്കെതിരെ ഏത് വകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രതികൾക്കെതിരെ വധശ്രമക്കുറ്റം ചുമത്തണമെന്ന ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ ശിപാർശയിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) ജോത്സനയ്ക്കും കുടുംബത്തിനും സുരക്ഷ ഒരുക്കുന്നതിൽ പോലീസിന് വീഴ്ച പറ്റിയെന്ന് ന്യൂനപക്ഷ കമ്മീഷൻ കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) പ്രത്യേക കോടതി രൂപീകരിച്ച് ഈ കേസിന്റെ വിചാരണ പൂർത്തിയാക്കണമെന്നും കുടുംബത്തിന് സാമ്പത്തിക സഹായം നൽകണമെന്നുമുള്ള കമ്മീഷൻ ശിപാർശകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കോടഞ്ചേരിയിൽ ജോത്സ്നയുടെ ഗർഭസ്ഥ ശിശു മരിക്കാനിടയായ സംഭവത്തിന് കോടഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 21/18 u/s. 143, 147, 447, 341, 323, 324, 316 r/w.149 IPC ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണ മധ്യേ 354 IPC പ്രകാരമുള്ള കുറ്റകൃത്യം നടന്നിട്ടുണ്ട് എന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വകുപ്പുകൂടി കൂട്ടിച്ചേർത്ത് അന്വേഷണം നടത്തിയതിൽ പ്രതിപ്പട്ടികയിൽ ഉൾപ്പെട്ട ഏഴ് പ്രതികളെയും അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുള്ളതും ടി പ്രതികൾ ജാമ്യം നേടിയിട്ടുള്ളതുമാണ്. ടി കേസ്സ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

(ബി) പീഡനത്തിനിരയായ ജോത്സ്നയ്ക്കും കുടുംബത്തിനും സംരക്ഷണം നൽകാനും കേസ്സിൽ പ്രതികൾക്കെതിരെ വധശ്രമക്കുറ്റം ചുമത്താനും ദേശീയ ന്യൂനപക്ഷ കമ്മീഷൻ ജില്ലാ പോലീസ് മേധാവിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല. കേസ്സിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികൾ വധശ്രമക്കുറ്റം ചെയ്തതായി വെളിവായിട്ടില്ല. ആയതിനാൽ വധശ്രമക്കുറ്റം ചുമത്തിയിട്ടില്ല.

(സി & ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ**

104 (2050) <u>ശ്രീ.സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായും അത് തടയുന്നതിന് പോലീസിന് കഴിയുന്നില്ലായെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ തടയുന്നതിന് രൂപീകരിച്ച പിങ്ക് പോലീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) പിങ്ക് പോലീസ് ബീറ്റ് സംവിധാനം ഏതൊക്കെ ജില്ലകളിൽ നിലവിലുണ്ട്;

(ഡി) 2017-18 നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച വനിതാ പോലീസ് ഓഫീസർമാരുടെ പഞ്ചായത്ത് സന്ദർശനം എല്ലായിടത്തും പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ അത് കാര്യക്ഷമമമാണെന്ന് വിലയിരുത്തുന്നുണ്ടോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്ത്രീകളുടെയും കുട്ടികളുടെയും വയോജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുന്ന തരത്തിൽ ജില്ലയിൽ പ്രവർത്തിക്കുന്നതിന് പിങ്ക് പട്രോൾ സംവിധാനത്തിന് സാധിച്ചിട്ടുള്ളതായി പൊതുവേ വിലയിരുത്തപ്പെട്ടിട്ടുണ്ട്. പൊതു ഇടങ്ങളിലും ഒറ്റപ്പെട്ട സ്ഥലങ്ങളിലും യാത്രചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതബോധവും ആത്മവിശ്വാസവും നൽകുന്നതിന് പിങ്ക് പോലീസിന്റെ പ്രവർത്തനം വഴി സാധിക്കുന്നുണ്ടെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പിങ്ക് പട്രോൾ കൺട്രോൾ റൂമിൽ സ്ഥാപിക്കപ്പെട്ട വിവരവിനിമയ സംവിധാനംവഴി പിങ്ക് പട്രോൾ വാഹനവുമായി സി.ഐ.ഡി. കണക്ടിവിറ്റി സംവിധാനം ഒരുക്കിയിട്ടുള്ളതാണ്. സ്ത്രീകൾക്ക് നേരെയുള്ള ഉപദ്രവത്തിന്റെയോ ലൈംഗികാക്രമണത്തിന്റെയോ സാധ്യതകൾ തടയുന്നതിനും കൺട്രോൾ റൂമിലെ നിർദ്ദേശമനുസരിച്ച് ആവശ്യമുള്ള മേഖലകളിലേയ്ക്ക് കാലതാമസം കൂടാതെ പിങ്ക് പോലീസിനെ വിന്യസിക്കുന്നതിനും ഇതുവഴി സാധിക്കുന്നുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കും പൊതുസ്ഥലങ്ങളായ ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, പാർക്കുകൾ, സ്കൂൾ-കോളേജ് പരിസരങ്ങൾ എന്നിവിടങ്ങളിൽ പ്രധാനമായും പട്രോളിംഗ് നടത്തി സ്ത്രീകൾക്ക് നിർഭയമായി സഞ്ചരിക്കുന്നതിനും ഇടപെടുന്നതിനുമുള്ള അന്തരീക്ഷം ഒരുക്കിക്കൊടുക്കുന്നതിന് പിങ്ക് പട്രോൾ സംവിധാനം സഹായകരമായി തീർന്നിട്ടുണ്ട്. കൂടാതെ പൊതുസ്ഥലങ്ങളിൽ ഒറ്റപ്പെട്ട് സഞ്ചരിക്കുന്ന സ്ത്രീകളെ സുരക്ഷിത സ്ഥലങ്ങളിൽ എത്തിക്കുന്നതിനും മാനസികാസ്വാസ്ഥ്യം ഉള്ളവരും അവശനിലയിലും അപകടത്തിൽപ്പെടുന്നതുമായ സ്ത്രീകളെ ആശുപത്രിയിൽ എത്തിച്ച് ആവശ്യമായ സഹായം ഒരുക്കിക്കൊടുക്കുന്നതിനും പിങ്ക് പോലീസ് സംവിധാനം ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ആവശ്യമായ ഘട്ടങ്ങളിൽ വിദ്യാർത്ഥിനികൾക്കും സ്ത്രീകൾക്കും കൗൺസലിംഗ് ലഭ്യമാക്കുന്നതിനും പിങ്ക് പോലീസ് മുൻകയ്യെടുത്തു വരുന്നുണ്ട്.

(സി) സംസ്ഥാനത്ത് തൃശ്ശൂർ റൂറൽ, പാലക്കാട്, മലപ്പുറം, കോഴിക്കോട് റൂറൽ, വയനാട് എന്നീ ജില്ലകൾ ഒഴികെ മറ്റു ജില്ലകളിൽ പിങ്ക് പോലീസ് സംവിധാനം നിലവിലുണ്ട്.

(ഡി) എല്ലാ ജില്ലകളിലും പ്രാവർത്തികമായിട്ടുണ്ട്. ഇത് കാര്യക്ഷമമാണെന്നും വിലയിരുത്തിയിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ എത്തി പരാതി നൽകാൻ സാധിക്കാത്ത സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരൻമാർക്കും അവരുടെ പരാതികൾ പഞ്ചായത്ത് ഓഫീസിൽ എത്തി വനിതാ ബീറ്റ് ഓഫീസറെ സമീപിച്ച് നൽകാവുന്നതാണ്.

**സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ**

105 (2051) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തൊട്ടാകെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക സുരക്ഷയൊരുക്കുന്നതിന് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ വനിതാ പോലീസ് സേനാംഗങ്ങളുടെ എണ്ണം എത്രയായിരുന്നു; വനിതാ പോലീസ് ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസ് ഓഫീസർമാരെ കൂടി നിയമിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) ഒറ്റപ്പെട്ട ചില കേസ്സുകളിലെങ്കിലും പരാതികൾ ലഭിച്ചാൽ സത്വരമായി നടപടിയെടുക്കുന്നതിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ വീഴ്ചവരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ ദ്രുതഗതിയിൽ അന്വേഷണവും തുടർ വിചാരണയും നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സാധ്യമായിട്ടുണ്ടോ;

(ഡി) സ്ത്രീകൾക്ക് സ്വയം പ്രതിരോധ പദ്ധതിയോടൊപ്പം സാമൂഹ്യ ബോധവത്കരണ പദ്ധതിയും ഫലപ്രദമായി നടപ്പാക്കാൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ?

ഉത്തരം

(എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്ന തരത്തിൽ സംസ്ഥാനത്ത് പിങ്ക് പട്രോൾ, പഞ്ചായത്ത് അദാലത്ത്, വനിതാ ഹെൽപ്പ് ലൈൻ, സെൽഫ് ഡിഫൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ വനിതാ പോലീസ് സേനാംഗങ്ങളുടെ എണ്ണം 3683 ആയിരുന്നു. 30-1-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 15/2017/ആഭ്യ. പ്രകാരം കേരളത്തിൽ ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിലെ ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 745/18 u/s.450, 427, 323, 365, 302 102(B), 34 IPC നമ്പർ കേസ്സിൽ ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. ആയിരുന്ന എം.എസ്.ഷിബു, എ.എസ്.ഐ.(ജി) സണ്ണിമോൻ, എ.എസ്.ഐ.(ജി) ബിജു, സി.പി.ഒ. അജയകുമാർ എന്നിവരെ സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്. റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങൾ താമസംവിനാ കേസ്സ് രജിസ്റ്റർ ചെയ്ത് കാര്യക്ഷമമായി അന്വേഷണം നടത്തി ബന്ധപ്പെട്ട കോടതികൾക്ക് അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും വിചാരണ നടപടികൾ ദ്രുതഗതിയിലാക്കുന്നതിന് പോലീസിന്റെ ഭാഗത്തുനിന്നും കൈക്കൊള്ളേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിപാടി സംഘടിപ്പിക്കുന്നതിന് 2015-16 സാമ്പത്തിക വർഷം മുതൽ സംസ്ഥാന പ്ലാൻ പദ്ധതിയിൽ ധനസഹായം നൽകിവരുന്നുണ്ട്. 2015-16-ൽ 150 ലക്ഷം രൂപയും, 2016-17-ൽ 100 ലക്ഷം രൂപയും 2017-18-ൽ 100 ലക്ഷം രൂപയും ഇതിനായി അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം സ്ത്രീകൾക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളെ നേരിടുന്നതിനും അവരെ കായികവും മാനസികവുമായി പ്രാപ്തരാക്കുന്നതിന് സ്വയം പ്രതിരോധ പരിശീലനവും ബോധവൽക്കരണവും പോലീസ് സേനയുടെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്. അതാത് ജില്ലകളിലെ സ്കൂൾ, കോളേജ്, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ എസ്.സി./എസ്.ടി. കോളനികൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലന ക്ലാസ്സുകളും നടത്തിവരുന്നുണ്ട്.

**സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ**

106 (2052) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കുറയ്ക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) അതിക്രമ സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് ആത്മവിശ്വാസത്തോടെ നേരിടാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നതിന് പോലീസ് നടപ്പാക്കുന്ന സ്വയം പ്രതിരോധ പരിശീലന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുണ്ടായിരുന്ന സ്വയം സുരക്ഷാ പരിശീലന പരിപാടിക്ക് കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. നിർഭയ 81 ഹെൽപ്പ്ലൈൻ സംവിധാനം 27-3-2017 തീയതി മുതൽ തിരുവനന്തപുരം ടെക്നോപാർക്കിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കുറയ്ക്കുന്നതിന് സ്വയംരക്ഷാ പ്രതിരോധ പരിശീലന പരിപാടി, പിങ്ക് പോലീസ് പട്രോളിംഗ്, പഞ്ചായത്ത് അദാലത്ത്, നിർഭയ വാളന്റിയേഴ്സ്, ബോധവത്കരണ ക്യാമ്പുകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ എന്നിവ കോളേജ്, സ്കൂൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ഒത്തൊരുമിച്ച് ബോധവത്കരണ ക്ലാസ്സുകൾ നൽകിവരുന്നു.

(ബി) അതിക്രമ സാഹചര്യങ്ങൾ നേരിടുന്നതിന് സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പ്രതിരോധിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി സെൽഫ് ഡിഫൻസ് ട്രെയിനിംഗും ബോധവത്കരണ ക്ലാസ്സുകളും സെൽഫ് ഡിഫൻസ് ട്രെയിനിംഗ് പ്രോഗ്രാം വഴി സ്കൂൾ/കോളേജ്, കുടുംബശ്രീ യൂണിറ്റുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിവരുന്നു. സന്നദ്ധ സംഘടനകൾ, സ്കൂളുകൾ, കോളേജുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ മുൻകൂട്ടി നിശ്ചയിക്കുന്ന ദിവസങ്ങളിൽ പോലീസ് സഹകരണത്തോടെ സ്ത്രീകൾക്കും കുട്ടികൾക്കും സെൽഫ് ഡിഫൻസ് ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തിവരുന്നു.

**അതിവേഗ പ്രത്യേക ശിശുസൗഹൃദ കോടതികൾ**

**സ്ഥാപിക്കുന്നതിന് നടപടി**

107 (2053) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കേസ്സുകളാണ് പോക്സോ നിയമത്തിന്റെ കീഴിൽ വിചാരണ കാത്ത് കിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലകളിൽ മജിസ്ട്രേട്ട് കോടതിയിൽ, സാധാരണ കേസ്സുകളുടെ വിചാരണയോടൊപ്പമാണ് ഇത്തരം കേസ്സുകൾ പരിഗണിക്കുന്നത് എന്നത് കാലതാമസമുണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) എല്ലാ ജില്ലകളിലും പ്രത്യേക പോക്സോ കോടതികൾ സ്ഥാപിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 31-5-2018 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് 5674 കേസ്സുകൾ തീർപ്പാകാതെ കിടക്കുന്നുണ്ട്.

(ബി) പോക്സോ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി വിജ്ഞാപനം ചെയ്തിട്ടുള്ള സ്പെഷ്യൽ കോടതികളിലാണ് ഇത്തരം കേസ്സുകൾ വിചാരണ ചെയ്യുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങളും ലൈംഗികാതിക്രമങ്ങളും ഉൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്ന എറണാകുളത്തെ അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയെ പോക്സോ ആക്ട് പ്രകാരമുള്ള സ്പെഷ്യൽ കോടതിയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങളും ലൈംഗികാതിക്രമങ്ങളും ഉൾപ്പെടുന്ന കേസ്സുകൾ കൈകാര്യം ചെയ്യുന്ന തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിലെ അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതികളെ Commission for Protection of Child Rights Act, 2005 പ്രകാരം കുട്ടികൾക്കുള്ള കോടതിയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ മറ്റ് പതിനൊന്ന് ജില്ലകളിലെ 1-ാം അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയെ Commission for Protection of Child Rights Act, 2005 പ്രകാരം കുട്ടികൾക്കായുള്ള കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. കുറ്റപത്രം സമർപ്പിച്ച കേസ്സുകളിൽ ചെറിയ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകളിൽ വിചാരണ വേഗത്തിലാക്കുന്ന കാര്യം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. സംസ്ഥാനത്ത് കുറ്റപത്രം നൽകിയ ശേഷം ആറ് വർഷത്തിലധികമായി വിചാരണ ആരംഭിച്ച് തീർപ്പാക്കാത്ത ചുരുക്കം കേസ്സുകൾ മാത്രമേ നിലവിലുള്ളൂ.

(സി) എല്ലാ ജില്ലകളിലും ഇപ്പോൾത്തന്നെ പോക്സോ കേസുകൾ വിചാരണ ചെയ്യുന്നതിനായി നിയമപ്രകാരം വിജ്ഞാപനം ചെയ്ത കോടതികൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഇത്തരത്തിലുള്ള പ്രത്യേക കോടതികൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

### എടപ്പാളിൽ പെൺകുട്ടി പീഡിപ്പിക്കപ്പെട്ട സംഭവം

108 (2054) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള ലൈംഗിക അക്രമവും പീഡനവും വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എടപ്പാളിൽ സിനിമാ തീയേറ്ററിൽ 10 വയസ്സുള്ള പെൺകുട്ടിയെ പീഡിപ്പിച്ച സംഭവം ചൈൽഡ് ലൈൻ പ്രവർത്തകർ എന്നാണ് പോലീസിന് റിപ്പോർട്ട് ചെയ്തത്; എന്നാണ് പോലീസ് കേസ് രജിസ്റ്റർ ചെയ്തത്;

(സി) പ്രസ്തുത കേസ് രജിസ്റ്റർ ചെയ്യുന്നതിന് അസാധാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ;

(ഡി) പോക്സോ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കേസ് രജിസ്റ്റർ ചെയ്യുന്നതിൽ പോലീസിന്റെ ഭാഗത്ത് മന:പൂർവ്വമായ കാലതാമസം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) പ്രതിയുടെ രാഷ്ട്രീയ ബന്ധവും പണസ്വാധീനവും കേസ് രജിസ്റ്റർ ചെയ്യുന്നതിൽ കാലതാമസം ഉണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പോക്സോ നിയമത്തിലെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് പ്രതിക്കെതിരെ കേസ്സെടുത്തിട്ടുള്ളത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എടപ്പാളിൽ തിയേറ്ററിൽവച്ച് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച സംഭവത്തിന് ചൈൽഡ് ലൈൻ പ്രവർത്തകൻ 26-4-2018 തീയതിയിൽ പോലീസിൽ പരാതി നൽകിയിട്ടുള്ളതും മേൽകാര്യത്തിന് 12-5-2018-ന് ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 103/2018 ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

(സി) കാലതാമസം ഉണ്ടായിട്ടുണ്ട്.

(ഡി) കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) എടപ്പാളിലെ തിയേറ്ററിൽ വച്ച് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച സംഭവത്തിന് ഒന്നാം പ്രതിയായ മൊയ്തീൻകുട്ടിക്കെതിരെ ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 103/2018 u/s.354(A) IPC, Sec.7&8 of POCSO Act 2012 പ്രകാരം 12-5-2018-ന് കേസ്സ് രജിസ്റ്റർചെയ്ത് നിയമാനുസരണം നടപടി സ്വീകരിച്ചുവരുന്നുണ്ട്. അന്വേഷണമദ്ധ്യേ ഈ കേസ്സിൽ

u/s. 5(1)m r/w.6, 9(m) r/w 10, 16 r/w 17& 19(1) r/w 21 of POCSO Act, Sec.75 of Juvenile Justice Act & Sec. 376(2)(i) r/w.375(b) , 354 IPC എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്ത് ബന്ധപ്പെട്ട കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**അട്ടപ്പാടിയിൽ പന്ത്രണ്ട് വയസ്സുകാരി ലൈംഗിക പീഡനത്തിന് ഇരയായ സംഭവം**

109 (2055) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട പന്ത്രണ്ട് വയസ്സുകാരി ദിവസങ്ങളോളം ലൈംഗിക പീഡനത്തിന് ഇരയായ സംഭവത്തിൽ അന്വേഷണം ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ ;

(ബി) ഈ കേസ്സിൽ എത്ര പേർക്കെതിരെ കേസ്സെടുത്തു; എത്ര പേർ അറസ്റ്റിലായി; അറസ്റ്റിലായ ഏതെങ്കിലും പ്രതികൾ പോലീസ്ജീപ്പിൽ നിന്ന് ചാടി രക്ഷപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇതുമായി ബന്ധപ്പെട്ട് ഷോളയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 106/2018 u/s.57 of KP Act പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ സെക്ഷൻ 361, 376(D), (B) r/w.34 IPC, Sec.5(m)(i) r/w.6 II, (VI) r/w.12, 16(ii) r/w.17 of POCSO Act ആയി ഭേദഗതി ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്. ടി സംഭവവുമായി ബന്ധപ്പെട്ട് ആറ് കേസ്സുകൾ (Cr.Nos.106/18, 108/18, 109/18, 110/18, 111/18, 112/18) രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്രൈം നമ്പർ 108/18 കേസ്സിലെ ഒരു പ്രതി ഒഴികെ മറ്റ് എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുള്ളതും പ്രതികൾ ഇപ്പോൾ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞുവരികയുമാണ്. പ്രസ്തുത കേസ്സുകളെല്ലാം ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

(ബി) ആറ് കേസ്സുകളിൽ ഉൾപ്പെട്ട പന്ത്രണ്ട് പ്രതികൾക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. ടി കേസ്സുകളിലെ പന്ത്രണ്ട് പേരിൽ പതിനൊന്ന് പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. അറസ്റ്റുചെയ്ത പ്രതികളിൽ വീനസ്, S/o.വിശ്വനാഥൻ എന്ന പ്രതി പോലീസ് ജീപ്പിൽനിന്നും ചാടി പോയിട്ടുള്ളതും തിരികെ പിടികൂടിയിട്ടുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട് മണ്ണാർക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 435/18 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## പ്രായപൂർത്തിയാകാത്തവരെ ചോദ്യം ചെയ്യുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ

110 (2056) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായപൂർത്തിയാകാത്ത കുട്ടികളെ ചോദ്യം ചെയ്യുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇതു സംബന്ധിച്ച് ബാലാവകാശ കമ്മീഷൻ എന്തെങ്കിലും ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; ഈ ശിപാർശയുടെ അടിസ്ഥാനത്തിലാണോ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രായപൂർത്തിയാകാത്ത കുട്ടികളെ ചോദ്യം ചെയ്യുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് പോക്സോ ആക്ട് 2012 പ്രകാരം സംസ്ഥാന പോലീസ് മേധാവി 3-10-2017-ൽ സർക്കുലർ നമ്പർ 24/2017 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് മൊഴി രേഖപ്പെടുത്തുമ്പോൾ കുട്ടിയുടെ രക്ഷകർത്താക്കളുടെയോ ബന്ധപ്പെട്ടവരുടെയോ സാന്നിദ്ധ്യം ഉണ്ടായിരിക്കേണ്ടതാണ്. കുട്ടിയുടെ മൊഴി കുട്ടിയുടെ വീട്ടിലോ, താമസിച്ചുവരുന്ന സ്ഥലത്തോ, കുട്ടിക്ക് താല്പര്യമുള്ള സ്ഥലത്തോ കഴിയുന്നതും സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത വനിതാ പോലീസ് ഓഫീസർ ഔദ്യോഗിക വേഷത്തിലല്ലാതെ രേഖപ്പെടുത്തേണ്ടതാണ്. യാതൊരു കാരണവശാലും കുട്ടിയെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തുവാൻ പാടില്ലാത്തതാണ്. യാതൊരു കാരണവശാലും പ്രതിയുടെ സാന്നിദ്ധ്യത്തിൽ മൊഴി രേഖപ്പെടുത്താൻ പാടില്ല.

(ബി) ഇതുസംബന്ധിച്ച് ബാലാവകാശ കമ്മീഷൻ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിഗണിച്ചാണ് സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിൽനിന്നും 06/2016 എന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

## ഫസൽ വധക്കേസ്

111 (2057) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഫസൽ വധക്കേസിന്റെ അന്വേഷണഘട്ടത്തിൽ അന്നത്തെ ആഭ്യന്തര വകുപ്പ് മന്ത്രി ഇടപെട്ടു എന്നും പിന്നീട് നടന്ന രണ്ട് കൊലപാതകങ്ങൾക്കും ഇതുമായി ബന്ധമുണ്ടെന്നുമുള്ള അന്നത്തെ അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന ഡി.വൈ.എസ്.പി. കെ. രാധാകൃഷ്ണന്റെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

മാധ്യമങ്ങളിലൂടെ ഉന്നയിച്ചതല്ലാതെ അന്നത്തെ അന്വേഷണ ഉദ്യോഗസ്ഥൻ സർക്കാരിന് പരാതിയൊന്നും നൽകിയിട്ടില്ല.

**പോലീസ് മർദ്ദനംമൂലം കൊല്ലപ്പെട്ടവർ**

112 (2058) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പോലീസ് മർദ്ദനംമൂലം എത്ര പേർ കൊല്ലപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കാലയളവിൽ പോലീസ് മർദ്ദനംമൂലം കൊല്ലപ്പെട്ടു എന്ന് ആരോപിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ;

(സി) മർദ്ദന കേസ്സുകൾ ആരോപിക്കപ്പെട്ട എത്ര പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്രൈം നമ്പർ 312/18 കേസിലേയ്ക്ക് വാരാപ്പുഴ പോലീസ് കസ്റ്റഡിയിലെടുത്ത ശ്രീജിത്ത് എന്നയാൾ കസ്റ്റഡിയിലിരിക്കെ മരണപ്പെട്ട സംഭവത്തെ തുടർന്ന് പോലീസുകാരുടെ പേരിൽ കൊലക്കുറ്റമടക്കമുള്ള കുറ്റകൃത്യങ്ങളുടെ പേരിൽ കേസ്സെടുക്കുകയും വകുപ്പുതല നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 6 പരാതികൾ ലഭിച്ചിട്ടുണ്ട്. വിശദാംശം ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 48 പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

**കെവിൻ എന്ന യുവാവിന്റെ കൊലപാതകം**

113 (2059) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷൻ ഹൗസ് ഓഫീസറായി പോലീസ് സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിച്ചതുമൂലം ക്രമസമാധാനപാലനവും കുറ്റാന്വേഷണവും രണ്ട് പോലീസ് സബ്ബ് ഇൻസ്പെക്ടർമാരുടെ കീഴിൽ വിഭജിച്ച് നൽകുന്നതിന് കഴിഞ്ഞതിലൂടെ കാര്യക്ഷമമായ പോലീസ് സംവിധാനം ഉറപ്പാക്കുവാനും, പോലീസിൽ നിന്നും മികച്ച സേവനം ജനങ്ങൾക്ക് ലഭ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കെവിൻ എന്ന യുവാവിനെ അർദ്ധരാത്രി വീടുകയറി ഗുണ്ടാസംഘം തട്ടിക്കൊണ്ടുപോയി എന്ന പരാതി ലഭിച്ചിട്ടും അതേപ്പറ്റി അന്വേഷിക്കുന്നതിനും പോലീസിൽ നിന്നും മികച്ച സേവനം ഉറപ്പ് വരുത്തുന്നതിനും കഴിയാതെ വന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ വനിതാ ഹെൽപ്പ് ഡസ്ക് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ കെവിന്റെ ഭാര്യ നീനു തന്റെ ഭർത്താവിനെ തട്ടിക്കൊണ്ടുപോയി എന്ന പരാതിയുമായി മണിക്കൂറുകളോളം പ്രസ്തുത പോലീസ് സ്റ്റേഷന് മുമ്പിൽ നിൽക്കേണ്ട അവസ്ഥ എപ്രകാരമുണ്ടായി എന്ന് അന്വേഷിക്കുമോ;

(ഡി) മെഡിക്കൽകോളേജ് ആശുപത്രിയിൽ മേയ് 27-ാം തീയതി നടന്ന മുഖ്യമന്ത്രിയുടെ ചടങ്ങിന് സുരക്ഷാച്ചുമതല ഒരുക്കുന്ന ടീമിൽ ഗാന്ധിനഗർ പോലീസ് സ്റ്റേഷനിലെ എസ്.ഐ. ഷിബുവിന് ചുമതലയുണ്ടായിരുന്നോ; കുറ്റാന്വേഷണ ചുമതലയുള്ള എസ്.ഐ.-യ്ക്ക് സുരക്ഷാ ചുമതല നൽകുവാനുണ്ടായ സാഹചര്യമെന്താണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ - ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും സുരക്ഷ

114 (2060) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും സുരക്ഷ ഒരുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ബി) അട്ടപ്പാടിയിൽ പട്ടിക ഗോത്ര വിഭാഗത്തിൽപ്പെട്ട മധുവെന്ന യുവാവിനെ ജനക്കൂട്ടം മർദ്ദിച്ച് കൊന്ന സംഭവവും കോട്ടയത്ത് ദളിത് വിഭാഗത്തിൽപ്പെട്ട കെവിൻ എന്ന യുവാവിനെ ദുരഭിമാനത്തിന്റെ പേരിൽ കൊലപ്പെടുത്തിയ സംഭവവും ഒറ്റപ്പെട്ട സംഭവങ്ങളാണെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ വിഭാഗങ്ങളോടുള്ള അതിക്രമം തടയുവാൻ അതീവ ജാഗ്രത പുലർത്തണമെന്ന് അട്ടപ്പാടി സംഭവത്തിന് ശേഷം മുഖ്യമന്ത്രി നിർദ്ദേശിച്ചിരുന്നോ; എങ്കിൽ അതിന് ശേഷവും ഇത്തരം കേസ്സുകളുണ്ടാകുന്നത് മുഖ്യമന്ത്രിയുടെ നിർദ്ദേശം ആഭ്യന്തര വകുപ്പ് ഗൗരവമായി എടുത്തിട്ടില്ലായെന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാന പോലീസിനെ രാഷ്ട്രീയവൽക്കരിച്ചതും കുറ്റവാളികളായ പാർട്ടി അനുഭാവികൾക്ക് നൽകുന്ന പ്രോത്സാഹനവുമാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിന് ഇടയാക്കിയതെന്നുള്ള ആക്ഷേപമുള്ളതിനാൽ പോലീസിനെ രാഷ്ട്രീയ മുക്തമാക്കുന്നതിനും കുറ്റവാളികൾക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ - ഡി) ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും താത്പര്യ സംരക്ഷണത്തിന് സർക്കാർ അതീവ പ്രാധാന്യം കൽപ്പിച്ചുവരുന്നുണ്ട്. മറിച്ചുള്ള ആരോപണങ്ങളും ആക്ഷേപങ്ങളും വസ്തുതാവിരുദ്ധവും ആയതിനാൽത്തന്നെ കഴമ്പില്ലാത്തവയുമാണ്. ചില ദൗർഭാഗ്യകരമായ ഒറ്റപ്പെട്ട സംഭവങ്ങൾ ആധാരമാക്കിയാണ് ചില കോണുകളിൽനിന്നും സർക്കാരിനെതിരെ ഇത്തരത്തിൽ ആരോപണശരങ്ങൾ ഉയർന്നുവരുന്നത്. ചില വ്യക്തികളുടെ മുൻവിധിയോടുകൂടി കാര്യങ്ങളെ സമീപിക്കുന്ന പ്രവണതയും ജാതിമത ചിന്തകളും ഉച്ചനീചത്വങ്ങളുമെല്ലാം ഇത്തരത്തിൽ സമൂഹത്തിൽ അരാജകത്വം സൃഷ്ടിക്കുന്ന പ്രവർത്തികൾക്ക് വഴിമരുന്നിടുന്നുണ്ട്. ദുർബല വിഭാഗങ്ങൾക്കെതിരെ നടമാടുന്ന കുറ്റകൃത്യങ്ങളെ തടയിടുന്നതിന് നിലവിൽ കർശന നിയമങ്ങളുണ്ട്. പ്രസ്തുത നിയമങ്ങളെ കൃത്യമായി പാലിച്ചുകൊണ്ട് കുറ്റക്കാർക്ക് തക്കതായ ശിക്ഷ ഉറപ്പാക്കുന്ന തരത്തിലുള്ള നയസമീപനമാണ് സർക്കാർ അനുവർത്തിക്കുന്നത്. ഇക്കാര്യത്തിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കുറ്റക്കാർക്കെതിരെ അവർ എത്രുകണ്ട് ഉന്നതരാണെങ്കിൽക്കൂടി മുഖം നോക്കാതെയുള്ള നടപടിക്രമങ്ങൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്ന വേളയിൽ പോലീസിലെതന്നെ ചില ഉദ്യോഗസ്ഥർ അലംഭാവം പ്രകടമാക്കുന്ന സംഭവങ്ങൾ അടുത്ത കാലത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സംഭവങ്ങളിലൊക്കെത്തന്നെയും പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പ്രോസിക്യൂഷനും വകുപ്പുതല അച്ചടക്ക നടപടികളടക്കമുള്ള കാര്യങ്ങൾ ഇക്കാര്യത്തിലെ പ്രാധാന്യം ഉൾക്കൊണ്ടും സാമൂഹ്യ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിലും അനുവർത്തിച്ചിട്ടുണ്ട്.

## കെവിന്റെ മരണം

115 (2061) ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയത്തെ മാങ്ങാനത്തുള്ള വീട്ടിൽ നിന്നും കെവിനെയും കൂട്ടുകാരൻ അനീഷിനെയും ഗുണ്ടാസംഘം തട്ടികൊണ്ടു പോയ വിവരം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ എത്ര മണിക്കാണ് അറിയിച്ചത്;

(ബി) അക്രമിസംഘത്തിന്റെ വണ്ടി നമ്പർ, മൊബൈൽ നമ്പർ എന്നിവ പോലീസിന് കൈമാറിയിരുന്നോ;

(സി) കെവിന്റെ പിതാവ് എത്ര മണിക്കാണ് പോലീസ് സ്റ്റേഷനിൽ ഹാജരായി തട്ടിക്കൊണ്ടുപോയതായ പരാതി നൽകിയത്;

(ഡി) തട്ടിക്കൊണ്ടുപോയ വിവരം അറിയിച്ചിട്ടും മാങ്ങാനം മുതൽ കെവിന്റെ മൃതശരീരം കണ്ടെത്തിയ ചാലിയക്കര തോട് വരെയുള്ള ഭാഗത്തെ ഏതെങ്കിലും പോലീസ് സ്റ്റേഷനുകളിലേക്ക് ഈ വിവരം ഗാന്ധിനഗർ പോലീസ് കൈമാറിയിരുന്നോ;

(ഇ) തട്ടിക്കൊണ്ടുപോയ വിവരം അറിയിച്ചിട്ടും പതിനഞ്ച് മണിക്കൂറോളം പോലീസ് നിഷ്ക്രിയമായിരുന്നതിന്റെ കാരണമെന്താണ്; ഈ നിഷ്ക്രിയത്വം ഒരു വിലപ്പെട്ട ജീവൻ നഷ്ടമാക്കുവാൻ ഇടയാക്കിയെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിന് ഉത്തരവാദികളായവർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കുമോ?

### ഉത്തരം

(എ) 27-5-2018-ന് വെളുപ്പിന് ഉദ്ദേശം 3.30 മണിക്ക് ഏറ്റുമാനൂർ പോലീസ് സ്റ്റേഷനിൽനിന്നും ഫോൺ മുഖാന്തരം അറിയിച്ചിരുന്നു.

(ബി) കൈമാറിയിരുന്നില്ല.

(സി) 27-5-2018-ന് 07.30 മണിക്ക് സ്റ്റേഷനിൽ എത്തി പരാതിപ്പെടുകയാണ് ചെയ്തത്.

(ഡി) തെന്മല പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.യെ വിവരം അറിയിച്ചിരുന്നു.

(ഇ) ഇക്കാര്യത്തിൽ നടപടിയെടുക്കാതിരുന്ന ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. ആയിരുന്ന എം. എസ്. ഷിബു, എ.എസ്.ഐ.(ജി) സണ്ണിമോൻ, എ.എസ്.ഐ.(ജി) ബിജു, സി.പി.ഒ. അജയകുമാർ എന്നിവരെ

സസ്പെന്റ് ചെയ്തിട്ടുള്ളതും എ.എസ്.ഐ.(ജി) ബിജു, സി.പി.ഒ. അജയകുമാർ എന്നിവർക്കെതിരെ ക്രൈം 752/18 U/s 384 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നതുമാണ്.

## കെവിന്റെ കൊലപാതകത്തിൽ കുറ്റവാളികളായവർക്കെതിരെ കർശന നടപടി

116 (2062) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രണയവിവാഹം കഴിച്ച നട്ടാശ്ശേരി എസ്.എച്ച്. മൗണ്ടിൽ കെവിൻ പി.ജോസഫിനെ മേയ് 27-ാം തീയതി സായുധ സംഘം തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കെവിനെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയവരുടെ കൂട്ടത്തിൽ ഡി.വൈ.എഫ്.ഐ-യുടെ സജീവ പ്രവർത്തകർ ഉണ്ടായിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) കെവിനെ വീട് കയറി ആക്രമിച്ച് തട്ടിക്കൊണ്ടുപോയി എന്ന് പരാതിപ്പെട്ട കെവിന്റെ പിതാവിന്റെയും, ഭാര്യ നീനുവിന്റെയും പരാതി ഗാന്ധിനഗർ പോലീസ് സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) പോലീസിന് മുഖ്യമന്ത്രിയുടെ സുരക്ഷാചുമതലയുള്ളതിനാൽ പ്രസ്തുത ഡ്യൂട്ടി കഴിഞ്ഞശേഷം മാത്രമേ പരാതി സ്വീകരിക്കാൻ കഴിയൂ എന്ന് പറഞ്ഞ് ഒഴിഞ്ഞത് ദളിത് വിഭാഗത്തിൽപ്പെട്ടവരോടുള്ള പോലീസിൻെറ മനോഭാവത്തെയാണോ സൂചിപ്പിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) ഈ കേസിൽ കുറ്റവാളികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ ക്രൈം.നമ്പർ 745/18 u/s 450, 427, 323, 365, 302, 120(B) & 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിലേയ്ക്ക് 14 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും ടി കേസ്സ് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നതുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പരാതി സ്വീകരിക്കാതിരുന്നതും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടങ്ങാൻ കാലതാമസം വന്നതും അന്വേഷണപരിധിയിൽ ഉൾപ്പെടുന്നുണ്ട്.

(ഡി) പോലീസ് അത്തരം മനോഭാവത്തോടെ പെരുമാറിയിട്ടുള്ള കാര്യത്തിലും അന്വേഷണം നടന്നുവരുന്നു.

(ഇ) ടി കേസ്സിലെ കുറ്റവാളികൾക്കെതിരെ ശക്തമായ നിയമനടപടി കൈക്കൊണ്ടിട്ടുണ്ട്. വകുപ്പുതലത്തിൽ ശക്തമായ നടപടി സ്വീകരിക്കുന്നതുമാണ്.

**ഗംഗേശാനന്ദ കേസിന്റെ അന്വേഷണ പുരോഗതി**

117 (2063) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാമി ഗംഗേശാനന്ദ കേസിന്റെ ഇപ്പോഴത്തെ അന്വേഷണ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ഈ കേസിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ഈ കേസിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കേസ്സുമായി ബന്ധപ്പെട്ട് പോലിസ് തലപ്പത്ത് ഗൂഢാലോചന നടന്നു എന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന്റെ അന്വേഷണത്തിലുണ്ടായിരുന്ന കേസ്സ് അന്വേഷണം പൂർത്തിയാക്കി ഫാക്ച്വൽ റിപ്പോർട്ട് ക്രൈംബ്രാഞ്ച് ആസ്ഥാനത്ത് സൂക്ഷ്മപരിശോധന നടത്തിവരുന്നു. ആയതിന് ശേഷം കുറ്റപത്രം ബഹു.കോടതിയിൽ സമർപ്പിക്കുന്നതാണ്.

(സി) ബാധകമല്ല.

(ഡി) ഈ കേസ്സുമായി ബന്ധപ്പെട്ട് പോലീസ് തലപ്പത്ത് ഗൂഢാലോചന നടന്നു എന്നാരോപിച്ച് ലഭിച്ച പരാതി ആരോപണം സംബന്ധിച്ച് യാതൊരു തെളിവുകളും ഹാജരാക്കാൻ പരാതിക്കാരന് സാധിച്ചില്ല. പത്രവാർത്തകളുടെയും മറ്റും അടിസ്ഥാനത്തിലാണ് പരാതി നൽകിയത് എന്ന് പരാതിക്കാരൻ മൊഴി നൽകിയിരുന്നു.

**മണ്ണാർക്കാട് ഷഫീറിന്റെ കൊലപാതകം**

118 (2064) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് ഗുണ്ടാ അക്രമത്തിൽ കൊല്ലപ്പെട്ട ഷഫീറിന്റെ എല്ലാ കൊലപാതകികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രധാന പ്രതികളെ അറസ്റ്റ് ചെയ്യുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) പ്രധാന പ്രതികളെ എത്രയുംപെട്ടെന്ന് അറസ്റ്റ് ചെയ്യുവാൻ പോലീസിന് ആവശ്യമായ നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് പോലീസ് സ്റ്റേഷനിൽ 25-2-2017-ന് കൊല്ലപ്പെട്ട ഷഫീറിന്റെ കൊലപാതകത്തിന് രജിസ്റ്റർചെയ്ത മണ്ണാർക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 182/2018 കേസ്സിൽ പ്രതികളായ 13 പേരിൽ 11 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി & സി) പ്രസ്തുത കേസ്സിലെ നാസർ നമ്പിയത്ത്, നിസാർ നമ്പിയത്ത് എന്നീ പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ടി പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിന് അന്വേഷണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയിട്ടുള്ളതും നടപടി സ്വീകരിച്ചുവരുന്നതുമാണ്.

**2011-16 കാലയളവിലെ കൊലപാതകങ്ങൾ**

119 (2065) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-5-2011 മുതൽ 31-5-2016 വരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നു; അതിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) 1-5-2011 മുതൽ 31-5-2016 വരെ നടന്ന ലൈംഗിക അതിക്രമങ്ങളുടെ എണ്ണം, സ്ത്രീധന പീഡനമരണം, ലൈംഗിക അതിക്രമങ്ങളുടെ ഫലമായുള്ള മരണം, മാഫിയ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം, കസ്റ്റഡി മരണം എന്നീ കുറ്റകൃത്യങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 1,800 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. അതിൽ 37 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കലൂർ യങ് മെൻസ് ക്ലബ് അംഗങ്ങളെ മർദ്ദിച്ച സംഭവം**

120 (2066) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കലൂരിൽ 1972 മുതൽ പ്രവർത്തിച്ചുവരുന്ന യങ് മെൻസ് ആർട്സ് ആൻറ് കൾച്ചറൽ അസോസിയേഷൻ ഓഫീസിൽ 2018 മേയ് മാസം മൂന്നാം തീയതി പുറത്തുള്ള ചിലർ അതിക്രമിച്ച് കയറി ക്ലബ്ബ് അംഗങ്ങളെ മർദ്ദിക്കുകയും ക്ലബ്ബിന്റെ വസ്തുവകകൾ നശിപ്പിക്കുകയും ചെയ്ത സംഭവത്തിന്മേൽ ക്ലബ്ബ് സെക്രട്ടറി എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിൽ 5-5-2018-ൽ 59585/18 നമ്പരായി നൽകിയിട്ടുള്ള പരാതിയിന്മേൽ ആർക്കെങ്കിലും എതിരെ ഇതുവരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) എറണാകുളം കലൂരിൽ പ്രവർത്തിച്ചുവരുന്ന യങ് മെൻസ് ആർട്സ് ആന്റ് കൾച്ചറൽ അസോസിയേഷൻ ക്ലബ്ബിന്റെ സെക്രട്ടറി 5-5-2018-ൽ എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച പരാതി സംഗതിയെക്കുറിച്ചുള്ള പ്രാഥമിക അന്വേഷണത്തിൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനുള്ള കൃത്യങ്ങൾ ഉണ്ടായിട്ടില്ല എന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ ടി പരാതിയിന്മേൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടില്ല.

**ബ്ലോക്ക് പഞ്ചായത്ത് അംഗം രാജീവ് ഭാസ്കരനെ മർദ്ദിച്ച സംഭവം**

121 (2067) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ ഇളം ദേശം ബ്ലോക്ക് പഞ്ചായത്ത് അംഗം രാജീവ് ഭാസ്കരനെ വീട്ടിൽ അതിക്രമിച്ച കയറി മർദ്ദിച്ച കേസിൽ ഏതൊക്കെ സെക്ഷനുകൾ ചേർത്താണ് കേസ് എടുത്തിരിക്കുന്നത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത കേസിലെ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസിൽ എന്നത്തേയ്ക്ക് ചാർജ്ഷീറ്റ് കൊടുക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത സംഭവത്തിന് കാളിയാർ പോലീസ് സ്റ്റേഷൻ ക്രൈം 226/18 u/s.451, 294(b), 506(i), 323, 354, 354(B), 427, 34 IPC Sec.3(1)(s), 3(2) (va) of SC/ST (PoA) Act 2015 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 1-ാം പ്രതി ഒളിവിലാണ്. രണ്ടാം പ്രതി ഡോളിക്ക് ബഹു. ജില്ലാ സെഷൻസ് കോടതി ഉപാധികളോടെ ജാമ്യം അനുവദിച്ചിട്ടുണ്ട്.

(സി) കോടതിയിൽ സമർപ്പിക്കുന്നതിലേയ്ക്കായി ചില രേഖകൾ കൂടി ലഭിക്കുവാനുണ്ട്. ആയവ ലഭിക്കുന്ന മുറയ്ക്ക് കുറ്റപത്രം സമർപ്പിക്കുന്നതാണ്.

**കൊള്ളപ്പലിശക്കാരെ നിയന്ത്രിക്കുന്നതിന് നടപടി**

122 (2068) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് കാര്യക്ഷമമായി ഓപ്പറേഷൻ കുബേര നടപ്പിലാക്കിയത് മൂലം കൊള്ളപ്പലിശക്കാരെ നിയന്ത്രിക്കുന്നതിനും അവരുടെ അക്രമം തടയുന്നതിനും കഴിഞ്ഞിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്ന ശേഷം എത്ര കൊള്ളപ്പലിശക്കാർക്കെതിരെ നടപടി സ്വീകരിച്ചു; എത്ര കേസുകൾ രജിസ്റ്റർ ചെയ്തു;

(സി) പാറശ്ശാലയിൽ എയ്യൂകൊണ്ടാം കാണി ബഥേൽ ഭവനിൽ വിധവയായ ബിന്ദു എന്ന യുവതിയെ കൊള്ളപ്പലിശ സംഘം ആറുമണിക്കൂറോളം പൂട്ടിയിട്ട സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരം;

(ഡി) കൊള്ളപ്പലിശക്കാർക്ക് ഒത്താശ നൽകിയ പാർട്ടി അംഗം ശശിക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് "ഓപ്പറേഷൻ കുബേര" കാര്യക്ഷമമായി നടപ്പാക്കിയിരുന്നു എന്ന് വിലയിരുത്തിയിട്ടില്ല.

(ബി) രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണവും അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും ചുവടെ ചേർക്കുന്നു:

| Year | No.of Cases | No. of arrested persons |
|---|---|---|
| 2016 (25-5-2016 to 31-12-2016) | 87 | 61 |
| 2017 | 209 | 157 |
| 2018 (Up to 31-5-2018) | 66 | 39 |

(സി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) മാരായമുട്ടം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 483/2018 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചുവരുന്നു.

**ജില്ലാതലങ്ങളിൽ പോലീസ് കംപ്ലെയിന്റ് അതോറിറ്റി**

123 (2069) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരിൽ നിന്നുള്ള ലോക്കപ്പ് മർദ്ദന പരാതി വർദ്ധിച്ചതായി പോലീസ് കംപ്ലെയിന്റ് അതോറിറ്റിയുടെ നോർത്ത് സോൺ ചെയർമാന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ജില്ലാതലങ്ങളിൽ പോലീസ് കംപ്ലെയിന്റ് അതോറിറ്റി രൂപീകരിക്കണമെന്ന് നിയമത്തിൽ അനുശാസിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ ഏതൊക്കെ ജില്ലകളിൽ പ്രസ്തുത അതോറിറ്റി രൂപീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരള പോലീസ് ആക്ടിലെ 110(3) എന്ന വകുപ്പ് പ്രകാരം ജില്ലാ തലങ്ങളിൽ പോലീസ് കംപ്ലെയിന്റ് അതോറിറ്റി രൂപീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

സംസ്ഥാനത്ത് 14 ജില്ലകളിലും പോലീസ് കംപ്ലെയിന്റ് അതോറിറ്റികൾ രൂപീകരിച്ചുകൊണ്ട് 2-3-2016 -ലെ സ.ഉ.(സാധാ) 799/2016/ ആഭ്യന്തരം (എസ്.ആർ.ഒ. നമ്പർ 224/2016) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മുൻ സർക്കാരിന്റെ ഭരണ കാലയളവിലെ കസ്റ്റഡി മരണങ്ങൾ

124 (2070) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് എത്ര കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) കസ്റ്റഡി മരണത്തിന് ഇരകളായ വ്യക്തികളുടെ കുടുംബങ്ങൾക്ക് എത്ര രൂപ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കസ്റ്റഡി മരണത്തിനിരയായ വ്യക്തികളുടെ ആശ്രിതർക്ക് ആർക്കെങ്കിലും സർക്കാർ ജോലി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർക്ക് എന്നറിയിക്കാമോ;

(ഡി) കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് എത്ര പോലീസുകാരെ അറസ്റ്റുചെയ്തിട്ടുണ്ട്; കേസടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) എട്ട് കസ്റ്റഡി മരണങ്ങൾ നടന്നിട്ടുണ്ട്.

(ബി - ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കസ്റ്റഡി മരണങ്ങൾ

125 (2071) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഏതെല്ലാം സ്റ്റേഷനുകളിൽവെച്ചാണ് കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുള്ളതെന്നും ഇത്തരത്തിൽ മരണപ്പെട്ടവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) കസ്റ്റഡി മരണങ്ങളെത്തുടർന്ന് ഉത്തരവാദികളായ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) കസ്റ്റഡി മരണത്തിന് പ്രതികളാക്കപ്പെട്ട എത്ര ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്; ഇതിൽ എത്ര പേരെ കുറ്റവിമുക്തരാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ -സി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട കേസ്സുകൾ

126 (2072) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസുണ്ടെന്നും അവർ ആരെല്ലാമെന്നും അവരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഇങ്ങനെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(ബി) വിശദാംശങ്ങൾ അനുബന്ധം - II-ൽ ചേർത്തിരിക്കുന്നു.*

(സി) കസ്റ്റഡിയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സഹായം നൽകുന്ന പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, കോടതികൾ മുതലായവ ചില കേസുകളിൽ സർക്കാരിനോട് ശിപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ കസ്റ്റഡി മരണത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ശിപാർശ ചെയ്യുന്ന തുക ഈടാക്കി നൽകണം എന്ന വ്യവസ്ഥയിൽ ധനസഹായവും കൂടാതെ ആശ്രിതർക്ക് ജോലി എന്നിവയും അനുവദിച്ച് നൽകാറുണ്ട്.

## പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയ്ക്ക് പോലീസ് മേധാവിക്കെതിരെ നടപടി

127 (2073) ശ്രീ. പി. ടി. തോമസ്:
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഡി.ജി.പി. ശ്രീ. ടി. പി. സെൻകുമാറിനെ പോലീസ് മേധാവി സ്ഥാനത്ത് നിന്ന് മാറ്റുന്നതിന് കാരണമായ വസ്തുതകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജിഷ കേസ്, പുറ്റിങ്ങൽ വെടിക്കെട്ടപകടം എന്നീ കേസുകളിൽ പോലീസിനുണ്ടായതായി പറയപ്പെടുന്ന വീഴ്ചയുടെ ഉത്തരവാദിത്വം സംസ്ഥാന പോലീസ് മേധാവിക്കാണെന്ന് സർക്കാർ നിലപാട് എടുത്തിരുന്നുവോ ;

(സി) എങ്കിൽ, നിരപരാധിയായ വരാപ്പുഴയിലെ ശ്രീജിത്തിനെ പോലീസ് അർദ്ധരാത്രി വീട്ടിൽ നിന്ന് പിടിച്ചുകൊണ്ടുപോയി ചവിട്ടി കൊന്ന കേസിലും കെവിൻ പി ജോസഫ് എന്ന യുവാവിനെ ദുരഭിമാനത്തിന്റെ പേരിൽ കൊലപ്പെടുത്തിയ കേസിലും മാഹിയിലെ ഇരട്ട കൊലപാതക കേസിലും പോലീസിന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചക്ക് സംസ്ഥാന പോലീസ് മേധാവിക്ക് ഉത്തരവാദിത്വമുണ്ടായിരിക്കെ അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 2011-ലെ കേരള പോലീസ് ആക്ടിലെ വകുപ്പ് 97(2)(e) പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ് ശ്രീ. ടി. പി. സെൻകുമാറിനെ സംസ്ഥാന പോലീസ് മേധാവി സ്ഥാനത്തുനിന്ന് മാറ്റിയത്.

(ബി) ഈ രണ്ട് കേസ്സുകളിൽ പോലീസിനുണ്ടായ വീഴ്ചയുടെ ഉത്തരവാദിത്തം നേരിട്ട് സംസ്ഥാന പോലീസ് മേധാവിക്ക് ഉണ്ട് എന്ന നിലപാട് സർക്കാർ എടുത്തിരുന്നില്ല. എന്നാൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനുപകരം അവരെ സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാർ നിർദ്ദേശംപോലും അവഗണിച്ചുകൊണ്ട് നിലപാട് സ്വീകരിച്ചു. പുറ്റിങ്ങൽ ദേവീക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ സമ്മതിക്കാതെ ജില്ലാ ഭരണകൂടത്തെയും മറ്റ് വകുപ്പുകളുടെയും പേരിൽ പ്രത്യാരോപണം നടത്തി എന്നീ വീഴ്ചകൾ മുൻ സംസ്ഥാന പോലീസ് മേധാവി ശ്രീ. ടി. പി. സെൻകുമാർ, ഐ.പി.എസ്.ന്റെ ഭാഗത്തുനിന്ന് ഉണ്ടായി എന്ന നിലപാട് സർക്കാർ എടുത്തിരുന്നു.

(സി) മൂന്ന് കേസുകളും നിലവിൽ പോലീസ് അന്വേഷിച്ചുവരികയാണ്. വീഴ്ചയുണ്ടായതായി പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ നിയമ നടപടികളും വകുപ്പുതല നടപടികളും ആരംഭിച്ചിട്ടുണ്ട്. വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്നതിനോ അവർക്കെതിരെയുള്ള നടപടികൾ ഒഴിവാക്കുന്നതിനോ ഇപ്പോഴത്തെ സംസ്ഥാന പോലീസ് മേധാവി ശ്രമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ശ്രീജിത്തിനെ കോടതിയിൽ ഹാജരാക്കുവാൻ അനുമതി**

128 (2075) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാപ്പുഴയിൽ ആളുമാറി പോലീസ് കസ്റ്റഡിയിലെടുത്ത ശേഷം കൊല്ലപ്പെട്ട ശ്രീജിത്തിനെ ഇക്കഴിഞ്ഞ ഏപ്രിൽ 7-ാം തീയതി പറവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കുവാൻ പോലീസ് അനുമതി തേടിയിരുന്നോ;

(ബി) അനുമതി തേടിയിട്ടും മജിസ്ട്രേട്ട് അനുമതി നൽകിയില്ലായെന്ന് എറണാകുളം റൂറൽ പോലീസ് മോധാവിയായിരുന്ന ശ്രീ. എ. വി. ജോർജ് എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിന് പരാതി നൽകിയിരുന്നോ; എങ്കിൽ എന്നാണ് പരാതി നൽകിയതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിലെ അനധികൃത വാഹന പാർക്കിംഗ്**

129 (2076) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കായംകുളം - പുനലൂർ റോഡിലും, കായംകുളം - തിരുവല്ല റോഡിലും ലിങ്ക് റോഡിലും അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലം വലിയ ഗതാഗതക്കുരുക്ക് ദിനം പ്രതി ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അനധികൃത പാർക്കിംഗ് നിരോധിക്കുന്നതിന് ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനധികൃത പാർക്കിംഗ് നിയന്ത്രിക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥരെയും ഹോം ഗാർഡുകളെയും മറ്റും നിയോഗിച്ചും നഗരസഭയുടെ സഹകരണത്തോടെ ട്രാഫിക് വാർഡൻമാരെ നിയമിച്ചും ഗതാഗതം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഒറ്റപ്പാലം ലക്കിടി കൂട്ടുപാതയിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സിസ്റ്റം

130 (T* 2077) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ഒറ്റപ്പാലം ലക്കിടി കൂട്ടുപാതയിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സിസ്റ്റം സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലക്കിടി കൂട്ടുപാതയിൽ ട്രാഫിക് സിഗ്നൽ സിസ്റ്റം സ്ഥാപിക്കുന്നതിനായുള്ള ഫയൽ എന്നാണ് സർക്കാരിന് ലഭിച്ചത്; അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകുമോ;

(സി) ലക്കിടി കൂട്ടുപാതയിലുണ്ടായികൊണ്ടിരിക്കുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് ട്രാഫിക് സിഗ്നൽ ലൈറ്റ് സിസ്റ്റം ഗുണകരമാവും എന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് സ്ഥാപിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലക്കിടി കൂട്ടുപാത ജംഗ്ഷനിലെ സിവിൽ പ്രവൃത്തികൾ പൂർത്തിയാക്കിയതിനുശേഷം മാത്രമേ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

(സി) ഗുണകരമാകും എന്ന് കരുതുന്നു. നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## വാഹനാപകടങ്ങൾ

131 (2078) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017-ൽ എത്ര വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്; അവയിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(ബി) ഇതിൽ ഇരുചക്രവാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങൾ എത്ര;

(സി) അശ്രദ്ധയോടെയും അമിതവേഗതയിലും ഡ്രൈവിങ് നടത്തുന്നതുകൊണ്ടാണ് മിക്ക വാഹനങ്ങളും അപകടത്തിൽപ്പെടുന്നത് എന്നത് കണക്കിലെടുത്ത് ലൈസൻസ് ഇല്ലാതെയും പ്രായപൂർത്തിയാകാതെയും വാഹനം ഓടിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) വാഹനാപകടങ്ങളും മരണങ്ങളും കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 2017-ൽ 38470 വാഹനാപകട കേസ്സുകൾ രജിസ്റ്റർ ചെയ്തതിൽ 4131 പേർ മരണപ്പെട്ടു. ഇതിൽ 22606 ഇരുചക്രവാഹനാപകടങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ലൈസൻസ് ഇല്ലാതെയും പ്രായപൂർത്തിയാകാതെയും വാഹനം ഓടിക്കുന്നവർക്കെതിരെ വാഹന പരിശോധന നടത്തി കേരളാ മോട്ടോർ വാഹന നിയമം 3(i) r/w 181 വകുപ്പ് പ്രകാരവും ഇത്തരക്കാരെ വാഹനമോടിക്കാൻ അനുവദിച്ച ആർ.സി. ഉടമസ്ഥർക്കെതിരെ കേരളാ മോട്ടോർ വാഹന നിയമം 5(i) r/w.180 വകുപ്പ് പ്രകാരവും പെറ്റി കേസ്സ് ചുമത്തുന്നുണ്ട്. ഇത്തരക്കാർക്ക് പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു.

(ഡി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സ്കീം നടപ്പാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ട്രാഫിക് പോലീസ്, ലോക്കൽ പോലീസ് എന്നിവർ വാഹന പരിശോധനകൾ നടത്തിവരുന്നു. ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചും പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് ഹൈവേ പട്രോളിംഗ് ശക്തമാക്കിയും അമിതവേഗത്തിലും അപകടകരമായും ലൈസൻസ് ഇല്ലാതെയും ഹെൽമറ്റ് ഉപയോഗിക്കാതെയും മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെയും Alcometer, Speed Detection Camera, Speed Radar, Interceptor Vehicle എന്നിവ ഉപയോഗിച്ച് വാഹനപരിശോധനകൾ ഊർജ്ജിതമാക്കിവരുന്നതുമാണ്. ലൈസൻസ് റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മോഡൽ റോഡ് പദ്ധതി നടപ്പിലാക്കി ടി റോഡിൽ പ്രത്യേക വാഹന പരിശോധന നടത്തിവരുന്നതും മോഡൽ ജംഗ്ഷൻ ആരംഭിച്ചും മുന്നറിയിപ്പ് ബോർഡുകൾ, ബ്ലിങ്കിംഗ് ലൈറ്റുകൾ, ബ്ലിങ്കിംഗ് സ്റ്റഡുകൾ എന്നിവ സ്ഥാപിച്ചും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷിച്ചും റോഡ് മാർജിനുകൾ അടയാളപ്പെടുത്തിയും സ്കൂളുകളിലും

കോളേജുകളിലും പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും ട്രാഫിക് ബോധവത്കരണ ക്ലാസ്സുകൾ നടത്തിയും ലഘുലേഖകൾ വിതരണംചെയ്തും മോട്ടോ ർ വകുപ്പുമായിച്ചേർന്ന് സംയുക്ത വാഹന പരിശോധന നടത്തിയും അപകടമേഖലകൾ കേന്ദ്രീകരിച്ച് മുന്നറിയിപ്പ് ബോർഡുകളും സൈൻ ബോർഡുക ളും സ്ഥാപിച്ചും റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. റോഡിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ, സ്ട്രീറ്റ് ലൈറ്റുകൾ, ഹംപുകൾ, സീബ്രാ ലൈനുകൾ എന്നിവ സ്ഥാപിച്ചും സുരക്ഷാ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനുവേണ്ടി ഹൈവേ ജാഗ്രതാ സമിതികൾ, റോഡ് സേഫ്റ്റി ക്ലബ്ബുകൾ, റോഡ് സേഫ്റ്റി അതോറിറ്റി എന്നിവ രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

## മുൻസർക്കാരിന്റെ കാലയളവിൽ റിപ്പോർട്ടുചെയ്യപ്പെട്ട സൈബർ/എ.ടി.എം. തുടങ്ങിയ മോഷണക്കേസുകൾ

132 (2079) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ കാലയളവിൽ റിപ്പോർട്ടു ചെയ്യപ്പെട്ട സൈബർ/എ.ടി.എം കേസ്സുകൾ, മോഷണകേസ്സുകൾ എന്നിവ എത്ര എന്നും ഇതിൻപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ എത്ര എന്നും പ്രസ്തുത കാലയളവിൽ എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടാൻ കഴിഞ്ഞു എന്നും എത്ര പേർക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊള്ളാൻ കഴിഞ്ഞു എന്നുമുള്ള ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിൽ പ്രതികളെ പിടികൂടി നിയമത്തിനു മുമ്പിൽ കൊണ്ടുവന്ന കേസ്സുകൾ എത്രയെന്നും, ഇനിയും എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടാനുണ്ട് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ക്രൈം റിക്കാർഡ്സ് ബ്യൂറോയുടേയും ആഭ്യന്തരവകുപ്പിന്റെയും കണക്കുകൾ പ്രകാരം ഈ സർക്കാർ കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ എത്ര, എത്ര കേസ്സുകളിൽ പ്രതികളെ കണ്ടെത്തി നിയമനടപടികൾക്കു വിധേയമാക്കി, തുടങ്ങിയവയുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കണക്കുകൾ ചുവടെ ചേർക്കുന്നു:

മുൻസർക്കാരിന്റെ കാലം (18-5-2011 - 24-5-2016)

| | രജിസ്റ്റർ ചെയ്ത കേസ്സുകൾ | പ്രതികളെ പിടികൂടിയ കേസ്സുകളുടെ എണ്ണം | ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം |
|---|---|---|---|
| സൈബർ കേസുകൾ | 1485 | 653 | 24 |
| എ.ടി.എം. കേസുകൾ | 116 | 47 | 7 |

മോഷണ കേസുകളുടെ എണ്ണം

(18-5-2011 – 24-5-2011)

| | രജിസ്റ്റർ ചെയ്ത കേസ്സുകൾ | പ്രതികളെ പിടികൂടിയ കേസ്സുകളുടെ എണ്ണം | ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം |
|---|---|---|---|
| HB Day Theft Cases | 3058 | 1772 | 376 |
| HB Night Theft Cases | 11864 | 5903 | 1226 |
| Ordinary Theft Cases | 21197 | 14034 | 2265 |

(ബി) കണക്കുവിവരം ചുവടെ ചേർക്കുന്നു:

ഈ സർക്കാരിന്റെ കാലം (25-5-2016 – 3-6-2018)

| | രജിസ്റ്റർ ചെയ്ത കേസ്സുകൾ | പ്രതികളെ പിടികൂടിയ കേസ്സുകളുടെ എണ്ണം | ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം |
|---|---|---|---|
| സൈബർ കേസുകൾ | 614 | 240 | 2 |
| എ.ടി.എം. കേസുകൾ | 106 | 48 | 0 |

മോഷണ കേസുകളുടെ എണ്ണം

| | രജിസ്റ്റർ ചെയ്ത കേസ്സുകൾ | പ്രതികളെ പിടികൂടിയ കേസ്സുകളുടെ എണ്ണം | ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം |
|---|---|---|---|
| HB Day Theft Cases | 1061 | 601 | 36 |
| HB Night Theft Cases | 3869 | 1852 | 153 |
| Ordinary Theft Cases | 7083 | 4536 | 227 |

(സി) വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| കേസ്സുകളുടെ എണ്ണം (All IPC + Special & Local Law Cases) | 12,93,264 |
| പ്രതികളെ കണ്ടെത്തി നിയമനടപടികൾക്കു വിധേയമാക്കിയ കേസുകളുടെ എണ്ണം | 12,58,825 |

**സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ**

133 (2080) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ ആധുനികവത്കരിക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ബി) പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് സ്റ്റേഷൻ ആക്കി മാറ്റുന്നതോടെ എന്തെല്ലാം സൗകര്യങ്ങളാണ് സ്റ്റേഷനുകളിൽ ലഭ്യമാവുക;

(സി) കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളും സ്മാർട്ട് സ്റ്റേഷനുകളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ശിശു സൗഹൃദ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിലൂടെ സർക്കാർ എന്താണ് ലക്ഷ്യംവയ്ക്കുന്നത് എന്നറിയിക്കാമോ; ഇപ്പോൾ ഏതൊക്കെ സ്റ്റേഷനുകളാണ് ശിശു സൗഹൃദ സ്റ്റേഷനുകളായി പ്രഖ്യാപിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. അത്യന്താധുനിക സാങ്കേതികവിദ്യയുള്ള, ശരീരത്തിൽ ധരിക്കാവുന്ന തരത്തിലുള്ള ക്യാമറകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ (CCTV), സ്പീഡ് റഡാർ (Speed

Radar), വേഗത നിർണ്ണയ ക്യാമറകൾ (Speed Detection Cameras), വെഹിക്കിൾ മൗണ്ടഡ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (Vehicle Mounted GPS System), ട്രാഫിക് സിഗ്നൽ സിസ്റ്റംസ് (Traffic Signal Systems), ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ, ബ്രൂസ് ബസ്സ് (ആൽക്കഹോൾ/ ഡ്രഗ്ഗ് ഡിറ്റക്ഷനുവേണ്ടി) തുടങ്ങിയ അനേകം ഉപകരണങ്ങൾ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റേഷൻ ആക്കി മാറ്റുന്നതിലൂടെ പോലീസിന്റെ കാര്യക്ഷമത വർദ്ധിക്കുകയും സി.സി.ടി.എൻ.എസ്., എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യൽ, iAPS സംവിധാനം, കെട്ടിടങ്ങൾ, വാഹനങ്ങൾ, ഇ-മെയിൽ സംവിധാനം, പരാതികൾ സ്വീകരിക്കുന്നതിനും മറ്റും വെബ് പോർട്ടൽ സംവിധാനം, ആധുനിക ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസേഷൻ എന്നീ സൗകര്യങ്ങൾ സ്റ്റേഷനുകളിൽ ലഭ്യമാകുന്നുണ്ട്.

(സി) ഉദ്ദേശിക്കുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് ഫോർട്ട് പോലീസ് സ്റ്റേഷൻ (തിരുവനന്തപുരം സിറ്റി), കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ (കൊല്ലം സിറ്റി), കടവന്ത്ര പോലീസ് സ്റ്റേഷൻ (എറണാകുളം സിറ്റി), തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ (തൃശ്ശൂർ സിറ്റി), കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷൻ (കോഴിക്കോട് സിറ്റി), കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ (കണ്ണൂർ) എന്നീ ആറ് പോലീസ് സ്റ്റേഷനുകളെയാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റി നാമകരണം ചെയ്തിരിക്കുന്നത്. ശിശുസൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കെട്ടിടം, കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും മാനസികാവസ്ഥയെക്കുറിച്ചും വിശദമായ പരിശീലനം ലഭിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ താമസംവിനായുള്ള ശക്തമായ നടപടി എടുക്കൽ ഇവയാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

## വനിതാ പോലീസ് സ്റ്റേഷനുകൾ

134 (2081) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് സ്റ്റേഷനുകൾ താലൂക്ക് അടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; ഇതിനകം എത്ര താലൂക്കുകളിൽ പ്രസ്തുത പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) വനിതാ ഐ.ആർ. ബറ്റാലിയൻ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) സംസ്ഥാന പോലീസിൽ വനിതാ പ്രാതിനിധ്യം 15 ശതമാനമായി ഉയർത്തുന്നതിന്റെ ഭാഗമായി ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(ഡി) വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ എത്ര പുതിയ തസ്തികകൾ ഇതിന്റെ ഭാഗമായി അനുവദിച്ചു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(ബി) വനിതാ ഇന്ത്യാ റിസർവ് ബറ്റാലിയൻ രൂപീകരിക്കുന്നതിനുള്ള ഒരു ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) പോലീസ് സേനയിലെ വനിതകളുടെ പ്രാതിനിധ്യം ഉയർത്തുന്നതിന്റെ ഭാഗമായി 30-1-2017-ലെ സ.ഉ.(കൈ) നമ്പർ 15/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ആദ്യമായി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പുതുതായി സൃഷ്ടിക്കുന്ന പുരുഷ പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന സമയത്ത് ആയതിന്റെ 15% വനിതകൾക്കായി നീക്കിവയ്ക്കുന്നുണ്ട്.

(ഡി) പുതുതായി രൂപീകരിച്ച വനിതാ ബറ്റാലിയനിൽ കമാണ്ടന്റ് - 1, വനിതാ പോലീസ് ഹവിൽദാർ - 20, വനിതാ പോലീസ് കോൺസ്റ്റബിൾ - 380 തുടങ്ങിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

### ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ

135 (2082) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശിശുസൗഹൃദപോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പദ്ധതി വഴി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) കുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും കൂടുതൽ ശ്രദ്ധ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തുന്നതിനും പദ്ധതി പ്രയോജനപ്രദമാകുമെന്ന് കരുതുന്നുണ്ടോ;

(സി) കുട്ടികളുടെ അവകാശസംരക്ഷണത്തിന് ആഭ്യന്തരവകുപ്പ് മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ഡി) യൂണിസെഫ് പോലുള്ള അന്താരാഷ്ട്ര ഏജൻസികളുമായി സഹകരിച്ച് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ – സി) സംസ്ഥാനത്ത് ഫോർട്ട് പോലീസ് സ്റ്റേഷൻ (തിരുവനന്തപുരം സിറ്റി), കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ (കൊല്ലം സിറ്റി), കടവന്ത്ര പോലീസ് സ്റ്റേഷൻ (എറണാകുളം സിറ്റി), തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ (തൃശ്ശൂർ സിറ്റി), കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷൻ (കോഴിക്കോട് സിറ്റി), കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ (കണ്ണൂർ) എന്നീ ആറ് പോലീസ് സ്റ്റേഷനുകളെയാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റി നാമകരണം ചെയ്തിരിക്കുന്നത്. രൂപത്തിലും ഭാവത്തിലും ഘടനയിലും ഒരു ശിശുസൗഹൃദ പ്രവർത്തനവും അന്തരീക്ഷവും ഒരുക്കുകയെന്നുള്ളതാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

കുട്ടികളുടെ പരിചരണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ഇതുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റ് സർക്കാരിതര സംഘടനകൾ, പൊതുസമൂഹം എന്നിവയുടെ ഒരു കൂട്ടായ്മ ഒരുക്കൽ, ശിശുസൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കെട്ടിടം, കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും മാനസികാവസ്ഥയെക്കുറിച്ചും വിശദമായ പരിശീലനം ലഭിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ താമസംവിനായുള്ള ശക്തമായ നടപടി എടുക്കൽ എന്നിവയും ഇതിന്റെ ഉദ്ദേശ്യങ്ങളാണ്. താരതമ്യേന സ്ഥലസൗകര്യവും സ്റ്റേഷൻ പരിധിയിൽ കൂടുതൽ വിദ്യാർത്ഥി സാന്നിദ്ധ്യവും ഉള്ള പോലീസ് സ്റ്റേഷനുകളാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചിരിക്കുന്നത്. അതോടൊപ്പം ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥരുടെയും മറ്റുള്ളവരുടെയും പ്രവർത്തനത്തിലെ പ്രത്യേകതകളും ഇതിനെ ശിശുസൗഹൃദമാക്കുന്നു.

(ഡി) യൂണിസെഫിന്റെ സഹായത്തോടുകൂടി വളരെ ചിട്ടയാർന്ന വിദഗ്ദ്ധ പരിശീലനം ശിശുസൗഹൃദ പോലീസ് സ്റ്റേഷനിലെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൃത്യമായി നടപ്പിലാക്കേണ്ട ഒരു ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം വിശദീകരിക്കുന്ന ഒരു മാന്വൽ തയ്യാറാക്കി എല്ലാ ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾക്കും നൽകിയിട്ടുമുണ്ട്.

## സ്മാർട്ട് പോലീസ് സ്റ്റേഷൻ പദ്ധതി

136 (2083) ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. ജോയി :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാനപാലനത്തിലും കുറ്റാന്വേഷണത്തിലും സാങ്കേതിക വിദ്യയുടെ ഉപയോഗം കൂടുതൽ ഫലപ്രദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റേഷനാക്കിമാറ്റുന്ന നടപടിയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം ജില്ലകളിലാണ് മൊബൈൽ ഫോറൻസിക് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണത്തിനും സാങ്കേതിക വിദ്യയുടെ ഉപയോഗം കൂടുതൽ ഫലപ്രദമാക്കുന്നതിനും സംസ്ഥാന പ്ലാൻ പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

- ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങളുടെ നിലവാരം ഉയർത്തൽ
- ടെലികമ്മ്യൂണിക്കേഷൻ സംവിധാനം മെച്ചപ്പെടുത്തൽ
- സൈബർ കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കൽ
- ജി.ഐ.എസ്. എനേബിൾഡ് ലോ എൻഫോഴ്സ്മെന്റ് പദ്ധതി
- ജില്ലാ കൺട്രോൾ റൂമുകൾ സ്ഥാപിക്കൽ
- ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തൽ

2018-19 സാമ്പത്തിക വർഷത്തിലേയ്ക്ക് താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്:

- പുതിയ സംവിധാനങ്ങളോടുകൂടിയ വാഹനങ്ങൾ വാങ്ങൽ
- ജില്ലകളിൽ നിരീക്ഷണസംവിധാനം ശക്തമാക്കൽ

- കൺട്രോൾ റൂമുകൾ സ്ഥാപിക്കൽ
- ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തൽ
- ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങളുടെ നിലവാരം ഉയർത്തൽ
- ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ സാങ്കേതികവിദ്യ നടപ്പിൽ വരുത്തൽ
- പരിശീലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ
- പുതിയ സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിക്കൽ
- പോലീസ് സ്റ്റേഷനുകളുടെ ഫോർട്ടിഫിക്കേഷൻ.

(ബി) പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റേഷനുകളാക്കുന്നതിന്റെ ഭാഗമായി 2016-17 സാമ്പത്തിക വർഷത്തിൽ പ്ലാൻ പദ്ധതിയിലൂടെ ലഭിച്ച തുക ഉപയോഗിച്ച് 100 പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ, ലാപ് ടോപ്പ്, പ്രിന്റർ, സ്കാനർ, യു.പി.എസ്. ഫോട്ടോകോപ്പിയർ, എം.എസ്. ഓഫീസ്, ഫർണിച്ചർ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

(സി) 19 പോലീസ് ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ട്.

**വാളകം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ശിപാർശ**

137 (2084) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന വാളകം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ശിപാർശ സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിൽനിന്നും ലഭിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ബി) വാളകത്ത് പോലീസ് സ്റ്റേഷൻ മന്ദിരം നിർമ്മിക്കുന്നതിനായി ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് വക സ്ഥലം ഉപാധിരഹിതമായി ആഭ്യന്തരവകുപ്പിന് നൽകാൻ സമ്മതിച്ചുകൊണ്ടുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭിച്ചിട്ടുണ്ടോ;

(സി) വാളകം ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ -സി) ശിപാർശ ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ട പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചശേഷം വാളകം പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## പോലീസ് എയ്ഡ് പോസ്റ്റ്

138 (2085) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ പെരുകാവ് കേന്ദ്രമാക്കി പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## വർക്കല ഡിവൈ.എസ്.പി. ഓഫീസ്

139 (2086) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ വർക്കല താലൂക്ക് കേന്ദ്രീകരിച്ച് ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിച്ചു വരുന്നു.

## പൊൻമുടി പോലീസ് സ്റ്റേഷൻ

140 (2087) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പൊൻമുടി പോലീസ് സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

(ബി) കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) നെടുമങ്ങാട് താലൂക്കിൽ പൊൻമുടി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള വിശദമായ ശിപാർശ സമർപ്പിക്കുവാൻ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് സംസ്ഥാന പോലീസ് മേധാവി തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പുതുവൈപ്പ് പോലീസ് സ്റ്റേഷൻ**

141 (2088) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ജനസാന്ദ്രത പരിഗണിച്ച് പുതുവൈപ്പ് കേന്ദ്രീകരിച്ച് പുതുതായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ ഈ പ്രദേശത്തിന്റെ ചുമതലയുള്ള ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിൽ അനുവദിച്ചിട്ടുള്ള പോലീസ് സേനാംഗങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഒഴിഞ്ഞുകിടക്കുന്നവയുടെ എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല.

(ബി & സി) ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിൽ നിലവിലുള്ള സേനാംഗങ്ങളുടെയും ഒഴിവുള്ള സേനാംഗങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു:

| | ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിലെ അംഗങ്ങളുടെ വിവരം | | | | | | | |
|---|---|---|---|---|---|---|---|---|
| അനുവദനീയമായ അംഗബലം | CI | SI | ASI | SCPO | CPO | WSCPO | WCPO | Total |
| | 1 | 4 | 3 | 10 | 27 | 1 | 6 | 52 |
| നിലവിലുള്ള അംഗബലം | 1 | 3 | 0 | 11* | 24 | 0 | 5 | 44* |
| ഒഴിവുള്ള അംഗബലം | 0 | 1 | 3 | 0 | 3 | 1 | 1 | 9 |

**കാട്ടാക്കട പോലീസ് സ്റ്റേഷൻ പരിധി**

142 (2089) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട ഗ്രാമപഞ്ചായത്ത് പ്രദേശം പൂർണ്ണമായും കാട്ടാക്കട പോലീസ് സ്റ്റേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കാമോ?

*Excess 1 Notional Vacancy

ഉത്തരം

(എ&ബി) സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിച്ചുവരുന്നു.

**കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജനം**

143 (2090) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജിച്ച് ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്റ്റേഷൻ വിഭജനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആലോചനകൾ നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ആവശ്യമായ സ്ഥലം ലഭ്യമാക്കിയാൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നകാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ നിലവിലില്ല.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ പോലീസ് ഔട്ട് പോസ്റ്റ്**

144 (2091) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ മഞ്ഞപ്പള്ളിയിൽ പ്രവർത്തിക്കുന്ന പോലീസ് ഔട്ട് പോസ്റ്റിന്റെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; അവിടെ പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കുന്നതിനുള്ള സൗകര്യമുണ്ടോ; പരാതി സംബന്ധിച്ച അന്വേഷണങ്ങൾ നടത്തുന്നതിനുള്ള സംവിധാനം എങ്ങനെയാണെന്ന് വിശദീകരിക്കുമോ;

(ബി) ഇത് ഒരു പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മഞ്ഞപ്പള്ളിയിൽ ഔട്ട് പോസ്റ്റ് പ്രവർത്തിക്കുന്നില്ല. പോലീസ് എയ്ഡ് പോസ്റ്റാണ് നിലവിലുള്ളത്. പൊതുജനങ്ങൾക്ക് ഇവിടെ പരാതി സമർപ്പിക്കുവാൻ സൗകര്യമുണ്ട്.

പരാതികളിൽ പോലീസിന് നേരിട്ട് കേസ് എടുക്കാവുന്ന വിഷയങ്ങളാണെങ്കിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ച് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ചുള്ള ശിപാർശകളൊന്നും നിലവിലില്ല.

**മേൽപ്പറമ്പ് പോലീസ് സ്റ്റേഷൻ**

145 (2092) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ ഉൾപ്പെടുത്തിയ മേൽപ്പറമ്പ് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാലിൽ വാടക കെട്ടിടം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ ഏത് വരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ - സി) 2017-18 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന മേൽപ്പറമ്പ് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 26-10-2017-ലെ സ.ഉ.(കൈ) നമ്പർ 216/17/ആഭ്യന്തരം എന്ന ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കാസർഗോഡ് താലൂക്കിൽ ചട്ടഞ്ചാലിൽ തെക്കിൽ വില്ലേജിൽ ആർ.എസ്. നമ്പർ 257/1A4 കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. പോലീസ് സ്റ്റേഷന് ആവശ്യമായ അംഗബലം അനുവദിക്കൽ, ആധികാര പരിധി നിർണ്ണയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കൽ എന്നിവ സംബന്ധിച്ച നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

**വടശ്ശേരിക്കരയിൽ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്**

146 (2093) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടശ്ശേരിക്കരയിൽ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി എത്ര സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്; നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ശബരിമലയുമായി ബന്ധപ്പെട്ട അനുബന്ധ സ്റ്റേഷൻ എന്ന നിലയിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തുക; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ - സി) വടശ്ശേരിക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് കെട്ടിടം റാന്നി താലൂക്കിൽ വടശ്ശേരിക്കര വില്ലേജിൽ സർവ്വേ നമ്പർ 95/1-ൽ ബ്ലോക്ക് നമ്പർ 32-ൽപ്പെട്ട 20.46 ആർ സ്ഥലത്ത് നിർമ്മിക്കുവാൻ തീരുമാനിച്ചിരുന്നതാണ്. എന്നാൽ 21-10-2017-ലെ സ.ഉ.(കൈ) നമ്പർ 211/2017/ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം എല്ലാ സർക്കിൾ ഇൻസ്പെക്ടർമാരെയും പോലീസ് സ്റ്റേഷനുകളുടെ എസ്.എച്ച്.ഒ.-മാരായി നിയമിച്ചിട്ടുള്ളതിനാൽ ഇപ്പോൾ പ്രസ്തുത ആവശ്യത്തിന് പ്രസക്തിയില്ല.

**കാസർഗോഡ് ജില്ലയിലെ പോലീസ് സ്റ്റേഷനുകളും പോലീസുകാരും**

147 (2094) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പോലീസുകാരന് ഒരേ പോലീസ് സ്റ്റേഷനിൽ തുടർച്ചയായി എത്ര വർഷത്തെ സേവനമാണ് അനുവദനീയമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലുള്ള സർക്കിൾ ഇൻസ്പെക്ടർമാർ, പ്രിൻസിപ്പൽ സബ് ഇൻസ്പെക്ടർമാർ, അഡീഷണൽ സബ് ഇൻസ്പെക്ടർമാർ. അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാർ, സീനിയർ സിവിൽ പോലീസ് ഓഫീസർമാർ, സിവിൽ പോലീസ് ഓഫീസർമാർ എന്നിവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇവർ ഓരോരുത്തരും ജോലി ചെയ്യുന്ന പോലീസ് സ്റ്റേഷനും പ്രസ്തുത പോലീസ് സ്റ്റേഷനിൽ മൊത്തം എത്രകാലമായി ഇവരുടെ സേവനമുണ്ടെന്നും ഇപ്പോൾ തുടർച്ചയായി എത്രാമത്തെ വർഷമാണ് നിലവിലുള്ള പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തുവരുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ജോലി ചെയ്യുന്ന പോലീസ് സ്റ്റേഷനുകളിൽനിന്ന് എത്ര ദൂരമാണ് ഇവർ ഓരോരുത്തരുടെയും സ്ഥിരതാമസമെന്ന് വ്യക്തമാക്കാമോ;

(ഇ) കാസർഗോഡ് ജില്ലയിൽ ഏതെല്ലാം ഓഫീസർമാരുടെ കീഴിൽ സി. ഡി. പാർട്ടികളുണ്ടെന്നും ഓരോ സി. ഡി. പാർട്ടിയിലും എത്ര സബ് ഇൻസ്പെക്ടർമാർ, അഡീഷണൽ സബ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാർ, സീനിയർ സിവിൽ പോലീസ് ഓഫീസർമാർ, സിവിൽ പോലീസ് ഓഫീസർമാർ ജോലി ചെയ്യുന്നുണ്ടെന്നും എത്രകാലമായി ഇവർ സി. ഡി. പാർട്ടിയിൽ തന്നെ സേവനം ചെയ്തു വരുന്നുവെന്നും വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജില്ലയിലെ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്നുവർഷം.

(ബി - ഡി) കാസർഗോഡ് ജില്ലയിലുള്ള സർക്കിൾ ഇൻസ്പെക്ടർമാർ, പ്രിൻസിപ്പൽ സബ് ഇൻസ്പെക്ടർമാർ, അഡീഷണൽ സബ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാർ, സീനിയർ സിവിൽ പോലീസ് ഓഫീസർമാർ, സിവിൽ പോലീസ് ഓഫീസർമാർ എന്നിവരുടെ എണ്ണം, അവർ ജോലിചെയ്യുന്ന പോലീസ് സ്റ്റേഷൻ, പ്രസ്തുത പോലീസ് സ്റ്റേഷനിൽ എത്ര കാലമായി സേവനമുണ്ട്, പോലീസ് സ്റ്റേഷനിൽനിന്നും സ്ഥിര താമസസ്ഥലത്തേയ്ക്ക് എത്ര ദൂരമുണ്ടെന്ന വിവരം എന്നിവ ഉൾക്കൊള്ളുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഇ) കാസർഗോഡ് ജില്ലയിൽ സി.ഡി.പാർട്ടി എന്ന രൂപത്തിൽ പോലീസിനെ വിന്യസിച്ചിട്ടില്ലാത്തതാകുന്നു.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

**കരുനാഗപ്പള്ളി ഗേൾസ് ഹൈസ്കൂളിൽ നടത്തിയ അക്രമ പ്രവർത്തനങ്ങൾ**

148 (2095) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഗേൾസ് ഹൈസ്കൂളിൽ 28-5-2018-ന് ഒരു വിഭാഗക്കാർ നടത്തിയ അക്രമ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) അക്രമ പ്രവർത്തനം നടത്തിയവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ;

(സി) അക്രമ സാധ്യതകൾ കണക്കിലെടുത്ത് കരുനാഗപ്പള്ളി നഗരത്തിലെ പൊതു വിദ്യാലയങ്ങൾക്ക് സംരക്ഷണം നൽകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരുനാഗപ്പള്ളി ഗേൾസ് ഹൈസ്കൂളിലെ സ്കൂൾ യൂണിഫോം മാറ്റി പുതിയ യൂണിഫോം ആക്കിയതിലുള്ള വിരോധത്തിൽ പതിനഞ്ചോളം ക്യാമ്പസ് ഫ്രണ്ട് പ്രവർത്തകർ സ്കൂളിൽ അതിക്രമിച്ചുകയറി സ്കൂളിലെ കസേര, ചെടിച്ചട്ടികൾ, ബൾബുകൾ, ഫോട്ടോകൾ, മോട്ടോർ എന്നിവ അടിച്ച് നശിപ്പിച്ച് സ്കൂളിന് അമ്പതിനായിരം രൂപയുടെ നഷ്ടം വരുത്തിയിട്ടുള്ളതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതുസംബന്ധിച്ച് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം 751/18 U/s 143, 147, 452, 427, 149 IPC 3(1) (2)(A) PDPP Act പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിലേയ്ക്ക് 8 പ്രതികളെ അറസ്റ്റുചെയ്ത് ബഹു. കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും ടിയാന്മാരെ റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്കൂൾ പരിസരങ്ങളിൽ ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുള്ളതാണ്.

**ഇരിങ്ങാലക്കുട ചെട്ടിപ്പറമ്പ് വിജയന്റെ കൊലപാതകം**

149 (2096) ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകു മോ:

(എ) ഗുണ്ടാസംഘങ്ങളുടെയും അക്രമിസംഘങ്ങളുടെയും പ്രവർത്തനം സംസ്ഥാനത്തെ ക്രമസമാധാന നിലയെ എപ്രകാരമാണ് ബാധിച്ചതെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇരിങ്ങാലക്കുട ചെട്ടിപ്പറമ്പ് കനാൽ ബേസിൽ താമസിക്കുന്ന വിജയൻ എന്ന ആളെ മേയ് 26 ന് അർദ്ധ രാത്രി അക്രമി സംഘം വീട്ടിൽക്കയറി വെട്ടിക്കൊലപ്പെടുത്തിയ കേസ്സിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(സി) വിജയന്റെ മകനെ തേടി വന്ന അക്രമി സംഘം നിരപരാധിയായ അച്ഛനെ വീട്ടിൽ കയറി വെട്ടിക്കൊലപ്പെടുത്തുകയും കുടുംബാംഗങ്ങളായ സ്ത്രീകളെ മാരകമായി പരിക്കേൽപ്പിക്കുകയും ചെയ്ത സാഹചര്യം സംസ്ഥാനത്ത് എന്തുകൊണ്ടാണ് സംജാതമായതെന്ന് അന്വേഷിച്ച് കുറ്റവാളികളെ അറസ്റ്റ് ചെയ്ത് മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗുണ്ടാസംഘങ്ങളുടെയോ അക്രമിസംഘങ്ങളുടെയോ പ്രവർത്തനങ്ങൾ വ്യാപിച്ചിട്ടില്ലാത്തതും സംസ്ഥാനത്തെ ക്രമസമാധാനനിലയെ ബാധിച്ചിട്ടില്ലാത്തതുമാണ്. ഗുണ്ടാസംഘങ്ങളിലും അക്രമിസംഘങ്ങളിലും പ്രവർത്തിക്കുന്നവർക്കെതിരെ സി.ആർ.പി.സി. 107, കാപ്പാ എന്നീ നിയമങ്ങൾ പ്രകാരമുള്ള കരുതൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇരിങ്ങാലക്കുട ചെട്ടിപ്പറമ്പ് കനാൽ ബേസിൽ താമസിക്കുന്ന വിജയൻ എന്ന ആളെ മേയ് 26-ാം തീയതി അർദ്ധരാത്രി അക്രമിസംഘം വീട്ടിൽക്കയറി വെട്ടിക്കൊലപ്പെടുത്തിയ സംഭവത്തിൽ ടിയാന്റെ ഭാര്യയുടെ മൊഴിയുടെ

അടിസ്ഥാനത്തിൽ ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ ക്രൈം നം.413/18 U/s.143, 147, 148, 323, 324, 326, 307, 450, 302, 149 IPC ആയി കേസ്സ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. ഈ കേസ്സിൽ ഒരു JCL (Juvanile Conflict with Law) ഉൾപ്പെടെ 8 പേരെ അറസ്റ്റ്ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും 7 പേരെ ഇരിങ്ങാലക്കുട സബ് ജയിലിലും കേസ്സിലുൾപ്പെട്ട JCL-നെ ബഹു.പ്രിൻസിപ്പൽ മജിസ്ട്രേറ്റ് ആൻഡ് ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും ബഹുമാനപ്പെട്ട കോടതി ടിയാനെ തൃശ്ശൂർ ഒബ്സർവ്വേഷൻ ഹോമിൽ പാർപ്പിച്ചിട്ടുള്ളതുമാണ്.

(സി) ഇക്കാര്യത്തിന് കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. 8 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും സംശയിക്കപ്പെടുന്ന മൂന്നുപേരെ അറസ്റ്റ് ചെയ്യുന്നതിനുവേണ്ട നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

**ചെങ്ങന്നൂരിൽ ടി.വി. ശൃംഖല നശിപ്പിക്കപ്പെട്ട സംഭവം**

150 (2097) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയത്തെ കെവിൻ എന്ന യുവാവിന്റെ ദുരഭിമാന കൊലപാതകത്തിന്റെ വാർത്തകൾ ഇക്കഴിഞ്ഞ മേയ് 28-ാം തീയതി ദൃശ്യമാധ്യമങ്ങളിലൂടെ ചെങ്ങന്നൂരിലെ ജനങ്ങളിലെത്താതിരിക്കുവാൻ ചിലർ ശ്രമിച്ചുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ദിവസം ചെങ്ങന്നൂരിൽ വ്യാപകമായി കേബിൾ ടി.വി. ശൃംഖല നശിപ്പിക്കപ്പെട്ടതിനും വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചതിനും പിന്നിൽ പ്രവർത്തിച്ചത് ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഈ നടപടിക്ക് പിന്നിൽ പ്രവർത്തിച്ചവർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ഇതുസംബന്ധിച്ച പരാതികൾ ഒന്നും പോലീസിന് ലഭിച്ചിട്ടില്ല.

**മികച്ച ക്രമസമാധാനത്തിനുള്ള അവാർഡ്**

151 (2098) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഏറ്റവും മികച്ച ക്രമസമാധാനത്തിനുള്ള ഏതെങ്കിലും അവാർഡ് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് കാലഘട്ടത്തിലെ ക്രമസമാധാന നിലയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത അവാർഡ് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ക്രമസമാധാനപാലനത്തിലെ മികവുകൂടി കണക്കിലെടുത്ത് 2016-ലും 2017-ലും മികച്ച സംസ്ഥാനമായി പബ്ലിക് അഫയേഴ്സ് ഇൻഡക്സ് കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ട്.

**പോലീസ് സേനയുടെ കുറ്റമറ്റ സേവനം**

152 (2099) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ വനിതാജീവനക്കാർ ഉൾപ്പെടെ ആകെ എത്ര ജീവനക്കാരുണ്ട്; ആകെ തസ്തികകളും വനിതാജീവനക്കാരുടെ തസ്തികകളും എത്ര എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരിൽ അഴിമതി/കൃത്യനിർവ്വഹണത്തിലെ വീഴ്ച തുടങ്ങി ഏതെല്ലാം കേസ്സുകളിൽ ഉൾപ്പെട്ട എത്ര ജീവനക്കാരുണ്ട് ; തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാന പോലീസ് സേനയിലെ ഉദ്യോഗസ്ഥരെ ഏതെല്ലാം കാര്യങ്ങൾക്കാണ് മുൻ സർക്കാരിന്റെ കാലയളവിൽ നിയോഗിച്ചിരുന്നത് എന്നും, ഇവയിൽ എന്തെങ്കിലും മാറ്റം ഈ സർക്കാർ വരുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പോലീസ് സേനയുടെ സേവനം കുറ്റമറ്റതും പൊതുജന ജീവിതത്തിന് സുരക്ഷ ഉറപ്പാക്കുന്ന തരത്തിലുള്ളതുമാക്കുന്നതിനായി ഈ സർക്കാർ ഇതുവരെ നടപ്പാക്കിയ പ്രവർത്തനങ്ങളും പ്രവർത്തന പുരോഗതിയും എന്ത് എന്നു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പോലീസ് സേനയിൽ വനിതാ ജീവനക്കാർ ഉൾപ്പെടെ ആകെ ജീവനക്കാരുടെ എണ്ണം 49,708 ആണ്.

ആകെ തസ്തികകളുടെ എണ്ണം - 49708

വനിതാ പോലീസുകാരുടെ ആകെ തസ്തിക – 4205

(ബി) പ്രസ്തുത ജീവനക്കാരിൽ അഴിമതി / കൃത്യനിർവ്വഹണത്തിലെ വീഴ്ച തുടങ്ങി കേസ്സുകളിൽ ഉൾപ്പെട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| DC/DySP/AC | 2 |
| CI/RI/API | 3 |
| SI/RSI/APSI/SI(G) | 125 |
| ASI/RASI/APASI/ASI(G) | 38 |
| SCPO/WSCPO/SCPO(G) | 152 |
| CPO/WCPO | 313 |
| Total | 633 |

(സി) സംസ്ഥാന പോലീസ് സേനയിലെ ഉദ്യോഗസ്ഥൻമാരെ കേരള സർക്കാരിന്റെയും സംസ്ഥാന പോലീസ് മേധാവിയുടെയും ഉത്തരവുകൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിധേയമായി ക്രമസമാധാന പരിപാലന ഡ്യൂട്ടികൾക്കും ഗതാഗത നിയന്ത്രണ ഡ്യൂട്ടികൾക്കും ബഹു.കോടതികളുടെ നിർദ്ദേശപ്രകാരമുള്ള ഡ്യൂട്ടികൾക്കായും പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും പൊതുതാൽപ്പര്യം സംരക്ഷിക്കുന്നതിനും വേണ്ടി മുൻസർക്കാരിന്റെ കാലത്ത് പോലീസ് സേനയെ ഉപയോഗിച്ചതുപോലെതന്നെ ഈ സർക്കാരിന്റെ കാലത്തും പോലീസ് സേനയെ ഉപയോഗിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് പോലീസിന്റെ സേവനം കുറ്റമറ്റതും പൊതുജനജീവിതത്തിന് സുരക്ഷ ഉറപ്പാക്കുന്ന തരത്തിലുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയെ നവീകരിക്കുന്നതിനും

ജനസൗഹൃദമാക്കുന്നതിനും പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി പദ്ധതി നടപ്പിലാക്കുകയും സ്ത്രീകൾക്കും കുട്ടികൾക്കും നിർഭയമായി പോലീസ് സ്റ്റേഷനുകളിൽ ചെന്ന് അവരുടെ ആവലാതികൾ ബോധിപ്പിക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ് ഡെസ്കുകളും മുതിർന്ന പൗരന്മാരെയും ഒറ്റയ്ക്ക് താമസിക്കുന്നവരെയും സഹായിക്കുന്നതിനായി സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്കുകളും പൊതുസ്ഥലങ്ങളിലും യാത്രയ്ക്കിടയിലും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും സഹായം നൽകുന്നതിനും പിങ്ക് പട്രോളിംഗ്, വനിതാ ഹെൽപ് ലൈൻ എന്നിവയും പ്രവർത്തിച്ചുവരുന്നു. കൂടാതെ പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ.മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയോഗിക്കുകയും കുറ്റാന്വേഷണ ചുമതലയും ക്രമസമാധാന പരിപാലനവും വേർതിരിച്ചതിനാൽ ലഭിക്കുന്ന പരാതികൾക്ക് വേഗത്തിൽ പരിഹാരം കാണുന്നതിനും കഴിയുന്നുണ്ട്.

## പോലീസ് അസോസിയേഷൻ സമ്മേളനം

153 (2100) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പോലീസ് അസോസിയേഷൻ സമ്മേളനവുമായി ബന്ധപ്പെട്ട് ഉണ്ടായ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പോലീസിന് രാഷ്ട്രീയ പാർട്ടിയുടെ നിറം കൈവന്നിട്ടുള്ളതായ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പോലീസിലെ രാഷ്ട്രീയവത്കരണം തടയുവാനും പക്ഷപാതിത്വം ഒഴിവാക്കുവാനുമുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

പോലീസിലെ രാഷ്ട്രീയവൽക്കരണം തടയുന്നതിനും പക്ഷപാതത്വം ഒഴിവാക്കുന്നതിനും ഉള്ള കർശന നിർദ്ദേശങ്ങൾ നിലനിൽക്കുന്നുണ്ട്.

## ജേക്കബ് തോമസ് വിജിലൻസ് ഡയറക്ടറായിരിക്കെ പുറപ്പെടുവിച്ച സർക്കുലറുകൾ

154 (2101) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി. ജി. പി. ജേക്കബ് തോമസ് വിജിലൻസ് ഡയറക്ടറായിരിക്കെ എത്ര സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സർക്കുലറുകൾ എന്തൊക്കെ കാര്യത്തിനായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ അദ്ദേഹം പുറപ്പെടുവിച്ച സർക്കുലറുകളിൽ എത്രയെണ്ണം പുതിയ ഡയറക്ടർ റദ്ദാക്കി; സർക്കാർ നിർദ്ദേശപ്രകാരമാണോ പ്രസ്തുത സർക്കുലറുകൾ റദ്ദാക്കിയതെന്ന് വ്യക്തമാക്കാമോ;

(ഡി) ഉന്നത നിയമനങ്ങൾക്ക് വിജിലൻസ് അനുമതി വേണമെന്ന സർക്കുലറുകളും റദ്ദാക്കിയ കൂട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ അഴിമതി നടത്തിയവരെ സർക്കാരിന് ഇഷ്ടമുള്ള തസ്തികയിൽ നിയമിക്കുന്നതിന് ഇത് ഇടയാക്കുകയില്ലേ ; വിശദമാക്കാമോ;

(ഇ) ജേക്കബ് തോമസ് പുറപ്പെടുവിച്ച സർക്കുലറുകളുടെ നിയമസാധുത സർക്കാർ പരിശോധിച്ചിരുന്നോ; എങ്കിൽ എന്നാണ് പരിശോധിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ& ബി) ഡി.ജി.പി. ശ്രീ. ജേക്കബ് തോമസ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറായിരിക്കെ 2016-ൽ 36 സർക്കുലറുകൾ പുറപ്പെടുവിച്ചു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) 31 സർക്കുലറുകൾ ഡയറക്ടർ റദ്ദാക്കി. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുമായും വിജിലൻസ് മാന്വലുമായും യോജിച്ച് പോകാത്തതുകൊണ്ടാണ് ഈ സർക്കുലറുകൾ റദ്ദാക്കിയത്.

(ഡി) ഉന്നതതലനിയമനങ്ങൾക്ക് വിജിലൻസ് ക്ലിയറൻസ് ആവശ്യമാണ് എന്നത് വ്യക്തമാക്കുന്ന 2 സർക്കുലറുകൾ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പും ഒരു സർക്കുലർ വിജിലൻസ് (ഇ) വകുപ്പും പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ സർക്കാർ തലത്തിൽ പുറപ്പെടുവിച്ചിട്ടുള്ളവയാണ്. ഇവ നിലനിൽക്കുന്നുണ്ട്.

(ഇ) ശ്രീ. ജേക്കബ് തോമസ് ഐ.പി.എസ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ആയിരുന്ന 2016 കാലഘട്ടത്തിൽ വിജിലൻസിനെ സംബന്ധിച്ച് 36 സർക്കുലറുകൾ പുറപ്പെടുവിക്കുകയുണ്ടായി. ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിലവിലുള്ള ഗവൺമെന്റ് ഉത്തരവുകളും സർക്കുലറുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 29-3-2017 -ന് ജി.ഒ. (പി.) 09/17/വിജി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിനും വിജിലൻസ് മാന്വലിനും മറ്റ് ഗവൺമെന്റ് ഉത്തരവുകൾക്കും സർക്കുലറുകൾക്കും അനുസൃതമല്ലാതെയുള്ള സർക്കുലറുകൾ (സർക്കുലർ 1/16 മുതൽ 36/16 വരെ) പരിശോധിക്കാൻ വേണ്ടി വിജിലൻസ് ഡയറക്ടർ ഒരു കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം, വിജിലൻസ് മാനുവലിന്റെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ 05/2016, 08/2016, 27/2016, 34/2016, 35/2016 എന്നീ അഞ്ച് സർക്കുലറുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിലനിർത്താനും ബാക്കിയുള്ള മുപ്പത്തിയൊന്ന് സർക്കുലറുകൾ അസ്ഥിരപ്പെടുത്തുവാനും തീരുമാനിക്കുകയും അതിൻപ്രകാരം വിജിലൻസ് ഡയറക്ടറുടെ 24-5-2018-ലെ പി-1483/2018/വി. എ.സി.ബി. നമ്പർ ഉത്തരവിലൂടെ മുപ്പത്തിയൊന്ന് സർക്കുലറുകൾ അസ്ഥിരപ്പെടുത്തുകയും അഞ്ച് സർക്കുലറുകൾ നിലനിർത്തുകയും ചെയ്തിട്ടുണ്ട്.

## പ്രത്യേക കമ്പനിയുടെ കാക്കിത്തുണി യൂണിഫോമിനായി വാങ്ങണമെന്ന നിർദ്ദേശം

155 (2103) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പോലിസുദ്യോഗസ്ഥരും ഒരേ തുണിത്തരത്തിലും നിറത്തിലുമുള്ള കാക്കി ധരിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഒരു പ്രത്യേക കമ്പനിയുടെ കാക്കിത്തുണി യൂണിഫോമിനായി വാങ്ങണമെന്ന് കോഴിക്കോട് ജില്ലാ പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അപ്രകാരം ഒരു നിർദ്ദേശത്തിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാന പോലീസ് മേധാവി ഒരു പ്രത്യേക കമ്പനിയുടെ പെയിന്റ് ഉപയോഗിച്ച് പോലീസ് സ്റ്റേഷനുകൾ പെയിന്റ് ചെയ്യണമെന്ന നിർദ്ദേശം മുൻപ് നൽകിയിരുന്നോ; ഇപ്രകാരം കമ്പനികളുടെ പേരുപറഞ്ഞ് ഉത്തരവ് നൽകുന്നത് ക്രമപ്രകാരമാണോ; വിശദമാക്കുമോ?

### ഉത്തരം

(എ) നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥരും ഒരേ തുണിത്തരത്തിലും നിറത്തിലുമുള്ള കാക്കി യൂണിഫോം ധരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 31-10-2017-ലെ സി5/172686/17 എന്ന സി.ഒ.ബി. സന്ദേശപ്രകാരം പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കോഴിക്കോട് സിറ്റിയിൽ യൂണിഫോം കളർ ഏകീകരിക്കുന്നതിനു വേണ്ടി ആംഡ് റിസർവ് ഡെപ്യൂട്ടി കമാൻണ്ടന്റിന്റെ കീഴിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും, ടി കമ്മിറ്റി തെരഞ്ഞെടുത്ത യൂണിഫോം തുണി വാങ്ങി തയ്പ്പിച്ച് ധരിക്കുവാൻ ജില്ലയിലെ പോലീസുകാർക്ക് ഉത്തരവ് നൽകിയിരുന്നു. എന്നാൽ സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ പോലീസ് മേധാവി പുറത്തിറക്കിയ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്.

(സി) ഇത്തരത്തിൽ നിർദ്ദേശം നൽകിയിട്ടില്ല.

## ക്രമസമാധാന ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥർ

156 (2104) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എൻ . എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്രമസമാധാന ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥരെ മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ സുരക്ഷാ ചുമതല ഉൾപ്പെടെയുള്ള അധിക ജോലികൾക്ക് നിയോഗിച്ചതുമൂലം ക്രമസമാധാനം തകരുന്നതിനോ കൊലപാതകങ്ങൾ സംഭവിക്കുന്നതിനോ ഇടയാക്കിയ സ്ഥിതി വിശേഷം ഉണ്ടായിട്ടുണ്ടോ;

(ബി) സുരക്ഷാചുമതലയുൾപ്പെടെയുള്ള അധികജോലികൾക്ക് നിയോഗിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർ പൊതുജനങ്ങളിൽനിന്നുള്ള പരാതികൾ യഥാസമയം സ്വീകരിച്ച് അന്വേഷണം നടത്താത്തത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ യഥാസമയം അന്വേഷണം നടത്താത്തതിന്റെ പേരിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള സുരക്ഷാചുമതല വഹിച്ച ഉദ്യോഗസ്ഥനെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ടായിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

## മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ

157 (2105) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ മുതൽ നേരിട്ട് നിയമനം ലഭിച്ചിട്ടുള്ളവരും ഇപ്പോൾ സർവ്വീസിൽ തുടരുന്നവരുമായ ഉദ്യോഗസ്ഥരുടെ വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാന പോലീസ് മേധാവിയുടെ S29/48002/17 കത്ത് പ്രകാരം പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിൽ സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും ഇക്കാര്യത്തിൽ തുടർനടപടി എപ്പോൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർമാരായി നേരിട്ട് നിയമനം ലഭിക്കുകയും അപ്രകാരം നിയമനം ലഭിച്ച് പ്രൊമോഷനായി സർവ്വീസിൽ തുടരുന്ന ഉദ്യോഗസ്ഥരുടെയും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ചുവടെ ചേർക്കുന്നു:

1. ഡിഗ്രി/ഡിപ്ലോമ ഇൻ ആട്ടോ മൊബൈൽ/മെക്കാനിക്കൽ എഞ്ചിനീയറിംഗ്.
2. ഹെവി ഡ്യൂട്ടി ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.
3. ഡിപ്ലോമ ഉള്ളവർക്ക് ഏതെങ്കിലും സർക്കാർ അംഗീകാരമുള്ള വർക്ക്ഷോപ്പിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയവും, ബി-ടെക് ബിരുദധാരികൾക്ക് ഒരു വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം.
4. ഹവിൽദാർ മെക്കാനിക്കിൽ നിന്നും പ്രൊമോഷൻ ലഭിച്ച് സർവ്വീസിൽ തുടരുന്ന മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർമാരുടെ അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി., ഐ.റ്റി.ഐ. കൂടാതെ ഹെവി ഡ്യൂട്ടി ഡ്രൈവിംഗ് ലൈസൻസ്, ഹവിൽദാർ മോട്ടോർ മെക്കാനിക്കായി മൂന്നു വർഷത്തെ സേവനം എന്നിവയാണ്.

(ബി&സി) സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

**മുൻ മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണം**

158 (2106) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിലെ എത്ര മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്; ഓരോ മുൻ മന്ത്രിമാരുടെയും അവർക്കെതിരെയുള്ള ചാർജ്ജുകളുടെയും വിശദവിവരം നൽകുമോ;

(ബി) ഇതിൽ എത്ര പേർക്കെതിരെ എഫ്.ഐ.ആർ. ചുമത്തി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിലെ 9 മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൽ 6 പേർക്കെതിരെ FIR ചുമത്തി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയിചേർക്കുന്നു.*

**വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ**

159 (2107) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പോലീസ് സേനയിൽ വിജിലൻസ് അന്വേഷണം നേരിടുന്ന എത്ര ഉദ്യോഗസ്ഥരുണ്ട് എന്ന് വെളിപ്പെടുത്തുമോ; ഇവരുടെ റാങ്ക് അനുസരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് വിജിലൻസ് അന്വേഷണം നേരിടുന്ന പത്ത് പോലീസ് ഉദ്യോഗസ്ഥരുണ്ട്. അവരുടെ റാങ്ക് അനുസരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**കുടുംബ കോടതി**

160 (T*2108) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കുന്നതിന് നിയമ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടുംബ കോടതി ഏതു വർഷത്തിലാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) കുടുംബ കോടതിക്ക് എത്ര ജീവനക്കാരാണ് വേണ്ടത് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ജീവനക്കാരെ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ ;

(ഡി) 2018 ഡിസംബർ മാസത്തിനു മുൻപ് കുടുംബ കോടതിയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കണമെന്ന നെയ്യാറ്റിൻകര ബാർ അസോസിയേഷന്റെ 28-6-2013-ലെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 29-9-2015-ൽ ഹൈക്കോടതി രജിസ്ട്രാർ (Subordinate Judiciary) ഒരു പ്രൊപ്പോസൽ സർക്കാരിന് നൽകുകയുണ്ടായി. ആയതുപ്രകാരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

30 തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നു, എന്നാൽ ഈ പ്രൊപ്പോസലിൽ കോടതി സ്ഥാപിക്കാനുള്ള സ്ഥലം എവിടെയാണെന്ന് പരാമർശിച്ചിരുന്നില്ല. തുടർന്ന് സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോടതി സ്ഥാപിക്കാനുള്ള സ്ഥലം ലഭ്യമാകാതെ staff pattern ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് അനുമതി നൽകാൻ കഴിയില്ല എന്ന് സർക്കാർ വിലയിരുത്തി. ഈ വിഷയം ഹൈക്കോടതി രജിസ്ട്രാറുമായി ബന്ധപ്പെട്ടത് അനുസരിച്ച് ഹൈക്കോടതി രജിസ്ട്രാർ 28-3-2016-ൽ ഒരു റിപ്പോർട്ട് കൂടി നൽകി. പ്രസ്തുത റിപ്പോർട്ടിൽ നെയ്യാറ്റിൻകരയിൽ Womens Cell പ്രവർത്തിച്ചിരുന്ന സ്ഥലത്ത് കോടതി സ്ഥാപിക്കാനുള്ള സ്ഥലവും കെട്ടിടവും ലഭ്യമാണെന്നും അവിടെ കോടതി സ്ഥാപിക്കാൻ ആകുമെന്നും റിപ്പോർട്ട് ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ Womens Cell പ്രവർത്തിക്കുന്ന കെട്ടിടം കോടതി സ്ഥാപിക്കുവാൻ ലഭ്യമാകുന്നതിനെ സംബന്ധിച്ച് പോലീസ് മേധാവിയുടെ റിപ്പോർട്ട് ആരാഞ്ഞു. പോലീസ് മേധാവി നൽകിയ റിപ്പോർട്ടിൽ റവന്യൂ വകുപ്പിന്റെ അധീനതയിൽപ്പെട്ട കെട്ടിടത്തിലാണ് ഇപ്പോൾ G.O. (Rt) No.464/16/ ആഭ്യന്തരം പ്രകാരം തിരുവനന്തപുരം റൂറൽ എ.ആർ. ക്യാമ്പ് പ്രവർത്തിച്ചു വരുന്നതെന്നും നെയ്യാറ്റിൻകരയിൽ പ്രവർത്തിച്ചുവരുന്ന വനിത സഹായ സെൽ ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്ത് നിന്ന് മാറ്റി സ്ഥാപിച്ചാൽ ആയതിന് പകരമായി മറ്റ് സ്ഥലങ്ങൾ ലഭ്യമല്ല എന്നും അറിയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ നെയ്യാറ്റിൻകരയിൽ ഫാമിലി കോടതി സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമല്ല എന്ന അവസ്ഥയാണുള്ളത്. നെയ്യാറ്റിൻകരയിൽ കുടുംബകോടതി ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി നിർദ്ദേശിക്കാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിൽ കോടതികൾ പുതുതായി സ്ഥാപിക്കുന്ന വിഷയം ഒന്നുംതന്നെ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. കോടതികൾ പുതുതായി ആരംഭിക്കുന്നത് സംബന്ധിച്ച വസ്തുത വിശകലനം നടത്തി സമഗ്രമായ നിർദ്ദേശം നൽകാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അപ്രകാരം റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ പുതിയ കോടതികൾ തുടങ്ങുന്ന വിഷയം സർക്കാർ പരിശോധിക്കുകയുള്ളൂ.

**കോടതി വിധികൾ**

161 (2109) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതി വിധികൾ ഔദ്യോഗിക ഭാഷയായ മലയാളത്തിൽ വേണമെന്ന് സർക്കാർ ആവശ്യപ്പട്ടിട്ടുണ്ടോ; പ്രസ്തുത ആവശ്യത്തിന്മേലുള്ള ഹൈക്കോടതിയുടെ തീരുമാനം എന്താണ്;

(ബി) വിധികൾ മലയാളത്തിൽ പരിഭാഷപ്പെടുത്തുവാൻ കീഴ്ക്കോടതികളിൽ വിവർത്തകരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിവർത്തകരുടെ നിയമനം പി.എസ്.സി. വഴി ആണോ നടത്തുന്നത്; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

ഉത്തരം

(എ-സി) കോടതിഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട ഔദ്യോഗികഭാഷാ ഉന്നതതലസമിതിയുടെ 16-4-2018-ലെ മീറ്റിംഗിലെ തീരുമാനപ്രകാരം കോടതി വിധികളുടെ പകർപ്പ് മലയാളത്തിൽ കൂടി ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ കീഴ് കോടതികളിൽ 222 പരിഭാഷകരുടെ തസ്തിക സൃഷ്ടിക്കുവാൻ തത്വത്തിൽ തീരുമാനിക്കുകയും ആയതിനുള്ള വിശദമായ നിർദ്ദേശം സമർപ്പിക്കുവാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർനടപടി കൈക്കൊള്ളുന്നതാണ്.

**കോതമംഗലത്ത് മുൻസിഫ് കോടതി**

162 (2110) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മുൻസിഫ് കോടതി ഇല്ലാത്ത ഏക താലൂക്ക് ആണ് കോതമംഗലം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോതമംഗലത്ത് മുൻസിഫ് കോടതി എന്ന ആവശ്യം പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച C5/36/17/Home എന്ന ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ഡി) കോതമംഗലം താലൂക്കിൽ മുൻസിഫ് കോർട്ട് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. മുൻസിഫ് കോടതികളുടെ താലൂക്ക് തലത്തിലുള്ള വിവരം പ്രത്യേകം സൂക്ഷിക്കാറില്ല.

(ബി - ഡി) കോതമംഗലത്ത് മുൻസിഫ് കോടതി ആരംഭിക്കുന്നത് ഉൾപ്പെടെ ധാരാളം സ്ഥലങ്ങളിൽ പുതിയ കോടതികൾ ആരംഭിക്കണം എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് നിരവധി നിവേദനങ്ങളും കത്തുകളും സർക്കാരിൽ

ലഭിക്കുകയുണ്ടായി. കോടതികൾ സ്ഥാപിക്കണം എന്ന ആവശ്യം നിലവിലെ കോടതികളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസ്സുകളുടെ എണ്ണം, തീർപ്പാകാതെ കിടക്കുന്ന കേസ്സുകളുടെ സ്വഭാവം, സ്ഥലലഭ്യത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് മാത്രമേ തീരുമാനം കൈക്കൊള്ളാൻ കഴിയൂ. ഇപ്രകാരം എല്ലാവശങ്ങളും പരിശോധിച്ച് വസ്തുതാവിശകലനം നടത്തി ഏറ്റവും ആവശ്യമായ കോടതികൾ സ്ഥാപിക്കുവാനുള്ള ഒരു നിർദ്ദേശം നൽകാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**അടിവാരത്ത് ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി**

163 (2111) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ അടിവാരത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അടിവാരത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടിയിൽ ഒരു ഫയർ & റെസക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി സാധ്യതാപഠനം നടത്തിയിട്ടുണ്ട്. പുതുപ്പാടിയിൽ ഫയർ സ്റ്റേഷന് സ്ഥിരം സംവിധാനം ഒരുക്കുന്നതിന് പഞ്ചായത്ത് കൈതപ്പൊയിലിൽ കണ്ടെത്തിയ പുറമ്പോക്ക് സ്ഥലമോ, 9-ാം വാർഡിലെ പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക് സ്ഥലമോ ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് അധികൃതർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടി ഫയർ സ്റ്റേഷന് താൽക്കാലികമായി നിലയം സ്ഥാപിക്കുന്നതിന് പഞ്ചായത്ത് നിർദ്ദേശിച്ച അടിവാരം പഞ്ചായത്ത് ബസ് സ്റ്റാന്റ് കെട്ടിടത്തിൽ ഓഫീസ് റൂം പ്രവർത്തിക്കുവാൻ മാത്രമാണ് സ്ഥലമുള്ളതെന്നും ഗ്യാരേജ്, വാച്ച് റൂം, വിശ്രമമുറി, ബാത്ത് റൂം, സ്റ്റോർ റൂം എന്നിവയ്ക്ക് സൗകര്യമില്ലായെന്നും പ്രസ്തുത സൗകര്യങ്ങൾ പഞ്ചായത്ത് അധികൃതർ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ സൗകര്യങ്ങളൊന്നും ഒരുക്കിയിട്ടില്ല. സ്ഥലവും കെട്ടിടവും ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**തിരൂരങ്ങാടി ഫയർ സ്റ്റേഷൻ**

164 (2112) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഫയർ സ്റ്റേഷനു വേണ്ടി തെന്നല പഞ്ചായത്തിൽപ്പെട്ട കോഴിച്ചെനയിലുള്ള ദേശീയ പാതയുടെ ഭൂമി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് എന്നുണ്ടാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) തിരൂരങ്ങാടി ഫയർ & റെസക്യൂ സ്റ്റേഷന് വേണ്ടി തിരൂരങ്ങാടി താലൂക്കിൽ തെന്നല ഗ്രാമപഞ്ചായത്തിൽ തെന്നല വില്ലേജിൽപ്പെട്ട കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായ 7.47 ഏക്കർ ഭൂമിയിൽ നിന്നും 1 ഏക്കർ സ്ഥലം വകുപ്പിന് ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിന് വിട്ടു കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കോഴിക്കോട് സെൻട്രൽ പൊതുമരാമത്ത് വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ഭൂമി ഇതുവരെ ലഭ്യമായിട്ടില്ല. അനുയോജ്യമായ സ്ഥലവും കെട്ടിടവും ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതാണ്.

**മട്ടന്നൂർ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷന് പുതിയ കെട്ടിടം**

165 (2113) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരമുള്ള കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സമീപത്തുള്ള ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ എന്ന പ്രാധാന്യം പരിഗണിച്ച് എത്രയും വേഗം ഭരണാനുമതി നൽകുവാനും ഫണ്ട് ലഭ്യമാക്കി നിർമ്മാണ പ്രവൃത്തി അനുവദിക്കുവാനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - ഡി) മട്ടന്നൂർ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 3,60,00,000 രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത എസ്റ്റിമേറ്റിന്റെ ചില ഭേദഗതികൾ വരുത്തി

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് ഫയർ ആൻഡ് റെസ്ക്യൂ ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്.

2018-19 വാർഷിക ബഡ്ജറ്റിൽ മട്ടന്നൂർ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കേരള സർക്കാർ പ്രസ്സുകളുടെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ**

166 (2114) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ പ്രസ്സുകളുടെ സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂളിൽ മെഷിൻ വിഭാഗത്തിലെ കാറ്റഗറി 3-ലെ അസിസ്റ്റന്റ് ഫോർമാൻ തസ്തികയുടെ ഫീഡർ തസ്തികയായി ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് ഒന്നിനെ കൂടി ഉൾപ്പെടുത്തുന്നതാണെന്ന് പ്രിന്റിംഗ് ആൻഡ് സ്റ്റേഷനറി വകുപ്പ് സെക്രട്ടറി നൽകിയ ഉറപ്പ് നടപ്പിലാക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭേദഗതി നടപ്പിലാക്കാത്തതുമൂലം പ്രിന്റർ സീനിയർ ഗ്രേഡിന്റെയും ഓപ്പറേറ്റർ ഗ്രേഡ് ഒന്നിന്റെയും സംയുക്ത സീനിയോരിട്ടി ലിസ്റ്റിൽ നിന്നും സീനിയർ ആയ ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് ഒന്നിനെ മറികടന്നുകൊണ്ട് ജൂനിയർ ആയ എത്ര പ്രിന്റർ സീനിയർ ഗ്രേഡ് ഒന്നുകാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്; ഈ അപാകത പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ പ്രസ്സുകളിൽ ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് II ന്റെ എത്ര ഒഴിവുകൾ ഉണ്ട്; ഈ ഒഴിവുകൾ ഏത് തീയതി മുതലാണ് നിലവിൽ വന്നത്; ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് II ന്റെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) കോടതിയലക്ഷ്യ കേസ്സിൽ സമയപരിധി പാലിച്ചുകൊണ്ട് കരട് ചട്ടങ്ങൾ അന്തിമമാക്കി വിജ്ഞാപനം പുറപ്പെടുവിക്കേണ്ടി വന്നതിനാൽ പ്രസ്തുത ചട്ടങ്ങൾ പ്രസിദ്ധീകരിച്ചതിൽ ഒഴിവാക്കലുകളും തെറ്റുകളും ഉണ്ടായിട്ടുണ്ട്. അവ പരിഹരിക്കുന്നതിന് നിരവധി ഹർജികളും ലഭിച്ചിരുന്നു. അവയുടെ

അടിസ്ഥാനത്തിൽ ചട്ടങ്ങളിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ/ തിരുത്തലുകൾ മുഴുവൻ ക്രോഡീകരിച്ച് കരട് ഭേദഗതി ചട്ടങ്ങൾ തയ്യാറാക്കി 30-6-2018 ന് അകം ലഭ്യമാക്കാൻ അച്ചടിവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഭേദഗതി നടപ്പിലാക്കാത്തതുമൂലം പ്രിന്റർ സീനിയർ ഗ്രേഡിന്റെയും ഓഫ് സെറ്റ് പ്രിന്റിംഗ് മെഷിൻ ഓപ്പറേറ്റർ ഗ്രേഡ് 1-ന്റെയും സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും സീനിയർ ആയ ഓഫ് സെറ്റ് പ്രിന്റിംഗ് മെഷിൻ ഓപ്പറേറ്റർ ഗ്രേഡ് 1-നെ മറികടന്നുകൊണ്ട് ജൂനിയറായ 21 സീനിയർ ഗ്രേഡ് പ്രിന്റർമാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 10 ഒഴിവുകളുണ്ട്. 30-9-2016-ൽ നിലവിൽ വന്ന 7 ഒഴിവുകൾ 25-5-2017-ൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്ത 4 ഒഴിവുകൾ 15-10-2009-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കൊല്ലം കനാൽ പുനരുദ്ധാരണം

167 (2115) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ജലപാതയേയും ദേശീയ ജലപാത-3 നേയും തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീളുകയും 50 ശതമാനം പണികൾ പോലും പൂർത്തീകരിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നിലവിലുള്ള കരാർ അവസാനിപ്പിച്ച് അവശേഷിക്കുന്ന പ്രവൃത്തികൾ റീ-ടെൻഡർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ കൊല്ലം തോടിന്റെ (റ്റി.എസ്. കനാൽ) നവീകരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. റീച്ച് 1, 4, 5 എന്നിവയിലെ പുനരുദ്ധാരണ പ്രവൃത്തികൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വളരെ കുറവായതിനാൽ ടെർമിനേഷൻ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ കരാറുകാരന് നോട്ടീസ് നൽകി. തുടർന്ന് ഉപകരാറുകാരൻ ടെർമിനേഷൻ നടപടികൾ സ്വീകരിക്കുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. വിധിന്യായത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ജലവിഭവവകുപ്പ സെക്രട്ടറിയോട് പരാതിക്കാരനെ നേരിൽ കേട്ട് തീരുമാനം കൈക്കൊള്ളുവാൻ ഉത്തരവായതുപ്രകാരം 31-5-2018-ൽ

ഹിയറിംഗ് നടത്തുകയും പണി പുനരാരംഭിച്ച് 31-10-2018-നകം പൂർത്തീകരിക്കാമെന്ന് കരാറുകാരൻ ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി 31-10-2018 വരെ സമയപരിധി നൽകിയിട്ടുണ്ട്. ടി കനാലിന്റെ 3-ാം റീച്ചിലെ പണികൾ എഗ്രിമെന്റ് വച്ച് ആരംഭിച്ചിട്ടുണ്ട്. 2-ാം റീച്ചിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും മണ്ണ് നിക്ഷേപിക്കുവാൻ സ്ഥലം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. സ്ഥലം വാടകവ്യവസ്ഥയിൽ ഏറ്റെടുത്തശേഷം സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടത്തും. 6-ാം റീച്ച് പണി പൂർത്തീകരിച്ചിട്ടുള്ളതാണ്.

## സംസ്ഥാന ജലപാത നിർമ്മാണം

168 (T*2116) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലപാതയായ കൊല്ലം-തിരുവനന്തപുരം ജലപാതയുടെ നിർമ്മാണപ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജലപാത എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) സംസ്ഥാന ജലപാതയുടെ നിർമ്മാണത്തിനായി കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കരാറെടുത്തിരിക്കുന്ന വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ എതിരെ നിബന്ധനകൾ പാലിക്കാത്തതിന്റെ പേരിൽ ഏതെങ്കിലും വിധത്തിലുള്ള ശിക്ഷാനടപടികൾ /നിയമനടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) കൊല്ലം-തിരുവനന്തപുരം ജലപാതയിൽ കൊല്ലം ഭാഗത്ത് വെസ്റ്റ്കോസ്റ്റ് കനാലിന്റെ ഭാഗമായ കൊല്ലം തോടിന്റെ (ടി.എസ്. കനാൽ) നവീകരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. റീച്ച് 1,4,5 എന്നിവയിലെ പുനരുദ്ധാരണ പ്രവൃത്തികൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വളരെ കുറവായതിനാൽ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ തീരുമാനിക്കപ്പെടുകയും അതിനെതിരെ ഉപകരാറുകാരൻ കോടതിയെ സമീപിക്കുകയുമുണ്ടായി.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

കോടതി വിധിപ്രകാരം പരാതിക്കാരനെ നേരിൽ കേൾക്കുകയും കരാറുകാർ നൽകിയ ഉറപ്പിന്മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 31-10-2018 വരെ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതുമാണ്. ടി കനാലിന്റെ 3-ാം റീച്ചിലെ പണികൾ എഗ്രിമെന്റ് വച്ച് ആരംഭിച്ചിട്ടുണ്ട്. 2-ാം റീച്ചിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 6-ാം റീച്ച് പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. നടയറ കായൽ മുതൽ അഞ്ച്തെങ്ങ് കായൽ വരെയുള്ള ചില റീച്ചുകളിൽ പ്രവൃത്തി നടന്നുവരുന്നു. അതിൽ ശിവഗിരി ചെറിയ ടണലിന്റെ അറ്റകുറ്റപ്പണികളും ഉൾപ്പെടുന്നു. അഞ്ച്തെങ്ങ് കായൽ മുതൽ കഠിനംകുളം കായൽ വരെ ഏകദേശം 5.9 കിലോമീറ്റർ ദൂരം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 1.10 കിലോമീറ്റർ നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾ അടിയന്തരമായി നവീകരിക്കുന്നതിനും ജലപാതാ നവീകരണത്തിന്റെ ഭാഗമായി പുതിയ ടണൽ നിർമ്മിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. കഠിനംകുളം കായൽ മുതൽ ആക്കുളം കായൽ വരെ ടി.എസ്. കനാലിന്റെ ഏകദേശം 3.28 കിലോമീറ്റർ ദൂരം ഭാഗികമായി ഗതാഗതയോഗ്യമാണ്. ചെ.16.09 കിലോ മീറ്റർ മുതൽ 17.77 കിലോമീറ്റർ വരെയുള്ള പ്രവൃത്തി പുരോഗമിക്കുന്നു. KIIFB ധനസഹായത്തോടെ പാർവ്വതി പുത്തനാറിന്റെ പുനരുദ്ധാരണത്തിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി KWIL എന്ന പൊതുമേഖലാ സ്ഥാപനം മുഖേന നടപ്പാക്കിവരുന്നു.

(ബി) പ്രസ്തുത ജലപാത ഒന്നാം ഘട്ട വികസനം പൂർത്തിയാകുന്ന മുറയ്ക്ക് 2020 മെയ് മാസത്തിൽ ഗതാഗതയോഗ്യമാക്കാനാണ് തീരുമാനം.

(സി) വെസ്റ്റ് കോസ്റ്റ് കനാലിന്റെ വിവിധ ഭാഗങ്ങളിലെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷനിൽ നിന്നും വിവിധ പ്രവൃത്തികൾക്കായി 72.05 കോടി രൂപ അനുവദിച്ചിരുന്നു. അതിൽ 61.2534 കോടി രൂപ ചെലവഴിച്ചു. അതിൽ 3.82 കോടി രൂപ കൊല്ലം-തിരുവനന്തപുരം ഭാഗത്തെ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(ഡി) കൊല്ലം-തിരുവനന്തപുരം സംസ്ഥാന ജലപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട തിരുവനന്തപുരം വർക്കല ഭാഗങ്ങളിലായി 9 പ്രവൃത്തികളുടെ കരാറുകൾ കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്തിട്ടുള്ളതും ഇതിനെതിരെ കരാറുകാർ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെയും തിരുവനന്തപുരം ജില്ലാ കോടതി മുമ്പാകെയും കേസ് ഫയൽ ചെയ്തിട്ടുള്ളതുമാകുന്നു. കേസ് സംബന്ധിച്ച തുടർ നടപടികൾ നടന്നുവരുന്നു.

## കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച തീരദേശ പരിപാലന ചട്ടങ്ങൾ സംബന്ധിച്ച കരട് നിയമം

169 (2117) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ പരിപാലന ചട്ടങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് നിയമത്തിൽ ഭേദഗതികൾ വേണമെന്ന ആവശ്യം സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

തീരദേശ പരിപാലന ചട്ടങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് നിയമം സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും 16-6-2018-നകം സമർപ്പിക്കണമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കരട് നിയമം സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തയ്യാറാക്കി 11-6-2018-ന് മുമ്പ് ലഭ്യമാക്കുവാൻ വിവിധ വകുപ്പുകൾക്ക് (വ്യവസായം, ടൂറിസം, തദ്ദേശസ്വയംഭരണം, ഫിഷറീസ്) നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാലുടനെ ക്രോഡീകരിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നിശ്ചിത സമയത്തിനുള്ളിൽ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

## സർക്കാരിന്റെ രണ്ടാം വാർഷികാഘോഷം

170 (2118) ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ രണ്ടാം വാർഷികം ആഘോഷിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ജില്ലാതലങ്ങളിൽ സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) രണ്ടാം വാർഷികം കൊണ്ടാടുന്നതിന് ചെലവായ തുക ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) രണ്ടാം വാർഷികത്തോടനുബന്ധിച്ച് ഏതെല്ലാം അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിലാണ് പരസ്യങ്ങൾ നൽകിയതെന്നും ഇതിന് ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) രണ്ടാം വാർഷികാഘോഷത്തിന് പൊതുഖജനാവിൽനിന്ന് മൊത്തം എത്ര തുക ചെലവായെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് താഴെപ്പറയുന്ന പരിപാടികളാണ് ജില്ലാതലത്തിൽ സംഘടിപ്പിച്ചത്:

1. എല്ലാ ജില്ലകളിലും മണ്ഡലാടിസ്ഥാനത്തിലും വിവിധ പദ്ധതികളുടെ പ്രവൃത്തി ഉദ്ഘാടനവും പൂർത്തീകരിച്ച പദ്ധതികളുടെ ഉദ്ഘാടനവും.
2. വാർഷികാഘോഷ പരിപാടികളുടെ ജില്ലാതല ഉദ്ഘാടനം.
3. ഒരു വാരം വീതം നീണ്ടുനിൽക്കുന്ന ഉത്പന്ന പ്രദർശന വിപണനമേള, സാംസ്കാരിക പരിപാടികളും സെമിനാറുകളും.

(ബി) ജില്ല തിരിച്ചുള്ള 10-6-2018-ലെ കണക്ക് പ്രകാരമുള്ള ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | നാളിതുവരെ ചെലവായ തുക (രൂപ) |
|---|---|
| തിരുവനന്തപുരം | 28,70,000 |
| കൊല്ലം | 9,70,000 |
| പത്തനംതിട്ട | 10,70,000 |
| ആലപ്പുഴ | 5,70,000 |
| കോട്ടയം | 9,70,000 |
| ഇടുക്കി | 9,70,000 |
| എറണാകുളം | 9,70,000 |
| തൃശ്ശൂർ | 9,70,000 |
| പാലക്കാട് | 10,70,000 |
| മലപ്പുറം | 9,70,000 |
| കോഴിക്കോട് | 10,70,000 |
| വയനാട് | 9,70,000 |
| കണ്ണൂർ | 33,70,000 |
| കാസർഗോഡ് | 9,70,000 |

(സി) പരസ്യം നല്കിയിട്ടുള്ള അച്ചടി മാധ്യമങ്ങളുടെ വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആകാശവാണി എഫ്.എം., ക്ലബ് എഫ്.എം., റേഡിയോ മാംഗോ, റേഡിയോ മിർച്ചി, ബിഗ് എഫ്.എം. എന്നീ എഫ്.എം. റേഡിയോകളിലും പരസ്യം നല്കിയിട്ടുണ്ട്. 10-6-2018-ലെ കണക്ക് പ്രകാരം പരസ്യം നല്കിയ വകയിലുള്ള തുക ചെലവഴിച്ചിട്ടില്ല.

(ഡി) രണ്ടാം വാർഷികത്തോടനുബന്ധിച്ച് 10-6-2018-ലെ കണക്ക് പ്രകാരം 3,59,60,000 രൂപ (മൂന്ന് കോടി അമ്പത്തിഒമ്പത് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ചെലവായിട്ടുണ്ട്. ഇനം തിരിച്ച പട്ടിക ചുവടെ ചേർക്കുന്നു:

| ഇനം | 10-6-2018-ലെ കണക്ക് പ്രകാരം ചെലവായ തുക |
|---|---|
| ജില്ലാതല പ്രദർശന വിപണന മേളയ്ക്കായി താത്കാലിക ഹാംഗറുകളും സ്റ്റാളുകളും സജ്ജമാക്കുന്നതിന് | 1,30,00,000 |
| മൊബൈൽ എക്സിബിഷൻ | 9,00,000 |
| ജില്ലാതല പരിപാടികൾ | 1,45,80,000 |
| സംസ്ഥാനതല ഉദ്ഘാടന സമാപന പരിപാടികൾ | 32,00,000 |
| ഉദ്ഘാടന ചടങ്ങിലെ സാംസ്കാരിക പരിപാടികൾക്ക് കൊറിയോഗ്രാഫി | 5,00,000 |
| ന്യൂഡൽഹി കേരള ഹൗസിൽ എൽ.ഇ.ഡി. മോണിറ്റർ, ട്രാവൻകൂർ പാലസ് വളപ്പിലും കപൂർത്തല പ്ലോട്ടിലും താത്കാലിക ഹോർഡിംഗുകൾ എന്നിവ സ്ഥാപിക്കുന്നതിനും പത്രസമ്മേളനത്തിനും | 2,50,000 |
| ഹ്രസ്വചിത്ര നിർമ്മാണത്തിന് | 4,00,000 |
| സ്പോട്ട് ഫിലിം/കോർപ്പറേറ്റ് വീഡിയോ ഫിലിം എന്നിവയുടെ നിർമ്മാണത്തിന് | 23,80,000 |
| നവകേരളം പ്രത്യേക എപ്പിസോഡ് | 7,50,000 |

**മാനന്തവാടിയിൽ എൻ.സി.സി. പരിശീലന കേന്ദ്രം**

171 (2119) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി തലപ്പുഴയിൽ എൻ. സി. സി. പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) ഈ പരിശീലന കേന്ദ്രത്തിലേക്ക് ആവശ്യമായ തസ്തികകൾ ഏതെല്ലാമാണ്;

(സി) പരിശീലന കേന്ദ്രത്തിലേക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) മാനന്തവാടി തലപ്പുഴയിലെ എൻ. സി. സി. പരിശീലന കേന്ദ്രം എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ) കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള ആർമി ഓഫീസർമാർ ടി ബറ്റാലിയനിലെ കേഡറ്റുകളുടെ പരിശീലനത്തിനായി കോഴിക്കോട് എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പരിശീലന കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | ജൂനിയർ സൂപ്രണ്ട് | 1 |
| 2. | യു.ഡി.ക്ലാർക്ക് | 3 |
| 3 | ലോവർ ഡിവിഷൻ ക്ലാർക്ക് | 4 |
| 4 | യു.ഡി. ടൈപ്പിസ്റ്റ് | 1 |
| 5 | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | 1 |
| 6 | ഡ്രൈവർ | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | ലാസ്കർ | 10 |
| 9 | ചൗക്കിദാർ | 2 |
| 10 | പി.റ്റി.എസ്. | 1 |
| | ആകെ | 27 |

(സി&ഡി) പ്രസ്തുത കേന്ദ്രം ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## പൊതുചടങ്ങുകളിൽ കേരള ഗാനം

172 (2120) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല പൊതു ചടങ്ങുകളിലും മതപരമായ പ്രാർത്ഥനാ ഗീതങ്ങൾ ആലപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതൊഴിവാക്കുന്നതിന് മതേതരത്വ വീക്ഷണഗതിയിൽ ഊന്നിയതും കേരള തനിമയും സാംസ്കാരികമൂല്യവും ഉൾക്കൊണ്ടുള്ള ഗാനം ചിട്ടപ്പെടുത്തിയെടുത്ത് പൊതു ചടങ്ങുകളിൽ ആലപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതു ചടങ്ങുകളിൽ എല്ലാവർക്കും ചൊല്ലാവുന്ന ഒരു ഗാനം ചിട്ടപ്പെടുത്തിയെടുക്കുന്നതിന് ഉദ്ദേശ്യമുണ്ട്.

(സി) സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് കേരളത്തിലെ പ്രമുഖ കലാ-സാംസ്കാരിക പ്രവർത്തകരുമായി, 2018 മേയ് 26-ന് തൃശ്ശൂർ കേരള സാഹിത്യ അക്കാദമി അങ്കണത്തിൽവച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ആശയ വിനിമയം നടത്തിയിരുന്നു. കേരളത്തിന് അതിന്റെ ഭാഷ തനിമയേയും മതേതരത്വ സ്വഭാവത്തേയും എല്ലാം ആവിഷ്കരിക്കുന്ന രീതിയിലുള്ള ഒന്നോ രണ്ടോ മിനുട്ടിൽ ഒതുക്കി നിർത്താവുന്ന ഒരു പ്രാർത്ഥനാഗാനം ഉണ്ടായാൽ നന്നായിരിക്കുമെന്നും അതുസംബന്ധിച്ച നടപടികൾ കേരള സാഹിത്യ അക്കാദമി ഏറ്റെടുക്കുന്നതു നന്നായിരിക്കുമെന്നും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നല്ല പ്രാർത്ഥനാ ഗാനങ്ങൾ എഴുതി നൽകാനോ നിർദ്ദേശിക്കാനോ ആവശ്യപ്പെട്ടുകൊണ്ട് സാംസ്കാരിക പ്രവർത്തകർക്കുള്ള അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള കവിതകളിൽ നിന്ന് ഉചിതമായ ഭാഗങ്ങൾ തെരഞ്ഞെടുക്കാനുള്ള ശ്രമവും നടത്തിവരുന്നു.

## ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ മനു പി.ജി.ക്ക് നിയമന ഉത്തരവ് നൽകാൻ നടപടി

173 (2121) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ചിട്ടും വികലാംഗർ എന്ന കാരണത്താൽ പല പൊതു മേഖലാസ്ഥാപനങ്ങളും നിയമനം നൽകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി ഇപ്രകാരമുള്ള നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കെ.പി.എസ്.സി. കോഴിക്കോട് റീജിയണൽ ഓഫീസിൽനിന്നും 27-1-2018-ലെ ആർ.ഒ.ഡി. III(1)1064/09(2) നമ്പർ അഡ്വൈസ് പ്രകാരം മനു പി.ജി. എന്നയാൾക്ക് ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ ലോ വിഷൻ ടേണിൽ ഹെൽപ്പർ പോസ്റ്റിൽ അഡ്വൈസ് ചെയ്തിട്ടും കാഴ്ച കുറവെന്ന കാരണത്താൽ നാളിതുവരെയായി നിയമനം നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മനു പി.ജി. ക്ക് അടിയന്തരമായി നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) കരകൗശല വികസന കോർപ്പറേഷനിൽ ഒഴിവുള്ള ഹെൽപ്പർ തസ്തികയിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കോഴിക്കോട് റീജിയണൽ ഓഫീസിൽനിന്നും 7 പേരുടെ അഡ്വൈസ് ലഭിച്ചിരുന്നു. ഇതിൽ DA Hearing Impairment 3 പേരുടെയും DA Low Vision 3 പേരുടെയും DA Locomotor Disability ഒരാളുടേയും അഡ്വൈസാണ് ലഭിച്ചിരിക്കുന്നത്.

ഹെൽപ്പർ തസ്തികയിലേയ്ക്ക് പി.എസ്.സി.യിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിച്ച ശ്രീ. മനു DA Low Vision വിഭാഗത്തിൽപ്പെട്ടതാണ്. കോർപ്പറേഷന്റെ വിപണനശാലകളിലേയ്ക്ക് വികലാംഗ ഉദ്യോഗാർത്ഥികളെ നിയമിച്ചാൽ മറ്റ് ജീവനക്കാരുടെ അഭാവത്തിൽ കരകൗശല വസ്തുക്കൾ നിറഞ്ഞ യൂണിറ്റിൽ സ്വതന്ത്രമായി ചലിക്കുവാനോ ഉപഭോക്താക്കളുടെ ആവശ്യാനുസരണം സാധനങ്ങൾ എടുത്തു നൽകുവാനോ പ്രയാസമായിരിക്കുമെന്നും ഒന്നോ രണ്ടോ ജീവനക്കാരുള്ള വിപണനശാലകളിൽ തനിച്ച് ജോലി ചെയ്യേണ്ട അവസരത്തിൽ വിലപിടിപ്പുള്ള ഉത്പന്നങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുമെന്നും ആയത് കോർപ്പറേഷന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നും മേൽ സാഹചര്യത്തിൽ ഇവർക്ക് പകരമായി കോർപ്പറേഷന്റെ പ്രവർത്തനത്തെ ബാധിക്കാത്ത രീതിയിലുള്ള ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് ഉത്തരവ് നൽകണമെന്നും കരകൗശല വികസന കോർപ്പറേഷൻ സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

ഈ വിഷയം കമ്മീഷന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ പി.എസ്.സി. സെക്രട്ടറിയോട് സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

## പകർച്ചരോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ നടപടികൾ

174 (2122) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിപ വൈറസ്മൂലം മരണപ്പെട്ട രോഗികളുടെ പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇത്തരം വൈറസുകൾ പടർന്നുപിടിക്കാതിരിക്കുവാൻ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ മുൻകരുതലുകൾ എടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) മഴക്കാല രോഗങ്ങൾ പടരാതിരിക്കുവാൻ ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും ആയതിൻമേലുള്ള ഡി.എം.ഒ. മാരുടെ റിപ്പോർട്ടും ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ഡി) സ്ഥിരമായി മഴക്കാല രോഗങ്ങൾ പടരുന്ന സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഇ) ആരോഗ്യവകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ഈ വിഷയത്തിൽ നടത്തിയ മുന്നൊരുക്കങ്ങൾ സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ ;

(എഫ്) തദ്ദേശ സ്വയംഭരണ വകുപ്പിലെ ആരോഗ്യ പ്രവർത്തകരുടെയും ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥരുടെയും കൂട്ടായ പ്രവർത്തനം നടത്തുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ലഭ്യമായിട്ടുണ്ട്. 6-6-2018 -ന് രാവിലെ 10 മണിക്കുള്ള റിപ്പോർട്ട് പ്രകാരം 275 പേരുടെ സാമ്പിളുകൾ പരിശോധിച്ചതിൽ 18 പേർക്ക് നിപ വൈറസ് സ്ഥിരീകരിച്ചിട്ടുണ്ട്.

(ബി) വീഴ്ച ഉണ്ടായിട്ടില്ല.

(സി) പകർച്ചവ്യാധി പ്രതിരോധപ്രവർത്തനത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയുടെയും നിർദ്ദേശാനുസരണം 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പകർച്ചവ്യാധി പ്രതിരോധ/നിയന്ത്രണ കർമ്മ പരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. ആർദ്രം മിഷന്റെയും

പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യ പ്രവർത്തകരും ആരോഗ്യജാഗ്രതയോടൊപ്പം പ്രതിദിനം പ്രതിരോധം നടത്തുക വഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാനിർണ്ണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തുവരുന്നു. വ്യക്തി ശുചിത്വം, പരിസര ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധ രോഗ പ്രതിരോധ ബോധവത്ക്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡ്തല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി., ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുകുനിരീക്ഷണവും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചുവരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിനുപുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് ചെയ്ത് വരുന്നുണ്ട്. ആരോഗ്യപ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

മഴക്കാല രോഗങ്ങൾ പടരാതിരിക്കുവാൻ സ്വീകരിച്ച നടപടികളിന്മേലുള്ള ഡി.എം.ഒ. മാരുടെ ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. എല്ലാ ജില്ലകളിലും ഹൈറിസ്ക് ഏരിയകൾ കണ്ടെത്തിയിട്ടുണ്ട്. മുൻവർഷങ്ങളിൽ രോഗങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും കൊതുക് സാന്ദ്രത കൂടുതലുള്ളതും ശുദ്ധജലം കുറഞ്ഞതുമായ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഹൈറിസ്ക് ഏരിയകൾ ആയി കണക്കാക്കുന്നു.

(ഇ) സംസ്ഥാനത്ത് പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി ആരോഗ്യ വകുപ്പും ആർദ്രം മിഷനും തദ്ദേശഭരണ സ്ഥാപനങ്ങളും ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് ജനവരി മുതൽ ഡിസംബർ വരെ ആരോഗ്യ ബോധവത്കരണ പരിപാടിയായ "ആരോഗ്യജാഗ്രത" നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിവഴി സംസ്ഥാനത്ത് മുഖ്യ ആരോഗ്യപ്രശ്നമായി മാറിക്കൊണ്ടിരിക്കുന്ന പകർച്ചവ്യാധികളായ കൊതുക്ജന്യരോഗങ്ങളും ജലജന്യരോഗങ്ങളും പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനും കഴിയും. ആരോഗ്യത്തെ നിർണ്ണയിക്കുന്ന പ്രധാന സാമൂഹ്യ ഘടകങ്ങളായ പരിസര ശുചീകരണം, മാലിന്യനിർമ്മാർജ്ജനം, കൊതുക് നിയന്ത്രണം, കുടിവെള്ള ശുചിത്വം തുടങ്ങിയ ഉറപ്പ് വരുത്തുവാൻ വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട വകുപ്പുകളും ചിട്ടയായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൊതുക് സാന്ദ്രത കുറയ്ക്കുവാനും അതുവഴി കൊതുക്ജന്യരോഗങ്ങൾ നിയന്ത്രിക്കുവാനും മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഇടതടവില്ലാതെ ശുദ്ധജലലഭ്യത ഉറപ്പുവരുത്തുന്നതിനും ജന്തുജന്യരോഗ സാദ്ധ്യത കുറയ്ക്കുന്നതിനും ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യപരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഭക്ഷ്യവിഷബാധകൾ ഒഴിവാക്കുന്നതിനും ഓരോ വകുപ്പുകളും നിർബന്ധമായും അനുഷ്ഠിക്കേണ്ട ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. ഓരോ വകുപ്പിലും നിലവിലുള്ള നിയമങ്ങൾ (പഞ്ചായത്തീരാജ് നിയമം, മുനിസിപ്പൽ നിയമം, തിരു-കൊച്ചി പൊതുജനാരോഗ്യ നിയമം, മദ്രാസ് പൊതുജനാരോഗ്യ നിയമം, ഭക്ഷ്യസുരക്ഷാ നിയമം, ജലനിയമം) ഉൾപ്പെടുത്തിയിട്ടുള്ള ഹെൽത്തി കേരള പരിശോധനകളും ആരംഭിച്ചിട്ടുണ്ട്.

(എഫ്) പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി ആരോഗ്യവകുപ്പും ആർദ്രം മിഷനും തദ്ദേശഭരണ സ്ഥാപനങ്ങളും ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് കൂട്ടായ പ്രവർത്തനമാണ് ഇപ്പോൾ നടത്തിവരുന്നത്.

**പനി പടർന്നുപിടിക്കുന്നത് സംബന്ധിച്ച്**

175 (2123) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പനി പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ കർശനമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഇനിയും സ്വീകരിക്കുവാനുദ്ദേശിക്കുന്നത്;

(ബി) ഈ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രതിരോധപ്രവർത്തനങ്ങൾ കർശനമാക്കുന്നതിനായി നിലവിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും കൊതുക് ജന്യരോഗങ്ങൾ തടയുവാനായി ഫോഗിംഗ്, ഐ.ആർ.എസ്., ഐ.എസ്.എസ്. പ്രവർത്തനങ്ങളും അതുപോലെതന്നെ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം ജലജന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ശുദ്ധജലലഭ്യത ഉറപ്പുവരുത്തുകയും ആവശ്യാനുസരണമുള്ള ക്ലോറിനേഷനും സൂപ്പർ ക്ലോറിനേഷനും നടത്തി വരികയാണ്. ജനങ്ങൾക്കുള്ള ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ച് വരുന്നു. എല്ലാ ആശുപത്രികളിലും പനിയെ പ്രതിരോധിക്കാനുള്ള ആവശ്യമായ മരുന്നുകളും ഇതിനാവശ്യമായ ലാബ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

(ബി) പ്രതിരോധ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ അതാത് സമയത്ത് നൽകിവരികയും ചെയ്യുന്നുണ്ട്.

**നിപ വൈറസ് ബാധ**

176 (2124) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിപ വൈറസ് ബാധിച്ച് നാളിതുവരെ എത്ര പേർ മരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) നിപ വൈറസ് ബാധ സ്ഥിരീകരിക്കാൻ രക്ത സാമ്പിളുകൾ പരിശോധിക്കുന്നതിന് സംസ്ഥാനത്ത് സംവിധാനം ഇല്ലാത്തതുമൂലം രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും കാലതാമസം നേരിടുന്നുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാനായി എന്തെല്ലാം ബദൽ മാർഗ്ഗങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 18 പോസിറ്റീവ് കേസ്സുകൾ റിപ്പോർട്ട് ചെയ്തു. 16 പേർ മരണപ്പെട്ടു.

(ബി) രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും കാലതാമസം നേരിട്ടിട്ടില്ല.

(സി) ബാധകമല്ല.

## നിപ വൈറസ് ബാധയും കുപ്രചരണങ്ങളും

177 (2125) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് ബാധമൂലം മരണങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പരസ്യമായി പ്രചരണം നടത്തുന്നവർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള പ്രചരണങ്ങൾ നടത്തുന്നത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിപാ വൈറസ് ബാധമൂലം മരണങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പരസ്യമായി പ്രചരണം നടത്തുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 11 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇത്തരത്തിൽ പ്രചരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുകയും പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്തുവരുന്നുണ്ട്.

## നിപ വൈറസ് പ്രതിരോധ പ്രവർത്തനങ്ങൾ

178 (2126) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് മൂലമുള്ള മരണനിരക്ക് വർദ്ധിക്കുമ്പോഴും രോഗം നിയന്ത്രണവിധേയമാണെന്ന് ആരോഗ്യ വകുപ്പ് നിലപാട് സ്വീകരിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്ത് ഈ വൈറസ് ബാധ സംശയിക്കുന്ന എത്ര പേർ നിരീക്ഷണത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ വൈറസ് സംസ്ഥാനത്ത് പടരുവാനുണ്ടായ സാഹചര്യം കണ്ടെത്തിയിട്ടുണ്ടോ; നമ്മുടെ ആശുപത്രികളിൽ തന്നെ രോഗം പകരുവാനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ ആശുപത്രികളിൽ നിന്നും മറ്റൊരാൾക്ക് രോഗം പകരാതിരിക്കുന്നതിനുള്ള എന്തെങ്കിലും ക്രമീകരണം സംസ്ഥാനത്തെ ആശുപത്രികളിൽ നിലവിലുണ്ടോ;

(ഇ) നിപ വൈറസിന് മരുന്ന് കണ്ടെത്തുവാനുള്ള ശ്രമം തുടങ്ങുവാൻ ആലോചനയുണ്ടോ; വിശദാംശം നൽകുമോ; ആരുടെയൊക്കെ സഹകരണത്തിലാണ് ഈ സംരംഭമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആദ്യത്തെ രോഗിയിൽ നിന്നുമാത്രമാണ് മറ്റുള്ളവരിലേയ്ക്ക് രോഗം ബാധിച്ചത് എന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. മാത്രവുമല്ല 30-5-2018-ന് ശേഷം നാളിതുവരെ പുതുതായി ഒരു കേസ്സുപോലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് രോഗം നിയന്ത്രണവിധേയമാണെന്ന നിലപാട് ആരോഗ്യവകുപ്പ് സ്വീകരിച്ചത്.

(ബി) 5-6-2018-ന് വൈകിട്ട് 5 മണി വരെയുള്ള കണക്ക് പ്രകാരം 2285 പേർ നിരീക്ഷണത്തിലാണ്.

(സി) ഇതുസംബന്ധിച്ച് വിദഗ്ദ്ധ സംഘത്തിന്റെ പഠനം നടന്നുകൊണ്ടിരിക്കുകയാണ്. ആദ്യഘട്ടത്തിൽ ആശുപത്രിയിൽ നിന്ന് രോഗം പകരുകയുണ്ടായെങ്കിലും തുടർന്ന് ഈ സാഹചര്യം ഉണ്ടായിട്ടില്ല.

(ഡി) നിലവിലുണ്ട്.

(ഇ) ആലോചനയിലുണ്ട്. WHO, ICMR, Manipal വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവരുടെ സഹകരണത്തിലാണ് ഈ സംരംഭം തുടങ്ങാൻ പോകുന്നത്.

**നിപ വൈറസ് - സോഷ്യൽ മീഡിയ വഴിയുള്ള കുപ്രചരണങ്ങൾ**

179 (2127) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ സോഷ്യൽ മീഡിയ വഴി അടിസ്ഥാന രഹിതവും തെറ്റിദ്ധാരണയും ഭീതിയും പരത്തുന്നതുമായ വാർത്തകൾ പ്രചരിപ്പിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളും മറ്റ് ആരോഗ്യ ശീലങ്ങളും സംബന്ധിച്ച് അടിസ്ഥാനരഹിതമായ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ അശാസ്ത്രീയ വാർത്തകളും വിവരങ്ങളും പ്രചരിപ്പിക്കുന്നത് നിയന്ത്രിക്കുന്നതിനും ശാസ്ത്രീയ വിശകലനം നൽകുന്നതിനും ആരോഗ്യ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആഭ്യന്തര വകുപ്പ് കേസെടുത്ത് അന്വേഷണം നടത്തിവരുന്നു.

(സി) അശാസ്ത്രീയ വാർത്തകളും വിവരങ്ങളും പ്രചരിപ്പിക്കുന്നത് നിയന്ത്രിക്കുന്നതിനും ശാസ്ത്രീയ വിശകലനം നൽകുന്നതിനും ആരോഗ്യവകുപ്പ് വിശദമായ പത്രക്കുറിപ്പുകളും മാധ്യമങ്ങളിലൂടെയുള്ള ബോധവത്കരണവും നടത്തിവരുന്നു.

**ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരോഗ്യ ക്യാമ്പുകൾ**

180 (2128) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്ന് ഉൻമൂലനം ചെയ്യപ്പെട്ട പല രോഗങ്ങളും പകർച്ചവ്യാധികളും തിരികെ വരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാനത്തൊഴിലാളികൾ മുഖേനയാണ് ഇവ തിരികെ വരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് തടയുന്നതിനായി തൊഴിൽ വകുപ്പുമായി സഹകരിച്ച് ഇതര സംസ്ഥാന തൊഴിലാളികൾക്ക് സംസ്ഥാനത്ത് തൊഴിലെടുക്കുവാൻ വരുന്ന അവസരത്തിൽ തന്നെ മുൻകരുതൽ വാക്സിനേഷൻ ഉൾപ്പെടെയുള്ളവ നൽകുന്നതിനും ആരോഗ്യകാർഡ് നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ സംസ്ഥാനത്ത് പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ച് വാക്സിനേഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ - സി) സംസ്ഥാനത്തുനിന്ന് ഉന്മൂലനം ചെയ്യപ്പെട്ട രോഗങ്ങളൊന്നും തന്നെ തിരിച്ചുവന്നിട്ടില്ല.

(ഡി) ആരോഗ്യവകുപ്പ് തൊഴിൽ വകുപ്പുമായി സഹകരിച്ച് ഇതരസംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ നിശ്ചിത ഇടവേളകളിൽ മെഡിക്കൽ ക്യാമ്പുകളും പകർച്ചവ്യാധി പരിശോധനകൾക്കായി സ്ക്രീനിംഗ് ക്യാമ്പുകളും നടത്തിവരുന്നുണ്ട്. കൂടാതെ ഇത്തരം തൊഴിലാളികൾക്കിടയിൽ ആരോഗ്യ അവബോധം സൃഷ്ടിക്കുന്നതിന് ക്ലാസ്സുകളും നൽകുന്നുണ്ട്.

### നിപ വൈറസിന്റെ ഉറവിടം

181 (2129) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 'നിപ' വൈറസിന്റെ ഉറവിടം കണ്ടെത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

WHO, NCDC, ICMR, MCVR, Manipal, NIV പൂനെ എന്നിവിടങ്ങളിലെ വിദഗ്ദ്ധർ ചേർന്ന് ഇതുസംബന്ധിച്ച് സമഗ്രമായ പഠനം നടത്തിവരുന്നു.

### നിപ വൈറസ്

182 (2130) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് ബാധമൂലം മരണം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആശുപത്രികളിൽ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിപ വൈറസ് ബാധ പരിശോധനക്കുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിലെ ജീവനക്കാർക്കും രോഗികളുടെ കൂട്ടിരിപ്പുകാർക്കും മറ്റ് രോഗികൾക്കും രോഗബാധ വരാതിരിക്കാനുള്ള മുൻകരുതലുകൾ എല്ലാ ആശുപത്രികളിലും നടപ്പാക്കിയിട്ടുണ്ട്. എല്ലാ ജില്ല/ജനറൽ/മെഡിക്കൽ കോളേജ് ആശുപത്രികളിലും ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കി പേഴ്സണൽ പ്രൊട്ടക്ഷൻ എക്യുപ്മെന്റ് ഒരുക്കി നൽകിയിട്ടുണ്ട്. അതുപോലെ കൂട്ടിരിപ്പുകാരുടെ എണ്ണം നിയന്ത്രിക്കാനും സന്ദർശകരെ നിയന്ത്രിക്കാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആംബുലൻസിന്റെ ലഭ്യതയും ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ ജീവനക്കാർക്ക് ബോധവത്കരണവും നടത്തുന്നുണ്ട്.

(ബി) തൽക്കാലം പരിഗണനയിലില്ല.

### വ്യാജ ചികിത്സകർക്കെതിരെയുള്ള നടപടികൾ

183 (2131) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുക്തിഭദ്രമല്ലാത്തതും അശാസ്ത്രീയവുമായ കാര്യങ്ങൾ, ആധുനിക വൈദ്യശാസ്ത്രത്തിനും ചികിത്സയ്ക്കുമെതിരെ പ്രചരിപ്പിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) നിയമവിധേയമായി ഇത്തരക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും വ്യാജചികിത്സ അവസാനിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആധുനിക വൈദ്യശാസ്ത്രത്തിനെതിരെ ഒളിഞ്ഞും തെളിഞ്ഞും പ്രചരണം നടത്തുന്ന ചെറിയ ഒരു വിഭാഗം യാതൊരു അടിസ്ഥാനവുമില്ലാതെ കാര്യങ്ങളെ പ്രചരിപ്പിച്ചുകൊണ്ട് സാമൂഹ്യമാധ്യമങ്ങളിലും മറ്റു മീഡിയകളിലും പ്രത്യക്ഷപ്പെടുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മനുഷ്യ സമൂഹത്തിന് ഏറ്റവും ദോഷകരമായിട്ടുള്ള പല സാംക്രമികരോഗങ്ങളുടെയും വസൂരി, കോളറ, അഞ്ചാംപനി, പോളിയോ, ഡിഫ്ത്തീരിയ, വില്ലൻചുമ, ടെറ്റനസ് തുടങ്ങിയ രോഗങ്ങൾക്കെതിരെ ശക്തമായ ബോധവത്ക്കരണ പരിപാടികളിലൂടെയും ഉന്മൂലനം ചെയ്യുകയും നിയന്ത്രണ വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

ശാസ്ത്രീയമായി നയിക്കപ്പെട്ട വൈദ്യശാസ്ത്ര പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതോ തെറ്റിദ്ധരിപ്പിക്കുന്നതിനോ അവാസ്തവ പ്രചരണങ്ങൾ നടത്തുന്ന ആളുകൾക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല ഈ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളുടെയിടയിൽ പത്ര മാധ്യമങ്ങളിലൂടെയും ഇലക്ട്രോണിക് മീഡിയ വഴിയും (റ്റി.വി./റേഡിയോ) നവ മാധ്യമങ്ങൾ വഴിയും ശക്തമായ എതിർപരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) വ്യാജ ചികിത്സ നടത്തുന്നത് നിയമവിരുദ്ധമായ നടപടിയാണ്. അതിനെതിരെ ശക്തമായ നിയമന നടപടികൾ സ്വീകരിച്ചുവരുന്നു.

**നഴ്സസ് ആൻഡ് മിഡ് വൈഫ്സ് കൗൺസിൽ**

184 (2132) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നഴ്സസ് ആൻഡ് മിഡ് വൈഫ്സ് കൗൺസിലിന്റെ കാലാവധി എന്നു വരെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ തെരഞ്ഞെടുപ്പിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്, ഏതു ഗസറ്റിൽ പ്രസിദ്ധീകരിച്ചു, ഓരോ വിഭാഗത്തിലും എത്ര വോട്ടർമാർ വീതമുണ്ട്; വിശദമാക്കാമോ;

(ഡി) റിട്ടേണിംഗ് ഓഫീസറുടെ നിയമന രീതി എന്താണ്; ഇപ്പോഴത്തെ തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി റിട്ടേണിംഗ് ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഉത്തരവ് അനുസരിച്ച്; വിശദമാക്കാമോ;

(ഇ) പുതിയ റിട്ടേണിംഗ് ഓഫീസർ ചാർജ്ജ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു തീയതിയിലാണ് ചാർജ്ജ് എടുത്തത്; അങ്ങനെ പുതുതായി ചാർജ്ജ് എടുത്ത റിട്ടേണിംഗ് ഓഫീസറെ മാറ്റാൻ ഇപ്പോൾ കൗൺസിൽ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്ത് സാഹചര്യത്തിലാണ് മാറ്റാൻ തീരുമാനിച്ചത്; വിശദീകരിക്കുമോ;

(എഫ്) റിട്ടേണിംഗ് ഓഫീസറെ നിയമിച്ചതിനുശേഷം തെരഞ്ഞെടുപ്പു നടപടികൾ അവസാനിക്കുന്നതിന് മുൻപായി റിട്ടേണിംഗ് ഓഫീസറെ മാറ്റുന്നത് നിയമാനുസൃതമാണോ; നിയമാനുസൃതമായിട്ടാണു മാറ്റിയതെങ്കിൽ ഏത് നിയമത്തിലെ ഏതു വ്യവസ്ഥപ്രകാരമാണ്;വിശദമാക്കാമോ;

(ജി) ചാർജ്ജ് എടുത്ത റിട്ടേണിംഗ് ഓഫീസറെ മാറ്റാൻ തീരുമാനിച്ചത് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണോ; സ്വാഭാവിക നീതി ഉറപ്പു വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 1953-ലെ നഴ്സസ് ആൻഡ് മിഡ് വൈവ്സ് ആക്റ്റ് 7 (1) (b) വകുപ്പ് പ്രകാരം നിലവിലുള്ള കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് കൗൺസിലിന്റെ കാലാവധി 29-5-2013-ന് അവസാനിച്ചുവെങ്കിലും പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതു വരെ ടി ആക്റ്റ് 7 (2) വകുപ്പുപ്രകാരം നിലവിലുള്ള കൗൺസിൽ തുടർന്നുവരുന്നു.

(ബി) ആരംഭിച്ചിട്ടുണ്ട്.

(സി) ഇല്ല. കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതു പ്രകാരം ലഭിച്ച ആക്ഷേപാഭിപ്രായങ്ങൾ പരിശോധിച്ചുവരുന്നു.

(ഡി) 1972-ലെ കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് റൂൾസിലെ 5-ാം നമ്പർ റൂൾ പ്രകാരം കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് കൗൺസിൽ പ്രസിഡന്റ് എന്ന നിലയിൽ തന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പ്രസിഡന്റാണ് വരണാധികാരിയെ നാമനിർദ്ദേശം ചെയ്യുന്നത്.

കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് കൗൺസിൽ പ്രസിഡന്റിന്റെ 3-5-2018-ലെ ഇ 3016/2013/എൻ.സി. നമ്പർ ഉത്തരവ് പ്രകാരമാണ് വരണാധികാരിയെ നിമയിച്ചിട്ടുള്ളത്.

(ഇ) 3-5-2018-ന് പുതിയ റിട്ടേണിംഗ് ഓഫീസർ ചാർജ്ജ് എടുത്തിട്ടുണ്ട്.

പുതിയ റിട്ടേണിംഗ് ഓഫീസറുടെ നിയമനവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് റിട്ടേണിംഗ് ഓഫീസറെ മാറ്റുന്നതിന് കൗൺസിൽ ആലോചിച്ചിട്ടുള്ളത്.

(എഫ്) 1972-ലെ കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് റൂൾസിലെ 6-ാം റൂൾ പ്രകാരം തെരഞ്ഞെടുപ്പ് തീയതി നിശ്ചയിച്ച് 40 ദിവസങ്ങൾക്കുമുമ്പ് വരണാധികാരിയുടെ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള നോട്ടീസ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതലാണ് വരണാധികാരിയുടെ ചുമതല ആരംഭിക്കുന്നത്. അപ്രകാരം നോട്ടീസ് പ്രസിദ്ധീകരിക്കാത്തതിനാൽ വരണാധികാരിയെ മാറ്റുന്നതിൽ അപാകതയില്ല. ടി റൂൾസിലെ 5-ാം നമ്പർ റൂൾ പ്രകാരം വരണാധികാരിയുടെ നിയമനാധികാരിയായ പ്രസിഡന്റിന് നിയമിച്ച ആളിനെ സംബന്ധിച്ച് പരാതി ലഭിച്ചപ്പോൾ ആശങ്കയുള്ളതിനാലാണ് മാറ്റാൻ തീരുമാനിച്ചിട്ടുള്ളത്.

(ജി) പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് കൗൺസിൽ പ്രസിഡന്റ് ആശങ്ക അറിയിച്ചതിനാൽ നിയമിച്ച വരണാധികാരിയെ മാറ്റുന്നതിന് 29-5-2018-ൽ കൂടിയ കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് കൗൺസിൽ യോഗം പ്രസിഡന്റിന് അധികാരം നൽകിയിട്ടുണ്ട്. 29-5-2018-ൽ കൂടിയ കൗൺസിൽ മിനിറ്റ്സ് തുടർന്നും കൂടുന്ന കൗൺസിൽ യോഗം അംഗീകരിച്ചതിനുശേഷം നിലവിലുള്ള ഭരണാധികാരിയെ ചുമതലയിൽ നിന്നും മാറ്റുന്ന വിവരം രേഖാമൂലം അറിയിക്കുന്നതാണ്.

**ആരോഗ്യ ജാഗ്രത**

185 (2133) <u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. എൻ. വിജയൻ പിള്ള</u> :
<u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷകാലം ആരംഭിക്കുന്നതിന് മുമ്പ് തന്നെ പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(ബി) ആരോഗ്യ ജാഗ്രത പരിപാടിയുടെ ഭാഗമായി ആരോഗ്യ പ്രവർത്തകർ ഫീൽഡ് തല പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(സി) കഴിഞ്ഞ വർഷം ഡെങ്കി പോലുള്ള പകർച്ചപ്പനികൾ പടർന്നു പിടിച്ച സാഹചര്യം കണക്കിലെടുത്ത് പൊതുജനങ്ങൾക്കായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും ശുചീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി ആരോഗ്യ വകുപ്പും ആർദ്രം മിഷനും തദ്ദേശഭരണ സ്ഥാപനങ്ങളും ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് ജനുവരി മുതൽ ഡിസംബർ വരെ ആരോഗ്യ ബോധവത്കരണ പരിപാടിയായ ആരോഗ്യ ജാഗ്രത നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിവഴി സംസ്ഥാനത്ത് മുഖ്യ ആരോഗ്യപ്രശ്നമായി മാറിക്കൊണ്ടിരിക്കുന്ന കൊതുകുജന്യരോഗങ്ങളും ജലജന്യരോഗങ്ങളും പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനും കഴിയും. ആരോഗ്യത്തെ നിർണ്ണയിക്കുന്ന പ്രധാന സാമൂഹ്യ ഘടകങ്ങളായ പരിസര ശുചീകരണം, മാലിന്യനിർമ്മാർജ്ജനം, കൊതുക് നിയന്ത്രണം, കുടിവെള്ള ശുചിത്വം തുടങ്ങിയവ ഉറപ്പുവരുത്തുവാൻവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട വകുപ്പുകളും ചിട്ടയായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൊതുകു സാന്ദ്രത കുറയ്ക്കുവാനും അതുവഴി കൊതുകുജന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിനും മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഇടതടവില്ലാതെ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും ജന്തുജന്യരോഗ സാദ്ധ്യത കുറയ്ക്കുന്നതിനും ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യപരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഭക്ഷ്യവിഷബാധകൾ ഒഴിവാക്കുന്നതിനും ഓരോ വകുപ്പുകളും നിർബന്ധമായും അനുഷ്ഠിക്കേണ്ട ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. ഓരോ വകുപ്പിലും നിലവിലുള്ള നിയമങ്ങൾ (പഞ്ചായത്തീരാജ് നിയമം, മുനിസിപ്പൽ നിയമം, തിരു-കൊച്ചി പൊതുജനാരോഗ്യ നിയമം, മദ്രാസ് പൊതുജനാരോഗ്യം നിയമം, ഭക്ഷ്യസുരക്ഷാ നിയമം, ജലനിയമം) ഉൾപ്പെടുത്തിയിട്ടുള്ള ഹെൽത്തി കേരള പരിശോധനകളും ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 2018 ജനുവരി 21-ാം തീയതി തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും ആഭിമുഖ്യത്തിൽ മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ. മാർ മറ്റ് ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ ആരോഗ്യ കർമ്മസേന രൂപീകരിച്ച് സംസ്ഥാനത്തെ വീടുകൾ സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരണം

നൽകുകയും ചെയ്തു. കൂടാതെ വ്യക്തി ശുചിത്വം, പരിസര ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുക് ഉറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗപ്രതിരോധ കാര്യങ്ങളെപ്പറ്റി ബോധവത്കരണം നൽകുകയും ചെയ്യുന്നു. അയൽക്കൂട്ട യോഗങ്ങൾ ചേരുകയും പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള മൈക്രോലെവൽ പ്ലാൻ തയ്യാറാക്കുകയും പ്രത്യേക ഗ്രാമസഭകൾ നടത്തുകയും വാർഡ്തല ആരോഗ്യശുചിത്വ കർമ്മസേന രൂപീകരിക്കുകയും ചെയ്തു. അതുപോലെ തന്നെ കർമ്മസേനാംഗങ്ങൾ വീടുകളും പൊതുസ്ഥലങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ച് ശുചിത്വ മാപ്പിംഗ് നടത്തുകയും ചെയ്തു.

**ഏകീകൃത പൊതുജനാരോഗ്യ നിയമം**

186 (2134) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത പൊതുജനാരോഗ്യ നിയമം സംസ്ഥാനത്ത് നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരളത്തിൽ ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച ഡ്രാഫ്റ്റിംഗ് കമ്മിറ്റി സർക്കാരിൽ ലഭ്യമാക്കിയ കരട് പൊതുജനാരോഗ്യ ബില്ലിന്മേൽ നിയമവകുപ്പ് വ്യത്യസ്ത അഭിപ്രായം രേഖപ്പെടുത്തിയ സാഹചര്യത്തിൽ കരട് ബില്ലിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടറുമായി 23-9-2017-ന് ചർച്ച ചെയ്തു. തുടർന്ന് നിയമവകുപ്പിന്റെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ കരടിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് എസ്.എച്ച്.എസ്.ആർ.സി. എക്സിക്യൂട്ടീവ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവർ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 19-10-2017-ൽ ചർച്ച നടത്തി. ചർച്ചയുടെ അടിസ്ഥാനത്തിൽ കരടിൽ ആവശ്യമായ മാറ്റം വരുത്താൻ എസ്.എച്ച്.എസ്.ആർ.സി.ക്ക് നിർദ്ദേശം നൽകുകയും എസ്.എച്ച്.എസ്.ആർ.സി. കരടിൽ വരുത്തിയ മാറ്റങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടർ,

എസ്.എച്ച്.എസ്.ആർ.സി. എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 12-2-2018-ന് വീണ്ടും ചർച്ച ചെയ്യുകയും വരുത്തിയ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കരട് സർക്കാരിലേയ്ക്ക് ലഭ്യമാക്കാൻ എസ്.എച്ച്.എസ്.ആർ.സി.ക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

**മഴക്കാല രോഗങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി**

187 (2135) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് രോഗങ്ങൾ പടർന്ന് പിടിക്കുന്നത് തടയുന്നതിന് സ്വീകരിക്കുന്ന മുൻകരുതൽ നടപടികൾ വിശദമാക്കുമോ;

(ബി) മഴക്കാലത്തിനുമുൻപ് മാലിന്യനിർമ്മാർജ്ജനത്തിനും കൊതുക്, എലി, മറ്റ് പ്രാണികൾ എന്നിവയുടെ നശീകരണത്തിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എല്ലാ വീടുകളിലും മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങളെക്കുറിച്ച് ആരോഗ്യ പ്രവർത്തകർ ബോധവൽക്കരണം നടത്തുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഡെങ്കിപ്പനി പ്രതിരോധിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിനായി സർക്കാരിന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിന്റെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും സഹകരണത്തോടെ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ആരോഗ്യ ജാഗ്രത പ്രതിദിനം പ്രതിരോധം എന്ന കർമ്മ പരിപാടി നടപ്പിലാക്കി വരുന്നു.

ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തുവരുന്നു. വ്യക്തി ശുചിത്വം, പരിസര ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡ്തല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വമാപ്പിംഗ് നടത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി., ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുകുനിരീക്ഷണവും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചുവരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് ചെയ്ത് വരുന്നുണ്ട്. ആരോഗ്യപ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) നടത്തുന്നുണ്ട്. ജാഗ്രതാ പ്രവർത്തനത്തിന്റെ ഭാഗമായി ആരോഗ്യപ്രവർത്തകർ ആരോഗ്യസേനാ പ്രവർത്തകർ, ആശാ വർക്കർമാർ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ എന്നിവർ അടങ്ങുന്ന സംഘം ഓരോ വീടും സന്ദർശിച്ച് ബോധവത്കരണ ശീലവത്കരണ പ്രവർത്തനത്തിൽ പങ്കാളികളായിക്കൊണ്ടിരിക്കുന്നു. സുരക്ഷിത കുടിവെള്ള സംവിധാന മാർഗ്ഗങ്ങൾ ഒരുക്കുന്ന പ്രക്രിയയും നടത്തിക്കൊണ്ടിരിക്കുന്നു.

(ഡി) പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുകുനിവാരണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചുവരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്),

കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് ചെയ്ത് വരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഡെങ്കിപ്പനിക്ക് പരിപൂർണ്ണ വിശ്രമവും രോഗലക്ഷണങ്ങൾക്ക് അനുസൃതമായ ചികിത്സയുമാണ് ലഭ്യമാക്കുന്നത്.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

188 (2136) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്യാധുനിക സൗകര്യത്തോടുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയാണ് സ്ഥാപിക്കുന്നത്;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ ഗവേഷണ കേന്ദ്രത്തിൽ ഒരുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എത്ര രൂപയാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത്; എത്ര വർഷത്തിനുള്ളിൽ പണി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) തിരുവനന്തപുരത്ത് തോന്നയ്ക്കലിലെ ബയോ ലൈഫ് സയൻസ് പാർക്കിൽ അത്യന്താധുനിക സൗകര്യങ്ങളോടെ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിവിധയിനം വൈറസുകളുടെ പരിശോധനയ്ക്കും ഗവേഷണത്തിനുമുള്ള സൗകര്യങ്ങളോടെയാണ് കേന്ദ്രം തുടങ്ങുന്നത്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ തറക്കല്ലിടൽ പരിപാടി നടത്തിയിട്ടുണ്ട്.

## കൊരട്ടി ഗാന്ധിഗ്രാമം ത്വക്ക് രോഗാശുപത്രിയിലെ അറ്റൻഡർ നിയമനം

189 (2137) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാമം ത്വക്ക് രോഗാശുപത്രിയിലെ രോഗ വിമുക്തരായ കുഷ്ഠ രോഗികളിൽ നിന്നും തെരഞ്ഞെടുത്ത ഹോസ്പിറ്റൽ അറ്റൻഡർമാർ പിരിഞ്ഞു പോയതിനാൽ ഇപ്പോൾ ആവശ്യത്തിന് അറ്റൻഡർമാർ സേവനത്തിനില്ലാത്ത അവസ്ഥ പരിഹരിക്കുന്നതിനായി ഇവരുടെ പെൻഷൻ പ്രായം ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) രോഗികളിൽനിന്നും അർഹരായവരെ അറ്റൻഡർ പോസ്റ്റിലേക്ക് ലഭിക്കാത്ത സാഹചര്യമുണ്ടായാൽ ദിവസ വേതനാടിസ്ഥാനത്തിൽ അർപ്പണ ബോധമുള്ള രോഗികളുടെ ബന്ധുക്കളെ കൂടി പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പൊതുവിൽ സർവ്വീസ് കുറവായ ഇവർക്ക്, മിനിമം പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കൊരട്ടി ഗാന്ധിഗ്രാമം ത്വക്ക് രോഗാശുപത്രിയിലെ രോഗ വിമുക്തരായ കുഷ്ഠ രോഗികളിൽനിന്നും തെരഞ്ഞെടുത്ത ഹോസ്പിറ്റൽ അറ്റൻഡർമാർ പിരിഞ്ഞുപോയതിനാൽ ഇപ്പോൾ ആവശ്യത്തിന് അറ്റൻഡർമാർ സേവനത്തിനില്ലാത്ത അവസ്ഥ പരിഹരിക്കുന്നതിനായി ഇവരുടെ പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച വിഷയത്തിൽ സർക്കാർ പരിശോധന നടത്തിവരികയാണ്.

(ഡി) വിഷയം പരിഗണനയ്ക്ക് വരുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സൂപ്പർ സ്പെഷ്യാലിറ്റി കേഡർ

190 (2138) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി കേഡർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ ആശുപത്രികളിലാണ് സൂപ്പർ സ്പെഷ്യാലിറ്റി കേഡർ സേവനം ലഭ്യമാകുക; ഏതൊക്കെ സേവന മേഖലകളിലാണ് ഈ ഡോക്ടർമാരുടെ സേവനം ലഭ്യമാകുക;

(സി) പ്രസ്തുത കേഡർ തുടങ്ങുന്നതോടൊപ്പം ആശുപത്രികളിലെ അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി എന്തൊക്കെയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ഡി) തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളിൽ വൈകുന്നേരങ്ങളിൽ സ്പെഷ്യാലിറ്റി കേഡർ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജില്ലാ താലൂക്ക് തല ആശുപത്രികളിലാണ് ഈ സേവനം ലഭ്യമാക്കുന്നത്. കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, യൂറോളജി വിഭാഗങ്ങളിലാണ് സൂപ്പർ സ്പെഷ്യാലിറ്റി തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്.

I. <u>ജനറൽ ആശുപത്രി, തിരുവനന്തപുരം</u>

1. കാർഡിയോളജി
2. ന്യൂറോളജി
3. നെഫ്രോളജി
4. യൂറോളജി

II. <u>ജില്ലാ ആശുപത്രി, കൊല്ലം</u>

1. യൂറോളജി

III. <u>ജനറൽ ആശുപത്രി, പത്തനംതിട്ട</u>

1. ന്യൂറോളജി

IV. <u>ജനറൽ ആശുപത്രി, എറണാകുളം</u>

1. കാർഡിയോളജി
2. ന്യൂറോളജി
3. നെഫ്രോളജി

V. <u>ജില്ലാ ആശുപത്രി, പാലക്കാട്</u>

1. കാർഡിയോളജി
2. ന്യൂറോളജി
3. നെഫ്രോളജി

VI. <u>ജനറൽ ആശുപത്രി, തലശ്ശേരി, കണ്ണൂർ</u>

1. യൂറോളജി

(സി) ജില്ലാ, താലൂക്ക് തല ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 13 സൂപ്പർ സ്പെഷ്യാലിറ്റികളുടെ തസ്തികകളും ഈ ഡിപ്പാർട്ടുമെന്റുകളിലേയ്ക്കായി അഞ്ച് അസിസ്റ്റന്റ് സർജൻ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഈ വകുപ്പുകളുടെ പ്രവർത്തനത്തിനായി കാത്ത് ലാബ് ടെക്നീഷ്യൻ, ഡയാലിസിസ് ടെക്നീഷ്യൻ എന്നീ വിഭാഗങ്ങളിലും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ ആശുപത്രി ഉപകരണങ്ങൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും കൂടി 2000 ലക്ഷം 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും പ്രവർത്തനങ്ങൾ നടത്താനാരംഭിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിലെ എട്ടും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ രണ്ടും ആശുപത്രികളിൽ കാത്ത് ലാബ്, ആൻജിയോ-പ്ലാസ്റ്റി സൗകര്യങ്ങൾ എന്നിവ ഘട്ടംഘട്ടമായി ആരംഭിച്ച് പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ നിലവിലുള്ള ഡയാലിസിസ് യൂണിറ്റിന് പുറമേ 44 താലൂക്ക്/ജില്ലാതല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

(ഡി) പരിഗണനയിലില്ല.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

191 (2139) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ;

(സി) വൈറസ്മൂലം ഉണ്ടാകുന്ന രോഗങ്ങൾക്ക് മരുന്നുകൾ കണ്ടെത്തുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; ഇതിനായി പ്രത്യേക ഗവേഷണ വിഭാഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള സ്ഥലം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിക്ക് കൈമാറുകയും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. അതിനോടൊപ്പം വൈറോളജി പ്രവർത്തനങ്ങൾ

തുടങ്ങുന്നതിന് വേണ്ടി ആലപ്പുഴ മെഡിക്കൽ കോളേജിൽ ഒരു പ്രത്യേക വിഭാഗത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിക്ക് കൈമാറിയിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലും, കോഴിക്കോട് മെഡിക്കൽ കോളേജിലും റീജിയണൽ വൈറോളജി ലാബുകൾ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) കോഴിക്കോട് ജില്ലയിൽ ബാധിച്ച നിപ വൈറസ് രോഗബാധ പ്രതിരോധ പ്രവർത്തനത്തിനായി ഹൈദരാബാദിൽ നിന്നുള്ള ഹെറ്ററോ കമ്പനിയിൽ നിന്നും 20,000 എണ്ണം റിബാവെറിൻ ഗുളികകൾ വാങ്ങി വിതരണം ചെയ്യുകയുണ്ടായി.

**ക്യാൻസർ രോഗികളുടെ വർദ്ധനവ്**

192 (2140) ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കാൻസർ സെന്ററുകളിലെ ചികിത്സ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ജില്ലാതലത്തിൽ തന്നെ ഇതിനുള്ള സൗകര്യം വിപുലപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ആർ.സി.സി. മാതൃകയിലുള്ള ചികിത്സ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കുന്നതിനും അതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കാൻസർ ചികിത്സാരംഗത്ത് നൂതനമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ആർ.സി.സി., മലബാർ കാൻസർ സെന്റർ- തലശ്ശേരി, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങളിൽ മാത്രമായിരുന്നു സർക്കാർ മേഖലയിൽ അർബുദ ചികിത്സ ലഭ്യമായിരുന്നത്. മറ്റ് ജില്ലകളിൽ വസിക്കുന്ന അർബുദ രോഗികൾക്ക് ഈ സ്ഥാപനങ്ങളെ ചികിത്സയ്ക്കായി ആശ്രയിക്കേണ്ടി വരുന്നത് ശാരീരികമായും മാനസികമായും സാമ്പത്തികവുമായ വൈഷമ്യങ്ങൾ അനുഭവിക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പ് എല്ലാ ജില്ലകളിലും ഒരു കാൻസർ ചികിത്സാ കേന്ദ്രം എന്ന ആശയവുമായി ജില്ലാ കാൻസർ കെയർ സെന്ററുകൾ ആരംഭിച്ചു. ആരോഗ്യ വകുപ്പിൽ അർബുദരോഗ വിദഗ്ദ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ കാൻസർ സെന്ററുകളിൽ വിദഗ്ദ്ധ പരിശീലനം നൽകി ഈ സെന്ററുകളിൽ വിന്യസിക്കുകയുണ്ടായി. ഇപ്പോൾ 18 ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലൂടെ 40000-ത്തിലധികം കീമോതെറാപ്പികളും മറ്റ് അനുബന്ധ ചികിത്സാരീതികളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാന ആരോഗ്യവകുപ്പ് എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ പാലിയേറ്റീവ് കീമോതെറാപ്പി നൽകുന്നതിനുള്ള 'അഭയം' പദ്ധതിക്ക് തുടക്കം കുറിക്കുകയുണ്ടായി. ആർ.സി.സി.യിലും മലബാർ കാൻസർ സെന്ററിലും പരിശീലനം ലഭിച്ച ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ആരംഭിച്ച ഈ കേന്ദ്രങ്ങളിൽ മരുന്നുകളോട് പ്രതികരിക്കാത്ത മൂർദ്ധന്യാവസ്ഥയിലുള്ള കാൻസർ രോഗികളുടെ പരിചരണം ഉദ്ദേശിച്ചിട്ടുള്ളതാണ്.

(സി) കാൻസർ ചികിത്സ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ 5 മെഡിക്കൽ കോളേജുകളിൽ സമഗ്ര കാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ട മിനിമം തസ്തികകൾ ആദ്യപടിയായി അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, മെഡിക്കൽ കോളേജുകളിൽ കൊബാൾട്ട് മെഷീനും, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്ററും വാങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, എന്നീ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കാൻസർ ബാധിതർക്ക് മെച്ചപ്പെട്ട ചികിത്സയും സഹായവും

193 (2141) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗബാധിതർ കൂടി വരുന്നതു പരിശോധിച്ച് രോഗബാധിതരെ സഹായിക്കാനും മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാനുമായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ആരോഗ്യ വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്താകമാനം സർക്കാർ-സ്വകാര്യ ആശുപത്രികളിലായി കാൻസർ ചികിത്സ തേടി വരുന്നവർ എത്ര;

(സി) കാൻസർ ചികിത്സയുടെ വർദ്ധിച്ച ചെലവുകളും രോഗ കാരണങ്ങളുടെ വിശകലനങ്ങളിലെ വ്യത്യസ്തതകളും കണക്കിലെടുത്ത് സംസ്ഥാനത്തെ ചികിത്സാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും ഗവേഷണ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് കാര്യക്ഷമമാക്കാനും ഫലപ്രദമായ ചികിത്സയും ഇതിനാവശ്യമായ കേന്ദ്രസഹായവും ഉറപ്പുവരുത്താനും ശേഷമുള്ള എല്ലാ സഹായങ്ങളും സംസ്ഥാന സർക്കാർ ഉറപ്പു വരുത്താനുമായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) കാൻസർ രോഗബാധ കണ്ടെത്താനായി താലൂക്കുകൾതോറും സർക്കാർ നിയന്ത്രണത്തിൽ നിരീക്ഷണ ക്യാമ്പുകൾ നടത്തുവാനും ആവശ്യമുള്ളവർക്ക് ചികിത്സ ഉറപ്പു വരുത്താനുമായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ആർ.സി.സി., മലബാർ കാൻസർ സെന്റർ - തലശ്ശേരി, അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങളിൽ മാത്രമായിരുന്നു സർക്കാർ മേഖലയിൽ അർബുദ ചികിത്സ ലഭ്യമായിരുന്നത്. മറ്റ് ജില്ലകളിൽ വസിക്കുന്ന അർബുദ രോഗികൾക്ക് ഈ സ്ഥാപനങ്ങളെ ചികിത്സയ്ക്കായി ആശ്രയിക്കേണ്ടി വരുന്നത് ശാരീരികമായും മാനസികമായും സാമ്പത്തികവുമായ വൈഷമ്യങ്ങൾ അനുഭവിക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പ് എല്ലാ ജില്ലകളിലും ഒരു കാൻസർ ചികിത്സാ കേന്ദ്രം എന്ന ആശയവുമായി ജില്ലാ കാൻസർ കെയർ സെന്ററുകൾ ആരംഭിച്ചു. ആരോഗ്യ വകുപ്പിൽ അർബുദരോഗ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ കാൻസർ സെന്ററുകളിൽ വിദഗ്ധ പരിശീലനം നൽകി

ഈ സെന്ററുകളിൽ വിന്യസിക്കുകയുണ്ടായി. ഇപ്പോൾ 18 ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലൂടെ 40000-ത്തിലധികം കീമോതെറാപ്പികളും മറ്റ് അനുബന്ധ ചികിത്സാരീതികളും നടത്തപ്പെട്ടിട്ടുണ്ട്. ഇത് കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാന ആരോഗ്യവകുപ്പ് എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ പാലിയേറ്റീവ് കീമോതെറാപ്പി നൽകുന്നതിനുള്ള 'അഭയം' പദ്ധതിക്ക് തുടക്കം കുറിക്കുകയുണ്ടായി. ആർ.സി.സി.യിലും മലബാർ കാൻസർ സെന്ററിലും പരിശീലനം ലഭിച്ച ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ആരംഭിച്ച ഈ കേന്ദ്രങ്ങളിൽ മരുന്നുകളോട് പ്രതികരിക്കാത്ത മൂർദ്ധന്യാവസ്ഥയിലുള്ള കാൻസർ രോഗികളുടെ പരിചരണം ഉദ്ദേശിച്ചിട്ടുള്ളതാണ്.

(ബി) കേരളത്തിൽ പൂർണ്ണതോതിലുള്ള ഒരു കാൻസർ രജിസ്ട്രി നിലവിലില്ല. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും, തലശ്ശേരി മലബാർ കാൻസർ സെന്ററിലും പ്രവർത്തിച്ചുവരുന്ന കാൻസർ രജിസ്ട്രിയിലുള്ള കണക്കുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ 2016 മുതൽ 2017 വരെയുള്ള കാലയളവിൽ 32622 പേരും മലബാർ കാൻസർ സെന്ററിൽ 8979 പേരും ചികിത്സ തേടിയെത്തിയിട്ടുണ്ട്. തുടർ ചികിത്സയ്ക്കായി മലബാർ കാൻസർ സെന്ററിൽ എത്തിയവരുടെ എണ്ണം 2016-ൽ 52890-ഉം 2017-ൽ 61404-ഉം ആണ്.

(സി) സംസ്ഥാനത്തെ മുഴുവൻ കാൻസർ ചികിത്സാ കേന്ദ്രങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാന കാൻസർ ഗ്രിഡ് രൂപീകരിച്ചിട്ടുണ്ട്. ഇതുവഴി ശേഖരിക്കപ്പെടുന്ന വിവരം ഉപയോഗിച്ച് കാൻസർ ചികിത്സാ രംഗത്ത് പ്രതിരോധ ഗവേഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് ആവശ്യമായ കേന്ദ്രഫണ്ട് ലഭ്യമാക്കുന്നതിന് വ്യക്തമായ പദ്ധതികൾ കേന്ദ്രസർക്കാർ മുമ്പാകെ സമർപ്പിക്കുന്നതിന് സാധിക്കുന്നതാണ്.

(ഡി) സർക്കാർ മേഖലയിലുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങളുടെ അപര്യാപ്തത കണക്കിലെടുത്ത് സംസ്ഥാന ആരോഗ്യവകുപ്പ് എല്ലാ ജില്ലകളിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സ ഉറപ്പുവരുത്തുന്ന ജില്ലാ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 18 ആശുപത്രികളിലായി പ്രവർത്തിച്ചുവരുന്ന ഈ കേന്ദ്രങ്ങളിലൂടെ 20000-ഓളം രോഗികൾക്ക് സേവനം ലഭ്യമാക്കുകയും 2300-ഓളം പുതിയ രോഗികളെ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിനുപുറമെ എല്ലാ സാമ്പത്തിക വർഷവും മുൻസിപ്പൽ പ്രദേശങ്ങളും ഗ്രാമപ്രദേശങ്ങളും കേന്ദ്രീകരിച്ചുകൊണ്ട് കാൻസർ നിർണ്ണയ ക്യാമ്പുകൾ കാൻസർ കെയർ പദ്ധതിയുടെ ഭാഗമായും NPCDCS (National Programme for Prevention and Control of Cancer, Diabetes, Cardovascular Diseases and Stroke) പദ്ധതിയുടെ ഭാഗമായും നടത്തിവരുന്നു.

## ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാൻ പദ്ധതി

194 (2142) ശ്രീ. ആർ. രാജേഷ്
പ്രൊഫ. കെ.യു. അരുണൻ
ശ്രീ. എം. നൗഷാദ്
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങൾ വളരെ ഉയർന്ന തോതിൽ വർദ്ധിക്കുന്നത് നിയന്ത്രിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഓരോ വീട്ടിലും പ്രമേഹമോ രക്തസമ്മർദ്ദമോ ബാധിച്ച ഒരാളെങ്കിലും ഉണ്ടെന്ന ആശങ്കാജനകമായ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കാമോ;

(സി) ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾക്ക് ആശ്വാസം പകരാനായുള്ള 'മിഠായി' പദ്ധതിയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കിയ ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതി ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലൂടെയും നടന്നുവരുന്നു. 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ പേരെയും ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് വിദഗ്ദ്ധർ തയ്യാറാക്കിയ പ്രോട്ടോകോൾ പ്രകാരമുള്ള മരുന്നുകളും ചികിത്സയും നൽകുക, രോഗങ്ങൾ മൂർദ്ധന്യാവസ്ഥയിലേയ്ക്കു മാറാതെ സംരക്ഷിക്കുക, ആരോഗ്യ ബോധവത്കരണം നടത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ഇതിനായി സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിലും ജീവിതശൈലീരോഗ നിയന്ത്രണ ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി. ഈ പദ്ധതിയുടെ കീഴിൽ വിദൂര പ്രദേശങ്ങളിൽ താമസിക്കുന്നവർക്കായി സഞ്ചരിക്കുന്ന ജീവിതശൈലീ രോഗ ക്ലിനിക്കുകളും പ്രധാന ആശുപത്രികളിൽ കൊറോണറി കെയർ യൂണിറ്റും പക്ഷാഘാത ക്ലിനിക്കുകളും ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അർബുദ രോഗം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് ജില്ലാ/താലൂക്ക് ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സ നൽകുന്നു. ഗുരുതര ശ്വാസകോശ രോഗങ്ങൾക്കായി (COPD) ശ്വാസ് പദ്ധതിയും മാനസികാരോഗ്യ ചികിത്സയ്ക്കായി 'ആശ്വാസ്' പദ്ധതിയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തന സജ്ജമായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ച വരികയാണെങ്കിലും ഇത് സംബന്ധമായി പൂർണ്ണമായ ഒരു കണക്ക് ഇന്ന് നിലവിലില്ല. ഈ ന്യൂനത പരിഹരിക്കുന്നതിന് വേണ്ടി സംസ്ഥാന ആരോഗ്യ വകുപ്പ് ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ രോഗ നിർണ്ണയ പദ്ധതി. ഇതിലൂടെ സംസ്ഥാനത്തെ 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ഫീൽഡ് വർക്കർമാരുടെയും ആശ വർക്കർമാരുടെയും സഹായത്തോടുകൂടി സ്ക്രീനിംഗിന് വിധേയമാക്കി ഒരു ജനസംഖ്യാ അധിഷ്ഠിത രജിസ്റ്റർ തയ്യാറാക്കുന്നതാണ്. ഇപ്പോൾ നാല് ജില്ലകളിൽ ആരംഭിച്ച ഈ പദ്ധതി 14 ജില്ലകളിൽ വ്യാപിപ്പിക്കുന്നതാണ്.

(സി) ജന്മനാ ഇൻസുലിന്റെ അഭാവം കൊണ്ട് പ്രമേഹം ബാധിക്കുന്ന കുട്ടികളിലെ ടൈപ്പ് വൺ പ്രമേഹത്തിന് ചികിത്സിക്കുന്നതിന് സംസ്ഥാന സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് 'മിഠായി'. ജീവിതകാലം മുഴുവൻ ചികിത്സ വേണ്ടിവരുന്ന ഈ കുട്ടികൾക്ക് ദിവസേനയുള്ള പരിശോധനയിലും ഇൻസുലിൻ കുത്തിവെപ്പിനാലും ദുരിതമേറിയ ജീവിതം നയിക്കേണ്ടിവരുന്നതും സ്ഥിരമായ പരിശോധനകൾക്കും ഇൻസുലിൻ മരുന്നിന് വേണ്ടിവരുന്ന സാമ്പത്തിക ബാധ്യതയും ഒരുപരിധി വരെ ഒഴിവാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തത്.

'മിഠായി'യിൽ കുട്ടികൾക്ക് നൽകുന്നത് വേദനയുളവാക്കാത്തതും, എളുപ്പം ഉപയോഗിക്കുവാൻ പറ്റുന്നവയുമായ ആധുനിക പെൻ ഇൻസുലിൻ ആണ്. ഇത് രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറഞ്ഞുപോകാൻ തന്നെ സാധ്യത കുറവുള്ള, ഇൻജെക്ട് ചെയ്താൽ 5 മിനിട്ടിനുള്ളിൽ തന്നെ ഭക്ഷണം കഴിക്കുവാൻ സാധിക്കുന്ന, പോക്കറ്റിലോ പെൻസിൽ ബോക്സിലോ ഇട്ടുകൊണ്ട് പോകാൻ കഴിയുന്ന തരത്തിലുള്ളതാണ്. ഐസ് ബോക്സ്, തെർമോ ഫ്ലാക്സ് എന്നിവ ആവശ്യമില്ല, പഠന സമയം നഷ്ടപ്പെടില്ല എന്നിവയാണ് ഇവയുടെ സവിശേഷതകൾ.

**മഴക്കാലത്തെ പനി**

195 (2143) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലമായതോടുകൂടി സംസ്ഥാനം പനിയുടെ പിടിയിലായെന്നുള്ള റിപ്പോർട്ടുകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് വിവിധ തരത്തിലുള്ള പനിബാധിച്ച് ഈ വർഷം എത്ര പേർ സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ ചികിത്സ തേടി; അതിൽ എത്ര പേർ ഇതിനകം മരണമടഞ്ഞു;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന മഴക്കാല പൂർവ്വ ശുചീകരണം കാര്യക്ഷമമല്ലാത്തതിനാലാണോ പനി ബാധിതരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായത്; വിശദമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം വിവിധതരം പനികൾ കുറവായിട്ടാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

(ബി) 6-6-2018 വരെയുള്ള ഐ.ഡി.എസ്.പി. റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(സി) പനിബാധിതരുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇക്കൊല്ലം വർദ്ധനവ് ഉണ്ടായിട്ടില്ല.

**പകർച്ചപ്പനി നേരിടുന്നതിന് മുൻകരുതലുകൾ**

196 (2144) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പകർച്ചപ്പനികളും മറ്റും നേരിടുന്നതിന് ആരോഗ്യ വകുപ്പ് എന്തൊക്കെ മുൻകരുതലുകൾ ആണ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യപ്രവർത്തകരും ആരോഗ്യ ജാഗ്രതയോടൊപ്പം പ്രതിദിനം പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക വഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തുവരുന്നു. വ്യക്തി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുക് ഉറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡ്തല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വമാപ്പിംഗ് നടത്തുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി., ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുക നിവാരണ മാർഗ്ഗങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചുവരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് ചെയ്ത് വരുന്നുണ്ട്. ആരോഗ്യപ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ലാബ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

**കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

197 (2145) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇനി ഏതെങ്കിലും മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രം ആരംഭിക്കാൻ ബാക്കിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കുടുംബാരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളും എപ്പോഴത്തേയ്ക്ക് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) കുടുംബാരോഗ്യകേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യമുൾപ്പെടെ എന്തൊക്കെ സൗകര്യങ്ങളാണ് കൂടുതലായി ഉണ്ടാവുക; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പ്രധാനമായും ഗ്രമാപ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. എന്നിരുന്നാലും എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളെയും ഉൾക്കൊള്ളിച്ചാണ് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുള്ളത്. വിട്ടുപോയ നിയോജകമണ്ഡലങ്ങളിലെ സ്ഥാപനങ്ങളെ 2018-19 കാലയളവിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ബ്ലോക്കുതല സി.എച്ച്.സി.കൾ ഒഴികെയുള്ള സി.എച്ച്.സി.കളും മറ്റ് പി.എച്ച്.സി.കളെയുമാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതും കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നതിന് അനുയോജ്യമായ സാഹചര്യങ്ങളുമുള്ള പി.എച്ച്.സി.കളെ അതാത് ബന്ധപ്പെട്ട എം.എൽ.എ.മാരുടെ അനുമതിയോടെ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിനെ അിസ്ഥാനമാക്കിയാണ് 2017-18 സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 144 സ്ഥാപനങ്ങളുടെ വർക്കുകൾ പൂർത്തീകരിക്കുകയും ഇതിൽ 83 എണ്ണം ഉദ്ഘാടനം കഴിയുകയും ചെയ്തു. 17 എണ്ണത്തിന്റെ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. 9 കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യത്തിനുള്ള അപര്യാപ്തതമൂലം ഉടൻ പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്.

(ഡി) " ആർദ്രം" പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, കുടിവെള്ള സൗകര്യങ്ങൾ, ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നിവ ക്രമീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായി വരുന്നു. മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സ് പ്രീചെക്കും കൗൺസിലിംഗും വൈകിട്ട് 6 മണിവരെ ഒ.പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ, ആശ്വാസ്, ശ്വാസ് ക്ലിനിക്കുകൾ തുടങ്ങിയവ ലഭ്യമാക്കിവരുന്നു.

## ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിന് നടപടി

198 (2146) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിനെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) ദേശീയ ആരോഗ്യ റിപ്പോർട്ടിൽ തുടർച്ചയായി ഒന്നാം സ്ഥാനം നേടികൊണ്ടിരുന്ന സംസ്ഥാനം അടിക്കടിയുണ്ടാകുന്ന പകർച്ചവ്യാധി മരണംമൂലം പിൻതള്ളപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ;

(സി) കഴിഞ്ഞ അഞ്ച് മാസത്തിനിടയിൽ സംസ്ഥാനത്ത് വൈറൽ പനി, ഡെങ്കിപനി, എലിപ്പനി, മഞ്ഞപ്പിത്തം, എച്ച് 1 എൻ 1 തുടങ്ങിയവ ബാധിച്ച് എത്ര പേർ ചികിത്സ തേടി; അതിലെത്രപേർ മരണമടഞ്ഞുവെന്ന് അറിയിക്കുമോ ;

(ഡി) നിപ പോലുള്ള വൈറസ് ബാധകൾ പടർന്ന് പിടിച്ച സാഹചര്യത്തിൽ രോഗികളുടെ രക്ത സാമ്പിൾ പരിശോധനയ്ക്കും വൈറസ് രോഗങ്ങളെ സംബന്ധിച്ച ഗവേഷണത്തിനുമുള്ള സ്ഥാപനങ്ങളുടെ അഭാവം ആരോഗ്യ രംഗം നേരിടുന്ന ഭീഷണിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) രാജ്യത്താകമാനം പ്രകീർത്തിക്കപ്പെട്ട ആരോഗ്യരംഗത്തെ കേരള മോഡലിന് വൻ ഇടിവ് സംഭവിച്ചുവെന്നത് ഗൗരവമായി പരിഗണിച്ച് ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിനായി സർക്കാരിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പിന്റെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും സഹകരണത്തോടെ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ആരോഗ്യജാഗ്രത പ്രതിദിനം പ്രതിരോധം, എന്ന കർമ്മ പരിപാടി നടപ്പിലാക്കിവരുന്നു. ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്യുന്നു. വ്യക്തി ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡുതല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വമാപ്പിംഗ് നടത്തുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി. ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുക് നിരീക്ഷണവും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ച വ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചുവരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്), വീടിനുപുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് ചെയ്തുവരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഉണ്ട്.

(ഇ) രാജ്യത്താകമാനം പ്രകീർത്തിക്കപ്പെട്ട ആരോഗ്യ രംഗത്തെ കേരള മോഡലിന് നാളിതുവരെ ഇടിവ് സംഭവിച്ചിട്ടില്ല. പ്രസ്തുത മോഡൽ പൂർവ്വാധികം ശക്തിയോടെ നിലനിൽക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**സാധാരണക്കാരായ രോഗികൾക്കുള്ള സൗജന്യചികിത്സാ പദ്ധതികൾ**

199 (2147) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാരായ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന എന്തെല്ലാം പദ്ധതികളാണ് 2015-16 കാലയളവിൽ നിലവിലുണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സാധാരണക്കാരായ രോഗികൾക്ക് ആശ്വാസം നൽകിയിരുന്ന പ്രസ്തുത പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതികൾക്കായി, 2016-17, 2017-18 കാലയളവിൽ നീക്കിവച്ചിട്ടുള്ള തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയുടെ ഭാഗമായി നൽകിവരുന്ന എല്ലാ ചികിത്സാ പദ്ധതികളും സൗജന്യമായാണ് എല്ലാ വിഭാഗം ജനങ്ങൾക്കും നൽകിവരുന്നത്. ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം'ത്തിന്റെ കീഴിൽ പരിശോധനയും ചികിത്സയും കൂടാതെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകളും സൗജന്യമായാണ് നൽകിവരുന്നത്. ഈ പദ്ധതി ഇപ്പോഴും തുടർന്ന് വരുന്നു. ആരോഗ്യവകുപ്പ് ആരംഭിച്ച ജില്ലാ കാൻസർ കെയർ പദ്ധതിയിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സ സൗജന്യമായാണ് നൽകുന്നത്. അതുപോലെതന്നെ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി, അന്ധത നിവാരണ പദ്ധതി, ദന്ത ആരോഗ്യ പദ്ധതി, വയോജനാരോഗ്യ പദ്ധതി എന്നിവയിലൂടെ നൽകിയിരുന്ന എല്ലാ സേവനങ്ങളും സാധാരണ ജനങ്ങൾക്ക് സൗജന്യമായി നൽകിവരുന്നു. കാൻസർ ചികിത്സാ ധനസഹായ പദ്ധതിയായ 'സുകൃതവും' ഇൻഷ്വറൻസ് പദ്ധതിയായ ആർ.എസ്.ബി.വൈ., ചിസ് ഈ കാലയളവിൽ നിലവിലുണ്ടായിരുന്നു.

<u>രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം</u>:

18 വയസ്സിന് താഴെയുള്ള കുട്ടികളിലെ ആരോഗ്യപ്രശ്നങ്ങളെ കാലേക്കൂട്ടി കണ്ടുപിടിക്കുന്നതിനുള്ള വിദഗ്ദ്ധ പരിശോധനയും സാധാരണയായി കണ്ടുവരുന്ന 30 അസുഖങ്ങൾക്കുള്ള ചികിത്സയും പരിചരണവും സൗജന്യമായി നൽകുന്നതിനുള്ള പദ്ധതിയാണ് 'രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം'. നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന ജനനവൈകല്യങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ ഈ പദ്ധതി മുഖാന്തരം സൗജന്യമായാണ് നൽകിവരുന്നത്.

<u>ശലഭം</u>:

എത്തിച്ചേരാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ഥലങ്ങളായ ട്രൈബൽ ഏരിയ, പർവ്വത പ്രദേശങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ ഒരു മൊബൈൽ യൂണിറ്റിന്റെ സഹായത്തോടെ RBSK സ്ക്രീനിംഗ് നടത്തുന്നതിനായി ആരംഭിച്ച മൊബൈൽ യൂണിറ്റുകളാണ് 'ശലഭം' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതാത് സ്ഥലങ്ങളിലെ സ്കൂളുകൾ, അംഗനവാടികൾ കേന്ദ്രീകരിച്ചാണ് ഈ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. RBSK മാർഗ്ഗനിർദ്ദേശ പ്രകാരം 30 അസുഖങ്ങൾക്കുള്ള ചികിത്സയും ആവശ്യമായ ശസ്ത്രക്രിയയും ദേശീയ ആരോഗ്യദൗത്യം വഴി സൗജന്യമാക്കിയിരിക്കുന്നു.

ഹൃദ്യം:

ഈ പദ്ധതിയിൽ ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളിലെ ഹൃദ്രോഗത്തിന് പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാണ്. കുട്ടികൾക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിനും ഫോളോഅപ് നടപടികളെ ഏകീകരിക്കാനും വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാർ, ദേശീയ ആരോഗ്യ മിഷൻ മുഖാന്തരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹൃദ്യം പദ്ധതി.

ആരോഗ്യകിരണം:

ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് എല്ലാ വിധത്തിലുമുള്ള ചികിത്സാ സഹായങ്ങളും തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് 'ആരോഗ്യകിരണം'. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി പ്രകാരം ചികിത്സ സഹായം ലഭിക്കുന്ന മുപ്പതു രോഗങ്ങൾക്ക് ഒഴികെയുള്ള എല്ലാ ജീവൻ രക്ഷാ പ്രാധാന്യമുള്ള രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭ്യമാക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ താലോലം, കാൻസർ സുരക്ഷ, ആരോഗ്യകിരണം, കാരുണ്യ, സുകൃതം, ആർ.ബി.എസ്.കെ., സമഗ്ര ആദിവാസി ആരോഗ്യ സുരക്ഷാ പദ്ധതി എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) ഇല്ല.

(സി) ആരോഗ്യ വകുപ്പിനു കീഴിൽ നീക്കിവച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2016-17

| ക്രമ നമ്പർ | പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി | 1000 | 901.38 |
| 2. | ക്യാൻസർ ചികിത്സാ പദ്ധതി | 230 | 201.7 |
| 3. | കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി | 61.69 | 50.84 |
| 4. | ആർ.ബി.എസ്.കെ. | 1506.88 | 2356 |
| 5. | ആരോഗ്യകിരണം | 3150 | 2951 |

2017-18

| ക്രമ നമ്പർ | പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി | 1000 | 936.82 |
| 2. | ക്യാൻസർ ചികിത്സാ പദ്ധതി | 230 | 225.41 |
| 3. | കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി | 67.32 | 64.35 |
| 4. | ആർ.ബി.എസ്.കെ. | 3093.9 | 3448 |
| 5. | ആരോഗ്യകിരണം | 535 | 2527 |

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ 2016-17, 2017-18 കാലയളവിൽ സൗജന്യ ചികിത്സ പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

**അവയവദാനത്തിൽ വാണിജ്യ താൽപ്പര്യങ്ങൾ ഇല്ലാതാക്കാനുള്ള നടപടികൾ**

200 (2148) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റുള്ളവരിൽനിന്ന് മരണാനന്തരം ദാനമായി ലഭിക്കുന്ന അവയവം ഉപയോഗിച്ച് ആയുസ്സ് നീട്ടിക്കിട്ടുമെന്ന പ്രതീക്ഷയിൽ കഴിയുന്ന രോഗികൾക്ക് അവയുടെ ലഭ്യതക്കുള്ള സാധ്യതയും മാറ്റിവയ്ക്കുന്നതിനുള്ള സൗകര്യവും എത്രയുണ്ടെന്ന് അറിയിക്കാമോ;

(ബി) മസ്തിഷ്ക മരണം സംഭവിച്ചവരുടെ അവയവം മറ്റുള്ളവർക്ക് നൽകുകയെന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെ കച്ചവട താല്പര്യക്കാർ ചൂഷണം ചെയ്യുന്നുവെന്ന സംശയം ജനിപ്പിച്ച സാഹചര്യത്തിൽ അവയവദാനത്തിലുണ്ടായ വിമുഖത മാറ്റുന്നതിന് മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിന് സർക്കാർ പുതുതായി പ്രഖ്യാപിച്ച മാർഗ്ഗരേഖയുടെ വിശദാംശം നൽകാമോ;

(സി) മരണാനന്തരമോ ജീവിച്ചിരിക്കുന്നവരുടെയോ അവയവദാനത്തിൽ വാണിജ്യ താല്പര്യങ്ങൾ ഉയർന്നു വരാതിരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മരണാനന്തര അവയവദാനത്തിന് തയ്യാറാകുന്നവർക്ക് സർക്കാരിന്റെ ഏജൻസിയായ കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗിന്റെ 'www.knos.org.in' എന്ന വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. മസ്തിഷ്ക മരണം സംഭവിച്ച വ്യക്തികളുടെ അവയവ വിന്യാസം നടത്തുന്നത് കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (KNOS) ആണ്. കേരളത്തിൽ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ 37 ആശുപത്രികളിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങളുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്ക, കരൾ എന്നിവയും കോട്ടയം മെഡിക്കൽ കോളേജിൽ വൃക്ക, ഹൃദയം എന്നിവയും ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ വൃക്കയും മാറ്റിവയ്ക്കുന്നതിനുള്ള ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്.

(ബി) 3-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 53/2018/ആകുവ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ രേഖകൾ പ്രകാരം മസ്തിഷക മരണ സ്ഥിരീകരണം 3 ഘട്ടങ്ങളിലായിട്ടാണ് നടത്തുന്നത്. സി.ടി. സ്കാൻ ഉൾപ്പെടെയുള്ള പരിശോധനകൾ നടത്തി മസ്തിഷ്ക മരണം സംഭവിക്കാനുണ്ടായ കാരണത്തിന്റെ ശാസ്ത്രീയ വിശകലനമാണ് ഒന്നാം ഘട്ടത്തിൽ നടത്തുന്നത്. രണ്ടാം ഘട്ടത്തിൽ Brain stem ന്റെ പ്രവർത്തനം വിലയിരുത്തുന്നതിനാവശ്യമായ വൈദ്യശാസ്ത്ര തത്വങ്ങളിലൂന്നിയ ചില പരിശോധനകളും മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള ക്ലിനിക്കൽ പരിശോധനയും നടത്തുന്നു. മൂന്നാം ഘട്ടത്തിൽ മസ്തിഷ്ക മരണം സംഭവിച്ച വ്യക്തി സ്വമേധയ ശ്വസോച്ഛ്വാസം സ്വീകരിക്കുന്നുണ്ടോ ഇല്ലയോ എന്ന് തീർച്ചപ്പെടുത്തുന്ന പരിശോധനയാണ് (Apnoea Test) നടത്തുന്നത്. ഇതിൽ രോഗിയും വെന്റിലേറ്ററുമായുള്ള ബന്ധം വിച്ഛേദിച്ച് 7 മുതൽ 10 മിനിറ്റ് സമയം വരെ നിരീക്ഷിച്ച് ഏതെങ്കിലും തരത്തിലുള്ള ചലനങ്ങളോ പ്രതികരണങ്ങളോ ഉണ്ടാവുന്നുണ്ടോ എന്ന് തീർച്ചപ്പെടുത്തുകയും ശ്വാസോച്ഛ്വാസം പൂർണ്ണമായി നിലച്ചുവെന്ന് ബോധ്യമാകുന്ന പരിശോധനയും ഈ ഘട്ടത്തിൽ നടത്തുന്നു.

(സി) മരണാനന്തരമുള്ള അവയവദാനത്തിലെ വാണിജ്യ താൽപ്പര്യങ്ങൾ ഒഴിവാക്കുന്നതിനും മസ്തിഷ്ക മരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റതും സുതാര്യവുമാക്കുന്നതിനും 1-2-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 16/2017/ആകുവ പ്രകാരവും 3-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 53/2018/ആകുവ പ്രകാരവും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാനത്തിലെ വാണിജ്യതാൽപ്പര്യങ്ങൾ ഇല്ലാതാക്കുന്നതിനായി 15-2-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 26/2018/ആകുവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## ആശുപത്രികളിൽ നിലവിലുള്ള അണുബാധ നിയന്ത്രണ സംവിധാനങ്ങൾ

201 (2149) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടും, മലപ്പുറത്തും റിപ്പോർട്ട് ചെയ്ത നിപ വൈറസ് ബാധ പൂർണ്ണമായും നിയന്ത്രണവിധേയമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ ആശുപത്രികളിൽ നിലവിലുള്ള അണുബാധനിയന്ത്രണ സംവിധാനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത നിയന്ത്രണ സംവിധാനം പരാജയം ആയതിനാലാണ് നിപ്പാ വൈറസ് പടരുന്നതിലും 14 പേരുടെ മരണത്തിന് കാരണമായതെന്നും കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ദേശീയ ആന്റീബയോട്ടിക് അണുബാധ നിയന്ത്രണ നയം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ഇ) അടുത്ത വർഷവും നിപ വൈറസ് ബാധയുണ്ടാകുമെന്ന മുന്നറിയിപ്പ് ഗൗരവമായി എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; അണുബാധ നിയന്ത്രിക്കുന്നതിനുള്ള അടിസ്ഥാന നടപടികൾ നമ്മുടെ ആശുപത്രികളിൽ യുദ്ധകാലടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനും സമൂഹത്തിലെ ശുചിത്വ സംവിധാനം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ അടിയന്തരമായി ഏർപ്പെടുത്തുമോ?

### ഉത്തരം

(എ) നിയന്ത്രണ വിധേയമാണ്. ഇതുവരെ റിപ്പോർട്ട് ചെയ്ത 18 പോസിറ്റീവ് കേസുകളിൽ 16 മരണം സംഭവിച്ചു. 8-6-2018-ന് 5 മണിക്കുള്ള റിപ്പോർട്ട് പ്രകാരം 8 ആൾക്കാർ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിരീക്ഷണത്തിലാണ്. ഇതുവരെ പരിശോധിച്ച 303 സാമ്പിളുകളിൽ 285 സാമ്പിളുകൾ നെഗറ്റീവ് ആയിരുന്നു. 16 സാമ്പിളുകൾ മാത്രമാണ് പോസിറ്റീവായിരുന്നത്. അവസാനത്തെ കൺഫേംഡ് കേസും അവസാനത്തെ നിപ മരണവും 31-5-2018-നായിരുന്നു. അതിനുശേഷം 8-6-2018 വൈകിട്ട് 5 മണി വരെ പുതിയതായി സ്ഥിരീകരിച്ച നിപ കേസുകളോ നിപ മൂലമുള്ള മരണമോ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) AMR Surveillance നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ആറ് ജില്ലാ ആശുപത്രികളിൽ മൈക്രോബയോളജി ലാബ് ഏർപ്പെടുത്താനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. ജനറൽ ആശുപത്രി, തിരുവനന്തപുരം, ജനറൽ ആശുപത്രി, കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ മൈക്രാബയോളജി ലാബ് പ്രവർത്തനം ഏർപ്പെടുത്തുന്നതിനുള്ള നടപടിക്രമം നടന്നുവരുന്നു. എറണാകുളം ജനറൽ ആശുപത്രിയിൽ ഇപ്പോൾ നടന്നുവരുന്ന AMR Surveillance ശക്തിപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. എറണാകുളം ജനറൽ ആശുപത്രിയിൽ ഇപ്പോൾ ആന്റിബയോട്ടിക് stewardship programme നടപ്പിലാക്കിവരുന്നു. എറണാകുളം ജനറൽ ആശുപത്രിയിൽ sepsis management എന്ന പദ്ധതി ആണ് നടപ്പാക്കിവരുന്നത്. അവിടെ antibiotic policy-യും നടപ്പിലാക്കിയിട്ടുണ്ട്.

അണുബാധയുള്ളവരുടെ രക്തം culture sensitivity ടെസ്റ്റ് ചെയ്ത് (automated blood culture system) പ്രസ്തുത sensitivity report അനുസരിച്ചുള്ള ആന്റിബയോട്ടിക്സ് മാത്രം നൽകുകയും ചെയ്യുന്നു. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് കൃത്യമായ ആന്റിബയോട്ടിക്സ് നൽകാനും ആശുപത്രിയിൽ അഡ്മിറ്റായി കിടക്കേണ്ട ദിവസങ്ങളുടെ എണ്ണം കുറയ്ക്കാനും സാധിക്കുന്നു.

(ഇ) നിപാ വൈറസ് അടുത്ത വർഷം ഉണ്ടാകുമെന്ന മുന്നറിയിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല. എന്നിരുന്നാൽ തന്നെയും നിപ പോലെയുള്ള വൈറൽ അസുഖങ്ങളെ ചെറുക്കാൻ വേണ്ടിയുള്ള എല്ലാ സജ്ജീകരണങ്ങളും ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി എല്ലാ ആശുപത്രികളിലും അണുബാധ നിയന്ത്രണ കമ്മിറ്റികൾ രൂപവത്കരിച്ച് പ്രവർത്തനം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എച്ച്.സി., സി.എച്ച്.സി. തലത്തിൽ അണുബാധ നിയന്ത്രണ കമ്മിറ്റിയിൽ മെഡിക്കൽ ആഫീസർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യന്മാരാണ് അംഗങ്ങൾ. താലൂക്കാശുപത്രി, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രികളിൽ സൂപ്രണ്ട്, ഫിസിഷ്യൻ, സർജൻ, അനസ്തേഷ്യോളജിസ്റ്റ്, പാത്തോളജിസ്റ്റ്, മൈക്രോബയോളജിസ്റ്റ്, ലാബ് ടെക്നീഷ്യൻ, പി.ആർ.ഒ, ജെ.എച്ച്.ഐ, ഓഫീസ് സ്റ്റാഫ് എന്നിവരാണ് അംഗങ്ങൾ. ഈ കമ്മിറ്റികൾ മാസാവലോകനങ്ങൾ നടത്തിവരുന്നു. അണുബാധ നിയന്ത്രിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ എല്ലാ ആശുപത്രികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വേണ്ടി വന്നാൽ ട്രെയിനിംഗുകൾ നടത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ആവശ്യമുള്ള Infection Control Practices ശക്തിപ്പെടുത്താനുള്ള നിർദ്ദേശം എല്ലാ ആശുപത്രികൾക്കും നൽകിയിട്ടുണ്ട്. അതിനുവേണ്ട സാധന സാമഗ്രികളുടെ ആവശ്യമനുസരിച്ചുള്ള ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് അവ കെ.എം.എസ്.സി.എൽ. മുഖേന സപ്ലൈ ചെയ്യുന്നതാണ്.

## പകർച്ചവ്യാധികൾമൂലമുള്ള മരണം

202 (2150) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 കാലയളവിൽ പനി, പകർച്ചവ്യാധി എന്നിവമൂലം എത്ര പേർ സംസ്ഥാനത്ത് മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷം മേയ് 24 വരെ എത്ര പേർ വിവിധ പകർച്ചവ്യാധികൾ മൂലം മരണപ്പെട്ടുവെന്ന് മാസം തിരിച്ച് അറിയിക്കാമോ ;

(സി) 2017-ൽ എത്ര പേർ സംസ്ഥാനത്ത് പകർച്ചവ്യാധിമൂലം മരണപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) പകർച്ചവ്യാധി നേരിടാൻ ആരംഭിച്ച കർമ്മപദ്ധതികൾ ലക്ഷ്യം കണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) അനുബന്ധമായി ചേർക്കുന്നു. *

(ഡി) പകർച്ചവ്യാധി നേരിടാൻ ആരംഭിച്ച കർമ്മ പദ്ധതികൾ ലക്ഷ്യം കണ്ടിട്ടുണ്ട്.

## കർമ്മപരിപാടി എന്ന പേരിൽ 2018-ൽ ആരംഭിച്ച ജാഗ്രതാ പരിപാടി

203 (2151) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധി നിയന്ത്രണത്തിന് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന കർമ്മപരിപാടി എന്ന പേരിൽ 2018-ൽ ആരംഭിച്ച ആരോഗ്യ ജാഗ്രതാ പരിപാടി തുടക്കത്തിൽ തന്നെ പാളിയത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി ആരംഭിച്ച ശേഷം സംസ്ഥാനത്ത് ഇതുവരെ ഉണ്ടാകാത്ത രീതിയിൽ പുതിയ വൈറസ് ബാധ ഉണ്ടാകുകയും വിലപ്പെട്ട ജീവനുകൾ നഷ്ടപ്പെടുകയും ചെയ്ത സാഹചര്യം ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ;

(സി) പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും അത് നിയന്ത്രിക്കുന്നതിനും ഒരുക്കിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കോടിക്കണക്കിന് രൂപ പരസ്യങ്ങൾക്ക് നൽകുകയല്ലാതെ ക്രിയാത്മകമായ നടപടികൾ വകുപ്പുകൾ സ്വീകരിക്കാത്തതാണ് സംസ്ഥാനത്തെ പകർച്ചവ്യാധികളുടെ കേന്ദ്രമാക്കിയതെന്നത് പരിഗണിച്ച് സമ്പൂർണ്ണ ശുചിത്വത്തിനും രോഗപ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ആരോഗ്യ ജാഗ്രതാ പദ്ധതിയിൽ ഇതുവരെ പാളിച്ചയൊന്നും പറ്റിയിട്ടില്ല.

(ബി) ഉണ്ട്.

(സി) കഴിഞ്ഞ വർഷങ്ങളിൽ കൊതുകുജന്യരോഗങ്ങൾ മൂലമുണ്ടാകുന്ന പകർച്ചവ്യാധികൾ കൂടുതലായി കണ്ടുവരുന്ന സ്ഥലങ്ങളെ മാപ്പ് ചെയ്തുകൊണ്ട് ജില്ലാ വെക്ടർ യൂണിറ്റിന്റെ സഹായത്തോടുകൂടി കൊതുക് സാന്ദ്രത കണ്ടെത്തി അതിനാവശ്യമായിട്ടുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തി. ഈ വർഷം പകർച്ചവ്യാധിയുടെ തോത് കുറയ്ക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെതന്നെ ജലജന്യരോഗങ്ങൾ പടർന്നുപിടിച്ച സ്ഥലങ്ങളിൽ പഞ്ചായത്തിന്റെ സഹായത്തോടെ ശുദ്ധജലലഭ്യത ഉറപ്പുവരുത്തിക്കൊണ്ട് ജലജന്യരോഗങ്ങൾ നിയന്ത്രിക്കാനുള്ള സംവിധാനങ്ങളും ചെയ്തുവരുന്നു.

ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധസംഘടനകളും ആരോഗ്യപ്രവർത്തകരും ആരോഗ്യ ജാഗ്രതയോടൊപ്പം പ്രതിദിനം പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകവഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാനിർണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തുവരുന്നു. വ്യക്തിശുചിത്വം, പരിസരശുചിത്വം, മാലിന്യനിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗപ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡ്തല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വ മാപ്പിംഗ് നടത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി., ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുക നിവാരണ മാർഗ്ഗങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചുവരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് ചെയ്ത് വരുന്നുണ്ട്. ആരോഗ്യപ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ആരോഗ്യവകുപ്പിൽ ക്രിയാത്മകമായ ബോധവത്കരണ പരിപാടികളാണ് നടന്നുവരുന്നത്. കഴിഞ്ഞ വർഷം ആരോഗ്യപ്രവർത്തകർക്കും പൊതുജനങ്ങൾക്കും ആരോഗ്യ സേനാംഗങ്ങൾക്കും കൈപ്പുസ്തകം അച്ചടിച്ച് വിതരണം ചെയ്യുകയും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പകർച്ചവ്യാധി ബോധവത്കരണത്തിന്റെ ഭാഗമായിട്ടുള്ള ഹോർഡിംഗുകൾ സ്ഥാപിക്കുകയും പൊതുജനങ്ങൾക്കായി വീടുകൾ തോറും നൽകാനുള്ള ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുകയും പകർച്ചവ്യാധി ബോധവത്കരണ പ്രവർത്തനത്തിന്റെ ഭാഗമായി പോസ്റ്ററുകളും സ്റ്റിക്കറുകളും അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡെങ്കിപ്പനിയെ സംബന്ധിച്ച് തുടർ വിദ്യാഭ്യാസ പരിപാടികൾ, വീഡിയോകൾ, ഷോർട്ട് ഫിലിം മുതലായവയും പകർച്ചവ്യാധി ബോധവത്കരണത്തിന് വേണ്ടി ആരോഗ്യവകുപ്പ് നിർമ്മിച്ചിട്ടുണ്ട്. ഡോക്ടർമാർക്ക് മാർഗ്ഗ നിർദ്ദേശത്തിനായുള്ള ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ അച്ചടിച്ച് വിതരണം നടത്തിയിട്ടുണ്ട്.

**ഇ-ഹെൽത്ത് പദ്ധതി**

204 (2152) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനങ്ങളുടെ ആരോഗ്യ സംബന്ധമായ വിവരങ്ങൾ ശേഖരിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഓരോ വ്യക്തിയുടേയും ചികിത്സാ രേഖകൾ ഒരു കേന്ദ്രീകൃത ഡേറ്റാ ബാങ്കിൽ ലഭ്യമാക്കുന്നത് വഴി ഉണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കുമോ;

(സി) ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ സംരക്ഷണ നയപരിപാടികളുടെ രൂപവൽക്കരണത്തിനും പകർച്ചവ്യാധി നിയന്ത്രണത്തിനും ഇ-ഹെൽത്ത് പദ്ധതി എങ്ങനെ സഹായകരമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇ-ഹെൽത്ത് കേരള പദ്ധതിയുടെ പ്രവർത്തനം ഗണ്യമായി പുരോഗമിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള തെരഞ്ഞെടുത്ത 13 ആശുപത്രികളിൽ pilot implementation തീരുമാനിച്ചതിൽ 12 ആശുപത്രികളിലും Hardware, Networking, Connectivity പൂർത്തിയാക്കി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ Networking പുരോഗമിച്ച് വരുന്നു.

പൈലറ്റ് സ്ഥാപനങ്ങളായ വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വെള്ളനാട്, മണമ്പൂർ എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പേരൂർക്കട ജില്ലാ മോഡൽ ആശുപത്രി, ഫോർട്ട്, ചിറയിൻകീഴ് താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമാണ്. ഉപയോക്താക്കളിൽനിന്നും അഭിപ്രായം സ്വീകരിച്ച് കുറ്റമറ്റ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.

9500 tablet കമ്പ്യൂട്ടറുകൾ സംസ്ഥാനത്തൊട്ടാകെയായി ആരോഗ്യ പ്രവർത്തകർക്ക് വിതരണം ചെയ്യുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകിയ ശേഷം വ്യക്തിഗത ആരോഗ്യ വിവര ശേഖരണ നടപടികൾ പുരോഗമിക്കുന്നു.

ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങളിൽ ഇ -ഹെൽത്ത് ഭാഗമാകുന്നുണ്ട്. സംസ്ഥാനത്തെ 8 സർക്കാർ മെഡിക്കൽ കോളേജുകളിലും OP Transformation നടപ്പിലാക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 9 ഡിപ്പാർട്ടുമെന്റുകളിലും SAT-യിലും കോട്ടയം മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗത്തിലും ഇത് പ്രാവർത്തികമായി. വയനാട് ജില്ലയിലെ നൂൽപ്പുഴ ഫാമിലി ഹെൽത്ത് സെന്ററിൽ പദ്ധതി പ്രാവർത്തികമായി. മറ്റ് കേന്ദ്രങ്ങളിൽ സർവെ പൂർത്തീകരിച്ച് ഹാർഡ്‌വെയർ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി 170 PHC കൾ FHC കളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി ഈ കേന്ദ്രങ്ങളിൽ networking പ്രവർത്തനം പുരോഗമിക്കുന്നു.

(ബി) രോഗി ചികിത്സതേടി എത്തുമ്പോൾ പ്രസ്തുത രോഗിയുടെ അടിസ്ഥാന ആരോഗ്യ വിവരങ്ങൾ പരിശോധിക്കുന്ന ഡോക്ടർക്ക് അപ്പോൾതന്നെ ലഭ്യമാകുന്നു. അതിനെ ആധാരമാക്കി പരിശോധന നടത്താൻ സാധിക്കും. പൊതുജനങ്ങളുടെ ആരോഗ്യ സംബന്ധമായ വിവരങ്ങൾ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ശേഖരിക്കുക വഴി ഒരു രോഗിക്ക് സംസ്ഥാനത്തെ ഏത് സർക്കാർ ആശുപത്രികളിലും തുടർ ചികിത്സയ്ക്ക് സൗകര്യം ലഭിക്കുന്നു. പ്രാഥമികമായ ആരോഗ്യ വിവരങ്ങൾ കമ്പ്യൂട്ടറിൽ ലഭ്യമായതിനാൽ അപ്രതീക്ഷിതമായി വൈദ്യസഹായം വേണ്ട ഘട്ടം വരുമ്പോൾ വളരെയേറെ സമയലാഭം ലഭിക്കുകയും ചെയ്യും. ആശുപത്രിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ മെച്ചപ്പെട്ട സേവനം രോഗിക്ക് ലഭിക്കുന്നു. ടെസ്റ്റ് റിസൾട്ടുകൾ അപ്പപ്പോൾ ഡോക്ടർമാരുടെ കമ്പ്യൂട്ടറിൽ ലഭിക്കുന്നതിനാൽ കാലതാമസം ഒഴിവാകുന്നു.

സാംക്രമിക രോഗങ്ങളുടെ ഉത്ഭവത്തെ യഥാസമയം കണ്ടെത്തി അതിന്റെ വ്യാപനത്തെ യഥാവസരം തന്നെ നിയന്ത്രിക്കാൻ കഴിയുന്നു. ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ കാലേക്കൂട്ടി തന്നെ നടത്താൻ പദ്ധതി സഹായകമാകും. ഗവേഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ പദ്ധതി നടപ്പിലാകുന്നതോടെ ലഭിക്കുകയും ചെയ്യുന്നു.

കൂടുതൽ ശ്രദ്ധയും പരിചരണവും വേണ്ടവർക്ക് അതനുസരിച്ചുള്ള വിവരങ്ങൾ കമ്പ്യൂട്ടറിൽ നിന്നും ആരോഗ്യപ്രവർത്തകർക്ക് ലഭിക്കുന്ന സംവിധാനവും ഉണ്ട്. ഗർഭിണികളായ സ്ത്രീകൾക്ക് കൃത്യമായ ഇടവേളകളിൽ നൽകേണ്ട നിർദ്ദേശങ്ങൾ, കുട്ടികൾക്ക് നൽകുന്ന പ്രതിരോധ കുത്തിവയ്പ്പുകൾ എന്നിവ ഉദാഹരണം.

എഴുത്തുകുത്തുകളും രജിസ്റ്ററുകളും ഒഴിവാകുന്നത് വഴി ആരോഗ്യ പ്രവർത്തകർക്ക് ജോലി ഭാരം ലഘൂകരിച്ച് കൂടുതൽ സമയം സേവന മേഖലയിൽ ശ്രദ്ധിക്കാൻ കഴിയുന്നു. ആശുപത്രികളിൽ മരുന്നുകളുടെ സ്റ്റോക്ക് നിലവാരം മനസ്സിലാക്കി അവ തീരുന്ന മുറയ്ക്ക് സംഭരിക്കാൻ സാധിക്കുന്നു.

വിവിധ ക്ഷേമ പരിരക്ഷകളും അവയുടെ സാമ്പത്തിക വിനിമയ നടപടികളും കൂടുതൽ സുഗമമായി കൈകാര്യം ചെയ്യാൻ സാധിക്കും.

(സി) Waiting Time എന്ന ഘടകമാണ് ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ എടുത്തു പറയാവുന്ന ഒരു പ്രത്യേകത. ഡോക്ടറുമായുള്ള കൂടിക്കാഴ്ച (consulting) യ്ക്ക് മുൻകൂർ സമയം നിശ്ചയിക്കാനും തുടർ കൂടിക്കാഴ്ച എന്നാണ് എന്നുള്ളത് രേഖപ്പെടുത്തുന്നതിനും സാധിക്കുന്നു. അനാവശ്യമായ കാത്തിരിപ്പ് വലിയ അളവിൽ കുറയ്ക്കുന്നതിന് ഈ സംവിധാനം സഹായകരമാകും.

രോഗനിർണ്ണയത്തിനും ആവശ്യമായി വരുന്നപക്ഷം തുടർ ചികിത്സയ്ക്കും കൂടുതൽ കാര്യക്ഷമത കൈവരുന്നു. പലപ്പോഴും യാദൃശ്ചികമായി സംഭവിക്കാവുന്ന കൈതെറ്റുകൾ (man made errors) ഒഴിവാക്കപ്പെടും. (ചില മരുന്നുകൾക്കുള്ള അലർജി പോലെയുള്ള സംഭവങ്ങൾ ഉദാഹരണം.)

(ഡി) നയപരിപാടികളുടെ രൂപീകരണത്തിനും പകർച്ചവ്യാധി നിയന്ത്രണത്തിനും പദ്ധതി സഹായകരമാകുന്നു. ഓരോ രോഗത്തിന്റെയും വ്യാപ്തി, അവയുടെ കാരണങ്ങൾ, പ്രാദേശികമായി സംഭവിക്കുന്ന പ്രത്യേകതകൾ എന്നിവയുടെ സൂക്ഷ്മമായ വിവരശേഖരണം രേഖപ്പെടുത്തി ലഭ്യമാകുന്നതിനാൽ (documentation) അതാതുസ്ഥലത്തെ ബാധിക്കുന്ന ആരോഗ്യപ്രശ്നത്തിന് മുൻഗണനന നൽകി സത്വര നടപടി കൈക്കൊള്ളുവാൻ സാധിക്കും.

ഇത്തരം വിവരങ്ങൾ ഉപയോഗിച്ച് അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സഹായകരമാകും. രോഗകാരണങ്ങളിൽ അവ്യക്തത ഉണ്ടെങ്കിൽ അതിന് വേണ്ട ഗവേഷണങ്ങൾക്ക് സഹായകരമാകും വിധം secondary data ലഭ്യമാകുമെന്നതിനാൽ പ്രതിവിധി കണ്ടെത്താനുള്ള കാലതാമസം ഒഴിവാക്കാനും സാധിക്കും.

## ഇ-ഹെൽത്ത് പദ്ധതി

205 (2153) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഇ-ഹെൽത്ത് പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ ;

(ബി) ഏതെല്ലാം ജില്ലകളിൽ/ആശുപത്രികളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിക്കുമാ;

(സി) ഈ പദ്ധതിയിലൂടെ സർക്കാർ വിഭാവന ചെയ്യുന്നത് എന്താണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള വിവിധശ്രേണിയിലെ ആശുപത്രികളിൽ pilot implementation നടത്തി പുരോഗതിവിലയിരുത്തുകയാണ്. മറ്റ് സ്ഥലങ്ങളിൽ Hardware, Networking, Connectivity എന്നിവ പുരോഗമിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ Networking പുരോഗമിച്ചുവരുന്നു.

വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വെള്ളനാട്, മണമ്പൂർ എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ചെമ്മരുതി ഫാമിലി ഹെൽത്ത് സെന്റർ, പേരൂർക്കട ജില്ലാ മോഡൽ ആശുപത്രി, ഫോർട്ട്, ചിറയിൻകീഴ് താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമാണ്. ഉപയോക്താക്കളിൽനിന്നും അഭിപ്രായം സ്വീകരിച്ച് കുറ്റമറ്റ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ പുരോഗമിച്ചു വരികയാണ്.

9500 tablet കമ്പ്യൂട്ടറുകൾ സംസ്ഥാനത്തൊട്ടാകെയായി ആരോഗ്യ പ്രവർത്തകർക്ക് വിതരണം ചെയ്യുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകിയ ശേഷം വ്യക്തിഗത ആരോഗ്യ വിവര ശേഖരണ നടപടികൾ പുരോഗമിക്കുന്നു.

ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങളിൽ ഇ -ഹെൽത്ത് ഭാഗമാകുന്നുണ്ട്. സംസ്ഥാനത്തെ 8 സർക്കാർ മെഡിക്കൽ കോളേജുകളിലും OP Transformation നടപ്പിലാക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 9 ഡിപ്പാർട്ടുമെന്റുകളിലും SAT യിലും കോട്ടയം മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗത്തിലും ഇത് പ്രാവർത്തികമായി. വയനാട് ജില്ലയിലെ നൂൽപ്പുഴ ഫാമിലി ഹെൽത്ത് സെന്ററിൽ പദ്ധതി നടപ്പിലായി. മറ്റ് കേന്ദ്രങ്ങളിൽ സർവ്വെ പൂർത്തീകരിച്ച് ഹാർഡ്‌വെയർ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി 170 PHC കൾ FHC കളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി ഈ കേന്ദ്രങ്ങളിൽ networking പ്രവർത്തനം പുരോഗമിക്കുന്നു.

(ബി) തിരുവനന്തപുരം ജില്ലയിലെ വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വെള്ളനാട്, മണമ്പൂർ എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പേരൂർക്കട ജില്ലാ മോഡൽ ആശുപത്രി, ഫോർട്ട്, ചിറയിൻകീഴ് എന്നീ താലൂക്ക് ആശുപത്രികൾ, പബ്ലിക് ഹെൽത്ത് ലാബ് എന്നിവിടങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി പ്രാവർത്തികമാക്കി.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ Dermetology, Medical Neurology, Neurosurgery, Medical Gastrology, Surgical Gastroenterology, Urology, Endocrinology, Head Injury clinic, Plastic surgery എന്നീ 9 ഡിപ്പാർട്ടുമെന്റുകളിൽ Reception, Que Management System എന്നിവ പൂർണ്ണമായും O.P. Transformation ഭാഗികമായും നടപ്പിലാക്കി.

SAT യിലും കോട്ടയം മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗത്തിലും വയനാട് ജില്ലയിലെ നൂൽപ്പുഴ പ്രാഥമികാരോഗ്യകേന്ദ്രത്തിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇ-ഹെൽത്ത് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു:

1. വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.

2. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവത്കൃത സേവനങ്ങൾ ലഭ്യമാക്കുക.

3. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളേയും ബന്ധപ്പെട്ട മറ്റ് പൊതുജനാരോഗ്യ സ്ഥാപനങ്ങളെയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.

4. കേരളത്തിലെ സർക്കാർ മേഖലയിലുള്ള അലോപ്പതി ആശുപത്രികളിൽ ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർ ചികിത്സയ്ക്കായി വീണ്ടും എത്തുമ്പോൾ അവ പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക.

വൈദ്യശാസ്ത്രഗവേഷണം, ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ആരോഗ്യ സംരക്ഷണ നയപരിപാടികളുടെ രൂപവത്കരണം പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ മേഖലകളിലെ സമഗ്ര പുരോഗതിക്ക് പദ്ധതി സഹായകരമാണ്.

**ആർ.സി.സി.യിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതി**

206 (2154) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി യിൽ നിലവിലുണ്ടായിരുന്നതും ന്യൂനതകൾ പരിഹരിച്ചുകൊണ്ട് പുതിയ പദ്ധതി തുടങ്ങുന്നതിനായി 2014 ആഗസ്റ്റിൽ അവസാനിപ്പിച്ചതുമായ കാൻസർ കെയർ ഫോർ ലൈഫ് പദ്ധതിക്കു പകരം ആവിഷ്കരിക്കുന്ന പദ്ധതിയുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലായി എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആർ.സി.സി.യിൽ ക്യാൻസർ രോഗികളുടെ പാറ്റേൺ, പ്രധാനപ്പെട്ട കാൻസറുകൾ, അവയുടെ ചികിത്സാചെലവ്, ചികിത്സാ പ്രോട്ടോകോൾ എന്നിവയെക്കുറിച്ചുള്ള പഠനം നടത്തി പുതിയ പദ്ധതി ആവിഷ്കരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിലേയ്ക്കുള്ള പഠനം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ നിഷ്കർഷിക്കേണ്ട നിബന്ധനകൾ തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതി എത്രയും വേഗം ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**അമൃതം ആരോഗ്യം പദ്ധതി**

207 (2155) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ച അമൃതം ആരോഗ്യം പദ്ധതിയിലൂടെ എന്തെല്ലാം നടപടികളാണ് നാളിതുവരെയായി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ലോകാരോഗ്യ സംഘടന നൽകുന്ന സഹായം എന്തെല്ലാമാണ്;

(സി) പദ്ധതി കാര്യക്ഷമമായി നിർവ്വഹിച്ച് ഭാവി തലമുറയെ ജീവിതശൈലീ രോഗങ്ങളിൽനിന്നും മുക്തമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) കുടുംബ ആരോഗ്യകേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ജീവിതശൈലീ രോഗനിയന്ത്രണവുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട സൗകര്യങ്ങളും ഗുണമേന്മയുള്ള ചികിത്സയും രോഗികൾക്ക് ഒരുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവരെയും ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, ഭക്ഷണം, വ്യായാമ ശീലങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവത്കരണം നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും ഉപദേശവും നൽകുക, സങ്കീർണ്ണത മുൻകൂട്ടി കണ്ടെത്തി ചികിത്സിക്കുക എന്നിവയാണ് 'അമൃതം ആരോഗ്യം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. വിദൂര പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനവിഭാഗങ്ങൾക്ക് ജീവിതശൈലി രോഗ നിർണ്ണയവും ചികിത്സയും നൽകുന്നതിനായി സഞ്ചരിക്കുന്ന ജീവിതശൈലീ രോഗ ക്ലിനിക്കുകൾ ' Care on Wheels and Care our Waves'

7 ജില്ലകളിൽ നടപ്പിലാക്കിവരുന്നു. പ്രധാന ആശുപത്രികളിൽ കൊറോണറി കെയർ യൂണിറ്റും പക്ഷാഘാത ക്ലിനിക്കുകളും ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പ്രമേഹരോഗികളെ ബാധിക്കുന്ന ഡയബറ്റിക് അൾസർ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ഡയബറ്റിക്ക് ഫൂട്ട് ക്ലിനിക്കുകൾ ഈ വർഷം ജില്ലാ ആശുപത്രികളിൽ ആരംഭിക്കുന്നതാണ്. ഗുരുതര ശ്വാസകോശ രോഗങ്ങൾക്കായി (COPD) ശ്വാസ് പദ്ധതിയും കുടുംബാരോഗ്യകേന്ദ്രങ്ങളിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(ബി) പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും രാജ്യത്തിനാകെ ഒരു മാതൃകയാക്കുന്നതിനുള്ള സാങ്കേതിക സഹായം ചെയ്യുന്നതിനുള്ള സന്നദ്ധത ലോകാരോഗ്യ സംഘടന അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് പ്രമേഹത്തിനും രക്താതി സമ്മർദ്ദത്തിനും ചികിത്സാപ്രോട്ടോകോൾ തയ്യാറാക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ WHO സാങ്കേതിക സഹായം നൽകുന്നുണ്ട്.

(സി) എല്ലാ ജനവിഭാഗങ്ങളെയും സ്ക്രീനിംഗിന് വിധേയമാക്കുന്നത് വഴി ജീവിതശൈലീ രോഗങ്ങളുടെ വ്യാപനം മുൻകൂട്ടി കണ്ടെത്തുന്നതിനും രോഗം വരാതെ സൂക്ഷിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും രോഗം കണ്ടെത്തുന്നവർക്ക് ചികിത്സ നൽകി രോഗാതുരതയിൽ നിന്ന് ഒഴിവാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഇതിനുപുറമെ വിദ്യാർത്ഥികളെയും യുവജനങ്ങളെയും നിരീക്ഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയതും ജീവിതശൈലീ ബോധവത്കരണ പ്രവർത്തനം ഈ മേഖലയിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനും ഭാവിയിൽ ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിനും സഹായകരമാകും.

(ഡി) സ്വീകരിച്ചിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ആഴ്ചയിൽ 6 (ആറ്) ദിവസവും ജീവിതശൈലീരോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തന സജ്ജമാണ്. ഡോക്ടറുടെ പരിശോധനയ്ക്കു മുമ്പ് തന്നെ രോഗിയുടെ ബി.പി., ഷുഗർ എന്നീ പരിശോധനകൾ നടത്തുന്നതിനും (pre-checkup) ഡോക്ടറെ കണ്ടശേഷം ആരോഗ്യ ബോധവത്കരണം, കൗൺസിലിംഗ് ഉള്ള post-checkup counselling എന്നിവ കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമേ SWASS Clinic, ASWAS Clinic, ആരോഗ്യ ബോധവത്കരണം, Retinopathy Clinic എന്നിവയും കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാണ്.

**സുകൃതം പദ്ധതി**

208 (2156) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുകൃതം പദ്ധതി പ്രകാരം രോഗികൾക്ക് സൗജന്യമരുന്ന് ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) സുകൃതം പദ്ധതി പ്രകാരം മരുന്ന് നൽകിയ വകയിൽ എത്ര കോടി രൂപയുടെ കുടിശ്ശിക നിലവിലുണ്ട്; പ്രസ്തുത കുടിശ്ശിക അടിയന്തരമായി നൽകുന്നതിനും നിർദ്ധന രോഗികൾക്ക് മരുന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സുകൃതം പദ്ധതി വഴി രോഗികൾക്ക് സൗജന്യമായി മരുന്ന് ലഭ്യമാക്കുന്നുണ്ട്.

(ബി) സുകൃതം പദ്ധതി വഴി മരുന്ന് നൽകിയ വകയിൽ കുടിശ്ശിക തുകയുടെ കണക്ക് താഴെപ്പറയുന്നു:

| | |
|---|---|
| റീജിയണൽ ക്യാൻസർ സെന്റർ | 22,50,49,842 |
| ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 59,93,841 |
| ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം | 3,69,75,837 |
| മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി, കണ്ണൂർ | 4,40,64,146 |
| ആകെ | 31,20,83,666 |

സുകൃതം പദ്ധതി പ്രകാരം നിർദ്ധന രോഗികൾക്ക് മരുന്ന് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**ആരോഗ്യമേഖലയിൽ കിഫ്ബി വഴിയുള്ള പദ്ധതികൾ**

209 (2157) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ കിഫ്ബി വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഈ പദ്ധതികൾക്കായി എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ മേഖലയിൽ കിഫ്ബിവഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. മലബാർ കാൻസർ സെന്റർ
2. ജില്ലാ ആശുപത്രി, കൊല്ലം
3. കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ, എറണാകുളം.
4. ജനറൽ ആശുപത്രി, എറണാകുളം

5. താലൂക്ക് ആശുപത്രി, പുനലൂർ
6. മെഡിക്കൽ കോളേജ്, എറണാകുളം
7. ജനറൽ ആശുപത്രി, കോട്ടയം
8. മെഡിക്കൽ കോളേജ്, വയനാട്
9. താലൂക്ക് ആശുപത്രി, ചിറയിൻകീഴ്
10. താലൂക്ക് ആശുപത്രി, ചെട്ടിക്കാട്
11. നെടുങ്കണ്ടം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തൽ
12. മെഡിക്കൽ കോളേജ്, കോട്ടയം
13. മെഡിക്കൽ കോളേജ്, തിരുവനന്തപുരം
14. മഹാരാജാസ് താലൂക്ക് ആശുപത്രി, കരുവേലിപ്പടി
15. താലൂക്ക് ആശുപത്രി, തുറവൂർ
16. ജനറൽ ആശുപത്രി, ആലപ്പുഴ
17. താലൂക്ക് ആശുപത്രി, വൈക്കം
18. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കരുനാഗപ്പള്ളി
19. താലൂക്ക് ആശുപത്രി, നീണ്ടകര
20. ജില്ലാ ആശുപത്രി, മാവേലിക്കര
21. താലൂക്ക് ആശുപത്രി, കുറവിലങ്ങാട്
22. ജനറൽ ആശുപത്രി, മഞ്ചേരി
23. ജില്ലാ ആശുപത്രി, കൊല്ലം
24. ഗവൺമെന്റ് വിക്ടോറിയ ഹോസ്പിറ്റൽ ഫോർ വിമൻ & ചൈൽഡ്, കൊല്ലം.
25. താലൂക്ക് ആശുപത്രി, കുണ്ടറ
26. താലൂക്ക് ആശുപത്രി, കായംകുളം
27. ജില്ലാ ആശുപത്രി, പാലക്കാട്
28. ബീച്ച് ഹോസ്പിറ്റൽ, കോഴിക്കോട്

29. താലൂക്ക് ആശുപത്രി, കൊട്ടാരക്കര

30. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 44 ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങളും 10 കാത്ത് ലാബും കൊറോണറി കെയർ യൂണിറ്റും സ്ഥാപിക്കൽ.

(ബി) ഈ പദ്ധതികൾക്കായി നാളിതുവരെ ആരോഗ്യ വകുപ്പിൽനിന്നും 3060.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**ആയുഷ്മാൻ ഭാരത് ദേശീയ ആരോഗ്യ പദ്ധതി**

210 (2158) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ നടക്കുന്ന പ്രസവങ്ങളിൽ കൂടുതലും സിസേറിയൻ ആകുന്നുവെന്നത് പ്രസവ ശുശ്രൂഷ സ്വകാര്യ ആശുപത്രികളിൽ വാണിജ്യവൽക്കരിക്കപ്പെട്ടിരിക്കുന്നതിന്റെ സൂചനയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ കേരളത്തിൽ നടക്കുന്ന പ്രസവങ്ങളിൽ സിസേറിയൻ നിരക്ക് എത്ര ശതമാനമാണ്; വിശദമാക്കാമോ ;

(സി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആയുഷ്മാൻ ഭാരത് ദേശീയ ആരോഗ്യ പദ്ധതിക്ക് കീഴിൽ ആനുകൂല്യം ലഭിക്കുന്നതിന് പ്രസവ ശസ്ത്രക്രിയ സർക്കാർ ആശുപത്രികളിൽ ആയിരിക്കണമെന്ന നിബന്ധനയുണ്ടോ;

(ഡി) സ്വകാര്യ ആശുപത്രികളിൽ പ്രസവ ശസ്ത്രക്രിയകൾക്ക് ഈ ആനുകൂല്യം ലഭിക്കുവാൻ സർക്കാർ ആശുപത്രികളിൽ നിന്നുള്ള ഡോക്ടർമാരുടെ അനുമതി നിർബന്ധമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ നടക്കുന്ന പ്രസവങ്ങളിൽ സിസേറിയൻ നിരക്ക് കൂടുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സിസേറിയൻ നിരക്ക് (ശതമാന കണക്കിൽ)

| വർഷം | സർക്കാർ ആശുപത്രി | സ്വകാര്യ ആശുപത്രി | ആകെ |
|---|---|---|---|
| 2015-16 | 41% | 42% | 41% |
| 2016-17 | 41% | 41% | 41% |
| 2017-18 | 40% | 41% | 40% |

സർക്കാർ മെഡിക്കൽ കോളേജിൽ ഇത് 20%മാണ്

(സി&ഡി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ഒരു ഭാഗമാണ് ദേശീയ ആരോഗ്യസംരക്ഷണ പദ്ധതി. പദ്ധതിയുടെ വിശദാംശങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭ്യമായിട്ടില്ല.

**വയോമിത്രം പദ്ധതി**

211 (2159) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുതിർന്ന പൗരന്മാരുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കിവരുന്ന വയോമിത്രം പദ്ധതിയുടെ വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതി വിപുലീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നഗരസഭാ പ്രദേശത്ത് (മുൻസിപ്പാലിറ്റി/കോർപ്പറേഷൻ) വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ സുരക്ഷയും മാനസിക ഉല്ലാസവും നൽകുന്നതിലേയ്ക്ക് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതിയാണ് 'വയോമിത്രം'. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന മുതിർന്ന പൗരന്മാർക്ക് അവരുടെ സാമ്പത്തിക സ്ഥിതി ബാധകമാക്കാതെ സൗജന്യമായി മരുന്ന്, പാലിയേറ്റീവ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് സേവനം എന്നിവ ലഭ്യമാക്കുന്നുണ്ട്.

(ബി) 2011-ൽ കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച പ്രസ്തുത പദ്ധതി 2016 വരെ 38 യൂണിറ്റുകളിൽ മാത്രമാണ് ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളത്. കഴിഞ്ഞ രണ്ട് വർഷക്കാലം കൊണ്ട് 49 മുനിസിപ്പാലിറ്റികളിൽ കൂടി പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ ആകെ 87 നഗരസഭാ പ്രദേശത്ത് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്. നടപ്പ് സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതി ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലത്തിൽ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം വാർഷിക ഉപഹാരമായി ടി പദ്ധതി ബ്ലോക്ക് തലത്തിൽ ആരംഭിക്കുന്നതിന്റെ ഉദ്ഘാടനം കോഴിക്കോട് റൂറൽ ബ്ലോക്ക് പഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ടി പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ

സംസ്ഥാനത്തെ 14 ബ്ലോക്ക് പഞ്ചായത്തിൽ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ കേരള സാമൂഹ്യസുരക്ഷാ മിഷൻ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം ടി പദ്ധതിയുടെ ഭാഗമായി ആയുർവേദ ചികിത്സ കൂടി ലഭ്യമാക്കുന്ന 'ആയുർമിത്രം' ഈ വർഷം തന്നെ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. 'ആയുർമിത്രം' പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ആറ് കോർപ്പറേഷനുകളിൽ ഈ സാമ്പത്തിക വർഷം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

**ആർദ്രം പദ്ധതി**

212 (2160) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ഒ.പി. സംവിധാനം കാര്യക്ഷമമായി നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആർദ്രം മിഷന്റെ ഭാഗമായി തെരഞ്ഞെടുത്ത ജില്ലാ താലൂക്ക് ആശുപത്രികളിൽ ഘട്ടംഘട്ടമായി ഒ.പി.വിഭാഗം രോഗീസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 17 ജില്ലാതല ആശുപത്രികളിലെ ഒ.പി.വിഭാഗം രോഗീസൗഹൃദമാക്കുന്നതിന് (ഒ.പി.ട്രാൻസ്ഫോർമേഷൻ) കമ്പ്യൂട്ടർവത്കരണം അടക്കമുള്ള കാര്യങ്ങൾക്ക് 2017-18 സാമ്പത്തിക വർഷത്തിൽ 24 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ബഡ്ജറ്റിൽ ലഭ്യമായ 15 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എൻ.എച്ച്.എം.ലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. അംഗീകൃത ഏജൻസികൾവഴി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2017-18-ൽ 14 താലൂക്ക് ആശുപത്രികൾക്കായി 24 കോടി രൂപയുടെ ഭരണാനുമതി നൽകുകയും സാമ്പത്തിക വർഷത്തിന്റെ അവസാനം ധനകാര്യ വകുപ്പ് ഈ തുക e-LAMS-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2018-19 ലേയ്ക്ക് 14 താലൂക്ക് ആശുപത്രികളെക്കൂടി തെരഞ്ഞെടുക്കുകയും ഈ പ്രവർത്തനത്തിനായി 17.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കാനുള്ള നടപടികൾ എൻ.എച്ച്.എം.വഴി നടന്നുവരുന്നു.

ആർദ്രം മിഷനിൽ തെരഞ്ഞെടുത്ത ആശുപത്രികളിലെ ഒ.പി. സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കോങ്ങാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി

213 (2161) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ആർദ്രം മിഷന്റെ ഭാഗമായി സർക്കാർ ആശുപത്രികളിലെ ഒ.പി. സേവനങ്ങൾ രോഗീസൗഹൃദമാക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 170 പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന നടപടികൾ പൂർത്തിയായിവരുന്നു. ഇതിൽ 144 കേന്ദ്രങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 17 കേന്ദ്രങ്ങളിൽ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. അതിലേയ്ക്കായി 170 ഡോക്ടർമാർ, 340 സ്റ്റാഫ് നഴ്സ്, 170 ലാബ് ടെക്നീഷ്യൻ, 150 ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തസ്തികകളിലേയ്ക്കുള്ള നിയമനം ജില്ലാതലത്തിൽ നടന്നുവരികയാണ്.

ഒ.പി.വിഭാഗം രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി അധിക ഒ.പി. കൗണ്ടറുകൾ, അഡ്വാൻസ് ബുക്കിംഗ് കൗണ്ടർ, മറ്റ് സംവിധാനങ്ങൾ, എക്സിറ്റ് കൗണ്ടർ, ആവശ്യമായ ഇരിപ്പിടം, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യം, സൈനേജുകൾ, ഡിസ്‌പ്ലേ ബോർഡുകൾ, ആരോഗ്യ ബോധവത്കരണ സംവിധാനങ്ങൾ, രോഗികൾക്ക് സ്വകാര്യത ഉറപ്പുവരുത്തുന്നതിനുള്ള പരിശോധ മുറികൾ കമ്പ്യൂട്ടറൈസ്ഡ് ഒ.പി. എന്നിവ ക്രമീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സസ് പ്രീചെക്കും കൗൺസിലിങ്ങും വൈകിട്ട് 6 മണി വരെ ഒ.പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തുന്നു. ആസ്ത്മ, ശ്വാസകോശ രോഗങ്ങൾക്കുള്ള 'ശ്വാസ് ക്ലിനിക്ക്' മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ് ക്ലിനിക്ക്' എന്നീ സൗകര്യങ്ങളും ഉറപ്പുവരുത്തുന്നു.

2017-18-ലെ പ്ലാൻ ഫണ്ടിൽ 23 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ എൻ.എച്ച്.എം. വഴി അംഗീകൃത ഏജൻസികൾ മുഖാന്തരം നടന്നുവരുന്നു. ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം കെ.എം.എസ്.സി.എൽ. വഴി നടന്നുവരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കുള്ള 4.845 കോടി രൂപയുടെ

അധിക ഉപകരണങ്ങൾ ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കെ.എം.എസ്.സി.എൽ. വഴി വാങ്ങി ലഭ്യമാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ ഫണ്ടിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി 28.55 കോടി രൂപയും ലാബ് സൗകര്യത്തിനായി 8 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ആർദ്രം മിഷന്റെ ഭാഗമായി ജില്ലാ താലൂക്ക് തല ആശുപത്രികളെ നിശ്ചിതമാനദണ്ഡത്തോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി ഒ.പി. വിഭാഗങ്ങൾ ജനസൗഹൃദമാക്കാനുള്ള നടപടികൾ (ഒ.പി. ട്രാൻസ്ഫർമേഷൻ), ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം, അധിക ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ, തസ്തിക സൃഷ്ടിച്ച് ഡോക്ടർമാർ അടക്കമുള്ള വിവിധ വിഭാഗം ജീവനക്കാരെ നിയമിക്കൽ എന്നിവ നടന്നുവരുന്നു. ആർദ്രം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ ഒ.പി. വിഭാഗം കമ്പ്യൂട്ടർവൽക്കരിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങളോടെ രോഗീസൗഹൃദമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 24.1672 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി ആവശ്യത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും ലഭ്യമായ 15 കോടി രൂപ എൻ.എച്ച്.എം.ലേയ്ക്ക് കൈമാറുകയും അംഗീകൃത ഏജൻസി ഡി.പി.ആർ. തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 17 ജില്ലാതല ആശുപത്രികളിലും 75 താലൂക്ക്തല ആശുപത്രികളിലുമായി ആയതിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി 610 വിവിധ തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

സൂപ്പർ സ്പെഷ്യാലിറ്റികളുടെ വിപുലീകരണത്തിന്റെ ഭാഗമായി തിരുവനന്തപുരം ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി എന്നിവയ്ക്കായി 505 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തിയും സംസ്ഥാന പ്ലാൻ ഫണ്ട്, നബാർഡ്, എം.പി./എം.എൽ.എ. ഫണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവവഴി പ്രവർത്തനങ്ങൾ നടത്തിവരുന്നു. കിഫ്ബി മുഖേന പത്ത് കാത്ത് ലാബ്, കൊറോണറി കെയർ യൂണിറ്റിന് (ആരോഗ്യ വകുപ്പിൽ 8-ഉം മെഡിക്കൽ കോളേജിൽ 2-ഉം) ഭരണാനുമതി നൽകിയിട്ടുണ്ട്. താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ 44 എണ്ണം തുടങ്ങുന്നതിന് 69 കോടി രൂപയുടെ ഭരണാനുമതി നൽകിയതിന്റേയും കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റിന് അനുമതി നൽകിയ 80 കോടി രൂപയുടെയും പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് നിയോജകമണ്ഡലത്തിൽ നിന്നും കല്ലടിക്കോട് പി.എച്ച്.സി., മങ്കര പി.എച്ച്.സി. എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്.

മങ്കര പി.എച്ച്.സി.യിൽ ആർദ്രം പദ്ധതി പ്രകാരം ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ഫാർമസിസ്റ്റ് ഒഴികെയുള്ള തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ടി കേന്ദ്രത്തിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. പ്രവർത്തിച്ചിരുന്നുവെങ്കിലും എൻ.എച്ച്.എം. മുഖേന നിയമിച്ച ഡോക്ടർ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റം ലഭിച്ചതിനാൽ ഒ.പി. വൈകുന്നേരം 2 മണി വരെ മാത്രമേയുള്ളൂ. പകരം സംവിധാനം പഞ്ചായത്ത് അധികൃതർ സ്വീകരിച്ചുവരുന്നു. ലാബിലേയ്ക്കുള്ള ലാബ് റിയേജന്റുകൾ വാങ്ങുന്നതിന് പഞ്ചായത്ത് മുഖേന സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കല്ലടിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർമ്മാണപ്രവർത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും അതിൽ ഫാർമസിസ്റ്റ് ഒഴികെ മറ്റ് തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ടി കേന്ദ്രത്തിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെയാണ് ഒ.പി. പ്രവർത്തിക്കുന്നത്. ശ്വാസകോശ രോഗങ്ങൾക്കുള്ള 'ശ്വാസ് ക്ലിനിക്ക്', ആശ്വാസ് ക്ലിനിക്ക്, എൻ.ഡി.സി. ക്ലിനിക്ക്, മെന്റൽ ഹെൽത്ത് ക്ലിനിക്ക്, കൗമാര ക്ലിനിക്ക്, പ്രീ ചെക്ക് അപ്, ലബോറട്ടറി സൗകര്യങ്ങൾ എന്നിവ ടി കുടുംബാരോഗ്യ കേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

**മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് മാസ്റ്റർ പ്ലാൻ**

214 (2162) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം മെഡിക്കൽ കോളേജുകളെയാണ് പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എറണാകുളം മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി Kerala State Industrial Development Corporation Ltd. (KSIDC) സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 3,68,74,61,142 രൂപയ്ക്ക് M/s. INKEL മുഖേന നടപ്പിലാക്കുന്നതിനും തുക കിഫ്ബി ധനസഹായം മുഖാന്തരം കണ്ടെത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള Speciality Block, Maternal & Child Health Block, Common Amenity Centre, Staff quarters, PG quarters, Indoor stadium എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 717.29 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസലും വയനാട് മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 6,25,38,52,931 രൂപയുടെ പ്രോജക്ട് പ്രൊപ്പോസലും M/s.INKEL മുഖേന നടപ്പാക്കുന്നതിനും തുക കിഫ്ബി ധനസഹായം മുഖാന്തരം കണ്ടെത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

കോട്ടയം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി കരട് മാസ്റ്റർ പ്ലാൻ M/s. HITES തയ്യാറാക്കിവരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ചുമതല M/s. Mathrubhoomi സ്പോൺസർ ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പുരോഗമിക്കുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്.

(സി) എറണാകുളം മെഡിക്കൽ കോളേജിനെയാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## കോഴിക്കോട് മെഡിക്കൽ കോളേജിന് കീഴിലുള്ള ചെറൂപ്പ എം.സി.എച്ച്. സബ് സെന്റർ

215 (2163) <u>ശ്രീ. പി .ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിന് കീഴിലുള്ള ചെറൂപ്പ എം.സി.എച്ച്. സബ് സെന്ററിന് ഈ വർഷത്തെ ബഡ്ജറ്റിൽ വാല്യം I, പേജ് 358, ക്രമ നമ്പർ 6 ആയി ഭരണാനുമതിയുള്ള പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇവിടെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് മെഡിക്കൽ കോളേജിന് കീഴിലുള്ള ചെറുപ്പ എം.സി.എച്ച്. സബ് സെന്ററിന്റെ പുനരുദ്ധാരണ പണികൾ എന്ന പ്രവൃത്തി 2018-19 വർഷത്തെ ബഡ്ജറ്റിൽ വാല്യം 1, പേജ് 358, ക്രമ നമ്പർ6 ആയി " 4210-02-110-96- അലോപ്പതി ആരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

## മെഡിക്കൽ കോളേജുകളിൽ ഹൃദയശസ്ത്രക്രിയയ്ക്കുള്ള സ്റ്റെന്റുകളുടെ വിതരണം

216 (2164) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ ഹൃദയശസ്ത്രക്രിയകൾക്കുള്ള സ്റ്റെന്റുകൾ വിതരണം ചെയ്യുന്നത് ഏതു കമ്പനിയാണ്; വിശദമാക്കുമോ;

(ബി) സ്റ്റെന്റുകൾ വിതരണം ചെയ്യുന്നതിനുള്ള തുക അനുവദിക്കുന്നത് എപ്രകാരമാണ്;

(സി) കമ്പനികൾക്ക് കുടിശ്ശികയായ തുക നൽകാത്തപക്ഷം സ്റ്റെന്റുകൾ വിതരണം ചെയ്യില്ലെന്ന് അവർ അറിയിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)

1. അബോട്ട് വാസ്കുലാർ
2. ട്രാൻസ് ലുമിന
3. മെറിൽ ലൈഫ്
4. വാസ്മെഡ് ടെക്നോളജീസ്, കൊച്ചി
5. പർപ്പിൾ മെഡിക്കൽ സൊല്യൂഷൻ, കൊച്ചി

6. സഹജാനന്ത് മെഡിക്കൽ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി
7. ഹേർട്ട് വെയേഴ്സ്, കോഴിക്കോട്
8. കളരിക്കൽ ഏജൻസീസ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം
9. എം.ഐ.വി. തെറാപ്യൂട്ടിക്
10. ഇൻവെല്യൂഷൻ ബയോട്രോണിക്സ്
11. വാസ്കുലാർ കൺസെപ്റ്റ്
12. ഗ്ലോബൽ ബയോമെഡിക്കൽസ്, എറണാകുളം
13. വിനായക എന്റർപ്രൈസസ്, പെരുമ്പാവൂർ
14. കാവൻ ഹെൽത്ത് കെയർ സർവ്വീസസ് ലിമിറ്റഡ്, കൊച്ചി
15. സ്വാസ്തിക ഹെൽത്ത് കെയർ, ചെന്നൈ
16. ആകാശ് സർജിക്കൽസ്, ഹൈദരാബാദ്
17. ക്യാപിറ്റൽസ് സർജിക്കൽസ്
18. ഗ്ലോബൽ ബയോമെഡിക്കൽസ്, എറണാകുളം
19. മിഡാസ്
20. നാനോ
21. അക്ഷയ
22. വാസ്കുലാർ
23. വിംഗ് ഹെൽത്ത് കെയർ
24. സൂമാക്സ് സൊല്യൂഷൻസ്, കോഴിക്കോട്.
25. ജയ്ഹിന്ദ് സർജിക്കൽസ്, കോഴിക്കോട്.
26. നോവ സർജിക്കൽസ്, ആലപ്പുഴ
27. സൗത്ത് നോർത്ത് മെഡിക്കൽസ്, കോഴിക്കോട്
28. ഇൻവോ ഹെൽത്ത് കെയർ, കോട്ടയം
29. ആനന്ദ സർജിക്കൽസ്, തിരുവനന്തപുരം
30. മാതസ് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ്
31. ഫാർമക്കോൺ, കൊച്ചി

32. ജീവാ ഫാർമ, ആലപ്പുഴ

33. അക്ഷയ മെഡിടെക്, കോഴിക്കോട്.

(ബി) സ്റ്റെന്റുകളുടെ ഉപയോഗശേഷം ബന്ധപ്പെട്ട ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ചികിത്സിക്കുന്ന പദ്ധതികളുടെ ഫണ്ടിൽനിന്നോ എച്ച്.ഡി.എസ്. ഫണ്ടിൽനിന്നോ തുക ലഭ്യമാകുന്ന മുറയ്ക്ക് ബില്ലുകൾ പരിശോധിച്ച് പാസ്സാക്കി നൽകുന്ന രീതിയാണ് നടന്നുവരുന്നത്.

(സി) അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2013 മുതൽ കുടിശ്ശികയുള്ള തുകയിൽ 5 കോടി രൂപ നൽകിയിട്ടുണ്ട്. ബാക്കി വരുന്ന തുകയ്ക്ക് വരുന്ന ബില്ലുകൾ പരിശോധിച്ച് തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഹൃദയശസ്ത്രക്രിയയ്ക്ക് ആവശ്യമായ സ്റ്റെന്റ് വിതരണം നിലച്ച സാഹചര്യം

217 (2165) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിൽ ഹൃദയശസ്ത്രക്രിയയ്ക്ക് ആവശ്യമായ സ്റ്റെന്റ് വിതരണം നിലച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റെന്റ് വിതരണത്തിലുള്ള കുടിശ്ശികയിനത്തിൽ ഏതെല്ലാം കമ്പനികൾക്ക് കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക നൽകാനായി സർക്കാരിനോടും മെഡിക്കൽ കോളേജ് അധികൃതരോടും പലവട്ടം ആവശ്യപ്പെട്ടിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) മെഡിക്കൽ കോളേജുകളിൽ ഹൃദയശസ്ത്രക്രിയയ്ക്ക് ആവശ്യമായ സ്റ്റെന്റ് വിതരണം നിലച്ചിട്ടില്ല. മുൻകൂർ തുക നൽകാതെ തന്നെ കമ്പനികൾ ആവശ്യത്തിന് സ്റ്റെന്റ് വിതരണം ചെയ്യുന്നുണ്ട്. ശസ്ത്രക്രിയകൾ ചെയ്യുന്നതിനാവശ്യമായ സ്റ്റെന്റുകൾ കാത്ത് ലാബുകളിൽ ലഭ്യമാണ്.

(ബി)

1. അബോട്ട് വാസ്കുലാർ

2. ട്രാൻസ് ലുമിന

3. റെലിസിസ്
4. മെറിൽ ലൈഫ്
5. ബോസ്റ്റൺ സയന്റിഫിക്
6. ഇന്നവൊല്യൂഷൻ
7. പർപ്പിൾ മെഡിക്കൽ സൊല്യൂഷൻ, കൊച്ചി
8. ബയോട്രോണിക്സ്
9. സഹജാനന്ത്
10. എൻവിഷൻ സയന്റിഫിക്
11. കളരിക്കൽ ഏജൻസീസ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം
12. ഗ്ലോബൽ ബയോമെഡിക്കൽ, എറണാകുളം
13. വിനായക എന്റർപ്രൈസസ്, പെരുമ്പാവൂർ
14. കാവൻ ഹെൽത്ത് കെയർ സർവ്വീസസ് ലിമിറ്റഡ്, കൊച്ചി
15. സഹജാനന്ത് മെഡിക്കൽ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം
16. സ്വാസ്തിക ഹെൽത്ത് കെയർ, ചെന്നൈ
17. സുമാക്സ് സൊല്യൂഷൻസ്, കോഴിക്കോട്
18. ഹേർട്ട് വെയേഴ്സ്, കോഴിക്കോട്
19. ജയ്ഹിന്ദ് സർജിക്കൽസ്, കോഴിക്കോട്.
20. നോവ സർജിക്കൽസ്, ആലപ്പുഴ
21. സൗത്ത് നോർത്ത് മെഡിക്കൽസ്, കോഴിക്കോട്
22. ഇൻവോ ഹെൽത്ത് കെയർ, കോട്ടയം
23. ആനന്ദ സർജിക്കൽസ്, തിരുവനന്തപുരം
24. വാസ്മഡ് ടെക്നോളജീസ്, കൊച്ചി
25. സഹജാനന്ത് ലേസർ ടെക്നോളജി ലിമിറ്റഡ്, ഗുജറാത്ത്
26. ഫാർമക്കോൺ, കൊച്ചി

27. ജീവാ ഫാർമ, ആലപ്പുഴ

28. അക്ഷയ മെഡിടെക്, കോഴിക്കോട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ഒഴികെ മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ആറ് മാസത്തിൽ താഴെയുള്ള കാലയളവിലെ തുകകൾ മാത്രമാണ് നൽകാനുള്ളത്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ 2013 മുതൽ 2018 വരെ കാലയളവിൽ നൽകാനുണ്ടായിരുന്ന തുകയിൽ കെ.ബി.എഫ്., ചിസ്-പ്ലസ് സ്കീമുകളിൽ നിന്നും കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിൽ 5 കോടിയോളം രൂപ നൽകിയിട്ടുണ്ട്. ബാക്കി തുകയ്ക്കുള്ള ബില്ലുകൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡയാലിസിസ് സെന്ററുകൾ**

218 (2166) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിനുള്ള പദ്ധതിക്കായി കിഫ്ബിവഴി എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ഡയാലിസിസ് സെന്ററുകൾ പുതുതായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്;

(ഡി) സ്വകാര്യ ആശുപത്രികൾ ഡയാലിസിസിനായി വ്യത്യസ്ത ഫീസ് ഈടാക്കി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കേരളത്തിലെ 44 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കിഫ്ബി പദ്ധതി പ്രകാരം 18 ഡയാലിസിസ് കേന്ദ്രങ്ങൾ പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസിനായി വ്യത്യസ്ത ഫീസ് ഈടാക്കി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 'Clinical Establishment Bill' നടപ്പിലാക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

**സർക്കാർ ആശുപത്രികളിലെ ഉപയോഗശൂന്യമായ കെട്ടിടങ്ങൾ**

219 (2167) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കാൻ കഴിയാതെ കെട്ടിടങ്ങൾ ഒഴിഞ്ഞു കിടപ്പുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ കെട്ടിടങ്ങൾ പ്രവർത്തനയോഗ്യമാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ജീവനക്കാരുടെ കുറവുമൂലം അടച്ചിട്ടിരിക്കുന്ന കെട്ടിടങ്ങൾ സംബന്ധിച്ച വിശദവിവരം നൽകുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ പ്രാഥമിക/സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ആശുപത്രിയായി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നില്ല. എന്നാൽ ആശുപത്രി കോമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന മറ്റ് കെട്ടിടങ്ങൾ ആർദ്രം പദ്ധതിയുടെ ഭാഗമായി ഫലവത്തായി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ കണ്ടെത്തി ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം.-ന്റെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കിവരുന്നു.

(സി) അഗളി സി.എച്ച്.സി.

അഗളി സി.എച്ച്.സി.-യിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച എക്സ്-റേ ടെക്നീഷ്യന്റെ കുറവുമൂലം 28-2-2014 മുതൽ എക്സ്-റേ യൂണിറ്റ് പ്രവർത്തിക്കുന്നില്ല.

വടക്കാഞ്ചേരി സി.എച്ച്.സി.

വടക്കാഞ്ചേരി സി.എച്ച്.സി.-യിൽ വൃദ്ധന്മാരുടെ വാർഡ് 2014-15 സാമ്പത്തിക വർഷത്തിൽ പണി കഴിപ്പിച്ചെങ്കിലും ജീവനക്കാരുടെ അഭാവംമൂലം പ്രവർത്തിക്കുന്നില്ല.

താനൂർ സി.എച്ച്.സി. എക്സ്റേ കെട്ടിടം

ടി. ബി. വാർഡായും തുടർന്ന് 2006 മുതൽ വനിതാ കാന്റീനായും പ്രവർത്തിച്ചിരുന്ന കെട്ടിടം എക്സ്റേ യൂണിറ്റ് ആയി പ്രവർത്തിപ്പിക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 28-5-2012-ൽ ടി കെട്ടിടത്തിന്റെ ഒരു ഭാഗം ഇതിലേക്കായി മെയിന്റനൻസ് നടത്തുകയും ചെയ്തു. എന്നാൽ എക്സ്റേ മെഷീൻ ജീവനക്കാർ ഇല്ലാത്തതിനാൽ പ്രസ്തുത കെട്ടിടം ഉപയോഗിക്കാതെ കിടക്കുന്നു.

ഓപ്പറേഷൻ തീയേറ്റർ

സി.എച്ച്.സി.യിൽ സ്പെഷ്യാലിറ്റി കേഡർ ഇല്ലാത്തതിനാൽ 17-9-2010 മുതൽ ടി കെട്ടിടം ഉപയോഗിക്കാതെ കിടക്കുന്നു.

## കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

220 (2168) ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ എത്ര ഡോക്ടർമാർ ഉണ്ടാകണമെന്നാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരം മാനദണ്ഡങ്ങൾ പ്രകാരമാണോ കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് എന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ജനങ്ങൾക്ക് ഗുണമേന്മയുള്ള സേവനം നൽകുന്നതിനാവശ്യമായ ഭൗതിക മാനവ വിഭവശേഷി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കൂടുതൽ ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ ചുരുങ്ങിയത് 3 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം എന്നാണ് ഉദ്ദേശിക്കുന്നത്.

(ബി) പരിശോധിച്ചിട്ടുണ്ട്. 9-10-2017 ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 2782/17/ആ.കു.വ., പ്രകാരം കുടുംബാരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ ഡ്യൂട്ടീസ് &റെസ്പോൺസിബിലിറ്റീസ് സംബന്ധിച്ചും ടി കേന്ദ്രങ്ങളുടെ പ്രവർത്തി സമയം സംബന്ധിച്ചും വിശദമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

(സി) നിലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യപരിചരണവും രോഗ ചികിത്സയും ഉറപ്പാക്കിയും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ഇവിടങ്ങളിൽ ഒരു അസിസ്റ്റന്റ് സർജൻ, 2 സ്റ്റാഫ് നഴ്സ്, 1 ലാബ് ടെക്നീഷ്യൻ, ഒ.പി. കൂടുതലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച നിയമനം നടത്തിവരുന്നു.

**ചിറ്റൂർ മണ്ഡലത്തിലുള്ള ആരോഗ്യ കേന്ദ്രങ്ങളിലെ തസ്തികകൾ**

221 (2169) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ താലൂക് ആശുപത്രികൾ, സി. എച്ച്.സി.കൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിലവിൽ ഡോക്ടർ, നഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ചിറ്റൂർ താല്ലൂക്ക് ആശുപത്രിയിൽ ലീൻ നിലനിർത്തി എത്ര ഡോക്ടർമാർ ജില്ലയിലെ മറ്റ് ആശുപത്രികളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിനു കീഴിലുള്ള താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി.കൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർ, നഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിൽ ഡോക്ടർമാർ ആരും ലീൻ നിലനിർത്തി മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്നില്ല.

**താലൂക്ക് ഹോസ്പിറ്റലിലെ സ്റ്റാഫ് പാറ്റേൺ**

222 (2170) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു താലൂക്ക് ഹോസ്പിറ്റലിൽ വേണ്ട സ്റ്റാഫ് പാറ്റേൺ എത്രയാണെന്ന് വിശദമാക്കുമോ;

(ബി) പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ തസ്തികകൾ ഏതെല്ലാം;

(സി) നിലവിലുള്ള ഏതൊക്കെ തസ്തികയിൽ ഒഴിവ് നിലനിൽക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലവിൽ ഉള്ളത്; (അനുബന്ധം I*), എങ്കിലും ഓരോ ആശുപത്രികളിലെയും ഒ.പി./ഐ.പി., കിടക്കകളുടെ എണ്ണം, വിവിധ സ്പെഷ്യാലിറ്റികളുടെ പ്രവർത്തനം തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് തസ്തിക സൃഷ്ടിച്ചുവരുന്നത്. സംസ്ഥാനത്ത് ആർദ്രം പദ്ധതി നിലവിൽ വന്ന സാഹചര്യത്തിൽ ജില്ലാ താലൂക്കുതല ആശുപത്രികളെ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ വികസിപ്പിച്ച് വിവിധ വിഭാഗം സ്റ്റാഫിന്റെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നത് അനുസരിച്ച് മറ്റ് സൗകര്യങ്ങൾ വികസിപ്പിക്കാനാണ് ആർദ്രം മിഷൻ ലക്ഷ്യമിടുന്നത്.

(ബി &സി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ നർക്കിലക്കാട് പി.എച്ച്.സി.**

223 (2171) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ മലയോര കുടിയേറ്റ മേഖലയായ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ നർക്കിലക്കാട് പി.എച്ച്.സി-ക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നിരവധി സന്നദ്ധ സംഘടനകളുടെയും അവാർഡുകൾ ലഭിച്ചിട്ടുള്ളതിനാലും ഈ മേഖലയിൽ ഐ.പി. ചികിത്സ ഇല്ലാത്തതിനാലും ഇവിടെ കിടത്തി ചികിത്സ ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

ഔട്ട് പേഷ്യന്റ് ചികിത്സ, രോഗപ്രതിരോധം, മാതൃശിശു ആരോഗ്യം, പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ ദേശീയ സംസ്ഥാന ആരോഗ്യ പരിപാടികൾക്ക് ഊന്നൽ നൽകി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ. ഇവിടെ കിടത്തി ചികിത്സ ഉദ്ദേശിക്കപ്പെട്ടിട്ടില്ല. മൂന്ന്-നാല് ഒബ്സർവേഷൻ ബെഡ് മാത്രമാണ് ടി കേന്ദ്രങ്ങളിൽ ലഭ്യമാക്കി വരുന്നത്. സമഗ്ര ആരോഗ്യ പരിചരണം ലക്ഷ്യമാക്കിക്കൊണ്ട് ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കി ഇവിടെ ആവശ്യമായ തസ്തിക സൃഷ്ടിക്കുക എന്നതാണ് ഇപ്പോൾ സർക്കാർ ഉദ്ദേശിക്കുന്നത്.

**കായംകുളം താലൂക്ക് ആശുപത്രിയിൽനിന്നും ലഭിച്ച വരുമാനം**

224 (2172) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്ക് ആശുപത്രിയിൽ വിവിധ ഇനങ്ങളിലായി 2016, 2017, 2018 വർഷങ്ങളിൽ ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ പ്രത്യേകം പ്രത്യേകമായി ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ എത്ര രൂപ ആശുപത്രി ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട് ; വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആശുപത്രി വികസന സമിതി വരുമാനം. സാമ്പത്തിക വർഷം വരവ്

| | | |
|---|---|---|
| 2016-17 | - | 45,18,493 |
| 2017-18 | - | 62,63,032 |

നാഷണൽ ഹെൽത്ത് മിഷൻ

| ക്രമ നമ്പർ | ഹെഡ് | സാമ്പത്തിക വർഷം | വരവ് |
|---|---|---|---|
| 1 | വാർഡ് സാനിട്ടേഷൻ കമ്മിറ്റി | 2016-2017 | Rs. 4,40,000 |
| | | 2017-2018 | Rs. 4,40,000 |
| 2 | കായകൽപ | 2016-2017 | Rs. 59,000 |
| | | 2017-2018 | Rs. 3,00,000 |
| 3 | അൺടൈഡ് ഫണ്ട് | 2017-2018 | Rs. 2,50,000 |

(ബി) ആശുപത്രിയിലെ ദൈനംദിന ആവശ്യങ്ങൾക്കും ശുചീകരണത്തിനും വികസനത്തിനുമായി ചെലവായ തുക സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

ആശുപത്രി വികസന ചെലവ്

| ക്രമ നമ്പർ | സാമ്പത്തിക വർഷം | വരവ് |
|---|---|---|
| 1 | 2016-17 | രൂ. 42,15,381 |
| 2 | 2017-18 | രൂ. 53,90,764 |

നാഷണൽ ഹെൽത്ത് മിഷൻ

| ക്രമ നമ്പർ | ഹെഡ് | സാമ്പത്തിക വർഷം | വരവ് |
|---|---|---|---|
| 1 | വാർഡ് സാനിട്ടേഷൻ കമ്മിറ്റി | 2016-2017 | Rs. 4,40,000 |
| | | 2017-2018 | Rs. 4,40,000 |
| 2 | കായകൽപ | 2016-2017 | Rs. 59,000 |
| | | 2017-2018 | Rs. 3,00,000 |
| 3 | അൺടൈഡ് ഫണ്ട് | 2017-2018 | Rs. 2,50,000 |

## കോതമംഗലം താലൂക്ക് ആശുപത്രിയിൽ പട്ടികവർഗ്ഗ വിശ്രമ സേവന കേന്ദ്രം

225 (2173) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ 16-ഓളം ആദിവാസി കോളനികളിലെ നൂറുകണക്കിന് ആദിവാസികൾ ചികിത്സക്കായി എത്തുന്ന കോതമംഗലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ രോഗികളുടെ കൂട്ടിരുപ്പുകാർക്ക് വിശ്രമിക്കുന്നതിനും അവരുടെ ആചാരങ്ങൾക്ക് വിധേയമായി ജീവിതചര്യകൾ അനുഷ്ഠിക്കുന്നതിനും നിലവിൽ സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരെ സഹായിക്കുന്ന 3 ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓഫീസ് സംവിധാനങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി ആശുപത്രിയിൽ ഒരു പട്ടികവർഗ്ഗ വിശ്രമ സേവന കേന്ദ്രം ആരംഭിക്കുമോ; നിലവിൽ എന്തെല്ലാം സൗകര്യങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ?

(സി) ആദിവാസികൾക്കായി ഇവിടെ നിലവിൽ എന്തെല്ലാം സൗകര്യങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ട്രൈബൽ പ്രൊമോട്ടർക്ക് താത്കാലികമായ ഒരു ഓഫീസ് സംവിധാനം നിലവിലുണ്ട്. 2 ട്രൈബൽ പ്രൊമോട്ടർമാർ ഉള്ളതിനാൽ ഒരാൾ പകലും ഒരാൾ രാത്രിയിലുമാണ് ജോലി ചെയ്യുന്നത്. ഇവർക്ക് വിശ്രമിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഇല്ല. നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നഗരസഭയുമായി ചേർന്ന് ശ്രമങ്ങൾ നടത്തിവരുന്നു.

(സി) ചികിത്സയ്ക്കുവരുന്ന ആദിവാസി രോഗികൾക്ക് മുഴുവൻ ചികിത്സകളും സൗജന്യമായി നൽകുന്നു. രോഗികൾക്ക് സൗജന്യ ആംബുലൻസ് സൗകര്യം കൊടുക്കുന്നുണ്ട്. ആദിവാസിരോഗികൾക്കും കൂട്ടിരിപ്പുകാർക്കും സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ സൗജന്യമായി ഭക്ഷണം നൽകുന്നുണ്ട്. ആശുപത്രിയിൽ സ്റ്റോക്കില്ലാത്ത മരുന്നുകൾ പുറമെനിന്ന് വാങ്ങി നൽകുന്നുണ്ട്. ഇവിടെ ഇല്ലാത്ത ലാബ് ടെസ്റ്റുകളും സ്കാനിംങ്ങും എക്സ്റേയും ട്രൈബൽ ഫണ്ട് ഉപയോഗിച്ച് നൽകി വരുന്നു. ഗർഭിണികളെ സ്ക്രീൻ ചെയ്ത് അവർക്കുവേണ്ട എല്ലാ ചികിത്സകളും നൽകിവരുന്നു.

**പാലക്കാട് ജില്ലാ ആശുപത്രികൾ**

226 (2174) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര ജില്ലാ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) സബ്ഡിവിഷൻ ആസ്ഥാനമായ ഒറ്റപ്പാലത്തെ താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേക്കുയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലാ ആശുപത്രി മാത്രമാണ് പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചുവരുന്നത്.

(ബി) നിലവിൽ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി, ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരെഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനവും ആവശ്യമായ തസ്തിക സൃഷ്ടിക്കലുമാണ് ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ആർദ്രം പദ്ധതിയുടെ ഭാഗമായി 2017-18 ൽ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളുടെ പട്ടികയിൽ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ തെരെഞ്ഞെടുക്കുകയും ഇവിടെ ആറ് വിവിധ തസ്തികകൾ സൃഷ്ടിച്ച നൽകുകയും ചെയ്തിട്ടുണ്ട്.

## ചാലക്കുടി താലൂക്ക് ആശുപത്രിക്ക് മാലിന്യസംസ്കരണ പ്ലാന്റ്

227 (2175) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി സർക്കാർ താലൂക്ക് ആശുപത്രിക്ക് സമീപമുള്ള വീടുകളിലെ കിണറുകളിൽ വെള്ളം മലിനമായത് സംബന്ധിച്ച് പ്രദേശത്തെ ജനങ്ങൾ പരിഭ്രാന്തരായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കിണറുകളിലെ ജലം മലിനപ്പെട്ടതിന്റെ കാരണം ആരോഗ്യ വകുപ്പിന് അറിയാമോ; എങ്കിൽ വിശദമാക്കാമോ;

(സി) ചാലക്കുടി താലൂക്ക് ആശുപത്രിയിലെ മാലിന്യം യഥാവിധി സംസ്കരിക്കുന്നതിനായി ഒരു ആധുനിക മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ബി. ഡി. ദേവസ്സി ജില്ലാ വികസന സമിതി യോഗത്തിൽ മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട ചാലക്കുടി എം.എൽ.എ.യുടെ നിർദ്ദേശം അനുസരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി സൂപ്രണ്ടിനോട് വിശദീകരണം തേടുകയും 30-4-2018-ന് ടെക്നിക്കൽ അസിസ്റ്റന്റ് നടത്തിയ പരിശോധനയിൽ മലിനീകരണം ബോദ്ധ്യപ്പെടുകയും 7-5-2018-ന് 4 കിണറുകളിലെ ജലം കാക്കനാട് റീജിയണൽ അനലറ്റിക് ലാബിലേയ്ക്ക് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തിരുന്നു. ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിൽ നിന്നും പുറംതള്ളുന്ന മലിനജലം സംസ്കരിക്കുന്ന ടാങ്കിനടുത്തുള്ള കിണറുകളിൽ പി.എച്ച്.മൂല്യം കുറവുള്ളതായും ഇത് ദൂരെയുള്ള കിണറുകളിൽ കൂടി കാണപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലിനജലം ഇതിന് കാരണമാകുന്നുണ്ടോ എന്ന് സ്ഥിരീകരിക്കുന്നതിന് വെള്ളത്തിന്റെ സാമ്പിൾ പൊല്യൂഷൻ കൺട്രോൾ അധികൃതർ ശേഖരിച്ചിട്ടുണ്ട്. ഇതിന്റെ പരിശോധന ഫലം വന്നിട്ടില്ല. നിലവിൽ ലഭ്യമായ പരിശോധന ഫലത്തിൽ വെള്ളത്തിൽ ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ല.

(സി) 2018-19 സാമ്പത്തിക വർഷത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള മേജർ ആശുപത്രികളിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ചാലക്കുടി താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ചാലക്കുടി താലൂക്ക് ആശുപത്രി അധികൃതരിൽ നിന്നും വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പാലക്കാട് ജില്ലയിലെ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ**

228 (2176) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം താലൂക്ക്/ജില്ലാ അശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമല്ലാതായിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ജില്ലാ ആശുപത്രി പാലക്കാട്, താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം എന്നീ സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പാലക്കാട് ജില്ലാ ആശുപത്രിയിൽ 2011 ആഗസ്റ്റ് മാസമാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത്. 2014 ആഗസ്റ്റ് മാസം മുതൽ മുഴുവൻ സമയവും നെഫ്രോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 8 ഹീമോ ഡയാലിസിസ് മെഷീനുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 25,496 ഹീമോ ഡയാലിസിസ് ചെയ്തിട്ടുണ്ട്. ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 2013 ജൂലൈ മാസം മുതൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

(ബി) ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് 2013 മുതൽ പ്രവർത്തിച്ചുവരുന്നു. രണ്ടാംഘട്ട വിപുലീകരണ പ്രവർത്തനത്തിന്റെ ഭാഗമായി 19 മെഷീനുകൾ ഡയാലിസിസ് സൗകര്യത്തിനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 31-5-2018 വരെ 12,768 ഡയാലിസിസ് 68 രോഗികൾക്കായി ചെയ്യാൻ സാധിച്ചിട്ടുണ്ട്. 120 പേർക്ക് തികച്ചും സൗജന്യമായി ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം താമസിയാതെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ മഴക്കാല രോഗ പ്രതിരോധ നടപടികൾ**

229 (2177) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാല രോഗ പ്രതിരോധ നടപടികൾക്കായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ താലൂക്കാശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, സർക്കാർ ആയുർവ്വേദ ആശുപത്രികൾ, സർക്കാർ ഹോമിയോ ആശുപത്രികൾ എന്നിവയിൽ ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഒറ്റപ്പാലം മുനിസിപ്പാലിറ്റി, അമ്പലപ്പാറ, കോട്ടപ്പുറം, എലമ്പുലാശ്ശേരി, പൂക്കോട്ടുകാവ്, ശ്രീകൃഷ്ണപുരം, തച്ചനാട്ടുകര, കടമ്പഴിപ്പുറം, പേരൂർ, വാണിയംകുളം എന്നീ പ്രദേശങ്ങളുൾപ്പെടുന്ന മണ്ഡലത്തിലെ 172 വാർഡുകളിൽ 'ജാഗ്രതോത്സവം' എന്ന പേരിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളും അവബോധവും നടത്തി.

വാർഡുതല ശുചിത്വ സമിതി അവലോകന യോഗങ്ങൾ എല്ലാ വാർഡിലും നടത്തിയിട്ടുണ്ട്.

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽനിന്നും നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച്, സംസ്ഥാനതലത്തിൽ നടപ്പാക്കുന്ന ശുചിത്വ പരിശോധനകൾ ഈ മണ്ഡലത്തിലും നടത്തിയിട്ടുണ്ട്. ശുചിത്വ പരിശോധനയുടെ ഭാഗമായി പൊതുജനാരോഗ്യ നിയമപ്രകാരമുള്ള 50 നോട്ടീസുകൾ നൽകിയിട്ടുണ്ട്. കൊതുക് സാന്ദ്രതാ പഠനങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ട്. ഗൃഹസന്ദർശന വേളയിൽ പൊതുജനങ്ങൾക്ക് ആരോഗ്യ വിദ്യാഭ്യാസം നൽകുന്നുണ്ട്.

(ബി) ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കൺസൾട്ടന്റ് (സർജറി), ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് (ഗൈനക്കോളജി), അഡ്മിനിസ്ട്രേറ്റീവ് കേഡർ (സൂപ്രണ്ട്), ഡെന്റൽ സിവിൽ സർജൻ, ഡെന്റൽ മെക്കാനിക്ക്, നഴ്സിംഗ് സൂപ്രണ്ട്, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിലെ ഓരോ ഒഴിവും നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലെ നാല് ഒഴിവുകളുമുണ്ട്. അമ്പലപ്പാറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -2, പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിലെ ഓരോ ഒഴിവും കടമ്പഴിപ്പുറം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നഴ്സ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -2, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിൽ ഓരോ ഒഴിവും ലക്കിടി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഹോസ്പിറ്റൽ അറ്റൻഡന്റ്

ഗ്രേഡ് -2, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിൽ ഓരോ ഒഴിവും പൂക്കോട്ടുകാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റിന്റെ ഒരൊഴിവും ശ്രീകൃഷ്ണപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നഴ്സിന്റെ രണ്ടൊഴിവും ഫാർമസിസ്റ്റിന്റെ ഒരൊഴിവും തച്ചനാട്ടുകര പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഒരൊഴിവും നിലവിലുണ്ട്.

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിന് കീഴിലുള്ള ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ മെഡിക്കൽ ഓഫീസർ (വിഷ) തസ്തികയിൽ ഒരു ഒഴിവും നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഒരു ഒഴിവും നിലവിലുണ്ട്. ഒറ്റപ്പാലം ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിൽ ഒരു ഡിസ്പെൻസറുടെ ഒഴിവും കടമ്പൂർ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിൽ ഒരു ഓഫീസ് അറ്റൻഡന്റിന്റെ ഒഴിവും ലെക്കിടി പേരൂർ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിൽ ഒരു ചീഫ് മെഡിക്കൽ ഓഫീസറുടെ ഒഴിവും നിലവിലുണ്ട്.

## വൈപ്പിനിലെ ഡിമൻഷ്യ സെന്റർ

230 (2178) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ എടവനക്കാട് പ്രവർത്തിച്ചുവരുന്ന ഡിമൻഷ്യ സെന്ററിന്റെ മേൽനോട്ടവും ഭരണപരമായ ചുമതലയും ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെന്ററിന്റെ മേൽനോട്ടത്തിനായി ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരുൾപ്പെടുന്ന കമ്മിറ്റി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ ഘടന വിശദമാക്കാമോ;

(സി) പ്രസ്തുത കമ്മിറ്റിയിൽ സ്ഥലം എം.എൽ.എ.-യെ ഉൾപ്പെടുത്തിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങളുടെ കാലാവധി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) കാലാവധി കഴിഞ്ഞിട്ടുണ്ടെങ്കിൽ കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) എടവനക്കാട് പ്രവർത്തിച്ചുവരുന്ന ഡിമൻഷ്യ സെന്ററിന്റെ മേൽനോട്ടവും ഭരണപരമായ ചുമതലയും സാമൂഹ്യനീതി വകുപ്പിനാണ്.

(ബി) എടവനക്കാട് ഡിമൻഷ്യ കെയർ സെന്ററിന്റെ മേൽനോട്ടത്തിനായി ജില്ലാ കളക്ടർ ചെയർമാനായുള്ള മാനേജ്മെന്റ് കമ്മിറ്റി നിലവിലുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ താഴെപ്പറയുന്നവർ അംഗങ്ങളാണ്:

1. ജില്ലാ സാമൂഹ്യനീതി ഓഫീസർ
2. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
3. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
4. ഗ്രാമപഞ്ചായത്ത് മെമ്പർ
5. വൈപ്പിൻ സി.ഡി.പി.ഒ.
6. മട്ടാഞ്ചേരി പി.ഡബ്ല്യു.ഡി. ബിൽഡിംഗ് അസിസ്റ്റന്റ് എഞ്ചിനീയർ
7. പി.എച്ച്.സി.മെഡിക്കൽ ഓഫീസർ
8. ARDSI സോഷ്യൽ വർക്കർ
9. സാമൂഹ്യപ്രവർത്തകർ (3 അംഗങ്ങൾ)
10. സ്ഥാപന സൂപ്രണ്ട്.

(സി) ക്ഷേമസ്ഥാപന മാനേജ്മെന്റ് കമ്മിറ്റികളിൽ എം.എൽ.എ. മാരെ ഉൾപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ഡി) മാനേജ്മെന്റ് കമ്മിറ്റിയുടെ കാലാവധി 3 വർഷമാണ്.

(ഇ) 2018 മേയ് മാസത്തിൽ കാലാവധി പൂർത്തിയായിട്ടുണ്ട്. മാനേജ്മെന്റ് കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി വകുപ്പ് തലത്തിൽ സ്വീകരിച്ച് വരുന്നു.

**കുഴൽമന്ദം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ട്രോമാ കെയർ യൂണിറ്റ്**

231 (2179) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) അതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കുഴൽമന്ദം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ട്രോമാകെയർ യൂണിറ്റും അനുബന്ധമായി 5 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും 3 സ്റ്റാഫ് നഴ്സുമാരുടെയും തസ്തികകളും അനുവദിച്ചിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റ് നിർമ്മാണത്തിനാവശ്യമായ 51 സെന്റ് സ്ഥലം സാമൂഹ്യാരോഗ്യ കേന്ദ്രം കോമ്പൗണ്ടിനോടുചേർന്ന് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ ട്രോമാകെയർ സംവിധാനത്തിനു വേണ്ടി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് സിവിൽ വർക്സ്/ ബിൽഡിംഗ് നവീകരണം എന്നിവയ്ക്കായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നടത്തുവാനുള്ള തുടർ നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2018-19 സാമ്പത്തിക വർഷത്തെ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ട്രോമാകെയർ യൂണിറ്റിനും റോഡ് നിർമ്മാണത്തിനുമായി 20 ലക്ഷം (ഇരുപത് ലക്ഷം രൂപ) വകയിരുത്തിയിട്ടുണ്ട്.

**കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

232 (2180) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-2019 വർഷത്തിൽ ഏതെല്ലാം ആശുപത്രികളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) 2017-2018 വർഷത്തിൽ നിർദ്ദേശിച്ചിരുന്ന അങ്കമാലി നിയോജകമണ്ഡലത്തിലെ മലയോര പഞ്ചായത്തായ അയ്യമ്പുഴയിലെ പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2018-19 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള സ്ഥാപനങ്ങളുടെ കരട് പട്ടികയിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) 2017-18-ൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ പട്ടികയിൽ അയ്യമ്പുഴ പി.എച്ച്.സി. ഉൾപ്പെട്ടിരുന്നില്ല. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ ടി സ്ഥാപനത്തെ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർക്ക് പരിശീലനം

233 (2181) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ രോഗങ്ങൾ കണ്ടുവരുന്ന കാലത്ത് ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർക്ക് നൽകുന്ന പരിശീലന രീതിയിൽ കാലോചിതമായ പരിഷ്കാരം ആലോചിക്കുന്നുണ്ടോ;

(ബി) അത്തരത്തിൽ ആധുനിക രീതിയിലുള്ള പരിശീലനം നിലവിൽ നൽകി വരുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. കേരളത്തിൽ കൂടുതലായി കണ്ടുവരുന്ന പ്രമേഹം, ബി.പി., വിവിധതരം കാൻസർ തുടങ്ങിയവയെക്കുറിച്ചും, പുതിയതരം പകർച്ചവ്യാധി രോഗങ്ങളായ എച്ച്1 എൻ1, സ്ക്രൈബ് ടൈഫസ്, കാലാ ആസാർ, ജപ്പാൻ ജ്വരം തുടങ്ങിയ രോഗങ്ങളെക്കുറിച്ചും ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിന്റെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ ബ്ലോക്ക്/ജില്ലാതല മീറ്റിംഗുകളിൽ പുതിയതരം രോഗങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ ഉൾപ്പെടുത്താറുണ്ട്. ആരോഗ്യ വകുപ്പിന്റെ തിരുവനന്തപുരം, കോഴിക്കോട് പരിശീലന കേന്ദ്രങ്ങളിൽ ഓരോ വർഷവും പുതിയ പരിശീലന പരിപാടികൾക്ക് രൂപം നൽകുമ്പോൾ പുതിയതായി കണ്ടുവരുന്ന രോഗങ്ങൾകൂടി ഉൾപ്പെടുത്തി ഫീൽഡ് വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകാറുണ്ട്.

## കൊല്ലം മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള ഒഴിവുകൾ

234 (2182) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഡോക്ടർമാരുടേയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടേയും തസ്തികകളിലെ ഒഴിവുകൾ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കൊല്ലം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഈ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെ 8 ഒഴിവുകളും (സ്പെഷ്യാലിറ്റി കേഡർ -7, അഡ്മിനിസ്ട്രേറ്റീവ് കേഡർ-1) പാരാമെഡിക്കൽ തസ്തികയിൽ ഒരു ഒഴിവുമാണ് നിലവിലുള്ളത്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

**നഴ്സുമാരുടെ വേതനം**

235 (2183) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രിയിൽ സേവനം അനുഷ്ഠിക്കുന്ന നഴ്സുമാരുടെ വേതനം പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പുതുക്കിയ വേതനം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) നാഷണൽ ഹെൽത്ത് മിഷനിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന നഴ്സുമാരുടെ ശമ്പളം വ്യക്തമാക്കുമോ; ഇവർക്ക് വേതന നിരക്ക് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) നാഷണൽ ഹെൽത്ത് മിഷനിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന നഴ്സുമാർക്ക് പുതുക്കിയ നിരക്കിൽ വേതനം നൽകാൻ കേന്ദ്ര സർക്കാർ വിസമ്മതിക്കുകയാണെങ്കിൽ ആയത് സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നും നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് നൽകേണ്ടതായ കുറഞ്ഞകൂലി നിരക്കുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 33/2018/തൊഴിൽ. അനുബന്ധമായി ചേർക്കുന്നു.*

(ബി) എൻ.എച്ച്.എം. ജീവനക്കാർക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ വർഷംതോറും ആർ.ഒ.പി. പ്രകാരം അനുവദിക്കുന്ന ശമ്പളം ആണ് നൽകി വരുന്നത്. നിലവിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന നഴ്സുമാരുടെ അടിസ്ഥാന ശമ്പളം 13900 രൂപയാണ്. 2018-19-ലെ ആർ.ഒ.പി. പ്രകാരം വേതന വർദ്ധനയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് ദേശീയ ആരോഗ്യ ദൗത്യം പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായ സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

**കേരള നഴ്സസ് ആൻഡ് മിഡ് വൈഫ്സ് കൗൺസിൽ**

236 (2184) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നഴ്സസ് ആൻഡ് മിഡ് വൈഫ്സ് കൗൺസിലിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) അനുവദിക്കപ്പെട്ട തസ്തികകളുടെ പേരും സർക്കാർ ഉത്തരവിന്റെ നമ്പരും വ്യക്തമാക്കുമോ;

(സി) അനുവദിക്കപ്പെട്ട തസ്തികകളുടെ നിയമനരീതി എങ്ങനെയാണ്;

(ഡി) ഡെപ്യൂട്ടേഷൻ തസ്തികകളിൽ നിയമിതരായ ഉദ്യോഗസ്ഥർ അവരുടെ റിട്ടയർമെന്റിനു ശേഷം കരാർ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികകളിൽ തുടരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എത്ര പേർ എന്നു മുതൽ ഏതെല്ലാം തസ്തികകളിലാണ് കരാർ അടിസ്ഥാനത്തിൽ ഇപ്പോൾ ജോലി ചെയ്യുന്നത്; റിട്ടയർ ചെയ്തവരുടെ സേവനം അവസാനിപ്പിച്ച് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പുതിയ നിയമനം നടത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 14 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി)

| തസ്തിക | ഉത്തരവ് നമ്പർ |
|---|---|
| രജിസ്ട്രാർ-1 | 22-11-2008-ലെ 32988/സി3/08/ ആ.കു.വ. നമ്പർ വിജ്ഞാപനം |
| ഡെപ്യൂട്ടി രജിസ്ട്രാർ-1 | 29-3-2010-ലെ (എം.എസ്.) 132/2010/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് |
| ജൂനിയർ സൂപ്രണ്ട്-1 | |
| എൽ.ഡി.ക്ലാർക്ക്-3 | |
| ഡേറ്റാ എൻട്രി ഓപ്പറേറ്റർ-2 | |
| അറ്റൻഡർ-1 | |
| വാച്ച്മാൻ-1 | |
| പ്യൂൺ-1 | |
| എൽ.ഡി.ക്ലാർക്ക്-1 | 5-5-2008-ലെ (എം.എസ്) 151/2008/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ്. |
| അക്കൗണ്ടന്റ്-1 | |
| ഡ്രൈവർ -1 | 7-2-2011-ലെ (എം.എസ്.) 84/2011/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് |

(സി) 1953- ലെ നഴ്സസ് ആന്റ് മിഡ് വൈഫ്സ് ആക്ട് സെക്ഷൻ 17 (1) പ്രകാരം രജിസ്ട്രാറെ സർക്കാർ നിയമിക്കുകയും സെക്ഷൻ 17(2)പ്രകാരം സർക്കാർ സൃഷ്ടിച്ച തസ്തികകളിൽ രജിസ്ട്രാർ ഒഴികെ മറ്റ് ഓഫീസർമാരെയും ജീവനക്കാരെയും നിയമിക്കാനുള്ള അധികാരം (നിയമനാധികാരി) കൗൺസിലിൽ നിക്ഷിപ്തമാണ്.

(ഡി) സൂപ്പർവൈസറി തസ്തികകളായ ഡെപ്യൂട്ടി രജിസ്ട്രാർ, ജൂനിയർ സൂപ്രണ്ട്, അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ സർവ്വീസിൽനിന്നും വിരമിച്ച പരിചയസമ്പന്നരായവരെ കരാർ നിയമനം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി കൗൺസിൽ തീരുമാനപ്രകാരം നിയമിച്ചിട്ടുണ്ട്.

(ഇ) 32 പേർ.

| തസ്തിക | തീയതി |
|---|---|
| ഡെപ്യൂട്ടി രജിസ്ട്രാർ-1 | 13-7-2016 മുതൽ |
| ജൂനിയർ സൂപ്രണ്ട്-1 | 18-4-2015 മുതൽ |
| അക്കൗണ്ടന്റ്-1 | 22-6-2015 മുതൽ |
| ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ -22 | 15-11-2003 മുതൽ 6-6-2016 വരെയുള്ള വിവിധ തീയതികൾ |
| ടെലിഫോൺ ഓപ്പറേറ്റർ-1 | 13-2-2017 മുതൽ |
| ആഫീസ് അറ്റൻഡന്റ്-3 | 10-1-2008,<br>1-3-2008,<br>9-6-2010 എന്നീ തീയതികൾ മുതൽ |
| ഫുൾടൈം സ്വീപ്പർ-3 | 5-6-2008,<br>5-6-2009,<br>1-10-2012 എന്നീ തീയതികൾ മുതൽ. |

നിയമനാധികാരിയായ കൗൺസിലാണ് കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാൻ തീരുമാനിച്ചത്. കരാർ വ്യവസ്ഥയിൽ നിയമിക്കുന്നവർക്ക് പ്രായപരിധിയും കൗൺസിൽ നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ ഇപ്പോൾ ടി തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിലല്ല നിയമനം നടത്തുന്നത്. 29-3-2010-ലെ ഉത്തരവ് പ്രകാരം സൃഷ്ടിച്ച മറ്റ് തസ്തികകളിൽ നാളിതുവരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടില്ല.

**പുതിയ തസ്തികകൾ**

237 (2185) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യവകുപ്പിലും സാമൂഹ്യ നീതിവകുപ്പിലും എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആശുപത്രികളെ രോഗീസൗഹൃദ ആശുപത്രികളാക്കി മാറ്റുന്നതിന് ആരോഗ്യവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിലും ആയുഷ് വകുപ്പിലുമായി 4271 തസ്തികകളും സാമൂഹ്യനീതി വകുപ്പിൽ 40 തസ്തികകളും സൃഷ്ടിച്ച നൽകിയിട്ടുണ്ട്.

(ബി) ആർദ്രം മിഷന്റെ ഭാഗമായി സർക്കാർ ആശുപത്രികളിലെ ഒ.പി. സേവനങ്ങൾ രോഗീസൗഹൃദമാക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 170 പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന നടപടികൾ പൂർത്തിയായിവരുന്നു. ഇതിൽ 144 കേന്ദ്രങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 17 കേന്ദ്രങ്ങളിൽ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. അതിലേയ്ക്കായി 170 ഡോക്ടർമാർ, 340 സ്റ്റാഫ് നഴ്സ്, 170 ലാബ് ടെക്നീഷ്യൻ, 150 ഫാർമസിസ്റ്റ്, എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തസ്തികകളിലേയ്ക്കുള്ള നിയമനം ജില്ലാതലത്തിൽ നടന്നുവരികയാണ്.

ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി അധിക ഒ.പി.കൗണ്ടറുകൾ, അഡ്വാൻസ് ബുക്കിംഗ് കൗണ്ടർ, മറ്റ് സംവിധാനങ്ങൾ, എക്സിറ്റ് കൗണ്ടർ, ആവശ്യമായ ഇരിപ്പിടം, കുടിവെള്ളം, ടോയ്ലെറ്റ് സൗകര്യം, സൈനേജുകൾ, ഡിസ്പ്ലേ ബോർഡുകൾ, ആരോഗ്യ ബോധവത്കരണ സംവിധാനങ്ങൾ, രോഗികൾക്ക് സ്വകാര്യത ഉറപ്പുവരുത്തുന്ന പരിശോധന മുറികൾ, കമ്പ്യൂട്ടറൈസ്ഡ് ഒ.പി. എന്നിവ ക്രമീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മൂന്ന് ഡോക്ടർമാരുടെ സേവനം നഴ്സസ് പ്രീ ചെക്കും കൗൺസിലിങ്ങും വൈകിട്ട് 6 മണി വരെ ഒ.പി. സേവനങ്ങൾ ലബോറട്ടറി സൗകര്യം തുടങ്ങിയവ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഉറപ്പ് വരുത്തുന്നു. ആസ്തമ, ശ്വാസകോശ രോഗികൾക്കുള്ള 'ശ്വാസ് ക്ലിനിക്ക്', മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ് ക്ലിനിക്' എന്നീ സൗകര്യങ്ങളും ഉറപ്പുവരുത്തുന്നു.

2017-18 ലെ പ്ലാൻ ഫണ്ടിൽ 23 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ എൻ.എച്ച്.എം. വഴി അംഗീകൃത ഏജൻസികൾ മുഖാന്തരം നടന്നുവരുന്നു. ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം കെ.എം.എസ്.സി.എൽ. വഴി നടന്നുവരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കുള്ള 4.845 കോടി രൂപയുടെ അധിക ഉപകരണങ്ങൾ ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച്

കെ.എം.എസ്.സി.എൽ. വഴി വാങ്ങി ലഭ്യമാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ ഫണ്ടിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി 28.55 കോടി രൂപയും ലാബ് സൗകര്യത്തിനായി 8 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ആർദ്രം മിഷന്റെ ഭാഗമായി ജില്ലാ താലൂക്ക്തല ആശുപത്രികളെ നിശ്ചിതമാനദണ്ഡത്തോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി ഒ.പി. വിഭാഗങ്ങൾ ജനസൗഹൃദമാക്കാനുള്ള നടപടികൾ (ഒ.പി. ട്രാൻസ്ഫർമേഷൻ) ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം, അധിക ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ, തസ്തിക സൃഷ്ടിച്ച് ഡോക്ടർമാർ അടക്കമുള്ള വിവിധ വിഭാഗം ജീവനക്കാരെ നിയമിക്കൽ എന്നിവ നടന്നുവരുന്നു. ആർദ്രം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ ഒ.പി. വിഭാഗം കമ്പ്യൂട്ടർവൽക്കരിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങളോടെ രോഗീ സൗഹൃദമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 24.1672 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി ആവശ്യത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും ലഭ്യമായ 15 കോടി രൂപ എൻ.എച്ച്.എം.ലേയ്ക്ക് കൈമാറുകയും അംഗീകൃത ഏജൻസി ഡി.പി.ആർ. തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 17 ജില്ലാതല ആശുപത്രികളിലും 75 താലൂക്ക്തല ആശുപത്രികളിലുമായി ആയതിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി 610 വിവിധ തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

സൂപ്പർ സ്പെഷ്യാലിറ്റികളുടെ വിപുലീകരണത്തിന്റെ ഭാഗമായി തിരുവനന്തപുരം ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി എന്നിവയ്ക്കായി 505 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തിയും സംസ്ഥാന പ്ലാൻ ഫണ്ട്, നബാർഡ്, എം.പി./എം.എൽ.എ. ഫണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ വഴി പ്രവർത്തനങ്ങൾ നടത്തി വരുന്നു. കിഫ്ബി മുഖേന പത്ത് കാത്ത് ലാബ്, കൊറോണറി കെയർ യൂണിറ്റിന് (ആരോഗ്യവകുപ്പിൽ 8-ഉം മെഡിക്കൽ കോളേജിൽ 2-ഉം) ഭരണാനുമതി നൽകിയിട്ടുണ്ട്. താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ 44 എണ്ണം തുടങ്ങുന്നതിന് 69 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിന്റെയും കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റിന് അനുമതി ലഭിച്ച 80 കോടി രൂപയുടെയും പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## സീനിയർ ഗ്രേഡ് ഡയറ്റീഷ്യന്മാരുടെ തസ്തികകൾ

238 (2186) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ സീനിയർ ഗ്രേഡ് ഡയറ്റീഷ്യൻമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്നും, അവ എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സീനിയർ ഗ്രേഡ് ഡയറ്റീഷ്യൻമാരുടെ തസ്തികകളിൽ ഒഴിവുകളുണ്ടോ എന്നും ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ പേര്, യോഗ്യത എന്നിവ വ്യക്തമാക്കുമോ?

ഉത്തരം

(എ) സീനിയർ ഗ്രേഡ് ഡയറ്റീഷ്യന്റെ 3 തസ്തികകൾ നിലവിലുണ്ട്.

1. സ്റ്റേറ്റ് ന്യൂട്രീഷൻ ബ്യൂറോ, തിരുവനന്തപുരം
2. ജനറൽ ആശുപത്രി, എറണാകുളം
3. ജനറൽ ആശുപത്രി, കോട്ടയം

(ബി) സീനിയർ ഗ്രേഡ് ഡയറ്റീഷ്യൻ തസ്തികയിൽ നിലവിൽ ഒഴിവുകളില്ല.

(സി)

1. ശ്രീമതി ഷീജ കമാൽ, സ്റ്റേറ്റ് ന്യൂട്രീഷ്യൻ ബ്യൂറോ, തിരുവനന്തപുരം. വിദ്യാഭ്യാസ യോഗ്യത: M.sc. Food Science & Nutrition.
2. ശ്രീമതി മായാലക്ഷ്മി. കെ, ജനറൽ ആശുപത്രി, എറണാകുളം.

   വിദ്യാഭ്യാസ യോഗ്യത : M.sc. Clinical Nutrition & Dietitics.
3. ശ്രീമതി മിനി ഫിലിപ്പ്, ജനറൽ ആശുപത്രി, കോട്ടയം

   വിദ്യാഭ്യാസ യോഗ്യത : Msc. Clinical Nutrition & Dietitics.

## മട്ടാഞ്ചേരിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ റേഡിയോളജിസ്റ്റ്

239 (2187) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറ് കണക്കിന് രോഗികൾ ദിനംപ്രതി എത്തിച്ചേരുന്ന മട്ടാഞ്ചേരിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ റേഡിയോളജിസ്റ്റ് ഇല്ലാത്തതിനാൽ അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ പ്രവർത്തിപ്പിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരാറടിസ്ഥാനത്തിൽ റേഡിയോളജിസ്റ്റിനെ ലഭ്യമാകാഞ്ഞിട്ടും വൻനിരക്ക് നൽകി സാധാരണക്കാരായ രോഗികൾ പുറത്ത് സ്കാനിംഗ് ചെയ്യേണ്ട അവസ്ഥ ഉണ്ടായിട്ടും റേഡിയോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്നതിലുള്ള ശിപാർശ സമർപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) പശ്ചിമകൊച്ചിയിലെ വലിയ ഒരു ജനവിഭാഗം ആശ്രയിക്കുന്ന ഈ ആശുപത്രിയുടെ പ്രാധാന്യം കണക്കിലെടുത്ത് റേഡിയോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മട്ടാഞ്ചേരിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ റേഡിയോളജിസ്റ്റിന്റെ തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല. എച്ച്.ഡി.സി. തീരുമാനപ്രകാരം ഒരു ഡോക്ടറെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് 2017 ജൂൺ മാസം വരെ അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ പ്രവർത്തിപ്പിച്ചുവന്നിരുന്നു. എന്നാൽ പ്രസ്തുത ഡോക്ടർ പിരിഞ്ഞ് പോയതിനുശേഷം കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടും അപേക്ഷകൾ ലഭ്യമായിട്ടില്ല. റേഡിയോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശിപാർശ ലഭ്യമായാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മാനന്തവാടിയിലുള്ള ആശുപത്രികളിലെ ഒഴിവുകൾ**

240 (2188) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ ഏതെങ്കിലും ആശുപത്രികളിലെ തസ്തികകളിൽ ഒഴിവുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) മഴക്കാലം ആരംഭിക്കുന്നതിനു മുൻപായി ആശുപത്രികളിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) മഴക്കാല രോഗങ്ങളെ തടയുന്നതിനായി താൽക്കാലികമായി കൂടുതൽ ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) മാനന്തവാടി മണ്ഡലത്തിനു കീഴിലുള്ള ആശുപത്രികളിൽ ഒഴിവുള്ള വിവിധ തസ്തികകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) മെഡിക്കൽ കൺസൾട്ടന്റ്, ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ്, അസിസ്റ്റന്റ് സർജൻ, സിവിൽ സർജൻ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ താൽക്കാലികമായി നിയമനം നടത്തിയിട്ടുണ്ട്. (നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1,2) മറ്റ് തസ്തികകളിൽ ഉടൻതന്നെ സ്ഥലംമാറ്റം/ഉദ്യോഗകയറ്റം നൽകി ഒഴിവുകൾ നികത്തുന്നതാണ്.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ

241 (2189) ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അവ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണെന്നും വെളിപ്പെടുത്തുമോ?

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II തസ്തികയിൽ ഒഴിവുകൾ നിലവിലില്ല. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ ഒരൊഴിവ് നിലവിലുണ്ട്. ആയത് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ലൈഫ് സയൻസ് പാർക്കിൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

242 (2190) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ പ്രവർത്തിക്കുന്ന വൈറോളജി ലാബിൽ നിപ പോലെയുള്ള മാരകമായ വൈറസ് ബാധ പരിശോധിക്കുന്നതിനുള്ള സുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ;

(ബി) നിലവിൽ പൂനയിലും മണിപ്പാലിലുമുള്ള ലാബുകളെ വൈറസ് ബാധ പരിശോധനയ്ക്കായി അശ്രയിക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന് പരിഹാരമായി തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്കിൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി യൂണിറ്റിൽ നിപ വൈറസ് രോഗനിർണ്ണയം ചെയ്യുന്നതിനുള്ള സുരക്ഷാ സംവിധാനങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരത്ത് തോന്നയ്ക്കലിലെ ബയോ ലൈഫ് സയൻസ് പാർക്കിൽ അത്യന്താധുനിക സൗകര്യങ്ങളോടെ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**വൈറസ് പരിശോധന കേന്ദ്രം**

243 (2191) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈറസ് രോഗങ്ങൾ വ്യാപിക്കുന്ന ഘട്ടത്തിൽ കേരളത്തിൽ വൈറസ് പരിശോധന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി സ്വീകരിച്ച് വരുന്നുണ്ടോ ;

(ബി) ഇതര സംസ്ഥാനത്ത് നിന്നും കൊണ്ടുവരുന്ന ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കാൻ നിലവിൽ എന്തൊക്കെ സംവിധാനങ്ങൾ ഉണ്ട് ;

(സി) ഭക്ഷ്യ വസ്തുക്കളുടെ പരിശോധനാ കേന്ദ്രങ്ങൾ കേരളത്തിൽ എവിടെയൊക്കെയാണുള്ളത് ;

(ഡി) ഇതര സംസ്ഥാനത്ത് നിന്നും ഉപയോഗയോഗ്യമല്ലാത്ത ഭക്ഷ്യ വസ്തുക്കൾ കൊണ്ടുവന്നതിന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി എന്നീ എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ച ലബോറട്ടറികൾ ഇത്തരം ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുന്നതിനുവേണ്ടി ഭക്ഷ്യസുരക്ഷാ ഗുണനിലവാരം നിയമം 2006 പ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ അടിയന്തര സ്വഭാവം കണക്കിലെടുത്ത് ഉത്സവ സീസണുകളിലും മറ്റും മൂന്ന് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിക്കുന്നു.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി എന്നീ എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ച ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു.

(ഡി) ആകെ 43 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | കേസ്സുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 10 |
| 2 | കൊല്ലം | 10 |
| 3 | പത്തനംതിട്ട | 2 |
| 4 | ആലപ്പുഴ | 3 |
| 5 | കോട്ടയം | 6 |
| 6 | ഇടുക്കി | 0 |
| 7 | എറണാകുളം | 0 |
| 8 | തൃശ്ശൂർ | 0 |
| 9 | പാലക്കാട് | 0 |
| 10 | മലപ്പുറം | 0 |
| 11 | കോഴിക്കോട് | 12 |
| 12 | വയനാട് | 0 |
| 13 | കണ്ണൂർ | 0 |
| 14 | കാസർഗോഡ് | 0 |
| ആകെ | | 43 |

രേഖകൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

**റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി**

244 (2192) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഇപ്പോൾ നിലവിലുള്ള തസ്തികകൾ ഏതൊക്കെ എന്ന് വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മഴക്കാല രോഗങ്ങളും മറ്റും പടർന്ന് പിടിക്കാനുള്ള സാധ്യത വർദ്ധിച്ച സാഹചര്യത്തിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അനുവദിക്കപ്പെട്ടിട്ടുള്ള സി.എം.ഒ. പോസ്റ്റുകളിൽ 4 എണ്ണം സ്പെഷ്യാലിറ്റി കേഡറിലേക്ക് മാറ്റണം എന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തുപ്രകാരം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ബഹുമാനപ്പെട്ട എം.എൽ.എ. ഈ വിഷയത്തിൽ സമർപ്പിച്ച നിവേദനം സർക്കാരിന്റെ എ 2/307/2018/ആ.കു.വ എന്ന ഫയലിൽ കൈകാര്യം ചെയ്ത് റിപ്പോർട്ടിനായി ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. റിപ്പോർട്ട് ലഭിച്ചാലുടൻ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## മലപ്പുറം പബ്ലിക് ഹെൽത്ത് ലാബ്

245 (2193) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിന്റെ കെട്ടിട നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ലാബിന്റെ പ്രവർത്തനം ആരംഭിക്കാൻ ഇനിയും കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പകർച്ചവ്യാധികളും പുതിയതരം വൈറസുകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ലാബ് യാഥാർത്ഥ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിന് ഒരു പഴയ കെട്ടിടമാണ് നിലവിലുണ്ടായിരുന്നത്. ആയതിന്റെ അറ്റകുറ്റപ്പണികൾ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകുകയും 3-5-2018 മുതൽ ജോലി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അറ്റകുറ്റപ്പണികൾ അവസാനഘട്ടത്തിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) നിർമ്മാണ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**വൈറോളജി ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ**

246 (2194) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിപ പോലുള്ള വൈറസുകൾ കേരളത്തിലെ ആരോഗ്യ മേഖലയിൽ ഭീഷണി ഉണ്ടാക്കുമ്പോൾ ഇവയുടെ സാന്നിദ്ധ്യം തിരിച്ചറിയാനും ഗവേഷണം നടത്താനുമായി മണിപ്പാൽ വൈറോളജി ലാബ് പോലുള്ള ഉന്നത നിലവാരമുള്ള ലാബുകൾ കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക പ്രശ്നങ്ങൾ അറിയിക്കാമോ; വിശദമാക്കുമോ?

ഉത്തരം

നിപ പോലുള്ള വൈറസുകളുടെ സാന്നിദ്ധ്യം തിരിച്ചറിയാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി പൂനെയുടെ (NIV) ഒരു യൂണിറ്റ് ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിപ പോലുള്ള വൈറസുകളെ തിരിച്ചറിയാനുള്ള എല്ലാവിധ ടെസ്റ്റുകൾ ഉൾപ്പെടുന്ന സജ്ജീകരണങ്ങൾ ലഭ്യമാണ്. NIV യൂണിറ്റ് ആലപ്പുഴ മെഡിക്കൽ കോളേജിൽ നിപ ടെസ്റ്റ് ചെയ്യുന്നതിനുള്ള കിറ്റ്സ് ലഭ്യമാക്കാൻ കാലതാമസം ഉണ്ടായതിനാലാണ് മണിപ്പാൽ ലാബിൽ പരിശോധന ആരംഭിച്ച് അവിടെത്തന്നെ ടെസ്റ്റുകൾ തുടരുകയും ചെയ്തത്.

ഇത്തരത്തിലുള്ള വൈറസുകളെ തിരിച്ചറിയുന്ന ടെസ്റ്റുകൾ തിരുവനന്തപുരം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയിൽ (RGCB) ലഭ്യമാണ്. 2018 അവസാനത്തോടെ തോന്നയ്ക്കലിൽ പൂർത്തീകരിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ലാബിൽ നിപ പോലുള്ള വൈറസുകളെ തിരിച്ചറിയാനും ഗവേഷണം നടത്തുവാനുമുള്ള എല്ലാവിധ സജ്ജീകരണങ്ങളും ലഭ്യമാകും.

**മായം ചേർത്ത വെളിച്ചെണ്ണ**

247 (2195) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെളിച്ചെണ്ണ വില വർദ്ധനവിനെ തുടർന്ന് പെട്രോളിയം ഉപോല്പന്നങ്ങളായ പാരഫിൻ, മെഴുക് ഉൾപ്പെടെ ആരോഗ്യത്തിന് ഹാനികരമായ

ഭക്ഷ്യയോഗ്യമല്ലാത്ത പദാർത്ഥങ്ങളും, ഉപയോഗിച്ച് ഒഴിവാക്കിയ എഞ്ചിൻ ഓയിൽ, പാം കെർണൽ ഓയിൽ പോലെ വില കുറഞ്ഞ മറ്റ് എണ്ണകളും വെളിച്ചെണ്ണയുടെ എസ്സൻസും ചേർത്ത് മായം ചേർത്ത വെളിച്ചെണ്ണ വ്യാപകമായി വിൽക്കുന്നുവെന്ന വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ; വിശദാംശം അറിയിക്കാമോ;

(ബി) വെളിച്ചെണ്ണയിലെയും മറ്റ് ആഹാര വസ്തുക്കളിലെയും മായം കണ്ടെത്താൻ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ ആധുനിക സൗകര്യത്തോടെയുള്ള ലബോറട്ടറികൾ എവിടെയെല്ലാമാണുള്ളതെന്ന് അറിയിക്കാമോ ;

(സി) വിവിധ തരം ആഹാര പദാർത്ഥങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ ചേർക്കുന്നതായി കണ്ടെത്തുന്ന കേസ്സുകളിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വെളിച്ചെണ്ണ ഉൾപ്പെടെ ആഹാരവസ്തുക്കളിൽ മായം ചേർത്തതിന്റെ പേരിൽ എത്ര സ്ഥാപനങ്ങൾ/വ്യക്തികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; സ്ഥാപനങ്ങൾ, അവരുടെ ഉൽപ്പന്നങ്ങൾ, ഇവയുടെ പേര് ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഒന്നിൽ കൂടുതൽ പ്രാവശ്യം ഒരേ കമ്പനി/സ്ഥാപനം/വ്യക്തികൾ ഇതേ കുറ്റം ആവർത്തിച്ചാൽ ഇവരുടെ ഭക്ഷ്യ സുരക്ഷാ ലൈസൻസ് ആജീവനാന്തം റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മായം ചേർത്ത് വിപണനം നടത്തുന്ന എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് വെളിച്ചെണ്ണയുടെ ഇത്തരം സാമ്പിളുകൾ പരിശോധനയ്ക്കായി എടുക്കുകയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തപ്പോൾ പാംകെർണൽ ഓയിലിന്റെ സാന്നിദ്ധ്യം മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്.

(ബി) ഇത്തരം ഭക്ഷ്യപദാർത്ഥങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനു വേണ്ടി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, എന്നീ എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ച ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു.

(സി) മനുഷ്യശരീരത്തിന് ഹാനികരമായ രീതിയിൽ ഭക്ഷ്യപദാർത്ഥങ്ങളിൽ മായം ചേർക്കുന്നതായി കണ്ടെത്തുന്ന കേസുകളിൽ 2006-ലെ ഭക്ഷ്യസുരക്ഷാ

ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും അനുശാസിക്കുംപ്രകാരം അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ തുടങ്ങിയ നിയമ നടപടികൾ കുറ്റക്കാർക്കെതിരെ സ്വീകരിക്കുന്നു. ഇത് സംബന്ധിച്ച സ്ഥാപനങ്ങളുടെ വിവരങ്ങളും മറ്റും അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം വകുപ്പ് 64 (1)(3) പ്രകാരം ഒന്നിലധികം പ്രാവശ്യം ശിക്ഷിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ/വ്യക്തികൾ തുടങ്ങിയവരുടെ ലൈസൻസ് റദ്ദ് ചെയ്യപ്പെടുന്നതാണ്.

## തദ്ദേശീയ ഭക്ഷ്യ ഉത്പന്ന ബ്രാൻഡുകൾ

248 (2196) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശീയ ഭക്ഷ്യ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിൽക്കുന്നത് സംബന്ധിച്ച് നയം വ്യക്തമാക്കാമോ

(ബി) ദൈവത്തിന്റെ സ്വന്തം നാട് എന്ന മാതൃകയിൽ സുരക്ഷിത ഭക്ഷണത്തിന്റെ നാട് എന്ന ലേബലിൽ പ്രസ്തുത ഉൽപ്പന്നങ്ങളുടെയും ഹോട്ടൽ ഉൾപ്പടെയുള്ള സ്ഥാപനങ്ങളുടെയും വിപണി സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ;

(സി) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഇടപെടലും പരിശോധനയും ഈ മേഖലയിൽ ഗുണപരമായ മാറ്റം ഉണ്ടാക്കും എന്ന കാര്യം പരിശോധിക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് ഉതകുമാറ് ഭക്ഷ്യസുരക്ഷാ വകുപ്പ് പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിന്റെ പക്കലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ തദ്ദേശീയ ഭക്ഷ്യ ഉത്പന്നങ്ങൾ എന്നോ വിദേശീയ ഭക്ഷ്യ ഉത്പന്നങ്ങൾ എന്നോ ഉള്ള വേർതിരിവ് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ പ്രതിപാദിച്ചിട്ടില്ല. ഭക്ഷ്യ വസ്തുക്കൾ ബ്രാൻഡ് ചെയ്യുന്നതിന് വേണ്ടിയുള്ള നിയമങ്ങളൊ ചട്ടങ്ങളൊ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ പ്രതിപാദിച്ചിട്ടില്ല.

(ബി&സി) ഉൽപ്പന്നങ്ങളുടെ വിപണി സാദ്ധ്യത പരിശോധിക്കുന്നത് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇല്ല. ഭക്ഷ്യസുരക്ഷാ വകുപ്പ് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഈ നിയമപ്രകാരമുള്ള ഘടനയും ചുമതലയുമാണ് ഇപ്പോൾ നിലവിലുള്ളത്.

**വൈപ്പിനിലെ ഭക്ഷ്യസുരക്ഷാ ഓഫീസ്**

249 (2197) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഭക്ഷ്യ സുരക്ഷാ ഓഫീസ് എന്ന് മുതലാണ് പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിൽ ഭക്ഷ്യ പരിശോധനയ്ക്കായി നാളിതുവരെ ഏതൊക്കെ പഞ്ചായത്തുകളിൽ നിന്നും എത്ര വീതം സാംപിളുകൾ ശേഖരിച്ചുവെന്ന് വിശദമാക്കാമോ;

(സി) എത്ര സാംപിളുകളുടെ പരിശോധനഫലം ലഭിച്ചുവെന്നും പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിൽ എത്ര കേസ്സുകളിൽ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 20-2-2017 മുതൽ വൈപ്പിൻ നിയോജക മണ്ഡലത്തിലെ നായരമ്പലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ഭക്ഷ്യസുരക്ഷാ ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി)

| പഞ്ചായത്ത് | സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെ എണ്ണം | സർവ്വയിലൻസ് സാമ്പിളുകളുടെ എണ്ണം |
|---|---|---|
| ഞാറയ്ക്കൽ | 14 | 1 |
| നായരമ്പലം | 9 | 8 |
| എടവനക്കാട് | 10 | 0 |
| എളങ്കുന്നപ്പുഴ | 10 | 12 |
| പള്ളിപ്പുറം | 4 | 0 |
| മുളവുകാട് | 2 | 2 |
| കുഴിപ്പിള്ളി | 0 | 5 |
| ആകെ | 49 | 28 |

(സി) 40 സാമ്പിളുകളുടെ പരിശോധനാ ഫലം ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു കേസ് ഫയൽ ചെയ്യുകയും 2 കേസ്സുകൾ ഫയൽ ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**മത്സ്യങ്ങളിലെ രാസവസ്തു പരിശോധന**

250 (2198) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യം കേടാകാതിരിക്കാൻ രാസവസ്തുക്കൾ ചേർക്കുന്നത് കണ്ടുപിടിക്കുന്നതിനായി പുതിയ പരിശോധനാ സംവിധാനങ്ങൾ എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലബോറട്ടറികളിൽ മത്സ്യം കേടാകാതിരിക്കാൻ ചേർക്കുന്ന രാസവസ്തുക്കളായ ഫോർമാലിൻ, സോഡിയം ബെൻസോയേറ്റ്, അമോണിയയും അതിന്റെ സംയുക്തങ്ങളും പരിശോധിക്കുന്നതിനാവശ്യമായ ആധുനിക സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുമായി സഹകരിച്ച് ഫോർമാലിൻ, അമോണിയ എന്നീ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് പേപ്പർ സ്ട്രിപ്പുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള ലാബുകളായ കോഴിക്കോട് റീജിയണൽ അനലറ്റിക്കൽ ലാബോറട്ടറി, എറണാകുളം റീജിയണൽ അനലറ്റിക്കൽ ലബോറട്ടറി, തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി എന്നിവിടങ്ങളിൽ ഈ സംവിധാനം നിലവിലുണ്ട്. ഇതുപ്രകാരം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ടി സ്ട്രിപ്പുകൾ ഉപയോഗിച്ച് ചെക്ക്പോസ്റ്റുകൾ, മത്സ്യവിപണന സംഭരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുകയും പ്രസ്തുത രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തിയാൽ വിൽപ്പന നിരോധിക്കുന്നതടക്കമുള്ള നടപടികളും ഇത്തരം മത്സ്യങ്ങൾ വിപണിയിൽ ലഭ്യമാക്കാതിരിക്കുന്നതിനുള്ള കർശന തുടർ പരിശോധനകളും നടത്തിവരുന്നു.

**നീതി ആയോഗ് തയ്യാറാക്കിയിട്ടുള്ള ആക്ഷൻ അജണ്ട**

251 (2199) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗ് തയ്യാറാക്കിയിട്ടുള്ള 2017-2018 മുതൽ 2019-2020 വരെയുള്ള ആക്ഷൻ അജണ്ടയിൽ ആരോഗ്യവുമായി ബന്ധപ്പെട്ട പദ്ധതികളിൽ സംസ്ഥാനം എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) അജണ്ടയിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുവാനായി കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ; ഇത് നടപ്പിലാക്കുവാനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 2017-18 മുതൽ 2019-2020 വരെയുള്ള ആക്ഷൻ അജണ്ടയിൽ ആരോഗ്യവുമായി ബന്ധപ്പെട്ട പദ്ധതികളിൽ സംസ്ഥാനം നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല.

**എയർ ആംബുലൻസ് സംവിധാനം**

252 (2200) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ എയർ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സംവിധാനം എവിടെയൊക്കെയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഏർപ്പെടുത്തിയിട്ടില്ല.

**ടൈപ്പ് വൺ പ്രമേഹ രോഗമുള്ള കുട്ടികളുടെ ചികിത്സ**

253 (2201) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൈപ്പ് വൺ പ്രമേഹ രോഗമുള്ള കുട്ടികളുടെ ചികിത്സയ്ക്കായി എന്തെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ടൈപ്പ് വൺ പ്രമേഹ രോഗമുള്ള കുട്ടികളുടെ ചികിത്സയ്ക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 'മിഠായി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ടൈപ്പ് വൺ പ്രമേഹ രോഗം ബാധിച്ചവർക്ക് ഇൻസുലിൻ പെൻ, കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്റർ, ഇൻസുലിൻ പമ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള ആധുനിക ചികിത്സയും ആവശ്യമായ ആരോഗ്യ-ചികിത്സ-ഭക്ഷണ കാര്യ ഉപദേശങ്ങളും പരിരക്ഷയും നൽകുന്ന ഒരു സാമഗ്ര പദ്ധതിയാണ് മിഠായി. ടി പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതിക ഉപദേശം നൽകുന്നതിനുമായി വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**ശ്രീമതി ലിസി എ. കെ. യുടെ അപേക്ഷ**

254 (2202) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ലഭിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ പാടൂർ എൽ.പി. സ്കൂളിലെ എൽ.പി.എസ്.എ. ശ്രീമതി ലിസി എ.കെ.യുടെ അപേക്ഷ പ്രകാരം ആരോഗ്യ വകുപ്പിൽനിന്നും ജി2/525/2018/ഹെൽത്ത് നമ്പരായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുള്ള ഫയലിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും സർക്കാരിലേക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ ആയതിൻമേൽ എത്രയുംവേഗം റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) പ്രസ്തുത ഫയൽ 6-6-2018-ൽ ലഭ്യമാക്കിയിട്ടുണ്ട്.

**മലബാർ കാൻസർ സെന്റർ ആർ.സി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി**

255 (2203) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 ബഡ്ജറ്റിൽ മലബാർ കാൻസർ സെന്റർ ആർ.സി.സി. നിലവാരത്തിലേക്ക് ഉയർത്തുന്നതിന് വേണ്ടി 38 കോടി രൂപ വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ, ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മലബാർ കാൻസർ സെന്ററിന് 2018-19 ബഡ്ജറ്റിൽ 3850 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

**കായംകുളം താലൂക്ക് ആശുപത്രിക്ക് ലഭിക്കാനുള്ള തുക**

256 (2204) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്ക് ആശുപത്രിയിൽ ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരം 2016-17 കാലഘട്ടത്തിൽ ഇൻഷുറൻസ് കമ്പനികളിൽനിന്നും ലഭിക്കാനുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് കുടിശിക തുക ലഭിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഇതിന്റെ നിലവിലുള്ള പുരോഗതി എന്ത് എന്നും വിശദമാക്കാമോ?

ഉത്തരം

(എ) കായംകുളം താലൂക്ക് ആശുപത്രിയിൽ ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരം 2016-17 കാലഘട്ടത്തിൽ ഇൻഷ്വറൻസ് കമ്പനികളിൽനിന്നും കുടിശ്ശിക ഇനത്തിൽ തുക ഒന്നും ലഭിക്കാനില്ല.

(ബി) ബാധകമല്ല.

**അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

257 (2205) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക, കരൾ എന്നിവ ഉൾപ്പെടെയുള്ള അവയവങ്ങൾ മാറ്റിവച്ച് തുടർചികിത്സയ്ക്ക് ബുദ്ധിമുട്ടുന്നവർക്ക് സഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) അവയവം മാറ്റിവച്ചവർക്കാവശ്യമായ മരുന്ന് സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് അവയവദാനം നടത്തിയവരുടെ തുടർ ചികിത്സ സൗജന്യമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആവിഷ്കരിച്ചിട്ടുണ്ട്. 1-1-2014-ലെ സ.ഉ.(എം.എസ്) നമ്പർ 01/2014/സാനീവ പ്രകാരം വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പൂർത്തിയാകുന്ന തീയതി മുതൽ 5 വർഷം വരെ സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള 'സമാശ്വാസം II' പദ്ധതി വഴി പ്രതിമാസം 1000 രൂപ നിരക്കിൽ ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു. 'കാരുണ്യ ബനവലന്റ് ഫണ്ട്' വഴി സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകരിക്കുന്ന സ്വകാര്യ ആശുപത്രികളിലും അവയവമാറ്റ ശസ്ത്രക്രിയയ്ക്കും അനുബന്ധ ചികിത്സകൾക്കും 3 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. അവയവ മാറ്റ ശസ്ത്രക്രിയ നടത്തി ആറ് മാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) പരോപകാരതല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്ന വ്യക്തിക്ക് സർക്കാരിന്റെ ഏതെങ്കിലും ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തി ആജീവനാന്തം സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും ആരോഗ്യ സംരക്ഷണത്തിനും 15-2-2018 ൽ പുറപ്പെടുവിച്ച സ.ഉ.(കൈ) നമ്പർ 26/2018/ആകുവ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

**പനി മരണങ്ങൾ**

258 (2206) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര പനിമരണങ്ങൾ റിപ്പോർട്ട് ചെയ്തു എന്നറിയിക്കുമോ; പനി മരണങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 2018 ജനുവരി 1 മുതൽ മേയ് 31 വരെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട പനിമരണങ്ങൾ എത്രയാണെന്ന് ജില്ലതിരിച്ച് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 404 പേർ വിവിധതരം പനി ബാധിച്ച് മരണപ്പെട്ടു. പനി മരണങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2018 ജനുവരി 1 മുതൽ മേയ് 31 വരെ വിവിധതരം പനി ബാധിച്ച് 54 പേർ മരണപ്പെട്ടു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർക്കുന്നു*

**തിരുവനന്തപുരം ആർ.സി.സി.യുടെ പ്രവർത്തനങ്ങൾ**

259 (2207) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രക്താർബുദ രോഗികളിൽ അനിയന്ത്രിതമായ ജീനുകൾ വളരുന്നുണ്ടോ, ശരീരം മരുന്നുകളോട് പ്രതികരിക്കുന്നുണ്ടോ എന്നീ കാര്യങ്ങൾ സംബന്ധിച്ച ക്വാണ്ടിറ്റേറ്റീവ് ആർ.ടി. (QRT -PCR) പരിശോധന തിരുവനന്തപുരം ആർ.സി.സി യിൽ കഴിഞ്ഞ പത്ത് മാസമായി നടക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ ;

(ബി) ബ്ലഡ് ട്രാൻസ് ഫ്യൂഷൻ വിഭാഗത്തിന്റെ പ്രവർത്തനം താളം തെറ്റുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(സി) ആരോഗ്യ വകുപ്പ് ആർ. സി. സി. യുടെ ആഭ്യന്തര പ്രശ്നങ്ങളിൽ ഇടപെട്ട് അവ പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; ആർ. സി. സി.-ക്ക് ആവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കൃത്യമായി ജോലിചെയ്യാത്ത ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കാറുണ്ടോ; എങ്കിൽ 2016 ജനുവരി മുതൽ നടപടിക്ക് വിധേയമായവരുടെ വിവരം ലഭ്യമാക്കുമോ ;

(ഇ) നിലവിൽ എത്ര ഉദ്യോഗസ്ഥ പ്രതിനിധികൾ ആർ. സി. സി. യിൽ ജോലി നോക്കുന്നുണ്ട്; ഇവർ ആർ. സി. സി. യിലെ പ്രശ്നങ്ങൾ സർക്കാറിനെ അറിയിച്ചിട്ടുണ്ടോ; ഏതെല്ലാം പ്രശ്നങ്ങളാണ് അറിയിച്ചിട്ടുള്ളത്; പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രവർത്തന രഹിതമായ മെഷീൻ മാറ്റി പുതിയ മെഷീൻ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ബ്ലഡ് ട്രാൻസ്ഫ്യൂഷൻ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ആർ.സി.സി.യിലെ പ്രശ്നങ്ങൾ സർക്കാർ പരിശോധിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് അനുവദിച്ചുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ജോലിയിൽ വീഴ്ചവരുത്തിയ ഒരു ടെക്നിക്കൽ ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) അന്യത്ര സേവന വ്യവസ്ഥയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കൺട്രോളർ ഓഫ് ഫിനാൻസ് എന്നിവർ ജോലി നോക്കിവരുന്നു. ഇവർ സർക്കാരിലേയ്ക്കുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് ആർ.സി.സി. ഡയറക്ടർ മുഖേനയാണ്. സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങളിൽ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അട്ടപ്പാടിയിലെ ശിശുമരണങ്ങൾ**

260 (2208) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടി മേഖലയിലുണ്ടായിട്ടുള്ള ശിശുമരണങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടിയിൽ ഉണ്ടായ ശിശുമരണങ്ങൾ താഴെപ്പറയും പ്രകാരമാണ്:

| | | |
|---|---|---|
| 2016- ൽ | - | 5 |
| 2017- ൽ | - | 14 |
| 2018-ൽ | - | 3 |

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

**മാതൃസഹായ പദ്ധതി**

261 (2209) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃസഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്ത് ധനസഹായമാണ് നൽകുന്നത് ; ഇതിനായി കേന്ദ്ര സർക്കാർ എന്ത് തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ കീഴിൽ ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത് ആർക്കൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മാതൃത്വ വന്ദന യോജന നിലവിലുണ്ട്. സ്ത്രീകൾക്ക് അവരുടെ ആദ്യ കുഞ്ഞിനെ ഗർഭം ധരിച്ചിരിക്കുന്ന കാലയളവിലും പ്രസവാനന്തരവും അവർക്കുണ്ടാകുന്ന വേതന നഷ്ടം ഭാഗികമായി നികത്തുകയെന്ന ലക്ഷ്യത്തോടെയും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മെച്ചപ്പെട്ട ആരോഗ്യം നേടാൻ ഉപയുക്തമാക്കുന്നതിനുമായി 1-1-2017 മുതൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ മാതൃത്വ സഹായ പദ്ധതിയാണ് (MBP), പ്രധാനമന്ത്രി മാതൃത്വ വന്ദന യോജന, ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും അവരുടെ ആദ്യ പ്രസവത്തിന് അർഹതയുടെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം ആധാർ സീഡഡ് അക്കൗണ്ടിലേയ്ക്ക് പി.എഫ്.എം.എസ്. വഴി നേരിട്ട് നിക്ഷേപിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഈ പദ്ധതിക്കായി 60:40 എന്ന അനുപാതത്തിലാണ് തുക വകയിരുത്തുന്നത്. 2017-18 ൽ കേന്ദ്ര വിഹിതമായി 51,50,58,000 രൂപ (അൻപത്തിയൊന്ന് കോടി അൻപത് ലക്ഷത്തി അൻപത്തിയെട്ടായിരം) ലഭിച്ചിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി 3 ഗഡുക്കളായി 5000 രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്.

(ബി) ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിനായി 2017-18 ൽ കേന്ദ്ര സർക്കാർ 51,50,58,000 രൂപ അനുവദിച്ചിട്ടുണ്ട്.

| ഗഡു | നിബന്ധനകൾ | തുക |
|---|---|---|
| 1-ാം ഗഡു | LMP 150 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കണം. (MCP കാർഡിൽ രേഖപ്പെടുത്തലുകൾ അനിവാര്യം) | 1,000 |
| 2-ാം ഗഡു | ഗർഭാവസ്ഥ 6 മാസം ആയിരിക്കുകയും ഒരു ANC യെങ്കിലും കഴിഞ്ഞിരിക്കണം. | 2,000 |
| 3-ാം ഗഡു | 1. കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്തിരിക്കണം.<br>2. കുട്ടിക്ക് ഒന്നാം ഘട്ട പ്രതിരോധ കുത്തിവെയ്പ്പ് നൽകിയിരിക്കണം. BCG, OPV, DPT and Hepatitis B (MCP കാർഡിൽ രേഖപ്പെടുത്തലുകൾ അനിവാര്യം) | 2,000 |
| ആകെ | | 5000 |

(സി) പ്രധാനമന്ത്രി മാതൃത്വ വന്ദന യോജന പദ്ധതിയുടെ അർഹത മാനദണ്ഡം ചുവടെ ചേർക്കുന്നു:

- മറ്റേതെങ്കിലും പദ്ധതി പ്രകാരം മെറ്റേർണിറ്റി ബെനിഫിറ്റ് ലഭിക്കുന്നവർക്കും കേന്ദ്ര/സംസ്ഥാന/പൊതു മേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഗർഭിണികൾ/പാലൂട്ടുന്ന അമ്മമാർ ഒഴികെ മറ്റെല്ലാ ഗർഭിണികൾ/പാലൂട്ടുന്ന അമ്മമാർക്കും അവരുടെ ആദ്യ പ്രസവത്തിന് ധനസഹായത്തിന് അർഹതയുണ്ട്.

- അങ്കണവാടി വർക്കർ/ഹെൽപ്പർ/ആശാവർക്കർമാർ എന്നിവർക്കും നിബന്ധനകൾക്ക് വിധേയമായി ധനസഹായത്തിന് അർഹതയുണ്ട്.

- ഒന്നാം ഗഡു @1000 രൂപ, ധനസഹായത്തിന് ASHA/ANM ന്റെ അടുത്ത് ഗർഭം രജിസ്റ്റർ ചെയ്തിരിക്കണം. LMP 150 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്താൽ മതി. 1-1-2017-ന് 150 ദിവസം മുമ്പ് LMP ഉള്ളവർക്കും അതായത് 28-8-2016-നും അതിനുശേഷവും LMP ഉള്ളവർക്കും മറ്റ് നിബന്ധനകൾ പാലിച്ചിട്ടുണ്ടെങ്കിൽ ഒന്നാം ഗഡുവിന് അർഹതയുണ്ട്.

- രണ്ടാം ഗഡു @ 2000 രൂപ, ഗർഭാവസ്ഥ 6 മാസമായിരിക്കുകയും ഒരു ANC യെങ്കിലും ലഭിച്ച ഗർഭിണിയായ സ്ത്രീ (Antinatal Checkup)

- മൂന്നാം ഗഡു @ 2000 രൂപ, കുഞ്ഞിന്റെ ജനനം രജിസ്റ്റർ ചെയ്തിരിക്കണം. (ജനനസർട്ടിഫിക്കറ്റിന്റെ പകർപ്പ്) കുട്ടിക്ക് First round of immunization നൽകിയിരിക്കണം. BCG, OPV, DPT and Hepatitis B(MCP കാർഡിൽ രേഖപ്പെടുത്തലുകൾ അനിവാര്യം.)

- ആശുപത്രിയിലെ പ്രസവത്തിന് JSY (ജനനി സുരക്ഷയോജന) പ്രകാരം ലഭിക്കുന്ന 1000 രൂപയ്ക്കും അർഹതയുണ്ട്.

- പാലക്കാട് ജില്ലയിൽ മാത്രം നടപ്പിലാക്കിവരുന്ന മാതൃത്വ ധനസഹായ പദ്ധതിയായ (IGMSY)ഇന്ദിരാ ഗാന്ധി മാതൃത്വ സഹയോഗ് യോജനയിൽ രണ്ടു തുല്യ ഗഡുക്കളായി 6,000 രൂപയാണ് ധനസഹായം അനുവദിച്ചിരുന്നത്. 31-12-2016 യോടു കൂടി ടി പദ്ധതി നിർത്തലാക്കുകയും ഈ പദ്ധതിയിൽ ഒന്നാം ഗഡുവായി 3,000 രൂപ ലഭിച്ച ഗുണഭോക്താവിന് പി.എം.എം.വി.വൈ. പ്രകാരം മൂന്നാം ഗഡുവിന് മാത്രം നിബന്ധനകൾക്ക് വിധേയമായി അർഹത യുണ്ടായിരിക്കുന്നതുമാണ്. ഈ പദ്ധതി പ്രകാരം 1-1-2017-നോ അതിനുമുമ്പോ രജിസ്റ്റർ ചെയ്യുകയും ധനസഹായം ലഭ്യമാകാത്തതുമായ ഗുണഭോക്താക്കൾക്ക് പി.എം.എം.വി.വൈ.-ൽ പുതുതായി രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

- ഈ പദ്ധതി പ്രകാരം ഗുണഭോക്താവിന്റെ ആധാർ സീഡിംഗ് ചെയ്യേണ്ടതുണ്ടെങ്കിലും ഒന്നും രണ്ടും ഗഡുക്കൾക്ക് ആൾട്ടർനേറ്റ് ഐ.ഡി.മതിയാകും. മൂന്നാം ഗഡുവിന് ആധാർ നിർബന്ധമാണ്. (90 ദിവസത്തിനുള്ളിൽ ആധാർ രജിസ്റ്റർ ചെയ്തിരിക്കണം.)

- ഗുണഭോക്താവിന് ആദ്യ ഗഡു ലഭിച്ചതിനുശേഷം Miscarriage സംഭവിച്ചാൽ രണ്ടാമത്തെ ഗർഭധാരണത്തിന് രണ്ടും മൂന്നും ഗഡുക്കൾ അർഹതയ്ക്ക് വിധേയമായി ലഭിക്കുന്നതാണ്.

- ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് മാത്രമേ ഡിബിടി ചെയ്യുകയുള്ളൂ. ജോയിന്റ് അക്കൗണ്ടിലേയ്ക്ക് ഡിബിടി ചെയ്യുകയില്ല.

- രണ്ടാംഗഡു ലഭിച്ചതിനുശേഷം പ്രസവത്തിൽ കുഞ്ഞ് മരിക്കുകയാണെങ്കിൽ അടുത്ത പ്രസവത്തിൽ മൂന്നാം ഗഡു അർഹതയ്ക്ക് വിധേയമായി ഗുണഭോക്താവിന് ലഭിക്കുന്നതാണ്.

- പ്രസവത്തിന് ശേഷം കുഞ്ഞിന് First cycle of immunization നൽകിയതിനുശേഷം കുഞ്ഞ് മരിക്കുകയാണെങ്കിൽ ഗുണഭോക്താവിന് മൂന്നാം ഗഡുവിന് അർഹതയുണ്ടായിരിക്കുന്നതാണ്.

- Twins/Triples/Quadruplets എന്നിങ്ങനെ കുഞ്ഞുങ്ങൾ ജനിക്കുന്ന കേസ്സുകളിൽ ഒരു ലിവിങ്ങ് ചൈൽഡ് ആയി കണക്കാക്കിയാണ് ധനസഹായം അനുവദിക്കുന്നത്.

- ഒരു ഗുണഭോക്താവിന് ഒന്നാം ഗഡു ധനസഹായം വാങ്ങിയതിനുശേഷം താമസം മറ്റൊരു സ്ഥലത്തേയ്ക്ക് മാറിയാലും പുതിയ സ്ഥലത്ത് നിന്ന് മറ്റ് രണ്ടും മൂന്നും ഗഡു ധനസഹായം അർഹതയ്ക്ക് വിധേയമായി വാങ്ങാവുന്നതാണ്.

- ഏതെങ്കിലും കാരണവശാൽ ഈ പദ്ധതിപ്രകാരം സാമ്പത്തിക സഹായത്തിന് അപേക്ഷിക്കാൻ വിട്ടുപോയവർക്ക്, മറ്റെല്ലാ നിബന്ധനകളും പാലിക്കുകയാണെങ്കിൽ എൽ.എം.പി. കഴിഞ്ഞ് 730 ദിവസത്തിനുള്ളിൽ അപേക്ഷിക്കുകയാണെങ്കിൽ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

- എൽ.എം.പി. തീയതി എം.സി.പി. കാർഡിൽ രേഖപ്പെടുത്താൻ വിട്ടുപോയ ഒരു അപേക്ഷക കുഞ്ഞ് ജനിച്ച് 460 ദിവസത്തിനുള്ളിൽ മൂന്നാം ഗഡുവിന് അപേക്ഷിക്കുകയാണെങ്കിൽ ആയത് മാത്രം അനുവദിക്കാവുന്നതാണ്.

- നിബന്ധനകൾക്ക് വിധേയമായി 6-8-2016-ന് മുമ്പ് ഗർഭിണിയായ ഒരു സ്ത്രീക്ക് രണ്ടും മൂന്നും ഗഡുക്കൾക്കും മൂന്നാം ഗഡുവിന് മാത്രമായും അർഹതയുണ്ടായിരിക്കും.

1. എൽ.എം.പി. കഴിഞ്ഞ് ആറ് മാസം 1-1-2017-ന് ശേഷമായിരിക്കണം രണ്ടാം ഗഡു.
2. പ്രസവം 1-1-2017 -ന് ശേഷമായിരിക്കണം മൂന്നാം ഗഡു
3. 1-4-2016-ന് മുമ്പ് എൽ.എം.പി. ഉള്ളവർക്ക് യാതൊരു കാരണവശാലും ഈ പദ്ധതി പ്രകാരം അപേക്ഷിക്കാൻ അർഹതയില്ല.

**ആശ്വാസകിരണം പദ്ധതിയിൽ ധനസഹായം**

262 (2210) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കണമെന്ന ദേവകി, കുണ്ടിൽ വീട്, ഖിനേശ് ഭവൻ എതിർവശം, ചാലാട്. പി. ഒ. എന്ന വ്യക്തിയുടെ അപേക്ഷ 33/KM/2017 നമ്പർ ആമുഖ കത്ത് സഹിതം 28-2-2017-ന് ആരോഗ്യ വകുപ്പുമന്ത്രിക്ക് നൽകിയിരുന്നത് പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) അപേക്ഷകയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ എന്ന് വ്യക്തമാക്കുമോ;

(സി) അപേക്ഷകയ്ക്ക് ധനസഹായം അനുവദിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; പരിശോധിക്കുമോ?

ഉത്തരം

(എ - സി) പരിഗണിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർ ശിപാർശ രേഖപ്പെടുത്തിയിട്ടില്ല. ശിപാർശ സഹിതം അപേക്ഷ ലഭ്യമാക്കുന്നതിനായി കണ്ണൂർ (റൂറൽ) ശിശുവികസന പദ്ധതി ഓഫീസർക്ക് ടിയാളുടെ അപേക്ഷ അയച്ചുകൊടുക്കുന്നതിനുള്ള നടപടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചിട്ടുണ്ട്. ശിപാർശ സഹിതം അപേക്ഷ ലഭിക്കുന്നമുറയ്ക്ക് അർഹത പരിശോധിച്ച് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

263 (2211) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്ക് സ്വകാര്യ പ്രാക്ടീസ് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ പ്രാക്ടീസ് സംബന്ധിച്ച് നിലവിലെ നിയമം എന്താണെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത നിയമം ലംഘിച്ചവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് സർക്കാർ ഉത്തരവ് പ്രകാരം കർശനമായി നിരോധിച്ചിട്ടുണ്ട്. 1-10-2009-ലെ സ.ഉ.(പി) 345/2009/ആ.കു.വ. നമ്പർ ഉത്തരവുപ്രകാരം 1960-ലെ കേരളാ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിൽ ഇക്കാര്യമുൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടുമുണ്ട്.

(സി) നിയമം ലംഘിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസ്സുകളിൽ പരിശോധന നടത്തി സർക്കാർ ഉത്തരവിനുവിരുദ്ധമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ഡോക്ടർമാർക്കെതിരെ കേരളാ സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം, 1960-ലെ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നുണ്ട്.

## വിലങ്ങാട് ആയൂർവ്വേദ ഡിസ്പെൻസറി

264 (2213) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമ പഞ്ചായത്തിലെ വിലങ്ങാട് ആയുർവേദ ഡിസ്പെൻസറിയുടെ അംഗീകാരവുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ആയുർവേദ വകുപ്പ് ആവശ്യപ്പെട്ട പ്രകാരം അടിസ്ഥാന സൗകര്യം ഒരുക്കിയ ശേഷം ഡി.എം.ഒ. യെ രേഖാമൂലം അറിയിച്ചിട്ടും പ്രസ്തുത ഡിസ്പെൻസറിക്കുള്ള അംഗീകാരം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ വിലങ്ങാട് ആയുർവ്വേദ ഡിസ്പെൻസറി അനുവദിക്കുന്നതുസംബന്ധിച്ച് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

**ചെറുവട്ടൂർ സർക്കാർ ആയുർവ്വേദ ആശുപത്രി**

265 (2214) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ ചെറുവട്ടൂർ സർക്കാർ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സെക്രട്ടേറിയറ്റിൽ ആരോഗ്യ ആയുഷ് എ സെക്ഷനിൽ നിലവിലുള്ള നമ്പർ 2313134/Ayush A1/234/2018 ഫയലിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) താലൂക്കിലെ നൂറ് കണക്കിന് രോഗികൾ എത്തിച്ചേരുന്ന പ്രസ്തുത ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ചെറുവട്ടൂർ സർക്കാർ ആയുർവ്വേദ ഡിസ്പെൻസറി 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതുസംബന്ധിച്ച് പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കാൻ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മരുന്നുകളുടെ വില നിയന്ത്രണം**

266 (2215) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകദേശം എത്ര മെഡിക്കൽ ഷോപ്പുകളും ഫാർമസികളും പ്രവർത്തിക്കുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്; ഇവയുടെ പരിശോധനയ്ക്കായി എത്ര ഡ്രഗ്സ് ഇൻസ്പെക്ടർമാരാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വിപണനം ചെയ്യുന്ന മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) മരുന്ന് വില നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും പ്രൈസ് മോണിറ്ററിംഗ് റിസോഴ്സ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം ഏത് രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് മെഡിക്കൽ സ്റ്റോറുകളും ഫാർമസികളുമുൾപ്പെടെ 14488 ചില്ലറ ഔഷധ വ്യാപാരികളും 6673 ഔഷധ മൊത്ത വ്യാപാരികളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പരിശോധനകൾക്കായി 47 ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. കേന്ദ്ര ഏജൻസിയായ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്കാണ് രാജ്യമെമ്പാടും വിപണനം ചെയ്യുന്ന മരുന്നുകളുടെ സീലിംഗ് വില നിശ്ചയിക്കുവാനുള്ള അധികാരമുള്ളതെങ്കിലും സംസ്ഥാനത്ത് വിപണനം ചെയ്യുന്ന മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമാനുസൃതമുള്ള വിവിധ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. പ്രസ്തുത ഏജൻസി തന്നെയാണ് സംസ്ഥാനങ്ങളിൽ പ്രൈസ് മോണിറ്ററിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നത്.

## മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം കുറയ്ക്കുന്നതിനും നടപടി

267 (2216) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മരുന്നുകളുടെയും ഗുളികകളുടെയും വില്പനവില (എം.ആർ.പി.) എങ്ങനെയാണ് നിശ്ചയിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഔഷധ നിർമ്മാണ കമ്പനികൾ തോന്നിയതുപോലെ പരമാവധി വില്പനവില (എം.ആർ.പി.) നിശ്ചയിച്ച് രോഗികളായ ജനങ്ങളെ പിഴിഞ്ഞെടുത്ത് വലിയ തോതിൽ ലാഭം കൊയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങളും സാഹചര്യവും വിശദമാക്കുമോ;

(സി) മരുന്നു വിപണിയിലെ വില നിയന്ത്രിക്കുന്നതിനും സ്വകാര്യ ഫാർമസികളുടെയും ഇടനിലക്കാരുടെയും ചൂഷണം കുറയ്ക്കുന്നതിനും സംസ്ഥാന സർക്കാരിന് എന്തൊക്കെയാണ് ചെയ്യാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ജനറിക് മരുന്നുകൾ ഉപയോഗിക്കണമെന്ന് സർക്കാർ നിരവധി തവണ നിർദ്ദേശം നൽകിയിട്ടും ആയത് പ്രാബല്യത്തിലാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര ഏജൻസിയായ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (NPPA)-ക്കാണ് രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ച് ഉറപ്പിക്കുന്നതിനുള്ള അധികാരമുള്ളത്. കേന്ദ്ര സർക്കാർ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നാഷണൽ ലിസ്റ്റ് ഓഫ് എസൻഷ്യൽ മെഡിസിൻ (NLEM)-ൽ ഉൾപ്പെടുന്ന മരുന്നുകളുടെ വിലയാണ് ഇത്തരത്തിൽ NPPA നിശ്ചയിച്ചുറപ്പിക്കുന്നത്. എന്നാൽ ഈ പട്ടികയിൽ ഉൾപ്പെടാത്ത മരുന്നുകളുടെ വില, അവയുടെ നിർമ്മാതാക്കൾ തന്നെയാണ് നിശ്ചയിക്കുന്നത്. ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ-2013-ലെ മാനദണ്ഡങ്ങൾക്ക് വിധേയമായി നിർമ്മാതാക്കൾ ഇത്തരത്തിലുള്ള മരുന്നുകളുടെ വില നിശ്ചയിച്ച്, NPPA-യെ അറിയിച്ചതിന് ശേഷം മാത്രമേ വിപണിയിൽ എത്തിക്കുവാൻ പാടുള്ളൂവെന്നതാണ് നിലവിൽ നിയമം നിഷ്കർഷിക്കുന്ന രീതി, NPPA നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതലായോ ലേബലിൽ നിർമ്മാതാവ് രേഖപ്പെടുത്തിയിട്ടുള്ള വിലയേക്കാൾ അധികമായോ വില ഈടാക്കുന്നത് നിയമലംഘനമാണ്.

(ബി) ഉണ്ട്. നാഷണൽ ലിസ്റ്റ് ഓഫ് എസ്സൻഷ്യൽ മെഡിസിൻ (NLEM)-ൽ ഉൾപ്പെടാത്തതും പേറ്റന്റ് ചെയ്യപ്പെട്ടിട്ടുള്ളതുമായ മരുന്നുകളുടെ വില NPPA-യുടെ നിയന്ത്രണത്തിൽ അല്ലാത്തതിനാൽ, പരമാവധി വിൽപ്പന വില നിർമ്മാതാവ് തന്നെയാണ് നിശ്ചയിക്കുന്നത്. ചില നിർമ്മാതാക്കൾ, വ്യാപാരികളിൽ നിന്ന് ഈടാക്കുന്ന വിലയേക്കാൾ വളരെ കൂടിയ എം.ആർ.പി. പ്രിന്റ് ചെയ്ത് മരുന്നുകൾ നൽകുകയും വ്യാപാരികൾ എം.ആർ.പി. ആയി പ്രിന്റ് ചെയ്ത തുക തന്നെ രോഗികളിൽ നിന്ന് ഈടാക്കുകയും ചെയ്യുന്നതായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഇടനിലക്കാരന് അമിതലാഭം

ഈടാക്കുന്നതിന് ഉതകുന്നതിനാൽ, പ്രസ്തുത വിൽപ്പന വിശദാംശങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് NPPA-യെ അറിയിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം NPPA-യ്ക്കാണ്. ഇവ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ അധികാരപരിധിയിൽപ്പെടുന്നവയല്ല.

(സി) രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ച് ഉറപ്പിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിന് കീഴിലുള്ള NPPA-യ്ക്കാണ്. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന് ആയതിൽ പ്രത്യേകിച്ച് അധികാരങ്ങളൊന്നുമില്ല. എന്നാൽ സ്വകാര്യ ഫാർമസികളുടെയും ഇടനിലക്കാരുടെയും ചൂഷണം ഒഴിവാക്കുന്നതിനായി ഇടനിലക്കാരെ ഒഴിവാക്കി, നിർമ്മാതാക്കളിൽ നിന്ന് നേരിട്ട് മരുന്നുകൾ സംഭരിച്ച് ചെറിയതോതിൽ ലാഭം ഈടാക്കി വിപണനം ചെയ്യുന്ന കാരുണ്യ, നീതി, മാവേലി പോലുള്ള ചില്ലറ ഔഷധ വ്യാപാരശാലകൾ സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(ഡി) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജനറിക് നാമത്തിൽ മരുന്നുകൾ കുറിക്കണമെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാ തലത്തിൽ "Prescription Audit Committee" രൂപവത്കരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള കാര്യക്ഷമമായ നടപടി എടുക്കുന്നതാണ്.

**ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ**

268 (2217) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. മുകേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോമിയോ ആശുപത്രികളെ എൻ.എ.ബി.എച്ച്. നിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കാൻസർ, ജീവിതശൈലീ രോഗങ്ങൾ എന്നിവയെ പ്രതിരോധിക്കുന്നതിന് ഹോമിയോപ്പതി, നാച്ചുറോപ്പതി, യോഗ എന്നിവയെ സംയോജിപ്പിച്ച് ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഹോമിയോപ്പതിയുടെ വന്ധ്യതാ നിവാരണ പദ്ധതിയായ 'ജനനി'യുടെ സേവനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എല്ലാ ജില്ലാ ആശുപത്രികളോടുമനുബന്ധിച്ച് ഹോമിയോപ്പതി വിഭാഗത്തിൻെറ കീഴിൽ സാന്ത്വന പരിചരണ ചികിത്സ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും, സമഗ്ര ചികിത്സയ്ക്കും വേണ്ടി ആയുർവ്വേദ, ഹോമിയോ, സിദ്ധ, യോഗാ-നാച്ചുറോപ്പതി വിഭാഗങ്ങളെ ഉൾപ്പെടുത്തി നാഷണൽ ആയുഷ് മിഷൻ മുഖേന നടപ്പിലാക്കുന്ന ഒരു ചികിത്സാ പദ്ധതിയാണ് ആയുഷ് ഹോളിസ്റ്റിക് സെന്റർ. നിലവിൽ തിരുവനന്തപുരം, കൊല്ലം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ യോഗ, നാച്ചുറോപതി എന്നിവയുമായി സംയോജിപ്പിച്ച് ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ (ആയുഷ്മാൻ ഭവ) 2017-18 മുതൽ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു.

(സി) ഉണ്ട്. കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ജനനി ഇൻഫെർട്ടിലിറ്റി സെന്റർ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കാൻസർ സാന്ത്വന പരിചരണത്തിനും ചികിത്സയ്ക്കുമായി മാത്രം 2014-ൽ ഹോമിയോപ്പതി വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിലെ വണ്ടൂരിൽ 10 കിടക്കകളോടുകൂടിയ ഒരു പെയിൻ & പാലിയേറ്റീവ് കെയർ സെന്റർ പ്രവർത്തനം ആരംഭിച്ചു. തുടർന്ന് എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളോടനുബന്ധിച്ചും പ്രത്യേകമായി 5 കിടക്കകൾ നീക്കിവച്ചുകൊണ്ട് സാന്ത്വന പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചു. നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഹോമിയോപ്പതി സാന്ത്വന പരിചരണ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

**ഭിന്നശേഷി ജീവനക്കാരുടെ ഡാറ്റാ ബേസ് തയ്യാറാക്കാൻ നടപടി**

269 (2218) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിൽവരുന്ന മുഴുവൻ സ്ഥാപനങ്ങളിലേയും ഭിന്നശേഷി ജീവനക്കാരുടെ ഡേറ്റാ ബേസ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ;

(ബി) ഡേറ്റാ ബേസ് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് അംഗപരിമിത സംവരണം ഉറപ്പാക്കുന്ന വിഷയം സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 4-8-2017-ന് ചേർന്ന യോഗ തീരുമാനപ്രകാരം പൊതുഭരണ വകുപ്പ്, ധനകാര്യ വകുപ്പ്, നിയമവകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്, സാമൂഹ്യനീതി വകുപ്പുകളുടെ സെക്രട്ടറിതല കമ്മിറ്റി G.O.(Rt) 638/2017/SJD പ്രകാരം രൂപീകരിക്കുകയും ആയതിന്റെ ആദ്യ യോഗം 5-10-2017-ന് കൂടുകയുമുണ്ടായി. സംസ്ഥാനത്തെ അംഗപരിമിത സംവരണം നടപ്പിലാക്കുന്ന വിഷയം പഠിക്കുന്നതിനായി ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാരവകുപ്പ് എന്നീ വകുപ്പുകളിലെ പ്രഗത്ഭരും അനുഭവജ്ഞരുമായ വിരമിച്ച ഉദ്യോഗസ്ഥരുടെ ഒരു സമിതി രൂപീകരിക്കുകയും സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിച്ചുവരികയുമാണ്. ടി സമിതി അംഗപരിമിത ജീവനക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കുന്ന വിഷയവും പരിഗണിക്കുന്നുണ്ട്.

വിവരശേഖരണത്തിനായി 7-2-2018-ലെ തീയതിയിലെ ചീഫ് സെക്രട്ടറിയുടെ സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, എന്നിവിടങ്ങളിലെ മേധാവികളോട് സർക്കുലറിനോടൊപ്പമുള്ള ഫോർമാറ്റുകളിൽ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. കൂടാതെ 2-5-2018, 3-5-2018 എന്നീ തീയതികളിൽ വിവര ശേഖരണത്തിനായി സംസ്ഥാനത്തെ എല്ലാ വകുപ്പ് മേധാവികൾക്കും പൊതുമേഖലാ സ്ഥാപന മേധാവികൾക്കുമായി ഈ വിഷയത്തിൽ തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ വച്ച് വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയുണ്ടായി.

(ബി) വിവിധ സർക്കാർ വകുപ്പുകൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ സ്ഥാപനങ്ങളിൽ നിന്നും ഇത് സംബന്ധിച്ച വിവരം ലഭ്യമായിക്കൊണ്ടിരിക്കുകയാണ്. ആയത് പൂർണ്ണമായും ലഭ്യമാകുന്ന മുറയ്ക്ക് അംഗപരിമിത ജീവനക്കാരുടെ ഡാറ്റാബേസ് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മുതിർന്ന പൗരന്മാരുടെ സംരക്ഷണം**

270 (2219) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വത്തുക്കൾ കൈവശപ്പെടുത്തിയ ശേഷം മുതിർന്ന പൗരൻമാരെ സംരക്ഷിക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഒറ്റയ്ക്കു താമസിക്കുന്ന മുതിർന്ന പൗരൻമാരുടെ എണ്ണത്തിൽ വർദ്ധനവ് വന്ന സാഹചര്യത്തിൽ ഇവരുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വത്തുക്കൾ കൈവശപ്പെടുത്തിയശേഷം രക്ഷിതാക്കളെ സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാനത്ത് റവന്യൂ ഡിവിഷണൽ ഓഫീസർ അദ്ധ്യക്ഷനായുള്ള 'മെയിന്റനൻസ് ട്രൈബ്യൂണലുകൾ' രൂപീകരിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെ പരാതികളുടെ അടിസ്ഥാനത്തിൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണ വിചാരണ നടപടികൾ പൂർത്തിയാക്കി അർഹരായ മുതിർന്ന പൗരന്മാർക്ക് മക്കളിൽ നിന്ന് സംരക്ഷണവും സംരക്ഷണ ചെലവും Maintenance and Welfare of parents and Senior Citizens Act പ്രകാരം, മെയിന്റനൻസ് ഓഫീസർ മുഖേന ഉറപ്പാക്കുന്നു. പരമാവധി 10,000 രൂപ വരെ സംരക്ഷണ ചെലവായി എതിർകക്ഷികളിൽനിന്നും ഈടാക്കാൻ പ്രസ്തുത നിയമം അനുവദിക്കുന്നു.

(ബി) ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്ന പൗരന്മാരുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി, 2007-ലെ വയോജന സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച് പാസ്സാക്കിയ 2009-ലെ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസരണമായി പോലീസ് ഡിപ്പാർട്ടുമെന്റിൽനിന്നും ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലുമുള്ള വൃദ്ധജനങ്ങളുടെ ലിസ്റ്റ്, പ്രത്യേകിച്ചും ഒറ്റയ്ക്ക് താമസിക്കുന്നവരുടെ തയ്യാറാക്കി സൂക്ഷിക്കാനും മാസത്തിൽ ഒരു തവണയെങ്കിലും വൃദ്ധജനങ്ങളെ നേരിൽ സന്ദർശിച്ച് അവരുടെ പരാതികൾ കേൾക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഓരോ പോലീസ് സ്റ്റേഷനുകളിലും ഓരോ വോളന്റിയർ കമ്മിറ്റി രൂപീകരിക്കുന്നതിനും പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽനിന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വൃക്കരോഗികൾക്ക് ധനസഹായം**

271 (2220) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന വൃക്ക രോഗികൾക്ക് പ്രതിമാസ ധനസഹായം ലഭിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന വൃക്ക രോഗബാധിതരായി ഡയാലിസിസിന് വിധേയരാകുന്നവർക്ക് 1100 രൂപ നിരക്കിൽ പ്രതിമാസ ധനസഹായം നൽകുന്നുണ്ട്. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് പ്രസ്തുത തീയതി മുതൽ 5 വർഷം വരെ പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്.

(ബി)

1. അപേക്ഷകൻ മാസത്തിലൊരിക്കലെങ്കിലും സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. കുടുബാംഗമായിരിക്കണം.

2. അപേക്ഷാഫോറത്തിനോടൊപ്പമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ നിശ്ചിത ഫോറത്തിൽ സർക്കാർ/സ്വകാര്യ ആശുപത്രിയിലെ വൃക്കരോഗവിദഗ്ധനിൽനിന്നും സർട്ടിഫിക്കറ്റ് വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. അപേക്ഷകന്റെ ലൈഫ് സർട്ടിഫിക്കറ്റും തുടർ ചികിത്സാ സർട്ടിഫിക്കറ്റും സർക്കാർ/സ്വകാര്യ ആശുപത്രികളിലെ വൃക്കരോഗ വിദഗ്ധനിൽനിന്നും ശേഖരിച്ച് ആറ് മാസത്തിലൊരിക്കൽ സാമൂഹ്യ സുരക്ഷാ മിഷനിൽ സമർപ്പിക്കേണ്ടതാണ്.

4. അപേക്ഷകന്റെ പേരിൽ ആരംഭിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, ഐ.എഫ്.എസ്.സി. കോഡ് നമ്പർ എന്നിവ അപേക്ഷയിൽ നിർബന്ധമായും രേഖപ്പെടുത്തണം.

5. അപേക്ഷയിൽ ആവശ്യമായ മുഴുവൻ വിശദാംശങ്ങളും ചേർത്ത് ശിശുവികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കണം.

6. മാസത്തിലൊരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്നവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

7. ആധാർകാർഡിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ചേർക്കണം.

**അഗതി പുനരധിവാസകേന്ദ്രങ്ങൾ സ്ഥാപിക്കാൻ പദ്ധതി**

272 (T* 2221) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ പ്രദേശങ്ങളിലും അഗതി പുനരധിവാസകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ;

* "T" മാറ്റിവച്ച് ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എങ്കിൽ എവിടെയൊക്കെയാണ് പ്രസ്തുത കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായി എന്നുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ) പട്ടണങ്ങളിൽ എത്തിച്ചേരുന്ന അഗതികൾക്ക് രാത്രികാലം സുരക്ഷിതമായി താമസിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ മേൽ നോട്ടത്തിലും സന്നദ്ധ സംഘടനയുടെ സഹകരണത്തോടു കൂടിയും 'എന്റെ കൂട് എന്ന പദ്ധതി ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ 'എന്റെ കൂട് പദ്ധതി നിലവിൽ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ 'എന്റെ കൂട് പദ്ധതി പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) തിരുവനന്തപുരം ജില്ലയിൽ 'എന്റെ കൂട് പദ്ധതി നടത്തിപ്പിനായി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ 'എന്റെ കൂട് പദ്ധതി 2018-19 വർഷത്തിൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ്

273 (2222) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. പി. എൽ വ്യത്യാസമില്ലാതെ എല്ലാ വിഭാഗങ്ങൾക്കും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിൽ ഏതൊക്കെ വിഭാഗങ്ങൾക്കാണ് ഇൻഷ്വറൻസ് പദ്ധതികൾ ലഭ്യമായിട്ടുള്ളത് ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സമഗ്രമായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് ആലോചിച്ചുവരുന്നു.

(ബി) ഇൻഷ്വറൻസ് പദ്ധതികൾ ലഭ്യമായിട്ടുള്ള വിഭാഗങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സമഗ്ര ശിശുസംരക്ഷണ പദ്ധതിക്കുള്ള ഫണ്ട്

274 (2223) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ശിശുസംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതി പ്രകാരം ഏതൊക്കെ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കാണ് ആനുകൂല്യങ്ങൾക്ക് അർഹത നൽകുന്നത്;

(സി) അരക്ഷിതാവസ്ഥയിലായ കുട്ടികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ഡി) ഈ പദ്ധതിക്കായി നീക്കിവച്ചിരിക്കുന്ന ഫണ്ട് സംസ്ഥാന ശിശുക്ഷേമ സമിതിക്ക് കുട്ടികളുടെ അന്താരാഷ്ട്ര ചലച്ചിത്രാഘോഷത്തിലേക്കായി നൽകണമെന്ന ആവശ്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഫണ്ട് വകമാറ്റി ചെലവ് ചെയ്യുന്നതിനുള്ള നീക്കം ഉപേക്ഷിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 2009-10 സാമ്പത്തികവർഷം മുതൽ കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ സഹായത്തോടെ സംസ്ഥാനത്ത് സമഗ്ര ശിശുസംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമത്തിന് വിധേയരാകാത്തതുമായ 18 വയസ്സിനുതാഴെ പ്രായമുള്ള മുഴുവൻ കുട്ടികളുടെയും ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നുണ്ട്. സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നത് സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയാണ്. പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി വകുപ്പുമന്ത്രി ചെയർപേഴ്സണായി ഗവേണിംഗ് ബോഡിയും, വകുപ്പ് സെക്രട്ടറി ചെയർപേഴ്സണായ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ രണ്ട് കമ്മിറ്റികളുടെയും മെമ്പർ സെക്രട്ടറി വകുപ്പ് ഡയറക്ടറാണ്. ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, വിവിധ ശിശുസംരക്ഷണ സ്ഥാപനങ്ങൾ തുടങ്ങിയവ എസ്.സി.പി.എസ്-ന്റെ വിവിധ ഘടകങ്ങളാണ്.

(ബി) പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമത്തിനും വിധേയരാകാത്തതുമായ ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ പരിധിയിൽ വരുന്ന കുട്ടികൾക്കാണ് പദ്ധതി മുഖേന ആനുകൂല്യം ലഭിക്കുന്നത്.

(സി) സ്ഥാപന സംരക്ഷണം ആവശ്യമുള്ള കുട്ടികൾക്ക് ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ ശിശു സംരക്ഷണ സ്ഥാപനങ്ങൾ മുഖേന സംരക്ഷണം നൽകുന്നു. ഇതിനുപുറമെ സ്ഥാപനേതര സംരക്ഷണ പദ്ധതികളായ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.), കാവൽ, കരുതൽ, ബാലനിധി, വിജ്ഞാനദീപ്തി, ഫോസ്റ്റർ കെയർ മുതലായ വിവിധ സംസ്ഥാനതല പദ്ധതികളും ജില്ലാടിസ്ഥാനത്തിൽ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ മുഖേന വിവിധ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

(ഡി) ചലച്ചിത്രമേളയുടെ നടത്തിപ്പിനായി 75 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിശുക്ഷേമ സമിതി അഭ്യർത്ഥിച്ചിരുന്നു. എന്നാൽ വനിതാ ശിശു വികസന വകുപ്പിൽനിന്നും ഫണ്ട് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

**ആലത്തൂർ മണ്ഡലത്തിലെ സ്നേഹപൂർവ്വം പദ്ധതി**

275 (2224) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷ മിഷൻ വഴി നടപ്പാക്കുന്ന സ്നേഹപൂർവ്വം പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലെ എത്ര കുട്ടികൾക്ക് ആനുകൂല്യം നൽകിയെന്ന വിവരം ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മണ്ഡലം തിരിച്ചുള്ള സ്കൂൾ വിവരങ്ങൾ ലഭ്യമല്ല.

(ബി) നിലവിൽ Direct Beneficiary Transfer ആയി വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നുണ്ടോയെന്നറിയാനുള്ള സൗകര്യം ലഭ്യമാക്കുന്നതാണ്. അപേക്ഷയുടെ Status, USSD(Unstructured Supplementary Service Data) വഴിയറിയാനുള്ള സംവിധാനവും പ്രിന്റ് ഔട്ടും യഥാസമയം ലഭ്യമാക്കാത്ത സ്കൂളുകൾക്ക് നോട്ടിഫിക്കേഷൻ നൽകാനുള്ള സംവിധാനവും ഏർപ്പെടുത്തുന്നതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനായി 1800-120-1001 എന്ന Toll Free Help Line നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. ആധാർ അടിസ്ഥാനമാക്കി പേയ്മെന്റിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

## ഐ.സി.ഡി.എസ്. പദ്ധതിക്കുള്ള കേന്ദ്ര വിഹിതം

276 (2225) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവ്വീസസ് (ഐ. സി. ഡി. എസ്.) പദ്ധതിക്കുള്ള കേന്ദ്ര വിഹിതം വെട്ടിക്കുറച്ചതായി അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പദ്ധതി വിഹിതം വെട്ടിക്കുറക്കുന്നത് വഴി സംസ്ഥാന സർക്കാരിനുണ്ടാകുന്ന അധിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിലേറിയതിന് ശേഷം അങ്കണവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും പുതുക്കി നിശ്ചയിച്ച വേതനം എത്ര വീതമാണ്; ഇത് വഴി സർക്കാരിനുണ്ടാകുന്ന അധിക ബാദ്ധ്യത എത്രയാണ് ; വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവ്വീസസ് (ഐ.സി.ഡി.എസ്.-ന്) കീഴിലെ അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതിയിൽ ജീവനക്കാരുടെ ശമ്പള ഇനത്തിൽ കേന്ദ്ര വിഹിതം കുറച്ചതായി അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പള ഇനത്തിൽ കേന്ദ്ര വിഹിതം അറുപത് ശതമാനം ആയിരുന്നത് 1-12-2017 മുതൽ പ്രാബല്യത്തിൽ ഇരുപത്തിയഞ്ച് ശതമാനം ആയി കുറവ് വരുത്തിയിട്ടുണ്ട്. ഇതു കൂടാതെ മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ പൂർണ്ണമായും കേന്ദ്ര സ്റ്റാഫ് പാറ്റേണിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. ഇപ്രകാരം പുനഃക്രമീകരിക്കുമ്പോൾ ആകെ 2775 ജീവനക്കാരിൽ കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം പുതുക്കി നിശ്ചയിച്ച 1904 ജീവനക്കാരുടെ വേതനത്തിൽ മാത്രമേ ഇരുപത്തിയഞ്ച് ശതമാനം കേന്ദ്ര സർക്കാർ ധനസഹായം ലഭ്യമാക്കുകയുള്ളൂ. ശേഷമുള്ള 871 മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ വേതനത്തിന് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുകയില്ല.

(ബി) ഉണ്ട്. ഇതുമൂലം സംസ്ഥാന സർക്കാരിന് 1904 ജീവനക്കാരുടെ വേതനത്തിൽ മുപ്പത്തിയഞ്ച് ശതമാനവും 871 ജീവനക്കാരുടെ വേതനത്തിൽ അറുപത് ശതമാനവും അധികബാദ്ധ്യതയായി 1-12-2017 മുതൽ പ്രാബല്യത്തിൽ വഹിക്കേണ്ടതായി വരുന്നതാണ്. ഇപ്രകാരം 2018-19 സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിന് ആകെ 7112.46 ലക്ഷം രൂപ അധിക ബാദ്ധ്യതയായി വഹിക്കേണ്ടിവരുന്നതാണ്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

2018-19 സാമ്പത്തിക വർഷം ശമ്പള ഇനത്തിൽ സംസ്ഥാന സർക്കാരിന് വഹിക്കേണ്ടിവരുന്ന അധിക ചെലവ്.

| | |
|---|---|
| 2018-19 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം പുതുക്കി നിശ്ചയിച്ച 1904 ജീവനക്കാരുടെ വേതനത്തിന്റെ ആകെ ചെലവ് | 12328.9 ലക്ഷം |
| 2018-19 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം ഒഴിവാക്കപ്പെട്ട 871 ജീവനക്കാരുടെ വേതനത്തിന്റെ ആകെ ചെലവ് | 4662.24 ലക്ഷം |
| 2018-19 സാമ്പത്തിക വർഷം 2775 സ്ഥിരം ജീവനക്കാരുടെ ശമ്പള ഇനത്തിൽ പ്രതീക്ഷിക്കുന്ന ആകെ ചെലവ് | 16991.14 ലക്ഷം |
| അധികബാദ്ധ്യത ചെലവ് 2018-19 | |
| 2018-19 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം പുതുക്കി നിശ്ചയിച്ച 1904 ജീവനക്കാരുടെ വേതനത്തിന്റെ ആകെ ചെലവിന്റെ 35% | 4315.12 ലക്ഷം |
| 2018-19 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം ഒഴിവാക്കപ്പെട്ട 871 ജീവനക്കാരുടെ വേതനത്തിന്റെ ആകെ ചെലവിന്റെ 60% | 2797.34 ലക്ഷം |
| 2018-19 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ശമ്പള ഇനത്തിൽ വഹിക്കേണ്ട ആകെ അധിക ബാദ്ധ്യത | 7112.46 ലക്ഷം |

(സി) അങ്കണവാടി ജീവനക്കാർക്ക് ഓണറേറിയമായി വർക്കർമാർക്ക് പ്രതിമാസം 10,000 രൂപയും ഹെൽപ്പർമാർക്ക് 7,000 രൂപയായി വർദ്ധിപ്പിച്ചിരുന്നു. ആയതുപ്രകാരം അങ്കണവാടി വർക്കർമാരുടെ ഓണറേറിയത്തിൽ 4400 രൂപയുടെയും, അങ്കണവാടി ഹെൽപ്പർമാരുടെ ഓണറേറിയത്തിൽ 2900 രൂപയുടെയും വർദ്ധനവ് പ്രതിമാസം വന്നിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ ആകെ 33115 അങ്കണവാടി വർക്കർമാർക്കും 32986 അങ്കണവാടി ഹെൽപ്പർമാർക്കും ഓണറേറിയം ഇനത്തിൽ ആകെ 289.64 കോടി രൂപ സംസ്ഥാന സർക്കാരിന് അധിക ബാദ്ധ്യതയായി വരുന്നതാണ്. അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ഇനത്തിൽ ചില പ്രാദേശിക സർക്കാരുകൾ 1-4-2017 മുതൽ കുടിശ്ശിക വരുത്തിയ തുക അതാത് പ്രാദേശിക സർക്കാരുകൾ, മൂന്നാം ഗഡുവായി അനുവദിച്ച വികസന ഫണ്ടിൽ നിന്നും കിഴിവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ 27-2-2018-ൽ ധനകാര്യ വകുപ്പ് ഉത്തരവായിട്ടുണ്ട്. 1-4-2018 മുതൽ വനിതാ ശിശു വികസന വകുപ്പ് തന്നെ വർദ്ധിപ്പിച്ച മുഴുവൻ തുകയും നൽകിവരുന്നു.

**മാതൃകാ അങ്കണവാടികൾ**

277 (2226) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ അങ്കണവാടി പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നുണ്ടോ;

(ബി) ചാലക്കുടി മണ്ഡലത്തിൽ ചാലക്കുടി, കൊടകര ബ്ളോക്ക് പഞ്ചായത്തുകളിലെ ഏതെല്ലാം അങ്കണവാടികളാണ് ഈ പദ്ധതി പ്രകാരം നവീകരിച്ചിട്ടുള്ളത്;

(സി) കൂടുതൽ അങ്കണവാടികളുടെ നവീകരണത്തിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ സംസ്ഥാനത്ത് ഒരു നിയോജകമണ്ഡലത്തിൽ ഒന്നു വീതം മാതൃകാ അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ചാലക്കുടി നിയോജകമണ്ഡലത്തിലെ കൊടകര പഞ്ചായത്തിലെ 4-ാം നമ്പർ അങ്കണവാടിക്ക് മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി 10 സെന്റ് ഭൂമി ലഭ്യമാകാത്ത നിയോജകമണ്ഡലത്തിനുള്ള ഫണ്ട് മറ്റ് നിയോജകമണ്ഡലങ്ങളിൽ ഒന്നിൽ കൂടുതൽ മാതൃകാ അങ്കണവാടിക്ക് 10 സെന്റ് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട എം.എൽ.എ.യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**മാതൃകാ അങ്കണവാടി**

278 (2227) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ മാതൃകാ അങ്കണവാടി നിർമ്മിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട പാലമേൽ പഞ്ചായത്തിലെ 93- ാം നമ്പർ അങ്കണവാടിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; ഈ പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മാവേലിക്കര നിയോജകമണ്ഡലത്തിലെ പാലമേൽ പഞ്ചായത്തിലെ 93-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയാക്കി ഉയർത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ആലുവ ജനസേവ ശിശുഭവനിലെ കുട്ടികളുടെ സംരക്ഷണ ചുമതല**

279 (2228) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ജനസേവ ശിശുഭവനിലെ കുട്ടികളുടെ സംരക്ഷണ ചുമതല സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ താമസിക്കുന്ന കുട്ടികൾ അവിടെനിന്നും അവരെ മാറ്റുന്നതിന് കടുത്ത എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ;

(സി) ആരുടെ പരാതിയിലാണ് ജനസേവ കേന്ദ്രം ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ; പരാതിയിലെ പരാമർശങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 19-5-2018-ലെ സർക്കാർ ഉത്തരവ് G.O.(Rt.) No.291/2018/SJD പ്രകാരം 3 മാസത്തേയ്ക്കോ കുട്ടികളെ കുടുംബത്തോടെ പുനഃസംഗമിപ്പിക്കുകയോ അനുയോജ്യമായ മറ്റൊരു സ്ഥാപനത്തിലേയ്ക്ക് മാറ്റുന്നതുവരെയോ ഏതാണോ ആദ്യം, അതുവരെ ആലുവ ജനസേവാ ശിശുഭവനിലെ കുട്ടികളുടെ സംരക്ഷണ ചുമതല സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

(സി) സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്ക് എറണാകുളം ചൈൽഡ് വെൽഫെയർ കമ്മിറ്റി നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് സ്ഥാപനം സർക്കാർ ഏറ്റെടുക്കാനുള്ള തീരുമാനമുണ്ടായത്.

19-4-2017-ൽ എറണാകുളം ചൈൽഡ് വെൽഫെയർ കമ്മിറ്റി നടത്തിയ പരിശോധനയിൽ അന്യസംസ്ഥാനത്തുനിന്നുള്ള 104 കുട്ടികളെ കണ്ടെത്തി. എന്നാൽ 21-4-2018-ൽ ജില്ലാ ശിശുസംരക്ഷണ ഓഫീസർ നടത്തിയ പരിശോധനയിൽ 42 അന്യസംസ്ഥാന കുട്ടികളെ മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. മറ്റ് കുട്ടികളെക്കുറിച്ച് തൃപ്തികരമായ വിശദീകരണം നൽകാൻ സ്ഥാപനത്തിന് കഴിഞ്ഞില്ല.

10-5-2018-ൽ തൃശ്ശൂരിൽ ഭിക്ഷാടനം നടത്തുകയായിരുന്ന 4 കുട്ടികളെ ചൈൽഡ് ലൈൻ പ്രവർത്തകർ കണ്ടെത്തി എറണാകുളം ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് കൈമാറുകയുണ്ടായി. വിശദമായ അന്വേഷണത്തിൽ ഈ കുട്ടികൾ സ്ഥാപനത്തിൽനിന്നും കാണാതായ 62 കുട്ടികളിൽ ഉൾപ്പെട്ടതാണെന്ന് കണ്ടു.

ബാലനീതി നിയമം 2015-ലെ സെക്ഷൻ 74 ലംഘിച്ചുകൊണ്ട് കുട്ടികളുടെ ചിത്രങ്ങൾ, ബ്രോഷറുകളിലും പത്രങ്ങളിലും പ്രദർശിപ്പിച്ച് ഫണ്ട് പിരിവ് നടത്തുന്നതായും പല കാരണങ്ങൾക്കായി തെരുവിൽ പ്രകടനത്തിനായി ഉപയോഗിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു.

കാണാതായ 62 കുട്ടികളെ അവരുടെ കുടുംബങ്ങളിലേയ്ക്ക് അയച്ചതായാണ് ജനസേവാ ഭാരവാഹികൾ അറിയിച്ചത്. കുടുംബങ്ങളുള്ള കുട്ടികളെ സ്ഥാപനത്തിൽ നിർത്തുന്നത് സ്ഥാപന പരിചരണം അവസാന പരിഹാരം എന്ന നിലയിൽ മാത്രമേ നടത്താവൂ എന്ന ബാലനീതി നിയമത്തിന്റെ തത്വത്തിന് എതിരാണ്.

ആദ്യകാലം മുതൽക്ക് തന്നെ സ്ഥാപനം നിയമം അനുസരിക്കുകയോ സ്ഥാപനത്തിൽ പ്രവേശിപ്പിക്കുന്ന കുട്ടികളെക്കുറിച്ചുള്ള യഥാർത്ഥ വിവരങ്ങൾ ഉത്തരവാദിത്വപ്പെട്ട അധികാരികളെ അറിയിക്കുകയോ ചെയ്യുന്നില്ല തുടങ്ങിയവയാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ പരാതിയിലെ പരാമർശങ്ങൾ.

**കിടപ്പ് രോഗിയായ ഏഴ് വയസ്സുകാരന്റെ ചികിത്സയ്ക്ക് സഹായം**

280 (2229) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണമ്പൂർ പെരുംകുളക്കം കണ്ണങ്കര ചരുവിള വീട്ടിൽ ശ്രീമതി വി. പത്മിനിയുടെ ഏഴ വയസുള്ള കിടപ്പു രോഗിയായ മകന്റെ ചികിത്സക്ക് സഹായം നല്കണമെന്ന് ആവശ്യപ്പെട്ട് ടിയാൾ 19-3-2018 ന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ഈ കുട്ടിയുടെ ചികിത്സ സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരള സാമൂഹ്യസുരക്ഷാ മിഷന്റെ വീകെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി വി. പത്മിനിയുടെ ഏഴ് വയസ്സുള്ള മകന്റെ ഒരു വർഷത്തെ ചികിത്സാ ചെലവിലേയ്ക്കായി പ്രതിമാസം 2500 രൂപ നിരക്കിൽ 30,000 രൂപ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## സംസ്ഥാന ശിശുക്ഷേമ സമിതിയിലെ ജീവനക്കാർ

281 (2230) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശിശുക്ഷേമ സമിതിയിലെ ജീവനക്കാരുടെ നിയമനത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാന ശിശുക്ഷേമ സമിതിയിൽ ഇപ്പോൾ ആകെ എത്ര ജീവനക്കാരുണ്ടെന്നും ഇതിൽ സ്ഥിരനിയമനം ലഭിച്ചവരും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരും എത്ര വീതമെന്നും അറിയിക്കാമോ;

(സി) സ്ഥിരനിയമനം ലഭിച്ച ജീവനക്കാരെ പിരിച്ചുവിട്ട സംഭവം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സമിതിയുടെ അംഗീകൃത നിയമാവലിയിലും സർവ്വീസ് ചട്ടങ്ങളിലും സമിതിയിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിക്കാണെന്നും നിയമനാധികാരി ജനറൽ സെക്രട്ടറിയാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഇപ്പോൾ സമിതിയിൽ 12 സ്ഥിരം ജീവനക്കാരും 13 കരാർ ജീവനക്കാരുമുണ്ട്.

(സി) അനധികൃതമായി സമിതിയിൽ സ്ഥിരനിയമനം നൽകിയിരുന്ന 37 പേരുടെ നിയമനം 31-3-2018-ന് റദ്ദാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ കളക്ടറെ കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ അഡ്മിനിസ്ട്രേറ്ററായി ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയോഗിച്ചിരുന്നു. ടി ഭരണകാലയളവിൽ 37 പേർക്ക് സമിതിയിൽ സ്ഥിരനിയമനം നൽകിയിരുന്നു. ഇതിൽ വ്യാപകമായ പരാതി ഉണ്ടായതിനെത്തുടർന്ന് സർക്കാരിന്റെ ധനകാര്യ (പരിശോധന) വിഭാഗം നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിന്നും ടി അനധികൃത നിയമനങ്ങൾ റദ്ദാക്കി വിവരം റിപ്പോർട്ട് ചെയ്യാൻ അഡ്മിനിസ്ട്രേറ്റർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെ ഫയൽ ചെയ്തിരുന്ന കേസ്സുകളിൽ ടി ജീവനക്കാരെ കേൾക്കാൻ അവസരം നൽകിയശേഷം എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അന്തിമതീരുമാനം എടുക്കാമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിരുന്നു. പരാതിക്കാരെ നേരിൽ കേട്ട്, അവരെ സ്ഥിരപ്പെടുത്തിയ നടപടിക്ക് നിയമ സാധുതയില്ല എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ടി നിയമനങ്ങൾ റദ്ദാക്കിയത്.

## ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡും

282 (2231) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെയും പുനഃസംഘടന പൂർത്തിയായോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പൂർത്തിയായിട്ടില്ല. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, എന്നീ ജില്ലകളിലെ സി.ഡബ്ല്യു.സി.കളിൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ആറ് ജില്ലകളിൽ സെലക്ഷൻ നടപടികൾ പൂർത്തീകരിച്ച് പാനൽ സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ ഇത് 2000-ലെ ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ അടിസ്ഥാനത്തിലായിരുന്നതിനാൽ ജുവനൈൽ ജസ്റ്റിസ് ആക്ട് 2015-ന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പാനലിൽനിന്നും നിയമന നടപടികൾ സ്വീകരിച്ചിരുന്നില്ല. 21-8-2017-ലെ സ.ഉ (കൈ)37/2017/സാ.നീ.വ. പ്രകാരം 2000-ലെ പഴയ ആക്ട് അനുസരിച്ചുള്ള വിജ്ഞാപനങ്ങളും അവയോടനുബന്ധിച്ചുള്ള വിവിധ സെലക്ട് ലിസ്റ്റുകളും റദ്ദ് ചെയ്തുകൊണ്ടും എറണാകുളം ഒഴികെയുള്ള ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളും 14 ജില്ലകളിലെ ജുവനൈൽ ജസ്റ്റിസ് ബോർഡുകളും പുന:സംഘടിപ്പിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സാമൂഹ്യനീതി ഡയറക്ടർക്ക് അനുമതി നൽകികൊണ്ട് ഉത്തരവായിരുന്നു. 6 ജില്ലകളിലേയ്ക്കായി തയ്യാറാക്കിയ പാനലിൽനിന്നും നിയമനം നടത്താത്തതിനാൽ ടി പാനലിൽ ഉൾപ്പെട്ടിരുന്ന അംഗങ്ങൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോടതി സെലക്ഷൻ പ്രവർത്തനങ്ങൾ സ്റ്റേ ചെയ്യുകയുണ്ടായി. അതിനാലാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെയും പുന:സംഘടന പൂർത്തിയാക്കാൻ സാധിക്കാതിരുന്നത്.

## ജുവനൈൽ ജസ്റ്റിസ് ആക്ട്

283 (2232) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം സംരക്ഷണവും സുരക്ഷയും ആവശ്യമുള്ള കുട്ടികളുടെ നിർവ്വചനത്തിൽ ഉൾപ്പെടാനുള്ളതും ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തതുമായ സ്ഥാപനങ്ങളെ ഒഴിവാക്കി പ്രസ്തുത ആക്ടിന്റെ റൂളുകളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച കേരള ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല. ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം സംരക്ഷണവും സുരക്ഷയും ആവശ്യമുള്ള കുട്ടികളുടെ നിർവ്വചനത്തിൽ ഉൾപ്പെടാനുള്ളതും ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതും ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളെ സംരക്ഷിക്കുന്നതുമായ സ്ഥാപനങ്ങളെ ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്ന തരത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ഉണ്ട്. ഹൈക്കോടതി വിധി അനുസരിച്ച് എല്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങളും ജുവനൈൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്.

**വൈകല്യമുള്ള കുട്ടികളെ പാർപ്പിക്കുന്ന ഐക്കോണിന്റെ പ്രവർത്തനം**

284 (2233) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈകല്യമുള്ള കുട്ടികളെ പൊതു ധാരയിലേക്ക് കൊണ്ടുവരുവാൻ ഉദ്ദേശിച്ച് ഷൊർണ്ണൂരിൽ ആരംഭിക്കുന്ന ഐക്കോണിൻെറ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; കുട്ടികളുടെ പ്രവേശനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) ഈ സ്ഥാപനത്തിൻെറ പ്രവർത്തനം സംസ്ഥാന സർക്കാരിൻെറ പൂർണ്ണ നിയന്ത്രണത്തിലാണോ; മറ്റ് ഏജൻസികൾ ഈ സ്ഥാപനത്തിന് ധനസഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഏജൻസികൾ എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിലേക്കുള്ള അഡ്മിഷൻ നടപടിക്രമം വ്യക്തമാക്കാമോ; ഈ സ്ഥാപനത്തിൻെറ ഭരണം എങ്ങനെയാണ് നടത്തുന്നത്; അതിൻെറ ഘടന, ഇതിലെ അംഗങ്ങൾ ആരെല്ലാം, ഇവരുടെ കാലാവധി, തെരഞ്ഞെടുപ്പ് നടപടിക്രമം എന്നിവ അറിയിക്കാമോ?

ഉത്തരം

(എ) സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡേഴ്സ് (എസ്.ആർ.സി.സി.ഡി.) എന്ന സർക്കാർ നിയന്ത്രണത്തിലുള്ള സ്വയംഭരണ സൊസൈറ്റിയുടെ കീഴിൽ ഐക്കോൺസിന് തിരുവനന്തപുരത്തും ഷൊർണ്ണൂരിലുമായി രണ്ട് സെന്ററുകളുണ്ട്. തിരുവനന്തപുരം സെന്റർ 1998-ൽ പ്രവർത്തനം തുടങ്ങി. ഷൊർണ്ണൂർ സെന്റർ 2000 മുതൽ പ്രവർത്തിച്ചുതുടങ്ങി. ഷൊർണ്ണൂർ സെന്ററിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ

ഭാഗമായി ഓട്ടിസം ബാധിച്ചവരും എന്നാൽ സംരക്ഷിക്കാൻ ആളില്ലാത്തവരുമായ കുട്ടികളെ പരിപാലിക്കുന്നതിനായി ഒരു കേന്ദ്രം തുടങ്ങുക എന്ന ആലോചനയുടെ ഭാഗമായി ഒരു അഡോളസന്റ് ഹോം തുറന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ കെട്ടിടങ്ങളുടെയും മറ്റും പണി പൂർത്തിയായെങ്കിലും ചുറ്റുമതിൽ നിർമ്മാണം ചില പ്രാദേശിക എതിർപ്പുകൾ മൂലം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായാൽ ഉടൻ കുട്ടികളെ പ്രവേശിപ്പിക്കുവാൻ സാധിക്കുന്നതാണ്.

(ബി) ഈ സ്ഥാപനം സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എസ്.ആർ.സി.സി.ഡി. എന്ന സ്വയംഭരണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ളതാണ്. ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും കേരള സർക്കാരിന്റെയും ഒരു സംയുക്ത സംരംഭമായിട്ടാണ് എസ്.ആർ.സി.സി.ഡി. തുടങ്ങിയത്. സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡിന് പുറമെ പ്രത്യേക പ്രോജക്ടുകൾക്ക് എൻ.ആർ.എച്ച്.എം. സോഷ്യൽ സെക്യൂരിറ്റി മിഷൻ തുടങ്ങിയ ഏജൻസികളുടെയും സഹായം ലഭിച്ചിട്ടുണ്ട്. ഈ സെന്ററിന്റെ ആരംഭദശയിൽ യു.എൻ.ഡി.പി., ടാറ്റാ ട്രസ്റ്റ് എന്നിവയിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്. കൂടാതെ ഗവേഷണ പ്രൊജക്ടുകൾക്ക് കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെയും സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി കൗൺസിലിന്റെയും ധനസഹായം ലഭിക്കുന്നുണ്ട്.

(സി) അഡോളസെന്റ് ഹോമിൽ 20 ആൺകുട്ടികൾക്കാണ് താമസ സൗകര്യം ഒരുക്കിയിട്ടുള്ളത്. താൽപ്പര്യമുള്ള മാതാപിതാക്കൾ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് അന്തേവാസികളെ തിരഞ്ഞെടുക്കുന്നത്. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും സംരക്ഷിക്കാൻ അച്ഛനോ അമ്മയോ ഒരാൾ മാത്രമുള്ളവർക്കും അല്ലെങ്കിൽ ആരും ഇല്ലാത്തവർക്കും മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

ഐക്കോൺസ് സ്ഥാപനങ്ങൾ എസ്.ആർ.സി.സി.ഡി. എന്ന സൊസൈറ്റിയുടെ കീഴിലാണ്. ഈ സൊസൈറ്റിയുടെ ഭരണപരമായ കാര്യങ്ങൾ നോക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ചെയർപേഴ്സനായിട്ടുള്ള ഒരു ഗവേണിംഗ് ബോഡിയും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിലുണ്ട്. ഗവേണിംഗ് ബോഡിയിൽ 20 അംഗങ്ങളും എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ 10 അംഗങ്ങളും നിലവിലുണ്ട്. സ്ഥാപനങ്ങളുടെ ദൈനംദിന ഭരണനിർവ്വഹണം നടത്തുന്നത് ഡയറക്ടറാണ്. ഗവേണിംഗ് ബോഡിയിലേയും എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയും അംഗങ്ങളുടെ പേരുവിവരം ഉൾക്കൊള്ളുന്ന

സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* ഗവേണിംഗ് ബോഡിയിൽ 14 എക്സ് ഒഫിഷ്യോ അംഗങ്ങളും 7-ൽ കൂടാത്ത നോമിനേറ്റഡ് നോൺ-എക്സ് ഒഫിഷ്യോ അംഗങ്ങളും ഉണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ 9 എക്സ് ഒഫിഷ്യോ അംഗങ്ങളും ഒരു നോമിനേറ്റഡ് നോൺ-എക്സ് ഒഫീഷ്യോ അംഗവുമുണ്ട്. എക്സ്-ഒഫീഷ്യോ അംഗങ്ങൾ ബന്ധപ്പെട്ട തസ്തികകളിൽ തുടരുന്നിടത്തോളം കാലം ജി.ബി./ഇ.സി. അംഗമായി തുടരുന്നതാണ്. നോൺ-എക്സ് ഒഫിഷ്യോ അംഗങ്ങളുടെ നിയമനകാലാവധി 3 വർഷമാണ്. കാലാവധി കഴിഞ്ഞ നോൺ-എക്സ് ഒഫിഷ്യോ അംഗങ്ങൾക്ക് പകരമായുള്ളവരെ നോമിനേറ്റ് ചെയ്യേണ്ടത് ഗവേണിംഗ് ബോഡിയിലെ എക്സ് ഒഫിഷ്യോ അംഗങ്ങളുടെ ഒരു യോഗമാണ്.

**ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ**

285 (2234) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും സാമൂഹ്യ നീതിക്കുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും സാമൂഹ്യനീതിക്കുമായി സാമൂഹ്യനീതി വകുപ്പു മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. വിദ്യാജ്യോതി പദ്ധതി
2. വിദ്യാകിരണം പദ്ധതി
3. വിദൂര വിദ്യാഭ്യാസത്തിനുള്ള ധനസഹായം
4. തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം
5. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
6. അംഗപരിമിതരുടെ വ്യക്തിഗത പരിപാലന പദ്ധതി
7. സ്വാശ്രയ പദ്ധതി
8. അസിസ്റ്റീവ് ഡിവൈസസ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>സർക്കാർ സാമ്പത്തിക സഹായം നൽകുന്ന സംഘടനകൾ</u>

1. Insight Project (SPACE)
2. District Psychiatric Rehabilitation Project (IMHANS)
3. യോഗ ക്ലാസ്
4. മൊബൈൽ മെന്റൽ ഹെൽത്ത് സെന്റർ
5. ഡേ കെയർ സെന്റേഴ്സ്.

ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും സാമൂഹ്യനീതിക്കുമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിൽ ഒരു പദ്ധതി 2017 ജൂൺ മാസം മുതൽ നടപ്പാക്കിവരുന്നു. അംഗപരിമിത മേഖലയിൽ ഏറ്റെടുക്കേണ്ട പ്രാഥമിക പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ സുസ്ഥിരമായ പുനരധിവാസം വരെയുള്ള " സമഗ്ര ജീവിത ചക്ര സമീപനമാണ്" അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്. അംഗപരിമിത മേഖലയിലെ അന്താരാഷ്ട്ര കാഴ്ചപ്പാടുകൾക്കും സമീപനങ്ങൾക്കും അനുസൃതമായും 2016-ലെ അംഗപരിമിതരുടെ അവകാശ നിയമത്തിനനുസൃതമായുമാണ് അനുയാത്ര നടപ്പാക്കുന്നത്.

അനുയാത്രയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും, റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകളും
3. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം
4. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
5. 'കാതോരം' പദ്ധതി
6. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ
7. ഹെൽപ്പ് ഡെസ്ക്
8. പ്രോജക്ട് ഓട്ടിസം
9. സ്പെഷ്യൽ അങ്കണവാടികൾ
10. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)

11. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം

12. കറക്ഷൻ സർജറികൾ

13. Student Initiative in Community Rehabilitation പദ്ധതി

14. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും

15. വ്യക്തിഗത പരിപാലന പദ്ധതി

16. അംഗപരിമിതർക്ക് തൊഴിൽ പരിശീലനത്തിനും സാങ്കേതിക സംവിധാനങ്ങൾക്കുമായി വിദഗ്ധ കേന്ദ്രം

17. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ - എം.പവർ

18. പരിക്കുകൾമൂലം ഉണ്ടാകുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ

19. അനുയാത്ര-വി കെയർ ഫിലിം ഫെസ്റ്റിവെൽ ഓൺ ഡിസെബിലിറ്റീസ്

20. പ്രോസ്റ്റെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും സാമൂഹ്യനീതിക്കുമായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. എൻ.എച്ച്.എഫ്.ഡി.സി. വായ്പ പദ്ധതി. ബി.പി.എൽ. വിഭാഗത്തിന് വായ്പാ സബ്സിഡി.

മരണപ്പെട്ട ഭിന്നശേഷിക്കാരായ 31 പേരുടെ വായ്പ പൂർണ്ണമായി എഴുതിത്തള്ളി ജാമ്യരേഖകൾ തിരിച്ചുനൽകി. കാലാവധി കഴിഞ്ഞിട്ടും വായ്പാകുടിശ്ശിക പൂർണ്ണമായും തിരിച്ചടയ്ക്കാത്ത 212 പേരുടെ പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി പലിശയിൽ ഇളവ് നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി. ഇതിനെല്ലാമായി 1834 കോടി രൂപ വികലാംഗക്ഷേമ കോർപ്പറേഷന് അനുവദിച്ചുനൽകി.

2. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)

3. ഭിന്നശേഷിക്കാർക്കുള്ള സഹായ സാമഗ്രികളുടെ സൗജന്യ വിതരണം.

4. മോട്ടോറൈസ്ഡ് അഡാപ്റ്റീവ് ഇരുചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി
5. ഭിന്നശേഷിക്കാർക്ക് മോട്ടോറൈസ്ഡ് വാഹനങ്ങളുടെ വിതരണം
6. വൈകല്യം ബാധിച്ച ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള സ്ഥിരനിക്ഷേപ പദ്ധതി
7. സമർത്ഥരായ ഭിന്നശേഷിക്കാർക്ക് അവാർഡ് വിതരണം
8. സ്വയംസഹായ സംഘങ്ങൾക്കുള്ള ധനസഹായം
9. വൃദ്ധസദനം, പാറശാല
10. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ്വെയർ സംവിധാനമുള്ള ലാപ്ടോപ് തുടങ്ങിയവയുടെ സൗജന്യ വിതരണം
11. എം.ആർ.എസ്.റ്റി. യൂണിറ്റിന്റെ നവീകരണം.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പരിരക്ഷാ പദ്ധതി - അടിയന്തിര സാഹചര്യം നേരിടേണ്ടിവരുന്ന അംഗപരിമിതർക്ക് സഹായം നൽകുന്നതിന് പരിരക്ഷ എന്നപദ്ധതി നടപ്പു സാമ്പത്തിക വർഷം മുതൽ നടപ്പാക്കുന്നു. അപകടങ്ങൾ, ആക്രമണങ്ങൾ, പ്രകൃതിദുരന്തങ്ങൾ എന്നിവയ്ക്കിരയാകുന്ന അംഗപരിമിതർക്ക് അടിയന്തരസഹായം നൽകുക, അലഞ്ഞുതിരിഞ്ഞു കാണുന്നവരെ ക്ഷേമ സ്ഥാപനങ്ങളിലെത്തിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കാണ് സഹായം നൽകുന്നത്. ടി ആവശ്യത്തിനായി ഒരു ജില്ലയ്ക്ക് പരമാവധി 5 ലക്ഷം രൂപ അനുവദിക്കാവുന്നതാണ്. എല്ലാ ജില്ലയ്ക്കും 1 ലക്ഷം രൂപ വീതം മുൻകൂറായി അനുവദിച്ചിട്ടുണ്ട്.
2. Stephen Hawkins Centre for Excellence (SHCE) - കലാകായിക, ബൗദ്ധിക മേഖലകളിൽ മികവ് തെളിയിച്ചിട്ടുള്ള അംഗപരിമിതരായ കുട്ടികൾക്ക് എല്ലാ സൗകര്യങ്ങളും നൽകി അവരുടെ മികവ് തെളിയിക്കുന്ന രീതിയിൽ പഠന സാദ്ധ്യതകൾ ഉറപ്പുവരുത്തുന്നതിനായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

Stephen Hawkins Centre for Excellence NISH/NIPMR-ന്റെ അടിസ്ഥാന സൗകര്യങ്ങളുപയോഗിച്ച് പ്രവർത്തനമാരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

3. പുനർജ്ജനി പദ്ധതി - അട്ടപ്പാടി ബ്ലോക്കിലെ മാനസിക രോഗബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി പുനർജ്ജനി എന്ന പേരിൽ ക്ഷേമ സ്ഥാപനം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന ടി പ്രോജക്ട് സർക്കാർ പരിശോധിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലെ കാരുണ്യാശ്രമം എന്ന സ്ഥാപനം നവീകരിച്ചാണ് ടി പ്രോജക്ട് നടപ്പാക്കുന്നത്. പാലക്കാട് നിർമ്മിതി കേന്ദ്രം മുഖേന കെട്ടിട നവീകരണ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

4. Rights of Persons with Disabilities Act, 2016-ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അംഗപരിമിതരുടെ അവകാശ സംരക്ഷണത്തിനായി സംസ്ഥാനതല ചട്ടങ്ങളുടെ കരട് പരിശോധിച്ചുവരുന്നു.

5. കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന 2016-ലെ RPWD ആക്ടിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള അംഗപരിമിതികളായ പാർക്കിൻസൺസ് രോഗം പോലെയുള്ള ക്രോണിക് ന്യൂറോളജിക്കൽ ഡിസോർഡറുകൾ, താലസ്സീമിയ, ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ, രക്തസംബന്ധമായ ഡിസോർഡറുകൾ തുടങ്ങിയ ഭിന്നശേഷി വിഭാഗത്തിന്റെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

6. തൊഴിൽ മേളയും വിതരണക്കാർക്ക് അവരുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാൻ സഹായിക്കുന്ന തരത്തിലും ക്രെഡിറ്റ് അടിസ്ഥാനത്തിലും ഗുണഭോക്താക്കൾക്ക് അവരുടെ ഇഷ്ടാനുസരണമുള്ള ഏതെങ്കിലും ബ്രാൻഡ് തെരഞ്ഞെടുക്കാവുന്ന തരത്തിലും എന്നാൽ വിപണിയെക്കാൾ കുറഞ്ഞ വിലയിലും നൽകുന്നതിനായി അസിസ്റ്റീവ് ഉപകരണങ്ങളുടെ ഷോറൂമുകൾ സ്ഥാപിക്കുക എന്നിവയുമാണ് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി 2018-19-ൽ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

**വയോജന നയം**

286 (2235) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യത്തിന്റെ നാളുകളിൽ മക്കളാലും ബന്ധുക്കളാലും ഉപേക്ഷിക്കപ്പെടുന്നവരുടെ എണ്ണം കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ചികിത്സയ്ക്കുമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വൃദ്ധരെ സംരക്ഷിക്കുന്നതിനായി താലൂക്ക് കേന്ദ്രീകരിച്ച് വൃദ്ധസദനങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാന സർക്കാർ വയോജന നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വാർദ്ധക്യത്തിൽ മക്കളാലും ബന്ധുക്കളാലും ഉപേക്ഷിക്കപ്പെടുന്നവരുടെ എണ്ണം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ബി) തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ 16 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ പ്രവേശിക്കപ്പെടുന്ന വൃദ്ധജനങ്ങൾക്ക് ചികിത്സ, ആഹാരം, വസ്ത്രം തുടങ്ങിയവ നൽകി സംരക്ഷിച്ചുപോരുന്നു. തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധജനങ്ങളുടേയും മറ്റാരുടേയും സഹായം ലഭിക്കാതെയും സംരക്ഷിക്കപ്പെടാതെയും ഉള്ള വൃദ്ധജനങ്ങളുടെയും അപേക്ഷ ലഭ്യമാകുന്ന പക്ഷം അന്വേഷണങ്ങൾക്കും അർഹതയ്ക്കും വിധേയമായി അവർക്ക് വൃദ്ധസദനങ്ങളിൽ പ്രവേശനം നൽകി വരുന്നു. ഇതുകൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ 617 വൃദ്ധ സദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഒരു അന്തേവാസിക്ക് 1000 രൂപ ക്രമത്തിൽ സംസ്ഥാന സർക്കാർ സഹായവും നൽകുന്നുണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

(ഡി) മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള സംസ്ഥാന നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. 60 വയസ്സിനുമേൽ പ്രായമുള്ള എല്ലാവരുടെയും താൽപ്പര്യ സംരക്ഷണം സമൂഹത്തിന്റെ ചുമതലയായി അംഗീകരിക്കുന്നതോടൊപ്പം മുതിർന്ന

പൗരന്മാരുടെ ക്ഷേമത്തിനുവേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതി രൂപീകരിക്കുന്നതിനുള്ള മാർഗ്ഗ രേഖയായും പ്രസ്തുത നയം വർത്തിക്കുന്നു.

**കൊല്ലം മണ്ഡലത്തിലെ സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ**

287 (2236) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡലത്തിൽ സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള വൃദ്ധസദനങ്ങൾ, മഹിളാ മന്ദിരങ്ങൾ, ബാല മന്ദിരങ്ങൾ, ആഫ്റ്റർ കെയർഹോമുകൾ എന്നിവ ഏതൊക്കെയാണ്; ഇവിടെ കഴിഞ്ഞുവരുന്ന അന്തേവാസികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തസ്തികകളും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിവരങ്ങളും വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

| സ്ഥാപനം | അന്തേവാസികളുടെ എണ്ണം |
|---|---|
| ഗവ. വൃദ്ധസദനം, ഇഞ്ചവിള | 76 |
| മഹിളാമന്ദിരം, കരിക്കോട് | 18 |
| ആഫ്റ്റർ കെയർ ഹോം, ഇഞ്ചവിള | 76 |
| ചിൽഡ്രൻസ് ഹോം, ബീച്ച് റോഡ്, കൊല്ലം | 75 |
| ഒബ്സർവേഷൻ ഹോം, ബീച്ച് റോഡ്, കൊല്ലം | 0 |

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തസ്തികകളും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു.

**വനിതാ ശിശുവികസന വകുപ്പിന്റെ ചുമതലകൾ**

288 (2237) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച വനിതാ ശിശുവികസന വകുപ്പിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ വകുപ്പിലേക്കുള്ള ഉദ്യോഗസ്ഥരുടെ നിയമനം പൂർണ്ണമായിട്ടുണ്ടോ;

(സി) വകുപ്പുമായി ബന്ധപ്പെട്ട അധികാരങ്ങൾ, ചുമതലകൾ എന്നിവ വ്യക്തമായി നിർവ്വചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികാസത്തിനുമായി സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് പുതിയതായി രൂപീകരിച്ച വനിതാ ശിശു വികസന വകുപ്പിൽ ഐ.എ.എസ്. കേഡറിലുള്ള ഉദ്യോഗസ്ഥയെ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ തസ്തികയിൽ സർക്കാർ നിയമിച്ചിട്ടുണ്ട്. ടി വകുപ്പിന്റെ ആസ്ഥാനമായി പൂജപ്പുരയിലെ സാമൂഹ്യനീതി വകുപ്പിന്റെ അനക്സ് 21-1-2018-ലെ സ.ഉ.(സാധാ)നമ്പർ 26/2018/സാനീവ. പ്രകാരം നിർണ്ണയിച്ചതിനെ തുടർന്ന് വനിതാ ശിശു വികസന ഡയറക്ടറേറ്റ് പൂജപ്പുരയിൽ പ്രവർത്തിച്ചുവരുന്നു.

(ബി) വനിതാ ശിശുവികസന വകുപ്പിൽ പുതുതായി സൃഷ്ടിച്ച അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, ലോ ഓഫീസർ എന്നീ തസ്തികകളിൽ ഉദ്യോഗസ്ഥർക്ക് നിയമനം നൽകിയിട്ടുണ്ട്. മറ്റ് തസ്തികകളിലെ ഉദ്യോഗസ്ഥരുടെ നിയമനം പൂർത്തിയായിട്ടില്ല. എന്നാൽ ടി വകുപ്പിന്റെ ഡയറക്ടറേറ്റ്തല പ്രവർത്തനത്തിനായി ജീവനക്കാരെ താൽക്കാലികമായി സാമൂഹ്യനീതി ഡയറക്ടറേറ്റിൽനിന്നും വനിതാ ശിശു വികസന ഡയറക്ടറേറ്റിലേയ്ക്ക് പുനർവിന്യസിച്ചിട്ടുണ്ട്.

(സി) വനിതാ ശിശു വികസന വകുപ്പിന്റെ ചുമതല നിർണ്ണയിച്ച് 21-1-2018-ലെ സ.ഉ.(സാധാ)നമ്പർ 26/2018/സാനീവ പ്രകാരം ഉത്തരവായിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം, പരിചരണം, ക്ഷേമം, വികസനം, പുനരധിവാസം, ശാക്തീകരണം തുടങ്ങിയ വിഷയങ്ങളാണ് ടി ഉത്തരവ് പ്രകാരം വനിതാ ശിശു വികസന വകുപ്പിന് കൈമാറിയിട്ടുള്ളത്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന ചുമതലകൾ ടി വകുപ്പ് നിർവ്വഹിച്ചുവരുന്നു:

- വനിതാ ശിശു വികസന വകുപ്പുമായി ബന്ധപ്പെട്ട പോളിസികൾ, നിയമങ്ങൾ എന്നിവയുടെ നടത്തിപ്പ്
- ആയതുമായി ബന്ധപ്പെട്ട വിവിധ ക്ഷേമ പദ്ധതികൾ
- ജെന്റർ ബഡ്ജറ്റിംഗ്
- ജാഗ്രത സമിതി

- വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി ഏജൻസികൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ
- കേന്ദ്ര ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതികളുടെ അപേക്ഷ സ്വീകരിക്കലും ശിപാർശ ചെയ്യലും
- വനിതകൾക്കും കുട്ടികൾക്കുമുള്ള ക്ഷേമ സ്ഥാപനങ്ങൾ
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുടെ നിർവ്വഹണത്തിൽ സഹായിക്കുക
- വിവിധ കമ്മീഷനുകളുടെ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ
- സംസ്ഥാന – ദേശീയ അവാർഡുകൾ
- നിർഭയ പദ്ധതി
- ജുവനൈൽ ആഫ്റ്റർ കെയർ.

ഇവ കൂടാതെ സാമൂഹ്യനീതി വകുപ്പിൽനിന്നും 36 ക്ഷേമസ്ഥാപനങ്ങൾ വനിതാ ശിശു വികസന വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്. സാമൂഹ്യനീതി ഡയറക്ടർ നിയമനാധികാരിയായിരുന്ന പ്രോഗ്രാം ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ, വനിതാ പ്രൊട്ടക്ഷൻ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, കെയർടേക്കർ എന്നീ അഞ്ച് തസ്തികകളുടെ നിയമനാധികാരിയായി .23-3-2018-ലെ സ.ഉ.(സാധാ)നമ്പർ 175/2018/സാനീവ പ്രകാരം വനിതാ ശിശുവികസന ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**റേഷൻ കാർഡ് ഉടമകൾ വാങ്ങാതെ വന്ന ഭക്ഷ്യധാന്യങ്ങളുടെ കണക്ക്**

289 (2238) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം ആരംഭിച്ചതിന് ശേഷം റേഷൻ കാർഡ് ഉടമകൾ വാങ്ങാതെ വന്ന ഭക്ഷ്യധാന്യങ്ങളുടെ കണക്കിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ടൺ;

(ബി) ഉണ്ടെങ്കിൽ എ.എ.വൈ, മുൻഗണനാവിഭാഗം, സബ്സിഡി വിഭാഗം, മുൻഗണനേതരവിഭാഗം എന്നീ വിഭാഗങ്ങൾ റേഷൻ വാങ്ങാതെ മിച്ചം വന്ന ഇതേ വരെയുള്ള ഭക്ഷ്യധാന്യങ്ങളുടെ അളവ് പ്രത്യേകം വ്യക്തമാക്കുമോ;

(സി) ഇത്രയും ഭക്ഷ്യധാന്യങ്ങൾ മുൻഗണനേതര വിഭാഗത്തിന് നൽകിക്കൊണ്ടിരിക്കുന്ന അളവിൽക്കൂടി നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2018 മേയ് മാസം മുതലാണ് സംസ്ഥാന വ്യാപകമായി ഇ-പോസ് മുഖേനയുള്ള റേഷൻ വിതരണം ആരംഭിച്ചത്. വാതിൽപ്പടി വിതരണത്തിലെ കാലതാമസം മുഖാന്തരം 2018 മേയ് മാസത്തെ റേഷൻ വിതരണം 6-6-2018 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുള്ളതിനാൽ ഇതു സംബന്ധിച്ചുള്ള കണക്കുകൾ നിലവിൽ ലഭ്യമായിട്ടില്ല.

(സി) ടൈഡ് ഓവർ വിഹിതത്തിൽ അധികം വന്നാൽ മാത്രമേ ആയതിനുള്ള വിഹിതം വർദ്ധിപ്പിച്ചു നൽകുവാൻ കഴിയുകയുള്ളൂ. ഇതിനായി സർവ്വകക്ഷി സംഘം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കണ്ട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്.

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുവാൻ നടപടി**

290 (2239) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം തടയുവാൻ സർക്കാർ നടത്തുന്ന ഇടപെടൽ ഫലപ്രദമാകാത്തത് മൂലം നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയർന്ന് ജനജീവിതം ദുസ്സഹമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ദിനംപ്രതി കുത്തനെ കൂട്ടുന്ന കേന്ദ്രനയവും അതുവഴി സംസ്ഥാനത്തിന് ലഭിക്കുന്ന അധികവില്പന നികുതി സംസ്ഥാന സർക്കാർ ഉപേക്ഷിക്കാത്തതും വിലവർദ്ധനയ്ക്ക് കാരണമായതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തെറ്റായ നയംമൂലമുള്ള രൂക്ഷമായ വിലക്കയറ്റത്താൽ കഷ്ടത അനുഭവിക്കുന്ന സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അത് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. സപ്ലൈകോ നടത്തുന്ന വിപണി ഇടപെടൽ പ്രവർത്തനങ്ങൾവഴി വില നിയന്ത്രണം സാധ്യമാവുകയും നിത്യോപയോഗ സാധനങ്ങൾ പൊതുജനങ്ങൾക്ക് ന്യായമായ വിലയിൽ ലഭ്യമാവുകയും ചെയ്തുവരുന്നു.

(സി) പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിനായി വിപണി ഇടപെടൽ സംവിധാനംവഴി 14 ഇനം അവശ്യസാധനങ്ങൾ പൊതുവിപണി

വിലയേക്കാൾ 20 മുതൽ 60 ശതമാനം വരെ വിലക്കുറവിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. 14 ഇനം സബ്സിഡി സാധനങ്ങളുടെ വില കഴിഞ്ഞ 2 വർഷക്കാലമായി വർദ്ധിപ്പിച്ചിട്ടില്ല.

## നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ

291 (2240) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചു കയറുന്ന സാഹചര്യത്തിൽ വിലനിയന്ത്രണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സപ്ലൈകോ, ലാഭം മാർക്കറ്റ് എന്നിവ വഴി എന്തൊക്കെ ഭക്ഷ്യോത്പന്നങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത്; ഓരോന്നും പൊതു വിപണിയേക്കാൾ എത്ര രൂപ വിലകുറച്ചാണ് വിൽപ്പന നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സബ്സിഡി ഉൽപ്പന്നങ്ങൾ എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് വിൽപ്പന നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സബ്സിഡി നിരക്കിൽ 14 ഇനം അവശ്യസാധനങ്ങൾ ശരാശരി 20 മുതൽ 60 ശതമാനം വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റ് ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി ഉത്പന്നങ്ങൾ എന്നിവയും പൊതു വിപണിയിലേതിനേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തുന്നു. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ സീസണുകളിൽ പ്രത്യേക ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നു.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഒരു കുടുംബത്തിന് ഓരോ മാസവും ലഭിക്കുവാൻ അർഹതയുള്ള സബ്സിഡി സാധനങ്ങളുടെ അളവ് നിശ്ചയിച്ചിട്ടുണ്ട്. അളവ് നിയന്ത്രണം പാലിക്കുന്നതിനായി, സബ്സിഡി സാധനങ്ങൾ വാങ്ങുന്നതിന് ഉപഭോക്താവ് സ്വന്തം റേഷൻ കാർഡ് ഹാജരാക്കണമെന്ന് മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ട്.

**സമ്പൂർണ്ണ ഇ-റേഷൻ സംവിധാനത്തിലേയ്ക്ക് മാറിയ സംസ്ഥാനം**

292 (2241) ശ്രീ. ഇ. പി.ജയരാജൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സമ്പൂർണ്ണ ഇ-റേഷൻ സംവിധാനത്തിലേക്ക് മാറിയ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇതുവഴി ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(ബി) ചിലയിടങ്ങളിലെങ്കിലും സാങ്കേതിക കാരണങ്ങളാൽ ഇ-പോസ് യന്ത്രങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാർ മതിയായ അളവിൽ റേഷൻ വിഹിതം അനുവദിക്കാതെ പൊതുവിതരണ ശൃംഖലയെ ദുർബലപ്പെടുത്തിയതുകൊണ്ടും ഇന്ധന വില നിയന്ത്രണംനീക്കി എണ്ണ കമ്പനികൾക്ക് ഇഷ്ടം പോലെ വില വർദ്ധിപ്പിക്കാൻ കേന്ദ്രം അനുമതി നൽകിയതുകൊണ്ടും ഉണ്ടായ വില വർദ്ധന നേരിടുവാൻ ഏതു വിധത്തിൽ ഇടപെടാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ഡി) പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നെറ്റ്‌വർക്ക് കണക്ഷനില്ലാത്ത റേഷൻ കടകൾ ഒഴികെ സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. ഇ-പോസ് മെഷീനിൽ ആധാർ ഓതന്റിക്കേഷൻ മുഖേനയോ റേഷൻ കാർഡ് ഡാറ്റാ ബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേയ്ക്ക് ലഭിക്കുന്ന വൺ ടൈം പാസ്‌വേർഡ് മുഖേനയോ, ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണ് റേഷൻ സാധനങ്ങൾ ലഭിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ സാധിക്കും. ഉപഭോക്താവിന് തന്മാസം ലഭിക്കാനുള്ള റേഷൻ സാധനങ്ങളുടെ വിഹിതം, തന്മാസം കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വിവരം, ഇനി അവശേഷിക്കുന്നത്, വില തുടങ്ങിയവ ഇ-പോസ് മെഷീനിൽ പ്രദർശിപ്പിക്കും. കൂടാതെ ശബ്ദരൂപത്തിലും വിവരങ്ങൾ അറിയാൻ

സാധിക്കും. ബിൽ പ്രിന്റ് ചെയ്ത് ലഭിക്കും. ഇ-പോസ് മുഖേന റേഷൻ വിതരണം നടത്തി തുടങ്ങിയ ശേഷം ഓരോ ട്രാൻസാക്ഷനും epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കും. പോർട്ടബിലിറ്റി സംവിധാനം മുഖേന ഏതു റേഷൻ കടയിൽ നിന്നു വേണമെങ്കിലും റേഷൻ വാങ്ങാവുന്നതാണ്.

(ബി) നെറ്റ്‌വർക്ക് കണക്ഷനില്ലാത്ത 42 റേഷൻ കടകൾ ഒഴികെ സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും 2018 മേയ് മാസം മുതൽ ഇ-പോസ് മെഷീൻ മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. ഒരു മൊബൈൽ കണക്ടിവിറ്റിയും ലഭ്യമല്ലാത്ത ഇടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള സ്ഥലങ്ങളിൽ ബ്രോഡ് ബാൻഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇ-പോസ് മെഷീനുകൾക്ക് സാങ്കേതിക തകരാറുകൾ വരികയാണെങ്കിൽ അടിയന്തരമായി പ്രശ്നം പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ സർവ്വീസ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേടുവന്ന മെഷീനുകൾ മാറ്റി അടിയന്തരമായി പകരം മെഷീൻ സ്ഥാപിക്കുന്നതിനും സംവിധാനമുണ്ട്.

(സി) കേന്ദ്ര സർക്കാർ മതിയായ അളവിൽ റേഷൻ വിഹിതം അനുവദിക്കാതെ പൊതുവിതരണ ശൃംഖലയെ ദുർബലപ്പെടുത്തിയത്, ഇന്ധനവില നിയന്ത്രണം നീക്കി എണ്ണ കമ്പനികൾക്ക് ഇഷ്ടംപോലെ വില വർദ്ധിപ്പിക്കാൻ കേന്ദ്രം അനുമതി നൽകിയത് എന്നീ നയങ്ങൾ ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വിപണി ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കിയതിനാലും സപ്ലൈകോയുടെ 1550 അധികം ഔട്ട്‌ലെറ്റുകൾ മുഖേന വെളിച്ചെണ്ണ ഉൾപ്പെടെയുള്ള 14 നിത്യോപയോഗ സാധനങ്ങൾ 35 ശതമാനം വരെ സബ്സിഡിയിൽ നൽകുന്നതിനാലും അവശ്യ സാധനങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല.

(ഡി) 15-5-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 10/17/ഭ.പൊ.വി.വ പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടറെ കൺവീനറായി സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പ്രൈസ് മോണിറ്ററിംഗ് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രതിമാസം പ്രൈസ് മോണിറ്ററിംഗ് സെൽ യോഗം കൺവീനറുടെ അദ്ധ്യക്ഷതയിൽ കൂടുന്നുണ്ട്. 6-12-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 33/17/ഭ.പൊ.വി.വ. പ്രകാരം പ്രൈസ് മോണിറ്ററിംഗ് സെൽ മെച്ചപ്പെടുത്തുന്നതിനായി ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറിയെ ചെയർമാനായും സിവിൽ സപ്ലൈസ് ഡയറക്ടറെ കൺവീനറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. 13-7-2017, 9-8-2017, 27-9-2017, 28-10-2017, 16-1-2018 എന്നീ തീയതികളിൽ യോഗം ചേരുകയും അവശ്യസാധനങ്ങളുടെ

പൊതുവിപണിയിലെ വിലനിലവാരം നിരീക്ഷിക്കുകയും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് (കേരഫെഡ്, ഹോർട്ടികോർപ്പ്) നിർദ്ദേശം നൽകിയിട്ടുമുണ്ട്. വെളിച്ചെണ്ണയുടെ വില നിയന്ത്രിക്കുന്നതിന് ആയതിന്റെ സ്റ്റോക്ക് ലിമിറ്റ് നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പൊതുവിപണിയിലെ ഭക്ഷ്യസാധനങ്ങളുടെ വില മുൻ വർഷത്തെ വിലയുമായി താരതമ്യം ചെയ്ത്, വിലക്കയറ്റം തടയുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുക, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന് ഉപദേശം നൽകുക തുടങ്ങിയവയാണ് പ്രൈസ് മോണിറ്ററിംഗ് സെൽ ചെയ്തുവരുന്നത്.

**വിശപ്പ് രഹിത പദ്ധതി**

293 (2242) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പോസ് മെഷീൻ നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തെ റേഷൻ കടകളിൽ മിച്ചം വരുന്ന അരി വിശപ്പ് രഹിത പദ്ധതിക്ക് നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിനായി ഏതെങ്കിലും സർക്കാരിതര സംഘടനകളെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) 2018-19 -ലെ ബജറ്റിൽ വിശപ്പ് രഹിത പദ്ധതിക്ക് എന്ത് തുകയാണ് നീക്കി വച്ചിട്ടുള്ളത്; സർക്കാരിതര സംഘടനകൾക്ക് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എന്ത് തുകയാണ് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ആലപ്പുഴ ജില്ലയിൽ വിശപ്പ് രഹിത കേരളം പദ്ധതിക്ക് അടുക്കള സംവിധാനം സ്വന്തമായി ഉണ്ടാകുന്നതുവരെ ആഹാരം പാചകം ചെയ്തു നൽകുന്നതിന് സ്നേഹജാലകം എന്ന സന്നദ്ധ സംഘടനയെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ കിടപ്പ് രോഗികളായവരുടെ വീടുകളിൽ ആഹാരം എത്തിച്ച് നൽകുന്നതിന് അത്താഴക്കൂട്ടം, സ്നേഹപൂർവ്വം എന്നീ സന്നദ്ധ സംഘടനകളേയും തെരഞ്ഞെടുത്തിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വാർഡുകളിൽ വാർഡ് കൗൺസിലർമാരുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി) 14 കോടി രൂപ നടപ്പു വർഷത്തെ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

**റേഷൻ കാർഡിലെ കൂട്ടിച്ചേർക്കലും ഒഴിവാക്കലും**

294 (2243) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് , നിലവിലുള്ള കാർഡിൽ കൂട്ടിചേർക്കൽ, ഒഴിവാക്കൽ എന്നിവ സാധ്യമാകാത്തതിനാൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. നിലവിൽ റേഷൻ കാർഡ് ലഭ്യമല്ലാത്തവർക്കും റേഷൻ കാർഡ് പുതുക്കലിൽ ഫോട്ടോ എടുത്ത് പുതുക്കാൻ കഴിയാത്തവർക്കും റേഷൻ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലുള്ള റേഷൻകാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക, നിലവിലുള്ള ആളുകളെ ഒഴിവാക്കുക, മറ്റൊരു താലൂക്കിലേയ്ക്ക് റേഷൻ കാർഡ് മാറ്റുക തുടങ്ങിയ വിഷയങ്ങൾ പരിഗണിക്കുന്നതാണ്.

**ബി.പി.എൽ. ലിസ്റ്റിലേയ്ക്ക് മാറ്റുന്നതിനുള്ള അപേക്ഷ**

295 (2244) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. സി. /എസ്. ടി. വിഭാഗത്തിൽപ്പെട്ട നിർധനരെ എ.പി .എൽ. ലിസ്റ്റിൽ നിന്നും ബി. പി. എൽ. ലിസ്റ്റിലേക്ക് മാറ്റുന്നതിന് അപേക്ഷ നൽകിയിട്ടും ബി. പി .എൽ .-ലേക്ക് മാറ്റി നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കിടപ്പു രോഗികളെയും കാൻസർ രോഗികളെയും ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ബി.പി.എൽ./എ.പി.എൽ. പട്ടികയ്ക്ക് പകരമായി മുൻഗണനാ മുൻഗണനേതര പട്ടികയാണ് നിലവിലുള്ളത്. അന്തിമ മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹരെ ഒഴിവാക്കി അർഹരെ പട്ടികയിൽ ഉൾപ്പെടുത്തി റേഷൻ കാർഡിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ

അന്തിമഘട്ടത്തിലാണ്. പ്രസ്തുത നടപടിയിലൂടെ കാർഡുടമയ്ക്ക് പരിശോധനയിലൂടെ ലഭ്യമായ മാർക്കിന്റെയും മുൻഗണനാ പട്ടികയിലുണ്ടാകുന്ന ഒഴിവുകളുടേയും അടിസ്ഥാനത്തിൽ അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തി വരുന്നു. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണത്തിന്റെ ഭാഗമായി നിലവിൽ അനർഹരാണെന്ന് കണ്ടെത്തിയ 209749 പേരെ പട്ടികയിൽ നിന്ന് ഒഴിവാക്കി പ്രസ്തുത ഒഴിവുകളിലേയ്ക്ക് അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാണ്. അർഹരായ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട എല്ലാപേരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് നിലവിലുള്ള മുൻഗണനാ പട്ടികയിൽ ഏറ്റവും അർഹരായവരെ ഉൾപ്പെടുത്തുന്നതിനായി പരിഷ്കരിച്ച മാനദണ്ഡം സംബന്ധിച്ച 18-9-2017-ലെ സ.ഉ.(സാധാ) നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം ഗുരുതരമായ ശാരീരിക മാനസിക വൈകല്യങ്ങൾ ബാധിച്ചവരേയും ക്യാൻസർ ഉൾപ്പെടെയുള്ള ഗുരുതര രോഗങ്ങൾ ബാധിച്ചവരെയും മറ്റ് ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**പുതിയ റേഷൻ കാർഡുകൾ**

296 (2245) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇതിൻപ്രകാരം എത്ര കാർഡുകളാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പുതിയ റേഷൻ കാർഡുകൾ വിതരണം തുടർന്നുവരുന്നു. വിവിധ ജില്ലകളിലായി 76000-ൽ അധികം അപേക്ഷകൾ പുതിയ റേഷൻ കാർഡിന് വേണ്ടി ലഭ്യമായിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് കാർഡുകൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങൾക്ക് റേഷൻ കാർഡ്**

297 (2246) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങൾക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള തീരുമാനം സർക്കാർ എടുത്തിട്ടുണ്ടോ;

(ബി) റേഷൻ കാർഡ് ലഭിക്കാത്തതിനാൽ പല സർക്കാർ ആനുകൂല്യങ്ങളും ആളുകൾക്ക് ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതിയ റേഷൻ കാർഡ് എപ്പോൾ കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി താൽക്കാലിക റേഷൻ കാർഡുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ ഒരു റേഷൻ കാർഡിലും ഉൾപ്പെടാത്തവർക്കും പഴയ റേഷൻ കാർഡ് ഫോട്ടോ എടുത്ത് പുതുക്കാത്തവർക്കും പുതിയ റേഷൻ കാർഡ് നൽകുവാനുള്ള അപേക്ഷ സ്വീകരിച്ചുവരുന്നു. കൂടാതെ മുൻഗണനാ ശുദ്ധീകരണത്തിന്റെ ഭാഗമായി അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന പ്രക്രിയ നടന്നുവരുന്നു. ആയത് തീരുന്ന മുറയ്ക്ക് പുതിയ റേഷൻ കാർഡുകൾ നൽകുന്നതാണ്.

**കോതമംഗലം താലൂക്കിലെ ബി.പി.എൽ. കാർഡുകൾ**

298 (2247) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. വിഭാഗത്തിൽ അർഹതയുള്ളവരെ ഒഴിവാക്കിയതിനെതിരെ സ്വീകരിച്ച അപേക്ഷകളിന്മേലുള്ള നടപടികൾ പൂർത്തിയാക്കി പുതിയ ബി.പി.എൽ. കാർഡുകൾ അനുവദിക്കുന്ന കാര്യം സജീവ പരിഗണനയിലാണോ;

(ബി) ആക്ഷേപങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് അർഹതയുള്ളവർക്ക് എന്നുമുതൽ പുതിയ കാർഡുകൾ നല്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) കോതമംഗലം താലൂക്കിൽ നിന്നും ഇത്തരം അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച എത്ര അപേക്ഷകളാണ് ലഭിച്ചത്; അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അന്തിമ മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹരെ ഒഴിവാക്കി അർഹരെ പട്ടികയിൽ ഉൾപ്പെടുത്തി റേഷൻകാർഡിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നിലവിൽ റേഷൻ കാർഡ് ലഭ്യമല്ലാത്തവർക്കും റേഷൻ കാർഡ് പുതുക്കലിൽ ഫോട്ടോ എടുത്ത് പുതുക്കാൻ കഴിയാത്തവർക്കും റേഷൻ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലുള്ള റേഷൻ കാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക,

നിലവിലുള്ള ആളുകളെ ഒഴിവാക്കുക, മറ്റൊരു താലൂക്കിലേയ്ക്ക് റേഷൻ കാർഡ് മാറ്റുക തുടങ്ങിയ വിഷയങ്ങൾ പരിഗണിക്കുന്നതാണ്.

(സി) കോതമംഗലം താലൂക്കിൽനിന്നും ഇത്തരം അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച 3192 അപേക്ഷകളാണ് ലഭിച്ചത്. അപേക്ഷകളിൽ അദാലത്തുകൾ നടത്തി 2467 പേരെ മുൻഗണനാ വിഭാഗത്തിലും 41 പേരെ എ.എ.വൈ. വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

**മാവേലിക്കര താലൂക്ക് സപ്ലൈ ഓഫീസിലെ പുതിയ റേഷൻ കാർഡുകൾ**

299 (2248) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്ക് സപ്ലൈ ഓഫീസിൽനിന്നും എത്ര പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്; പഞ്ചായത്തുകൾ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) പുതിയ റേഷൻ കാർഡുകളിലെ ബി.പി.എൽ./എ.പി.എൽ. സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഈ അപേക്ഷകളിൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(സി) പുതിയ റേഷൻ കാർഡുകൾക്കുള്ള അപേക്ഷകളും മേൽവിലാസം തിരുത്തുന്നതിനുള്ള അപേക്ഷകളും സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര താലൂക്ക് സപ്ലൈ ഓഫീസിൽനിന്നും 90380 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തുകൾ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| മാവേലിക്കര മുനിസിപ്പാലിറ്റി | - | 6253 |
| ചെന്നിത്തല പഞ്ചായത്ത് | - | 8681 |
| തഴക്കര പഞ്ചായത്ത് | - | 8002 |
| ചുനക്കര പഞ്ചായത്ത് | - | 7607 |
| നൂറനാട് പഞ്ചായത്ത് | - | 8119 |
| പാലമേൽ പഞ്ചായത്ത് | - | 8372 |

| | | |
|---|---|---|
| താമരക്കുളം പഞ്ചായത്ത് | - | 6844 |
| ചെട്ടിക്കുളങ്ങര പഞ്ചായത്ത് | - | 9145 |
| തെക്കേക്കര പഞ്ചായത്ത് | - | 9518 |
| വള്ളിക്കുന്നം പഞ്ചായത്ത് | - | 8861 |
| ഭരണിക്കാവ് പഞ്ചായത്ത് | - | 8978 |

(ബി) നിലവിൽ ബി.പി.എൽ./എ.പി.എൽ. പട്ടികയ്ക്ക് പകരം മുൻഗണനാ/മുൻഗണനേതര പട്ടികയാണ് നിലവിലുള്ളത്. മുൻഗണനാ പട്ടിക സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് 12063 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും 5129 പേരെ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിൽ റേഷൻ കാർഡ് എ.എ.വൈ./ പി.എച്ച്.എച്ച്.ലേയ്ക്ക് മാറ്റി നൽകിയത് 2141 എണ്ണമാണ്. ബാക്കിയുള്ളവരെ ഒഴിവുകൾ വരുന്ന മുറയ്ക്ക് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നിലവിൽ റേഷൻ കാർഡ് ഇല്ലാത്തവരിൽനിന്നും റേഷൻ കാർഡ് പുതുക്കാൻ കഴിയാത്തവരിൽ നിന്നുമായി 1340 അപേക്ഷകൾ മാവേലിക്കര താലൂക്കിൽ ലഭിച്ചിട്ടുണ്ട്. അതിൽ 5-6-2018-ൽ 100 കാർഡുകൾ വിതരണം നടത്തിയിട്ടുണ്ട്. മേൽവിലാസം തിരുത്തുന്നതിനുള്ള അപേക്ഷകൾ ഉടൻ സ്വീകരിക്കുന്നതാണ്.

## കാട്ടാക്കട മണ്ഡലത്തിലെ റേഷൻ കാർഡുകൾ

300 (2249) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി ആകെ റേഷൻ കാർഡിന്റെ എണ്ണം എത്രയാണെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) മഞ്ഞ, പിങ്ക്, നീല, വെള്ള എന്നീ നിറത്തിലുള്ള കാർഡുകളുടെ നിലവിലുള്ള എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

### ഉത്തരം

(എ) കാട്ടാക്കട മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി ആകെ റേഷൻ കാർഡിന്റെ എണ്ണം 62489 ആണ്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| വിളപ്പിൽ | - | 9437 |
| വിളവൂർക്കൽ | - | 9018 |
| മലയിൻകീഴ് | - | 10009 |
| മാറനല്ലൂർ | - | 12212 |
| കാട്ടാക്കട | - | 10293 |
| പള്ളിച്ചൽ | - | 11520 |

(ബി) മഞ്ഞ, പിങ്ക്, നീല, വെള്ള എന്നീ നിറത്തിലുള്ള കാർഡുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

**ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം കുറ്റമറ്റതാക്കാൻ നടപടി**

301 (2250) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റേഷൻ കടകളിൽ ഇ-പോസ് മെഷീൻ ലഭ്യമാക്കി അരിവിതരണം നടത്തുന്നുണ്ട്;

(ബി) മതിയായ തോതിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്തതുകൊണ്ട് അപൂർവ്വം ചില ഇടങ്ങളിൽ റേഷൻ വിതരണം ചില ദിവസങ്ങളിൽ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൃത്രിമത്വവും കള്ളത്തരവും പരമാവധി ഇല്ലായ്മ ചെയ്യാൻ കഴിയുന്ന ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം കുറവുകൾ പരിഹരിച്ച് സുഗമമായി നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) നെറ്റ്‌വർക്ക് കണക്ഷനില്ലാത്ത 42 റേഷൻ കടകൾ ഒഴികെ സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും 2018 മേയ് മാസം മുതൽ ഇ-പോസ് മെഷീൻ മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. ഒരു മൊബൈൽ കണക്ടിവിറ്റിയും ലഭ്യമല്ലാത്ത ഇടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള സ്ഥലങ്ങളിൽ ബ്രോഡ് ബാൻഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇ-പോസ് മെഷീനുകൾക്ക് സാങ്കേതിക തകരാറുകൾ വരികയാണെങ്കിൽ അടിയന്തരമായി പ്രശ്നം പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ സർവീസ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേടുവന്ന മെഷീനുകൾ മാറ്റി അടിയന്തരമായി പകരം മെഷീൻ സ്ഥാപിക്കുന്നതിനും സംവിധാനമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഇ-പോസ് സംവിധാനം**

302 (2251) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണ സംവിധാനത്തിലൂടെ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ഗുണഫലങ്ങൾ വിശദമാക്കുമോ?

ഉത്തരം

ഇ-പോസ് മെഷിനിൽ ആധാർ ഓതന്റിക്കേഷൻ മുഖേനയോ റേഷൻ കാർഡ് ഡാറ്റാ ബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേയ്ക്ക് ലഭിക്കുന്ന വൺ ടൈം പാസ്‌വേഡ് മുഖേനയോ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണ് റേഷൻ സാധനങ്ങൾ ലഭിക്കുന്നതെന്ന് ഉറപ്പുവരുത്താൻ സാധിക്കും. ഉപഭോക്താവിന് തന്മാസം ലഭിക്കാനുള്ള റേഷൻ സാധനങ്ങളുടെ വിഹിതം, തന്മാസം കൈപറ്റിയ റേഷൻ സാധനങ്ങളുടെ വിവരം, ഇനി അവശേഷിക്കുന്നത്, വില തുടങ്ങിയവ ഇ-പോസ് മെഷീനിൽ പ്രദർശിപ്പിക്കും. കൂടാതെ ശബ്ദരൂപത്തിലും വിവരങ്ങൾ അറിയാൻ സാധിക്കും. ബിൽ പ്രിന്റ് ചെയ്ത് ലഭിക്കും. ഇ-പോസ് മുഖേന റേഷൻ വിതരണം നടത്തി തുടങ്ങിയ ശേഷം ഓരോ ട്രാൻസാക്ഷനും epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കുന്നുണ്ട്. പോർട്ടബിലിറ്റി സംവിധാനം മുഖേന ഏത് റേഷൻ കടയിൽ നിന്നുവേണമെങ്കിലും റേഷൻ വാങ്ങാവുന്നതാണ്. റേഷൻ വിതരണം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഇത് സഹായകമാണ്.

**ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകട**

303 (T*2252) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളിലേക്ക് സഞ്ചരിക്കുന്ന റേഷൻകട എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാകുന്നുണ്ടോ എന്നും മാസത്തിൽ രണ്ട് തവണ ആദിവാസി ഊരുകളിൽ പോയി ഭക്ഷ്യധാന്യം വിതരണം ചെയ്യണം എന്നുള്ള നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ ഇവർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) സഞ്ചരിക്കുന്ന റേഷൻ കട എന്ന ആശയം പരാജയപ്പെടുത്തുന്നതിന് റേഷൻ കടക്കാരുടെ ശ്രമം നടക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ സഞ്ചരിക്കുന്ന റേഷൻകട 14-7-2017 മുതൽ തൃശ്ശൂർ താലൂക്കിൽ ആരംഭിച്ചു. ചാലക്കുടി താലൂക്കിലെ ആദിവാസി കോളനികളിലെ 296 കുടുംബങ്ങൾക്ക് റേഷനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ മാസത്തിൽ 2 ദിവസം അർഹതപ്പെട്ട റേഷൻ സാധനങ്ങൾ എത്തിക്കുന്ന പദ്ധതി 29-3-2018 മുതൽ ആരംഭിച്ചു. ഇക്കാര്യത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന് പുറമേ പട്ടികവർഗ്ഗ വകുപ്പ്, വനം വകുപ്പ് എന്നീ വകുപ്പുകളുടെ ജീവനക്കാരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്.

(സി) ഇല്ല.

**ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകട**

304 (2253) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകട വഴി ഭക്ഷ്യധാന്യം എത്തിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ഊരുകളിൽ ഈ പദ്ധതി നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ;

(സി) ശേഷിക്കുന്ന ഊരുകളിൽ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കാര്യത്തിലുണ്ടായ വീഴ്ച അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ സഞ്ചരിക്കുന്ന റേഷൻകട 14-7-2017 മുതൽ തൃശ്ശൂർ താലൂക്കിൽ ആരംഭിച്ചു. ചാലക്കുടി താലൂക്കിലെ ആദിവാസി കോളനികളിലെ 296 കുടുംബങ്ങൾക്ക് റേഷനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ മാസത്തിൽ 2 ദിവസം അർഹതപ്പെട്ട റേഷൻ സാധനങ്ങൾ എത്തിക്കുന്ന പദ്ധതി 29-3-2018 മുതൽ ആരംഭിച്ചു.

(സി) പ്രസ്തുത പദ്ധതി പൂർണ്ണമായി നടപ്പിൽ വരുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ഡി) ഇല്ല.

**മുൻഗണനാ റേഷൻ കാർഡ്**

305 (2254) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ റേഷൻ കാർഡിൽ ഉൾപ്പെട്ട എത്ര അനർഹരെ പട്ടികയിൽ നിന്ന് നാളിതുവരെയായി ഒഴിവാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) മുൻഗണനാ റേഷൻ കാർഡിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻഗണനാ പട്ടികയുടെ ശുദ്ധീകരണത്തിന്റെ ഭാഗമായി നിലവിൽ അനർഹരാണെന്ന് കണ്ടെത്തിയ 209749 പേരെ പട്ടികയിൽ നിന്ന് ഒഴിവാക്കി, പ്രസ്തുത ഒഴിവുകളിലേയ്ക്ക് അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാണ്.

(ബി) മുൻഗണനാ റേഷൻ കാർഡിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധങ്ങളായി 1,2,3 ആയി ചേർത്തിരിക്കുന്നു.*

**പയ്യന്നൂർ മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ**

306 (2255) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കടകൾ അനുവദിക്കണ്ട എന്ന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പയ്യന്നൂർ മണ്ഡലത്തിൽനിന്ന് പുതിയ റേഷൻകടകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര അപേക്ഷകൾ കിട്ടി;

(സി) പുതിയ അപേക്ഷകൾ പരിശോധിച്ച് പുതിയ കടകൾ അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് റേഷൻ കടകളുടെ പുനഃക്രമീകരണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടന്നുവരുന്ന സാഹചര്യത്തിൽ എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച്, റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് നടപ്പിലാക്കിയതിനുശേഷം പുതിയ റേഷൻ കടകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ് എന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

പയ്യന്നൂർ മണ്ഡലത്തിൽ നിന്ന് പുതിയ റേഷൻ കടകൾ ആരംഭിക്കുന്നതിന് ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്.

## ഇ-പോസ് മെഷീനിലെ ഒ.റ്റി.പി. ഉപയോഗിച്ചുള്ള റേഷൻ തിരിമറി

307 (2256) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ- പോസ് മെഷീനിലെ ഒ.റ്റി.പി ഉപയോഗിച്ചുള്ള റേഷൻ തിരിമറി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള തിരിമറി കണ്ടെത്തുവാൻ താലൂക്ക് തലത്തിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ ഒ.റ്റി.പി.യിലൂടെ അധിക റേഷൻ നൽകിയ റേഷൻ കടക്കാരുടെ താലൂക്ക് തലത്തിലുള്ള വിശദവിവരം നൽകുമോ;

(സി) റേഷൻ വിതരണം പഞ്ചായത്ത് തലത്തിൽ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ഡി) ഒ.റ്റി.പി. ഉപയോഗിച്ചുള്ള തിരിമറി അവസാനിപ്പിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ആതന്റിക്കേറ്റ് ചെയ്യാതെ മാന്വലായി നടത്തുന്ന റേഷൻ വിതരണം നിരീക്ഷിക്കുകയും ഫീൽഡ്തല പരിശോധനകൾ നടത്തി നടപടിയെടുക്കുകയും ചെയ്യുന്നുണ്ട്. മാന്വലായി റേഷൻ വിതരണം ചെയ്ത കടകളുടെ താലൂക്ക് തലത്തിലുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള സോഷ്യൽ ഓഡിറ്റിംഗ് സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സോഷ്യൽ ഓഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് നടപ്പാക്കുന്നതിന് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജില്ലയിലെ സിറ്റി റേഷനിംഗ് ഓഫീസ്(നോർത്ത്)-ന്റെ പരിധിയിലുള്ള റേഷൻ കടകളിൽ സോഷ്യൽ ഓഡിറ്റിംഗ് ആരംഭിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ട് നടത്തി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് സമർപ്പിക്കുന്ന റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന വ്യാപകമായി സോഷ്യൽ ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്.

(ഡി) ആതന്റിക്കേറ്റ് ചെയ്യാതെ മാന്വലായി നടത്തുന്ന റേഷൻ വിതരണം നിരീക്ഷിക്കുകയും ഫീൽഡുതല പരിശോധനകൾ നടത്തി നടപടിയെടുക്കുകയും ചെയ്യുന്നുണ്ട്. അത്തരം റേഷൻ കടകൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഇ-പോസ് സംവിധാനം**

308 (2257) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ഇ-പോസ് സംവിധാനം നടപ്പിലാകുമ്പോൾ, കിടപ്പ് രോഗികളായവരും പ്രായാധിക്യം കാരണം കടകളിൽ പോകാൻ കഴിയാത്തവരും മാത്രം ഉൾപ്പെട്ട റേഷൻ കാർഡ് ഉടമകൾക്ക് സാധനങ്ങൾ ലഭിക്കാൻ ആവശ്യമായ ബദൽ സംവിധാനം നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഏത് രീതിയിലാണ് ബദൽ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) ഇത് വേഗത്തിൽ പൂർത്തിയാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ - സി) നേരിട്ട് റേഷൻ കടയിൽ പോകാൻ സാധിക്കാത്ത കിടപ്പ് രോഗികൾ, പ്രായാധിക്യം ചെന്നവർ മുതലായ കാർഡുടമകൾക്ക് പകരക്കാരെ (പ്രോക്സി) നിശ്ചയിച്ച് റേഷൻ സാധനങ്ങൾ വാങ്ങാൻ സാധിക്കും. പ്രോക്സി ആയി നിയമിക്കുന്ന ആൾ അതേ റേഷൻ കടയിലെ കാർഡംഗം ആയിരിക്കണം. ഇതിനായി ടിയാളുടെ പേര്, ആധാർ, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ സഹിതം താലൂക്ക് സപ്ലൈ ഓഫീസർക്ക് അപേക്ഷ നൽകിയാൽ മതിയാകും.

**കേന്ദ്ര സർക്കാർ വെട്ടിക്കുറച്ച റേഷൻ വിഹിതം**

309 (2258) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗതിമന്ദിരങ്ങൾക്കും അനാഥാലയങ്ങൾക്കും കാലങ്ങളായി ലഭിച്ചിരുന്ന റേഷൻ വിഹിതം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചിരിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ച റേഷൻ വിഹിതം പുനഃസ്ഥാപിക്കാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് അഗതി മന്ദിരങ്ങൾക്കും മറ്റ് അനാഥാലയങ്ങൾക്കും ലഭിക്കേണ്ട അർഹതപ്പെട്ട റേഷൻവിഹിതം പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തെ രണ്ടാം പാദം മുതൽ സംസ്ഥാനത്തെ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള റേഷൻ വിഹിതം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നില്ല.

(ബി&സി) സംസ്ഥാനത്തെ മുഴുവൻ അഗതി മന്ദിരങ്ങളുടേയും അനാഥാലയങ്ങളുടേയും എസ്.സി./എസ്.റ്റി. ഒ.ബി.സി. ഹോസ്റ്റലുകളുടേയും വിശദാംശം, സംസ്ഥാനത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ അളവ് എന്നിവ അടങ്ങിയ വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. നിലവിലെ സ്കീം പരിഷ്കരിച്ച് അടുത്ത മാസം മുതൽ പുതിയ സ്കീം കേന്ദ്ര സർക്കാർ ആവിഷ്കരിക്കും എന്നാണ് അനുമാനിക്കുന്നത്.

**ഇഷ്ടമുള്ള റേഷൻകടയിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യം**

310 (2259) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകാർഡ് ഉടമകൾക്ക് ഇഷ്ടമുള്ള റേഷൻകടയിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യം ഇ-പോസ് മെഷീൻ സ്ഥാപിച്ചതിലൂടെ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര പേരാണ് ഈ സംവിധാനത്തിലൂടെ റേഷൻകട മാറിയത്;

(ബി) കാർഡുടമകൾക്കുള്ള ഈ സൗകര്യത്തെ കുറിച്ച് ഭക്ഷ്യവകുപ്പ് പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ്; അറിയിക്കുമോ;

(സി) റേഷൻ വ്യാപാരികളുടെ ഭാഗത്ത് നിന്നും കടമാറ്റം സംബന്ധിച്ച് എന്തെങ്കിലും എതിർപ്പ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവരുടെ ആശങ്ക പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2018 മേയ് മാസത്തിൽ നാളിതുവരെ 70035 പേർ പോർട്ടബിലിറ്റി സംവിധാനം ഉപയോഗിച്ച് മറ്റ് കടകളിൽനിന്ന് റേഷൻ വാങ്ങിയിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ 35647 പേരും മാർച്ചിൽ 6614 പേരും ഈ സൗകര്യം ഉപയോഗിച്ചിരുന്നു.

(ബി) പ്രത്യേക പരസ്യം നൽകിയിട്ടില്ലെങ്കിലും പത്രസമ്മേളനങ്ങളിലൂടെയും വാർത്തകളിലൂടെയും ജനങ്ങളെ അറിയിച്ചിട്ടുണ്ട്.

(സി) ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള പൊതുവിതരണ സമ്പ്രദായത്തിലെ ഒരു പ്രഖ്യാപിത നയമാണ് പോർട്ടബിലിറ്റി സൗകര്യം, ടി നിയമം നടപ്പിലാക്കിയതിലൂടെ ഇത് നിലവിൽ വന്നുകഴിഞ്ഞു.

**ഭക്ഷ്യഭദ്രതാ നിയമം**

311 (2260) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭക്ഷ്യഭദ്രതാ നിയമം നടപ്പിൽ വന്നത് എന്നു മുതലാണെന്ന് അറിയിക്കുമോ; 2013-ൽ നടപ്പാക്കേണ്ട ഈ നിയമം കേരളത്തിൽ നടപ്പാക്കാൻ വൈകിയതിനുള്ള കാരണം വിശദീകരിക്കുമോ;

(ബി) ഭക്ഷ്യഭദ്രതാ നിയമം നടപ്പിൽ വരുത്തിയതിന്റെ ഭാഗമായി, നേരത്തെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുകയും നിലവിൽ റേഷൻ ആനുകൂല്യത്തിൽ നിന്നും പുറത്താക്കുകയും ചെയ്തവർക്ക്, റേഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ;

(സി) റേഷൻ കടകളിലെത്തി ഭക്ഷ്യധാന്യം കൈപ്പറ്റാത്ത നിരവധി കുടുംബങ്ങളുള്ള പട്ടിക വർഗ്ഗ മേഖലയിൽ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 1-11-2016 മുതലാണ് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വന്നത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013-ൽ അനുശാസിക്കുന്ന രീതിയിലുള്ള എല്ലാ പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾമൂലമാണ് സംസ്ഥാനത്ത് ടി നിയമം നടപ്പിൽ വരുത്തുന്നതിന് കാലതാമസം നേരിട്ടത്.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടിക

പരിശോധിച്ചപ്പോൾ മുൻഗണനാ പട്ടികയിൽ ധാരാളം അപാകതകൾ ഉള്ളതായും, ഈ ലിസ്റ്റിൽ ഉൾപ്പെടേണ്ടിയിരുന്ന സമൂഹത്തിലെ ചില ദുർബല വിഭാഗങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച മാനദണ്ഡങ്ങൾ പുന:ക്രമീകരിച്ച് അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നുവരുന്നു.

(സി) ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ സഞ്ചരിക്കുന്ന റേഷൻകട 14-7-2017 മുതൽ തൃശ്ശൂർ ജില്ലയിൽ ആരംഭിച്ചു. ചാലക്കുടി താലൂക്കിലെ ആദിവാസി കോളനികളിലെ 296 കുടുംബങ്ങൾക്ക് റേഷനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ മാസത്തിൽ 2 ദിവസം അർഹതപ്പെട്ട റേഷൻ സാധനങ്ങൾ എത്തിക്കുന്ന പദ്ധതി 29-3-2018 മുതൽ ആരംഭിച്ചു. പ്രസ്തുത പദ്ധതി പൂർണ്ണമായി നടപ്പിൽ വരുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

**റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം**

312 (2261) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗുണമേന്മയില്ലാത്ത ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നറിയിക്കാമോ;

(ബി) എ. പി. എൽ., ബി. പി. എൽ. ഭേദമെന്യേ എല്ലാ റേഷൻ കാർഡുടമകൾക്കും ന്യായമായ വിലയ്ക്ക് മാസത്തിൽ കുറഞ്ഞത് 10 കിലോ അരിയെങ്കിലും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കർഷകരിൽനിന്നും സംഭരിച്ച നെല്ല് സ്വീകരിക്കുന്നതിന്റെയും സംസ്കരണത്തിന്റെയും നാൾവഴി കമ്പ്യൂട്ടർ അധിഷ്ഠിതമായ സംവിധാനത്തിൽ രേഖപ്പെടുത്തുന്നു. കൂടാതെ, അരിയുടെ ഗുണനിലവാര പരിശോധനയും നടത്തിയതിനുശേഷമാണ് കസ്റ്റം മിൽഡ് റൈസ് (CMR) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിന് സപ്ലൈകോ, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറുന്നത്.

എഫ്.സി.ഐ.യിൽ നിന്ന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. മുദ്രണം ഉള്ള സ്റ്റിച്ചിങ്ങോടുകൂടിയ ചാക്കുകളിൽ തന്നെയാണ് റേഷൻ കടകളിൽ വിതരണത്തിന് ലഭ്യമാക്കുന്നത്.

റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യവിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് വിതരണ സമയങ്ങളിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രത്യേക പരിശോധന നടത്തിയാണ് സാമ്പിൾ പാക്കറ്റുകൾ നൽകുന്നത്. കൂടാതെ എല്ലാ റേഷൻ കടകളിൽ നിന്നും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ള ഭക്ഷ്യധാന്യ വിതരണം റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള പരിശോധനാ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ച പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) മുൻഗണനേതര വിഭാഗത്തിലുള്ളവർക്ക് കൂടുതൽ ഭക്ഷ്യധാന്യം അനുവദിക്കുന്നതിന് ടൈഡ് ഓവർ വിഹിതത്തിൽ കൂടുതൽ കേന്ദ്ര വിഹിതം നൽകണമെന്നാവശ്യപ്പെട്ട് സർവ്വകക്ഷി പ്രതിനിധി സംഘം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ സന്ദർശിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**അരിവില നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

313 (2262) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരിവില നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇടനിലക്കാരെ ഒഴിവാക്കി അരി നേരിട്ട് സംഭരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ റേഷൻ കടകളിൽ വരുത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; ഇനിയും നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള കാര്യങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) അരിയുടെ വില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപ്പനശാലകളിലൂടെ 30 മുതൽ 42 ശതമാനം വരെ വിലക്കുറവിൽ സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, പച്ചരി, മട്ടയരി മുതലായവയും നോൺ സബ്സിഡി നിരക്കിൽ എല്ലാ അരിയിനങ്ങളും പൊതുവിപണിയിലേതിനേക്കാൾ വിലകുറച്ച് അളവ് നിയന്ത്രണമില്ലാതെ വിൽപ്പന നടത്തിവരുന്നു. അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി അരി സംഭരിച്ച് കിലോ ഗ്രാമിന് 25 രൂപ നിരക്കിലും സംസ്ഥാനത്തുടനീളം അരിക്കടകൾ ആരംഭിച്ച് കുറഞ്ഞ നിരക്കിലും അരി വിതരണം ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ ഓണക്കാലത്ത് 5165 മെ.ടൺ അരി ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി മില്ലുകളിൽനിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. നിലവിലുള്ള കേന്ദ്രീകൃത ഇ-ടെണ്ടർ സംവിധാനത്തിൽ ഉത്പാദക സംസ്ഥാനത്തു നിന്നും കൂടുതൽ സ്ഥാപനങ്ങൾ പങ്കെടുക്കുന്നത് മത്സരക്ഷമതയും അരിയുടെ ലഭ്യതയും വർദ്ധിപ്പിക്കുന്നതിനും വിലനിയന്ത്രിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) ദേശീയ ഭക്ഷ്യഭദ്രത നിയമം അനുശാസിക്കുന്ന രീതിയിൽ റേഷൻ കടകളിലേയ്ക്കുള്ള വാതിൽപ്പടി വിതരണം സപ്ലൈകോ മുഖാന്തരം ആരംഭിക്കുകയും റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ വിതരണം നടത്തുകയും ചെയ്യുന്നു. എല്ലാ റേഷൻ കടകളും ഏകീകൃത മാതൃകയിലുള്ള നെയിം ബോർഡ്, സ്റ്റോക്ക് ബോർഡ്, വിലവിവര പട്ടിക, ഏകീകൃത കളർ കോഡ് എന്നിവ നൽകി പരിഷ്കരിക്കുവാനും സപ്ലൈകോയുടെ സബ്സിഡി നോൺ മാവേലി സാധനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകൾ വഴി വിൽപ്പന നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

## കുപ്പിവെള്ള വിപണനം

314 (T* 2263) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുപ്പിവെള്ളം (ഒരു ലിറ്റർ തുടങ്ങി മറ്റ് ജാറുകൾ ഉൾപ്പെടെ) വിപണനം നടത്തുന്നത് എത്ര രൂപ നിരക്കിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കുപ്പി വെള്ളത്തിന് ആശ്രയിക്കുന്ന ജലസ്രോതസ്സുകൾ ഏതെല്ലാമെന്നും ഒരു ലിറ്റർ കുപ്പിവെള്ളം ശേഖരിക്കുന്നതിനും കുപ്പികളിലാക്കുന്നതിനുമുള്ള ചെലവ് എത്രയെന്നും ഇതിൽ കമ്പനികൾക്ക് ലഭിക്കുന്ന ലാഭം എത്രയെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്താകെ കുപ്പിവെള്ളം വിപണനം നടത്തുന്ന കമ്പനികൾ എത്രയെന്നും ഇവയിൽ ഗുണനിലവാര സർട്ടിഫിക്കറ്റ് ഉള്ളവ എത്രയെന്നും ഗുണനിലവാര സർട്ടിഫിക്കറ്റ് ഇല്ലാത്ത എത്ര കമ്പനികൾ കുപ്പിവെള്ളം വിപണനം നടത്തി ലാഭം കൊയ്യുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) കുപ്പിവെള്ള കമ്പനികളെ നിയന്ത്രിക്കാനും കുറഞ്ഞ നിരക്കിൽ കുടിവെള്ളം ലഭ്യമാക്കാനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദാംശം ലഭ്യമാക്കാമോ;

(ഇ) സർക്കാർ ഉത്തരവ് പാലിക്കാതെ,അമിത വില ഈടാക്കി കുപ്പിവെള്ളം

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വിപണനം നടത്തുന്നത് തടയുവാനായി നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നും എത്രപേരെ കുറ്റക്കാരായി കണ്ടെത്തി എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (കെ.ഐ.ഐ.ഡി.സി.) ഉൽപ്പന്നമായ 'ഹില്ലി അക്വ' എന്ന പേരിലുള്ള കുപ്പിവെള്ളത്തിന്റെ എം.ആർ.പി. ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 ലിറ്റർ കുപ്പിവെള്ളം | - | 15 രൂപ |
| 2 ലിറ്റർ കുപ്പിവെള്ളം | - | 20 രൂപ |
| 300 മില്ലി ലിറ്റർ കുപ്പിവെള്ളം | - | 10 രൂപ |

സ്വകാര്യ കമ്പനികൾ ഒരു ലിറ്റർ വെള്ളത്തിന് 20 രൂപ വരെ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) കുപ്പിവെള്ള വില നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്ത് കുപ്പിവെള്ളത്തെ അവശ്യവസ്തുവായി പ്രഖ്യാപിച്ച് വിജ്ഞാപനം ഇറക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഇ) കഴിഞ്ഞ രണ്ടുവർഷ കാലയളവിനുള്ളിൽ എം.ആർ.പി.യേക്കാൾ അധിക വില ഈടാക്കിയതിന് സംസ്ഥാനത്താകെ 90 കേസുകൾ ലീഗൽ മെട്രോളജി വകുപ്പ് രജിസ്റ്റർ ചെയ്യുകയും പിഴയിനത്തിൽ 5,17,000 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## മാവേലി സ്റ്റോറുകളിൽ ഇ-പോസ് സംവിധാനം

315 (2264) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ കടകളിൽ നടപ്പിലാക്കിയതുപോലെ സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ വരുന്ന സപ്ലൈകോ, മാവേലി സ്റ്റോറുകൾ എന്നിവിടങ്ങളിൽ ഭക്ഷ്യ സാധനങ്ങളുടെ വിതരണം കുറ്റമറ്റതാക്കാൻ ഇ-പോസ് സംവിധാനം നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

വിശദമായ സാധ്യത പഠനത്തിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ വിൽപ്പനശാലകളിൽ ഇ-പോസ് സംവിധാനം നടപ്പിലാക്കുന്ന വിഷയം പരിഗണനയിലാണ്.

## മാവേലി സ്റ്റോറുകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കാൻ നടപടി

316 (2265) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പോസ് മെഷീൻവഴി റേഷൻ കടകളിലൂടെ സുതാര്യമായും അഴിമതി രഹിതമായും ഭക്ഷ്യധാന്യവിതരണം നടത്താൻ കഴിയുന്നത് കണക്കിലെടുത്ത് മാവേലി സ്റ്റോറുകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് ധാന്യങ്ങളും പലവ്യഞ്ജനങ്ങളും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സാധ്യതാ പഠനത്തിനുശേഷം സപ്ലൈകോ ഔട്ട്ലെറ്റുകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി

317 (2266) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ബി) സുതാര്യവും അഴിമതിരഹിതവും കാര്യക്ഷമവുമായ പൊതുവിതരണ സംവിധാനം ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിനെ ആധുനികവൽക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അതിന്റെ ഭാഗമായി പൊതുവിതരണ സമ്പ്രദായത്തിൽ ഇടനിലക്കാരായി പ്രവർത്തിച്ച മൊത്തവിതരണക്കാരെ മാറ്റി സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതല ഏൽപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സമാഗതമാകുന്ന ഓണക്കാലത്ത് വില വർദ്ധനവ് തടയുന്നതിനായി സപ്ലൈകോ എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സബ്സിഡി നിരക്കിൽ 14 ഇനം അവശ്യസാധനങ്ങൾ ശരാശരി 20 മുതൽ 60 ശതമാനം വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റു ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി. ഉത്പന്നങ്ങൾ എന്നിവയും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തുന്നു. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ഉത്പാദന കേന്ദ്രങ്ങളിൽനിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ സീസണുകളിൽ പ്രത്യേക ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നു. ബ്രാൻഡ് ഉത്പന്നങ്ങളും (നോൺ മാവേലി) MRP/ മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിലെ end to end കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ സംവിധാനം ഡിജിറ്റലൈസ് ചെയ്യുകയും ഉപഭോക്താക്കൾക്ക് പ്രതിമാസ റേഷൻ വിഹിതം സംബന്ധിക്കുന്ന അറിയിപ്പ് എസ്.എം.എസ്. അലെർട്ടായി നൽകുകയും ചെയ്തുവരുന്നു.

(സി) ഉണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാതിൽപ്പടി വിതരണത്തിന്റെ ഏജൻസിയായി സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനും ലഭ്യത വർദ്ധിപ്പിക്കുന്നതിനായി എല്ലാ വർഷത്തെയും പോലെ ഈ വരുന്ന ഓണക്കാലത്തും നിലവിലുള്ള വിൽപ്പന ശാലകൾക്ക് പുറമെ പ്രത്യേക ഓണം ഫെയറുകൾ സപ്ലൈകോ സംഘടിപ്പിക്കുന്നതും എല്ലായിനം അവശ്യ സാധനങ്ങളും ഇ-ടെണ്ടർ/ഇ-ഓക്ഷൻ മുഖേന സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## സപ്ലൈകോയുടെ പ്രവർത്തന മികവും സംവിധാനങ്ങളും

318 (2267) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായ സപ്ലൈകോയുടെ പ്രവർത്തനമികവും സംവിധാനങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) സപ്ലൈകോ വഴി വിതരണം ചെയ്തിരുന്ന സബ്സിഡി സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കില്ലായെന്ന വാഗ്ദാനം സർക്കാർ പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) റംസാൻ ആഘോഷത്തോടനുബന്ധിച്ച് എല്ലാ വർഷവും നടത്തുന്ന ചന്തകൾ ഈ വർഷം സംഘടിപ്പിക്കുന്നുണ്ടോ;

(ഡി) സപ്ലൈകോയ്ക്ക് വിപണിയിൽ ശരിയായ ഇടപെടലിന് ആവശ്യമായ സഹായം ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാർ വന്നതിനുശേഷം പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കേന്ദ്ര ഭക്ഷ്യഭദ്രതാ നിയമം 2013 പ്രകാരം വാതിൽപ്പടി വിതരണത്തിനാണ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. റേഷൻ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. ഡിപ്പോകളിൽനിന്നും സി.എം.ആർ. മില്ലുകളിൽ നിന്നും ശേഖരിക്കുന്നതിനും അവ റേഷൻ കടകളിലേയ്ക്ക് വിതരണം ചെയ്യുന്ന റേഷൻ വാതിൽപ്പടി വിതരണത്തിന്റെ ചുമതല സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് FCI ഡിപ്പോകളിൽനിന്നും CMR മില്ലുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച് റേഷൻ കടകളിലേയ്ക്കുള്ള വാതിൽപ്പടി വിതരണം സപ്ലൈകോ നിർവ്വഹിച്ചുവരുന്നു.

വാതിൽപ്പടി വിതരണത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുന്നതിനായി കേരളത്തിലെ 75 താലൂക്കുകളിലുമായി 148 ഗോഡൗണുകൾ സപ്ലൈകോ സജ്ജീകരിച്ചിട്ടുണ്ട്. റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും നൽകുന്നതിനായി നിലവിലുള്ള വേയിംഗ് മെഷീനുകൾക്ക് പുറമേ 450 വേയിംഗ് മെഷീനുകൾ കൂടി PDS ഗോഡൗണുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

വിട്ടെടുക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായുള്ള കടത്തുകരാർ 54 താലൂക്കുകളിൽ തീർപ്പാക്കിയിട്ടുണ്ട്. റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും റേഷൻ വ്യാപാരികൾക്ക് നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ടി എല്ലാ PDS ഗോഡൗണുകളിലും സപ്ലൈകോ ഉദ്യോഗസ്ഥർക്ക് പുറമേ വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാരെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും നൽകുന്നതിനാവശ്യമായ എല്ലാവിധ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും യഥാർത്ഥ ഉപഭോക്താവിനു തന്നെയാണ് റേഷൻ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തുവാൻ ഇ-പോസ് മെഷീൻ വഴി റേഷൻ ഭക്ഷ്യധാന്യങ്ങൾ വിതരണം ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ നിരീക്ഷിക്കുവാനായി ഇവയിൽ ജി.പി.എസ്. സൗകര്യം ഏർപ്പെടുത്തുവാനും നിശ്ചയിച്ചിട്ടുണ്ട്. ഇങ്ങനെ ഭക്ഷ്യഭദ്രതാ നിയമം നിഷ്കർഷിക്കുന്നതനുസരിച്ച് മുഴുവൻ കാര്യങ്ങളും പൂർത്തിയാക്കി (ജി.പി.എസ്., ഇ-പോസ് മുതലായവ) പൂർണ്ണതോതിൽ ഭക്ഷ്യധാന്യ വിതരണവും മേൽനോട്ടവും ഇവ ജനങ്ങളിലെത്തുന്നു എന്ന് ഉറപ്പാക്കുന്നതിനും വേണ്ട സംവിധാനം നടപ്പിലാക്കുന്നതിന് സാധിച്ചത് സപ്ലൈകോയുടെ പ്രവർത്തന മികവാണ്.

(ബി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) റംസാൻ പെരുന്നാളിനോടനുബന്ധിച്ച്, 5 ജില്ലകളിൽ റംസാൻ ജില്ലാ ഫെയറുകളും 90 സപ്ലൈകോ വിൽപ്പനശാലകളോട് ചേർത്ത് റംസാൻ ഫെയറുകളും സംഘടിപ്പിക്കുന്നുണ്ട്.

(ഡി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ വിപണി ഇടപെടലിനായി 200 കോടി രൂപ വീതം അനുവദിക്കുകയും 2018-19 ബഡ്ജറ്റിൽ 150 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ഇ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ കണക്ക്**

319 (2268) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻകടകളിൽ നിന്നും നിലവിൽ വിവിധ നിറത്തിലുള്ള കാർഡുടമകൾക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ കണക്കുകൾ എപ്രകാരമാണെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) റേഷൻ കടകൾ നടത്തുന്നവർക്ക് നൽകുന്ന പ്രതിഫല തുക നിശ്ചയിക്കുന്നത് എപ്രകാരമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ഓരോ വിഭാഗം റേഷൻകാർഡുടമകൾക്കും നൽകിവരുന്ന ഭക്ഷ്യധാന്യങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സർക്കാരിന്റെ 10-11-2017-ലെ സ.ഉ.(കൈ)നമ്പർ 29/2017/ ഭ.പൊ.വി.വ. പ്രകാരം റേഷൻ വ്യാപാരികളുടെ കമ്മീഷൻ ക്വിന്റലിന് 220 രൂപയായി വർദ്ധിപ്പിച്ച് മിനിമം കമ്മീഷൻ ഉറപ്പാക്കുന്ന രീതിയിൽ കമ്മീഷൻ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി എ.എ.വൈ. ഒഴികെയുള്ള എല്ലാ വിഭാഗങ്ങളുടെയും പക്കൽനിന്നും കൈകാര്യച്ചെലവിനത്തിൽ കിലോഗ്രാമിന് 1 രൂപ വീതം ഈടാക്കുന്നുണ്ട്.

**മാമലക്കണ്ടം പ്രദേശത്ത് മൊബൈൽ മാവേലിസ്റ്റോർ**

320 (2269) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ മാമലക്കണ്ടം പ്രദേശത്ത് റോഡ് വാഹന ഗതാഗത യോഗ്യമല്ല എന്ന കാരണത്താൽ മൊബൈൽ മാവേലി സ്റ്റോർ സൗകര്യം ലഭ്യമായിരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ മാമലക്കണ്ടത്തേക്കുള്ള രണ്ട് റോഡുകളും (നേര്യമംഗലം -മാമലക്കണ്ടം റോഡ്, കുട്ടമ്പുഴ -മാമലക്കണ്ടം റോഡ് ) സഞ്ചാര യോഗ്യമാക്കുകയും കെ. എസ്. ആർ .ടി. സി. അടക്കം നിരവധി ബസ്സുകൾ സർവ്വീസ് നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് ഒരു മൊബൈൽ മാവേലിസ്റ്റോർ തുടങ്ങുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റോഡ് സഞ്ചാരയോഗ്യമാക്കിയ സാഹചര്യത്തിൽ 2018 ജൂൺ മാസത്തിൽ തന്നെ മൂവാറ്റുപുഴ ഡിപ്പോയുടെ പരിധിയിൽ പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന്റെ സേവനം മാമലക്കണ്ടത്ത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൂവത്തൂരിലെ സപ്ലൈകോ മാവേലിസ്റ്റോർ

321 (2270) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ പൂവത്തൂരിലെ സപ്ലൈകോ മാവേലിസ്റ്റോർ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മാവേലിസ്റ്റോറിനായി പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മാവേലിസ്റ്റോർ പുതിയ കെട്ടിടത്തിലേയ്ക്ക് എന്നത്തേയ്ക്ക് മാറ്റി സ്ഥാപിക്കാനാവുമെന്ന് അറിയിക്കാമോ?

### ഉത്തരം

(എ-സി) മാവേലി സ്റ്റോറിനായി പുതിയ കെട്ടിടം നിർമ്മിച്ചിട്ടില്ല. നിലവിലെ മാവേലി സ്റ്റോർ മാറ്റി സ്ഥാപിക്കുവാനായി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിത്തരാമെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് മാവേലി സ്റ്റോർ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സപ്ലൈകോയുടെ നെല്ല് സംഭരണം

322 (2271) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സീസണിൽ കർഷകരിൽ നിന്നും സപ്ലൈകോ എത്ര മെട്രിക് ടൺ നെല്ല് സംഭരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എന്ത് തുക നൽകുവാനുണ്ട്; പ്രസ്തുത കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 2017-18 സീസണിൽ 3-6-2018 വരെ 4.80 ലക്ഷം മെട്രിക് ടൺ നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ജില്ല | അളവ് (മെട്രിക് ടൺ) |
|---|---|
| തിരുവനന്തപുരം | 466.183 |
| കൊല്ലം | 480.147 |
| പത്തനംതിട്ട | 8438.285 |
| ആലപ്പുഴ | 152334.034 |
| കോട്ടയം | 66017.944 |
| ഇടുക്കി | 102.525 |
| എറണാകുളം | 4470.676 |
| തൃശ്ശൂർ | 76724.832 |
| പാലക്കാട് | 149452.677 |
| മലപ്പുറം | 17270.329 |
| കോഴിക്കോട് | 224.028 |
| വയനാട് | 3882.344 |
| കണ്ണൂർ | 362.702 |
| കാസർഗോഡ് | 256.396 |

(ബി) 2017-18 സീസണിൽ 3-6-2018 വരെ നെല്ല് സംഭരിച്ച വകയിൽ 121.94 കോടി രൂപ കർഷകർക്ക് നൽകുവാനുള്ളതും ആയത് PRS ലോൺ വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാം ഓയിൽ ഇറക്കുമതി നിരോധനം**

323 (2272) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പാം ഓയിൽ ഇറക്കുമതി ചെയ്യുന്നതിന് നിരോധനമോ നിയന്ത്രണമോ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പാം ഓയിലിന്റെ വിൽപ്പനയും ഉപയോഗവും നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ തുറമുഖങ്ങൾ വഴി ഇവ ഇറക്കുമതി ചെയ്യുവാൻ അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ തുറമുഖങ്ങളിലൂടെ പാം ഓയിൽ ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല.

(ബി) ഇല്ല.

## മായംചേർത്ത വെളിച്ചെണ്ണ ബ്രാൻഡുകൾ

324 (2273) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിവിധ ബ്രാൻഡുകളിൽ ലഭ്യമാകുന്ന വെളിച്ചെണ്ണയിൽ വ്യാപകമായി മായം ചേർക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വെളിച്ചെണ്ണയുടെ ഏതെങ്കിലും ബ്രാൻഡുകൾ കേരളത്തിൽ നിരോധിച്ചിട്ടുണ്ടോ;

(സി) മായം ചേർത്ത വെളിച്ചെണ്ണ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) ഇത്തരം കേസ്സുകളുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും എതിരെ കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) വെളിച്ചെണ്ണയിൽ മായം ചേർക്കുന്നത് തടയുന്നതിനായി ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വെളിച്ചെണ്ണ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധന നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഗുണനിലവാരമില്ലാത്ത വെളിച്ചെണ്ണ കണ്ടെത്തിയാൽ ആ വെളിച്ചെണ്ണ ഉത്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. അനുബന്ധമായി ചേർക്കുന്നു.*

## ചാലക്കുടിയിൽ ഹൈപ്പർമാർക്കറ്റ് ആരംഭിക്കാൻ നടപടി

325 (2274) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ സിവിൽ സപ്ലൈസ് വകുപ്പിനുകീഴിൽ ഹൈപ്പർമാർക്കറ്റും, പെട്രോൾ-ഗ്യാസ് ഔട്ട്‌ലെറ്റും ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിനായി സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കിഴക്കേ ചാലക്കുടി വില്ലേജ് സർവ്വേ നമ്പർ 439/1-ൽ ചാലക്കുടി ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിനോടനുബന്ധിച്ച് 0.1568 ഹെക്ടർ ഭൂമി (38.74 സെന്റ്)ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം**

326 (2275) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിൽനിന്നും ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പരാതികൾ അറിയിക്കുന്നതിനായി പൊതുജനങ്ങൾക്ക് ലീഗൽ മെട്രോളജി വകുപ്പിനെ ബന്ധപ്പെടുന്നതിനുള്ള എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) ലീഗൽ മെട്രോളജി വകുപ്പിനെ ജനങ്ങളിലേക്ക് കൂടുതൽ എത്തിക്കുന്നതിനും ജനസൗഹാർദ്ദമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

- അളവ് തൂക്ക ഉപകരണങ്ങളുടെ കൃത്യതാ പരിശോധനയും മുദ്രവയ്പ്പും
- നിർമ്മാതാവ്/പായ്ക്കർ/ഇംപോർട്ടർ എന്നിവരുടെ രജിസ്ട്രേഷൻ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലെ ഭേദഗതികൾ, ഡ്യൂപ്ലിക്കേറ്റ് നൽകൽ
- റിപ്പയർ, ഡീലർ, മാനുഫാക്ചറിംഗ് ലൈസൻസുകൾ അനുവദിക്കൽ, പുതുക്കൽ, ഭേദഗതി വരുത്തൽ, ഡ്യൂപ്ലിക്കേറ്റ് നൽകൽ

- ഉപഭോക്തൃ അവകാശ സംരക്ഷണാർത്ഥം അളവുതൂക്ക ഉപകരണങ്ങളിൽ കൃത്രിമം കാണിക്കുന്നവരെ കണ്ടെത്തുന്നു. ഉപഭോക്താക്കൾക്ക് കൃത്യമായ തൂക്കത്തിലും അളവിലും സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു. പായ്ക്കറ്റിലാക്കിയ ഉത്പന്നങ്ങളിൽ ഉപഭോക്താവിന്റെ അറിയുവാനുള്ള അവകാശം സംരക്ഷിക്കുന്നു. വ്യാപാര സ്ഥാപനങ്ങൾ, പെട്രോൾ പമ്പുകൾ, ഓട്ടോറിക്ഷകൾ എന്നിവയിൽ മിന്നൽ പരിശോധനകൾ നടത്തുകയും നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് ഉപഭോക്തൃ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(ബി) പൊതുജനങ്ങൾക്ക് നേരിട്ട് ലീഗൽ മെട്രോളജി വകുപ്പിനെ ബന്ധപ്പെടുന്നതിന് വകുപ്പ് അദ്ധ്യക്ഷന്റെ കാര്യാലയത്തിലും ജില്ലാ ഓഫീസുകളിലും താലൂക്കുകളിലെ എല്ലാ ഇൻസ്പെക്ടർ ഓഫീസുകളിലും ടെലിഫോൺ സൗകര്യം ലഭ്യമാണ്. പൊതുജനങ്ങൾക്ക് പരാതി നൽകുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് സുതാര്യം എന്ന പേരിൽ പുതുതായി മൊബൈൽ ആപ് വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ ഇ-മെയിൽ മുഖേനയും പരാതികൾ അറിയിക്കാവുന്നതാണ്.

(സി) അച്ചടി-ദൃശ്യ-ശ്രവണ മാധ്യമങ്ങളിൽ വകുപ്പിനെ സംബന്ധിച്ച് പരസ്യം നൽകിവരുന്നു.

പൊതുജനങ്ങൾക്ക് വകുപ്പിനെ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും പരാതികൾ നൽകുന്നതിനും ടോൾഫ്രീ നമ്പറോടുകൂടി കാൾ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(ഡി)

- വകുപ്പിൽ 21 പുതിയ തസ്തികകൾ സൃഷ്ടിച്ചു.
- തിരുവനന്തപുരം പട്ടത്തെ വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സ് ആന്റ് ലബോറട്ടറി കോംപ്ലക്സ് ഏഴ് നില കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ പൂർത്തിയായി. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഇന്റീരിയർ വർക്ക്സ് തുടങ്ങിയവ കൂടി പൂർത്തിയാക്കി 2018-19 സാമ്പത്തിക വർഷം ടി കെട്ടിടം വകുപ്പിന് ഉപയോഗയോഗ്യമാക്കുന്നതാണ്.
- കൊല്ലത്ത് ആധുനിക ലബോറട്ടറി സൗകര്യങ്ങളോടുകൂടിയ ജില്ലാ ഓഫീസ് കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചു.
- പുതുതായി 14 വാഹനങ്ങൾ അനുവദിച്ചു.
- ജ്വല്ലറികളിൽ വിൽക്കുന്ന സ്വർണ്ണാഭരണങ്ങളുടെ ശുദ്ധത പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകുന്നതിനായി കേന്ദ്ര സഹായത്തോടെ വകുപ്പിന്റെ കീഴിൽ ഹാൾ മാർക്കിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

- വകുപ്പിന്റെ ഓഫീസ് നിർമ്മാണത്തിനായി കോട്ടയം ജില്ലയിൽ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്.
- കാസർഗോഡ്, പാലക്കാട് ജില്ലകളിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.
- എറണാകുളം കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ പ്രവർത്തിക്കുന്ന ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിന് NABL അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.
- നിയമ ലംഘനങ്ങൾ ചിത്രങ്ങളായോ, വീഡിയോ ആയോ സന്ദേശങ്ങളായോ പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട ലീഗൽ മെട്രോളജി ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി സത്വര പരിഹാരം തേടുന്നതിന് സുതാര്യം എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്.
- വകുപ്പിന്റെ സേവനങ്ങളായ ലൈസൻസ്, പായ്ക്കർ, രജിസ്ട്രേഷൻ തുടങ്ങിയവ ലീഗൽ മെട്രോളജി ഓപ്പറേഷൻ മാനേജ്മെന്റ് സിസ്റ്റം (LMOMS) പദ്ധതിയിലൂടെ നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- വകുപ്പിന്റെ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നു. ആയതിലൂടെ പരാതിക്കാധാരമായ സ്ഥാപനത്തിന്റെ ഏറ്റവും അടുത്തുള്ള വാഹനം ട്രാക്ക് ചെയ്ത് നിർവ്വഹണ ഉദ്യോഗസ്ഥന് വിവരം കൈമാറുന്നതിനും വ്യാപാര സ്ഥാപനം പരിശോധിച്ച് പരാതിക്ക് പരിഹാരം കാണുന്നതിനും ഉതകുന്ന സോഫ്റ്റ്‌വെയർ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.
- ഐ.റ്റി. സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.
- ആരോഗ്യ മേഖലകളിൽ ഉപയോഗിച്ചുവരുന്ന അളവു-തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി കാക്കനാട് പരിശോധനാ ലാബ് സജ്ജമാക്കി.
- പെട്രോൾ പമ്പുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് രാത്രികാല മിന്നൽ പരിശോധനകൾ ആരംഭിച്ചു.

- ഉപഭോക്തൃ ചൂഷണം തടയുന്നതിനായി ഓരോ മേഖലയും കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവുകൾ നടത്തിവരുന്നു.
- നിർവ്വഹണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിരന്തരമായ പരിശീലനം നൽകുന്നു.
- ലീഗൽ മെട്രോളജി നിയമങ്ങളെക്കുറിച്ചും വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഉപഭോക്താക്കളെ ബോധവാന്മാരാക്കുന്നതിനായി ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ നൽകിവരുന്നു.
- ഉപഭോക്തൃ ബോധവത്കരണത്തിനായി എല്ലാ പഞ്ചായത്തുകളിലും റേഡിയോ കിയോസ്കുകൾ ആരംഭിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

## ലീഗൽ മെട്രോളജിയിലെ സ്ഥലം മാറ്റം

327 (2276) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ലീഗൽ മെട്രോളജി വിഭാഗത്തിൽ മൂന്ന് വർഷത്തിൽ കൂടുതൽ ഒരേ സ്ഥാപനത്തിൽ തന്നെ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഇവർ എത്ര കാലമായി ഈ സ്ഥാപനങ്ങളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നു എന്ന് വിശദമാക്കാമോ ;

(സി) മൂന്ന് വർഷത്തിൽ കൂടുതൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥലം മാറ്റാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നടപടി സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 2074, 2102, 2212 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9.30 A.M]

## II. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 1612-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 7-3-2018-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1612-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ട് പുതുക്കിയ മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 7-3-2018-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1612-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. *

## III. അടിയന്തരപ്രമേയം

തൊഴിൽ സമരം

മി. സ്പീക്കർ: ചട്ടം 50 അനുസരിച്ച് ഇന്ന് ലഭിച്ച നോട്ടീസ് എറണാകുളം കോലഞ്ചേരി സിന്തൈറ്റ് ഇൻഡസ്ട്രീസിലെ തൊഴിൽ തർക്കത്തെയും അനുബന്ധ കാര്യങ്ങളെയും സംബന്ധിച്ചുള്ളതാണ്. ഈ വിഷയം ഈ സമ്മേളനത്തിൽ 6-6-2018 ബുധനാഴ്ച സബ്മിഷനായി സഭയുടെ മുമ്പാകെ വന്നതും മറുപടി സഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളതുമാണ്. എന്നിരുന്നാലും ഇക്കാര്യത്തിൽ തുടർന്നുണ്ടായ ചില സംഭവവികാസങ്ങളുടെ കൂടി പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് നൽകിയ പ്രമേയത്തിന് അവതരണാനുമതി നൽകുകയാണ്.

സി.ഐ.ടി.യു.വിന്റെ അക്രമാസക്തമായ സമരത്തെത്തുടർന്ന് അടച്ചിട്ടിരിക്കുന്ന കോലഞ്ചേരി കടയിരിപ്പ് സിന്തൈറ്റ് കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ സംരക്ഷണം നൽകാൻ പോലീസ് തയ്യാറാകാത്തതുമൂലം കേരളത്തിലെ വ്യവസായ മേഖലയിൽ ഉണ്ടാകാനിടയുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. പി. സജീന്ദ്രൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

* അനുബന്ധമായി ചേർത്തിരിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ആറാം തീയതി ഈ വിഷയം സഭയിൽ വന്നപ്പോൾ മുഖ്യമന്ത്രി മറുപടി പറഞ്ഞതാണ്. എറണാകുളം ജില്ലയിൽ കോലഞ്ചേരി കടയിരിപ്പ് എന്ന സ്ഥലത്താണ് സിന്തൈറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നത്. സുഗന്ധ വ്യഞ്ജനങ്ങളിൽനിന്ന് സത്ത് വേർതിരിച്ചെടുത്ത് മൂല്യവർദ്ധിത ഉല്പന്നങ്ങളായി വിൽക്കുന്ന സ്ഥാപനമാണിത്. 500-ഓളം പേർ ഈ സ്ഥാപനത്തിൽ ജോലി ചെയ്തുവരുന്നുണ്ട്. കർണ്ണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലും വിദേശ രാജ്യങ്ങളിലും ഇവരുടെ ചില സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിദേശ മാർക്കറ്റുള്ള ഒരു സ്ഥാപനം കൂടിയാണിത്. ഈ സ്ഥാപനത്തിൽ നിലവിൽ SEWA (Synthite Employees' Welfare Association) എന്ന യൂണിയൻ മാത്രമാണ് ഉണ്ടായിരുന്നത്. തൊഴിലാളികളിൽ ചിലർ ചേർന്ന് സി.ഐ.ടി.യു.വിന്റെ നേതൃത്വത്തിൽ ഒരു പുതിയ യൂണിയൻ രൂപീകരിച്ചതിനെത്തുടർന്നാണ് അവിടെ പ്രശ്നങ്ങൾ ഉണ്ടാകുന്നത്. യൂണിയൻ രൂപീകരിച്ചതിനെത്തുടർന്ന് അതിലെ ഏഴ് പേരെ സ്ഥലംമാറ്റിയ മാനേജ്മെന്റിന്റെ തെറ്റായ നിലപാടിനെ തൊഴിലാളികൾ ചോദ്യം ചെയ്തുകൊണ്ട് രംഗത്ത് വരികയാണുണ്ടായത്. തുടർന്ന് ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ആ വിഷയം ചർച്ച ചെയ്തതിനെത്തുടർന്ന് തൊഴിലാളികൾ സ്ഥലംമാറ്റം അംഗീകരിക്കുകയും മാനുഷിക പരിഗണനയുടെ ഭാഗമായി മൂന്ന് പേരെ നിശ്ചിത കാലയളവിൽ തിരിച്ചുകൊണ്ടുവരാമെന്ന വ്യവസ്ഥ മാനേജ്മെന്റ് അംഗീകരിക്കുകയും ചെയ്തിരുന്നതാണ്. പക്ഷേ, ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിലുണ്ടായിരുന്ന ഒത്തുതീർപ്പ് വ്യവസ്ഥ നിലനിൽക്കെ നേരത്തെ പറഞ്ഞ യൂണിയനിൽപ്പെട്ട പതിനെട്ട് പേരെ മേയ് മാസത്തിൽ തമിഴ്നാട്ടിലേക്ക് സ്ഥലംമാറ്റിയതിനെ തുടർന്നാണ് വീണ്ടും പ്രശ്നമുണ്ടാകുകയും സമരവുമായി രംഗത്ത് വരികയും ചെയ്തത്. ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ നടന്ന ഒത്തുതീർപ്പ് വ്യവസ്ഥ പാലിക്കാതെ മാനേജ്മെന്റിന് താല്പര്യമുള്ള SEWA യൂണിയന്റെ താല്പര്യം സംരക്ഷിക്കാൻ വേണ്ടിയാണ് ഇപ്പോൾ രൂപീകരിച്ച യൂണിയനിലുള്ള തൊഴിലാളികളെ അന്യായമായി സ്ഥലംമാറ്റിയതെന്നാണ് സമരം ചെയ്യുന്നവർ ആരോപിക്കുന്നത്. ലേബർ കമ്മീഷണർ വീണ്ടും ചർച്ച വച്ചിരുന്നു. ആ ചർച്ചയിൽ മാനേജ്മെന്റ് ഒരു കാര്യത്തിലും ഒത്തുതീർപ്പിന് തയ്യാറല്ല എന്ന നിലപാട് സ്വീകരിക്കുകയും അത് തെറ്റിപ്പിരിയുകയുമാണ് ചെയ്തത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അദ്ദേഹം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ലേബർ കമ്മീഷണറുടെ ചർച്ചയ്ക്കുശേഷവും കമ്പനി അധികൃതരെയും തൊഴിലാളികളെയും രണ്ട് ദിവസങ്ങളിലായി ഞാൻ

നേരിട്ട് വിളിക്കുകയും ചെയ്തിരുന്നു. സ്വാഭാവികമായും നമ്മുടെ രാജ്യത്തുള്ള ട്രേഡ് യൂണിയൻ നിയമവും മറ്റ് കാര്യങ്ങളുമനുസരിച്ച് പ്രശ്നമുണ്ടാകുമ്പോൾ ചർച്ച ചെയ്ത് പരിഹാരം കാണുക എന്നുള്ള സ്ഥിതിയാണ് അപ്പുറത്തായാലും ഇപ്പുറത്തായാലും നമ്മൾ സ്വീകരിക്കുന്ന സമീപനം. അത്തരമൊരു സമീപനം സ്വീകരിക്കാൻ രണ്ട് തവണ വിളിച്ച യോഗത്തിലും മാനേജ്മെന്റ് തയ്യാറായില്ല എന്ന പ്രശ്നമുണ്ട്. തൊഴിലാളികൾ ഉന്നയിക്കുന്ന വിഷയം പതിനെട്ട് പേരുടെ അന്യായമായ സ്ഥലംമാറ്റം ഒഴിവാക്കി കിട്ടണമെന്നാണ്. നേരത്തെ ഉണ്ടാക്കിയിരുന്ന ധാരണയ്ക്ക് വിരുദ്ധമായാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്. സ്ഥലംമാറ്റാൻ ഞങ്ങൾക്ക് എപ്പോഴും അവകാശമുണ്ട് എന്നൊരു നിലപാടിൽ മാനേജ്മെന്റ് നിൽക്കുകയാണ്. അതിന്റെ ഭാഗമായുള്ള ചർച്ച പൂർണ്ണമായും വിജയത്തിലെത്തിയിട്ടില്ല, വീണ്ടും ചർച്ച ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നത്. ആധുനിക കാലഘട്ടത്തിൽ, പ്രത്യേകിച്ച് കേരളത്തിന്റെ കാലാവസ്ഥയിൽ തൊഴിലാളികളുടെ പ്രശ്നം വൈദഗ്ദ്ധ്യത്തോടുകൂടി കൈകാര്യം ചെയ്ത് പരിഹാരം കാണുന്നതിനുള്ള ഒരു നിലപാടല്ല മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടായത് എന്നാണ് ഈ ചർച്ചയിൽ പങ്കെടുത്ത, യോഗം വിളിച്ചുചേർത്ത ഒരാൾ എന്ന നിലയ്ക്ക് എനിക്ക് ബോധ്യമായിട്ടുള്ളത്. ഒരു വ്യവസായ സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ എല്ലാ സൗകര്യങ്ങളും സർക്കാർ ചെയ്തുകൊടുക്കുന്നുണ്ട്. ഈ അടിയന്തരപ്രമേയ നോട്ടീസിൽ ഭരണകക്ഷി യൂണിയന്റെ അക്രമാസക്തമായ സമരം എന്നൊക്കെ അതിശയോക്തി കലർത്തി വിശേഷിപ്പിച്ചിരിക്കുകയാണ്. ചില അനിഷ്ടസംഭവങ്ങൾ അവിടെ ഉണ്ടായതിനെത്തുടർന്ന് കമ്പനി കോടതിയിൽ പോയി പോലീസ് സംരക്ഷണം ആവശ്യപ്പെട്ടിരുന്നു. ഒരു ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ രണ്ട് സി.ഐ.മാരും നിരവധി എസ്.ഐ-മാരും പോലീസുകാരും ഉൾപ്പെടെയുള്ള ഒരു വലിയ സന്നാഹം കോടതി ഉത്തരവിന്റെ ഭാഗമായി കമ്പനിയുടെ സംരക്ഷണത്തിനും തുടർന്നു പ്രവർത്തിക്കാനുംവേണ്ടി സർക്കാർ ഒരുക്കിയിട്ടുണ്ട്. ചില അനിഷ്ടസംഭവങ്ങളുണ്ടായതിന്റെ പേരിൽ പോലീസ് എഴോ എട്ടോ ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ സംരക്ഷണത്തിനുവേണ്ടി സർക്കാർ പോലീസിനെ തെറ്റായ രീതിയിൽ വിനിയോഗിച്ചു എന്നുപറയുന്നത് ശരിയല്ല. എല്ലാ കാര്യത്തിലും പോലീസ് കൃത്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ ഫോഴ്സിനെ കൊടുത്ത് ആ കമ്പനി പ്രവർത്തിപ്പിക്കാനാവശ്യമായ എല്ലാ സൗകര്യവും കോടതിവിധിയുടെ അടിസ്ഥാനത്തിൽ ചെയ്തിട്ടുണ്ട്. പക്ഷെ കോടതി വിധി പാലിച്ചില്ലെന്നു പറഞ്ഞ് അവർ വീണ്ടും കോടതിയെ സമീപിച്ചിട്ടുണ്ട്. സർക്കാർ അവിടെ കൊടുത്തിട്ടുള്ള ഫോഴ്സും അതുമായി ബന്ധപ്പെട്ട സഹായവും കോടതിയെ ബോധ്യപ്പെടുത്തും. പക്ഷെ ഗവൺമെന്റ് ചെയ്ത കാര്യങ്ങളൊക്കെ വിശദീകരിച്ചാലും ഞങ്ങൾ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലെന്ന

സമീപനമാണ് കമ്പനി ഇപ്പോഴും തുടരുന്നത്. ട്രേഡ് യൂണിയൻ രംഗത്തെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നവരാണ് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന നമ്മൾ എല്ലാപേരും. അത്തരമൊരു പ്രശ്നത്തിന് ചർച്ചയിലൂടെ പരിഹാരം കാണുന്നതിന് മാനേജ്മെന്റ് വഴങ്ങുന്നില്ല എന്നതാണ് പ്രശ്നം. അവിടെ തൊഴിലാളികളുടെ റഫറണ്ടം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. തൊഴിലാളികളുടെ റഫറണ്ടം നടത്തുമ്പോൾ അതുമായി ബന്ധപ്പെട്ട, അതിനുമുമ്പുള്ള സ്ഥലംമാറ്റവും തൊഴിലാളികൾക്കിടയിൽ സംശയങ്ങളുണ്ടാക്കുന്നുണ്ട്. സ്ഥലംമാറ്റത്തെക്കുറിച്ചും മറ്റും യൂണിയനുമായി ചർച്ച ചെയ്ത് ധാരണയുണ്ടാക്കാം എന്നൊരു നിർദ്ദേശം ഞാൻ വച്ചിട്ടുണ്ട്. അതുപോലെ ഈ തൊഴിലാളി യൂണിയനിൽപ്പെട്ടവരെയും മറ്റ് യൂണിയനിൽപ്പെട്ടവരെയും ആവശ്യമെങ്കിൽ തുല്യനീതി എന്ന നിലയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്ന സമീപനം സ്വീകരിക്കണമെന്ന് പറഞ്ഞു. അങ്ങനെയാകുമ്പോൾ വിവേചനത്തിന്റെ പ്രശ്നം ഉണ്ടാകില്ല. ആ സമീപനത്തോടും അവർക്ക് യോജിപ്പില്ല. ഒരു ഘട്ടത്തിൽ അവർ എന്നോട് ചോദിച്ചത് എന്തിനാണ് ഇങ്ങനെ ഒരു യൂണിയൻ ഉണ്ടാക്കുന്നത്; ഞങ്ങൾ അവർക്കൊരു യൂണിയൻ ഉണ്ടാക്കിയിട്ടുണ്ടല്ലോ എന്നാണ്. അത് കേരളത്തിൽ പ്രായോഗികമാകുന്നൊരു കാര്യമല്ലല്ലോ. മാനേജ്മെന്റിന്റെ ധാർഷ്ട്യംകൂടി ഇതിന്റെ ഭാഗമായിട്ടുണ്ട്. തൊഴിലാളികൾ എന്തെങ്കിലും പിശക് ചെയ്തിട്ടുണ്ടെങ്കിൽ അതിനെ ന്യായീകരിക്കുകയില്ല കർശന നിലപാട് സർക്കാർ സ്വീകരിക്കുമെന്നും വ്യവസായ സ്ഥാപനം തുറന്നു പ്രവർത്തിക്കണമെന്നുമുള്ള അഭ്യർത്ഥനയും ഞങ്ങൾ അവരുടെ മുന്നിൽ വച്ചു. സംരക്ഷണമില്ലാത്തതുകൊണ്ടല്ല ആ സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കാത്തത്. അത് പൂട്ടിയിടാൻ മാനേജ്മെന്റ് തീരുമാനിച്ചതാണ്. അതൊരു സമ്മർദ്ദ തന്ത്രത്തിന്റെ ഭാഗമാണ്. എല്ലാ സംരക്ഷണവും നിങ്ങൾക്ക് തരും, സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കണമെന്ന് ഞാൻ പറഞ്ഞു. അതിനും തയ്യാറല്ല എന്ന മുട്ടാപ്പോക്ക് നയമാണ് അവർ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. പക്ഷെ അത് വീണ്ടും ആലോചിക്കണമെന്ന് പറഞ്ഞാണ് പിരിഞ്ഞത്. ചർച്ചയിലൂടെ പരിഹാരം കാണാവുന്ന ഒരു വിഷയം മാത്രമാണിത്. ഇത് അക്രമാസക്തമായൊരു സമരം, കേരളത്തിലാകെ സമരം നടക്കുന്നതുകൊണ്ട് ഇവിടെ വ്യവസായ സ്ഥാപനങ്ങൾ വരില്ല എന്നുള്ളൊരു പഴയ മുദ്രാവാക്യം വച്ച് ഇത്തരമൊരു പ്രശ്നം ഉന്നയിക്കുന്നത് ഏത് രാജ്യത്താണ് ഉണ്ടാകുക? ഈ പ്രശ്നത്തിന് കേരളത്തിന്റെ സാഹചര്യത്തിൽ പരിഹാരം കാണണം. അതിനൊരു തർക്കവുമില്ല. അതിന്റെ പേരിൽ ഒരു അടിയന്തരപ്രമേയമൊക്കെ കൊണ്ടുവന്ന്, ഇവിടെയാകെ സമരമാണെന്ന ഒരു സന്ദേശം കേരളത്തിന് പുറത്തെത്തിക്കുന്നത് ഇന്നത്തെ കാലാവസ്ഥയിൽ ശരിയാണോ? കേരളത്തിൽ എല്ലാ സ്ഥാപനങ്ങളിലും തൊഴിലാളികൾമൂലം പ്രശ്നം ഉണ്ടാകുന്നില്ല. ട്രേഡ് യൂണിയൻ നേതൃത്വം ബോധപൂർവ്വമുള്ള ഒരു സമീപനം അപ്പുറത്ത് നിന്നുള്ളവരായാലും ഇപ്പുറത്ത്

നിന്നുള്ളവരായാലും സ്വീകരിക്കുന്നുണ്ട്. ആ സമീപനത്തിന്റെ ഭാഗമായി ജനാധിപത്യപരമായ രീതിയിൽ ചർച്ചചെയ്ത് പരിഹാരം കണ്ട് മുന്നോട്ട് പോകേണ്ട ഒരു പ്രശ്നമാണ് ഇപ്പോൾ മാനേജ്മെന്റിന്റെ നിലപാടിന്റെ ഭാഗമായുള്ളത്. കമ്പനി തുറന്ന് പ്രവർത്തിക്കണമെന്ന് തന്നെയാണ് സർക്കാരിന്റെ അഭിപ്രായം. അതിനാവശ്യമായ എല്ലാ സഹായങ്ങളും നൽകും. തുറന്ന പ്രവർത്തിപ്പിക്കാനാവശ്യമായ കൂടിയാലോചനകൾ ഇനിയും നടത്തേണ്ടതുണ്ടെങ്കിൽ നടത്തും. കേരളത്തിലെ വ്യവസായ സൗഹൃദാന്തരീക്ഷത്തിന് ഇതിന്റെ ഭാഗമായി ഒരു പരിക്കുമുണ്ടാകില്ല. ഇതിന്റെ ഭാഗമായി ഏതെങ്കിലും വ്യവസായികൾക്ക് നിരാശയോ പ്രശ്നങ്ങളോ രൂപപ്പെട്ടുമെന്ന് സർക്കാർ കരുതുന്നില്ല. സ്വാഭാവികമായി ഉണ്ടാകുന്ന തൊഴിൽത്തർക്കത്തിന്റെ ഭാഗമായി ചർച്ചകളിലൂടെ പരിഹരിക്കേണ്ട ഈ വിഷയം ഇല്ലാത്ത ഭീതി പരത്തി ഒരു അടിയന്തരപ്രമേയമായി അവതരിപ്പിക്കേണ്ട യാതൊരു സാഹചര്യവുമില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, സംസ്ഥാനത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ ബഹുമാനപ്പെട്ട മന്ത്രി ധാരാളം കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണെന്നാണ് ഞങ്ങൾക്കും തോന്നിയിട്ടുള്ളത്. പക്ഷേ അദ്ദേഹത്തിന്റെ ഇന്നത്തെ മറുപടി കേട്ടപ്പോൾ കേരളത്തിൽ ഒരു വ്യവസായവും വരാൻ പോകുന്നില്ലെന്നുള്ള കാര്യം മനസ്സിലായി. കഴിഞ്ഞ നാല് പതിറ്റാണ്ടായി വിദേശ രാജ്യങ്ങളിലേയ്ക്ക് സുഗന്ധവ്യഞ്ജനങ്ങൾ കയറ്റുമതി ചെയ്യുന്ന സ്ഥാപനമാണ് സിന്തൈറ്റ് ഇൻഡസ്ട്രീസ്. ഇന്ത്യൻ മാർക്കറ്റിൽ 50 ശതമാനത്തിനുമുകളിൽ കൊടുത്തുകൊണ്ടിരിക്കുന്ന ഒരു സ്ഥാപനം എന്നുപറഞ്ഞാൽ അത് എത്രമാത്രം വലുതായിരിക്കുമെന്ന് അങ്ങേയ്ക്കും ഊഹിക്കാം. എന്നാൽ കഴിഞ്ഞ പത്ത് ദിവസമായി കമ്പനി അടച്ചുപൂട്ടിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു, പല യൂണിറ്റുകളിലായി, കേരളത്തിനകത്തും പുറത്തുമായി മൂവായിരത്തോളം തൊഴിൽ നൽകിയിരിക്കുന്ന ഒരു കമ്പനിയാണ് സിന്തൈറ്റ് ഇൻഡസ്ട്രീസ് എന്നുള്ളത്. സമരം നടക്കുന്ന യൂണിറ്റിൽ 660-ൽപ്പരം തൊഴിലാളികളാണിപ്പോൾ ജോലിയെടുത്തുകൊണ്ടിരിക്കുന്നത്. മൂന്ന് മാസം മുമ്പ് ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് അവിടെ സമരം നടത്തിയിരുന്നു. പുറത്ത് സമരപ്പന്തൽ കെട്ടിയാണ് അന്ന് സമരം നടത്തിയത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സമരം പിൻവലിച്ചതാണ്. പക്ഷേ കഴിഞ്ഞ ശനിയാഴ്ച അർദ്ധരാത്രി മുതൽ ഇന്നേയ്ക്ക് പത്താം ദിവസമാകാൻ പോകുകയാണ്. അവിടെ ജോലിക്കെത്തുന്ന ഒരാളെയും അകത്തേയ്ക്ക് കയറ്റാതെ, 90 ശതമാനം ആളുകൾ മറ്റൊരു സ്വതന്ത്ര യൂണിയനിൽ പ്രവർത്തിക്കുമ്പോൾ, 10 ശതമാനത്തിൽ താഴെയുള്ള സി.ഐ.ടി.യു.

യൂണിയനിൽപ്പെട്ട ആളുകൾ ഭരണത്തിന്റെ സ്വാധീനത്തിൽ പോലീസിനെ ഉപയോഗിച്ച് അവിടെ അക്രമം അഴിച്ചുവിട്ടിരിക്കുകയാണ്. അവിടെ ജോലിക്കുവന്ന ഒരു സൂപ്പർവൈസറെ അതിക്രൂരമായി മർദ്ദിച്ചു. അദ്ദേഹത്തെ കോലഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഐ.സി.യു.വിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ജോലിക്കെത്തുന്ന തൊഴിലാളികൾക്ക് സംരക്ഷണം കൊടുക്കണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് നിലനിൽക്കുമ്പോൾ, ജോലിക്കെത്തുന്ന ആളുകൾക്ക് സംരക്ഷണം കൊടുക്കാതെ സി.ഐ.ടി.യു.ക്കാരായ സമരക്കാർക്ക് സംരക്ഷണം കൊടുക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇവിടെ എന്താണ് നടക്കുന്നത്? ജോലിക്കെത്തുന്ന ആളുകളോട് ക്രമസമാധാന പ്രശ്നമുണ്ടാക്കാതെ പിരിഞ്ഞു പോകണമെന്ന് പോലീസ് പറയുകയാണ്. ഇതിനുവേണ്ടിയാണോ ഹൈക്കോടതി ഉത്തരവിട്ടിരിക്കുന്നത്? ജോലിക്കെത്തുന്നവർക്ക് സംരക്ഷണം കൊടുക്കാനാണ് ഉത്തരവിട്ടിരിക്കുന്നത്. എന്നിട്ടിപ്പോൾ ബഹുമാനപ്പെട്ട മന്ത്രിപോലും വളരെ സിമ്പിളായ മറുപടിയാണ് പറഞ്ഞിരിക്കുന്നത്. ഈ വിഷയം അവസാനിക്കട്ടെ എന്നുകരുതി ഞാൻ കഴിഞ്ഞ ദിവസം ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി എന്താണെന്നുപോലും എനിക്ക് മനസ്സിലായില്ല. മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും പ്രൈവറ്റ് സെക്രട്ടറിമാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അപമാനിക്കുന്ന തരത്തിൽ മറുപടി എഴുതിക്കൊടുത്തു. എന്റെ കയ്യിൽ ആ മറുപടിയുണ്ട്. അതിൽ അദ്ദേഹം ഒരു കാര്യം സമ്മതിക്കുന്നുണ്ട്, ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ പോലീസ് സംഘം ക്യാമ്പ് ചെയ്ത് കമ്പനിക്കും ജോലിക്കെത്തുന്ന ജീവനക്കാർക്കും സുരക്ഷിതത്വം ഒരുക്കിയിട്ടുണ്ടെന്ന്. എങ്കിൽ അഞ്ഞൂറിലധികം വരുന്ന ജോലിക്കാർക്ക് എന്തുകൊണ്ടാണ് അകത്തേയ്ക്ക് കടക്കാൻ കഴിയാത്തത്? ഒന്നുകിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഉദ്യോഗസ്ഥരോ പോലീസോ തെറ്റിദ്ധരിപ്പിക്കുന്നു അല്ലെങ്കിൽ പോലീസ് ഇങ്ങനെയൊക്കെയേ ചെയ്യുകയുള്ളൂ എന്ന് കഴിഞ്ഞ എല്ലാ സംഭവങ്ങളിലുമെന്നപോലെ ഈ സംഭവത്തിലും തെളിയിച്ചിരിക്കുകയാണ്. സിന്തൈറ്റ് ഗ്രൂപ്പ് സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു പ്രസ്ഥാനമാണെന്നുള്ളത് ഇവിടെയിരിക്കുന്ന മന്ത്രിമാർക്കും അറിയാം. നമ്മുടെ സംസ്ഥാനത്തിന്റെ അഭിമാനമായ നെടുമ്പാശ്ശേരി വിമാനത്താവളത്തിന് ആദ്യ സംഭാവന നൽകി വിമാനത്താവളം നിർമ്മിക്കാനുള്ള അവസരമൊരുക്കിയത് അവരാണ്. കോലഞ്ചേരിയിലെ കടയിരിപ്പ് എന്ന സ്ഥലത്ത് ഒട്ടനവധി ആശുപത്രികളും സ്കൂളുകളുമൊക്കെയുണ്ട്. അതൊക്കെ അവരുടെ സാമൂഹ്യക്ഷേമ ഫണ്ടുപയോഗിച്ച് ചെയ്തതാണ്. എറണാകുളത്തെ ജില്ലാ ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ പൈലിംഗ് നടത്താനായി അരക്കോടി രൂപ നൽകിയതും സിന്തൈറ്റ് ഇൻഡസ്ട്രീസാണ്. അരക്കോടി രൂപ നൽകിയതിന്റെ

പാരിതോഷികമായിട്ടായിരിക്കണം ആ കെട്ടിടത്തിന്റെ ഉദ്ഘാടനത്തിന് വന്നപ്പോൾ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പമന്ത്രി അദ്ദേഹത്തെ ആദരിച്ചത്. അദ്ദേഹത്തിന് വേണമെങ്കിൽ എന്റെ നിയോജകമണ്ഡലമായ കുന്നത്തുനാട് പ്രദേശത്തൊക്കെ കൊടുത്താൽ മതിയായിരുന്നു. പക്ഷേ ആര് എന്ത് ചോദിച്ചാലും വിദ്യാഭ്യാസ/ആരോഗ്യ കാര്യങ്ങളിൽ ഇഷ്ടംപോലെ പണം കൊടുത്ത് സഹായിക്കുകയും നാടിന് നന്മ ഉണ്ടാകുകയും ചെയ്യുന്ന കാര്യങ്ങളാണ് അദ്ദേഹം ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. കെ. ശശി: സർ,..................

ശ്രീ. വി. പി. സജീന്ദ്രൻ: സർ, എന്താണ് ഇവിടെ നടക്കുന്നത്...... (ബഹളം)....... ......അടിയന്തരപ്രമേയം ......

മി. സ്പീക്കർ: ശ്രീ. പി. കെ. ശശി, .... എന്താണിത്? നിങ്ങൾ അവിടെ ഇരിക്കൂ.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, എന്താണ് പ്രശ്നം; ഇവിടെ കാര്യങ്ങൾ പറയണ്ടേ..........(ബഹളം)..........

ശ്രീ. പി. കെ. ശശി: സർ,...............

മി. സ്പീക്കർ: പ്രതിപക്ഷം സംസാരിക്കുന്നിടത്ത് ഭരണകക്ഷി അംഗങ്ങൾക്ക് എന്താണ് കാര്യം? സഭ നടത്തിക്കൊണ്ട് പോകാൻ താൽപ്പര്യമില്ലേ? ശ്രീ. പി. കെ. ശശി, ശ്രീ. എ. എൻ. ഷംസീർ നിങ്ങൾ ഇരിക്കൂ.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, വസ്തുതയല്ലാത്ത ഒരു കാര്യവും ഞാൻ പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ നിയമസഭയിൽ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ, 2018 പാസ്സാക്കി. എന്തിനുവേണ്ടിയാണ് പാസ്സാക്കിയത്? ആ ബിൽ പാസ്സാക്കിയപ്പോൾ സബ്ജക്ട് കമ്മിറ്റിയിൽ ഞാനും അംഗമായിരുന്നു. നിരവധി ചർച്ചകൾ നടത്തി. നോക്കുകൂലി അടക്കമുള്ളത് നിരോധിക്കാൻ തീരുമാനമെടുത്തു. അത് നല്ല കാര്യമാണ്. അതുകൂടാതെ തൊഴിൽ സമരമില്ലാത്ത ഒരു സംസ്ഥാനമായി കേരളത്തെ മാറ്റണം, നിക്ഷേപകർക്ക് പച്ചപ്പരവതാനി വിരിക്കണം. ആ വകുപ്പുകളിലെല്ലാം അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നു. ബഹുമാനപ്പെട്ട സി. ദിവാകരൻ ഇപ്പോൾ സീറ്റിലില്ല, അദ്ദേഹത്തിന് അതിൽ വിയോജിപ്പുണ്ടായിരുന്നു, ട്രേഡ് യൂണിയനുകളെ തകർക്കുന്ന നിയമങ്ങളാണ് വരാൻ പോകുന്നതെന്ന് അദ്ദേഹം പറഞ്ഞു. എങ്കിലും ബഹുമാനപ്പെട്ട മന്ത്രി ഇടയ്ക്കിടെ ഓർമ്മിപ്പിക്കും നമ്മുടെ സംസ്ഥാനത്ത് നിക്ഷേപവും പുതിയ വ്യവസായവും തൊഴിലും കൊണ്ടുവരണ്ടേ അതുകൊണ്ട് നമുക്ക് പല

കാര്യങ്ങളിലും മാറ്റം വരുത്തിയേ മതിയാകൂ എന്ന്. ഞങ്ങൾ അങ്ങ് പറഞ്ഞതുകേട്ട് എല്ലാം അനുകൂലിച്ചു. ഇവിടെ തൊഴിലവസരങ്ങൾ കുറയുകയാണ്. വിദേശരാജ്യങ്ങളിലേയ്ക്ക് ഒരാൾക്കും പോകാൻ കഴിയുന്നില്ല. എല്ലാം സ്വദേശിവൽക്കരണത്തിലേയ്ക്ക് പോകുന്നു. ഗൾഫ് നാടുകളിൽനിന്നും മറ്റ് യൂറോപ്യൻ രാജ്യങ്ങളിൽനിന്നും ആളുകൾ ഇങ്ങോട്ട് കടന്നുവരുന്നു. അപ്പോൾ നമുക്കിവിടെ വ്യവസായങ്ങൾ കൊണ്ടുവരണം. അതിൽ ആർക്കും തർക്കമില്ല. ആയിരക്കണക്കിന് ആളുകൾ തൊഴിൽതേടി നമ്മുടെ സംസ്ഥാനത്ത് നിൽക്കുമ്പോൾ ഇവിടെ നിയമം മാറ്റി തൊഴിൽ കൊണ്ടുവരാനുള്ള അവസരമൊരുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി ആവശ്യപ്പെട്ടപ്പോൾ സബ്ജക്ട് കമ്മിറ്റിയിൽ വിയോജിപ്പുള്ള പലതും ഞങ്ങൾ അംഗീകരിച്ചു. അതുപോലെതന്നെ ഈ ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ക്ലാസ്- ഉടമസ്ഥന് ഇഷ്ടമുള്ള തൊഴിലാളികളെ ഉപയോഗിച്ച് കയറ്റിറക്ക് ചെയ്യാം, മെഷീനുകൾ ഉപയോഗിച്ച് കയറ്റിറക്ക് ചെയ്യാം. ഇപ്പോഴുള്ള ട്രേഡ് യൂണിയനുകൾക്ക് തൊഴിൽ നഷ്ടപ്പെടുമെന്ന് സബ്ജക്ട് കമ്മിറ്റിയിലുൾപ്പെടെ അന്ന് പറഞ്ഞു. അപ്പോൾ അതിൽ ചെറിയൊരു ഭേദഗതി വരുത്തി. ആ പ്രദേശത്ത് രജിസ്റ്റർ ചെയ്ത തൊഴിലാളി സംഘടനകളുണ്ടെങ്കിൽ അവർക്ക് തൊഴിൽ നൽകിയതിനുശേഷം മാത്രമേ മറ്റുള്ളവ പരിഗണിക്കാവൂ എന്ന ഭേദഗതി കൊണ്ടുവന്നു. നോക്കുകൂലി അടക്കമുള്ളവ നിരോധിച്ചു. പുതിയ നിയമം വന്നു. ഇത് എന്തിനുവേണ്ടിയായിരുന്നുവെന്ന് നമ്മൾ പരിശോധിക്കണ്ടേ? നിലവിലുള്ള വ്യവസായങ്ങളെ സംരക്ഷിക്കണ്ടേ? ഇവിടെ നോക്കുകൂലി പോലെ മറ്റൊരു കൂലിയുണ്ട്- തൊട്ടുകൂലി. ടച്ചിംഗ് കൂലി എന്നും പറയും. ടച്ചിംഗ് കൂലി എന്നുപറഞ്ഞാൽ, മെഷീനുകൾ സാധനങ്ങൾ ഇറക്കിക്കൊണ്ടിരിക്കും. പക്ഷേ നമ്മുടെ തൊഴിലാളികൾ ആ മെഷീനെ തൊട്ടുകഴിഞ്ഞാൽ തൊഴിലാളികൾക്ക് കൂലി നൽകണം. അതാണ് തൊട്ടുകൂലി. ആ തൊട്ടുകൂലി ഇപ്പോഴും നമ്മുടെ സംസ്ഥാനത്തുണ്ട്. അതുകൂടാതെ കട്ടിംഗ് കൂലിയുമുണ്ട്. കട്ടിംഗ് കൂലി തിരിച്ചുപിടിക്കേണ്ടി വന്നാൽ ഇവിടത്തെ രണ്ട് മന്ത്രിമാർ വാങ്ങിയ ശമ്പളംപോലും തിരിച്ചുകൊടുക്കേണ്ടിവരും. കാരണം രണ്ട് മന്ത്രിമാർക്ക് വകുപ്പുകളൊന്നുമില്ല. അവർ രാവിലെ ഇറങ്ങി കട്ടിംഗ് നടത്തുകയാണ്. അവർക്ക് നാട മുറിക്കൽ പണിയല്ലാതെ വേറൊന്നുമില്ല. പുതിയ നിയമം വന്നതിലെല്ലാം സന്തോഷമുണ്ട്.

തൊഴിലുമായി കേരളത്തിലേയ്ക്ക് ആരുവന്നാലും അവർ ആത്മഹത്യ ചെയ്യേണ്ട അവസ്ഥ വരികയാണ്. പത്തനാപുരത്ത് ഒരു പ്രവാസി ഗൾഫിൽനിന്ന് മടങ്ങിവന്ന് ഒരു ഷെഡ്ഡ് കെട്ടി നാലുപേർക്ക് തൊഴിൽ നൽകാൻ തീരുമാനിച്ചപ്പോൾ അവിടെ എ.ഐ.വൈ.എഫ്. കൊടി കുത്തി. അദ്ദേഹം ആത്മഹത്യ ചെയ്യേണ്ട സ്ഥിതി ഈ സംസ്ഥാനത്ത് വന്നില്ലേ?

ശ്രീ. പി. കെ. ശശി: സർ,..........

മി. സ്പീക്കർ: അദ്ദേഹം ഉന്നയിച്ച ആരോപണങ്ങൾക്ക് മറുപടി പറയാൻ ഇവിടെ മന്ത്രിമാരുണ്ട്. അവർ മറുപടി പറയും. നിങ്ങൾ അവിടെ ഇരിക്കൂ.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ആരെങ്കിലും നിക്ഷേപം നടത്താൻ മുന്നോട്ടുവന്നാൽ അവരെ ഇല്ലാതാക്കുന്ന സമീപനം സ്വീകരിക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. .....(ബഹളം)......... സിന്തൈറ്റ് ഇൻഡസ്ട്രീസിലെ സി.ഐ.ടി.യു. യൂണിയന്റെ നേതാവ് ശ്രീ. പി. കെ. ശശി ആണെന്നുള്ള കാര്യം ഇപ്പോൾ മനസ്സിലായി. പരസ്യം വളരെ മനോഹരമാണ്. കേരളത്തിലെ ആളുകൾ അറിയാതെ ഈ പരസ്യത്തിൽ വീണുപോയതുകൊണ്ടാണ് എല്ലാം ശരിയാക്കാമെന്ന് പറഞ്ഞപ്പോൾ ജനങ്ങൾ നിങ്ങൾക്ക് വോട്ട് ചെയ്തത്. നൂലാമാലകൾ നീക്കി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് - വ്യവസായ വകുപ്പിനെക്കുറിച്ച് പറയുന്നു, വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനുമായി നിലവിലുള്ള സർക്കാർ നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ച് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നടപ്പിലാക്കി ഇതിനായി 'ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്, 2018' പ്രാബല്യത്തിൽ കൊണ്ടുവന്നു. ഏഴ് ആക്ടുകളാണ് ഇതിലൂടെ ഭേദഗതി ചെയ്യപ്പെട്ടത്. ഇത് നടപ്പിലാക്കുന്നതിലൂടെ വ്യവസായരംഗത്ത് വലിയ മാറ്റമാണ് പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നത്. എന്ത് വ്യവസായ മാറ്റമാണ് പ്രതീക്ഷിക്കുന്നത്? ഇവിടെ പാസ്സാക്കിയ ഈ ബില്ലിന്റെ പേരുതന്നെ മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം നിക്ഷേപം സൗഹൃദമാക്കുന്ന ഈ സംസ്ഥാനത്ത് ആ ബില്ലിന് പ്രസക്തിയില്ല. മലയാള മനോരമ 6-6-2018-ൽ ഒരു മുഖപ്രസംഗം എഴുതി. അതിലെ അവസാന പാരഗ്രാഫുകൂടി വായിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. 'ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടാണ് മുമ്പ് സിന്തൈറ്റ് ഇൻഡസ്ട്രീസിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയതെന്നിരിക്കെ അദ്ദേഹത്തിനും സർക്കാരിനും ഇപ്പോഴത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നുതന്നെ പ്രത്യാശിക്കാം. അതിന് സാധിച്ചില്ലെങ്കിൽ അടയുന്നത് സിന്തൈറ്റിന്റെ വാതിലുകൾ മാത്രമായിരിക്കില്ല. ഇവിടെ വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്ന വ്യവസായികൾക്ക് കേരളത്തിലേയ്ക്കുള്ള വാതിലുകൾ കൊട്ടിയടയ്ക്കുകയായിരിക്കും' എന്ന് മലയാള മനോരമ പോലുള്ള പത്രങ്ങൾ എഡിറ്റോറിയൽ എഴുതിയിരിക്കുന്നു. ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. ഇതിന്റെ ഗൗരവം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾക്കൊള്ളുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇന്നുമുതൽ ജോലിക്ക് ഹാജരാകുന്ന തൊഴിലാളികൾക്ക് പോലീസ് സംരക്ഷണം നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനമെടുത്താൽ കേരളത്തിൽ

പാസ്സാക്കിയിരിക്കുന്ന നിയമം ചവറ്റുകുട്ടയിലിടാതെ വ്യവസായങ്ങളെ സ്വീകരിക്കാൻ കേരളത്തിന് കഴിയും. അല്ലെങ്കിൽ മലയാള മനോരമ ദിനപ്പത്രത്തിലെ എഡിറ്റോറിയൽ പോലെ കേരളം വ്യവസായങ്ങളുടെ ശവപ്പറമ്പായി മാറുമെന്ന കാര്യത്തിൽ സംശയമില്ലെന്ന് പറഞ്ഞുകൊണ്ട് ഈ വിഷയം അടിയന്തര പ്രാധാന്യമുള്ളതായതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സിന്തൈറ്റ് എന്ന വ്യവസായ സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ആർക്കും അഭിപ്രായ വ്യത്യാസമില്ല. അവർ കേരളത്തിലെ വ്യവസായരംഗത്ത് ഇടപെട്ട് സംസ്ഥാനത്തിന് ചെയ്ത സേവനങ്ങൾ സംബന്ധിച്ച് ആരും അഭിപ്രായ വ്യത്യാസം പ്രകടിപ്പിച്ചിട്ടില്ല. അവർ നാട്ടിൽ ചില സേവനങ്ങൾ ചെയ്യുന്നുണ്ട്. സിയാൽ കമ്പനിയും കേരളത്തിന് പുറത്തുള്ള മലയാളികൾ ഉൾപ്പെടെയുള്ളവരും സഹായിച്ചതുപോലെ സിന്തൈറ്റ് എന്ന സ്ഥാപനവും സഹായിച്ചിട്ടുണ്ടാകും. എന്നാൽ അതല്ല ഇവിടത്തെ വിഷയം. ട്രേഡ് യൂണിയൻ പ്രവർത്തനം അനുവദിക്കുന്നില്ല എന്നുള്ളതിനോട് യോജിക്കാനാകുമോ? ഞങ്ങൾ ഒരു ട്രേഡ് യൂണിയൻ ഉണ്ടാക്കിയിട്ടുണ്ട്; അതിനപ്പുറം ഒരു ട്രേഡ് യൂണിയനും പാടില്ലെന്ന സമീപനം ധിക്കാരത്തോടും ധാർഷ്ട്യത്തോടും പറയുകയാണ്. ഞാൻ എന്റെ അനുഭവമാണ് പറയുന്നത്. യോഗം തുടങ്ങുമ്പോൾ കമ്പനിയിലെ ബോർഡ് മെമ്പർമാർ എല്ലാവരും ഉണ്ടായിരുന്നു. കേരള ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വലിയ പിന്തുണയാണ് നൽകിയതെന്ന് പറഞ്ഞുകൊണ്ടാണ് അവർ യോഗം തുടങ്ങിയത്. എറണാകുളത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വ്യവസായ പ്രമുഖരുടെ യോഗം വിളിച്ചിരുന്നു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി നിയമഭേദഗതി പൂർണ്ണമായും നടപ്പിലാകുന്നതിന് മുമ്പുണ്ടായ ഗുണപരമായ മാറ്റത്തെക്കുറിച്ചും അനുമതി ലഭിക്കുന്ന കാര്യങ്ങളെക്കുറിച്ചുമാണ് അന്ന് വ്യവസായികൾ അവരുടെ അനുഭവങ്ങൾ പങ്കുവച്ചത്. ആ നിയമം ഐകകണ്ഠ്യേനയാണ് പാസ്സാക്കിയത്. അതിന്റെ ഭാഗമായി കേരളത്തിൽ പുതിയൊരു അന്തരീക്ഷം വളർന്ന് വന്നിട്ടുണ്ടെന്നുള്ളത് ശരിയാണ്. എന്നാൽ ഇതുമായി ബന്ധപ്പെടുത്തി അനാവശ്യമായ ഭീതിയുണ്ടാക്കേണ്ട കാര്യമില്ല. ഇതൊരു തൊഴിലാളി പ്രശ്നമാണ്. ആ തൊഴിലാളി പ്രശ്നം തൊഴിൽ നിയമം അനുസരിച്ച് പരിഹരിക്കണ്ടേ? അതിനാണ് ആദ്യഘട്ടത്തിൽ ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. മുമ്പ് ഇങ്ങനെ മാറ്റമില്ലാത്തതാണ്. അവരുടെ കമ്പനിതന്നെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആന്ധ്രാപ്രദേശിലും തമിഴ്നാട്ടിലും കർണ്ണാടകയിലും

തൊഴിലാളികളെ കൊടുത്താൽ രണ്ടോ മൂന്നോ മാസം കഴിയുമ്പോൾ തിരിച്ചുകൊണ്ടുവരും. ഈ തൊഴിലാളികളുടെ കാര്യത്തിൽ അതുണ്ടായില്ല. അപ്പോഴാണ് ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടന്നതും അതിന്റെ ഭാഗമായി രോഗമുള്ള മൂന്ന് തൊഴിലാളികളെ രണ്ട് മാസത്തിനുള്ളിൽ തിരിച്ചുകൊണ്ടുവരാമെന്ന വ്യവസ്ഥയും റഫറണ്ടം നടത്താമെന്ന തീരുമാനവുമുണ്ടായത്. തൊട്ടടുത്ത ദിവസംതന്നെ ആ വ്യവസ്ഥ ലംഘിക്കുകയാണ് ചെയ്തത്. ലേബർ കമ്മീഷണറുടെ തീരുമാനം നിലനിൽക്കുമ്പോൾത്തന്നെ 18 പേരെ മാറ്റുകയാണ് ചെയ്തത്. 18 പേരെ മാറ്റാനുള്ള മാനേജ്മെന്റിന്റെ അവകാശത്തെ ആരും ചോദ്യം ചെയ്യുന്നില്ല. കമ്പനി വ്യവസ്ഥയിൽ പറഞ്ഞിട്ടുണ്ടെങ്കിൽ തൊഴിലാളി നിയമത്തിന് വിധേയമായി മാറ്റങ്ങളാകാം. പക്ഷേ, ഇത് ഏകപക്ഷീയമായി വന്നു എന്നുള്ള പ്രശ്നം കമ്പനി മാനേജ്മെന്റ് എന്നോട് സമ്മതിച്ചതാണ്. യാദൃശ്ചികമായിപ്പോയെന്നാണ് മാനേജ്മെന്റ് പറയുന്നത്. അതിന്റെ ഭാഗമായാണ് പ്രശ്നം രൂപപ്പെട്ടത്. അത്തരമൊരു സമീപനമുണ്ടായപ്പോൾ കമ്പനിക്ക് സംരക്ഷണം കൊടുക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. മൂവാറ്റുപുഴ ഡിവൈ.എസ്.പി., രണ്ട് സി.ഐ.മാർ, 17 എസ്.ഐ.മാർ, 69 സി.പി.ഒ., 9 വനിതാ പോലീസ് കോൺസ്റ്റബിൾമാർ ഉൾപ്പെടെയുള്ള ഒരു സംഘത്തെ ആ കമ്പനിയുടെ പ്രവർത്തനത്തെ സഹായിക്കാനും എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് ഒഴിവാക്കാനുമുള്ള സന്നാഹം ഗവൺമെന്റ് ഒരുക്കിയിട്ടുണ്ട്. ഒരു വ്യവസായിയോട് നിഷേധാത്മകമായ സമീപനമല്ല ഗവൺമെന്റ് സ്വീകരിച്ചത്, ആ സ്ഥാപനം നിയമവിധേയമായി പ്രവർത്തിച്ചു പോകണമെന്ന അഭിപ്രായത്തിന്റെ ഭാഗമായിത്തന്നെയാണ്. എന്നാൽ ആദ്യദിവസം ചില അനിഷ്ട സംഭവങ്ങളുണ്ടായപ്പോൾ ആ കമ്പനിക്കെതിരെ ചില പ്രശ്നങ്ങളും പരാതികളും ഉണ്ടായിട്ടുണ്ട്. പരാതിയിൽ കഴമ്പുണ്ടോയെന്ന് പോലീസ് അന്വേഷിച്ച് തെളിയിക്കേണ്ടതാണ്. അതിന്റെ ഭാഗമായി 8 കേസ്സുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. വഴിയിൽ തടഞ്ഞുവെന്നത് ഉൾപ്പെടെയുള്ള പരാതികളുടെ അടിസ്ഥാനത്തിൽ പോലീസ് പക്ഷപാതപരമായ സമീപനം സ്വീകരിച്ചിട്ടില്ല. ആ വ്യവസായ സ്ഥാപനം തുടർന്നുകൊണ്ടുപോകാൻ ബഹുമാനപ്പെട്ട ഹൈക്കോടതി സംരക്ഷണം കൊടുക്കണമെന്ന് പറയുന്ന എല്ലാ വ്യവസ്ഥകളും പാലിക്കാനാവശ്യമായ പോലീസ് സന്നാഹം ഗവൺമെന്റ് ഒരുക്കിയിട്ടുണ്ട്. പോലീസ് നോക്കുകുത്തിയായി, ഭരണകക്ഷിയായ സി.ഐ.റ്റി.യു.-ക്കാരെ സഹായിച്ചുവെന്ന ആക്ഷേപം ശരിയല്ല. നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നവും നിയമസഭാ സബ്ജക്ട് കമ്മിറ്റിയിലെ വിഷയവും ഇവിടെ സൂചിപ്പിച്ചു. മുതലാളിക്ക് ഇഷ്ടമില്ലാത്തവർ സ്ഥാപനത്തിൽ പാടില്ലെന്നും ഇഷ്ടമുള്ളവരെ മാത്രമേ തൊഴിലിനെടുക്കാൻ കഴിയൂവെന്നും പറയുന്ന നിയമം കേരളത്തിൽ അംഗീകരിക്കാൻ കഴിയുമോ? ചില സംസ്ഥാനങ്ങളിൽ

അത്തരം നിയമം വരുന്നുണ്ട്. കേരളത്തിൽ യു.ഡി.എഫ്.ന്റെയോ ഐ.എൻ.ടി.യു.സി.യുടെയോ ഭാഗത്ത് നിന്നാണെങ്കിലും അങ്ങനെയൊരു സമീപനം സ്വീകരിക്കാനാകുമോ? മുതലാളിക്ക് ഇഷ്ടമുള്ളവർ മാത്രം സ്ഥാപനത്തിൽ പണിയെടുത്താൽ മതിയെന്നുള്ള ജനാധിപത്യ വിരുദ്ധമായ പ്രശ്നത്തെ ചോദ്യം ചെയ്യാൻ തൊഴിലാളിക്ക് അവകാശമില്ലേ? ആ അവകാശം നിലനിർത്തിക്കൊണ്ടുവേണം സ്ഥാപനം സുഗമമായി പ്രവർത്തിച്ചുപോകാൻ. ജനാധിപത്യക്രമത്തിൽ വൈദഗ്ദ്ധ്യത്തോടുകൂടി പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാൻ മാനേജ്മെന്റ് ശ്രമിക്കുന്നതിന് പകരം അവരുടെ ഭാഗത്തു നിന്നുണ്ടായ ചില ന്യൂനതകളാണ് പറയുന്നത്. എന്റെ നേതൃത്വത്തിൽ നടന്ന ചർച്ചയുടെ ഭാഗമായ കാര്യങ്ങളാണ് ഞാനിവിടെ സൂചിപ്പിച്ചത്. വ്യവസായ അന്തരീക്ഷത്തിലോ മറ്റേതെങ്കിലും മേഖലയിലോ ഒരു പ്രശ്നം ഉണ്ടായതായി ഞാൻ കരുതുന്നില്ല. തീർച്ചയായും ഈ പ്രശ്നം വീണ്ടും ചർച്ച ചെയ്യാനും ആവശ്യമായ സംരക്ഷണം കൊടുക്കാനും സർക്കാർ തയ്യാറാണ്. ഇപ്പോൾ നിങ്ങൾക്ക് ആവശ്യമായ പ്രൊട്ടക്ഷനുണ്ടെന്നും കമ്പനി തുറന്ന് പ്രവർത്തിപ്പിക്കണമെന്നും ഞാൻ മാനേജ്മെന്റിനോട് അഭ്യർത്ഥിച്ചു. ഇപ്പോൾ കമ്പനി തുറക്കാത്തത് മാനേജ്മെന്റാണ്. ആ വിഷയത്തിൽ വീണ്ടും ചർച്ചയ്ക്ക് തയ്യാറാകും; വാതിലുകൾ അടച്ചിടുകയില്ല. തീർച്ചയായും നമുക്ക് ആ പ്രശ്നം പരിഹരിക്കാനാകും. തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. അതുപോലെ മാനേജ്മെന്റിന്റെ താല്പര്യത്തിന് വിധേയമായി, അതിനിടയിൽ നിന്നല്ല നമ്മൾ തീരുമാനിക്കുന്നത്. തൊഴിലാളികളുടെ ഭാഗത്തുനിന്നും അന്യായമായ എന്തെങ്കിലും നീക്കമുണ്ടെങ്കിൽ അതിനെ തടയാനും വ്യവസായം സുഗമമായി നടത്തിക്കൊണ്ടുപോകാനും കഴിയുന്ന എല്ലാ സാഹചര്യവും ഒരുക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. ഇനിയും ചർച്ച ചെയ്ത് ആ പ്രശ്നത്തിന് പരിഹാരം കാണണം എന്നുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇടപെട്ടത് ഞാൻ സൂചിപ്പിച്ചു. അദ്ദേഹം ഈ പ്രശ്നത്തിൽ ഇടപെട്ട ദിവസംതന്നെ ഞാൻ അവരെ ചർച്ചയ്ക്ക് വിളിക്കുകയുണ്ടായി. സ്വാഭാവികമായും ഇത്തരം തൊഴിൽ പ്രശ്നത്തെ അതിന്റെ അടിസ്ഥാനത്തിൽ കാണാതെ, ഒരു അടിയന്തര പ്രമേയത്തിന്റെ വലിപ്പത്തിൽ കൊണ്ടുവന്ന് കേരളത്തിനാകെ മോശമാണ് എന്നൊരു പുതിയ സന്ദേശം പ്രചരിപ്പിക്കുന്നത് ഗുണകരമാകില്ല. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇംഗ്ലീഷിൽ 'Ostentatious' എന്നൊരു വാക്കുണ്ട്. പുറമേ ഒരു കാര്യം പറയുകയും അതോടൊപ്പം വിപരീതമായി മറ്റൊരു കാര്യം ചെയ്യുക എന്നതാണ് അതിനർത്ഥം. ഏതായാലും ഞാൻ അങ്ങനെ അതിനെ വിശേഷിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട എ. സി. മൊയ്തീൻ കാര്യങ്ങൾ നന്നായി പഠിച്ച് പറയുന്ന ഒരു മന്ത്രിയാണെന്നാണ് എന്റെ വിശ്വാസം. പക്ഷെ ഇന്ന് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് ആ ധാരണ മാറി. ഇന്ന് അദ്ദേഹം പറഞ്ഞത്, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ഈ ഗവൺമെന്റിന്റെ നയമെന്നാണ്. എന്നാൽ അതിന് കടകവിരുദ്ധമായ സമീപനമാണ് ഇവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഏതെങ്കിലുമൊരു തൊഴിൽ സ്ഥാപനത്തിൽ തൊഴിൽത്തർക്കമുണ്ടായാൽ അത് പറഞ്ഞ് പരിഹരിക്കാനുള്ള നേതൃത്വമാണ് ഏറ്റെടുക്കേണ്ടത്. ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ.യുടെ നിയോജകമണ്ഡലത്തിൽ ഈ സംഭവം ഉണ്ടായപ്പോൾ അദ്ദേഹം എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. 2000-ത്തോളം തദ്ദേശവാസികൾക്ക് പ്രയോജനം ചെയ്യുന്ന വിധത്തിലാണ് ഈ സ്ഥാപനം 1972 മുതൽ പ്രവർത്തിച്ചുവരുന്നത്. ഇതുവരെ ആ സ്ഥാപനത്തിൽ ഇത്തരത്തിലുള്ള തർക്കങ്ങളൊന്നും ഇല്ലായിരുന്നു. ഇങ്ങനെ ഒരു പുതിയ പ്രശ്നം ഉണ്ടായിരിക്കുന്നുവെന്നും അതിൽ ഇടപെടണമെന്നും എന്നോട് പറഞ്ഞപ്പോഴാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ വിളിച്ച് ഇക്കാര്യം പറഞ്ഞത്. ഒരു തൊഴിൽ പ്രശ്നമുണ്ടായാൽ അതിന് പരിഹാരം കാണാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഞാൻ അദ്ദേഹത്തോട് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി അവരെ വിളിച്ച് ചർച്ച ചെയ്തുവെന്ന് പറഞ്ഞു. നമുക്കിവിടെ ആവശ്യമെന്താണ്; ഇവിടെ ഭയം ആരാണ് ഉണ്ടാക്കുന്നത്? ഇവിടെ വ്യവസായങ്ങളും നിക്ഷേപങ്ങളും വന്നാൽ അനാവശ്യമായ തൊഴിൽത്തർക്കങ്ങളും സമരങ്ങളുംമൂലം സംസ്ഥാനത്തിന്റെ വ്യവസായ അന്തരീക്ഷം ഇല്ലാതാകുകയും ആർക്കും ഇങ്ങോട്ട് വരാൻ കഴിയാത്ത അവസ്ഥയുണ്ടാകുകയും ചെയ്തിട്ടുള്ളതാണ്. അതൊക്കെ കഴിഞ്ഞകാല കഥകളായി മാറേണ്ടതായിരിക്കുന്നു എന്നാണ് വർത്തമാനകാലം നമ്മളെ പഠിപ്പിക്കുന്നത്. ഇന്ന് ലോകത്തെമ്പാടുമുള്ള രാജ്യങ്ങളും ഇന്ത്യയിലുള്ള വിവിധ സംസ്ഥാനങ്ങളും ഇൻവെസ്റ്റ്മെന്റിന് വേണ്ടിയാണ് ദാഹിച്ചുകൊണ്ടിരിക്കുന്നത്. ഇൻവെസ്റ്റ്മെന്റ് വരാനുള്ള യജ്ഞങ്ങളാണ് നടക്കുന്നത്. ഈ സന്ദർഭത്തിൽ ഒരു സംഭവം എന്റെ ശ്രദ്ധയിൽ വരികയാണ്. വിദേശത്തുനിന്ന് ചില നിക്ഷേപകർ ഒരിക്കൽ കർണ്ണാടകയിലെ മുഖ്യമന്ത്രിയെ കാണാൻ ബാംഗ്ലൂരിലെത്തി. ആ വിവരമറിഞ്ഞ് കർണ്ണാടകയിലെ മുഖ്യമന്ത്രിയുമായി ചർച്ച കഴിഞ്ഞ് അവരെ പ്രത്യേക വിമാനത്തിൽ ശ്രീ. ചന്ദ്രബാബു നായിഡു ആന്ധ്രാപ്രദേശിലേയ്ക്ക് കൊണ്ടുപോയത് അന്നൊരു വലിയ വാർത്തയായിരുന്നു. Investment, this is the new Mantra before today's world. നിക്ഷേപങ്ങൾ ആകർഷിക്കുകയും കൂടുതൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുകയും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നുള്ളതാണ് എല്ലാ രാജ്യങ്ങളും സംസ്ഥാനങ്ങളും ഇന്ന് ചെയ്തുകൊണ്ടിരിക്കുന്ന കാര്യം. ഇവിടെ വിവിധ

മുഖ്യമന്ത്രിമാർ ഒരു വ്യവസായ അന്തരീക്ഷം ഉണ്ടാക്കിയെടുക്കുന്നതിനുവേണ്ടിയാണ് മത്സരിക്കുന്നത്. വ്യവസായ സൗഹൃദം എന്നുള്ളത് വാക്കുകളിൽ മാത്രമല്ല പ്രവൃത്തിയിലും ഉണ്ടാകണം. 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' എന്നത് വാക്കുകളിലല്ല, പ്രവൃത്തിയിലും ഉണ്ടാകണം. ഗവൺമെന്റ് ഇവിടെ 7 നിയമങ്ങൾ കൊണ്ടുവന്നല്ലോ; സബ്ജക്ട് കമ്മിറ്റിയിലും സഭയിലും പ്രതിപക്ഷം പൂർണ്ണമായും അതിനോട് യോജിക്കുകയാണുണ്ടായത്. അന്ന് ഞങ്ങളെടുത്ത നിലപാട് പ്രായോഗിക സമീപനത്തോടുകൂടിയുള്ള നിലപാടാണ്. രാഷ്ട്രീയ അഭിപ്രായ വ്യത്യാസത്തിന്റെപേരിൽ കേരളത്തിൽ പുതിയ വ്യവസായങ്ങൾ വരുന്നതിനും ഇൻവെസ്റ്റ്മെന്റ് വരുന്നതിനുമുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഞങ്ങൾ എതിരായി നിന്നിട്ടില്ല. ഞങ്ങൾ അനുകൂലമായി നിന്നു. കാരണം, ഇനി നമുക്ക് നഷ്ടപ്പെടാൻ കഴിയില്ല. ഇനിയും നമുക്ക് വികസനം ഇല്ലാതാക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഞങ്ങൾ അത്തരത്തിലുള്ള നിലപാട് സ്വീകരിച്ചത്. കേരളത്തിൽ ഒന്നും നടക്കില്ലെന്ന ധാരണ മാറ്റാൻ കഴിഞ്ഞുവെന്നാണ് മന്ത്രിസഭയുടെ രണ്ടാം വാർഷികത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പത്രാധിപന്മാരുടെ യോഗത്തിൽ പറഞ്ഞത്. അതിലെന്തെങ്കിലും അർത്ഥമുണ്ടോ; ഇവിടെ പ്രശ്നങ്ങളുണ്ടാകുമ്പോൾ തൊഴിലാളികൾക്കെതിരായ നിലപാട് സ്വീകരിക്കണമെന്നും മുതലാളിയുടെ ഭാഗത്ത് നിൽക്കണമെന്നും ഞങ്ങളാരും പറഞ്ഞില്ല. പക്ഷെ, വിവേകപൂർവ്വം ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള രാഷ്ട്രീയമായ ഔന്നിത്യമാണ് ഗവൺമെന്റ് കാണിക്കേണ്ടത്. അത്തരം ഉന്നതമായ നിലപാടുകളാണ് സ്വീകരിക്കേണ്ടത്. ഇന്ന് കൊച്ചിയുടെ സ്ഥിതിയെന്താണ്; ഏതെങ്കിലുമൊരു വ്യവസായം അവിടെയുണ്ടോ? ഞാൻ നിങ്ങളെ മാത്രം കുറ്റപ്പെടുത്തുന്നതല്ല. നമ്മുടെ പൊതുസമൂഹം കാണേണ്ട ഒരു കാര്യമാണ്. കൊച്ചി ഒരു കാലത്ത് വ്യവസായ മേഖലയായിരുന്നു. പല കാരണങ്ങൾകൊണ്ട് ഓരോ വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടപ്പെടുന്നു. ഓരോ വ്യവസായങ്ങളും പുറത്തേയ്ക്ക് പോകുന്നു. കേരളത്തിന്റെ അഭിമാനമായിരുന്ന എഫ്.എ.സി.ടി. അതോടൊപ്പംതന്നെ എത്ര വ്യവസായങ്ങൾ, ഞാൻ എല്ലാത്തിന്റെയും പേര് പറയുന്നില്ല. തോഷിബ ആനന്ദ് ബാറ്ററീസ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കാർബറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്, ഇൻഡ്യൻ അലൂമിനിയം കമ്പനി ലിമിറ്റഡ് എന്നിങ്ങനെ ഓരോ വ്യവസായവും നമ്മുടെ സംസ്ഥാനത്തുനിന്ന് മാറിക്കൊണ്ടുപോകുകയാണ്. കാരണങ്ങൾ പലതാകാം. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തുണ്ടായതാണ് എന്നൊന്നും ഞാൻ പറയുന്നില്ല. കേരളത്തിൽ പരമ്പരാഗത വ്യവസായങ്ങൾ തകരുന്നു. യന്ത്രവൽക്കരണത്തിനെതിരെയുണ്ടായ അതിശക്തമായ സമരങ്ങൾ ഈ സംസ്ഥാനത്തിലെ പരമ്പരാഗത വ്യവസായങ്ങളെ മുഴുവൻ തകർത്തു. വ്യവസായങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നു. കശുവണ്ടി വ്യവസായം തമിഴ്നാട്ടിലേയ്ക്ക് പറിച്ചുനടപ്പെടുന്നു. ഇങ്ങനെയുള്ള ഒരു സംസ്ഥാനത്ത്, 1972 മുതൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനം, തൊഴിലാളികളുടെ ഭാഗത്തോ മുതലാളിയുടെ ഭാഗത്തോ തെറ്റുണ്ടാകട്ടെ, പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള

ഫലപ്രദമായ നടപടിയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. ഒരിക്കൽ ഇതുമായി ബന്ധപ്പെട്ട് യോഗം വിളിച്ച്, അതോടുകൂടി അവസാനിപ്പിക്കുന്നത് ശരിയാണോ; അങ്ങനെ അവസാനിപ്പിക്കേണ്ട ഒരു കാര്യമാണോ? ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി നമുക്ക് ഈ സംസ്ഥാനത്തെ മാറ്റിയെടുക്കണം. അക്കാര്യത്തിൽ പ്രതിപക്ഷ-ഭരണകക്ഷി വ്യത്യാസമൊന്നുമില്ല, ഞങ്ങൾ തർക്കമൊന്നും പറഞ്ഞിട്ടില്ല. 7 നിയമങ്ങൾ പാസ്സാക്കിയപ്പോൾ ഞങ്ങൾ തർക്കം പറഞ്ഞോ; ഏതെങ്കിലുമൊരു പുതിയ വ്യവസായം കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ ഇവിടെ കൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞോ; കഴിഞ്ഞില്ല. ഏതെങ്കിലുമൊരു പുതിയ ഇൻവെസ്റ്റ്മെന്റ് കേരളത്തിൽ തുടങ്ങാൻ കഴിഞ്ഞോ; ഇല്ല. നിലവിലുള്ള വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം ഇന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. സി. മൊയ്തീന്റെ പ്രസംഗം കുറച്ച് കൂടിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. സാധാരണഗതിയിൽ ശ്രീ. എ. സി. മൊയ്തീൻ അങ്ങനെ സംസാരിക്കുകയോ ഇടപെടുകയോ ചെയ്യുന്ന ഒരാളല്ല. ഇവിടെ തൊഴിലാളികളും മുതലാളിയും തമ്മിൽ തർക്കമുണ്ടായാൽ മുതലാളിയുടെ ഭാഗത്തുനിൽക്കണമെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷെ ഗവൺമെന്റിന് ഒരു കടമയുണ്ട്. ആ കടമയെന്ന് പറയുന്നത് രണ്ടു കൂട്ടരുമായി സംസാരിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നുള്ളതാണ്.

പുനലൂരിലെ ഒരു വ്യവസായിയുടെ കാര്യം പറഞ്ഞു. ഒരു പ്രവാസിയായിരുന്ന ആ പാവപ്പെട്ട ആൾ ഇവിടെ വന്ന് വർക്ക്ഷോപ്പ് തുടങ്ങാൻ ശ്രമിച്ചപ്പോഴുണ്ടായ സംഭവം നമ്മൾ കണ്ടതാണ്. നോക്കുകൂലി നിർത്തലാക്കിയെന്ന് പറഞ്ഞു. ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടമായിട്ടാണ് പറയുന്നത്. എവിടെയാണ് നിർത്തലാക്കിയത്; ഇന്നും നോക്കുകൂലി കൊടുക്കാതെ ഒരു കാര്യവും കേരളത്തിൽ നടക്കില്ല എന്ന നിലയിലേയ്ക്ക് മാറി. നോക്കുകൂലി നിർത്തിയെന്നുള്ള പ്രഖ്യാപനമല്ലാതെ യഥാർത്ഥത്തിൽ നോക്കുകൂലി നിർത്തപ്പെട്ടിട്ടില്ല എന്നുള്ളത് നമ്മൾ ഗൗരവമായി കാണേണ്ട കാര്യമാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ അപ്പുറത്തുനിന്ന് എപ്പോഴും ബഹളമാണ്. അതിനൊരു നിയന്ത്രണം വേണം. ... (ബഹളം)....

<u>മി. സ്പീക്കർ</u>: ദയവായി നിങ്ങൾ കമന്റ് ചെയ്യാതിരിക്കൂ. ചട്ടത്തിൽ 302 എന്നൊരു വകുപ്പുകൂടിയുണ്ട്. അത് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഇപ്പോഴും നോക്കുകൂലി വാങ്ങുന്ന എന്നുള്ള യാഥാർത്ഥ്യത്തെ അഡ്രസ്സ് ചെയ്തേ മതിയാകൂ. നമ്മളത് കണ്ടില്ലെന്ന് നടിച്ചിട്ട് കാര്യമില്ല. ഇടതുമുന്നണി അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന വ്യവസായങ്ങളെല്ലാം ലാഭത്തിലായി എന്നാണ് പറയുന്നത്. ഇതെന്ത് മാന്ത്രികവിദ്യയാണ്; എവിടെയാണ് അതുണ്ടായത്? രേഖകൾ

പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും, 'റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഇൻ കേരള' അതിനകത്തൊരു മാന്ത്രിക രഹസ്യമുണ്ട്. 2015-16-ൽ 41 വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാണെന്നാണ് രേഖകൾ പറയുന്നത്. 2016-17-ൽ ഇടതുമുന്നണി അധികാരത്തിൽ വന്നതിനുശേഷം ലാഭത്തിലായ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം 44 ആയി ഉയർന്നു. അതായത് 3 സ്ഥാപനങ്ങൾ ലാഭത്തിലായി എന്നാണ്. ഇതനുസരിച്ച് ലാഭത്തിൽ ചെറിയ വർദ്ധനവുണ്ടായി എന്നാണ് രേഖകൾ പറയുന്നത്. ഈ സമയത്ത് നഷ്ടവും കുത്തനെ ഉയരുകയാണ് ചെയ്തത്. ഈ സർക്കാരിന്റെ കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം 1891.63 കോടി രൂപയായി വർദ്ധിച്ചു. നഷ്ടത്തിന്റെ വളർച്ച 73.66 ശതമാനം. ഇതാണോ, ഇടതുമുന്നണി വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ മുഴുവൻ ലാഭത്തിലായി എന്നുപറഞ്ഞത്? അന്താരാഷ്ട്ര മാർക്കറ്റിലുണ്ടായ ഫ്ലക്ച്യുവേഷന്റെ ഫലമായി ടൈറ്റാനിയം ഉൾപ്പെടെയുള്ള ഒന്നുരണ്ട് കമ്പനികൾ മാത്രമാണ് ലാഭത്തിലായത്. ഇതെല്ലാം സർക്കാരിന്റെ കണ്ണ് തുറപ്പിക്കേണ്ടതാണ്. ഗവൺമെന്റ് നടത്തുന്ന സ്ഥാപനങ്ങൾപോലും ലാഭത്തിൽ കൊണ്ടുവരാൻ നമുക്ക് കഴിയുന്നില്ല. അപ്പോഴാണ് ലാഭത്തിൽ പ്രവർത്തിക്കുന്ന, പൊതുസമൂഹത്തിന് ഗുണകരമായി പ്രവർത്തിക്കുന്ന, രണ്ടായിരത്തിലധികം ആളുകൾക്ക് പ്രയോജനം ചെയ്യുന്ന ഒരു സ്ഥാപനം നിലനിർത്തിക്കൊണ്ടുപോകാനുള്ള ശ്രമമുണ്ടാകേണ്ടത്. മാന്ത്രികൻ മുതുകാടുപോലും ഈ സർക്കാരിനുമുന്നിൽ തോറ്റുപോകും. ആ നിലയിലാണ് ഇവരുടെ പ്രചരണം. പൊതുമേഖലാ സ്ഥാപനങ്ങളെ മുഴുവൻ ലാഭത്തിലാക്കിയെന്നാണ് പ്രചരണം. ഞാൻ അവസാനിപ്പിക്കുകയാണ്. തെങ്ങിന്റെ മണ്ടയിൽ വ്യവസായം വരില്ലെന്നാണ് കഴിഞ്ഞ ഇടതുമുന്നണി ഗവൺമെന്റിലെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീം പറഞ്ഞത്. എന്നാൽ കേരളത്തിൽ സാമ്പത്തികമായി മുന്നോട്ടുനയിക്കുന്ന വലിയ വിപ്ലവമായിരുന്നു തെങ്ങിന്റെ മണ്ടയിൽനിന്നുള്ള നീര ഉൽപ്പാദനം. അതുപോലും നന്നായി നടത്താൻ കഴിയാത്ത ഒരു ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെടണം എന്നാണ് എന്റെ അഭിപ്രായം. അദ്ദേഹം ഒരിക്കൽ ഇടപെട്ട് ഈ പ്രശ്നം പരിഹരിച്ചതാണ്. അതുകൊണ്ട് മുഖ്യമന്ത്രി ഇതിൽ ഇടപെട്ടുകൊണ്ട്, ഈ വ്യവസായം ഒരു പർട്ടിക്കുലറായ ആളിനോട് നമുക്ക് താൽപ്പര്യമുള്ളതുകൊണ്ട് പറയുന്നതല്ല, കേരളമൊരു തെറ്റായ സന്ദേശം നൽകരുത്, ഈ സഭ ഒരു തെറ്റായ സന്ദേശം നൽകരുത്. വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ ഭരണകക്ഷിയെപ്പോലെതന്നെ പ്രതിപക്ഷത്തിനും ഉത്തരവാദിത്വമുണ്ട്. അതുകൊണ്ട് വളരെ ഉത്തരവാദിത്വ ബോധത്തോടുകൂടിയാണ് ഞങ്ങൾ ഈ പ്രശ്നം ഉന്നയിക്കുന്നത്. Nip in the bud എന്നുപറഞ്ഞതുപോലെ മുളയിൽത്തന്നെ ഇത്തരം പ്രശ്നങ്ങൾ അവസാനിപ്പിച്ചുകൊണ്ട് ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് പ്രതീക്ഷ

നൽകുന്ന തരത്തിൽ ഇത്തരം സ്ഥാപനങ്ങളെ നിലനിർത്താനുള്ള ബാധ്യത നമുക്കുണ്ട്. അന്യ സംസ്ഥാനങ്ങളിലേയ്ക്ക് വ്യവസായം പറിച്ചുനടാതിരിക്കാനുള്ള ബാധ്യത നമുക്കെല്ലാവർക്കുമുണ്ട്. അതുകൊണ്ടാണ് ശ്രീ. വി. പി. സജീന്ദ്രൻ ഇങ്ങനെയൊരു അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിച്ചത്. ഏതായാലും മുഖ്യമന്ത്രി ഇക്കാര്യത്തിൽ മറുപടി പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. വ്യവസായ മന്ത്രിയുടെ സമീപനം നിരാശാജനകമായിപ്പോയി. അദ്ദേഹമത് മാറ്റിവയ്ക്കണം. ഞങ്ങൾ സി.ഐ.ടി.യു.വിനോ ഐ.എൻ.ടി.യു.സി.യ്ക്കോ എച്ച്.എം.എസ്.-നോ ഒന്നും എതിരല്ല. അവരൊക്കെ അവരുടേതായ അഭിപ്രായങ്ങൾ പറയും. അവർ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ തെറ്റുമില്ല. പക്ഷെ, നമ്മളൊരു തെറ്റായ സന്ദേശം നൽകരുത്. ഈ സംസ്ഥാനത്തെ പ്രമുഖ ദിനപത്രമായ മലയാള മനോരമ എഡിറ്റോറിയൽ എഴുതി, ഇന്ന് കേരളം മുഴുവൻ ചർച്ച ചെയ്യപ്പെടുന്ന വിഷയമായി മാറിയതുകൊണ്ടാണ് ഞങ്ങളിതിവിടെ കൊണ്ടുവന്നത്. ജനങ്ങളുടെ താൽപ്പര്യം, സംസ്ഥാന താൽപ്പര്യം, തൊഴിലാളികളുടെ താൽപ്പര്യം എല്ലാം കണക്കിലെടുത്തു കൊണ്ട് ശാന്തമായി ഈ പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഏതായാലും ഈ പ്രശ്നത്തിന്റെ പേരിൽ ഒരു വാക്കൗട്ടിന് ഞങ്ങൾ തയ്യാറാകുന്നില്ല. ഈ പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊള്ളണം എന്നാണ് എന്റെ അഭ്യർത്ഥന.

[10.00 AM]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ സംസ്ഥാനത്ത് ആരോഗ്യകരമായ ട്രേഡ് യൂണിയൻ പ്രവർത്തനമാണ് പൊതുവേ ട്രേഡ് യൂണിയനുകളെല്ലാം നടത്തിക്കൊണ്ടിരിക്കുന്നത്. ഏതെങ്കിലുമൊരു വ്യവസായം ട്രേഡ് യൂണിയൻ പ്രവർത്തനം കാരണം അലങ്കോലപ്പെട്ടുപോയിട്ടില്ല എന്നുള്ളതാണ് കേരളത്തിന്റെ പ്രത്യേകത. ഇത് വ്യവസായികൾതന്നെ സമ്മതിക്കുന്ന കാര്യമാണ്. പഴയകാലമല്ല ഇത് ആധുനിക കാലമാണ്. പഴയ കാലത്ത് ട്രേഡ് യൂണിയനുകളോട് ചില മാനേജ്മെന്റുകൾ വിരോധപരമായ സമീപനം കാണിച്ചിരുന്നു. അത്തരം മാനേജ്മെന്റുകളോട് കടുത്ത നിലപാട് ട്രേഡ് യൂണിയനുകളും സ്വീകരിച്ചിരുന്നു. എന്നാൽ ഒട്ടേറെ പ്രക്ഷോഭങ്ങളും സമരങ്ങളും നടത്തിയതിന്റെ ഭാഗമായി പൊതുവെ ആ മനോഭാവം മാറിയിട്ടുണ്ട്. ഇന്ന് എല്ലാ മാനേജ്മെന്റുകളും ആരോഗ്യകരമായി ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് മുൻതൂക്കം കൊടുക്കുന്നത്. വ്യവസായത്തിന്റെ നിലനിൽപ്പിലൂന്നിക്കൊണ്ടുള്ള ചർച്ചയാണ്, നിലപാടാണ് ട്രേഡ് യൂണിയനുകളും പൊതുവിൽ എടുത്തുവരുന്നത്. ഇവിടെ പരാമർശ വിധേയമായ സ്ഥാപനം കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടൊരു സ്ഥാപനമാണ്. ഒരുപക്ഷേ ആ രംഗത്ത് ആദ്യമായി വന്നതും മാതൃകാപരമായി

പ്രവർത്തിച്ചതും നല്ല രീതിയിൽ എക്സ്പോർട്ട് ചെയ്തുകൊണ്ട് ഈ രംഗം സമ്പുഷ്ടമാക്കിയതുമായ വ്യവസായ സ്ഥാപനമാണിത്. അതുകൊണ്ടുതന്നെ അതുമായി ബന്ധപ്പെട്ട് സാധാരണ നിലയിൽ ഒരുപ്രശ്നവും ഉണ്ടാകാറുമില്ല. അവിടെ നേരത്തെ ചില പ്രശ്നങ്ങൾ ഉയർന്നുവന്നിരുന്നു. അത് ചർച്ച നടത്തി പരിഹാരമായതുമാണ്. മാനേജ്മെന്റും ട്രേഡ് യൂണിയനും എല്ലാം അംഗീകരിച്ചുകൊണ്ട് ഒരു പൊതുവായ ധാരണയായി. ആ ധാരണയായതിന്റെ മൂന്നോ നാലോ ദിവസം കഴിഞ്ഞപ്പോൾത്തന്നെ ഒരു കൂട്ടം തൊഴിലാളികളെ ട്രാൻസ്ഫർ ചെയ്യുന്ന നിലയുണ്ടായി. അവിടെ സംഘടന രൂപീകരിച്ചതിന്റെ പേരിലുള്ള പകപോക്കൽ നടപടിയാണെന്നാണ് യൂണിയൻ പറയുന്നത്. ഇപ്പോൾ അവിടെയൊരു യൂണിയൻ രൂപീകൃതമായിരിക്കുന്നു. അവിടെ അസോസിയേഷൻ എന്ന നിലയിലാണ് നേരത്തെയൊരു സംഘടനയുണ്ടായിരുന്നത്. ഏതെങ്കിലുമൊരു കേന്ദ്ര ട്രേഡ് യൂണിയന്റേതായ ഒരു സംഘടനയല്ല ഈ അസോസിയേഷൻ. മൊത്തമായിട്ടുള്ളൊരു അസോസിയേഷനാണ്. എന്നാൽ വളരെലൈബ്രറിയിൽ വച്ചിട്ടുണ്ട്. ഉയർന്ന ചിന്തയുടെ ഭാഗമായി പറഞ്ഞാൽ എല്ലാവരും കൂടിയുള്ള യൂണിയനല്ലേ വേണ്ടത് എന്ന് ചിന്തിക്കാം. അത്തരത്തിലുള്ളൊരു യൂണിയനുമല്ല. ഒരു അസോസിയേഷന്റെ ഭാഗമായിട്ടാണ് ആ യൂണിയൻ പ്രവർത്തിക്കുന്നത്. സി.ഐ.ടി.യു.വിന്റെ നേതൃത്വത്തിലുള്ള ഒരു യൂണിയൻ കേന്ദ്ര ട്രേഡ് യൂണിയന്റെ ഭാഗമായി അവിടെ രൂപംകൊണ്ടു. ആ യൂണിയൻ വന്നതിനോട് ഈ മാനേജ്മെന്റിന് അല്പം എതിർപ്പുണ്ടായിരുന്നു. എന്തിനാണ് അങ്ങനെയൊരു നിലപാട് അവർ സ്വീകരിക്കുന്നതെന്ന് എനിക്കറിയില്ല. സാധാരണ നിലയ്ക്ക് അങ്ങനെയൊരു നിലപാട് സ്വീകരിക്കേണ്ട കാര്യമില്ല. കാരണം, ഏതെങ്കിലുമൊരു സ്ഥാപനത്തിൽ ട്രേഡ് യൂണിയൻ വരുന്നത് ആ സ്ഥാപനത്തെ അപകടപ്പെടുത്താനല്ല, തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ ഉന്നയിക്കുന്നതിനുവേണ്ടി മാത്രമാണ്. അവർ എന്തെങ്കിലും അമിതമായ ആവശ്യങ്ങൾ ഉന്നയിക്കുന്നുണ്ടെങ്കിൽ സാധാരണഗതിയിൽ മാനേജ്മെന്റ് സമ്മതിക്കാറുമില്ല. ഒരു യൂണിയനേയും സ്വാഭാവികമായും തടയേണ്ടൊരു നിലപാട് സ്വീകരിക്കേണ്ടതില്ല. യൂണിയൻ പ്രവർത്തനം ആരംഭിച്ചപ്പോൾ അതിനോടുള്ള പകപോക്കൽ പോലെയാണ് അവിടത്തെ നടപടികൾ വന്നത്. അത് പരിണതപ്രജ്ഞരായ ആ സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാൻ പാടില്ലാത്തൊരു കാര്യംതന്നെയായിരുന്നു. അത്തരമൊരു നിലപാട് അവസാനിപ്പിക്കുന്നതിനാണ് ലേബർ ഡിപ്പാർട്ട്മെന്റിന്റെ ഇടപെടലിലൂടെ സംഭാഷണം നടത്തുകയും ഒത്തുതീർപ്പുണ്ടാവുകയും ചെയ്തത്. അങ്ങനെയൊരു ഒത്തുതീർപ്പുണ്ടായി ആരോഗ്യകരമായൊരു അന്തരീക്ഷം അവിടെ വളർന്നുവന്നതാണ്. എന്നാൽ ഒരു കാരണവുമില്ലാതെ പെട്ടെന്നൊരു ദിവസം

ആളുകളെ കോയമ്പത്തൂരിലേയ്ക്ക് മാറ്റുന്നതിലൂടെയാണ് ആ തീരുമാനത്തിന് ലംഘനമുണ്ടാകുന്നത്. ഇവിടത്തെ കാലാവസ്ഥ കുറച്ച് ഡ്രൈ ആയതുകൊണ്ടാണ് തൊഴിലാളികളെ കോയമ്പത്തൂരിലേയ്ക്ക് മാറ്റിയതെന്നാണ് അതിന് പറയുന്ന കാരണം. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ഇടപെട്ട് സംസാരിച്ചപ്പോൾ ഇതിന് ഒന്നുരണ്ട് നിർദ്ദേശങ്ങൾ വച്ചു എന്നാണ് ഞാൻ അറിഞ്ഞത്. സാധാരണ ഇവർ തൊഴിലാളികളെ മറ്റ് സ്ഥലങ്ങളിലേയ്ക്ക് ഡെപ്യൂട്ടേഷനിലാണ് അയയ്ക്കുന്നത്. ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞാൽ അവർ ഇങ്ങോട്ട് തിരിച്ചുവരും. അതുപോലെ ഡെപ്യൂട്ടേഷനായിക്കൂടെയെന്ന് ചോദിച്ചപ്പോൾ അത് പറ്റില്ല, എന്നാൽപിന്നെ എല്ലാവരെയും ഒരുമിച്ച് അയയ്ക്കുന്നതിനുപകരം പകുതിപ്പേരെ അയച്ചിട്ട് പകുതിപ്പേരെ വേറൊരു തരത്തിലെടുക്കണമെന്ന് പറഞ്ഞപ്പോൾ അതിനും അവർ സന്നദ്ധരല്ല. ഇതാണ് ആ മാനേജ്മെന്റിന്റെ സമീപനം. ആ മാനേജ്മെന്റിനെക്കുറിച്ച് അങ്ങനെയൊരു തോന്നൽ ആർക്കുമുണ്ടാകില്ല. ഇവർ നേരത്തെ പ്രകടിപ്പിച്ച അതേ അഭിപ്രായംതന്നെയാണ് എല്ലാവർക്കുമുണ്ടാകുക. പക്ഷെ, ഇത്തരമൊരു നിലപാട് ഒരു മാനേജ്മെന്റും ഈ ആധുനികകാലത്ത് സ്വീകരിക്കാൻ പാടില്ലാത്തതാണ്. അത് പരിണതപ്രജ്ഞരായ മാനേജ്മെന്റാണോ പുതിയ ആൾക്കാരാണോ എന്നൊക്കെ നോക്കിയാൽ മാത്രമേ മനസ്സിലാകൂ. അതിന്റെയൊക്കെ ചില പ്രശ്നങ്ങൾ മാനേജ്മെന്റിന്റെ ഭാഗമായി അവിടെയുണ്ടാകും. ഏതായാലും ഈ പ്രശ്നം ന്യായമായി പരിഹരിക്കാൻ തന്നെയാണ് സർക്കാർ മുൻകയ്യെടുക്കുന്നത്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കും. വ്യവസായ മേഖലയിലെ ധാരാളം സുഹൃത്തുക്കൾ ഇതുമായി ബന്ധപ്പെട്ട് വിളിച്ച് ഈ പ്രശ്നം പരിഹരിക്കണ്ടേയെന്ന് ചോദിക്കുന്നുണ്ട്. അവരോട് ഇതാണ് മാനേജ്മെന്റിന്റെ സമീപനം, അവരുടെ സമീപനത്തിലും ഒരു തിരുത്തലാവശ്യമാണ്, നിങ്ങളുടെ സുഹൃത്ബന്ധമുപയോഗിച്ച് അവരുമായി സംസാരിക്കണം, എന്നാൽ നമുക്ക് പരിഹാരം എളുപ്പമാകുമെന്ന് ചിലരോടൊക്കെ ഞാൻതന്നെ പറഞ്ഞു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു പിടിവാശിയുമില്ല. സംസാരിക്കാം, പരിഹരിക്കാനുള്ള ശ്രമം നടത്താം, ആവശ്യമായ നടപടികൾ സ്വീകരിക്കാം, നല്ല അന്തരീക്ഷമുണ്ടാക്കാൻ നോക്കാം. എല്ലാവരും ഇതിന് സഹായകരമായ നിലപാട് സ്വീകരിക്കണം. എല്ലാവരുമെന്ന് പറയുന്നത് പ്രതിപക്ഷത്തെയല്ല ഉദ്ദേശിക്കുന്നത്. ഇതിൽ ബന്ധപ്പെട്ട കക്ഷികൾ സഹായകരമായ നിലപാട് സ്വീകരിക്കണം. ട്രേഡ് യൂണിയൻ സഹായകരമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അപ്പുറത്ത് അങ്ങനെ കാണുന്നില്ല. ആ നിലപാടുകൂടി വന്നാൽ ഈ പ്രശ്നം നല്ല രീതിയിൽ പരിഹരിക്കാൻ സാധിക്കും.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) സിനിമാ മേഖലയിലെ നികുതി വെട്ടിപ്പ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, സംസ്ഥാനത്ത് ചരക്ക് സേവന നികുതി പ്രാബല്യത്തിൽ വന്നാൽ സംസ്ഥാനത്തിന്റെ വരുമാനം വളരെയധികം വർദ്ധിക്കുകയും എല്ലാ സാധനങ്ങളുടേയും വില കുറയുമെന്നുമാണ് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നത്. പത്തിരുപതോളം ഐറ്റം സാധനങ്ങളുടെ വില കുറയുമെന്നാണ് ആദ്യം പ്രഖ്യാപിച്ചിരുന്നത്. ഇതെല്ലാം നമ്മൾ വളരെ സന്തോഷത്തോടെ കേട്ടു. വരുമാനം വർദ്ധിക്കുകയും സാധനങ്ങളുടെ വില കുറയുകയും ചെയ്യുന്നത് സന്തോഷമുള്ള കാര്യമാണെന്ന് വിചാരിച്ചു. ജി. എസ്. ടി. നിലവിൽ വന്നു. പക്ഷെ തെരഞ്ഞെടുപ്പിന് മുമ്പുമുതൽ ഇന്നുവരെ പറഞ്ഞ ഒരു കാര്യവും സത്യസന്ധമായി ചെയ്യാത്ത ഒരു പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ ഗവൺമെന്റും ഇക്കാര്യത്തിൽ സംസ്ഥാനങ്ങളെ കബളിപ്പിച്ചുകൊണ്ട് നമ്മുടെ രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെതന്നെ വെല്ലുവിളിച്ചിരിക്കുകയാണ്. പണവും അധികാരവും എവിടെയാണോ കുമിഞ്ഞുകൂടുന്നത് അവിടേയ്ക്ക് എല്ലാം ചെല്ലും. പണം മുഴുവൻ കേന്ദ്രത്തിൽ കുമിഞ്ഞുകൂടി, സംസ്ഥാന സർക്കാരുകൾ അവരുടെ മുന്നിൽ പണത്തിന് കൈനീട്ടി നിൽക്കുന്ന ഒരു സംവിധാനമാണ് ഇന്നുള്ളത്. ആ സംവിധാനത്തിന്റെ ഭാഗമായി നമ്മുടെ നാട് വലിയ പ്രശ്നങ്ങൾ നേരിടുകയാണ്.

എല്ലാ സാധനങ്ങൾക്കും വില കുറയുമെന്ന് പറഞ്ഞാണ് GST കൊണ്ടുവന്നത്. ഗുഡ്നൈറ്റ്, ഗുഡ്മോർണിംഗ് എന്നുപറയുന്നതുപോലെ രാത്രിയിലും രാവിലെയും പെട്രോളിന് വില കൂടുന്ന ഒരു രാജ്യത്താണ് നമ്മൾ ജീവിക്കുന്നത്. ലോകത്ത് ഏറ്റവും കൂടിയ വിലയ്ക്ക് പെട്രോളും ഡീസലും വാങ്ങുന്ന ഒരു രാജ്യമായി നമ്മുടെ നാട് വളർന്നതിൽ അഭിമാനമുണ്ട്. അതിന്റെ ഫലമെന്നു പറയുന്നത് സർവ്വ സാധനങ്ങളുടെയും വില വർദ്ധനവാണ്. GST വരുന്നതിനുമുമ്പ് VAT ആയിരുന്ന സമയത്ത് ഒരു വർഷം 10-20 ശതമാനമെങ്കിലും നമ്മുടെ വരുമാനത്തിൽ ഗ്രോത്തുണ്ടാകുമായിരുന്നു. കൃത്യമായ കണക്ക് ബഹുമാനപ്പെട്ട മന്ത്രിക്കുമാത്രമേ പറയാൻ കഴിയുകയുള്ളൂ. ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയില്ല. GST വന്നതിനുശേഷം ആന്വൽ ഗ്രോത്ത് 2%-ത്തിലേയ്ക്ക് പോയി. രണ്ടു ശതമാനമാണ് നികുതിയിലുണ്ടായ വർദ്ധനവ്. മാത്രമല്ല, നികുതി കൊടുക്കേണ്ട ചില ഡിസ്ട്രിബ്യൂഷൻ കമ്പനികളെല്ലാം GST-യിൽ നിന്നും രക്ഷപ്പെട്ടിരിക്കുകയാണ്. 20 ലക്ഷം രൂപയിൽ കൂടുതൽ കച്ചവടമില്ലാത്തതുകൊണ്ട് ഞങ്ങൾ നികുതിയുടെ

പരിധിയിൽ വരുന്നില്ലെന്നാണ് അവർ പറയുന്ന ന്യായം. GST സംവിധാനമുപയോഗിച്ച് അവർ തന്നെയാണ് അത് വോളന്ററിയായി ഡിക്ലയർ ചെയ്യേണ്ടത്. പക്ഷെ അവർ ഡിക്ലയർ ചെയ്യുന്നില്ല. അവർ ഒരു കമ്പനിയെ രണ്ട് കമ്പനിയാക്കിയും ടേൺ ഓവർ കുറച്ച് കാണിച്ചും ഇതിൽ നിന്ന് ഒഴിവാകുകയാണ്. അപ്പോൾ അവർക്ക് GST ഫയൽ ചെയ്യേണ്ട കാര്യമില്ല. മുമ്പ് സെയിൽസ് ടാക്സും VAT-ഉം ഉണ്ടായിരുന്നപ്പോൾ ഉദ്യോഗസ്ഥർക്ക് പരിശോധിക്കാനും എന്തെങ്കിലും മിസ്റ്റേക്ക് ഉണ്ടെങ്കിൽ അത് കണ്ടെത്തി ഫൈൻ ചെയ്യാനും കഴിയുമായിരുന്നു. ഇപ്പോൾ ആ അധികാരമില്ല, സെയിൽസ് ടാക്സിലെ ഉദ്യോഗസ്ഥർ കാഴ്ചക്കാരായി വെറുതെയിരിക്കുകയാണ്. പഴയ കേസുകൾ തീർപ്പാക്കുന്ന അവസ്ഥയാണ് ഇപ്പോൾ അവർക്കുള്ളത്. അവർക്ക് അവിടേയ്ക്ക് കടന്നുചെല്ലാനോ പരിശോധിക്കാനോ ഉള്ള യാതൊരു സംവിധാനവും നമ്മുടെ സംസ്ഥാനത്തിനും മറ്റ് പല സംസ്ഥാനങ്ങൾക്കുമില്ലാത്ത ഒരവസ്ഥയിലേയ്ക്ക് എത്തിച്ചേരുകയും ധാരാളം ആളുകൾ വൻതോതിൽ നികുതി വെട്ടിപ്പ് നടത്തുകയും ചെയ്യുന്നു. പ്രധാനപ്പെട്ട ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. ഞാൻ ഒരു സിനിമാനടനാണ്. സിനിമാനടനാണെങ്കിലും ആരാണെങ്കിലും സത്യം പറയുകയും നാടിന്റെ നന്മയ്ക്കുവേണ്ടി നിൽക്കുകയും ചെയ്യണം.

നികുതിയുടെ വരുമാനത്തിൽ ത്രിതല സംവിധാനത്തെ ഏറ്റവുമധികം ശക്തിപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഏറ്റവും വലിയ വരുമാനങ്ങളിൽ ഒന്നായിരുന്നു സിനിമയുടെ വിനോദ നികുതി. GST നിലവിൽ വന്നപ്പോൾ സിനിമാ പ്രവർത്തകർ ഈ സഭയിൽ വരികയും ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പങ്കെടുത്ത യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ കാര്യങ്ങൾ വിശദീകരിക്കുകയും കാര്യങ്ങൾ മനസ്സിലായ അദ്ദേഹം ഉടൻതന്നെ സിനിമാ മേഖല GST മാത്രം നൽകിയാൽ മതിയെന്നും വിനോദ നികുതി ഒഴിവാക്കിത്തരാമെന്നും പറഞ്ഞു. GST-യിൽ നിന്നും ലഭിക്കുന്ന പണം പഞ്ചായത്തുകൾക്ക് കൊടുക്കാമെന്ന നല്ല മനസ്സ് അദ്ദേഹം സ്വീകരിച്ചു. അത് അന്ന് ഒരു നല്ല തീരുമാനമായിരുന്നു. എന്നാൽ ഇന്ന് ആ തീരുമാനം പുന:പരിശോധിക്കേണ്ടിയിരിക്കുന്നു. കാരണം, തിയേറ്ററിൽനിന്നും ടിക്കറ്റ് നൽകുന്നതിന് യാതൊരു നിയന്ത്രണവുമില്ല. നൂറ് രൂപയിൽ കുറഞ്ഞ ടിക്കറ്റ് നിരക്കുള്ള ഒരു തിയേറ്ററും ഇന്ന് കേരളത്തിലില്ല. 100 കോടി ക്ലബ്ബിലേയ്ക്ക് പല സിനിമകളും കടക്കുന്നുണ്ട്. ആറാംതമ്പുരാൻ എന്ന സിനിമ റിലീസാകുന്ന സമയത്ത് ടിക്കറ്റ് ചാർജ്ജ് 50-60 രൂപയാണ്, മാക്സിമം 80 രൂപ വരെയായിരുന്നു.

ഇന്ന് കേരളത്തിലെ സിനിമാ ടിക്കറ്റ് നിരക്ക് 600 രൂപയ്ക്ക് മുകളിൽ വരെ എത്തിയിരിക്കുകയാണ്. ഇത് സാധാരണക്കാരായ ജനങ്ങളെ, സിനിമ കാണാൻ പോകുന്ന കുടുംബങ്ങളെ, ചെറുപ്പക്കാരെയാണ് ചൂഷണം ചെയ്യുന്നത്. തിരുവനന്തപുരത്തെ ഒരു തിയേറ്ററിലെ ടിക്കറ്റ് നിരക്ക് 500 രൂപയാണ്. അവർ കൃത്യമായ കണക്ക് കാണിക്കുന്നുവെന്ന് ഗവൺമെന്റിനോ സാംസ്കാരിക വകുപ്പിനോ സാംസ്കാരിക ക്ഷേമനിധിക്കോ എന്തെങ്കിലും ധാരണയുണ്ടോ? 2011-ൽ ഞാൻ സിനിമാ വകുപ്പുമന്ത്രിയായിരിക്കുന്ന സമയത്ത് ഈ പ്രശ്നങ്ങൾക്ക് പരിഹാരമായി ഒരു ടിക്കറ്റ് മെഷീൻ, അതായത് സാംസ്കാരിക ക്ഷേമനിധിയിലോ കെൽട്രോണിലോ ഗവൺമെന്റിന്റെ നിയന്ത്രണമുള്ള സെർവർ സ്ഥാപിച്ചുകൊണ്ട് അതിൽ നിന്ന് ടിക്കറ്റ് ഇഷ്യു ചെയ്താൽ കൃത്യമായി നികുതി ലഭിക്കുന്ന ഒരു രീതിയെപ്പറ്റി പറഞ്ഞിരുന്നു. ദൗർഭാഗ്യവശാൽ 2018-19 വർഷമായിട്ടും ആ മെഷീൻ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ വിഷയത്തിലിടപെടണം. ആ മെഷീൻ സ്ഥാപിക്കാൻ സാധിക്കാത്തതുകൊണ്ട് എന്ത് സംഭവിച്ചു എന്നതിന് ഞാൻ ഒരു കണക്ക് പറയാം. 100 രൂപ നിരക്കിലുള്ള ഒരു ടിക്കറ്റിന് 28 രൂപ GST നൽകണം. അത് നൽകുന്നുണ്ടോയെന്ന് ആരും പരിശോധിക്കുന്നില്ല. റിസർവേഷൻ ചാർജായി 10 രൂപ നൽകണം. ഇപ്പോൾ കേരളത്തിലെ മുഴുവൻ തിയേറ്ററുകളിലും ശ്രീ. രജനീകാന്തിന്റെ സിനിമയാണ് പ്രദർശിപ്പിക്കുന്നത്. വലിയ തിരക്കുമുണ്ട്. മറ്റ് ചില തിയേറ്ററുകളിൽ ജുറാസിക് വേൾഡ് എന്ന സിനിമയാണ് പ്രദർശിപ്പിക്കുന്നത്. അവിടെയും ഫുൾ കളക്ഷനാണ്. പല തിയേറ്ററുകളിലും മലയാള സിനിമ പ്രദർശിപ്പിക്കുന്നില്ല. കേരളത്തിലെ 99 ശതമാനം തിയേറ്ററുകളിലും അന്യഭാഷാ സിനിമകളായ ഈ രണ്ടു സിനിമകളാണ് ഇപ്പോൾ പ്രദർശിപ്പിക്കുന്നത്. 28 ശതമാനമേ അവർക്ക് ടാക്സുള്ളൂ. 500 ടിക്കറ്റുള്ള തിയേറ്ററിൽ രണ്ട് കമ്പ്യൂട്ടർ സ്ഥാപിച്ചാൽ ഒരു കമ്പ്യൂട്ടർ വഴി 200 ടിക്കറ്റ് വിതരണം ചെയ്യും. മറ്റൊരു കമ്പ്യൂട്ടർ വഴി 300 ടിക്കറ്റും വിതരണം ചെയ്യും. 300 ടിക്കറ്റ് വിതരണം ചെയ്യുന്ന കമ്പ്യൂട്ടറിലെ ഡാറ്റ ഡിലീറ്റ് ചെയ്താൽ 200 ടിക്കറ്റിന് ടാക്സടച്ചാൽ മതിയാകും. സിനിമ റിലീസ് ആകുമ്പോൾ തിരക്കുണ്ടെങ്കിൽ എല്ലാ സീറ്റും റിസർവേഷനായിരിക്കും. റിസർവേഷന് 10 രൂപയാണ്, അതിന് ടാക്സില്ല. 500 സീറ്റിന്റെ റിസർവേഷനെടുത്താൽ 5000 രൂപ ടാക്സില്ലാതെ തിയേറ്റർ ഉടമയ്ക്ക് ലഭിക്കും. ക്ഷേമനിധിക്കുവേണ്ടി 3 രൂപ വീതം പിരിക്കുന്നുണ്ട്. 500 ടിക്കറ്റിന് 1500 രൂപ പിരിയേണ്ടിടത്ത് 200 ടിക്കറ്റ് കാണിക്കുമ്പോൾ അതിന്റെ തുക കാണിച്ചാൽ മതിയാകും. കൂടാതെ ഒരു തിയേറ്ററിൽ 20 സീറ്റിന് ഒരു കാർ പാർക്ക് ചെയ്യാനുള്ള സൗകര്യമുണ്ടാകണമെന്ന് പഞ്ചായത്ത് നിയമത്തിൽ പറയുന്നുണ്ട്. എന്നാൽ ചില തീയേറ്ററുകൾ പാർക്കിംഗിനും 10 രൂപ വാങ്ങുന്നുണ്ട്. സിനിമകാണാൻ കാറുമായി വരുന്ന വ്യക്തിക്ക് നിയമപരമായി കാർ പാർക്കിംഗ് അവകാശമാണ്. 20 സീറ്റിന് ഒരു കാർ പാർക്ക് ചെയ്യാനുള്ള സൗകര്യമുണ്ടാകണമെന്ന് പഞ്ചായത്ത് നിയമത്തിൽ പറയുന്നതാണ്. കെട്ടിട

നിർമ്മാണ ചട്ടമനുസരിച്ചുള്ള പ്രൊവിഷൻ കൊടുത്തിട്ട് 10 രൂപ വാങ്ങുന്നത് കൊള്ളയല്ലേ? 5 രൂപ മുതൽ 10 രൂപ വരെയാണ് പല തിയേറ്ററുകളിലെയും റിസർവേഷൻ ചാർജ്. തിയേറ്ററുകളുടെ മെയിന്റനൻസിന് 1998-മുതൽ അന്നത്തെ സർക്കാരിന്റെ ജി.ഒ. ഉപയോഗിച്ച് 3 രൂപ വീതം പിരിച്ചിരുന്നു. ഇപ്പോൾ 5 രൂപയാണ് പിരിക്കുന്നത്. 7 രൂപയാക്കണമെന്ന് ആവശ്യപ്പെട്ടു, ആ തുക പിരിക്കുന്നുണ്ടോയെന്നും എനിക്കറിയില്ല. അത് പരിശോധിക്കണം. തിയേറ്ററിൽ നിന്നും 100 രൂപയ്ക്ക് ടിക്കറ്റെടുക്കുമ്പോൾ 25-ഓളം രൂപ അഡീഷണലായി പിരിക്കുന്നു. ഇത് കൊടുക്കേണ്ടത് ജനങ്ങളുടെ ഉത്തരവാദിത്വമായി മാറുന്നു. അത് ഗവൺമെന്റിന് ലഭിക്കുന്നുണ്ടെന്നുള്ളതിന് കണക്കുണ്ടോ? നമുക്ക് ഒരു കണക്കും ഇല്ല. ഇതൊരു ഉദാഹരണമാണ്. എനിക്ക് പരിചയമുള്ള മേഖലയിലെ നികുതി വെട്ടിപ്പ് എത്രത്തോളമാണെന്ന് പറയുകയാണ്. എല്ലാ തിയേറ്ററുകളും ഇങ്ങനെയാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ബഹുഭൂരിപക്ഷം തിയേറ്ററുകളിലും ഇത് നടക്കുന്നുണ്ട്. എന്നാൽ ഇത് കണ്ടുപിടിക്കുന്നതിന് നമുക്കൊരു സംവിധാനവുമില്ല. അതുകൊണ്ട് ഗവൺമെന്റ് അടിയന്തരമായി ഒന്നോ രണ്ടോ മാസത്തിനുള്ളിൽ കെൽട്രോണിനെയോ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെയോ ഉപയോഗിച്ച് കേരളത്തിൽ ടിക്കറ്റ് റിസർവേഷൻ കമ്പ്യൂട്ടർ വഴി ചെയ്യാനും ടിക്കറ്റെടുക്കുന്നതിനുള്ള മുഴുവൻ സംവിധാനവും സർക്കാർ നിയന്ത്രിത സെർവറിലേയ്ക്ക് കൊണ്ടുവരാനും നടപടിയെടുക്കണം. എന്നാൽ മാത്രമേ ഈ ബിസിനസ്സിന് അക്കൗണ്ടബിലിറ്റി ഉണ്ടാകൂ. സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിക്കണമെന്ന് ഞാൻ പറയില്ല. മൾട്ടിപ്ലക്സ് തീയേറ്ററിൽ ചെന്നാൽ 11.00 മണിക്കുള്ള ഷോയ്ക്ക് 175 രൂപ, 3.00 മണിക്കുള്ള ഷോയ്ക്ക് 250 രൂപ, 6.00 മണിക്കുള്ള ഷോയ്ക്ക് 400 രൂപ എന്നിങ്ങനെയാണ് ടിക്കറ്റ് നിരക്ക്. മൾട്ടിപ്ലക്സിൽ ഓരോ ഷോയ്ക്കും ഓരോ റേറ്റാണ്. റേറ്റ് അനുസരിച്ചുള്ള ടാക്സ് നമുക്ക് ലഭിക്കുന്നില്ല. നമുക്കത് കണ്ടുപിടിക്കാനുള്ള സംവിധാനവുമില്ല. അവർ പറയുന്നത് അംഗീകരിക്കുന്നതിന് അപ്പുറത്തേയ്ക്ക്, നമ്മുടെ സെർവറിലാണ് പ്രവർത്തിക്കുന്നതെങ്കിൽ ഓരോ തിയേറ്ററിലും എത്ര ടിക്കറ്റ് വിൽക്കുന്നുവെന്ന് കണ്ടുപിടിക്കാൻ കഴിയും. തമിഴ്നാട്ടിൽ കൊണ്ടുവന്നിട്ടുള്ള നിയമം നമ്മുടെ നിയമസഭയും പാസ്സാക്കേണ്ടതാണ്. തമിഴ്നാട്ടിൽ 125 രൂപയിൽ കൂടുതൽ ടിക്കറ്റ് ചാർജ് ഈടാക്കാൻ പാടില്ല. ഒരു തിയേറ്ററിൽ ഫുൾ റിസർവേഷൻ വയ്ക്കാൻ പാടില്ല. 10 ശതമാനം സീറ്റുകളിൽ 10 രൂപയ്ക്ക് പാവപ്പെട്ടവർക്കും സാധാരണക്കാർക്കുമായി ടിക്കറ്റ് നൽകണമെന്ന നിയമം തമിഴ്നാട്ടിലുണ്ട്. ഇവിടെ അങ്ങനെ ഒരു നിയമമില്ല. ബഹുമാനപ്പെട്ട മന്ത്രി ഒരു വലിയ സഹായം ചെയ്തു കൊടുത്തതിനുള്ള നന്ദി ഞാൻ പറഞ്ഞു. നമുക്ക് 28% GST മാത്രമേയുള്ളൂ. മലയാള സിനിമ തമിഴ്നാട്ടിലോ കർണ്ണാടകയിലോ റിലീസ് ചെയ്യണമെങ്കിൽ 28% GST + 15% വിനോദ നികുതിയും നൽകണം. എന്തുകൊണ്ട് കേരളത്തിൽ ഇത് ഏർപ്പെടുത്തിക്കൂട.

കേരളത്തിലെ 99 ശതമാനം തിയേറ്ററിലും ഇന്ന് രണ്ട് അന്യഭാഷാ ചിത്രങ്ങൾ പ്രദർശിപ്പിക്കുകയാണ്. അവരുടെ നികുതി നമുക്ക് ലഭിക്കുന്നില്ല. മലയാള സിനിമയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി GST മാത്രം മതി. എന്നാൽ അന്യസംസ്ഥാന ചിത്രങ്ങൾക്ക് 15% എങ്കിലും വിനോദ നികുതി ഏർപ്പെടുത്തണം. കേരളത്തിലെ തിയേറ്ററുകളിൽ ഇന്ന് മലയാള സിനിമയല്ല പ്രദർശിപ്പിക്കുന്നത്. ആ പണം മുഴുവൻ നമ്മുടെ സംസ്ഥാനത്തിന് നഷ്ടപ്പെടുകയാണ്. ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മുൻകയ്യെടുത്ത് അടിയന്തരമായി, മാസങ്ങൾക്കുള്ളിൽ ടിക്കറ്റിംഗ് സംവിധാനം ഗവൺമെന്റിന്റെ നിയന്ത്രണത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് നടപടിയെടുക്കണം. എല്ലാ രംഗത്തുമുള്ള നികുതി വെട്ടിപ്പും പരിശോധിക്കുന്നതിനുള്ള അധികാരം സെയിൽസ് ടാക്സ് ഉദ്യോഗസ്ഥർക്ക് നൽകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ GST-യിൽ നിന്നുള്ള വരുമാനം നമ്മൾ പ്രതീക്ഷിച്ചതുപോലെ ഉയരുന്നില്ല. പക്ഷെ 14% എങ്കിലും നികുതി ഉയരുന്നതിന് നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇല്ലെങ്കിൽ കേന്ദ്ര സർക്കാർ അതിന് കോമ്പൻസേഷൻ നൽകേണ്ടി വരും. അങ്ങനെ 2838 കോടി രൂപ ആഗസ്റ്റ് മാസം മുതൽ മാർച്ച് മാസം വരെയുള്ള കാലയളവിൽ കിട്ടിയിട്ടുണ്ട്. ഇതുകൂടി കണക്കിലെടുക്കുകയാണെങ്കിൽ കേരളത്തിന്റെ GST വരുമാനം 14% വച്ച് ഉയർന്നിട്ടുണ്ട്. എന്നാൽ സമീപ വർഷങ്ങളിൽ VAT നികുതി ഏതാണ്ട് 10% വച്ചാണ് വളർന്നത്. അതുകൊണ്ട് GST വന്നതുകൊണ്ട് യഥാർത്ഥ വരുമാനത്തിൽ കുത്തനെ കുറവുണ്ടായി എന്ന് നമുക്ക് പറയാൻ കഴിയില്ല. ഇനിയുള്ള മാസങ്ങളിൽ ഇത് മെച്ചപ്പെടുമെന്നുതന്നെയാണ് സർക്കാർ കരുതുന്നത്.

അദ്ദേഹമുന്നയിച്ച രണ്ടാമത്തെ പ്രശ്നം, സിനിമയുടെ നികുതിയെ സംബന്ധിച്ചാണ്. സിനിമാ വിഭാഗങ്ങളിൽ നിന്നുള്ള ചരക്കുകളും സേവനങ്ങളും ഉൾപ്പെടുന്ന ഇൻപുട്ട് സർവ്വീസുകളും ഔട്ട്പുട്ട് സർവ്വീസുകളും കൂടിച്ചേർന്ന് സങ്കീർണ്ണമായ മേഖലയാണത്. സിനിമാ നിർമ്മാണവുമായി ബന്ധപ്പെട്ട കഥ, അഭിനേതാക്കൾ, സാങ്കേതിക വിദഗ്ധർ, സംവിധായകർ, സംഗീത സംവിധായകർ, തിരക്കഥാകൃത്ത് തുടങ്ങിയവർക്ക് പേമെന്റും വാടക, വസ്ത്രാലങ്കാരം, ഭക്ഷണം, ഗതാഗതം, മേയ്ക്കപ്പ് തുടങ്ങിയ നിർമ്മാണച്ചെലവുകളും പോസ്റ്റ് പ്രൊഡക്ഷനിൽ ഉൾപ്പെടുന്ന എഡിറ്റിംഗ്, ശബ്ദമിശ്രണം, ഗ്രാഫിക്സ്, സ്പെഷ്യൽ ഇഫക്ട്സ് എന്നിവയും ജി.എസ്.ടി.-യുടെ പരിധിയിൽ വരും. പ്രൊഡക്ഷൻ മേഖലയിൽ റിലീസിംഗുമായി ബന്ധപ്പെട്ട് വിദേശത്തേയ്ക്ക് ഉൾപ്പെടെയുള്ള പ്രദർശനാനുമതിയും വീഡിയോ, ഓഡിയോ അനുമതികളും ഔട്ട്പുട്ട് സർവ്വീസിൽ വരും. ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിൽ നിർമ്മാതാവിൽനിന്നുള്ള വിതരണാവകാശം

വാങ്ങൽ, മാർക്കറ്റിംഗ് ചെലവുകൾ എന്നിവ ഇൻപുട്ട് സർവ്വീസിലും തീയേറ്ററിൽ നിന്നുള്ള വരുമാനവിഹിതം ഔട്ട്പുട്ട് സർവ്വീസിലും ഉൾപ്പെടും. തീയേറ്റർ ഉടമയ്ക്ക് വിതരണക്കാർ കൊടുക്കുന്ന വരുമാനവിഹിതവും പ്രദർശിപ്പിക്കുന്നതിനാവശ്യമായി വിതരണക്കാർക്ക് നൽകുന്ന മറ്റ് ചെലവുകളും ഇൻപുട്ട് സർവ്വീസിലും ടിക്കറ്റ് വിൽപ്പനയുടെ വരുമാനം ഔട്ട്പുട്ട് സർവ്വീസിലും ഉൾപ്പെടും. എന്നുവച്ചാൽ നേരത്തെ വരുന്ന ചെലവുകളൊക്കെ ഇൻപുട്ടായി ക്ലെയിം ചെയ്യാവുന്നതാണ്. ഇങ്ങനെ ക്ലെയിമുള്ളതുകൊണ്ട് നികുതി വെട്ടിപ്പിനുള്ള സാധ്യത കുറയുന്നുവെന്നുള്ളതാണ് ജി.എസ്.ടി.-യുടെ അടിസ്ഥാന അനുമാനം. പക്ഷെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ എന്തുകാരണം കൊണ്ടാണെങ്കിലും ഈ മേഖലയിൽ നികുതി വെട്ടിപ്പ് നടക്കുന്നുണ്ടെന്നുള്ളത് വളരെ വ്യക്തമായിട്ടുള്ള കാര്യമാണ്. കെ.എസ്.എഫ്.ഡി.സി. ഇപ്പോൾ 16 തിയേറ്ററുകൾ പ്രവർത്തിപ്പിക്കുന്നുണ്ട്, ഇവിടെയെല്ലാം ഇ-ടിക്കറ്റിംഗ് സമ്പ്രദായം നടപ്പാക്കിയിട്ടുണ്ട്. ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം ഓരോ ടിക്കറ്റിനും ഈടാക്കുന്ന ജി.എസ്.ടി. തുകയ്ക്ക് ഇൻപുട്ട് ക്രെഡിറ്റ് എടുക്കാനുള്ള സൗകര്യം ലഭ്യമാണ്. ഇതിനുമുമ്പ് എന്റർടെയ്ൻമെന്റ് ടാക്സിന് ഇത് ലഭ്യമായിരുന്നില്ല. കൂടാതെ ചലച്ചിത്ര വികസന കോർപ്പറേഷനും മറ്റ് പ്രൈവറ്റ് തീയേറ്ററുകളുടെയും നികുതി സംബന്ധിച്ചും യാതൊരു രേഖകളും ലഭ്യമല്ലാത്തതിനാലും അവരുടെ നിയന്ത്രണം കെ.എസ്.എഫ്.ഡി.സി.ക്ക് നൽകിയിട്ടില്ലാത്തതിനാലും ഈ മേഖലയിൽ നികുതി വെട്ടിപ്പ് നടക്കുന്നതിനെക്കുറിച്ച് കൃത്യമായി കണക്കില്ലെങ്കിലും അങ്ങ് പറഞ്ഞതാണ് അതിന്റെ ശരി. രണ്ട് നിർദ്ദേശങ്ങളാണ് അങ്ങ് മുമ്പോട്ടുവച്ചത്. ഒന്ന്, ഇ-ടിക്കറ്റിംഗ് ഏർപ്പെടുത്തണമെന്നും അതിന് കേന്ദ്രീകൃതമായിട്ടുള്ള സംവിധാനം ഏർപ്പെടുത്തണമെന്നുമാണ്. സാംസ്കാരിക വകുപ്പുമായി സംസാരിച്ച് അത്തരത്തിലുള്ള സംവിധാനം കൊണ്ടുവരും. രണ്ടാമത്, അങ്ങ് പറഞ്ഞത് ജി.എസ്.ടി. വന്നപ്പോൾ അന്ന് നടന്ന ചർച്ചയുടെ ഭാഗമായി വിനോദനികുതി പിൻവലിക്കുകയുണ്ടായി എന്നതാണ്. അങ്ങയുടെ നിർദ്ദേശം മാതൃഭാഷയിലല്ലാത്ത മറ്റ് ചലച്ചിത്രങ്ങൾക്ക് വിനോദ നികുതി പുനഃസ്ഥാപിക്കാവുന്നതാണെന്നാണ്. അത് സ്വീകാര്യമായിട്ടുള്ള കാര്യമാണ്. ബന്ധപ്പെട്ട ആൾക്കാരുമായി ചർച്ച ചെയ്തശേഷം തീരുമാനമെടുക്കും. അതും സർക്കാർ ഗൗരവമായി പരിഗണിക്കാം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അങ്ങയുടെ മറുപടിയിൽ വളരെ സന്തോഷമുണ്ട്. ഒരു ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ ഈ വിഷയം കൊണ്ടുവന്നിരുന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. തമിഴ്നാട്ടും കർണ്ണാടകവുമൊക്കെ ചെയ്യുന്നതുപോലെ, 15 ശതമാനം ഏർപ്പെടുത്തിയില്ലെങ്കിലും

പത്ത് ശതമാനമെങ്കിലും അന്യഭാഷാ ചിത്രങ്ങൾക്ക് വിനോദനികുതി ഏർപ്പെടുത്തണം. ഗവൺമെന്റ് കൺട്രോൾഡായിട്ടുള്ള ടിക്കറ്റിംഗ് മെഷീൻ സമയബന്ധിതമായി കൊണ്ടുവരുന്നതിന് അങ്ങേയ്ക്ക് കഴിയുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ നികതി വെട്ടിപ്പുണ്ടായിരുന്നു. സിനിമാ തിയേറ്ററുകാരുടെ കയ്യിൽ ഒരു കണക്കുണ്ടാകും, ഗവൺമെന്റിന് കൊടുക്കുന്ന കണക്ക് വേറെയായിരിക്കും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന കണക്ക് മറ്റൊന്നായിരിക്കും. ഇതിന്റെ ഭാഗമായി സാർവ്വത്രികമായി ഇ-ടിക്കറ്റിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞു. ആദ്യപടി എന്ന നിലയിൽ കെ.എസ്.എഫ്.ഡി.സി. ഇപ്പോൾ അത് നടപ്പിലാക്കി. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഗവൺമെന്റിന്റെ തന്നെ നിയന്ത്രണത്തിലുള്ള സെർവർ വളരെ പ്രധാനപ്പെട്ടതാണ്. കെ.എസ്.എഫ്.ഡി.സി.-ലെ സംബന്ധിച്ച് അവർക്ക് അത് ഏറ്റെടുക്കാൻ സാധിക്കുമെന്നാണ് പറഞ്ഞത്. പൊതുവിൽ കെ.എസ്.എഫ്.ഡി.സി. ഈ ഒരു ദൗത്യംകൂടി ഏറ്റെടുക്കുമ്പോൾ പ്രശ്നം ഏറെക്കുറെ പരിഹരിക്കാൻ സാധിക്കും. മറ്റൊന്ന്, പുറത്തുനിന്നും വരുന്ന സിനിമയ്ക്ക് എന്റർടെയ്ൻമെന്റ് ടാക്സ് ഏർപ്പെടുത്തുക എന്നുള്ളതാണ്. അത് ഗവൺമെന്റ് ഗൗരവപൂർവ്വം പരിശോധിക്കുന്നതായിരിക്കും.

ഡോ. ടി. എം. തോമസ് ഐസക്: ബഹുമാനപ്പെട്ട അംഗം ചോദിച്ച രണ്ട് കാര്യങ്ങൾക്കുമുള്ള പ്രതികരണം ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി പറഞ്ഞു. അത് സർക്കാരിന് സ്വീകാര്യമായിട്ടുള്ള കാര്യമാണ്.

## (2) കേന്ദ്ര വാണിജ്യനയം

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്തെ റബ്ബർ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ വിവിധ നയങ്ങൾ തിരുത്തുന്നതിന് ഗവൺമെന്റ് ആവശ്യമായ ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നതിനുവേണ്ടിയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്.

കാർഷിക വിളകളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള കരട് നയം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചപ്പോൾ മികവിന്റെ മേഖലയിൽനിന്ന് റബ്ബർ കൃഷിയെ ഒഴിവാക്കിക്കൊണ്ടുള്ള നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കേന്ദ്ര വിളകയറ്റുമതി നയത്തിന്റെ കരട് രേഖ ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുകയാണ്. ആ കരട് രേഖയിൽ റബ്ബറിനെ മികവിന്റെ മേഖലയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് കേരള വിരുദ്ധ നിലപാട് സ്വീകരിച്ച കേന്ദ്ര ഗവൺമെന്റ് നടപടിക്കെതിരെ

ശക്തമായ പ്രതിഷേധം കേരളത്തിൽനിന്ന് ഉയർന്നുവരികയുണ്ടായി. കേരളത്തിന്റെ റബ്ബറിനെയും വിവിധ കാർഷികവിളകളെയും അവഗണിച്ചുകൊണ്ടാണ് കേന്ദ്ര വാണിജ്യമന്ത്രാലയം വിളകയറ്റുമതിയുടെ കരടുനയം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇന്ത്യയിലേറ്റവും കൂടുതൽ റബ്ബർ ഉല്പാദിപ്പിക്കുന്ന സംസ്ഥാനമെന്ന നിലയിൽ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുമ്പോൾ കേരളത്തെ പരിപൂർണ്ണമായും ഒഴിവാക്കിയ നടപടി കേന്ദ്രത്തിന്റെ കേരള വിരുദ്ധ, കർഷക വിരുദ്ധ നിലപാടാണ് വ്യക്തമാക്കുന്നത്. ത്രിപുര പോലെയുള്ള സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രത്യേകമായ പരിഗണന നൽകുകയുണ്ടായി. കേരളത്തെ ഒഴിവാക്കിയ നടപടി തിരുത്തിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ആവശ്യമായ ഇടപെടൽ നടത്തണം. കയറ്റുമതിക്ക് യോജ്യമായ വിധം മികച്ച നിലവാരത്തിൽ വിളകൾ ഉല്പാദിപ്പിക്കാവുന്ന മേഖലകളുടെ പട്ടികയാണ് കേന്ദ്ര വിളകയറ്റുമതി നയരൂപീകരണത്തിന്റെ ഭാഗമായി മികവിന്റെ മേഖല എന്ന നിലയിൽ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നത്. കേരളത്തിൽനിന്ന് ഒരു ജില്ലപോലും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ത്രിപുരയിൽനിന്ന് മൂന്ന് ജില്ലകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ വിവിധ ജില്ലകൾ പരിശോധിക്കുമ്പോൾ റബ്ബർ ഉല്പാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന എല്ലാ ജില്ലകളേയും കേരളത്തിൽനിന്ന് ഉൾപ്പെടുത്തേണ്ടതാണ്. ന്യായമായ ഇക്കാര്യം പോലും ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ല എന്നുള്ളത് പ്രതിഷേധാർഹമാണ്. ഇതിനെതിരെ കേരള കോൺഗ്രസ് പാർട്ടിയടക്കം വിവിധ കർഷക പ്രസ്ഥാനങ്ങൾ ശക്തമായി സമരരംഗത്ത് നിൽക്കുകയാണ്. ഈ പശ്ചാത്തലത്തിൽ കേന്ദ്ര വിളകയറ്റുമതി നയത്തിൽ റബ്ബർ ഉല്പാദനത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന കേരളത്തെക്കൂടി മുഖ്യ പരിഗണനയോടെ ഉൾപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ നടത്തേണ്ടതായിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്നിരിക്കുന്ന അടുത്ത പ്രശ്നം, ദേശീയ റബ്ബർ നയത്തിന്റെ കാര്യമാണ്. കേന്ദ്ര വാണിജ്യ മന്ത്രാലയം ആവിഷ്കരിക്കുന്ന റബ്ബർ നയം കേരളത്തിൽ ഗുണകരമായി നടപ്പാക്കാൻ വേണ്ടി സംസ്ഥാന ഗവൺമെന്റിന്റെ ഇടപെടൽ ആവശ്യമായിരിക്കുകയാണ്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത് കേരളത്തെ അവഗണിക്കുന്ന സമീപനമാണ്. പക്ഷെ ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന റിപ്പോർട്ട്, കേന്ദ്രവും സംസ്ഥാനവും പരസ്പരം പഴിചാരി മുന്നോട്ടുപോകുന്നുവെന്ന രീതിയിലാണ്. പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സാഹചര്യമുണ്ടാകുന്നില്ല എന്നുള്ള റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ദേശീയ റബ്ബർ നയം രൂപീകരിക്കുന്നതിന് മുന്നോടിയായി ഫെബ്രുവരി മാസം ആദ്യം കേന്ദ്രമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കോട്ടയത്തെ റബ്ബർ ബോർഡിൽ വച്ച് ഒരു യോഗം വിളിച്ചുകൂട്ടുകയുണ്ടായി. ഈ യോഗം കഴിഞ്ഞ് ഇപ്പോൾ നാലുമാസം കഴിഞ്ഞിരിക്കുകയാണ്. ഈ യോഗത്തിനുശേഷം ഇപ്പോൾ കേന്ദ്ര മന്ത്രിയുടേതായി വരുന്ന പ്രസ്താവനകൾ, കേരളം റിപ്പോർട്ട് കൊടുത്തിട്ടില്ല എന്നുള്ള രീതിക്കാണ്. കേരളത്തിലെയും ത്രിപുരയിലെയും ചീഫ് സെക്രട്ടറിമാർ കൺവീനർമാരായി റബ്ബർ നയരൂപീകരണത്തിനുവേണ്ടി ഒരു ഉന്നതതല സമിതി കോട്ടയം റബ്ബർ ബോർഡിൽവച്ച് രൂപീകരിച്ചതായാണ് വാർത്ത വന്നിട്ടുള്ളത്. കേരളത്തിന്റെ പ്ലാന്റേഷൻ ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കർഷകരുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തിയതായി അറിഞ്ഞിട്ടുണ്ട്. ഇതിനുശേഷം തുടർനടപടികളുണ്ടായിട്ടില്ല എന്നതാണ് റബ്ബർ കർഷകരുടെ ഏറ്റവും വലിയ ആശങ്ക. ത്രിപുരയും കേരളവും ഒന്നിച്ച് ചീഫ് സെക്രട്ടറിമാരുടെ മുഖ്യ ചുമതലയിൽ എന്ന നിലയിൽ തീരുമാനിച്ചശേഷം ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പറയുന്നത് ത്രിപുരയുടെ റിപ്പോർട്ട് കൊടുത്തു, കേരളത്തിന്റെ റിപ്പോർട്ട് കിട്ടിയിട്ടില്ല എന്നാണ്. റബ്ബർ കർഷകരുടേതായിട്ടുള്ള ആവശ്യങ്ങളും അവരെ സഹായിക്കാൻ കഴിയുന്ന കാര്യങ്ങളുമെല്ലാം ഉൾപ്പെടുന്ന ഈ റബ്ബർ നയം രൂപീകരിക്കുമ്പോൾ കേരളത്തിന്റേതായ കാര്യങ്ങൾ വൈകാതെ കൊടുക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇടപെടലിലൂടെ ഉണ്ടാകണമെന്ന് ഈയവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ സംസ്ഥാനവുമായി ബന്ധപ്പെട്ട് റബ്ബർ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന ഇതുപോലുള്ള പ്രശ്നങ്ങൾ വരുന്നതിനോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ കർഷക ദ്രോഹനടപടികൾ തുടരുകയുമാണ്. ഇറക്കുമതിയുടെ കാര്യത്തിൽ - സെക്കന്റ് ഹാന്റായി ഉപയോഗിച്ച ടയർ ഇറക്കുമതി ചെയ്യുന്നു, റബ്ബർ ഇറക്കുമതി ചെയ്യുന്നു. ഇത്തരം പ്രശ്നങ്ങളൊക്കെ നിൽക്കുകയാണ്. ഇതിൽ നമുക്ക് ഇടപെടുന്നതിന് പരിമിതികളുണ്ട്. ചിരട്ടപാലിന്റെ ഇറക്കുമതിയുമായി ബന്ധപ്പെട്ട കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ഇടപെട്ടപ്പോൾ സംസ്ഥാനവും ഇടപെട്ടു. സംസ്ഥാന ഗവൺമെന്റിന്റെയും എം.പി.-മാർ, എം.എൽ.എ.-മാർ എന്നിവരുടെയും ഇടപെടൽ വന്നപ്പോൾ പ്രധാനമന്ത്രിയുടെ ഓഫീസ് തൽക്കാലം പിൻമാറി നിൽക്കുകയാണ്. ഇതിനിടയ്ക്കാണ് ജി.എസ്.ടി. വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇപ്പോൾ മറുപടി പറഞ്ഞപ്പോൾ അതിൽ വരാത്ത ഒരു പ്രശ്നം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഒന്ന്, പ്ലാസ്റ്റിക് ചിരട്ടയ്ക്ക് 18% ജി.എസ്.ടി. കൊടുക്കേണ്ടിവന്നിരിക്കുകയാണ്. റബ്ബർ കർഷകർ റബ്ബറിന്റെ വിലയിടിവുമൂലം പ്രയാസപ്പെടുന്നു. അതിന്റെ കൂടെയാണ് പ്ലാസ്റ്റിക് ചിരട്ടയ്ക്ക് 18% ജി.എസ്.ടി. ചുമത്തിയിരിക്കുന്നത്. കേരളത്തിൽ നേരത്തെ പ്ലാസ്റ്റിക് ചിരട്ടയ്ക്ക് നികുതിയുണ്ടായിരുന്നില്ല. ഇപ്പോൾ ജി.എസ്.ടി. വന്നപ്പോൾ നികുതി വരികയാണ്.

ഈ പ്രശ്നങ്ങളിൽ സംസ്ഥാന ഗവൺമെന്റ്കൂടി ഇടപെട്ട്, കേരളത്തിന്റെ ധനകാര്യമന്ത്രി കൂടി പരിശോധിച്ച് അത് പരിഹരിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾമൂലം പ്രയാസപ്പെടുന്നതിനിടയിൽ സംസ്ഥാന ഗവൺമെന്റിന് ചെയ്യാവുന്ന സഹായമെന്ന നിലയിലാണ് കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ധനകാര്യ മന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി ആവിഷ്കരിച്ച വിലസ്ഥിരതാ ഫണ്ട്. 150 രൂപയുടെ വിലസ്ഥിരതാ ഫണ്ട് 200 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന റബ്ബർ കർഷകരുടെ ആവശ്യം നിലനിൽക്കുകയാണ്, അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്. അതോടൊപ്പം എനിക്ക് ആവശ്യപ്പെടാനുള്ളത്, ഇതിന്റെ കുടിശ്ശിക കൊടുത്തുതീർക്കുക എന്നുള്ളതാണ്. 150 രൂപയുടെ വിലസ്ഥിരതാ ഫണ്ട് തന്നെ റബ്ബർ കർഷകർക്ക് ആശ്വാസമായി നിൽക്കുമ്പോൾ അത് കൊടുത്തുതീർക്കാതെ മാസങ്ങളോളം കുടിശ്ശിക വന്നിരിക്കുകയാണ്. 2018-ൽ ഇതുമായി ബന്ധപ്പെട്ട് തുകയൊന്നും കൊടുത്തിട്ടില്ല. ആ തുക എത്രയും പെട്ടെന്ന് കൊടുക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇടപെടലുണ്ടാകണം. ഈ കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിഞ്ഞാൽ തന്നെ കർഷകർക്ക് അത് ഏറ്റവും വലിയ ആശ്വാസമായിരിക്കും. കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ ഇടപെടൽ നടത്തി കേന്ദ്ര വാണിജ്യ മന്ത്രാലയം ആവിഷ്കരിച്ചിരിക്കുന്ന കേരള വിരുദ്ധ, കർഷക വിരുദ്ധ നിലപാടുകൾ തിരുത്തിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ആവശ്യമായ ഇടപെടൽ നടത്തണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. പി. സി. ജോർജ് സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹത്തിനുകൂടി അവസരം നൽകുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങയോട് പ്രത്യേകം നന്ദിയുണ്ട്. സഭ തുടങ്ങിയ സമയത്ത് സബ്മിഷനായി അവതരിപ്പിക്കാൻ കൊടുത്ത വിഷയം ശ്രദ്ധക്ഷണിക്കലായി അവതരിപ്പിക്കാൻ തരുന്നത് സ്പീക്കർ ഓഫീസിലെ അപാകതയാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, അത് ഞങ്ങൾക്ക് അവകാശപ്പെട്ട വിഷയമാണ്.

ശ്രീ. പി. സി. ജോർജ്: സർ, അവകാശം ആർക്കെന്നുള്ളതല്ല. ശ്രീ. മോൻസ് ജോസഫ് സംസാരിച്ചപ്പോൾ എനിക്ക് സംസാരിക്കാമായിരുന്നു, ഞാൻ മിണ്ടാതിരുന്നതാണ്. എല്ലാം കെ. എം. മാണി എന്നുപറയുന്ന ഇടപാടുംകൊണ്ട് ഇങ്ങോട്ട് പോരരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. സി. ജോർജ് വിഷയത്തിലേയ്ക്ക് വരണം.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. മോൻസ് ജോസഫ് സംസാരിച്ചപ്പോൾ ഞാൻ മിണ്ടാതെ ഇരുന്ന് കേൾക്കുകയല്ലേ ചെയ്തത്. ഈ വിഷയം തന്നെയാണ് ഞാനും അവതരിപ്പിക്കാൻ പോകുന്നത്. സബ്മിഷനായി കൊടുത്തത് ഇപ്പോൾ ശ്രദ്ധക്ഷണിക്കലായി വന്നിരിക്കുകയാണ്. എന്നിട്ട് ഇപ്പോൾ മുഴപ്പ് പറയുകയാണ്. അത് ശരിയല്ല.

ശ്രീ. മോൻസ് ജോസഫ്: സർ, കേരള കോൺഗ്രസ്സിന് അർഹതപ്പെട്ട ശ്രദ്ധക്ഷണിക്കലാണ്.

ശ്രീ. പി. സി. ജോർജ്: സർ, എനിക്ക് അതിന് എതിരൊന്നുമില്ല. അതിൽ മര്യാദയുടെ പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം അറിയണം എന്നാണ് ഞാൻ പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, യെസ്, പ്ലീസ്...ശ്രീ. പി. സി. ജോർജ്, വിഷയത്തിലേയ്ക്ക് വരണം.

ശ്രീ. പി. സി. ജോർജ്: സർ, വിഷയത്തിലേയ്ക്കാണ് വരുന്നത്. ശ്രീ. മോൻസ് ജോസഫ് വില സ്ഥിരതാഫണ്ടുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യങ്ങളിൽ മാത്രമാണ് വിയോജിപ്പുള്ളത്. ബാക്കി മുഴുവൻ കാര്യങ്ങളോടും യോജിക്കുകയാണ്. പറയേണ്ട കാര്യങ്ങൾ തന്നെയാണ് പറഞ്ഞത്. സമയം അതിക്രമിച്ചെടുത്ത് വീണ്ടും വിശദീകരിക്കുന്നില്ല.

വിലസ്ഥിരതാഫണ്ട് എത്ര കൊടുത്തിട്ടുണ്ടെന്നുള്ള കാര്യം നമുക്കറിയാം. അന്നും കേരളത്തിലെ ജനങ്ങൾ കബളിപ്പിക്കപ്പെട്ടുവെന്ന് വിശ്വസിക്കുന്നവനാണ് ഞാൻ. ഇന്നിപ്പോൾ റബ്ബറിന്റെ വിലയുമായി താരതമ്യപ്പെടുത്തിയാൽ, ഒരു സർക്കാരും റബ്ബറിന്റെ വിലയനുസരിച്ച് കൃഷിക്കാരന് നഷ്ടമില്ലാതെ കൊടുക്കാൻ കഴിയുന്ന സാഹചര്യമില്ല. റബ്ബർ കൃഷി ഇന്ന് നഷ്ടമായി മാറിയത് എന്തുകൊണ്ടാണെന്ന വസ്തുത കണ്ടെത്തണ്ടേ? റബ്ബർ കൃഷി ലാഭകരമല്ല. കേന്ദ്ര ഗവൺമെന്റിന്റെ നയം നമുക്ക് അനുകൂലവുമല്ല. റബ്ബർ തമിഴ്നാടിന്റെയോ ഉത്തരേന്ത്യയിലെ ഏതെങ്കിലും സംസ്ഥാനത്തിന്റെയോ ഉത്പന്നമായിരുന്നുവെങ്കിൽ ഇന്ന് 300-350 രൂപ കിലോയ്ക്ക് വില വരുമായിരുന്നു. കേരളത്തിന്റെ ഉത്പന്നം ആയിരിക്കുന്നിടത്തോളം കാലം, അത് കോൺഗ്രസ് ഭരിച്ചാലും ബി.ജെ.പി. ഭരിച്ചാലും തുല്യമാണ്. കാരണം, ഉത്തരേന്ത്യൻ ഭരണമാണ്. നമുക്ക് വില കിട്ടാൻ പോകുന്നില്ല. ആ സാഹചര്യത്തിൽ റബ്ബർ കൃഷി നഷ്ടമാണെന്നും പകരം എന്ത്

ചെയ്യാൻ കഴിയുമെന്നുമുള്ള കാര്യത്തെപ്പറ്റി ഗവൺമെന്റ് ഗൗരവമായി ആലോചിക്കുകയും കർഷകരെ അക്കാര്യം ബോധ്യപ്പെടുത്താൻ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കേന്ദ്ര സർക്കാർ പുറത്തിറക്കിയ കരട് കാർഷിക കയറ്റുമതി നയത്തിൽ കേരളത്തിന്റെ കാർഷിക മേഖലയിലെ പല ഉത്പന്നങ്ങൾക്കും പ്രത്യേക കാർഷിക മേഖല അനുവദിച്ചിട്ടില്ലെന്ന കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ റബ്ബർ മേഖലയായി കോട്ടയം, കണ്ണൂർ, പത്തനംതിട്ട ജില്ലകളെയും വാഴപ്പഴം മേഖലയായി തൃശ്ശൂർ, വയനാട്, തിരുവനന്തപുരം ജില്ലകളെയും മാങ്ങയുടെ മേഖലയായി വയനാട് ജില്ലയെയും മഞ്ഞളിന് വയനാട്, ആലപ്പുഴ ജില്ലകളെയും ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേന്ദ്ര കാർഷിക കയറ്റുമതി കരട് നയത്തിൽ ഒരു മേഖലയിലും ഉൾപ്പെടുത്താത്തതും അന്താരാഷ്ട്ര വിപണിയിൽ ഏറെ പ്രാധാന്യമുള്ളതുമായ കശുവണ്ടിക്ക് കാസർഗോഡ്, കണ്ണൂർ ജില്ലകളെയും കുരുമുളകിന് വയനാട് ജില്ലയെയും നാളികേരത്തിന് കോഴിക്കോട് ജില്ലയെയും തേയില, ഏലം എന്നീ മേഖലകളിൽ ഇടുക്കി ജില്ലയെയും ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ ജാതിക്കയ്ക്ക് തൃശ്ശൂർ, എറണാകുളം ജില്ലകളെ കേന്ദ്രീകരിച്ചുകൊണ്ട് മറ്റൊരു മേഖല രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന കൃഷി വകുപ്പുമന്ത്രി കേന്ദ്ര വാണിജ്യകാര്യ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയുടെ ഫലമായി സ്വാഭാവിക റബ്ബർ മേഖലയുടെ പ്രശ്നങ്ങൾ പഠിക്കാനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ രൂപീകരിക്കുകയുണ്ടായി. സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ത്രിപുര ചീഫ് സെക്രട്ടറി ഉപാദ്ധ്യക്ഷനുമായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് രണ്ട് തവണ യോഗം ചേർന്നു. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾക്ക് രൂപം നൽകുന്നതിനും റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും രാജ്യത്ത് റബ്ബർ പോളിസി രൂപപ്പെടുത്തുന്നതിനുമാണ് ടാസ്ക് ഫോഴ്സിലൂടെ ഉദ്ദേശിക്കുന്നത്. ഇത് സംസ്ഥാനങ്ങൾ പ്രത്യേകമായി നൽകേണ്ട റിപ്പോർട്ടല്ല, ടാസ്ക് ഫോഴ്സിന്റേതായ റിപ്പോർട്ടാണ് അവർ നൽകേണ്ടത്. അതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. റബ്ബറിന്റെ ഉത്പാദന ചെലവ് നിലവിൽ 174 രൂപയാണെന്നാണ് റബ്ബർ ബോർഡ് കണക്കാക്കിയിട്ടുള്ളത്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ ഉത്പാദന ചെലവിന്റെ പകുതി കൂടി ചേർത്ത് ഉത്പന്ന വില നിശ്ചയിക്കണമെന്നാണ്. അങ്ങനെ വരുമ്പോൾ റബ്ബറിന്റെ വില

261 രൂപയാകണം. സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ നടപ്പാക്കുന്ന കാര്യം കേന്ദ്ര സർക്കാരും തത്വത്തിൽ പരിഗണിച്ചിട്ടുണ്ട്. ഇത് കഴിഞ്ഞ ലോക്സഭ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ തെരഞ്ഞെടുപ്പ് വാഗ്ദാനം ആയിരുന്നുവെങ്കിലും ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. എന്നാൽ റബ്ബറിനെ കാർഷിക വിളയായി അംഗീകരിച്ചാൽ മാത്രമേ ഈ വില കർഷകന് ലഭിക്കുന്ന അവസ്ഥ ഉണ്ടാവുകയുള്ളൂ. റബ്ബറിനെ കാർഷിക വിളയായി കേന്ദ്ര സർക്കാർ ഇതുവരെ അംഗീകരിച്ചിട്ടില്ല. ടാസ്ക് ഫോഴ്സിന്റെ യോഗത്തിൽ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കണമെന്നും റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. ചിരട്ടപ്പാൽ ഇറക്കുമതിക്കുള്ള നിരോധനം തുടരണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 635.19 കോടി രൂപ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവായി റബ്ബർ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് ചിരട്ടയ്ക്ക് ജി.എസ്.ടി. കൗൺസിലാണ് ജി.എസ്.ടി. ഏർപ്പെടുത്തിയത്. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. റബ്ബർ അധിഷ്ഠിതമായ മൂല്യവർദ്ധിത ഉത്പാദന വ്യവസായം സിയാൽ മാതൃകയിൽ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, റബ്ബർ ഇൻസെന്റീവ് കൊടുത്തു തീർത്തതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ജനുവരി മുതലുള്ള കുടിശ്ശിക ഇപ്പോൾ കൊടുക്കാൻ പറ്റിയിട്ടില്ല. അത് കൊടുക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ? ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ആവശ്യമായ സഹായം ചെയ്യണമെന്ന് സൂചിപ്പിക്കുകയാണ്. അതോടൊപ്പം ബഹുമാനപ്പെട്ട പി. സി. ജോർജ് തെറ്റിദ്ധരിച്ചോയെന്ന് സംശയമുണ്ട്. കേരള കോൺഗ്രസ് പാർട്ടിക്ക് ഈ നിയമസഭാ സമ്മേളനത്തിൽ കിട്ടുന്ന ശ്രദ്ധ ക്ഷണിക്കലാണ്. അതിൽ ഞങ്ങൾക്ക് കിട്ടുന്ന സമയം ഉപയോഗിച്ച് സംസാരിക്കുകയാണ് ചെയ്തത്. അദ്ദേഹം തെറ്റിദ്ധരിച്ച് സംസാരിക്കുന്നത് ഖേദകരമാണ്. പാർട്ടിക്ക് കിട്ടിയ അവസരം ഞങ്ങൾ വിനിയോഗിച്ചുവെന്ന് മാത്രമേയുള്ളൂ. ഇക്കാര്യം അദ്ദേഹം പറയുന്നതിൽ സന്തോഷമേയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇൻസെന്റീവ് കൊടുത്തുതീർത്ത് കർഷകരെ സഹായിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ശ്രദ്ധക്ഷണിക്കലിലും കേരള കോൺഗ്രസ് വിഷയം വേണോ; അത് വേണ്ടത്ര ചർച്ച ചെയ്തു കൊണ്ടിരിക്കുന്നുണ്ടല്ലോ. നമ്മുടെ സംസ്ഥാനത്ത് റബ്ബർ കർഷകരെ സഹായിക്കാനുള്ള പദ്ധതിയാണ് വിലസ്ഥിരതാ പദ്ധതിയെന്ന് പറയുന്നത്. അതുമായി ബന്ധപ്പെട്ട ആനുകൂല്യം സമയബന്ധിതമായി കൊടുക്കാൻ തന്നെയാണ് സർക്കാരിന്റെ പദ്ധതി.

## V സബ്മിഷൻ

### (1) കാലവർഷക്കെടുതി

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളം മുഴുവൻ ഇന്ന് പ്രകൃതിക്ഷോഭത്തിന്റെ പിടിയിലാണ്. മഴക്കെടുതിയിൽ 16 പേരുടെ ജീവനാണ് അപഹരിച്ചിട്ടുള്ളത്. ആലപ്പുഴയിലും വയനാട്ടിലും രണ്ട് പേർ മുങ്ങിമരിച്ചു. നെയ്യാറ്റിൻകരയിൽ 120 വീടുകൾ തകർന്നു. ആറ്റിങ്ങലിൽ ദേശീയപാതയോരത്തെ മരങ്ങൾ കടപുഴകി വീണു, കാട്ടാക്കടയിൽ 128 വീടുകൾ തകർന്നു, അങ്ങയുടെ മണ്ഡലമായ ചിറയിൻകീഴിൽ കാറ്റിലും മഴയിലും കൂറ്റൻ ആൽമരം കടപുഴകി വീണ്, സ്കൂട്ടറിൽ പോയ ആളിന് പരിക്കേൽക്കുകയും ചെയ്തു. രണ്ടുപേരെ കാണാതായി. തിരുവനന്തപുരം ജില്ലയിൽ നിരവധി വീടുകൾ തകർന്നിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ വ്യാപകമായ കടൽക്ഷോഭംമൂലം മത്സ്യത്തൊഴിലാളികളുടെ വീടുകൾ നശിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുകയാണ്. മലയോര മേഖലയിലും തീരദേശ മേഖലയിലുമാണ് ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത് എന്നാണ് മാധ്യമങ്ങളിലൂടെ മനസ്സിലാക്കാൻ കഴിയുന്നത്. ഉരുൾപൊട്ടലും കൃഷിനാശവുമാണ് മലയോരമേഖലയിൽ ദുരിതങ്ങൾ വിതറുന്നതെങ്കിൽ മഴ ശക്തിയായതോടെ കടലാക്രമണംമൂലം തീരപ്രദേശത്തെ ജനങ്ങൾ ഭീതിയിലാണ്. അവർക്ക് കടലിൽ പോകാൻ കഴിയുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു കല്ല് പോലും തീരപ്രദേശത്ത് ഇട്ടിട്ടില്ല. എന്റെ നിയോജകമണ്ഡലമായ ഹരിപ്പാട്, ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, അമ്പലപ്പുഴ, ധനകാര്യ വകുപ്പുമന്ത്രിയുടെ മണ്ഡലം ഉൾപ്പെടെ എല്ലാ സ്ഥലങ്ങളിലും കടൽ ആക്രമിച്ച് കര മുഴുവൻ കവർന്നെടുക്കുകയാണ്. മണൽച്ചാക്കിട്ട സ്ഥലങ്ങളിൽ ഒരു തിര അടിച്ചപ്പോൾത്തന്നെ അവ മുഴുവനും പോയി. ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. ഇത് വലിയൊരു പ്രശ്നമായി മാറിയിരിക്കുകയാണ്. എല്ലാ സ്ഥലങ്ങളിലും ഇട്ട മണൽച്ചാക്ക് മുഴുവൻ പോയിരിക്കുകയാണ്. അതുപോലെ തന്നെ വീടുകൾ തകർന്നിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ നഷ്ടപരിഹാരംപോലും ഇതുവരെ കൊടുത്തിട്ടില്ല. കഴിഞ്ഞവർഷം മഴക്കെടുതിയിലുണ്ടായ നാശനഷ്ടങ്ങൾ ഗുരുതരമായിരുന്നു. അന്ന് കൃഷി നശിച്ചവർക്ക് സഹായം കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ ഉറപ്പ് നൽകിയതാണ്. ഇപ്പോഴും സഹായം കിട്ടാത്ത ധാരാളം ആളുകളുടെ പരാതി കുന്നുകൂടുകയാണ്. ജില്ലാ കളക്ടർമാരുടെ കയ്യിൽ പ്രത്യേക ഫണ്ട് നൽകിയാൽ മാത്രമേ അടിയന്തരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ ദുരിതാശ്വാസ പാക്കേജ് ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്. പത്തനംതിട്ട ജില്ലയിൽ തണ്ണിത്തോട്, സീതത്തോട് പോലുള്ള മലയോര പ്രദേശങ്ങളിൽ മരങ്ങൾ വീണ് യാത്രാഗതാഗതം

തടസ്സപ്പെടുന്നവെന്ന് ശ്രീ. അടൂർ പ്രകാശ് എന്നോട് പറഞ്ഞു. എറണാകുളം ജില്ലയിലെ കിഴക്കൻ മേഖലകൾ ഉൾപ്പെടെ എല്ലാ സ്ഥലങ്ങളിലും മഴ വളരെയേറെ പ്രതിസന്ധി ഉണ്ടാക്കിയിരിക്കുകയാണ്. അടിയന്തരമായി ജില്ലാ കളക്ടർമാരുടെ കയ്യിൽ പണം എത്തിക്കണം. ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തണം, ക്യാമ്പുകൾ ആരംഭിക്കണം. ഇപ്പോൾ ആളുകൾ ക്യാമ്പുകളിൽ വലുതായി വരാറില്ല. ക്യാമ്പിൽ വന്നില്ലെങ്കിലും അവർക്ക് സൗജന്യറേഷൻ, സഹായം, ചികിത്സ ഉൾപ്പെടെയുള്ളവ നൽകണം. വളരെ ഗൗരവമായി ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടണം. കഴിഞ്ഞ തവണ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പ്രഖ്യാപിച്ച ഒരു ആനുകൂല്യവും കൊടുത്തിട്ടില്ലെന്ന പരാതി നിലനിൽക്കുകയാണ്. ഇക്കാര്യത്തിൽ ഇറിഗേഷൻ, റവന്യൂ വകുപ്പുമന്ത്രിമാർ സംയുക്തമായി അടിയന്തര നടപടികൾ സ്വീകരിക്കണം. പല സ്ഥലത്തും പുലിമുട്ടുകൾ നിർമ്മിക്കാനായി മദ്രാസ് ഐ.ഐ.ടി. പഠനം നടത്തുകയും അവയുടെ റിപ്പോർട്ടുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. അടിയന്തരമായി പുലിമുട്ടുകൾ നിർമ്മിക്കാനുള്ള നടപടികൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എസ്. രാജേന്ദ്രനും സബ്മിഷന് നോട്ടീസ് നൽകിയതുപ്രകാരം ഒരു മിനിട്ട് സംസാരിക്കാം.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇന്നലെ എന്റെ മണ്ഡലത്തിലെ അടിമാലിയിൽ 46 വയസ്സ് പ്രായമുള്ള ബിജു എന്നയാൾ വീട്ടിലായിരുന്ന സമയത്ത് സർവ്വീസ് ലൈൻ പൊട്ടിവീണ് മരണപ്പെടുകയുണ്ടായി. അദ്ദേഹത്തിന് രണ്ട് മക്കളുണ്ട്. നിയമപരമായി അദ്ദേഹത്തിന് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ തടസ്സപ്പെടാൻ സാദ്ധ്യതയുണ്ട്. വൈദ്യുതി വകുപ്പിന്റെ എല്ലാവിധ സഹായങ്ങളുമുണ്ടെങ്കിലും അവർക്കുവേണ്ട സംരക്ഷണവും ധനസഹായവും ലഭ്യമാകുന്നതിനുള്ള നടപടിയുണ്ടാകണം. അതോടൊപ്പം മരങ്ങളുടെ ചില്ല് മുറിക്കാൻ കഴിയാത്തതുകൊണ്ട് അവിടെ വൈദ്യുതി ലഭ്യമായിട്ട് ആഴ്ചകളോളമായി. അതിന് വനം വകുപ്പ് വലിയ തടസ്സം സൃഷ്ടിക്കുകയാണ്. കുറത്തിക്കുടി മേഖലയിൽ ശക്തിയായ കാറ്റുള്ളതുകൊണ്ട് ആനകൾ മുഴുവൻ കുടിയിൽ ഇറങ്ങുകയാണ്. നൂറോളം വീടുകൾ നഷ്ടമായിട്ടുണ്ട്. ദേവികുളത്തും കെ.ഡി.എച്ച്. വില്ലേജിലും അതുപോലെയുള്ള മേഖലകളിലും വീടുകൾ തകർന്നിട്ടുണ്ട്. എല്ലാ കാര്യങ്ങളിലും റവന്യൂവകുപ്പ് വളരെ സജീവമാണെങ്കിലും വേണ്ടതരത്തിൽ ഇടപെടാൻ വനംവകുപ്പ് അനുവദിക്കുന്നില്ലെന്നുള്ളതുകൊണ്ട് ഇക്കാര്യത്തിൽ അങ്ങ് ഇടപെട്ട് വേണ്ട സഹായം ലഭ്യമാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. എസ്. രാജേന്ദ്രനും ഇവിടെ ഉന്നയിച്ചിട്ടുള്ള വിഷയങ്ങൾ വളരെ ഗൗരവതരമായ രീതിയിലാണ് ഗവൺമെന്റ്

കാണുന്നത്. കാലവർഷക്കെടുതികൾ വ്യാപകമായി ഉണ്ടായിട്ടുണ്ടെന്ന പരാമർശം ശരിയാണ്. വിവിധ ജില്ലകളിൽ വലിയ തോതിൽ കൃഷിനാശം സംഭവിച്ചതായ റിപ്പോർട്ടുകളുണ്ട്. അതുപോലെ വീടുകൾ നഷ്ടപ്പെട്ടതിന്റെയും കാലവർഷത്തിന്റെ ഭാഗമായി വെള്ളത്തിൽ വീണ് മരിച്ചവരുടെയും വൃക്ഷങ്ങൾ ഒടിഞ്ഞുവീണ് അതിനടിയിൽപ്പെട്ട് മരിച്ചവരുടെയുമെല്ലാം കണക്കുകൾ വന്നുകൊണ്ടിരിക്കുകയാണ്. പ്രതിപക്ഷനേതാവ് ഉന്നയിച്ചതുപോലെ ഈ പ്രശ്നം ഗൗരവപൂർവ്വം കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷം കൃഷിനാശം സംഭവിച്ചപ്പോൾ പ്രഖ്യാപിച്ച കാര്യങ്ങൾ ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചത് ഏതാണെന്ന് പറഞ്ഞാൽ തീർച്ചയായും അത് പരിഹരിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകും.

ശ്രീ. രമേശ് ചെന്നിത്തല: സർ, നെടുമങ്ങാട് താലൂക്കിൽ കഴിഞ്ഞ വർഷമുണ്ടായ കൃഷിനാശത്തിന് ഒരു രൂപപോലും കൊടുത്തിട്ടില്ല. കഴിഞ്ഞ ദിവസം അവർ പരാതിയുമായി വന്നിരുന്നു. ഒരുദാഹരണമാണ് ഞാൻ പറയുന്നത്. ഇതുപോലെ പല ജില്ലകളിലും കഴിഞ്ഞ വർഷത്തെ കൃഷിനാശത്തിന് കൊടുക്കേണ്ട പണം കൊടുത്തിട്ടില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കൃഷിനാശത്തിന് ഒരു ഹെക്ടറിന് 18,000 രൂപ മാത്രമാണ് കേന്ദ്രത്തിന്റെ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട നോംസ് അനുസരിച്ച് കൊടുക്കാൻ കഴിയുക. ആ പണത്തിനുപുറമെ സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റ് വിഹിതമെന്ന നിലയിൽ കൃഷിവകുപ്പിന്റെ പണംകൂടി ചേർത്താണ് കൊടുക്കേണ്ടത്. അത്തരം കാര്യത്തിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ തീർച്ചയായും അത് പരിശോധിക്കാവുന്നതാണ്.

മുന്നൊരുക്കങ്ങളെന്ന രീതിയിൽ 16-5-2018-ന് സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ എല്ലാ വകുപ്പുകളുടെയും ജില്ലാ കളക്ടർമാരുടെയും മൺസൂൺ തയ്യാറെടുപ്പ് അവലോകന യോഗം വിളിച്ചുചേർത്തിരുന്നു. പ്രസ്തുത യോഗ തീരുമാനമനുസരിച്ച് 45 മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ പ്രത്യേക സർക്കുലർ വിവിധ വകുപ്പുകളുടെയും ജില്ലകളുടെയും ദുരിതാശ്വാസ നടത്തിപ്പിനും ഏകോപനത്തിനുമായി പുറപ്പെടുവിച്ചു. സംസ്ഥാനത്തെ 9 ജില്ലകളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽനിന്നും ദുരന്ത നിവാരണത്തിൽ നേരിട്ട് ജില്ലാ ഭരണകൂടത്തെ സഹായിക്കുന്നതിന് 1-6-2018-ന് സാങ്കേതിക വിദഗ്ദ്ധരെ നിയമിച്ചിട്ടുണ്ട്. നിലവിൽ വിദഗ്ദ്ധരുടെ സേവനമില്ലാത്ത പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്,

മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ സാങ്കേതിക വിദഗ്ധരെ നിയമിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. കാലവർഷം സംബന്ധിച്ച് വിവിധ തയ്യാറെടുപ്പ് മുന്നറിയിപ്പുകൾ സമയാസമയങ്ങളിൽ ജില്ലാതലത്തിലും വിവിധ വകുപ്പുകൾക്കും സേനകൾക്കും മാധ്യമ പ്രവർത്തകർക്കും ലഭ്യമാക്കുന്നതിന് സംസ്ഥാന എമർജൻസി ഓപ്പറേഷൻ സെന്റർ കെൽട്രോണിന്റെയും ഐ.ബി.എം.ന്റെയും സഹായത്തോടെ നടപ്പിലാക്കിക്കഴിഞ്ഞിരിക്കുന്നു. സ്കൂൾ സുരക്ഷ സംബന്ധിച്ച് ജൂൺ 1, 2 തീയതികളിൽ റവന്യൂ വകുപ്പുമന്ത്രി വിശദമായ കുറിപ്പ് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ശ്രദ്ധയ്ക്കായി പുറപ്പെടുവിക്കുകയുണ്ടായി.

കേരളത്തിൽ 29-5-2018 മുതൽ കാലവർഷം ആരംഭിക്കുമെന്ന അറിയിപ്പ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽനിന്നും ലഭിച്ചയുടനെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും നിലവിലുള്ള ജില്ലാതല എമർജൻസി ഓപ്പറേഷൻ സെന്ററുകൾ ശാക്തീകരിക്കുകയും താലൂക്ക് തലത്തിൽ പുതിയതായി മുഴുവൻ സമയവും പ്രവർത്തിക്കുന്ന തരത്തിൽ കൺട്രോൾ റൂമുകൾ തുറക്കുകയും ചെയ്തു. സംസ്ഥാന തലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിലവിലുള്ള കൺട്രോൾ റൂമിൽ മറ്റ് കൺട്രോൾ റൂമുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഏത് അടിയന്തര ഘട്ടവും നേരിടുന്നതിനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ജൂൺ 9, 10 തീയതികളിലുണ്ടായ കനത്ത മഴയെത്തുടർന്ന് തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ മൂന്നുപേരും തിരുവനന്തപുരം താലൂക്കിൽ ഒരാളും മരണമടയുകയും രണ്ടുപേർ പരിക്കേറ്റ് ചികിത്സയിലാകുകയും ചെയ്തു. 28 വീടുകൾ പൂർണ്ണമായും 465 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. കഠിനംകുളം വില്ലേജിൽ ഒരു ദുരിതാശ്വാസ ക്യാമ്പ് തുടങ്ങുകയും 40 പേരടങ്ങുന്ന 10 കുടുംബങ്ങളെ മാറ്റിപാർപ്പിക്കുയും ചെയ്തിട്ടുണ്ട്. പരിക്കേറ്റതിൽ ഒരാൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്.

കൊല്ലം ജില്ലയിൽ ഒരാൾക്ക് പരിക്കുപറ്റുകയും മൂന്ന് വീടുകൾ പൂർണ്ണമായും 90 വീടുകൾ ഭാഗികമായും തകർന്നുപോകുകയും ചെയ്തിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ 8 വയസ്സുള്ള ഒരു കുട്ടി മരം വീണ് മരണപ്പെടുകയുണ്ടായി. 4 വീടുകൾ പൂർണ്ണമായും 117 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ മൂന്നുപേർ മരിച്ചു. മൂന്നുപേരും മുങ്ങിമരിക്കുകയാണുണ്ടായത്. അമ്പലപ്പുഴ വടക്ക് വില്ലേജിൽ ഒരു ദുരിതാശ്വാസ ക്യാമ്പ് തുറക്കുകയും 78 പേരടങ്ങുന്ന 22 കുടുംബങ്ങളെ മാറ്റിപാർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് വീടുകൾ പൂർണ്ണമായും 20 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്.

കോട്ടയം ജില്ലയിൽ കൈപ്പുഴ വില്ലേജിൽ ഒരു ദുരിതാശ്വാസ ക്യാമ്പ് തുറന്നു. നാലുപേരടങ്ങുന്ന ഒരു കുടുംബത്തെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. 68 വീടുകൾ ഭാഗികമായി തകർന്നിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ ഒരാൾ ഷോക്കേറ്റ് മരിക്കുകയും ഒരാളെ കാണാതാവുകയും ചെയ്തു. 9 വീടുകൾ പൂർണ്ണമായും 109 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്.

എറണാകുളം ജില്ലയിൽ ഒരു വീട് പൂർണ്ണമായും 13 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ ആറ് വീടുകൾ പൂർണ്ണമായും 58 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ 7 വീടുകൾ ഭാഗികമായി തകർന്നിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ രണ്ട് വീടുകൾ പൂർണ്ണമായും 41 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ മരം വീണ് ഒരാൾ മരിച്ചു. 3 വീടുകൾ പൂർണ്ണമായും 72 വീടുകൾ ഭാഗികമായും തകർന്നു.

വയനാട് ജില്ലയിൽ രണ്ട് കുട്ടികൾ കുളത്തിൽ വീണ് മുങ്ങിമരിക്കുകയുണ്ടായി. 11 വീടുകൾ ഭാഗികമായി തകർന്നിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ ഒരാൾ മരം വീണും ഒരാൾ മതിലിടിഞ്ഞുവീണും മരണപ്പെട്ടു. രണ്ട് വീടുകൾ ഭാഗികമായി തകർന്നിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ രണ്ടുപേർ മുങ്ങിമരിച്ചു. രണ്ട് വീടുകൾ പൂർണ്ണമായും 36 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. കണക്കെടുപ്പ് നടന്നുകൊണ്ടിരിക്കുന്നതുകൊണ്ട് ഇതിൽ ചില വ്യത്യാസങ്ങൾ വന്നേയ്ക്കാമെന്ന് സൂചിപ്പിക്കുകയാണ്. പ്രാഥമിക റിപ്പോർട്ടുകളനുസരിച്ച് 188.41 ഹെക്ടറിൽ 634.08 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2784 കർഷകരെ ബാധിച്ചിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.

കാലവർഷക്കെടുതിയിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും നൽകുന്നുണ്ട്. ഇപ്പോൾ മരണപ്പെട്ടിരിക്കുന്ന ആളുകളുടെ ആശ്രിതരിൽ അർഹരായവർക്ക് ഈ സഹായം ലഭ്യമാക്കുന്നതാണ്. പരിക്കേറ്റവർക്ക് പരിക്കിന്റെ തോതനുസരിച്ച് ധനസഹായം

നൽകുന്നതാണ്. പൂർണ്ണമായും തകർന്ന വീടുകൾക്ക് ദുരന്ത പ്രതികരണ നിധിയിൽനിന്നും മലയോര മേഖലയിൽ 101900 (ഒരു ലക്ഷത്തി ആയിരത്തി തൊള്ളായിരം) രൂപയും സമതലങ്ങളിൽ 95100 (തൊണ്ണൂറ്റി അയ്യായിരത്തി ഒരുന്നൂറ്) രൂപയുംവരെ സഹായം നൽകുന്നതാണ്. ഈ തുക സംസ്ഥാന സർക്കാരിന്റെ കൂടി സാമ്പത്തിക ബാദ്ധ്യതയിൽ വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അത് അന്തിമമാകുന്നതോടെ കൂടുതൽ ധനസഹായം നൽകാൻ കഴിയുന്നതാണ്. നിലവിൽ കടൽക്ഷോഭത്തിൽ തകർന്നുപോയ വീടുകൾക്ക് തീരത്തുനിന്നും 50 മീറ്ററിനുള്ളിലാണെങ്കിൽ 4 ലക്ഷം രൂപ വീടിനും 50 മീറ്ററിന് പുറത്ത് മാറിതാമസിക്കാമെന്ന വ്യവസ്ഥയിൽ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപവരെയും നൽകുന്നുണ്ട്. ഭാഗികമായി തകർന്ന വീടുകൾക്ക് തകർച്ചയുടെ തോതനുസരിച്ച് ധനസഹായം നൽകുന്നതാണ്. കൃഷിനാശത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ഒരു ഹെക്ടറിന് പരമാവധി 18000 രൂപവരെ ധനസഹായം നൽകുന്നുണ്ട്. ഈ തുക നാമമാത്രമായതിനാൽ ഇതിനുപുറമെ സംസ്ഥാന സർക്കാരും കൃഷി നാശത്തിന് സഹായം നൽകുന്നുണ്ട്.

അടിയന്തര സാഹചര്യം നേരിടുന്നതിനായി തീരദേശ ജില്ലകൾക്ക് 50 ലക്ഷം രൂപയും മറ്റ് ജില്ലകൾക്ക് ആവശ്യപ്പെട്ടതനുസരിച്ചുള്ള തുകയും മുൻകൂറായി നൽകിയിട്ടുണ്ട്. ജില്ലകൾക്കാവശ്യമുള്ള തുക മാനദണ്ഡമനുസരിച്ച് ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകുന്നതാണ്. സാമ്പത്തിക പ്രശ്നങ്ങൾ ഇക്കാര്യത്തിൽ വരില്ലെന്നുള്ളത് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

ഇടുക്കി ജില്ലയിലെ ദുരന്ത സാഹചര്യങ്ങൾ പരിഗണിച്ച് പ്രത്യേക ശ്രദ്ധയാണ് ഇടുക്കി ജില്ലയ്ക്ക് എക്കാലവും നൽകിവരുന്നത്. കേരളത്തിലെ ഏറ്റവും വിശാലമായ ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററാണ് ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്നത്. റവന്യൂ, പോലീസ്, ഫയർഫോഴ്സ് എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥരും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽനിന്ന് ഒരു സാങ്കേതിക വിദഗ്ധനും ഈ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ മൂന്ന് ജില്ലകളിൽ മാത്രം ലഭ്യമായിട്ടുള്ള സാറ്റലൈറ്റ് - ഇന്റർനെറ്റ് ആന്റ് ഫോൺ സംവിധാനം ഈ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നുണ്ട്. മറ്റെല്ലാ വിവര സംവേദന സംവിധാനങ്ങളും നഷ്ടപ്പെട്ടാലും സംസ്ഥാന സർക്കാരുമായും കേന്ദ്ര സർക്കാരുമായും ഉപഗ്രഹത്തിലൂടെ ബന്ധപ്പെടുന്നതിന് ഇടുക്കി ജില്ലയിലെ ഈ സംവിധാനം പര്യാപ്തമാണ്. ജില്ലാ കേന്ദ്രത്തിൽ രണ്ട് വ്യത്യസ്ത സേവന ദാതാക്കളുടെ മൊബൈൽ സേവനവും ഇന്റർനെറ്റും ഫാക്സും ഉൾപ്പെടുന്ന എല്ലാ സംവിധാനങ്ങളും ഉറപ്പാക്കിയിട്ടുണ്ട്. അടിയന്തര ഘട്ടത്തിൽ വളരെ വേഗത്തിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന്

ജില്ലാ തലത്തിൽ ദുരന്ത നിവാരണത്തിൽ പങ്കാളികളാകേണ്ടുന്ന വകുപ്പുകളുടെ ഏകോപനത്തിനായി പ്രത്യേക വാട്സ് ആപ് ഗ്രൂപ്പും സൃഷ്ടിച്ചിട്ടുണ്ട്. രാജ്യത്തുതന്നെ ആദ്യമായി കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും ബി.എസ്.എൻ.എൽ.-ഉം ചേർന്ന് ലൊക്കേഷൻ ബേസ്ഡ് എമർജൻസി മെസ്സേജിംഗ് സർവ്വീസ് 9-6-2018-ന് പരീക്ഷണം നടത്തി വിജയിച്ചിട്ടുണ്ട്. ഈ സംവിധാനം ഇടുക്കിയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ജൂൺ 29-ന് ആരംഭിച്ച കാലവർഷം സംബന്ധിച്ച് മുൻ പറഞ്ഞിരിക്കുന്ന എല്ലാ നടപടികളും ഇടുക്കി ജില്ലയിലും സ്വീകരിച്ചിട്ടുണ്ട്. ജില്ലയിൽ കാലവർഷക്കെടുതിയിൽ ദേവികുളം താലൂക്കിൽ അടിമാലിയിൽ കോമയിൽ വീട്ടിൽ ബിജു (47 വയസ്) ഷോക്കേറ്റ് മരിക്കുകയുണ്ടായി. 9-6-2018-ൽ ശ്രീ. ആന്റണി എന്നയാളെ പീരുമേട് കരുന്തരുവി പാലത്തിനടുത്ത് മീൻ പിടിക്കാൻ പോയതിനുശേഷം കാണാതാവുകയുണ്ടായി. 10-6-2018-ന് വൈകുന്നേരം 5 മണിവരെ തെരച്ചിൽ നടത്തിയെങ്കിലും ടിയാനെ കണ്ടെത്താനായില്ല.

ഉടുമ്പൻചോല താലൂക്കിൽ രാജാക്കാട് കള്ളിമാലി വ്യൂ പോയിന്റ് എന്ന ഭാഗത്ത് മണ്ണൊലിച്ച് കോട്ടുങ്കൽ ജോസ് എന്നയാളിന്റെ കൈവശമുണ്ടായിരുന്ന ഒന്നര ഏക്കർ കൃഷി ഒലിച്ചുപോയി.

കൊച്ചി-ധനുഷ്കോടി ദേശീയ പാതയിൽ അടിമാലി മൂന്നാർ റോഡിൽ വട്ടയാർ എന്ന ഭാഗത്ത് മണ്ണിടിഞ്ഞുവീണ് ഗതാഗതം തടസ്സപ്പെട്ടു. മണ്ണ് നീക്കം ചെയ്തെങ്കിലും വീണ്ടും മണ്ണിടിയാൻ സാദ്ധ്യതയുള്ളതിനാൽ ഗതാഗതം ആനച്ചാൽ വഴി തിരിച്ചുവിട്ടിട്ടുണ്ട്. അതുപോലെ പെരിയാറിൽ കക്കികവല ആറിൽ വെള്ളം കയറിയതിനാൽ കുമിളി, വണ്ടിപ്പെരിയാർ റോഡിലുള്ള ഗതാഗതം തടസ്സപ്പെട്ടു. ഇവിടെ ബദൽ മാർഗ്ഗം ഉപയോഗിച്ചുവരുന്നു.

ജില്ലയിൽ 9 വീടുകൾ പൂർണ്ണമായും 109 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ആവശ്യത്തിനുള്ള ഫണ്ട് ലഭ്യമാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കി സഹായധനം എത്രയുംവേഗം നൽകുന്നതാണ്.

പൊതുവിൽ സംസ്ഥാനത്തിന്റെ ഏറെക്കുറെ എല്ലാ ജില്ലകളിലുമുണ്ടായിട്ടുള്ള ഈ ദുരന്തങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അടക്കം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തിൽ തീർച്ചയായും സർക്കാരിന്റെ എല്ലാവിധ സാധ്യതകളും ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനം തുടർന്നും നടത്തുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കേരളത്തിന്റെ തീരപ്രദേശങ്ങളിൽ അടുത്ത ദിവസങ്ങളിലുണ്ടായ കടൽക്ഷോഭത്തിന്റെ ഭാഗമായി എടുത്തിട്ടുള്ള തീരുമാനങ്ങളും നടപടികളും ഹ്രസ്വമായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. പ്രത്യേകിച്ചും പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ടവർക്കുള്ള സംവിധാനങ്ങളെപ്പറ്റിയാണ് സൂചിപ്പിച്ചത്. കടൽക്ഷോഭത്തെ തടയാൻവേണ്ടി കല്ലിടുന്ന പ്രവൃത്തി വേണ്ടത്ര ഫലപ്രദമാകുന്നില്ലെന്ന തിരിച്ചറിവോടുകൂടിയാണ് അത്യാവശ്യം വൾണറബിളായിട്ടുള്ള പ്രദേശങ്ങളിൽ അത്തരം പ്രവൃത്തികൾ ഏറ്റെടുക്കാനുള്ള നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ അതിനകത്തുള്ള പ്രായോഗികമായ ബുദ്ധിമുട്ട്, ടെണ്ടർ വിളിച്ച പ്രവൃത്തികൾക്കുപോലും കല്ലിന്റെ ലഭ്യതക്കുറവുമൂലം കരാറുകാർ ടെണ്ടറുകളിൽ പ്രതികരിക്കുന്നില്ല എന്നുള്ളതാണ്. എന്നിരുന്നാൽ തന്നെയും ജില്ലാ കളക്ടർമാരുമായി കൂടിയാലോചിച്ച് മറ്റേതെങ്കിലും നടപടികളിലൂടെ കല്ല് ഏറ്റവും പ്രശ്നബാധിതമായ പ്രദേശങ്ങളിൽ കൊണ്ടു പോകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചെല്ലാനം പോലുള്ള പ്രദേശങ്ങളിൽ ജിയോ ട്യൂബുകൾ വഴിയുള്ള പ്രതിരോധം നിർമ്മിക്കാൻ ടെണ്ടർ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. മൊത്തത്തിൽ രണ്ടുമൂന്ന് തവണ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചില പ്രദേശങ്ങളെ സംബന്ധിച്ച്, ഇന്നലെ എന്നെ ഫോണിൽ വിളിച്ച് ഈ വിഷയം ചൂണ്ടിക്കാണിച്ചിരുന്നു. നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രായോഗികമായി ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും സർക്കാർ സ്വീകരിക്കുന്നുണ്ട്.

(2) ഭൂ-റവന്യൂ രേഖകൾ ഒരു വില്ലേജിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്

ശ്രീ. ഡി. കെ. മുരളി: സർ, റീ-സർവ്വേയുടെ അപാകതയും അശ്രദ്ധയുംമൂലം എന്റെ നിയോജകമണ്ഡലത്തിൽ ഏകദേശം 1600 ഏക്കർ പ്രദേശത്തെ ജനങ്ങളുടെ ബുദ്ധിമുട്ട് ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പരിഹാരം കാണുന്നതിനും വേണ്ടിയാണ് ഈ സബ്മിഷൻ. വില്ലേജ് ബൈഫർക്കേഷന്റെ ഭാഗമായി 1987-ലാണ് എന്റെ നിയോജക മണ്ഡലത്തിൽ കല്ലറ വില്ലേജ് രൂപീകൃതമാകുന്നത്. അതിനുമുമ്പ് വാമനപുരം 'എ', വാമനപുരം 'ബി', പുല്ലംപാറ എന്നീ വില്ലേജുകളുടെ ഭാഗമായിരുന്നു. പുല്ലംപാറ വില്ലേജിൽനിന്ന് മുൻസർവ്വേ 1436 മുതൽ 1468 വരെയും 1842 മുതൽ 1880 വരെയുമുള്ള നമ്പരുകളാണ് കല്ലറ വില്ലേജിൽ ചേർത്തത്. ഈ പ്രദേശങ്ങൾ പഴയ വാമനപുരം വില്ലേജിനോട് ചേർന്നവയും വാമനപുരം നദിയുടെ മറുകരയിൽ കല്ലറ പഞ്ചായത്ത് പ്രദേശത്ത് ഉൾപ്പെട്ട ഭൂപ്രദേശവുമാണ്. വില്ലേജ് വിഭജനത്തിന് മുമ്പ് പുല്ലംപാറ വില്ലേജിൽ റീ-സർവ്വേ നടപടികൾ ആരംഭിച്ചിരുന്നു. അതിനാൽ പുല്ലംപാറ വില്ലേജിലെ റീ-സർവ്വേ രേഖകൾ നിലവിൽ വന്നപ്പോൾ കല്ലറ വില്ലേജിലെ വിട്ടുകൊടുത്ത വസ്തുക്കൾ വീണ്ടും

പുല്ലംപാറ വില്ലേജ് ബ്ലോക്ക് നമ്പർ 21-ൽ ഉൾപ്പെട്ട് വരാനിടയായി. എന്നാൽ അതേ കാലയളവിൽ കല്ലറ വില്ലേജിൽ റീ-സർവ്വേ രേഖകൾ നടപ്പിൽ വന്നതുമില്ല. തൻമൂലം ഒരേ വസ്തു തന്നെ റീ-സർവ്വേ പ്രകാരം പുല്ലംപാറ വില്ലേജിലും മുൻസർവ്വേ പ്രകാരം കല്ലറ വില്ലേജിലും വരുന്ന ഒരവസ്ഥയുണ്ടായി. പുല്ലംപാറ വില്ലേജ് വാമനപുരം സബ് രജിസ്ട്രാർ ഓഫീസിന്റെ കീഴിലും കല്ലറ വില്ലേജ് കല്ലറ സബ് രജിസ്ട്രാർ ഓഫീസിന്റെ കീഴിലുമാണ് വരുന്നത്. അതുകൊണ്ടുതന്നെ ഒരേ ഭൂമിക്ക് രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളിലും encumbrance certificate-നും മറ്റും സമീപിക്കേണ്ടിവരുന്ന ദുരവസ്ഥയും അവിടത്തെ ജനങ്ങൾക്കുണ്ടായി.

2018 ഫെബ്രുവരിയിൽ കല്ലറ വില്ലേജിലെ റീ-സർവ്വേ രേഖകൾ റീസർവ്വേ പൂർത്തിയാക്കി നടപ്പിൽവന്നു. എന്നാൽ പുല്ലംപാറ വില്ലേജിൽപ്പെട്ട പ്രദേശങ്ങൾ ഈ റീ-സർവ്വേ ഫൈനലൈസ് ചെയ്തപ്പോൾ കല്ലറ വില്ലേജിൽ ഉൾപ്പെട്ടതുമില്ല. ഇതിന്റെ ഭാഗമായി കല്ലറ പ്രദേശത്തുള്ളവർക്ക് പുല്ലംപാറ വില്ലേജിൽ എത്തിപ്പെടാനുള്ള ദൂരപരിധിയിൽ കാലതാമസം നേരിടുന്നതുകൊണ്ട് വലിയ ബുദ്ധിമുട്ടാണ് അനുഭവിക്കുന്നത്. ഇത് അടിയന്തരമായി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ബ്ലോക്ക് നമ്പർ 21-ൽപ്പെട്ട 6 മുതൽ 9 വരെയും 42 മുതൽ 46 വരെയും 159 മുതൽ 168 വരെയും 301 മുതൽ 306 വരെയും 327 മുതൽ 337 വരെയും സർവ്വേ നമ്പരുകളിൽപ്പെട്ട വസ്തുവാണ് ഇങ്ങനെ പുല്ലംപാറ വില്ലേജിലേയ്ക്ക് മാറിക്കിടക്കുന്നത്. ബന്ധപ്പെട്ട റവന്യൂ-റീ-സർവ്വേ ഉദ്യോഗസ്ഥരെ നിയോഗിച്ച് ഈ പ്രദേശം കല്ലറ വില്ലേജിന്റെ ഭാഗമായി ഉൾപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കല്ലറ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട മുൻസർവ്വേ നമ്പർ 1436 മുതൽ 1457 വരെയും 1464 മുതൽ 1468 വരെയും 1842 മുതൽ 1880 വരെയുമുള്ള ഭാഗങ്ങൾ പുല്ലംപാറ വില്ലേജ് ബ്ലോക്ക് നമ്പർ 21-ൽ ഉൾപ്പെടുത്തിയാണ് റീ-സർവ്വേ റെക്കോർഡുകൾ തയ്യാറാക്കി റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളത്. നെടുമങ്ങാട് താലൂക്ക് വികസന സമിതിയുടെ ആവശ്യപ്രകാരം വില്ലേജ് റെക്കോർഡുകൾ മാറ്റം വരുത്തുന്നതിന് ആവശ്യമായ രേഖകൾ തയ്യാറാക്കി തിരുവനന്തപുരം ജില്ലാ കളക്ടർ മുഖാന്തരം തിരുവനന്തപുരം സർവ്വേ ജോയിന്റ് ഡയറക്ടർ നടപടി സ്വീകരിച്ചുവരികയാണ്. കല്ലറ, കറപുഴ വില്ലേജുകളിലെ റീ-സർവ്വേ അപാകത പരിഹരിക്കുന്നതിനായി നെടുമങ്ങാട് റീ-സർവ്വേ സൂപ്രണ്ട് ഓഫീസിൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. താമസംവിനാ ഈ പ്രശ്നം പരിഹരിക്കുന്നതാണ്.

## (3) തീരദേശ മേഖലയിൽ സ്വീവറേജ് സംവിധാനം

ശ്രീ. വി. എസ്. ശിവകുമാർ: സർ, എന്റെ നിയോജക മണ്ഡലമായ തിരുവനന്തപുരത്തെ തീരദേശ മേഖലയായ വേളി മുതൽ പൂന്തുറ വരെയുള്ള പ്രദേശത്ത് സ്വീവറേജ് സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട സബ്മിഷനാണ് ഞാൻ ഉന്നയിക്കുന്നത്. തീരപ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ 107 MLD ശുദ്ധീകരിക്കുന്നതിനുള്ള ശേഷിയുണ്ട്. എന്നാൽ മുട്ടത്തറയിലെ പ്ലാന്റിൽ 38 ശതമാനം മാത്രമേ സ്വീവറേജ് എത്തിച്ചേരുന്നുള്ളൂ. അതുകൊണ്ട് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് സ്വീവറേജ് സംവിധാനം ഏർപ്പെടുത്തിയാലും ശുദ്ധീകരണ പ്രക്രിയയ്ക്ക് യാതൊരു തടസ്സവുമുണ്ടാകില്ല. നഗരത്തിലെ സ്വീവറേജ് മുഴുവൻ വന്നടിയുന്നത് തീരദേശ മേഖലയായ മുട്ടത്തറയിൽ സ്ഥാപിച്ചിട്ടുള്ള സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിലാണ്. തീരദേശ മേഖലയ്ക്ക് പ്രത്യേകമായി സ്വീവറേജ് സംവിധാനമില്ല. അതുകൊണ്ട് മത്സ്യത്തൊഴിലാളികൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു സാഹചര്യമാണുള്ളത്. അവിടെ സെപ്റ്റിക് ടാങ്കുപോലെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് സ്ഥലപരിമിതിമൂലമുള്ള തടസ്സമുണ്ട്. ഒരു സെന്റിലും അര സെന്റിലുമൊക്കെയാണ് അവർ ജീവിക്കുന്നത്. അതുകൊണ്ട് തീർച്ചയായും അത് കിണറുകളിലേയ്ക്ക് ഒലിച്ചിറങ്ങുന്ന ഒരു സാഹചര്യമുണ്ട്. അതുമൂലം പകർച്ചവ്യാധികൾ പടർന്നുപിടിക്കുകയാണ്. ആ സാഹചര്യത്തിൽ തീരദേശത്ത് അടിയന്തരമായി പ്രത്യേകമായി സ്വീവറേജ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പം പാർവതീ പുത്തനാർ നഗരത്തിന്റെ ശാപമായി മാറിയിരിക്കുകയാണ്. പാർവതീ പുത്തനാറിന്റെ ഇരുകരകളിലും താമസിക്കുന്ന തീരദേശവാസികൾ സ്വീവറേജ് സംവിധാനം ഇല്ലാത്തതിനാൽ കക്കൂസ് മാലിന്യം നേരിട്ട് പാർവതീ പുത്തനാറിലേയ്ക്ക് കടത്തിവിടുകയാണ്. ഇരുവശത്തും ഓരോ പൈപ്പ് സ്ഥാപിച്ച് സൗജന്യ കണക്ഷൻ നൽകുന്നതിന് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 4 കോടി രൂപയുടെ ഒരു പ്രോജക്ട് തയ്യാറാക്കിയിരുന്നു. ആ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾകൂടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈയവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

അതോടൊപ്പം പൂന്തുറ മുതൽ വേളി വരെയുള്ള തീരദേശമേഖലയിലും ഇത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് തീരദേശമേഖലയിലാണ്. 2018 മാർച്ച് 23-ലെ ഹിന്ദു ദിനപ്പത്രത്തിൽ സർക്കാർ ഏജൻസിയായ സെന്റർ ഫോർ വാട്ടർ റിസോഴ്സ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസ് നടത്തിയ പഠനത്തെ

ആസ്പദമാക്കിയുള്ള ലേഖനത്തിൽ കേരളത്തിലെ 83 ശതമാനം കിണറുകളും മലിനമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ അധികവും പ്രോപ്പർ സ്വീവറേജ് സംവിധാനമില്ലാത്തതുകൊണ്ടാണ് ബാക്ടീരിയ തുടങ്ങിയവമൂലം വെള്ളം മലിനമാകുന്നത്. മാരകമായ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം വളരെ കൂടുതലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടാണ് തീരദേശ മേഖലയിൽ പകർച്ചവ്യാധികൾ കൂടുതലായി പടർന്നുപിടിക്കുന്നത്. അതുകൊണ്ട് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന തീരദേശ മേഖലകളിൽ സ്വീവറേജ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണമെന്നുകൂടി ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കഴിഞ്ഞ ദിവസം ചോദ്യോത്തര സമയത്ത് ബഹുമാനപ്പെട്ട അംഗം ടി വിഷയം ചൂണ്ടിക്കാണിക്കുകയും മുട്ടത്തറയിലുള്ള സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കപ്പാസിറ്റി പരമാവധി ഉപയോഗിക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് ഞാൻ വിശദമായ മറുപടി പറയുകയും ചെയ്തു. ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തി വേളി മുതൽ പൂന്തുറ വരെയുള്ള തീരപ്രദേശങ്ങളിൽ സ്വീവറേജ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ അവിടെ പമ്പ് ഹൗസുകൾക്കാവശ്യമായ സ്ഥലം ജൻറം പദ്ധതിയുടെ സമയപരിധിക്കുള്ളിൽ ഏറ്റെടുക്കാൻ കഴിയാതെ പോയതിനാൽ ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തി ആ പ്രവൃത്തി പൂർത്തീകരിക്കാനായില്ല. പമ്പ് ഹൗസുകൾക്ക് ഉദ്ദേശിച്ച സ്ഥലത്തെ പരിസരവാസികളുടെ എതിർപ്പുമൂലമാണ് സ്ഥലം ഏറ്റെടുക്കാൻ സാധിക്കാതെ പോയത്. നഗരസഭയാണ് അത് ഏറ്റെടുത്ത് നൽകേണ്ടിയിരുന്നത്. ഇപ്പോൾ ജൻറം പദ്ധതിയുടെ കാലാവധി കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് വേളി മുതൽ പൂന്തുറ വരെയുള്ള പ്രദേശങ്ങളിൽ സ്വീവറേജ് സംവിധാനം നടപ്പിലാക്കുന്നതിന് പുതിയൊരു പദ്ധതിയാണ് ആവിഷ്കരിക്കേണ്ടത്. പുതിയ പദ്ധതി തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മേൽ പ്രദേശങ്ങളിൽ സ്വീവറേജ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

പാർവ്വതീ പുത്തനാറിനെ സംബന്ധിച്ച വിഷയം നോട്ടീസിലില്ലെങ്കിലും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചു. ജലപാതാ നിർമ്മാണവുമായി ബന്ധപ്പെട്ട പാർവ്വതീ പുത്തനാറിന്റെ ഭാഗം ശുദ്ധീകരിക്കാനുള്ള വിഷയമാണ് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുള്ളത്.

## (4) കുടിവെള്ള പദ്ധതികൾ

ശ്രീ. എം. വിൻസെന്റ്: സർ, എല്ലാക്കാലത്തും വളരെയേറെ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന ഒരു നിയോജക മണ്ഡലമാണ് കോവളം. പക്ഷെ ഇന്ന് അവിടെ നടന്നുവരുന്ന കുടിവെള്ള പദ്ധതികൾ യഥാസമയം പൂർത്തിയാക്കിയാൽ ഈ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ സാധിക്കും. പല കാരണങ്ങളാൽ അഞ്ച് വർഷമായി മുടങ്ങിക്കിടക്കുന്ന പദ്ധതികളാണ്. ഈ പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. തീരദേശ വികസന കോർപ്പറേഷൻ രണ്ടര കോടി രൂപ അടച്ചിട്ടാണ് അടിമലത്തുറ, കൊച്ചുതുറ പദ്ധതി ആരംഭിച്ചത്. പക്ഷെ അഞ്ച് വർഷമായിട്ടും അത് എങ്ങുമെത്താതെ നിൽക്കുകയാണ്. ഒരു വെൽ നിർമ്മിച്ചിട്ടുണ്ട്. മറ്റ് നടപടികൾ പൂർത്തിയാകാതെ നിൽക്കുകയാണ്. കാഞ്ഞിരംകുളം, കരിങ്കുളം, പൂവാർ, നെയ്യാറ്റിൻകരയിലെ തിരുപുറം പഞ്ചായത്തുകൾക്ക് പ്രയോജനം ചെയ്യുന്നതാണ് കുമിളി ജലസേചന പദ്ധതി. ആറ് മാസമായി വൈദ്യുതി കണക്ഷനുള്ള പണം അടയ്ക്കാത്തതിനാൽ കമ്മീഷൻ ചെയ്യാൻ സാധിക്കാത്ത അവസ്ഥയിൽ നിൽക്കുകയാണ്. പഴയ പൈപ്പ് ലൈൻ മാറ്റി പുതിയ ഡിസ്ട്രിബ്യൂഷൻ ലൈൻ ഇടുന്നതിനുള്ള പൂവാർ പദ്ധതിയും എങ്ങുമെത്താതെ നിൽക്കുകയാണ്. വെള്ളായണി കായലിൽനിന്നും ജലം ശേഖരിച്ച് കല്ലിയൂർ, വെങ്ങാനൂർ, വിഴിഞ്ഞം തുടങ്ങിയ പ്രദേശങ്ങളിൽ നൽകുന്നതിനുവേണ്ടിയുള്ള പദ്ധതിയിൽ ആഴാകുളത്തും മുക്കോലയിലും ടാങ്കുകൾ നിർമ്മിച്ചു. എന്നാൽ അത് കമ്മീഷൻ ചെയ്തിട്ടില്ല. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി കിട്ടാത്തതുകൊണ്ട് ബ്രിഡ്ജിനടുത്ത് എൻ.എച്ച്. ക്രോസ് ചെയ്യാൻ കഴിയാത്തതിനാൽ അതങ്ങനെ നിൽക്കുകയാണ്. അതും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. വിളവൂർക്കൽ, പള്ളിച്ചൽ, ബാലരാമപുരം കുടിവെള്ള പദ്ധതിയും എങ്ങുമെത്താതെ നിൽക്കുകയാണ്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കി അടിയന്തരമായി ടി പദ്ധതികൾ പൂർത്തീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ. കോവളം നിയോജക മണ്ഡലത്തിലെ കുടിവെള്ള വിതരണം ആകെ കുത്തഴിഞ്ഞ നിലയിലാണെന്നാണ് കാണാൻ സാധിക്കുന്നത്. രണ്ടും നാലും ഏഴും ദിവസത്തിലൊരിക്കൽ കൃത്യമായി വെള്ളം കൊടുക്കുമെന്ന് പറഞ്ഞെങ്കിലും അതുപോലും പാലിക്കുന്നില്ല. ഈ പറയുന്ന സമയത്ത് വെള്ളം കിട്ടിയാൽപോലും ജനങ്ങൾ തൃപ്തരാണ്. എന്റെ തന്നെ ഒരു അനുഭവം പറയുകയാണ്. ഒന്നര വർഷം മുമ്പ് ഞാൻ എം.എൽ.എ. ആയതിനുശേഷമാണ് ആദ്യമായി പൈപ്പ് ലൈൻ കണക്ഷൻ എടുക്കുന്നത്. ഈ ഒന്നര വർഷക്കാലത്തിനിടയിൽ ഒരു തുള്ളി വെള്ളംപോലും എന്റെ വീട്ടിൽ ലഭിച്ചിട്ടില്ല. എം.എൽ.എ. എന്ന പരിഗണന വേണ്ട. ഒരു സാധാരണ പൗരന് കിട്ടുന്ന പരിഗണനപോലും ലഭിക്കുന്നില്ല. എന്റെ വീട്ടിൽ

പുതിയ കിണറോ ട്യൂബ് വെല്ലോ കുഴിക്കുന്നതിനുള്ള സ്ഥലമില്ല. മുൻകാലങ്ങളിൽ അടുത്ത വീടുകളിൽ നിന്നാണ് വെള്ളം ശേഖരിച്ചുകൊണ്ടു വന്നിരുന്നത്. ഇത് അടിയന്തരമായി പരിഹരിക്കണം. കോവളം നിയോജകമണ്ഡലത്തിലെ മുഴുവൻ കുടിവെള്ള പദ്ധതികളും നിലവിലുള്ള ചെറിയ തടസ്സങ്ങൾ നീക്കി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം വളരെ കൃത്യമായ നോട്ടീസാണ് നൽകിയിരുന്നത്. ആ നോട്ടീസിനെ സംബന്ധിച്ച് മാത്രമേ വിവരം ശേഖരിച്ച് നൽകാൻ സാധിക്കുകയുള്ളൂ. അദ്ദേഹം മറ്റ് പല കാര്യങ്ങളും സൂചിപ്പിച്ചു. കോവളം നിയോജകമണ്ഡലത്തിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന മൂന്ന് കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നതാണ് സബ്മിഷൻ. അതുസംബന്ധിച്ച വിവരം മാത്രമേ ഇപ്പോൾ നൽകാൻ സാധിക്കുകയുള്ളൂ. മറ്റ് വിഷയങ്ങൾ എഴുതി തന്നാൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കാഞ്ഞിരംകുളം, കരിങ്കുളം, പൂവാർ, തിരുപുറം വില്ലേജുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള 12 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല, തിരുപുറം പഞ്ചായത്തിലെ എട്ടുകുറ്റിയിൽ 7.13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി, ജലശുദ്ധീകരണശാലയിലേയ്ക്ക് അസംസ്കൃത ജലമെത്തിക്കുന്നതിനും ശുദ്ധീകരിച്ച ജലം ഉപരിതല ജലസംഭരണികളിലെത്തിക്കുന്നതിനുമുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തിയായി. എന്നാൽ കരിങ്കുളം പഞ്ചായത്തിലെ പരണിയത്ത് നിർമ്മിക്കേണ്ട 4.67 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നൽകാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പൂർത്തിയായ ഘടകങ്ങൾ ഉപയോഗപ്പെടുത്തി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്. ഇതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. പരണിയത്ത് നിർമ്മിക്കേണ്ട ഉപരിതല ജലസംഭരണിയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നൽകാത്ത സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ജലസംഭരണിക്കടുത്തായി പുതിയ ഉപരിതല ജലസംഭരണി നിർമ്മിക്കാൻ ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് പുതുക്കിയ രൂപരേഖ തയ്യാറാക്കി അംഗീകാരം നൽകി പണി തുടങ്ങാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ജലസംഭരണി നിർമ്മിക്കേണ്ട സ്ഥലത്ത് നിൽക്കുന്ന മരം മുറിച്ചു മാറ്റുന്നതിന് വനം വകുപ്പിന്റെ അനുമതിക്കായി നടപടി സ്വീകരിച്ചിട്ടുണ്ട്.

അടിമലത്തുറ തീരദേശ വില്ലേജുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി അടിമലത്തുറ, അമ്പലത്തുമൂല, പൂവാർ, കരിങ്കുളം എന്നീ തീരദേശ വില്ലേജുകളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ്. ഡെപ്പോസിറ്റ് തുകയിലൂടെ വിഭാവനം ചെയ്ത പദ്ധതിയാണ്. ജനുവരി 2012-ലും മാർച്ച് 2012-ലുമായി മത്സ്യബന്ധന, തുറമുഖ വകുപ്പുകളിൽ നിന്നായി ആകെ 524 ലക്ഷം രൂപയുടെ ഭരണാനുമതി ഈ പദ്ധതിക്കായി ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഗഡുവായി 250 ലക്ഷം രൂപയുടെ ഡെപ്പോസിറ്റ് ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയുടെ വിവിധ ഘടകങ്ങളെ മൂന്ന് പാക്കേജുകളായി വിഭജിച്ച് ടെണ്ടർ ചെയ്തിരുന്നു. ഇതിൽ ഒന്നാം പാക്കേജായ പദ്ധതിയുടെ കിണറിന്റെയും പമ്പ് ഹൗസിന്റെയും പണികൾ 50 ശതമാനം പൂർത്തിയായ ഘട്ടത്തിൽ ചില സാങ്കേതിക കാരണങ്ങളാൽ കിണറിന്റെ പണി തടസ്സപ്പെട്ടിരുന്നു.

മൈക്രോഫിൽറ്റർ ഉൾപ്പെടെയുള്ള ബാക്കി ഘടകങ്ങൾ ഒറ്റ പാക്കേജായി ടെണ്ടർ വിളിച്ചെങ്കിലും ടെണ്ടർ തുക കൂടുതലായിരുന്നതിനാൽ ടെണ്ടർ ക്യാൻസൽ ചെയ്യേണ്ടിവന്നു. ഡെപ്പോസിറ്റ് തുകയേക്കാൾ ടെണ്ടർ തുക കൂടുതലായതിനാൽ കേരളാ വാട്ടർ അതോറിറ്റിയുടെയും കേരള സംസ്ഥാന തീരദേശ വികസന അതോറിറ്റിയുടെയും ഉദ്യോഗസ്ഥർ പങ്കെടുത്ത യോഗത്തിൽ പദ്ധതി പുനരവലോകനം ചെയ്യാൻ നിർദ്ദേശിക്കുകയും അതനുസരിച്ച് നടത്തിയ പഠനത്തെ തുടർന്ന് പുതിയ പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തു. 7-10-2017-ൽ ഫിഷറീസ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഇതിനകം ഡെപ്പോസിറ്റ് ചെയ്ത തുകയായ 250 ലക്ഷം രൂപയ്ക്കുള്ള നിർമ്മാണ പ്രവർത്തനം നടത്തുവാനുള്ള തീരുമാനമെടുത്ത പശ്ചാത്തലത്തിൽ അടിമലത്തുറയിൽ ഒരു ജലസംഭരണി നിർമ്മിച്ച് നിലവിൽ പണി നിർത്തിവച്ചിരിക്കുന്ന കിണറിന്റെ പണികൾ പൂർത്തിയാക്കി അടിമലത്തുറ ഭാഗത്തേയ്ക്ക് ജലവിതരണം നടത്തുവാൻ തീരുമാനമായിട്ടുണ്ട്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 219.8 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് അംഗീകാരം ലഭ്യമാക്കി, ദർഘാസ് നടപടികൾ പുരോഗമിച്ചുവരികയാണ്.

കല്ലിയൂർ, വെങ്ങാനൂർ, വിഴിഞ്ഞം വില്ലേജുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി ഭാഗികമായി പൂർത്തിയാക്കി 28-6-2016 മുതൽ കുടിവെള്ള വിതരണം നടത്തിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിനടുത്ത് 21.9 എം.എൽ.ഡി. ജലശുദ്ധീകരണശാലയും അനുബന്ധ പ്രവൃത്തികളും പൂർത്തിയായി. മുട്ടയ്ക്കാട് കെ.എസ്. റോഡിലെ 16 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണവും പെരിങ്ങമ്മലയിലെ 10.1 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല

ജലസംഭരണിയുടെ നിർമ്മാണവും വണ്ടിത്തടത്ത് 2.4 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണവും അവയിലേയ്ക്കുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കൽ തുടങ്ങിയവയും അനുബന്ധ പണികളും പൂർത്തിയാക്കിയാണ് ഭാഗികമായി കമ്മീഷൻ ചെയ്തത്. തുടർന്ന് കോവളം ജംഗ്ഷനിലെ എൻ. എച്ച്. റോഡ് ക്രോസിംഗിന് അനുമതി ലഭ്യമായ മുറയ്ക്ക് ഇന്റർ കണക്ഷൻ പ്രവൃത്തികൾ പൂർത്തിയാക്കി കോവളം ഭൂതല ജലസംഭരണിയിൽ ജലമെത്തിച്ച് വിതരണം നടത്തിവരുന്നു. ഇതിലൂടെ കോവളം പ്രദേശത്തെ ശുദ്ധജലലഭ്യത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ആഴാകുളത്തും മുക്കോലയിലുമുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. കോവളം, ആഴാകുളം, മുക്കോല വരെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് എൻ. എച്ച് ബൈപ്പാസ് അധികാരികളിൽനിന്ന് അനുമതി ലഭിച്ചതിനെത്തുടർന്ന് പ്രവൃത്തി നടന്നു വരികയാണ്. എന്നാൽ, എൻ. എച്ച്. ബൈപ്പാസിൽ കല്ലുവെട്ടാൻകുഴിക്കടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ല. ഇതിനായി എൻ. എച്ച്. അധികാരികളുമായി നിരന്തരം ബന്ധപ്പെട്ടുവരികയാണ്. പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ ആഴാകുളം, മുക്കോല ജലസംഭരണികൾ വഴി മേൽ പ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടത്താൻ സാധിക്കുന്നതാണ്.

കോവളം ടൂറിസ്റ്റ് ഏരിയയിലേയ്ക്ക് പുതിയ ജലവിതരണശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ആഗസ്റ്റ് 15 വരെ റോഡ് കുഴിക്കുന്നതിന് നിരോധനമുള്ളതിനാൽ പ്രവൃത്തികൾ ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. റോഡ് കുഴിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന നിരോധനം നീക്കിയാലുടൻ പണികൾ പുനരാരംഭിക്കുന്നതാണ്.

എന്റെ ശ്രദ്ധയിൽ കൊണ്ടുവരാതിരുന്നൊരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അദ്ദേഹത്തിന്റെ ഭവനത്തിലേയ്ക്ക് കുടിവെള്ളം ലഭ്യമാകാത്ത വിഷയം. അദ്ദേഹത്തിന് സഭയിൽ പറയാതെ തന്നെ എന്നോട് പറയാമായിരുന്നു. ആ വിഷയം പ്രത്യേകമായി പരിശോധിക്കുന്നതാണ്.

### (5) മണിമല മേജർ കുടിവെള്ള പദ്ധതി

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമല, വെള്ളാവൂർ, വാഴൂർ, പള്ളിക്കത്തോട്, ചിറക്കടവ് പഞ്ചായത്തുകളിലെയും ചെറുവള്ളി വില്ലേജിലെയും കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കാൻ ഉദ്ദേശിച്ചുള്ള മണിമല കുടിവെള്ള പദ്ധതി കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി പൂർത്തീകരിക്കാത്ത അവസ്ഥയിലാണ്. ആദ്യഘട്ടത്തിൽ ഏതാണ്ട് ഇരുപത്തിരണ്ടര കോടി രൂപ

അനുവദിച്ച്, അതിന്റെ ട്രീറ്റ്മെന്റ് പ്ലാന്റും അഞ്ച് പഞ്ചായത്തുകളിലെ ഓവർഹെഡ് ടാങ്കുകളും പമ്പ് ഹൗസും ഉൾപ്പെടെ പൂർത്തീകരിച്ചതാണ്. രണ്ടാം ഘട്ടത്തിൽ മുപ്പത്തിരണ്ടര കോടി രൂപ അനുവദിച്ചു. നാല് സോണുകളായി ടെണ്ടർ ചെയ്യുകയും ചെയ്തു. പക്ഷേ അതിൽ രണ്ട് സോണുകൾ മാത്രമേ കരാറുകാർ ഏറ്റെടുത്തുള്ളൂ. ഈ പദ്ധതിയുടെ ഏതാണ്ട് എഴുപത് ശതമാനത്തോളം വരുന്ന രണ്ട് സോണുകളിലെ വർക്ക് കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യമുണ്ടായി. ഇത് നബാർഡ് പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരുന്നത്. ബഹുമാന്യനായ മന്ത്രി തന്നെ താൽപ്പര്യമെടുത്താണ് ഇതുമായി ബന്ധപ്പെട്ട കുളത്തൂർമൂഴിയിലെ പുതിയ ചെക്ക് ഡാമിനുള്ള അനുവാദം നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രധാനപ്പെട്ട ജലസ്രോതസ്സ് മണിമലയാറാണ്. വെള്ളത്തിന്റെ കാര്യത്തിൽ യാതൊരു കുറവും ചെക്ക് ഡാം വരുന്നതോടുകൂടി ഉണ്ടാകില്ല. ഈ രണ്ട് സോണുകളുടെ ടെണ്ടറുകൾ റീ-ടെണ്ടർ ചെയ്യുന്ന സമയത്താണ് കേന്ദ്ര സർക്കാർ ഫണ്ട് വെട്ടിക്കുറച്ചത്. ഏതാണ്ട് 25 ശതമാനത്തോളമെങ്കിലും പൂർത്തീകരിച്ച പദ്ധതികൾ മാത്രം റീടെണ്ടർ ചെയ്താൽ മതിയെന്ന ഒരു നിർദ്ദേശം സർക്കാർ തലത്തിലുണ്ട്. മണിമല മേജർ കുടിവെള്ള പദ്ധതി അൻപത് ശതമാനത്തോളം പൂർത്തീകരിച്ചതാണ്. കഴിഞ്ഞ പത്തുപതിനഞ്ച് വർഷക്കാലമായി ഇതിൽനിന്നും ഒരു തുള്ളി വെള്ളംപോലും നൽകാൻ കഴിഞ്ഞിട്ടില്ല. ഇനിയുള്ള ഏകമാർഗ്ഗം സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി, രണ്ടാം ഘട്ടപ്രവർത്തനങ്ങൾ പൂർത്തീകരിക്കുക എന്നതാണ്. ഇപ്പോഴത്തെ കണക്കനുസരിച്ച് ഏകദേശം 30 കോടി രൂപയുണ്ടെങ്കിൽ മാത്രമേ ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. പരിമിതമാണ് സർക്കാരിന്റെ വിഭവങ്ങളെങ്കിലും ഒരു പദ്ധതിയുടെ അൻപത് ശതമാനത്തോളം പൂർത്തീകരിച്ച സാഹചര്യത്തിൽ അഞ്ച് പഞ്ചായത്തുകളിലായി എഴുപത്തി അയ്യായിരത്തോളം ആളുകൾക്ക് കുടിവെള്ളമെത്തിക്കാൻ കഴിയുന്ന വളരെ ബൃഹത്തായ ഒരു പദ്ധതിയെന്ന നിലയിൽ ഈ പദ്ധതിക്ക് അടിയന്തരമായ പ്രാധാന്യം നൽകി അടുത്ത വേനൽക്കാലത്തെങ്കിലും ആ പ്രദേശത്തെ ആളുകൾക്ക് കുടിവെള്ളം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതോടൊപ്പം, ഈ നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾക്ക്, പ്രത്യേകിച്ച് കരിമ്പുഴ പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾക്കും മണിമലയാറ്റിലെ ചെക്ക് ഡാം ഉൾപ്പെടെയുള്ളവയ്ക്കും ജലസേചന വകുപ്പിൽനിന്നും നൽകുന്ന പിൻതുണയെ ഞാൻ ഈ സന്ദർഭത്തിൽ നന്ദിയോടുകൂടി അനുസ്മരിച്ചുകൊണ്ട് ഇക്കാര്യത്തിൽ അനുകൂലമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, മണിമല, വെള്ളാവൂർ, വാഴൂർ, പള്ളിക്കത്തോട്, ചിറക്കടവ് എന്നീ വില്ലേജുകൾക്കുവേണ്ടി രൂപകൽപ്പന ചെയ്ത ശുദ്ധജല വിതരണ പദ്ധതിയാണ് മണിമല കുടിവെള്ള പദ്ധതി. ഇവിടെ ഒരു വിഷയം ഉന്നയിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. സംസാരിച്ചപ്പോൾ അതിന്റെ ഭാഗികമായ ബുദ്ധിമുട്ട് തിരിച്ചറിഞ്ഞ് ആ വിഷയങ്ങൾ ഇവിടെ പങ്ക് വച്ചതിൽ ഞാൻ അദ്ദേഹത്തോട് നന്ദി അറിയിക്കുകയാണ്. മണിമലയാറ്റിൽ മാത്രൂർ കടവ് ഭാഗത്ത് കിണറും കുളത്തിങ്കൽ ഭാഗത്ത് 9 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാലയും കറുത്ത മഞ്ചാടി, ഉള്ളായം, പൂരത്തോലി, ചള്ളോലി എന്നീ സ്ഥലങ്ങളിൽ ജലസംഭരണികളുമുള്ള വിപുലമായ പദ്ധതിയാണിത്. ഈ പദ്ധതിക്ക് ആദ്യഘട്ടമായി 18.33 കോടി രൂപയുടെ ഭരണാനുമതി 2002-03 വർഷത്തിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ലഭിക്കുകയുണ്ടായി. എന്നാൽ ശുദ്ധീകരണശാല നിർമ്മിക്കാനുള്ള സ്ഥലം ലഭ്യമാകാതിരുന്നതുമൂലം പദ്ധതിയുടെ നിർമ്മാണത്തിന് വർഷങ്ങളോളം കാലതാമസമുണ്ടായി. തുടർന്ന് പാറക്കെട്ടുകൾ നിറഞ്ഞ സ്ഥലം പഞ്ചായത്ത് കണ്ടെത്തിയെങ്കിലും പാറ പൊട്ടിച്ചുമാറ്റാനുണ്ടായ കാലതാമസം പദ്ധതിയുടെ പുരോഗതിയെ ബാധിക്കുകയുണ്ടായി. പഞ്ചായത്ത് പാറ പൊട്ടിച്ചുതരാൻ തയ്യാറായെങ്കിലും അവർക്കത് പൂർത്തിയാക്കുവാൻ സാധിച്ചില്ല. തുടർന്ന് കേരള ജല അതോറിറ്റി തന്നെ പ്രസ്തുത പണികൾ ചെയ്ത് സ്ഥലം ശുദ്ധീകരണശാല നിർമ്മിക്കുന്നതിന് അനുയോജ്യമാക്കിയെടുക്കേണ്ടതായി വന്നു. സ്ഥലം ലഭിക്കാനുണ്ടായ കാലതാമസംമൂലം 2009-ഓടുകൂടി മാത്രമാണ് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചത്. 2002-03-ൽ അനുമതി ലഭിച്ച 18.33 കോടി രൂപയുടെ പദ്ധതിയിലുൾപ്പെട്ട ശുദ്ധീകരണശാല, കിണർ, ജലസംഭരണികൾ, പമ്പിംഗ് ലൈനുകൾ, വിതരണശൃംഖല എന്നീ ഘടകങ്ങൾ എല്ലാം തന്നെ ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിച്ചുവെങ്കിലും കാലാകാലങ്ങളിലുണ്ടായ നിരക്കുവർദ്ധനമൂലവും ടെണ്ടറുകൾ നിജപ്പെടുത്തിയപ്പോഴുണ്ടായ അധിക തുകയും കാരണം ആദ്യം അനുവദിക്കപ്പെട്ട 18.33 കോടി രൂപ പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തിയാക്കുന്നതിന് തികയാതെ വന്നു. ഇതിനായി 24.25 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന ഉൽപ്പാദന ഘടകങ്ങളിൽ ക്ലിയർവാട്ടർ പമ്പ്സെറ്റ് ഒഴികെയുള്ള ഘടകങ്ങൾ ഇതിനകം പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് 32.50 കോടി രൂപയുടെ ഒരു പദ്ധതിക്ക് 1-11-2014-ൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്.

വിതരണ ശൃംഖലകൾ സ്ഥാപിക്കുന്നതിനായി ഭരണാനുമതി ലഭിച്ച 32.50 കോടി രൂപയുടെ പദ്ധതി 5 പ്രവൃത്തികളായാണ് ടെണ്ടർ ചെയ്ത് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്നത്. ഇതിൽ നാല് പ്രവൃത്തികൾ ടെണ്ടർ ചെയ്തെങ്കിലും രണ്ട് പ്രവൃത്തികൾ മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ആരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. മറ്റ് രണ്ടെണ്ണത്തിന്റെ ടെണ്ടറുകൾ റദ്ദാക്കേണ്ടിവന്നു. ഈ രണ്ട് പ്രവൃത്തികളും അവശേഷിച്ച ഒരു പ്രവൃത്തിയും ഉൾപ്പെടെ മൂന്ന് പ്രവൃത്തികൾ NRDWP ഫണ്ടിന്റെ അപര്യാപ്തതമൂലം ടെണ്ടർ ചെയ്യാൻ സാധിച്ചിട്ടില്ല. മൊത്തം 294.9 കി.മീ. വിതരണശൃംഖലയിൽ 86.70 കി.മീ. ഇതിനോടകം ടെണ്ടർ ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിന്റെ പണികൾ ഏകദേശം 60 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി റോഡ് മുറിച്ച് പൈപ്പ് സ്ഥാപിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിൽ അടയ്ക്കേണ്ട തുക ഇതിനകം അടച്ചുകഴിഞ്ഞിട്ടുണ്ട്. മഴക്കാലത്തിനുശേഷം ആഗസ്റ്റ് പകുതിയോടെ പണികൾ പുനരാരംഭിച്ച് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ പൂർത്തീകരിച്ച ഘടകങ്ങൾ പ്രവർത്തനക്ഷമമാക്കാൻ സ്റ്റേറ്റ് പ്ലാനിൽ optimization of production and transmission ഹെഡ്സിലുൾപ്പെടുത്തി രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. ഇതിന്റെ പ്രവൃത്തികൾ നടന്നുവരുന്നു. ഈ പ്രവൃത്തികൾ പൂർത്തീകരിക്കുമ്പോൾ ഭരണാനുമതിയുടെ ഭാഗമായി സ്ഥാപിക്കപ്പെട്ട വിതരണ ശൃംഖലയിലും ഇപ്പോൾ നിർമ്മാണം നടന്നുവരുന്നതുമായ രണ്ട് പ്രവൃത്തികളുടെ ഭാഗമായി സ്ഥാപിക്കുന്ന വിതരണ ശൃംഖലകളിലും ജലവിതരണം നടത്തുവാൻ സാധിക്കുന്നതാണ്. ഫണ്ടിന്റെ അപര്യാപ്തതമൂലം ടെണ്ടർ നടപടികൾ നിർത്തിവച്ച പ്രവൃത്തികൾ മറ്റ് രൂപത്തിൽ ഫണ്ട് കണ്ടെത്തി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (6) കരൾമാറ്റ ശസ്ത്രക്രിയ

ശ്രീ. പുരുഷൻ കടലുണ്ടി: സർ, കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് സൗകര്യമൊരുക്കണമെന്ന് ആവശ്യപ്പെടാനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മാറി വരുന്ന ജീവിതശൈലിയിൽ നിരവധി രോഗങ്ങളാണ് സംസ്ഥാനത്ത് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്. കാൻസർ, കിഡ്നി-കരൾ രോഗങ്ങൾ സർവ്വസാധാരണമാവുകയാണ്. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ ഗ്യാസ്ട്രോ എൻട്രോളജി, സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി എന്നീ വിഭാഗങ്ങളിൽ ചികിത്സയ്ക്കെത്തുന്ന എഴുപത് ശതമാനം പേരും കരൾ രോഗവുമായി ബന്ധപ്പെട്ട അസുഖം പിടിപെട്ടവരാണ്.

കരൾരോഗം ബാധിച്ചവരിൽ പതിനെട്ട് ശതമാനത്തോളം കരൾമാറ്റ ശസ്ത്രക്രിയ ആവശ്യമുള്ളവരുമാണ്. സ്വകാര്യ ആശുപത്രികളിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് ഇരുപത് മുതൽ നാൽപ്പത് ലക്ഷം രൂപ വരെ ചെലവ് വരുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താൻ സംവിധാനങ്ങളില്ലെന്നിരിക്കെ കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ ഇതിനാവശ്യമായ സൗകര്യങ്ങളൊരുക്കാൻ കഴിയുമോയെന്ന് ആലോചിക്കണം. രണ്ടര-മൂന്നര കോടിയോളം രൂപ ചെലവഴിച്ചാൽ അത്തരത്തിലൊരു സംവിധാനമൊരുക്കാൻ കഴിയുമെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം തലവൻ കരൾമാറ്റ ശസ്ത്രക്രിയയിൽ വിദഗ്ദ്ധ പരിശീലനം നേടിയ ഡോക്ടറാണ്. ആറോ ഏഴോ ജില്ലകളിൽ നിന്നായി മൂവായിരത്തിലധികം പാവപ്പെട്ട രോഗികളെത്തുന്ന കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾമാറ്റൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള സംവിധാനമൊരുക്കണ മെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സംസ്ഥാനത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രമാണ് കരൾമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സംവിധാനമുണ്ടാക്കിയിരുന്നത്. എന്നാൽ ഇവിടെ നടന്ന ആദ്യത്തെ കരൾമാറ്റ ശസ്ത്രക്രിയയിൽ കരൾ സ്വീകരിച്ച രോഗി അണുബാധമൂലം മരണപ്പെടുകയും തുടർന്ന് കരൾമാറ്റൽ ശസ്ത്രക്രിയ താൽക്കാലികമായി നിർത്തിവയ്ക്കുകയുമാണ് ചെയ്തത്. ഇന്റൻസീവ് കെയർ യൂണിറ്റുകളിലെ അണുബാധ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ നടപടി സ്വീകരിച്ചു വരികയാണ്. ഇവ പൂർത്തിയാകുന്ന മുറയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ നടത്താൻ നമുക്ക് സാധിക്കും. കോഴിക്കോട് മെഡിക്കൽ കോളേജിൽ സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ പ്രൊഫസറുടെ ഒരു തസ്തിക മാത്രമേ നിലവിലുള്ളൂ. കൂടാതെ കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് അനുബന്ധമായ സഹായം നൽകേണ്ട ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിലും തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. ആയതിനാൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുമുമ്പ് ഈ വിഭാഗങ്ങളിൽ ആവശ്യമായ തസ്തിക സൃഷ്ടിച്ചുകൊണ്ടുമാത്രമേ ശസ്ത്രക്രിയ നടത്താൻ സാധിക്കുകയുള്ളൂ. അനസ്തേഷ്യാ വിഭാഗവും കൂടുതൽ ശക്തമാക്കേണ്ടതായിട്ടുണ്ട്. പാരാമെഡിക്കൽ വിഭാഗത്തിലും ആവശ്യമായ തസ്തികകൾ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ രീതിയിൽ സൃഷ്ടിക്കാൻ കഴിയണം. കരൾമാറ്റ ശസ്ത്രക്രിയ

അതിസങ്കീർണ്ണവും ശസ്ത്രക്രിയാനന്തരം അണുബാധയുണ്ടാകുന്നതിന് വളരെ സാധ്യതയുള്ളതുമായ ഒരു ശസ്ത്രക്രിയയാണ്. അതിനാൽ പ്രത്യേകം ഓപ്പറേഷൻ തിയേറ്ററുകൾ, ഐ.സി.യു എന്നിവ സ്ഥാപിക്കേണ്ടതുണ്ട്. അതോടൊപ്പം അണുബാധ നിയന്ത്രണപ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തേണ്ടതുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ പി.എം.എസ്.എസ്.വൈ. പദ്ധതിയുടെ കീഴിൽ നിർമ്മിക്കുന്ന ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി കരൾമാറ്റ ശസ്ത്രക്രിയയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയും. കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനാവശ്യമായ വിവിധ അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് ഏകദേശം 2.39 ലക്ഷം രൂപയോളം ചെലവുവരും. കൂടാതെ മെഡിക്കൽ/ പാരാമെഡിക്കൽ വിഭാഗത്തിൽപ്പെട്ട തൊണ്ണൂറിലധികം തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. ഇതിനാവശ്യമായ ശിപാർശ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിൽനിന്നും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ തസ്തികകളും സൃഷ്ടിച്ചാൽ മാത്രമേ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കാൻ കഴിയുകയുള്ളൂ. അതിനായി ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്.

(7) അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് ജനറൽ ആശുപത്രിയുടെ അതിദയനീയമായ ശോചനീയാവസ്ഥ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. വാസ്തവത്തിൽ ഇത് മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട കാര്യമില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം എന്നേക്കാൾ കൂടുതൽ കാസർഗോഡ് ജനറൽ ആശുപത്രിയിലെ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കിയിട്ടുണ്ടെന്ന് എനിക്ക് നല്ലതുപോലെ അറിയാം. അതുകൊണ്ട് തന്നെയാണ് ഏതാനും മാസങ്ങൾക്കുമുമ്പ് കാസർഗോഡ് കൂടിയ ഒരു യോഗത്തിൽ പങ്കെടുക്കുന്നതിനിടയിൽ ബഹുമാനപ്പെട്ട മന്ത്രി കാസർഗോഡ് ജനറലാശുപത്രിയിൽ ഒരു മിന്നൽ പരിശോധന നടത്തിയത്. അതിന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ആത്മാർത്ഥമായി അഭിനന്ദിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു. കാസർഗോഡ് ജനറലാശുപത്രിയിലെ ഒരു പ്രധാനപ്പെട്ട പ്രശ്നം, അവിടത്തെ ലിഫ്റ്റ് ഓരോ മാസവും തകരാറിലാകുന്നതാണ്. ഇപ്പോൾ ലിഫ്റ്റ് തകരാറിലായിട്ട് ഏകദേശം ഒരു മാസത്തിലധികമായി. ഇതുവരെ അത് റിപ്പയർ ചെയ്യാൻ സാധിച്ചിട്ടില്ല. ആ ആശുപത്രി ഏഴ് നില കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പക്ഷേ ഏഴ് നില കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആശുപത്രിയിൽ ഒരു റാമ്പില്ല. റാമ്പില്ലാത്ത ആശുപത്രിയിലെ ലിഫ്റ്റാണ് ഇങ്ങനെ നിരന്തരം കേടുവന്നു കൊണ്ടിരിക്കുന്നത്. ഇപ്പോൾ ഒരു മാസത്തിലധികമായി ആ ലിഫ്റ്റ് കേടുവന്ന് റിപ്പയർ

ചെയ്യാതിരിക്കുകയാണ്. ഞാൻ കാസർഗോഡ് ജനറലാശുപത്രിക്ക് അടുത്ത് താമസിക്കുന്ന ഒരാളാണ്. എനിക്ക് ആശുപത്രിയുടെ മുമ്പിൽ കൂടി പോകാൻ പറ്റാത്ത ഒരവസ്ഥയാണ് ഇപ്പോഴുള്ളത്. ബഹുമാനപ്പെട്ട മന്ത്രിക്ക് അത് നല്ലതുപോലെ അറിയാം. കാലഹരണപ്പെട്ട ഒരു ലിഫ്റ്റാണ് അവിടെയുള്ളത്. ആ കമ്പനിയുടെ ലിഫ്റ്റ് ഒരു സ്ഥാപനങ്ങളിലും സ്ഥാപിക്കാറില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഇങ്ങനെ ഓരോ മാസവും റിപ്പയർ ചെയ്ത് പണം കളയുന്നതിനുപകരം പുതിയൊരു ലിഫ്റ്റ് കാസർഗോഡ് ജനറലാശുപത്രിയിൽ സ്ഥാപിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണം. 10 വർഷത്തിലധികമായി ഈ ലിഫ്റ്റ് കേടായി ക്കൊണ്ടിരിക്കുകയാണ്. രണ്ടാമത്തെ പ്രശ്നം, ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് ഇപ്പോൾ അവിടെ പ്രവർത്തിക്കുന്നില്ല. ഡെങ്കിപ്പനിയൊക്കെ കാസർഗോഡ് വളരെ വ്യാപകമാണ്. ആദ്യമായി ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ജില്ലയിൽ ഓടിയെത്തി ഒരു യോഗം വിളിച്ചിരുന്നു. പക്ഷേ ഡെങ്കിപ്പനി വ്യാപകമായപ്പോഴാണ് ബ്ലഡ് സെപ്പറേഷൻ യൂണിറ്റിന്റെ അത്യാവശ്യം വന്നത്. ഈ രോഗം ഉണ്ടോയെന്ന് രക്ത പരിശോധന നടത്താൻ വേണ്ടി മംഗലാപുരത്ത് ആളുകൾക്ക് പോകേണ്ടിരുന്നു. 75 ലക്ഷം രൂപ ചെലവഴിച്ച് ഈ യൂണിറ്റ് കാസർഗോഡ് ജനറലാശുപത്രിയിൽ 3 വർഷത്തിനുമുമ്പ് സ്ഥാപിച്ചുവെങ്കിലും അത് പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ല. ഒരു ജനറേറ്റർ ഇല്ലാത്തതാണ് പ്രവർത്തിപ്പിക്കാൻ സാധിക്കാതിരുന്നതിന്റെ ഒന്നാമത്തെ കാര്യം. മറ്റൊന്ന്, പരിചയമുള്ള ഒരു ടെക്നീഷ്യന്റെ അഭാവമാണ്. ഇതുകൂടി പരിഹരിച്ചുതരണമെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെതന്നെ കണ്ണ് രോഗ വിഭാഗത്തിലെ ഓപ്പറേറ്റീവ് മൈക്രോസ്കോപ്പ് റിപ്പയർ ചെയ്യാനാകാത്ത നിലയിൽ കേടായി കിടക്കുകയാണ്. വെന്റിലേറ്റർ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന് സമാനമായ BiPAP (Bilevel Positive Airway Pressure) എന്ന ഉപകരണം റിപ്പയർ ചെയ്യാൻ സാധിച്ചിട്ടില്ല. ഇൻസിനറേറ്റർ സംവിധാനം കാസർഗോഡ് ജനറലാശുപത്രിയിൽ ഇല്ല. ഫാർമസിയിലും പ്രതിരോധ കുത്തിവയ്പുകൾ നൽകുന്ന പോസ്റ്റ് പാർട്ടം യൂണിറ്റിലും തുടർച്ചയായി വൈദ്യുതി വിതരണം ഉറപ്പുവരുത്താൻ ഒരു ജനറേറ്ററിന്റെ ആവശ്യമുണ്ട്. അൾട്രാ സൗണ്ട് സ്കാൻ പ്രവർത്തിക്കുന്നില്ല. സ്കാനിംഗ് ചെയ്യാവുന്ന ഒരു ഡോക്ടറുടെ തസ്തിക ഇവിടെ അത്യാവശ്യമാണ്. അതുപോലെതന്നെ ഫാർമസി വിഭാഗത്തിൽ എയർ കണ്ടീഷണർ, കുട്ടികളുടെ എൻ.ഐ.സി.യു.-വിൽ ഒരു CPAP (Continuous Positive Airway Pressure) ഉപകരണവും വളരെ അത്യന്താപേക്ഷിതമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ

ആഗ്രഹിക്കുകയാണ്. ഞാൻ ഇക്കാര്യങ്ങളൊക്കെ കാണിച്ച് രണ്ടുമൂന്നാഴ്ച മുമ്പ് ബഹുമാനപ്പെട്ട മന്ത്രിക്ക് കത്തെഴുതിയിരുന്നു. ആ സമയത്ത് ബഹുമാനപ്പെട്ട മന്ത്രി എത്രമാത്രം സംഘർഷത്തിലായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. നിപ വൈറസ് നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി മന്ത്രി കോഴിക്കോടായിരുന്നു. ആ സമയത്തുപോലും ഞാൻ അയച്ച കത്തിന് ഉടൻതന്നെ മറുപടി കിട്ടി. അതിന് ഞാൻ മന്ത്രിയെ അഭിനന്ദിക്കുന്നു. ഇക്കാര്യങ്ങളൊക്ക ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അടിയന്തര പരിഗണനയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നാണ് ആ മറുപടിയിൽ പറയുന്നത്. സർക്കാരിന്റെ ആ പ്രൊസീജുവറിനൊക്കെ വളരെയധികം സമയമെടുക്കും. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യങ്ങൾക്കെല്ലാം ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്നുള്ള അനുകൂല മറുപടി നൽകണമെന്നാണ് എനിക്ക് വിനയപുരസ്സരം അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കാസർഗോഡ് ജനറൽ ആശുപത്രി ആർദ്രം മിഷന്റെ പദ്ധതിയിലുൾപ്പെടുത്തി പ്രത്യേക പരിഗണന നൽകിയിട്ടുള്ള ഒരാശുപത്രിയാണ്. കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ ഈ ആശുപത്രിയിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 39 പുതിയ തസ്തികകൾ ആശുപത്രിയിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറും ഞാനുമെല്ലാം തന്നെ ആശുപത്രിയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അവിടെ ഒരു മീറ്റിംഗ് ചേർന്നിരുന്നു. കാര്യങ്ങൾ വളരെ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്, കുറെ കാര്യങ്ങൾ പരിഹരിച്ചുവരികയാണ്. അതിൽ മെമ്പർ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട പ്രശ്നങ്ങളൊക്കെയുണ്ട്. അത് ഓരോന്നായി പരിശോധിച്ച് പരിഗണിച്ചുവരികയാണ്. ഇത് 211 കിടക്കകളുള്ള ഒരാശുപത്രിയാണ്. പരമാവധി 1100 വരെ ഒ.പി. ഉണ്ടാകാറുണ്ട്. വളരെയധികം ആളുകൾ ആശ്രയിക്കുന്ന ഒരാശുപത്രി എന്നുള്ളതാണ് വസ്തുത. ഇവിടെ എല്ലാത്തരത്തിലുമുള്ള, ഒരു ജനറൽ ആശുപത്രിക്കാവശ്യമായിട്ടുള്ള സ്പെഷ്യാലിറ്റികളുണ്ട്. മെഡിസിൻ, സർജറി, ഗൈനക്കോളജി, ശിശുരോഗവിഭാഗം, അസ്ഥിരോഗ വിഭാഗം, ഇ.എൻ.റ്റി., നേത്രരോഗവിഭാഗം, ഫിസിയോ തെറാപ്പി, മാനസികാരോഗ്യം, ചർമ്മരോഗം, ദന്തവിഭാഗം തുടങ്ങിയ എല്ലാ വിഭാഗം സ്പെഷ്യാലിറ്റികളും അവിടെ പ്രവർത്തിക്കുന്നുണ്ട്. ഈ ആശുപത്രിയിൽ ഡോക്ടർമാരുടെ 49 സ്ഥിരം തസ്തികകളാണുള്ളത്. 6 ഡോക്ടർമാരെ എൻ.എച്ച്.എം. മുഖേന നിയമിച്ചിട്ടുണ്ട്. ഒരു ഡെന്റൽ സ്പെഷ്യലിസ്റ്റിനെയും വർക്കിംഗ് അറേഞ്ച്മെന്റിൽ ഒരു ഗൈനക്കോളജിസ്റ്റിനെയും ഇപ്പോൾ നിയമിച്ചിട്ടുണ്ട്. ഡയാലിസിസ് വിഭാഗത്തിൽ

7 മെഷീനുകളുണ്ട്, രണ്ട് ഷിഫ്റ്റ് പ്രവർത്തിക്കുന്നുണ്ട്, അത്യാഹിത വിഭാഗം 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്, നവജാത ശിശു സ്റ്റെബിലൈസേഷൻ യൂണിറ്റുണ്ട്, അതുപോലെതന്നെ ഇന്റഗ്രേറ്റഡ് കൗൺസിലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററും പ്രവർത്തിക്കുന്നുണ്ട്. എച്ച്.ഐ.വി. ബാധിതർക്കുള്ള എ.ആർ.റ്റി. (ആന്റി റിട്രോ വൈറൽ ട്രീറ്റ്മെന്റ്) സെന്ററുമുണ്ട്. ഈ ആശുപത്രിയിലെ പ്രധാന ലിഫ്റ്റ് മേയ് 2-ന് തകരാറിലായി. അതിന്റെ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് മാർച്ച് 31-ന് അവസാനിച്ചിരുന്നു. പൊതുമരാമത്ത് ഇലക്ട്രിക്കൽ വിംഗ്, കോഴിക്കോട് എഞ്ചിനീയറിംഗ് വിഭാഗം വഴിയാണ് എ.എം.സി. നടപടികൾ ചെയ്തുവരുന്നത്. ഇപ്പോൾ എ.എം.സി. ശരിയായിട്ടുണ്ട്, വീണ്ടും അത് പുതുക്കിയിട്ടുണ്ട്. എറണാകുളത്തെ ഒമേഗാ എന്ന സ്ഥാപനം ഹൈദ്രാബാദിലെ കമ്പനിയുമായി ബന്ധപ്പെട്ട് തകരാറിലായ പാർട്ട് എത്തിച്ച്, എത്രയും പെട്ടെന്ന് ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. രണ്ടാമതായി, കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഒരു രക്തബാങ്ക് പ്രവർത്തിക്കുന്നുണ്ട്. രക്തഘടകം വേർതിരിക്കുന്നതിനുള്ള യൂണിറ്റിനാവശ്യമായിട്ടുള്ള ഉപകരണങ്ങൾ വാങ്ങാൻ കെ.എം.എസ്.സി.എൽ.-നെ ചുമതലപ്പെടുത്തി ഓർഡർ നൽകുകയുണ്ടായി. അതുപ്രകാരം ജനറേറ്റർ ഒഴികെയുള്ള എല്ലാ ഉപകരണങ്ങളും ഇപ്പോൾ നൽകിയിട്ടുണ്ട്. എന്നാൽ ജനറേറ്റർ ഇല്ലാതെ പ്രവർത്തിപ്പിക്കാൻ സാധിക്കില്ല. അതിന്റെ ടെണ്ടർ കഴിഞ്ഞ് കിട്ടാനുള്ള ഒരു സമയപരിധിയാണ് വന്നത്. വളരെ പെട്ടെന്ന് തന്നെ ജനറേറ്റർ നൽകുന്നതാണ്. എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബ്ലഡ് ബാങ്ക് ടെക്നീഷ്യനെ അനുവദിച്ചിട്ടുണ്ട്. ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാൻ ഡ്രൈവറെയും എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നിയമിച്ചിട്ടുണ്ട്. സെപ്പറേഷൻ യൂണിറ്റ് കെട്ടിടത്തിന്റെ വയറിംഗ് ജോലികൾ പൂർത്തിയായി. 7 ലക്ഷത്തിലധികം രൂപ അതിന് ചെലവ് വന്നിരുന്നു. ഈ ഫണ്ട് ലഭ്യമാക്കാൻ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സിവിൽ വർക്ക് പൂർത്തിയാകുന്ന മുറയ്ക്ക് എച്ച്.എം.സി. നടപടി സ്വീകരിക്കുന്നതാണ്. ഇതിന്റെ സെപ്പറേഷൻ തുടങ്ങാനാവശ്യമായ നടപടി ജനറേറ്റർ വരുന്നതോടുകൂടി നമുക്ക് ചെയ്യാൻ സാധിക്കും. വളരെ പെട്ടെന്ന് തന്നെ ചെയ്യാം. കാലതാമസമുണ്ടായിട്ടില്ല, നടപടിക്രമങ്ങളിലെ താമസം മാത്രമേ വന്നിട്ടുള്ളൂ. ഓപ്പറേറ്റീവ് മൈക്രോസ്കോപ്പ് വാങ്ങി ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. മുഖേന ഫണ്ട് കൈമാറിയിട്ടുണ്ട്. അതും നടന്നുവരികയാണ്, പെട്ടെന്ന് തന്നെ സാധിക്കും. ഓപ്പറേഷൻ തിയേറ്റർ, വെന്റിലേറ്റർ തുടങ്ങിയവ ശരിയാക്കുന്നതിന് കെ.എം.എസ്.സി.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുള്ള നടപടിയും നടന്നുവരികയാണ്. ഒരു ഇൻസിനറേറ്റർ

അവിടെ സ്ഥാപിക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടിരുന്നു. ഇൻസിനറേറ്റർ വാങ്ങി സ്ഥാപിക്കുന്നതിനാവശ്യമായിട്ടുള്ള നിർദ്ദേശം ഡി.എം.ഒ.-യ്ക്ക് നൽകിയിട്ടുണ്ട്. ഫാർമസിയിലും മോർച്ചറിയിലും ഇപ്പോൾ തന്നെ ജനറേറ്റർ കണക്ഷനുണ്ട്. എന്നാൽ ഡ്രഗ്സ് സ്റ്റോറിൽ ജനറേറ്റർ സൗകര്യമില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടതുപ്രകാരം എച്ച്.എം.സി.-യുടെ മീറ്റിംഗിൽ വച്ച് അത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രതിരോധ കുത്തിവയ്പ്പ് നടക്കുന്ന സ്ഥലത്ത് ഇൻവെർട്ടർ കണക്ഷനുള്ളതുകൊണ്ട് പ്രശ്നം വരുന്നില്ല. അൾട്രാ സൗണ്ട് സ്കാൻ പഴയ മെഷീനായതുകൊണ്ട് റിപ്പയർ ചെയ്യാൻ കഴിയുന്നില്ല എന്നുള്ളതാണ് വസ്തുത. ആരോഗ്യ വകുപ്പിന്റെ മെറ്റേണിറ്റി യൂണിറ്റുകൾ നവീകരിക്കാനുള്ള നടപടിയിൽ ബഹുമാനപ്പെട്ട മെമ്പറുടെ ആശുപത്രിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലക്ഷ്യ പദ്ധതിയിലുൾപ്പെടുത്തി മെറ്റേണിറ്റി യൂണിറ്റുകൾ നവീകരിക്കുന്നതിന് 2017-18-ലെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 9.5 ലക്ഷം രൂപ കൊടുക്കുകയും അവിടെ കളർ ഡോപ്ലർ അൾട്രാ സൗണ്ട് മെഷീനടക്കം ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പെട്ടെന്ന് തന്നെ ഭരണാനുമതി ലഭ്യമാകും. നവീകരണം വളരെ പെട്ടെന്നുതന്നെ നടക്കും. ഒരു റേഡിയോ തെറാപ്പിസ്റ്റിന്റെ തസ്തിക അവിടെ അനുവദിച്ച് പോസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എൻ.ബി.എസ്.യു., എസ്.എൻ.സി.യു. തുടങ്ങിയവയും ഇതിന്റെ ഭാഗമായി നവീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്തുകൊണ്ടാണ് കാസർഗോഡ്, വയനാട് ജില്ലകൾക്ക് മുന്തിയ പരിഗണന നൽകിയത്. 39 പുതിയ തസ്തികകളാണ് കാസർഗോഡ് ജനറൽ ആശുപത്രിക്ക് മാത്രമായി സൃഷ്ടിച്ചിട്ടുള്ളത്. അതിന്റെ പഴയ ബുദ്ധിമുട്ടുകൾ നീങ്ങി നല്ലൊരു ആശുപത്രിയായി. ഇങ്ങനെ മറ്റ് ആശുപത്രികൾക്ക് കൊടുക്കാൻ കഴിയില്ല. കാസർഗോഡ്, വയനാട് ജില്ലകൾക്കാണ് മുന്തിയ പരിഗണന നൽകിയത്. 10 ഡോക്ടർമാർ, 10 സ്റ്റാഫ് നഴ്സ് തുടങ്ങിയ എല്ലാ വിഭാഗം തസ്തികകളുമടക്കം 39 പുതിയ തസ്തികകൾ ടി ആശുപത്രിക്ക് ഇപ്പോൾ തന്നിട്ടുണ്ട്. അതൊക്കെ ഉപയോഗിച്ച് കൂടുതൽ നന്നായി മുന്നോട്ടുപോകാൻ സാധിക്കും. മെറ്റേണിറ്റി യൂണിറ്റ് നവീകരിക്കാൻവേണ്ടി പൾസ് ഓക്സിമീറ്റർ, മൾട്ടി ഫംഗ്ഷണൽ ലേബർ ടേബിൾ, ഹൈഡ്രോളിക് ഓപ്പറേഷൻ ടേബിൾ തുടങ്ങി 17 ലക്ഷം രൂപയുടെ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി വാങ്ങാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അതുകൂടി വരുമ്പോൾ വലിയ മാറ്റമുണ്ടാകും. നേരത്തെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 6.70 കോടി രൂപ ചെലവ് വരുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ തടസ്സമെല്ലാം നീക്കി നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

7 നില കെട്ടിടമാണ്. അതുംകൂടി വരുന്ന മുറയ്ക്ക് ഏറ്റവും നല്ല ഹൈടെക് ആശുപത്രിയായി കാസർഗോഡ് ജനറൽ ആശുപത്രി മാറും. അതിനുള്ള പ്രവർത്തനം നമുക്ക് ഒരുമിച്ച് നടത്താമെന്നാണ് പറയാനുള്ളത്.

## (8) താമരശ്ശേരി ചുരം ബൈപ്പാസ് നിർമ്മാണം

ശ്രീ. ജോർജ് എം. തോമസ്: സർ, കേരളത്തിലെ പ്രധാനപ്പെട്ട റോഡുകളിലൊന്നാണ് കോഴിക്കോട്-കൊല്ലേഗൽ നാഷണൽ ഹൈവേ 766. അതിലാണ് വയനാട് ചുരം ഉൾപ്പെടുന്നത്. വയനാട് ചുരത്തിൽ നിത്യേന ഗതാഗതക്കുരുക്ക് രൂക്ഷമാകുകയാണ്. പ്രതിദിനം 10000 വാഹനങ്ങൾക്ക് പോകാനുള്ള സൗകര്യമാണ് നിലവിൽ ആ റോഡിനുള്ളത്. എന്നാൽ 17000-ത്തിലധികം വാഹനങ്ങളാണ് ദിവസേന ആ പാതയിലൂടെ സഞ്ചരിച്ചു കൊണ്ടിരിക്കുന്നത്. വീതി കൂട്ടുകയോ ബദൽ റോഡ് ഉണ്ടാക്കുകയോ അല്ലാതെ ശാശ്വത പരിഹാരമില്ല. എന്നാൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സമീപനംമൂലം ബദൽ റോഡ് അസാദ്ധ്യമാണ്. അതുകൊണ്ട് അവിടത്തെ നാട്ടുകാരും ഞങ്ങളെല്ലാവരുംകൂടി ആലോചിച്ച്, വെസ്റ്റ് കൈതപ്പൊയിലിൽനിന്നും ഏഴാം വളവ് വരെയുള്ള 7.5 കിലോമീറ്റർ ദൈർഘ്യത്തിൽ ഹെയർ പിൻ ബെൻഡോ കയറ്റമോ ഇല്ലാതെ 1:15, 1:20 വരെ ഗ്രേഡിയന്റ് കിട്ടാൻ സൗകര്യമുണ്ടാക്കണം. മൊത്തം 7.5 കിലോമീറ്റർ ദൈർഘ്യമുള്ള സ്ഥലത്തിൽ 4 കിലോമീറ്റർ സ്ഥലം പൂർണ്ണമായും സൗജന്യമായി നൽകാൻ ആളുകൾ തയ്യാറാണ്. അവശേഷിക്കുന്ന 2.5 കിലോമീറ്ററിലധികം സ്ഥലം മാത്രമാണ് വിലകൊടുത്ത് ഏറ്റെടുക്കേണ്ടിവരുന്നത്. ഒരു ബദൽ റോഡ് എന്ന നിലയിലല്ലാതെ, ഒരു ബൈപ്പാസ് റോഡായി അതിനെ കൺവെർട്ട് ചെയ്യാൻ സാധിക്കും. 8 മീറ്റർ ക്യാരിയജ് വേ കിട്ടത്തക്കവണ്ണം ആകെ 12 മീറ്റർ വീതിയുള്ള റോഡിന് നിർമ്മാണ ചെലവും സ്ഥലത്തിന്റെ വിലയും ഉൾപ്പെടെ ഏകദേശം 100 കോടി രൂപ ചെലവിൽ ഏഴാം വളവുവരെ പൂർണ്ണമായും ഒരു കുരുക്കുമില്ലാതെ ബൈപ്പാസായി ഉപയോഗപ്പെടുത്താം. ഒൻപതാം വളവിൽനിന്നും വൈത്തിരിയിലേയ്ക്ക് 700 മീറ്റർ ദൂരമാണുള്ളത്. ടണൽ കട്ട് ചെയ്താൽ ആ 700 മീറ്റർ വീതിയിൽ 2 ലൈൻ ട്രാഫിക്കിന് സാധ്യമായ വിധത്തിൽ റോഡിന് വീതി കൂട്ടാനും സാധിക്കും. അതോടുകൂടി ഗതാഗതക്കുരുക്കിന് മറ്റെന്തെങ്കിലും ഒരു സംവിധാനം ഉണ്ടാകുന്നതുവരെ പരിഹാരമുണ്ടാക്കാൻ കഴിയുന്നതാണ്. നിസ്സാരമായ ചെലവിൽ ചെയ്യാൻ കഴിയുന്ന ഈ കാര്യത്തെ സംബന്ധിച്ച് വിശദമായി പഠിക്കാനും റിപ്പോർട്ട് തയ്യാറാക്കാനും ദേശീയപാതാ വിഭാഗത്തെ ചുമതലപ്പെടുത്തണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താമരശ്ശേരി ചുരം വഴി കടന്നുപോകുന്ന ദേശീയപാത 766-ൽ ഗതാഗത സ്തംഭനം ഉണ്ടാകുന്ന സാഹചര്യങ്ങളിൽ യാത്ര വളരെ ദുഷ്കരമാണെന്നുള്ളത് പരമാർത്ഥമാണ്. വനഭൂമി ഏറ്റെടുത്തുള്ള ദേശീയപാതാ വികസനം ബുദ്ധിമുട്ടാണ്. അതിനാൽ ചുരം ഏഴാം വളവിൽനിന്നും ആരംഭിച്ച് വള്ളോട് മണൽ വയൽ വഴി അടിവാരത്ത് എത്തുന്ന വിധം ദേശീയപാത 766-ന് ബൈപ്പാസ് നിർമ്മിക്കുകയാണെങ്കിൽ ഗതാഗത പ്രശ്നം പരിഹരിക്കാവുന്നതാണെന്ന അഭിപ്രായം ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ജോർജ് എം. തോമസ് നേരത്തെ നിവേദനം നൽകിയിട്ടുണ്ട്. അവിടത്തെ പൗരജനങ്ങളുടെ നിവേദനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വഴിയും ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രാഥമിക പരിശോധനകൾ നടത്തിയിട്ടുണ്ട്. പൊതുജന താൽപ്പര്യം കണക്കിലെടുത്ത് പ്രസ്തുത ബൈപ്പാസിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ, വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ, പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ തുടങ്ങിയവ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വിശദമായ പഠന റിപ്പോർട്ടും രൂപരേഖയും ലഭിക്കുന്ന മുറയ്ക്ക് ഇതിനാവശ്യമായ അടങ്കൽ തുക കണ്ടെത്തി ഈ കാര്യം സർക്കാർ ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്. 50 മീറ്റർ ഭൂമി വനം വകുപ്പിന്റേതായി ഇതിലുണ്ട്. വനം വകുപ്പിന് തരാൻ കഴിയുന്ന ഭൂമിപോലും തരാൻ അവർ തയ്യാറാകുന്നില്ല. മലയോര ഹൈവേയുടെ പ്രശ്നങ്ങളൊക്കെ ഞാൻ ഈ സഭയിൽ പറഞ്ഞതാണ്. 12 റീച്ച് വനത്തിൽക്കൂടിയുണ്ട്. അതിനുള്ള അനുവാദംതേടി ഞാൻ കഴിഞ്ഞ ജനുവരി മാസം 18-ാം തീയതി ഡൽഹിയിൽ പോയി ബന്ധപ്പെട്ട മന്ത്രിമാരെയും ദേശീയ വനം വകുപ്പ് സെക്രട്ടറിയെയും കണ്ടു. കേരളത്തിലെ വനം വകുപ്പ് ചെയ്യാവുന്നതുപോലും ചെയ്യുന്നില്ലെന്നും അനാവശ്യമായി ഫയലുകൾ അവർക്ക് അയയ്ക്കുകയാണെന്നുമാണ് അദ്ദേഹം പറഞ്ഞത്. അവരുടെ പേരിൽ നടപടിയെടുക്കേണ്ടതാണെന്ന് ദേശീയ വനം വകുപ്പ് സെക്രട്ടറി എന്നോട് പറയുകയാണ്. ഞാൻ അക്കാര്യം വനംവകുപ്പുമന്ത്രിയോടും പറഞ്ഞു. എല്ലാവരുംകൂടി ആലോചിക്കേണ്ട ഒരു വിഷയമാണ്. 50 മീറ്റർ വനഭൂമിയുള്ളതുകൊണ്ട് അതിന്റെ പേരിൽ ഒബ്ജക്ഷൻ വരാതെ നോക്കണം. സർക്കാർ ഇത് ഗൗരവമായിട്ടെടുക്കുകയാണ്.

### (9) വെള്ളൂർ എച്ച്.എൻ.എൽ. സ്വകാര്യവൽക്കരണം

ശ്രീമതി സി. കെ. ആശ: സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ വെള്ളൂർ എച്ച്.എൻ.എൽ.-ന്റെ സ്വകാര്യവൽക്കരണം സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. കോട്ടയം ജില്ലയിലെ ഏക പൊതുമേഖലാ സ്ഥാപനമായ വെള്ളൂർ എച്ച്.എൻ.എൽ.

സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടിക്രമങ്ങളുമായി കേന്ദ്രസർക്കാർ മുന്നോട്ടു പോകുകയാണ്. മേയ് 7 മുതൽ കമ്പനി വാങ്ങാൻ താൽപ്പര്യമുള്ളവരിൽനിന്നും ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും പല കാരണങ്ങളാൽ മാറ്റിവയ്ക്കപ്പെടുകയാണുണ്ടായത്. എന്നാൽ ജൂൺ 30-ന് വീണ്ടും ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എച്ച്.എൻ.എൽ. വിൽപ്പനയ്ക്കെതിരെ അങ്ങയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച ശക്തമായ നിലപാടിനും എച്ച്.എൻ.എൽ.-ന് നൽകിവരുന്ന പിന്തുണയ്ക്കും അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നതിനോടൊപ്പം പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനെ ഏറ്റെടുക്കാൻ കേരള സർക്കാർ എടുത്ത തീരുമാനം സ്വാഗതാർഹമാണ്. എച്ച്.എൻ.എൽ. വിൽപ്പനയ്ക്കുള്ള നടപടികളിൽനിന്നും കേന്ദ്ര സർക്കാർ പിന്മാറിയിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഇടപെടലുകൾക്ക് വേഗത വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച് എച്ച്.എൻ.എൽ.-ലെ സംഘടനകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നൽകിയ പരാതിയെ അതിജീവിക്കാൻ കേന്ദ്ര സർക്കാർ സ്പെഷ്യൽ ലീവ് പെറ്റീഷൻ നൽകാൻ പോകുന്നതായും അറിയാൻ സാധിച്ചിട്ടുണ്ട്. ജൂൺ 30-ന് വിൽപ്പനയ്ക്കായി വീണ്ടും ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്ന അവസരത്തിൽ, സാഹചര്യത്തിന്റെ അടിയന്തര സ്വഭാവം പരിഗണിച്ച് വെള്ളൂർ എച്ച്.എൻ.എൽ.-നെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് സത്വര നടപടികളുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കോട്ടയം ജില്ലയിൽ വെള്ളൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ, കൊൽക്കത്ത എന്ന സ്ഥാപനത്തിന്റെ സബ്സിഡിയറിയാണ്. മിനിരത്ന വിഭാഗത്തിൽപ്പെട്ട ഈ കമ്പനി ആരംഭകാലം മുതൽ ലാഭകരമായി പ്രവർത്തിച്ചുവന്നതാണ്. കഴിഞ്ഞ 5 വർഷമായി തുടർച്ചയായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വിദേശത്തുനിന്നും യഥേഷ്ടം പത്രക്കടലാസുകൾ ഇറക്കുമതി ചെയ്യാൻ തുടങ്ങിയതോടെയാണ് പ്രസ്തുത സ്ഥാപനം പ്രതിസന്ധിയിലായത്. കമ്പനിക്കായി 700 ഏക്കറോളം സ്ഥലം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയതാണ്. പ്രതിവർഷം 30 കോടി രൂപയോളം ബാദ്ധ്യത ഏറ്റെടുത്ത് കുറഞ്ഞ നിരക്കിൽ അസംസ്കൃത വസ്തുക്കൾ വനം വകുപ്പ് മുഖേന ലഭ്യമാക്കിക്കൊണ്ട് കേരള സർക്കാർ എച്ച്.എൻ.എൽ.-നെ പൊതുമേഖലയിൽത്തന്നെ നിലനിർത്താൻ

നടപടി സ്വീകരിച്ചുവരികയാണ്. ഇറക്കുമതി ചുങ്കം എടുത്തുകളഞ്ഞതും ഉത്പാദന ചെലവിലെ വർദ്ധനവും കാലഹരണപ്പെട്ട യന്ത്രസാമഗ്രികളും വില കുറഞ്ഞ ന്യൂസ്പ്രിന്റിന്റെ ലഭ്യതയും കമ്പനിയുടെ നിലനിൽപ്പിനെ സാരമായി ബാധിച്ചിട്ടുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടേത് ഉൾപ്പെടെ ഓഹരികൾ സ്വകാര്യ മേഖലയ്ക്ക് കൈമാറ്റം ചെയ്യുന്ന നയമാണ് കേന്ദ്ര സർക്കാർ അനുവർത്തിക്കുന്നത്. ഇതിന്റെ ഭാഗമായി എച്ച്.എൻ.എൽ.-നെയും സ്വകാര്യവൽക്കരിക്കാനുള്ള നടപടികളുടെ ഭാഗമായി താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. അതാണ് നേരത്തെ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത്. ലേലത്തിൽ കേരള സർക്കാരിനും പങ്കെടുക്കാമെന്നാണ് കേന്ദ്രത്തിന്റെ നിലപാട്. ഈ സ്ഥാപനത്തിന്റെ വികസനത്തിനായി 450 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാതൃസ്ഥാപനത്തിൽനിന്ന് വിഭജിച്ച് ധന-വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ നിലനിർത്തണമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. ഇതേ ആവശ്യമുന്നയിച്ചുകൊണ്ട് ഈ സഭ 2017 മാർച്ച് 13-ന് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. കമ്പനിയുടെ സാമ്പത്തിക ബാദ്ധ്യതകൾ തീർക്കുന്നതിന് 100 കോടി രൂപ സോഫ്റ്റ് ലോണായി നൽകണമെന്നും ഇപ്പോഴത്തെ പ്ലാന്റ് ആന്റ് മെഷീനറിയുടെ ആധുനികവൽക്കരണത്തിന് 450 കോടി രൂപയുടെ ആവശ്യമുണ്ടെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചതാണ്. സ്വകാര്യവൽക്കരണം തടയണമെന്നും ഓഹരികൾ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നുമുള്ള കേരളത്തിന്റെ ആഗ്രഹം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യവൽക്കരണത്തിനെതിരെ എങ്ങനെ പ്രതിരോധം ഉയർത്താൻ കഴിയുമെന്നതു സംബന്ധിച്ച് വിവിധ കക്ഷിനേതാക്കളുടെയും ട്രേഡ് യൂണിയൻ നേതാക്കളുടെയും ഒരു സംയുക്ത യോഗം 3-4-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്തിരുന്നു. സ്വകാര്യവൽക്കരണ നയത്തിനെതിരെയും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്തുന്നതിന് സമ്മർദ്ദം ചെലുത്താനും ആവശ്യമെങ്കിൽ അതിന്റെ നിയമപരമായ സാധ്യത പരിശോധിക്കാനും യോഗം ഐകകണ്ഠ്യേന തീരുമാനിച്ചിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ഏറ്റെടുക്കാൻ സന്നദ്ധത ക്ഷണിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ അറിയിപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ചും അതിന്റെ ബിഡ്ഡിൽ പങ്കെടുക്കുന്നതിനു വേണ്ടി പദ്ധതി തയ്യാറാക്കുന്നതു സംബന്ധിച്ചുമൊക്കെ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

## (10) കോഴിക്കോട് വെള്ളയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണം

ശ്രീ. എ. പ്രദീപ് കുമാർ: സർ, കോഴിക്കോട് ജില്ലയിലെ വെള്ളയിലുള്ള മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം ഇപ്പോൾ നിലച്ചതുപോലെയാണ്. ഒരു മത്സ്യബന്ധന തുറമുഖം വേണമെന്നത് അവിടത്തെ മത്സ്യബന്ധന തൊഴിലാളികളുടെ ഒരുപാട് കാലമായുള്ള ആവശ്യമാണ്. ബഹുമാനപ്പെട്ട ശ്രീ. എസ്. ശർമ്മ ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് അതിന്റെ സാധ്യതാ പഠനത്തിനുവേണ്ടി പണമനുവദിച്ചതും ഭരണാനുമതി നൽകിയതും. പൂനെയിലുള്ള ഒരു കേന്ദ്ര ഏജൻസിയായ സി.ഡബ്ല്യൂ.പി.ആർ.എസ്.-ആണ് സാധ്യതാ പഠനം നടത്തിയത്. 2014-ൽ സി.ഡബ്ല്യൂ.പി.ആർ.എസ്. പൂനെ നൽകിയ സാധ്യതാ പഠനത്തിന്റെ നിർദ്ദേശമനുസരിച്ചാണ് പുലിമുട്ടുകളുടെ നിർമ്മാണം ആരംഭിച്ചത്. കേന്ദ്ര ഗവൺമെന്റ് 39 കോടിയോളം രൂപ അതിനുവേണ്ടി നൽകിയിരുന്നു. ഹാർബറിന് ആവശ്യമായ പുലിമുട്ട്, വാർഫ്, ലേലപ്പുര ഇവയുടെയെല്ലാം നിർമ്മാണം നടത്തുകയുണ്ടായി. പക്ഷെ നിർമ്മാണത്തിലെ അപാകതമൂലം മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾ ഹാർബറിന്റെ ബേസിനകത്ത് നിർത്തിയാൽ തകർന്നുപോകുന്ന അവസ്ഥയുണ്ടായി. അത് ശരിയാക്കുന്നതിനുള്ള നിർദ്ദേശവും പൂനെയിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിനോടുതന്നെ ചോദിച്ചു. അവരുടെ വിവരക്കേടുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. അതൊരു കേന്ദ്ര ഏജൻസിയാണ്. 490 മീറ്ററോളം പുലിമുട്ട് ദീർഘിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവർ വീണ്ടും ശിപാർശ തന്നു. അതിന് കൂടുതൽ പണം ആവശ്യമാണ്, കേന്ദ്ര ഗവൺമെന്റ് കൂടുതൽ പണം നൽകാൻ തയ്യാറുമല്ല. സഭയിൽ ഞാനൊരു വിഷയം ഉന്നയിച്ചിരുന്നു. അന്ന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടി, കിഫ്ബി വഴിയോ നബാർഡ് വായ്പ വഴിയോ പണം കണ്ടെത്താനുള്ള പരിശ്രമം നടത്തുന്നുണ്ടെന്നാണ്. അവിടെ ഇതുവരെയും പണി തുടങ്ങാൻ സാധിച്ചിട്ടില്ല. അത് ആ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കിടയിൽ അസ്വസ്ഥതയും വിഷമങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. അടിയന്തരമായി വെള്ളയിൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, സി.ഡബ്ല്യൂ.പി.ആർ.എസ്. പൂനെ നടത്തിയ മോഡൽ സ്റ്റഡിയുടെ അടിസ്ഥാനത്തിലാണ് വെള്ളയിൽ

മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടുകളുടെ നിർമ്മാണം നടത്തിയത്. പ്രസ്തുത സ്റ്റഡിയിൽ വടക്കേപുലിമുട്ട് 530 മീറ്ററും തെക്കെ പുലിമുട്ട് 750 മീറ്ററുമാണ് നിർമ്മിക്കാൻ നിർദ്ദേശിച്ചിരുന്നത്. ഇതനുസരിച്ച് നിർമ്മാണം പൂർത്തിയാക്കി പ്രവൃത്തിയുടെ ഭരണാനുമതി തുക 39.3 കോടി രൂപയാണ്. എന്നാൽ ഇപ്പോൾ 41.35 കോടി രൂപ ചെലവഴിച്ചാണ് അവർ ആദ്യം നിർദ്ദേശിച്ച എല്ലാ പണിയും പൂർത്തിയാക്കിയത്. എന്നാൽ പുലിമുട്ടുകളുടെ നിർമ്മാണം 80 ശതമാനം കഴിഞ്ഞിട്ടും ഹാർബർ ബേസിനുള്ളിൽ അനുവദനീയമായ ട്രാൻക്വിലിറ്റിക്കുമുകളിൽ തിരയിളക്കം അനുഭവപ്പെട്ടതിനാൽ സി.ഡബ്ല്യൂ.പി.ആർ.എസ്.-നെ വിവരം അറിയിക്കുകയും അവർ സൈറ്റ് പരിശോധിച്ച് 490 മീറ്റർ കൂടി തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി. പുതുക്കിയ മോഡൽ സ്റ്റഡി പ്രകാരം 53.45 കോടി രൂപയുടെ എസ്റ്റിമേറ്റാണ് അവർ തന്നത്. ഈ എസ്റ്റിമേറ്റ് 22-3-2015-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതുവരെ അതിന് ഭരണാനുമതി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് ഗവൺമെന്റ് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 23-ൽപ്പെടുത്തി 'അഡീഷണൽ ഇൻഫ്രാസ്ട്രക്ചർ വർക്സ് ഇൻ വെള്ളയിൽ ഫിഷറീസ് ഹാർബർ' എന്നു കാണിച്ച് 6.5 കോടി രൂപയുടെ പ്രൊപ്പോസൽ നബാർഡിന് സമർപ്പിക്കുകയും അതിന് ഭരണാനുമതി ലഭിക്കുകയും ചെയ്തു. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. കൂടാതെ 2018-2019 ബഡ്ജറ്റ് പ്രസംഗത്തിൽ വെള്ളയിൽ മത്സ്യബന്ധന തുറമുഖ പദ്ധതി പൂർത്തീകരിക്കുന്നതിനായി തെക്കേ പുലിമുട്ടിന്റെ നീളം 490 മീറ്ററായി വർദ്ധിപ്പിക്കുന്ന പ്രവൃത്തിക്ക് 21.5 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി 390 മീറ്റർ നീളം വർദ്ധിപ്പിക്കുന്നതിന് 15.3 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ നബാർഡിന് സമർപ്പിക്കുകയും അതിന് അനുമതി ലഭിക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ എത്തിയിരിക്കുകയുമാണ്. നേരത്തെ കൊടുത്ത 6.5 കോടി രൂപയുടെ വർക്ക് ടെണ്ടർ ചെയ്യുകയും 390 മീറ്റർ നീളം വർദ്ധിപ്പിക്കുന്നതിന് നബാർഡിന് സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസലിലൂടെ ലഭിക്കുന്ന 15 കോടി രൂപ ചെലവഴിച്ചുകൊണ്ട് പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റ് അനുമതി നൽകാത്ത സാഹചര്യത്തിലാണ് ഒരു ബദൽ മാർഗ്ഗത്തിലേയ്ക്ക് പോയത്. കഴിയുന്നത്ര വേഗം ഈ പദ്ധതി തുടങ്ങാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## VI ധനകാര്യം

മി. സ്പീക്കർ: 2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, 2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## VII റിപ്പോർട്ടുകളുടെ സമർപ്പണം

### (1) വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ 2018-ലെ ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ, 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ, 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### (2) തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീ. കെ. ആൻസലൻ: സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അംഗമായ ഞാൻ 2018-ലെ കേരള പഞ്ചായത്ത് രാജ്(ഭേദഗതി) ബിൽ, 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ, 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VIII റിപ്പോർട്ട് പരിഗണന

### ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. ഐ. ബി. സതീഷ്: സർ, ചട്ടങ്ങൾ സംബന്ധിച്ച സമിതി അംഗമായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2018 ഏപ്രിൽ 3-ാം തീയതി സഭയിൽ സമർപ്പിച്ച ചട്ടങ്ങൾ സംബന്ധിച്ച സമിതി (2016-2019)യുടെ രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 2-ലെ "ടെലഗ്രാമിന് പകരം അംഗങ്ങൾക്ക് അറിയിപ്പ് എസ്.എം.എസ്. ആയോ മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയോ നൽകുന്നതിനായി ചട്ടം 3-ന് നിർദ്ദേശിച്ചിരുന്ന ഭേദഗതിയിൽ സമൂഹമാധ്യമങ്ങളിലൂടെയും ഇപ്രകാരം അറിയിപ്പ് നൽകുന്നതിനുതകുമാറ് ചട്ടത്തിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു" എന്ന (i)-ാം നമ്പർ ശിപാർശ ഒഴിവാക്കി മറ്റ് ശിപാർശകൾ പുനരക്കം ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## IX അറിയിപ്പ്

### സമയ മാറ്റം

മി. സ്പീക്കർ: ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിച്ചതോടുകൂടി പതിനാലാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം മുതൽ നിയമസഭ ചേരുന്ന സമയത്തിൽ മാറ്റം വന്നിരിക്കുകയാണ്. പന്ത്രണ്ടാം സമ്മേളനം മുതൽ നിയമസഭാ സമ്മേളനം രാവിലെ 9.00 മണിക്ക് ചേരുന്നതാണെന്ന് സഭയെ അറിയിക്കുന്നു.

12.00 Noon]

## X നിയമനിർമ്മാണകാര്യം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (i) 2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ലയ്ക്കുവേണ്ടി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: Sir, I move that- " This House resolves to disapprove The A.P.J. Abdul Kalam Technological University (Amendment) Ordinance, 2018 (Ordinance No. 25 of 2018)." കേരളത്തിലെ അഞ്ചോളം സർവ്വകലാശാലകളിലായി വ്യാപിച്ചു കിടക്കുന്ന ഇരുന്നൂറോളം എഞ്ചിനീയറിംഗ് കോളേജുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല രൂപീകരിച്ചത്. കഴിഞ്ഞ ഐക്യജനാധിപത്യ മുന്നണി സർക്കാരിന്റെ കാലഘട്ടങ്ങളിലാണ് അതിന്റെ പ്രാരംഭ പ്രവർത്തനം ആരംഭിച്ചതെങ്കിലും അതിന് മുമ്പുണ്ടായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലഘട്ടത്തിൽത്തന്നെ അതിന്റെ പ്രവർത്തനങ്ങൾക്കും ചർച്ചകൾക്കും തുടക്കം കുറിച്ചിട്ടുണ്ടായിരുന്നു.

ഒരു ഏകീകൃത സിലബസും ആഴത്തിലുള്ള ഗവേഷണവും ഉദ്ദേശിച്ചുകൊണ്ടാണ് ഇത്തരം സാങ്കേതിക സർവ്വകലാശാല രൂപീകരിക്കാൻ ശ്രമിച്ചത്. 2014-ലാണ് സർവ്വകലാശാല ആരംഭിച്ചത്. നാല് വർഷം കഴിഞ്ഞിട്ടും സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനംപോലും കണ്ടുപിടിക്കാൻ മുൻ സർക്കാരിന് കഴിഞ്ഞില്ല. കാരണം അതിന്റെ അവസാന ഘട്ടത്തിലായിരുന്നു. രണ്ട് വർഷം കഴിയുമ്പോഴും ഈ സർക്കാരിനും ആസ്ഥാനം കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് പരിതാപകരമായ അവസ്ഥ തന്നെയാണ്.

ഒരു സർവ്വകലാശാല എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, സ്വന്തമായ പഠന വകുപ്പുകളും റിസർച്ചുകളും ഉൾക്കൊള്ളുന്ന ഒരു സ്ഥാപനമാണ്. എന്നാൽ ഇപ്പോഴത്തെ സ്ഥിതിവിശേഷത്തിൽ കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയെ

(കെ.റ്റി.യു.) ഒരു സർവ്വകലാശാല എന്ന് വിളിക്കാൻ കഴിയില്ല. കാരണം യു.ജി.സി. മാനദണ്ഡത്തിൽ വിവക്ഷിച്ചിട്ടുള്ളത് ഒരു സ്ഥാപനമെന്നാൽ അഞ്ച് പഠന വകുപ്പുകൾ ഉൾക്കൊള്ളുന്നതാണ് എന്നാണ്. അങ്ങനെ അഞ്ച് പഠന വകുപ്പുകൾ ഇല്ലാത്തൊരു നിലവാരത്തിലാണ് സാങ്കേതിക സർവ്വകലാശാല. കേന്ദ്ര സർക്കാരിന്റെ ധനസഹായ പദ്ധതികൾക്കോ റാങ്കിംഗിനോ ഇത്തരത്തിലുള്ള ഒരു സർവ്വകലാശാലയെ ഉൾപ്പെടുത്താൻ കഴിയില്ല എന്ന് വിദ്യാഭ്യാസ വിചക്ഷണൻ കൂടിയായ അങ്ങേയ്ക്കും അറിയാവുന്നതാണ്. അതിന്റെ പോരായ്മ പരിഹരിക്കുന്നതിനുവേണ്ടി എന്ത് നടപടിയാണ് ഈ രണ്ട് വർഷമായി സ്വീകരിച്ചതെന്ന് അങ്ങ് പരിശോധിക്കേണ്ടതാണ്. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യശുദ്ധിയെ ഉപയോഗപ്പെടുത്തി ഈ മേഖലകളിൽ നല്ല വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നതിനാവശ്യമായ സഹായങ്ങളും സൗകര്യങ്ങളും നൽകാതെ വിദ്യാഭ്യാസ രംഗത്ത് ഈ മേഖലയിൽ ഒരു തിരിച്ചടി ഉണ്ടാക്കുന്നതിനുള്ള നിലപാടാണ് കഴിഞ്ഞ രണ്ട് വർഷക്കാലമായി സ്വീകരിച്ചുവരുന്നത്.

എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് സമൂല മാറ്റങ്ങൾ വരുത്തി കേരളത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഒരു ഹബ്ബാക്കി മാറ്റുക എന്നതായിരുന്നു കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടങ്ങളിൽ ആഗ്രഹിച്ചിരുന്നത്. അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ സംഘടനകളെ ഉപയോഗിച്ച് അതിന്റെ നിലവാരത്തെ തകർക്കുകയും ഇല്ലാതാക്കുകയും ചെയ്യുന്നൊരു സമീപനമാണ് ഇപ്പോൾ നടന്നുവരുന്നത്. അങ്ങിവിടെ അവതരിപ്പിച്ച കേരള സർവ്വകലാശാല ബില്ലിന്റെ ഭേദഗതികളെക്കുറിച്ച് പരിശോധിക്കുന്ന സമയത്ത്, ഇന്ത്യയിലെ ഏറ്റവും വലിയ സർവ്വകലാശാലകളിൽ ഒന്ന് ബംഗാളിലെ സർവ്വകലാശാല ആയിരുന്നുവെന്നും അത് മൂന്നാംകിടയിലേയ്ക്ക് മാറിയത് അനിയന്ത്രിതമായ രാഷ്ട്രീയ ഇടപെടലുകളുടെ ഭാഗമായിരുന്നെന്നും ഞാൻ പറഞ്ഞിരുന്നു. വിദ്യാഭ്യാസ രംഗത്ത് ഏറ്റവും ഉന്നത സ്ഥാനത്ത് നിൽക്കുന്ന ഒരു സംസ്ഥാനമെന്ന നിലയ്ക്ക് അമിതമായ രാഷ്ട്രീയ ഇടപെടലുകളിലേയ്ക്ക് പോയാൽ ഇന്ന് കൈവരിച്ചിരിക്കുന്ന നമ്മുടെ വിദ്യാഭ്യാസത്തെ പുറകിലേയ്ക്ക് കൊണ്ടുപോകാനേ കഴിയൂ എന്നും ഞാൻ സൂചിപ്പിച്ചിരുന്നു. അതേ അവസ്ഥ തന്നെയാണ് ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ കാര്യത്തിലും ഇന്ന് നടന്നുകൊണ്ടിരിക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ബി. ഡി. ദേവസ്സി)

തുടക്കത്തിൽ വളരെ വിപുലമായ മാറ്റങ്ങൾ വരുത്തി കാലാനുസൃതമായ കോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് ആ സർവ്വകലാശാല ആരംഭിച്ചത്. വളരെ ചിട്ടയോട്ടുകൂടിയാണ് നടത്തിയത്. പാഠ്യപദ്ധതിയെ മുഴുവൻ അഴിച്ചുപണിതാണ് അതിന്റെ നിലവാരവും പ്രവർത്തനവും മുന്നോട്ട് കൊണ്ടുപോയത്. പക്ഷേ അതൊക്കെ മാറ്റി പഴയ സിസ്റ്റത്തിലേയ്ക്ക് കൊണ്ടുപോകാനുള്ളൊരു ശ്രമം നടക്കുകയാണോ എന്നാണ് അങ്ങ് അവതരിപ്പിച്ച ഈ ബില്ലിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് മനസ്സിലാക്കാൻ ശ്രമിച്ചാൽ തോന്നുന്നത്. ആ കാലഘട്ടങ്ങളിൽ വ്യക്തമായ ഒരു അക്കാദമിക് കലണ്ടറും കൃത്യമായ പരീക്ഷാ സംവിധാനങ്ങളും ഉണ്ടായിരുന്നു. ആദ്യ രണ്ട് വർഷങ്ങളിൽ കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി കൃത്യമായി പരീക്ഷ നടത്തി. രണ്ടാഴ്ചയ്ക്കകം പരീക്ഷകളുടെ ഫലപ്രഖ്യാപനവും നടത്തി. അങ്ങനെ വളരെ നല്ല നിലയിൽ മുന്നോട്ടുപോയിരുന്ന ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ ഇന്ന് കൃത്യസമയത്ത് പരീക്ഷ നടക്കുന്നില്ല, നടക്കുന്നതിന്റെ റിസൾട്ട് കൊടുക്കുന്നില്ല, കുട്ടികൾക്ക് സർട്ടിഫിക്കറ്റ് കിട്ടുന്നില്ല. എല്ലാം തകിടം മറിച്ചുകൊണ്ടുള്ള ഒരു ഭരണമാണ് ഇന്ന് അവിടെ നടക്കുന്നത്. സർക്കാരിന്റെ ഇടപെടൽ മൂലമാണിത്. അവിടെ ഉണ്ടായിരുന്ന വൈസ് ചാൻസലർ രാജി വച്ചുപോകുകയാണ് ചെയ്തത്. അതിന്റെ പുറകിൽ ഉണ്ടായിരുന്നത് എന്തൊക്കെയാണെന്നുള്ളതും അത് രാഷ്ട്രീയമായ ഇടപെടലുകളായിരുന്നോ എന്നതും സംശയിക്കേണ്ടതാണ്. ഒരു വൈസ് ചാൻസലറെ പ്രവർത്തിക്കാൻ അനുവദിക്കാത്ത വിധം അദ്ദേഹത്തിന് രാജിവച്ച് പോകേണ്ടിവന്നു എന്നതാണ് ആ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി പരിശോധിക്കുമ്പോൾ കാണാൻ സാധിക്കുക.

സംസ്ഥാനത്തെ മുഴുവൻ സാങ്കേതിക സ്ഥാപനങ്ങളെയും ഏകോപിപ്പിക്കേണ്ട ഈ സന്ദർഭത്തിൽ, കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ എഞ്ചിനീയറിംഗ് രംഗത്തുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒട്ടനവധി സ്ഥാപനങ്ങളിൽ പ്രശസ്തമായ സേവനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ആറ് മാസമായി അവിടെ വി.സി. ഇല്ല, ഇടത് സംഘടനകളുടെ കുത്തഴിഞ്ഞ ഭരണമാണ്. വി.സി.-യെ നിയമിക്കാനുള്ള യാതൊരുവിധ സംവിധാനങ്ങളും നിലപാടുകളും ആയിട്ടില്ല. ഇ-ഗവേണൻസ് വഴി പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും മറ്റ് കാര്യങ്ങളുമൊക്കെ വളരെ പ്രശസ്തമായി നടന്നിരുന്നത് മുഴുവൻ ഇല്ലാതാക്കി അതിനെയൊക്കെ മാറ്റി എഴുതിക്കൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത്. സ്വകാര്യ മേഖലയിലുള്ള ഒരു സോഫ്റ്റ്‌വെയറാണ് ഉപയോഗപ്പെടുത്തിയിരുന്നത് എന്നാണ് അതിന് കാരണമായി പറഞ്ഞിരുന്നത്. സ്വകാര്യ മേഖലയിലെ സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനെ

ഞാനും പൂർണ്ണമായി അംഗീകരിക്കുന്നില്ല. കാരണം കേരളത്തിലെ ഒരു സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയ്ക്ക് ആവശ്യമായ ഒരു സോഫ്റ്റ്വെയറുണ്ടാക്കാൻ കഴിയുന്ന തരത്തിൽ എഞ്ചിനീയറിംഗ് വൈദഗ്ദ്ധ്യം നേടിയ ആളുകൾ നമ്മുടെ വിദ്യാഭ്യാസ മേഖലയിലും സ്ഥാപനങ്ങളിലുമുണ്ട്. അവരെക്കൊണ്ട് നടത്തിപ്പിക്കാവുന്നതാണ്. ഒരു സ്വകാര്യ സ്ഥാപനത്തിന് കൊടുത്തു എന്നുപറഞ്ഞ് പരീക്ഷാഫലമൊക്കെ തടഞ്ഞുവച്ച് സമരം നടത്തി അതിന്റെ പ്രവർത്തനങ്ങളെ ഇല്ലാതാക്കി. അങ്ങനെ രണ്ട് വർഷം നഷ്ടപ്പെടുത്തി. അങ്ങ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായി ഇത്ര കാലമായിട്ടും ഇന്നുവരെ സ്വകാര്യ മേഖലയ്ക്ക് കൊടുത്തിരുന്ന സോഫ്റ്റ്വെയർ മാറ്റി സർക്കാർ മേഖലകളിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞില്ല എന്നുള്ളത് വളരെ പരിതാപകരമാണ്. അതോടൊപ്പം അവിടെ ജനാധിപത്യ രീതിയിലുള്ള ഒരു അക്കാദമിക് ബോഡിയില്ല, ഒരു സ്ഥിരം വൈസ് ചാൻസലറില്ല, വിവിധ വിഷയങ്ങളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പഠന ബോർഡുകൾ ആയിട്ടില്ല. പരീക്ഷ പേപ്പറുകൾ ചോർന്നത് നമ്മൾ പത്രങ്ങളിൽ വായിച്ചു. അതിന് പരിഹാരമായില്ല. സിലബസ് പൂർത്തീകരിക്കാൻ ഉതകുന്ന തരത്തിലുള്ള അക്കാദമിക് കലണ്ടറില്ല. ഇങ്ങനെ വ്യത്യസ്തങ്ങളായ ഒരുപിടി കാര്യങ്ങളുടെ പരിതാപകരമായ നിലവാരത്തിൽ ആ സർവ്വകലാശാല മുന്നോട്ട് പോകുന്നതിനിടയ്ക്കാണ് അങ്ങ് പുതിയൊരു ബിൽ അവതരിപ്പിക്കുന്നത്.

ഈ ബില്ലുകൾ കൊണ്ടുവരുന്നത് എന്തിനാണെന്ന് പരിശോധിച്ചാൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ രാഷ്ട്രീയ ഇടപെടലിന്റെ ഭാഗമായാണോയെന്ന് സംശയിക്കാൻ ഇടനൽകുകയാണ്. സാങ്കേതിക വിദഗ്ദ്ധരെ മാത്രം ഉൾക്കൊള്ളിച്ച് കൊണ്ടുവന്ന ഒരു ആക്ടിനെ അല്ലെങ്കിൽ ഒരു ഓർഡിനൻസിനെ, ഒരു ഗവേൺസിനെ ചില സംഘടനാ പ്രതിനിധികളെ മാത്രം ഉൾപ്പെടുത്തി സ്ഥാപനവൽക്കരിക്കാൻ ശ്രമിക്കുന്ന തരത്തിലാണ് ഈ ഓർഡിനൻസിനെ കാണാൻ സാധിക്കുന്നത്. ഭേദഗതി ബിൽ കൊണ്ടുണ്ടായ നേട്ടം എന്താണെന്ന് അങ്ങ് പരിശോധിച്ചാൽ എം.ടെക് ബാച്ചിന്റെ പരീക്ഷാ സർട്ടിഫിക്കറ്റ് തടഞ്ഞുവച്ചുവെന്നത് മാത്രമാണ്. ബോർഡ് ഓഫ് ഗവർണേഴ്സിന് ഭേദഗതി കൊണ്ടുവന്നതോടെ കഴിഞ്ഞ ഡിസംബറിൽ നടത്തേണ്ടിയിരുന്ന കൺവൊക്കേഷൻ നടത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. 2017 ആഗസ്റ്റ് മാസത്തിൽ ഫലപ്രഖ്യാപനം നടത്തി ഡിസംബർ 17-ന് കൊണ്ടുവന്ന എം.ടെക്കിന്റെ കൺവൊക്കേഷൻ ഈ ഓർഡിനൻസോടെ റദ്ദാക്കേണ്ടിവന്നു. ഡിഗ്രി സർട്ടിഫിക്കറ്റ് കിട്ടാതെ വിദ്യാർത്ഥികൾ നെട്ടോട്ടമോടുന്ന അവസ്ഥയാണ് ഇന്ന് ആ സർവ്വകലാശാലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ ഭേദഗതിയിലൂടെ സർക്കാർ കാണിച്ച വലിയൊരു മണ്ടത്തരം എന്നുപറയുന്നത് ശരിയാണോയെന്ന് എനിക്കറിയില്ല,

അങ്ങ് അതറിഞ്ഞോ അറിയാതെയോ ആണോ എന്നും എനിക്ക് അറിഞ്ഞുകൂടാ, ശാസ്ത്ര സാങ്കേതിക സർവ്വകലാശാലകളിൽ എ.ഐ.സി.ടി.ഇ.-യുടെ പ്രതിനിധി എല്ലാ സർവ്വകലാശാലകളുടെയും അംഗമായി ഉണ്ടാകുന്നതാണ്. കാരണം കേന്ദ്ര സർവ്വകലാശാലകളുടെയും വിദ്യാഭ്യാസത്തിന്റെയും അപ്പെക്സ് ബോഡിയായ എ.ഐ.സി.ടി.ഇ.യുടെ പ്രതിനിധികൾ എല്ലാ സർവ്വകലാശാലകളിലും അംഗങ്ങളാണ്. സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും ഒരു പാലമായി ഈ മേഖലകളിൽ പ്രവർത്തിക്കുന്ന കൗൺസിലിന്റെ മെമ്പർമാരെ അതിൽ നിന്ന് ഒഴിവാക്കിയത് എന്തിനാണെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. അത് അങ്ങ് പരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കാരണം കേന്ദ്രത്തിന്റെയും കേരളത്തിന്റെയും ഇടയ്ക്ക് നിന്നുകൊണ്ട് സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ടുന്ന ഒട്ടനവധി സഹായങ്ങളെ ഇല്ലാതാക്കുന്ന ഒരു അവസ്ഥാവിശേഷം അതുകൊണ്ട് ഉണ്ടാകും. അങ്ങ് അത് പരിശോധിക്കണമെന്ന് ഞാൻ സൂചിപ്പിക്കുന്നു. ഇവിടെ 154-ലധികം എഞ്ചിനീയറിംഗ് കോഴ്സുകളും എം.ബി.എ. കോഴ്സുകളുമുള്ള സർവ്വകലാശാലയുടെ നിലവിലെ സ്ഥിതി ദയനീയമാണ്. ഈ ഭേദഗതികളിൽ അങ്ങ് കൊണ്ടുവന്ന മറ്റൊരു ഭേദഗതി 23-ാം വകുപ്പിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 4 എഞ്ചിനീയറിംഗ് കോളേജ് മാനേജർമാരിൽ 3 പേർ അൺഎയ്ഡഡ് സ്വാശ്രയ മേഖലകളിൽ നിന്നുള്ള ആളുകളും ഒരാൾ സർക്കാർ നിയന്ത്രിത അൺഎയ്ഡഡ് സ്വാശ്രയ മേഖലയിലുള്ള ആളും ആയിരിക്കണം എന്നത് മാറ്റി 'മേധാവി' അല്ലെങ്കിൽ 'മാനേജർ' എന്നാക്കിയിരിക്കുകയാണ്. ഈ മേധാവി ആരാണെന്ന് വ്യക്തമായി സൂചിപ്പിച്ചിട്ടില്ല. ആരാണ് മേധാവിയെന്നും പറയുന്നില്ല. മാനേജർ കഴിഞ്ഞാൽപ്പിന്നെ ആ എഞ്ചിനീയറിംഗ് കോളേജിലെ മേധാവി ആരാണെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടാകും. അത്തരത്തിലുള്ള മാറ്റം എന്തിനുവേണ്ടി എന്ന് അങ്ങ് പരിശോധിക്കണം.

23-ാം വകുപ്പിലെ നാലാം ഉപവകുപ്പിൽ നിലവിലുണ്ടായിരുന്ന 'രണ്ട് ശാസ്ത്ര വിഭാഗം വിദ്യാഭ്യാസ വിചക്ഷണർ' എന്നത് 'വിദ്യാഭ്യാസ വിചക്ഷണർ' എന്ന് മാത്രമാക്കി മാറ്റിയിരിക്കുന്നത് ഏത് തരത്തിലാണെന്നതിനെക്കുറിച്ച് അങ്ങ് പരിശോധിക്കണം. ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയും ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ പ്രാവീണ്യമുള്ളവരെയും കൊണ്ടുവരാൻ വേണ്ടിയാണ് നിയമത്തിൽ ഇത്തരമൊരു വകുപ്പ് ഉൾപ്പെടുത്തി അങ്ങനെയൊരു ബോർഡ് ഓഫ് ഗവർണേഴ്സ് ഉണ്ടാക്കിയിരുന്നത്. അതാണ് മാറ്റുന്നത്, അതാണ് വെള്ളം ചേർക്കുന്നത്. അവിടെ വിദ്യാഭ്യാസ വിചക്ഷണർ എന്ന് പറയുമ്പോൾ ഈ സർവ്വകലാശാലകൾക്ക് പുറത്തുള്ള ആളുകളെയും മറ്റ് ഉദ്ദേശിക്കുന്ന ആളുകളെയും

കൊണ്ടുവരാൻ കഴിയുന്ന തരത്തിലുള്ള ഒരു മാറ്റമായി അതിനെ സംശയിക്കുകയാണ്. 27-ാം വകുപ്പിലെ 13-ാം ഉപവകുപ്പിൽ 'ബോർഡ് ഓഫ് ഗവർണേഴ്സിലെ സ്വകാര്യ കോളേജ് മാനേജർമാരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന' എന്നതു മാറ്റി 'മാനേജർമാരിൽ അല്ലെങ്കിൽ വകുപ്പ മേധാവികളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ' എന്നാക്കി മാറ്റിയിരിക്കുന്നു. ഞാൻ അതിന്റെ വിശദീകരണത്തിലേക്ക് പോകുന്നില്ല, അവിടേയും അതേ തരത്തിലുള്ള അപാകത കാണാൻ സാധിക്കുന്നതാണ്.

ബില്ലിലെ 23-ാം വകുപ്പിലെ 7-ാം ഉപവകുപ്പിൽ "അനദ്ധ്യാപക ജീവനക്കാരെ സർക്കാർ നാമനിർദ്ദേശം ചെയ്യും" എന്നുപറഞ്ഞിരിക്കുന്നത് "സർവ്വകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരിലുള്ള ഒരാൾ" എന്നാക്കി മാറ്റണമെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. കേരള സർവ്വകലാശാലയിലെ ബില്ലിനോടനുബന്ധിച്ച് സൂചിപ്പിച്ചതുപോലെതന്നെ കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ പ്രത്യേകിച്ച് ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ മേഖലകളിൽ കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ ലോകത്തിന്റെ വിവിധങ്ങളായ മേഖലകളുമായി വൈദഗ്ദ്ധ്യ പൂർണ്ണമായ പ്രവർത്തനങ്ങൾ നടത്തി പ്രശസ്തമായ നിലയിൽ സേവനമനുഷ്ഠിച്ചു കൊണ്ടിരിക്കുന്ന ഒരു മേഖല എന്ന നിലയ്ക്ക് അവരുടെ ഗവേഷണത്വരയെയും ഗവേഷണമേഖലയെയും പരിപോഷിപ്പിച്ചുകൊണ്ട് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഉന്നതങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതിനാവശ്യമായ നിയമനിർമ്മാണങ്ങൾ നടത്തി അതിനനുസരിച്ച് ആ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനുപകരം അതൊക്കെ തങ്ങളുടെ രാഷ്ട്രീയ കാഴ്ചപ്പാടിന്റെ ഭാഗമായി മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിച്ചാൽ കേരളം നേടിയിരിക്കുന്ന ഉന്നത നിലവാരത്തിന്റെ തകർച്ചയാണ് ഉണ്ടാകുക. അതുകൊണ്ടുതന്നെ ആ ബിൽ കേരളത്തിന്റെ സാങ്കേതിക വിദ്യാഭ്യാസ മേഖലകളിലെ പ്രവർത്തനത്തിന് അശാസ്ത്രീയമായതാണെന്നും അത് പുനഃപരിശോധന നടത്തണമെന്നും സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ലോകത്തിനുമുമ്പിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച ഒരു മേഖലയാണ് നമ്മുടെ വിദ്യാഭ്യാസ മേഖല. കേരളം വികസന മാതൃകയായി വിദ്യാഭ്യാസ മേഖലയിലെയും ആരോഗ്യ മേഖലയിലെയും നേട്ടങ്ങളാണ് ലോകത്തിനു മുമ്പിൽ കാഴ്ചവച്ചത്. വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ വിലയിരുത്തുന്നതോടൊപ്പം വിദ്യാഭ്യാസത്തിന്റെ അലകും പിടിയും മാറേണ്ടതും അനിവാര്യമാണ്.

വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാകണം. ഡിഗ്രിയും, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രിയും സമ്പാദിച്ച് തൊഴിൽ അന്വേഷിക്കുന്നവരായി എംപ്ലോയ്മെന്റ്

എക്സ്ചേഞ്ചുകളുടെ മുമ്പിൽ ക്യൂ നിൽക്കുന്നതിനുപകരം തൊഴിൽ സമ്പാദിക്കാൻ ശേഷിയുള്ള വിദ്യാഭ്യാസം നൽകണം. ശാസ്ത്ര സാങ്കേതിക വിദ്യകൾ ലോകത്ത് ഗംഭീരമായ നേട്ടങ്ങൾ കൈവരിക്കുകയാണ്. ആ നേട്ടങ്ങൾ അനന്ത സാധ്യതകളാണ്. ആ സാധ്യതകളുടെ നൂറിലൊരു അംശംപോലും മാനവരാശിക്ക് നേടിയെടുക്കാൻ സാധിച്ചിട്ടില്ല. ഇനിയും ശാസ്ത്ര സാങ്കേതിക മേഖലകളിൽ ധാരാളം നേട്ടങ്ങൾ നമുക്ക് നേടിയെടുക്കാൻ സാധിക്കും. അവിടെയാണ് നമ്മുടെ രാഷ്ട്രപതിയായിരുന്ന, ശാസ്ത്രസാങ്കേതിക മികവിന്റെ കാര്യത്തിൽ ഇന്ത്യയ്ക്ക് ലോകത്തിനുതന്നെ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് നേതൃത്വം നൽകിയ ഡോ. എ.പി.ജെ. അബ്ദുൾകലാമിന്റെ നാമധേയത്തിൽ ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നിയമം കേരളത്തിൽ നടപ്പിലാക്കിയത്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ എത്രയോ വിശാലമായിരുന്നു. അദ്ദേഹം ഒരു വിദ്യാഭ്യാസ സ്നേഹിയായിരുന്നു. പഠിപ്പിച്ചുകൊണ്ട് മരിക്കുക എന്ന് ആഗ്രഹിച്ച അദ്ദേഹത്തിന് ആ ആഗ്രഹം സഫലമാക്കാൻ സാധിച്ചു. യുവാക്കളോടും വിദ്യാർത്ഥികളോടും എവിടെപ്പോയാലും സംസാരിക്കുന്ന ഒരു രാഷ്ട്രതന്ത്രജ്ഞനും ശാസ്ത്രജ്ഞനും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്നു അദ്ദേഹം എന്ന് നമുക്കെല്ലാം അറിയാം. വിദ്യാർത്ഥികളുമായി സംവദിക്കുമ്പോൾ, വിദ്യാർത്ഥികളോട് അദ്ദേഹം പറഞ്ഞു, നിങ്ങൾ ഭാവിയെക്കുറിച്ച് സ്വപ്നം കാണുന്നവരായിരിക്കണം എന്ന്. അത് കേവലം ഉറക്കത്തിലുള്ള സ്വപ്നമല്ല. ഭാവിയെക്കുറിച്ചുള്ള ഉന്നതമായ സങ്കൽപ്പങ്ങൾ, ലക്ഷ്യബോധം നമ്മുടെ യുവ മനസ്സുകളിൽ അങ്കുരിപ്പിക്കാൻ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾക്ക് കഴിഞ്ഞു. ഇന്ന് പലയാളുകളും അദ്ദേഹത്തെ ക്വാട്ട് ചെയ്തുകൊണ്ടാണ് പ്രസംഗിക്കുന്നത്. സ്കൂളുകളിലും കോളേജുകളിലുമൊക്കെ പ്രസംഗിക്കാൻ പോകുന്നവർ ഡോ. എ.പി.ജെ. അബ്ദുൾകലാമിന്റെ പുസ്തകങ്ങളാണ് കുട്ടികൾക്ക് പ്രോത്സാഹനമായി നൽകുന്നത്. അദ്ദേഹത്തിന്റെ വാക്കുകൾ കടമെടുത്തുകൊണ്ടാണ് നമ്മളിൽ പലയാളുകളും സംസാരിക്കുന്നത്. അതിന് നമ്മൾ യോഗ്യരല്ലെങ്കിൽപ്പോലും അങ്ങനെയാണ് സംസാരിക്കുന്നത്. നിങ്ങൾ പറന്നുയരണമെന്നാണ് യുവമനസ്സുകളോട്, വിദ്യാർത്ഥികളോട് അദ്ദേഹം നിർദ്ദേശിച്ചത്. ചിറകുകളില്ലാത്ത നമ്മുടെ മക്കൾക്ക് പറന്നുയരാൻ വിജ്ഞാനത്തിന്റെ ചിറക് അവർക്ക് ലഭിക്കണം, ശാസ്ത്രസാങ്കേതിക വിദ്യയുടെ ചിറക് അവർക്ക് ലഭിക്കണമെന്ന ലക്ഷ്യത്തോടെയാണ് ഈ സർവ്വകലാശാല നിയമം 2015-ൽ പാസ്സാക്കിയതെങ്കിൽ ഇന്ന് അതിന് അവതരിപ്പിച്ചിരിക്കുന്ന ഭേദഗതികൾ കേവലം തൊലിപ്പുറത്തുള്ള ചികിത്സ മാത്രമാണ്. അതിന് അടിസ്ഥാനപരമായ മികവ് കൽപ്പിക്കുന്ന ഭേദഗതികളൊന്നും നിർദ്ദേശിച്ചിട്ടില്ല, ഇതിൽ തന്നെ വളരെ വ്യക്തമാണ്.

STATEMENT OF OBJECTS AND REASONS- ” 2. In addition to the existing Authorities of the University, it has been decided to constitute the Board of Studies, Financial Committee, Planning Committee and Students Council in the University. അതുപോലെ തന്നെ, “ Government have also decided to substitute the names 'Academic Council' and 'Syndicate' in the places of the authorities, 'Academic Committee' and 'Executive Committee' respectively. പേരുകളിൽ മാത്രം മാറ്റം വരുത്തുക. നേരത്തെ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞതുപോലെ രാഷ്ട്രീയ ലക്ഷ്യത്തോടെ അതിന്റെ ഘടനാ സ്വഭാവത്തിൽ മാറ്റം വരുത്തുക എന്നതല്ലാതെ ഈ സാങ്കേതിക സർവ്വകലാശാലയ്ക്ക് കൊച്ചിൻ സർവ്വകലാശാലയുടെ മാതൃക സ്വീകരിച്ചുകൊണ്ട് വിദ്യാഭ്യാസ മുന്നേറ്റത്തിന് സഹായകമായ തരത്തിൽ തൊഴിൽദായകമാകുന്ന രൂപത്തിൽ മാറ്റുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള കാതലായ പരിഷ്കാരങ്ങൾ ഒന്നും തന്നെയില്ല. തൊലിപ്പുറത്തുള്ള ഒരു ചികിത്സ മാത്രമാണിത്. അതുകൊണ്ട് ഈ ബിൽ നിരാകരിക്കണമെന്നുള്ള പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു.

മി. ചെയർമാൻ: ശ്രീ. പി. ഉണ്ണി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. റ്റി. വി. രാജേഷിന് 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്. ശ്രീ. പി. ഉണ്ണിക്കുവേണ്ടി ശ്രീ. റ്റി. വി. രാജേഷ്: സർ, 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-6-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വളരെ പ്രതീക്ഷയോടുകൂടിയാണ് എഞ്ചിനീയറിംഗ് കോളേജുകൾക്കുവേണ്ടി, സാങ്കേതിക വിദ്യാഭ്യാസത്തിനായി ഒരു പ്രത്യേക യൂണിവേഴ്സിറ്റി കേരളത്തിൽ ആരംഭിച്ചത്. മഹാനായ ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ കർമ്മഭൂമിയായിരുന്നു നമ്മുടെ നാട്. അദ്ദേഹം രാഷ്ട്രതന്ത്രജ്ഞനും ഇന്ത്യ കണ്ട ഏറ്റവും പ്രഗത്ഭനായ വിദ്യാഭ്യാസ വിചക്ഷണനുമായിരുന്നു. അദ്ദേഹത്തോട് നീതി പുലർത്താൻ കഴിയത്തക്കവിധത്തിൽ നമ്മുടെ ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് മുന്നേറ്റം സാധ്യമാക്കാനാണ് കേരളത്തിൽ ഇത്തരമൊരു യൂണിവേഴ്സിറ്റി എന്ന ആശയം ഉയർന്നുവന്നത്. എന്നാൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2014-ൽ കൊണ്ടുവന്ന ഈ സാങ്കേതിക സർവ്വകലാശാല ആ ലക്ഷ്യങ്ങൾ നേടുന്നതിന് പ്രാപ്തമായിരുന്നില്ല. അനിവാര്യമായ ഒരു പൊളിച്ചെഴുത്ത് ഇക്കാര്യത്തിൽ ആവശ്യമാണ്. അതുകൊണ്ടാണ് ഈ യൂണിവേഴ്സിറ്റിക്കകത്ത്

മൗലികമായ മാറ്റങ്ങൾ വരുത്താൻ ഈ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. നമ്മുടെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്തെ നിലവാരം മെച്ചപ്പെടുത്താൻ, നമ്മുടെ എഞ്ചിനീയർമാരെ ലോകത്തെ ഏറ്റവും കോംപീറ്റന്റ് ആക്കി മാറ്റിത്തീർക്കാനുള്ള ശ്രദ്ധേയമായ പരിഷ്കാരങ്ങളും ഇടപെടലുമാണ് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടന്നുകൊണ്ടിരിക്കുന്നത്. പ്ലസ് ടു-വിന് മാത്തമാറ്റിക്സിന് മിനിമം 45 മാർക്ക് വേണമെന്ന നിബന്ധന ഒഴിവാക്കിയത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണെന്ന് നമുക്കറിയാം. നേരത്തെ സംസാരിച്ച യു.ഡി.എഫ്. അംഗം നമ്മുടെ വിദ്യാഭ്യാസ മികവിനെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. അത്തരമൊരു മികവായിരുന്നു യു.ഡി.എഫ്. ഉദ്ദേശിച്ചതെങ്കിൽ മേൽപ്പറഞ്ഞ കാര്യത്തിൽ ഇങ്ങനെയൊരു നിലപാട് അവർ സ്വീകരിക്കുമായിരുന്നോ? മിനിമം മാർക്കുപോലുമില്ലാത്ത, എൻട്രൻസ് പരീക്ഷയിൽ 10 മാർക്കുപോലും നേടാത്ത ആളുകൾക്ക് അഡ്മിഷൻ നൽകി. കച്ചവടക്കാരായ എഞ്ചിനീയറിംഗ് കോളേജുകാരെ തൃപ്തിപ്പെടുത്താൻവേണ്ടി അടിസ്ഥാന മാനദണ്ഡത്തിൽപ്പോലും മാറ്റം വരുത്തി അവർക്ക് വിദ്യാർത്ഥികളെ എത്തിച്ചുകൊടുക്കുന്ന നിലപാടാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചത്. കേരളത്തിലെ 137-ഓളം വരുന്ന സ്വകാര്യ/സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ ഏതാണ്ട് പകുതിയോടടുത്ത സ്ഥാപനങ്ങളിൽ പകുതിയിലേറെ സീറ്റും ഒഴിഞ്ഞുകിടക്കുകയാണ്. എൻട്രൻസ് പരീക്ഷയിൽ പത്ത് മാർക്കിൽ താഴെയുള്ളവർക്ക് എഞ്ചിനീയറിംഗിന് പ്രവേശനം കൊടുത്ത കഴിഞ്ഞ സർക്കാരിന്റെ നിലപാട് തിരുത്താൻ ഈ സർക്കാരിന് കഴിഞ്ഞു. നിലവാരം മെച്ചപ്പെടുത്തിയെടുക്കാനുള്ള ഈ സർക്കാരിന്റെ ആദ്യത്തെ ചുവടുവയ്പായിരുന്നു അതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർവ്വകലാശാലയെ കൂടുതൽ ജനാധിപത്യവൽക്കരിക്കാനും നിലവാരം മെച്ചപ്പെടുത്തിയെടുക്കാനും സഹായകരമാകുന്ന ഭേദഗതികളാണ് ഇവിടെ കൊണ്ടു വന്നിരിക്കുന്നത്. ഈ ബിൽ ചർച്ച ചെയ്യുന്ന വേളയിൽ ഞങ്ങൾ മാത്രമല്ല, യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുപോലും ശക്തമായ പ്രതിഷേധം ഉയർന്നു വന്നിരുന്നു. ആ പ്രതിഷേധത്തെ മുഖവിലയ്ക്കെടുക്കാനോ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ താല്പര്യങ്ങൾക്കനുസൃതമാകുന്ന വിധത്തിൽ അതിൽ മാറ്റം വരുത്താനോ കഴിഞ്ഞ ഗവൺമെന്റ് തയ്യാറായിരുന്നില്ല. അതുകൊണ്ടാണ് ഇപ്പോൾ ഇതിനകത്ത് മാറ്റം വരുന്നത്.

22-ാം വകുപ്പിലെ ഭേദഗതി, നേരത്തെ ബോർഡ് ഓഫ് ഗവർണേഴ്സ് ആയിരുന്നു. അതുപോലെ നിർവ്വാഹക സമിതി, അക്കാഡമിക് സമിതി, ഗവേഷണ കൗൺസിൽ എന്നിവയുമുണ്ടായിരുന്നു. ഇപ്പോൾ ഈ വകുപ്പിൽ പുതുതായി വന്നിരിക്കുന്ന ഇനങ്ങൾ 'ബോർഡ് ഓഫ് സ്റ്റഡീസ്, ധനകാര്യ സമിതി, ആസൂത്രണ

സമിതി, വിദ്യാർത്ഥി കൗൺസിൽ' എന്നിവയാണ്. അക്കാഡമിക് കൗൺസിൽ ആവശ്യമാണെന്ന് നമുക്കറിയാം. അക്കാഡമിക് സമിതി, അക്കാഡമിക് കൗൺസിലാകുകയാണ് ചെയ്യുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ റിട്ടയർ ചെയ്ത പ്രൊഫസർമാരെ കൊണ്ടുവന്ന് സിലബസ് തട്ടിക്കൂട്ടിയുണ്ടാക്കുന്ന സ്ഥിതിയുണ്ടായിരുന്നു, അതിനകത്ത് മാറ്റമുണ്ടാകാൻ പോകുകയാണ്. ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച സിലബസും കരിക്കുലവും ഉണ്ടാക്കാനാണ് ഇത്തരമൊരു മാറ്റം വരുത്തുന്നത്.

ഈ യൂണിവേഴ്സിറ്റിയിലെ സാമ്പത്തിക കാര്യങ്ങളിലെ അപാകതകൾ പുറത്തുവന്നിട്ടുണ്ട്, സാമ്പത്തിക വെട്ടിപ്പുകൾ പുറത്തുവന്നിട്ടുണ്ട്. അവയൊക്കെ തടയാൻ ഫലപ്രദമായ ഒരു സംവിധാനം ആവശ്യമാണ്. ഇതിനാണ് ധനകാര്യ സമിതി ഉൾപ്പെടുത്തിയത്. സർവ്വകാലാശാലയുമായി ബന്ധപ്പെട്ടുണ്ടാകുന്ന കാര്യങ്ങൾ, അതിന്റെ ഭാവി, മുന്നോട്ടുപോക്ക് ഇവയൊക്കെ ശരിയായ വിധത്തിൽ ആസൂത്രണം ചെയ്യാനുള്ള ആസൂത്രണ സമിതിയും നമുക്കാവശ്യമാണ്. അതുപോലെ തന്നെയാണ് വിദ്യാർത്ഥി കൗൺസിലും. നേരത്തെ ഇവിടെ സംസാരിച്ച യു.ഡി.എഫ്. അംഗം കാലിക്കറ്റ് സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് അംഗമായിരുന്നു. പഴയ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥി കൗൺസിൽ ഉണ്ടായിരുന്നില്ല, വിദ്യാർത്ഥികൾക്ക് ജനാധിപത്യവേദി ഉണ്ടായിരുന്നില്ല. അതോടൊപ്പംതന്നെ സർവകലാശാലയുടെ നിർവ്വാഹക സമിതിയിൽ വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യം നൽകാൻ തയ്യാറായിരുന്നില്ല. ഇന്ന് ആ സ്ഥിതി മാറുകയാണ്. അക്കാര്യം ഞങ്ങൾ അന്ന് ഉന്നയിച്ചപ്പോൾ, കെ.എസ്.യു.-ലൂടെ വളർന്നുവന്ന, കെ.എസ്.യു.വിൽ നിന്നും അടുത്തകാലത്തു മാത്രം ഒഴിവായ യുവ എം.എൽ.എ.-മാർപോലും വിദ്യാർത്ഥികൾക്കുവേണ്ടി വാദിക്കാൻ തയ്യാറായിരുന്നില്ല. കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ നേരവകാശികളാണ് വിദ്യാർത്ഥികളും അദ്ധ്യാപകരും. എന്തിനാണ് അവരെ ഒഴിവാക്കിയത്? വിദ്യാർത്ഥി പ്രതിനിധികളെ ഒഴിവാക്കുന്നതിനുള്ള ന്യായീകരണം എന്തായിരുന്നു? ഇപ്പോൾ അവിടെയിരിക്കുന്ന ഉന്നതരായ നേതാക്കൾക്ക് വിദ്യാർത്ഥി രാഷ്ട്രീയം സംരക്ഷിക്കണമെന്ന ഉൾവിളിയുണ്ടായിരിക്കുകയാണ്. വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാർ നിയമനിർമ്മാണം നടത്തണമെന്നാവശ്യപ്പെട്ടത് കോൺഗ്രസ്സിന്റെ തലമുതിർന്ന നേതാവും മുൻമുഖ്യമന്ത്രിയുമായ ശ്രീ. എ. കെ. ആന്റണിയാണ്.

2003-ൽ ഒരു ഹൈക്കോടതി വിധിയുടെ മറപിടിച്ച് കേരളത്തിലെ വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ കവരാനും നിഹനിക്കാനും തയ്യാറായവരാണ് യു.ഡി.എഫ്. എന്ന കാര്യം നമുക്കാർക്കും വിസ്മരിക്കാൻ

കഴിയില്ല. അതിന്റെ ചുവടുപിടിച്ചുകൊണ്ടായിരുന്ന ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥി കൗൺസിൽ വേണ്ട, ബോർഡ് ഓഫ് ഗവർണേഴ്സിലും നിർവ്വാഹക സമിതിയിലും വിദ്യാർത്ഥി പ്രാതിനിധ്യം നൽകേണ്ടതില്ല എന്ന തീരുമാനം അവർ സ്വീകരിച്ചത്. എന്നാൽ ഇപ്പോൾ അതിൽ മാറ്റമുണ്ടാകാൻ പോകുകയാണ്, വിദ്യാർത്ഥി കൗൺസിൽ വരാൻ പോകുകയാണ്. 23-ാം വകുപ്പിൽ ബോർഡ് ഓഫ് ഗവർണേഴ്സിൽ "സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം നാല് പ്രതിനിധികൾ അവരിൽ ഒരാൾ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയും ഒരാൾ വിദ്യാർത്ഥിയുമായിരിക്കണമെന്ന്" എഴുതിയിട്ടുണ്ട്. എന്നാൽ അതിൽ വരുന്ന മാറ്റം എന്തൊക്കെയാണെന്ന് നോക്കാം, ആ മാറ്റം നമ്മൾ ശ്രദ്ധിക്കണം " സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കിടയിൽനിന്നും അവർ തെരഞ്ഞെടുക്കുന്ന ആറ് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ മൂന്നുപേർ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഒരാൾ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും ഒരാൾ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും ഒരാൾ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും ആയിരിക്കേണ്ടതാണ്. പ്രസ്തുത അംഗങ്ങളിൽ ഒരാൾ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയും ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോപ്പെട്ട ആളും ആയിരിക്കേണ്ടതാണ്." കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന ബില്ലിൽ ഇത്തരത്തിൽ വിവിധ വിഭാഗങ്ങൾക്ക് പ്രാതിനിധ്യം ഉറപ്പുവരുത്തിയിരുന്നില്ല. എന്നാൽ ബോർഡ് ഓഫ് ഗവർണേഴ്സിൽ വരുന്ന വിദ്യാർത്ഥി പ്രതിനിധികൾ വിവിധ മേഖലകളിൽ നിന്നുള്ളവരാണ് എന്നതാണ് ഇവിടെയുള്ള പ്രധാനപ്പെട്ട ഭേദഗതി. കേരളത്തിന്റെ ഒരു സാമൂഹ്യ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു മാറ്റമാണ്, ഒരു പൊളിച്ചെഴുത്താണ് ഇവിടെ ഉണ്ടാക്കിയിരിക്കുന്നത് എന്നുള്ള കാര്യം നമുക്ക് കാണാൻ കഴിയും.

സർവ്വകലാശാലകളിലെ ശാസ്ത്ര പഠന വകുപ്പുകളിൽ പ്രവർത്തിക്കുന്ന രണ്ട് ശാസ്ത്രവിഭാഗം വിദ്യാഭ്യാസ വിചക്ഷണന്മാർ എന്നാണ് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ ഉപശീർഷകത്തിനു താഴെ പറയുന്നത്. അതിൽ വരുത്തിയ മാറ്റം, "പി.എച്ച്.ഡി. ഗവേഷണത്തിന് മേൽനോട്ടം വഹിച്ചിട്ടുള്ളതും പോസ്റ്റ് ഡോക്ടറൽ പബ്ലിക്കേഷൻസോടുകൂടിയതുമായ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നുള്ള രണ്ട് വിദ്യാഭ്യാസ വിചക്ഷണർ" എന്നാണ്. ഏറ്റവും പ്രഗത്ഭരായിട്ടുള്ള ആളുകളുടെ ഉപദേശം, അവരുടെ സാന്നിദ്ധ്യം ഇവയെല്ലാം നമ്മുടെ ബോർഡ് ഓഫ് ഗവർണേഴ്സിന് സഹായകരമായി തീരുന്ന വിധത്തിലാണ് മാറ്റം വരുത്തിയിട്ടുള്ളത്. നേരത്തെ സ്വാശ്രയ കോളേജുകാരെ കുത്തിനിറയ്ക്കുന്ന വിധത്തിലായിരുന്നു ഇതിന്റെ സ്ട്രക്ചർ. അതിൽ മാറ്റം വരുത്തി.

സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നാല് എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർ, അവരിൽ മൂന്നുപേർ അൺ-എയ്ഡഡ് സ്വാശ്രയ മേഖലയിൽ നിന്നുള്ള ആളുകളും ഒരാൾ സർക്കാർ നിയന്ത്രിത അൺഎയ്ഡഡ് സ്വാശ്രയ മേഖലയിൽ നിന്നുമുള്ള ആളും ആയിരിക്കണമെന്നതായിരുന്നു. അതിൽ മാറ്റം വരുത്തിയത് ഇങ്ങനെയാണ് "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് എഞ്ചിനീയറിംഗ് കോളേജ് മേധാവികൾ അല്ലെങ്കിൽ മാനേജർമാർ, അവരിൽ ഒരാൾ എയ്ഡഡ് കേളേജിൽനിന്നും ഒരാൾ സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജിൽനിന്നും ഒരാൾ സ്വകാര്യ സ്വാശ്രയ കോളേജിൽ നിന്നും ആയിരിക്കേണ്ടതാണ്. ''

നേരത്തെ സ്വകാര്യ സ്വാശ്രയ കോളേജുകാർക്ക് മുൻഗണന നൽകുന്ന വിധത്തിലായിരുന്നു ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ഘടന. അതിൽ കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട്. പൂട്ടിപ്പോയ കോളേജിന്റെ മാനേജർമാരെവരെ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ ബോർഡ് ഓഫ് ഗവേർണേഴ്സിൽ നമുക്ക് കാണാൻ കഴിയുമായിരുന്നു. അതിന് മാറ്റമുണ്ടാവുകയാണ്. വിദ്യാഭ്യാസക്കച്ചവടക്കാർക്ക് സർവ്വകലാശാലയെ അവരുടെ ആഗ്രഹത്തിനനുസരിച്ച് മുന്നോട്ടുകൊണ്ടുപോകാൻ കഴിയത്തക്ക നിലയിലായിരുന്നു ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ഘടന. അതിനെ ഇപ്പോൾ റീ-ഷെയ്പ്പ് ചെയ്തിരിക്കുകയാണ്. അതുപോലെ കഴിഞ്ഞ ബോർഡ് ഓഫ് ഗവർണേഴ്സിൽ സർക്കാർ കോളേജ്, എയ്ഡഡ് കോളേജ്, സർക്കാർ നിയന്ത്രിത അൺ-എയ്ഡഡ് കോളേജ്, അൺ-എയ്ഡഡ് കോളേജ് എന്നിവയിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഓരോ അദ്ധ്യാപകർവീതം ആകെ 4, എന്നാൽ, അദ്ധ്യാപകർ-സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പി.എച്ച്.ഡി.-യും പത്ത് വർഷത്തെ അദ്ധ്യാപന പരിചയവുമുള്ള രണ്ട് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർ, ഒരു എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ, ഒരു സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ, ഒരു സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ എന്നാണ് പുതിയ ഭേദഗതിയിൽ വന്നിട്ടുള്ളത്. ഇതിൽ മൗലികമായ വ്യത്യാസമുണ്ടല്ലോ. കൂടുതൽ അക്കാദമിക് നിലവാരമുള്ള, മികവുള്ള, അനുഭവ സമ്പത്തുള്ള ആളുകളാണ് ഇതിനകത്ത് വരാൻ പോകുന്നത്. ഇത് തൊലിപ്പുറത്തെ മാറ്റമല്ല, കാര്യമായ മാറ്റമാണ്. അതുപോലെ ഇതിൽ ഒരാൾ വനിതയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വനിതകൾക്ക് അയിത്തമായിരുന്നു. പക്ഷേ ഇവിടെ അയിത്തമില്ല. വനിതകൾക്ക് പ്രാതിനിധ്യം കൊടുത്തിരിക്കുന്നു. ഒരാൾ പട്ടികജാതി-പട്ടികവർഗ്ഗ ഗോത്രത്തിൽപ്പെട്ടതും ഒരാൾ എഞ്ചിനീയറിംഗ് അല്ലാത്ത ശാസ്ത്ര വിഷയ അദ്ധ്യാപകനുമായിരിക്കണം. പ്രധാനപ്പെട്ട വിഷയങ്ങളാണ് ഞാൻ പറയുന്നത്. ഇത് ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. ഈ വേർതിരിവ്, ഈ വ്യത്യാസം നമ്മൾ കാണേണ്ടതാണ്.

ശ്രീ. പി. ടി. തോമസ്: സർ, കഴിഞ്ഞ ഗവൺമെന്റിൽനിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റ് സ്വാശ്രയ മേഖലയോട് കാണിക്കുന്ന പുരോഗമനപരമായ നിലപാടുകളെ സംബന്ധിച്ചാണല്ലോ അങ്ങ് പറയുന്നത്. ഈ അടുത്ത കാലത്താണ് കൂത്തുപറമ്പ് രക്തസാക്ഷികളിൽ ഒരാളുടെ പിതാവ് സ്വാശ്രയ കോളേജുകൾക്കുവേണ്ടി ഇത്രയും പ്രീണനം നടത്തുന്ന ഒരു ഗവൺമെന്റിനുവേണ്ടിയാണല്ലോ അല്ലെങ്കിൽ ആ നേതാക്കൾക്കുവേണ്ടിയാണല്ലോ എന്റെ മകൻ ജീവൻ വെടിഞ്ഞതെന്ന് സ്വയം വിലപിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ ഇവിടെ വളരെ പ്രധാനപ്പെട്ട കാര്യമാണ് പറയുന്നത്. ശ്രീ. പി. ടി. തോമസിനെ യു.ഡി.എഫ്. എം.എൽ.എ.മാരിൽനിന്നും വ്യത്യസ്തനായ ഒരാളായിട്ടാണ് ഞാൻ കാണുന്നത്. കാരണം അദ്ദേഹം യു.ഡി.എഫ്.-ൽ ഒരു പ്രത്യേക സംഘടനയുണ്ടാക്കിയ ആളാണ്. യു.ഡി.എഫ്-ൽ സംഘടനയുണ്ടാക്കാൻ ആംപിയറുള്ള അധികം ആളുകളില്ലെന്ന് എനിക്കറിയാം. പക്ഷേ അദ്ദേഹത്തെപ്പോലെ ഉത്തരവാദപ്പെട്ട ഒരാൾ ഇത്രയും നിരുത്തരവാദപരമായ ഒരു ചോദ്യം, ഗൗരവമായ വിഷയം ചർച്ച ചെയ്യുമ്പോൾ ഉന്നയിക്കാൻ പാടില്ലായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. ഇവിടെ പട്ടികജാതി/പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട ആൾ ഉണ്ടാകണമെന്ന് തീരുമാനിക്കുകയാണ്. അത്തരം വിഭാഗത്തിന് ഇതിൽ പ്രാതിനിധ്യം ഉണ്ടായിരുന്നില്ല. എന്തിനായിരുന്നു അവരോട് അയിത്തം; എത്ര പ്രഗത്ഭരായ ആളുകൾ ആ മേഖലയിലുണ്ട്; ഈ മേഖലയിൽനിന്നുള്ള, സാമൂഹ്യ വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു പ്രാതിനിധ്യവും ഇതിലുണ്ടായിരുന്നില്ല.

ഇവിടെ അനദ്ധ്യാപക ജീവനക്കാരെ കൂട്ടിച്ചേർത്തത് സംബന്ധിച്ച് പറഞ്ഞു. അനദ്ധ്യാപക ജീവനക്കാർ സർവ്വകലാശാലയുടെ ഭാഗമല്ലേ; അവരെ കൂട്ടിച്ചേർക്കുന്നതിൽ എന്താണ് തെറ്റ്; കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ അവരുടെ പ്രതിനിധികൾ സെനറ്റിലുണ്ടല്ലോ; ഇവിടെ അവർ വരുന്നതിൽ എന്താണ് തെറ്റ് എന്നുകൂടി വിശദീകരിക്കേണ്ടതായിട്ടുണ്ട്.

എ.ഐ.സി.ടി.ഇ. പ്രതിനിധിയെ ഒഴിവാക്കിയതിനെക്കുറിച്ച് പറഞ്ഞു. കേരളത്തിലെ മറ്റേതെങ്കിലും യൂണിവേഴ്സിറ്റികളിൽ യു.ജി.സി.-യുടെ പ്രതിനിധിയുണ്ടോ; അങ്ങനെ യു.ജി.സി.-യുടെ പ്രതിനിധി ഇല്ലെന്നിരിക്കെ ഈ സർവ്വകലാശാലയിൽ മാത്രം എ.ഐ.സി.റ്റി.ഇ.-യുടെ പ്രതിനിധി വേണമെന്ന് നിർബന്ധം പിടിക്കുന്നതിലെ സാംഗത്യമെന്താണെന്ന് മനസ്സിലാകുന്നില്ല.

അതുപോലെതന്നെ ഇതിൽ സിൻഡിക്കേറ്റ് നാമകരണം ചെയ്യുകയാണ്. സിൻഡിക്കേറ്റിൽ വന്നിട്ടുള്ള മാറ്റങ്ങളെക്കുറിച്ച് നമ്മൾ പരിശോധിക്കേണ്ടതായിട്ടുണ്ട്.

ഇവിടെ സ്റ്റാറ്റ്യൂട്ടുകൾ നിർണ്ണയിക്കപ്പെടുന്നതുപ്രകാരം ബോർഡ് ഓഫ് ഗവർണേഴ്സിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധികളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം എന്നാണ്. അതിൽ വന്ന മാറ്റം എന്താണ്? ബോർഡ് ഓഫ് ഗവർണേഴ്സിലെ വിദ്യാർത്ഥി പ്രതിനിധികളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം. എന്നാൽ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് പൂർത്തിയാകാത്ത സാഹചര്യത്തിൽ, അവിടെ തെരഞ്ഞെടുപ്പ് നടക്കുന്ന സ്ഥിതിക്ക് അതിൽനിന്നും ഒരാളെ എടുക്കുമെന്നുള്ളതാണ്. അതുപോലെ ബോർഡ് ഓഫ് ഗവർണേഴ്സിലെ സ്വകാര്യ കോളേജ് മാനേജർമാരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം - അതിനെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. മാനേജർമാർ അല്ലെങ്കിൽ മേധാവികൾ, എന്തിനാണ് മേധാവികളെന്ന് ചോദിച്ചു. മേധാവികളെ നിശ്ചയിച്ചതിനെക്കുറിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വിശദീകരിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിൽ സർക്കാർ നിയന്ത്രിതമായ നിരവധി സ്ഥാപനങ്ങളിൽ മേധാവികളുണ്ട്. അത്തരം ആളുകളുടെ സേവനം സർക്കാർ ആഗ്രഹിക്കുന്നുണ്ടാകും. അതിൽ എങ്ങനെയാണ് തെറ്റ് പറയാൻ കഴിയുക; അതുപോലെ തന്നെ അക്കാദമിക് കൗൺസിൽ, നേരത്തെ അക്കാദമിക് സമിതികളാണുണ്ടാക്കിയിരുന്നത്. ആ സർവ്വകലാശാലയുടെ സ്ട്രക്ച്ചർ എങ്ങനെയായിരുന്നു; തങ്ങൾക്ക് ചിലരെ താക്കോൽ സ്ഥാനങ്ങളിൽ എത്തിക്കണം. അതിനുവേണ്ടിയുള്ള സ്ട്രക്ച്ചറുണ്ടാക്കുകയായിരുന്നു. ആ സ്ട്രക്ച്ചർ തകർക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. അത് എന്തിനാണ് തകർക്കുന്നത്; നമ്മുടെ സാങ്കേതിക വിദ്യാഭ്യാസ രംഗത്തിന്റെ ഉന്നതിക്കുവേണ്ടിയാണ്.

കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന ബില്ലിൽ 31-ാം വകുപ്പിൽ വന്നിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്; വൈസ്ചാൻസലറുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിലെ 4 പ്രിൻസിപ്പൽമാർ, അവരിൽ ഒരാൾ സർക്കാർ കോളേജിൽനിന്നും, ഒരാൾ സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജിൽനിന്നും, ഒരാൾ അൺ എയ്ഡഡ് കോളേജിൽനിന്നും, ഒരാൾ എയ്ഡഡ് കോളേജിൽനിന്നും ആയിരിക്കണമെന്നുള്ളതാണ്. ഇവിടെ വന്ന മാറ്റം എന്താണ്? ഇതിൽ കൂടുതൽ ജനാധിപത്യവൽക്കരണം നമുക്ക് കാണാൻ കഴിയും. സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ്, സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്, ഐ.എച്ച്.ആർ.ഡി., കേപ്പ്, എൽ.ബി.എസ്., സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് എന്നീ ഓരോ വിഭാഗത്തിൽനിന്നും വൈസ്ചാൻസലർ നൽകുന്ന മൂന്നുപേർ വീതമടങ്ങുന്ന

പട്ടികയിൽനിന്നും ബോർഡ് ഓഫ് ഗവർണേഴ്സിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രിൻസിപ്പൽവീതം, അവരിൽ ഒരാൾ വനിതയായിരിക്കണം എന്നാണ്. ഇവിടെ ഒരു സെലക്ഷനുണ്ട്, അതിൽ വനിതയുണ്ട്. നേരത്തെ ഏതെങ്കിലും സമിതിയിൽ വനിതയ്ക്ക് പ്രത്യേക സംവരണം നൽകിയിരുന്നോ; വനിതകളിൽ പ്രഗത്ഭരില്ല എന്നാണ് നിങ്ങൾ ധരിക്കുന്നത്. വനിതകളെ നിങ്ങൾ അടുപ്പിക്കാത്ത സമീപനമായിരുന്നു. ഇവിടെ വനിതകൾക്ക് എല്ലായിടത്തും മതിയായ പരിഗണന കൊടുത്തതായി കാണാൻ കഴിയും. അതോടൊപ്പം വൈസ്ചാൻസലറുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള കോളേജുകളിൽനിന്നുള്ള വിവിധ എഞ്ചിനീയറിംഗ് ശാഖകളെ പ്രദാനം ചെയ്യുന്ന പ്രൊഫസർമാരിൽ താഴെയല്ലാത്ത നാല് അദ്ധ്യാപകർ, അവരിൽ ഓരോരുത്തരും യഥാക്രമം സർക്കാർ കോളേജുകളെയും സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജുകളെയും അൺ എയ്ഡഡ് കോളേജുകളെയും എയ്ഡഡ് കോളേജുകളെയും പ്രദാനം ചെയ്യേണ്ടതും അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ടവരോ ആയിരിക്കണമെന്നായിരുന്നു നേരത്തെ ഉണ്ടായിരുന്ന നിയമം. അതിൽ എങ്ങനെയാണ് മാറ്റം വരുന്നത്; അത് നമ്മൾ കാണേണ്ടതായിട്ടുണ്ട്. ഓരോ വിഭാഗത്തിൽനിന്നും മൂന്നുപേരടങ്ങുന്ന ഒരു പട്ടിക തയ്യാറാക്കുകയും ആ പട്ടികയിൽനിന്നുമാണ് ആളുകളെ നിയമിക്കുന്നത്. അപ്പോൾ കുറച്ചുകൂടി കൃത്യമായ മാനദണ്ഡപ്രകാരം സെലക്ഷൻ നടത്താൻ കഴിയും. പ്രഗത്ഭരെ പൂൾ ചെയ്തെടുക്കുന്ന സമ്പ്രദായം സ്വീകരിക്കുന്നത് കൂടുതൽ അഭികാമ്യമെന്ന് ഒറ്റനോട്ടത്തിൽത്തന്നെ ആർക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്. നമ്മുടെ സമൂഹത്തിൽ കൂടുതൽ ജനാധിപത്യവൽക്കരണത്തിന് ഇടനൽകുന്ന വിധത്തിലുള്ള ഒരു മാറ്റമാണ് ഇവിടെ കൊണ്ടുവരുന്നത്.

ഇവിടെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തെക്കുറിച്ചും ജിഷ്ണു പ്രണോയിയെക്കുറിച്ചുമൊക്കെ പറഞ്ഞു. ജിഷ്ണു പ്രണോയ് എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥിയാണ്. ജിഷ്ണു പ്രണോയിയുടെ പ്രശ്നമുണ്ടായപ്പോൾ ഇവിടെ ചിലർ മുതലക്കണ്ണീരൊഴുക്കുകയുണ്ടായി.അവരുടെ ഉന്നതരായ നേതാവ്, നെഹ്റു കോളേജിലെ മാനേജരെ രക്ഷിക്കാൻവേണ്ടി അന്തിച്ചർച്ചയ്ക്ക് പോയത് നമ്മളെല്ലാവരും കണ്ടതാണ്. അന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. തോമസ്, ആ അംഗത്തിനെതിരെ ആർജ്ജവത്തോടെ സംസാരിച്ചിരുന്നുവെങ്കിൽ നേരത്തെ അദ്ദേഹം ചോദിച്ച ചോദ്യത്തിന് ആത്മാർത്ഥത ഉണ്ടാകുമായിരുന്നുവെന്ന് നമുക്ക് കരുതാം. കോൺഗ്രസ് ഒരു നടപടിയുമെടുത്തില്ലല്ലോ; ശ്രീ. രമേശ് ചെന്നിത്തല അതുസംബന്ധിച്ച് പ്രതികരിച്ചില്ലല്ലോ. ഞങ്ങളുടെ ജില്ലക്കാരനായ ശ്രീ. കെ. സുധാകരൻ

പോയി. അദ്ദേഹത്തിനുവേണ്ടി ഒരു കേസ് പിൻവലിക്കാൻ ശിപാർശ ചെയ്യാൻ വേണ്ടി രഹസ്യ ചർച്ച നടത്തിയ പാർട്ടിയുടെ പ്രതിനിധിയാണ് ശ്രീ. പി. ടി. തോമസ്. ഇവർക്ക് എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ; സ്വാശ്രയ കോളേജിന്റെ കാര്യത്തിൽ എന്ത് നിലപാടാണ് ഇവർ സ്വീകരിച്ചത്; ദൗർഭാഗ്യകരമായ സംഭവമാണ് അവിടെ നടന്നത്. എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥി ആയിരുന്നിട്ടുകൂടി ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിച്ചു. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ ആ വീട്ടിൽ പോയി, ആ കുടുംബത്തിന് ധനസഹായം നൽകി. മാത്രമല്ല, ഇത്തരം ദൗർഭാഗ്യകരമായ, ദുഃഖകരമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഹൈക്കോടതിയിലെ റിട്ട. ജസ്റ്റിസ് ദിനേശൻ കമ്മിറ്റിയെ നിയോഗിച്ചു. ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ ഉൾപ്പെടെ ഈ രംഗത്ത് ഏറ്റവും പ്രഗത്ഭരായ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് മൂന്നംഗ കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റി സമയബന്ധിതമായി സർക്കാരിന് റിപ്പോർട്ട് കൊടുത്തു. ആ റിപ്പോർട്ടിന്റെ ചുവടുപിടിച്ചുകൊണ്ടുള്ള നടപടികൾ ഈ സർക്കാർ സ്വീകരിക്കുകയാണ്. ത്വരിതഗതിയിൽ അത് നടന്നുകൊണ്ടിരിക്കുകയാണ്. ആ മാറ്റം എന്താണ് കാണാത്തത്; ആ മാറ്റങ്ങളെ കേവലം വൈകാരികമായി മാത്രം കാണുന്നതിനപ്പുറം സത്യസന്ധമായി വസ്തുനിഷ്ഠമായി കാണാൻ പരിണതപ്രജ്ഞനായ ബഹുമാനപ്പെട്ട അംഗത്തിന് കഴിയേണ്ടതായിട്ടുണ്ട്.

2004-ൽ അദ്ദേഹം പാർലമെന്റംഗമായിരുന്നപ്പോഴാണല്ലോ സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട നിരവധി കേസ്സുകൾ വന്നത്. അതിനെയെല്ലാം മറികടക്കാനുള്ള സുവർണ്ണാവസരം അദ്ദേഹത്തിന്റെ പാർട്ടിക്ക്, യു.പി.എ. സർക്കാരിനുണ്ടായിരുന്നല്ലോ. അന്ന് കേരളത്തിലെ സ്വാശ്രയ കോളേജുകളിൽ നടക്കുന്ന അനീതിയും അധാർമ്മികതയും ഒഴിവാക്കാൻ പാർലമെന്റിൽ ഒരു നിയമം കൊണ്ടുവരണമെന്ന് പറയാൻ ഒരിക്കലെങ്കിലും ശ്രീ. പി. ടി. തോമസ് തയ്യാറായിട്ടുണ്ടോ? അന്ന് കേരളത്തിൽനിന്ന് 8 മന്ത്രിമാരുണ്ടായിരുന്നു. വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്തത് കേരളത്തിലുള്ള എം.പി. ആയിരുന്ന ശ്രീ. ശശി തരൂരാണ്. കേരളത്തിലെ കെ.പി.സി.സി.-ക്ക് ആവശ്യപ്പെടാൻ കഴിഞ്ഞോ; സ്വാശ്രയ മേഖലയിൽ ഏത് കമ്മിറ്റിയെ നിയോഗിച്ചാലും അതിന് പരിമിതിയുണ്ട്. Law of the Land - അത് സുപ്രീം കോടതിയുടെ നിയമമാണ്. അത് ഡിവിഷൻ ബെഞ്ചിന്റെ വിധിയാണ്. അതിനെ മറികടക്കാൻ പര്യാപ്തമായ ഒരു നിയമം കൊണ്ടുവരാനുള്ള അസുലഭമായ ഒരു സന്ദർഭം കയ്യിലുണ്ടായിരുന്നിട്ടും അതുപയോഗിക്കാതെ സ്വാശ്രയ മാനേജ്മെന്റുകൾക്ക് കുടപിടിച്ചവർ ഇപ്പോൾ സ്വാശ്രയത്തിന്റെ പേരിൽ മുതലക്കണ്ണീരൊഴുക്കുന്നത് കേരളത്തിലെ ജനങ്ങളുടെ മുന്നിൽ വിലപ്പോകില്ല.

എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിൽ വലിയ മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ പരീക്ഷകൾ കൃത്യസമയത്ത് നടക്കുന്നു. അതോടൊപ്പം ലിക്വിഡേറ്റഡ് ഡാമേജിന്റെ കാര്യത്തിൽ തീരുമാനമെടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ അഴിച്ചുപണി നടക്കുന്നു. കൊച്ചി യൂണിവേഴ്സിറ്റിക്ക് വലിയ സാമ്പത്തിക സഹായം, എല്ലാ യൂണിവേഴ്സിറ്റികളും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. മാസ്റ്റർ പ്ലാൻ തയ്യാറാക്കി അത് അംഗീകരിക്കുന്ന മുറയ്ക്ക് സഹായം നൽകാൻ സർക്കാർ മുന്നോട്ടുവരികയാണ്.

സ്വയംഭരണ കോളേജിന്റെ കാര്യത്തിൽ നിങ്ങളെടുത്ത നിലപാട് എന്താണ്? ഒരു ചർച്ച ഇല്ലാതെ, അനവധാനതയോടെ സ്വയംഭരണ കോളേജ് നടപ്പാക്കാൻ ശ്രമിച്ചു. ഞങ്ങൾ സ്വയംഭരണ കോളേജ് എന്ന ഐഡിയലായ കൺസപ്റ്റിനെ എതിർത്തില്ല. പക്ഷേ, അത് കൊണ്ടുവരാൻ നിങ്ങൾ കാണിച്ച തിടുക്കം, വ്യഗ്രത അതാണ് സംശയം ഉളവാക്കിയത്. ഇവിടെ സ്വയംഭരണ കോളേജുമായി ബന്ധപ്പെട്ട് പഠനം നടത്താൻ സംസ്ഥാന സർക്കാർ കമ്മിറ്റിയെ വയ്ക്കുന്നു. ഗവൺമെന്റ് കോളേജുകൾക്ക് 8 കോടി രൂപ വീതം സർക്കാർ നൽകുന്നു. ഗവേഷണം പ്രോത്സാഹിപ്പിക്കാൻ നമ്മുടെ കോളേജുകളിൽ പ്രത്യേക പദ്ധതി, കൈരളി അവാർഡ് പദ്ധതി, ശാസ്ത്രയാൻ, ടാലന്റ് ലാബ് തുടങ്ങിയവ വലിയ മാറ്റമാണ് സൂചിപ്പിക്കുന്നത്. എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾ കൂടി പറയാനുണ്ട്.

എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖല വളരെ പരിതാപകരമായ അവസ്ഥയിലാണെന്നാണ് നാസ്കോയുടെ പഠനം കാണിക്കുന്നത്. രാജ്യത്ത് 15 ലക്ഷം വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കുന്നു. 2500 എഞ്ചിനീയറിംഗ് കോളേജുകളാണുള്ളത്. 75 ശതമാനം വിദ്യാർത്ഥികളും സാങ്കേതിക മികവ് ഇല്ലാത്തവരാണെന്നത് വളരെ ഗൗരവമുള്ള വിഷയമാണ്. കേവലം ബിരുദധാരികളെ സൃഷ്ടിക്കുന്ന ഒരു വിദ്യാഭ്യാസമല്ല നമുക്കാവശ്യം. നൈപുണ്യമുള്ള വിദ്യാർത്ഥികളെയാണ് നമുക്കാവശ്യം. അതിനുതകുന്ന വിധത്തിലേയ്ക്ക് കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസം മാറേണ്ടതായുണ്ട്. സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയും വേൾഡ് ബാങ്കും നടത്തിയ സർവ്വെ പറയുന്നത്, കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളിൽ നല്ലൊരു ഭാഗം വിദ്യാർത്ഥികളും തൊഴിൽ അറിയുന്നവരല്ല എന്നാണ്. തൊഴിൽ അറിയാത്ത അഭ്യസ്തവിദ്യരെയാണ് ഈ മേഖല സൃഷ്ടിക്കുന്നത്. അതിൽ ഒരു മാറ്റമുണ്ടാകണം.

എഞ്ചിനീയറിംഗ് എന്നുപറയുന്നത് പ്രധാനപ്പെട്ട ഒരു മേഖലയാണ്. രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക മേഖലയുടെ വളർച്ചയ്ക്ക് സാങ്കേതിക

രംഗത്തിന് വലിയ പങ്ക് വഹിക്കാൻ കഴിയുന്ന ഈ മേഖലയെ കൂടുതൽ കരുത്താർജ്ജിപ്പിക്കേണ്ടതായുണ്ട്. അതിനുതകുന്ന വിധത്തിലുള്ള സംവിധാനമാണ് ഇവിടെ ഉണ്ടാക്കേണ്ടത്. അക്കാര്യത്തിൽ ഒരു വലിയ പൊളിച്ചെഴുത്ത് ഉണ്ടാവുകയാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്നിട്ടുള്ള കാര്യങ്ങൾ നമുക്കെല്ലാവർക്കുമറിയാം. അശാസ്ത്രീയമായ അക്കാഡമിക് കലണ്ടർ, വേണ്ടത്ര മേൽനോട്ടമില്ലാതെ നടത്തുന്ന മൂല്യനിർണ്ണയം, മൂല്യനിർണ്ണയം സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ച വിഷയം, മുൻധാരണ ഇല്ലാതെ തയ്യാറാക്കുന്ന ചോദ്യപേപ്പർ ഇങ്ങനെ കുത്തഴിഞ്ഞ അവസ്ഥയായിരുന്നു ഈ മേഖലയിൽ ഉണ്ടായിരുന്നത്. രണ്ട് വർഷം യു.ഡി.എഫ്.-ന് കിട്ടിയിട്ടും സ്റ്റാറ്റ്യൂട്ട് ഉണ്ടാക്കാൻ ഒരു നടപടിയും സ്വീകരിച്ചില്ല. എല്ലാം വൈസ് ചാൻസലർ ആയിരുന്നു. വൈസ് ചാൻസലർ ഒരു ഏകാധിപതിയെപ്പോലെയായിരുന്നു. വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, കൺട്രോളർ, രജിസ്ട്രാർ തുടങ്ങിയ നാൽവർ സംഘത്തിന്റെ കയ്യിലായിരുന്നു ടെക്നിക്കൽ യൂണിവേഴ്സിറ്റി എന്നുപറയുന്നത്. അതിൽ നിന്ന് മാറുകയാണ്. എന്തിനാണ് മറ്റ് കമ്മിറ്റികളെ അവർ ഭയന്നത്. മതിയായ വിദ്യാർത്ഥി പ്രാതിനിധ്യം കൊടുക്കാതെയും നല്ല അദ്ധ്യാപകർ അതിലേയ്ക്ക് വരുന്നതിന് തടസ്സം നിന്നതും എന്തിനുവേണ്ടിയായിരുന്നു. അവർക്ക് ചില അജണ്ട ഉണ്ടായിരുന്നു. ആ അജണ്ട മനസ്സിലാക്കി, സമയോചിതമായി ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ സർഗ്ഗാത്മകമായി മാറ്റിയെടുക്കാനുള്ള പരിഷ്കാരം കൊണ്ടുവരുന്നത് തീർച്ചയായും അഭിനന്ദനാർഹമാണ്. നമ്മുടെ നാടിന്റെ സാമൂഹിക-സാമ്പത്തിക മേഖലയുടെ വളർച്ചയ്ക്കാവശ്യമായ വിദഗ്ദ്ധന്മാരായ എഞ്ചിനീയർമാരെ സൃഷ്ടിക്കാൻ ഉതകുന്ന വിധത്തിലേയ്ക്ക് വിദ്യാഭ്യാസം മാറേണ്ടതുണ്ട്.

അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സംഘടനകൾ കൂടുതൽ ഉത്തരവാദിത്വ ബോധത്തോടുകൂടി പ്രവർത്തിക്കേണ്ടതുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിൽ രണ്ട് പക്ഷത്തുള്ളവരും ഉത്തരവാദികളാണ്. യൂണിവേഴ്സിറ്റികളിൽ ഇന്നുണ്ടാകുന്ന പല പ്രതിസന്ധികളും പരിഹരിക്കാൻ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സംഘടനകൾ വിചാരിച്ചാൽ കഴിയും. എന്നാൽ പലപ്പോഴും അക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഇതുസംബന്ധിച്ച് ഒരു തുറന്ന ചർച്ച നടക്കേണ്ടതുണ്ട്. പുതിയ വർക്ക് കൾച്ചർ നമ്മുടെ യൂണിവേഴ്സിറ്റികളിൽ ഉണ്ടാകേണ്ടതായുണ്ട്. ആവശ്യത്തിന് ജീവനക്കാരെ വേണമെന്ന് പറയുമ്പോഴും സർവ്വീസ് സംഘടനകൾ പിണങ്ങിയാലും ചില കാര്യങ്ങളിൽ ബോൾഡ് ആയിട്ടുള്ള നിലപാട് സ്വീകരിക്കാൻ സർക്കാർ തയ്യാറാകേണ്ടതുണ്ട്. അവിടെ മറ്റ് യൂണിവേഴ്സിറ്റികളിൽ ഇല്ലാത്ത ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തുടങ്ങിയ തസ്തികകളുണ്ട്.

ഡെപ്യൂട്ടേഷൻവഴി വന്ന അദ്ധ്യാപകരാണ് ആ തസ്തികകളിലുള്ളത്. ഇവർ ചെയ്യുന്നത് ക്ലറിക്കൽ ജോലികളാണ്. എന്താണ് അതിന്റെ ആവശ്യം? അതുസംബന്ധിച്ച് പുനരാലോചന നടത്താൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിൽ വലിയൊരു മുന്നേറ്റത്തിന് ഇടയാക്കുന്ന ഈ ഭേദഗതിയെ സർവ്വാത്മനാ സ്വാഗതം ചെയ്തുകൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ: സർ, 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി 2014-ലാണ് ആരംഭിച്ചത്. 2015-ലാണ് എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല എന്ന് പുനർനാമകരണം ചെയ്തത്. യൂണിവേഴ്സിറ്റിയുടെ സൈറ്റിൽ പറയുന്നത് പ്രകാരമാണെങ്കിൽ 161 എഞ്ചിനീയറിംഗ് കോളേജുകൾ, 24 ബിസിനസ് മാനേജ്മെന്റ് കോളേജുകൾ, 25 എം.സി.എ. കോളേജുകൾ, 8 ആർക്കിടെക്ച്ചറൽ കോളേജുകൾ, 16 എൻ.ബി.എ. അക്രഡിറ്റഡ് കോളേജുകൾ ഉൾപ്പെടെ 218-ലേറെ കോളേജുകളുടെ അഫിലിയേഷൻ ഈ സർവ്വകലാശാലയുമായുണ്ട്. ഇത്തരത്തിലുള്ള ഒരു സർവ്വകലാശാലയ്ക്ക് സ്വന്തമായി സ്ഥലമില്ലാത്തതുകൊണ്ട് തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസ്സിലാണ് പ്രവർത്തിക്കുന്നത് എന്നത് വളരെ ഖേദകരമായ കാര്യമാണ്. സർവ്വകലാശാലയ്ക്കുവേണ്ടി 50 ഏക്കർ സ്ഥലം അക്വയർ ചെയ്യാൻ നേരത്തെ ആലോചന ഉണ്ടായിരുന്നെങ്കിലും സർക്കാർ പിന്നീട് സെനറ്റിൽ വച്ച് ആ നിർദ്ദേശം തള്ളുകയാണുണ്ടായത്.

ഈ സർവ്വകലാശാല നിർവ്വഹിക്കുവാൻ പോകുന്ന ചരിത്രപരമായ ദൗത്യവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതിന് നൽകപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ വളരെ ചെറുതാണ്. സ്വന്തമായി സ്ഥലമില്ലെന്ന് മാത്രമല്ല, സ്വന്തമായി വൈസ് ചാൻസലറില്ല. വൈസ് ചാൻസലർ ഇൻ-ചാർജ് ആണുള്ളത്. ആവശ്യത്തിന് ജീവനക്കാരും കെട്ടിടവും ഇല്ലാത്ത പ്രശ്നങ്ങളുമുണ്ട്. ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾമൂലം മൗലികമായ വ്യതിയാനങ്ങൾ സർവ്വകലാശാലയുടെ പ്രവർത്തനത്തിൽ വരുമെന്ന് ബഹുമാനപ്പെട്ട മന്ത്രിപോലും അവകാശപ്പെടുമെന്ന് എനിക്ക് തോന്നുന്നില്ല. വളരെ സാങ്കേതികമായ ഒരു അഡ്മിനിസ്ട്രേറ്റീവ് പർപ്പസ് സെർവ് ചെയ്യുന്നതിനുവേണ്ടി ചില പുതിയ ബോർഡുകൾ ഉണ്ടാക്കുക തുടങ്ങിയ ചില കാര്യങ്ങൾ മാത്രമാണ് ഇവിടെ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്.

പി.വി.സി.യെ പുനർനിയമനം നടത്താൻ പാടില്ലെന്ന് ഈ ഭേദഗതിയിൽ പറയുന്നുണ്ട്. അതിന് ഭേദഗതി കൊണ്ടുവന്ന് ആക്ട് മാറ്റേണ്ട കാര്യമില്ല. പി.വി.സി.യെ വയ്ക്കാതിരുന്നാൽ മതി. നിയമ വ്യവസ്ഥയിൽ മാറ്റം വരുത്തേണ്ട കാര്യമില്ല. യു.ജി.സി. യുടെ സ്പെഷ്യൽ ഫണ്ടിംഗിനുവേണ്ടി കോളേജിന്റെ പാരന്റ് യൂണിവേഴ്സിറ്റിയിൽ പെർമനന്റായി അഫിലിയേഷൻ വേണമെന്ന് നിബന്ധനയുണ്ട്. പെർമനന്റ് അഫിലിയേഷൻ ഉണ്ടാകുന്നതുകൊണ്ട് കുഴപ്പമില്ല. പക്ഷേ, പെർമനന്റ് അഫിലിയേഷനുവേണ്ടി വച്ചിട്ടുള്ള നിബന്ധനകൾ നടപ്പിലാക്കാൻ വളരെ പ്രയാസമാണ്.

മിനിമം പാസ് 70 ശതമാനം വേണമെന്ന് ആവശ്യപ്പെടുന്നത് ഏറ്റവും നല്ല ഗവൺമെന്റ് കോളേജുകൾക്കുപോലും നേടാൻ കഴിയാത്ത അൺ റിയലിസ്റ്റിക് ആയിട്ടുള്ള സംഗതിയാണ്. ഗവൺമെന്റിന്റെ മുൻനിര കോളേജുകൾക്കുപോലും ചെയ്യാൻ സാധിക്കാത്ത പല സംഗതികളും ഇതിൽ പറയുന്നുണ്ട്. NAAC അക്രഡിറ്റേഷനെക്കുറിച്ച് പറയാം. പെർമനന്റ് അഫിലിയേഷനുവേണ്ടിയുള്ള കാര്യങ്ങൾ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്. 70 ശതമാനം പാസ്സാകണമെന്ന് പറയുമ്പോൾത്തന്നെ 40 ശതമാനം എഞ്ചിനീയറിംഗ് സീറ്റുകൾ കേരളത്തിൽ ഒഴിഞ്ഞുകിടക്കുകയാണ്.

ഭേദഗതിയിൽത്തന്നെ എ.ഐ.സി.റ്റി.ഇ.യുടെ പ്രതിനിധി എന്തിനാണ് എന്നൊരു ചോദ്യമുണ്ടാകും. എ.ഐ.സി.റ്റി.ഇ.യുടെ പ്രതിനിധിയെ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ സീറ്റുകൾ വേക്കന്റായതുകൊണ്ട് എ.ഐ.സി.റ്റി.ഇ. പുതിയതായി കോളേജുകളും കോഴ്സുകളും കൊടുക്കരുതെന്നും നമ്മൾ ആഗ്രഹിച്ചിരുന്നു. എന്നാൽ എ.ഐ.സി.റ്റി.ഇ. 10 പുതിയ കോളേജുകളും 12 കോഴ്സുകളും അനുവദിച്ചു. 58,844 സീറ്റുകളാണ് കഴിഞ്ഞ വർഷം ഉണ്ടായിരുന്നതെങ്കിൽ ഇത്തവണ 54,225 സീറ്റുകൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ. അധികമായി സീറ്റ് കൊടുത്തിട്ടില്ല. പുതിയ കോളേജുകളും കോഴ്സുകളും കൊടുത്ത ഒറ്റക്കാര്യം കൊണ്ടുതന്നെ എ.ഐ.സി.റ്റി.ഇ. യോട് വിരോധമോ വിഷമമോ ഉണ്ടായതുപോലെയാണ്. അതുകൊണ്ട് എ.ഐ.സി.റ്റി.ഇ.യുടെ പ്രതിനിധി ഇതിൽ വേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. എ.ഐ.സി.റ്റി.ഇ.യുടെ പ്രതിനിധി എല്ലാ സിൻഡിക്കേറ്റിലും ഭരണ സമിതികളിലും ഉണ്ടോ, ഇല്ലയോ എന്നുള്ളതല്ല, എ.ഐ.സി.റ്റി.ഇ. യുടെ പ്രതിനിധി ഉണ്ടാകുന്നത് നമുക്ക് നല്ലതാണെന്ന പോസിറ്റീവ് ചിന്തയാണ് വാസ്തവത്തിൽ ഉണ്ടാകേണ്ടതെന്ന് തോന്നുന്നു. നിലവിലുള്ള ഭരണ സമിതികളിൽ നാല് സമിതികൂടി ചേർത്ത് ബോർഡ് ഓഫ് സ്റ്റഡീസ് കൊണ്ടുവന്നിട്ടുണ്ട്. അത് നല്ലകാര്യംതന്നെ. പേരുകൾ പറയുമ്പോൾ, നിർവ്വാഹക സമിതി എന്നുള്ളത് സിൻഡിക്കേറ്റ് ആയി മാറിയെന്നു പറഞ്ഞാൽ

മൗലികമായ മാറ്റമെന്താണ്? അതുപോലെ വിദ്യാർത്ഥി കൗൺസിൽ എന്നുപറയുന്നത്, വിദ്യാർത്ഥി എന്നുള്ളത് മലയാളവും കൗൺസിൽ എന്നുള്ളത് ഇംഗ്ലീഷുമാണ്. എല്ലാം മലയാളത്തിലായ സമയത്തും ബോർഡ് ഓഫ് സ്റ്റഡീസ് എന്ന് ഇംഗ്ലീഷിലാണ് പറയുന്നത്. അതുപോലെ എല്ലാ സംഗതികളിലും പകുതി ഇംഗ്ലീഷും പകുതി മലയാളവും എന്ന തരത്തിലാണുള്ളത്. അത്രകണ്ട് സുചിന്തിതമായിട്ടുള്ള ഒരു ഭേദഗതിയല്ല എന്നാണ് ആ പേരുകൾ കേൾക്കുമ്പോൾ തോന്നുന്നത്. ഏതായാലും ഈ യൂണിവേഴ്സിറ്റിക്ക് നിർവ്വഹിക്കാനുള്ള ദൗത്യം വളരെ വലുതായി ഞാൻ കാണുകയാണ്. എ.പി.ജെ. അബ്ദുൾ കലാമിന്റെ നാമധേയത്തിലുള്ള സ്ഥാപനങ്ങൾ വേറെയും ഇൻഡ്യയിലുണ്ട്. എ.പി.ജെ. അബ്ദുൾ കലാമിന്റെ പേരിൽ ലഖ്നൗവിൽ ഒരു സാങ്കേതിക സർവ്വകലാശാലയുണ്ട്. സാങ്കേതിക സർവ്വകലാശാലയെന്ന് പറഞ്ഞാൽ വെറുമൊരു സർവ്വകലാശാല മാത്രമല്ല, ഇൻകുബേഷൻ, ഇന്നവേഷൻ, സ്റ്റാർട്ടപ്പ് എന്നിവയുടെ കേന്ദ്രമാണ്. ഇന്നവേഷനും ഇൻകുബേഷനും സ്റ്റാർട്ടപ്പും ഒന്നും നമ്മളിവിടെ ആലോചിക്കുന്നില്ല. ഈ ഭേദഗതികൾകൊണ്ട് ഞാൻ പറഞ്ഞ ഇൻഫ്രാസ്ട്രക്ചറൊന്നും ഉണ്ടാകാൻ പോകുന്നില്ല. സർവ്വകലാശാലയ്ക്ക് അതിന്റെ ചരിത്രപരമായ നിയോഗം നിർവ്വഹിക്കാൻ സാധ്യമാകുന്ന തരത്തിൽ അതിനെ ശക്തിപ്പെടുത്താനുള്ള ഉദ്ദേശ്യങ്ങളോ അവിടത്തെ സ്റ്റഡീസിന്റെ ക്വാളിറ്റി ഇംപ്രൂവ് ചെയ്യാനുള്ള പദ്ധതികളോ ഒന്നുമില്ല. കുറേയാളുകളെക്കൂടി അംഗങ്ങളാക്കി ഒരു സംവിധാനമുണ്ടാക്കാമെന്നല്ലാതെ ഒരു പ്രയോജനവുമില്ല. ആവശ്യത്തിന് ജീവനക്കാരില്ലാത്തത് വലിയ പ്രശ്നംതന്നെയാണ്. അത് നടത്തിക്കൊണ്ടുപോകാൻ പല ബുദ്ധിമുട്ടുകളും അനുഭവിക്കുന്നുണ്ട്. ഒരു സ്റ്റാർട്ടപ്പ് ഉണ്ടാകുക അതുപോലെതന്നെ ഇൻകുബേഷൻ സെന്ററാക്കി മാറ്റുക എന്നൊക്കെ പറയുന്നത് സാങ്കേതിക സർവ്വകലാശാലയുടെ പ്രധാനപ്പെട്ട ഉദ്ദേശ്യങ്ങളിൽ ഒന്നാണെന്ന് നമുക്കറിയാം. എഞ്ചിനീയറിംഗ് കോളേജുകളൊക്കെ ഒരു പ്രൊഡക്ഷൻ സെന്ററായി മാറുകയാണ് വേണ്ടത്. സംരംഭകരെ സൃഷ്ടിച്ചെടുക്കുകയാണ് വേണ്ടത്. എഞ്ചിനീയറിംഗ് കോളേജുകളിൽനിന്ന് പഠിച്ചിറങ്ങിയ മെക്കാനിക്കൽ എഞ്ചിനീയർമാർക്കും മറ്റ് എഞ്ചിനീയർമാർക്കുമൊക്കെ ജോലി ചെയ്യുന്നതിനുള്ള നൈപുണി നൽകാൻ നമുക്ക് സാധിക്കുന്നില്ല. നമ്മൾ നൽകിക്കൊണ്ടിരിക്കുന്നത് ബിരുദ സർട്ടിഫിക്കറ്റുകൾ മാത്രമാണ്. വിദേശത്തേയ്ക്കുപോകുന്ന ധാരാളം എഞ്ചിനീയർമാരുണ്ട്. അധികം പേരും എഞ്ചിനീയറിംഗ് ജോലിയല്ല അവിടെ നിർവ്വഹിക്കുന്നത്. പലർക്കും അതിനെക്കുറിച്ച് വേണ്ടത്ര അറിവില്ല. എല്ലാവരും അങ്ങനെയാണെന്ന് ഞാൻ പറയുന്നില്ല. അതുകൊണ്ട് വിദ്യാസമ്പന്നരായ, എഞ്ചിനീയറിംഗ് ബിരുദധാരികളായ പ്രവാസികൾക്ക് നൈപുണി നൽകുന്നതിന് സഹായകരമായ തരത്തിലാണ് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടത്.

ലോകത്തിലെ ഏറ്റവും വലിയ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എം.ഐ.ടി.) ആണ്. എം.ഐ.ടി. എന്നതിനപ്പുറം എഞ്ചിനീയറിംഗിൽ ഒരു വാക്കില്ല. വലിയ ഒരു സർവ്വകലാശാലയായും എഞ്ചിനീയറിംഗ് സ്ഥാപനവുമായി അത് നിൽക്കുകയാണ്. നമുക്ക് അവിടേയ്ക്കൊന്നും എത്താൻ കഴിയില്ലെങ്കിലും സാധ്യമാകുന്ന തരത്തിൽ ലഖ്നൗ യൂണിവേഴ്സിറ്റിയുടെ ഒരു നിലവാരത്തിലെങ്കിലും എത്താൻ സാധിക്കണം. ഉന്നത വിദ്യാഭ്യാസരംഗത്ത് കേരളം വളരെ പുറകിലാണ്. കേരളം വിദ്യാസമ്പന്നരുടെ നാടാണ്, സാക്ഷരതയിൽ നമ്മൾ മുമ്പിലാണ് എന്നൊക്കെ പറയാറുണ്ടെങ്കിലും, ഉന്നത വിദ്യാഭ്യാസരംഗത്ത് പതിനാലാം സ്ഥാനത്ത് അതായത് ദേശീയ ശരാശരിയേക്കാൾ വളരെ പിന്നിലാണ് നിൽക്കുന്നത്. എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട പല പാഠങ്ങളും നമ്മൾ സ്കൂൾതലത്തിൽ പഠിക്കുന്നുണ്ട്. ഐ.ടി.ഐ., ജെ.ടി.എസ്., പോളിടെക്നിക്ക് എന്നിങ്ങനെയുള്ള സ്ഥാപനങ്ങളിൽ നിന്നും പാസ്സായി വരുന്നവർക്ക് അഡ്മിഷന് ചില പ്രത്യേകമായ സൗകര്യങ്ങളൊക്കെ ഇവിടെ നൽകുന്നുണ്ട്. ജെ.ടി.എസ്., ഐ.ടി.ഐ., പോളിടെക്നിക്ക് എന്നിവ ഈ സർവ്വകലാശാലയുടെ ഭാഗമായിത്തീരുകയും, പഠനത്തിന്റെ ഓരോ സ്റ്റേജിലും ഓരോ സർട്ടിഫിക്കറ്റ് നൽകി തുടർന്നുപഠിക്കാൻ യോഗ്യതയുള്ളവർക്ക് തുടർന്ന് പഠിക്കാനുള്ള അവസരം നൽകുകയും അല്ലാത്തവരെ അവിടെവച്ച് പഠനം അവസാനിപ്പിക്കുന്ന തരത്തിൽ മാറ്റി, ഒരു പ്രൊഡക്ഷൻ സെന്ററാക്കുകയും ചെയ്യണം. എല്ലാ കോളേജുകളും ഒരു പ്രൊഡക്ഷൻ സെന്ററാകുന്ന തരത്തിൽ മാറ്റേണ്ടത് ഒരാവശ്യമാണ്.

കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. എല്ലാ സാധനങ്ങളും പുറത്തുനിന്ന് വാങ്ങുകയാണ് ചെയ്യുന്നത്. ടെലിവിഷൻ എല്ലാവർക്കും ആവശ്യമുള്ള ഒരു സാധനമാണ്. കേരളത്തിൽ ഒന്നര കോടിയോളം ടെലിവിഷൻ സെറ്റുകളും ഓരോ ടെലിവിഷനും ഓരോ സെറ്റ്-റ്റോപ്പ് ബോക്സുംആവശ്യമായിട്ടുണ്ട്. ചൈനീസ് സെറ്റ്-റ്റോപ്പ് ബോക്സാണ് എല്ലാവരും ഉപയോഗിക്കുന്നത്. ചൈന 500 രൂപയ്ക്ക് ഇവ ഉൽപ്പാദിപ്പിക്കുമ്പോൾ കേരളത്തിൽ അതിനു കൊടുക്കേണ്ടി വരുന്നത് 1,500 രൂപ ചെലവാണ്. സെറ്റ്-റ്റോപ്പ് ബോക്സ് ഇടയ്ക്ക് മാറ്റിവയ്ക്കേണ്ടിയും വരും. ആ സെറ്റ്-റ്റോപ്പ് ബോക്സ് മുഴുവനും കേരളത്തിലെ ഏതെങ്കിലും എഞ്ചിനീയറിംഗ് കോളേജിൽനിന്ന് നിർമ്മിച്ചാൽ പോരേ; ഏറ്റവും ചുരുങ്ങിയത് കുടയെങ്കിലും ഉണ്ടാക്കാൻ എഞ്ചിനീയറിംഗ് കോളേജിലെ കുട്ടികൾക്ക് സാധിച്ചാൽ അതൊരു വലിയ കാര്യമല്ലേ? ഒരു വിദ്യാർത്ഥി എഞ്ചിനീയറിംഗ് പാസ്സായി പുറത്തിറങ്ങുമ്പോൾ ഒരു തൊഴിലെങ്കിലും ആ കോളേജിൽനിന്ന് പഠിച്ചിരിക്കണം. ടോട്ടൽ തിയറി പഠിച്ചതുകൊണ്ട് ഒരു കാര്യവുമില്ല. എഞ്ചിനീയറിംഗ് കോളേജുകളെയൊക്കെ സംരംഭകത്വം പഠിപ്പിക്കുന്ന, നിർമ്മാതാക്കളെ ഉൽപ്പാദിപ്പിക്കുന്ന ഒരു സ്ഥാപനമായി മാറ്റുകയെന്നുള്ളത് വളരെ അത്യാവശ്യമായ കാര്യമാണ്.

നമ്മുടെ കുട്ടികൾക്ക് ഐ.ഐ.ടി.യിൽ അഡ്മിഷൻ കിട്ടുക എന്നത് വളരെ ബുദ്ധിമുട്ടായ കാര്യമാണ്. ഒരു ശതമാനത്തിൽ താഴെയാണ് അഡ്മിഷൻ ലഭിക്കുന്നത്. സി.ബി.എസ്.ഇ.യിൽ പഠിക്കുന്ന കുട്ടികളാണ് 55 ശതമാനവും ഐ.ഐ.ടി.യിൽ അഡ്മിഷൻ വാങ്ങുന്നത്. പാലക്കാട് ഒരു ഐ.ഐ.ടി. സ്ഥാപിക്കാൻ 650 ഏക്കർ സ്ഥലം വാങ്ങി, വളരെയേറെ പോരാട്ടം നടത്തി, ഇപ്പോഴും ഐ.ഐ.ടി. തരുമെന്നും തരില്ലെന്നും പറഞ്ഞാണ് നിൽക്കുന്നത്. ആ ഐ.ഐ.ടി. വന്നാലും നമ്മുടെ കുട്ടികൾക്ക് അവിടെ അഡ്മിഷൻ കിട്ടുമെന്നതിന് എന്ത് ഉറപ്പാണുള്ളത്. അവിടെ ഐ.ഐ.ടി. വരും ഐ.ഐ.ടി.യിൽ പഠിക്കാൻ കുട്ടികളും വരും, പക്ഷെ .കേരള ബോർഡിൽനിന്നുള്ള കുട്ടികളുണ്ടാകുമോ എന്നുള്ളത് സംശയാസ്പദമായ ഒരു കാര്യമാണ്. ഗോരഖ്പൂർ ഐ.ഐ.ടി. നടത്തിയ പഠനത്തിൽ, കേരളാ ബോർഡിൽനിന്നുള്ള കുട്ടികൾ വളരെ കുറഞ്ഞ ശതമാനമാണെന്നാണ് കണ്ടെത്തിയത്. അധികവും മറ്റ് വിഭാഗത്തിൽപ്പെട്ട കുട്ടികളാണ്. ഇക്കാര്യത്തിൽ ആന്ധ്രാപ്രദേശ് നമ്മളേക്കാൾ വളരെ മുമ്പിലാണ്. ആന്ധ്രാപ്രദേശിലുള്ള കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുന്നുണ്ട്. ഇവിടെ ഐ.ഐ.ടി. സ്ഥാപിക്കുന്നതിനുമുമ്പ് നമ്മുടെ കുട്ടികളെ ഐ.ഐ.ടി-ക്ക് അനുയോജ്യരാക്കി മാറ്റേണ്ടത് സാങ്കേതിക സർവ്വകലാശാലയാണ്.

ശാസ്ത്ര സാങ്കേതിക മേഖലകളിൽ ഉണ്ടായിട്ടുള്ള അഭൂതപൂർവ്വമായ വളർച്ച അത്ഭുതപ്പെടുത്തുന്നതാണ്. ഇപ്പോൾ നാനോ ടെക്നോളജി വന്നുകഴിഞ്ഞു. കാൻസർ ട്രീറ്റ്മെന്റിന് നാനോ തെറാപ്പി വളരെ നല്ലതാണ്. കാൻസർ കോശത്തിൽ പോയി അതിനെ മാത്രം നശിപ്പിക്കുന്ന തരത്തിലുള്ള തെറാപ്പിയാണ് വരാൻ പോകുന്നത്. അത് പല സ്ഥലത്തും വന്നുകഴിഞ്ഞു. ഇൻഡ്യയിലടക്കം അധികം താമസിയാതെ വരാൻ പോകുന്ന ഒരു ടെക്നോളജിയാണ്. കാൻസർ കോശങ്ങൾ ജീവിക്കുന്ന ഒരു ശരീരത്തിൽ അതിനെ ഒന്നിച്ച് നശിപ്പിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. കാൻസർ കോശം മാത്രമല്ല ആ മനുഷ്യൻതന്നെ അതോടുകൂടി നശിച്ചുപോകുകയാണ് ചെയ്യുന്നത്. നാനോ ടെക്നോളജി മെഡിക്കലായി യൂട്ടിലൈസ് ചെയ്ത് നാനോ തെറാപ്പിയായി മാറുമ്പോൾ ആ കോശങ്ങളെ മാത്രം നശിപ്പിക്കുന്ന തരത്തിലുള്ള സംവിധാനമാണ് വരാൻ പോകുന്നത്.

മി. ചെയർമാൻ: അവിടെ കൂടിനിന്ന് സംസാരിച്ചുനിൽക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റുകളിൽ ഇരിക്കണം. പ്ലീസ് സഹകരിക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വലിയ കല്ല് പോലെയുള്ള മൊബൈൽ ഫോണുകൾ കൊണ്ടുനടക്കുന്നത് അവസാനിപ്പിച്ച് മടക്കി പോക്കറ്റിൽ വയ്ക്കാവുന്ന തരത്തിലുള്ള, വളരെ സോഫ്റ്റായ ചെറിയ മൊബൈൽ സംവിധാനങ്ങൾ നാനോ ടെക്നോളജിയുടെ ഫലമായി വരും. എല്ലാത്തിലും അഭൂതപൂർവ്വമായ മാറ്റം വരികയാണ്. ഇപ്പോൾ സർജറി നടത്തുമ്പോൾ സ്റ്റിച്ചിംഗാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ആ സ്റ്റിച്ചിംഗ് ഇനി ആവശ്യമില്ല. ഇപ്പോൾത്തന്നെ അതിൽ മാറ്റം വന്നിട്ടുണ്ട്. സ്റ്റിച്ചിംഗിനുപകരം മുറിവിൽ ഗം പോലുള്ള ഒരു സാധനം സ്പ്രേ ചെയ്യുന്ന ഒരു സംവിധാനംകൊണ്ട് വേർപെട്ടുനിൽക്കുന്ന ശരീരം അതുപോലെ ഒരു അടയാളംപോലും അവശേഷിപ്പിക്കാതെ കൂടിച്ചേരുന്ന തരത്തിലുള്ള ടെക്നോളജിയൊക്കെ മെഡിക്കൽ സയൻസിൽ വന്നുകഴിഞ്ഞു. സയൻസ് എന്നുപറഞ്ഞാൽ ഫാസ്റ്റ് ഡെവലപ്പിംഗാണ്. ശാസ്ത്രം എപ്പോഴും മാറിക്കൊണ്ടിരിക്കും. താജ്മഹൽ ഒരു വലിയ എഞ്ചിനീയറിംഗിന്റെ ഫലമായി ഉണ്ടായതാണ്. പല ക്ഷേത്രങ്ങളും ഒരു എഞ്ചിനീയറിംഗിന്റെ ഫലമായി ഉണ്ടായിട്ടുള്ളതാണ്. അതുപോലെ ടെക്നോളജിയിൽ എപ്പോഴും മാറ്റങ്ങൾ വരുന്നുണ്ട്.

പ്രമേഹ രോഗികളിൽ പ്രമേഹം ഉണ്ടാകുന്നതിന് കാരണം മനുഷ്യ ശരീരത്തിൽനിന്ന് ധാരാളം പഞ്ചസാര അല്ലെങ്കിൽ ഗ്ലൂക്കോസ് പുറത്തുപോകുന്നത് കൊണ്ടാണെന്നാണ് വിദഗ്ദ്ധർ കണ്ടെത്തിയത്. 50 വർഷം മുമ്പുള്ള ഒരു ബ്രിട്ടീഷ് മെഡിക്കൽ ജേർണലിൽ ഞാൻ വായിച്ചിട്ടുണ്ട്, പ്രമേഹം മാറ്റുന്നതിനുവേണ്ടി കൊടുത്തിരുന്നത് 250 ഗ്രാം പഞ്ചസാര പച്ച വെള്ളത്തിൽ ലയിപ്പിച്ച് കുടിപ്പിക്കലായിരുന്നു. കാരണം, പുറത്തുപോകുന്നത് പഞ്ചസാരയാണ്. It has to be compensated. സിമ്പിളായിട്ടുള്ള സയൻസാണ്. ഇപ്പോഴത് മാറിയില്ലേ?

നമ്മുടെ എഞ്ചിനീയറിംഗ് കോളേജിൽ കുറേ സിൻഡിക്കേറ്റും കുറേ ഭരണസമിതിയും ബോർഡ് ഓഫ് ഗവർണേഴ്സും ബോർഡ് ഓഫ് സ്റ്റഡീസുമൊക്കെയായി കുറേ ആളുകൾക്ക് അക്കോമഡേഷൻ കിട്ടും. യാതൊരു സംശയവുമില്ല. എല്ലാവർക്കും പറയാം ഞാൻ എന്തെങ്കിലുമാണെന്ന്. അക്കാദമിക് സമിതിയിൽ തെരഞ്ഞെടുക്കപ്പെട്ട ആൾക്ക് അഭിവാദ്യങ്ങളെന്നുപറഞ്ഞ് വേണമെങ്കിലൊരു ഫ്ലക്സും വയ്ക്കാം. അങ്ങനെ കുറേ ആളുകൾ കയറിയിരുന്നാൽ അതിന്റെ ഫലം പ്രവൃത്തിയിൽ കാണുന്നുണ്ടോ; അത് ആ എഞ്ചിനീയറിംഗ് കോളേജിന്റെ, സർവ്വകലാശാലയുടെ പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം വരുത്തുമോ? ഇവിടെ ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞതിനൊന്നും ഞാൻ മറുപടി പറയുന്നില്ല.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം ചുരുക്കി സഹകരിക്കണം. നോമ്പ് കാലമാണ്.

[1.00 PM]

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ശ്രീ. റ്റി. വി. രാജേഷ് 22 മിനിട്ട് സംസാരിച്ചപ്പോഴും ചെയറിൽ സർ തന്നെയായിരുന്നു. ഞാൻ സഹകരിക്കാം. ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞതുപോലെ ഇടതുപക്ഷമെന്നോ വലതുപക്ഷമെന്നോ

പ്രശ്നമില്ല. എൽ.ഡി.എഫ്-നും യു.ഡി.എഫ്.-നും വേണ്ടിയല്ല കോളേജും സർവ്വകലാശാലയുമൊക്കെ ഉണ്ടാക്കുന്നത്, വരുംതലമുറകൾക്കുവേണ്ടിയാണ്. അവർ എൽ.ഡി.എഫ് ആകുമോ യു.ഡി.എഫ്.ആകുമോ അതോ പി.ഡി.എഫ്. ആകുമോ എന്ന് ദൈവത്തിനറിയാം. ഏതുകാലത്തും ഇതുപോലെ നിലനിൽക്കുമെന്നത് ചെറിയൊരു സങ്കൽപ്പം മാത്രമാണ്. ഒരു സർവ്വകലാശാല ഭംഗിയായി നടത്തണം. ആ സർവ്വകലാശാല വരാൻപോകുന്ന വലിയൊരു തലമുറയ്ക്കുവേണ്ടിയുള്ളതാണ്. ആ തലമുറയിൽ എല്ലാ വിഭാഗത്തിലുംപെട്ട രാഷ്ട്രീയ അഭിപ്രായമുള്ളവരും ജാതിമതസ്ഥരുമുണ്ടാകും. നമ്മളെന്തിനാണ് അതിനെക്കുറിച്ച് ഇത്ര ചെറുതായി ചിന്തിക്കുന്നത്. നിങ്ങളുടെ കാലത്ത് അങ്ങനെയായിരുന്നു, ഞങ്ങളുടെ കാലത്ത് ഇങ്ങനെയായിരുന്നു എന്നൊക്കെ പറഞ്ഞ് പരസ്പരം തർക്കിച്ചാൽ രാഷ്ട്രീയ പ്രവർത്തകരോടും ഭരണത്തിലുള്ളവരോടുമൊക്കെ ജനങ്ങൾക്ക് വെറുപ്പുണ്ടാകും.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ സർവ്വകലാശാല സമിതികളെയും യാതൊരു മാനദണ്ഡവുമില്ലാതെ പിരിച്ചുവിട്ടവരാണ് നിങ്ങൾ. ഞാൻ കേരള സർവ്വകലാശാല സിൻഡിക്കേറ്റ് അംഗമായിരുന്നു. ഏറ്റവും മാതൃകാപരമായി, ജനാധിപത്യപരമായി പ്രവർത്തിച്ച സിൻഡിക്കേറ്റിനെ എല്ലാ വ്യവസ്ഥകളും കാറ്റിൽ പറത്തി ഒരു സുപ്രഭാതത്തിൽ പിരിച്ചുവിട്ട നിങ്ങൾക്ക്, ഇവിടെ ഇടതുപക്ഷമെന്നോ വലതുപക്ഷമെന്നോ നോക്കണ്ട, സർവ്വകലാശാലയെയും വിദ്യാഭ്യാസമേഖലയേയും രക്ഷപ്പെടുത്താൻവേണ്ടി നിൽക്കണമെന്ന് പറയാൻ ലജ്ജയില്ലേ; കേരള സർവ്വകലാശാല സിൻഡിക്കേറ്റിനെ തകർത്തതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് നിങ്ങൾക്ക് ഒഴിഞ്ഞുമാറാൻ കഴിയുമോ?

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, മറുപടി അർഹിക്കുന്ന ഒരു വിഷയമല്ല എന്നാലും എന്റെ മാന്യ സ്നേഹിതൻ ഉപതെരഞ്ഞെടുപ്പിൽ വിജയശ്രീലാളിതനായി വന്ന ആളാണ്. ഇതൊരു കന്നി ചോദ്യമാണോയെന്ന് എനിക്കറിയില്ല. മറ്റാരോടെങ്കിലും ചോദ്യം ചോദിക്കുന്നത് ഞാൻ കേട്ടിട്ടുമില്ല. ആ ഭാഗ്യം എനിക്ക് കിട്ടിയതിൽ സന്തോഷമുണ്ട്. ഞങ്ങൾ പിരിച്ചുവിട്ടില്ല എന്നൊന്നും ഞാൻ പറഞ്ഞില്ലല്ലോ. ഞാൻ ജനറലായി പറഞ്ഞതാണ്. 'എനിക്ക് എല്ലാവരും വേണം, ഞാൻ എല്ലാവരുടേയും പിന്തുണയോടുകൂടിയാണ് വന്നത്, എല്ലാവരും എന്നെ സഹായിച്ചിട്ടുണ്ടെന്ന് ' ശ്രീ. സജി ചെറിയാൻ തന്നെ പത്രക്കാരോടും ടി.വി.യിലുമൊക്കെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഇപ്പോഴും നിങ്ങൾ അതിലാണ് നിൽക്കുന്നതെന്ന് ഞാൻ വിചാരിച്ചു. നിങ്ങൾ ഇപ്പോൾ പകുതിയായി എന്ന വിവരം ഞാൻ ഇപ്പോഴാണ് അറിഞ്ഞത്. നമ്മൾ ഒരിക്കൽ തെരഞ്ഞെടുക്കപ്പെട്ട

കഴിഞ്ഞാലാണ് എല്ലാവരുടേയും കൂടെ വേണ്ടത്. തെരഞ്ഞെടുപ്പുവരെ നമ്മൾ ഒരു പക്ഷത്താണ്. തെരഞ്ഞെടുപ്പു വരുമ്പോൾ നമുക്കൊരു പക്ഷത്തുമാത്രമെ നിൽക്കാൻ കഴിയൂ കാരണം നമ്മളെ സ്ഥാനാർത്ഥിയാക്കുന്ന പാർട്ടിക്കും മുന്നണിക്കുംവേണ്ടി ആ പക്ഷത്തുനിന്ന് ആ നയം വച്ച് വർത്തമാനം പറഞ്ഞ് ജയിച്ചുകഴിഞ്ഞാണ് ജനപ്രതിനിധിയാകുന്നത്. അപ്പോൾ ആദ്യമാകേണ്ടത് ശ്രീ. സജി ചെറിയാൻ അവസാനമായോ എന്നാണ് എന്റെ സംശയം. ഞാൻ പറയുന്നത് ഇതിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. എന്ന വ്യത്യാസമില്ല. എഞ്ചിനീയറിംഗ് രംഗത്ത് വേണ്ടത്ര വൈഭവം പ്രകടിപ്പിക്കാൻ നമ്മുടെ സർവ്വകലാശാലകൾക്ക് സാധിക്കുന്നില്ല എന്നാണ്. നമ്മുടെ സർവ്വകലാശാലകൾ പലതും പരീക്ഷ നടത്തിപ്പിന്റെ ആളുകളാണ്. പരീക്ഷ നടത്തി അതിലുണ്ടാകുന്ന വീഴ്ചകളും പ്രശ്നങ്ങളും പരിഹരിക്കുന്ന കാര്യങ്ങളിലാണ് ചുരുണ്ടുകൂടിയിരിക്കുന്നത്. ഒരു എഞ്ചിനീയറിംഗ് സർവ്വകലാശാല നന്നായി പ്രവർത്തിച്ചാൽ കേരളത്തിൽ വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും.

സയൻസിന്റെ കാര്യമാണ് ഞാൻ പറഞ്ഞുകൊണ്ടിരുന്നത്. ശാസ്ത്രം ഓരോ ദിവസം കഴിയുന്തോറും പുതിയ പുതിയ മാറ്റങ്ങളിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് നാനോ ടെക്നോളജി, ഇൻഫർമേഷൻ ടെക്നോളജി, ബയോ ടെക്നോളജി തുടങ്ങിയ ജൈവ സാങ്കേതിക വിദ്യകളുണ്ടായത്. നല്ല ഇനത്തിൽപ്പെട്ട മനുഷ്യരെ ജനിപ്പിക്കാൻ ഇപ്പോൾ ശാസ്ത്രത്തിന് കഴിയും. സൂക്ഷ്മ ജീവികൾക്ക് Patent right ഉണ്ടോയെന്നുള്ള വിഷയം സംബന്ധിച്ച് ആനന്ദ് ചക്രവർത്തി എന്ന ഇന്ത്യൻ വംശജനായ ഒരു ശാസ്ത്രജ്ഞൻ അമേരിക്കൻ സുപ്രീംകോടതിയിൽ കൊടുത്ത കേസിൽ അദ്ദേഹം വിജയിച്ചു. സൂക്ഷ്മ ജീവികൾക്ക് Patent right ഉണ്ടെന്ന് വിധി വന്നു. ഒരു പക്ഷെ പത്തുകൊല്ലം കഴിഞ്ഞാൽ ഏലാ ഓഫീസുകളിൽ (കൃഷി ഓഫീസ്) നല്ല മനുഷ്യന്റെ വിത്ത് കിട്ടിക്കൂടായ്കയില്ല. അത് പാടശേഖരങ്ങളിൽകൊണ്ടുപോയി വിതച്ച് നല്ല ഐ.ക്യൂ. ഉള്ള കുട്ടികളെ ഉത്പാദിപ്പിക്കാൻ സാധിക്കും. നിലവിലുള്ള നിയമങ്ങളനുസരിച്ച് 20 കൊല്ലത്തിന് patent right കൊടുക്കേണ്ടിവരുമെന്ന് മാത്രമേയുള്ളൂ. ഒരു നല്ല മനുഷ്യനെ വരെ ജനിപ്പിക്കാൻ സാധിക്കുന്ന തരത്തിൽ ശാസ്ത്രം വളർന്നുകൊണ്ടിരിക്കുകയാണ്.

ഇൻഫർമേഷൻ ടെക്നോളജിയും ബയോ ടെക്നോളജിയും നാനോ ടെക്നോളജിയും ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായിട്ടുള്ള വികാസവും വിദ്യാഭ്യാസപരമായ ഉയർച്ചയും ഉണ്ടായെങ്കിലും ലോകം ചീത്തയായിക്കൊണ്ടിരിക്കുകയാണ്. മനുഷ്യർ ചീത്തയായിക്കൊണ്ടിരിക്കുകയാണ്. ജീർണ്ണതകൾ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഒരു ഭാഗത്ത് വിദ്യാഭ്യാസം കൂടുന്നു, വിദ്യാസമ്പന്നരുടെ എണ്ണം വർദ്ധിക്കുന്നു. അതേസമയം ലോകം ചീത്തയാകുന്നുവെന്ന് പറഞ്ഞാൽ ആ വിദ്യാഭ്യാസത്തിന്

എന്തോ തകരാറുണ്ടെന്നല്ലേ അതിനർത്ഥം. ഇൻഫർമേഷൻ ടെക്നോളജിയെ പൈലറ്റില്ലാത്ത യുദ്ധവിമാനങ്ങൾ സഞ്ചരിക്കുന്നതുപോലെ ശാസ്ത്ര സാങ്കേതിക വികാസത്തെ മനുഷ്യർക്കെതിരായി, ജനനൻമയ്ക്കെതിരായി ജനവിരുദ്ധമായി പ്രയോജനപ്പെടുത്തുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. കഴിഞ്ഞ അയ്യായിരം വർഷത്തിനിടയിൽ മൂവായിരം യുദ്ധങ്ങളെങ്കിലും ലോകത്ത് നടന്നിട്ടുണ്ട്.

ഇന്നത്തെ ദിവസം വളരെ പ്രധാനപ്പെട്ട ഒരു ദിവസമാണ്. സിംഗപ്പൂരിൽ ഡൊണാൾഡ് ട്രംപും കിം ജോങ് ഉൻ-ഉം തമ്മിൽ കൂടിക്കാഴ്ച നടത്തുകയാണ്. എത്രയോ വർഷങ്ങൾക്കുശേഷം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഒരു പ്രതിനിധിയും ഉത്തരകൊറിയയുടെ ഒരു മേധാവിയും തമ്മിലുള്ള സംഭാഷണം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. മരണത്തിന്റെ ദ്വീപ് എന്നുപറയുന്ന സിംഗപ്പൂരിലെ സെന്റോസ ദ്വീപിൽ വച്ചാണ് കൂടിക്കാഴ്ച നടക്കുന്നത്. ഞാൻ ചോദിക്കുന്നത് അതൊക്കെ ആവശ്യമായി വന്നതെന്തുകൊണ്ടാണ്? ഉത്തരകൊറിയൻ പ്രസിഡന്റായ ശ്രീ. കിം ജോങ് ഉൻ-നേയും അമേരിക്കൻ പ്രസിഡന്റായ ഡൊണാൾഡ് ട്രംപിനെയുമൊക്കെ ക്ഷണിച്ചുവരുത്തി ഒരു ഡിസ്കഷൻ വേണമെന്ന് പറയാൻ സഹായിച്ചത് സയൻസ് ആന്റ് ടെക്നോളജി അല്ലേ?

പ്രൊഫ. കെ. യു. അരുണൻ: സർ, ഈ വിഷയത്തെക്കുറിച്ച് സംസാരിച്ചുകൊണ്ട് ചോദിക്കുകയാണ്. Aldous Huxley- യുടെ ' Brave New World' എന്ന പുസ്തകം അങ്ങ് വായിച്ചിട്ടുണ്ടോ? അതിൽ പറഞ്ഞിരിക്കുന്നത് കുറച്ച് കൊല്ലങ്ങൾക്കുള്ളിൽ വളരെ വികസിതമായ രൂപത്തിൽ, ശാസ്ത്രാടിസ്ഥാനത്തിലുള്ള സാങ്കേതികത നമ്മുടെ നാട്ടിൽ സ്ഥാനം പിടിക്കുമെന്നാണ്. അദ്ദേഹം പ്രവചിച്ചു, പക്ഷെ അത് പുസ്തകമായി വരുന്നതിനുമുമ്പുതന്നെ ആ പ്രവചനം ഭൂമിയിൽ സാധ്യമായി. അപ്പോൾ അദ്ദേഹം ' Brave New World Revisited' എന്ന വേറൊരു പുസ്തകമെഴുതി. അത് അങ്ങ് വായിച്ചിട്ടുണ്ടോ എന്നറിയില്ല. നമ്മൾ ഇവിടെ പറയുന്ന കാര്യങ്ങളൊക്കെ പറഞ്ഞു പുറത്തുപോകുന്നതിനിടയിൽ സാധിതപ്രായമാകുന്ന ഒരു ലോകത്താണ് ഇത്തരം പ്രസംഗങ്ങളൊക്കെ നടത്തുന്നത് എന്നതുകൊണ്ട് ഒരു വിദൂര ദർശനം നമ്മുടെ പ്രഭാഷണങ്ങളിലൊക്കെ ഉണ്ടാകണമെന്ന വിനയപൂർവ്വമായ ഒരു അപേക്ഷയുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇന്നയിന്ന പുസ്തകങ്ങൾ വായിച്ചിട്ട് ഇവിടെ വരണമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. നേരത്തെ ഒന്നു പറഞ്ഞാൽ മതിയായിരുന്നു. ഇന്ന് ഏത് ചോദ്യമാണ് വരുന്നതെന്ന് എനിക്ക് അറിയില്ലല്ലോ.

ആദ്യം പറഞ്ഞ പുസ്തകം ഞാൻ വായിച്ചിട്ടുണ്ട്. ഒരു ഉദ്യോഗാർത്ഥിയോട് പബ്ലിക് സർവ്വീസ് കമ്മീഷൻ ഒരു ചോദ്യം ചോദിച്ചതിനെക്കുറിച്ച് വി. കെ. എൻ. ഒരു കഥ എഴുതിയിട്ടുണ്ട്. പി.എസ്.സി.യുടെ ആളുകൾ ചോദിച്ച എല്ലാ ചോദ്യങ്ങൾക്കും ആ കുട്ടി ഉത്തരം പറഞ്ഞു. നല്ല ബ്രില്യന്റായ കുട്ടിയാണ്. അപ്പോൾ അവസാനമായി ആ കുട്ടിയോട് അൽക്കാ പുൽക്കായെക്കുറിച്ച് എന്ത് അറിയാമെന്ന് ചോദിച്ചു. അൽക്കാ പുൽക്കാ എവിടെയാണെന്ന് ചോദിച്ചാൽ അതൊരു സ്ഥലമാണെന്ന് സങ്കല്പിക്കാമായിരുന്നു, അത് ആരാണെന്ന് ചോദിച്ചാൽ അതൊരു മനുഷ്യനാണെന്ന് വിചാരിക്കാമായിരുന്നു, അതെന്താണെന്ന് ചോദിച്ചാൽ അതൊരു വസ്തുവാണെന്ന് മനസ്സിലാക്കാമായിരുന്നു. പക്ഷെ അൽക്കാ പുൽക്കായെക്കുറിച്ച് എന്തറിയാം എന്ന് ചോദിച്ചാൽ എന്നെ തോൽപ്പിക്കണമെന്ന് തീരുമാനിച്ചു എന്നല്ലാതെ വേറൊരു അർത്ഥവുമില്ലല്ലോ എന്ന് ആ കുട്ടി ചിന്തിച്ചു.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ പ്ലീസ് കൺക്ലൂഡ്.......പ്ലീസ്...

പ്രൊഫ. കെ. യു. അരുണൻ : സർ, .........

ശ്രീ. കെ. എൻ. എ. ഖാദർ: Sir, This is the first time I am hearing that you are a member of PSC and thank you very much for giving such an information to me at this time. അദ്ദേഹം പി.എസ്.സി. മെമ്പറാണെന്ന് അറിഞ്ഞുകൊണ്ടല്ല ഞാൻ അത് പറഞ്ഞത്. ഞാൻ ഒരു പബ്ലിക് മീറ്റിംഗിൽ വിദ്യാഭ്യാസത്തെക്കുറിച്ച് പ്രസംഗിച്ചപ്പോൾ ത്രേസ്യാമ്മ ടീച്ചർ, ഗോപാലകൃഷ്ണൻ മാഷ് എന്നൊക്കെ പറഞ്ഞ് ഉദാഹരണം പറഞ്ഞതാണ്. നിർഭാഗ്യവശാൽ ആ പേരിലുള്ള രണ്ടുപേർ ആ സദസ്സിലുണ്ടായിരുന്നു. അത് ഒരു ടെലിപ്പതിയാണ്. മനുഷ്യന് ചിലപ്പോൾ അങ്ങനെ സംഭവിക്കാം.

പ്രൊഫ. കെ. യു. അരുണൻ: സർ, .........

ശ്രീ. കെ. എൻ. എ. ഖാദർ: സർ, I am sorry. ഞാൻ ആ വഴിക്കൊന്നും വന്ന ആളല്ല. ഇവിടെയുള്ള പല ആളുകളെക്കുറിച്ചും എനിക്ക് വലിയ വിവരമൊന്നും ഇല്ല. Who is who ഒക്കെ എടുത്ത് പഠിച്ചിട്ട് വരാം, അല്ലാതെ നിവൃത്തിയില്ല. ഞാൻ പറഞ്ഞ വിഷയത്തിൽ നിന്ന് എന്നെ വഴിതെറ്റിച്ച് കൊണ്ടുപോകരുത്, പ്ലീസ്. എനിക്ക് യാതൊരു വിരോധവും തൃപ്തിക്കുറവുമില്ല. അരുണൻ മാഷിനോട് എനിക്ക് ഭയങ്കര ഇഷ്ടമാണ്. അതിന് വേറെ പല കാരണങ്ങളുമുണ്ട്. അതൊന്നും ഞാൻ ഇവിടെ പറയുന്നില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ബില്ലിലേയ്ക്ക് വരൂ. പ്ലീസ്..കൺക്ലൂഡ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ശാസ്ത്രസാങ്കേതിക വികാസം ഇത്രയേറെയുണ്ടായിട്ടും ആ വികാസങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നു. അത് മനുഷ്യനന്മയ്ക്കുവേണ്ടി ഉപയോഗിക്കാതെ യുദ്ധങ്ങൾക്കുവേണ്ടിയും അക്രമത്തിനുവേണ്ടിയും

ഉപയോഗിക്കുന്നു. സിറിയയിലും ലെബനോണിലും പാലസ്തീനിലും ബോംബ് വർഷിക്കുന്നതും ഉന്നം തെറ്റാതെ മനുഷ്യന്റെ തലയിൽ ബോംബ് വർഷിക്കുന്നതും എന്തുകൊണ്ടാണ്? കാരണം ഇൻഫർമേഷൻ ടെക്നോളജിയും കമ്മ്യൂണിക്കേഷൻ ടെക്നോളജിയുമാണ്. ഡൈനാമിറ്റിന്റെ കണ്ടുപിടിത്തം, അത് സ്ഫോടക വസ്തുവാണെന്ന് പിന്നീടാണ് അദ്ദേഹത്തിന് മനസ്സിലായത്. അതുപോലെതന്നെ ഇപ്പോൾ ആയുധങ്ങൾ കുന്നുകൂട്ടി വയ്ക്കുന്നു. ബാലിസ്റ്റിക് മിസൈൽ, MX മിസൈൽ, ക്രൂയിസ് മിസൈൽ, സബ് മറൈൻസ്, വാർഹെഡ് വെപ്പൺസ്, ന്യൂക്ലിയർ വെപ്പൺസ് ഇവയൊക്കെ രാജ്യത്ത് വർദ്ധിച്ചുവരുന്നത് ശാസ്ത്രസാങ്കേതിക വിദ്യ കൊണ്ടാണ്. ഇൻഫർമേഷൻ ടെക്നോളജികൊണ്ട് നമ്മുടെ ജീവിതം ത്വരിതഗതിയിലാക്കാൻ സാധിക്കും. 27 കോടി പുസ്തകങ്ങൾ ഇന്റർനെറ്റിൽ കൂടി ലഭിക്കും. 27 കോടി പുസ്തകങ്ങൾ ഇന്റർനെറ്റിൽ അപ്‍ലോഡ് ചെയ്തിട്ടുണ്ട്. ഒരു പുസ്തകത്തിന്റെ പേര് ടൈപ്പ് ചെയ്താൽ ആ പുസ്തകം വരും. പഴയതുപോലെ വലിയ ഗ്രന്ഥാലയങ്ങളും അതിനുള്ള കബോർഡും അലമാരകളും ആവശ്യമില്ലാത്ത സാഹചര്യം വരും. സയൻസ് ആൻഡ് ടെക്നോളജി ഡെവലപ് ചെയ്യുന്നു. അതിന്റെ കൂടെ മനുഷ്യർകൂടി ഡെവലപ് ചെയ്യുകയും അതിന്റെ പ്രയോജനം മനുഷ്യർക്ക് ലഭിക്കത്തക്ക രീതിയിൽ കാര്യങ്ങൾ മാറിവരികയും ചെയ്യണം എന്നത് പ്രധാനപ്പെട്ട വിഷയമാണ്.

ഒരു നല്ല മനുഷ്യനല്ലാത്ത ഒരാൾ ഒരു ഭരണാധികാരിയോ എം.എൽ.എ.യോ മന്ത്രിയോ ന്യായാധിപനോ പോലീസ് ഓഫീസറോ ആയിട്ട് കാര്യമില്ല. വിദ്യാഭ്യാസത്തിന്റെ ഒരു ഘട്ടത്തിലും നിങ്ങൾ ഒരു നല്ല മനുഷ്യനാകണമെന്ന് ആരും പറയുകയും പഠിപ്പിക്കുകയും ചെയ്യുന്നില്ല. അതുകൊണ്ടാണ് വിദ്യാഭ്യാസം ഇത്രയേറെ ഉയരങ്ങളിലെത്തിയിട്ടും ഇത്രയേറെ വ്യാപകമായിട്ടും നമ്മുടെ രാജ്യം ജീർണ്ണതകളിലേയ്ക്ക് പോകുന്നതെന്ന് എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ബില്ലിലെ ഭേദഗതികളെക്കുറിച്ച് പറഞ്ഞ സന്ദർഭത്തിൽ സാന്ദർഭികമായി പരാമർശിച്ചുവെന്ന് മാത്രമേയുള്ളൂ. ഈ പ്രസംഗത്തിനിടയിൽ ആർക്കെങ്കിലും എന്തെങ്കിലും വിഷമം നേരിട്ടിട്ടുണ്ടെങ്കിൽ അതുകൂടി മാപ്പാക്കണമെന്ന് പറഞ്ഞ് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ച് ഉപസംഹരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബില്ലിനെക്കുറിച്ചായിരുന്നു ഇവിടെ പ്രധാനമായും സംസാരിച്ചത്. സംസാരിച്ചവർ അതിന്റെ വിവിധ തലങ്ങളിലേയ്ക്ക് പോയെന്നുമാത്രം. സാങ്കേതിക സർവ്വകലാശാലയെ

ലോകനിലവാരത്തിലുള്ള സർവ്വകലാശാലയായി കാണണമെന്ന ആഗ്രഹമാണ് ഇവിടെ പ്രസംഗിച്ചവർ എല്ലാവരും പ്രകടിപ്പിച്ചത്. സർക്കാരിന്റെ ലക്ഷ്യവും അതാണ്. ഈ സർവ്വകലാശാല അന്തർദ്ദേശീയ നിലവാരത്തിലുള്ള സർവ്വകലാശാലയായി മാറണമെന്നുണ്ടെങ്കിൽ കുറേ മാറ്റങ്ങൾ സർവ്വകലാശാലയിലുണ്ടാകണം. സർവ്വകലാശാലയിലെ മാറ്റങ്ങളും സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ മാറ്റങ്ങളും രണ്ടു തരത്തിലാണ് വരേണ്ടത്. അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ നടക്കേണ്ട അധ്യയനവും യൂണിവേഴ്സിറ്റികളിൽ നടക്കേണ്ട അധ്യയനവും അതിനെതുടർന്നുള്ള പ്രവർത്തനവും വ്യത്യസ്തമാണ്. പക്ഷെ പരസ്പര പൂരകവുമാണ്. അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ അക്കാദമിക് നിലവാരം വർദ്ധിപ്പിക്കുന്നതിനും വർദ്ധിപ്പിച്ച അക്കാദമിക് നിലവാരത്തെ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ഗവേഷണ മേഖലയെ അന്താരാഷ്ട്ര തലത്തിലേയ്ക്ക് എത്തിക്കുകയും ചെയ്യുക എന്നുള്ളതാണ് സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ പ്രധാന ലക്ഷ്യമാകേണ്ടത്. എങ്കിൽമാത്രമേ ആ സർവ്വകലാശാല ലോക നിലവാരമുള്ള സർവ്വകലാശാലയായി മാറുകയുള്ളൂ.

ഇവിടെ ഡിപ്പാർട്ടുമെന്റുകളെക്കുറിച്ച് സൂചിപ്പിച്ചു. അത് ഒരു പഴയ സങ്കൽപ്പമാണ്. യൂണിവേഴ്സിറ്റികളിൽ തന്നെ പല ഡിപ്പാർട്ടുമെന്റുകളിലും യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലും എല്ലാം ഒരു പോലെ പ്രവർത്തനവും പഠനവും നടക്കുക എന്നത് പഴയ ഒരു സങ്കൽപ്പമാണ്. നേരെതിരിച്ച് അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ നടക്കുന്ന അക്കാദമിക് പ്രവർത്തനങ്ങളെ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ആ അക്കാദമിക് പ്രവർത്തനങ്ങളെ കുറേക്കൂടി ഉയരങ്ങളിലേയ്ക്ക് എത്തിച്ച് ഗവേഷണത്തിന്റെ തലത്തിലേയ്ക്ക് എത്തിച്ച് ഗവേഷണ ഫലങ്ങളെ അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികളിലേയ്ക്ക് എത്തിച്ച് അവരുടെ അക്കാദമിക് നിലവാരം വർദ്ധിപ്പിച്ച് അക്കാദമിക് നിലവാരത്തിന്റെ പരസ്പര പൂരകതയിലുള്ള വളർച്ചയാണ് യഥാർത്ഥത്തിൽ സുസ്ഥിരമായ അക്കാദമിക് വളർച്ച. അതുകൊണ്ട് വളരെ ശ്രദ്ധിച്ച് വളരെ സൂക്ഷിച്ച് ഈ ആശയത്തിൽ സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയെ വികസിപ്പിക്കണമെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ആ ലക്ഷ്യം സാർത്ഥകമാക്കാൻ നിലവിലുള്ള സ്ഥിതി അറിഞ്ഞിരിക്കണം. ബഹുമാനപ്പെട്ട അംഗം, സിലബസിന്റെയും പരീക്ഷാ നടത്തിപ്പിന്റെയും റിസൽട്ട് കൊടുക്കാത്തതിന്റെയും സർട്ടിഫിക്കറ്റ് നൽകാത്തതിന്റെയും വിദ്യാർത്ഥി സമരങ്ങളുമൊക്കെ സൂചിപ്പിച്ചു. ഇതൊക്കെ സർവ്വകലാശാലയിൽ ഉണ്ടായിരുന്ന പ്രശ്നങ്ങളാണ്.

കഴിഞ്ഞ മൂന്ന് നാല് മാസങ്ങളിലെ ആ സർവ്വകലാശാലയിലെ പ്രവർത്തനങ്ങൾ പരിശോധിച്ചു നോക്കു. പരീക്ഷാ റിസൽട്ട് കൃത്യമായി വരുന്നു, അവിടെ വലിയ മാറ്റങ്ങളാണ് നടക്കുന്നത്. അക്കാദമിക് നിലവാരം അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ വളർത്തുക എന്നത് സർവ്വകലാശാലകളുടെ ലക്ഷ്യമാണ്. ആ ലക്ഷ്യത്തിൽ പ്രവർത്തിച്ചതിന്റെ ഫലമായി ഇന്ത്യയിലെ പതിനായിരക്കണക്കിന് എഞ്ചിനീയറിംഗ് കോളേജുകളെ പിന്തള്ളിക്കൊണ്ട് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് ഇന്ന് റാങ്കിംഗിൽ 75-ാം സ്ഥാനത്ത് എത്തിനിൽക്കുകയാണ്. കേരളത്തെ സംബന്ധിച്ച് അത് പോരാ. കേരള സർവ്വകലാശാല ഇന്ത്യൻ റാങ്കിംഗിൽ 30-ാമതാണ്. നമുക്കിനിയും ഉയർന്ന് ഒന്നാം സ്ഥാനത്തേയ്ക്കെത്തണം. അതിലെ കുറവുകൾ പരിഹരിച്ച് കൂടുതൽ ശാസ്ത്രീയമായി മുന്നോട്ട് പോകണം. കെ.റ്റി.യു. ഇപ്പോഴത്തെ അവസ്ഥയിൽ നിന്നും ലോകനിലവാരത്തിലേയ്ക്ക് എത്തണമെങ്കിൽ കുറേ മാറ്റങ്ങൾ അനിവാര്യമാണ്. അതിൽ പ്രധാനപ്പെട്ട ചില മാറ്റങ്ങളാണ് ഭേദഗതിയിലൂടെ കൊണ്ടുവരുന്നത്. അതിന്റെ അർത്ഥം, ഈ ഭേദഗതിയിലൂടെ സർവ്വകലാശാല വിശ്വസർവ്വകലാശാലയായി മാറുമെന്നല്ല. പക്ഷെ അതിലേയ്ക്കുള്ള പ്രയാണത്തിന്റെ തുടക്കത്തിലാകാനുള്ള സാധ്യതയുണ്ട്.

ഇവിടെ രണ്ട് കാര്യങ്ങളാണ് പ്രധാനമായും മാറേണ്ടത്. ഒന്ന്, സർവ്വകലാശാലയുടെ ജനകീയത വർദ്ധിപ്പിക്കണം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടക്കുന്ന, ജനകീയമായി സാക്ഷരത നടപ്പിലാക്കുന്ന, പൊതുവിദ്യാഭ്യാസം സാർത്ഥകമായ ഒരു സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിത്തറ സ്വകാര്യതയല്ല, ജനകീയതയാണ്. അതുകൊണ്ട് സർവ്വകലാശാലയുടെ ജനകീയത വർദ്ധിപ്പിക്കുക. അതുകൊണ്ട് എല്ലാമായെന്ന് ആരും പറഞ്ഞില്ല. ജനകീയത വർദ്ധിപ്പിക്കുന്നത് എല്ലാം ആകുന്നതിന്റെ തുടക്കമാണ് എന്നാണ് പറയുന്നത്. രാഷ്ട്രീയവത്കരണമല്ല, മറിച്ച് ജനകീയവത്കരണമാണ് അവിടെ നടക്കുന്നത്. ജനകീയവത്കരണത്തോടൊപ്പം ഈ സർവ്വകലാശാലയുടെ വളർച്ചയ്ക്കാവശ്യമുള്ളത് അക്കാദമിക് തലത്തിന്റെ നവീകരണമാണ്. പരസ്പര ബന്ധത്തിലൂടെമാത്രമേ ഈ സർവ്വകലാശാലയെ വളർത്താൻ സാധിക്കു. അതിന്റെ ചില നിർദ്ദേശങ്ങളാണ് ഈ ഭേദഗതിയിൽ വന്നിട്ടുള്ളത്.

ഇവിടെ ആസ്ഥാനം കണ്ടെത്തിയിട്ടില്ലെന്ന അഭിപ്രായം സൂചിപ്പിച്ചു. സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം കണ്ടെത്തിയിട്ടുണ്ട്. നടപടിക്രമം പൂർത്തീകരിക്കുകയേ വേണ്ടു. നടപടി പൂർത്തീകരിച്ചുകഴിഞ്ഞാൽ കെ.റ്റി.യു.വിന് ആസ്ഥാനമുണ്ടാകും. കൊച്ചിൻ സർവ്വകലാശാലയുടെ മോഡലാകണമെന്ന് ശ്രീ. സണ്ണി ജോസഫ് പറഞ്ഞു.

ശ്രീ. കെ. സി. ജോസഫ്: സർ. കെ.റ്റി.യു.വി-ന്റെ ആസ്ഥാനം എവിടെയാണെന്ന് വ്യക്തമാക്കിയില്ല?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, വിളപ്പിൽശാലയിലാണ് ആസ്ഥാനം കണ്ടെത്തിയിട്ടുള്ളത്. കൊച്ചിൻ സർവ്വകലാശാലയുടെ ആക്ട് തന്നെയാണ് മോഡലായി സ്വീകരിച്ചിരിക്കുന്നത്. പക്ഷെ ഇത്രയും കാലത്തെ അനുഭവത്തിൽ നിന്ന് അവിടെയും ചില കുറവുകളുണ്ടെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ആ കുറവുകൾ കൂടി പരിഹരിച്ചാണ് കെ.റ്റി.യു.-വിന്റെ ഈ മാറ്റങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ജനകീയമായ ഒരു മാറ്റം, കേരളത്തിന്റെ ഈ സർവ്വകലാശാലയെ എല്ലാവരുടെയും പ്രതീക്ഷയ്ക്കൊത്ത് ലോകനിലവാരത്തിൽ ഉയർത്താൻ പ്രാപ്തമാക്കുന്നതാണ്.

ജനകീയത വർദ്ധിപ്പിക്കുന്നതെങ്ങനെയാണെന്ന് ഒന്നുരണ്ടു ഉദാഹരണത്തിലൂടെ ഞാൻ പറയാം. അതിലേറ്റവും പ്രധാനപ്പെട്ടത് വിദ്യാർത്ഥി പ്രാതിനിധ്യം വർദ്ധിപ്പിക്കുക എന്നതാണ്. ആരാണോ പഠിക്കുന്നത്, അവർക്ക് സിലബസ് രൂപീകരണത്തിൽ പങ്കാളിത്തമില്ല എന്നു പറയുന്നത് ആധുനിക പഠനരീതിയല്ല. ആരാണോ ഗവേഷണം നടത്തുന്നത് അവർക്ക് അവരുടെ അക്കാദമിക് തലത്തിൽ പങ്കാളിത്തമില്ല എന്നുള്ളത് ജനകീയമല്ല, അത് വിദ്യാഭ്യാസമല്ല. ഏകപക്ഷീയ വിദ്യാഭ്യാസത്തിന്റെ ഹാങ്ഓവറുകൾ ഉള്ളപ്പോഴാണ് ഇവരൊന്നും ഇതിലൊന്നും വേണ്ട എന്നുപറയുന്നത്. അതുകൊണ്ട് ആരെയാണോ നമ്മൾ വളർത്താൻ ശ്രമിക്കുന്നത് അവരുടെ പങ്കാളിത്തത്തിലൂടെ മാത്രമേ മാറ്റങ്ങൾക്ക് വഴിയൊരുക്കാൻ നമുക്ക് കഴിയൂ, ഒപ്പം academicians-ഉം അനുഭവസ്ഥരും വേണം. അതുകൊണ്ടാണ് എല്ലാ മേഖലയിലുള്ളവരുടെയും പങ്കാളിത്തം സർവ്വകലാശാലയിൽ വേണമെന്ന് പറയുന്നത്.

വിദ്യാർത്ഥി പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നു. ശ്രീ. റ്റി. വി. രാജേഷ് കാര്യങ്ങൾ ഇവിടെ വിസ്തരിച്ച് സൂചിപ്പിച്ചു. ഞാൻ ഓരോന്നും എടുത്തു പറയുന്നില്ല. അതുപോലെ വനിതകളുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ജനസംഖ്യയിൽ 50 ശതമാനത്തിലധികം പ്രാതിനിധ്യമുള്ളവർ സർവ്വകലാശാലയുടെ അക്കാദമിക് തീരുമാനങ്ങളിൽ പങ്കാളികളായില്ലെങ്കിൽ അവരുടെ അക്കാദമിക് തലം എങ്ങനെ ഉയർത്താൻ സാധിക്കും? അതുകൊണ്ട് വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നു. മറ്റൊന്ന് പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം - പാർശ്വവൽക്കരണമില്ലാത്ത ഒരു ജനതയെ സൃഷ്ടിക്കണമെന്നുള്ളതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം. പാർശ്വവൽക്കരിക്കപ്പെടാൻ സാധ്യതയുള്ളവർ മുഖ്യധാരയിലേയ്ക്ക് വരണം. മുഖ്യധാരയിലേയ്ക്ക് വരണമെങ്കിൽ അവർക്ക് കൂടി പങ്കാളിത്തമുള്ള അക്കാദമിക് തീരുമാനങ്ങളുണ്ടാകണം. അതുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നു. ഇതാണ്

ജനകീയത. ആരെല്ലാം യൂണിവേഴ്സിറ്റിയിൽനിന്നും പുറത്തായിരുന്നുവോ അവരെയെല്ലാം യൂണിവേഴ്സിറ്റിയിലേയ്ക്ക് കൊണ്ടുവരുന്നു. അങ്ങനെ കൊണ്ടുവരുന്നതാണ് ജനകീയത വർദ്ധിപ്പിക്കുക എന്നതിലൂടെ ഉദ്ദേശിക്കുന്നത്. അതിനൊപ്പംതന്നെ അക്കാദമിക് പ്രാധാന്യം വർദ്ധിപ്പിക്കുക. അക്കാദമിക് ചർച്ചകൾ നടത്താൻ അക്കാദമിക് കൗൺസിൽ വരുന്നുണ്ട്.

മറ്റൊന്ന് അഫിലിയേറ്റഡ് കോളേജുകളുടെ പ്രാതിനിധ്യം. കുട്ടികൾ, അദ്ധ്യാപകർ, പ്രിൻസിപ്പാൾ തുടങ്ങി പലതരത്തിലുള്ള പ്രാതിനിധ്യമുണ്ട്. ഗവൺമെന്റ്, എയ്ഡഡ്, ഗവൺമെന്റ് നിയന്ത്രിതം, സ്വാശ്രയം - ഈ ഓർഡറിൽ നാലുതരത്തിലുള്ള എഞ്ചിനീയറിംഗ് കോളേജുകളും മറ്റു കോളേജുകളും കെ.റ്റി.യു.-വിന്റെ കീഴിലുണ്ട്. നേരത്തെയുണ്ടായിരുന്നതിന്റെ ഓർഡർ സ്വാശ്രയം, ഗവൺമെന്റ് നിയന്ത്രിതം, എയ്ഡഡ്, ഗവൺമെന്റ് എന്നായിരുന്നു. അങ്ങനെയല്ല എന്ന് ഈ സർക്കാർ വിശ്വസിക്കുന്നു. പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കലാണ് സർക്കാരിന്റെ പ്രഖ്യാപിത കടമ എന്നതുകൊണ്ട് ഈ ഓർഡർ മാറ്റുന്നു. അത് ഗവൺമെന്റ്, എയ്ഡഡ്, ഗവൺമെന്റ് നിയന്ത്രിതം, സ്വാശ്രയം എന്നാക്കുന്നു. എല്ലാവർക്കും പ്രാതിനിധ്യമുണ്ട്. പ്രാതിനിധ്യമുണ്ടെങ്കിലും അതിലെ പ്രിഫറൻഷ്യൽ ഓർഡർ ഗവൺമെന്റ്, എയ്ഡഡ്, ഗവൺമെന്റ് നിയന്ത്രിതം, സ്വാശ്രയം ഈ രീതിയിലാണ് പങ്കാളിത്തം വന്നിട്ടുള്ളത്. വിസ്തരിച്ച് വായിച്ചാൽ അറിയാം. തിരിച്ചായിരുന്നുവെന്നുള്ളതാണ് അതിന്റെ അപകടം. സ്വാഭാവികമായും യൂണിവേഴ്സിറ്റിയിൽ ആർക്കാണ് സ്വാധീനമുണ്ടാവുക എന്ന് വ്യക്തമാണ്. അതുകൊണ്ട് അക്കാദമിക് പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് ഒരു സയന്റിഫിക് ഔട്ട്പുട്ടുണ്ട് എന്നാണ് പറഞ്ഞത്. നേരത്തെ ഇവിടെ സൂചിപ്പിച്ച ശാസ്ത്രീയമായ മാറ്റങ്ങളൊക്കെ ഉൾക്കൊള്ളണമെങ്കിൽ ആ ശാസ്ത്രീയ സങ്കല്പങ്ങൾ ഉൾക്കൊള്ളുന്നവർ മാത്രം സർവ്വകലാശാലയിൽ പോര. അത് അനുഭവിക്കുന്നവരും അത് ആസ്വദിക്കുന്നവരും ആ ചർച്ചയിൽ പങ്കാളിയായാൽ മാത്രമേ യഥാർത്ഥത്തിലുള്ള അക്കാദമിക് ചർച്ച നടക്കുകയുള്ളൂ.

സിലബസ് പരിഷ്കരിക്കണമെന്ന് പറഞ്ഞു. തീർച്ചയായും അതിനുവേണ്ടി തന്നെയാണ് പുതിയ കമ്മിറ്റികളുമുണ്ടായത്. ഒന്നുരണ്ട് കാര്യം കൂടി പറഞ്ഞുനിർത്താം. ഇവിടെ 22-ാം വകുപ്പിന്റെ ഭേദഗതി എല്ലാവരും സൂചിപ്പിച്ചു. ബോർഡ് ഓഫ് ഗവർണേഴ്സ്, നിർവ്വാഹക സമിതി, അക്കാദമിക് സമിതി, ഗവേഷണ കൗൺസിൽ എന്നിങ്ങനെ നാലു സമിതികൾ കൂടി പുതുതായി വരികയാണ്. അതിലൊന്ന്, ബോർഡ് ഓഫ് സ്റ്റഡീസ് ഇല്ലാതെ എങ്ങനെയാണ് അക്കാദമിക് തലം ഉയർത്താൻ സാധിക്കുക? ധനകാര്യസമിതി, ആസൂത്രണ സമിതി - പ്ലാനിംഗില്ലാതെ ഒരു സർവ്വകലാശാല എന്നല്ല ഒന്നിനെയും നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. അതുപോലെ തന്നെ വിദ്യാർത്ഥി

കൗൺസിൽ. അതോടൊപ്പംതന്നെ അക്കാദമിക് കൗൺസിലിൽ വളരെ പ്രധാനപ്പെട്ട ഒരു മാറ്റം - അക്കാദമിക് പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നു, എങ്കിൽ മാത്രമേ അക്കാദമിക് തലത്തിലേയ്ക്ക് അതായത് ഉയർന്ന തലത്തിലേയ്ക്ക് സർവ്വകലാശാലകളെ കൊണ്ടുപോകാൻ കഴിയുകയുള്ളൂ. അതിൽ പുതിയതായി കൂട്ടിച്ചേർത്ത അക്കാദമിക് കൗൺസിലിൽ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഒരു അംഗത്തിനെക്കൂടി ഉൾപ്പെടുത്തുകവഴി സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർവ്വകലാശാലയിൽ വരികയാണ്. മാത്രമല്ല, അക്കാദമിക് കൗൺസിലിൽ രണ്ട് വിദ്യാർത്ഥി പ്രതിനിധികൾ വരികയാണ്. അതിന്റെ വ്യത്യാസം നമുക്ക് നാളെ കാണാം. ആരാണോ ഇത് ആസ്വദിക്കുന്നത്; അനുഭവിക്കുന്നത്, ആരാണോ ഇതിന്റെ യഥാർത്ഥ ടാർഗറ്റ്, അവരുടെ കൂടെ അഭിപ്രായം അറിഞ്ഞുകൊണ്ടുള്ള വളരെ മനോഹരമായ അക്കാദമിക് മാറ്റങ്ങൾ എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. മറ്റുള്ള സർവ്വകലാശാലയിലൊക്കെ അങ്ങനെയാണ്. അതുകൊണ്ട് ഈ പറയുന്ന പ്രധാനപ്പെട്ട മാറ്റങ്ങൾ വിദ്യാർത്ഥി പ്രാതിനിധ്യം, വനിതാ പ്രാതിനിധ്യം, പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം, അക്കാദമിക് പ്രാതിനിധ്യം, ഗവൺമെന്റ്, എയ്ഡഡ്, ഗവൺമെന്റ് നിയന്ത്രിതം, സ്വാശ്രയം ഈ ഓർഡറിലുള്ള പ്രാതിനിധ്യം ഇതെല്ലാം വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഈ ഭേദഗതിയിൽ പ്രധാനമായും കൊണ്ടുവന്നിട്ടുള്ളത്. അതുകൂടാതെ നിരവധി കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്തു. ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യാൻ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സീറ്റിലില്ല.)

മി. ചെയർമാൻ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്, അങ്ങയുടെ 1എ നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ, അങ്ങയുടെ 2 ബി ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ശ്രീ. കെ. എൻ. എ. ഖാദർ സീറ്റിലില്ല.)

മി. ചെയർമാൻ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ii) 2018-ലെ അബ്കാരി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, 2018-ലെ അബ്കാരി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, 2018-ലെ അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

Shri V. T. Balram: Sir, I move that- " This House resolves to disapprove The Abkari (Amendment) Ordinance, 2018 (Ordinance No.20 of 2018)." ഈ ഗവൺമെന്റ് ജനങ്ങൾക്ക് മുമ്പിൽ എല്ലാം ശരിയാക്കുമെന്ന് വാഗ്ദാനം നൽകി അധികാരത്തിൽ വന്നശേഷം ഏറ്റവും ആദ്യം ശരിയാക്കിയത് ഈ നാട്ടിൽ ജനങ്ങളുടെ അംഗീകാരം ഉണ്ടായിരുന്ന മദ്യ നയത്തെയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് വളരെ ഇച്ഛാശക്തിയോടെ നടപ്പിലാക്കിയ ഒരു മദ്യനയം ഉണ്ടായിരുന്നു. അത് ഈ നാട്ടിലെ മദ്യമുതലാളിമാർ/ബാർ മുതലാളിമാർ ആഗ്രഹിച്ച നയമായിരുന്നില്ല. അതുകൊണ്ടുതന്നെ അവർ ആഗ്രഹിച്ച നയം നടപ്പിലാക്കാത്തതിലുള്ള പരിഭവം അഴിമതി ആരോപണങ്ങളടക്കമുള്ള രൂപത്തിൽ

ഉയർത്തിക്കൊണ്ടുവരാൻ ഇടയായ സാഹചര്യം നമ്മുടെ നാട്ടിലുണ്ടായി. അതിന്റെയൊക്കെ രാഷ്ട്രീയ ഗുണഭോക്താക്കളാകാൻ നിങ്ങൾക്ക് സാധിച്ചു എന്നുള്ളതിൽ ഞാൻ നിങ്ങളെ അഭിനന്ദിക്കുകയാണ്. അന്ന് ആ നയത്തെ ജനങ്ങൾ അംഗീകരിച്ചിരുന്നു എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ നാട്ടിലെ നിയമസംവിധാനങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കാൻ അന്നത്തെ ഗവൺമെന്റിന് സാധിച്ചിരുന്നു. സാധാരണഗതിയിൽ ഇതുപോലുള്ള കേസുകൾ കോടതിയിൽ വരുമ്പോൾ മനഃപൂർവ്വം തോറ്റുകൊടുക്കുന്ന അനുഭവമാണ് മുൻകാലങ്ങളിലൊക്കെ പലപ്പോഴും സർക്കാരുകളുടെ ഭാഗത്തുനിന്ന് കണ്ടിട്ടുള്ളത്. മദ്യ മുതലാളിമാരുമായിട്ടുള്ള ഒത്തുകളികളാണ് കേരളത്തിൽ ഉണ്ടായിട്ടുള്ളത്. പക്ഷെ, യു.ഡി.എഫ്. ഗവൺമെന്റിന്റെ മദ്യനയത്തിന്റെ പ്രത്യേകതയെന്ന് പറയുന്നത് സുപ്രീംകോടതി വരെ നിരവധി തവണ കേസ് നടത്തി, ആ നയം അംഗീകരിപ്പിച്ച് എടുക്കാൻ, അത് എല്ലാ അർത്ഥത്തിലും നിയമപരമായി നടപ്പിലാക്കാൻ കഴിയുന്നതാണെന്ന് ഉറപ്പുവരുത്താൻ അന്നത്തെ ഗവൺമെന്റിന് ഇച്ഛാശക്തിയോടുകൂടി മുന്നോട്ട് പോകാൻ സാധിച്ചു. പക്ഷെ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആ നയത്തെ പൂർണ്ണമായും അട്ടിമറിക്കുകയാണ്. തെരഞ്ഞെടുപ്പ് കാലത്ത് ഇത് പറയാൻ നിങ്ങൾക്ക് ധൈര്യമുണ്ടായില്ല. ഇതുമായി ബന്ധപ്പെട്ട് അന്ന് മുഖ്യമന്ത്രി സ്ഥാനാർത്ഥിയെന്ന നിലയിൽ കടന്നുവന്ന ശ്രീ. പിണറായി വിജയനോട് പത്ര മാധ്യമങ്ങളൊക്കെ നിരന്തരം ആവർത്തിച്ച് ചോദിച്ചിട്ടുണ്ട്. ഒരു തെരഞ്ഞെടുപ്പ് ഘട്ടത്തിൽ വളരെ നിർണ്ണായകമായ, നയപരമായ വിഷയത്തെക്കുറിച്ച് ഒരു മുന്നണിയുടെ നേതാവിനോട് പത്ര മാധ്യമങ്ങൾ ചോദിക്കുമ്പോൾ അത് ജനങ്ങൾക്ക് ആ വിഷയത്തിലുള്ള മുന്നണിയുടെ അഭിപ്രായം അറിയാനുള്ള അവസരമാണ്. പക്ഷെ, ആ ചോദ്യങ്ങളിൽ നിന്നും ഒഴിഞ്ഞുമാറുന്ന അനുഭവമാണ് അന്ന് ശ്രീ. പിണറായി വിജയനിൽ നിന്ന് ഉണ്ടായത്. ഞങ്ങൾ അധികാരത്തിൽ വരട്ടേ, അപ്പോൾ ആലോചിക്കാം, അപ്പോൾ പറയാം എന്നുപറഞ്ഞ് ഏറ്റവും നിർണ്ണായകമായ ആ നയ വിഷയത്തിൽ നിന്ന് ഒളിച്ചോടുന്ന കാഴ്ച നമുക്ക് കാണാൻ സാധിച്ചു. അതേസമയം നിങ്ങളുടെ അഖിലേന്ത്യ സെക്രട്ടറിയായ ശ്രീ. സീതാറാം യെച്ചൂരി അസന്നിഗ്ദ്ധമായി പറഞ്ഞത് ഇടതുപക്ഷം അധികാരത്തിൽ വരികയാണെങ്കിൽ പുതിയതായി ഒരു ബാറുപോലും തുറക്കുന്ന സാഹചര്യം കേരളത്തിൽ ഉണ്ടാകില്ലെന്നാണ്. യു.ഡി.എഫ്. ഗവൺമെന്റ് രണ്ട് ഘട്ടങ്ങളിലായി അടച്ചുപൂട്ടിയ 730-ഓളം ബാറുകൾ കേരളത്തിൽ തുറന്ന് പ്രവർത്തിക്കാനുള്ള ഒരു സാഹചര്യവും എൽ.ഡി.എഫ്. ആയിട്ട് സൃഷ്ടിക്കില്ലായെന്ന് കേരളത്തിലെ ജനങ്ങൾക്ക് വാക്ക് നൽകിയ മുന്നണിയുടെ ഗവൺമെന്റാണ് ഇന്ന് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. അധികാരത്തിൽ വന്നയുടൻ ആ വാഗ്ദാനങ്ങളെല്ലാം മറന്ന് തങ്ങളുടെ കൂറ് ആരോടൊപ്പമാണെന്ന് ഈ ഗവൺമെന്റ് ആവർത്തിച്ച് പലതവണ തെളിയിച്ചിട്ടുള്ളതാണ്.

ഇടതുപക്ഷം എപ്പോഴും അധികാരവികേന്ദ്രീകരണത്തിന്റെ വക്താക്കളാണെന്നാണ് അവകാശപ്പെടാറുള്ളത്. രാജീവ് ഗാന്ധിയുടെ സ്വപ്നമായിരുന്ന ഗ്രാമസ്വരാജ്, പഞ്ചായത്തീരാജ് നിയമം. പിന്നീട് നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് ഗവൺമെന്റാണ് ഭരണഘടനാ ഭേദഗതിയിലൂടെ ആ നിയമം രാജ്യത്ത് നടപ്പിൽ വരുത്തിയത്. കേരളത്തിൽ ആന്റണി ഗവൺമെന്റിന്റെ ഭരണസമയത്താണ് പുതിയ പഞ്ചായത്തീരാജ് സംവിധാനങ്ങൾ രൂപീകരിച്ച് പഞ്ചായത്തുകൾക്ക് അധികാരം കൈമാറി ജനാധിപത്യത്തിന്റെ പുതിയ വികേന്ദ്രീകൃത പാതയിലേയ്ക്ക് നമ്മുടെ സമൂഹത്തെ കാലെടുത്ത് വയ്പ്പിക്കാൻ സഹായിച്ചത്. അന്ന് പഞ്ചായത്തുകൾക്ക് നൽകപ്പെട്ടിരുന്ന വളരെ സുപ്രധാനമായ അധികാരമുണ്ടായിരുന്നു. പഞ്ചായത്തീരാജ് നഗരപാലിക നിയമങ്ങളുടെ 232, 447 വകുപ്പുകൾ ഇതുമായി ബന്ധപ്പെട്ടുള്ളതായിരുന്നു. ഒരു പഞ്ചായത്തിന്റെ പ്രവർത്തന പരിധിക്കകത്ത് പുതിയതായി മദ്യഷാപ്പുകൾ ആരംഭിക്കണമോ വേണ്ടയോ, മദ്യഷാപ്പുകൾ പ്രവർത്തിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അധികാരം ആ പ്രദേശത്തെ ജനങ്ങൾക്ക് വിട്ടുകൊടുക്കുകയാണ് ചെയ്തത്. അതാണ് ജനാധിപത്യത്തെക്കുറിച്ച്, അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് ഉയർത്തി പിടിക്കാവുന്ന ഏറ്റവും വലിയ സങ്കൽപ്പം. ഇത്തരത്തിലുള്ള തീരുമാനങ്ങൾ തിരുവനന്തപുരത്ത് ഇരുന്നല്ല അതത് ഗ്രാമസഭകളിൽ ഇരുന്നാണ് എടുക്കേണ്ടത്. അവിടെയാണ് ഇതിന്റെ ഗുണമായാലും ദോഷമായാലും അത് അനുഭവിക്കുന്ന സ്ത്രീകൾ, പുരുഷന്മാർ, കുട്ടികൾ ഉൾപ്പെടെയുള്ള ആളുകൾ വരുന്നത്. അവിടെ ചർച്ച ചെയ്ത് അവർ ഒരു തീരുമാനം എടുക്കട്ടേ; ആ തീരുമാനം അംഗീകരിക്കുകയെന്നുള്ളതാണ് നമ്മുടെ ജനാധിപത്യ ഉത്തരവാദിത്വം. ആ നിലയിലുള്ള അധികാരം അന്ന് പഞ്ചായത്തുകൾക്ക് നൽകാൻ 1995-ൽ കേരളം ഭരിച്ചിരുന്ന ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റ് പ്രത്യേകമായ താൽപ്പര്യം എടുത്തു. ദൗർഭാഗ്യവശാൽ ഒരു വർഷത്തിനകത്ത് 1996-ൽ ഭരണമാറ്റമുണ്ടായി. ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യം ചെയ്തത് പഞ്ചായത്തുകൾക്ക് യു.ഡി.എഫ്. നൽകിയ അധികാരം കവർന്നെടുക്കുകയാണുണ്ടായത്.

ഒരു ഭാഗത്ത് അധികാര വികേന്ദ്രീകരണത്തെക്കുറിച്ചും ജനകീയാസൂത്രണത്തെക്കുറിച്ചും ആസൂത്രിത വികസനത്തെക്കുറിച്ചും അടിസ്ഥാനതല വികേന്ദ്രീകൃത ജനാധിപത്യത്തെക്കുറിച്ചും പറയുന്ന, എന്നാൽ മറുഭാഗത്ത് അധികാരം കിട്ടുമ്പോൾ ഇതുപോലെ നൽകപ്പെട്ട അധികാരങ്ങൾ പോലും പഞ്ചായത്തുകളിൽ നിന്നും ഗ്രാമസഭകളിൽ നിന്നും

കവർന്നെടുക്കാനുള്ള ശ്രമമാണ് നിങ്ങൾ അന്നുതൊട്ടേ തുടങ്ങിയത്. 1996-ൽ നായനാർ ഗവൺമെന്റ് കവർന്നെടുത്ത അധികാരം വീണ്ടും പഞ്ചായത്തുകൾക്ക് നൽകിയത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ്. ഇപ്പോൾ ഭരണമാറ്റം വന്നശേഷം ആ അധികാരം വീണ്ടും നിങ്ങൾ കവർന്നെടുക്കുകയാണ്. ഇത് ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. ഈ ഗവൺമെന്റിന്റെ മദ്യനയം ജനാധിപത്യ വിരുദ്ധമായി മുന്നോട്ട് പോകുന്നുവെന്നുള്ള അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ മാറുകയാണ്. അതോടൊപ്പം കഴിഞ്ഞ ഗവൺമെന്റിന്റെ മദ്യനയത്തിൽ മറ്റൊരുപാട് അട്ടിമറികൾ നിങ്ങൾ നടത്തി. സമയക്കുറവുകൊണ്ട് വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

എല്ലാ വർഷവും പത്ത് ശതമാനം ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ കുറച്ചുകൊണ്ടുവരുമെന്നുള്ള നയമുണ്ടായിരുന്നു. എന്റെ മണ്ഡലത്തിൽ ആദ്യഘട്ടത്തിൽ അവയെല്ലാം അടച്ചുപൂട്ടിയപ്പോൾ ആ നാട്ടിലെ ജനങ്ങൾ മുഴുവൻ വലിയ സന്തോഷത്തോടെയാണ് ഇരുന്നത്. നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അന്നത്തേതിനേക്കാൾ കൂടുതൽ സൗകര്യത്തോടുകൂടി കൂടുതൽ ജനവാസ മേഖലയിൽ ബിവറേജസ് ഔട്ട്ലെറ്റ് തുറന്നു പ്രവർത്തിക്കുന്ന സാഹചര്യമുണ്ടായി. അവിടെ പാടം നികത്തി നിർമ്മിച്ച കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വിദ്യാലയങ്ങളുടെയും ആരാധനാലയങ്ങളുടെയും 200 മീറ്ററെങ്കിലും അകലെ മാത്രമേ മദ്യഷാപ്പുകൾ ഉണ്ടാകാൻ പാടുള്ളൂവെന്നത് വരും തലമുറയോട് കാണിക്കേണ്ട സ്വാഭാവികമായ നീതി മാത്രമാണ്. നിങ്ങളുടെ ഗവൺമെന്റ് അത് കുറച്ച് 50 മീറ്ററാക്കിയിരിക്കുകയാണ്. അതായത് ഗേറ്റിൽ നിന്ന് 50 മീറ്റർ എന്ന് പറഞ്ഞാൽ ഒരു പക്ഷേ വിദ്യാലയത്തിന്റെ കോമ്പൗണ്ട് അവസാനിക്കുന്നതിന്റെ തൊട്ടടുത്ത ബിൽഡിംഗിൽ പോലും ഒരു ബാർ ഉണ്ടായാൽ അതിൽ നിയമപരമായ ഒരു തടസ്സവും ഉന്നയിക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. അതിനുവേണ്ടി ചില ബാറുകളുടെ ഗേറ്റ് മാറ്റി സ്ഥാപിക്കുന്ന അനുഭവമടക്കം ഉണ്ടാകുകയാണ്. വിദ്യാലയങ്ങളുടെയും ആരാധനാലയങ്ങളുടെയും തൊട്ടടുത്തടക്കം പുതിയ ബാറുകളും മദ്യവിൽപ്പനശാലകളും ആരംഭിക്കാൻ വേണ്ടി ഈ ഗവൺമെന്റ് തയ്യാറാകുകയാണ്.

ത്രീസ്റ്റാറിന് മുകളിലുള്ള ഹോട്ടലുകളിൽ വീണ്ടും ബാറുകൾ അനുവദിക്കുന്നു. പലപ്പോഴും കോടതി വിധികൾ നിങ്ങൾക്ക് ഒഴിവുകഴിവായി മാറുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് സുപ്രീംകോടതി വരെ കേസുനടത്തി ഗവൺമെന്റിന്റെ മദ്യനയത്തെ ഇച്ഛാശക്തിയോടുകൂടി മുന്നോട്ടുകൊണ്ടുപോയി സുപ്രീംകോടതിയെക്കൊണ്ട് അംഗീകരിപ്പിച്ച് എടുക്കുകയാണ് ചെയ്തത്. ഇവിടെ നിങ്ങൾ ഓരോ കോടതി വിധി

വരുമ്പോഴും അതിന്റെ മറപിടിച്ച് അതിനെ ഒരു അവസരമാക്കി മാറ്റി മദ്യ മുതലാളിമാരെ സഹായിക്കുന്നതിനുള്ള തീരുമാനങ്ങളെടുത്ത് മുന്നോട്ട് പോകുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 400-ഓളം കള്ളുഷാപ്പുകളും 150-ഓളം ബിയർ, വൈൻ പാർലറുകളും പത്ത് ബാറുകളും പുതിയതായി തുറന്നു. പതിനായിരത്തിൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ മുഴുവൻ നഗരപ്രദേശങ്ങളായി പരിഗണിക്കണമെന്ന് പറഞ്ഞുകൊണ്ട് കേരളത്തെ മുഴുവൻ ഇതിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുകയാണ്. കേരളത്തിൽ പതിനായിരത്തിൽ താഴെ ജനസംഖ്യയുള്ള എത്ര പഞ്ചായത്തുകളുണ്ട്. വളരെ അപൂർവ്വം പഞ്ചായത്തുകൾ മാത്രമേ കാണുകയുള്ളൂ. മിക്കവാറും പഞ്ചായത്തുകളിലും ഇരുപതിനായിരത്തിനും മുപ്പതിനായിരത്തിനും ഇടയ്ക്കാണ് ജനസംഖ്യ. കേരളത്തിലെ മഹാഭൂരിപക്ഷം പഞ്ചായത്തുകളെയും എല്ലാത്തരം നിയന്ത്രണങ്ങളിൽനിന്നും ഒഴിവാക്കി അവിടെ മുഴുവൻ നിർബാധം പുതിയ മദ്യഷാപ്പുകൾ ആരംഭിക്കാനുള്ള അവസരം നിങ്ങൾ ഒരുക്കിക്കൊടുക്കുകയാണ്.

മദ്യഷാപ്പുകൾ അടച്ചുപൂട്ടിയ സാഹചര്യത്തിൽ കഞ്ചാവിന്റെയും മയക്കു മരുന്നിന്റെയും അതുപോലെ കൂടുതൽ അപകടകരമായിട്ടുള്ള ലഹരി പദാർത്ഥങ്ങളുടെയും വിൽപ്പന വ്യാപകമാകുന്നു എന്നാണ് മദ്യഷാപ്പുകൾ തുറക്കാൻ വേണ്ടി നിങ്ങൾ ഉന്നയിച്ചിരുന്ന ന്യായവാദം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം രണ്ട് വർഷത്തിനകത്ത് ആ മേഖലയിൽ ഏതെങ്കിലും തരത്തിൽ കുറവ് വരുത്താൻ സാധിച്ചിട്ടുണ്ടോ? എക്സൈസ് വകുപ്പിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്, 2011-12 വർഷത്തിൽ 1193 കിലോ ഗ്രാം കഞ്ചാവ് പിടിച്ചിട്ടുണ്ട്. എന്നാൽ 2016-17-ൽ 921 കിലോ ഗ്രാമും 2017-18-ൽ ഏതാണ്ട് 800 കിലോ ഗ്രാമും മാത്രമാണ് പിടിച്ചിട്ടുള്ളത് എന്നാണ് കണക്കുകളിലൂടെ ഞാൻ മനസ്സിലാക്കുന്നത്. കഞ്ചാവ് പിടിക്കാനോ അല്ലെങ്കിൽ ലഹരി പദാർത്ഥങ്ങൾ കുറച്ചുകൊണ്ടുവരാനോ നിങ്ങൾക്ക് യാതൊരു തരത്തിലുള്ള താൽപ്പര്യവും കാണുന്നില്ല എന്നുള്ളതാണ് അവസ്ഥ. ഞാൻ സമ്പൂർണ്ണ മദ്യനിരോധനത്തിനുവേണ്ടി വാദിക്കുന്ന ആളൊന്നുമല്ല. ഒരു ജനാധിപത്യ സമൂഹത്തിൽ, ലിബറൽ സമൂഹത്തിൽ വ്യക്തി സ്വാതന്ത്ര്യങ്ങളുടെ ഭാഗമായി ഇത്തരത്തിലുള്ള അവസരങ്ങൾ പൂർണ്ണമായും നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകരുതെന്നാണ് നമ്മുടെയൊക്കെ കാഴ്ചപ്പാട്. മദ്യത്തിന്റെ ഉപയോഗം പരമാവധി കുറച്ചുകൊണ്ടുവരണമെന്നുള്ളതാണല്ലോ സോഷ്യൽ പോളിസി എന്ന് പറയുന്നത്. ഇതിന്റെ അപകടങ്ങളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തി അതിൽ നിന്ന് അവരെ മോചിപ്പിക്കണമെന്നുള്ളതാണ്. ആ നിലയിൽ മദ്യവർജ്ജനമെന്ന നിങ്ങളുടെ പ്രഖ്യാപിത ലക്ഷ്യം എത്രത്തോളം വിജയം കണ്ടിട്ടുണ്ടെന്നുള്ളത് സംബന്ധിച്ച് കണക്കുകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കാൻ കേരളത്തിൽ ഇപ്പോൾ സമയമായി എന്നാണ് തോന്നുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് രണ്ട് വർഷമായി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മദ്യവർജ്ജനം എന്ന് പറയുന്ന പ്രഖ്യാപിത ലക്ഷ്യവുമായി നിങ്ങൾ മുന്നോട്ട് പോകുകയാണ്. അത് പരാജയപ്പെട്ടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം ഒരു ഭാഗത്ത് മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്ന, പ്രാപ്യത വർദ്ധിപ്പിക്കുന്ന, ആ നിലയിലുള്ള പ്രോത്സാഹനങ്ങൾ നൽകുകയും മറുഭാഗത്ത് നിങ്ങൾ സാരോപദേശം നടത്തുകയും ചെയ്യുന്നു. എന്ത് തന്നെയായാലും ശരി, അത് വിജയിക്കുകയാണെങ്കിൽ ഞങ്ങൾക്ക് വിരോധമില്ല. അതിന്റെ ഭാഗമായി കേരളത്തിന്റെ മദ്യ ഉപഭോഗം കുറയുകയാണെങ്കിൽ സന്തോഷമാണ്. അത്തരത്തിൽ കണക്കുകൾ സഹിതം വിശദീകരിക്കാൻ ഈ ഗവൺമെന്റിന് ബാദ്ധ്യതയുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. പക്ഷേ കണക്കുകൾ മറിച്ചാണ് സൂചിപ്പിക്കുന്നത്. ഇക്കാര്യത്തെക്കുറിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ ഈ ഗവൺമെന്റ് അമാന്തിക്കരുത്. അതിനുള്ള ഇച്ഛാശക്തി ഈ ഗവൺമെന്റ് കാണിക്കണം. രണ്ട് വർഷത്തിനുള്ളിൽ ഇതുകൊണ്ടുണ്ടായ നേട്ടമെന്താണ്? പരസ്യ കമ്പനികൾക്ക് കുറേ പരസ്യം നൽകുന്നതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ പ്രവർത്തനമെന്ന് പറയുന്നത്. കോടിക്കണക്കിന് രൂപയുടെ പരസ്യം നൽകി ശ്രീ. നരേന്ദ്ര മോദിക്ക് പഠിക്കുകയാണ് കേരളത്തിലെ ഗവൺമെന്റ്. ആ നിലയ്ക്ക് പരസ്യ കമ്പനികൾക്ക് മാത്രമാണോ ഇതുകൊണ്ടുള്ള നേട്ടം; യഥാർത്ഥത്തിൽ മദ്യ ഉപഭോഗം കുറയുന്നുണ്ടോ എന്നുള്ളത് വളരെ ഗൗരവതരമായി ചർച്ച ചെയ്യേണ്ട കാര്യമാണ്. ലോകവ്യാപകമായി വളരെ ഗുരുതരമായ ഭീഷണിയായി ആധുനിക സമൂഹങ്ങളൊക്കെ ഇതിനെ കാണുന്നുണ്ട്. ഭക്ഷണത്തിന്റെ ഭാഗമായി മദ്യത്തെ സ്വീകരിക്കുന്ന സംസ്കാരമുള്ള യൂറോപ്യൻ, അമേരിക്കൻ രാജ്യങ്ങൾപോലും മദ്യത്തിന്റെ ആപത്തുകളെക്കുറിച്ചും ഉപയോഗം കുറച്ചുകൊണ്ടു വരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഗൗരവതരമായ ചർച്ചകളിലേയ്ക്ക് മാറുന്നുണ്ട്. കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളിൽ ലോകത്താകെ മദ്യ ഉപഭോഗം വലിയ രീതിയിൽ വർദ്ധിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മദ്യം ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട അസുഖങ്ങൾമൂലം ഓരോ വർഷവും ഏതാണ്ട് 30 ലക്ഷം ആളുകൾ മരണപ്പെടുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. മദ്യ ഉപഭോഗംമൂലം ഏതാണ്ട് അറുപതോളം വിവിധതരം രോഗങ്ങൾ വരുത്തിവയ്ക്കുന്നുവെന്നാണ് ഗവേഷകരും ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവരും സൂചിപ്പിക്കുന്നത്. ഇന്ത്യയിലെ അവസ്ഥയും ഇതാണ്. ഓരോ വർഷവും 2000 കോടി ലിറ്റർ മദ്യം ഇന്ത്യയിൽ ഉപയോഗിക്കുകയാണ്. മദ്യത്തിന്റെ മൂന്നാമത്തെ വലിയ വിപണിയായി ആഗോളതലത്തിൽ ഇന്ത്യ മാറുകയാണ്. 30 ശതമാനം വളർച്ചയാണ് ഈ മേഖലയിൽ കാണുന്നത്. ഓരോ

മേഖലയിലും മദ്യത്തിന്റെ ഉപഭോഗം വർദ്ധിക്കുന്ന അവസ്ഥയിലേയ്ക്ക് ഈ നാട് മാറുന്നു എന്നുള്ളതാണ്. മദ്യവുമായി ബന്ധപ്പെട്ട് ഏതാണ്ട് ഒന്നര ലക്ഷം കോടി രൂപയുടെ വിറ്റുവരവ് രാജ്യത്തുണ്ടാകുകയാണ്. മദ്യത്തെ ഭക്ഷണത്തിന്റെ ഭാഗമായി തലമുറകളായി സ്വീകരിച്ചിട്ടുള്ള സമൂഹത്തെക്കാൾ ഇരട്ടിയാണ് ഇന്ത്യയിൽ മദ്യ ഉപഭോഗത്തിന്റെ അളവ്. കുറച്ച് ആളുകൾ മാത്രമേ മദ്യം ഉപയോഗിച്ച് തുടങ്ങിയിട്ടുള്ളൂ. ഏതാണ്ട് ആറര കോടി ആളുകളാണ് മദ്യ ഉപഭോക്താക്കളായി ഇപ്പോഴും ഇന്ത്യയിൽ നിലനിൽക്കുന്നതെങ്കിലും അവരുടെ ശരാശരി ഉപഭോഗം ആഗോള ശരാശരിയേക്കാൾ ഇരട്ടിയിലധികമാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഇവിടെ മദ്യവുമായി ബന്ധപ്പെട്ട ചർച്ചയാണ് നടക്കുന്നത്. സി.പി.ഐ.(എം)-നെ സംബന്ധിച്ചിടത്തോളം പൊതുവിൽ അവരുടെ കേഡർമാരും മറ്റും മദ്യപിക്കാൻ പാടില്ലെന്നാണ്. എന്നാൽ രഹസ്യമായി മദ്യം ഉപയോഗിക്കുന്നുണ്ടോയെന്ന് നിങ്ങൾ ചോദിക്കും. അത്തരത്തിലുള്ളവരെ നിങ്ങൾ കാണിച്ചുതന്നാൽ അവർക്കെതിരെ നടപടി സ്വീകരിക്കും. മദ്യപിക്കുന്നവർക്ക് സീറ്റ് കൊടുക്കുകയില്ല, മദ്യപിക്കുന്ന ആളുകളെ സ്ഥാനങ്ങളിലേയ്ക്ക് ഉയർത്തുകയില്ല, ബാർ മുതലാളിമാരുമായി ബന്ധം സ്ഥാപിക്കുകയില്ല, ബാർ മുതലാളിമാർക്ക് സീറ്റ് കൊടുക്കുകയില്ല എന്നുള്ള നിലപാട് കോൺഗ്രസ് പാർട്ടിക്ക് സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, സി.പി.ഐ.(എം)-ന്റെ കാര്യം നമുക്കറിയാമല്ലോ. കോട്ടയം സമ്മേളനത്തിൽ, കള്ള് കുടിച്ച് ഇവിടെ പ്രശ്നമുണ്ടാക്കരുത്, ഇത് ഉഷാ ഉതുപ്പിന്റെ ഗനമേളയല്ലായെന്ന് നിങ്ങളെയൊക്കെ ചൂണ്ടിയാണല്ലോ ശ്രീ. പിണറായി വിജയൻ പറഞ്ഞത്. അപ്പോൾ നിങ്ങളുടെ സംസ്ഥാന സമ്മേളനത്തിൽപ്പോലും കള്ള് കുടിച്ച് ബഹളമുണ്ടാക്കുന്നവരുണ്ട്. ഇപ്പോൾ അതിനെക്കുറിച്ച് ഒരു തർക്കത്തിലേയ്ക്ക് പോകണ്ട. ഞാനൊരു പോളിസിയെക്കുറിച്ചാണ് പറയുന്നത്. ഈ ലോകത്ത് മദ്യത്തിന്റെ ഉപഭോഗമുണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകളുണ്ടാകുമ്പോൾ ഈ നിലയിൽ രാഷ്ട്രീയമായി അതിനെ വഴിതിരിച്ചുവിടണമോയെന്ന് ബഹുമാനപ്പെട്ട യുവ അംഗം ശ്രദ്ധിച്ചാൽ അത് അദ്ദേഹത്തിന് നല്ലതാണെന്നേ എനിക്ക് പറയാനുള്ളൂ. ഏതായാലും ഞാൻ ആ നിലയിലേയ്ക്ക് പോകുന്നില്ല. എന്റെ വിഷയത്തിലേയ്ക്ക് തിരിച്ചുവരികയാണ്.

ഇപ്പോൾ ഈ രാജ്യത്ത് മദ്യം ഉപയോഗിക്കുന്ന ആറര കോടി ആളുകളുണ്ട്. മദ്യം ഉപയോഗിക്കുന്ന എല്ലാവരും മോശക്കാരാണെന്നുള്ള അഭിപ്രായമൊന്നും എനിക്കില്ല. ഓരോരുത്തരുടെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെ ഭാഗമാണത്.

അതിനുള്ള മാന്യമായ അവസരം ഒരുക്കിക്കൊടുക്കുകയെന്ന ഉത്തരവാദിത്തം സ്റ്റേറ്റിനുമുണ്ട്. ഒരു റെസ്പോൺസിബിൾ ഡ്രിങ്കിംഗ് ഹാബിറ്റിലേയ്ക്ക് ആളുകളെ മാറ്റാൻ സാധിക്കണം. ഇന്ത്യയിലെ മദ്യ ഉപഭോക്താക്കളിൽ 80 ശതമാനവും ഹാർഡ് ലിക്വർ ആണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അത് സാധാരണഗതിയിൽ ഉപയോഗിക്കുന്നതിന്റെ ഇരട്ടി അളവിലാണ്. മിതമായ അളവിൽ മദ്യം ഉപയോഗിക്കേണ്ടത് എങ്ങനെയാണെന്നുള്ളതിനെക്കുറിച്ചുള്ള സാംസ്കാരികമായ പരിശീലനം ഇവിടെ ഉണ്ടാകുന്നില്ല. ആ നിലയിലുള്ള പ്രശ്നമാണ് അമിതമായ മദ്യാസക്തിയിലേയ്ക്കും അതുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളിലേയ്ക്കും മാറുന്നത്. മദ്യ ഉപഭോഗം ആരോഗ്യ മേഖലയിലുണ്ടാകുന്ന വലിയ അപാകതകളെക്കുറിച്ച് ശാസ്ത്ര സഹിത്യപരിഷത്ത് അടക്കമുള്ള സംഘടനകൾ പഠനം നടത്തിയിട്ടുണ്ട്. കേരളത്തിലെ ഒരു വ്യക്തി ചികിത്സയ്ക്കായി ഓരോ വർഷവും ആറായിരം രൂപ സ്വന്തം കയ്യിൽനിന്ന് ചെലവാക്കേണ്ടിവരുന്നുവെന്നാണ് പരിഷത്തിന്റെ പഠനത്തിൽ പറയുന്നത്. കേരളത്തിലെ ഏതാണ്ട് 3 കോടി ജനങ്ങൾ ഏതാണ്ട് ഇരുപതിനായിരം കോടി രൂപ വ്യക്തികളെന്ന നിലയിൽ ചികിത്സയ്ക്കുവേണ്ടിയും ആരോഗ്യ രംഗത്തെ ചെലവുകൾക്കുവേണ്ടിയും സ്വന്തം പോക്കറ്റിൽനിന്നും നീക്കിവയ്ക്കേണ്ടിവരുന്നുണ്ട്. ഇതിൽനിന്നും ലഭിക്കുന്ന വരുമാനത്തെക്കുറിച്ച് നമ്മൾ ചിന്തിക്കുമ്പോൾ ഈ പ്രശ്നത്തെക്കുറിച്ചുകൂടി അഡ്രസ് ചെയ്യാൻ സാധിക്കണം. ഇതൊക്കെ വച്ചുകൊണ്ടുള്ള പോളിസി മേക്കിംഗ് ഉണ്ടാകണമെന്നേ പറയുന്നുള്ളൂ. അല്ലാതെ ഏതെങ്കിലും ചില വ്യക്തികളെ മാറ്റിനിർത്തുക, രാഷ്ട്രീയ പാർട്ടികളെ കുറ്റം പറയുക എന്നുള്ളതല്ല. ഈ ഗവൺമെന്റിന്റെ പോളിസി എന്താണ്? ഗവൺമെന്റ് ആ നിലയിലുള്ള പോളിസിയുമായി മുന്നോട്ട് പോകുമ്പോൾ അത് എത്രത്തോളം ഇഫക്റ്റീവാണ്. നിങ്ങളുടെ രണ്ട് വർഷത്തെ അനുഭവമെന്താണ്? അത് ധവളപത്രത്തിലൂടെ കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കാനുള്ള ഉത്തരവാദിത്തം സർക്കാരിനുണ്ടെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള ഫ്ലിംസിയായിട്ടുള്ള ആർഗ്യുമെന്റിലേയ്ക്ക് വഴിതിരിച്ചുവിട്ടുകൊണ്ട് ഈ ചർച്ചയുടെ പ്രാധാന്യത്തെ വിലകുറച്ച് കാണാനാണ് ആഗ്രഹിക്കുന്നതെങ്കിൽ അങ്ങനെയാകാം. പക്ഷേ ചോദ്യങ്ങൾ ചോദ്യങ്ങളായിത്തന്നെ നിലനിൽക്കുകയാണ്. മുന്നോട്ടുള്ള വഴി എന്താണെന്നുള്ളതിനെക്കുറിച്ച് കൃത്യമായി പറയാൻ ഗവൺമെന്റിന് സാധിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഏതായാലും കൂടുതൽ ദീർഘമായി ഞാൻ സംസാരിക്കുന്നില്ല. റോഡപകടങ്ങളുടെ കാര്യത്തിൽ ഏതാണ്ട് 44 ശതമാനവും മദ്യവുമായി ബന്ധപ്പെട്ടതാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അത്തരം കാര്യങ്ങളിലൊക്കെ കർശനമായ നിലപാടുകൾ

വേണം. അബ്കാരി വകുപ്പ് അല്ലെങ്കിൽ എക്സൈസ് വകുപ്പിനെക്കുറിച്ച് ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങളും പരിശോധിക്കണം. മദ്യനയം ആവിഷ്കരിക്കുമ്പോൾ അത് ആരോഗ്യ മേഖലയിലും കുടുംബ ബന്ധങ്ങളിലുമുണ്ടാക്കുന്ന പ്രശ്നങ്ങൾ, ഏതാണ്ട് 80 ശതമാനത്തോളം വിവാഹ മോചന കേസുകളും മദ്യത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ടാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മറ്റ് കുറ്റകൃത്യങ്ങളിലും മദ്യത്തിന് നല്ല പങ്കുണ്ട്. ലൈംഗിക കുറ്റകൃത്യങ്ങളിൽ വലിയൊരു പങ്ക് മദ്യത്തിനുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സമൂഹത്തിന്റെ മാഫിയാ വൽക്കരണം, ക്വട്ടേഷൻ സംഘങ്ങൾ ഇതൊക്കെ ഒരു നെക്സസായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതിനെ സമഗ്രമായി കണ്ടുകൊണ്ടുള്ള ഒരു നയം രൂപീകരിക്കാനും അതിനെ മുന്നോട്ട് കൊണ്ടുപോകാനും ഗവൺമെന്റിന് സാധിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മദ്യം കൈകാര്യം ചെയ്യാനുള്ള പ്രായം 21 വയസ് എന്നുള്ളത് 23 ആയി ഉയർത്താനാണ് ഈ നിയമം കൊണ്ടുവരുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ് 18 വയസ്സിൽനിന്ന് 21 വയസ്സ് ആക്കിയത്. പക്ഷേ മദ്യം ഉപയോഗിക്കുന്ന ആളുകളുടെ starting age പലപ്പോഴും 13 വയസ്സാണ്. 21 വയസ് ഇപ്പോൾത്തന്നെ ഗ്യാപുണ്ട്. പക്ഷേ 13 വയസ്സിൽത്തന്നെ കുട്ടികൾ മദ്യം ഉപയോഗിച്ച് തുടങ്ങുന്നു. 21 വയസ്സെന്നുള്ളത് 23 ആക്കിയതുകൊണ്ട് പ്രത്യേകിച്ച് എന്തെങ്കിലും നേട്ടങ്ങളുണ്ടാകുമോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, 13 വയസ്സെന്നുള്ള പ്രചരണം നമ്മൾ തന്നെ കൊടുക്കേണ്ട.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഫാക്ട്സ് വച്ചുകൊണ്ടല്ലേ നിയമസഭയിൽ ചർച്ച ചെയ്യുന്നത്. ഇത് മൂടിവയ്ക്കാനുള്ള സ്ഥലം അല്ലല്ലോ. ഈ നാടിനെ സംബന്ധിച്ച പ്രധാനപ്പെട്ട കാര്യങ്ങൾ ഫാക്ട്സ് വച്ചുകൊണ്ട് ചർച്ച ചെയ്യാനുള്ള വേദിയാണിത്. നമ്മൾ പറഞ്ഞില്ലെന്നുവച്ച് ഈ നാട് അത് അറിയാതിരിക്കുന്ന കാലമൊക്കെ പോയി. ഈ കണക്കുകൾ ഓരോന്നും ഇന്ന് എല്ലാവരുടെയും വിരൽ തുമ്പിലുണ്ട്. സ്കൂൾ കുട്ടികളടക്കം മദ്യത്തിന്റെ പിടിയിലാകുന്നുവെന്നുള്ളത് അനുഭവങ്ങൾ സൂചിപ്പിക്കുകയാണ്. 21 വയസ്സെന്നുള്ളത് 23 ആക്കിയതുകൊണ്ട് നാമമാത്രമായ പ്രവർത്തനം മാത്രമേ ആകുന്നുള്ളൂ. ഞങ്ങളും മദ്യത്തിനെതിരെ എന്തൊക്കെയോ ചെയ്യുന്നുണ്ടെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമത്തിനപ്പുറം അതിന് പ്രായോഗികത പോരെന്നാണ് എനിക്ക് പറയാനുള്ളത്. അതോടൊപ്പം ഇതിനോടനുബന്ധമായി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്നതിനെക്കുറിച്ച് കൃത്യവും ദീർഘവീക്ഷണപരവും

സമഗ്രവുമായിട്ടുള്ള കാഴ്ചപ്പാട് ഉയർത്തിക്കൊണ്ടുവരാൻ ദൗർഭാഗ്യവശാൽ ഈ ഗവൺമെന്റിന് ഇതുവരെ സാധിച്ചിട്ടില്ല. ഈ ഗവൺമെന്റിന്റെ ഇതുവരെയുള്ള പ്രവർത്തനം ശുഭസൂചകമായിട്ടല്ല നിൽക്കുന്നതെന്നുള്ളതുകൊണ്ടാണ് ഈ വിമർശനം ഇവിടെ ഉന്നയിക്കേണ്ടതായി വരുന്നത്. ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ഈ ഭേദഗതിയിൽ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ യുവജനങ്ങൾക്കിടയിൽ മദ്യത്തിന്റെ ഉപയോഗം നിയന്ത്രിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നുവെന്നും അതിനനുസൃതമായി മദ്യം ഉപയോഗിക്കുന്നതിനും വാങ്ങുന്നതിനുമുള്ള പരമാവധി പ്രായപരിധി 21 വയസ്സിൽനിന്ന് 23 വയസ്സായി ഉയർത്തുവാനും 23 വയസ്സിന് താഴെയുള്ളവർക്ക് മദ്യം വില്പന നടത്തുന്നത് നിരോധിക്കുവാനും സർക്കാർ തീരുമാനിച്ചു എന്നുമാണ് പറയുന്നത്. ഒരു മദ്യശാലയിലും മദ്യം വാങ്ങാൻ ചെല്ലുമ്പോൾ ജനന സർട്ടിഫിക്കറ്റ് ചോദിക്കുന്നില്ല. ഇനിയങ്ങോട്ട് ജനന സർട്ടിഫിക്കറ്റ് ചോദിക്കുമോയെന്ന് എനിക്കറിയില്ല. കഴിഞ്ഞ ദിവസം 18 വയസ്സിന് താഴെയുള്ള ചെറുപ്പക്കാരാണ് കഴക്കൂട്ടം ടൗണിൽ പുതുതായി തുടങ്ങിയ ബാറിൽ പോയി മദ്യപിച്ച് റോഡിലിറങ്ങി 24 വാഹനങ്ങൾ അടിച്ചുതകർത്തത്. വയസ്സിന്റെ പരിധി കൂട്ടിയതുകൊണ്ടുമാത്രം മദ്യപാനത്തിന്റെ കുറവ് യുവാക്കൾക്കിടയിലുണ്ടാകാൻ പോകുന്നില്ല.

ബഹുമാനപ്പെട്ട മന്ത്രി ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രിക വായിച്ചുകാണുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ 67-ാം പേജിൽ, 552-ൽ മദ്യനയത്തെക്കുറിച്ച് പറയുന്നുണ്ട്. മദ്യം കേരളത്തിൽ ഗുരുതരമായ ഒരു സാമൂഹ്യ വിപത്തായി മാറിയിട്ടുണ്ട്. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകരമായ നയമായിരിക്കും ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ സ്വീകരിക്കുന്നത്. മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഇന്നുള്ളതിനെക്കാൾ ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ഇതിനായി സാക്ഷരതാ പ്രസ്ഥാനത്തിന്റെ മാതൃകയിൽ അതിവിപുലമായ ഒരു ജനകീയ ബോധവത്ക്കരണ പ്രസ്ഥാനത്തിന് രൂപം നൽകും. ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കും. മദ്യവർജ്ജന സമിതിയും സർക്കാരുമായുള്ള സഹകരണം ശക്തിപ്പെടുത്തും. ഇത് എൽ.ഡി.എഫ്.ന്റെ പ്രകടനപത്രികയാണ്.(പത്രിക ഉയർത്തിക്കാണിച്ചു.) അങ്ങിത് വായിച്ചുകാണുമെന്നാണ് എന്റെ വിശ്വാസം. പടിപടിയായി മദ്യത്തിന്റെ വ്യാപനം കുറയ്ക്കുമെന്ന് എൽ.ഡി.എഫ്.ന്റെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ അങ്ങ് കഴിഞ്ഞയാഴ്ച (6-6-2018-ൽ) ഈ നിയമസഭാ സമ്മേളനത്തിൽ ശ്രീ. എൻ. ഷംസുദ്ദീനും ശ്രീ. മുല്ലക്കര രത്നാകരനും നൽകിയിട്ടുള്ള മറുപടിയാണിത്.

2016 മേയ് മുതൽ 2018 മേയ് വരെ സംസ്ഥാനത്ത് പുതിയ എത്ര ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോയെന്ന ചോദ്യത്തിന് അങ്ങ് നൽകിയ മറുപടി 86 പുതിയ ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്നാണ്. മദ്യം പടിപടിയായി കുറച്ചു കൊണ്ടുവരുമെന്നാണ് ഇടതുപക്ഷമുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞത്. എന്നാൽ രണ്ടുവർഷം തികയുമ്പോൾ പുതിയ 86 ബാറുകൾക്ക് ലൈസൻസ് നൽകിയെന്നാണ് മന്ത്രി നൽകിയിട്ടുള്ള മറുപടി.

യു.ഡി.എഫ്. സംസ്ഥാനം ഭരിക്കുമ്പോൾ ഘട്ടംഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 713 ബാറുകളാണ് അടച്ചുപൂട്ടിയത്. യു.ഡി.എഫ്.ന്റെ ഭരണകാലഘട്ടത്തിൽ അടച്ചുപൂട്ടിയ ബാറുകളൊന്നും ഞങ്ങൾ വന്നാൽ തുറക്കില്ലായെന്നാണ് എൽ.ഡി.എഫ്. പറഞ്ഞത്. ശ്രീ. വി. ടി. ബൽറാം സൂചിപ്പിച്ചുപോലെ, സി.പി.ഐ.(എം)-ന്റെ ദേശീയ സെക്രട്ടറി സഖാവ് സീതാറാം യെച്ചൂരി യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അടച്ചുപൂട്ടിയ ഒരു ബാറും ഞങ്ങൾ തുറക്കില്ലെന്ന് പറഞ്ഞിരുന്നു.

<u>ശ്രീ. കെ. ദാസൻ</u>: സർ, 1968 വരെ മദ്യനിരോധനം സമ്പൂർണ്ണമായി നടപ്പിലാക്കിയ ഒരു പ്രദേശമായിരുന്നു മലബാർ. അന്ന് ആരെങ്കിലും മദ്യപിച്ചാൽ അത് മണത്താൽ വരെ പോലീസ് അറസ്റ്റ് ചെയ്തുകൊണ്ടുപോകുമായിരുന്നു. അന്ന് മുസ്ലീം ലീഗിന്റെ പങ്കുള്ള ഒരു ഗവൺമെന്റല്ലേ മദ്യനിരോധനം പിൻവലിച്ചത്?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഇക്കാര്യമൊക്കെ ഈ സഭയിൽ തന്നെ എത്ര പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. അതൊക്കെ ചർവ്വിതചർവ്വണം പോലെ പറഞ്ഞിട്ട് കാര്യമില്ല. ഇപ്പോൾ ഇവിടെ പ്രകടനപത്രികയിൽ പറഞ്ഞ വാഗ്ദാനം കാറ്റിൽ പറത്തി 86 പുതിയ ബാറുകൾക്ക് ലൈസൻസ് കൊടുത്തുവെന്ന് പറയുമ്പോൾ 1967-ലെ കാര്യം പറഞ്ഞിട്ട് കാര്യമില്ല. 2018-ലെ കാര്യമാണ് ഇപ്പോൾ പറയുന്നത്. ഞങ്ങൾ അടച്ചുപൂട്ടിയ ബാറുകളൊന്നും തുറക്കില്ലായെന്നാണ് പറഞ്ഞിരുന്നത്. ദേശീയ പാതയുടെയും സംസ്ഥാന പാതയുടെയും 500 മീറ്റർ അകലത്തിലുള്ള ബാറുകൾ അടച്ചുപൂട്ടണമെന്ന് സുപ്രീംകോടതി പറഞ്ഞു. നമ്മുടെ ഗവൺമെന്റ് അതിനെതിരായി സുപ്രീംകോടതിയിൽ പോയി. പടിപടിയായി മദ്യത്തിന്റെ വ്യാപനം കുറയ്ക്കുമെന്ന് പറഞ്ഞ ഗവൺമെന്റ് സുപ്രീംകോടതി വിധിയുടെ മറ പിടിച്ചെങ്കിലും ആ ബാറുകൾ അടച്ചുപൂട്ടാൻ തീരുമാനിക്കുന്നതിനുപകരം അവ തുറക്കുന്നതിനുവേണ്ടി കേരളത്തിലെ 10,000 ജനസംഖ്യയുള്ള പഞ്ചായത്തുകളെ മുഴുവൻ നഗരമേഖലയാക്കി കണക്കാക്കി ബാറുകൾ തുറക്കണം, ബാറുകൾ അനുവദിക്കണമെന്ന നിലപാടാണ് സ്വീകരിച്ചത്.

യു.ഡി.എഫ്. സംസ്ഥാനം ഭരിക്കുമ്പോൾ ആരാധനാലയങ്ങളുടെയും ശ്മശാനങ്ങളുടെയും വിദ്യാലയങ്ങളുടെയുമൊക്കെ സമീപം 200 മീറ്റർ ചുറ്റളവിൽ മദ്യശാലകൾ പാടില്ലായെന്നായിരുന്നു നിലപാട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായി മദ്യവും ലഹരി വസ്തുക്കളും ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ 50 മീറ്റർ ചുറ്റളവിൽ മദ്യശാലയാകാമെന്നാണ് തീരുമാനിച്ചത്. ആരാധനാലയങ്ങളുടെയും ശ്മശാനങ്ങളുടെയും പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെയുമൊക്കെ 50 മീറ്റർ ചുറ്റളവിൽ മദ്യശാലയാകാമെന്നാണ്. ഞങ്ങളുടെ ഭരണകാലത്ത് ബാറുകൾ തമ്മിലുള്ള അകലം നഗരപ്രദേശങ്ങളിൽ ഒരു കിലോമീറ്ററും ഗ്രാമപഞ്ചായത്തുകളിൽ മൂന്ന് കിലോമീറ്ററും വേണമെന്നുള്ളതായിരുന്നു. ഇപ്പോൾ അത് കേവലം 200 മീറ്ററാക്കി ചുരുക്കി. എവിടെ വേണമെങ്കിലും പെട്ടിക്കട തുടങ്ങുന്നതുപോലെ ബാറുകൾ തുടങ്ങാമെന്നതാണ് ഈ ഗവൺമെന്റിന്റെ നിലപാട്.

ഇതിനോടൊപ്പം പറയുന്ന മറ്റൊരു ഭേദഗതി, അബ്കാരി ആക്ടിലെ 1077-ലെ 57-ാം വകുപ്പ് (എ) ഖണ്ഡിക പ്രകാരം, ഏതെങ്കിലും ലൈസൻസി അയാൾ വിൽക്കുകയോ ഉല്പാദിപ്പിക്കുകയോ ചെയ്യുന്ന മദ്യത്തിൽ അതിന്റെ യഥാർത്ഥമായതോ പ്രകടമായതോ ആയ ലഹരി സ്വഭാവമോ വീര്യമോ വർദ്ധിപ്പിക്കുവാൻ സാദ്ധ്യതയുള്ള ഏതെങ്കിലും ചേരുവ കൂട്ടിക്കലർത്തുകയോ കൂട്ടിക്കലർത്തുവാൻ അനുവദിക്കുകയോ ചെയ്യുന്നത് 5 വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റമായിരുന്നു. അതിനാൽ സ്റ്റാർച്ച് മദ്യത്തിൽ കലർത്തുന്നതിനും മേൽ പറഞ്ഞ ശിക്ഷയാണ് വ്യവസ്ഥ ചെയ്തിരുന്നത്. കള്ള് വ്യവസായ മേഖലയിലെ തൊഴിലാളികൾക്കും ലൈസൻസികൾക്കും ഇത് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിരുന്നു. പരമ്പരാഗത വ്യവസായമെന്ന നിലയിൽ കള്ള് വ്യവസായമേഖലയിലെ തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കേണ്ടത് ആവശ്യമാണ്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ താരതമ്യേന ഹാനികരമല്ലാത്ത സ്റ്റാർച്ച്, മദ്യത്തിൽ കലർത്തുന്നതിനുള്ള ശിക്ഷ ലഘൂകരിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും പ്രസ്തുത കുറ്റം രാജിയാക്കാവുന്ന കുറ്റമായി വ്യവസ്ഥ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ആവശ്യത്തിലേയ്ക്ക് അബ്കാരി ആക്ടിലെ 1077-ലെ (1) അനുയോജ്യമായി ഭേദഗതി ചെയ്യാൻ തീരുമാനിക്കുന്നു. കള്ളിന് വീര്യം പോരെന്നാണ് ഈ ഗവൺമെന്റിന്റെ കണ്ടെത്തൽ. കള്ളിന് വീര്യം കൂട്ടാൻ വേണ്ടി ആർക്കും എന്തും ചേർക്കാം. യഥാർത്ഥത്തിൽ ഇപ്പോൾ എവിടെയാണ് കള്ള് ചെത്തുന്നത്? ചിറ്റൂരും കുട്ടനാട്ടുമുള്ള ചില സ്ഥലങ്ങളിൽ കള്ള് ചെത്തുന്നുണ്ട്. മറ്റൊരിടത്തും കള്ള് ചെത്ത് നടക്കുന്നില്ല. ചൈനയിൽനിന്ന് കൊണ്ടുവന്നിട്ടുള്ള ഒരു വെള്ള പേസ്റ്റ് വലിയ ചെമ്പിൽ കലക്കി കള്ളെന്ന് പറഞ്ഞ് വിതരണം ചെയ്യുകയാണ്. കള്ള് ചെത്ത് തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കാനെന്ന്

പറഞ്ഞാണ് ഇപ്പോൾ വീര്യം കൂട്ടാൻ സ്റ്റാർച്ച് ചേർക്കുന്നത്. അതിന് 5 വർഷംവരെ തടവുശിക്ഷയുണ്ടായിരുന്നു. ഇപ്പോൾ എന്ത് മായവും കള്ളിൽ ചേർക്കാമെന്നായി. ശിക്ഷയൊക്കെ ഒഴിവാക്കി 25,000 രൂപ ഫൈൻ അടച്ചാൽ മതിയെന്നാണ് ഈ ഗവൺമെന്റിന്റെ നിലപാട്. കള്ളും ബിയറും വൈനും മദ്യമല്ലെന്നുള്ള ഗവേഷണം എ.കെ.ജി. സെന്ററിൽ തുടങ്ങിയത് എന്നാണെന്ന് നമുക്കറിയില്ല. സംസ്ഥാന ഗവൺമെന്റ് സുപ്രീംകോടതിയിൽ പറഞ്ഞ കാര്യമാണ് ഞാനിവിടെ പറഞ്ഞത്. കള്ളും ബിയറും വൈനും മദ്യമല്ല.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, കെ. കരുണാകരന്റെ ഗവൺമെന്റ് നിയോഗിച്ച ഉദയഭാനു കമ്മീഷന്റെ ശിപാർശകളിൽ കള്ള് മദ്യത്തിന്റെ ഗണത്തിൽപ്പെടില്ലായെന്ന് പറഞ്ഞ കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ; അങ്ങത് നിഷേധിക്കുന്നുണ്ടോ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഭരണഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഘട്ടംഘട്ടമായി മദ്യം നിരോധിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതാണ് ആദ്യം നടപ്പാക്കേണ്ടത്. അതൊക്കെ ഇന്ത്യൻ ഭരണഘടനയ്ക്കുശേഷം വന്ന കമ്മീഷനുകളാണ്. ഭരണഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഘട്ടംഘട്ടമായി മദ്യ നിരോധനം നടപ്പാക്കുന്നതായിരിക്കും നല്ലത്. യു.ഡി.എഫ്. ചെയ്ത കാര്യങ്ങളൊക്കെ ആവർത്തിക്കാനല്ലല്ലോ നിങ്ങൾ വന്നത്; എല്ലാം ശരിയാക്കാൻ വന്നതല്ലേ; അത് മാറ്റണ്ടേ? യു.ഡി.എഫ്. സർക്കാർ മദ്യം നിരോധിക്കാൻ വേണ്ടിയെടുത്ത തീരുമാനങ്ങളൊക്കെ അട്ടിമറിക്കുന്ന സമീപനമാണ് നിങ്ങൾ സ്വീകരിക്കുന്നത്.

കുട്ടികളിൽ വരെ മദ്യത്തിന്റെ ഉപയോഗം വർദ്ധിച്ചുവരികയാണെന്നുള്ളത് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. ഈയൊരു സാഹചര്യത്തിൽ മദ്യം നിരുത്സാഹപ്പെടുത്തുന്നതിനുപകരം കൂടുതൽ സൗകര്യമൊരുക്കിക്കൊടുക്കുകയാണ്. രണ്ടുവർഷമായി സംസ്ഥാനത്ത് കഞ്ചാവുപോലുള്ള ലഹരി വസ്തുക്കളുടെ വേട്ട കൂടുതലായി നടക്കുകയാണ്. ലഹരി വസ്തുക്കളുടെ ഉപയോഗം കുറച്ചുകൊണ്ടുവരാൻ കഴിയുമെന്നാണ് മദ്യം വ്യാപകമാക്കുന്നതിനു പിൻബലമായി നേരത്തെ പറഞ്ഞത്. എന്നാൽ രണ്ടുവർഷമായി ഏതെങ്കിലും കുറവുണ്ടോ? കഞ്ചാവ് വേട്ട തുടരുകയാണ്. ഒരു കുറവും വന്നിട്ടില്ല?

[2.00 PM]

സംസ്ഥാനത്ത് മുമ്പെങ്ങുമില്ലാത്തവിധം ദുരഭിമാനക്കൊലകളും സ്ത്രീ പീഡനങ്ങളും ആത്മഹത്യകളും വർദ്ധിക്കുകയാണ്. പിഞ്ചുകുഞ്ഞുങ്ങൾ സിനിമാ

തിയേറ്ററിൽ വച്ചുവരെ പീഡനത്തിനിരയാകുന്നു. പരിശോധിച്ചുനോക്കിയാൽ ഇതിന്റെയൊക്കെ പിന്നിൽ മദ്യമാണെന്ന് അറിയാൻ സാധിക്കും. എല്ലാ തിന്മകളുടെയും പിന്നിൽ മദ്യമാണെന്ന കാര്യത്തിൽ ആർക്കും രണ്ട് അഭിപ്രായം ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഞങ്ങൾ ബാർ പൂട്ടാൻ ധൈര്യം കാണിച്ചവരാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പ് വേളയിൽ എൽ.ഡി.എഫ്. കേരളത്തിലെ മദ്യലോബിയുമായി ഉണ്ടാക്കിയ അവിഹിത കരാറിന്റെ അടിസ്ഥാനത്തിലാണ് മദ്യം വ്യാപകമാക്കാൻ തീരുമാനിച്ചത്. അതിന്റെ ഫലമായാണ് ആർക്കും എവിടെയും മദ്യഷാപ്പ് തുറക്കാമെന്നുമുള്ള നിലപാടുണ്ടായത്. സംസ്ഥാനങ്ങളുടെ പട്ടിക എടുത്തുനോക്കിയാൽ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളമാണ് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. 64 ശതമാനം കുറ്റകൃത്യങ്ങളും മദ്യം ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകുന്നതെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. പോലീസ് സ്റ്റേഷനിലെ കേസ്സുകളുടെ കണക്കെടുത്ത് പരിശോധിച്ചാൽ ഏറ്റവും കുറവ് കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നത് എല്ലാ മാസവും ഒന്നാം തീയതിയാണെന്ന് മനസ്സിലാക്കാം. കാരണം, ഒന്നാം തീയതി മദ്യഷാപ്പുകൾ അടഞ്ഞു കിടക്കും. മദ്യഷാപ്പുകൾ അടഞ്ഞുകിടക്കുന്നതുകൊണ്ട് 1-ാം തീയതി പോലീസ് സ്റ്റേഷനിൽ എത്തുന്ന കേസ്സുകളുടെ എണ്ണംവരെ കുറയുകയാണ്. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ നടത്തുന്നത് മദ്യപാനികളാണെന്ന് ഇതുസംബന്ധിച്ച് വരുന്ന വാർത്തകൾ പരിശോധിച്ചാൽ അറിയാൻ സാധിക്കും. മദ്യപിച്ച് വാഹനമോടിക്കുന്നതുകൊണ്ടാണ് 70 ശതമാനം വാഹനാപകടങ്ങളും ഉണ്ടാകുന്നത്.

യു.പി. സ്കൂളുകളിലും ഹൈസ്കൂളുകളിലും പഠിക്കുന്ന കുട്ടികളിൽ ലഹരി വസ്തുക്കളുടെയും മദ്യത്തിന്റെയും ഉപയോഗം വർദ്ധിച്ചുവരികയാണെന്ന ഞെട്ടിപ്പിക്കുന്ന വസ്തുത ഒരു പത്രം നടത്തിയ സർവ്വെയിൽ പറയുന്നു. അത്തരം കുട്ടികൾക്ക് കൂടുതൽ സൗകര്യമൊരുക്കുന്നതിനുവേണ്ടിയാണ് 50 മീറ്റർ ചുറ്റളവിൽ ഇപ്പോൾ മദ്യശാലയാകാമെന്ന് ഈ ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുന്നത്. ഇത് നമ്മുടെ കുട്ടികളുടെ പഠനത്തെയും ഭാവിയെയും ബാധിക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടത്തിയിട്ട് കാര്യമുണ്ടോ? പൊതു വിദ്യാലയങ്ങളുടെ തൊട്ടടുത്ത്, 50 മീറ്റർ ചുറ്റളവിൽ മദ്യശാല സ്ഥാപിച്ച് കുട്ടികളെ കുടിയന്മാരാക്കി മാറ്റിയാൽ എങ്ങനെ കുട്ടികളെ വിദ്യാഭ്യാസപരമായി ഉയർത്തിക്കൊണ്ടുവരാൻ സാധിക്കും? നമ്മുടെ കുട്ടികളുടെ ഭാവി തകർക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന കാര്യം ഓർക്കണം. കഴിഞ്ഞ ദിവസം, 4-ാം തീയതിയാണ് പോലീസിനെ ഭയന്നോടിയ കെട്ടിട നിർമ്മാണത്തൊഴിലാളിയെ ആളൊഴിഞ്ഞ വളപ്പിലെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. നാട്ടിൻചിറ ലായില്ലകുളമ്പ് കുർക്കപ്പറമ്പിൽ ദേവദാസിന്റെ മകൻ

പ്രജീഷാണ് മരിച്ചത്. ചേലക്കരയിലെ ബാറിൽ ഞായറാഴ്ച രാത്രി അടിപിടി ഉണ്ടായതിനെത്തുടർന്ന് പോലീസ് എത്തിയതോടെ പ്രജീഷും സുഹൃത്തുക്കളും ചിതറി ഓടിയെന്നാണ് പറയുന്നത്. ബാറിന് മുന്നിലെ വഴിയിലൂടെയുള്ള ഓട്ടത്തിനിടയ്ക്ക് പ്രജീഷ് മതിൽ ചാടിയപ്പോൾ കിണറ്റിലേയ്ക്കാണ് വീണത്. ഇദ്ദേഹം മദ്യത്തിന്റെ ഏറ്റവും അവസാനത്തെ ഇരയാണ്. പുതിയതായി ലൈസൻസ് കൊടുത്ത ബാറുകളിലൊന്നിൽ പോയാണ് ഈ ചെറുപ്പക്കാരൻ മദ്യപിച്ച് ബഹളമുണ്ടാക്കിയത്. അവസാനം പോലീസ് അവിടെയെത്തിയപ്പോൾ പോലീസിനെ പേടിച്ച് ഓടി കിണറ്റിൽ വീണാണ് ഇദ്ദേഹം മരിച്ചത്. ഇങ്ങനെയുള്ള ധാരാളം വാർത്തകളുണ്ട്. എല്ലാ വാർത്തകളും വായിക്കാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

മി. ചെയർമാൻ: പ്ലീസ്..., ചുരുക്കി സംസാരിക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, അരീക്കോട് സ്വന്തം മകളെ അച്ഛൻ ക്രൂരമായി കൊലപ്പെടുത്തി. ആ കൊലയ്ക്ക് നമ്മൾ ദുരഭിമാനക്കൊല എന്ന് പേരിട്ടു. ആ ദുരഭിമാനക്കൊലയുടെ പിന്നിൽ എന്തായിരുന്നു? അച്ഛൻ മൂക്കറ്റം മദ്യപിച്ചിരുന്നുവെന്നാണ് പത്രങ്ങളിൽ വന്ന വാർത്ത. ഇങ്ങനെ സ്വന്തം മക്കളെപ്പോലും കൊല്ലുകയാണ്. ഒന്നര വയസ്സുള്ള ഒരു പിഞ്ചുകുഞ്ഞിനെ സ്വന്തം അച്ഛൻ നിലത്തെറിയുകയാണ്. മദ്യലഹരിയിലായിരുന്നുവെന്ന ഒരു വരി കൂടിയെഴുതിയാൽ പിന്നെ എന്തുമാകാമെന്നതാണ് നമ്മുടെ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി. ഈ സ്ഥിതിക്ക് മാറ്റമുണ്ടാകണ്ടേ? "ദേശീയ-സംസ്ഥാന പാതയോരത്തുനിന്നും 500 കിലോമീറ്റർ ദൂരപരിധിയിലുള്ള മദ്യശാലകൾ പൂട്ടണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ എത്ര കള്ളുഷാപ്പുകൾ, ബിയർ-വൈൻ പാർലറുകൾ, മദ്യവിൽപ്പന ശാലകൾ, ബാറുകൾ എന്നിവ പൂട്ടുകയുണ്ടായി" എന്ന ശ്രീ. കെ. മുരളീധരന്റെ ചോദ്യത്തിന് " 1131 കള്ളുഷാപ്പുകളും 606 ബിയർ-വൈൻ പാർലറുകളും 11 ബാറുകളും 112 വിദേശ മദ്യവിൽപ്പനശാലകളും അടച്ചുപൂട്ടി" എന്നാണ് 3-4-2018-ൽ മറുപടി നൽകിയത്. 3-4-2018-ലെ മറുപടിയിൽത്തന്നെ ഈ സർക്കാരിന്റെ കാലത്ത് 77 പുതിയ ബാറുകൾക്ക് അനുമതി നൽകിയെന്ന് പറഞ്ഞിട്ടുണ്ട്. എണ്ണം വർദ്ധിച്ചുവരികയാണ്. ഈ സഭാസമ്മേളനം വന്നപ്പോൾ അത് 86 ആയി വർദ്ധിച്ചു. മദ്യവ്യാപനം പടിപടിയായി കുറച്ചുകൊണ്ടുവരുമെന്ന ഇടതുപക്ഷ മുന്നണിയുടെ പ്രകടന പത്രികയിലെ വാഗ്ദാനംപോലും കാറ്റിൽ പറത്തിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നിരപരാധിയാണ്. പാർട്ടി അടിച്ചേൽപ്പിക്കുന്ന വകുപ്പ് ഏറ്റെടുക്കാതിരിക്കാൻ അദ്ദേഹത്തിന് സാധിക്കില്ലല്ലോ? അങ്ങയെപ്പോലുള്ള നല്ലൊരു മന്ത്രി മദ്യം വ്യാപിപ്പിക്കുന്നതിന് കൂട്ടുനിൽക്കാൻ

പാടില്ലെന്നാണ് എന്റെ അഭിപ്രായം. മദ്യം വിറ്റ് വരുമാനമുണ്ടാക്കിയിട്ട് കാര്യമില്ലല്ലോ? അറുപതോളം രോഗങ്ങൾ വരുന്നത് മദ്യപാനത്തിലൂടെയാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. മദ്യപാനത്തിലൂടെ രോഗികളായവരെ ചികിത്സിക്കാൻ മദ്യത്തിൽ നിന്നും ലഭിക്കുന്നതിനേക്കാൾ വരുമാനം സർക്കാരിന് ചെലവഴിക്കേണ്ടി വരികയാണ്. വിവിധ രോഗങ്ങളെക്കുറിച്ചും സർക്കാർ ആശുപത്രികളുടെ പോരായ്മകളെക്കുറിച്ചുമൊക്കെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയല്ലേ? സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നവരിൽ നല്ലൊരുഭാഗം മദ്യത്തിന് അടിമപ്പെട്ടവരാണ്. മദ്യത്തിൽ നിന്നുള്ള വരുമാനം മാത്രം കണക്കാക്കി ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിയില്ല.

<u>മി. ചെയർമാൻ</u>: പ്ലീസ്.., കൺക്ലൂഡ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പാവപ്പെട്ട കൂലിപ്പണിക്കാരും സാധാരണക്കാരുമാണ് മദ്യപാനികളിൽ മഹാഭൂരിപക്ഷവും. വൈകുന്നേരംവരെ കൂലിവേല ചെയ്ത് കിട്ടുന്ന പണം മദ്യഷാപ്പുകളിൽ കൊണ്ടുപോയി കൊടുക്കുകയാണ്. പാവങ്ങളാണ് കൂടുതലും മദ്യപാനികളായി മാറുന്നത്. ഇവരെ ആശ്രയിച്ചുകഴിയുന്ന ലക്ഷക്കണക്കിന് കുടുംബങ്ങളുടെ ജീവിതം ദുരിതത്തിലാകുകയാണ്. സാധാരണക്കാരെയും പാവപ്പെട്ടവരെയും ചൂഷണം ചെയ്ത് അതിൽ നിന്നുണ്ടാക്കുന്ന വരുമാനം ഉദ്യോഗസ്ഥർക്ക് ശമ്പളം കൊടുക്കാനും മറ്റ് വികസന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുകയെന്നത് യഥാർത്ഥ സോഷ്യലിസമാണെന്ന് പറയാൻ ഇടതുപക്ഷമുന്നണിക്ക് കഴിയുമോ? ഉള്ളവനിൽ നിന്നെടുത്ത് ഇല്ലാത്തവന് കൊടുക്കണമെന്നതാണ് സോഷ്യലിസം. അതല്ല ഇവിടെ ചെയ്യുന്നത്, ഇല്ലാത്തവനിൽ നിന്നെടുത്ത് ഉള്ളവന് കൊടുക്കുകയാണ് ചെയ്യുന്നത്. പാവപ്പെട്ട തൊഴിലാളി കഷ്ടപ്പെട്ട് അദ്ധ്വാനിച്ചുകൊണ്ടുവന്ന പണം വാങ്ങി മദ്യം വിറ്റിട്ട് സർക്കാർ ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റാനുകൂല്യവും കൊടുക്കാൻ ഉപയോഗപ്പെടുത്തുകയെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? അതുകൊണ്ട് വരുമാനത്തിന്റെയോ മറ്റെന്തിന്റെ പേരിലായാലും മദ്യം വ്യാപിപ്പിക്കാനുള്ള നിലപാടിൽ നിന്നും ഗവൺമെന്റ് പുറകോട്ട് പോകണം.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, കേരളത്തിൽ റീത്ത് കിട്ടാനില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ശവപ്പെട്ടിയും റീത്തുമൊക്കെ ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടി വാങ്ങിക്കൊണ്ടുപോകുന്നുവെന്നൊരു വാർത്ത ഇപ്പോൾ കേരളത്തിലുണ്ട്. അത് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കേരളത്തിലെ വളർന്നുവരുന്ന പിഞ്ചുപൈതലുകളെയടക്കം ബാധിക്കുന്ന ജീവൽപ്രധാനമായ വളരെ പ്രധാനപ്പെട്ട

ഒരു പ്രശ്നം ചർച്ച ചെയ്യുമ്പോൾ ആ ചർച്ച വഴിതിരിച്ചുവിടുന്നതിനുള്ള ശ്രമം ശരിയല്ല. നമുക്ക് എല്ലാ കാര്യങ്ങളും ചർച്ച ചെയ്യാം. പ്രിൻസിപ്പൽ റിട്ടയർ ചെയ്യുന്ന ദിവസം പ്രിൻസിപ്പലിന് റീത്ത് സമർപ്പിച്ചവരും പ്രിൻസിപ്പലിന്റെ കസേര കത്തിച്ചവരുമൊക്കെയുണ്ട്. ഇവിടെ അബ്കാരി ബില്ലിനെക്കുറിച്ചാണ് ചർച്ച. അതുകൊണ്ട് അക്കാര്യം സംസാരിക്കാം. നിങ്ങൾ ആളുകളെ കള്ള് കൊടുത്ത് കൊല്ലുകയല്ലേ?

ശ്രീ. എം. സ്വരാജ്: സർ, ഈ ചർച്ച വന്നപ്പോൾ സാന്ദർഭികമായി മനസ്സിൽ വന്നൊരു ചോദ്യമാണ്. ബഹുമാനപ്പെട്ട അങ്ങ് മലപ്പുറത്തെ ജനപ്രതിനിധിയാണല്ലോ; അവിടത്തെ ഡി.സി.സി. ഓഫീസ് ഇപ്പോൾ ലീഗിനാണോ കോൺഗ്രസ്സിനാണോയെന്ന കാര്യത്തിൽ തീരുമാനമായിട്ടുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ഇത് നേരത്തെ ചോദിച്ചതിന്റെ മറ്റൊരു ഭാഗമാണ്. അത് ഞങ്ങൾ തീരുമാനിച്ചുകൊള്ളാം. ഐക്യജനാധിപത്യ മുന്നണിയിൽ യാതൊരു പ്രശ്നവുമില്ല. മുസ്ലീംലീഗിന്റെ ഓഫീസിൽ കോൺഗ്രസ്സിന്റെ കൊടിയും കോൺഗ്രസ്സിന്റെ ഓഫീസിൽ മുസ്ലീംലീഗിന്റെ കൊടിയും വയ്ക്കാറുണ്ട്. ഇനി കേരള കോൺഗ്രസ്സിന്റെ കൊടി കൂടി കുത്താൻ പോകുകയാണ്. ഇനി ഭരണപക്ഷത്തിന്റെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും കക്ഷികൾ വന്നാൽ ആ കൊടി കൂടി ലീഗ് ഓഫീസിലും കോൺഗ്രസ് ഓഫീസിലും വയ്ക്കാൻ തയ്യാറാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം.......പ്ലീസ്.......... കൺക്ലൂഡ്..

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഇത്രയും വലിയ ഐക്യമാണെങ്കിൽ എല്ലാവർക്കുമായി ഒരു കൊടി പോരേ?

ശ്രീ. പി. ഉബൈദുള്ള: സർ, ഈ മദ്യനയത്തിന്റെ വിജയമാണ് ചെങ്ങന്നൂരുണ്ടായതെന്ന് നിങ്ങൾ കരുതേണ്ട. മതനിരപേക്ഷത പുറത്ത് പ്രസംഗിക്കുകയും എല്ലാ ജാതി-ഉപജാതി വിഭാഗങ്ങളെയും കുമ്പിട്ട് വണങ്ങി, അവരുടെ കാൽപിടിച്ച് നേടിയ ജാതി രാഷ്ട്രീയത്തിന്റെ വിജയമാണ് ചെങ്ങന്നൂർ വിജയമെന്ന കാര്യം കൂടി നിങ്ങൾ ഓർക്കണം.

ശ്രീ. സി. കെ. നാണു: സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് താങ്കൾ പറയുന്നത്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷം താങ്കൾ പ്രതിനിധീകരിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെയും അതിനുമുമ്പ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെയും ഭരണമാണ് നടന്നത്. ഏത് അവസരത്തിലാണ് കേരളത്തിൽ മദ്യനിരോധനം എടുത്തുകളഞ്ഞത്? ഓരോ ഗവൺമെന്റിന്റെയും മദ്യനിരോധനം

താങ്കൾ ആഗ്രഹിക്കുന്നതു പോലെയാണെങ്കിൽ, പരിപൂർണ്ണമായി മദ്യനിരോധനം നടപ്പാക്കാൻ അവസരമുണ്ടായിട്ടും ഏതെങ്കിലും ഗവൺമെന്റുകൾ ഞങ്ങൾ മദ്യനിരോധനം നടപ്പാക്കുകയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ. അതിൽ ഷാപ്പിന്റെ എണ്ണം എത്ര വർദ്ധിച്ചു എന്നുള്ള കണക്ക് വേറെ. മദ്യനിരോധനം നടപ്പായിരുന്ന സംസ്ഥാനത്ത് മദ്യം ഏർപ്പെടുത്തിയതിൽ ഭാഗഭാക്കായത് ആരെല്ലാമാണെന്ന് ചരിത്രമുണ്ട്. ഇക്കാര്യങ്ങൾ പറയുന്ന അവസരത്തിൽ അതൊക്കെ മനസ്സിലുണ്ടാകണം.

ശ്രീ. പി. ഉബൈദുള്ള: സർ, ശ്രീ. എ. കെ. ആന്റണി കേരളത്തിലെ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് ചാരായ നിരോധനം ഏർപ്പെടുത്താൻ തീരുമാനിച്ചത്. തുടർന്നുവന്ന യു.ഡി.എഫ്. ഗവൺമെന്റ് ഘട്ടംഘട്ടമായി മദ്യ നിരോധനം നടപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മദ്യനിരോധന അധികാരം കൈമാറി.

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം സംസാരിക്കാൻ തുടങ്ങിയിട്ട് ഇരുപത്തിമൂന്ന് മിനിട്ട് കഴിഞ്ഞു.......... പ്ലീസ്.. അങ്ങ് സഹകരിക്കണം. ....പ്ലീസ് കൺക്ലൂഡ്.......

ശ്രീ. പി. ഉബൈദുള്ള: സർ, സഭ ഒന്നാകെ ഇടപെട്ടുകൊണ്ടാണ് ഇരുപത്തിയഞ്ച് മിനിറ്റെടുത്തത്. ജനങ്ങളുടെ ജീവൽപ്രധാനമായ പ്രശ്നമാണ്, അതാത് ഗ്രാമങ്ങളിൽ മദ്യശാലകൾ അനുവദിക്കണോ വേണ്ടയോ എന്ന തീരുമാനമെടുക്കാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ്. പഞ്ചായത്തിന് കൂടുതൽ അധികാരം നൽകുന്നതിന് പകരം ഈ ഗവൺമെന്റ് തിരിച്ചെടുക്കുകയാണ്. ശ്രീ. സി. കെ. നാണു പറഞ്ഞതുപോലെ, ഒറ്റയടിക്ക് മദ്യനിരോധനം പ്രഖ്യാപിക്കുകയല്ല, ഘട്ടംഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്തുന്നതിന്റെ ഒരു സ്റ്റെപ്പാണ് അത്. അടുത്ത സ്റ്റെപ്പാണ് 713 ബാറുകൾ ഞങ്ങൾ അടച്ചുപൂട്ടിയത്. വീണ്ടും അടുത്ത സ്റ്റെപ്പായിരുന്നു, ബിവറേജസ് കോർപ്പറേഷന്റെ പത്ത് ശതമാനം ഔട്ട്ലെറ്റുകൾ ഓരോ വർഷവും അടച്ചുപൂട്ടാൻ തീരുമാനിച്ചത്. അങ്ങനെ ഘട്ടംഘട്ടമായി മദ്യനിരോധനത്തിലേയ്ക്ക് ഈ സംസ്ഥാനം നടന്നടുക്കുമ്പോഴാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ഈ സംസ്ഥാനത്തെ പുറകോട്ട് നയിച്ചത്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാൻ ആവശ്യമായ നടപടികൾ യു.ഡി.എഫ്. സ്വീകരിച്ചുവെന്ന് അഭിമാനത്തോടെ പറഞ്ഞു. യു.ഡി.എഫ്.-ന്റെ കാലത്ത് മദ്യശാലകൾ പൂട്ടാനിടയായ സാഹചര്യമെന്താണെന്ന് കേരളത്തിലെ കൊച്ചുകുട്ടികൾക്ക് പോലുമറിയാം. ശ്രീ. വി. എം. സുധീരനും

ശ്രീ. ഉമ്മൻ ചാണ്ടിയും തമ്മിലുള്ള സൗന്ദര്യപ്പിണക്കത്തിന്റെ പ്രതിഫലനമാണ് അവിടെ ദൃശ്യമായത്. അതൊരു കാര്യം. രണ്ട്, മദ്യശാലകൾ പൂട്ടിയിട്ടും കേരളത്തിലെ ജനവിഭാഗങ്ങൾക്കിടയിൽ ലഹരിവസ്തുക്കളോടുള്ള താൽപ്പര്യം കുറഞ്ഞതായി താങ്കൾക്ക് ബോധ്യപ്പെടുത്താൻ കഴിയുമോ?

ശ്രീ. പി. ഉബൈദുള്ള: സർ, എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രിക പോലെയല്ല യു.ഡി.എഫ്.-ന്റെ പ്രകടനപത്രിക. ഞങ്ങൾ പ്രകടനപത്രികയിൽ പറഞ്ഞ കാര്യമാണ് നടപ്പാക്കിയത്. യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ ഘട്ടംഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്താൻ ശ്രമിക്കുമെന്ന് ഞങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം സംസാരിക്കാൻ തുടങ്ങിയിട്ട് ഇരുപത്തിയഞ്ച് മിനിട്ട് കഴിഞ്ഞു.........പ്ലീസ്. അങ്ങ് സഹകരിക്കണം. ....പ്ലീസ് കൺക്ലൂഡ്.......

ശ്രീ. പി. ഉബൈദുള്ള: സർ, പ്രകടനപത്രികയിൽ പറഞ്ഞ വാഗ്ദാനം നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഘട്ടംഘട്ടമായി മദ്യനിരോധനത്തിലേയ്ക്ക് നടന്നടക്കുന്നതിന് ആദ്യം ബാറുകൾ അടച്ചുപൂട്ടിയതും പിന്നീട് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ കുറച്ചുകൊണ്ടുവന്നതും.

മി. ചെയർമാൻ: അങ്ങ് സഹകരിക്കണം. ....പ്ലീസ് കൺക്ലൂഡ്.......

ശ്രീ. പി. ഉബൈദുള്ള: സർ, യു.ഡി.എഫ്. എന്നും ആ നിലപാടിൽ ഉറച്ചുനിൽക്കുകയാണ്. വീണ്ടും അധികാരത്തിൽ വന്നാൽ ഞങ്ങൾ പഴയ മദ്യനയം തന്നെ തുടരും. ഘട്ടംഘട്ടമായി മദ്യനിരോധനം എന്ന നിലപാടിൽ യു.ഡി.എഫ്. ഉറച്ചുനിൽക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഈ ഗവൺമെന്റ് രണ്ട് വർഷം പിന്നിടുമ്പോഴെങ്കിലും ഈ ജനവിരുദ്ധ സമീപനങ്ങൾ തിരുത്തണം, മദ്യശാലകൾ വ്യാപകമാക്കാനുള്ള തീരുമാനത്തിൽനിന്നും പുറകോട്ട് പോകണമെന്ന് ഈ നിരാകരണ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ അഭിപ്രായപ്പെടുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. സി. കൃഷ്ണൻ: സർ, 2018-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-6-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങൾ, ഇതിനുമുമ്പ് സംസാരിച്ച ശ്രീ. പി. ഉബൈദുള്ള ഇവിടെ എടുത്തുകാണിക്കുകയുണ്ടായി.

പ്രകടനപത്രിയിൽ 552, 553, 554 എന്നീ മൂന്ന് ഇനങ്ങളിൽ ഒരു ഗവൺമെന്റ് വന്നാൽ അതിന്റെ മദ്യനയം എന്തായിരിക്കുമെന്ന് വ്യക്തമാക്കുന്നതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയും അതുപോലെ സർക്കാരിന്റെ മദ്യനയവും പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് 2018-ലെ അബ്കാരി (ഭേദഗതി) ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അത് എത്രത്തോളം ജനങ്ങൾക്കിടയിലേയ്ക്ക് എത്തിച്ച് പ്രാവർത്തികമാക്കാൻ സാധിക്കും, അത് എങ്ങനെ പ്രയോഗിക്കണം എന്നതാണ് ഈ ഭേദഗതിയിലൂടെ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മദ്യാസക്തിയും ലഹരിയുടെ അതിപ്രസരവും കൂടിക്കൂടി വരികയാണ്. അത് കുറച്ചുകൊണ്ടുവരുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ പോകുന്നത് എന്നാണ് സർക്കാർ ഇവിടെ വ്യക്തമാക്കിയിട്ടുള്ളത്. ഇവിടെ മദ്യവർജ്ജനത്തിന്റെ വക്താക്കളുണ്ട്. ദീർഘകാലമായി ഇവിടെ പറഞ്ഞു കൊണ്ടിരിക്കുന്ന കാര്യമാണ് മദ്യനിരോധനം. നേരത്തെ ബഹുമാനപ്പെട്ട കെ. ദാസൻ ഇവിടെ സൂചിപ്പിച്ചതുപോലെ, ഒരു കാലത്ത് മലബാറിൽ മദ്യനിരോധനമുണ്ടായിരുന്നു. ഒരിടത്തും മദ്യനിരോധനത്തിന്റെ ഫലമായി മദ്യാസക്തി കുറയ്ക്കാൻ സാധിച്ചിട്ടില്ലെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അത് കുറച്ചുകൊണ്ടുവരാൻ സാധിക്കണമെങ്കിൽ ജനങ്ങളെ ബോധവത്കരിക്കേണ്ടതായിട്ടുണ്ട്. ഒരിക്കൽ ചാരായഷാപ്പുകൾ അടച്ചുപൂട്ടി ചാരായം നിരോധിച്ചു, അതുകൊണ്ട് മദ്യത്തിന്റെ ഉപയോഗം ഇവിടെ കുറഞ്ഞിട്ടില്ല. മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ സാധിക്കണമെങ്കിൽ അതിന്റെ ലഭ്യത കുറച്ചതുകൊണ്ടുമാത്രം സാധിക്കില്ലെന്നുള്ളത് എത്രയോ കാലത്തെ അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്.

ശ്രീ. കെ. ദാസൻ: സർ, കോൺഗ്രസ് ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്ത് അവരുടെ തെരഞ്ഞെടുപ്പ് വാഗ്ദാനമായി മദ്യനിരോധനം പ്രഖ്യാപിച്ചതായി അറിവുണ്ടോ; കോൺഗ്രസ് ഭരിക്കുന്ന സമയത്ത് പുതുച്ചേരി ഗവൺമെന്റ് മദ്യവ്യാപനത്തിന് ആവശ്യമായ വിവിധ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും മാഹി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വ്യാപകമായി ബാറുകൾ സ്ഥാപിച്ചതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. സി. കൃഷ്ണൻ: സർ, കോൺഗ്രസ് ഇപ്പോൾ അധിക സംസ്ഥാനങ്ങളിൽ ഭരിക്കുന്നില്ല. രണ്ടോ-മൂന്നോ സംസ്ഥാനങ്ങളിൽ മാത്രമേയുള്ളൂ. ബാക്കിയെല്ലാ സ്ഥലങ്ങളിലും ബി.ജെ.പി.-യാണ് ഭരിക്കുന്നത്. നിരവധി സംസ്ഥാനങ്ങളിൽ കോൺഗ്രസായാലും ബി.ജെ.പി. ആയാലും മദ്യനിരോധനം നടപ്പാക്കാൻ ചില ശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിൽപ്പോലും അവിടെയെല്ലാം പരാജയമാണ്. ഗുജറാത്ത് പോലെയുള്ള സംസ്ഥാനങ്ങളുടെ അനുഭവങ്ങളുണ്ട്. എവിടെയും അത്

വിജയിച്ചിട്ടില്ല എന്നുകാണാൻ സാധിക്കും. മദ്യത്തിന്റെ ലഭ്യത കുറച്ചതുകൊണ്ടോ മദ്യം കിട്ടാതാക്കിയതുകൊണ്ടോ മദ്യം ഉപയോഗിക്കുന്നത് കുറയ്ക്കാൻ സാധിക്കില്ലെന്നാണ് ഞാൻ പറഞ്ഞുവന്നത്. അതിനുപകരം മദ്യം ഉപയോഗിക്കുന്നവരുടെ എണ്ണം കുറയ്ക്കാൻ സാധിക്കണം. മദ്യവർജ്ജനംകൊണ്ട് ലക്ഷ്യമിടുന്നത് അതാണ്. ആളുകളെ ബോധവൽക്കരിക്കണം. ഒരുദാഹരണം എടുത്താൽ മനസ്സിലാകും. ഇപ്പോൾ പുകവലി സമൂഹത്തിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. ചെറിയ കുട്ടികൾ പുകവലിക്കുന്നത് ഒരു മാതാപിതാക്കളും ഇഷ്ടപ്പെടുന്നില്ല. അതുപോലെതന്നെ കുട്ടികൾ മദ്യം ഉപയോഗിക്കുന്നത് മാതാപിതാക്കളിൽ മഹാഭൂരിപക്ഷവും ഇഷ്ടപ്പെടുന്നില്ല. പുകവലി ഗണ്യമായി കുറഞ്ഞത് അത് നിരോധിച്ചതുകൊണ്ട് മാത്രമല്ല. നിരോധനം ഉണ്ടായിട്ടുണ്ട്, പൊതുസ്ഥലങ്ങളിൽ പുകവലിക്കാൻ പാടില്ല എന്നതുപോലെ അത് മദ്യത്തിനും ബാധകമായിട്ടുള്ള കാര്യങ്ങളാണ്. ദേശവ്യാപകമായി/ലോകവ്യാപകമായി ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് പുകവലിക്കെതിരായി നടത്തിയിട്ടുള്ള പ്രചരണത്തിന്റെ ഭാഗമായിട്ടാണ് സമൂഹത്തിൽ ഒരു വലിയ ഭാഗം പുകവലിയിൽനിന്നും വിമുക്തമായത്. പുകവലി എന്നുപറയുമ്പോൾ ബീഡിയുടെ കാര്യം മാത്രമല്ല, ബീഡിയുടെ അവസ്ഥ കേരളത്തിലുള്ളവർക്ക് അറിയാം. ആളുകൾ അത് ഉപയോഗിക്കുന്നില്ല. ചുരുട്ട് എന്നുപറഞ്ഞാൽ പുകയില മാത്രം ഉപയോഗിച്ച് ഉണ്ടാക്കുന്ന ഒന്നാണ്. അതുസംബന്ധിച്ച് പാർലമെന്റിൽ നിയമം നിർമ്മിച്ചപ്പോൾ ബീഡി-സിഗർ ആക്ട് എന്നാണ് അതിന് പേര് പറഞ്ഞത്. എന്നുപറഞ്ഞാൽ ബീഡിയും ചുരുട്ടും എന്നാണ്. ധാരാളം ആളുകൾ അത് ഉത്പാദിപ്പിക്കുകയും അത് വാങ്ങി ഉപയോഗിക്കുകയും ചെയ്യുന്ന ഒരു ശീലം നമ്മുടെ രാജ്യത്തും കേരളത്തിലുമുണ്ടായിരുന്നു. കണ്ണൂർ പോലുള്ള പ്രദേശത്ത് അത് വ്യാപകമായിരുന്നു. ഇന്ന് ഒരാളും ചുരുട്ട് ഉത്പാദിപ്പിക്കുന്നില്ല. ചുരുട്ട് ഉപയോഗിക്കുന്നത് എവിടെയും കാണുന്നില്ല. എന്നുപറഞ്ഞാൽ പുകവലിയുടെ ദോഷഫലങ്ങൾ എന്താണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ ഫലമായിട്ടാണ് അത് കുറച്ചുകൊണ്ടുവരാൻ സാധിച്ചത്. ഈ സർക്കാർ ഉദ്ദേശിക്കുന്നതും അതുതന്നെയാണ്. അതിനുവേണ്ടിയാണ് മദ്യവർജ്ജനം. അത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കും എന്നതാണ് ഗവൺമെന്റ് വ്യക്തമാക്കിയിട്ടുള്ള ഒരു കാര്യം.

നമ്മുടെ സംസ്ഥാനത്ത് നടത്തിയ പരിശോധന റിപ്പോർട്ടിൽ കാണാൻ സാധിച്ചത് മദ്യ ഉപഭോക്താക്കളിൽ 6 ശതമാനം പേർ മദ്യത്തിന് അടിമപ്പെട്ടവരാണെന്നതാണ്. ഒരിക്കലും അതിൽനിന്നും അവർക്ക് മോചനം പ്രാപിക്കാൻ സാധിക്കുകയില്ല. ഉപയോഗിച്ചില്ലെങ്കിൽ ഉടനെ അവർ മരിച്ചുപോകും.

അങ്ങനെയുള്ളവരാണ്. മദ്യ ഉപഭോക്താക്കളിൽ 54 ശതമാനം പേർ വലിയ തോതിൽ മദ്യം ഉപയോഗിച്ച് ശീലിച്ചിട്ടുള്ളവരാണ്. ഇപ്പോഴും അത് തുടരുകയാണ്. ഈ വിധത്തിൽ മദ്യത്തിന് അടിമപ്പെട്ട് പോയിട്ടുള്ളവർ, വലിയ തോതിൽ മദ്യം ഉപയോഗിക്കുന്നവർ, അവരെ അതിൽ നിന്ന് മോചിപ്പിക്കുന്നതിന് ഫലപ്രദമായിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള ചില നിർദ്ദേശങ്ങൾ സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്. ഈ നിയമഭേദഗതിയിലും ആ ഭാഗം ഉൾക്കൊണ്ടിട്ടുണ്ട്. ഒരുഘട്ടത്തിൽ ചാരായം നിരോധിച്ചുവെന്ന് ഇവിടെ പറഞ്ഞു. അതിനുശേഷം ഉപഭോഗത്തിൽ വല്ല കുറവും സംഭവിച്ചിട്ടുണ്ടോ; ഇല്ല. അബ്കാരി കേസുകൾ 2013-14-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് 12,904 ആയിരുന്നു. അതുപോലെതന്നെ മയക്കുമരുന്ന് കൈവശം വച്ചതിന്റെയും ഉപയോഗിച്ചതിന്റെയും പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ 847 ആയിരുന്നു. 2016-17-ൽ എത്തിയപ്പോൾ അത് 25332-ഉം 3835-ഉം ആയി വർദ്ധിച്ചു. ഇത് വ്യക്തമാക്കുന്നത് ചാരായ നിരോധനം പോലുള്ള ചില നടപടികളുണ്ടായിട്ടും ഉപയോഗത്തിൽ കുറവ് സംഭവിച്ചിട്ടില്ലെന്നാണ്. അങ്ങനെ കൈവശംവയ്ക്കുന്നവരെയും ഉത്പാദിപ്പിക്കുന്നവരെയും ഉപയോഗിക്കുന്നവരെയുമെല്ലാം ഉൾപ്പെടുത്തിയിട്ടുള്ളതാണ് കേസ്. ഇത് സംബന്ധിച്ചുള്ള കേസുകളുടെ എണ്ണം ഓരോ വർഷം കഴിയുന്തോറും വർദ്ധിക്കുകയാണ്. അതുകൊണ്ട് ഇതിനെതിരായ ബോധവൽക്കരണ നടപടിയാണ് സമൂഹത്തിൽ ആവശ്യമായിട്ടുള്ളത്. അതിന്റെ ഭാഗമായിട്ടാണ് സംസ്ഥാന ഗവൺമെന്റ് മദ്യനയത്തിലും പ്രകടന പത്രികയിലും കുറെ കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്. മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഇന്നത്തേതിനേക്കാൾ കൂടുതൽ ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് സാക്ഷരതാ പ്രവർത്തനങ്ങൾ എങ്ങനെയാണ് നടത്തിയതെന്ന് നമുക്കറിയാം. ഇപ്പോഴും അതിന്റെ മറ്റൊരു രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. സമൂഹമാകെ ഒന്നിച്ചുചേർന്നുകൊണ്ട് നടത്തിയിട്ടുള്ള ബൃഹത്തായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് സാക്ഷരതാ പ്രസ്ഥാനത്തിന്റെ പ്രവർത്തനം വിജയിപ്പിക്കാൻ സാധിച്ചത്. അതിന് സമാനമായിട്ടുള്ള സാമൂഹ്യ ബോധവൽക്കരണ പരിപാടികൾ നടത്താൻ സാധിക്കണമെന്ന് ഇതിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇവിടെ കുട്ടികളുടെ കാര്യം പറഞ്ഞു. സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങളിലൊന്ന്, വിദ്യാർത്ഥികൾക്കിടയിൽ വ്യാപകമായ പ്രചരണം വേണമെന്നാണ്. വിദ്യാർത്ഥികൾക്കിടയിൽ അതിന്റെ സ്വാധീനമുണ്ടായാൽ വീടുകളിലും അത് പ്രതിഫലിക്കും. രക്ഷിതാക്കാൾ മദ്യം ഉപയോഗിക്കുന്നതിനെയും കുട്ടികൾ ഇഷ്ടപ്പെടില്ല. 8 മുതൽ 12 വരെ ക്ലാസ്സുകളിലുള്ള കുട്ടികൾക്കിടയിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചും സെമിനാറുകൾ സംഘടിപ്പിച്ചും

വിപുലമായിട്ടുള്ള ക്യാമ്പയിനാണ് നടത്തുന്നത്. എന്റെ പ്രദേശത്ത് ഒരനുഭവമുണ്ടായി. കടകളിൽ വിൽക്കുന്നതിന് പൂഴ്ത്തിവച്ച മയക്കുമരുന്ന് ശുചീകരണ പ്രവർത്തനം നടത്തുന്ന വിദ്യാർത്ഥികൾ കണ്ടുപിടിച്ച ഒരനുഭവമുണ്ടായിട്ടുണ്ട്. കുട്ടികളെ ബോധവൽക്കരിച്ചാൽ സമൂഹത്തിലാകെ അതിന്റെ പ്രതിഫലനമുണ്ടാകും.

8 മുതൽ 12 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വലിയൊരു ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനുവേണ്ടി തീരുമാനിച്ചുവെന്നുള്ളത് ഏറെ പ്രസക്തമായൊരു കാര്യമാണ്. ശ്ലാഘനീയമായിട്ടുള്ള ഒരു പ്രവർത്തനമാണ് അതുവഴി നടത്താൻ പോകുന്നത്. അതുപോലെ തന്നെ സർക്കാർ ആശുപത്രികളിലോ സ്വകാര്യ ആശുപത്രികളിലോ ചില സംഘടനകൾ നടത്തുന്ന പ്രത്യേക സ്ഥാപനങ്ങളിലോ മദ്യത്തിന് അടിമപ്പെട്ട ആളുകളെ അതിൽ നിന്നും മോചിപ്പിപ്പിക്കുന്നതിനുവേണ്ടി ചില നടപടികൾ സ്വീകരിക്കാറുണ്ട്. ഇങ്ങനെ ഏത് കാലത്താണുണ്ടായിരുന്നത്; ഒന്നും ഫലപ്രദമായിട്ടില്ല. ഇപ്പോൾ ഗവൺമെന്റ് എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ സർക്കാർ ആശുപത്രികളെ ബന്ധപ്പെടുത്തിക്കൊണ്ട് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ചില ജില്ലകളിൽ ഇപ്പോൾ തന്നെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അങ്ങനെ വന്നാൽ 3 ശതമാനം പേർ, മദ്യത്തിന് അടിമപ്പെട്ട് പോയവരെ അല്ലെങ്കിൽ വലിയ തോതിൽ മദ്യപിക്കുന്നവരെ അതിൽനിന്നും മോചിപ്പിക്കാനുള്ള ശ്രമങ്ങൾ എല്ലാ ജില്ലകളിലും പ്രാദേശികമായും നമുക്ക് നടത്താൻ സാധിക്കും. ഇക്കാര്യത്തിൽ ഗവൺമെന്റ് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഒരു കാര്യം നമുക്കറിയാം സർക്കാരിന് പണമുണ്ടാക്കുന്നതിനുവേണ്ടിയല്ല മദ്യവർജ്ജനം ഏർപ്പെടുത്തുമ്പോൾ തന്നെ ലൈസൻസ് കൊടുക്കുന്നത്. അത് ഒഴിവാക്കാൻ സാധിക്കുന്ന ഒരു കാര്യമല്ല. അപ്പോഴും ഗവൺമെന്റ് എക്സൈസ് വകുപ്പ് മുഖേന തന്നെ മദ്യത്തിനെതിരായ പ്രചാരണം നടത്തുന്നുണ്ട്.

ഇപ്പോൾ 'വിമുക്തി' എന്ന മിഷൻ രൂപീകരിച്ചുകൊണ്ട് ക്ലബ്ബുകളെയും വിദ്യാലയങ്ങളെയും മറ്റ് സാംസ്കാരിക സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് വലിയ തോതിലുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ വിധത്തിലുള്ള പ്രവർത്തനങ്ങളിലൂടെ മദ്യാസക്തി കുറച്ചുകൊണ്ടുവരുന്നതിനു വേണ്ടി, പ്രത്യേകിച്ച് പുതിയ തലമുറയെ അതിൽ നിന്ന് മോചിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ എക്സൈസ് വകുപ്പും മന്ത്രിയും സംസ്ഥാന സർക്കാരും നടത്തിക്കൊണ്ടിരിക്കുകയാണ്.

തികച്ചും അഭിനന്ദനമർഹിക്കുന്ന ഒരു കാര്യമാണിത്. കേരളമാകെ മദ്യത്തിൽ മുങ്ങിപ്പോകുകയാണ് എന്ന പ്രചരണം അടിസ്ഥാനരഹിതമാണ്. കോടതിയുടെയും മറ്റും ഇടപെടലിന്റെ ഫലമായി ചിലയിടത്ത് ഷാപ്പുകൾ തുടങ്ങിയിട്ടുണ്ട്. അത് വൈനും ബിയറുമെല്ലാം വിൽക്കുന്നതിനുവേണ്ടിയാണ്. ഹോട്ടലുകൾ നടത്തുന്നതിന് പകരമായാണ്. അല്ലാതെ നേരത്തെ ഉണ്ടായിരുന്നതുപോലെയുള്ള ഷാപ്പുകളല്ല പലയിടത്തും നടക്കുന്നത്. ഇത്തരത്തിലുള്ള പ്രചരണങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്.

ഈ ഭേദഗതിയിൽ മദ്യം കൈവശം വയ്ക്കുന്നവർ, ഉത്പാദിപ്പിക്കുന്നവർ, ഉപയോഗിക്കുന്നവർ അതിൽ മായം ചേർക്കുകയാണെങ്കിൽ അതിന് കടുത്ത ശിക്ഷ നൽകാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. 5 ലക്ഷം രൂപ വരെ പിഴ, തടവ് എന്നിവ അതിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പക്ഷേ അത് കള്ളിനുകൂടി ബാധകമാക്കിയതു കൊണ്ടാണ് ഇവിടെ പ്രതികൂലമായ സാഹചര്യമുണ്ടായത്.

ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് ഉൾപ്പെടെ നിരവധി പഠനങ്ങളിൽ പ്രകൃതിദത്തമായ തേങ്ങയെ ഉപയോഗപ്പെടുത്തി പാനീയം ഉത്പാദിപ്പിക്കുന്നത് സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. അത് മദ്യമായി കണക്കാക്കിയിരുന്നില്ല. പക്ഷെ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചാരായ ഷാപ്പുകളെയും കള്ള് ഷാപ്പുകളെയും ഒരുപോലെയാണ് കണ്ടിരുന്നത്. മുമ്പ് അങ്ങനെയായിരുന്നില്ല. ഇവിടെ ആയിരക്കണക്കിന് തൊഴിലാളികൾ പരമ്പരാഗതമായിത്തന്നെ കള്ളുചെത്തിൽ ഏർപ്പെട്ട് ഉപജീവനം നടത്തുന്നുണ്ട്. അത് ഉപയോഗിക്കുന്നവരും ധാരാളമുണ്ട്. കൈവശം വയ്ക്കുന്നതോ വിൽപ്പന നടത്തുന്നതോ ആയ കള്ളിൽ എന്തെങ്കിലും പദാർത്ഥം ചേർന്നിട്ടുണ്ടെങ്കിൽ, പ്രത്യേകിച്ച് സ്റ്റാർച്ചിന്റെ അംശം കൂടിയിട്ടുണ്ടെങ്കിൽ അത് പിടിച്ചെടുക്കാനും അവർക്ക് കഠിനമായ ശിക്ഷ വിധിക്കാനുമുള്ള വ്യവസ്ഥ നിലവിലുള്ള നിയമത്തിലുണ്ട്. അത് പരിമിതപ്പെടുത്താനുള്ള നിർദ്ദേശം തികച്ചും സ്വാഗതാർഹമാണ്. കള്ള് ഷാപ്പുകൾ ഇനിയും തുറക്കാത്തതുമുണ്ട്. ഇവിടെ കള്ള് ധാരാളമായി ഉത്പാദിപ്പിക്കുന്നുണ്ട്. ഏതോ ഒരു കേന്ദ്രത്തിൽ പേസ്റ്റ് കലക്കിക്കൊടുക്കുന്നു എന്നൊക്കെ പറയുന്നത് ശരിയാണ്; മറ്റെല്ലാത്തിലും മായം കലർത്തുന്നതുപോലെ കള്ളിലുമുണ്ട്. പക്ഷെ കള്ള് വ്യവസായത്തെ സംരക്ഷിക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുള്ളത്. കള്ള് ചെത്ത് പ്രോത്സാഹിപ്പിക്കണം. അതിലൂടെ ആയിരക്കണക്കിന് ആളുകൾക്ക് തൊഴിലവസരമുണ്ടാക്കാൻ സാധിക്കും. അതോടൊപ്പംതന്നെ ഉപയോഗിക്കുന്നവർക്ക് ശുദ്ധമായ മായം ചേർക്കാത്ത കള്ള് എത്തിച്ചുകൊടുക്കാനുള്ള നടപടികളുണ്ടാകണം. ആ നടപടികളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് ഒരു നയം പ്രഖ്യാപിച്ച് നടപ്പിലാക്കണമെന്നാണ് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുന്നത്.

ടോഡി ബോർഡ് കള്ള് ചെത്ത് വ്യവസായത്തെയും അതിലെ തൊഴിലാളികളെയും സംരക്ഷിക്കാൻ സാധിക്കുന്ന, കേര കർഷകർക്കുകൂടി പ്രയോജനപ്പെടുന്ന ഒരു കാര്യമാണ്. അത് നിയമപരമായി നടപ്പിലാക്കുന്നതിന് സാധിക്കണം. അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതുണ്ട്. കള്ള് വ്യവസായത്തെ പ്രോത്സാഹിപ്പിക്കണം.

മദ്യം കൈവശം വയ്ക്കുന്നവരുടെയും ഉപയോഗിക്കുന്നവരുടെയും പ്രായപരിധിയെ സംബന്ധിച്ച് പറഞ്ഞു. കുട്ടികൾ മദ്യം ഉപയോഗിക്കുന്നത് ആരും ഇഷ്ടപ്പെടുന്ന കാര്യമല്ലെന്ന് നമുക്കറിയാം. അവർക്കിടയിൽ നല്ല പ്രചരണം സംഘടിപ്പിക്കാൻ സാധിക്കുന്നുണ്ട്. അതോടൊപ്പംതന്നെ പ്രായപരിധി നേരത്തെ 18-ൽനിന്നും 21 വയസ്സാക്കിയത് ഇപ്പോൾ 23 ആക്കുകയാണ്. അത് തികച്ചും സ്വാഗതാർഹമാണ്. കാരണം, ആ ഒരു പ്രായപരിധിയിലുള്ളവർക്കിടയിലെങ്കിലും നിയമ വിരുദ്ധമാണെന്നുകണ്ട് മദ്യത്തിന്റെ ഉപഭോഗവും മദ്യവിൽപ്പനയും കുറച്ചുകൊണ്ടുവരാൻ സാധിക്കുമെങ്കിൽ അതൊരു മഹത്തായ കാര്യമാണ്. പൊതുവായ ബോധവൽക്കരണത്തിന്റെ ഭാഗമായിത്തന്നെ അതിനെയും കാണേണ്ടതുണ്ട്. ഈ രണ്ട് ഭേദഗതിയാണ് 2018-ലെ അബ്കാരി ഭേദഗതി ബില്ലിൽ പ്രധാനമായും ഉൾക്കൊള്ളിച്ചിട്ടുള്ളത്. അത് തികച്ചും സ്വാഗതാർഹമാണ്. ഇത് സർക്കാർ നയം നടപ്പിലാക്കുന്നതിന് സഹായകരമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മറ്റ് മേഖലകളിലെന്നപോലെ, 'എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും' എന്നൊരു പൊതു മുദ്രാവാക്യം ഉയർത്തുക മാത്രമല്ല, ജനങ്ങളുടെ മുമ്പാകെ ഒരു പ്രകടന പത്രികയും അവതരിപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ നയപ്രഖ്യാപനവും ഉണ്ടായിട്ടുണ്ട്. അതിൽ പറയുന്ന ഓരോ കാര്യങ്ങളും സമയബന്ധിതമായി നടപ്പിലാക്കി മുന്നോട്ടുപോകുന്നുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിപ്പോൾ ജനങ്ങൾ അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. അതിന്റെ മാറ്റുരച്ച് നോക്കിയതാണ് ചെങ്ങന്നൂർ തെരഞ്ഞെടുപ്പ്. ചെങ്ങന്നൂർ തെരഞ്ഞെടുപ്പ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പരിശോധനയാണെന്ന് എല്ലാവരും പറഞ്ഞെങ്കിലും ഇപ്പോൾ ആരും അത് പറയുന്നില്ല. പക്ഷെ ജനങ്ങൾ ഈ ഗവൺമെന്റിന്റെ നയങ്ങളെ രണ്ട് കയ്യും നീട്ടി സ്വാഗതം ചെയ്യുകയും അതിന്റെ പിന്നിൽ അണിനിരക്കുകയും ചെയ്യുന്നുണ്ട്. ഇതെല്ലാം നിയമത്തിലൂടെ കൊണ്ടുവരിക മാത്രമല്ല അവ നടപ്പിലാക്കണമെങ്കിൽ സാമൂഹികമായ ഇടപെടലും ജനങ്ങളുടെ പങ്കാളിത്തവും ഉണ്ടാകണം. ജനങ്ങളെ കൂടെനിർത്തിക്കൊണ്ട് ജനങ്ങളുടെ ക്ഷേമത്തിനുവേണ്ട പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മദ്യനയം കൂടുതൽ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനുള്ള ഈ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, 2018-ലെ അബ്കാരി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. അബ്കാരി നിയമവുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് വന്നതിനുശേഷം നിരവധി ബില്ലുകളാണ് നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടത്. അതൊന്നും ആ മേഖലയിൽ തൊഴിലെടുക്കുന്ന ആളുകൾക്ക് വേണ്ടിയായിരുന്നില്ല എന്നുള്ളത് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന എല്ലാവർക്കുമറിയാം. ഭരിക്കുന്ന ഗവൺമെന്റിന്റെ പോളിസിയാണ് മദ്യനയവുമായി ബന്ധപ്പെട്ട് ഓരോ കാലങ്ങളിലും വന്നുകൊണ്ടിരിക്കുന്നത്.

ഈ ഗവൺമെന്റ് വന്നതിനുശേഷം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർത്തലാക്കിയ ബാറുകളെല്ലാം തുറന്നുകൊടുക്കുകയാണ്. ബാറുകൾ തുറന്നുകൊടുത്തത് ഈ ഗവൺമെന്റിന്റെ നയമായി കാണാൻ കഴിയും. അതിനെ നമ്മളാരും കുറ്റപ്പെടുത്തുന്നില്ല. കാരണം, അതൊരു ഗവൺമെന്റ് പോളിസിയാണ്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഈ വ്യവസായ മേഖലകളിലുള്ള ആളുകൾക്ക് കൊടുത്ത ഉറപ്പ് പാലിക്കാൻ വേണ്ടിയാണ് തുറന്നുകൊടുത്തതെന്ന് എല്ലാവർക്കും അറിയാം. പക്ഷെ ബാറുകൾ തുറന്നുകൊടുത്തത് കൂടാതെ അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലിരുന്ന പല നിയമങ്ങളും ഇല്ലാതാക്കി പുതിയ നിയമങ്ങൾ കൊണ്ടുവന്നുവെന്നതാണ് മറ്റൊരു വസ്തുത. എന്തിന് വേണ്ടിയാണ് 200 മീറ്റർ ദൂരപരിധി 50 മീറ്ററാക്കി കുറച്ചത് എന്നതുസംബന്ധിച്ച് ഇതുവരെ വ്യക്തമായ മറുപടി ആർക്കും തരാൻ കഴിഞ്ഞിട്ടില്ല. കോളേജുകൾ, ആരാധനാലയങ്ങൾ, കൊച്ചുകുട്ടികൾ പഠിക്കുന്ന സ്കൂളുകൾ ഇവിടെയൊക്കെ 200 മീറ്റർ ദൂരപരിധിയെന്ന് പറയുന്നത് കുറവാണെന്ന് വിശ്വസിക്കുന്ന കേരള സമൂഹത്തിൽ അത് 50 മീറ്ററാക്കി ചുരുക്കി ആരെയോ സഹായിക്കാൻ തീരുമാനിച്ചത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്.

അതുപോലെതന്നെ നാട്ടിൽ ഒരു ബാറോ അല്ലെങ്കിൽ ഒരു ബിവറേജസ് ഔട്ട്ലെറ്റോ വന്നാൽ അത് വേണമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ട അവകാശം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികേന്ദ്രീകരണത്തിലൂടെയാണ് അധികാരം കൊടുക്കുന്നത്. നിയമസഭാംഗങ്ങൾക്കും പാർലമെന്റംഗങ്ങൾക്കും മാത്രം അധികാരം നൽകിയാൽ പോരാ, ലോക്കൽ ബോഡിയിൽ ചെറിയ വാർഡുകളിൽ നിന്ന് തെരഞ്ഞെടുക്കുന്ന ജന പ്രതിനിധികൾക്കുകൂടി അധികാരം ലഭിക്കുന്ന തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിരുന്ന അധികാരവും ഈ ഗവൺമെന്റ് വന്നതിനുശേഷം എടുത്തുകളഞ്ഞു. ഇതും ആർക്കുവേണ്ടിയാണെന്ന് നമുക്ക് ഓരോരുത്തർക്കും അറിയാം. അങ്ങനെ രണ്ട് പ്രധാനപ്പെട്ട തീരുമാനങ്ങൾ

ഈ ഗവൺമെന്റ് വന്നതിനുശേഷം അബ്കാരി മേഖലയിൽ എടുത്തു. ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടിയാണ് ഇതെല്ലാം ചെയ്യുന്നതെന്നാണ് ഗവൺമെന്റിന്റെയും മന്ത്രിയുടെയും വിശദീകരണം. ടൂറിസം രംഗത്ത് ഒരുപക്ഷെ വൻകിട ഹോട്ടലുകൾക്ക് ബിസിനസ് കുറഞ്ഞുപോയിരിക്കാം. എന്നാൽ, കേരളത്തിലെ മുഴുവൻ ടൂറിസവും നിന്നുപോയിട്ടില്ല. ടൂറിസത്തിനുവേണ്ടിയാണെന്ന് പറഞ്ഞ് ഇത് ആവർത്തിക്കുമ്പോൾ കേരളത്തിലേയ്ക്ക് മറ്റ് രാജ്യങ്ങളിൽനിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും മദ്യം കുടിക്കാൻവേണ്ടി മാത്രമാണ് ആളുകൾ വരുന്നതെന്ന് തോന്നിപ്പിക്കുന്ന രീതിയിലാണ് ഗവൺമെന്റും മന്ത്രിയും പലപ്പോഴും പെരുമാറിക്കൊണ്ടിരിക്കുന്നത്.

86 ബാറുകൾ തുറന്നുകൊടുത്തതായി കഴിഞ്ഞ ദിവസം ഇവിടെ ഒരു ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 86 ബാറുകൾ ഏതൊക്കെയാണെന്നത് സംബന്ധിച്ച് എന്റെ കയ്യിൽ ലിസ്റ്റുണ്ട്. സമയക്കുറവുമൂലം അതൊന്നും വായിക്കുന്നില്ല. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള എല്ലാ ജില്ലകളിലും പുതിയ ബാർ ലൈസൻസ് കൊടുത്തിരിക്കുകയാണ്. ഈ ബാറുകളെല്ലാം വരുമ്പോൾ നിലവിൽ ബാറുകൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിലല്ലാതെ അവർക്ക് ഇഷ്ടമുള്ളതുപോലെ മാറ്റിക്കൊണ്ടുപോകാൻ കഴിയും. ബാറുകൾ മാറ്റിക്കൊണ്ടുപോയി ഉദ്ദേശിച്ച സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് 200 മീറ്റർ ദൂരപരിധി 50 മീറ്ററാക്കി മാറ്റിയിരിക്കുന്നത്.

കള്ള് വ്യവസായവുമായി ബന്ധപ്പെട്ട ഒരു നിയമ ഭേദഗതി ഇവിടെ കൊണ്ടുവരാൻ പോകുകയാണ്. കേരളത്തിൽ ശുദ്ധമായ കള്ള് കൊടുക്കാൻ കഴിയുന്നില്ല. ശുദ്ധമായ കള്ള് കൊടുക്കണമെങ്കിൽ പകുതിയോളം കള്ളു ഷാപ്പുകൾ അടച്ചിടേണ്ടിവരും. അങ്ങനെ വന്നാൽ മാത്രമേ ശുദ്ധമായ കള്ള് കൊടുക്കാൻ കഴിയുകയുള്ളൂ. പാലക്കാട്, ചിറ്റൂർ മേഖലയിലും ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ മണ്ഡലത്തിലും കള്ളുചെത്ത് നടക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിലെ കുട്ടനാടൻ മേഖലയിലും ചെത്തുന്നുണ്ട്. ആ രണ്ട് പ്രദേശങ്ങളിൽനിന്നാണ് കള്ള് കൂടുതലായി ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ മദ്ധ്യതിരുവിതാംകൂർ മേഖലകളിൽ പനയിൽ നിന്നും കള്ള് ചെത്തുന്ന സ്ഥലങ്ങളുമുണ്ട്. പക്ഷെ എത്ര ചെത്തിക്കൊണ്ട് വന്നാലും കേരളത്തിലെ കള്ള് ഷാപ്പുകളുടെ എണ്ണമെടുത്ത് പരിശോധിച്ചാൽ അവിടങ്ങളിലൊരിടത്തും ആവശ്യത്തിന് കള്ള് കൊടുക്കാൻ കഴിയില്ലെന്ന് നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. കള്ള് ഒരു തൊടം കാണും, ബാക്കി മുഴുവൻ മറ്റ് രാസവസ്തുക്കളാണ്. ആവശ്യക്കാർക്ക് കൊടുക്കാൻവേണ്ടി കള്ളിൽ മായം ചേർത്ത് കള്ളിന്റെ മണത്തോടെ കുപ്പികളിലാക്കുന്നു. അങ്ങനെ ചെയ്യുന്ന കുറ്റക്കാർക്കെതിരെ ശിക്ഷ കൊടുക്കുന്ന നിയമം ഇവിടെ ഉണ്ടായിരുന്നു. പക്ഷെ ഇന്ന് എന്തിനുവേണ്ടിയെന്ന് അറിയില്ല ശിക്ഷയിൽ ഇളവു വരുത്തുന്ന

സാഹചര്യമാണുള്ളത്. അത് പരമ്പരാഗത വ്യവസായമായ കള്ള് വ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. പരമ്പരാഗത വ്യവസായം പ്രോത്സാഹിപ്പിക്കുന്നത് ഇതുപോലെ വ്യാജ കള്ള് വിൽപ്പന നടത്തിക്കൊണ്ടാണോ? കൊടുക്കുകയാണെങ്കിൽ ശുദ്ധമായ കള്ള് കൊടുക്കണം. ഇപ്പോൾ നേരത്തെയുണ്ടായിരുന്ന ശിക്ഷാ കാലാവധിയായ അഞ്ചുവർഷം തടവും പിഴയും ഒഴിവാക്കി വെറും 25,000 രൂപ പിഴ ഒടുക്കിയാൽ കുറ്റം ചെയ്യുന്ന ആളിന് രക്ഷപ്പെടാമെന്ന രീതി വരും. അതുകൊണ്ട് പാലക്കാടും കുട്ടനാടും പോലുള്ള പ്രദേശങ്ങളിൽ ഇപ്പോഴുള്ള കള്ളുചെത്ത് പകുതിയിലധികമായി കുറയുന്ന അപകടകരമായ സ്ഥിതിവിശേഷമുണ്ടാകാൻ സാധ്യതയുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ടതുണ്ട്.

ഒരു തെങ്ങ് ചെത്തുമ്പോൾ കുറഞ്ഞത് 500 രൂപ കർഷകന് ലഭിക്കും. പത്തുമുപ്പതു തെങ്ങ് ചെത്താനുണ്ടെങ്കിൽ പതിനയ്യായിരം രൂപ വരെ കർഷകന് ലഭിക്കും. ഒരു കർഷകനെ സംബന്ധിച്ച് ഒരു മാസം പതിനയ്യായിരം രൂപ കിട്ടുന്നത് വലിയൊരു വരുമാനമാണ്. അതുകൊണ്ട് ജീവിക്കുന്ന ഒട്ടനവധി കുടുംബങ്ങൾ ഈ പ്രദേശങ്ങളിലുണ്ട്. ബൾക്കായി ചെത്തുന്ന പാലക്കാട് ജില്ലയിലും ആലപ്പുഴ ജില്ലയിലുമല്ലാതെ മറ്റ് പല സ്ഥലങ്ങളിലും പത്തും അൻപതും നൂറും തെങ്ങ് ചെത്താൻ കൊടുത്ത് പത്തും പതിനയ്യായിരവും ഇരുപതിനായിരവും ഇരുപത്തയ്യായിരവും രൂപ മാസ വരുമാനം നേടുന്ന കർഷകരുമുണ്ട്. ഇങ്ങനെ ഒരു നിയമം വരുമ്പോൾ ആ കർഷകർക്ക് നിലനിൽപ്പില്ലാതെ വരും. തെങ്ങിൽ കയറി ചെത്തണമെങ്കിൽ തൊഴിലാളിക്ക് കൂലി കൊടുക്കണം, കൂടാതെ തെങ്ങിൽ കയറി ചെത്തുന്നത് ഭാരിച്ച ജോലിയുമാണ്. കള്ളുഷാപ്പ് നടത്തുന്ന മുതലാളി കുറച്ച് കള്ള്, ഷാപ്പിൽ കൊണ്ടുവന്ന് മിക്സ് ചെയ്ത് ആളുകൾക്ക് കൊടുത്ത് വൻ ലാഭമുണ്ടാക്കുകയാണ് ചെയ്യുന്നത്. ഇതിന്റെ ഗുണം ആർക്കാണ് ലഭിക്കുന്നത്? തെങ്ങ് ചെത്താൻ കൊടുക്കുന്ന കർഷകനോ തെങ്ങിൽ കയറി ചെത്തുന്ന തൊഴിലാളിക്കോ ഷാപ്പിൽ നിൽക്കുന്ന തൊഴിലാളികൾക്കോ ഇതിൽ നിന്നും എന്തെങ്കിലും ലാഭം കിട്ടുന്നുണ്ടോ? ഷാപ്പ് ഉടമസ്ഥർക്ക് മാത്രം ലാഭം കിട്ടുന്ന രീതിയിലേയ്ക്ക് ഇത് പോകുകയാണ്. പണ്ട് ഇവർക്ക് പിടിക്കപ്പെട്ടാൽ ജയിൽ ശിക്ഷ കിട്ടുമെന്ന പേടിയുണ്ടായിരുന്നു. പക്ഷെ ഇനി ആ പേടികൂടി ഇല്ലാതാകുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. അതോടൊപ്പം കർഷകർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന മാസവരുമാനം ഇല്ലാതാകുന്ന ഒരു സ്ഥിതിവിശേഷം കൂടി ഈ നിയമം പ്രാബല്യത്തിൽ വന്നാൽ വരാൻ പോകുകയാണ്. അതുകൊണ്ട് ഈ നിയമം പരിശോധിക്കേണ്ടതായിട്ടുണ്ടെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നാൽ ഒരു തുള്ളി മദ്യംപോലും ഇവിടെയുണ്ടാകില്ലെന്ന് കാണിച്ചുകൊണ്ടുള്ള പരസ്യങ്ങൾ ഇന്ന് പല നവ മാധ്യമങ്ങളിലൂടെയും വരികയാണ്. ഏറ്റവും കൂടുതൽ പരസ്യം വന്നത് ശ്രീമതി കെ.പി.എ.സി. ലളിതയിലൂടെയാണ്. അവരിലൂടെ നടത്തിയ പരസ്യം കേരളത്തിലെ ജനങ്ങൾ മറന്നുപോയിക്കാണില്ല. ഞങ്ങളും മറന്നുപോയിട്ടില്ല. കെ.പി.എ.സി. ലളിത മാത്രമല്ല, പാർട്ടിയുടെ അഖിലേന്ത്യാ സെക്രട്ടറിയായ ശ്രീ. സീതാറാം യെച്ചൂരിയും പറഞ്ഞു. കെ.പി.എ.സി. ലളിത പേമെന്റിനുവേണ്ടി അഭിനയിച്ചതാണെന്ന് പറയാം. പക്ഷെ സീതാറാം യെച്ചൂരി, ഒരു പാർട്ടിയുടെ അഖിലേന്ത്യാ സെക്രട്ടറി വന്ന് പാർട്ടിയുടെ നയം പ്രഖ്യാപിക്കുമ്പോൾ യു.ഡി.എഫ്-ന്റെ നയംതന്നെ ഇവിടെ കൊണ്ടുവരുമെന്നാണ് കേരളത്തിലെ ജനങ്ങൾ കരുതിയത്. പക്ഷെ നിർഭാഗ്യവശാൽ പാർട്ടി സെക്രട്ടറി ആയിരിക്കാം അല്ലെങ്കിൽ ഈ മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന പ്രധാനപ്പെട്ട ആളുകളായിരിക്കാം, ബാർ മുതലാളിമാരുമായി തെരഞ്ഞെടുപ്പിന് മുമ്പുണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ അടച്ചുപൂട്ടിയ ബാറുകൾ ഇപ്പോൾ വീണ്ടും തുറന്നിരിക്കുകയാണ്. ഈ നിയമം വരുമ്പോൾ പരമ്പരാഗത വ്യവസായത്തെ സംരക്ഷിക്കാൻ പോകുന്ന കള്ള് വ്യവസായം പോലും പ്രതിസന്ധിയിലേയ്ക്ക് പോകുകയാണ്.

മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 21-ൽ നിന്നും 23 ആയി വർദ്ധിപ്പിച്ചുവെന്ന് മന്ത്രി പറഞ്ഞു. ഇത് ബഹുമാനപ്പെട്ട മന്ത്രി എല്ലാ പ്രാവശ്യവും പറയുന്ന കാര്യമാണ്. പക്ഷെ നിയമങ്ങൾ ഉണ്ടാക്കുന്നതല്ലാതെ അത് നടപ്പിലാക്കാനോ ഇത് വയലേറ്റ് ചെയ്താൽ അവർക്കെതിരെ നടപടി സ്വീകരിക്കാനോ ഈ ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞിട്ടില്ല. ഇവിടെ ശ്രീ. എം. വിൻസെന്റ് എം.എൽ.എ. ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത് മദ്യ ഉപഭോഗത്തിനുള്ള പ്രായം 21-ൽ നിന്നും 23 വയസ്സായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 23 വയസ്സിന് താഴെ പ്രായമുള്ള ആളുകൾ മദ്യം വാങ്ങുകയോ ഉപയോഗിക്കുകയോ ചെയ്താൽ കുറ്റകരമാണെന്നാണ്. കഴക്കൂട്ടത്ത് കാർത്തിക എന്നൊരു ബാർ പ്രവർത്തിക്കുന്നുണ്ട്. പതിനേഴ്, പതിനെട്ട് വയസ്സുള്ള വിദ്യാർത്ഥികൾ കൂട്ടത്തോടെ ആ ബാറിൽ കയറി മദ്യപിച്ച് ആ ബാറിനു മുമ്പിലും റോഡിലും കിടന്ന നിരവധി വാഹനങ്ങൾ തല്ലിത്തകർത്തു. പോലീസ് അവരെ പിടിച്ചുകൊണ്ട് പോയിക്കാണും അല്ലെങ്കിൽ അവർക്കെതിരെ കേസ്സെടുത്തുകാണും. പക്ഷെ ഇവർ പ്രായപൂർത്തിയായവരല്ലെന്ന് മനസ്സിലാക്കി മദ്യം കൊടുത്ത അല്ലെങ്കിൽ മദ്യം കഴിക്കാൻ സൗകര്യമൊരുക്കികൊടുത്ത ബാർ ഉടമസ്ഥർക്കെതിരെ ഒരു നടപടിയുമെടുത്തിട്ടില്ല. ഇതുപോലുള്ള സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കാതെ ഇങ്ങനെ നിയമം പാസ്സാക്കിയിട്ട് കാര്യമുണ്ടോ? ഒരു നിയമം പാസ്സാക്കിയിട്ടുണ്ടെങ്കിൽ ആ നിയമം ഇവിടെ പ്രാവർത്തികമാക്കേണ്ടതുമുണ്ട്.

പെട്ടെന്നൊരു സുപ്രഭാതത്തിൽ മദ്യം നിരോധിക്കുന്നതിനോട് ഞങ്ങളാരും യോജിക്കുന്നില്ല. കാരണം അതിന് അത്രയേറെ ഭവിഷ്യത്തുകളുണ്ട്. കേരളത്തിൽ മദ്യമില്ലാത്ത ഏക ബ്ലോക്ക് പഞ്ചായത്തെന്ന് പറയുന്നത് അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്താണ്. ഞാൻ നിയമസഭയുടെ എസ്.സി./എസ്.ടി. സമിതി ചെയർമാനായിരുന്നപ്പോൾ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് സന്ദർശിക്കുകയുണ്ടായി. അവിടെ ചെന്നപ്പോൾ അവിടത്തെ രാഷ്ട്രീയ സംഘടനകളും അവിടത്തെ ഊരുമൂപ്പൻ അടക്കമുള്ളവർ പറഞ്ഞത് അവിടെ മദ്യ നിരോധനം വളരെ ദോഷം ചെയ്തുവെന്നാണ്. നിരവധി തവണ അട്ടപ്പാടി സന്ദർശിച്ചിട്ടുള്ള ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലനോടും മദ്യനിരോധനം മൂലമുണ്ടായ ദോഷവശങ്ങളെക്കുറിച്ച് അവർ പറഞ്ഞിട്ടുണ്ടാകാം. നിരോധനം പിൻവലിച്ചാലും അട്ടപ്പാടിയിൽ മദ്യം തിരിച്ച് കൊണ്ടുവരാൻ കഴിയില്ല. ഞാനൊരു സത്യം സഭയിൽ പറയുകയാണ്. അവർ വളരെ രഹസ്യമായിട്ടാണ് എന്നോടു പറഞ്ഞത്. സർക്കാരിന്റെ മദ്യം കിട്ടാത്തതുകൊണ്ട് കർണ്ണാടക പോലുള്ള സംസ്ഥാനങ്ങളിൽ പോയി വില കുറഞ്ഞ മദ്യം വാങ്ങി കഴിച്ച് അവർക്ക് പല ബുദ്ധിമുട്ടുകളും രോഗങ്ങളും പ്രശ്നങ്ങളുമുണ്ടാകുന്നുവെന്നാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അങ്ങ് മദ്യം നിരോധിക്കണമെന്ന് വളരെ ശക്തമായി ആവശ്യപ്പെടുന്നു. കഴിഞ്ഞ കർണ്ണാടക ഗവൺമെന്റ് അവിടെ വൈൻ ബോർഡ് ഉണ്ടാക്കി. കൂർഗ് പ്രദേശത്ത് വൈൻ ടൂറിസം പ്രോത്സാഹിപ്പിച്ചതിന്റെ ഫലമായി അവിടത്തെ കൃഷിക്കാർക്ക് അതിന്റേതായ ഗുണം കിട്ടിയിട്ടുണ്ട്. ശ്രീ. ശരത് പവാർ ഉണ്ടായിരുന്നപ്പോഴാണ് മുന്തിരി കൃഷിക്കാർക്ക് സ്വന്തമായി വൈൻ ഉണ്ടാക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരുന്നത്. അന്നും അവിടം ഭരിച്ചിരുന്നത് കോൺഗ്രസ്സാണ്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മദ്യ നിരോധനത്തിനുവേണ്ടി ഇത്രയും വാദിക്കുന്ന അങ്ങേയ്ക്ക് കോൺഗ്രസ് മാത്രം ഒറ്റയ്ക്ക് ഭരിക്കുമ്പോൾ ഇങ്ങനെ ചെയ്ത കാര്യം അറിയാമോ?

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ശ്രീ. കെ. കൃഷ്ണൻകുട്ടി ശ്രദ്ധിക്കാത്തതുകൊണ്ടാണ്. ഞാൻ ആദ്യമേ അത് പറഞ്ഞിരുന്നു. ഒറ്റയടിക്ക് മദ്യം നിരോധിച്ചാലുണ്ടാകുന്ന അപകടത്തിനുദാഹരണമായിട്ടാണ് ഞാൻ അട്ടപ്പാടിയെ ചൂണ്ടിക്കാണിച്ചത്. ലൈസൻസില്ലാതെ പല സ്ഥലങ്ങളിലും വൈൻ ഉണ്ടാക്കുന്നുണ്ട്. കേരളത്തിൽ കുടിൽ വ്യവസായംപോലെ അല്ലെങ്കിൽ ആവശ്യക്കാർ തന്നെ ഉണ്ടാക്കുന്നുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത്. പക്ഷേ വൈൻ ആയതുകൊണ്ട് എക്സൈസ് വകുപ്പ് ഇടപെടുന്നില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ശ്രീ. വി. പി. സജീന്ദ്രൻ പറഞ്ഞത് ശരിയാണ്. കേരളത്തിലെ സമ്പൂർണ്ണ മദ്യ നിരോധിത മേഖലയാണ് അട്ടപ്പാടി. എന്നാൽ അട്ടപ്പാടിയിൽ കിട്ടാത്ത ഒരു മദ്യവുമില്ല എന്നതാണ് യാഥാർത്ഥ്യം. മദ്യ നിരോധനംകൊണ്ട് കേരളത്തിൽനിന്ന് മദ്യം ഇല്ലാതാക്കാൻ കഴിയില്ല എന്നതിന്റെ നമ്പർ വൺ ഉദാഹരണം അട്ടപ്പാടിയാണെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. അതിനെ അംഗീകരിക്കുന്നതിനുപകരം താങ്കൾ എന്തിനാണ് അതിനെതിരായി സംസാരിക്കുന്നത്?

ശ്രീ. വി. പി. സജീന്ദ്രൻ: സർ, നമ്മൾ ഒറ്റയടിക്ക് മദ്യനിരോധനം നടപ്പിലാക്കിയാൽ ഇതുപോലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാകും. അത് ഓപ്പൺ ആയി ചർച്ച ചെയ്യേണ്ട കാര്യങ്ങളാണ്. യു.ഡി.എഫ്. ഗവൺമെന്റ് ഒരു തീരുമാനമെടുത്താൽ ഞങ്ങളതിനെ സ്വാഭാവികമായും പിന്തുണയ്ക്കും. നമുക്ക് വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിൽ പാർട്ടി ഫോറത്തിലും സംവിധാനത്തിലും പറയും എന്നല്ലാതെ അതിനെ എതിർക്കാൻ പോകില്ല. അട്ടപ്പാടി മേഖലയിലുണ്ടായ വലിയ ദുരന്തം നമ്മൾ കാണാതെ പോകരുത് എന്നത് ഈ അവസരത്തിൽ പറയുകയാണ്. അട്ടപ്പാടിയിലെ ആദിവാസികൾ കഴിക്കുന്നതുപോലെയുള്ള വ്യാജ സാധനങ്ങൾ കേരളത്തിലെമ്പാടും വരാൻ പോകുകയാണ്. എവിടെയാണ് തെങ്ങ് ചെത്തി സാധനം ഉണ്ടാക്കാൻ കഴിയുന്നത്? ഞാൻ നേരത്തെ പറഞ്ഞതുപോലെ, നിലവിൽ 50 ശതമാനംപോലും കള്ള് ഉൽപ്പാദിപ്പിക്കാൻ സാധ്യമല്ലാത്ത, ആവശ്യക്കാർക്ക് കൊടുക്കാനില്ലാത്ത ഈ കേരളത്തിൽ നിങ്ങൾ ധൈര്യമായി മായം ചേർത്തോളൂ എന്നാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. അതിൽ സ്റ്റാർച്ച് എന്നൊരു പേര് മാത്രം സാങ്കേതികമായി ഉപയോഗിക്കുന്നു. സ്റ്റാർച്ച് ഉപയോഗിച്ച് ചെയ്താൽ നിങ്ങൾക്ക് 25,000 രൂപയേ പിഴയുള്ളൂ. കള്ളുഷാപ്പ് ഉടമസ്ഥരെ എപ്പോഴാണ് എക്സൈസ് പിടിക്കുക? ഏതെങ്കിലും രീതിയിലുള്ള പരാതികൾ വന്നാൽമാത്രമേ എക്സൈസുകാർ ഷാപ്പിലേയ്ക്ക് പരിശോധനയ്ക്ക് പോകാറുള്ളൂ. അല്ലാതെ ഷാപ്പിൽപ്പോയി സ്ഥിരം പരിശോധിക്കാറില്ല. ഇന്ന കള്ളുഷാപ്പിൽ മായം ചേർത്തിട്ടുണ്ട് എന്ന് ആരെങ്കിലും ഒരു പരാതി കൊടുത്താൽ മാത്രമേ പരിശോധിക്കൂ. അതുവരെ അവർക്ക് സുഖമായി കച്ചവടം നടത്തിക്കൊണ്ടുപോകാം. വർഷത്തിൽ രണ്ടോ മൂന്നോ പ്രാവശ്യമേ ഷാപ്പുകളിൽ പരിശോധനകൾ നടക്കുന്നുള്ളൂ. അതിനിടയിൽ ലക്ഷക്കണക്കിന് രൂപയാണ് ഷാപ്പ് നടത്തുന്ന ആളുകൾ ഉണ്ടാക്കുന്നത്. ലക്ഷക്കണക്കിന് രൂപയുണ്ടാക്കുന്നത് പോകട്ടെ, മായം ചേർത്ത കള്ളുകുടിക്കുന്നതുമൂലമുണ്ടാകുന്ന രോഗങ്ങളോ, അതിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ?

സാധാരണക്കാരും പാവപ്പെട്ട ആളുകളുമാണ് ഷാപ്പിൽ കള്ളുകുടിക്കാൻ പോകുന്നത്. സമ്പന്നൻമാരായ ആളുകളൊന്നും ഷാപ്പിൽ പോകുന്നില്ല. കഠിനാധ്വാനികളായ, കൂലിപ്പണി ചെയ്യുന്ന ആളുകൾ ഇത് കഴിക്കുമ്പോൾ പെട്ടെന്നുതന്നെ രോഗിയായി മാറുന്നു. അതുകൊണ്ട് അങ്ങ് ഇക്കാര്യത്തിൽ ഒരു പുനഃപരിശോധന നടത്തണം. അങ്ങ് എല്ലാ അസംബ്ലിയിലും അബ്കാരിയുമായി ബന്ധപ്പെട്ട് ഓരോ ബില്ലുകൾ കൊണ്ടുവന്ന് ഇനിയും പുതിയ പുതിയ മാറ്റങ്ങൾ വരുത്തരുത് എന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ നിർത്തുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഇവിടെ പ്രധാനമായും രണ്ട് ഭേദഗതികളാണ് അവതരിപ്പിച്ചത്. അതിലൊന്ന്, മദ്യം ഉപയോഗിക്കുന്നതിനുള്ള പ്രായപരിധി 21-ൽ നിന്ന് 23 ആയി വർദ്ധിപ്പിക്കുക എന്നതാണ്. ഇവിടെ നടക്കുന്ന ചർച്ചയിൽ സ്വാഭാവികമായും മറ്റുചില പ്രശ്നങ്ങളും പരാമർശിക്കപ്പെടും. ഈ ഭേദഗതിയുടെ ഉള്ളറകളിലേയ്ക്ക് കടന്നുചെല്ലുമ്പോഴാണ് നിയമം ഫലപ്രദമായി രൂപപ്പെടുത്താനും നടപ്പിലാക്കാനും കഴിയുന്നത്. ഇങ്ങനെയൊരു വിഷയത്തിൽ അപ്രകാരമുള്ള ഒരു പരിശോധനയും നടക്കാതെ പോയത് ഖേദകരമാണ്.

ഇവിടെ ശ്രീ. വി. ടി. ബൽറാം, ശ്രീ. പി. ഉബൈദുള്ള എന്നീ ബഹുമാന്യരായ അംഗങ്ങൾ സംസാരിച്ചപ്പോൾ ഈ ഭേദഗതിയുടെ വിശദാംശങ്ങളിലേയ്ക്ക് പോയില്ല. ബർത്ത് സർട്ടിഫിക്കറ്റ് കൊടുത്ത് മദ്യം വാങ്ങാൻ സാധിക്കുമോ, അങ്ങനെ നിയമ നടപടി സ്വീകരിക്കാൻ കഴിയുമോ എന്നാണ് ബഹുമാനപ്പെട്ട പി. ഉബൈദുള്ള പരിഹാസരൂപേണ ചോദിച്ചത്. അങ്ങനെയല്ല ഈ പ്രശ്നത്തെ സമീപിക്കേണ്ടത്. ചെറിയ പ്രായത്തിൽപ്പെട്ടവരാണ് അധികവും ലഹരിയുടെ ഉപഭോക്താക്കളായി മാറിയിരിക്കുന്നത്. അതിൽനിന്നും അവരെ മോചിപ്പിക്കുന്നതിനുള്ള ശ്രമം നടത്തണം. ഇത് ഒരു നിയമത്തിന്റെ ഭാഗമായി മാത്രം നടപ്പിലാക്കാൻ കഴിയുന്ന കാര്യമല്ല. സംഘടിതമായ ബോധവൽക്കരണത്തിലൂടെ മാത്രമേ നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 21 വയസ്സാണ് പ്രായപരിധി നിശ്ചയിച്ചിരുന്നത്. ഇവിടെ ഉന്നയിച്ച ചോദ്യം ആ കാലഘട്ടങ്ങളിലും പ്രസക്തമല്ലേ? ഞാൻ യു.ഡി.എഫ്. ഗവൺമെന്റിനെ കുറ്റപ്പെടുത്താനല്ല ശ്രമിക്കുന്നത്. ഒരു വസ്തുത ശ്രദ്ധയിൽ കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. കഴിഞ്ഞ 5 വർഷക്കാലത്ത് 21 വയസ്സിന് താഴെ പ്രായമുള്ളവർ മദ്യം ഉപയോഗിച്ചതിന് കേസ്സെടുത്തത് 22 പേർക്കെതിരെ മാത്രമാണ്. പ്രായം 21-ൽ നിന്ന് 23-ലേയ്ക്ക് മാറ്റാൻ ഈ അടുത്ത കാലത്താണ് നമ്മൾ തീരുമാനിച്ചത്. അതിനുശേഷം 64 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. യുവതലമുറയെ ഈ മാരകമായ ആപത്തിൽനിന്ന് രക്ഷപ്പെടുത്തണം. മദ്യം മാത്രമല്ല, മദ്യത്തെക്കാൾ

അപകടകരമായ ലഹരി പദാർത്ഥങ്ങളാണ് സമൂഹത്തിൽ വ്യാപിച്ചു നിൽക്കുന്നത്. അതിന് തടയിടാനും അവസാനിപ്പിക്കാനും കഴിയണം. ആ നിലയിൽ ആയിരിക്കണം ഈ പ്രശ്നത്തെ സമീപിക്കേണ്ടത്. അതിന് ഇത്തരമൊരു ഭേദഗതി സഹായകരമാകും എന്ന നിലയിലാണ് ഇക്കാര്യം വന്നിട്ടുള്ളത്.

രണ്ടാമത്തെ പ്രശ്നം, സ്റ്റാർച്ചിന്റെ ഉപയോഗവുമായി ബന്ധപ്പെട്ടതാണ്. കള്ളിന് വീര്യം കൂട്ടുന്നതിന് പല സാധനങ്ങളും ഉപയോഗിക്കുന്നുണ്ട്. അത്തരം കാര്യങ്ങളെല്ലാം ഇവിടെ പരാമർശിക്കപ്പെട്ടിട്ടുണ്ട്. കള്ളിൽ വീര്യം കൂട്ടുന്നതിനെ പ്രോത്സാഹിപ്പിക്കാനാണ് ഇങ്ങനെയൊരു ഭേദഗതി വരുന്നത് എന്നൊരു വ്യാഖ്യാനം വന്നു. അത് വസ്തുതാപരമല്ല. കള്ളിന് വീര്യം കൂട്ടുന്നതിന് മറ്റുപല സാധനങ്ങളും ഉപയോഗിക്കുന്നുണ്ട്. അങ്ങനെ ഉപയോഗിക്കുന്നവർക്ക് കടുത്ത ശിക്ഷയും നൽകുന്നുണ്ട്. 5 വർഷംവരെ തടവ്, 50,000 രൂപ പിഴ, അല്ലെങ്കിൽ രണ്ടും കൂടിച്ചേർന്ന ശിക്ഷ. അതെല്ലാം നിലനിർത്തുകയാണ്, ഒന്നും ഒഴിവാക്കുന്നില്ല.

സ്റ്റാർച്ച് ആരോഗ്യത്തിന് ഹാനികരമായതല്ല. കഞ്ഞിവെള്ളമോ പഞ്ചസാരയോ കുമ്പളങ്ങയോ ചേർത്തതാണ് സ്റ്റാർച്ച് കൂട്ട്. കള്ളിന്റെ അളവ് കൂട്ടുന്നതിനുവേണ്ടിയാണ് ഇത് ഉപയോഗിക്കുന്നത്. ലഹരി കൂട്ടാനല്ല. സ്റ്റാർച്ചിന്റെ ഉപയോഗവും ശിക്ഷയിൽപ്പെടും. ഇതുസംബന്ധിച്ച് തൊഴിലാളികളുടെയിടയിൽ വിപുലമായ ചർച്ചകൾ നടത്തിയിരുന്നു. സ്റ്റാർച്ചിനെ ഒഴിവാക്കണമെന്ന് എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും ആവശ്യപ്പെട്ടതാണ്. ഇത് പൂർണ്ണമായി ഒഴിവാക്കുകയല്ല നമ്മളിപ്പോൾ ഈ ഭേദഗതിയിലൂടെ ചെയ്യുന്നത്. ഒരു ഗ്രൂപ്പിൽ എത്ര ഷാപ്പുണ്ടെങ്കിലും ഏതെങ്കിലും ഒരു ഷാപ്പിൽ സ്റ്റാർച്ചിന്റെ കണ്ടന്റ് കണ്ടെത്തിയാൽ എല്ലാ ഷാപ്പുകളും അടയ്ക്കണം. ആ സമീപനത്തിനാണ് മാറ്റം വരുന്നത്. എന്നിട്ടും 25,000 രൂപ പിഴശിക്ഷ ഈ ഭേദഗതിയുടെ ഭാഗമായി കൊണ്ടുവരുന്നുണ്ട്. 25,000 രൂപ പിഴശിക്ഷ ഏർപ്പെടുത്തുന്നത് കോമ്പൗണ്ടബിൾ ആക്കുകയാണ്. ഫൈൻ അടയ്ക്കാൻ നിർബന്ധിക്കുകയാണ്. ഒരു ഷാപ്പിലാണ് സ്റ്റാർച്ച് കണ്ടെത്തുന്നതെങ്കിൽ ആ ഷാപ്പ് മാത്രമേ പൂട്ടുന്നുള്ളൂ. മറ്റ് ഷാപ്പുകൾ പൂട്ടുന്നില്ല. ഇതാണ് ഈ നിയമത്തിന്റെ ഭാഗമായ ഭേദഗതി എന്നത് നമ്മൾ ശരിയായ നിലയിൽ മനസ്സിലാക്കണം. എല്ലാം ഒഴിവാക്കി എന്നുള്ള തെറ്റായ വ്യാഖ്യാനം ശരിയല്ല.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ചെറിയ തോതിലാണെങ്കിലും വലിയ തോതിലാണെങ്കിലും ഇതിന്റെ അന്ത:സത്ത എന്നു പറയുന്നത് കള്ളിനകത്ത് മായം ചേർക്കുന്നുവെന്നുള്ളതാണ്. ഒരു ഷാപ്പ് മാത്രം റദ്ദ് ചെയ്യുന്നുള്ളൂവെന്ന് വന്നാൽ ധാരാളം കർഷകർ ഈ രംഗത്തേയ്ക്ക് കടന്നുവരികയും കള്ളിന്റെ ലഭ്യത കൂടിവരികയും നല്ല കള്ള് കിട്ടാനില്ലാതാകുകയും ചെയ്യുന്നത് കള്ളു വ്യവസായത്തെ ദോഷകരമായി ബാധിക്കുന്ന കാര്യമല്ലേ, എന്തിനാണ് വിട്ടുവീഴ്ച ചെയ്യുന്നത്?

[3.00 PM]

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട പി. ടി. തോമസിന് കള്ള് വ്യവസായത്തിന്റെ എല്ലാ വശങ്ങളും വേണ്ടത്ര മനസ്സിലാക്കാൻ കഴിഞ്ഞോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. കള്ള് വ്യവസായവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചാൽ ഈ അഭിപ്രായത്തിൽ നിന്ന് അങ്ങ് മാറുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിനകത്തു വരുന്ന വസ്തുത മനസ്സിലാക്കണം. ഈ കലർപ്പ് കൊണ്ട് ലഹരി കൂട്ടുന്നില്ല, ലഹരി കൂട്ടാനല്ല ഇത് ഉപയോഗിക്കുന്നത്. ലഹരി കൂട്ടുന്നതിനുവേണ്ടി ഉപയോഗിക്കുന്ന വസ്തുക്കളുണ്ട്. ആ വസ്തുക്കൾ എങ്ങനെ ഉപയോഗിക്കുന്നുവെന്നെല്ലാം ഈ പരിശോധനയിലൂടെ കണ്ടെത്താൻ സാധിക്കും, അതിനെയാണ് തടയുന്നത്. ആപൽക്കരമായ നടപടികളുമായി ഒരു തരത്തിലും സന്ധി ചെയ്യില്ല. അതാണ് ഇതിനകത്തുള്ള വസ്തുത, ഈ കാര്യങ്ങൾ തൊഴിലാളികളുമായി ചർച്ച ചെയ്താൽ ഇതിന്റെ യഥാർത്ഥവശം മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, കള്ള് വ്യവസായത്തെ രക്ഷിക്കാൻ വേണ്ടി ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്. കോട്ടയം, പത്തനംതിട്ട ജില്ലകളിൽ പോലും കള്ള് വരുന്നത് പാലക്കാട്ടു നിന്നാണ്. കാരണം, പാലക്കാട് മാത്രമേ കള്ള് ചെത്തുന്നുള്ളൂ. നമ്മുടെ നാട്ടുകളിലൊന്നും കള്ള് കിട്ടാനില്ല. ഈ സാഹചര്യത്തിലാണ് കൃത്രിമക്കള്ളിന്റെ സാധ്യത വർദ്ധിക്കുന്നത്. മനുഷ്യശരീരത്തിന് ദൂഷ്യമല്ലാത്ത, അപകടകരമല്ലാത്ത രീതിയിലുള്ള കൃത്രിമക്കള്ളിനെ പ്രോൽസാഹിപ്പിച്ചാൽ ആ പ്രശ്നം പരിഹരിക്കാമെന്നാണ് എനിക്ക് തോന്നുന്നത്. ഇതിൽ രണ്ട് അപകടങ്ങളാണുള്ളത്. ഒന്ന്, ഈ വണ്ടി ഇവിടെ വന്നിട്ട് തിരിച്ച് പാലക്കാട് വരെപോയി അടുത്ത ട്രിപ്പ് എടുക്കണം, എത്ര ട്രിപ്പ് അടിക്കുന്നുവെന്നാണ്. രണ്ട്, ഈ രാജ്യത്തില്ലാത്ത സ്പീഡിലാണ് ഈ വണ്ടിയുടെ ഓട്ടം. അതുകൊണ്ട് അതുകൂടി നിയന്ത്രിക്കുന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കണം.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട അംഗം വ്യാഖ്യാനിക്കുന്നതുപോലെയല്ല സ്ഥിതി. തെങ്ങിൽ നിന്നും പനയിൽ നിന്നുമാണല്ലോ കള്ള് ഉൽപ്പാദിപ്പിക്കുന്നത്, ആ കള്ള് മാത്രമേ ഷാപ്പിൽ വിൽക്കാൻ പാടുള്ളൂവെന്നതാണ് നിലപാട്. കൃത്രിമക്കള്ളിനെ പ്രോൽസാഹിപ്പിക്കുന്ന ഒരു നടപടിയും സ്വീകരിക്കുകയില്ല. കൃത്രിമ കള്ളുൽപ്പാദനത്തെ തടയുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ശിക്ഷാ നടപടികളിൽ വരുത്തുന്ന മാറ്റം ഇതിനെ തടയുന്നതിന്റെയും കൂടി ഭാഗമാണ്. കൃത്രിമക്കള്ളിന്റെ ഉൽപ്പാദനവും വിതരണവും തടയണം എന്ന ഗവൺമെന്റിന്റെ നിലപാടിൽ മാറ്റം വരുത്താനും ആ നിലപാടിൽ വെള്ളം ചേർക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. അങ്ങ് ഉദ്ദേശിച്ചത് സ്പിരിറ്റ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്, അതിനനുസൃതമായ നിലപാടാണ് ഈ കാര്യത്തിൽ സ്വീകരിക്കുന്നത്.

മറ്റൊരു പ്രശ്നം ഇവിടെ ഉന്നയിച്ചത്, ഷാപ്പുകളുടെ എണ്ണം വർദ്ധിപ്പിച്ചത് സംബന്ധിച്ച പരാമർശമാണ്. ബാർ ഹോട്ടലുകളുടെ എണ്ണം വർദ്ധിപ്പിച്ചു എന്നത് ശരിയാണ്, ഞാൻ തന്നെ സഭയിൽ സംസാരിച്ച കാര്യമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയുടെ അടിസ്ഥാനത്തിലാണ് മദ്യനയം രൂപപ്പെടുത്തിയത്. കേരളത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നാൽ ഇവിടെ പ്രാവർത്തികമാക്കുന്നത് മദ്യ നിരോധനമല്ല, മദ്യ വർജ്ജനമാണ് എന്ന് തെരഞ്ഞെടുപ്പിന് മുമ്പ് തന്നെ ജനങ്ങളോട് പറഞ്ഞിട്ടുള്ളതാണ്. ലഹരി വർജ്ജനത്തിന് കൂടുതൽ പ്രാമുഖ്യം നൽകുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഈ നയത്തിന്റെ ഭാഗമായിട്ടാണ് നേരത്തെ ഉണ്ടായിരുന്ന ഷാപ്പുകളുടെ എണ്ണം കുറയ്ക്കാതിരുന്നത്.

ഇവിടെ ബഹുമാനപ്പെട്ട അംഗം ബൽറാം പറഞ്ഞു, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 10 ശതമാനം കുറച്ചിരുന്നു എന്ന്. ആ നിലപാടിനോട് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് യോജിപ്പില്ല. ഗവൺമെന്റിന്റെ നയം നടപ്പിലാക്കുകയാണല്ലോ ചെയ്യേണ്ടത്. അത് എങ്ങനെ ജനങ്ങളെ ബാധിക്കുന്നു? ഒരു കാര്യം കൂടി ബഹുമാനപ്പെട്ട അംഗം ബൽറാം വ്യക്തമാക്കി, മദ്യനിരോധനം എന്ന നിലപാടിനോട് യോജിക്കാൻ കഴിയുകയില്ലെന്ന്. ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ളയും ശ്രീ വി. പി. സജീന്ദ്രനും സംസാരിക്കുന്ന സമയത്ത് ഘട്ടംഘട്ടമായുള്ള മദ്യനിരോധനമാണ് വേണ്ടതെന്ന് പറയുകയുണ്ടായി. അട്ടപ്പാടിയിലെ അനുഭവം അദ്ദേഹം തന്നെ ഇവിടെ വിശദീകരിക്കുകയും അതിനുള്ള മറുപടി അദ്ദേഹം തന്നെ പറയുകയും ചെയ്തു. അത് കൂടുതൽ വിശദീകരിക്കേണ്ട കാര്യമില്ല.

ഷാപ്പുകളുടെ എണ്ണത്തിന്റെ കാര്യം പറയുമ്പോൾ, ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന ബിവറേജ് ഔട്ട് ലെറ്റ്കളുടെയും കൺസ്യൂമർഫെഡിന്റെ ഔട്ട്ലെറ്റ്കളുടെയും എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല, അതാണ് യാഥാർത്ഥ്യം.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ആദ്യ ഘട്ടത്തിൽ തൃത്താലയിലേതടക്കം 35-ഓളം ബെവ്കോയുടെ ഔട്ട്ലെറ്റുകൾ നിർത്തലാക്കി. അത് അങ്ങയുടെ ഗവൺമെന്റ് വന്നതിനുശേഷം വീണ്ടും തുറന്നു. അത് ഞാൻ നിയമസഭയിൽ സ്പെഷ്യൽ സെഷൻ നടന്നപ്പോൾ പറഞ്ഞതാണ്.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ:</u> സർ, ഒരു കാര്യം ഓർക്കണം, ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് സുപ്രീംകോടതി വിധി വരുന്നത്. പ്രസ്തുത വിധിയിൽ കള്ള് ഉൾപ്പെടെ ദേശീയപാതയിൽ നിന്ന് 500 മീറ്റർ ദൂരപരിധിക്കകത്തുള്ള എല്ലാ മദ്യശാലകളും അടയ്ക്കണമെന്നാണ് പറഞ്ഞിരുന്നത്. പ്രസ്തുത കോടതിയുടെ

വിധിയുടെ ഭാഗമായി ബിവറേജസ് കോർപ്പറേഷന്റേയും കൺസ്യൂമർ ഫെഡിന്റേയും ഔട്ട്ലെറ്റുകളും അടച്ചിട്ടുണ്ട്. ആ ഔട്ട്ലെറ്റുകളും മദ്യശാലകൾ തന്നെയാണ്. 10 ശതമാനത്തിന്റെ കൂട്ടത്തിൽ അക്കാര്യം ബഹുമാനപ്പെട്ട ബൽറാം പരിശോധിച്ചോ?

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, അങ്ങ് പറയുന്നത് രണ്ടും വ്യത്യസ്ത കാര്യങ്ങളാണ്. സുപ്രീംകോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ റോഡിന്റെ സൈഡിൽ ദൂരപരിധിയുടെ കാര്യം പറഞ്ഞ് അടച്ച കൂട്ടത്തിൽപ്പെട്ടതല്ല. അതിനു മുൻപ് മദ്യനയം പ്രഖ്യാപിച്ച ഘട്ടത്തിൽ 10 ശതമാനം അടയ്ക്കാൻ തീരുമാനിച്ചിരുന്നു, 2015 ഒക്ടോബർ 2-ാം തീയതി മുതൽ അടച്ച് ഒരു വർഷത്തോളം പ്രവർത്തനരഹിതമായത് രണ്ടാമത് തുടങ്ങിയതാണ്. ദൂരപരിധിയുടെ പേരിൽ അടച്ചതും തുറന്നതും മനസ്സിലാക്കാം, ഇത് രണ്ടും രണ്ടാണ്.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ:</u> സർ, ഞാൻ വളരെ ഉത്തരവാദിത്തത്തോടുകൂടിയാണ് പറയുന്നത്, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയ 10 ശതമാനം ഷാപ്പുകളിൽ ഒരു ഷാപ്പുപോലും ഈ ഗവൺമെന്റ് വന്നതിനുശേഷം തുറന്നിട്ടില്ല, നിങ്ങൾക്ക് പരിശോധിക്കാം. നിങ്ങൾ പരാതി തന്നാൽ പരിശോധിക്കാൻ ഞാൻ തയ്യാറാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ നിന്ന് ഒഴിയുമ്പോൾ കൺസ്യൂമർ ഫെഡിന്റേയും ബിവറേജസ് കോർപ്പറേഷന്റേയും 306 ഔട്ട്ലെറ്റുകൾ കേരളത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ 302 ഔട്ട്ലെറ്റുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. ബാക്കി നാലെണ്ണം കൂടി പ്രവർത്തിപ്പിക്കാൻ സാധിക്കുമെങ്കിൽ പ്രവർത്തിപ്പിക്കും. ഷാപ്പുകൾ അടച്ചിട്ടുണ്ടെങ്കിൽ അതിന് വേറെ കാരണങ്ങൾ ഉണ്ടാകും. 10 ശതമാനത്തിന്റെ ഭാഗമായി അടച്ചുപൂട്ടിയ ഒറ്റഷാപ്പും തുറന്നു പ്രവർത്തിപ്പിച്ചിട്ടില്ല, തുറക്കാൻ ഉദ്ദേശിക്കുന്നുമില്ല. സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ ദേശീയപാതയിലെ ദൂരപരിധിയുടെ ഭാഗമായി ഷാപ്പുകൾ അടച്ചിരുന്നു. പിന്നീട് വന്ന സുപ്രീംകോടതി വിധിയുടെ ഭാഗമായി അടച്ചുപൂട്ടിയ ഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതാണ് ഗവൺമെന്റ് ഈ കാര്യത്തിൽ സ്വീകരിച്ച നിലപാട്. ഏത് പരിശോധനയ്ക്കും ഗവൺമെന്റ് തയ്യാറാണ്, താങ്കളും അത് പരിശോധിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. അങ്ങ് പരാതി തന്നാൽ പരിശോധിക്കാൻ തയ്യാറാണ്. ഗവൺമെന്റ് അത്തരമൊരു നിലപാട് സ്വീകരിച്ചിട്ടില്ല, അക്കാര്യത്തിൽ ഗവൺമെന്റിന് യാതൊരു തരത്തിലുമുള്ള സംശയവും ഇല്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ചില കാര്യങ്ങളിൽ വ്യക്തത ഉണ്ടാകേണ്ടതുണ്ട്. 200 മീറ്റർ ദൂരപരിധി ഒഴിവാക്കി എന്നാണ് പറയുന്നത്, ബിവറേജിന്റെ ഔട്ട്ലെറ്റ്, ത്രീ സ്റ്റാർ ഹോട്ടലുകൾ ഇതെല്ലാം പ്രവർത്തിക്കുന്നതിന് 200 മീറ്റർ ദൂരപരിധി ബാധകമാണ്.

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും അത് ബാധകമാണ്. 50 മീറ്ററായി കുറച്ചത് ഫോർ സ്റ്റാർ മുതലുള്ള ഹോട്ടലുകൾക്കാണ്. അങ്ങനെയുള്ളവ വളരെ ചുരുങ്ങിയ എണ്ണം മാത്രമേയുള്ളൂ. അതല്ലാതെ കള്ളുഷാപ്പുകൾ, ബിവറേജസ് ഔട്ട്ലെറ്റുകൾ, കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ തുടങ്ങിയവയൊന്നും ആരാധാനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി ഒബ്ജക്ഷണബിൾ സൈറ്റ് എന്ന് മാർക്ക് ചെയ്തിട്ടുള്ള ഒരു കേന്ദ്രത്തിൽ നിന്നും ദൂരപരിധിയിൽ മാറ്റം വരുത്തിയിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഫോർ സ്റ്റാർ വളരെക്കുറവേയുള്ളൂ, അതിന്റെ ദൂരപരിധിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സാധാരണക്കാരനോ, പൊതുജനങ്ങൾക്കോ ഏതെങ്കിലും തരത്തിലുള്ള പ്രയാസം അനുഭവപ്പെടുന്നതായി കാണാൻ കഴിഞ്ഞിട്ടില്ല. അതാണ് ഈ കാര്യത്തിൽ എടുത്തിട്ടുള്ള നടപടികൾ.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, വിനോദ സഞ്ചാരികൾ ധാരാളമായി എത്താറുള്ള സ്ഥലമാണ് മൂന്നാർ, ചിലപ്പോൾ അവർ മദ്യം വാങ്ങി വരാറുണ്ട്. അങ്ങനെയുള്ളവർക്ക് താമസിക്കുന്ന ഹോട്ടലുകളിൽ പ്രത്യേക ഫീസ് ഈടാക്കി മദ്യമുപയോഗിക്കാനുള്ള അനുവാദം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, മദ്യനയവുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളും ഈ ബില്ലിന്റെ ചർച്ചയിൽ പറഞ്ഞ് തീർക്കാൻ കഴിയില്ല, എല്ലാ പ്രശ്നങ്ങളിലും തീരുമാനമെടുക്കാനും കഴിയില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്താനുള്ള എല്ലാ നടപടികളും എക്സൈസ് വകുപ്പിനെ ഉപയോഗിച്ച് സ്വീകരിച്ചുവരുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അനധികൃത മദ്യം, മയക്കുമരുന്ന് എന്നിവ സംബന്ധിച്ച് എടുത്തിട്ടുള്ള കേസുകൾ പരിശോധിച്ചു നോക്കിയാൽ രാജ്യത്തിന്റെ ചരിത്രത്തിൽ തന്നെ റെക്കോർഡാണെന്ന് കാണാൻ കഴിയും. 2012-ൽ 624 കിലോ കഞ്ചാവ് കേരളത്തിൽ പിടിച്ചെടുത്തിരുന്നുവെങ്കിൽ 2017-ൽ 1332.4 കിലോ കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്. നേരത്തേ പിടിച്ചെടുക്കുന്നതിലുള്ള എണ്ണം കുറഞ്ഞത് കേരളത്തിൽ കഞ്ചാവോ, മറ്റ് ലഹരി പദാർത്ഥങ്ങളോ ഇല്ലാതിരുന്നിട്ടല്ല. എൻഫോഴ്സ്മെന്റിന്റെ കുറവും, നിയമവിരുദ്ധ പ്രവർത്തനങ്ങളെ തടയുന്നതിന് വേണ്ടിയുള്ള നടപടികൾ ശക്തിപ്പെടുത്തുന്നതിൽ വന്ന കുറവുമാണ് കാരണമായത്. എന്നാൽ ഇപ്പോഴത്തെ ഗവൺമെന്റ് ലഹരി വർജ്ജനം ലക്ഷ്യമായിട്ടെടുത്തതിനാൽ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. അതിനനുസൃതമായ നടപടികളും സ്വീകരിക്കുന്നുണ്ട്.

ഒരു കാര്യം കൂടി വ്യക്തമാക്കി ഞാൻ അവസാനിപ്പിക്കാം, ഗവൺമെന്റ് ലക്ഷ്യമിടുന്നത് ലഹരി വർജ്ജനം തന്നെയാണ്. ലഹരി വർജ്ജനത്തെ ലക്ഷ്യം വച്ചുകൊണ്ടാണ് വിമുക്തി എന്ന പ്രസ്ഥാനത്തിന് രൂപം നൽകിയത്. പഞ്ചായത്ത്

തലത്തിലും, വാർഡ്, അയൽക്കൂട്ട തലങ്ങളിലും വിമുക്തിയുടെ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ, പ്രത്യേകിച്ച് പ്രാദേശിക ഭരണ സമിതികളുടെ മുൻകയ്യോടുകൂടിയും സഹായത്തോടെയും ഈ ആപത്തിൽ നിന്ന് നമ്മുടെ സമൂഹത്തെ രക്ഷിക്കാൻ കഴിയണം. കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗിക്കാൻ ശ്രമിക്കുന്നുണ്ട്, റസിഡൻഷ്യൽ അസോസിയേഷനുകളെയും ലഹരി വർജ്ജനത്തിനു വേണ്ടി അണിനിരത്താൻ ശ്രമിക്കുന്നുണ്ട്. കൂട്ടായ പരിശ്രമങ്ങളിലൂടെ, ഇവിടെ പ്രകടിപ്പിച്ചിട്ടുള്ള എല്ലാ അഭിപ്രായങ്ങളും, എല്ലാ വികാരങ്ങളും ലഹരി വർജ്ജനത്തിനുവേണ്ടി ഉപയോഗിക്കാൻ നമുക്ക് സാധിക്കണം. ഈ കാര്യത്തിൽ ഒന്നിച്ചുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം എന്നുകൂടി ഈ സന്ദർഭത്തിൽ പറയുകയാണ്.

ലഹരിയുടെ ഉപയോഗം ഒരു രോഗമായി കാണണം, ചികിത്സ ആവശ്യമാണ്. എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു മാതൃകാ ഡീ-അഡിക്ഷൻ സെന്റർ കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരികയാണ്. അവിടെ ചികിത്സയും പുനരധിവാസവും തൊഴിലും ഉൾപ്പെടെയുള്ള ഒരു പാക്കേജിന് രൂപം നൽകിയാണ് പദ്ധതി നടപ്പിലാക്കാൻ പോകുന്നത്. കുറ്റകൃത്യങ്ങളിലുള്ള പങ്കും അതിലേയ്ക്ക് നയിക്കുന്ന പ്രശ്നങ്ങളും ഗൗരവമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്, അതെല്ലാം തടയുന്നതിനാവശ്യമായ കൂട്ടായ ശ്രമങ്ങളും ഒന്നിച്ചുള്ള നീക്കവും അനിവാര്യമാണ്. ആ നിലയിൽ ഇതിനെ ഉപയോഗപ്പെടുത്താൻ കഴിയണം. ഇത്തരം നല്ല കാര്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് ഈ നിയമഭേദഗതിയേയും കാണേണ്ടത് എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. ടി. ബൽറാം 2018-ലെ അബ്കാരി (ഭേദഗതി) ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

(ശ്രീ. വി. ടി. ബൽറാം സഭയിലില്ല.)

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2018-ലെ അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി - VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(iii) 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. ബഷീറിനുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ: Sir, I move that- " This House resolves to disapprove The Kerala High Court (Amendment) Ordinance, 2018 (Ordinance No.22 of 2018)." ഈ ബില്ലിൽ വിവക്ഷിക്കുന്ന ഭേദഗതി വളരെ കാലോചിതമായിട്ടുള്ള ഒന്നാണ്. നിലവിലുള്ള വ്യവസ്ഥ പ്രകാരം ഒരു ലക്ഷം രൂപവരെയുള്ള വ്യവഹാരങ്ങളുടെ അപ്പീലാണ് ഹൈക്കോടതി സിംഗിൾ ബഞ്ചിന് കേൾക്കാൻ കഴിയുന്നത്. ഒരു വ്യവഹാരത്തിലെ സബ്ജക്ട് മാറ്റർ ഒരു ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ അത് കേൾക്കാൻ ഡിവിഷൻ ബഞ്ച് വേണമെന്നുള്ള അവസ്ഥ ഇന്നുണ്ട്. അതിനൊരു മാറ്റം വരുത്തുന്നതിനു വേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവരുന്നത്. മോട്ടോർ ആക്സിഡന്റ് ട്രിബ്യൂണൽ പോലുള്ള കേസുകളിൽ, വാഹനാപകടത്തിൽ പരിക്ക് പറ്റിയ ആളുകൾ നഷ്ടപരിഹാരത്തിനുവേണ്ടി കോടതിയെ സമീപിക്കുമ്പോൾ നഷ്ടപരിഹാരത്തുക ഒരു ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ അതിന്റെ അപ്പീൽ കേസ് കേൾക്കുന്നതിന് സിംഗിൾ ബെഞ്ചിന് പറ്റില്ലെന്നും ഡിവിഷൻ ബെഞ്ചുതന്നെ വേണമെന്നുമുള്ള അവസ്ഥയ്ക്ക് മാറ്റം വരുത്തുകയാണ്. ആ അർത്ഥത്തിൽ ഈ ഭേദഗതി വളരെ കാലോചിതമാണെന്ന് സൂചിപ്പിക്കുകയാണ്.

ഇവിടെ നമ്മൾ കാണേണ്ട ഒരു കാര്യം, 2013 വരെ മുൻസിഫ് കോടതിയിൽ പരിഹരിക്കാവുന്ന കേസുകളുടെ മൂല്യം ഒരു ലക്ഷം രൂപയായിരുന്നു. 2013-ൽ അത് 10 ലക്ഷം രൂപയാക്കി ഉയർത്തുകയുണ്ടായി. അതുപോലെ സബോർഡിനേറ്റ് ജഡ്ജിമാർക്കും ജില്ലാ കോടതികൾക്കുമുള്ള പെക്യൂനിയറി ജൂറിസ്ഡിക്ഷൻ (സാമ്പത്തിക പരിധി) രണ്ട് ലക്ഷം രൂപയായിരുന്നു. അത് ഇരുപത് ലക്ഷം രൂപയാക്കി ഉയർത്തുകയുണ്ടായി. അതിനോട് കൂട്ടിച്ചേർത്തുവരേണ്ട ഒരു ഭേദഗതിയായിരുന്നു ഇത് എന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്.

മുൻസിഫ് കോടതിയിലെ ജഡ്ജിക്ക് 10 ലക്ഷം രൂപവരെ തർക്കമുള്ള വിഷയങ്ങൾ സംബന്ധിച്ച കേസ്സുകൾ കേൾക്കാമെന്നും ജില്ലാ ജഡ്ജിക്ക് 20 ലക്ഷം രൂപവരെ തർക്കമുള്ള വിഷയങ്ങൾ സംബന്ധിച്ച കേസ്സുകൾ കേൾക്കാമെന്നും, എന്നാൽ ഹൈക്കോടതിയിലെ സിംഗിൾ ബെഞ്ച് ജഡ്ജിക്ക് അതിന്റെ പരിധി ഒരുലക്ഷം രൂപയാണെന്നും പറയുന്നത് ഒരു വലിയ അനോമലി തന്നെയാണ്. ആ അനോമലി ഈ ഭേദഗതിയിലൂടെ പരിഹരിക്കപ്പെടുകയാണ്. ആ അർത്ഥത്തിൽ ഈ ഭേദഗതി ന്യായമാണ്.

നമ്മുടെ നാട്ടിലെ കോടതികളുടെ പ്രവർത്തനത്തിൽ കാലോചിതമായ പരിഷ്കാരങ്ങളുണ്ടാകണം. വിവര സാങ്കേതികവിദ്യയുടെ നേട്ടം വ്യക്തിജീവിതം മുതൽ എല്ലാ രംഗങ്ങളിലും പ്രകടമാണ്. ഒരാൾക്ക് രണ്ടും മൂന്നും മൊബൈൽ ഫോണുകളും വീടുകളിൽ ഇന്റർനെറ്റ് കണക്ഷൻ ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. അതിന്റെ വ്യാപനം നമ്മുടെ സാമൂഹ്യജീവിതത്തിലുമുണ്ട്.

അതുപോലെ സർക്കാർ ഓഫീസുകളിലും വളരെ വലിയ മാറ്റങ്ങളുണ്ടായി. സർക്കാർ ഓഫീസുകളെല്ലാം ഓൺലൈൻ സംവിധാനത്തിലേയ്ക്കും ഇ-ഗവേണൻസിലേയ്ക്കും മാറി. വില്ലേജ് ഓഫീസുകളിലും പഞ്ചായത്ത് ഓഫീസുകളിലും നികുതി അടയ്ക്കാൻ പോകേണ്ട ആവശ്യമില്ല. അതൊക്കെ വീട്ടിലിരുന്ന് ചെയ്യാനുള്ള സംവിധാനങ്ങളായി. ഇങ്ങനെയെല്ലാമുള്ള സൗകര്യങ്ങളുണ്ടായിട്ടും നമ്മുടെ നാട്ടിലെ കോടതികൾ ഇപ്പോഴും എവിടെയാണ് നിൽക്കുന്നത്? ഐ.പി.സി.-യും സിആർ.പി.സി.യുമൊക്കെ 1800-ാം ആണ്ടിൽ സായിപ്പുണ്ടാക്കിയ നിയമസംഹിതയാണ്. അല്ലെങ്കിൽ നിയമ നടപടിക്രമങ്ങളാണ്. അതിനനുസരിച്ചുള്ള സൗകര്യങ്ങൾ മാത്രമെ ഇന്നും നമ്മുടെ കോടതികൾക്കുള്ളൂ എന്നുള്ളത് വളരെ മോശമാണ്. അതിൽ ചില ഭേദഗതികൾ വരുത്താൻ നിയമ വകുപ്പ് താൽപ്പര്യമെടുക്കണമെന്ന് ചൂണ്ടിക്കാണിക്കുകയാണ്.

ഇപ്പോഴും കോടതി സംവിധാനങ്ങളെല്ലാം നടക്കുന്നത് തപാൽ മാർഗ്ഗമാണ്. തപാൽ രീതികൾക്ക് ഒരു മാറ്റവും വന്നിട്ടില്ല. ഓൺലൈനും കമ്പ്യൂട്ടറുമൊക്കെയുള്ള യുഗത്തിലും കിലോമീറ്ററുകൾക്കുള്ളിൽ പ്രവർത്തിക്കുന്ന ഒരു കോടതിയിൽനിന്നും ഒരു കടലാസ് അടുത്ത കോടതിയിൽ ലഭിക്കണമെങ്കിൽ തപാലിലൂടെ വരണം. പലപ്പോഴും അത് കേസുകൾക്ക് വലിയ പ്രയാസമുണ്ടാക്കും. കക്ഷികൾക്ക് ജാമ്യം കിട്ടുന്ന കാര്യത്തിൽവരെ ചില കടലാസുകൾ വരാത്തതിന്റെ പ്രയാസമുണ്ടാകുന്നുണ്ട്. ഐ.പി.സി.യും സി.ആർ.പി.സി.യും ആകെ മാറ്റേണ്ടതില്ല, സംസ്ഥാനതലത്തിൽ റൂൾസിൽ ചില മാറ്റങ്ങൾ വരുത്തിയാൽ അതൊക്കെ നമുക്ക് പ്രാവർത്തികമാക്കാൻ സാധിക്കും.

അതുപോലെ കോപ്പി ആപ്ലിക്കേഷൻ -ഒരു എഫ്.ഐ.ആർ.-ന്റെ കോപ്പി എടുക്കാൻ കൊടുത്താൽ 7 ദിവസം കഴിഞ്ഞാണ് ലഭിക്കുന്നത്. അർജന്റ് ആപ്ലിക്കേഷൻ കൊടുത്താൽ മൂന്ന് ദിവസം കഴിയണം. അതിനൊക്കെ ഒരു മാറ്റം വരണം. കാലത്തിനനുസരിച്ച് കോടതി സംവിധാനങ്ങളെയും മാറ്റാവുന്നതാണ്. നീതി നിർവ്വഹണം എളുപ്പത്തിലാക്കാൻ ഇതൊക്കെ വേണം. ഇങ്ങനെയൊക്കെ ആണെങ്കിലും ജുഡീഷ്യറി തന്നെയാണ് ഇന്നും ജനങ്ങളുടെ അവസാന അഭയകേന്ദ്രം. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിൽ എല്ലാ വ്യവസ്ഥിതികളിലും അഴിമതിയും സ്വജനപക്ഷപാതവും അതിക്രമവുമെല്ലാം അരങ്ങേറുമ്പോഴും ഇന്നും പവിത്രമായും വിശ്വസ്തതയോടെയും നിലനിൽക്കുന്നുവെന്ന് പറയാൻ കഴിയുന്നത് ജുഡീഷ്യറി തന്നെയാണ്. നമ്മുടെ രാജ്യത്തെ നിയമശൃംഖലയിൽപ്പെട്ട ആയിരക്കണക്കിന് കോടതികൾ പവിത്രമായ ഈ ധർമ്മം ആക്ഷേപരഹിതമായി നിർവ്വഹിക്കുന്നുണ്ട്. ഇന്നും നമുക്കത് അഭിമാനമാണ്.

ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിൽ ജനാധിപത്യത്തെപ്പോലും ചിലർ അട്ടിമറിക്കുന്നത് നമുക്ക് കണ്ടുനിൽക്കേണ്ടിവരുന്നുണ്ട്. കർണ്ണാടകയിലെ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ രാജ്യം മുഴുവൻ ഉറ്റുനോക്കിയത് നമ്മുടെ നീതിപീഠത്തെയാണ്. പോസ്റ്റ്പോൾ അലയൻസിൽ ആർക്കാണോ എണ്ണം കൂടുതൽ അവരെ വിളിക്കണമെന്ന് സുപ്രീംകോടതിയുടെതന്നെ റൂളിംഗുകൾ നിലവിലുണ്ട്. പോസ്റ്റ്പോൾ അലയൻസ് എല്ലായിടത്തും അംഗീകരിച്ചതാണ്. കോൺഗ്രസ് വിശാലമായ മതേതര താൽപ്പര്യം മുൻനിർത്തി തങ്ങളുടെ പകുതി സീറ്റുള്ള ജെ.ഡി.എസ്.ലുള്ള ആളെ മുഖ്യമന്ത്രിയാക്കാൻ തീരുമാനിച്ച് 118 പേരുടെ ലിസ്റ്റ് കൊടുത്തപ്പോൾ കേന്ദ്രം ഗവർണറെ ഉപയോഗിച്ച് കർണ്ണാടകയിൽ 104 അംഗങ്ങളുള്ള ബി.ജെ.പി.യെ വച്ച് ഒരു രാഷ്ട്രീയ അട്ടിമറിക്ക് ശ്രമിച്ചു. അങ്ങനെ ശ്രമിച്ചപ്പോൾ ഫാസിസ്റ്റുകളെ അധികാരത്തിൽ നിന്നും മാറ്റിനിർത്താൻ വലിയ പോരാട്ടമാണ് കോൺഗ്രസ്സിന് നടത്തേണ്ടിവന്നത്. ആ പോരാട്ടത്തിന്റെ ഭാഗമായി രാത്രി 2.00 മണിക്ക് കോൺഗ്രസ്സിന്റെ വക്കീൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വാതിലിൽ ചെന്ന് മുട്ടുകയാണ്. ഈ വിഷയം അടിയന്തരമായി കേൾക്കണം, നാളെ നേരം വെളുക്കുന്നതിന് മുമ്പ് ഈ വിഷയത്തിൽ ഒരു പരിഹാരമുണ്ടാക്കിത്തരണം. ഇന്ത്യൻ നീതിന്യായ ചരിത്രത്തിലെ, ജനാധിപത്യ ചരിത്രത്തിലെ അവിസ്മരണീയമായ മുഹൂർത്തമാണിത്. രാത്രി 2.00 മണിക്ക് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വാതിലിൽ മുട്ടുക. അപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ചീഫ് ജസ്റ്റീസ് അതു കേൾക്കാൻ അവസരമുണ്ടാക്കി. രണ്ട് കക്ഷികളും രാത്രി രണ്ട് മണി, മൂന്ന് മണി സമയത്ത് കോടതിയിൽ വരികയാണ്. രാജ്യത്തെ എല്ലാ മാധ്യമങ്ങളും അവിടെയുണ്ടായിരുന്നു. പുലരുംവരെ അത് തുടരുകയാണ്. ആ സമയത്ത് ബി.ജെ.പി. വക്കീൽ ശ്രീ. മുകുൾ റോഹത്ഗിയുടെ ഒരു പരാമർശമുണ്ടായി- ഈ അർദ്ധരാത്രി സമയത്ത് ഇവിടെ ആരെയെങ്കിലും തൂക്കിക്കൊല്ലാൻ പോകുന്നുണ്ടോ; പാതിരാത്രിയിൽ ഈ അസമയത്ത് കോടതി ചേരേണ്ടതുണ്ടോ എന്നൊക്കെയാണ് ചോദിക്കുന്നത്. അത് പറയാനുള്ള കാരണം, സാധാരണ രീതിയിൽ ഒരാളെ തൂക്കിക്കൊല്ലാൻ പോകുമ്പോൾ അയാളുടെ mercy petition (ദയാ ഹർജി) ഏത് പാതിരാത്രി വന്നാലും കോടതി കേൾക്കണമെന്നാണ്. 2015-ൽ യാക്കോബ് മേമനെ പിറ്റേന്നു രാവിലെ തൂക്കിക്കൊല്ലാൻ പോകുകയാണ്. അദ്ദേഹത്തിന്റെ വക്കീൽ ഇന്ന് രാത്രി ദയാഹർജി കൊണ്ടുവന്നുകൊടുത്തപ്പോൾ കോടതി അന്ന് അർദ്ധരാത്രി കൂടിയാണ് കേട്ടത്. അതിനെ അനുസ്മരിപ്പിച്ചാണ് ശ്രീ. മുകുൾ റോഹത്ഗി അങ്ങനെ ചോദിച്ചത്. അപ്പോൾ ഇന്ത്യയിലെ മതേതര വിശ്വാസികൾക്ക് ആത്മാഭിമാനം ഉണ്ടാകുന്ന വിധം കോൺഗ്രസ്സിന്റെ വക്കീൽ കോൺഗ്രസിന്റെ സമുന്നത നേതാവുകൂടിയായ ശ്രീ. അഭിഷേക് മനു സിംഗ്വി

പറഞ്ഞു, ഇവിടെ ബി.ജെ.പി. രാജ്യത്തിന്റെ ഭരണഘടനയെ തൂക്കിലേറ്റാൻ ശ്രമിക്കുന്നുണ്ട്; അതൊഴിവാക്കാൻ വേണ്ടിയാണ് നട്ടപ്പാതിരാക്ക് കോടതിയുടെ വാതിലിൽ ചെന്ന് മുട്ടിയതെന്ന്. മുട്ടിയതിന് ഫലമുണ്ടായില്ലേ. എല്ലാം അട്ടിമറിക്കാൻ ശ്രമിച്ച് 15 ദിവസം വിശ്വാസപ്രമേയം തേടാനുള്ള അവസരമാണ് ഗവർണർ ബി.ജെ.പി.-ക്ക് നൽകിയിരുന്നത്. പക്ഷെ കോടതി എല്ലാം നിയന്ത്രിച്ച് എല്ലാം കോടതിയുടെ നിരീക്ഷണത്തിലായപ്പോൾ ശ്രീ. യദ്യൂരപ്പയ്ക്ക് നാണംകെട്ട് ഇറങ്ങിപ്പോകേണ്ടിവന്നു എന്നുള്ളത് നമ്മൾ കണ്ടതാണ്. അവിടെ ഒരു മതേതര ഗവൺമെന്റിനെ പുനഃസ്ഥാപിക്കാൻ കഴിഞ്ഞുവെന്നുള്ളതും നമ്മൾ കണ്ടതാണ്. ജനാധിപത്യവുമായി ബന്ധപ്പെട്ട് ഇന്ന് ഇന്ത്യാ രാജ്യത്ത് നടക്കുന്ന ആകുലതകൾക്കിടയിൽ ഒരാശ്വാസമുണ്ടാക്കിയ വിധിയെക്കുറിച്ച് സാന്ദർഭികമായി സൂചിപ്പിച്ചുവെന്നുമാത്രം.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അങ്ങനെ ജനാധിപത്യത്തെ സംരക്ഷിച്ച ഒരു ന്യായാധിപന് സുപ്രീം കോടതിയിൽ നിയമനം ലഭിക്കുന്നതിന് എന്തെല്ലാം പ്രശ്നങ്ങളാണ് നേരിടേണ്ടിവന്നതെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അങ്ങ് പറഞ്ഞ വിഷയത്തിലേയ്ക്കാണ് ഞാൻ വരുന്നത്. ഇന്ത്യയിലെ മതേതര വിശ്വാസികൾക്ക് പ്രതീക്ഷ നൽകുന്ന ഒരു ഇടപെടലാണ് സുപ്രീംകോടതിയുടെ ഭാഗത്തുനിന്നുണ്ടായത്. ജസ്റ്റിസ് കെ.എം. ജോസഫിന്റെ നിയമനവുമായി ബന്ധപ്പെട്ട് രാഷ്ട്രീയ പകപോക്കലിനാണ് കേന്ദ്രം ശ്രമിച്ചത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. ജി. സുധാകരൻ: സർ, രാത്രി ചെന്ന് കോടതിയുടെ വാതിൽക്കൽ മുട്ടി, ഉടനെ കോടതി തുറന്നു, കോടതി കൂടുകയാണ്. രാഷ്ട്രീയ പാർട്ടിയുടെ വക്കീൽ ചെന്ന് വിളിച്ചാലുടൻ കോടതി കൂടുമോ? നിയമാനുസരണം നേരത്തെ പെറ്റീഷൻ മൂവ് ചെയ്തിരുന്നു. പറയുന്നത് ഒന്നുകൂടി ഭംഗിയായി പറയുന്നത് നന്നായിരിക്കും. കോടതിയെ മുട്ടിവിളിച്ച് ഉറപ്പിച്ച് വിധി വാങ്ങുന്നുവെന്നുള്ള തെറ്റിദ്ധാരണയുണ്ടാക്കരുത്. അങ്ങനെയല്ല സംഭവിച്ചത്. കോടതിയെ ആർക്കും സ്വാധീനിക്കാൻ കഴിയില്ല. മുട്ടിവിളിച്ചപ്പോൾ തുറന്നു എന്നു പറയുന്നതിലൂടെ കോടതിയെ സ്വാധീനിച്ചു എന്നാണ് പറയുന്നത്. ശരിയായ രീതിയിൽ പറയണമെന്നേ പറഞ്ഞുള്ളൂ.

ശ്രീ. എ. പി. അനിൽ കുമാർ: ........... സർ, .........

ശ്രീ. ജി. സുധാകരൻ: സർ, അങ്ങ് അതിന് കൂട്ടുനിൽക്കുന്നത് എന്തിനാണ്; നിങ്ങളുടെ ചെവിക്ക് എന്തെങ്കിലും പ്രശ്നമുണ്ടോ; കോടതിയെ മുട്ടിവിളിച്ചു എന്നാണ് പറഞ്ഞത്. സഭ മുഴുവനും കേട്ടുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. പി. അനിൽ കുമാർ: .......... സർ, ..... അങ്ങേയ്ക്ക് മാത്രമെന്താണ് കുഴപ്പം; ആലങ്കാരികമായി പറഞ്ഞുവെന്നേയുള്ളൂ.

ശ്രീ. ജി. സുധാകരൻ: സർ, കോടതിയെ മുട്ടിവിളിച്ചു എന്നാണ് പറഞ്ഞത്. കോടതിയെക്കുറിച്ച് അങ്ങനെ ആലങ്കാരികമായി പറയാൻ പാടില്ല. അങ്ങനെ ആലങ്കാരികമായി പറയാൻ കോടതി നിങ്ങളുടെ തറവാട് സ്വത്തല്ല. വസ്തുതകൾ മാത്രമേ പറയാൻ പാടുള്ളൂ. ശ്രീ. എൻ. ഷംസുദ്ദീൻ, ഞാൻ അങ്ങയോട് യോജിച്ചുകൊണ്ട് പറയുകയാണ്. ഇവർ പറയുന്നതൊന്നും കേൾക്കരുത്. കോടതിയെ സ്വാധീനിച്ചു എന്നുതോന്നും. ഒരു സ്വാധീനവും ഉണ്ടായിട്ടില്ല. ശ്രീ. സിംഗ്‌വി സമയത്ത് പെറ്റിഷൻ കൊടുത്തു, കോടതി രാത്രി ചേരാൻ തീരുമാനിച്ചു. അല്ലാതെ ശ്രീ. സിംഗ്‌വി പറഞ്ഞിട്ടല്ല. അങ്ങനെ പറയാൻ പാടില്ല. കോടതിയെ സ്വാധീനിച്ച് ഓരോ വിധിയും വാങ്ങാമെന്ന് പറയുന്നത് ശരിയല്ല. നിങ്ങൾ പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. പറയുന്ന ശൈലി മാറ്റണമെന്നുമാത്രമേ ഞാൻ പറഞ്ഞുള്ളൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രസംഗിക്കുമ്പോൾ മുട്ടിവിളിച്ചുവെന്ന് പറഞ്ഞാൽ, കോടതിയിൽ ചെന്ന് കോടതിയോട് അഭ്യർത്ഥിച്ചുവെന്നേയുള്ളൂ. നീതിയുടെ വാതിലിൽ മുട്ടിവിളിച്ചുവെന്ന് പറയുമ്പോൾ അതൊരു ആലങ്കാരിക പ്രയോഗമാണ്. അതിൽ ഇത്രയും പ്രയാസപ്പെടേണ്ട കാര്യമില്ല. നമ്മൾ രണ്ടുകൂട്ടരും പറയുന്നത് ഒന്നാണ്. കോടതി വാദം കേൾക്കാതെ ഒരുത്തരവ് ഇറക്കില്ല. വാദത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. നട്ടപ്പാതിരായ്ക്ക് കോടതി കൂടാൻ ഇവിടെ ആരെയെങ്കിലും തൂക്കിക്കൊല്ലാൻ പോകുന്നുണ്ടോയെന്ന് ശ്രീ. മുകുൾ രോഹത്ഗി ചോദിച്ച കാര്യം ഞാൻ പറഞ്ഞു. ശ്രീ. മനു അഭിഷേക് സിംഗ്‌വി എന്ന കോൺഗ്രസ് നേതാവ് പറഞ്ഞത്, ഇന്ത്യയുടെ മതേതരത്വത്തിന്റെ ചരിത്രത്തിൽ തങ്കലിപികളിൽ എഴുതേണ്ട സംഗതിയാണെന്നാണ്. അത് പറയുമ്പോൾ ചെറിയ പ്രയാസം അപ്പുറത്തുള്ളവർക്ക് ഉണ്ടെന്നുള്ളതാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. ഇതിലൊന്നും രാഷ്ട്രീയം കാണേണ്ട കാര്യമില്ല. കോൺഗ്രസ്സിന് വേണ്ടി ഹാജരായ വക്കീൽ .....(ബഹളം)..... സ്വാധീനിച്ചുവെന്ന് ആര് പറഞ്ഞു? അങ്ങനെ ആരും പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി, ഞാൻ എന്റെ പ്രയോഗത്തിൽ എവിടെയും കോടതിയെ സ്വാധീനിച്ചുവെന്ന് പറഞ്ഞിട്ടില്ല. തലനാരിഴ കീറിയുള്ള വാദങ്ങൾ അന്ന് അർദ്ധരാത്രിയിൽ കോടതിയിൽ നടന്നു.

സുപ്രീംകോടതി അതിന് അവസരമുണ്ടാക്കി. ആ മഹത്വത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഫാസിസ്റ്റുകളുടെ കുതന്ത്രങ്ങളെ പരാജയപ്പെടുത്താൻ രാജ്യത്തെ മതേതര വിശ്വാസികൾക്കായി. അല്ലാതെ കോടതിയെ സ്വാധീനിച്ചുവെന്ന് ഞാൻ പറഞ്ഞില്ല. കേന്ദ്ര ഗവൺമെന്റും ഗവർണറും ഒക്കെ കൂട്ടുനിന്ന് ഒരു വലിയ അട്ടിമറിക്ക് ശ്രമിക്കുമ്പോൾ കോടതി ഇടപെടുകയും കോടതിയുടെ നിരീക്ഷണത്തിൽ വരികയും ചെയ്തപ്പോൾ അത് ജനാധിപത്യ അടിസ്ഥാനത്തിൽ, നീതിപൂർവ്വകമായി പ്രോസസ്സ് പൂർത്തീകരിക്കാനും രാജ്യത്തിന്റെ മതേതരത്വം കാക്കാനും കഴിഞ്ഞുവെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ അതിൽ കോടതിയെ എവിടെയാണ് മോശപ്പെടുത്തിയത്? ഞാൻ ഒരിക്കലും കോടതിയെ മോശപ്പെടുത്തിയിട്ടില്ല. ഞാൻ കോടതിയിൽ പ്രാക്ടീസ് ചെയ്ത ഒരു അഭിഭാഷകനാണ്. കോടതി രാജ്യത്തിന്റെ മതേതരത്വം സംരക്ഷിച്ചുവെന്ന് ഞാൻ വളരെ ബഹുമാനത്തോടുകൂടി തന്നെയാണ് പറഞ്ഞിട്ടുള്ളത്. അതിന് നേതൃത്വം നൽകിയത് കോൺഗ്രസ്സിന്റെ നേതാവ് എന്നതിനോടൊപ്പം തന്നെ അദ്ദേഹം സുപ്രീംകോടതിയിലെ വളരെ പ്രഗൽഭനായ അഭിഭാഷകനുമാണ്. ആ ഒരു സംഭവം ഇവിടെ ഓർമ്മപ്പെടുത്തിയെന്ന് മാത്രമേയുള്ളൂ.

ഇന്ന് മൊബൈൽ ഫോണിൽ വാർത്ത കേൾക്കുന്ന കാലമാണല്ലോ. ട്രെയിനിലും ബസ് സ്റ്റാന്റിലും രാജ്യത്തെ മതേതര വിശ്വാസികൾ ഒരു നിശ്വാസം പോലെ ഓരോ ചലനവും മിടിപ്പും ശ്രദ്ധിച്ചുകൊണ്ടാണ് കർണ്ണാടകയിലെ ആ പോരാട്ടം നോക്കിക്കണ്ടത്. ഇത്രയും വലിയ മതേതര പോരാട്ടം നടത്തുമ്പോൾ ഫാസിസ്റ്റുകളെ പ്രതിരോധിക്കേണ്ട ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ സ്ഥിതി എന്താണ്? നിങ്ങൾ അവിടെ കാഴ്ചക്കാർ മാത്രമായിരുന്നു. ഇന്ത്യയിലെ ഫാസിസ്റ്റുകളെ പ്രതിരോധിക്കാൻ ആർ.എസ്.എസ്.-ന്റെ പേടിസ്വപ്നം ഞങ്ങളാണെന്ന് പറയുന്ന നിങ്ങൾ എവിടെയായിരുന്നു? നിങ്ങളുടെ പൊടിപോലും കാണാനുണ്ടായിരുന്നില്ല എന്നുള്ളതാണ് വസ്തുത. ഇതൊക്കെയാണ് നിങ്ങൾ ചെങ്ങന്നൂരും പറഞ്ഞത്. ആർ.എസ്.എസ്.-നെ പ്രതിരോധിക്കാനും ബി.ജെ.പി.-ക്ക് എതിരെ പോരാടാനും ഞങ്ങളാണ് മുന്നിൽ. തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകയിൽ നടന്ന മനോഹരമായ പോരാട്ടത്തിന്റെ സത്യപ്രതിജ്ഞ ചടങ്ങിൽ പങ്കെടുക്കാൻ നമ്മുടെ മുഖ്യമന്ത്രിയും പോയിരുന്നു. അവിടെ നിന്ന് അദ്ദേഹം കൈവീശിയാൽ താഴെ നിന്നുള്ള എം.എൽ.എ.-മാരുടെ കൂട്ടത്തിൽ നിന്ന് പ്രത്യഭിവാദ്യം ചെയ്യാൻ സി.പി.ഐ.(എം.)-ന് ഒരംഗമുണ്ടായിരുന്നില്ല. ഞങ്ങൾക്കുണ്ടെന്ന് ഞാൻ പറഞ്ഞില്ല. ഞങ്ങൾ കോൺഗ്രസ്സിന്റെ ഭാഗമാണ്.

ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ പേര് പറഞ്ഞ് ചിലർ മത്സരിക്കാൻ തയ്യാറായപ്പോൾ അങ്ങനെ മത്സരിച്ച് 5000-10000 വോട്ട് സ്പ്ലിറ്റ് ചെയ്യേണ്ടെന്ന സ്റ്റാന്റാണ് ഞങ്ങളെടുത്തത്. അതുകൂടി മതേതര വിശ്വാസികൾക്ക് കൊടുക്കണമെന്ന നിലപാടാണ് ലീഗ് സ്വീകരിച്ചത്. ഞങ്ങൾ മത്സരിച്ചാൽ നിങ്ങൾക്ക് കിട്ടിയതുപോലുള്ള വോട്ട് കിട്ടും. നിങ്ങൾ 22 മണ്ഡലങ്ങളിൽ മത്സരിച്ചപ്പോൾ 60,000 വോട്ടാണ് കിട്ടിയത്. നമ്മുടെ കയ്യിൽ കണക്കുണ്ട്. ആ 60,000 വോട്ട് മതേതര ചേരിക്ക് ഭിന്നിപ്പ് ഉണ്ടാക്കിയതാണ്. നിങ്ങളുടെ ആ വോട്ട് കോൺഗ്രസ്സിന് കൊടുത്തിരുന്നെങ്കിൽ ബി.ജെ.പി.-യുടെ പല സ്ഥാനാർത്ഥികളെയും തോല്പിക്കാൻ പറ്റുമായിരുന്നു. പാർട്ടി കോൺഗ്രസ്സിന്റെ തീരുമാനപ്രകാരം നിങ്ങൾ ചെയ്യേണ്ടത് അതായിരുന്നു. നിങ്ങൾ അത് ചെയ്തില്ല. ഇവിടെ കോൺഗ്രസ് നടത്തിയ ഒരു പോരാട്ടത്തിന്റെ കഥയിലെ കുറച്ച് സംഗതികൾ വിശദീകരിച്ചപ്പോൾ അതുപോലും നിങ്ങൾക്ക് ദഹിക്കുന്നില്ല. കോൺഗ്രസ് നടത്തിയ ഒരു പോരാട്ടം മനോഹരമായി വിശദീകരിച്ചപ്പോൾ അതിൽപ്പോലും അസഹിഷ്ണുത കാണിക്കുന്നത് ശരിയല്ല. നമ്മുടെ രാജ്യം എത്തിനിൽക്കുന്ന, ഫാസിസ്റ്റുകൾ ഉണ്ടാക്കിയ പ്രതിസന്ധിയെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കണം.

ഇവിടെ ചോദിച്ച ജസ്റ്റിസ് കെ. എം. ജോസഫിന്റെ സംഭവമെന്താണ്? കേന്ദ്ര ഗവൺമെന്റ് ഉത്തരാഖണ്ഡ് ഗവൺമെന്റിനെ പിരിച്ചുവിട്ടപ്പോൾ ഉത്തരാഖണ്ഡിലെ ഹൈക്കോടതി ചീഫ് ജസ്റ്റിസ് എന്ന നിലയിൽ ശ്രീ. കെ. എം. ജോസഫ് അത് അംഗീകരിച്ചില്ല. അദ്ദേഹമാണ് ഇന്ത്യയിലെ സീനിയർമോസ്റ്റ് ജഡ്ജ്. ഹൈക്കോടതികളിലെ ചീഫ് ജസ്റ്റിസുമാരിൽ സീനിയർ മോസ്റ്റായ ജസ്റ്റിസ് കെ. എം. ജോസഫിനെ സുപ്രീംകോടതി ജഡ്ജിയാക്കണമെന്ന സുപ്രീംകോടതി കൊളീജിയത്തിന്റെ നിർദ്ദേശം വന്നപ്പോൾ, ഉത്തരാഖണ്ഡിൽ കേന്ദ്ര ഗവൺമെന്റ് പിരിച്ചുവിട്ട് കോൺഗ്രസ് ഗവൺമെന്റിനെ പുനഃസ്ഥാപിച്ചതിലുള്ള ദേഷ്യം മനസ്സിൽ വച്ച് കൊളീജിയത്തിന്റെ തീരുമാനം പലതവണ മടക്കിയത് രാജ്യത്തിന്റെ ജൂഡീഷ്യറിയുടെ ചരിത്രത്തിലെ കറുത്ത അദ്ധ്യായമാണെന്ന് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. നീതിനിർവ്വഹണവുമായി ബന്ധപ്പെട്ട സംഗതികളാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ഭരണകൂടം എത്ര നഗ്നമായി ജൂഡീഷ്യറിയിൽ ഇടപെടുന്നുവെന്നുള്ളതിന് തെളിവാണിവ. ഫാസിസ്റ്റ് കാലത്ത് ജൂഡീഷ്യറിയുടെ ഒരുദാഹരണമാണ് ഇത്.

ജസ്റ്റിസ് ചെലമേശ്വർ ഉൾപ്പെടെ നാല് ജഡ്ജിമാർ കോടതിക്ക് പുറത്തുവന്ന് പറഞ്ഞത്, ഇനി നമുക്ക് നിർവ്വാഹമില്ലെന്നും സഹിക്കാൻ വയ്യെന്നും പരമാധികാരികളായ ജനങ്ങളോട് പറയുകയാണെന്നുമാണ്. ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിൽ ഇരിക്കുന്ന 4 ജഡ്ജിമാരാണ് പറയുന്നത്. ഈ നീതിപീഠംപോലും രാജ്യത്തെ ഫാസിസ്റ്റുകൾ വരിഞ്ഞ് മുറുക്കിയിരിക്കുകയാണെന്നാണ് അവർ പറഞ്ഞത്. ഇവിടെ എന്ത് വിധി പുറപ്പെടുവിക്കണമെന്ന് ഭരണകൂടമാണ് തീരുമാനിക്കുന്നത്. അവിടെ നടക്കുന്ന ചില കള്ളക്കളികളെ സംബന്ധിച്ച് ജസ്റ്റിസ് ചെലമേശ്വർ ചൂണ്ടിക്കാണിച്ചത് നമ്മുടെ മുമ്പിലുണ്ട്. ഇതൊക്കെ നമുക്ക് ഏറെ ആശങ്ക ഉണ്ടാക്കുന്നതാണെന്ന് ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയില്ല. ഭരണകൂടം ജൂഡീഷ്യറിയിൽ പോലും കടന്നാക്രമണം നടത്തിക്കൊണ്ടിരിക്കുന്ന എന്നുള്ളതാണ് ജസ്റ്റിസ് ചെലമേശ്വർ ഉൾപ്പെടെ 4 ജഡ്ജിമാരുടെ വാർത്താ സമ്മേളനം തെളിയിക്കുന്നത്. ഇതൊക്കെ നമുക്ക് ആശങ്കകൾ ഉണ്ടാക്കുന്നതാണ്.

നമ്മുടെ ഹൈക്കോടതിയിൽ വിരമിക്കലുമായി ബന്ധപ്പെട്ട് 3 ജഡ്ജിമാർ നടത്തിയ പരാമർശങ്ങൾ ഒഴിവാക്കാമായിരുന്നു. ജസ്റ്റിസ് ബി. കമാൽ പാഷ, ജസ്റ്റിസ് പി. എൻ. രവീന്ദ്രൻ, ചീഫ് ജസ്റ്റിസ് ആന്റണി ഡൊമിനിക്ക് ഇവരുടെ പരസ്പരം കൊള്ളി വച്ച പ്രയോഗങ്ങളിൽ ചില സംഗതികൾ മാറ്റപ്പെടേണ്ടതാണ്, അതിന് പരിഹാരം ഉണ്ടാകേണ്ടതാണ്. രാഷ്ട്രീയ നേതാക്കന്മാർ പറയുന്നതുപോലെ ന്യായാധിപന്മാർ പരസ്പരം ആക്ഷേപിക്കുന്ന സ്ഥിതി ഉണ്ടായത് നമുക്ക് വലിയ നാണക്കേടുണ്ടാക്കി. ജൂഡീഷ്യറിക്കകത്ത് പറഞ്ഞ് പരിഹരിക്കേണ്ട അരുതായ്മകളുണ്ട്. പറഞ്ഞ വസ്തുതകളെ ഞാൻ ചെറുതായി കാണുന്നില്ല. പക്ഷേ അതിനുപകരം നാണക്കേട് ഉണ്ടാക്കുന്ന വിവാദത്തിലേയ്ക്ക് പോയി എന്നുള്ളതും നാം കാണേണ്ടതുണ്ട്.

ബില്ലിന്റെ അന്തഃസത്ത ഉൾക്കൊള്ളുന്നു. നേരത്തേ ചെയ്യേണ്ട കാര്യമായിരുന്നു ഇത്. മുൻസിഫ് കോടതിക്കും ജില്ലാ കോടതിക്കും കൊടുത്ത അധികാരം ഹൈക്കോടതിയിലെ സിംഗിൾ ജഡ്ജിന് ഇല്ലാതെ പോകുന്നത് ശരിയല്ല. അതൊരു വലിയ അനോമലി ആണ്. അത് ഇവിടെ പരിഹരിക്കപ്പെടുകയാണ്.

ഈ ഭേദഗതിയിലെ ഒരു പ്രശ്നം, pecuniary jurisdiction എന്ന ഇംഗ്ലീഷിലെ ഒരു പ്രയോഗം മലയാളത്തിലേയ്ക്ക് ഭാഷാന്തരം നടത്തി 'ആർത്ഥികാധികാരിത' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഇങ്ങനെയൊരു വാക്ക് മലയാളത്തിലുണ്ടോ? ഇത്ര ബുദ്ധിമുട്ടി മലയാളം കണ്ടുപിടിക്കണമെന്നില്ല. Pecuniary jurisdiction പോലെ കോടതിരംഗത്തും നിയമരംഗത്തുമൊക്കെ കുറേ ഇംഗ്ലീഷ് പ്രയോഗങ്ങളുണ്ട്. കാരണം അത് പറയുമ്പോഴാണ് ഒരു പൂർണ്ണ അർത്ഥം കിട്ടുന്നത്. Pecuniary jurisdiction എന്നത് സാമ്പത്തികമായ ഒരു ലിമിറ്റ് എന്നാണ് അർത്ഥമാക്കുന്നത്. അതായത് മുൻസിഫ് കോടതിക്ക് ഇത്ര ലക്ഷം രൂപ, ജില്ലാ

കോടതി ഇത്ര ലക്ഷം, അതിനുമുകളിലുള്ള കോടതിക്ക് ഇത്ര ലക്ഷം, ആ ലിമിറ്റിനെയാണ് pecuniary jurisdiction എന്നുപറയുന്നത്. Pecuniary jurisdiction എന്ന പദത്തിനുപകരം ഇപ്പോൾ മലയാളത്തിൽ കണ്ടെത്തിയത് 'ആർത്ഥികാധികാരിത' എന്നാണ്. ഞാനാകെ അന്തംവിട്ടുപോയി. ഇത് ഇംഗ്ലീഷിനേക്കാൾ മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള പദമാണ്. ട്രാൻസ്‌ലേഷന്റെ കാര്യത്തിൽ ഇംഗ്ലീഷ് പദം പൂർണ്ണമായും ഉപയോഗിക്കുകയില്ലെന്ന നിലപാട് എടുക്കേണ്ട കാര്യമൊന്നുമില്ല.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u> സർ, മലയാളത്തിൽ ഇങ്ങനെ ഇല്ലാതെ വരുന്ന പദപ്രയോഗങ്ങൾ, ഇംഗ്ലീഷിൽ തന്നെ മലയാളത്തിലെഴുതുക എന്നതാണ് ഇതുമായി ബന്ധപ്പെട്ട് കൊടുത്തിട്ടുള്ള നിർദ്ദേശം. ഈ കാര്യത്തിലും നമുക്കത് സ്വീകരിക്കാവുന്നതാണ്. ഇത്രമാത്രം പ്രയാസമുള്ള ഒരു മലയാളം വാക്ക് ചേർത്തെഴുതിയിട്ട് നാളെ മറ്റ് വ്യാഖ്യാനങ്ങൾ വരുന്നതിനേക്കാൾ നല്ലത് കുറച്ചുകൂടി ഭംഗിയാകുന്നത് ഈ ഇംഗ്ലീഷ് വാക്ക് തന്നെയാണ്. 'പല്ലൻ', 'എല്ലൻ' എന്നൊക്കെ പറഞ്ഞ് മലയാള ഭാഷയെത്തന്നെ കളിയാക്കുന്ന ധാരാളം പ്രയോഗങ്ങൾ വരുന്നുണ്ട്. 'ഡോക്ടർ' എന്നുതന്നെ മലയാളത്തിൽ എഴുതുന്ന രീതിയാണ് ഇപ്പോൾ നടന്നുവരുന്നത്. മെഡിക്കൽ രംഗത്താണ് അത് ഏറ്റവും കൂടുതൽ പ്രായോഗികതലത്തിൽ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുള്ളത്. കോടതി വ്യവഹാരങ്ങളിൽ മേൽക്കോടതിയുമായി വരുന്ന വ്യവഹാരങ്ങളെല്ലാം ഇംഗ്ലീഷിലും ബാക്കിയെല്ലാം മലയാളത്തിലും ചെയ്യണമെന്നുതന്നെയാണ് നിർദ്ദേശം. എന്നാൽ ഇതുപോലെവരുന്ന വാക്കുകൾക്കുപകരം ശരിയായിട്ടുള്ള വാക്കുകൾ ഇല്ലെങ്കിൽ അതിന് ഇംഗ്ലീഷിലുള്ള വാക്കുകൾതന്നെ പ്രയോഗിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ബഹുമാനപ്പെട്ട ബിജിമോൾ മെമ്പറുടെ നിർദ്ദേശം വളരെ നല്ലതാണ്. ഇങ്ങനെയൊരു പുതിയ വാക്ക് കണ്ടുപിടിക്കേണ്ട കാര്യമൊന്നുമില്ല. 'സ്വിച്ച്' എന്ന പദത്തിന് മലയാളം കണ്ടുപിടിക്കണമെങ്കിൽ 'വൈദ്യുത ആഗമന നിർഗമന നിയന്ത്രണ യന്ത്രം' എന്നുപറയണം. എന്നിട്ട് അത് 'ഓഫ്' ആക്കാൻ പറയാൻ പറ്റുമോ; ഇല്ല 'ഓഫ്' എന്നുപറയുന്നതും ഇംഗ്ലീഷാണ്. 'ഓഫ്' ചെയ്യണമെങ്കിൽ 'അതിന്റെ പ്രവർത്തനം ഒന്ന് അവസാനിപ്പിക്കൂ' എന്ന് പറയണം. 'വൈദ്യുത ആഗമന നിർഗമന നിയന്ത്രണ യന്ത്രത്തിന്റെ പ്രവർത്തനം ഒന്ന് അവസാനിപ്പിക്കൂ', സ്വിച്ച് ഓഫ് ചെയ്യുന്നതിന് അത്രയും കഷ്ടപ്പെട്ട് പറയണം. 'ഓൺ' ചെയ്യണമെങ്കിൽ 'ഈ യന്ത്രം ഒന്ന് പ്രവർത്തിപ്പിക്കൂ' എന്നുപറയേണ്ടിവരും. അങ്ങനെയുള്ള മൗലീകമായ പിടിവാശിയൊന്നും ഇക്കാര്യത്തിൽ വേണ്ട എന്നുള്ള ഒരു അഭിപ്രായംകൂടി ഇവിടെ സൂചിപ്പിക്കുകയാണ്. ഒരുവരി ഭേദഗതി മാത്രമേയുള്ളൂ. അതിനെടുക്കാവുന്ന സമയം മാക്സിമം എടുത്ത സ്ഥിതിക്ക് ഇനി ദീർഘിപ്പിക്കുന്നില്ല. ഈ ഭേദഗതിയിൽ എതിർപ്പൊന്നുമില്ല. ഈ ഭേദഗതിയുമായി ബന്ധപ്പെട്ട് ഇത്രയും കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുകയാണ്. ബഹുമാന്യനായ എൻ. ഷംസുദ്ദീൻ സൂചിപ്പിച്ചതുപോലെതന്നെ ഈ വിഷയത്തിൽ അഭിപ്രായ വ്യത്യാസങ്ങളൊന്നും ഉണ്ടാകേണ്ട കാര്യമില്ല. ഇത് കോടതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള ഒരു സാങ്കേതികത്വവും അതിലുണ്ടായിരിക്കുന്ന അനോമലി പരിഹരിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു ഓർഡിനൻസും അതിനെത്തുടർന്നുണ്ടായ ഒരു ബില്ലുമാണ്. ഇത് വളരെ നേരത്തെത്തന്നെ വരേണ്ടതായിരുന്നു. അതുകൊണ്ടുതന്നെ അതിനെ സംബന്ധിച്ച് കൂടുതലായി പറയാനാഗ്രഹിക്കുന്നില്ല. കേരളത്തിൽ ഇന്ന് കോടതികളുമായി ബന്ധപ്പെട്ടുകൊണ്ട് ലക്ഷക്കണക്കിന് കേസുകളാണ് കെട്ടിക്കിടക്കുന്നത്. ഇരുപതുലക്ഷത്തിലധികം കേസുകൾ വിവിധ കോടതികളിൽ കെട്ടിക്കിടക്കുന്നു. ഹൈക്കോടതിയിൽത്തന്നെ രണ്ടുലക്ഷത്തിൽപ്പരം കേസുകൾ കെട്ടിക്കിടക്കുകയാണ്. ഓരോ മാസവും കോടതികളിൽ ലക്ഷക്കണക്കിന് കേസുകൾ എത്തുന്നുണ്ടെങ്കിലും ആ കേസുകളുടെയൊക്കെ ഡിസ്പ്പോസൽ റേറ്റ് വളരെ കുറവാണ്. അതുകൊണ്ടുതന്നെ കോടതികളുടെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് കേസുകളിൽ പെട്ടെന്ന് തീരുമാനമുണ്ടാകുന്നതിനുവേണ്ടിയുള്ള ഇടപെടൽ, അതിന് കോടതിയെ സഹായിക്കുന്ന ഒരു നടപടിയാണ് എല്ലാ സർക്കാരുകളുടെയും ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത്.

കഴിഞ്ഞ ദിവസം പത്രത്തിൽ ഒരു വാർത്ത കാണാനിടയായി. സമൻസ് പ്രതികളെ ഹാജരാക്കുന്നതിന് പോലീസ് തയ്യാറാകാത്തതിനെത്തുടർന്ന് സെഷൻസ് കോടതികളിലും മജിസ്ട്രേറ്റ് കോടതികളിലും കെട്ടിക്കിടക്കുന്നത് ഒരു ലക്ഷത്തി നാൽപ്പത്തി ഏഴായിരത്തിൽപ്പരം കേസ്സുകളാണ്. ക്രിമിനൽ കേസുകളിലെ സമൻസും വാറണ്ടും നടപ്പാക്കുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിരിക്കുന്ന വീഴ്ചമൂലമാണ് ഒന്നരലക്ഷത്തോളം കേസുകൾ വിചാരണ നടത്താൻ സാധിക്കാതെ കോടതികളിൽ കെട്ടിക്കിടക്കുന്നത്. 'Justice delayed is justice denied' എന്ന് നമ്മൾ ആവർത്തിച്ച് പറയാറുണ്ട്. അത് എത്ര പ്രാവശ്യം ആവർത്തിച്ചാലും ആ സാഹചര്യത്തിൽ ഒരു മാറ്റവും ഉണ്ടാകുന്നില്ല എന്നുള്ള വസ്തുത നിലനിൽക്കുകയാണ്. ഈ സന്ദർഭത്തിൽ ഞാനത് ചൂണ്ടിക്കാണിക്കുന്നുവെന്ന് മാത്രം. കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളിൽ തീർപ്പുകൽപ്പിക്കുന്നതിനുവേണ്ടി കോടതികളെ സഹായിക്കുന്ന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-6-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരള ഹൈക്കോടതി 2018-ൽ അവതരിപ്പിച്ച ഈ ഭേദഗതി ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ നേരത്തെ എനിക്കുമുമ്പ് സംസാരിച്ച ആളുകൾ സൂചിപ്പിച്ചതുപോലെ 'delayed justice, denied justice' തന്നെയാണ്. കാരണം, നമ്മുടെ രാജ്യത്തെമ്പാടും 2.60 കോടി കേസുകൾ കെട്ടിക്കിടക്കുകയാണ്. അതുപോലെ നമ്മുടെ സംസ്ഥാനത്ത് 13,24,000 കേസുകൾ കെട്ടിക്കിടക്കുകയാണ്. ഹൈക്കോടതിയിൽ 1,80,745 കേസുകൾ. ഹൈക്കോടതിയിൽ ഏതാണ്ട് 15,589 കേസുകൾ പത്തുവർഷത്തിലധികം പിന്നിട്ടതാണ്. പല കേസുകളും ഇങ്ങനെ കെട്ടിക്കിടക്കുമ്പോഴാണ് ഈ ഒരു ഭേദഗതി വരുന്നത്.

മോട്ടോർ ആക്സിഡന്റ് ക്ലെയിമിന് മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ വിധിച്ചാൽ ആ വിധി ഒരു ലക്ഷം രൂപയ്ക്ക് മുകളിലാണെങ്കിൽമാത്രം ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ പോകണമെന്നായിരുന്നു ഉണ്ടായിരുന്നത്. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിലേയ്ക്ക് ഒരു എൻട്രി കിട്ടാൻ പലപ്പോഴും വർഷങ്ങളെടുക്കും. ഒരിക്കലും ഒരു ഇൻഷ്വറൻസ് കമ്പനിയും ലോവർ കോടതി വിധിച്ച തുക അത്രയുംതന്നെ കൊടുക്കണമെന്ന് പറയില്ല. അവരൊരു 'unending litigation' ആക്കി മാറ്റിയിരിക്കും. പലപ്പോഴും വർഷങ്ങളോളം വീണ്ടും ഒരു ലിറ്റിഗേഷൻ നിൽക്കുകയാണ്. അതിന്റെ ഭാഗമായി ഇരകൾക്ക് വേണ്ടത്ര കോമ്പൻസേഷൻ കിട്ടാത്ത സാഹചര്യം സംസ്ഥാനത്തൊട്ടാകെയുണ്ട്. ഇതൊരു വിപ്ലവകരമായ ബില്ലാണ്. ഇതിന്റെ ഭാഗമായി 40 ലക്ഷത്തിൽ താഴെയുള്ള അപ്പീലുകൾ സിംഗിൾ ബഞ്ചിന് കേൾക്കാം എന്നുവരുമ്പോൾ ഒരു പരിധിവരെ കുറേ വിഷയങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്ന വിശ്വാസമാണ് എനിക്കുള്ളത്. കാരണം, 40 ലക്ഷത്തിനുമുകളിൽ എന്നൊക്കെ പറയുമ്പോൾ rarest of the rare - അത്രമാത്രമേ വരികയുള്ളൂ. ബാക്കിയൊക്കെ 40 ലക്ഷത്തിൽ താഴെയായിരിക്കും. ഇത് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിമിന്റെ ഭാഗമായി കേസിൽ അപ്പിയർ ചെയ്യുന്ന കക്ഷികൾക്ക് ഗുണകരമാകുന്ന വിധിയാണ്. ഇതിനെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. ഇതിനെ സ്വാഗതം ചെയ്യുന്നുവെന്ന് പറയുമ്പോൾ ഇതിനകത്ത് ഒരു പൊളിറ്റിക്കൽ ഡിഫറൻസിന്റെ ആവശ്യമില്ല. എല്ലാ ആളുകളും ഇതിനെ സ്വാഭാവികമായും സ്വാഗതം ചെയ്യുന്ന നിലയാണ് ഉണ്ടാകുന്നത്. ഈ ബിൽ അവതരിപ്പിക്കാനുള്ള ആർജ്ജവം സഖാവ് പിണറായി നേതൃത്വം നൽകുന്ന സർക്കാരും, കേരളത്തിന്റെ ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും കാണിച്ചു.

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കോടതികളോട് വളരെ പോസിറ്റീവായ അപ്രോച്ചാണ് എടുത്തിട്ടുള്ളത്. കോടതിക്കകത്ത് ഇക്കാലമത്രയും ഉയർന്നുവന്നിരുന്ന പ്രധാനപ്രശ്നം സ്റ്റാഫ് ഷോർട്ടേജായിരുന്നു. ആ സ്റ്റാഫ്

ഷോർട്ടേജിന് പരിഹാരമുണ്ടാക്കാൻ 460 പുതിയ ക്ലറിക്കൽ തസ്തിക സൃഷ്ടിക്കാൻ ഈ സർക്കാരിനായി. ജൂഡീഷ്യൽ ഓഫീസർമാരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ സംസ്ഥാന സർക്കാരിന് തുല്യമാക്കുന്ന ഉത്തരവ് ഇറക്കിയിട്ടുണ്ട്. അതുപോലെ ജൂഡീഷ്യൽ ഓഫീസർമാരുടെ സ്പെഷ്യൽ പേ 1-1-1999 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. അതുമാത്രമല്ല ജൂഡീഷ്യറിയെ റെസ്പെക്ട് ചെയ്യുന്ന ഒരു സർക്കാരാണ് ഇത്. അതിന്റെ ഭാഗമായാണ് ഹൈക്കോടതി ജഡ്ജിമാരുടെ ഉപയോഗത്തിന് 28 ഇന്നോവ ക്രിസ്റ്റ കാറുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകാനും അതിന് അധിക ഫണ്ട് മാറ്റിവയ്ക്കാനും ഈ സർക്കാർ തയ്യാറായത്. ജൂഡീഷ്യറിയുടെ അടിസ്ഥാന വികസനത്തിനുവേണ്ടിയാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. ഇത്രമാത്രം ജൂഡീഷ്യറി ഫ്രണ്ട്ലിയായ ഒരു സർക്കാർ ഇതിനുമുമ്പുണ്ടോയെന്ന് നമ്മൾ സംശയിക്കേണ്ടിവരും. അത്രമാത്രം ആത്മാർത്ഥതയാണ് ജൂഡീഷ്യറിയോട് ഈ സർക്കാർ കാണിച്ചിട്ടുള്ളത്. അതോടൊപ്പം ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ അദാലത്തുകൾ വിപുലമാക്കിക്കൊണ്ട് അദ്ധ്വാനഭാരം കുറയ്ക്കാനും ഈ സർക്കാരിനായി എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാത്രമല്ല, ഈ ഗവൺമെന്റ് വന്നപ്പോൾ ജൂഡീഷ്യറിയുമായി ബന്ധപ്പെട്ട് ഒരു ഡയലോഗിന് തന്നെ തയ്യാറായി. ഡയലോഗുകളാണല്ലോ പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുക. അതിന്റെ ഭാഗമായി എന്തൊക്കെയാണ് ജൂഡീഷ്യറി നേരിടുന്ന പരിമിതികൾ, പ്രശ്നങ്ങൾ എന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നിയമ വകുപ്പുമന്ത്രിയും ചീഫ് ജസ്റ്റിസുമായി ചർച്ചയ്ക്ക് തയ്യാറായി. അത്തരമൊരു ചർച്ചയ്ക്ക് ഇതുവരെ ആരെങ്കിലും തയ്യാറായിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ഏതായാലും അതിന് നേതൃത്വം കൊടുക്കാൻ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും സാധിച്ചുവെന്നത് അഭിമാനകരമായ കാര്യമാണ്.

അതുപോലെ ലീഗൽ ഫ്രെട്ടേണിറ്റി എന്നുപറയുമ്പോൾ വെറും ജൂഡീഷ്യൽ ഓഫീസർമാർ മാത്രമല്ല, അഭിഭാഷകരുമുണ്ട്. അഭിഭാഷകരെന്ന് പറയുമ്പോൾ ഒരു ദിവസംതന്നെ ലക്ഷങ്ങൾ വാങ്ങുന്നവരുണ്ട്, കോടികൾ വാങ്ങുന്നവരുണ്ട്, പതിനായിരങ്ങൾ വാങ്ങുന്നവരുണ്ട്, ഒന്നും കിട്ടാത്തവരുമുണ്ട്. ഇതാണല്ലോ ലാ ഫ്രെട്ടേണിറ്റി. ആ ലീഗൽ ഫ്രെട്ടേണിറ്റിയെ പൂർണ്ണമായും അഡ്രസ്സ് ചെയ്യാൻ ഈ സർക്കാരിനായി. അതിന്റെ ഭാഗമായി അഭിഭാഷക ക്ഷേമനിധി ആക്ട് ഭേദഗതി ചെയ്തു. ഒരു അഭിഭാഷകൻ പിരിഞ്ഞുപോകുമ്പോൾ ക്ഷേമനിധിയിൽ നിന്നും കൊടുക്കുന്ന തുക അഞ്ച് ലക്ഷം രൂപയെന്നത് പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. അഭിഭാഷകരുടെ ചികിത്സാ ആനുകൂല്യവും വർദ്ധിപ്പിച്ചു. ഒരു അഭിഭാഷകൻ എൻറോൾ ചെയ്യുമ്പോൾ അയാളൊരു ഫ്രഷറാണ്. സ്വാഭാവികമായും അയാൾക്ക് പെട്ടന്നൊന്നും ആളുകൾ കേസ് കൊടുക്കുന്ന സ്ഥിതിയുണ്ടാകില്ല. ഒരു അഭിഭാഷക പ്രവൃത്തിയെന്ന് പറയുമ്പോൾ അതിന്റെ

ഇനിഷ്യൽ സ്റ്റേജിൽ നല്ല രീതിയിൽ കഠിനാദ്ധ്വാനം ചെയ്താൽ മാത്രമേ ഇൻകം വന്നുതുടങ്ങുകയുള്ളൂ. അതിന്റെ ഭാഗമായി പലരും ഈ മേഖലയിൽനിന്ന് മാറിപ്പോവുകയാണ്. അതിനെ ഫലപ്രദമായി അഡ്രസ്സ് ചെയ്യാൻ ഈ സർക്കാരിന് കഴിഞ്ഞു. അതിന്റെ ഫലമായിട്ടാണ് തുടക്കത്തിലെ മൂന്നുവർഷക്കാലം അയ്യായിരം രൂപ സ്റ്റൈപ്പന്റ് കൊടുക്കുമെന്ന ഉത്തരവിറക്കാൻ ഈ സർക്കാരിനായത്. അഭിഭാഷകവൃത്തി ഒരു നോബിൾ പ്രൊഫഷനാണ്. ആ നോബിൾ പ്രൊഫഷനിൽ ഈ പറയുന്ന ആളുകൾ വരുമ്പോൾ പലരും പകുതിയിൽവച്ച് ഈ പണി ഉപേക്ഷിച്ചുപോവുകയാണ്. അങ്ങനെ ഈയൊരു നോബിൾ പ്രൊഫഷൻ പകുതിയിൽ വച്ച് ഉപേക്ഷിച്ച് പോകാൻ പാടില്ല. ഈ പ്രൊഫഷനകത്ത് ആളുകൾ നിൽക്കണം. അവരെ എന്റർടൈൻ ചെയ്യാനാണ് ഇത്തരമൊരു സമീപനം ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

അതുമാത്രമല്ല, പോക്സോ പോലെയുള്ള പല കേസ്സുകളും ഇപ്പോൾ ചർച്ച ചെയ്യപ്പെടുകയാണ്. പോക്സോ കേസ്സുകൾക്കൊക്കെ സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ നിയമിച്ചുവരികയാണ്. പതിനൊന്ന് കോടതികളിൽ ഇതിനോടകം സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ നിയമിക്കാൻ കഴിഞ്ഞു. നമ്മളിപ്പോൾ മലയാള ഭാഷയ്ക്ക് പ്രാമുഖ്യം കൊടുക്കുകയാണ്. കോടതി ഭാഷ മലയാളീകരിക്കുന്നതിന് 260 ട്രാൻസിലേറ്റർമാരുടെ തസ്തിക സൃഷ്ടിക്കാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നത് അഭിമാനകരമായി ഉയർത്തിക്കാണിക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. മൂന്നുവർഷംവരെ അയ്യായിരം രൂപ സ്റ്റൈപ്പന്റ് കൊടുക്കുന്നതിനെക്കുറിച്ചും ക്ഷേമനിധി ഉയർത്തിയതിനെക്കുറിച്ചും ഞാൻ സൂചിപ്പിച്ചു. ഇങ്ങനെ അഭിഭാഷകരുടെ ക്ലർക്കുമാർക്കും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുവെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും. ഇങ്ങനെ നിരവധി പ്രവർത്തനങ്ങൾ ഈ കാലയളവിൽ നമുക്ക് ചെയ്യാൻ സാധിച്ചു. നമ്മുടെ ജുഡീഷ്യറിക്കകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന പുഴുക്കുത്തുകളെ ക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചു. നമുക്കൊരിക്കലും ന്യായീകരിക്കാൻ സാധിക്കുന്ന കാര്യങ്ങളല്ല ഇപ്പോൾ നാം കേട്ടുകൊണ്ടിരിക്കുന്നത്. ജനാധിപത്യത്തിന്റെ തൂണുകളിലൊന്നാണ് ജുഡീഷ്യറി. ആ ജുഡീഷ്യറിയുടെ sanctity പോലും ചോദ്യം ചെയ്യപ്പെടുന്ന പുതിയ കാലത്താണ് നമ്മൾ ജീവിക്കുന്നത്. ഇക്കാലമത്രയും ജുഡീഷ്യൽ ഓഫീസർമാർ പരസ്പരം അഭിപ്രായ വ്യത്യാസം രേഖപ്പെടുത്തിയിരുന്നില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ സീനിയർ ജുഡീഷ്യൽ ഓഫീസർമാർ, ഒരുപക്ഷെ നാളെ സുപ്രീംകോടതിയിലെ ചീഫ് ജസ്റ്റീസായി വരാൻപോലും സാധ്യതയുള്ളവരാണ് വളരെ ഓപ്പണായി ഡിഫറൻസ് പ്രകടിപ്പിച്ചിട്ടുള്ളത്. ഞങ്ങൾ ഈ ഘട്ടത്തിൽ ഇടപെട്ടില്ലെങ്കിൽ ജുഡീഷ്യറിയുടെ പരിപാവനത നഷ്ടപ്പെട്ടുപോകും എന്ന് വളരെ ഓപ്പണായി പറഞ്ഞുകൊണ്ട് അതിനകത്ത് പ്രതികരിക്കുന്നൊരു നിലപാട് പലപ്പോഴുമുണ്ടായിട്ടുണ്ട്.

ജൂഡീഷ്യറിയെക്കുറിച്ച് നമ്മളൊരു ഭാഗത്ത് പറയുമ്പോൾ ചില തലതിരിഞ്ഞ വിധികളും ഇവരുടെ ഭാഗത്തുനിന്നുണ്ടായെന്ന് നമുക്ക് പറയാൻകഴിയും. അത്തരത്തിലൊരു വിധിയാണ് വിദ്യാർത്ഥി രാഷ്ട്രീയത്തെ നിരോധിച്ചുകൊണ്ടുള്ള വിധി. ഈ വിധി പുറപ്പെടുവിച്ചത് ബഹുമാനപ്പെട്ട ഹൈക്കോടതിയാണ്. അവർ വന്ന വഴി മറന്നുപോയിയെന്നുള്ളതാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തിന് ചിലപ്പോൾ പോരായ്മകളുണ്ടാകാം. ആ പോരായ്മകൾ തിരുത്താൻ പറയുന്നതിനുപകരം വിദ്യാർത്ഥി രാഷ്ട്രീയമേ പാടില്ല എന്നൊരു ഉത്തരവ് കോടതി ഇറക്കിയിരിക്കുകയാണ്. എന്താണ് അതിന്റെ പരിണിത ഫലം? വിദ്യാർത്ഥി രാഷ്ട്രീയം ക്യാമ്പസ്സുകളിൽനിന്ന് അപ്രത്യക്ഷമാകുമ്പോൾ അവിടെ കടന്നുവരുന്നത് അരാജകശക്തികളാണ്. അത് നമ്മൾകണ്ടു. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടുന്നൊരു സമൂഹം ക്യാമ്പസ്സിനകത്ത് വളർന്നുവന്നു. വിദ്യാർത്ഥി രാഷ്ട്രീയം വേണ്ടായെന്ന് വിധിച്ച ജൂഡീഷ്യൽ ഓഫീസർമാർ ചിന്തിക്കേണ്ട കാര്യം, നമ്മൾ ഫോളോ ചെയ്യുന്നത് ബ്രിട്ടന്റെ കാലത്തുള്ളതാണ്. സ്വാതന്ത്ര്യസമരം കൊടുംപിരി കൊള്ളുമ്പോൾ വിദ്യാർത്ഥികൾക്ക് രാഷ്ട്രീയം പാടില്ല, വിദ്യാർത്ഥികൾ ഇടപെടാൻ പാടില്ലായെന്ന് അന്നത്തെ ബ്രിട്ടീഷ് ജൂഡീഷ്യൽ ഓഫീസർമാർ തീരുമാനിച്ചിരുന്നുവെങ്കിൽ നമുക്ക് സ്വാതന്ത്ര്യം കിട്ടുമായിരുന്നോ; സ്വാതന്ത്ര്യം കിട്ടില്ലെന്നു മാത്രമല്ല, ഇന്നും ബ്രിട്ടനിലെ ഇംഗ്ലീഷുകാരായിരിക്കും നമ്മുടെ ജൂഡീഷ്യൽ ഓഫീസർമാർ. ആ കാര്യം അവർ മറന്നുപോയി എന്നുള്ളതാണ്. ഇത് അങ്ങേയറ്റം നിർഭാഗ്യകരമായ വിധിയാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തെ നിരോധിച്ചുകൊണ്ടുള്ള ഇത്തരം വിധികളോടൊന്നും ഒരുതരത്തിലും നമുക്ക് യോജിക്കാൻ സാധിക്കുന്നതല്ല എന്നകാര്യംകൂടി ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

ജൂഡീഷ്യറിയിൽ ഇപ്പോഴും കോളനി വാഴ്ചയുടെ പ്രേതബാധയെന്ന് ഇവിടെ ബഹുമാനപ്പെട്ട ചെയർതന്നെ സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും ജൂഡീഷ്യറിയിൽ ഇപ്പോഴും കോളനിവാഴ്ചയുടെ പ്രേതബാധയുണ്ടെന്ന് പല വിധികളും കാണുമ്പോൾ മനസ്സിലാക്കാൻ സാധിക്കും.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, കൊളീജിയത്തെ മറികടന്നുകൊണ്ട് ഇപ്പോൾ മോദി സർക്കാർ ജഡ്ജിമാരെ നേരിട്ട് നിയമിക്കുന്ന രീതിയാണുള്ളത്. പണ്ട് എക്സിസ്റ്റിംഗ് ജഡ്ജിമാരും റിട്ടയർ ചെയ്ത ജഡ്ജിമാരും കൂടിയുള്ള കൊളീജിയം സീനിയറായിട്ടുള്ള കുറച്ച് അഡ്വക്കേറ്റ്സിന്റെ പേരുകൾ സംഭരിച്ച് ആ പേരുകളാണ് ജഡ്ജസ്സിനുവേണ്ടി നിർദ്ദേശിച്ചിരുന്നത്. ഇപ്പോൾ കൊളീജിയം കൊടുക്കുന്ന പേരുകൾ നിർദ്ദേശിക്കാതെ കേന്ദ്ര മന്ത്രിസഭ നേരിട്ട് ഇന്ത്യൻ പ്രസിഡന്റിന് കൊടുക്കുന്ന ആൾക്കാരെ ജഡ്ജിമാരായി നിയമിക്കുന്ന

രീതിയാണുള്ളത്. അതിന്റെ ഭാഗമായി മലയാളികളായ ശ്രീ. ജോസഫ്, ശ്രീ. കുര്യൻ തുടങ്ങിയവരുടെ കേസ്സൊക്കെ ഇടക്കാലത്ത് വന്നിരുന്നു. അതിന്റെ പ്രസക്തിയെക്കുറിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം ശരിയാണ്. 2014-ലാണ് മോദി സർക്കാർ അധികാരത്തിലേറിയത്. മോദിസർക്കാർ അധികാരത്തിലേറിയപ്പോൾ അവർ ചെയ്ത ആദ്യത്തെ പ്രവർത്തനം ശ്രീ. നരേന്ദ്രമോദിയെ അധികാരത്തിൽ കൊണ്ടുവരാൻ പ്രവർത്തിച്ച ബി.ജെ.പി.യുടെ ദേശീയ അദ്ധ്യക്ഷൻ ശ്രീ. അമിത് ഷായ്ക്കുവേണ്ടി കോടതിയിൽ ഹാജരായ ശ്രീ. യു. യു. ലളിത്തിനെ സുപ്രീംകോടതി ജഡ്ജിയായി നിയമിക്കുകയാണ്. ഇന്ന് പലകാര്യങ്ങളിലും കണ്ടുവരുന്നൊരു പ്രവണത ഇതാണ്. ബി.ജെ.പി. ജുഡീഷ്യറിയെ അറ്റാക്ക് ചെയ്യുന്നു, ജുഡീഷ്യറിയിൽ കടന്നുകയറാൻ ശ്രമിക്കുന്നു, ജനാധിപത്യം ദുർബലപ്പെടുത്താൻ ശ്രമിക്കുന്നു. തങ്ങൾക്ക് വഴങ്ങുന്നവരെ മാത്രം ജുഡീഷ്യറിയിൽ നിയമിക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ മാറുന്നു. പക്ഷെ അതിന്റെ അപവാദങ്ങളാണ് ശ്രീ. കുര്യൻ ജോസഫിന്റെയും ജസ്റ്റിസ് ചെലമേശ്വറിന്റെയുമൊക്കെ ഡിഫറൻസ് നമ്മൾ കണ്ടത്. ഇതൊക്കെ പറയുമ്പോഴും ഇന്ത്യയുടെ ഡി.എൻ.എ. arrogance-നെ നേരിട്ട ഒരു ഡി.എൻ.എ.ആണ്. അതുമാത്രമല്ല, ഇന്ത്യയുടെ ഡി.എൻ.എ. എല്ലാ കാലത്തും ഏകാധിപത്യത്തെ ചോദ്യംചെയ്ത ഡി.എൻ.എ. ആണ്. ഏകാധിപത്യത്തെ ചോദ്യം ചെയ്തതുകൊണ്ടാണ്, ആ ഒരു ഡി.എൻ.എ. ഇന്ത്യയ്ക്കുള്ളതുകൊണ്ടാണ് അടിയന്തരാവസ്ഥയ്ക്കുശേഷം ഇന്ദിരാഗാന്ധിക്ക് അധികാരം നഷ്ടപ്പെട്ടത്. അതുകൊണ്ട് നമുക്കുറച്ച് വിശ്വസിക്കാം 2019-ൽ മോദിയും കൂട്ടാളികളും ഈ രാജ്യത്തിന്റെ അധികാരത്തിൽനിന്നും തിരസ്കരിക്കപ്പെടുമെന്ന കാര്യത്തിൽ ഞങ്ങൾക്കാർക്കും സംശയമില്ല. ജുഡീഷ്യറി നേരിടുന്ന ഈ വെല്ലുവിളികളെ നമുക്ക് അതിജീവിക്കാൻ സാധിക്കണം.

തീർച്ചയായും ഞാൻ ഈ വിഷയവുമായി ബന്ധപ്പെട്ട് രാഷ്ട്രീയം പറയണമെന്ന് വിചാരിച്ചതല്ല. പക്ഷെ കുത്തിക്കുത്തി ഞങ്ങളെക്കൊണ്ട് രാഷ്ട്രീയം പറയിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ കോൺഗ്രസ്സിന്റെ വിശാലമായ ജനാധിപത്യത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ആ മെമ്പർ കോൺഗ്രസ്സിന്റെ വിശാലമായ ജനാധിപത്യമാണ് കർണ്ണാടകയിൽ കണ്ടതെന്ന് സൂചിപ്പിക്കുമ്പോൾ ഇംഗ്ലീഷിൽ 'hopes and choice' എന്നൊരു പരാമർശം ഉണ്ട്. 'Hopes and choice' എന്നുപറഞ്ഞാൽ ഏകനിവൃത്തി എന്നാണ്. ഏകനിവൃത്തികൊണ്ടാണ് കർണ്ണാടകയിൽ കോൺഗ്രസ്സ് ജനതാദൾ സെക്കുലറിനെ പിന്തുണയ്ക്കേണ്ടിവന്നത്. മറ്റ് ഓപ്ഷനില്ല. കോൺഗ്രസ്സെന്നുപറയുന്ന രാഷ്ട്രീയ പ്രസ്ഥാനം ഇക്കാലമത്രയും തങ്ങളായിരുന്നു ഈ രാജ്യത്തെ ഏറ്റവും കരുത്തൻമാരെന്ന് അഹങ്കരിച്ച

നടന്നുവെങ്കിൽ ഇന്ന് തങ്ങൾക്ക് കരുത്ത് ചോർന്നിരിക്കുന്നുവെന്ന യാഥാർത്ഥ്യം അവർ അംഗീകരിക്കുന്നു. അതിന്റെ ഭാഗമാണ് രാവിലെ ശ്രീ. പി. സി. ജോർജ് സൂചിപ്പിച്ചതുപോലെ അവയവ ദാനത്തിനുവേണ്ടി വലിയ പാർട്ടിയുടെ അവയവം ചെറിയ പാർട്ടി കൊണ്ടുപോകുന്ന സ്ഥിതിയുണ്ടായിട്ടുള്ളത്. അത് ഇനിയും കാണാം. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സെന്ന രാഷ്ട്രീയ പ്രസ്ഥാനം രാജ്യത്തിനകത്തെത്തിയ ഗതികേടാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇവിടെ സൂചിപ്പിക്കാനുള്ളൊരു കാര്യം what BJP didn't in Karnataka that Congress didn't in the past. അധികാര ദുർവിനിയോഗത്തിലൂടെ ഗവർണർ ഭരണം ഉപയോഗിച്ചുകൊണ്ട് എണ്ണത്തിൽ കുറഞ്ഞവർ അധികാരത്തിലേറിയെന്ന് നിങ്ങൾ സൂചിപ്പിച്ചല്ലോ. ഈ രാജ്യത്ത് ബി.ജെ.പി. എന്തെങ്കിലും ചെയ്യുന്നുവെങ്കിൽ ബി.ജെ.പി. ചെയ്ത കാര്യങ്ങളെല്ലാം ഇന്നലെകളിൽ ബി.ജെ.പി.യെ പഠിപ്പിച്ചത് കോൺഗ്രസ്സാണ്. കോൺഗ്രസ്സ് പഠിപ്പിച്ച കാര്യം കോൺഗ്രസ്സിനെക്കാൾ പ്രൊഫഷണലിസത്തോടുകൂടി ഇന്ന് രാജ്യത്ത് ബി.ജെ.പി. നടപ്പിലാക്കുന്നുവെന്നാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. അതുമാത്രമല്ല, ബി.ജെ.പി.-യെ പ്രതിരോധിക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനുമാത്രമേയാകൂവെന്ന് മുസ്ലീം ലീഗിന്റെ അംഗം വളരെ ആവേശത്തോടുകൂടി സൂചിപ്പിച്ചു. 2013-ൽ 122 പേരുമായി അധികാരത്തിൽവന്ന ശ്രീ. സിദ്ധരാമയ്യ അഞ്ച് വർഷം പ്രതിരോധിച്ചപ്പോൾ 122 എന്നത് 78 ആയി മാറി. ഇതാണോ പ്രതിരോധം. രാജ്യത്തെമ്പാടും കോൺഗ്രസ് ഭരിച്ചില്ലേ. ഈ രാജ്യത്തെവിടെയാണ് കോൺഗ്രസ് വർഗ്ഗീയതയെ പ്രതിരോധിച്ചത്. കോൺഗ്രസ്സിന്റെ കരങ്ങൾക്കിന്ന് കരുത്തുണ്ടോ. ഈ രാജ്യത്ത് ബി.ജെ.പി ഉയർത്തുന്ന വർഗ്ഗീയതയെ പ്രതിരോധിക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസിനാകുമെന്ന് ആരും വിശ്വസിക്കുന്നില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ് എവിടെ പ്രതിരോധിച്ചു. മറിച്ച് അങ്ങനെ എല്ലായിടത്തും പടർന്ന് പന്തലിച്ചുകിടക്കുന്ന മഹാപ്രസ്ഥാനമാണെന്നൊന്നും ഞങ്ങൾ അവകാശപ്പെടുന്നില്ല. പക്ഷെ ഞങ്ങളുള്ളിടത്ത് ബി.ജെ.പി.യെ പ്രതിരോധിക്കുമെന്ന് ചെങ്ങന്നൂർ തെരഞ്ഞെടുപ്പ് ഫലത്തോടുകൂടി പ്രഖ്യാപിക്കാൻ കഴിഞ്ഞു. എന്നാൽ കോൺഗ്രസിന് അധികാരമുള്ളിടത്തെല്ലാം കോൺഗ്രസ് wiped out ആയില്ലേ? ഈ രാജ്യത്തെ പ്രധാനമന്ത്രിമാരെ സംഭാവന ചെയ്ത നാടായിരുന്ന യു.പി. അവിടെ എവിടെയാണ് കോൺഗ്രസ്സുള്ളത്; കോൺഗ്രസ്സിന്റെ ശക്തികേന്ദ്രങ്ങളായിരുന്നില്ലേ ബീഹാർ, രാജസ്ഥാൻ, മധ്യപ്രദേശ്, ഉത്തരേന്ത്യയിലെ കൗ-ബൽറ്റ്, എവിടെപ്പോയി കോൺഗ്രസ്? അതുകൊണ്ട് മുസ്ലിംലീഗ് വല്ലാതെ കോൺഗ്രസ്സിനെ സുഖിപ്പിച്ചതുകൊണ്ടൊന്നും പ്രത്യേകിച്ച് കാര്യമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. കേരളത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ച് ഇപ്പോൾ സംസാരിക്കേണ്ട

കാര്യമുണ്ടെന്ന് തോന്നുന്നില്ല. ഇനി കെ.പി.സി.സി. പ്രസിഡന്റിനെ ലീഗിന് തീരുമാനിക്കേണ്ടിവരുമോയെന്നൊരു ആശങ്ക ഞങ്ങൾക്കുണ്ട്. കാരണം ആ നിലയിലേയ്ക്ക് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഈ രാജ്യത്ത് ദുർബലപ്പെട്ടു.

[4.00 PM]

ശ്രീ. പി. സി. ജോർജ്: സർ, വളരെ നല്ലവണ്ണം താങ്കൾ പ്രസന്റ് ചെയ്യുന്നുണ്ട്. അതിനെ അനുകൂലിക്കുകയാണ്. കേരളത്തിലെ ഇപ്പോഴത്തെ രാഷ്ട്രീയത്തിൽ ഈ കളി നടക്കുമ്പോൾ ന്യൂനപക്ഷങ്ങൾ വിശ്വാസമർപ്പിക്കാൻ പോകുന്നത് ഇടതുപക്ഷത്താണെന്നതിന് ഒരു സംശയവുമില്ല. കാരണം ഹിന്ദു വർഗ്ഗീയതയ്ക്ക് ഈ രാജ്യത്ത് വളം വച്ചുകൊടുക്കുന്ന നയമാണ് കോൺഗ്രസ് സ്വീകരിക്കുന്നത്. സ്വാഭാവികമായും കോൺഗ്രസ് സ്വീകരിക്കുന്ന ഈ സമീപനം ന്യൂനപക്ഷങ്ങളെ നിങ്ങളിലേയ്ക്ക് കൂടുതൽ അടുപ്പിക്കും എന്ന വസ്തുത നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എ. എൻ. ഷംസീർ: സർ, മതന്യൂനപക്ഷങ്ങൾക്ക് ഈ രാജ്യത്ത് വിശ്വസിക്കാൻ സാധിക്കുന്ന ഏകപ്രസ്ഥാനം ഞങ്ങളാണ്. കലർപ്പില്ലാതെ ഈ രാജ്യത്ത് വർഗ്ഗീയതയ്ക്കെതിരെ പ്രതിരോധിക്കാൻ ആർക്കാവും? കോൺഗ്രസിന്റെ ചീഞ്ഞളിഞ്ഞ കൈപ്പത്തിക്ക് ഈ രാജ്യത്തെ വർഗ്ഗീയതയെ പ്രതിരോധിക്കാൻ ആകുമോ? കോൺഗ്രസ് വർഗ്ഗീയതയെ പ്രതിരോധിച്ചിരിന്നുവെങ്കിൽ 1992-ൽ ബാബ്റി മസ്ജിദ് തകർക്കപ്പെടുമോ? കോൺഗ്രസ് ഈ രാജ്യത്ത് വർഗ്ഗീയതയെ പ്രതിരോധിച്ചിരുന്നുവെങ്കിൽ 1993-ൽ മുംബൈയിലും ഗുജറാത്തിലും സൂറത്തിലും വർഗ്ഗീയ കലാപമുണ്ടാകുമോ? ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇന്ത്യയിൽ പടർന്നു പന്തലിച്ചുകിടക്കുന്ന പാർട്ടിയല്ലേ? ഇന്ത്യയിൽ എല്ലാ സംസ്ഥാനത്തുമുള്ള പാർട്ടിയല്ലേ? ഗുജറാത്തിലും ഭഗൽപൂരിലും അഹമ്മദാബാദിലും മുസാഫർപൂരിലും രാജ്യത്തൊമ്പാടും മതന്യൂനപക്ഷങ്ങൾ വേട്ടയാടപ്പെടുമ്പോൾ അരുതെന്ന് പറയാൻ കോൺഗ്രസിന്റെ കൈ എവിടെയെങ്കിലും പൊങ്ങിയോ? കോൺഗ്രസിന്റെ കൈ എവിടെയും പൊങ്ങിയില്ല. പകരം കോൺഗ്രസ് സ്വീകരിക്കുന്നത് മൃദുസമീപനമാണ്. കോൺഗ്രസിന്റെ ദേശീയ അദ്ധ്യക്ഷൻ അഭിമാനത്തോടെ പറയുന്നു, ഞാൻ ഒരു ജാൻവാധാരി ബ്രാഹ്മണനാണ്, പൂണൂൽ ധരിക്കുന്ന ബ്രാഹ്മണനാണ്. പൂണൂൽ ധരിക്കുന്ന ബ്രാഹ്മണനാണെന്നതിൽ അഭിമാനം കൊള്ളുന്ന ദേശീയ അദ്ധ്യക്ഷനുള്ള പാർട്ടിക്ക് എങ്ങനെയാണ് രാജ്യത്തെ സംരക്ഷിക്കാൻ സാധിക്കുന്നത്. അത് മാത്രമല്ല, ശ്രീ. പ്രണബ് കുമാർ മുഖർജി ജെന്റിൽമാനാണെന്ന് ഞങ്ങളൊക്കെ വിചാരിച്ചു. പക്ഷെ അധികാരദുര മൂത്ത രാഷ്ട്രീയക്കാരനാണ് ശ്രീ. പ്രണബ് കുമാർ മുഖർജിയെന്ന് ഇപ്പോൾ ബോധ്യപ്പെട്ടു.

മി. സ്പീക്കർ: കേരള ഹൈക്കോടതി (ഭേദഗതി) ബില്ലിന്റെ ചർച്ചയാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, അതിന്റെ ഭാഗമാണ് ആർ.എസ്.എസ്.ന്റെ ആസ്ഥാനത്ത് പോയി അദ്ദേഹം കേശവ് ബലിറാം ഹെഡ്ഗേവാറിനെക്കുറിച്ച് എഴുതിയത്. ഈ രാജ്യത്തിന്റെ വീരപുത്രനാണ് ഹെഡ്ഗേവാറെന്ന് എഴുതാൻ എങ്ങനെയാണ് ഒരു കോൺഗ്രസ് നേതാവിന് കഴിയുന്നത്. കോൺഗ്രസ് കൂട്ടത്തോടെ ബി.ജെ.പി.യായി മാറുന്നു. ഏറ്റവും പരമോന്നത പദവി അലങ്കരിച്ച 'പ്രണബ് ദ' എന്ന് നിങ്ങൾ വിളിക്കുന്ന ഞങ്ങളെല്ലാവരും ഇന്നലെകളിൽ വിളിച്ചിരുന്ന ആ മനുഷ്യൻ ഇന്ന് ബി.ജെ.പി.യുടെ കൂടാരത്തിൽ ആർ.എസ്.എസ്. ആസ്ഥാനത്തേയ്ക്ക് പോകുന്നു. അവിടെ അദ്ദേഹം ഗാന്ധിയുടെ കൊലപാതകത്തെക്കുറിച്ച് മൗനം പാലിച്ചു. എന്തുകൊണ്ടാണ് മൗനം പാലിച്ചത്. ബാബ്റി മസ്ജിദ് തകർത്തതാരാണെന്ന കാര്യത്തിൽ മൗനം പാലിച്ചു. അദ്ദേഹം മിറർ തിരിച്ചുവച്ചെന്ന് പറഞ്ഞ് കോൺഗ്രസ് നാണമില്ലാതെ ന്യായീകരിക്കാൻ തയ്യാറായി. എന്ത് മിററാണ് തിരിച്ചുവച്ചത്. രാജ്യത്തിന്റെ ചരിത്രം അദ്ദേഹത്തിന് അറിയാത്തതുകൊണ്ടാണോ? രാജ്യത്ത് കോൺഗ്രസിന്റെ പരമോന്നത പദവി അലങ്കരിച്ചവർപോലും ആർ.എസ്.എസ്.-ന്റെ കൂടാരത്തിലേയ്ക്ക് പോയി അഭയം പ്രാപിക്കാൻ മടികാണിക്കാത്ത സാഹചര്യത്തിൽ കേരളത്തിലെ എത്ര ആളുകൾ ഇനി അങ്ങോട്ടുപോകില്ലെന്ന് ഉറപ്പുണ്ട്.

ഇവിടെ പലരും ശ്രീ. പി. ജെ. കുര്യനെ ആക്ഷേപിച്ചു. എന്തിനാണ് ഇങ്ങനെ പ്രായം ചെന്നവരെ മത്സരിപ്പിക്കുന്നതെന്ന്? ഞങ്ങൾ ശ്രീ. പി. ജെ. കുര്യന് എതിരോ അനുകൂലമോ അല്ല. പക്ഷെ എന്തുകൊണ്ടാണ് ശ്രീ. പി. ജെ. കുര്യനെ വിമർശിക്കാൻ കരുത്തുകാണിച്ച ഇവിടുത്തെ യുവനേതാക്കൾ 50 വർഷം തികയാൻ പോകുന്ന ശ്രീ. ഉമ്മൻ ചാണ്ടിയെക്കുറിച്ചും തുടർച്ചയായി മത്സരിക്കുന്ന ശ്രീ. രമേശ് ചെന്നിത്തലയെക്കുറിച്ചും മൗനം പാലിച്ചു. എന്തുകൊണ്ട് ഞങ്ങൾ രണ്ടും മൂന്നും ടേം ആയാൽ ഒഴിയും എന്നു പറയാൻ ഇവർ ധൈര്യം കാണിക്കാത്തത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ചരിത്രത്തിൽ അസാധാരണമായ നിലപാടാണ് യു.ഡി.എഫ് സ്വീകരിച്ചത്. നിലവിൽ ഏതാണ്ട് ഒരു വർഷം കാലാവധിയുള്ള ഒരു ലോക്സഭാ അംഗം രാജ്യസഭയിലേയ്ക്ക് മത്സരിക്കാൻ പോവുകയാണ്. ഇത് നമ്മുടെ ജനാധിപത്യത്തിന് എന്ത് സന്ദേശമാണ് നൽകാൻ പോകുന്നത്. ഇത് യഥാർത്ഥത്തിൽ അധാർമ്മികമായ നിലപാടല്ലേ? അവിടത്തെ ജനങ്ങളെ വഞ്ചിക്കുന്ന നിലപാടല്ലേ സ്വീകരിച്ചിരിക്കുന്നത്? ഇക്കാര്യത്തിൽ യുവ എം.എൽ.എ.മാർ എന്തുകൊണ്ട് പ്രതികരിക്കുന്നില്ല. അങ്ങേയ്ക്ക് ഇത് സംബന്ധിച്ച് എന്താണ് അഭിപ്രായം?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കോൺഗ്രസിൽനിന്നും ആരെങ്കിലും ഇങ്ങനെയുള്ള അഭിപ്രായങ്ങൾ പറയുന്നതിന് കോൺഗ്രസ് എന്ത് പിഴച്ചു. ശ്രീ. സി. കെ. പത്മനാഭൻ പഴയ സി.പി.ഐ.(എം)-കാരനല്ലേ? ഇന്ന് ബി.ജെ.പി.യുടെ നേതാവല്ലേ? ശ്രീ. അൽഫോൺസ് കണ്ണന്താനം, ബംഗാളിലെ സി.പി.ഐ(എം)-ന്റെ എം.പി. ബി.ജെ.പി.യിൽ പോയി, അതിന് നിങ്ങളെ ഞങ്ങൾ കുറ്റപ്പെടുത്തുന്നില്ല. ആളുകൾ പോകുന്നതിന് ഒരു പ്രസ്ഥാനത്തെ പറയാൻ കഴിയില്ല. പിന്നെ ഇവിടെ പറഞ്ഞു, പൂണൂലിട്ട ബ്രാഹ്മണനെന്ന്. പൂണൂലിടുന്നതുകൊണ്ട് എന്താണ് കുഴപ്പം? പൊട്ട് തൊടുന്നതിന് എന്താണ് കുഴപ്പം? ചെങ്ങന്നൂരിൽ നിങ്ങളുടെ സംസ്ഥാന സെക്രട്ടറി വരെ പറഞ്ഞു, ശ്രീ. വിജയകുമാറിന് പൊട്ടുണ്ടെന്ന്. പൊട്ട് തൊട്ടിട്ടുള്ള ഹിന്ദുവിന് എന്താണ് കുഴപ്പം. ഹിന്ദു പൊട്ട് തൊടണം. നിസ്കാര തഴമ്പുള്ള മുസ്ലീമുണ്ടാകണം. ഇവർ തമ്മിലുള്ള ഐക്യമുണ്ടാകണം.

മി. സ്പീക്കർ: പ്ലീസ് ഇരിക്കൂ, കേരള ഹൈക്കോടതി (ഭേദഗതി) ആക്ടിൽ ഇത്രയൊക്കെ പറഞ്ഞാൽ മതി. പ്ലീസ്, പ്ലീസ്...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പൊട്ട് തൊടുന്ന ഹിന്ദുവാണ് വേണ്ടതെന്നാണ് ഞാൻ പറയുന്നത്. പൊട്ട് തൊടുന്നത് ഒരു കുറ്റമല്ല. അതിനെപ്പോലും നിങ്ങൾ വർഗ്ഗീയമായ പ്രചരണത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്ന ഈ ശൈലി ശരിയാണോയെന്ന് ആലോചിക്കണം.

ശ്രീ. ആർ. രാജേഷ്: സർ, അങ്ങനെയൊന്നും പറയാൻ പാടില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. ശ്രീ. ഷംസുദ്ദീനും പറയാൻ പാടില്ല, പോലീസ് ആക്രമിക്കുന്ന ആൾ നോമ്പെടുക്കുന്ന ആളാണെന്ന് നിങ്ങൾ തന്നെയാണ് പറയുന്നത്. അവരെ ആ നിലയിൽ കാണണം.

മി. സ്പീക്കർ: ശ്രീ. ഷംസീർ അങ്ങ് പ്രസംഗം അവസാനിപ്പിച്ചോ? ഇത്രയും ശാന്തനായി ഇരിക്കുന്നതു കണ്ട് ചോദിച്ചതാണ്.

ശ്രീ. എം. സ്വരാജ്: സർ, കോൺഗ്രസിലെ ഏതെങ്കിലും ഒരു നേതാവ് ഉപജീവനാർത്ഥം ബി.ജെ.പി.യിൽ പോയതിന് എതിരായിട്ടല്ല, നമ്മുടെ രാജ്യത്തെ മതനിരപേക്ഷവാദികൾ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചത്. സമയക്കുറവായതുകൊണ്ടും ബഹുമാനപ്പെട്ട ചെയർ ഇടപെട്ട് അവസാന പോയിന്റിൽ നിൽക്കുന്നതുകൊണ്ടും അതിന്റെ നീണ്ട ലിസ്റ്റിലേയ്ക്ക് ഞാൻ പോകുന്നില്ല. പക്ഷെ ഇത്തരത്തിലുള്ള ചില കാര്യങ്ങൾ പുകമറയായി സൃഷ്ടിച്ച് കോൺഗ്രസിന്റെ ഏറ്റവും ദുർബലമായ ചിറകിനടിയിൽ നിൽക്കാനുള്ള രാഷ്ട്രീയ വ്യക്തിത്വമേ തങ്ങൾക്കുള്ളൂവെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ ആവർത്തിച്ച് തെളിയിക്കുമ്പോൾ സഹതാപം തോന്നുകയാണ്. എന്തുകൊണ്ടെന്നാൽ കോൺഗ്രസിന്റെ ഏതെങ്കിലും ഒരു നേതാവോ

നേതൃത്വമാകെയോ ബി.ജെ.പി.യിൽ പോയതിനെക്കുറിച്ചുള്ള വിമർശനങ്ങളോടൊപ്പം തന്നെ, ഇപ്പോഴും കോൺഗ്രസിൽ അടിയുറച്ച് ചവിട്ടി നിൽക്കുന്ന, ഒരുകാലത്ത് കോൺഗ്രസിന്റെ ദേശീയ മുഖമായിരുന്ന വലിയ നേതാക്കൾ ഇപ്പോഴും പറഞ്ഞു കൊണ്ടിരിക്കുന്നതിനെ മുസ്ലീം ലീഗിന്റെ സാമാജികർക്ക് കാണാനാകാത്ത തെന്താണെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കോൺഗ്രസിന്റെ ദക്ഷിണേന്ത്യൻ മുഖമായിരുന്ന ശ്രീ. ജാഫർ ഷെരീഫാണ് പറഞ്ഞത് ശ്രീ. മോഹൻ ഭഗവതിനെ ഇന്ത്യൻ യൂണിയന്റെ പ്രസിഡന്റാക്കണമെന്ന്. അതേക്കുറിച്ച് മുസ്ലീം ലീഗിന്റെ അഭിപ്രായം നമ്മളാരും കേട്ടില്ല. ഉത്തരാഖണ്ഡിലെ മുഖ്യമന്ത്രിയായിരുന്ന കോൺഗ്രസ് നേതാവാണ് ശ്രീ. ഹരീഷ് റാവത്ത്. ബീഫ് കഴിക്കുന്നവർ ഇന്ത്യ വിട്ടുപോകണമെന്ന് പറയാൻ, മുസ്ലീം ലീഗ് കൂടി പങ്കാളിയായ മന്ത്രിസഭയിൽ ആഭ്യന്തരവകുപ്പുമന്ത്രിയായിരുന്ന ഇന്നത്തെ പ്രതിപക്ഷ നേതാവിന്റെ കാലത്താണ് തൃശ്ശൂരിലെ പോലീസ് അക്കാദമിയിൽ ബീഫ് നിരോധിച്ച് ഉത്തരവ് ഇറങ്ങിയിട്ടുള്ളത്. ശ്രീ. പ്രവീൺ തൊഗാഡിയയുടെ പേരിൽ ചാർജ് ചെയ്ത കേസ് പിൻവലിച്ച് ആർ.എസ്.എസ്.-നോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചത് മുസ്ലീം ലീഗുകൂടി അംഗമായിട്ടുള്ള മന്ത്രിസഭയിലെ മുഖ്യമന്ത്രിയാണ്. ഇക്കാര്യങ്ങളെക്കുറിച്ച് മുസ്ലീം ലീഗ് മറന്നത് മുസ്ലീം ലീഗിന് മറവി രോഗമുള്ളതുകൊണ്ടാണോ, അതോ അധികാരത്തോടുള്ള ആസക്തി സമനില തെറ്റിച്ചതാണോയെന്നതിൽ ബഹുമാനപ്പെട്ട അംഗത്തിന് എന്താണ് തോന്നുന്നത്?

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ പ്രസംഗം ചുരുക്കാം. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞ കാര്യം, ശ്രീ. പ്രണബ് കുമാർ മുഖർജിയെയും ശ്രീ. അൽഫോൺസ് കണ്ണന്താനത്തിനെയും നിങ്ങൾ ഒരുപോലെയാണ് കാണുന്നതെങ്കിൽ ലീഗിനോട് ഉത്തരം പറയാൻ ഞാനില്ല. അതുമാത്രമല്ല ശ്രീ. പി. ജെ. കുര്യനെ അക്രമിക്കാൻ കരുത്ത് കാണിച്ചവർ എന്തുകൊണ്ട് ശ്രീ. ജോസ്. കെ. മാണിക്കെതിരെ മൗനം പാലിക്കുന്നു. ഞങ്ങൾ മനസ്സിലാക്കുന്നത് ശ്രീ. കെ. എം. മാണിയുടെ വീട്ടിൽ പശു മാത്രമേ ഇനി മത്സരിക്കാൻ ബാക്കിയുള്ളൂവെന്നാണ്, ബാക്കിയെല്ലാവരുമായി. പറഞ്ഞുകേൾക്കുന്നത് ശ്രീ. ജോസ്. കെ. മാണി ഒഴിയുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യതന്നെ പാലായിലോ മറ്റോ മത്സരിക്കുമെന്നാണ്. ഇങ്ങനെയൊരു കുടുംബാധിപത്യത്തെ, ശ്രീ. കെ. എം. മാണിയെ മാരണമെന്ന് വിളിച്ചാക്ഷേപിച്ചവരാണ്. ശ്രീ. കെ. എം. മാണിയെ മാരണമെന്ന് വിളിച്ച് ഞങ്ങളാരും ആക്ഷേപിച്ചിട്ടില്ല. ശ്രീ. കെ. എം. മാണിയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ടാണ് ഞങ്ങൾ സംസാരിച്ചത്. ശ്രീ. കെ. എം. മാണിയെ മാരണം പോയി എന്ന് പറഞ്ഞത് നിങ്ങളുടെ വീക്ഷണമാണ്. ഇങ്ങനെയൊരു ഗതികേടിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് എത്തിയത് എന്തുകൊണ്ടാണ്? കോൺഗ്രസ്

തകരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷെ കോൺഗ്രസിന്റെ നേതാക്കളുടെ ഈ അവസരവാദ രാഷ്ട്രീയം, ഹിപ്പോക്രസി നിങ്ങൾ ഉപേക്ഷിക്കണം. ഹിപ്പോക്രസി ഉപേക്ഷിച്ചുകൊണ്ട് പറയണം. വർഗ്ഗീയത പ്രചരിപ്പിച്ച് നമ്മൾ കണ്ടു. അതിന്റെ ഭാഗമാണ് നോമ്പുകാരനെ ആക്ഷേപിച്ചുവെന്നൊക്കെ പറയുന്നത്. നോമ്പുകാരൻ പാലിക്കേണ്ട മര്യാദ, നോമ്പുകാലത്ത് ക്രോധമുണ്ടാകാൻ പാടില്ല. നോമ്പ് സഹനമാണ്. പക്ഷെ ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ശ്രീ. അൻവർ സാദത്ത് ക്രോധത്തോടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേരെ ഇരമ്പിക്കയറുമ്പോൾ എന്ത് നോമ്പാണ്. നോമ്പ് സഹനത്തിന്റെയും ത്യാഗത്തിന്റെയുമാണ്. ത്യാഗവും സഹനവുമുണ്ടാകണം. ഇവിടെ ക്രോധമല്ലേ, ക്രോധത്തോടെ ഇരമ്പിക്കയറുമ്പോൾ തന്നെ നോമ്പ് പോയി. അത് അറിയാത്തതുകൊണ്ടല്ല. വർഗ്ഗീയ വികാരം ആളിക്കത്തിക്കുന്ന സമീപനമാണ് പലപ്പോഴും ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ചെയർ നിരന്തരം ഇടപെട്ട് കൊണ്ടിരിക്കുന്നതുകൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടന്നുപോകാതെ കേരളത്തിന്റെ ജുഡീഷ്യറിക്കകത്തെ മാഗ്നാകാർട്ട എന്ന വിശേഷിപ്പിക്കാൻ സാധിക്കുന്ന ബില്ലാണ് ഇന്ന് നമ്മുടെ നിയമസഭ ചർച്ച ചെയ്യുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, പോയിന്റ് ഓഫ് ഓർഡർ...,

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ എന്താണ്.

ശ്രീ. അൻവർ സാദത്ത്: സർ, എന്നെക്കുറിച്ച് എന്റെ നോമ്പ് ശരിയല്ലെന്ന് പറഞ്ഞു. ഞാൻ നോമ്പ് ശരിയായിട്ട് തന്നെയാണ് അനുഷ്ഠിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വസ്തുതകൾ ഞാൻ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. ശ്രീ. കെ. എം. മാണിയെ നിങ്ങൾക്ക് കിട്ടിയില്ല. അതുകൊണ്ട് കിട്ടാത്ത മുന്തിരി പുളിക്കും. അത്രമാത്രം മനസ്സിലാക്കിയാൽ മതി.

മി. സ്പീക്കർ: ഒരാളുടെ നോമ്പ് മുറിഞ്ഞോ അത് മുറിയാതെ കാത്തുസൂക്ഷിച്ചോ എന്നുള്ളത് അയാളുടെ വ്യക്തിപരമായ കാര്യമാണ്. ആ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് അത് കണക്കിലെടുക്കുന്നത്. അതൊക്കെ അദ്ദേഹം സ്വയം തീരുമാനിക്കേണ്ട കാര്യങ്ങളാണ്. അദ്ദേഹവും ദൈവവും തമ്മിലുള്ള കാര്യമാണ്. അതൊന്നും സഭയിൽ ചർച്ച ചെയ്യേണ്ട കാര്യമല്ല.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ഭേദഗതി അതീവ പ്രാധാന്യമുള്ളതും അടിയന്തരമായി നടപ്പിലാക്കേണ്ടതുമാണ്. എല്ലാവരും അനുകൂലിച്ച ഒരു ഭേദഗതിയാണ് ഇവിടെ ചർച്ച ചെയ്യുന്നത്. മേൽക്കോടതിയുടെ അധികാരത്തിന്റെ കാര്യം പരിശോധിക്കുമ്പോൾ,

കീഴ്ക്കോടതിക്ക് കീഴെ വരുന്ന സ്ഥിതി അഞ്ചുവർഷമായി തുടരുകയായിരുന്നു. അതിനുള്ള ഭേദഗതിക്കാണ് ഇവിടെ ഇപ്പോൾ അംഗീകാരം നൽകാൻ പോകുന്നത്. ലക്ഷങ്ങളുടെ മാറ്റത്തെ സംബന്ധിച്ചൊന്നും ഇപ്പോൾ പറയുന്നില്ല. അഞ്ചുകൊല്ലത്തിന് മുമ്പുതന്നെ അതോടൊപ്പം നടപ്പാക്കേണ്ടിയിരുന്ന ഈ ഭേദഗതി ഇപ്പോൾ നടപ്പാക്കുന്നതിലൂടെ രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയാണ്. സിംഗിൾ ബെഞ്ച് നോക്കുകുത്തിയാകുന്ന സ്ഥിതിക്കും ഡിവിഷൻ ബെഞ്ചിലെ കേസുകളുടെ ആധിക്യം വർദ്ധിച്ചു കൊണ്ടിരിക്കുന്നതിനും പരിഹാരം കാണാൻ പോകുകയാണ്.

മോട്ടോർ ആക്സിഡന്റ് ക്ലെയിമിന്റെ ആനുകൂല്യം ലഭിക്കാതെ പതിറ്റാണ്ടുകളായി അതിനുവേണ്ടി കാത്തുനിൽക്കുന്ന ദുരിതംപേറുന്ന കുടുംബങ്ങൾക്ക് ആശ്വാസം പകരാൻ ഈ ഭേദഗതി സഹായകരമാകും. കെട്ടിക്കിടക്കുന്ന ഇത്തരത്തിലുള്ള എല്ലാ കേസുകളും സിംഗിൾ ബെഞ്ചിലേയ്ക്ക് മാറ്റുന്നതിന് ഈ ഭേദഗതി ഗുണകരമായി മാറും. ഈ സർക്കാരിന്റെ ജനകീയ താല്പര്യം നിയമവകുപ്പിലും പ്രതിഫലിക്കുന്നത് തുടർച്ചയായി നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ശ്രീ. എ. എൻ. ഷംസീർ കുറേയധികം കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് ഞാൻ ആ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.

നിയമവാഴ്ചയുടെ അഭിവാജ്യഘടകമായ അഭിഭാഷകരെ കൈവിടാത്ത ഒരു സർക്കാരാണിത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ആദ്യ നിയമസഭാ സമ്മേളനത്തിൽ തന്നെ അത് പ്രഖ്യാപിച്ചതാണ്. അതിന്റെ ഭാഗമായിട്ടാണ് ക്ഷേമനിധി തുക അഞ്ച് ലക്ഷം രൂപയിൽനിന്ന് പത്ത് ലക്ഷം രൂപയാക്കി ഉയർത്തിയത്. കൂടാതെ 5000 രൂപ മാത്രമുണ്ടായിരുന്ന ചികിത്സാസഹായം ഒരു ലക്ഷമായി ഉയർത്തിയതിന് നേതൃത്വം കൊടുത്തത് ഇതേ നിയമ വകുപ്പുമന്ത്രി എ. കെ. ബാലനാണ്. അഭിഭാഷക ക്ലാർക്കുമാരുടെ ആനുകൂല്യവും വർദ്ധിപ്പിച്ചു. ഇന്ത്യയിൽ ആദ്യമായിട്ടാണ് ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പന്റ് നടപ്പാക്കിയത്. ഇതൊരു ചരിത്ര സംഭവമാണ്. ഈ സർക്കാരിന്റെ വികസന മാതൃകയിൽ ഒരു പൊൻതൂവലാണത്. വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയി എന്ന പരിമിതിയുമുണ്ട്. അഭിഭാഷകവൃത്തിയിലേയ്ക്ക് കടന്നുവന്ന പുതിയ തലമുറയ്ക്ക് പിടിച്ചുനിൽക്കാൻ ഒരു വലിയ കൈത്താങ്ങായിരുന്നു ഈ പ്രതിമാസ സ്റ്റൈപ്പന്റ്. ആദ്യത്തെ മൂന്നുവർഷം 5,000 രൂപവീതം നൽകുന്ന ഈ ഒറ്റത്തീരുമാനത്തിന്റെ ഫലമായിട്ടാണ് ഇന്ന് പല ജൂനിയർ വക്കീലന്മാരും ഈ നാട്ടിൽ തുടരുന്നത്. ഈ രംഗത്ത് അവർക്ക് തുടരാൻ കഴിയുന്നത് ഈയൊറ്റ തീരുമാനത്തിന്റെ ഫലമായിട്ടാണ്. എന്നാൽ ഇന്ത്യൻ ജുഡീഷ്യറിയുടെ ഇന്നത്തെ പല അവസ്ഥകളെ സംബന്ധിച്ചും ഈ സഭയിൽ ചർച്ച നടത്തുകയുണ്ടായി. ഇങ്ങനെയൊരു അവസ്ഥ പുതിയതായി ഉണ്ടായതാണ് എന്നുമാത്രം ഞാൻ കരുതുന്നില്ല. ഇതിനുമുമ്പും പലതുമുണ്ടായി.

ഇന്ത്യയിലെ സുപ്രീംകോടതിയെ ലോകത്തിലെ ഏറ്റവും ശക്തമായ മേൽക്കോടതി പദവിയിലേയ്ക്ക് ഉയർത്തുന്നതിനുള്ള വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾച്ചേർത്തത് സംശയത്തിനതീതമായ ഒരു നീതിവ്യവസ്ഥ ഇന്ത്യയിലുണ്ടാകണമെന്ന് ആഗ്രഹിച്ചതുകൊണ്ടാണ്. ഡോ. ബി. ആർ. അംബേദ്ക്കറാണ് അതിന് നേതൃത്വം നൽകിയത്. അതുകൊണ്ടാണ് ഭരണഘടനയിലെ ഏറ്റവും പ്രധാനപ്പെട്ട അനുച്ഛേദം 32 ആണെന്ന് അദ്ദേഹം ആവർത്തിച്ച് വ്യക്തമാക്കിയത്. മൗലികാവകാശങ്ങളുടെ സംരക്ഷണാർത്ഥം വിവിധങ്ങളായ റിട്ട് അധികാരത്തോടെ പ്രവർത്തിക്കുന്ന സുപ്രീംകോടതിയെ സമീപിക്കുന്നതിനുള്ള പൗരന്റെ അവകാശമാണ് അനുച്ഛേദം 32-ലൂടെ ഭരണഘടന വ്യക്തമാക്കുന്നത്. ജനങ്ങളുടെ നിയമസംരക്ഷണത്തിന്റെ അന്ത്യാക്ഷരമായി കാണുന്ന സുപ്രീംകോടതി പറയുന്നത് നാട്ടിലെ നിയമമായി മാറുന്ന കാഴ്ചയും നമ്മൾ പലപ്പോഴും കണ്ടിട്ടുണ്ട്. ഈ വിപുലമായ അധികാര സാദ്ധ്യതകൾ കയ്യിൽ വയ്ക്കുന്ന ഇന്ത്യൻ ജുഡീഷ്യറി വഴിതെറ്റിപ്പോകുന്ന കാഴ്ചകളും നമുക്ക് കാണേണ്ടിവരികയാണ്.

സുപ്രീം കോടതിയുടെ ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കേസായിരുന്നു കേശവാനന്ദ ഭാരതി കേസ്. 1973-ൽ 13 ജഡ്ജിമാർ ഒരുമിച്ചിരുന്നാണ് ആ കേസ് പരിഗണിച്ചത്. ഇവിടെ ജനാധിപത്യത്തെ സംബന്ധിച്ചും മതനിരപേക്ഷതയെ സംബന്ധിച്ചുമെല്ലാം വർത്തമാനം പറയുന്ന കോൺഗ്രസുണ്ടല്ലോ. ആ കേസിന്റെ ചരിത്രമെന്താണ്? ജുഡീഷ്യറിയും എക്സിക്യൂട്ടീവും തമ്മിലുള്ള അധികാരത്തർക്കമായി മാറിയ ആ കേസ് അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിക്ക് ഇഷ്ടപ്പെട്ടതുപ്രകാരം വഴിതിരിച്ച് വിടാൻ അന്നത്തെ ചീഫ് ജസ്റ്റീസ് ശ്രമിച്ചു. ഭൂരിപക്ഷം വരുന്ന സീനിയർ ജഡ്ജിമാരും അതിനെ എതിർത്തു. എന്നാൽ ചീഫ് ജസ്റ്റിസിന്റെ ആ തീരുമാനത്തോടൊപ്പം നിന്ന അന്നത്തെ ഒരു ജൂനിയർ ജഡ്ജിയെ അടുത്ത ചീഫ് ജസ്റ്റിസാക്കിയ ഇന്ദിരാഗാന്ധിയുടെ ഭരണകാലമാണ് ഇന്ത്യൻ ജുഡീഷ്യറിയുടെ ഇരുണ്ട കാലത്തിന്റെ ആരംഭം കുറിച്ചത് എന്ന് നമ്മൾ മനസ്സിലാക്കണം. അന്ന് സീനിയർമാരായിരുന്ന മൂന്ന് ജഡ്ജിമാർ രാജിവച്ചു. ഇന്ത്യ കണ്ട ഏറ്റവും വലിയ ജുഡീഷ്യൽ കലാപമായിരുന്നു അത്. അത് നമ്മൾ മറന്നുകൂടാ. അടിയന്തരാവസ്ഥ കാലത്ത് ഇന്ദിരാഗാന്ധിയുടെ വിചാരങ്ങൾ, അവരുടെ ചിന്തകൾ ഇന്ത്യയുടെ വിധി പ്രഖ്യാപനങ്ങളാക്കി മാറ്റിയത് അന്നത്തെ ചീഫ് ജസ്റ്റിസായിരുന്ന എ. എൻ. റേ ആയിരുന്നു. അതെല്ലാം കണ്ട് സഹിക്കവയ്യാതെയാണ്, അതെല്ലാം ഓർമ്മിച്ച കൊണ്ടാണ് ഒരു ഘട്ടത്തിൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ പൊട്ടിത്തെറിച്ചത്. ക്രസന്റ് റോഡിലെ ഈ ചെങ്കൽ സൗധം ജനങ്ങൾ ഇടിച്ചുതകർക്കുന്ന കാലം അകലെയല്ല എന്നാണ് അദ്ദേഹം പറഞ്ഞത്. 1981-ൽ കേരള ഹൈക്കോടതിയുടെ രജതജൂബിലി സമ്മേളനത്തിലാണ് അദ്ദേഹം ആ പ്രഖ്യാപനം നടത്തിയത്. ഇതുപോലെ എന്തെല്ലാമാണ് നമുക്ക് കേൾക്കേണ്ടി വരുന്നത്.

ഇന്ത്യൻ ജുഡീഷ്യറിയിലെ 20 ശതമാനവും അഴിമതിക്കാരാണെന്ന് ഒരു ചീഫ് ജസ്റ്റിസ് പണ്ടേ പറഞ്ഞു. അഴിമതിക്കാരായ 8 ചീഫ് ജസ്റ്റിസുമാരുടെ പേരുകൾ സീനിയർ അഭിഭാഷകൻ ശ്രീ. പ്രശാന്ത് ഭൂഷൺ സമർപ്പിച്ചത് നമ്മൾ കണ്ടതാണ്. സുപ്രീം കോടതിയെ വിമർശിച്ചതിന് ഹൈക്കോടതി ജഡ്ജി കർണ്ണൻ ജയിലിൽ അടയ്ക്കപ്പെട്ടു. നീതി തേടി സുപ്രീംകോടതിയിലെ 4 സീനിയർ ജഡ്ജിമാർ തെരുവിലിറങ്ങി വന്ന് പത്രസമ്മേളനം നടത്തിയതും നമുക്ക് കാണേണ്ടിവന്നു. ഇന്ത്യൻ ജനാധിപത്യം അപകടത്തിലായിരിക്കുന്നുവെന്നും അതിന് ചൂട്ടുപിടിക്കുകയാണ് ഇന്നത്തെ ചീഫ് ജസ്റ്റിസെന്നും പറഞ്ഞാണ് ആ ജഡ്ജിമാർ അന്ന് വിശദീകരിച്ചത്, ഇപ്പോൾ ഞങ്ങൾ ഇത് പറഞ്ഞില്ലെങ്കിൽ ആത്മാവിനെ വിറ്റവർ എന്ന ആക്ഷേപം ഭാവിയിൽ കേൾക്കേണ്ടിവരുമെന്ന് പരസ്യമായി ഈ രാജ്യത്ത് അവർക്ക് പ്രസ്താവിക്കേണ്ടിവന്നു.

നരേന്ദ്ര മോഡി ഭരണം പാർലമെന്ററി ജനാധിപത്യത്തെയും ജുഡീഷ്യറിയെയും സംഘപരിവാർ രാഷ്ട്രീയത്തിന്റെ കളിപ്പാട്ടമാക്കുകയാണ്. അടിയന്തരാവസ്ഥ പ്രഖ്യാപിക്കാതെ തന്നെ അതിനെ കടത്തിവെട്ടുന്ന ജനാധിപത്യവിരുദ്ധ പാതയിലേയ്ക്ക് ഇന്ത്യൻ ജുഡീഷ്യറിയെ കൊണ്ടുപോകുകയാണ്. സുപ്രീംകോടതി ചീഫ് ജസ്റ്റീസ് ദീപക് മിശ്രയെ കുറ്റവിചാരണ ചെയ്യാൻ ഏഴ് പാർട്ടികളുടെ എം.പി.മാർ സമർപ്പിച്ച നോട്ടീസ് രാജ്യസഭാ അദ്ധ്യക്ഷനായ ഉപരാഷ്ട്രപതി ശ്രീ. വെങ്കയ്യ നായിഡു ഉടനടി തള്ളിയത് എന്തിനായിരുന്നുവെന്ന ചർച്ച രാജ്യത്ത് നടക്കണ്ടേ? സുപ്രീംകോടതിയുടെ വിശ്വാസ്യതയെ തകർക്കുന്ന വിധികളുടെ പരമ്പരയുണ്ടായിരിക്കുന്ന പശ്ചാത്തലത്തിലാണ് ചീഫ് ജസ്റ്റിസിനെതിരായ ഇംപീച്ച്മെന്റ് നോട്ടീസ് വന്നത്. കോടതികളെ ഹിന്ദുത്വ അജണ്ടയ്ക്ക് കീഴ്പ്പെടുത്തുന്ന ഒന്നാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. നീതിന്യായ കോടതികളുടെ കാവിവൽക്കരണം സുപ്രീംകോടതി വരെ നീളുകയാണ്. ബി.ജെ.പി.യുടെ ദേശീയ അദ്ധ്യക്ഷൻ ശ്രീ. അമിത് ഷാ പ്രതിയായ ഗുജറാത്തിലെ സൊഹ്റാബുദ്ദീൻ ഷെയ്ഖ് വ്യാജ ഏറ്റുമുട്ടൽ കേസ് പരിഗണിച്ച ജഡ്ജി ലോയയുടെ മരണത്തിലെ ദുരൂഹത മാറ്റാനുള്ള കേസ് ചീഫ് ജസ്റ്റിസ് തന്നെ തള്ളുകയാണ് ചെയ്തത്. സൊഹ്റാബുദ്ദീന്റെ ബന്ധുക്കളുടെ അപ്പീലിനെ തുടർന്നാണ് ശ്രീ. അമിത് ഷാ പ്രതിയായ കേസ് ജസ്റ്റിസ് ലോയ നേതൃത്വം നൽകുന്ന സി.ബി.ഐ. പ്രത്യേക കോടതിയിലേയ്ക്ക് എത്തുന്നത്. വിചാരണ ആരംഭിച്ച ഘട്ടത്തിൽ തന്നെ അമിത് ഷായെ നിരപരാധിയാക്കി വിധി പറഞ്ഞാൽ നൂറ് കോടി രൂപ നൽകാമെന്ന് അന്നത്തെ മുംബൈ ഹൈക്കോടതി ചീഫ് ജസ്റ്റിസ് മധുമിശ്ര ജസ്റ്റിസ് ലോയയോട് പറഞ്ഞിരുന്നു എന്നാണ് വാർത്തകൾ. അതിന് വഴിപ്പെടാത്ത ജസ്റ്റിസാണ് ദുരൂഹ സാഹചര്യത്തിൽ മരിക്കുന്നത്.

ഈ മരണത്തെക്കുറിച്ചുള്ള അന്വേഷണം അതീവ ഗൗരവത്തോടെ കാണേണ്ടിയിരുന്ന ചീഫ് ജസ്റ്റിസ് ആ കേസ് തള്ളിക്കളയാൻ കരുക്കൾ നീക്കിയതും നമുക്ക് കാണേണ്ടി വരികയാണ്. ജനങ്ങൾ നീതി തേടി എവിടെയാണ് പോകേണ്ടത്? നിയമവാഴ്ച ആഗ്രഹിക്കുന്ന ഏതൊരു മനുഷ്യനെയും അസ്വസ്ഥമാക്കുന്ന കോടതി വിധികൾ തുടർച്ചയായി ഉണ്ടാകുകയാണ്. ഇവിടെ മുസ്ലീം ലീഗിന്റെ പ്രതിനിധി വികാരപരമായി പലതും പറഞ്ഞു. ഹൈദ്രാബാദിലെ ചരിത്ര പ്രസിദ്ധമായ മക്കാ മസ്ജിദിൽ 2007 മേയ് 18-ന് നിസ്കാര സമയത്ത് സ്ഫോടനം നടത്തി 9 പേരെ കൊന്ന കേസിൽ സ്വാമി അസീമാനന്ദയെയും മറ്റ് പ്രതികളെയും കുറ്റവിമുക്തമാക്കിയ ഭീകരവിരുദ്ധ പ്രത്യേക കോടതിയുടെ വിധി ഏവരെയും ഞെട്ടിച്ചതാണ്. നമ്മൾ എല്ലാവരും ചർച്ച ചെയ്യപ്പെടേണ്ട വിഷയമല്ലേ? ഇന്ത്യയിൽ അതിശക്തമായ പ്രതിഷേധം ഉയർത്തിക്കൊണ്ടുവന്ന ഇടതുപക്ഷമായിരുന്നു മതനിരപേക്ഷതയുടെ കാവലാളന്മാർ. ആ വിധി പറഞ്ഞ ജഡ്ജി ശ്രീ. കെ. രവീന്ദ്ര റെഡ്ഡി മണിക്കൂറുകൾക്കകമാണ് രാജി വച്ചത്. സംഘപരിവാർ നേതാക്കളോ പ്രവർത്തകരോ പ്രതികളായിട്ടുള്ള ഇത്തരം വമ്പൻ കേസുകളിലെല്ലാം പ്രതികളെ കുറ്റവിമുക്തരാക്കുന്ന പ്രക്രിയ പ്രതിദിനം നരേന്ദ്ര മോഡി ഭരണത്തിൽ നടക്കുകയാണ്.

2007-ൽ 68 പേർ കൊല്ലപ്പെട്ട സംഝോത എക്സ്പ്രസ് സ്ഫോടനക്കേസിലും അസീമാനന്ദ പ്രതിയാണ്. അതിന്റെ വിധി വരാൻ പോകുന്നതേയുള്ളൂ. വിധി അമിത് ഷായുടെ പോക്കറ്റിലുണ്ടെന്നാണ് നാട്ടിലെ പാട്ട്. ഒരു വശത്ത് പ്രതികളെ കൂട്ടത്തോടെ പടിതുറന്ന് വിടുമ്പോൾ മറുവശത്ത് നിരപരാധികളായ മുസ്ലീം ജനസമൂഹത്തെ കള്ളക്കേസിൽ കുടുക്കി ജയിലിൽ അടയ്ക്കാൻ സംഘപരിവാർ ഭരണം ശ്രമിക്കുകയാണ്.

2006 സെപ്റ്റംബർ 8-ലെ മലേഗാവ് സ്ഫോടനത്തിൽ 37 പേരാണ് മരിച്ചത്. ആ സംഭവത്തിൽ നിരപരാധികളായ മുസ്ലീങ്ങളെ ആദ്യം കുടുക്കി ജയിലിലടച്ചെങ്കിലും പിന്നീട് സത്യം പുറത്തുവന്നു. സംഘപരിവാർ പ്രവർത്തകരും സഹയാത്രികരും മാത്രമാണ് പ്രതികളെന്ന് തിരിച്ചറിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ഉത്തരാഖണ്ഡ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് ശ്രീ. കെ. എം. ജോസഫിനെ സുപ്രീം കോടതി ജഡ്ജിയായി ഉയർത്താനുള്ള കൊളീജിയം ശിപാർശ കേന്ദ്ര സർക്കാർ അട്ടിമറിക്കാൻ നോക്കിയത് കാവിവൽക്കരണ പ്രക്രിയയല്ലാതെ മറ്റൊന്നുമല്ലായെന്ന് എല്ലാവർക്കും അറിയാം. ഇതെല്ലാം പറയുമ്പോഴും മറ്റൊരു കാര്യംകൂടി നമുക്ക് ശ്രദ്ധിക്കേണ്ടതുണ്ട്. ഇന്ത്യൻ ജുഡീഷ്യറി ഓഫീസർമാരിൽ ചിലരിൽ കണ്ടുകൊണ്ടിരിക്കുന്ന അമിതാധികാര പ്രവണതയെയും നമുക്ക്

കാണേണ്ടതുണ്ട്. അമിതമായ സുരക്ഷിതത്വമുണ്ടെന്ന ബോധം ജുഡീഷ്യറിയെ ബാധിച്ചിട്ടുണ്ട്. ജുഡീഷ്യറിയെ സഹായിക്കണം, പ്രോത്സാഹിപ്പിക്കണം. പക്ഷെ അമിതമായ തങ്ങളുടെ സുരക്ഷിതത്വം അവരെ അന്ധരാക്കി മാറ്റുന്നുണ്ടോയെന്ന കാര്യം ഗൗരവമായി ചർച്ച ചെയ്യണം. ജുഡീഷ്യൽ ഓഫീസേഴ്സ് പ്രൊട്ടക്ഷൻ ആക്ട് എന്നത് അനിയന്ത്രിതമായ ഒരു സംരക്ഷണം ആണെന്ന നിലയിലേയ്ക്ക് പോവുകയാണ്. ലെജിസ്ലേച്ചറിനും എക്സിക്യൂട്ടീവിനും ബാധകമല്ലാത്തൊരു സംരക്ഷണം ജുഡീഷ്യറിക്ക് മാത്രം ലഭ്യമാകുന്നതിന്റെ യുക്തിയെ സംബന്ധിച്ചും സമൂഹം ചർച്ച ചെയ്യണം. ഈ പരിരക്ഷ ജുഡീഷ്യറിയുടെ മനോഘടനയെ മാരകമാംവിധം ബാധിക്കുന്നുണ്ടോയെന്ന സംശയം ഉദിക്കുകയാണ്.

ജഡ്ജിമാരെ ഇംപീച്ച് ചെയ്യണമെങ്കിൽ ഇന്ത്യൻ പാർലമെന്റിൽ നാലിൽ മൂന്ന് ഭൂരിപക്ഷം വേണമെന്ന വ്യവസ്ഥയുണ്ട്. ഇത് ഇംപീച്ച്മെന്റിനെ അസംഭവ്യമാക്കി മാറ്റുന്നുവെന്ന വസ്തുത നമ്മൾ കാണാതിരുന്നുകൂടാ. അതുപോലെ ജുഡീഷ്യറിയെ സംബന്ധിച്ചുള്ള പല പഠനങ്ങളും പല രൂപത്തിൽ ഇന്ന് പുറത്തു വന്നുകൊണ്ടിരിക്കുന്നുണ്ട്. ഇത്തരത്തിൽ ഇന്ത്യൻ ജുഡീഷ്യറിയുടെ പരിതാപകരമായ ഈ വർത്തമാന കാലത്ത്, പരിമിതികൾക്ക് അകത്തുനിന്ന് ജനങ്ങൾക്ക് നീതി ഏറ്റവും വേഗതയോടെ ലഭ്യമാക്കാൻ നിലവിലുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തണമെന്നാണ് ഈ സർക്കാർ ഭേദഗതിയിലൂടെ മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശം. അതുകൊണ്ട് ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, രണ്ട് ബഹുമാനപ്പെട്ട മെമ്പർമാർ ഓർഡിനൻസ് നിരാകരണവുമായി ബന്ധപ്പെട്ടുകൊണ്ടും രണ്ട് മെമ്പർമാർ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന അഭിപ്രായവുമാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ഭേദഗതിയുടെ ഉള്ളടക്കത്തെ സംബന്ധിച്ച് എല്ലാവരും പൊതുവിൽ ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. അതുകൊണ്ട് വളരെ വിശദമായി ഭേദഗതിയുടെ ഉദ്ദേശ്യത്തെ സംബന്ധിച്ച് വിശദീകരിക്കേണ്ടതില്ല.

കേരളത്തിലെ നീതിന്യായ വ്യവസ്ഥയ്ക്ക് ഇംഗ്ലീഷ് മാതൃകയിൽ രൂപം നൽകിയത് തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡന്റും ദിവാനുമായിരുന്ന കേണൽ ജോൺ മൺറോ ആയിരുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും തിരു-കൊച്ചി

പ്രദേശത്തും അദ്ദേഹം ജില്ലാ കോടതികൾ 1811-ലാണ് സ്ഥാപിച്ചത്. അതായത് ഇപ്പോഴത്തെ ജില്ലാ കോടതികളുടെ ആദ്യത്തെ രൂപം. ഇപ്പോഴത്തെ ഹൈക്കോടതിയുടെ ആദ്യത്തെ രൂപമായ ഹസൂർ കോടതി നിലവിൽ വന്നത് 1814-ൽ ആയിരുന്നു. ആ രൂപത്തിൽ വിവിധ കോടതികൾ അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹം സ്ഥാപിച്ച ഹസൂർ കോടതിയായിരുന്നു പിന്നീട് ഹൈക്കോടതിയുടെ ആദ്യത്തെ മാതൃക. 1949 ജൂലൈ 1-ന് തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ച് തിരു-കൊച്ചി സംസ്ഥാനം രൂപീകരിക്കപ്പെട്ടു. അതോടുകൂടി തിരു-കൊച്ചി സംസ്ഥാനത്തിന് മുഴുവനായി അധികാരമുള്ള തിരു-കൊച്ചി ഹൈക്കോടതി 1947 ജൂലൈ 7-ന് സ്ഥാപിച്ചു. 1956 നവംബർ 1-ാം തീയതി ഐക്യകേരളം രൂപീകരിച്ചതോടുകൂടി സംസ്ഥാനമൊട്ടാകെ തിരു-കൊച്ചി മലബാർ പ്രദേശമടക്കം ഉൾക്കൊള്ളുന്ന കേരളത്തിൽ കേരള ഹൈക്കോടതി രൂപീകരിച്ചു. 1949 ജൂലൈ 7-ന് കൊച്ചിയിൽ സ്ഥാപിച്ച ട്രാവൻകൂർ കൊച്ചിൻ ഹൈക്കോടതിയാണ് പിന്നീട് ഹൈക്കോടതിയായി രൂപാന്തരം പ്രാപിച്ചത്. കേരള ഹൈക്കോടതിയുടെ വിവിധ ചുമതലകളും അധികാരങ്ങളും നടപടിക്രമങ്ങളും പ്രതിപാദിക്കുന്നതിനായി 1958-ലെ കേരള ഹൈക്കോടതി ആക്ട് പാസ്സാവുകയും ഈ ആക്ട് 9-3-1959-ൽ പ്രാബല്യത്തിൽ വരികയും ചെയ്തു. ഹൈക്കോടതിയുടെ സിംഗിൾ ജഡ്ജിയുടെ അധികാരങ്ങളും ഡിവിഷൻ ബെഞ്ചിന്റെ അധികാരങ്ങളും ഈ ആക്ടിന്റെ യഥാക്രമം 3-ഉം 4-ഉം വകുപ്പുകളിലാണ് വ്യവസ്ഥ ചെയ്യുന്നത്. കീഴ്ക്കോടതികളിൽ നിന്ന് ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീൽ കേൾക്കുന്നതിനുള്ള സിംഗിൾ ജഡ്ജിയുടെ അധികാരം 3-ാം വകുപ്പ് 13-ാം ഉപവകുപ്പിൽ 'ബി' ഖണ്ഡത്തിലാണ് വ്യവസ്ഥ ചെയ്യുന്നത്. ഈ ഉപവകുപ്പിലെ നിബന്ധന പ്രകാരം സബ്ജക്ട് മാറ്ററിന്റെ മൂല്യം ഒരു ലക്ഷം രൂപയിൽ താഴെ വരുന്ന സംഗതിയിൽ മാത്രമേ സിംഗിൾ ജഡ്ജിക്ക് കീഴ്കോടതികളിൽ നിന്നുള്ള അപ്പീൽ കേൾക്കാൻ അധികാരമുള്ളൂ. സബ്ജക്ട് മാറ്ററിന്റെ മൂല്യം ഒരു ലക്ഷം രൂപയിൽ അധികരിക്കുന്നപക്ഷം അപ്പീൽ കേൾക്കാനുള്ള അധികാരം ഡിവിഷൻ ബെഞ്ചിനാണ്. ഇക്കാലത്ത് വിഷയ വസ്തുവിന്റെ മൂല്യം ഒരു ലക്ഷം രൂപയിൽ താഴെവരുന്ന അപ്പീലുകൾ വളരെ കുറവാണ്. അതുകൊണ്ട് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ജോലിഭാരം അമിതമായി വർദ്ധിക്കുന്ന സ്ഥിതിയുണ്ടായി. എന്നുമാത്രമല്ല, സിംഗിൾ ബെഞ്ചിൽ പരിഗണിക്കാവുന്ന അപ്പീലുകളുടെ എണ്ണം കുറഞ്ഞുവരികയും ചെയ്തു.

1957-ലെ കേരള സിവിൽ കോടതി ആക്ട് പ്രകാരമാണ് സബോർഡിനേറ്റ് കോടതികളുടെ അധികാരങ്ങൾ വ്യവസ്ഥ ചെയ്യുന്നത്. ഈ ആക്ടിന്റെ 11-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം മുൻസിഫിന്റെ pecuniary jurisdiction ഒരു ലക്ഷം

രൂപയായിരുന്നു. 13-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ജില്ലാ കോടതിയുടെ അപ്പീൽ കേൾക്കുന്നതിനുള്ള pecuniary jurisdiction രണ്ട് ലക്ഷം രൂപയുമായിരുന്നു. യഥാർത്ഥത്തിൽ 6-5-2013-ലെ സിവിൽ കോടതി ആക്ട് ഭേദഗതി വരുത്തിയ ഘട്ടത്തിൽ തന്നെ ഹൈക്കോടതി ആക്ടും ഭേദഗതി വരുത്തേണ്ടതായിരുന്നു. അതാണ് ഇപ്പോൾ അഞ്ച് കൊല്ലം കഴിഞ്ഞത്. അതിന്റെ ഭാഗമായിട്ടാണ് ഒരു ഓർഡിനൻസ് കൊണ്ടുവരാൻ നിർബന്ധിക്കപ്പെട്ടത്.

മുൻസിഫ് കോടതിയുടെ pecuniary jurisdiction ഒരു ലക്ഷം രൂപയിൽ നിന്ന് പത്ത് ലക്ഷം രൂപയായും അപ്പീലിന്റെ കാര്യത്തിൽ ജില്ലാ കോടതികളുടെ pecuniary അധികാരം രണ്ട് ലക്ഷം രൂപയിൽ നിന്നും ഇരുപത് ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. ഇതിന്റെ ഭാഗമായി അപ്പീലിന്റെ സംഗതിയിൽ ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ pecuniary അധികാരം കീഴ്കോടതിയുടെ pecuniary അധികാരത്തേക്കാൾ താഴെ ആയിരിക്കുന്ന സ്ഥിതിവിശേഷമുണ്ടായി. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ pecuniary അധികാരം വർദ്ധിപ്പിക്കേണ്ട അടിയന്തര സാഹചര്യം വന്നുചേർന്നു. അതുകൊണ്ട് അപ്പീലിന്റെ കാര്യത്തിൽ ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ pecuniary അധികാരം നിലവിലുള്ള ഒരു ലക്ഷം രൂപയിൽനിന്ന് നാൽപ്പത് ലക്ഷം രൂപയായി വർദ്ധിപ്പിക്കാനാണ് നിർദ്ദിഷ്ട ഭേദഗതി ഉദ്ദേശിക്കുന്നത്.

മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണലുകൾ പുറപ്പെടുവിക്കുന്ന അവാർഡുകളുടെ കാര്യത്തിലും അവാർഡ് തുക ഒരു ലക്ഷം രൂപയിലധികമാകുന്ന സംഗതിയിലും അപ്പീൽ അധികാരം നിലവിൽ ഡിവിഷൻ ബഞ്ചിനാണുള്ളത്. അപ്പോൾ സ്വാഭാവികമായും ഡിവിഷൻ ബഞ്ചിൽ കേസുകളുടെ accumulation വർദ്ധിക്കുകയാണ്. അവാർഡ് തുക കണക്കിലെടുക്കാതെ എം.എ.സി.റ്റി.-യുടെ അവാർഡിന്മേൽ അപ്പീൽ അധികാരം സിംഗിൾ ജഡ്ജിക്ക് നൽകുന്നതിന് ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുകയാണ്. ഈ ഭേദഗതി നിലവിൽ വരുന്നതിനുമുമ്പ് ഉത്ഭവിച്ചതും അതുപോലെ തീർപ്പാകാതെ കിടക്കുന്നതുമായ എല്ലാ വ്യവഹാരങ്ങളും അപ്പീലുകളും ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തീർപ്പ് കല്പിക്കുന്നതിന് സാദ്ധ്യമാകുന്ന വിധത്തിൽ ഒരു പ്രത്യേക വ്യവസ്ഥ ഉൾപ്പെടുത്തുന്നുണ്ട്, Special provision in respect of pending appeal. അതിന്റെ ഭാഗമായി ഒരു പുതിയ ക്ലാസ് കൂടി വരികയാണ്. ബില്ലിലെ മൂന്നാം ഖണ്ഡം

പ്രകാരം മേൽപ്പറഞ്ഞ ഉദ്ദേശ്യത്തിനായിട്ടാണ് ഇത് ഉൾപ്പെടുത്തിയിരുന്നത്. ഈ വ്യവസ്ഥ പ്രകാരം 14-12-2017-ന് ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ മുമ്പാകെ തീർപ്പാക്കാതെ കിടന്നിരുന്നതും വിഷയവസ്തുവിന്റെ മൂല്യം 40 ലക്ഷം രൂപയിൽ കവിയാത്തതുമായ അപ്പീലുകൾ സിംഗിൾ ബഞ്ചിന് കൈമാറണം. അതുപോലെ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണലിന്റെ അവാർഡുകളിന്മേൽ ഡിവിഷൻ ബഞ്ച് മുമ്പാകെ തീർപ്പാകാതെ കിടക്കുന്ന എല്ലാ അപ്പീലുകളും അവാർഡ് തുക കണക്കിലെടുക്കാതെതന്നെ സിംഗിൾ ബഞ്ചിന് കൈമാറണം. സ്വാഭാവികമായും ഡിവിഷൻ ബഞ്ചിന്റെ accumulate ചെയ്തിട്ടുള്ള കേസ്സുകളെല്ലാം സിംഗിൾ ബഞ്ചിലേയ്ക്ക് വരും. ഇതുമായി ബന്ധപ്പെട്ട് സിംഗിൾ ബഞ്ചിൽ നിലവിൽ കേസുകൾ കുറവാണ്. ഇതിന്റെ ഭാഗമായി കേസുകളുണ്ടാകുകയും ചെയ്യും. ആ ഉദ്ദേശ്യം വച്ചുകൊണ്ടാണ് ബില്ലിലെ ക്ലോസ് 2, ആക്ടിലെ 3-ാം വകുപ്പിന്റെ ഭേദഗതിയും പുതിയതായി ബില്ലിലെ ക്ലോസ് 3 ഭേദഗതിയും ഇവിടെ കൊണ്ടുവരുന്നത്. ഇതിനോടനുബന്ധമായി ധാരാളം കാര്യങ്ങൾ ഇവിടെ പറഞ്ഞു. അതെല്ലാം കാലികമായി വളരെയേറെ പ്രസക്തിയുള്ളതാണ്. ഇതിന്റെ ഭാഗമായി കുറേ പെൻഡിംഗ് കേസ്സുകൾ പരിഹരിക്കാൻ കഴിയും. ഹൈക്കോടതിയിൽ നിലവിൽ ഏതാണ്ട് 80,986 സിവിൽ കേസ്സുകളും 39,568 ക്രിമിനൽ കേസുകളുമാണ് പെൻഡിംഗിലുള്ളത്. ഇതിൽ cases pending 10 years and above ഏതാണ്ട് 10010 എണ്ണവും between five and ten years - 22895 എണ്ണവും between two and five - 28656 എണ്ണവും less than two years- 19425 എണ്ണവുമുണ്ട്. കോടതികളിൽ സിവിൽ കേസ്സുകൾ ഇങ്ങനെ അനന്തമായി പോവുകയാണ്. ഈ സംവിധാനം വരുന്നതോടുകൂടി കുറേ കേസ്സുകൾ തീർപ്പാക്കാൻ സാധിക്കും. ക്രിമിനൽ കേസുകൾ ഏതാണ്ട് 39568 എണ്ണമുണ്ട്. ഇതിൽ സബോർഡിനേറ്റ് കോടതികളിലെ പെൻഡിംഗ് കേസ്സുകൾ, അതായത് ജില്ലാകോടതിക്ക് താഴെയുള്ള കോടതികളിൽ സിവിൽ കേസ്സുകൾ ഏതാണ്ട് 3,85,220 എണ്ണവും ക്രിമിനൽ കേസ്സുകൾ ഏതാണ്ട് 8,64,000 എണ്ണവുമുണ്ട്. ഇതിൽ അത്ര വലിയ പ്രശ്നം വരില്ല. കാരണം ഇതിലധികവും രണ്ട് വർഷത്തിനും അഞ്ച് വർഷത്തിനും ഇടയ്ക്കുള്ള കേസ്സുകളാണ്. കേരളത്തിൽ ആകെ 458 കോടതികളുണ്ട്. ഇന്ത്യാ രാജ്യത്തെ ഇതരസംസ്ഥാനങ്ങളിലെ കോടതികളുടെ നിലവിലുള്ള റേഷ്യോ വച്ചുനോക്കുമ്പോൾ കേരളത്തിലെ റേഷ്യോ കൂടുതലാണ്.

ഏറ്റവും കൂടുതൽ കേസ്സുകൾ തീർപ്പാക്കുന്നത് കേരളമാണ്. ഹൈക്കോടതിയെ സംബന്ധിച്ചിടത്തോളം ഈ സംവിധാനം വരുന്നതോടുകൂടി പെൻഡിംഗായിട്ടുള്ള കേസുകൾ പരിഹരിക്കാൻ കഴിയും. എങ്കിലും കോടതികളുടെ പശ്ചാത്തല മേഖലയുമായി ബന്ധപ്പെട്ട് ഒട്ടേറെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതിന്റെ ഭാഗമായി ശ്രീ. എ. എൻ. ഷംസീറും ശ്രീ. കെ. ഡി. പ്രസേനനുമൊക്കെ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു യോഗം വിളിച്ചുചേർത്തു. ജുഡീഷ്യറി മേഖലയിൽ ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ഇന്ററാക്ഷൻ സാധാരണ നിലയിലുണ്ടാകാറില്ല. അതിന്റെ ഭാഗമായാണ് ഗവൺമെന്റിന് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ സാധിച്ചത്. പൊതുവിൽ ജുഡീഷ്യറിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വലിയ പരിഗണനയാണ് ഗവൺമെന്റ് നൽകുന്നത്.

ഈ ഗവൺമെന്റ് വന്നതിനുശേഷം ചെയ്തിട്ടുള്ള കാര്യങ്ങളെക്കുറിച്ചൊക്കെ ഇവിടെ സൂചിപ്പിച്ചു. ജൂനിയർ വക്കീലന്മാർക്ക് സ്റ്റൈപ്പന്റ് പ്രഖ്യാപിച്ചിട്ടുള്ള ഒരു സംസ്ഥാനവും ഇന്ത്യാ രാജ്യത്തില്ല. അത് കേരളത്തിൽ മാത്രമാണുള്ളത്. ഗൗൺ ഇട്ട് എൻറോൾ ചെയ്ത് ഒന്ന് ചുവട് പിടിക്കാൻ അഞ്ച് വർഷമെങ്കിലും വേണ്ടിവരുമെന്ന് ശ്രീ. പി. ടി. തോമസിന് അറിയാമല്ലോ. ഒരു സീനിയർ വക്കീലിന് കീഴിൽ ഒരു ജൂനിയർ വക്കീൽ നിന്നാലുണ്ടാകുന്ന പ്രശ്നമെന്താണെന്നുള്ളതും അറിയാമല്ലോ. ശ്രീനിവാസൻ ഒരു ജൂനിയർ അഡ്വക്കേറ്റായി വന്ന സിനിമ ബഹുമാനപ്പെട്ട അംഗം കണ്ടിട്ടുണ്ടാകുമെന്ന് കരുതുന്നു. അത്രയും വിഷമതയാണ്. ഒരു ഘട്ടത്തിൽ ഇവിടെ നിൽക്കാൻ കഴിയാതെ പോകും. പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിൽനിന്നും വരുന്ന ആളുകൾക്കാണെങ്കിൽ ഒട്ടും നിൽക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഇന്ത്യയിലാദ്യമായി കേരളത്തിൽ ജൂനിയർ വക്കീലൻമാർക്ക് സ്റ്റൈപ്പന്റ് പ്രഖ്യാപിച്ചത്.

അതുപോലെ റിട്ടയർ ചെയ്യുന്ന വക്കീലന്മാരുടെ ക്ഷേമനിധി ഫണ്ട് 5 ലക്ഷം രൂപയായിരുന്നത് ഈ ഗവൺമെന്റ് 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. മാത്രമല്ല അവർക്കുള്ള ചികിത്സാ ധനസഹായം 5,000 രൂപയായിരുന്നത് 1,00,000 രൂപയാക്കി വർദ്ധിപ്പിച്ചു. ജുഡീഷ്യറി രംഗത്തുള്ളതുപോലെ പൊതുവിൽ വലിയ

പ്രശംസനീയമായ കാര്യമാണ് അഡ്വക്കേറ്റ് രംഗത്തും കാണാൻ കഴിയുന്നത്. അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമനിധി പദ്ധതിയും ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചു. ഇവിടെ ഉന്നയിച്ച രാഷ്ട്രീയമായ കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മറ്റൊരിക്കലും കാണാത്ത രൂപത്തിലുള്ള ചില പ്രതിഭാസങ്ങൾ ജുഡീഷ്യൽ രംഗത്തുണ്ട്. മുമ്പൊക്കെ ജുഡീഷ്യറിയും ലെജിസ്ലേച്ചറും തമ്മിൽ ചില സൗന്ദര്യപ്പിണക്കങ്ങൾ ഉണ്ടാകാറുണ്ട്. അതൊന്നും വലിയ രൂക്ഷമായി പോകാറില്ല. ജുഡീഷ്യറിയും എക്സിക്യൂട്ടീവും തമ്മിലും പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. അതിന്റെ ഭാഗമായി ജുഡീഷ്യൽ ആക്ടിവിസം വർദ്ധിക്കുന്ന സ്ഥിതിയും നമ്മൾ കണ്ടതാണ്. പക്ഷേ ജുഡീഷ്യറിക്കുള്ളിൽ ഇത്രത്തോളം അനാരോഗ്യകരമായ പ്രവണതയുണ്ടായ ഒരു കാലഘട്ടവും ഉണ്ടായിട്ടില്ല. സ്വാഭാവികമായും അതൊരു റിഫ്ലക്ഷനാണ്. നമ്മുടെ രാജ്യത്തെ ഭരണ സംവിധാനത്തിന്റെ ഒരു ചീഞ്ഞ മുഖത്തിന്റെ മറ്റൊരു റിഫ്ലക്ഷനാണ് ജുഡീഷ്യറിയിലും കാണാൻ കഴിയുന്നത്. 'ഞങ്ങൾ ജനങ്ങളിലേയ്ക്ക് വരുന്നു; ജനങ്ങളോട് ചില കാര്യങ്ങൾ പറയാൻ ഞങ്ങൾ നിർബന്ധിക്കപ്പെടുന്നു' എന്നുപറഞ്ഞുകൊണ്ട് സുപ്രീംകോടതിയിലെ നാല് ജഡ്ജിമാർ പത്രസമ്മേളനം നടത്താൻ നിർബന്ധിക്കപ്പെട്ടത് ഇന്ത്യാ രാജ്യത്ത് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? നമ്മുടെ രാജ്യത്തെ ജുഡീഷ്യൽ വ്യവസ്ഥയെ ഏത് രൂപത്തിലും വഴിവിട്ട് സ്വാധീനിക്കാൻ ചിലർ ശ്രമിക്കുന്നുവെന്നതിന്റെ തെളിവാണിത്. അനാരോഗ്യപരമായ ചില കാര്യങ്ങൾ ഇന്ത്യൻ ജുഡീഷ്യറിക്കുള്ളിൽത്തന്നെ രൂപംകൊള്ളുന്നു. അതിൽ തന്നെയുള്ള നല്ലൊരു വിഭാഗം ആളുകൾ, ഇതെല്ലാം സംരക്ഷിക്കേണ്ടത് നമ്മുടെ രാജ്യത്തെ ജനങ്ങളാണെന്ന സന്ദേശം കൂടി തരുന്നു. അങ്ങനെയുള്ള പ്രവണത ഗുണകരമാണ്. ഞങ്ങൾ അതിനെ മോശമായി കാണുന്നില്ല. ഇതെല്ലാം നമ്മുടെ ജുഡീഷ്യറി രംഗത്തുണ്ടെന്നുകൂടി കാണണം. ഇവിടെ പറഞ്ഞ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കോൺഗ്രസുകാരോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, രാജ്യസഭാ സീറ്റുമായി ബന്ധപ്പെട്ടുകൊണ്ട് ഇത്രയും വലിയൊരു ത്യാഗം ചെയ്യേണ്ടിയിരുന്നില്ല എന്നാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ആ സീറ്റ് ശ്രീ. എം. പി. വീരേന്ദ്രകുമാറിന് കൊടുത്തില്ലേ?

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. എം. പി. വീരേന്ദ്രകുമാർ അന്തസ്സോടെ അദ്ദേഹത്തിന്റെ നിലവിലുള്ള രാജ്യസഭാ സ്ഥാനം രാജിവച്ചുകൊണ്ട് നയപരമായൊരു തീരുമാനമെടുത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽ

വരികയാണ് ചെയ്തത്. അത് നിങ്ങൾ മറക്കണ്ട. ഞാൻ പറയുന്നത് കോൺഗ്രസിലുള്ള ആർക്കാണ് അറിയാൻ കഴിയാത്തത്? രാഷ്ട്രീയമായി മാണി കോൺഗ്രസ്സിനെ ഇടതുപക്ഷത്തേയ്ക്ക് കൂട്ടുകയില്ലെന്നുള്ളത് അവർക്കൊക്കെ അറിയാം. പിന്നെ എന്തിനാണ് ഈ വില കൊടുത്തത്; എന്തെങ്കിലും ആവശ്യമുണ്ടായിരുന്നോ; അതുകൊണ്ടല്ലേ ഈ പൊട്ടിത്തെറിയുണ്ടായത്? കേരള രാഷ്ട്രീയം അറിയാവുന്ന ഏതൊരാൾക്കുമറിയാം, രാഷ്ട്രീയമായിട്ടുള്ള ഒരു മുന്നണിയിലേയ്ക്ക് മാണി കോൺഗ്രസ്സ് വരാൻ പോകുന്നില്ലായെന്ന്. അത് അറിയാവുന്ന നേതാക്കന്മാർ എന്തിനുവേണ്ടി ഈയൊരു അവസ്ഥയിലേയ്ക്ക് പോയി? ഇന്ന് കേരളത്തിലെ കോൺഗ്രസ്സിന്റെ സ്ഥിതിയെന്താണ്? ഇങ്ങനെയുള്ള രംഗം നമ്മൾ എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? എന്റെ ഔദ്യോഗിക വാഹനം വരുമ്പോൾ കന്റോൺമെന്റ് ഹൗസിന്റെ മുന്നിൽ കൂടി പോകരുത് അവിടെ കോൺഗ്രസ്സുകാർ ഉപരോധിക്കുകയാണെന്ന് വിളിച്ച് പറയും. ഇത് എന്തുകൊണ്ട് ഉണ്ടായി; അത് ഇവർ ആലോചിക്കണ്ടേ; കോൺഗ്രസ്സിന്റെ ഓഫീസിൽ ലീഗിന്റെ പതാക ഉയർത്തുന്ന ഒരു സാഹചര്യം എങ്ങനെ വന്നു? ശവപ്പെട്ടിയുണ്ടാക്കുക എന്നിട്ട് സംസ്കരിക്കുക. ഇതൊക്കെ ജനാധിപത്യമെന്നല്ലേ പറയുന്നത്; ഉൾപ്പാർട്ടി ജനാധിപത്യം. ഇത് എന്തൊരു ജനാധിപത്യമാണ്. (.... ബഹളം....)

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഒരു പ്രധാനപ്പെട്ട കാര്യമുള്ളത്...(മൈക്ക് ഓഫ്)

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഞാനിപ്പോൾ വഴങ്ങുന്നില്ല. ഞാനിപ്പോൾ അവസാനിപ്പിക്കാൻ പോകുകയാണ്.

<u>മി. സ്പീക്കർ</u>:അദ്ദേഹം വഴങ്ങുന്നില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, മാണി കോൺഗ്രസ്സിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇങ്ങനെയൊരു സന്ദർഭം ഉപയോഗപ്പെടുത്തിയാൽ ഇതിനേക്കാൾ അപ്പുറം കിട്ടുമെന്ന് അവർക്ക് ഉറപ്പുണ്ടെങ്കിൽ, വിചാരിച്ച് കഴിഞ്ഞാൽ കെ.പി.സി.സി. പ്രസിഡന്റ് സ്ഥാനവും അവർക്ക് കിട്ടുമായിരിക്കും. അതിനൊരു ബുദ്ധിമുട്ടുമില്ല. കേരളത്തിൽ ഇങ്ങനെയൊരു രംഗം കണ്ടിട്ടുണ്ടോ? 'ഇടതുപക്ഷ ജനാധിപത്യമുന്നണിയെയും സി.പി.ഐ.(എം.)-നെയും ഒറ്റപ്പെടുത്താൻ വേണ്ടി ഏത് വഴിവിട്ട സമീപനവും ഞങ്ങൾ സ്വീകരിക്കും; ഏതറ്റം വരെയും ഞങ്ങൾ പോകും' എന്നാണ് പറയുന്നത്. എന്നിട്ട് ചീഞ്ഞ് നാറിയില്ലേ; അതിന്റെ മണമില്ലാതാക്കാൻ വേണ്ടിയുള്ള അത്തർ പൂശലല്ലേ അടിയന്തരപ്രമേയമെന്ന് പറഞ്ഞ് കഴിഞ്ഞ അഞ്ച് ദിവസങ്ങളിലും നമ്മളിവിടെ കണ്ടത്. ഇന്ന് കേരളത്തെ ബാധിക്കുന്ന പ്രശ്നങ്ങളെല്ലാം അടിയന്തരപ്രമേയത്തിന്റെ ഭാഗമായി വന്നത് അത്രയും

നല്ലത്. കഴിഞ്ഞ അഞ്ച് ദിവസവും നിയമസഭയെ എങ്ങോട്ടാണ് കൊണ്ടുപോയത്; എന്തിനുവേണ്ടിയായിരുന്നു; അതൊരു പുകമറ സൃഷ്ടിക്കാൻ വേണ്ടിയായിരുന്നില്ലേ; ചീഞ്ഞുനാറിയ രാഷ്ട്രീയ ഗന്ധത്തിന്റെ മുകളിൽ അത്തർ പൂശാനുള്ള ഒരു പുകമറ. അതിലപ്പുറം അടിയന്തരപ്രമേയത്തിൽ ഒന്നുമുണ്ടായിരുന്നില്ല. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി കോൺഗ്രസ്സ് പാർട്ടിക്കകത്തുണ്ടായ ഒരു അപചയത്തെ സംബന്ധിച്ച് വളരെ ആത്മാർത്ഥമായി പറയുന്നതിന്റെ അന്തഃസത്തയിലേയ്ക്കല്ല ഞാൻ കടക്കുന്നത്. ഇത് കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളിൽ പലപ്പോഴുമുണ്ടായിട്ടുണ്ട്. അങ്ങ് കോട്ടയം സമ്മേളനം ഓർക്കുന്നുണ്ടല്ലോ? അവിടെ കുപ്പിയേറ് നടന്നപ്പോൾ 'ഇതെന്താ തെമ്മാടിക്കൂട്ടമാണോ' എന്നാണ് ബഹുമാന്യനായ ഇന്നത്തെ മുഖ്യമന്ത്രി ചോദിച്ചത്. അതോടൊപ്പംതന്നെ ശംഖുംമുഖത്ത് വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'ബക്കറ്റിൽ തിരയടിക്കുമോ'യെന്ന് ചോദിച്ചു. കൂടാതെ സംസ്ഥാന വ്യാപകമായി ശ്രീ. വി. എസ്. അച്ചുതാനന്ദനുവേണ്ടി ശ്രീ. പിണറായി വിജയന്റെ കോലം കത്തിച്ചിരുന്നു. അതൊന്നും മറക്കരുതെന്നാണ് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയോട് എനിക്ക് പറയുവാനുള്ളത്.

ശ്രീ. എ. കെ. ബാലൻ: സർ, ഈ രൂപത്തിലുള്ള കള്ള പ്രചരണങ്ങളും കല്ലുവച്ച നുണപ്രചരണങ്ങളും നടത്തിയിട്ടും കേരളത്തിലെ ജനങ്ങളുടെ ഭൂരിപക്ഷം വോട്ടോടുകൂടി, മൂന്നിൽ രണ്ട് വോട്ടിന്റെ ഭൂരിപക്ഷത്തിൽ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇവിടെ അധികാരത്തിൽ വന്നു എന്നുള്ളതുകൂടി ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. തോമസ് മനസ്സിലാക്കുന്നത് നന്നായിരിക്കും. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ........ ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ജൂൺ 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.44-ന് പിരിഞ്ഞു.)

# അനുബന്ധം

## പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 7-3-2018-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1612-ന്റെ തിരുത്തിയ ഉത്തരം

ശബരിമലയ്ക്കടുത്ത് അന്താരാഷ്ട്ര വിമാനത്താവളം

(1612) ശ്രീ. രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ശബരിമലയ്ക്കടുത്ത് അന്താരാഷ്ട്ര വിമാനത്താവളം സ്ഥാപിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം നടപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതേപ്പറ്റി പഠനം നടത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസി; എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്; ഇവർ എന്നാണ് റിപ്പോർട്ട് നൽകേണ്ടത്;

(സി) കേന്ദ്രസർക്കാരിൽനിന്നും വിമാനത്താവളത്തിനായി എന്തൊക്കെ അനുമതികളാണ് വാങ്ങേണ്ടത്; ഇതിന് എന്ത് കാലതാമസം നേരിടും;

(ഡി) വിമാനത്താവളം നിർമ്മിക്കാനായി അനുയോജ്യമായ ഏതെങ്കിലും സ്ഥലം കണ്ടെത്തിയോ; ഏത് സ്ഥലം; സ്ഥലം വിട്ടു ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തികരിക്കേണ്ടത്;

(ഇ) എല്ലാ അനുമതികളും ലഭ്യമാക്കി എന്നത്തേയ്ക്ക് വിമാനത്താവളം നിർമ്മിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ഇതിലേയ്ക്ക് ഒരു ആധികാരിക ഏജൻസി മുഖേന സാദ്ധ്യതാ പഠനം നടത്തുന്നതിന് 21-2-2017-ലെ സ.ഉ.(കൈ)13/2017/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പേറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തുകയും ചെയ്തു. ടെക്നോഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ഒരു ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി

കെ.എസ്.ഐ.ഡി.സി. ഒരു താല്പര്യ പത്രം പ്രസിദ്ധപ്പെടുത്തുകയും, സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ Louis Berger Consulting Pvt Ltd എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. 25-9-2017-ലെ സ.ഉ.(കൈ)76/2017/ഗതാ നമ്പർ സർക്കാർ ഉത്തരവിലൂടെ ആയതിന് വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കൺസൾട്ടന്റുമായി കെ.എസ്.ഐ.ഡി.സി. ധാരണാ പത്രം ഒപ്പിടുകയും കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനവും, പരിസ്ഥിതി ആഘാത പഠനവും നടത്തി വിശദമായ പഠന റിപ്പോർട്ട് നാല് മാസത്തിനുള്ളിലും പദ്ധതിക്കാവശ്യമായ അംഗീകാരവും അനുമതിയും ഒൻപത് മാസത്തിനുള്ളിലും ലഭ്യമാക്കണം എന്ന വ്യവസ്ഥയിൽ 4,55,40,000 രൂപ ഫീസ് നൽകിക്കൊണ്ട് M/s ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ 25-9-2017-ലെ സ.ഉ(കൈ) നമ്പർ 76/17/ഗതാ നമ്പർ പ്രകാരം ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

(സി) ഡി.ജി.സി.എ., വ്യോമയാന മന്ത്രാലയം, പ്രതിരോധ മന്ത്രാലയം, കേന്ദ്ര ആഭ്യന്തര മന്ത്രാലയം എന്നിവയുടെ ക്ലിയറൻസ്, വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി, കേന്ദ്ര സർക്കാരിന്റെ "in principle" അപ്രൂവൽ എന്നിവ ഒൻപത് മാസത്തിനുള്ളിൽ ലഭ്യമാകുമെന്ന് കരുതുന്നു.

(ഡി) 21-7-2017-ലെ സ.ഉ(കൈ)നമ്പർ 60/2017/ഗതാ. ഉത്തരവ് പ്രകാരം ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷനെ തെരഞ്ഞെടുത്ത് ഉത്തരവായിരുന്നു. തുടർ നടപടി കൈക്കൊണ്ടുവരുന്നു.

(ഇ) കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട ഏജൻസികളിൽനിന്നും ലഭ്യമാകേണ്ട അംഗീകാരവും ക്ലിയറൻസും ഉൾപ്പെടെ എല്ലാ നടപടികളും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ച് തിരഞ്ഞെടുക്കപ്പെട്ട കൺസൾട്ടന്റ് പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.